ക്രാന്തദർശിയായ
രാജകുലതിലകൻ

വാല്യം രണ്ടു



കുമാരനാശാൻ

11

കുമാരനാശാൻ

ാരകക്കമ്മിറ്റി

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ

(വാല്യം രണ്ടു്)

Digitized By Kerala Sahitya Akademi

(Malayalam)
KUMARAN ASANTE GADYALEKHANAMGAL

Essays

BY N. KUMARAN ASAN

Compiled and Edited by
N. K. DAMODARAN

First Published April 1982

Printed at Swagath Printers, Trivandrum

Price Rs. 40.00

Rights Reserved

Publishers :

Kumaran Asan Memorial Committee
Thonnakkal, Trivandrum.

Distributors :

National Book Stall

Kottayam-Trivandrum-Ernakulam-Cannanore-
Trichur-Palghat-Quilon-Kozhikode-Alleppey

Digitized By Kerala Sahitya Akademi

കുമാരനാശാന്റെ
ഗദ്യലേഖനങ്ങൾ

സമ്പാദകൻ

എൻ. കെ. ദാമോദരൻ

പ്രസാധകർ

കുമാരനാശാൻ സ്മാരകക്കമ്മിറ്റി

തോന്നയ്ക്കൽ

വിതരണം

നാഷനൽ ബുക്ക് സ്റ്റാൾ

കോട്ടയം

വില ക. 40.00

Digitized By Kerala Sahitya Akademi

തോന്നയ്ക്കൽ ആശാൻ സ്മാരകക്കമ്മിറ്റി പ്രസിദ്ധീകരണങ്ങൾ

കുമാരനാശാനെപ്പറ്റി

ഓർമ്മകളിലെ ആശാൻ

ആശാൻ ഗ്രന്ഥസൂചിക

ദുരവസ്ഥ (ഒരു സിമ്പോസിയം)

ബ്രഹ്മശ്രീ, ശ്രീനാരായണഗുരു

കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ (രണ്ടു വാല്യങ്ങൾ)

Kumaran Asan (Biographical Sketch)

Duravastha (Tragic Plight)

82–83 1–1000

Digitized By Kerala Sahitya Akademi

ആമുഖം

കുമാരനാശാൻ യശശ്ശരീരനായിട്ട് അര ശതാബ്ദത്തിലെധികമായെങ്കിലും അദ്ദേഹത്തെപ്പറ്റിയുള്ള വിചിന്തനങ്ങൾ കാലം കഴിയുന്തോറും വർദ്ധിച്ചുവരികയാണുചെയ്യുന്നതു്. മലയാളത്തിലെ മൺമറഞ്ഞ മറ്റു കവികൾക്കാർക്കും സിദ്ധിച്ചിട്ടില്ലാത്ത ഒരു സൗഭാഗ്യമാണിതു്. എന്നാൽ പലരും അദ്ദേഹത്തെ ഒരു കവിയായി മാത്രമേ കാണണമെന്നുള്ള എന്നുപറയാതിരിപ്പാൻ നിവൃത്തിയില്ല. ഇതു് കേവലം ഭാഗികമായ ഒരു വീക്ഷണമാണു്. അദ്ദേഹം ഒരു ഉത്തമപൗരനും, സമുദായനേതാവും, സാമൂഹ്യപരിഷ്കർത്താവും കൂടി ആയിരുന്നു എന്നകാര്യം പ്രത്യേകം സ്മരിക്കേണ്ടതുണ്ടു്.

''വേണാട്ടിന്നൊരു പൗരശ്രേഷ്ഠനും—ഭൂരിരാമ—
ക്ഷോണിക്കു നവോല്ലേഖനായൊരു കവീന്ദ്രനും,
ഈഴവക്കൊരു മഹാനേതാവും—ഹതവിധി
പാഴാക്കി വിട്ടാനെല്ലാമൊരടിക്കെന്നേ വേണ്ടൂ.''

ഇങ്ങനെയാണവളുത്തോം ആശാന്റെ അപ്രാപ്യകാലചരമത്തിൽ അനുശോചിച്ചതു്. ജീവിതത്തിലെ താരുണ്യോജ്ജ്വലമായ നീണ്ട 15 സംവത്സരം അദ്ദേഹം എസ്. എൻ. ഡി. പി. യോഗം ജനറൽ സെക്രട്ടറിയായും അതിനിടയ്ക്കു പലപ്രാവശ്യം ശ്രീമൂലം പ്രജാസഭാമെമ്പറായും പ്രവർത്തിച്ചു. തന്റെ പൊതുപ്രവർത്തനങ്ങളിലൂടെ കേരളത്തിലെ സാമൂഹികവും സാംസ്കാരികവുമായ ഒരു നവോത്ഥാനത്തിനു നേതൃത്വം നൽകുകയാണു് അദ്ദേഹം ചെയ്തതു്. വ്യക്തമായ ലക്ഷ്യബോധത്തോടും കർമ്മകുശലതയോടും കൂടി ആ കൃത്യം നിർവഹിക്കുകയും ചെയ്തു. അദമ്യമായ ആത്മപ്രേരണയാൽ പ്രാണാപഹാരിയായ കൃത്യശതങ്ങൾക്കിടയിൽ വല്ലപ്പോഴും കിട്ടിയ ഇടവേളകളിൽ 'നന്മയിൽ കവിതയാം ദേവിയുമായിച്ചെയ്ത നർമ്മ സല്ലാപങ്ങളാണു്'' അദ്ദേഹത്തിന്റെ കാവ്യങ്ങൾ. പൗരാവകാശങ്ങൾ നിഷേധിക്കപ്പെട്ട ബന്ദികളെപ്പോലെ കഴിഞ്ഞുകൂടിയ ഒരു വലിയ ജനസമൂഹത്തെ തടവറയിൽനിന്നു മോചിപ്പിക്കുകയും സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും ഈ നാട്ടിൽ വളർത്തിയെടുക്കുകയും ചെയ്കയെന്ന ലക്ഷ്യത്തോടെ തന്റെ കർമ്മശക്തി അനവരതം വിനിയോഗിച്ച ആ മഹാപുരുഷന്റെ സാക്ഷാൽ വ്യക്തിത്വത്തിലേക്കു കവാടം തുറക്കുന്നതു് അദ്ദേഹത്തിന്റെ പദ്യകൃതികളെക്കാൾ അദ്ദേഹം പത്രാധിപത്യം വഹിച്ച 'വിവേകോദയം' 'പ്രതിഭ' എന്നീമാസികകളിലും സി. കൃഷ്ണന്റെ പത്രാധിപത്യത്തിൽ നടന്ന 'മിതവാദി'മാസികയിലും ചിന്നിച്ചിതറിക്കിടക്കുന്ന ഗദ്യനിബന്ധങ്ങളാണു്.

ഈ നിബന്ധങ്ങൾ കിട്ടാവുന്നിടത്തോളം ശേഖരിച്ചു് യഥോചിതം ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കുക എന്ന അവശ്യംകരണീയമായ കൃത്യം നിർവഹിക്കുവാൻ തോന്നയ്ക്കൽ കുമാരൻ ആശാൻ സ്മാരകക്കമ്മിറ്റി രണ്ടുകൊല്ലം മുമ്പു തീരുമാനിക്കയുണ്ടായി. മേൽപറഞ്ഞ മാസികളുടെ പഴയ ലക്കങ്ങൾ ഭാഗ്യവശാൽ ലഭിക്കയുംചെയ്തു. കമ്മിറ്റിയുടെ നിശ്ചയം അനുസരിച്ചു് 'കുമാരനാശാന്റെ ഗദ്യ

Digitized By Kerala Sahitya Akademi

ലേഖനങ്ങൾ' ഒന്നാം ഭാഗം 1981 ഏപ്രിൽമാസത്തിൽ പ്രസിദ്ധീകരിച്ചു. ഒരു കൊല്ലത്തിനുള്ളിൽ രണ്ടാം ഭാഗവും പ്രസിദ്ധീകരിക്കാൻ സാധിച്ചതു കമ്മിറ്റിക്കു ചാരിതാർത്ഥ്യത്തിനു വകനൽകുന്ന ഒരുനേട്ടമാണു്. ഒന്നാം ഭാഗത്തിൽ പുസ്തകാഭിപ്രായങ്ങളും, നിരൂപണങ്ങളും പൊതുപ്രധാന്യമുള്ള ഏതാനും ലേഖനങ്ങളുമാണുള്ളതെങ്കിൽ സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ നിബന്ധങ്ങളാണു് ഈ രണ്ടാം ഭാഗത്തിലെ ഉള്ളടക്കം. വായനക്കാക്കു് ആവശ്യാനുസരണം മറിച്ചു നോക്കാനുള്ള സൗകര്യത്തിനു് ഇതിലെ നിബന്ധങ്ങളെ പ്രസംഗങ്ങൾ, റിപ്പോർട്ടുകൾ, ലേഖനങ്ങൾ, പത്രാധിപക്കുറിപ്പുകൾ എന്നിങ്ങനെ നാലു പ്രധാനവിഭാഗങ്ങളായും, നീളംകൂടിയ നാലാം ഭാഗം ഗുരുദേവകാണ്ഡം, രാജകാണ്ഡം, സചിവകാണ്ഡം, സമാകാണ്ഡം, സക്കാർകാണ്ഡം, മതകാണ്ഡം, ജാതികാണ്ഡം, സമുദായകാണ്ഡം, ആചാര കാണ്ഡം, വിദ്യാഭ്യാസ കാണ്ഡം, നിയമകാണ്ഡം, വ്യക്തികാണ്ഡം, മിശ്രകാണ്ഡം, എന്നിങ്ങനെ 13 ഉപവിഭാഗങ്ങളായും തിരിച്ചിരിക്കുന്നു. ഒന്നാമത്തെ വിഭാഗത്തിൽ ആശാൻ ശ്രീമൂലം പ്രജാസഭയിൽ ചെയ്ത അഞ്ചുപ്രസംഗങ്ങളും എസ്. എൻ. ഡി. പി. യോഗത്തിന്റെ 20-ാമത്തെ വാർഷിക സമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗവും അടങ്ങിയിരിക്കുന്നു. യോഗം രജിസ്റ്റർ ചെയ്തശേഷം ആദ്യം കൂടിയ അതിന്റെ സാധാരണ പൊതുയോഗത്തിൽ വായിച്ച 'സെക്രട്ടറിയുടെ റിപ്പോർട്ടും' മറ്റു ചില യോഗങ്ങളുടെയും പ്രധാനസംഘങ്ങളുടെയും റിപ്പോർട്ടുകളുമാണു് രണ്ടാം വിഭാഗത്തിന്റെ ഉള്ളടക്കം. മൂന്നാം വിഭാഗത്തിൽ വിവിധ വിഷയങ്ങളെ സ്പർശിക്കുന്ന ഭിന്നസ്വഭാവങ്ങളായ ഏതാനും ലേഖനങ്ങളാണുള്ളതു്. നാലാം വിഭാഗത്തിൽ പ്രാധാന്യേന 'വിവേകോദയ'ത്തിലും 'പ്രതിഭ'യിലും എഴുതിയ പത്രാധിപക്കുറിപ്പുകൾ തിരഞ്ഞെടുത്തു ചേർത്തിരിക്കുന്നു.

അസംബ്ലി പ്രസംഗങ്ങൾ അന്നത്തെ ജനപ്രതിനിധികൾക്കു് അനുവദിച്ചിരുന്ന അതിർത്തിയിൽ നിന്നുകൊണ്ടു ചെയ്യുന്ന നിവേദനങ്ങളാണു്. രണ്ടു സങ്കടങ്ങളാണു സഭാ സമക്ഷം ബോധിപ്പിക്കാൻ ഉണ്ടായിരുന്നതു്. ഒന്നു്, തങ്ങളുടെ കുട്ടികൾക്കു സർക്കാർ പള്ളിക്കൂടങ്ങളിൽ വ്യത്യസ്തതകൂടാതെ പ്രവേശനം അനുവദിക്കണം. രണ്ടു്, മതഭേദം ചെയ്യുമ്പോൾ കിട്ടുന്ന ഉദ്യോഗങ്ങൾ തന്റെ വർഗ്ഗക്കാർക്കു ഹിന്ദുക്കളായിരിക്കുമ്പോൾ തന്നെ കിട്ടണം. പൊതുവേ ഒരു മിതവാദിയുടെ സ്വരമാണു ഈ പ്രസംഗങ്ങളിൽ കേൾക്കുന്നതെങ്കിലും അവ അനിഷേധ്യമായ ന്യായ വാദങ്ങളാൽ പ്രഭാവിതമാണു്. വാക്കുകളുടെ മിതത്വവും സംയതത്വവും വക്തൃവിന്റെ ദൗർബല്യമായി വ്യാഖ്യാനിക്കാൻ പാടില്ല. തനിക്കോ തന്റെ സമുദായത്തിനോ അപമാനകരമായ പരാമർശം ഏതു സമുന്നതസ്ഥാനത്തു നിന്നുണ്ടായാലും സഹിക്കുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ മാനസിക ഘടന എന്നതെളിയിക്കുന്ന പ്രത്യക്ഷതികളും സുലഭമാണു്.

സ്ത്രീ പ്രവേശന സംബന്ധമായ നിവേദനങ്ങളും പത്രാധിപക്കുറിപ്പുകളും വായിക്കുമ്പോൾ ഏതു ഭീകരമായ അനീതിയാണു് ഈ 'ധർമ്മരാജ്യ'ത്തു നടമാടിയിരുന്നതെന്നും എന്തൊരു ഭഗീരഥയത്നമാണു് അതിൽ നിന്നു മോചനം ലഭിക്കാൻ വേണ്ടിവന്നതെന്നും ഇന്നത്തെ തലമുറയ്ക്കു മനസ്സിലാക്കാൻ കഴിയും.

സക്കാർ സർവീസിൽ സ്വസമുദായത്തിനു ന്യായമായി ലഭിക്കേണ്ട ഔഹരി

Digitized By Kerala Sahitya Akademi

ക്കുവേണ്ടി വാദിക്കുമ്പോഴും, ഉദ്യോഗലാഭമാണു് പരമമായ ശ്രേയോമാർഗ്ഗം എന്ന വിചാരം ആശാനില്ലായിരുന്നു. അദ്ദേഹം സ്വജനങ്ങളോടു പറയുന്നു : ''നമ്മുടെ അഭിവൃദ്ധിക്കു നേരിട്ടിരിക്കുന്ന പ്രതിബന്ധങ്ങളുടെ അവസാനം നമ്മുടെ സ്വപ്രയത്നത്തെയാണു് ആശ്രയിച്ചിരിക്കുന്നതു്. സർക്കാരുദ്യോഗത്തിൽ ധാരാളമായി പ്രവേശം ലഭിക്കുന്നതോടുകൂടി സമുദായത്തിനു മോക്ഷം സിദ്ധിച്ചുപോകുമെന്നു വിചാരിക്കുവാൻ പാടില്ല. നാം അതിനായി പോരാടുന്നതു് തിരുവിതാംകൂറിലെ പ്രജകളുടെ നിലയിൽ അതു നമുക്കു ന്യായമായി സിദ്ധിക്കേണ്ട ഒരു അവകാശമാണെന്നുള്ളതു കൊണ്ടാണു്. അതിൽ നാം സമ്പൂർണ്ണ വിജയം നേടുന്നതായാലും നമ്മുടെ സമുദായത്തിന്റെ ക്ഷേമം സർക്കാരുദ്യോഗം വഹിക്കുന്നവരുടെ സംഖ്യയെ എന്നതിനേക്കാളും നമ്മുടെ വ്യാവസായികമായ അഭിവൃദ്ധിയെ ആണു് ആശ്രയിച്ചിരിക്കുന്നതെന്നു നാം ഓർക്കേണ്ടതാണു്.''

ആശാൻ കൃഷി, വ്യവസായം, കച്ചവടം മുതലായ വിഷയങ്ങളിലും അസാധാരണ വൈദഗ്ദ്ധ്യം നേടിയിരുന്നു എന്നുള്ളതു് കൗതുകകരമായ ഒരു വസ്തുതയാണു്. എഴുപതുകൊല്ലം മുമ്പേ കുട്ടവ്യാപാരത്തിന്റെയും, കൃഷിപരിഷ്കരണത്തിന്റെയും, എല്ലാ പരിഷ്കൃത രാജ്യങ്ങളിലേയും പോലെ ഇവിടെയും ഒരു കൃഷി ഡിപ്പാർട്ടുമെന്റ് ഉണ്ടാകേണ്ടതിന്റെയും ആവശ്യകത അദ്ദേഹം ചൂണ്ടിക്കാണിച്ചിരിക്കുന്നു.

സ്വസമുദായത്തിന്റെ അഭ്യുന്നതിക്കായി അത്യദ്ധ്വാനം ചെയ്യുമ്പോഴും സർവ സമുദായ മൈത്രി എന്ന ഉൽകൃഷ്ടാദർശത്താൽ നീതനായിരുന്ന അദ്ദേഹം. നായർ സമുദായത്തിന്റെ സംഘടനാപ്രവർത്തനങ്ങളെ സർവാത്മനാ ആശീർവദിക്കുകയും ഒരു ഘട്ടത്തിൽ കണ്ട വിഘടന പ്രവണതയെ ഉൽകണ്ഠയോടെ വീക്ഷിക്കയും ചെയ്യാനുള്ള മഹാ മനസ്കത അദ്ദേഹം പ്രദർശിപ്പിച്ചിട്ടുണ്ടു്. അധഃകൃതസമുദായങ്ങൾക്കു വേണ്ടിയും ശക്തിയായി വാദിക്കാൻ അദ്ദേഹം തൂലിക ചലിപ്പിച്ചിരിക്കുന്നതായിക്കാണാം.

സമുദായ പരിഷ്കരണ വിഷയത്തിൽ സർവോപരി പ്രാധാന്യം കല്പിക്കേണ്ടതു മതത്തിനാണെന്ന ഉറച്ച വിശ്വാസക്കാരനായിരുന്നു അദ്ദേഹം. ''ഇന്ത്യയെ ഉയർത്തണമെങ്കിൽ മതമാകുന്ന അതിന്റെ കൈപിടിയിൽ തൂക്കീട്ടു വേണം'' എന്ന വിവേകാനന്ദന്റെ അഭിപ്രായമാവാം ആ വിശ്വാസത്തിനാസ്പദം. അദ്ദേഹം ഹിന്ദു മതത്തിലെ ജാതിവ്യവസ്ഥയേയും അയിത്താചാരത്തേയും കഠിനമായി അപലപിച്ചിരുന്നെങ്കിലും ഈഴവ സമുദായത്തിൽ അലതല്ലിയ മതപരിവർത്തനവാദത്തെ ഒരിക്കലും അനുകൂലിച്ചിട്ടില്ല. ഈ വിഷയത്തിൽ തന്റെ നിലപാടു യുക്തിയുക്തം സമർത്ഥിക്കുന്ന ഒരു വിശിഷ്ട രേഖയാണു് ബുദ്ധമത പക്ഷപാതിയായിരുന്ന സി. കൃഷ്ണൻ അവർകൾക്കു് എഴുതിയതും ഈ പുസ്തകത്തിൽ 'മതപരിവർത്തനരസവാദം' എന്ന ശീർഷകത്തിൽ (മുക്കോത്തു കുമാരനാണു് ആ ശീർഷകം നൽകിയതു്) ചേർത്തിരിക്കുന്നതുമായ നീണ്ട കത്തു്. ശ്രീ ബുദ്ധനേയും ബുദ്ധമതതത്ത്വങ്ങളേയും അത്യന്തം ആദരിച്ചിരുന്ന ആശാൻ ബുദ്ധമതത്തിലേക്കുള്ള പരിവർത്തനത്തെ ശക്തിയായി എതിർത്തതു് സമുദായത്തിനു് അതുമൂലം സംഭവിച്ചേക്കാവുന്ന ശൈഥില്യത്തേയും ശക്തിക്ഷയത്തേയും ഓർമ്മിച്ചിട്ടാണു്. സമുദായത്തിന്റെ കെട്ടുറപ്പാണു് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ സർപ്രധാനമായിരുന്ന കാര്യം. അക്കാരണത്താൽ സമുദായപരിഷ്കരണ യത്നത്തിൽ പോലും ''ദുരാചാരങ്ങളെ നിർബ

Digitized By Kerala Sahitya Akademi

ന്ധംകൊണ്ടു ഛേദിച്ചു കളയുന്നതിനേക്കാൾ ഉപദേശം കൊണ്ടു് ഹൃദയശുദ്ധങ്ങളായ അവയുടെ വേരുകളെ ഇളക്കിമറിച്ചുകളയുകയാണു് ഉത്തമമായ നയം'' എന്നു് അദ്ദേഹം വിചാരിച്ചു. ''വിദ്യകൊണ്ടും ധനം കൊണ്ടും നമ്മുടെ സ്ഥാനത്തെ നാം ഉയർത്തുകയും മുന്നിണയിൽ നില്ക്കുന്ന വഴ്ക്കാർ എത്ര ഊക്കോടെ തള്ളിയാലും ഒരിഞ്ചു പുറകോട്ടു പോകാത്തവിധം നാം നമ്മുടെ നില ഉറപ്പിക്കുകയും ചെയ്യണം. അതിനു മുമ്പു സമുദായ പരിഷ്കരണ സംബന്ധമായ ഉയർന്ന അഭിപ്രായങ്ങളുടെ കൊടുമുടികളിൽ കയറിനിന്നു താഴെയുള്ള പ്രവൃത്തിലോകത്തിലേക്കു് കിഴക്കാംതൂക്കായി ചാടി നാം ആത്മനാശം ചെയ്യരുതു്.'' ഇതാണു് സത്വരപരിഷ്കരണോദ്യുക്തരായ യുവ സാഹസികന്മാർക്കു് അദ്ദേഹം നൽകുന്ന ഉപദേശം.

പൊതു പ്രാധാന്യമുള്ള പലവിഷയങ്ങളിലും അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിനു സാക്ഷ്യം വഹിക്കുന്ന നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും ധാരാളം കാണ്മാനുണ്ടു്. തിരുവനന്തപുരത്തേക്കു തീവണ്ടിപ്പാത അനുവദിച്ച 1087-ൽ കൊല്ലത്തുനിന്നു് ആലപ്പുഴവരെയും തിരുവനന്തപുരത്തു നിന്നു കന്യാകുമാരിവരെയും തീവണ്ടിപ്പാത നീട്ടേണ്ടതാണെന്നു് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഇതുപോലെ ആയുർവേദപാഠശാലയിൽ ഫിസിയോളജിയും അനാട്ടമിയും പഠിപ്പിക്കേണ്ടതിന്റെയും ആവശ്യകത ചൂണ്ടിക്കാണിച്ചതു് ഇവിടെ സ്മരണീയമാണു്.

സമചിത്തതയും സഹിഷ്ണുതയും വിവേകിതയും ആദ്യന്തം തെളിഞ്ഞുവിളങ്ങുന്ന ഇതിലെ നിബന്ധങ്ങൾ ലേഖകന്റെ ബഹുവിഷയാവഗാഹത്തിയും, ലോകാവലോകന പടുത്വത്തിനും, ആദർശ ശുദ്ധിക്കും, സ്വപ്രത്യയസ്ഥൈര്യത്തിനും നിദർശനങ്ങളാണു്. ഐഹികജീവിതത്തിന്റെ എല്ലാ തലങ്ങളേയും ആശ്ലേഷിച്ചുപോകുന്നതോടൊപ്പം ആത്മീയ ജീവിതത്തിന്റെ ഉന്നതശൃംഗങ്ങളിലേക്കും ഇവ വിരൽചൂണ്ടുന്നു. കേരളക്കരയിൽ ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ സംഭവിച്ച അത്ഭുതകരമായ സാമൂഹ്യവിപ്ലവത്തിന്റെ പിഴയ്ക്കാത്ത പ്രമാണരേഖകളാണിവ. പൊതുകാര്യ പ്രസക്തനായഒരു പൗരൻ എന്ന നിലയ്ക്കു് കാര്യമാത്ര പ്രസക്തവും സാധാരണക്കാർക്കു സുഗ്രഹവുമായ ഒരു സരളശൈലിയാണു് ലേഖകൻ ഗദ്യരചനയിൽ അനുവർത്തിച്ചിട്ടുള്ളതു്. ആശാന്റെ സങ്കീർണ്ണവ്യക്തിത്വത്തെ സംബന്ധിച്ച സാമാന്യം സമഗ്രമായ ഒരു ദർശനം ലഭിക്കുന്നതിനു് ഇവ അത്യന്തം പ്രയോജനപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല.

എസ്. എൻ. ഡി. പി. യോഗത്തിന്റെ വാർഷിക റിപ്പോർട്ടുകളും യോഗസംബന്ധമായ കുറിപ്പുകളും മറ്റുമായി ഇതുപോലെ ഒരു വാല്യത്തിനു കൂടിയുള്ള സാമഗ്രികളും പ്രകാശനാർഹങ്ങളായുണ്ടു്. അവയും താമസിയാതെ പ്രസിദ്ധീകരിക്കാൻ കമ്മിറ്റി തീരുമാനിച്ചിരിക്കയാണു്.

അച്ചടി തീർത്തും നിർദ്ദോഷമെന്നു പറഞ്ഞുകൂടെങ്കിലും ഇത്രയും ഭംഗിയായി അതു നിവ്വഹിച്ചതിനു സ്വാഗതം പ്രസ്സു് ഉടമ പി. രവീന്ദ്രൻ നായർ അവർകളോടും പ്രൂഫു് വായനയിൽ സഹായിച്ച മേജർ കെ. കുഞ്ഞുപിള്ള അവർകളോടും കമ്മിറ്റിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ടു് ഈ ഗ്രന്ഥം ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തോന്നയ്ക്കൽ,
1–4–1982.

എൻ. കെ. ദാമോദരൻ
പ്രസിഡൻറു്
കുമാരൻ ആശാൻ സ്മാരകകമ്മിറ്റി

Digitized By Kerala Sahitya Akademi

ഉള്ളടക്കം

പ്രസംഗങ്ങൾ

നിവേദനം I (പുറം 3) ; നിവേദനം II (8) ; നിവേദനം III (19) ; നിവേദനം IV (27); നിവേദനം V (39) ; അദ്ധ്യക്ഷപ്രസംഗം (48).

റിപ്പോർട്ടുകൾ

സെക്രട്ടറിയുടെ റിപ്പോർട്ട് (59) ; എസ്. എൻ. ഡി. പി. യോഗത്തിന്റെ 4-ാം വാർഷിക സമ്മേളനവും പ്രദർശനവും (69) ; ചില മഹായോഗങ്ങളും (78) ; ചക്രവർത്തി തിരുമനസ്സിലെ ഇന്ത്യാസന്ദർശനം (81) ; ശിവഗിരി പ്രതിഷ്ഠയും പൊതുയോഗവും മറ്റും (87) ; 10-ാമത്തെ വാർഷികപൊതുയോഗം (93) ; കൈതമുക്കിലെ ഷഷ്ടിപൂർത്തി വിശേഷങ്ങളും (95).

ലേഖനങ്ങൾ

ഈഴവരും തുണിനെയ്ത്തും (103) ; മഹാപുരുഷന്മാരും ജനസമുദായവും (108) ; വേദാന്തമതം (110) ; ജീവചരിത്രപഠനം (113) ; നമ്മുടെ അഭിവൃദ്ധി (114) ; താഴ്ന്നജാതിക്കാരും അവരുടെ ഉദ്ധാരച്ചയും (118) ; ലോകഗതി (122) ; നമ്മുടെ അഭ്യുദയത്തിനുള്ള മാർഗ്ഗങ്ങൾ (128) ; ക്ഷേമമാർഗ്ഗം (132)

പത്രാധിപക്കുറിപ്പുകൾ

ഗുരുദേവകാണ്ഡം

സ്വാമിതിരുനാൾ 1 (145) ; സ്വാമിതിരുനാൾ 2 (146) ; സ്വാമിതിരുനാൾ 3 (148); ചക്രവർത്തിയുടെ ഉർദ്ധാരണ (150) ; സ്വാമി തൃപ്പടിങ്ങളുടെ സംക്ഷിപ്ത ജീവചരിത്രം (151); ഷഷ്ടിപൂർത്തിയും യോഗം വക സ്മാരകമന്ദിരവും (154) ; ശ്രീ നാരായണ ഭക്തരോട്—എത്ര ദൂരം എത്തി ? (156); സ്വാമിസന്ദേശം (158)

രാജകാണ്ഡം

തിരുനാൾ 1 (159); പള്ളിക്കെട്ട് 1 (159); തിരുനാൾ 2 (160); പള്ളിക്കെട്ട് 2 (161); രാജകീയ വിളംബര ജൂബിലി (162); ഞങ്ങളുടെ മഹാരാജാവുതിരുമനസ്സിലെ ആട്ടത്തിരുനാൾ (163); ബഹുമതികൾ (164); മഹാരാജാവുതിരുമനസ്സിലെ രജതജൂബിലി (165); തിരുനാൾ അനുമോദനം (166); കിരീടധാരണം (166); ചിത്തിരതിരുനാൾതമ്പുരാന്റെ തിരുവവതാരം (167); ഷഷ്ടിപൂർത്തി (168); കൊച്ചിവലിയതമ്പുരാൻ തിരുമനസ്സിലെ ത്യാഗം (169); കൊച്ചി പുതിയ വലിയതമ്പുരാൻ തിരുമനസ്സിലെ കിരിടധാരണം (171); ബറോഡാമഹാരാജാവു തിരുമനസ്സിലെ തിരുവിതാംകൂർ സന്ദർശനം (172); തിരുനാൾ ബഹുമതികൾ (175); കാർത്തികതിരുനാൾ തിരുവവതാരം (175); മഹാരാജാവു തിരുമനസ്സിലെ ഷഷ്ടിപൂർത്തി (176)

Digitized By Kerala Sahitya Akademi

സചിവകാണ്ഡം

ദിവാൻ വി. പി. മാധവരായർ അവർകളും തിരുവിതാംക്കൂറിലെ തീയരും (180); മാറിപ്പോയ ദിവാൻ വി. പി. മാധവരായർ ബി. എ. സി. ഐ. ഇ. അവർകൾ (183); തിരുവിതാംക്കൂറിലെ വരാൻപോകുന്ന ദിവാൻജി (184); പുതിയ ദിവാൻജി (185); കൊച്ചിയിലെ പുതിയ ദിവാൻ (186); മിസ്റ്റർ ഗോപാലാചാരിയും തിരുവിതാംക്കൂർ ഭരണവും (187); മിസ്റ്റർ ഗോപാലാചാരിയുടെ ഒരു സ്തുത്യർഹമായ പരിഷ്കാരം (189); മിസ്റ്റർ ഗോപാലാചാരി (190); നമ്മുടെ പുതിയ ദിവാൻ (191); ദിവാൻജി അവർകൾ മടങ്ങിവന്നു (192); തിരുവിതാംക്കൂർ ദിവാൻജി (193); തിരുവിതാംക്കൂർ ദിവാൻജി അവർകൾ (194); ഞങ്ങളുടെ പുതിയ ദിവാൻജി (195); ദിവാൻ ബഹദൂർ പി. രാജഗോപാലാചാരി അവർകൾ (197); ദിവാൻ കൃഷ്ണൻ നായർ (197); അന്നമോദനം (198)

സഭാകാണ്ഡം

ജനപ്രതിനിധിസഭ (199); ഇംഗ്ലീഷ് സഹജീവികം (200); ശ്രീമൂലം പ്രജാസഭ 1 (200); ഈഴവരുടെ പ്രാതിനിധ്യം (201); പ്രജാസഭ 1 (203); 2-ാമത്തെ ശ്രീമൂലം പ്രജാസഭായോഗം (205); ശ്രീമൂലം പ്രജാസഭ 2 (206); ശ്രീമൂലം പ്രജാസഭ വീണ്ടും അനുവദിക്കപ്പെട്ടു (208); ശ്രീമൂലം പ്രജാസഭ 3 (209); ശ്രീമൂലം പ്രജാസഭ 4 (211); ശ്രീമൂലം പ്രജാസഭ 5 (215); അഞ്ചാമത്തെ ശ്രീമൂലം പ്രജാസഭായോഗം (220); ശ്രീമൂലം പ്രജാസഭായോഗം (221); പ്രജാസഭയിൽ യോഗം പ്രതിനിധി (225); പ്രജാസഭയിൽ യോഗം വകകാര്യം (225); ശ്രീമൂലം പ്രജാസഭ 6 (227); ശ്രീമൂലം പ്രജാസഭ 7 (228); പ്രജാസഭയും യോഗം പ്രതിനിധിയും (229); തിരുവിതാംക്കൂർ ഗവർമ്മെൻറിന്റെ ദയാപൂർവമായ ശ്രദ്ധയ്ക്ക് (230); തിരുവിതാംക്കൂർ ഗവർമ്മെൻറിന്റെ ഉചിതമായ പ്രവൃത്തികം (231); പ്രജാസഭയിലെ പ്രധാന പ്രമേയങ്ങം (232); നിയമനിർമ്മാണ സഭ (232); പ്രജാസഭ 2 (233); ശ്രീമൂലം പ്രജാസഭയുടെ 11-ാമത്തെ സമ്മേളനം (236); പ്രജാസഭ 3 (238); പ്രജാസഭ 4 (239); ശ്രീമൂലം പ്രജാസഭയും ഈഴവരും (242); 1095 ലെ ഒന്നാം റഫ്രലേഷൻ (243); തിരുവിതാംക്കൂർ നിയമനിർമ്മാണസഭയും ഈഴവ പ്രതിനിധിയും (244).

സക്കാർകാണ്ഡം

തിരുവിതാംക്കൂർ ഗവർമ്മെൻറും ഈഴവരും (244); ഉദ്യോഗാവകാശം (246); പ്രജാസഭയിൽ ഈഴവരുടെ മെമ്മോറാണ്ടവും പേഷ്കാരന്മാരും (248); അനീതിയുടെ ചില സ്പഷ്ടദൃഷ്ടാന്തങ്ങം (250); തിരുവിതാംക്കൂർ ഗവർമ്മെൻറും ഈഴവരും 2 (253); കൊച്ചിയിലെ പോലീസ് സ്പ്രണ്ടും ഈഴവരും (255); ഈഴവരും സർക്കാർ ഉദ്യോഗവും (256); തിരുവിതാംക്കൂർ ഗവർമ്മെൻറും ഈഴവരുടെ വിദ്യാഭ്യാസവും (258); ഗവർമ്മെൻറിന്റെ ദൗർബല്യവും പ്രജകളുടെ തോന്ന്യാസവും (259); കൊച്ചി ഗവർമ്മെൻറിന്റെ സ്തുത്യർഹമായ നയം (261); തിരുവിതാംക്കൂർ ഗവർമെൻറ് ദൃഷ്ടിവെപ്പാൻ (261); ഈഴവരും സക്കാരുദ്യോഗവും (263); ഈഴവരും ഉദ്യോഗവും (264); തിരുവിതാംക്കൂർ ഗവർമ്മെൻറിന്റെ ഇപ്പോഴത്തെ നയം (265); തിരുവിതാംക്കൂർ ഗവർമ്മെൻറും തീയരും (269); കൊച്ചിരാജ്യഭരണം (272); തി

Digitized By Kerala Sahitya Akademi

തിരുവിതാംകൂർ ഗവർമ്മെൻറിന്റെ രാജ്യഭരണസംബന്ധമായ ഇന്നത്തെ നില (273) ; കൊച്ചിസർക്കാരും ഈഴവരും 1 (276) ; തിരുവിതാംകൂർ രാജ്യർ ആഫീസിൽ ഈഴവർക്ക് ഉദ്യോഗം കിട്ടി (283) ; കൊച്ചിസർക്കാരും ഈഴവരും 3 (284)

മതകാണ്ഡം

മതം (284) ; തലശ്ശേരിയിലെ ക്ഷേത്രപ്രതിഷ്ഠ (286) ; ഈഴവസമുദായം വകയായ ഒരു പുതിയ ക്ഷേത്രം (286) ; മതപ്രസംഗം (287) ; മൈസൂരും മതസംബന്ധമായ വിദ്യാഭ്യാസവും (289) ; നമ്മുടെ മതസംബന്ധമായ പുമതലകം (290) ; കോഴിക്കോട്ട ക്ഷേത്രപ്രതിഷ്ഠ (293) ; ശാരദാ പ്രതിഷ്ഠ (294) ; ശിവപ്രതിഷ്ഠ (295) ; ശൃംഗേരി ജഗദ്ഗുരു തിരുമനസ്സിലെ മഹാസമാധി (295) ; മതം മാറ്റം 1 (297) ; മതം മാറ്റം 2 (298) ; കാർമേക്കൽ പ്രഭൃവും രാമകൃഷ്ണമിഷനും (299) മതപരിവർത്തന രസഖണ്ഡം (300)

ജാതികാണ്ഡം

ജാതിവിവര നിർണ്ണയവകുപ്പും കൊച്ചിയിലെ ഈഴവരും (313); നമ്മുടെ ജാതിവിചാരങ്ങളും (318); നമ്മുടെ ഭയങ്കരമായ ശാപം അല്ലെങ്കിൽ കേരളത്തിലെ ഭ്രാന്ത് (320); തിരുവിതാംകൂറിലെ ജാതിവ്യത്യാസവും മിതവാദിയും (322); ബ്രഹ്മവിദ്യാസംഘവും ജാതിയും (323) ; താഴ്ന്ന ജാതിക്കാർ (324); ഹിന്ദുക്കളും താഴ്ന്ന ജാതിക്കാരും (326); ശ്രീമാൻ ഗാന്ധിയും താഴ്ന്ന ജാതിക്കാരും (329); ജാതി (331); തീണ്ടൽ നിറുത്തൽ ചെയ്യണം (334)

സമുദായ കാണ്ഡം

നായരീഴവലഹള 1 (334); നായരീഴവലഹള 2 (335); സമാധാനസംഘം (336); ഒരു നല്ല ആലോചന (337); നമ്മുടെ സമുദായങ്ങൾ (338); നമ്മുടെ യോഗം (341); തിരുവിതാംകൂർ വിദ്യാഭിവർദ്ധിനി മഹാസഭ (344); കേരളത്തിനുണ്ടാവാൻപോകുന്ന ഒരു പുതിയജീവൻ (344); നമ്മുടെ മഹത്തായ ഐക്യം (345); നമ്മുടെ വിദ്യാഭ്യാസധനശേഖരം (347); ശ്രീ. നാ. ധ. പ. യോഗം വക കൃഷിവ്യവസായ പ്രശ്നവും സാഹിത്യപരീക്ഷയും (348); കേരളീയ നായർ സമാജം (350); തീയരുടെ ശ്മശാനവഴക്ക് (353); തിരുവിതാംകൂറിൽ ഈഴവരുടെ ധനസ്ഥിതി (354); ഒരു കലഹം (357); പുലയരുടെസങ്കടം 1(358); പുലയരുടെസങ്കടം2 (359); സ്വജനങ്ങളെ അറിവാൻ(359); പുലയർ-(കൊച്ചി) (361); പുലയരും ലഹളയും(362) എസ്. എൻ. ഡി. പി. യോഗവും പ്രവൃത്തികളും (363); പെരിനാട്ടെ ലഹള (366); കേരളീയ നായർ സമാജക പ്രവർത്തകരോട് ഒരുവാക്ക് (368); മിശ്രഭോജന ബഹളം (369); സമുദായ പരിഷ്കാരതത്പരരായ യുവാക്കന്മാർ ശ്രദ്ധിപ്പാൻ (369); ഒരുകത്ത് (370); ദേശാഭിമാനിയിലെ ദുർവ്യാഖ്യാനം (372)

ആചാരകാണ്ഡം

ആചാര പരിഷ്കരണം 1 (376); ഒരു ഭ്രഷ്ട് (380); ആചാരപരിഷ്കരണം 2 (381); ആചാരപരിഷ്കരണം 3 (382); ആചാരപരിഷ്കരണം 4 (388); പുലികുടി (384)

Digitized By Kerala Sahitya Akademi

നമ്മുടെ ആചാരപരിഷ്കരണം (385); ജാത്യാചാര പരിഷ്ചാരം (386); ആചാര പരിഷ്ചരണം 5(387); ഒരു അകാലോചിതമായ രാജശാസനം അല്ലെങ്കിൽ പുല (389)

വിദ്യാഭ്യാസകാണ്ഡം

സക്കാർ പള്ളിക്കൂടങ്ങം (391); വിദ്യാഭ്യാസസംബന്ധമായ സക്കാർ പ്രൊസീഡിംഗ്സ് (392); വക്കലമലയാളം മിഡിൽസ്കൂം (393); വക്കലസക്കാർ മലയാളം സ്കൂം (364); തിരുവനന്തപുരം ആയുർവേദപാഠശാല (394); മദ്രാസ് ആയുർവേദകാളേജ് (395); ഒരുപുതിയ ആയുർവേദപാഠശാല (396); കോഴിക്കോട്ടുമിഷൻ ഹൈസ്കൂ (397); രണ്ടു ഗവർമ്മെൻറ് പ്രൊസീഡിംഗ്സുകം (399); മെമ്മോറിയലും മറുപടിയും (401); ഈഴവബാലികമാരുടെ വിദ്യാഭ്യാസസംബന്ധമായ ദയനീയസ്ഥിതി (403); ശിവഗിരി സംസ്കൃതവിദ്യാലയം (404); വിദ്യാഭ്യാസസംബന്ധമായി തിരുവിതാംക്കൂർ ഈഴവരുടെ ശ്രദ്ധയ്ക്ക് (405); തിരുവിതാംക്കൂറിൽ തീയർബാലികമാരുടെ വിദ്യാഭ്യാസം (406); സ്കൂംപ്രവേശനങ്ങം (407); ആലപ്പുഴസനാതന ധർമ്മഹൈസ്കൂം (408); വിദ്യാഭ്യാസസംബന്ധമായ പരാതികം തിരുവ് താംക്കൂർ ഗവർമ്മെൻറ് ദൃഷ്ടിവയ്പാൻ (408); വിദ്യാഭ്യാസവകുപ്പം ഡയറക്ടരുടെ വേർപാടും (409); കൊച്ചിയിലെ വിദ്യാഭ്യാസസംബന്ധമായ തൽക്കാലവിശേഷങ്ങം (410); കോവിൽതോട്ടം എച്ച്. ജി. ഇ. ഗവൺ സ്കൂളം വഴക്കുകളും (411); സംസ്കൃതകാളേജ് (412); ഈഴവരുടെ സ്കൂംപ്രവേശം (414); സംസ്കൃതകാളേജും ഭാന്ധവിശ്വാസവും (415); തിരുവിതാംക്കൂറിലെ സ്കൂംപ്രവേശനതടസ്സങ്ങം (415); തിരുവിതാംക്കൂർ വിദ്യാഭ്യാസവകുപ്പും പ്രധാന ഉദ്യോഗസ്ഥന്മാരുടെ മാറ്റങ്ങളും (416); എലിമെൻറിസ്കൂം കനകജൂബിലി (420); തലവടി ആനപ്രമ്പാൽ എച്ച്. ജി. ഇ. സ്കൂളം ഈഴവരും (421)

ഭാഷയമകാണ്ഡം

മരുമക്കത്തായ കമ്മീഷനും ഈഴവരും (422); തിരുവിതാംക്കൂർ മരുമക്കത്തായ ബിൽ(423); നായർ റെഗുലേഷൻ(427); ഈഴവക്കും ഒരു റെഗുലേഷന്റെ ആവശ്യകത (429); ഈഴവരുടെ ദായക്രമം (432); ഒരുഹൈക്കോടതിവിധി (433); ഈഴവറെഗുലേഷൻ 2(435); ഈഴവറെഗുലേഷൻ 3(437)

വ്യക്തികാണ്ഡം

രാവുബഹദൂർ പി. വേലായുധൻ അവർകം (438); വക്കീൽ കൊറിയത്തു രാമുണ്ണി അവർകം (439); എം. ആർ. കേളപ്പൻ അവർകം (441); ശ്രീമത് പി. പാറുഅമ്മ(443); സി. കൃഷ്ണൻ (445); സർ. സി. ശങ്കരൻനായർ (446); പഞ്ചരിരാമയ്യർ അവർകം (446)

മിശ്രകാണ്ഡം

പ്രസ്താവന (447); നമ്മുടെ കൃഷി (449); സ്വരാജ് വഴക്ക് (452); ശ്രീമൂലം കൃഷി പ്രദർശനം (453); നാടുകടത്തൽ (455); മനഃശക്തി (455); കഷ്ം (456); തിരുവനന്തപുരത്തേക്കുതീവണ്ടി (457); യുദ്ധം (458); തീയരും യുദ്ധവും (460); ഒരു ആത്മഹത്യ (462) തീയർപട്ടാളം (462); ഒരു പുതിയ ആലോചനയും ചെറിയ ബഹളവും (466); പ്രതിഷ(467); ഭാരത മഹാജനസഭ(468)

Digitized By Kerala Sahitya Akademi

പ്രസംഗങ്ങൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

നിവേദനം I

I എല്ലാ സ്കൂളുകളിലും ഈഴവപ്പെൺകുട്ടികളുടെ പ്രവേശനം

Admission of Ezhava Girls into all Schools

ഈഴവപ്പെൺകുട്ടികളെ സർക്കാർ പെൺപള്ളിക്കൂടങ്ങളിൽ ചേർത്തു പഠിപ്പിക്കുന്നതിനെ സംബന്ധിച്ചു ഈ സഭയിൽ നിന്നു കഴിഞ്ഞ തവണ പറഞ്ഞ മറുപടിയിൽ ഈഴവപ്പെൺകുട്ടികൾക്കു പ്രവേശനം അനുവദിച്ചാൽ മറ്റു പെൺകുട്ടികളും സ്കൂൾ വിട്ടുകളയുമെന്നു ഗവണ്മെൻറു പേടിക്കുന്നതായി കാണുന്നു. അതു ശരിയല്ല. ഈ പേടി ഒരിക്കൽ ആൺപള്ളിക്കൂടങ്ങളെപ്പറ്റിയും ഗവണ്മെൻറിനുണ്ടായിരുന്നു. ആദ്യം ഈഴവർക്കു കാളേജിൽ പ്രവേശനം അനുവദിച്ചു. അപ്പോൾ മറ്റു ഇംഗ്ലീഷ് സ്കൂളുകളിൽ ഇവരെ പ്രവേശിപ്പിച്ചാൽ അബദ്ധമുണ്ടാകുമെന്നു വിചാരിച്ചിരുന്നു. അവയിൽ പ്രവേശിപ്പിച്ചു, അപ്പോൾ മലയാളം സ്കൂളുകളിൽ പ്രവേശിപ്പിച്ചാലാണ് തരക്കേടു് ഉണ്ടാകുക എന്നായി. അവയിൽ മിക്കവാറും ഇപ്പോൾ പ്രവേശനം അനുവദിച്ചു. ഇപ്പോൾ ആൺകുട്ടികളുടെ പ്രവേശനത്തിനു തടസ്സം ഒന്നും ഇല്ല ; എന്നാൽ പെൺകുട്ടികളെ പ്രവേശിപ്പിക്കാൻ പാടില്ല എന്നു ഗവണ്മെൻറിനു തോന്നിയിരിക്കുന്നു. ഇങ്ങനെ തോന്നാൻ ഏതെങ്കിലും കാരണമുണ്ടെങ്കിൽ അതു ഗവണ്മെൻറ് ആ വിഷയത്തിൽ പ്രവേശിച്ചുനോക്കാത്തതു മാത്രമാകുന്നു. ഈഴവക്കു് ഉയർന്നതരം ഗവണ്മെൻറ് ഉദ്യോഗങ്ങൾ കൊടുക്കുന്നതിലും ഇങ്ങനെയുള്ള ശങ്ക ഉണ്ടായിരുന്നു. ഗവണ്മെൻറ് അവർക്കു് ഉദ്യോഗങ്ങൾ കൊടുത്തപ്പോൾ അതു തീർന്നു. തിരുവിതാംകൂറിലെ പ്രജകൾ വളരെ രാജഭക്തി ഉള്ളവരാണ്. അവർ ഗവണ്മെൻറിൻെറ തീർച്ചകളെ ഒരിക്കലും ധിക്കരിക്കുന്നില്ല. അതുകൊണ്ടു് ഗവണ്മെൻറിനു അവരുടെമേൽ ഈ ശങ്ക വച്ചുകൊണ്ടിരിക്കുന്നതു ധർമ്മമല്ല.

തിരുവിതാംകൂറിലെ മറ്റു രണ്ടു വലിയ സമുദായങ്ങൾ നായന്മാരും ക്രിസ്ത്യാനികളുമാണ്. ക്രിസ്ത്യാനികൾക്കു് ഈഴവരുടെ ആൺകുട്ടികളോടോ പെൺകുട്ടികളോടോ ഒരു വിരോധവും ഇല്ലെന്നറിയാമല്ലോ. നായൻമാർക്കും ഗവണ്മെൻറു വിചാരിക്കുന്നതുപോലെ വിരോധം ഏതെങ്കിലും ഉള്ളതായി ഞങ്ങൾ അറിയുന്നില്ല. മിക്ക സ്ഥലങ്ങളിലും ഈ രണ്ടു സമുദായവും വളരെ രഞ്ജനയിൽ കഴി

Digitized By Kerala Sahitya Akademi

യുക ആകുന്നു. അവരുടെ പെൺകുട്ടികളും ഈഴവപ്പെൺകുട്ടികളും ഒന്നിച്ചിരുന്നു ഒരു സ്കൂളിൽ പഠിച്ചുവരുന്നതായി, അനേക ദൃഷ്ടാന്തങ്ങളും ഉണ്ട്. ടൗണുകളിലെ കാൺവെൻറുകളിലും തിരുവനന്തപുരത്തു മഹാരാജാസ് ഗേൾസ് കാളേജിലും മാത്രമല്ല ഇങ്ങനെ ഉള്ളതു്. ഉൾനാട്ടു സ്കൂളുകളിലും ഇതു നടപ്പാണ്. നെയ്യാറ്റിൻകര കോട്ടുകാൽപെൺപള്ളിക്കൂടത്തിൽ വളരെക്കാലമായി ഈഴവ ബാലികകളും പഠിച്ചുവരുന്നതായി അറിയാം. കൊല്ലത്തു ചാത്തന്നൂർ പെൺപള്ളിക്കൂടത്തിലും ഏറിയകാലമായി അതുപോലെ നടന്നുവരുന്നു. ഇവയിൽ നായർ ബാലികമാരാണ് അധികമുള്ളതു്. ഇതുപോലെ വേറെയും പല സ്കൂളുകളും ഉണ്ടായിരിക്കും. കടയ്ക്കാവൂർ വെളിവിളാകത്തു ഗേൾസ് സ്കൂളിനു് ഒരു ഈഴവപ്പെൺപള്ളിക്കൂടമായിട്ടാണ് ഗ്രാൻറു പതിഞ്ഞിട്ടുള്ളതു്. അതിന്റെ ഉടമസ്ഥനും മാനേജരും ഒരീഴവനാണ്. അതിലെ വിദ്യാർത്ഥിനികളിൽ അധികവും നായർ ബാലികമാരാകുന്നു. അവർ ഈ വ്യത്യാസത്തെ അറിയാറില്ല. ഈ വിഷയത്തിൽ ഇതിലധികം ദൃഷ്ടാന്തങ്ങളും ആവശ്യമാണെന്നു തോന്നുന്നില്ല.

കഴിഞ്ഞ കൊല്ലം എന്റെ സ്ഥാനത്തിൽ ഇവിടെ ഹാജരായിരുന്ന പ്രതിനിധി എല്ലാ ഗവണ്മെൻറു സ്കൂളുകളിലും ഈഴവരുടെ കുട്ടികൾക്കു പ്രവേശനം അനുവദിക്കണമെന്നു് അപേക്ഷിച്ചു് ഒരു മെമ്മോറിയൽ സമർപ്പിച്ചു. അതിൽ അന്യ ജാതിക്കാരായ 6)—ൽപരം പ്രതിനിധികളും ഒപ്പിട്ടിരുന്നു. അവരെ തിരുവിതാംകൂറിലെ പൊതുജനങ്ങളും എന്നു വേണം വിചാരിക്കാൻ. ഇതുകൊണ്ടു് അന്യ സമുദായങ്ങൾക്കും അവരുടെ സഹോദരപ്രജകളായ ഈഴവരുടെ വിദ്യാഭ്യാസസംബന്ധമായ ശ്രമത്തിൽ യാതൊരു വിരോധവും ഇല്ലെന്നും നേരേ മറിച്ചു് അനുകമ്പയാണുള്ളതെന്നും വെളിവാകുന്നു. ആ മാതിരി മെമ്മോറിയലുകളിൽ അതു് ആദ്യത്തേതുമല്ലായിരുന്നു. അതുകൊണ്ടു് ജനവിരോധത്തെ സംബന്ധിച്ചു ഗവണ്മെൻറിനുള്ള തെറ്റായ ധാരണയെ വിട്ടുകളയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

തിരുവിതാംകൂറിനെക്കാളും നിശ്ചയമായും അധികം ജാതിവിചാരം ഉള്ള സ്ഥലമാണ് കൊച്ചി. അവിടെ ഈഴവപ്പെൺകുട്ടികൾക്കു മാത്രമല്ല, അവരെക്കാളും തുലോം താഴ്ന്ന ജാതിയിൽ ഉള്ള പെൺകുട്ടികൾക്കും എല്ലാ ഗവണ്മെൻറു സ്കൂളുകളിലും ഗവണ്മെൻറു സഹായം ലഭിക്കുന്ന സ്കൂളുകളിൽ പോലും ഇപ്പോൾ അപ്രതിബന്ധമായ പ്രവേശനം അനുവദിച്ചിരിക്കുന്നതായി അറിയുന്നു. അതുകൊണ്ടു ഞങ്ങളുടെ അപേക്ഷ വളരെ മിതമായിട്ടുള്ളതാകുന്നു. പാടുള്ള ദിക്കുകളിൽ എല്ലാം ഉടനെ ഈഴവപ്പെൺകുട്ടികൾക്കു പ്രവേശനം അനുവദിക്കേണ്ടതാകുന്നു. അങ്ങിനെ ചെയ്യുന്നതുകൊണ്ടു് ഗവണ്മെൻറ് ഇപ്പോൾ വിചാരിക്കുന്നതുപോലെ സ്ത്രീവിദ്യാഭ്യാസത്തെ ധ്വംസിക്ക അല്ല നേരേ മറിച്ചു് വർദ്ധിപ്പിക്കുകയായിരിക്കും ചെയ്യുന്നതു്. തിരുവിതാംകൂറിൽ ആകെ ഉള്ള പ്രജകളിൽ അഞ്ചിൽ ഒന്നോളം ഈഴവരാകുന്നു.

താൽക്കാലം പ്രവേശനം അനുവദിപ്പാൻ തീരെ പാടില്ലാത്തതായി ഗവൺമെൻറിനു തോന്നുന്ന സ്ഥലങ്ങളിൽ ഈഴവപ്പെൺകുട്ടികൾക്കായി പ്രത്യേകം സ്കൂളുകൾ ഗവൺമെൻറിൽ നിന്നു് സ്ഥാപിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ

Digitized By Kerala Sahitya Akademi

ഇപ്പോൾ ഉള്ള സ്കൂളുകളിൽ അവർക്കു പ്രവേശനം അനുവദിക്കാത്ത കാലത്തോളം അതു മറ്റു വർഗ്ഗക്കാർക്കായി ഉള്ള പ്രത്യേക സ്കൂളുകൾ ആണെന്നു വരുന്നു. ആ സ്ഥിതിക്കു് പ്രജാവിഭാഗത്തിൽ ഒരു വലിയ ഭാഗക്കാർ അതായതു് സംഖ്യയിൽ അഞ്ചുലക്ഷം ഉള്ളവർ ആയ ഈഴവർക്കായി പ്രത്യേക സ്കൂളുകൾ സ്ഥാപിച്ചു കൊടുക്കുന്നതു് ന്യായമായിട്ടുള്ളതാകുന്നു. അതുകൊണ്ടു് ഈഴവപ്പെൺകുട്ടികൾക്കായി ആവശ്യമുള്ള സ്ഥലങ്ങളിൽ, അതായതു് ഈഴവർ അധികം ഉള്ള സ്ഥലങ്ങളിൽ എങ്കിലും, വിശേഷാൽ സ്കൂളുകൾ സ്ഥാപിച്ചു കൊടുക്കേണ്ടതാകുന്നു.

ഈഴവർ സ്വന്തമായി സ്ഥാപിക്കുന്ന സ്കൂളുകൾക്കു് കഴിഞ്ഞതവണ ഈ സഭയിൽ നിന്നും പറഞ്ഞ മറുപടി അനുസരിച്ചു് പ്രത്യേക ധന സഹായം ചെയ്തു കൊടുപ്പാൻ ഉടനെ വ്യവസ്ഥ ചെയ്യേണ്ടതാകുന്നു. പെൺപള്ളിക്കൂടങ്ങൾക്കു മുഴുവൻ ഗ്രാൻറും, ബിൽഡിംഗ് ഗ്രാൻറും അനുവദിക്കണം. എന്തു കൊണ്ടെന്നാൽ (എ) ഈഴവർക്കു് അവരെപ്പോലെ നികുതി അടയ്ക്കുന്ന അന്യവർഗ്ഗക്കാരോടു തുല്യമായ സൗകര്യവും സഹായവും ഗവൺമെൻറിൽ നിന്നു കിട്ടുന്നില്ല. (ബി) അവരിൽ എഴുത്തു് അറിവാൻ പാടില്ലാത്തവരുടെ സംഖ്യ ഭയങ്കരമായിരിക്കുന്നു. ഈഴവരിൽ എഴുതാനും വായിക്കാനും അറിയാൻ പാടില്ലാത്ത സ്ത്രീകൾ 100-നു് 99-ൽ അധികമാണു്. (സി) ഈഴവരേക്കാൾ വിദ്യാഭ്യാസത്തിൽ ഉയർന്നു നിൽക്കുന്നതായി കാണുന്ന മുഹമ്മദീയർക്കു് പ്രത്യേക ആനുകൂല്യങ്ങൾ നൽകി വരുന്നു. അവർക്കു് എല്ലാ സ്കൂളുകളിലും പ്രവേശനം അനുവദിച്ചിട്ടുണ്ടു്.

ഈഴവർക്കു് വിദ്യാഭ്യാസ സംബന്ധമായി വിശേഷാൽ സഹായത്തെ അപേക്ഷിച്ചു് ഈയിടെ എസ്. എൻ. ഡി. പി. യോഗത്തിൽ നിന്നു് സമർപ്പിച്ച ഒരു മെമ്മോറിയലിനു് അവർക്കു് ഇച്ഛാഭംഗ ജനകമായ മറുപടിയാണു് ഗവൺമെൻറു നൽകിയതു്. ഈഴവർ അവരുടെ വിദ്യാഭ്യാസ സ്ഥിതിയെ നന്നാക്കുന്നതിൽ ശരിയായ ശ്രദ്ധ കാണിച്ചുവരുന്നു എന്നും അതുകൊണ്ടു് അവർക്കു വിശേഷാൽ സഹായം ചെയ്തു കൊടുപ്പാൻ പാടില്ലെന്നും ഗവൺമെൻറു വിചാരിക്കുന്നതായി കാണുന്നു. വിദ്യാഭ്യാസം ഇല്ലാത്തവരുടെ മേൽകാണിച്ച സംഖ്യതന്നെ ഈ വിചാരം ശരിയല്ലെന്നു കാണിക്കുന്നുണ്ടു്. പക്ഷേ അവർ അത്ര ശ്രദ്ധ കാണിച്ചിരുന്നാൽ തന്നെയും അവരുടെ അഭിവൃദ്ധിക്കുള്ള മാർഗ്ഗത്തെ ഒരിക്കലും ഗവൺമെൻറിനു തടുക്കാൻ പാടില്ലാത്തതാണല്ലോ.

ഈ സംഗതികളെ ഗവണ്മെൻറ് ദയവായി ഒന്നുകൂടി പര്യാലോചിച്ചു് അനുകൂലമായി തീർച്ചപ്പെടുത്തണമെന്നു് വളരെ താഴ്മയായി അപേക്ഷിച്ചു കൊള്ളുന്നു.

II. എല്ലാ സ്കൂളുകളിലും ഈഴവ ആൺകുട്ടികളുടെ പ്രവേശനം

Admission of Ezhava Boys into all Schools

ഈഴവരുടെ ആൺകുട്ടികൾക്കു മിക്കവാറും സ്കൂളുകളിൽ ഇപ്പോൾ തന്നെ പ്രവേശനം അനുവദിച്ചതിനും ശ്രേഷ്ഠം ഉള്ളവയിൽ ഉടനെ തന്നെ അനുവദിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്വാൻ തീർച്ചയാക്കിയതിനും ഞങ്ങൾ ഏറ്റ

Digitized By Kerala Sahitya Akademi

വും നന്ദിയുള്ളവരായിരിക്കുന്നു. എന്നാൽ തല്ക്കാലം പ്രവേശനം അനുവദിക്കാൻ പാടില്ലാത്തതായി പരസ്യപ്പെടുത്തിയിരിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് അത്രശരിയായിട്ടുള്ളതാണെന്നു ഞങ്ങൾക്കു തോന്നിയിട്ടില്ല. വൈക്കത്തു് ഇംഗ്ലീഷ് സ്കൂളിനെപ്പോലെ ദൂരെ ഉള്ള വല്ല ക്ഷേത്രങ്ങളിലേക്കും പോകുന്ന റോഡിനു സമീപം ഇരിക്കുന്ന എന്നും മറ്റും അയുക്തികമായ ഒഴികഴിവു പറഞ്ഞു ലിസ്റ്റിൽ കൊള്ളിച്ചിട്ടുള്ള പലസ്കൂളുകളും ഉണ്ടായിരിക്കുമെന്നു ഞങ്ങൾക്കു തോന്നുന്നു. ലിസ്റ്റിൽ കാണുന്ന 51 സ്കൂളുകളെയും (ഇപ്പോൾ കുറച്ചു് 43 ആക്കീട്ടുണ്ടു്) ഒന്നായി മാറ്റി സ്ഥാപിക്കുന്നതിനു ഗവണ്മെൻറിനു വളരെ ചിലവു വേണ്ടിവരും. അതു വിചാരിക്കുന്ന വേഗത്തിൽ സാധിക്കുന്നതുമല്ല. താമസിക്കുംതോറും ഈഴവരുടെ പഠിത്തത്തിനു വ്യസനകരമായ വിഘ്നം നേരിടുകയാണു്. ജനങ്ങൾ ദ്രുതഗതിയിൽ അഭിവൃദ്ധിയെ പ്രാപിച്ചുവരുന്ന ഇക്കാലത്തു് ഈഴവരെ കാത്തിരിപ്പാൻ നിർബന്ധിക്കുന്നതു സങ്കടമാകുന്നു. അതുകൊണ്ടു ശരിയായ അന്വേഷണം നടത്തി വാസ്തവത്തിൽ തടസ്സങ്ങൾ ഇല്ലാത്ത സ്കൂളുകളിൽ ഉടനേ പ്രവേശനം കൊടുക്കുകയും മറവയെ വേഗത്തിൽ മാറ്റിസ്ഥാപിപ്പാൻ പ്രത്യേകം നിഷ്കർഷിക്കുകയും ചെയ്യണമെന്നു് അപേക്ഷിക്കുന്നു.

ആയുർവേദപാഠശാലയും സംസ്കൃതപാഠശാലയും ഇപ്പോൾ ഈഴവർക്കു പ്രവേശിപ്പാൻ പാടില്ലാത്ത സ്ഥലങ്ങളിൽ ഇരിക്കുകയാണെന്നു പറയുന്നതു സത്യമല്ല. അവിടെ ഈഴവർക്കു് ധാരാളം പോകാം. ഞങ്ങൾ സാധാരണ ആ വഴിയേ പോയിവരുന്നു. പോയിക്കൂടായെന്നു ഗവണ്മെൻറിനു തോന്നുന്നപക്ഷവും അവയെ ഉടനെ ആ സ്ഥലങ്ങളിൽ നിന്നു മാറ്റി സ്ഥാപിക്കാമെന്നുള്ളതാണു്. ഇപ്പോൾ അവ ഇരിക്കുന്ന കെട്ടിടങ്ങൾ ഗവണ്മെൻറു വക അല്ല. ആ കെട്ടിടങ്ങൾക്കു പ്രതിമാസം 60 രൂപാ ഗവണ്മെൻറിൽ നിന്നു വാടക കൊടുത്തുവരികയാകുന്നു. ഇവയെക്കാൾ അധികം നല്ലതല്ലെങ്കിൽ ഇവയെപ്പോലുള്ള കെട്ടിടങ്ങൾ ഈ വാടക കൊടുത്താൽ പ്രജകളിൽ എല്ലാ വർഗ്ഗക്കാർക്കും പ്രവേശ്യമായ സ്ഥലത്തു് ഈ ഔണിൽ ധാരാളം കിട്ടുന്നതാകുന്നു. ഈഴവരിൽ വളരെപ്പേർ പണ്ടുപണ്ടേ ചികിത്സകൊണ്ടു് ഉപജീവിച്ചു വരുന്നവരും അനേകംപേർ പ്രസിദ്ധ വൈദ്യന്മാരും ആകുന്നു. പല കൊട്ടാരം വൈദ്യന്മാരും ഇവരിൽ ഉണ്ടായിരുന്നു. ഇപ്പോഴും ഇല്ലെന്നില്ല. ഇങ്ങിനെയുള്ള ഒരു സമുദായത്തിനു സർക്കാർ വക ആയുർവേദ പാഠശാലയിൽ പ്രവേശിച്ചുകൂടാ എന്നുപറയുന്നതു് എത്ര സങ്കടമാകുന്നു. മദ്രാസിൽ ഒരു ദേവസ്വം വകയായി എസ്. കെ. പി. ഡി. ആയുർവേദിക് കാളേജ് എന്നൊരു വലിയ വിദ്യാലയം ഉണ്ടു്. അതിലെ വിദ്യാർത്ഥികളിൽ അധികഭാഗവും തിരുവിതാംകൂറിലെ ഈഴവരാണു്. ഈ ഔണിൽ നിന്നുതന്നെ ഈഴവക്കുട്ടികൾ അവിടെപ്പോയി കഷ്ടപ്പെട്ടുപഠിക്കുന്നു. നമ്മുടെ ആയുർവേദ പാഠശാലയുടെ മുൻപിൽ നിന്നു് എത്ര സങ്കടത്തോടുകൂടിയാണു് അവർ അത്ര ദൂരദേശങ്ങളിൽ പോവാൻ നിർബന്ധിക്കപ്പെടുന്നതെന്നും എത്ര കഷ്ടനഷ്ടങ്ങൾ അകാരണമായി അവർ അനുഭവിക്കേണ്ടിവരുന്നു എന്നും ആലോചിച്ചാൽ ആർക്കും ദയ ഉണ്ടാകുന്നതാകുന്നു. തങ്ങളുടെ സ്വന്തരാജ്യത്തു തങ്ങൾകൂടി ഭാഗഭാക്കുകളായിരിക്കേണ്ട ഗവണ്മെൻറു പണം ചിലവുചെയ്തു നടത്തുന്ന വിദ്യാലയത്തിൽ അവർക്കു പ്രവേശനം അനുവദിക്കാത്ത നമ്മുടെ ഗവണ്മെൻറി

Digitized By Kerala Sahitya Akademi

നേറയും തങ്ങളോട്ട് ഒരു ബന്ധവും ഇല്ലെങ്കിലും മേൽപറഞ്ഞ ആയുർവേദകാളേജിൽ അവരെ സ്കോളർഷിപ്പുകൊടുത്തു പഠിപ്പിക്കുന്ന മദ്രാസിലെ ഹിന്ദു ദേവസ്വം കമ്മറന്മാരുടെയും നയങ്ങളെ തമ്മിൽ താരതമ്യപ്പെടുത്തി നോക്കുന്നതു സ്വദേശസ്നേഹമുള്ള ആർക്കും ലജ്ജയേയും വ്യസനത്തേയും ഉണ്ടാക്കുന്നതാകുന്നു.

ഈ രണ്ടുവിദ്യാലയങ്ങളിലും ഇതിനു മുമ്പ് ഈഴവ വിദ്യാർത്ഥികളെ പരീക്ഷയ്ക്കു ചേരാൻ കൂടി അനുവദിച്ചിരുന്നില്ല. കഴിഞ്ഞകൊല്ലം ഈ സഭയിൽ നിന്നു പറഞ്ഞ മറുപടി അനുസരിച്ച് ഇപ്പോൾ അതിനു് അനുവദിച്ചിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ കൃതജ്ഞരായിരിക്കുന്നു. പരീക്ഷയ്ക്കു് അനുവദിച്ചതുപോലെ തന്നെ പ്രവേശനം അനുവദിക്കുന്നതിനും ഗവൺമെൻറിൽ നിന്നും ഒരു ആഡർ അയയ്ക്കുന്നതിനേക്കാൾ അധികമായി ഒന്നും ചെയ്യേണ്ടിവരികയില്ലെന്നുള്ളതു തീർച്ച ആകുന്നു. പഠിപ്പാൻ അനുവദിക്കാതെ പരീക്ഷയിൽ ചേരാൻമാത്രം അനുവദിക്കുന്നതു മിക്കവാറും വെള്ളത്തിൽ ഇറങ്ങാൻ അനുവദിക്കാതെ നീന്താൻ കല്പിക്കുന്നതുപോലെ അസംഗതവുമാകുന്നു. അതുകൊണ്ട് ഈ രണ്ടു വിദ്യാലയങ്ങളിലും അവയെ ഇപ്പോൾ ഇരിക്കുന്ന സ്ഥലങ്ങളിൽ നിന്നു മാറ്റിസ്ഥാപിച്ചിട്ടോ അല്ലാതെയോ ഈഴവർക്കു് ഉടനേ പ്രവേശനം അനുവദിക്കണമെന്നു വളരെ താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

വിവേകോദയം 1084 തുലാം, വൃശ്ചികം

[യോഗം പ്രതിനിധി എൻ. കുമാരൻ ആശാൻ അവർകൾ (5–ാമത്തു) ശ്രീമൂലം പ്രജാസഭയിൽ പറഞ്ഞതു്]

Digitized By Kerala Sahitya Akademi

നിവേദനം II

I പാഠശാലകളിലെ പ്രവേശനത്തെപ്പററി

സംസ്കൃതപാഠശാല

സംസ്കൃതം പഠിക്കുന്നതു് പല പ്രകാരത്തിലും ഹിന്ദുക്കളായ ഈഴവർക്കു് പ്രയോജനകരമാണു്. അവർ ആ വിഷയത്തിൽ പണ്ടേതന്നെ വലിയ പ്രതിപത്തി ഉള്ളവരാണെന്നു സമ്മതമാണു്. വിശേഷിച്ചു് അവരിൽ അധികം ആളുകൾ പണ്ടു പണ്ടേ വൈദ്യം കൊണ്ടു് കാലം കഴിക്കുന്നവരാകുന്നു. വൈദ്യ ഗ്രന്ഥങ്ങൾ എല്ലാം സംസ്കൃതത്തിൽ എഴുതപ്പെട്ടിട്ടുള്ളതിനാൽ സംസ്കൃതജ്ഞാനമില്ലാതെ അവ പഠിക്കുന്നതു പ്രയാസമാണു്. ഗവണ്മെൻറു സംസ്കൃതപാഠശാലയിൽ അവർക്കു് പ്രവേശം ഇല്ലാത്തതിനാൽ പുറത്തുപോയി കഷ്ടപ്പെട്ടു് അവർ ഇപ്പോൾ സംസ്കൃത ജ്ഞാനം സമ്പാദിച്ചുവരുന്നു. ഇതു് വലിയ ദയനീയമാണു്. സംസ്കൃതപാഠശാലയിൽ ഇവർക്കു് പ്രവേശനം കൊടുക്കുന്നതുകൊണ്ടു് എന്തെങ്കിലും ദോഷമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ പല തവണയും ഞാൻ തന്നെ ഈ സങ്കടം സഭാസമക്ഷം കൊണ്ടുവന്നിട്ടുണ്ടു്. എന്നിട്ടു് ഇതുവരെ നിവൃത്തി ഉണ്ടായിട്ടില്ല. ഇപ്പോൾ പാഠശാല ഇരിക്കുന്ന സ്ഥലം ഈഴവർക്കു് പ്രവേശ്യമല്ലെന്നു ഗവണ്മെൻറു ധരിച്ചിരിക്കുന്നു എങ്കിൽ അതു ശരിയല്ല. അതു് ഇരിക്കുന്നതു് കോട്ടയ്ക്കകത്തു് ഈഴവർക്കു സാധാരണ ഗതാഗതം ചെയ്യാമെന്നുള്ളതും ചെയ്യുവരുന്നതുമായ ഒരു സ്ഥലത്താണു്. സ്വകാര്യമായി ഈഴവർക്കു് ആ കെട്ടിത്തിൽ തന്നെ കയറുന്നതിനു് വിരോധം ഇല്ലെന്നു് എനിക്കു് അനുഭവംകൊണ്ടറിയാം. എന്നാൽ അതൊന്നും ഗവണ്മെൻറു് വകവയ്ക്കുണമെന്നു് എനിക്കു് നിർബന്ധമില്ല. ഇപ്പോൾ ഇരിക്കുന്ന കെട്ടിടം തന്നെ വാടകയ്ക്കു് എടുത്തിട്ടുള്ളതാണു്. വേറൊരു കെട്ടിടം എടുത്തു് പാഠശാല അതിൽ സ്ഥാപിച്ചാലും മതി. സംസ്കൃത പാഠശാലയിൽ പഠിക്കുന്നതിനു് ആദ്യകാലം നായന്മാരെയും അനുവദിച്ചിരുന്നില്ല. അവർക്കു് അനുവാദം കൊടുത്തിട്ടു് കുറേ കാലമേ ആവൂ. അതിൻെറ ഫലമായി ഇപ്പോൾ അവരുടെ ഇടയിലും ഏതാനും ശാസ്ത്രിമാരും, ഉപാദ്ധ്യായന്മാരും, മഹോപാദ്ധ്യായന്മാരും ഉണ്ടായിട്ടുണ്ടു്. അങ്ങിനെ വരുന്നതു് നാട്ടിൻെറ പൊതു നന്മയ്ക്കു് വളരെ ഉപകരിക്കുന്നതും പൊതുവിൽ അഭിമാനകരവുമാണു്. ഇനി ഈഴവർക്കും പ്രവേശനം കൊടുപ്പാൻ ഗവണ്മെൻറു മനസ്സുവച്ചാൽ അ

Digitized By Kerala Sahitya Akademi

വരുടേയും സങ്കടം തീർന്നു. അവർക്കു് ഇപ്പോൾ സംസ്കൃതം പഠിക്കുന്നതിലുള്ള ബുദ്ധിമുട്ടും ദുർവ്യയവും ഇനിയും അവർ സഹിപ്പാൻ ഗവൺമെൻറു് ഇട കൊടുക്കരുതെന്നാണു് എന്റെ അപേക്ഷ. ഈഴവർക്കു മാത്രമല്ല കണിശന്മാർ, സിറിയൻ ക്രിസ്ത്യാനികൾ ഇവർക്കും സംസ്കൃതത്തിൽ പ്രതിപത്തിയുണ്ടു്. അതു കൊണ്ടു് സംസ്കൃത പാഠശാല എല്ലാവർക്കും ഉപയുക്തമാക്കിച്ചെയ്യുന്നതു് എല്ലാം കൊണ്ടും നന്നായിരിക്കുമെന്നും ഞാൻ അറിയിച്ചു കൊള്ളുന്നു.

ആയുർവ്വേദ പാഠശാല

ഈഴവർ പണ്ടു പണ്ടേ വൈദ്യത്തിൽ പക്ഷമേറിയവരാണു്. അവരുടെ ഇട യിൽ പണ്ടും ഇപ്പോഴും അനേകം കീർത്തിപ്പെട്ട വൈദ്യന്മാരുണ്ടു്. കേരളത്തിൽ അഷ്ടവൈദ്യന്മാരാണു് പ്രധാനമായും വൈദ്യവിഷയത്തിൽ പ്രമാണികരെന്നു വച്ചിരിക്കുന്നതു്. എന്നാൽ അവർ മലയാള ബ്രാഹ്മണരാകയാലും താഴ്ന്ന വർഗ്ഗങ്ങളിൽപ്പെട്ട അനേകലക്ഷങ്ങളെ കാണുന്നതിനോ ചികിത്സിക്കുന്നതിനോ ജാതി അവർക്കു തടസ്ഥമായി നിന്നുപോരുന്നതിനാലും അവരെക്കൊണ്ടു ജനങ്ങൾക്കു പ്ര യോജനമുണ്ടായിട്ടില്ല. എന്നുമാത്രമല്ല വൈദ്യം പരിചയംകൊണ്ടു വർദ്ധിക്കേ ണ്ട ഒരു വിദ്യയാണു്. പരിചയം ഒരാൾ കാണുകയും ചികിത്സിക്കുകയും ചെയ്യുന്ന രോഗികളുടെ സംഖ്യയെ ആശ്രയിച്ചാണിരിക്കുന്നതു്. ഈഴവർക്കു് ഈ സംഗ തിയിൽ വളരെ സൗകര്യം കിട്ടിയിട്ടുണ്ടു്. അധവധി രോഗികളെ കണ്ടു ചികി ത്സിക്കുന്നതിനു് അവക്കാണു് എളുപ്പമുണ്ടായിരുന്നതു്. അതുതന്നെ ആയിരി ക്കും അവരിൽ അനേകം യോഗ്യന്മാരായ വൈദ്യന്മാർ ഉണ്ടായിരിക്കുന്നതിനു കാരണം. ഈഴവർ ഏതുതരം ഉയർന്ന ജാതിക്കാരുടേയും ചികിത്സകന്മാരായിരി ക്കുന്നു. അതു് അവർക്കു് ആ വിഷയത്തിൽ ഉള്ള പ്രത്യേക പാടവത്തിന്റെ ഫലമാണു്. കൊട്ടാരങ്ങളിൽ പോലും അവർ പണ്ടു പണ്ടേ വൈദ്യന്മാരായിരു ന്നിട്ടുണ്ടു്. ഇന്നും അങ്ങിനെയുള്ള ദൃഷ്ടാന്തങ്ങൾ ഇല്ലാതില്ല. വലിയരാജ സമ്മാ നങ്ങൾ ലഭിച്ച വൈദ്യന്മാരും ഉണ്ടു്.

വിശേഷിച്ചു വൈദ്യ വിഷയത്തിൽ ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിലും ഇവർ പ്രഖ്യാതന്മാരാണു്. ഈ വർഗ്ഗത്തിൽപ്പെട്ട പലരും ആര്യ വൈദ്യ വിഷയമാ യി അമൂല്യങ്ങളും അനശ്വരങ്ങളുമായ ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടും നിർമ്മിക്കുന്നു മുണ്ടു്. എന്നാൽ ആ വക ഗ്രന്ഥങ്ങൾക്കു് ന്യായമായുണ്ടാകേണ്ട പ്രോത്സാഹന ങ്ങളില്ലാത്തതിനാൽ അവ നഷ്ടപ്പെട്ടു പോകുന്നുവെന്നേയുള്ളു.

ഗവൺമെൻറിൽ നിന്നു് ഏതാനും കൊല്ലമായി നാട്ടുവൈദ്യശാലകൾക്കു് ഗ്രാൻറുകൾ കൊടുത്തു തുടങ്ങി. ആയുർവ്വേദ പാഠശാല ഏർപ്പെടുത്തി വൈദ്യം പഠിപ്പിച്ചും തുടങ്ങി. അപ്പോൾ ഈഴവർ വളരെ കുഴങ്ങി. അവർക്കു ഗ്രാൻറു കി ട്ടാൻ പ്രയാസം. ആയുർവ്വേദ പാഠശാലയിൽ പഠിച്ചു് സർട്ടിഫിക്കറ്റു് ഉണ്ടെ ങ്കിലേ ഗ്രാൻറു കൊടുക്കൂ എന്നു് നിർബന്ധിച്ചും തുടങ്ങി. അവർ ശാന്തമായി നട ത്തിക്കൊണ്ടുപോന്ന തൊഴിലിൽ മറ്റു പ്രകാരത്തിൽ എല്ലാം സുഖമായി കഴി യാമെന്നുള്ള സമുദായക്കാർ ചാടി വീണു. അവരെ ആയുർവേദ പാഠശാല യിൽ കയറ്റുകയില്ല. പിന്നെ അവർക്കു് ഗതി എന്തു്? ഇങ്ങിനെയെല്ലാ

Digitized By Kerala Sahitya Akademi

മായിട്ടും അവർ തങ്ങളുടെ കുലവിദ്യയായി വരിച്ചിരുന്ന വൈദ്യത്തെ കൈവിട്ടിട്ടില്ല. പാഠശാലയിൽ കയറിയില്ലെങ്കിൽ മറ്റെവിടെയെങ്കിലും പോയി അവർ ആ വിദ്യ വശമാക്കിക്കൊണ്ടുതന്നെ ഇരിക്കുന്നു. ഈ അവസരത്തിൽ ഇപ്പോഴ് തീപ്പെട്ടുപോയ അനന്തപുരത്തു രാജരാജവർമ്മ മുത്തകോയിത്തമ്പുരാൻ തിരുമനസ്സിലെപ്പറ്റി ഒരു വാക്കു പറയേണ്ടതുണ്ടു്. ആയുർവ്വേദ വിദ്യയിൽ അദ്വിതീയനായ അവിടന്നു അനേകം ഈഴവരെ പഠിപ്പിച്ചു് യോഗ്യന്മാരാക്കീട്ടുണ്ടു്. വാർദ്ധക്യ കാലത്തു കൂടിയും ആ മഹാമനസ്കനായ തിരുമനസ്സുകൊണ്ടു് ഇവരെ സ്വയമേവ പഠിപ്പിക്കുന്നതിൽ വിരക്തി കാണിച്ചില്ല. അദ്ദേഹത്തിന്റെ ആത്മാവിനു നന്മ വരട്ടെ. ഈഴവർ എന്നേയ്ക്കും അവിടത്തോടു കൃതജ്ഞരാണു്.

പിന്നെ ഈഴവർക്കു് ഒരനുഗ്രഹമായിരിക്കുന്നതു് മദ്രാസു് ആയുർവ്വേദ കാളേജാണു്. അതിൽ നിന്നു പഠിച്ചു് വിജയികളായി പോന്നിട്ടുള്ള അധികം യുവാക്കന്മാരും ഈഴവരാകുന്നു. ഞാൻ തന്നെ സർട്ടിഫിക്കറു കൊടുത്തു് പല യുവാക്കന്മാരെയും അയയ്ക്കുകയും ആ കാളേജിൽ സ്വീകരിക്കുകയും ചെയ്യുന്നുണ്ടു്. പ്രിൻസിപ്പാൽ പണ്ഡിത ഗോപാലചാർളി എന്റെ പരിചിതനാണു്. ഇവിടെനിന്നും ചെല്ലുന്ന ഈഴവ വിദ്യാർത്ഥികൾക്കു് ആയുർവ്വേദത്തിൽ പ്രത്യേക വാസന കാണുന്നതായും അതിൽ അദ്ദേഹത്തിനു് വളരെ സന്തോഷമുള്ളതായും അദ്ദേഹം എന്നോടു തന്നെ ഒരിക്കൽ പറഞ്ഞിട്ടുണ്ടു്. അദ്ദേഹം അതു നിമിത്തം സ്വന്തകൈയിനാൽ തന്നെ ധനസഹായം ചെയ്തു് പല ഈഴവ വിദ്യാർത്ഥികളേയും പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. ഇങ്ങിനെ ഒക്കെ ആയിട്ടും, ഞാൻ ഈ സഭയിൽത്തന്നെ പല പ്രാവശ്യം സങ്കടം പറഞ്ഞിട്ടും ഗവൺമെൻറു് ആയുർവ്വേദ പാഠശാലയിൽ ഈ ജാതിക്കാർക്കു് ഇന്നും പ്രവേശം അനുവദിക്കാത്തതു് കേവലം വ്യസനിക്കത്തക്ക സംഗതിയാകുന്നു. ഇതിനെപ്പറ്റി ഗവൺമെൻറു ദയ ചെയ്തു് ഒരിക്കൽ കൂടി ചിന്തിച്ചു് അനുകൂലമായി തീരുമാനിപ്പാൻ അപേക്ഷിക്കുന്നു.

ആയുർവ്വേദ പാഠശാലയിലും സംസ്കൃത പാഠശാലയിലെപ്പോലെ കെട്ടിടം പ്രവേശ്യമല്ലാത്ത ദിക്കിലാണെന്നു പറയുന്നു എങ്കിൽ അതിനെ സംബന്ധിച്ചു് ഞാൻ പറഞ്ഞിട്ടുള്ള എല്ലാ സംഗതികളും ഇതിനും യോജിക്കുന്നതാണു്. ഈ രാജ്യത്തുനിന്നു് സ്വദേശികളായ ഈഴവർ പണം ചിലവാക്കി കഷ്ടപ്പെട്ടു മദ്രാസിലോ കൽക്കത്തയിലോ മറ്റോ പോയി ആയുർവ്വേദം പഠിക്കണമെന്നും മറ്റു വർഗ്ഗക്കാർക്കു സ്കോളർഷിപ്പും കൊടുത്തു് ഇവിടെ ഗവൺമെൻറു ചിലവിന്മേൽ പാഠശാല സ്ഥാപിച്ചു് ആയുർവ്വേദം പഠിപ്പിക്കുന്നതായും വരുന്നതു് ഒന്നുകൊണ്ടും നീതികരിക്കത്തക്കതല്ലെന്നു് ഗവൺമെൻറു ദയവായി ആലോചിച്ചു് ഉടനെ ഈ സങ്കടത്തിനു് പരിഹാരമുണ്ടാക്കുമെന്നു വിശ്വസിക്കുന്നു. നമ്മുടെ ഗവൺമെൻറു് ആയുർവ്വേദ പാഠശാലയെപ്പറ്റി ഒരു വാക്കു കൂടി ഈ അവസരത്തിൽ പറയേണ്ടിയിരിക്കുന്നു. ഈ പാഠശാലയെപ്പോലെ ഇത്ര അനാഥമായും അവ്യവസ്ഥിതമായും നടത്തപ്പെടുന്ന ഒരു വിദ്യാലയം ഇല്ലെന്നാണു് എന്റെ അറിവു്. ഇവിടെ 5 വത്സരത്തെ പഠിത്തമാണു് വച്ചിരിക്കുന്നതു്. പഠ്യ പുസ്തകങ്ങളും തരക്കേടില്ല. എന്നാൽ അവയെ ഉരുവിട്ടു പഠിച്ചു് കേവലം പാസ്സായി എന്ന സർട്ടിഫിക്കറു വാങ്ങിപ്പോകുന്ന സമ്പ്രദായം ഇപ്പോഴത്തെ സ്ഥിതിക്കു തീരെ

Digitized By Kerala Sahitya Akademi

മോശമാണ്. വിദ്യാർത്ഥികൾക്ക് ശരീരശാസ്ത്രത്തെപ്പറ്റിയോ ചികിത്സാ സംബന്ധമായോ പ്രയോഗ യോഗ്യമായ യാതൊരറിവും ഉണ്ടാകാൻ ഇതുകൊണ്ടു മാർഗ്ഗമില്ല. മദ്രാസ് ആയുർവ്വേദ കോളേജിലെ രീതി നല്ലതാണ്. അവിടെ തിയറിയും പ്രാക്ടീസുമായി സാമാന്യം ഒരു വൈദ്യനു വേണ്ട അറിവ് എല്ലാം സിദ്ധിക്കുന്നുണ്ട്. അതുകൊണ്ട് കുറേ അനാട്ടമി, ഫിസ്യോളജി, എലിമെൻടി കെമിസ്ട്രി ഇവയിലും സർജറി സംബന്ധമായും പ്രയോഗ യോഗ്യമായ അറിവും, ചികിത്സാ പരിചയവും കൂടി വിദ്യാർത്ഥികൾക്കു കിട്ടത്തക്കവണ്ണം ഈ വിദ്യാലയത്തെ പരിഷ്കരിപ്പാൻകൂടി ഗവൺമെൻറ് ദൃഷ്ടിവയ്ക്കേണ്ടതാണ്. ഈ പാഠശാല ഇപ്പോൾ നടക്കുന്ന രീതിയിൽ തന്നെയും ശരിയായും ക്രമമായും നടക്കുന്നില്ല. വാദ്ധ്യാന്മാരും കുട്ടികളും ഹാജരാകുന്നതിനും മറ്റും തന്നെ ഒരു ക്രിഷ്ട സമയമോ വ്യവസ്ഥയോ അനുസരിക്കുന്നില്ല. കണ്ടമാനമായ പോക്കാണെന്നു് അതിന്റെ നടത്തിപ്പിനെപ്പറ്റി എന്തെങ്കിലും അറിഞ്ഞിട്ടുള്ള ആരും സമ്മതിക്കുന്നതാണ്. ഈ സ്ഥിതിയിൽ ഈ പാഠശാല അനുവർത്തിക്കുകയാണെങ്കിൽ ഈഴവർക്കു് അതിൽ പ്രവേശനം വേണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു് ഈ സ്ഥാപനത്തെ പരിഷ്കരിക്കയും പ്രജകളിൽ എല്ലാവർഗ്ഗക്കാർക്കും ഉപയുക്തമാക്കുകയും ചെയ്യണമെന്നാണ് എന്റെ പ്രാർത്ഥന.

പെൺപള്ളിക്കൂടം

പെൺപള്ളിക്കൂടങ്ങളിൽ പലതും ഈഴവർക്കു് ഇനിയും പ്രവേശ്യമായിട്ടില്ല. അതിനെപ്പറ്റി വിവരമായി മറ്റുള്ള ഈഴവ പ്രതിനിധികളും സംസാരിപ്പാൻ വിചാരിക്കുന്നുണ്ടു്. ഡാക്ടർ മിച്ചൽ അവർകളുടെ കാലത്തു് അടിക്കടി ഈഴവർക്കു തുറന്നിട്ടുള്ള പള്ളിക്കൂടങ്ങളുടെ ലിസ്റ്റു് പ്രസിദ്ധപ്പെടുത്തി വന്നിരുന്നു. അതു് നല്ല ഒരു ഏർപ്പാടാണ്. പെൺപള്ളിക്കൂടങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് മേലാലും പ്രവേശം കൊടുത്ത സ്കൂളുകളുടേയും അല്ലാത്ത സ്കൂളുകളുടേയും ലിസ്റ്റുകളും കൂടക്കൂടെ പ്രസിദ്ധപ്പെടുത്തണമെന്നു് അപേക്ഷ. അതു ഞങ്ങൾക്കു വേഗത്തിൽ സ്ത്രീവിദ്യാഭ്യാസ സംബന്ധമായ സങ്കടങ്ങൾ തീർക്കുന്നതിനു് ഉപകരിക്കുന്നതാണ്. ഇപ്പോൾ ഈഴവരിൽ നൂറിനു് ഒന്നു വീതം സ്ത്രീകളെ എഴുത്തറിയുന്നവരുള്ളൂ എന്നുള്ള ദയനീയാവസ്ഥ ഗവൺമെൻറിൽ നിന്നു് ഓർക്കണം.

II യോഗ്യതയുള്ള ഈഴവർക്കു സർക്കാരുദ്യോഗങ്ങളിൽ എല്ലാ തുറകളിലും കൂടുതൽ പ്രവേശം അനുവദിക്കണം എന്നുള്ളതിനെപ്പറ്റി

ഈഴവർക്കു സർക്കാരുദ്യോഗ സംബന്ധമായ സങ്കടം വളരെ പഴയതാണ്. ഈ സഭയിൽ തന്നെ പല രൂപത്തിലും പലപ്പോഴും ഇതുകൊണ്ടു വരപ്പെട്ടിട്ടുണ്ടു്. ഇതുവരെ തൃപ്തികരമായ മറുപടി കിട്ടീട്ടില്ല. ഗവൺമെൻറു് തൃപ്തികരമാംവണ്ണം

Digitized By Kerala Sahitya Akademi

പ്രവർത്തിച്ചിട്ടുമില്ല. 1083 മുതല്ക്കു പാരമ്പര്യ രാജ്യഭരണനയത്തിന്റെ (Traditional State Policy) കാഠിന്യം ഒരുവിധം കുറഞ്ഞു തുടങ്ങി. യോഗ്യതയുള്ള ഈഴവർക്കു് ഏതാനും ഡിപ്പാർട്ടുമെൻറുകളിൽ ചില ഉദ്യോഗങ്ങളും കൊടുക്കുകയും അവർക്കു് ഉദ്യോഗം കൊടുക്കുന്നതിനു വിരോധമില്ലെന്നു് ഒരു വിധം തുറന്നു പ്രസ്താവിക്കയും ചെയ്തുതുടങ്ങി. അവർ അതിനെക്കുറിച്ചു കൃതജ്ഞരുമാണു്. എന്നാൽ പല പ്രതിബന്ധങ്ങളാൽ അവരുടെ സങ്കടത്തിനു് ഇപ്പോഴും പരിഹാരമുണ്ടാകുന്നില്ലെന്നു വ്യസനപൂർവ്വം അറിയിച്ചുകൊള്ളുന്നു. ഈ പ്രസ്താവത്തിൽ ഒന്നു പ്രത്യേകം ഓർമ്മിക്കണം. ഈഴവരുടെ ഇന്നത്തെ നിലയിൽ ഉയർന്നതരം ഉദ്യോഗത്തിനു് അവരിൽ യോഗ്യതയുള്ള അധികം പേർ ഉണ്ടായിരിക്കയില്ല. അതുകൊണ്ടു് അവരുടെ സങ്കടം താഴ്ന്നതരം ഉദ്യോഗങ്ങളെ സംബന്ധിച്ചായിരിക്കും. വിദ്യാഭ്യാസമുള്ളവർ അവരിൽ മറ്റു വലിയ സമുദായങ്ങളെ അപേക്ഷിച്ചു വളരെ കുറവാണു്. അനേകകാലം അവർ സ്ക്കൂൾപ്രവേശം ഇല്ലാതെ വലഞ്ഞവരാണു്. അതുകൊണ്ടു് അങ്ങനെ ഇരിപ്പാനേ തരമുള്ളൂ. ഉയർന്നതരം വിദ്യാഭ്യാസത്തിനു വേണ്ടുന്നതു ധനപുഷ്ടിയും ഈ സമുദായത്തിൽ ഉണ്ടെന്നു വിചാരിച്ചുകൂടാ. ഈ കാരണങ്ങളാൽ ഇവരിൽ യോഗ്യതയുള്ളവരെ പ്രത്യേകം ഗണിച്ചു് ബ്രിട്ടീഷു് ഇന്ത്യയിൽ മഹമ്മദീയർക്കും മറ്റും ചെയ്യാറുള്ളതുപോലെ ഗവൺമെൻറു പ്രോത്സാഹിപ്പിക്കണമെന്നാണു് കഴിഞ്ഞ സഭയിൽ അപേക്ഷിച്ചിരുന്നതു്. ആ അപേക്ഷയെ ആവർത്തിക്കേണ്ടിവന്നതിൽ വ്യസനിക്കുന്നു. ഒരു ക്ലിപ്തകാലംവരെ എങ്കിലും ഈഴവരുടെ ഉദ്യോഗദാന വിഷയത്തിൽ പാടുള്ളതു കഠിനനിർബന്ധങ്ങളെ കുറയ്ക്കുകയും തുല്യ യോഗ്യതയുള്ള അപേക്ഷകന്മാരുടെ കൂട്ടത്തിൽ അവരുടെ സംഖ്യാ ബലത്തേയും വിദ്യാഭ്യാസ സംബന്ധമായ ദയനീയാവസ്ഥയേയും ഗണ്യമാക്കി അവരുടെ ആവകാശത്തെ മുഖ്യമായി കരുതുകയും ചെയ്യുന്നതു് ആവശ്യമാണെന്നും അല്പാതെ ഇപ്പോഴത്തെ സ്ഥിതിയിൽ സംഗതിയെ അനുവർത്തിക്കുന്നതു മഹാരാജാവു തിരുമനസ്സിലെ പരിഷ്കൃത ഗവൺമെൻറിനു് ഒട്ടും യശസ്കരമല്ലെന്നും വിനയപൂർവ്വം അറിയിച്ചുകൊള്ളുന്നു.

ഈഴവർ തിരുവിതാംകൂറിൽ (1891) $5\frac{1}{2}$ ലക്ഷം ജനങ്ങളുണ്ടു്. ഇതു സംസ്ഥാനത്തെ ജനസംഖ്യയിൽ ആറിൽ ഒന്നാണു്. ഈഴവരിൽ ഏറിയൊരു ഭാഗം നികുതി അടയ്ക്കുന്നവരാകുന്നു. സംസ്ഥാനത്തിലെ ഭൂസ്വത്തിൽ വലിയൊരു ഭാഗത്തിന്റെ കൈവശക്കാരും ഉടമസ്ഥരും ഇവരാണു്. വ്യവസായത്തിനു ഇവർ കീർത്തിപ്പെട്ടിരിക്കുന്നു. ആ വിഷയത്തിൽ മറ്റു പ്രജകളെ അപേക്ഷിച്ചു് ഇവർ സംസ്ഥാനത്തിലെ ഐശ്വര്യത്തേയും മുതലെടുപ്പിനേയും വർദ്ധിപ്പിക്കുന്നു. ഇങ്ങനെ ഉള്ള ഒരു സമുദായത്തിന്റെ ന്യായമായ സങ്കടത്തിൽ ഗവൺമെൻറിനു് ഒരിക്കലും അനുകമ്പയുണ്ടാകാതിരുന്നുകൂടാ.

വിദ്യാഭ്യാസത്തിൽ ഇവർ പിന്നോക്കമാണെങ്കിലും കഴിഞ്ഞ സെൻസ്സസ് പ്രകാരം ഇവരിൽ പുരുഷന്മാരിൽ 50000-ൽ പരം ആളുകൾ വിദ്യാഭ്യാസമുള്ളവരാണു്. അതായതു് സംസ്ഥാനത്തിൽ ആകെ വിദ്യാഭ്യാസമുള്ള പുരുഷന്മാരിൽ നൂറിനു പതിനെട്ടിൽ ചിലധികം (18.6%) ഇവരാണു്. അതുകൊണ്ടു് ഉദ്യോഗങ്ങൾക്കു (വിശേഷിച്ചു കീഴ്ത്തരം ജീവനങ്ങൾക്കു) യോഗ്യതയുള്ളവർ ഇല്ലാത്തതുകൊണ്ടാണു് ഉദ്യോഗമുള്ളവരുടെ സംഖ്യ ഇവരിൽ ഇത്ര കുറഞ്ഞുപോയതെന്നു പറ

Digitized By Kerala Sahitya Akademi

വാൻ തരമില്ല. തിരുവിതാംകൂറിൽ ആകെ 13602 ഉദ്യോഗങ്ങളുണ്ട്. അതുകൊണ്ട് ഉദ്യോഗത്തിനു വിദ്യാഭ്യാസ യോഗ്യത കാരണമായി വിചാരിച്ചാൽ തന്നെ നൂറിനു പതിനെട്ടിൽ ചിലപ്പാനം ഉദ്യോഗങ്ങൾ അതായതു 2460 ഉദ്യോഗങ്ങൾ ഇവർക്കുണ്ടായിരിക്കണം. ജനസംഖ്യകൊണ്ടു നോക്കിയാൽ ആറിലൊന്ന് അതായതു് 2207ഉദ്യോഗങ്ങൾ ഇവർക്കു കിട്ടിയിരിക്കണം.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ ഇവർ വളരെ അധികം പിന്നോക്കമാണ്. എങ്കിലും 1359 പേർക്കു് ഇംഗ്ലീഷ് അറിയാം. അതായതു് സംസ്ഥാനത്തിൽ ആകെയുള്ള ഇംഗ്ലീഷ് അറിയാവുന്ന (22924) വരിൽ നൂറിനു് ആറുവീതമെങ്കിലും ഇവരാണ്. അതിനെ അടിസ്ഥാനമാക്കിയാൽ ആകെയുള്ള ഉദ്യോഗങ്ങളിൽ നൂറിനു് ആറുവീതം 816 എങ്കിലും ഉദ്യോഗങ്ങൾ ഇവർക്കു കിട്ടണം. ഇംഗ്ലീഷ് ആവശ്യമുള്ള ഉദ്യോഗങ്ങളുടെ $\frac{1}{10}$ നിശ്ചയമായും ഇതിനെക്കാൾ വലുതായ ഒരു സംഖ്യ ആയിരിക്കുന്നതുമാണല്ലോ. എന്നാൽ ഉദ്യോഗങ്ങൾ സെൻസ്സസ് പ്രകാരം താഴെ കാണുംവണ്ണം വിഭജിക്കപ്പെട്ടിരിക്കുന്നു.

നായന്മാർ	5590	41%
ക്രിസ്ത്യാനികൾ	3048	28%
ബ്രാഹ്മണർ	2594	19%
ഈഴവർ	120	.8%

തീരെ അനുചിതമായ ഈ വിഭാഗത്തെ ഭേദപ്പെടുത്തേണ്ടതു മഹാരാജാവു തിരുമനസ്സിലെ ഇപ്പോഴത്തെ ഗവൺമെൻറിൻെറ നീതിതൽപരതയുള്ള തന്നെ ആവശ്യമായ സംഗതിയാണ്. അനീതി അറിയാതിരിക്കുമ്പോൾ ക്ഷന്തവ്യമാവാം. പ്രസ്തുത സങ്കടത്തെപ്പറ്റി ഞങ്ങൾക്കു് ഇതു ചിന്തിപ്പാൻ കഴിയാതേയും ഗവൺമെൻറിനു് ഇതു കാര്യമായി തോന്നാൻ ഇടയില്ലാതേയും ഇരുന്ന കാലം ഉണ്ടായിരുന്നു. അതു് ഇപ്പോൾ മാറിപ്പോയിരിക്കുന്നു. ഞങ്ങളുടെ പരിതാപകരമായ അവസ്ഥയെ ഞങ്ങൾ ദിവസംതോറും മാത്രമല്ല, ക്ഷണം തോറും അക്ഷമന്മാരായി ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഗവൺമെൻറിനും മുമ്പിലുള്ളതുക്കാൾ അതിനെ ഗണ്യമാക്കുവാൻ സൗകര്യവും ഗണ്യമാക്കേണ്ട ചുമതലയും നേരിട്ടിരിക്കുന്നു. സംഗതി ദുഷ്ടിയിൽ പെടാഞ്ഞിട്ടാണെന്നോ അല്ലെങ്കിൽ സങ്കടമുള്ളതായി തോന്നാഞ്ഞിട്ടാണെന്നോ മേലാൽ ഒഴികഴിവു പറയാൻ തരമില്ല. ഞങ്ങൾക്കു തന്നെ ഇപ്പോൾ അതിനെ ദൃഷ്ടിയിൽ കൊണ്ടുവരാൻ കഴിയും. ഞങ്ങൾ നിരന്തരമായി അങ്ങനെ ചെയ്തുകൊണ്ടും ഇരിക്കുന്നു. ആ സ്ഥിതിക്കും ഈ അനീതിയെ ഗവണ്മെൻറ് ഉടനെ പരിഹരിക്കാതെ അല്പകാലം പോലും അനുവർത്തിക്കാൻ അനുവദിക്കുന്ന പക്ഷം അതു് ഒന്നുകൊണ്ടും ശോഭനമായിരിക്കുന്നതല്ല. കഴിഞ്ഞതിൻെറ മുമ്പിലത്തെ സെൻസ്സസ് കാലത്തു പേരിനു പോലും സർക്കാരുദ്യോഗം ഞങ്ങൾക്കുണ്ടായിരുന്നില്ല. ഇപ്പോൾ ആകെ 120 പേർ എങ്കിലും ഉണ്ടെന്നു കാണുന്നു. ഇതു 1083 മുതൽ തുടങ്ങിയ പുതിയ ഗവൺമെൻറിൻെറ ഉദാരമായ നയത്തിൻെറ ഫലമാണെന്നുള്ളതിനു സംശയമില്ല. പുതിയ ഗവൺമെൻറു ഞങ്ങൾക്കു മിക്കപ്പോഴും എല്ലാ ഡിപ്പാർട്ടുമെൻറുകളിലും വാക്കാൽ പ്രവേശം അനുവദിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഉദ്യോഗം തരുന്ന വിഷയങ്ങളിൽ ഗവൺമെൻറിനു വിരോധമില്ലെന്നും മുമ്പുണ്ടായിരുന്ന ജാതി തടസ്ഥം ഇപ്പോൾ ഗണ്യമാക്കപ്പെടുന്നില്ലെ

Digitized By Kerala Sahitya Akademi

ന്നും അത്ഥമാക്കുന്നതേയുള്ള. ഞങ്ങളുടെ സംകടത്തിനു ദേഷ്യം വരുന്നില്ല. നല്ല പ്രാക്ടീസുണ്ടായിരുന്ന ഒരു ഹൈക്കോർട്ട് വക്കീലിനു് ഒരു മുൻസിഫ് ഉദ്യോഗവും രണ്ടു മൂന്നു ബി. എ. ക്കാർക്കു ചില തരണതരം ഉദ്യോഗങ്ങളും ഈയിടെ നൽകീട്ടുണ്ടു്. ഞങ്ങളുടെ മുറവിളിയെ ശമിപ്പിപ്പാൻ അതു മതിയാകുമെന്നു വിചാരിക്കുന്നുവെങ്കിൽ അതു ശരിയല്ലെന്നു പറയാതെ കഴികയില്ല. ഞങ്ങളുടെ പരാതി പുറമെയുള്ള വെറും ഭംഗിയെ ഒന്നാം അല്ല സമുദായത്തിന്റെ സ്ഥിതിക്കും ക്ഷേമത്തിനും ഒഴിച്ചുകൂടാത്ത സാരമായ സംഗതിയെ അടിസ്ഥാനമാക്കീട്ടുള്ളതാകുന്നു. സമുദായത്തിൽ ഉയർന്നതരം യോഗ്യതയുള്ള നാലഞ്ചുപേക്കു് അവരുടെ യോഗ്യതയ്ക്കു് എവിടെയും പ്രതീക്ഷിക്കപ്പെടാവുന്ന ഏറ്റവും താഴ്ന്ന പടിയിൽ ഉള്ള ഉദ്യോഗങ്ങളും നൽകുന്നതു് ഒരനുഗ്രഹമായി വിചാരിപ്പാൻ കാലഗതി അനുവദിക്കുന്നില്ലെന്നു പറയേണ്ടി വരുന്നതിൽ വ്യസനിക്കുന്നു. താഴ്ന്നതരം സർവ്വീസിൽ യോഗ്യതയുള്ള ഈഴവരെ ധാരാളം എടുക്കുകയും ഉയർന്ന ഉദ്യോഗങ്ങൾക്കു യോഗ്യതയുള്ളവരെ പ്രത്യേകം ഗണിച്ചു പ്രോൽസാഹിപ്പിക്കുകയും വേണമെന്നാണു് ഞങ്ങൾ അപേക്ഷിക്കുന്നതു്. അതുകൊണ്ടു് ഭരണനിർവ്വഹണം ശേഷിക്കുറവിനാൽ അപര്യാപ്തമോ അസൗഷ്ഠികരമോ ആയിത്തീരുമെന്നു് ഭയപ്പെടുന്നില്ലല്ലോ.

ഞങ്ങൾക്കു് ഇപ്പോൾ വേറൊരു പ്രാതികൂല്യം കൂടിയുണ്ടു്. ഉദ്യോഗങ്ങൾക്കു പരീക്ഷാവിജയം പ്രധാന യോഗ്യതയായി എന്നു മാത്രമല്ല ഒഴിച്ചുകൂടാത്ത ഒന്നായി നിഷ്കർഷിച്ചു തുടങ്ങിയതു് ഈയിടെയാണു്. ഞങ്ങൾക്കു സക്കാർ ഉദ്യോഗം ആശിക്കാമെന്നു വന്നതും ഈയിടെയാണു്. ഇതിനുമുമ്പു വിദ്യാഭ്യാസ സംബന്ധമായി ഒരുവിധം സാമാന്യ യോഗ്യതയുള്ള ഏതാൾക്കും ശേഷിയുണ്ടെങ്കിൽ ഏതു് ഉയർന്നതരം ഉദ്യോഗവും നൽകപ്പെട്ടുവന്നു. ഭരണയോഗ്യത മിക്കവാറും പരിചയം കൊണ്ടുമാത്രം സാദ്ധ്യവും പരിചയം അവസരംകൊടുത്തെങ്കിൽ മാത്രം ഉണ്ടാവുന്നതുമാകുന്നു. അടുത്ത കാലംവരെ ഇവിടെ ഏറ്റവും ഉയന്ന ഉദ്യോഗങ്ങൾ ശേഷിയോടുകൂടി ഭരിച്ചുപോന്നിരുന്ന അനേകർ പായത്തക്ക യാതൊരു പരീക്ഷായോഗ്യതയുമില്ലാത്തവരായിരുന്നു എന്നു് അറിയാമല്ലോ. ഇന്നും ഇവിടെയും ബ്രിട്ടീഷ് സർവ്വീസിൽ തന്നെയും അങ്ങനെയുള്ളവർ ഇല്ലാതില്ല. ആ കാലത്തു ഞങ്ങളുടെ വർഗ്ഗക്കാർക്കും ബ്രിട്ടീഷ് സർവ്വീസിൽ ഇവിടത്തെ അധികം ഭാഗ്യവാന്മാരായ വർഗ്ഗക്കാരെപ്പോലെ തന്നെ ഈ ആനുകൂല്യം സുലഭമായിരുന്നു. അവർക്കു നാട്ടുകാർക്കു കിട്ടാമെന്നുള്ള ഏതു് ഉയർന്ന ഉദ്യോഗവും ലഭിച്ചിരുന്നു. അവർ അതിനെ തങ്ങൾക്കും ഗവൺമെൻറിനും മാനമായ വിധത്തിൽ ഭരിച്ചുപോരുകയും ചെയ്തു. ഞങ്ങൾ അന്നിവിടെ തടവുകാരാണു്, യാതൊരു കുറവും ചെയ്യാത്ത തടവുകാർ. ഇപ്പോഴത്തെ നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ ഏറിയ കൂറും ആ നല്ല കാലത്തെ ഉദ്യോഗസ്ഥന്മാരുടെ ഭാഗ്യമുള്ള സന്താനങ്ങളാം അല്ലെങ്കിൽ സന്താനങ്ങളുടെ സന്താനങ്ങളാം ആകുന്നു. കുറെക്കൂടെ തെളിച്ചു പറഞ്ഞാൽ സക്കാർ പണത്തിൽ ജനിച്ചു സക്കാർ പണം കൊണ്ടു വളന്നു സർക്കാർ ചെലവിന്മേൽ വിദ്യാഭ്യാസം ചെയ്യപ്പെട്ടു് ഇന്നത്തെ അവസ്ഥയെ പ്രാപിച്ചവരാകുന്നു. (ഞങ്ങൾക്കു അവരെക്കുറിച്ചു് ന്യായമായുംബഹുമാനമുണ്ടു്. ഇങ്ങനെ പറയേണ്ടിവരുന്നതിനെ അവർ സദയം ക്ഷമിക്കുമെന്നുവിശ്വസിക്കുന്നു.) ആ കാലത്തു് ഉയർന്നതരം വിദ്യാഭ്യാസം തന്നെ ഫീസുകൂടാതെ ഗവൺമെൻറിൽ നിന്നു നൽകി വന്നു.

Digitized By Kerala Sahitya Akademi

ഞങ്ങളെ അന്ന സ്കൂളിൽ കയറാൻ പോലും സമ്മതിച്ചിരുന്നില്ല. അതുകൊണ്ട് വിദ്യാഭ്യാസത്തിൽ ഞങ്ങൾ പിന്നോക്കമായി. മിസ്റ്റർ രാമൻ തമ്പി (T. I. C. member) ഞങ്ങൾ നിയമ നിർമ്മാണ സഭയിൽ മെമ്പർ സ്ഥാനത്തിന് ആവശ്യപ്പെടാൻ ഇനി പത്തോ പതിനഞ്ചോ കൊല്ലങ്ങൾ കൂടി കഴിയണം എന്ന പറഞ്ഞതും അതുകൊണ്ടാണ്. ഇപ്പോഴത്തെ വിദ്യാഭ്യാസം സാമാന്യൻമാർക്കാർക്കും സാധിക്കാത്തവണ്ണം പണച്ചെലവുള്ളതാണ്. ഞങ്ങൾക്ക പണം എവിടെ? ഇതിനെ സംബന്ധിച്ച് ഒരുവാക്കുകൂടി പറയേണ്ടിയിരിക്കുന്നു. ഞങ്ങൾ എത്രയോ നൂറാണ്ടുകളായി ഈ പ്രതികൂലാവസ്ഥകളുടെ ഇടയിൽ ജീവിച്ചുവരികയാണെങ്കിലും ഞങ്ങളുടെ ധനാവസ്ഥ ആ പ്രാതികൂല്യങ്ങളുടെ ശക്തിക്ക് അനുരൂപമായി ചുരുങ്ങീട്ടില്ലെന്നു ഞങ്ങൾക്കുതന്നെ തോന്നുന്നു. കാരണം ഞങ്ങൾ അദ്ധ്വാനികളാണ്. എല്ലുനുറുങ്ങി അദ്ധ്വാനിച്ച കാലം കഴിക്കുന്നവരാണ്. കേരളത്തിൽ ഇരപ്പാളികളില്ലാത്ത ഒരു വർഗ്ഗമുണ്ടെങ്കിൽ അതു് ഈഴവരാണെന്നു പരേതനായ ചീഫ് സെക്രട്ടറി താണുപിള്ള അവർകൾ ഒരു സന്ദർഭത്തിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെ പറവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച സംഗതി ഇതാകുന്നു. ഭൂനികുതിയിൽ ഏറ്റവും ഗണ്യമായ ഒരു ഭാഗം ഞങ്ങൾ കൊടുക്കുന്നു. വ്യവസായാഭിവൃദ്ധികൊണ്ടു ഗവൺമെൻറിനു കിട്ടുന്ന ആദായത്തിൽ ഏറിയൊരു ഭാഗവും ഞങ്ങൾക്കുള്ളതാകുന്നു. എല്ലാറ്റിനും പുറമെ കൊല്ലംതോറും ഭയങ്കരമായി വർദ്ധിച്ചു വരുന്ന (Abkari Revenue) അബ്കാരി നികുതി മിക്കവാറും ഞങ്ങളിൽ നിന്നു കിട്ടുന്നതുമാകുന്നു. തലമുറ തലമുറയായി ഞങ്ങൾ ഇങ്ങനെ സർക്കാർ ഖജനാവു നിറച്ചുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ പാവപ്പെട്ട മടിശ്ശീലകളിലാകട്ടെ ഖജനാവിലെ പണങ്ങൾ തീണ്ടീട്ടില്ലതാനും. ഇങ്ങനെ കഷ്ടിച്ചുസമ്പാദിക്കുന്ന പണം കൊണ്ടുവേണം ഞങ്ങൾ ഇപ്പോൾ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പാൻ. എന്നാൽതന്നെ അടുത്തകാലത്തു് ഉയർന്ന വിദ്യാഭ്യാസത്തിൽ മേൽപറഞ്ഞ വർഗ്ഗക്കാരോടു തുല്യനിയിൽ എത്തി സർക്കാർ ഉദ്യോഗങ്ങളിൽ തുല്യഭാഗഭാക്കുകളായിത്തീരുക എന്നുള്ളതു് അസംഭവ്യമത്രേ. നൂറാണ്ടുകളായി ഓടി ദൂരം പോയിരിക്കുന്നവരുടെ അടുത്തു് ഇന്നു പുറപ്പെട്ട ഞങ്ങൾക്ക് എങ്ങനെ എത്താൻ കഴിയും? നാം പിന്തുടരുമ്പോൾ അവർ ക്ഷമാനില്ലുമോ? ഈ സംഗതികളെ ഗവൺമെൻറു ദയചെയ്തു നല്ലപോലെ ആലോചിച്ചുനോക്കണം. എന്നാൽ ഞങ്ങളുടെ സങ്കടങ്ങളുടെ യാഥാർത്ഥ്യം അറിയാറാകും. ഉദ്യോഗ സംബന്ധമായ ഞങ്ങളുടെ അപേക്ഷകളെ കുറെ കാലത്തേക്ക് എങ്കിലും പ്രത്യേകം കരുതേണ്ടതു് എല്ലാ വർഗ്ഗക്കാരോടും തുല്യമായ ന്യായവും തുല്യമായ കരുണയും കാണിക്കുന്ന മഹാരാജാവു തിരുമനസ്സിലെ ഗവൺമെൻറിൻെറ മുറയാണെന്നു് അറിയാറാകും.

ഉദ്യോഗങ്ങളുടെ സംഖ്യയ്ക്കു് കുറവുമുണ്ട്. യോഗ്യതയുള്ളവരുടെ സംഖ്യ വളരെ വർദ്ധിക്കുന്നു. അതനുസരിച്ചു് ഉദ്യോഗങ്ങളുടെ സംഖ്യയും വർദ്ധിക്കയില്ല. അതുകൊണ്ടാണു് ഞങ്ങൾക്കു സങ്കടം പറയേണ്ടിവന്നിരിക്കുന്നതു്. അല്ലാതെ മറ്റുള്ളവരെ തടഞ്ഞുനിറുത്തി ഞങ്ങൾക്കു കടന്നുപോകാൻ മോഹിച്ചിട്ടല്ല. ഞങ്ങളെ ഇനിയും ചവിട്ടിത്താഴ്ത്തി വയ്പാൻ അനുവദിക്കരുതു്.

വലിയ അന്തസ്സുകാരല്ലെങ്കിലും ഞങ്ങൾ പണ്ടേയ്പണ്ടേ ഒരുവിധം സ്വാഭിമാനവും സ്വാശ്രയബുദ്ധിയുമുള്ള വർഗ്ഗക്കാരാണു്. ഉദ്യോഗത്തെപ്പറ്റി ഇങ്ങി

Digitized By Kerala Sahitya Akademi

നെ ഒരു പ്രത്യേകപരിഗണനയെ യാചിക്കുന്നതിൽ തന്നെ യാചകന്മാരില്ലാത്ത ആ വർഗ്ഗത്തിൽപ്പെട്ട ഞങ്ങൾക്കു മടിയില്ലാതില്ല. എന്നാൽ ഈ യാചന ഞങ്ങളുടെ സങ്കട നിവൃത്തിക്കുമാത്രമല്ല ഗവൺമെൻറിനു ന്യായം പ്രവർത്തിപ്പാൻ കൂടി അവസരം കൊടുക്കുന്ന ഒന്നാകയാൽ കൂടാതെ കഴികയില്ല.

ഇവിടെ ഒന്നുപറയേണ്ടതുണ്ട്. പ്രത്യേക പരിഗണനയെ യാചിക്കുന്നതുകൊണ്ട് ഞങ്ങളുടെ ഉദ്യോഗാപേക്ഷകളെ യോഗ്യതപോലെ ഇപ്പോഴും ന്യായമായി പരിഗണിക്കുന്നുണ്ട്, അതുകൊണ്ടു തൃപ്തിപ്പെടാതെയാണ് പ്രത്യേകപരിഗണനയ്ക്ക് ആവശ്യപ്പെടുന്നതെന്നു ചിലർക്കു തോന്നിപ്പോയേയ്ക്കാം. അതു തെറ്റാണ്. ഞങ്ങൾ പ്രത്യേകപരിഗണനയെ അർഹിക്കുന്നു എങ്കിലും ഞങ്ങളുടെ അപേക്ഷകളെ ന്യായമായിത്തന്നെയും പരിഗണിക്കാറില്ല. ഇന്നും പരിഗണിക്കാറില്ല. പുതിയ ഗവൺമെൻറിൻെറ, അതായതു് ഞാൻ മേൽസൂചിപ്പിച്ച പോലെ ഏതാണ്ടു് അഞ്ചോ ആറോ വയസ്സു മാത്രമായ ഇപ്പോഴത്തെ ഗവൺമെൻറിൻെറ കീഴിലാണ് ഒരുവിധം നിസ്സംശയം ആയി ഞങ്ങൾക്കു് ഉദ്യോഗം പ്രതീക്ഷിക്കാമെന്നു വന്നതു്. ഇതിനുശേഷം ഓരോ ഡിപ്പാർട്ടുമെൻറുകളിലും ഈഴവരിൽ എത്രപേർക്കും മറ്റുവർഗ്ഗക്കാരിൽ ഓരോന്നിലും എത്രപേക്കും ഉദ്യോഗങ്ങൾ നല്കീട്ടുണ്ടെന്നുള്ളതു പരിശോധിച്ചാൽ ഈ വസ്തുത എളുപ്പം അറിയാമെന്നുള്ളതാണ്. അതിലേക്കായി ഓരോ ഡിപ്പാർട്ടുമെൻറിലും കഴിഞ്ഞ ഒരു കൊല്ലത്തിലും കഴിഞ്ഞ ആറു കൊല്ലങ്ങളിലും പ്രധാനമായ ഓരോ വർഗ്ഗക്കാരിലും 5ക. മുതൽ 100ക. വരെയും അധികവും ശമ്പളമുള്ള എത്ര ഉദ്യോഗങ്ങൾ ഉണ്ടായിരുന്നു എന്നുള്ള വിവരം തരുന്നതിനു് അപേക്ഷിച്ചു് ഞാൻ ഗവൺമെൻറിനു എഴുതുകയും, ഗവൺമെൻറു ദയചെയ്തു് ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഏതാനും ലിസ്റ്റു തരികയും ചെയ്തു. ഈ ദയയ്ക്കായി ഗവൺമെൻറിനു് ഉപകാരം പറയുന്നു. ലിസ്റ്റുകളെ എല്ലാം സംഗ്രഹിച്ചു് ഞാൻ ഒരു പട്ടിക തയ്യാറാക്കിയിട്ടുണ്ട്. അതുവായിക്കാം.

പട്ടികയിൽ ബ്രാഹ്മണർ, നായന്മാർ, ക്രിസ്ത്യാനികൾ ഈഴവർ എന്നീ നാലു പ്രധാന വർഗ്ഗക്കാരുടെ ഇടയിൽ 5 മുതൽ 25, 25 മുതൽ 50, 50 മുതൽ 100 വരെയും ഉറപ്പികയും അതിലധികവും ശമ്പളമുള്ളവരുടെ സംഖ്യയാണുള്ളതു്. [എന്നു പറഞ്ഞിട്ടു് ഓരോ ഡിപ്പാർട്ടുമെൻറുകളിലും ഓരോ വർഗ്ഗത്തിലുംപെട്ട ആളുകളുടെ ഉദ്യോഗസംഖ്യയെ ചൂണ്ടിക്കാണിച്ചു് താരതമ്യപ്പെടുത്തി ഉദ്യോഗവിഭജനത്തിൻെറ അനൌചിത്യത്തേയും ഈഴവരോടു ഗവൺമെൻറു് ഉദ്യോഗാനവിഷയത്തിൽ കാണിക്കുന്ന ദയനീയമായ അനാഭിമുഖ്യത്തേയും എടുത്തു് പറഞ്ഞു് അദ്ദേഹം പരിതപിക്കുകയും ചെയ്തു.]

ആകപ്പാടെ പട്ടികപ്രകാരം ഈഴവരിൽ റവന്യൂ ഡിപ്പാർട്ടുമെൻറിൽ 5-ം, ജൂഡീഷ്യൻ വകുപ്പിൽ 16-ം, പോലീസ്സിൽ 17-ം, എക്സൈസിൽ 16-ം, എഡ്യൂക്കേഷൻ വകുപ്പിൽ 51-ം, രജിസ്ട്രേഷൻ വകുപ്പിൽ 9-ം, ഇഞ്ചിനിയറിങ്ങിൽ 3-ം, ഫാറസ്റ്റിൽ 29-ം, അഗ്രികൾച്ചറിൽ 5-ം, റവന്യൂ സർവ്വേയിൽ പൂജ്യവും, മെഡിക്കൽ വകുപ്പിൽ 28-ം, മ്യൂസിയവും തോട്ടവും വകുപ്പിൽ 1-ം, ഗവൺമെൻറു പ്രസ്സിൽ 6-ം സെൻട്രൽ ജയിലിൽ 1-ം അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ 2-ം ഉദ്യോ

Digitized By Kerala Sahitya Akademi

ഗങ്ങൾ മാത്രമേ ഈഴവർക്കുള്ളൂ. ഇതിൽതന്നെ 50 ക. വരെ ശമ്പളമുള്ള രണ്ടു് ഉദ്യോഗങ്ങളും നൂറു് അല്ലെങ്കിൽ നൂറിനുമേൽ ശമ്പളമുള്ള രണ്ടു് ഉദ്യോഗങ്ങളും മാത്രമേ അവർക്കുള്ളൂ. ശേഷം അവർക്കുള്ളതെല്ലാം 5 മുതൽ 25 ക. വരെ ശമ്പളമുള്ള ചെറിയ ജീവനങ്ങളാകുന്നു.

(ഇതിനുശേഷം അദ്ദേഹം പ്രധാനമായി എടുത്തുപറഞ്ഞതു് പോലീസു്, എക്സൈസു് ഡിപ്പാർട്ടുമെൻറുകളെപ്പറ്റിയായിരുന്നു)

1652 പേർ തിരുവിതാംകൂർ പോലീസിൽ ഉണ്ടു്. ഇതിൽ 17 പേർ മാത്രം ഈഴവരും ശേഷം അന്യവർഗ്ഗക്കാരുമാകുന്നു. ഈഴവരെ സെൻസസു് അധികാരികളും മറ്റും പരമ്പരയായി 'ദൃഢശരീരന്മാർ' 'ഉത്സാഹികൾ' എന്നിങ്ങനെ ഒക്കെ വിശേഷിപ്പിക്കാറുണ്ടു്. ഈ പോലീസു് സൈന്യത്തിൽ ആവക വിശേഷണങ്ങൾക്കു വിശേഷാൽ പ്രയോജനമുണ്ടു് എങ്കിലും ഈഴവരിൽ 17 പേർ മാത്രമേ ഈ വലിയ സൈന്യത്തിൽ ഉള്ളൂ എന്നുകാണുന്നതു് ഗവർമ്മെൻറു് പ്രത്യേകം ദയചെയ്തു ദൃഷ്ടിവയ്ക്കുന്ന ഒരു സംഗതിയാണു്. കാൺസ്റ്റബിൾമാരെ തിരഞ്ഞെടുക്കുന്ന ദിവസങ്ങളിലെല്ലാം ഈ വർഗ്ഗക്കാരിൽ പലരെപ്പേർ പോലീസു് കമ്മീഷണരുടെ ആഫീസിൽ ഹാജരാകാറും ഇച്ഛാഭംഗപ്പെട്ടുമടങ്ങാറുമാണു് പതിവു്. (ഇതിനെപ്പറ്റി ദിവാൻ പലതും ചോദിക്കുകയും മെമ്പർ മറുപടി പറയുകയും ചെയ്തു)

ഇനി എക്സൈസു് വകുപ്പിനെപ്പറ്റിയാണു് എനിക്കു് ഒരു വാക്കു പറയാനുള്ളതു്. അബ്കാരി റവന്യൂവകയിൽ ഒരു പ്രധാനഭാഗം ഈ വർഗ്ഗക്കാരുടെ പ്രയത്നഫലമാണെന്നുള്ളതിനു സംശയമില്ലല്ലോ. മദ്യം ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്നതു് അവരുടെ പാരമ്പര്യത്തൊഴിലാണു്. ഇപ്പോൾ അതു് ഗവൺമെൻറിൻെറ കീഴിലും കീഴ്വരുതിയിലും ആയിത്തീർന്നിരിക്കുന്നു. മദ്യം വ്യാജമായി (ലൈസൻസു് കൂടാതെ) നിർമ്മിക്കുകയോ കച്ചവടം ചെയ്യുകയോ ചെയ്യുന്നവർക്കു് മജിസ്ട്രേട്ടന്മാർ ഇപ്പോൾ കൊടുക്കുന്ന ശിക്ഷ ലഘുവായിപ്പോകുന്നു എന്നും കഠിനവും ദൃഷ്ടാന്തയോഗ്യവുമായ ശിക്ഷകൾ കൊടുക്കാൻ ആജ്ഞാപിക്കണമെന്നും അങ്ങിനെ ചെയ്യുകിലല്ലാതെ വ്യാജങ്ങൾക്കു കുറവുവരുന്നതല്ലെന്നും മറ്റും വളരെ എല്ലാം ഊർജ്ജിതത്തോടെ എക്സൈസു് കമ്മീഷണർ അവർകൾ ഗവൺമെൻറിലേക്കു് കുടക്കുടെ എഴുതി അയയ്ക്കാറുള്ളതായി ഗസറ്റിൽ കണ്ടിട്ടുണ്ടു്. കമ്മീഷണർ ഇങ്ങനെ എഴുതുന്നതിൻെറ ഒക്കെ അർത്ഥം സാധുക്കളായ ഈഴവരെ, തെളിവു് ഏതുപ്രകാരമായിരുന്നാലും വേണ്ടില്ല, കഠിനമായി ശിക്ഷിച്ചു് മര്യാദപഠിപ്പിക്കണം എന്നുമാത്രമാണെന്നു തോന്നിപ്പോകും. നേരേമറിച്ചു് അദ്ദേഹത്തിനു് അവരോടു് അനുകമ്പ ഉണ്ടായിരുന്നു എങ്കിൽ അവരെ പ്രവേശിപ്പിക്കുന്നതുകൊണ്ടു് യാതൊരു അസൌകര്യവും ശങ്കിപ്പാനില്ലാത്ത ആ ഡിപ്പാർട്ടുമെൻറിൻകീഴു് ഒരു വലിയ പട്ടാളം ഉണ്ടായിരിക്കുമ്പോൾ അവരുടെ സംഖ്യഇത്ര കുറഞ്ഞുപോകാൻ ഇടയില്ലായിരുന്നു. വാസ്തവം പറഞ്ഞാൽ ഈ വകുപ്പിൽ ഉയർന്നതും താണതുമായ അധികം ഉദ്യോഗങ്ങളും ഈവർഗ്ഗക്കാർക്കുതന്നെ കൊടുക്കാമെന്നുള്ളതാണു്. അങ്ങിനെ ഗവൺമെൻറു പരീക്ഷിച്ചുനോക്കിയാൽ വ്യാജങ്ങൾക്കു തന്നെ ഗണ്യമായ ശമനം ഉണ്ടാകുമെന്നു് ഞാൻ വിചാരിക്കുന്നു. വ്യാജങ്ങൾ മിക്കവാറും അവരിൽനിന്നാണുണ്ടാകുന്നതു്. അതി

Digitized By Kerala Sahitya Akademi

നെ കണ്ടുപിടിക്കാനും മറ്റുള്ളവരെ ഒക്കെക്കാൾ അവർക്കുതന്നെ കഴിയും (ഇതിന്മേൽ ദിവാൻജി പലതും ചോദിക്കുകയും മെമ്പർ എല്ലാറ്റിനും മറുപടി പറയുകയും ചെയ്തു.)

. മേൽപറഞ്ഞ കാരണങ്ങളാൽ ഈഴവർക്ക് ഉദ്യോഗങ്ങളിൽ ഒരു ന്യായമായ ഭാഗം ലഭിക്കാറാകുന്നതുവരെ കാലത്തേക്കുണ്ടാകുന്ന ഒഴിവുകളിലും പുതിയ നിയമനങ്ങളിലും ഗവൺമെൻറിന് യുക്തമെന്നു തോന്നുന്ന ഒരംശം ഈഴവരിൽ യോഗ്യതയുള്ളവർക്കു കിട്ടത്തക്കവണ്ണം ഖണ്ഡിതമായ ഉത്തരവു പുറപ്പെടുവിക്കയും അതിനെ ഊർജ്ജിതമായി നടപ്പിൽവരുത്താൻ വ്യവസ്ഥചെയ്കയും വേണമെന്നു ഞാൻ താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

വിവേ : 1088 കംഭം, മീനം.

[ദേയാഗം പ്രതിനിധി എൻ. കുമാരൻ ആശാൻ അവർകൾ 9–ാമത്തെ പ്രഭാസഭയിൽ സംസാരിച്ചതു്]

Digitized By Kerala Sahitya Akademi

നിവേദനം III

സർക്കാർ വിദ്യാലയങ്ങളിൽ ഈഴവരുടെ പ്രവേശത്തെപ്പറ്റി

ഈഴവക്കു വിദ്യാലയങ്ങളിൽ പ്രവേശം കൊടുക്കുന്ന വിഷയത്തിൽ 4–5 കൊല്ലങ്ങളായി ഗവർമ്മെൻറിൽനിന്നു് ഒരുവിധം തൃപ്തികരമായ ഏർപ്പാടുകൾ ചെയ്യുവരികയാണു്. മുമ്പു പ്രവേശമില്ലാതിരുന്ന അനേകം സ്കൂളുകളിൽ ഇപ്പോൾ ഞങ്ങളുടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശം കിട്ടിയിട്ടുണ്ടു്. അതിനു ഞങ്ങൾ മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെൻറിനോടു നന്ദിയുള്ളവരാണു്. എന്നാൽ ഈ വിഷയത്തിൽ ഇപ്പോഴും ഞങ്ങൾക്കു് ദയനീയമായ വളരെ സങ്കടങ്ങൾ അറിയിക്കേണ്ടി വന്നിരിക്കുന്നു. ഈയിടെ ഞാൻ ചില ഉൾനാട്ടു താലൂക്കുകളിൽ സഞ്ചരിക്കുകയുണ്ടായി. അപ്പോഴാണു് സംഗതിയുടെ കിടപ്പു് എനിക്കു തന്നെ നല്ലവണ്ണം മനസ്സിലായിത്തുടങ്ങിയതു്. പിന്നെ ഞാൻ പല അന്വേഷണങ്ങളും ചെയ്തു. കഷ്ടതരമായ പല സംഗതികളും അതിൽ വച്ചു് അറിവാൻ ഇടയായി. സാധാരണയായി സ്കൂളുകളിൽ പ്രവേശിക്കുന്ന കാര്യത്തിൽ ഈഴവർക്കുണ്ടായിരുന്ന സങ്കടങ്ങൾ മിക്കവാറും തീർന്നു കഴിഞ്ഞു എന്നും, ആവശ്യമുള്ളതു വിദ്യാഭ്യാസ സൗകര്യം ഈഴവർക്കു് ഇപ്പോൾ ഉണ്ടായിട്ടുണ്ടെന്നുമായിരുന്നു എന്റെ വിശ്വാസം. അതെല്ലാം പോയി ഈയിടെ വളരെ വ്യസനിക്കേണ്ടതിക്കായി. ഞങ്ങളുടെ ജനങ്ങൾ എല്ലാം ഉൾനാട്ടിലാണു്. ഉൾനാട്ടുസ്കൂളുകളിൽ ഇപ്പോഴും വാസ്തവത്തിൽ അവർക്കു പ്രവേശമില്ല. പ്രവേശിപ്പാൻ സക്കാരനുവാദമുണ്ടു്. അതുകൊണ്ടു സംഗതിക്കു നടപ്പുണ്ടാകുന്നില്ല. താഴ്ന്ന തരം സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ മാനസപരിഷ്കാരം സിദ്ധിച്ചിട്ടുള്ളവരല്ല. അവർ പലപ്പോഴും സ്വാധ്യേയായും സ്ഥലത്തുള്ള വല്ല ഉയർന്ന ജാതിക്കാരുടേയും പ്രേരണകൊണ്ടു കീഴ്പ്പെട്ടും രണ്ടുവിധത്തിലായിട്ടും ഈഴവക്കുട്ടികളെ ഇന്നും അകറ്റി നിർത്തുന്നു. അവർ വിചാരിച്ചാൽ പല പ്രകാരത്തിലും അവർക്കതു കഴിയും. ഗവർമ്മെൻറു് ഉത്തരവിനു വിരോധം കൂടാതെ തന്നെ അവരുടെ ഉദ്ദേശം സാധിപ്പാൻ അവർ പല ഉപായങ്ങളും എടുക്കുന്നതായറിയുന്നുണ്ടു്. അവയിൽ ചിലതു വളരെ രസകരമാണു്. ''ചട്ടപ്രകാരം അധികം കുട്ടികളെ ഈ സ്കൂളിൽ ചേർക്കാൻ തരമില്ല. കുട്ടികളുടെ സംഖ്യ തികഞ്ഞു പോയി.'' ഇങ്ങനെ പറയുന്നതു് ഈഴവരെ സംബന്ധിച്ചിടത്തോളം അധികം സാധാരണയാണു്. ഇതിനെപ്പറ്റി വല്ലവരും മേലാവിലേക്കു് അറിവുകൊടുത്തു എന്നിരിക്കട്ടെ. ഉടൻ ഇൻസ്പെക്ടർമാർ പരിശോധിപ്പാൻ വരും. അതു് ഇപ്പോഴത്തെ മുറയ്ക്കു് മുന്നറിവോടുകൂടിയാണെന്നു പറയേണ്ടതില്ലല്ലോ. ഇൻസ്പെക്ടർ അല്ലെങ്കിൽ ഇൻസ്പെക്ടസ് വന്നു നോക്കുമ്പോൾ കുട്ടികൾ കണക്കിൻപടി ഗ്രൗണ്ടിൽ

Digitized By Kerala Sahitya Akademi

തികഞ്ഞിരിക്കും. സങ്കടക്കാരെ പോകാനും പായും. എന്നാൽ സ്ത്രീ രജിസ്റ്ററിൽ ഒട്ടുവിൽ പേർ എഴുതിയിരിക്കുന്ന കുട്ടികളിൽ പലരും റോഡിൽ അലഞ്ഞു തിരിയുകയോ കൂലിവേലചെയ്യുകയോ ചെയ്തുകൊണ്ടു നിന്ന ഉയർന്ന വർഗ്ഗത്തിൽപ്പെട്ട പിള്ളരായിരിക്കും. ഇൻസ്പെക്ടർ പുറത്തിറങ്ങിയ ഉടനെ തന്നെ അവരും വന്ന വഴിയേ പോകും. സ്കൂളിൽ വാസ്തവത്തിൽ സ്ഥലമുണ്ട്. അപേക്ഷക്കാരായ ഈഴവർക്ക് നല്ലവണ്ണം അറിയാം. വാദ്ധ്യാന്മാർക്ക് അറിയാതെന്ന പറയേണ്ടതില്ലല്ലോ. അപേക്ഷക്കാർക്ക് എന്തുചെയ്വാൻ കഴിയും. ഭേദവും തെളിവും അവർക്ക വിരോധം. എവിടെ ചെന്നു സങ്കടം പറഞ്ഞാൽ എന്ത്? ഈ മാതിരി ദുഷ്പ്രാഭ്യങ്ങളും അഭിമാനവും ശക്തിയുമുള്ള ഈഴവ മാന്യന്മാരുടെ നേർക്കുപോലും കണിച്ചു് അവരുടെ ക്ഷമയെ പരീക്ഷിക്കുന്ന വാദ്ധ്യാന്മാർ പല സ്ഥലത്തും കാണുന്നു. ഞാൻ പറയുന്നതിൽ അശേഷം അവാസ്തവമോ അതിശയോക്തിയോ ഇല്ലെന്നും പ്രത്യേകം അറിവിച്ചുകൊള്ളുന്നു. പ്രവേശം അനുവദിച്ചിട്ടുള്ള ഉദ്ദേനാട്ടിലെ ആൺപള്ളിക്കൂടങ്ങളിൽ അനേകം ഇന്നും ഈ മാതിരി തടസ്സങ്ങളാൽ പ്രവേശ്യമല്ലാതെ തീർന്നിരിക്കുന്നു. ചിലതിന്റെ പേരു പറയാം

സ്ഥലങ്ങൾ		സ്കൂളുകൾ
അമ്പലപ്പുഴ	തലവടി തെക്കേമുറി	സ്കൂൾ
,,	,, നീരേറ്റം	,,
,,	പുളിങ്കുന്ന് ചതുർത്ഥ്യകരി	,,
,,	ടി മങ്കൊമ്പ്	,,
,,	കാവാലം	,,
,,	കാവാലം വടക്കുംഭാഗം	,,
ചങ്ങനാശ്ശേരി	വെളിയനാട്ട കുമരങ്കരി	,,
,,	മാവേലിക്കര	,,
,,	എടനാട്ട വടക്കേക്കര	,,
ചേർത്തല	തുറവൂർ എരമല്ലൂർ	,,
,,	കോതൻതുരുത്തു്	,,
,,	കുത്തിയതോട്ടു്	,,
,,	പട്ടണക്കാട്ടു്	,,

ഇനി ഒരുവക സങ്കടം കൂടിയുള്ളതും പറഞ്ഞേ തീരു. ഈഴവർക്കു പ്രവേശത്തിനു് ധാരാളം സൗകര്യം ഉള്ളതോ ഈഴവർ അധികം പാർത്തുവരുന്ന സ്ഥലങ്ങളിൽ ഉള്ളതോ ആയ വല്ല സ്കൂളുകളും അഭിവൃദ്ധിയിൽ വരുന്നു എന്നു കണ്ടാൽ വല്ല ചില്ലറക്കാരണവും പറഞ്ഞു് അതിനെ കെട്ടിവലിച്ചു് അങ്ങിനെയല്ലാത്ത ഒരു സ്ഥലത്തു കൊണ്ടുപോയി സ്ഥാപിപ്പാൻ ചില ജനങ്ങൾക്കും വിദ്യാഭ്യാസവകുപ്പിലെ ചില ഉദ്യോഗസ്ഥന്മാർക്കും ഒരുത്സാഹം ചിലപ്പോൾ കാണാം. ഇതിനു പല ദൃഷ്ടാന്തങ്ങളുമുണ്ടു്. ഡയറക്ടർ സായ്വർകളോടു് ഇപ്പറഞ്ഞതെന്നു ചോദിച്ചാൽ ഇതിന്റെ വസ്തുതയറിയാം. അമ്പലപ്പുഴ വടക്കൻ വെളിയനാടു് എൽ. ജി. ഈ. സ്കൂളിന്റെയും മറ്റും സംഗതി ഞാൻ നേരിട്ടറിയിച്ചിട്ടുള്ളതു് അദ്ദേഹത്തിനു് ഓർമ്മയുണ്ടായിരിക്കും.

Digitized By Kerala Sahitya Akademi

പെൺപള്ളിക്കൂടങ്ങളിലെ സ്ഥിതിയും ഇതിൽനിന്നും ഒട്ടും ഭേദമുള്ളതല്ല. ചിലപ്പോൾ അധികം കഷ്ടമായുള്ളതും ആകുന്നു. ഈഴവവിദ്യാർത്ഥിനികൾക്കു പ്രവേശം അനുവദിച്ച സ്കൂളുകളിൽതന്നെ പലതിലും അവരെ ഇന്നും പ്രവേശിപ്പിക്കുന്നില്ല. തലവടി, കാർത്തികപ്പള്ളി, മുതുകുളം, ഓമല്ലൂർ, എടനാട്, തൈക്കാട്ടുശ്ശരി ഈ സ്ഥലങ്ങളിലുള്ള സ്കൂളുകൾ ദൃഷ്ടാന്തങ്ങളാണ്. ഇനിയും അധികം ഉണ്ടായിരിക്കും.

ഈ തടസ്സങ്ങളാൽ ഞങ്ങളുടെ വിദ്യാഭ്യാസ സംബന്ധമായ അഭിവൃദ്ധിക്കു വലുതായ ഹാനി നേരിടുന്നു. സ്കൂൾ പ്രവേശം അനുവദിച്ച് ഗവർമ്മെൻറിൽനിന്നുണ്ടായ ഉത്തരവുകൾ ഉദ്ദിഷ്ടത്തിൽ കൊണ്ടുവരാതെ കാലതാമസം കൊണ്ടുതന്നെ പോകുന്നു. ഇനിയും കുറേക്കാലംകൂടി കഴിഞ്ഞാൽ ഞങ്ങൾ ആ ഉത്തരവുകളെ പുതുക്കാൻ മുറവിളി കൂട്ടേണ്ടി വന്നേക്കും. അതു വലിയ സങ്കടമാണ്. അതിനിടയാകരുതു്. ഈ സങ്കടങ്ങളുടെ നിവൃത്തിക്കായി ഗവണ്മെൻറു് ഒന്നു ചെയ്താൽ മതി. ഈഴവർക്കു പ്രവേശം അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ സ്ഥലം ഇല്ലെന്നു പറയുന്നതിനെ ഗവണ്മെൻറു വകവയ്ക്കുന്നതല്ലെന്നും ആ സ്കൂളുകളിൽ അവർക്കു പ്രോത്സാഹനമായിരിക്കത്തക്കവണ്ണം അവരിൽ ഒരു പെൺകുട്ടിയേയോ ആൺകുട്ടിയേയോ എങ്കിലും പ്രവേശിപ്പിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചുള്ള ഉത്തരവുകൾ അങ്ങിനെയുള്ള എല്ലാ ഹെഡ്മാസ്റ്റർമാർക്കും ഡിപ്പാർട്ടുമെൻറു മുഖേന അയയ്ക്കുകയും അങ്ങിനെ ചെയ്വാൻ അവരെ നിർബന്ധിക്കുകയും ചെയ്യണം.

എൻെറ മാന്യസ്നേഹിതരായ മറു പ്രതിനിധികളും ഇപ്പോൾ കുട്ടികളെ ഫീസുകൂടാതെ പഠിപ്പിക്കുക, പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കുക മുതലായ വിദ്യാഭ്യാസ സംബന്ധമായ ഉൽകൃഷ്ടനയങ്ങളെ സംബന്ധിച്ചു പ്രതിപാദിക്കുന്നവരാണ്. എൻെറ പ്രാർത്ഥന സർക്കാർ പള്ളിക്കൂടങ്ങളിൽ സാധാരണ ഏർപ്പെടുത്തിയിരിക്കുന്ന ഫീസുവാങ്ങിക്കൊണ്ടു് കുട്ടികളെ കയറി പഠിപ്പിക്കണമെന്നു മാത്രമാകുന്നു. ഈ സങ്കടങ്ങളുടെ താരതമ്യത്തേയും ഗവർമ്മൻറു ദയാപൂർവ്വം ചിന്തിക്കേണ്ടതാണു്. ക്ഷേത്രസാമീപ്യവും മറും കൊണ്ടു ഞങ്ങൾക്കു പ്രവേശ്യമല്ലെന്നു വച്ചിരിക്കുന്ന സ്കൂളുകൾ പ്രവേശ്യമായ സ്ഥലങ്ങളിൽ മാറ്റി സ്ഥാപിക്കാമെന്നു വാഗ്ദാനം ചെയ്തിട്ടു കാലം അധികമായി. ഇതുവരെ ഒന്നും പ്രവർത്തിച്ചുകാണുന്നില്ല. അങ്ങനെ ഉള്ള സ്ഥലങ്ങളിൽ ഞങ്ങളുടെ കുട്ടികൾക്കു വിദ്യാഭ്യാസത്തിനു വേറേ മാർഗ്ഗമില്ലാതിരിക്കുന്നതു് ഗവണ്മെൻറിനറിയാം. ഞങ്ങൾ ഇനിയും കാത്തിരിക്കണമെന്നു പറയുന്നതു നീതിയായിരിക്കയില്ല. അതുകൊണ്ടു് ആ സംഗതിയിലും ഗവണ്മെൻറുടനെ ദൃഷ്ടിവയ്ക്കുകയും പരിഹാരമുണ്ടാക്കുകയും ചെയ്യേണമെന്നും പ്രാർത്ഥിച്ചുകൊള്ളുന്നു.

സംസ്കൃതപാഠശാലയിൽ ഞങ്ങൾക്കു പ്രവേശനം അനുവദിക്കേണ്ട ആവശ്യകതയെപ്പറ്റി കഴിഞ്ഞസഭയിൽ ഞാൻ ബോധിപ്പിച്ചതിൽ നിന്നു് അധികം ഒന്നും ഇപ്പോൾ പറവാൻ കാണുന്നില്ല. ആ വിദ്യാലയം ഇരിക്കുന്ന സ്ഥലം ഞങ്ങൾക്കു പ്രവേശമുള്ളതല്ലെന്നു വാദിക്കുന്നതു വാസ്തവവിരുദ്ധവും ക്ഷുദ്രതയുമാണെന്നു് ഇപ്പോഴും ഞാൻ ഉറപ്പായി പറഞ്ഞുകൊള്ളുന്നു. അതു സ്ഥാപിച്ചിരിക്കുന്ന കെട്ടിടം വാടകയ്ക്കു് എടുത്തിട്ടുള്ളതാകയാൽ ആവശ്യമുള്ളപക്ഷം എല്ലാ

Digitized By Kerala Sahitya Akademi

വർക്കും പ്രവേശ്യമായ മറേറതെങ്കിലും സ്ഥലത്തേക്കു് അതിനെ മാററി സ്ഥാപിക്കുന്നതു സുകരമാണെന്നുള്ളതും ഞാൻ വീണ്ടും അറിവിച്ചുകൊള്ളുന്നു. കഴിഞ്ഞ കൊല്ലത്തെ എന്റെ നിവേദനം കഴിഞ്ഞപ്പോഴും ഈ സംഗതിയെപ്പററി വീണ്ടും നിവേദനം കൊണ്ടുവരേണ്ട ആവശ്യം ഉണ്ടാകയില്ലെന്നു് എനിക്കു തോന്നിയിരുന്നു. ഗവർമ്മെൻറിനു് ഈ അനീതിയെപ്പററി അതു ബോദ്ധ്യമാകത്തക്കവണ്ണം എല്ലാ വാസ്തവവും എല്ലാന്യായവും ഞാൻ ബോധിപ്പിച്ചിരുന്നു. സ്വന്തം വർഷാരംഭത്തിൽ ഞങ്ങളുടെ കുട്ടികളെ നിശ്ചയമായും ഈ വിദ്യാലയത്തിൽ ചേർക്കുമെന്നും ഞാൻ ആശിച്ചിരുന്നു. അനേകം സംസ്കൃത വിദ്യാർത്ഥികളും പ്രവേശനത്തിനായി എന്നെ ഞെരുക്കിക്കൊണ്ടിരിക്കുകയും ആ വിവരം ഞാൻ പലതവണ ഗവർമ്മെൻറിനെ രേഖാമൂലം അറിവിച്ചു് മറുപടി അറിയാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. ഒടുവിൽ ഇപ്പ്രാഭംഗത്തോടുകൂടി പല വിദ്യാർത്ഥികളും പഠിത്തം നിർത്തേണ്ടിവന്നു. ചിലരെ ഞാൻതന്നെ പട്ടാമ്പി മുതലായ സ്ഥലങ്ങളിലേക്കു് അയയ്ക്കുകയും ചെയ്തു. ഈ സംഗതിയെ വീണ്ടും ഞാൻ ഏററവും താഴ്മയായി ഗവമ്മെൻറിന്റെ ദയാപൂർവ്വമായ ആലോചനയ്ക്കു കൊണ്ടുവന്നു കൊള്ളുന്നു. ഞങ്ങൾക്കു് സംസ്കൃതം പഠിക്കേണ്ടതു് ആവശ്യമാകുന്നു. ഗവമ്മെൻറിൽനിന്നു് പ്രജകളുടെ നിലയിൽ നമ്മെയും കൂടി സംസ്കൃതപാഠശാലയിൽ ചേർത്തു പഠിപ്പിപ്പാൻ കടപ്പെട്ടിരിക്കുന്നു. ഗവമ്മെൻറിൽ നിന്നു് ദയാപൂർവ്വം ആജ്ഞാപിച്ചാൽ അന്നു കാര്യം സാധിക്കുമെന്നിരിക്കുന്നു. ഇങ്ങനെ ഒക്കെ ഇരുന്നാലും അതു സാദ്ധ്യമല്ലെന്നു തോന്നുന്നപക്ഷം ഞങ്ങൾ വർക്കല, ആലുവ മുതലായ സ്ഥലങ്ങളിൽ സ്ഥാപിച്ചു നടത്തി വരുന്ന സംസ്കൃതപാഠശാലയെ ഉയർന്നനിലയിൽ കൊണ്ടുവരത്തക്കവണ്ണം ഗവമ്മെൻറിൽ നിന്നു് ഉദാരമായ വിശേഷാൽ ഗ്രാൻറു് അനുവദിച്ചാലും മതി. വിദ്യാഭ്യാസ ചട്ടത്തിലെ നിർബന്ധങ്ങൾ അനുസരിച്ചുള്ള ഗ്രാൻറു് ഉദ്ദേശത്തെ സാധിക്കുന്നതായിരിക്കയില്ല.

ആയുർവേദ പാഠശാലയെപ്പററിയും ഞാൻ ആവർത്തിച്ചുപറയേണ്ടി വന്നതിൽ വളരെ വ്യസനിക്കുന്നു. അവിടെ ഞങ്ങളെ പ്രവേശിപ്പിക്കുന്നതിനു യാതൊരു തടസ്സവും ഉണ്ടാകാൻ വകയില്ല. പ്രവേശിപ്പിക്കാത്തതു് തീരെ നിട്ടയമായ അനീതിയാകുന്നു. ആ കെട്ടിടവും ഗവർമ്മെൻറു വാടകയ്ക്കു് എടുത്തിട്ടുള്ളതാകയാൽ വേണ്ടിവന്നാൽ മാററി സ്ഥാപിപ്പാൻ ഒരു പ്രയാസവും ഇല്ല. ഇനിയും ഈ വിഷയത്തിൽ പ്രജാസഭയിൽ നിവേദനം കൊണ്ടുവരാൻ ഇടയാകുന്നതായാൽ അതു വളരെ ദയനീയമായിരിക്കും. ഒട്ടും താമസിയാതെ ഈ സങ്കട പരിഹാരത്തിൽ ഗവർമ്മെൻറു ദയാദൃഷ്ടി പതിക്കുമെന്നു് വിശ്വസിച്ചുകൊള്ളുന്നു.

സർക്കാരുദ്യോഗം

സർക്കാരുദ്യോഗ സംബന്ധമായി ഈഴവ പ്രതിനിധികളും എത്ര ഊർജ്ജിതമായി വാദിച്ചിട്ടും ഗവർമ്മെൻറു ചിലപ്പോഴും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടും ഞങ്ങളുടെ സങ്കടത്തിനു പറയത്തക്ക ഭേദമൊന്നും ഉണ്ടാകുന്നില്ല. കഴിഞ്ഞ സഭയിൽ ഞാൻ ചെയ്ത നിവേദനത്തിനുശേഷം സംഗതികൾക്കു വളരെ മാറ

Digitized By Kerala Sahitya Akademi

മുണ്ടാകുമെന്നു് ഞാനും എന്റെ വർഗ്ഗക്കാരും ആശിച്ചിരുന്നു. പറയത്തക്കവണ്ണം ഒന്നും ഉണ്ടായില്ലെന്നു് അറിവിക്കേണ്ടിവരുന്നതിൽ വ്യസനിക്കുന്നു. കുറേ ഗ്രണങ്ങൾ ഈ അടുത്തകാലത്തു് ഗവർമ്മെൻറു ചെയ്യുന്നുണ്ടെന്നു് ഞങ്ങൾക്കറിയാം. അതിനു ഞങ്ങൾക്കു് കരുണാനിധിയായ മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെൻറിനോടു് ഹാർദ്ദമായ കൃതജ്ഞതയുമുണ്ടു്.

കഴിഞ്ഞ കൊല്ലത്തിൽ തിരുവിതാംകൂറിൽ ഉദ്യോഗ സംബന്ധമായി വർഗ്ഗംപ്രതി ലഭിക്കുന്ന ഗ്രണങ്ങളുടെ താരതമ്യം കാണിപ്പാനായി ബ്രാഹ്മണർ, നായന്മാർ, ക്രിസ്ത്യാനികൾ, ഈഴവർ ഈ നാലു പ്രധാന വർഗ്ഗങ്ങളിൽ നിന്നു് കഴിഞ്ഞ 5 കൊല്ലങ്ങളിൽ ഉദ്യോഗം ലഭിച്ചിട്ടുള്ളവരുടെ ഒരു കണക്കു തരാൻ ഞാൻ ഗവർമ്മെൻറിനോടു് അപേക്ഷിക്കയും ദയചെയ്തു ഗവർമ്മെൻറിൽ നിന്നു് എനിക്കു് അതു തരികയും ചെയ്തു. കഴിഞ്ഞ കൊല്ലത്തെ എന്റെ നിവേദനത്തിനു് എന്നെ ആ കണക്കു സാരമായി സഹായിച്ചിരുന്നു. ഈ കൊല്ലവും കഴിഞ്ഞ ഒരു കൊല്ലത്തെ നിയമനങ്ങളെ കാണിക്കുന്ന അതുപോലെ വർഗ്ഗം പ്രതിയുള്ള ഒരു കണക്കു തരാൻ ഞാൻ ഗവർമ്മെൻറിനോടു കാലേക്കൂട്ടിത്തന്നെ അപേക്ഷിച്ചിരുന്നു. ഇക്കൊല്ലം തന്ന കണക്കിൽ ഞങ്ങളുടെ വർഗ്ഗക്കാർക്കു കഴിഞ്ഞ ഒരു കൊല്ലത്തിൽ കിട്ടിയിട്ടുള്ള ഉദ്യോഗങ്ങളുടെ വിവരം മാത്രമേ അടങ്ങീട്ടുള്ളു എന്നു കാണുന്നു. മറ്റു വർഗ്ഗക്കാരുടെ വിവരം യാതൊന്നുമില്ല. അതുകൊണ്ടു് എല്ലാ വർഗ്ഗക്കാരുടേയും കണക്കുനോക്കിയാൽ നിശ്ചയമായും ന്യായസ്ഥന്മാർക്കു കേട്ടാൽ നിരക്കാത്ത വലിയ വ്യത്യാസങ്ങൾ ഈ കൊല്ലത്തെ നിയമനങ്ങളിൽ ഉണ്ടായിരിക്കണമെന്നാണു് ഞങ്ങൾ അത്ഥമാക്കുന്നതെന്നു് താഴ്മയായി പ്രസ്താവിച്ചുകൊള്ളുന്നു. വാസ്തവമങ്ങിനെയിരിപ്പാനേ വഴിയുള്ളതാനും. ഈഴവരുടെ നിയമനത്തിന്റെ കണക്കു ഞാൻ വായിക്കാം.

1088–ൽ തിരുവിതാംകൂറിൽ ഈഴവർക്കു കിട്ടീട്ടുള്ള ഗവർമ്മെൻറുദ്യോഗങ്ങളുടെ കണക്കു്

ഡിപ്പാർട്ടുമെൻറു്	5 ക. വരെ ശമ്പളത്തിൽ	5 മുതൽ 10 വരെ ക ശമ്പളത്തിൽ	10 മുതൽ 25 വരെ ക ശമ്പളത്തിൽ	25 മുതൽ 50 വരെ ക ശമ്പളത്തിൽ	50 മുതൽ 100 വരെ ക ശമ്പളത്തിൽ	100 മുതൽ ക. ശമ്പളത്തിൽ	ആകെ	റിമാർക്കു്
പോലീസു്	,,	1	1	2	3	,,	7	
എക്സൈസു്	,,	11	,,	1	,,	,,	12	
ഫാറസ്റ്റു്	1	10	2	,,	,,	,,	13	
പബ്ലിക് വർക്സു്	,,	,,	2	1	,,	,,	3	
എഡ്യുക്കേഷൻ	,,	14	13	,,	,,	,,	27	

Digitized By Kerala Sahitya Akademi

രജിസ്ട്രേഷൻ	,,	,,	2	,,	,,	,,	2
സർവ്വേ	,,	,,	1	,,	,,	,,	1
മെഡിക്കൽ	,,	6	2	1	,,	,,	9
ജുഡീഷ്യൽ	,,	,,	3				3
റവന്യൂ + മജിസ്ട്രേസി	,,	,,	1	1	,,	1	3
അഞ്ചൽ	,,	2	,,	,,	,,	,,	2
അഗ്രികൾച്ചർ	,,	2	,,	,,	,,	,,	2
പ്രിസൺ, പ്രസ്സ് മുതലായതു്	,,	2	1	,,	,,		3
എല്ലാ ഡിപ്പാർട്ടുമെൻറിലും കൂടി ആകെ							87

ഇവിടെ ഒരു സംഗതി പ്രസ്താവയോഗ്യമാണു്. ഈഴവരിൽ ഉയർന്ന തരം ഉദ്യോഗത്തിനു യോഗ്യത സമ്പാദിച്ചവരുടെ സംഖ്യ കുറയും. അതുകൊണ്ടു താണ തരം ഉദ്യോഗ ലാഭത്തിനാണു് ഞങ്ങൾ ഇപ്പോൾ സങ്കടം പറയുന്നതു്. എന്റെ കഴിഞ്ഞ കൊല്ലത്തെ നിവേദനത്തിൽ അതിന്റെ ആവശ്യകതയെപ്പറ്റി ഞാൻ സകാരണം പ്രസ്താവിക്കുകയും ഗവർമ്മെൻറിനോടു് സങ്കടപരിഹാരത്തിനു വേണ്ടതു് കഴിയുന്ന വേഗത്തിൽ പ്രവർത്തിപ്പാൻ അപേക്ഷിക്കുയും ചെയ്തിരുന്നു.

പോലീസു് വകുപ്പിൽ കാൺസ്റ്റബിൾമാരായി ഞങ്ങളുടെ വർഗ്ഗത്തിൽ നിന്നു തീരെ ചുരുക്കം ആളുകളെ മാത്രമേ എടുക്കാറുള്ളു. അതിനു ഗവർമ്മെൻറു വിചാരിക്കുന്ന കാരണം ശരിയല്ല. ജാതിയെ അടിസ്ഥാനമാക്കി കഴപ്പങ്ങൾ ഉണ്ടാകുമെന്നു് ഗവർമ്മെൻറു ധരിച്ചിരിക്കുന്നു. അതു ധരിപ്പിച്ചവരുടെ തെറ്റാണു്. ഈഴവർ കാൺസ്റ്റബിൾമാർ റിസർവിൽ ആണുള്ളതെന്നും പുറത്തുപോയി പ്രവൃത്തി നടത്താൻ അവരെ അയയ്ക്കാറില്ലെന്നും ഗവർമ്മെൻറു സൂചിപ്പിക്കുന്നു. അതുതീരെ അവാസ്തവമാണു്. കഴിഞ്ഞ തവണത്തെ മറുപടിയിൽ ഗവർമ്മെൻറു് അങ്ങിനെ എഴുതിക്കാണുന്നതിനെപ്പറ്റി ഞാൻ അത്യന്തം വ്യസനിക്കുന്നു. അതു കേവലം ഒരു അവാസ്തവ പ്രസ്താവം എന്നു മാത്രമല്ല ഞങ്ങൾക്കു ദോഷകരവും അപമാനഹേതുവും കൂടി ആകുന്നു. ഈഴവ കാൺസ്റ്റിൾമാരും ഹെഡ് കാൺസ്റ്റബിൾമാരും പുറത്തുപോയി എത്ര ഊജ്ജിതമായും സമ്മാനാർഹമായ വിധത്തിൽ കൂടിയുമാണു് ജോലി നടത്തി വന്നിട്ടുള്ളതെന്നും വരുന്നതെന്നും എനിക്കു് നല്ല വിവരമുണ്ടു്. പക്ഷെ അവരുടെ സമ്മാനാർഹമായ പ്രവൃത്തികൾ രേഖപ്പെടുത്തീട്ടുണ്ടോ എന്നു് എനിക്കു നിശ്ചയമില്ല. സംഗതി ഇങ്ങിനെ ഇരിക്കുമ്പോൾ ഗവർമ്മെൻറിനെ ഡിപ്പാർട്ടുമെൻറു തെറ്റിദ്ധരിപ്പിക്കുന്നതു് എത്ര ഹീനമായ നടപടിയാണു്. കമ്മിഷണർ മിസ്റ്റർ ജോർജ്ജു് മനഃപൂർവം തെറ്റിദ്ധരിച്ചതായിരിക്കയില്ല. അദ്ദേഹം യോഗ്യനാണു്. എനിക്കറിയാം. ഇതു് കീഴുദ്യോഗസ്ഥന്മാരെ വിശ്വസിക്കുന്നതിൽ വന്നുകൂടുന്ന അബദ്ധങ്ങളാണു്. അത്തരം ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് ഞങ്ങൾക്കുണ്ടാകുന്ന അനർത്ഥങ്ങൾ അല്പമൊന്നുമല്ല. ഗവർമ്മെൻറു് അതിനെപ്പറ്റി ഇനിയെങ്കിലും അറിഞ്ഞിരുന്നാൽ നന്നു്.

Digitized By Kerala Sahitya Akademi

ഈഴവരുടെ ജാതിസംബന്ധമായ സാക്ഷാൽ നിലയെപ്പറ്റി സ്വല്പം പ്രസ്താവിക്കുന്നതു് അമിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. നമ്മുടെ നാട്ടിൽ ദീർഘമായ ഗതാഗതങ്ങൾക്കു് ജനങ്ങൾ ഉപയോഗിക്കുന്ന വാഹനം വള്ളമാകുന്നു. വള്ളക്കാരിൽ ഏറിയ കൂറും ഈ വർഗ്ഗക്കാരാകുന്നു. ഏതു് ഉയർന്ന ജാതിക്കാരും പുണ്യക്ഷേത്രങ്ങളിൽ തീർത്ഥയാത്ര ചെയ്യുന്നതുപോലും ഈ വള്ളങ്ങളിലാണു്. അവർ വള്ളക്കാരോടൊത്തു് കുടുംബസഹിതം യാത്ര ചെയ്യുന്നു. അപ്പോൾ അശുദ്ധമില്ല. ഈ പട്ടണത്തിലെ വണ്ടിക്കാരിൽ ഏറിയകൂറും ഈ വർഗ്ഗക്കാരാകുന്നു. സകല ജനങ്ങളും വണ്ടി എത്തുന്ന ദിക്കിലെല്ലാം വണ്ടിയിൽക്കയറി സവാരി ചെയ്യുന്നു. അശുദ്ധമില്ല. ഇതിനെക്കാൾ മാന്യമായ തൊഴിലുകളിൽ അനാദികാലം മുതൽ ഏർപ്പെട്ടു് സ്വതന്ത്രമായി കാലം കഴിക്കുന്നവർ ഈ വർഗ്ഗക്കാരിൽ എത്രയോ അധികം ഉണ്ടു്. പഴയ ഈഴവ വൈദ്യകുടുംബങ്ങളിലേയൊ ഇപ്പോഴും എവിടെയും സുലഭമായ ഈഴവ വൈദ്യന്മാരുടേയോ കഥതന്നെ നോക്കാം. പഴയ വൈദ്യ കുടുംബങ്ങളിൽ ചികിത്സയ്ക്കായി ഏതു് ഉയർന്ന ജാതി സ്ത്രീ പുരുഷന്മാരും വന്നു താമസിച്ചു് ചികിത്സ നടത്താറും വൈദ്യന്മാരെ ക്ഷണിച്ചുകൊണ്ടുപോയി ചികിത്സ നടത്താറുണ്ടു്. അതുപോലെ എത്രയോ ദൃഷ്ടാന്തം ഇന്നും നടന്നു വരുന്നു. വൈദ്യന്മാർ ഏതു ഗൃഹത്തിലും പ്രവേശിക്കുന്നു. അശുദ്ധം ഒന്നും ഇല്ല. ഇതൊക്കെ സാധാരണ അവർക്കു് അനുവദിക്കപ്പെട്ടിരിക്കുന്നു. പിന്നെ കക്കുകയോ കട്ടുമുതൽ അപഹരിക്കുകയോ മറ്റോ ചെയ്ത ഒരു കുറക്കാരന്റെ ഗൃഹത്തിൽ മഹാരാജാവു തിരുമനസ്സിലെ മുദ്രയും ധരിച്ചു് ഒരു ഈഴവ കാൻസ്റ്റബിളെ തൊണ്ടി എടുക്കാനോ പുള്ളിയെ പിടിക്കാനോ പോയാൽ ആരാണു് ആക്ഷേപം പറയുന്നതു്? പറഞ്ഞാൽ തന്നെ എന്തിനാണു വകവയ്ക്കുന്നതു്? ഇതുവരെ ആ മാതിരി ഒരാക്ഷേപമെങ്കിലും ഉണ്ടായിട്ടുണ്ടോ? ഈഴവർ പോലീസ് ഡിപ്പാർട്ടുമെന്റിൽ പ്രവേശിച്ചിട്ടു് ഇപ്പോൾ 20 കൊല്ലത്തോളം ആയല്ലോ. അതുകൊണ്ടു് ഈ ഹീനമായ ഒഴികഴിവുകളെ വകവയ്ക്കാതെ ഗവർമ്മെന്റു് ഞങ്ങളുടെ വർഗ്ഗത്തിൽ നിന്നു് ഞങ്ങളുടെ സംഖ്യയുടെ താരതമ്യമനുസരിച്ചു് ആളുകളെ പോലീസ് പട്ടാളത്തിൽ എടുക്കാൻ നിഷ്കർഷമായ ഉത്തരവു പുറപ്പെടുവിക്കേണ്ടതാണെന്നു് വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.

ഇതിനെപ്പറ്റി കഴിഞ്ഞ കൊല്ലത്തിലും ഞാൻ എത്രയോ സങ്കടങ്ങൾ പറഞ്ഞിട്ടും കായബലവും അളവും യോഗ്യതയും ശരിയായുള്ള എത്രയൊ ഈഴവയുവാക്കൾ തെരഞ്ഞെടുപ്പുകാലങ്ങളിൽ ഹെഡ്കച്ചട്ടർ ആഫീസിൽ കാത്തുകിടന്നിട്ടും കാൺസ്റ്റബിളായി ഒരു ഈഴവനെ മാത്രമേ ഈ കൊല്ലം എടുത്തിട്ടുള്ള എന്നു കാണുന്നു. ഇതു സങ്കടമാണു്. ശേഷം ആ ഡിപ്പാർട്ടുമെന്റുകളിൽ എടുത്തിട്ടുള്ളവരിൽ വേറെ 8 പേർ റൈട്ടർമാരും ശേഷം മൂന്നുപേർ സബ്ഇൻസ്പെക്ടർമാരുമാണു്.

എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഇതിലധികം ഉദ്യോഗം നൽകാൻ ധാരാളം വകയുണ്ടു്. അതിൽ ഞങ്ങൾക്കുള്ള പ്രതിബന്ധമാണു് മറ്റുള്ളതിനെക്കാൾ ദയനീയമായിരിക്കുന്നതു്. ആ ഡിപ്പാർട്ടുമെന്റിൽ ഏറിയഭാഗവും ഞങ്ങളുടെ വർഗ്ഗക്കാരായാൽ തരക്കേടുണ്ടാകാനിടയില്ലെന്നു് എല്ലാവർക്കും അറിയാമല്ലോ. അതുകൊണ്ടു് ഗവൺമെന്റു് അതിനെപ്പറ്റി പ്രത്യേകം നിഷ്കർഷിക്കേണമെന്നു വീണ്ടും ബോധിപ്പിച്ചുകൊള്ളുന്നു. ഫാറസ്റ്റു ഡിപ്പാർട്ടുമെന്റിൽ കീഴ് ജീവന

Digitized By Kerala Sahitya Akademi

ങ്ങൾക്കായി മലമ്പനിയേയും മറ്റും പേടിച്ച് ാരു വർഗ്ഗത്തിൽ നിന്നും അധികം ആളുകൾ പോകാറില്ല. അതുകൊണ്ടായിരിക്കും അതിൽ ഏതാനും ഈഴവർ നിയമിക്കപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസ വകുപ്പിൽ എലിമെൻററി സ്കൂളുകളിൽ വാദ്ധ്യാന്മാരെ കിട്ടാത്ത ഞെരുക്കമുണ്ടായിരുന്നു. ആ വകുപ്പിൽ ഈഴവർക്ക് 27 ഉദ്യോഗങ്ങൾ ഈ കൊല്ലം കിട്ടിയതു് അതു കൊണ്ടായിരിക്കും. ഏതായാലും അതിനു ഞങ്ങൾ നന്ദി പറയുന്നു. ശേഷമുള്ള ഡിപ്പാർട്ടുമെൻറുകൾ എല്ലാം ഒന്നുപോലെ നിർദ്ദയത്വം കാണിച്ചിരിക്കുന്നു.

റവന്യൂ ഡിപ്പാർട്ടുമെൻറിൽ ദേവസ്വം ഉൾപ്പെട്ടിരിക്കുന്നതിനാലാണ് ഈഴവരെ പ്രവേശിപ്പിക്കാത്തതെന്നു തോന്നുന്നു. എന്നാൽ ദേവസ്വം കാര്യങ്ങളോടു യാതൊരു സംബന്ധവുമില്ലാതെ എത്രയോ കീഴ്ത്തരം ജീവനങ്ങളുണ്ട്. അധികാരിമാർ, പ്രവൃത്തിപ്പിള്ളമാർ, താലൂക്ക് അക്കൗണ്ടൻറ് മുതലായ ഉദ്യോഗങ്ങളിൽ ഈഴവരെ എടുക്കുന്നതിനു് ഒരു വിരോധവുമില്ലാത്തതാണ്. അധികാരിമാരും പിള്ളമാരും തന്നെ മുപ്പത്തിമൂന്നു താലൂക്കുകൾ ഉള്ള നമ്മുടെ സംസ്ഥാനത്തു് ഒട്ടധികം ഉണ്ടു്. ഈ വക ഉദ്യോഗങ്ങൾ ഞങ്ങളുടെ ജാതിക്കാർക്കു് ബ്രിട്ടീഷ് ഇൻഡ്യയിലും കൊച്ചിയിലും ധാരാളം നൽകിവരുന്നുണ്ടു്. അതിൽ ഗവർമ്മെൻറിന്റെ ദയാദൃഷ്ടിയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

ഉദ്യോഗം ലഭിക്കുന്നതിനുള്ള സങ്കടങ്ങൾക്കു പുറമേ ഞങ്ങൾക്കു് ഉദ്യോഗം ലഭിച്ചാൽ തന്നെ പ്രത്യേകമുള്ളതുകൂടി പ്രസ്താവിക്കേണ്ടി വന്നിരിക്കുന്നു. അതു് ഈഴവ ഉദ്യോഗസ്ഥന്മാർക്കു മേലധികാരികളുടെ കീഴിൽ കയറാം കിട്ടാനുള്ള പ്രയാസമാണു്. പല ഈഴവരും ഈ സങ്കടത്തിൽപ്പെട്ടു രാജികൊടുത്തു കളയാൻ തന്നെ തുനിഞ്ഞിട്ടുള്ളതായും എനിക്കറിവാൻ ഇടയായിട്ടുണ്ടു്. അതു കൊണ്ടു ഡിപ്പാർട്ടുമെൻറു മേലാധികാരികൾക്കും ഈഴവരെ ഇപ്പോഴത്തേക്കാൾ അധികമായി ഉദ്യോഗത്തിൽ പ്രവേശിപ്പിക്കുന്നതിനും ഈഴവ ഉദ്യോസ്ഥന്മാരുടെ ന്യായമായ കയറ്റത്തിൽ അനുകൂലിക്കുന്നതിനും പ്രത്യേകം ഉത്തരവുകൾ അയച്ചു് ഏർപ്പാടു ചെയ്യാറാകണമെന്നു് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

വിവേ. 1089 മേടം 3 ഇടവം

[10–ാമതു പ്രജാസഭാ യോഗത്തിൽ എൻ. കുമാരനാശാൻ ചെയ്ത നിവേദനം]

Digitized By Kerala Sahitya Akademi

നിവേദനം IV

സ്കൂൾ പ്രവേശം

സ്കൂൾ പ്രവേശം സംബന്ധമായ എന്റെ നിവേദനം ആരംഭിക്കുന്നതിനു മുമ്പിൽ കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ഞാനും മറ്റു ഈഴവമെമ്പർമാരും ചെയ്ത നിവേദനങ്ങളേയും അപേക്ഷകളേയും സദയം പര്യാലോചിച്ചു സ്ഥലം സർക്കാർ ആയുർവേദപാഠശാലയിൽ മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽ എല്ലാവർഗ്ഗക്കാർക്കും ഇപ്പോൾ പ്രവേശം അനുവദിച്ചു് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നതിൽ ഗവർമ്മെൻറിന്റെ നേരെക്കുള്ള വലുതായ കൃതജ്ഞതയെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ ദീർഘകാലമായുള്ള സങ്കടത്തെ പരിഹരിക്കുന്നതിനു് ഇടയായതു് ഒരു മലയാളിയായ അവിടുന്നു ദിവാൻ പദത്തെ അലങ്കരിച്ചപ്പോഴാണെന്നുള്ളതു് പ്രത്യേകം സ്മരിക്കത്തക്കതും അതിൽ ഞങ്ങൾക്കും പ്രത്യേകം ചാരിതാർത്ഥ്യമുള്ളതുമാകുന്നു. ആയുർവേദപാഠശാല പൂർവാചാര പ്രിയൻമാരായ അധികൃതന്മാരുടെ കീഴിൽ ഒരു പരിശുദ്ധസ്ഥാപനമായി വച്ചുനടത്തിവരുന്നതും എല്ലാവർഗ്ഗക്കാർക്കും പ്രവേശനം അനുവദിപ്പാൻ അവർ വളരെ വൈമനസ്യം കാണിച്ചുവന്നിരുന്നതുമാകുന്നു. അതുകൊണ്ടു് ഇതിൽ ഇപ്പോൾ പ്രവേശം അനുവദിച്ചതു് ഗവർമ്മെൻറിനു് പ്രതിനിധികളുടെ ന്യായമായ നിവേദനങ്ങളിലുള്ള ശ്രദ്ധയേയും ന്യായമായ സംഗതികളെ ചുണ്ടിക്കാണിച്ചു് ബോദ്ധ്യപ്പെട്ടാൽ ഉടൻ അതിനെ നടപ്പിൽ വരുത്തുന്നതിനുള്ള സന്നദ്ധതയേയും സർവോപരി നാനാവർഗ്ഗക്കാരായ പ്രജകളുടെ വിദ്യാഭ്യാസ വിഷയത്തിൽ ഗവർമ്മെൻറു സ്വീകരിച്ചിരിക്കുന്ന പരിഷ്കൃത നയത്തേയും സ്പഷ്ടമായി വിളിച്ചുപറയുന്നതാകുന്നു. അതുകൊണ്ടു് ആ ഉത്തരവിനായി വീണ്ടും ഗവർമ്മെൻറിനു നന്ദിപറഞ്ഞുകൊള്ളുന്നു.

ആയുർവേദപാഠശാലയെ എല്ലാ വർഗ്ഗക്കാർക്കും പ്രവേശ്യമാക്കിയതു് കൊണ്ടു നിശ്ചയമായും ആ സ്ഥാപനത്തിന്റെ പ്രചാരം വർദ്ധിക്കുന്നതാണു്. അതുകൊണ്ടു് ഇനി ഗവർമ്മെൻറു നോക്കേണ്ടതു് അതിന്റെ പ്രയോജനത്തെക്കൂടി വർദ്ധിപ്പിപ്പാനാണു്. ഇപ്പോൾ ഈ പാഠശാലയിൽ 5 വർഷത്തെ കോഴ്സാണുള്ളതു്. പാശ്ചാത്യ വൈദ്യ വിദ്യാഭ്യാസത്തിനുതന്നെ ഇതിനെക്കാൾ നീണ്ട കാലാവധി യൂണിവേർസിറ്റികളിൽ നിശ്ചയിച്ചിട്ടില്ല. എന്നാൽ ഇത്രയും കാലം നമ്മുടെ ആയുർവേദവിദ്യാർത്ഥികൾ ഈ പാഠശാലയിൽ ആയുർവേദഗ്രന്ഥങ്ങളെ ഉരുവിട്ടുപഠിക്കുക മാത്രമാണുചെയ്യുന്നതു്. പ്രായോഗികമായി ശരീരശാസ്ത്രം സംബന്ധിച്ചോ അവയവ വിജ്ഞാന ശാസ്ത്രം സംബന്ധിച്ചോ, ശല്യശാസ്ത്രം സംബന്ധിച്ചോ അവർക്കുള്ള അറിവു് തീരെ തുച്ഛവും അപരിഷ്കൃതവുമാണു്. ദ്രവ്യവിജ്ഞാനം ഉദ്ഭിജ്ജവിജ്ഞാനം മുതലായ വിഷയ

Digitized By Kerala Sahitya Akademi

ങ്ങളിൽ തന്നെ ഇവർക്ക് ഇപ്പോഴും കിട്ടുന്ന വിവരങ്ങളും ഒട്ടും തൃപ്തികരമായിട്ടുള്ളവയല്ല. ഔഷധങ്ങളെ പാകം ചെയ്യുകയോ രോഗനിർണ്ണയം ചെയ്യുകയോ ഔഷധം നിശ്ചയിക്കുകയോ ചെയ്യുന്ന വിഷയത്തിൽ അവശ്യമുണ്ടായിരിക്കേണ്ട കണ്ടുപഴക്കവും പരിചയവും ഇവർക്ക് ഒരിക്കലും ലഭിക്കുന്നില്ല. ഈ മാതിരി പലന്യൂനതകളാൽ ഇവരുടെ ഈ ദീർഘകാലത്തെ അഭ്യാസം മിക്കവാറും വിഫലമായിത്തീരുന്നു. ഇതുകൊണ്ടാണ് ഈയിടെ പലരും ആര്യവൈദ്യത്തെ സ്ഥാനത്തിലും അസ്ഥാനത്തിലും ആക്ഷേപിച്ചുതുടങ്ങിയിരിക്കുന്നത്. ആര്യവൈദ്യം ഒരു ഉൽക്കൃഷ്ടമായ ശാസ്ത്രവും, അനുഭവം കൊണ്ടു നമുക്ക് അപലപിപ്പാൻ പാടില്ലാത്തവണ്ണം ഉപയുക്തമായിത്തീർന്നിട്ടുള്ളതും അതിനെ നിലനിർത്തുകയും പ്രചാരപ്പെടുത്തുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നത് നമ്മുടെ മുറയും, അതുനമുക്ക് ഏറ്റവും അഭിമാനകരമായിട്ടുള്ളതും ആകുന്നു. അതുകൊണ്ട് ഈ വിദ്യാലയത്തിലെ പാഠക്രമത്തിൽ കാലോചിതമായ പരിഷ്കാരം വരുത്താൻകൂടി ഗവൺമെൻറു ദൃഷ്ടിവയ്ക്കേണ്ടതു് അത്യാവശ്യമാകുന്നു. ഈ സ്ഥാപനത്തെ പാശ്ചാത്യ പൌരസ്ത്യ വൈദ്യവിദ്യകളിൽ രണ്ടിലും പാണ്ഡിത്യമുള്ള ഒരു മേലധികാരിയുടെ കീഴിൽവച്ച് വേണ്ടവ്യവസ്ഥകൾ ഏർപ്പെടുത്തി നടത്തുന്നതായാൽ ഈ ന്യൂനതകൾ എല്ലാം പരിഹരിക്കപ്പെടുന്നതും ഇതുകൊണ്ടു നാം ഇപ്പോൾ വിചാരിക്കുന്നതിൽ തുലോം അധികം ഗുണം ജനങ്ങൾക്കതിൽ നിന്നു ലഭിപ്പാൻ ഇടവരുന്നതുമാണ്. അങ്ങിനെ ഒരു മേലധികാരിയെ തിരഞ്ഞെടുപ്പാൻ ഗവൺമെൻറുവിചാരിച്ചാൽ അസാദ്ധ്യമായി വരുന്നതുമല്ല. ആ യോഗ്യതയുള്ളവർ നമ്മുടെ ഇടയിൽ അധികമില്ലെന്നുള്ളതു് സത്യമാണെങ്കിലും തീരെ ഇല്ലെന്നു പറഞ്ഞുകൂടാ. ഇതു് പ്രത്യേകം ഗവർമ്മെൻറു ശ്രദ്ധിക്കേണ്ടവിഷയമാകുന്നു.

ഇനി സംസ്കൃത പാഠശാലയിൽ ഇപ്പോഴും ഈഴവരേയും മറ്റു പിന്നോക്കം നില്ക്കുന്ന മറ്റു വർഗ്ഗക്കാരേയും പ്രവേശിപ്പിക്കാത്തതിനെപ്പറ്റിയാണ് ഒരു വാക്കു പറവാനുള്ളതു്. ഈ പാഠശാലയെ ഇപ്പോൾ പരിഷ്കരിച്ച് ഒരു കാളേജാക്കിയിരിക്കുന്നതായറിയുന്നതിൽ സന്തോഷിക്കുന്നു. സംസ്കൃതഭാഷ അഭിമാനത്തിനു വേണ്ടി മാത്രമല്ല ആവശ്യത്തിനായും പലർക്കും പഠിക്കേണ്ട ഒരു വിഷയമാണ്. ഇതിനെ സംബന്ധിച്ച് മുന്നവസരങ്ങളിൽ ഞാൻ വളരെ വിസ്തരിച്ച് ഈ സന്നിധിയിൽ പ്രസ്താവിച്ചിട്ടുണ്ട്. സംസ്കൃത മുൻഷിമാരുടെ ആവശ്യകത തന്നെ നമ്മുടെ വിദ്യാലയങ്ങളിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആ വേലയിൽ പ്രവേശിച്ച് പലർക്കും മാനമായി കാലയാപനം ചെയ്വാൻ സംസ്കൃത വിദ്യാഭ്യാസം ഇപ്പോഴും ഉപകരിക്കും. ആയുർവേദ പാഠശാലയിൽ പ്രവേശം കിട്ടാൻ തന്നെ സംസ്കൃതജ്ഞാനം ആവശ്യമാണ്. ആ സ്ഥിതിക്കും സംസ്കൃത കാളേജിൽ എല്ലാവർക്കും പ്രവേശം അനുവദിക്കുന്നതു് ഉചിതമാകുന്നു. ഇതിനെപ്പറ്റി ഇനിയെങ്കിലും ഗവണ്മെൻറു ദയാപൂർവം പര്യാലോചിച്ച് സർക്കാർ സംസ്കൃത കാളേജിലും ഈഴവർ മുതലായവർക്കു പ്രവേശം ലഭിപ്പാൻ വേണ്ടതു് ഉടനെ ചെയ്യുമെന്നു വിശ്വസിക്കുകയും അതിനായി വിനയപൂർവം അപേക്ഷിച്ചുകൊള്ളുകയും ചെയ്യുന്നു.

ഇനി എലിമെൻററി സ്കൂളുകളിൽ പലതിലും ഇപ്പോഴും ഈഴവപ്പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രവേശംഇല്ലെന്നുള്ള സങ്കടത്തെപ്പറ്റിയാണ് ഏതനിക്കിറ

Digitized By Kerala Sahitya Akademi

വിക്കേണ്ടിയിരിക്കുന്നതു്. ഇതിനെപ്പറ്റി ചിലർക്കു് അത്ഭുതം തോന്നാം. ഈഴവർക്കു പ്രവേശമില്ലാത്ത എലിമെൻറി സ്കൂളുകൾ ഇപ്പോൾ ഏതെങ്കിലും ഉണ്ടോ എന്നും നിങ്ങൾ എന്താണു് ഈ വിഷയത്തെപ്പറ്റി പ്രസംഗിപ്പാൻ വിചാരിക്കുന്നതെന്നും എന്നോടു പല സ്നേഹിതന്മാരും ഇവിടെയുള്ള മാന്യമെമ്പറന്മാരിൽ പലരും ഇക്കുറി ചോദിക്കയുണ്ടായി. ഇവിടങ്ങളിലുള്ള എന്റെ സ്വജാതിക്കാരിൽ തന്നെ പലരും ഈ ചോദ്യം എന്നോടു ചോദിച്ചിട്ടുണ്ടു്. (ദിവാൻജി: ''എനിക്കും അതു സംശയമാണു്. അങ്ങിനെ ഏതെങ്കിലും സ്കൂളുകളിൽ നിങ്ങളുടെ കുട്ടികൾക്കു് പ്രവേശമില്ലാതിരിക്കുന്നുണ്ടോ?'') ദക്ഷിണ തിരുവിതാംകൂറിൽ പറയത്തക്കവണ്ണമൊന്നുമില്ല. എന്നാൽ കൊല്ലം മുതൽ വടക്കോട്ടു പ്രവേശമില്ലാത്ത സ്കൂളുകൾ ഇപ്പോഴും ധാരാളമുണ്ടു്. ഇവയിൽ ചിലതിനെപ്പറ്റി ഞാൻ കഴിഞ്ഞകുറി പ്രസ്താവിക്കുകയും അതിനെ ഗൌനിച്ചു് നിഷ്കർഷമായി ഡിപ്പാർട്ടുമെൻറിലേക്കു് ഉത്തരവയയ്ക്കുന്നതാണെന്നു് ദിവാൻജി അവർകൾ മറുപടി പറകയും ചെയ്തിരുന്നു. അമ്പലപ്പുഴ താലൂക്കിൽ എത്രയാനും സ്കൂളുകളിൽ അതിനശേഷം ഡിപ്പാർട്ടുമെൻറിന്റെ നിർബന്ധമായ ഉത്തരവുകൾ മൂലം പ്രവേശം കിട്ടുകയും ചെയ്തിട്ടുണ്ടു്. അതിന്നായി ഡിപ്പാർട്ടുമെൻറു മേലധികാരികളോടുള്ള കൃതജ്ഞതയെ പ്രത്യേകം അറിവിച്ചുകൊള്ളുന്നു.

ചേർത്തല മുതലായ താലൂക്കുകളിൽ ഇപ്പോഴും പ്രവേശമില്ലാത്ത എത്രയാനി സ്കൂളുകളെ പറയാം

ലിസ്റ്റു്

ചേർത്തല

1. തണ്ണീർമുക്കം, എൽ. ജി. ഇ. പെൺപള്ളിക്കൂടം
2. വയലാർ പ്രവൃത്തി പള്ളിക്കൂടം
3. വയലാർ ഉഴവമുറിയിൽ ഉള്ള പെൺപള്ളിക്കൂടം
4. വയലാർ കൊട്ടാരം, എൽ. ജി. ഇ. സ്കൂൾ
5. കോടംതുരുത്തു്, എൽ. ജി. ഇ. സ്കൂൾ
6. എരമല്ലൂർ എച്ചു്. ജി. ഇ. സ്കൂൾ
7. കുത്തിയതോടു് എൽ. ജി. ഇ. സ്കൂൾ
8. എഴുപുന്നം ,,
9. ആര്യാട്ടു് ,,
10. ചേർത്തല പെൺപള്ളിക്കൂടം

വൈക്കം

11. വൈക്കം എലിമെൻറി ആൺപള്ളിക്കൂടം
12. ,, ,, പെൺപള്ളിക്കൂടം
13. പാണാവള്ളി തുപ്പാറുകളം എൽ. ജി. ഇ. ആൺപള്ളിക്കൂടം
14. ,, ,, പെൺപള്ളിക്കൂടം
15. നീരേറ്റുപുറത്തു് ആനപ്രാമ്പായിൽ വടക്കേ മുറി ഗ്രാൻറു് സ്കൂൾ

Digitized By Kerala Sahitya Akademi

അമ്പലപ്പുഴ

16. തലവടി തെക്കേ മുറിയിൽ എൽ. ജി. ഇ. സ്കൂൾ

തിരുവല്ല

17. ,, സ്കൂളിനടുത്തുള്ള പെൺപള്ളിക്കൂടം

ചെങ്ങന്നൂർ

18. ചെങ്ങന്നൂർ ഇടനാട് എൽ. ജി. ഇ. സ്കൂൾ
19. ആറന്മുള എൽ. ജി. ഇ. പെൺപള്ളിക്കൂടം
20. ഓമല്ലൂർ പെൺപള്ളിക്കൂടം
21. പന്തളം തട്ടയിൽ എൽ. ജി. ഇ. സ്കൂൾ

മാവേലിക്കര

22. ഉളുവത്ത പെൺപള്ളിക്കൂടം
23. ഭഗവതി പ്പടിക്കൽ എൽ. ജി. ഇ. പെൺപള്ളിക്കൂടം
24. കുമാരപുരം എൽ. ജി. ഇ. സ്കൂൾ
25. നൂറനാട് പ്രവൃത്തി, കടശ്ശനാട് മുറിയിൽ തെറിക്കഴി എൽ. ജി. ഇ. സ്കൂൾ

കാർത്തികപ്പള്ളി

26. കായംകുളം പുതിയേടത്തു് ആൺപള്ളിക്കൂടം
27. അരിപ്പാട്ടു് എച്ചു്. ജി. ഇ. സ്കൂൾ

ലിസ്റ്റിൽ കാണുന്ന പത്തു സ്കൂളുകളും ചേർത്തല താലൂക്കിലാണു്. തണ്ണീർമുക്കം ആൺപള്ളിക്കൂടം ഈഴവരുടെ ചിലവിൽ ഉണ്ടാക്കിയതാണു്. 87–ാമാണ്ടു വരെ അവരുടെ പെൺകുട്ടികളെ അതിൽ പഠിപ്പിച്ചു വന്നു. അതിനുശേഷം ഗവൺമെന്റ് സ്കൂൾ (സ്കൂൾ നമ്പർ 1) പ്രത്യേകം ഏർപ്പെട്ടപ്പോൾ ആൺപള്ളിക്കൂടത്തിൽ അവരുടെ പ്രവേശം തടയുകയും പെൺപള്ളിക്കൂടത്തിൽ അവരെ അനുവദിക്കാതാകയും ചെയ്തു. അതുകൊണ്ടു് ഈഴവപ്പെൺകുട്ടികൾക്കു പഠിപ്പാൻ ഇപ്പോൾ യാതൊരു വഴിയുമില്ല. ഈ മാതിരി സങ്കടങ്ങൾ ഈഴവപ്പെൺകുട്ടികളുടെ വിഷയത്തിൽ പലപ്പോഴും പലേടത്തും ഉണ്ടാകുന്നു. ഇതുകൊണ്ടാണു് ഞങ്ങളുടെ വർഗ്ഗത്തിൽ വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ സംഖ്യ ഏറ്റവും കുറഞ്ഞു കാണുന്നതു്. നൂറിനു് ഒന്നിൽ ചിലപ്പോൾ സ്ത്രീകളേ ഈഴവരിൽ എഴുതാനും വായിക്കാനും അറിയുന്നവരായുള്ളു. പുരുഷന്മാർ നൂറിനു 18– ൽ അധികമുണ്ടു്. ആകെ ഈഴവരിൽ വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ നൂറിനു 10 ൽ ചിലപ്പോൾ മാത്രമാണു്. സ്ത്രീകളാണു് ആകെ ഈ സംഖ്യയെ ഇത്ര കുറച്ചു കളയുന്നതു്. ഇനിയും അവരുടെ വിദ്യാഭ്യാസ സൗകര്യത്തെ തടഞ്ഞാൽ കഷ്ടമാണു്. തണ്ണീർമുക്കം സ്കൂളിനെപ്പറ്റി സ്ഥലത്തെ ഈഴവർ ഡയറക്ടർക്കും ഇൻസ്പെക്ടർസ്സിനും നേരിട്ടു ഹർജികളും ബോധിപ്പിച്ചിട്ടുണ്ടു്.

വയലാറു പ്രവൃത്തി പള്ളിക്കൂടം പട്ടണക്കാട്ടു ക്ഷേത്രത്തിൽ നിന്നു് വളരെ അകലെയാണു്. സ്കൂൾ ഇരിക്കുന്ന സ്ഥലത്തു് ഈഴവർ പോകുന്നതിനു് ക്ഷേത്ര

Digitized By Kerala Sahitya Akademi

സംബന്ധമായ തടസ്സം ഒരുകാലത്തും ഉണ്ടായിട്ടില്ല. എങ്കിലും അവരെ സ്കൂളിൽ പ്രവേശിപ്പിക്കുന്നില്ല. സ്കൂൾ മാറ്റി സ്ഥാപിപ്പാനായി വേറൊരു സ്ഥലം എടുത്തിട്ട് 3 കൊല്ലമായി. ആ ഭൂമിക്ക് ഈഴവരെക്കൊണ്ടാണ് വിലകൊടുപ്പിച്ചിട്ടുള്ളതു്. ഇനിയും സ്കൂൾ പണി ആരംഭിച്ചിട്ടില്ല. ഈഴവർ എത്രകാലം കാത്തിരിക്കണമെന്നും അറിയുന്നില്ല. കാലങ്ങൾ പോകുന്തോറും കുട്ടികൾക്ക് വയസ്സേറിപ്പോകുന്നു. പഠിക്കേണ്ട പെൺകുട്ടികൾ പ്രായം കഴിഞ്ഞു അമ്മമാരും ആൺകുട്ടികൾ പിതാക്കന്മാരുമായിത്തീരുന്നു. അതുകൊണ്ടു വീണ്ടും ഒരു തലമുറകൂടി ഈഴവർക്ക് വിദ്യാഭ്യാസമില്ലാതാകുന്നു. ചേർത്തലയുള്ള മാറ്റു സ്കൂളുകളിലും ഉള്ള തടസ്സങ്ങൾ ഇതൊക്കെത്തന്നെയാണ്. ഉയർന്ന വർഗ്ഗക്കാരിൽ വല്ലവരും വിവരമില്ലാതെയോ സ്പർദ്ധ നിമിത്തമോ കണ്ണുപൂട്ടി പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഒരു വിരുദ്ധാഭിപ്രായത്തെ അടിസ്ഥാനമാക്കി പ്രജകളിൽ ഗണ്യമായ ഒരു വർഗ്ഗത്തിന്റെ വിദ്യാഭ്യാസസൌകര്യത്തെ തടഞ്ഞുവച്ച് അവരെ കഷ്ടപ്പെടുത്തുന്നതു് എത്ര സങ്കടകരമായ സംഗതിയാണെന്നു് പറഞ്ഞറിയിപ്പാൻ പ്രയാസം. ചേർത്തല തിരുവിതാംകൂറിൽ മുതലെടുപ്പു കൊണ്ടും വിസ്താരം കൊണ്ടും ഏറ്റവും വലിയ ഒരു താലൂക്കാണ്. ആ താലൂക്കിലെ പ്രജകളിൽ ഏറ്റവും വലിയഭാഗം ഈഴവരാകുന്നു. അവർ മൂന്നിരുതിക്കു പുറമേ വ്യവസായങ്ങളിൽ ഏർപ്പെട്ടും മറ്റു വർഗ്ഗക്കാരെക്കാളും അധികം ധനം ഗവർമ്മെൻറിന്റെ ഭണ്ഡാരത്തിൽ അടയ്ക്കുന്നു. ചേർത്തല അറുപത്തിമൂവായിരത്തിൽപരം ഈഴവരുണ്ടു്. നായന്മാർ തന്നെ പതിനെണ്ണായിരത്തിൽ ചില്വാനം മാത്രമേയുള്ളൂ. അതുകൊണ്ടു് ഈ താലൂക്കിലെ അവരുടെ വിദ്യാഭ്യാസ സംബന്ധമായ സങ്കടങ്ങളിൽ ഇനിയെങ്കിലും ഗവർമ്മെൻറു പ്രത്യേകം ദൃഷ്ടിവച്ച് നിവൃത്തിയുണ്ടാക്കുമെന്നു വിശ്വസിക്കുന്നു.

വൈക്കം താലൂക്കിൽ ചുണ്ടിക്കാണിച്ചിട്ടുള്ള സ്കൂളുകളിൽ വൈക്കത്തുതന്നെയുള്ള ആൺ പെൺ പള്ളിക്കൂടങ്ങൾ രണ്ടും ഈഴവർ മുൻപു നടന്നുവന്നിരുന്ന റോഡിന്റെ വക്കിലാണിരിക്കുന്നതു്. ഏതാനും കൊല്ലങ്ങൾക്കു മുൻപു് അവിടെ റവന്യൂ അധികൃതന്മാരിൽ ആരോ ഒരു പലക കൊണ്ടുവന്നു തുക്കി ഈഴവർക്കും മറ്റും അതുവഴി പോവാൻ പാടില്ലെന്നു് എഴുതിവച്ചു എന്നുള്ള തടസ്സമാണ് പരമാർത്ഥത്തിൽ ഇപ്പോഴുള്ളതു്. അതുകൊണ്ടു് ആ പലക അവിടെ നിന്നു് എടുത്തുകളഞ്ഞാൽ ഈഴവർക്കു പഴയപോലെ ആ റോഡിൽക്കൂടി സഞ്ചരിക്കുകയും ആ സ്കൂളുകളിൽ കടന്നുപഠിക്കുകയും ചെയ്യാവുന്നതാണു്. സ്കൂളുകൾ മാറ്റി സ്ഥാപിക്കുകയോ പുത്തനായി നിർമ്മിക്കയോ ചെയ്യുന്നതിനെക്കാൾ ഇതു് എല്ലാംകൊണ്ടും സുകരമാണെന്നു പറയേണ്ടതില്ലല്ലോ.

പലകയെപ്പറ്റി പറയുമ്പോൾ ഒരു സംഗതികൂടി ഓർമ്മയിൽ വരുന്നു. അതിനെ സംബന്ധിച്ചു് ഒരു വാക്കുകൂടി പറവാൻ അനുവാദം അപേക്ഷിച്ചുകൊള്ളുന്നു. തിരുവിതാംകൂറിന്റെ മദ്ധ്യോത്തരഭാഗങ്ങളിൽ പല പ്രധാന സ്ഥലങ്ങളിലും ഇത്തരം പലകകൾ നിൽക്കുന്നതു കണ്ടിട്ടുണ്ടു്. ആ സ്ഥലങ്ങളിലും ഈഴവർ അവ നിമിത്തം അധികം സങ്കടങ്ങളും അനാവശ്യമായ ബുദ്ധിമുട്ടുകളും അനുഭവിക്കുകയും ചെയ്യുന്നുണ്ടു്. ഈ പലകകൾ ഒക്കെ പുത്തനാണു്. അതുകൊണ്ടു് അടുത്ത കാലങ്ങളിൽ തന്നെ ഈഴവർ നടന്നുകൊണ്ടിരുന്ന വഴികളെ അടപ്പാനായി മനഃപൂർവം നാട്ടിയിരിക്കുന്നവയാണെന്നു് കണ്ടാൽ തന്നെ ഒരുവിധം അറി

Digitized By Kerala Sahitya Akademi

യാം. നടക്കപതിവില്ലാതിരുന്ന വഴികളെ രസ്യം കൊണ്ടു നിഷേധിക്കേണ്ട ആവശ്യകതയില്ലല്ലോ. തടഞ്ഞിരിക്കുന്ന വഴികളും മിക്കതും തട്ടക്കാപ്പെട്ട വർഗ്ഗക്കാർ ഗതാഗതം ചെയ്യുവന്നിരുന്നതാണ്. ഇങ്ങനെ ജനങ്ങളുടെ സ്വാതന്ത്ര്യത്തെ തടുപ്പാൻ വിചാര ശൂന്യമായി പ്രവർത്തിക്കുന്നതു പരിഷ്കൃത രീതിയിൽ വിദ്യാഭ്യാസം ചെയ്ത ഉദ്യോഗസ്ഥരാണെന്നുള്ളതോർക്കുമ്പോൾ വലിയ നൈരാശ്യം തോന്നുന്നു. അവിടുന്നു മേലാൽ സർക്കീട്ടു ചെയ്യുമ്പോൾ ഈ മാതിരി നോട്ടീസ് പലകകളെപ്പറ്റി ദയചെയ്തു ഒന്നു് അന്വേഷിക്കുകയും സാധ്യമായ സ്ഥലങ്ങളിൽ നിന്നൊക്കെ അവയെ മാറ്റിക്കളവാൻ ആജ്ഞാപിക്കുകയും ചെയ്താൽ അതു വലിയൊരു പുണ്യമായിരിക്കുമെന്നു താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

വൈക്കം താലൂക്കിലെ ഈഴവരുടെ വിദ്യാഭ്യാസ തടസ്സത്തെ ഗവർമ്മെൻറ് വളരെ സാരമായി വിചാരിക്കേണ്ടതാകുന്നു. ആ താലൂക്കിലും അവരുടെ ജന സംഖ്യ വളരെ വലുതായിട്ടുള്ളതാണ്. മുപ്പത്തെണ്ണായിരത്തിൽ പരം ഈഴവർ അവിടെ കുടി പാർക്കുന്നു. നായന്മാർ തന്നെ പതിനെണ്ണായിരത്തിൽ ചിലമാനമേയുള്ളു. സങ്കടക്കാരുടെ ബാഹുല്യം സങ്കടത്തിന്റെ ഭാരത്തെ കാണിക്കുമെന്നുള്ളതു് പ്രത്യാഖ്യാനിപ്പാൻ പാടില്ലാത്ത വസ്തുതയാണല്ലൊ.

ലിസ്റ്റിൽ അടങ്ങിയ മറ്റു് ഓരോ സ്കൂളുകളേയും പറ്റി വിസ്തരിച്ചു പറവാൻ സമയമില്ല. അവയിൽ ചിലതിൽ പറയുന്ന തടസ്സങ്ങളും വളരെ നേരമ്പോക്കുള്ളവയാണ്. സ്കൂളിൽ നിന്നു കൊണ്ടു നോക്കിയാൽ ദൂരത്തു് ഒരു കാവു കാണാം എന്നും ഒരു അമ്പലം കാണാം എന്നും മറ്റുമുള്ള തടസ്സങ്ങളും കൂടിയുമുണ്ടു്. ചില സ്കൂളും വെറും നിർജ്ജന പ്രദേശത്താണിരിക്കുന്നതു് എന്നുള്ള വസ്തുതയും അറിവ് ചെയ്തുകൊള്ളുന്നു. കാർത്തികപ്പള്ളിയിൽ അരിപ്പാടു് ഗവൺമെൻറ് സ്കൂളും അമ്പലത്തിന്റെ സമീപമായിരുന്നതിനാൽ ഈഴവർക്കും മറ്റും പ്രവേശ്യമല്ലെന്നുള്ള കാരണത്താൽ ഈഴവർ സങ്കടം പറഞ്ഞതിനാലുമാണ് മാറ്റി ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തു സ്ഥാപിച്ചതു്. ഗവൺമെൻറു് ഇതിനായി 22000 രൂപയ്ക്കു മേൽ ചെലവാക്കീട്ടുണ്ടു്. എന്നാൽ മാറ്റി സ്ഥാപിച്ച സ്ഥലത്തിനു സമീപം ഒരു കാവിരിക്കുന്നുവെന്നും പറഞ്ഞു വീണ്ടും വൈദികന്മാർ മുഖേന വഴക്കാരംഭിക്കുന്നതായും ഈഴവപ്പെൺകുട്ടികളെ ഇപ്പോഴും അതിൽ കയറുന്നില്ലെന്നും അറിയിക്കാൻ ഇടയാകുന്നതിൽ വ്യസനിക്കുന്നു. (ദിവാൻജി: ''സർക്കീട്ടിൽ അവിടെ പോകുമ്പോൾ ഞാൻ അതിനെപ്പറ്റി അന്വേഷിച്ചു് ഈഴവപ്പെൺകുട്ടികൾക്കു് അതിൽ കയറി പഠിക്കാൻ അനുവാദം കൊടുക്കുന്നതാണു്,) അവിടുന്നു് അതിനെപ്പറ്റി ചെയ്ത ദയയേറിയ അന്വേഷണത്തിനും ഈ വാഗ്ദാനത്തിനുമായി ഹൃദയപൂർവം നന്ദിപറഞ്ഞു കൊള്ളുന്നു. എന്റെ ഈ വിഷയത്തിലുള്ള നിവേദനത്തെ അവസാനിപ്പിക്കുന്നതിനു മുമ്പു് ഒടുവിൽ പറഞ്ഞ ഗവൺമെൻറ് സ്കൂളിനെപ്പറ്റി നടന്ന എഴുത്തുകുത്തിൽ കാണുന്ന ഒരു പദപ്രയോഗത്തെപ്പറ്റി ഒരു വാക്കു ബോധിപ്പിപ്പാൻ അനുവാദം ചോദിച്ചുകൊള്ളുന്നു. എന്റെ കൈയിൽ ഇരിക്കുന്ന ഈ എൻഡോർസുമെൻറിൽ ഈഴവരെപ്പറ്റി ഒരു പള്ളിക്കൂടം അധികൃതർ (ഞാൻ പേരുപറയുന്നില്ല) 'താണജാതിക്കാർ' എന്നു് ഉപയോഗിച്ചിരിക്കുന്നു. ഇതു് അഭിമാനകരമായ ഒരു വിശേഷണപദമല്ലെന്നു പറയേണ്ടതില്ലല്ലോ. മനുഷ്യരുടെ ഇടയിൽ ആത്മാഭിമാനത്തെ വർദ്ധിപ്പിക്കുകയും ആ ഉൽകൃഷ്ടഗുണത്തെ പരിപാലിക്കുകയും ചെയ്യുന്നതാണു

Digitized By Kerala Sahitya Akademi

വിദ്യാഭ്യാസത്തിന്റെ മുഖ്യമായ ഉദ്ദേശ്യങ്ങളിൽ ഒന്നു്. അതൊന്നില്ലെങ്കിൽ മറെ ല്ലാ സദ്ഗുണങ്ങളും നിഷ്പ്രയോജനവുമാണു്. വിദ്യാഭ്യാസവും മനഃപരി ഷ്കാരവും സിദ്ധിച്ചിട്ടുള്ള ഒരാളും മറൊരു സമസൃഷ്ടിയെ നോക്കി താണവ നെന്നോ താണവളെന്നോ വിളിക്കാൻ ധൈര്യപ്പെടുക സഹജമല്ലല്ലോ. പിന്നെ പബ്ളിക് എഴുത്തുകുത്തുകളിൽ ഈ മാതിരി പദങ്ങൾ ഉപയോഗിക്കാൻ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ തന്നെ തുനിഞ്ഞു കാണുന്നതു കഷ്ടമാണു്. മാന്യനായ ആലുംമൂട്ടിൽ ചാന്നാരുടെ അനന്തരവനായ വിദ്യാഭ്യാസം ചെയ്തി ട്ടുള്ള ഒരു യോഗ്യനു നൽകിയ ഒരു എൻഡോർസുമെൻറിലാണു് ഈ പദം പ്രയോ ഗിച്ചിരിക്കുന്നതെന്നുള്ളതും പ്രസ്താവയോഗ്യമാണു്. ഈഴവരെപ്പറ്റി അവരുടെ ജാതിപ്പേരുതന്നെ പറഞ്ഞാൽ ധാരാളം മനസ്സിലാകുമെന്നിരിക്കുമ്പോൾ ഈ പ്രതിപദം ഉപയോഗിക്കുന്നതു് വ്യർത്ഥവുമാണു്. നിഷ്പ്രയോജനവും സദാചാരവിരു ദ്ധവുമായ ഈമാതിരി നടപടി മേലാലെങ്കിലും ഗവർമ്മെൻറു് തടയണമെ ന്നെന്നു വിനയപൂർവം അപേക്ഷിച്ചുകൊള്ളുന്നു.

ഞാൻ മേൽ ചൂണ്ടിക്കാണിച്ചതും അല്പാത്മകത്വമായി എന്റെ വർഗ്ഗക്കാർക്കു പ്രവേശം ഇപ്പോഴില്ലാത്ത സ്കൂളുകളെപ്പറ്റി ഗവർമ്മെൻറു് ഡിപ്പാർട്ടുമെൻറു മുഖേന അന്വേഷിച്ചു് ഒരു പൂർണ്ണമായ ലിസ്റ്റു് തയാറാക്കുകയും പ്രവേശ്യം എന്നു കാണുന്നവയിൽ എല്ലാം അടുത്ത സ്കൂൾ വർഷാരംഭത്തോടുകൂടിത്തന്നെ പ്രവേശം കിട്ടത്തക്കവണ്ണം നിർബ്ബന്ധമായി ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യണ മെന്നും താഴ്മയായി അപേക്ഷിച്ചുകൊണ്ടു് വിരമിച്ചുകൊള്ളുന്നു.

ഈഴവർക്കു സർക്കാരുദ്യോഗ ലാഭവിഷയത്തിലുള്ള സങ്കടങ്ങൾ

കഴിഞ്ഞ ആണ്ടുകളിൽ ഈ വിഷയത്തിൽ ഈഴവർക്കുള്ള സങ്കടങ്ങളെപ്പറ്റി കണക്കുകളെ അടിസ്ഥാനമാക്കിയാണു നിവേദനം ചെയ്തിരുന്നതു്. ഈ മാതിരി വിഷയങ്ങളിൽ കണക്കുകൊണ്ടു് താരതമ്യപരീക്ഷ ചെയ്യുന്നതു് എത്ര പ്രയോജനകരമായ സംഗതിയാണെന്നു പറയേണ്ടതില്ലല്ലോ. അതു സഭയുടെ സമയത്തെ അനാവശ്യമായി വ്യയം ചെയ്യാതിരിക്കുന്നതിനും അനാവശ്യമായോ വഴിതെറ്റിയോ ഉള്ള വാദങ്ങളെക്കൊണ്ടും അത്യുക്തികൊണ്ടും അധികാരികളെ മുഷിപ്പിക്കാതിരിക്കുന്നതിനും വിശേഷിച്ചും ഉപയുക്തമായിരിക്കുന്നതാണു്. അതുകൊണ്ടു മുൻകൊല്ലങ്ങളിൽ തിരുവിതാംകൂർ സർക്കാർ ഉദ്യോഗങ്ങൾ ലഭിക്കു ന്നതിനും മറ്റു പ്രധാന വർഗ്ഗക്കാരുടെയും ഈഴവരുടെയും കണക്കു സഭാദിവസ ത്തിനു മുമ്പു തരുന്നതിനായി ഞാൻ അപേക്ഷിക്കുകയും ഗവർമ്മെൻറു് അതു തരികയും ചെയ്തുവന്നിരുന്നു. പതിവുപോലെ ഇക്കൊല്ലവും ഞാൻ അതിന്നായി അപേക്ഷിച്ചു. ആ അപേക്ഷയ്ക്കു് (ദിവാൻജിയോടായിട്ടു്) അവിടുന്നു വാക്കാൽ ചില സമാധാനങ്ങൾ പറഞ്ഞതല്ലാതെ രേഖാമൂലമായ ഒരു മറുപടിപോലും തന്നിട്ടില്ലെന്നുള്ള വസ്തുത വ്യസനപൂർവം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. (ദിവാൻജി : ''അങ്ങിനെ കൊടുക്കാൻ പ്രയാസമാണു്. അധികം പ്രതിനിധി

Digitized By Kerala Sahitya Akademi

കാം ഉണ്ട്. എല്ലാവരും ഓരോ വിവരങ്ങളുംക്കു് ഇങ്ങനെ ആവശ്യപ്പെട്ടാൽ ഹജൂർ ആഫീസിൽനിന്നു് അതെല്ലാം കൊടുത്തു എന്നു വരുന്നതല്ല). പ്രതിനിധി :— ഞാൻ ഒരു വലിയ സമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കുകയാണെന്നുള്ളതു പ്രസിദ്ധമാണു്. ആ സമുദായത്തിൽ $5\frac{1}{2}$ ലക്ഷം ജനങ്ങളുണ്ടു്. ഇത്ര അധികം ജനങ്ങളുടെ സങ്കടങ്ങളെ പ്രതിപാദിക്കുന്ന പ്രതിനിധികളുടെ സംഖ്യ നിശ്ചയമായും ഈ സഭയിൽ അധികമായി ഉണ്ടായിരിക്കയില്ലെന്നുള്ളതു് ആർക്കും അറിയാവുന്നതാണു്. അതുകൊണ്ടു് എനിക്കു് ഇതുവരെ നൽകിവന്ന സൗകര്യത്തെ ഗവർമ്മെൻറു നിർത്തിക്കളഞ്ഞതു സങ്കടമാകുന്നു. ഇതിനു് എനിക്കു് ഒരു സമാധാനമേയുള്ളു. അവിടത്തെ മഹാമനസ്കതയിൽ ഞങ്ങൾക്കു നല്ല വിശ്വാസമുണ്ടു്. അവിടന്നു ദിവാൻപദം സ്വീകരിച്ചിട്ടു വേണ്ടത്ര കാലമായിട്ടില്ല. സംഗതികളുടെ സ്വഭാവത്തേയും, സത്യത്തേയും സ്വന്തം ദൃഷ്ടികൊണ്ടുതന്നെ അവിടന്നു കാണാൻ ഇടയാകുമ്പോൾ നിശ്ചയമായും ഈമാതിരി അപേക്ഷകളെ അവിടന്നു് ഒരിക്കലും തള്ളിക്കളയുകയില്ല അതുകൊണ്ടു് അടുത്തതവണയും ഞാൻ അല്ലെങ്കിൽ എന്റെ സ്ഥാനത്തിൽ ഇവിടെ വരുന്ന പ്രതിനിധി ഈ വിവരങ്ങൾ ആവശ്യപ്പെടുകതന്നെ ചെയ്യും. നിശ്ചയമായും അന്നു് അവിടന്നു് അതു കൊടുപ്പാൻ അനുവദിക്കുകയും ചെയ്യും. അവിടത്തെ ന്യായനിഷ്ഠതയിൽ ഞങ്ങൾക്കു് അത്ര ഉറപ്പുണ്ടു്.

ഏതായാലും ഈ തവണ എന്റെ നിവേദനം ഊഹത്തെ ആധാരമാക്കി തുടങ്ങേണ്ടിയിരിക്കുന്നു ഈഴവർക്കു തിരുവിതാംകൂറിൽ ഉദ്യോഗം ആശിക്കാമെന്നു തോന്നിത്തുടങ്ങീട്ടു പത്തുകൊല്ലം ആകയില്ല അതിനുമുമ്പും ചില ഡിപ്പാർട്ടുമെൻറുകളിൽ ചുരുക്കം ചില ഈഴവർക്കു ചിലചില്ലറ ജീവനങ്ങൾ ലഭിച്ചിരുന്നു എങ്കിലും അതു യാദൃച്ഛികമായും ചില മേലുദ്യോഗസ്ഥൻമാരുടെ പ്രത്യേകം ഔദാര്യഫലമായും വിചാരിച്ചുപോന്നതേയുള്ളു മാറിപ്പോയ ദിവാൻ രാജഗോപാലാചാരി അവർകളുടെ കാലം മുതൽക്കാണു് യോഗ്യതയുള്ള ഈഴവർക്കു ഉദ്യോഗം കൊടുക്കുന്ന വിഷയത്തിൽ ഗവർമ്മെൻറു പ്രത്യേകം ദൃഷ്ടിവച്ചുതെന്നുള്ള സംഗതി പ്രസിദ്ധമാകുന്നു അന്നുമുതൽ മിക്ക ഡിപ്പാർട്ടുമെൻറുകളിലും കൊല്ലംതോറും കൂടുതൽ കൂടുതലായി ഈഴവർക്കു് ഉദ്യോഗം ലഭിച്ചുകൊണ്ടുവന്നു. എനിക്കു മുന്നാണ്ടുകളിൽ കിട്ടീട്ടുള്ള കണക്കുകളിൽനിന്നും എന്റെ പഴയ നിവേദനങ്ങളിൽനിന്നും അതു വെളിവാകുന്നു 1088-ൽ തന്നെ 5 മുതൽ 100 രൂപാവരെ ശമ്പളമുള്ളതായി ആകെ 87 ഉദ്യോഗങ്ങൾ ഈഴവർക്കു കിട്ടിയിരിക്കുന്നു. അതുതന്നെ മറ്റു വർഗ്ഗക്കാർക്കു ലഭിച്ച ഉദ്യോഗ സംഖ്യയോടു താരതമ്യപ്പെടുത്തിയാൽ തൃപ്തികരമായ ഒരു ഓഹരിയല്ലായിരുന്നു. കഴിഞ്ഞ സെൻസസ് പ്രകാരം തിരുവിതാംകൂറിൽ ആകെയുള്ള സർക്കാരുദ്യോഗങ്ങളിൽ നൂറിനു 41 നായന്മാർക്കും, 28 കൃസ്ത്യാനികൾക്കും, 19 ബ്രാഹ്മണർക്കും ആയിട്ടാണു് വിഭജിച്ചു കാണുന്നതു്. ഈഴവർക്കു നൂറിനു ഒന്നുപോലുമില്ല, 8 മാത്രമേയുള്ളു. സംഖ്യകൊണ്ടു നോക്കിയാൽ പ്രജകളിൽ ആറിൽ ഒരുഭാഗം അവരാണു്. നൂറിനു് 16-ൽ അധികം ഉദ്യോഗങ്ങൾക്കു് അവർക്കു് അവകാശമുള്ളതുമാണു്. എന്നാൽ പഴയ ദിവാൻജി 89-ൽ മാറിപ്പോയതോടുകൂടി ഉദ്യോഗ വിഷയത്തിൽ ഞങ്ങളെ

Digitized By Kerala Sahitya Akademi

ടെ മന്ദമായ പുരോഗതിക്കു തന്നെയും പെട്ടെന്നു പരിതാപകരമായ ഏതോ പ്രതിബന്ധം നേരിട്ടിരിക്കുന്നു എന്നു കാണുന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. 1088-ൽ 87 ഉദ്യോഗങ്ങൾ എങ്കിലും ഈഴവർക്കു കിട്ടിയിരുന്നുവെന്നു ഞാൻ പ്രസ്താവിച്ചുവല്ലോ. ഇക്കഴിഞ്ഞ കൊല്ലത്തിൽ (1089-ൽ) ഒരു ഉദ്യോഗമെങ്കിലും ഞങ്ങൾക്കു കിട്ടിയിട്ടുണ്ടോ എന്നു സംശയമാണ്. കിട്ടീട്ടില്ലെന്നു വരികിലാണ് എളപ്പം. ഇതു് എത്ര സങ്കടകരമായ സംഗതിയാണെന്നു പറഞ്ഞറിയിപ്പാൻ പ്രയാസമാണ്. ഡിപ്പാർട്ടുമെൻറു മേലധികാരികളിൽ ആരും ഞങ്ങളുടെ വിഷയത്തിൽ അനുകമ്പ കാണിക്കുന്നില്ല. അതാണിങ്ങനെ വരുന്നതു്. ഈഴവരിൽ ഉയർന്നതരം ഉദ്യോഗത്തിനു വേണ്ട വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ സംഖ്യ ചുരുക്കമാണ്. അതുകൊണ്ടു കീഴ്ത്തരം ഉദ്യോഗങ്ങളെ സംബന്ധിച്ചാണു ഞങ്ങൾക്കു സാധാരണ സങ്കടം ഉള്ളതു്. അതെല്ലാം ഡിപ്പാർട്ടുമെൻറു മേലധികാരികളുടെ അനുകമ്പകൊണ്ടുമാത്രം സാധിക്കത്തക്കതുമാണ്. ഗവർമ്മെൻറ് ഇപ്പോൾ അധികാരങ്ങളെ ഡിപ്പാർട്ടുമെൻറു മേലധികാരികൾക്കു പകുത്തുകൊടുത്തുപോയി. അതുകൊണ്ടു് ഈഴവർക്കു താണതരം വിദ്യാഭ്യാസയോഗ്യതയ്ക്കു് ആശിക്കത്തക്ക ഉദ്യോഗങ്ങൾ എല്ലാം ഗവർമ്മെൻറിൻെറ കൈയിൽനിന്നു വിട്ടുപോയിരിക്കുന്നു എന്നുതന്നെ പറയാം. ഞങ്ങൾ എന്നിട്ട് ഇവിടെ വന്നു സങ്കടം പറയുകയും മുറവിളി കൂട്ടുകയും ചെയ്യുന്നു. അല്ലാതെ ഞങ്ങൾക്കു് എന്തുചെയ്യാൻ കഴിയും? ഞങ്ങൾ എവിടെപ്പോകും? ഗവർമ്മെൻറിനു് ഈ മുറവിളികൾ കേട്ടുകൊണ്ടു വെറുതെ ഇരിപ്പാനല്ലാതെ വാസ്തവത്തിൽ അവയ്ക്കു് ഒരു പരിഹാരവുമുണ്ടാക്കാൻ കഴിയാതെ വന്നു ചമഞ്ഞിരിക്കുന്നു എന്നാണു തോന്നുന്നതു്. ഇതുകൊണ്ടു് അധികാരങ്ങളെ പകുത്തുകൊടുത്തുകളഞ്ഞതു് അബദ്ധമായിപ്പോയി എന്നു ഞാൻ ആക്ഷേപിക്കയല്ല ചെയ്യുന്നതെന്നു തഴ്മയായി അറിവിച്ചുകൊള്ളുന്നു. അതു് ഒരിക്കലും ആക്ഷേപയോഗ്യമല്ല. അധികാരങ്ങളെ വിഭജിച്ചുകൊടുക്കുന്നതു് ഒരു ഉൽകൃഷ്ടമായ ഭരണനയം ആകുന്നു. നമ്മുടെ ഡിപ്പാർട്ടുമെൻറു മേലധികാരികൾ ഒക്കെ പ്രായേണ യോഗ്യന്മാരുമാണു്. ഒരു സംഗതിയാണിതിൽ പറവാനുള്ളതു്. അധികാരങ്ങൾ പകുത്തു കൊടുത്തതോടു കൂടി ഗവർമ്മെൻറിൻെറ ചുമതലയേയും പകുത്തു കൊടുത്തില്ല. അല്ലെങ്കിൽ അധികാരത്തിൽ ചുമതലയും അടങ്ങിയിരിക്കുന്നു എന്നു പകുത്തു വാങ്ങിയവർ മനസ്സിലാക്കീട്ടില്ല. ഗവർമ്മെൻറു് അവരെ അതു മനസ്സിലാക്കാൻ പ്രത്യേകം ശ്രദ്ധ വയ്ക്കുന്നുമില്ല. പ്രജാവിഭാഗങ്ങളിൽ ഭിന്ന വർഗ്ഗക്കാർക്കു ന്യായമായി ലഭിക്കേണ്ട സഹായങ്ങളേയും പ്രോത്സാഹനങ്ങളേയും തുല്യമായി നൽകേണമെന്നും പിന്നോക്കം നില്ക്കുന്ന വർഗ്ഗക്കാരെ പാടുള്ളതു സഹായിച്ചു മുന്നണിയിലേക്കു കൊണ്ടു വരണമെന്നും മറുമുള്ളതു ഗവർമ്മെൻറിൻെറ പരിഷ്കൃതനയമാണു്. ഡിപ്പാർട്ടുമെൻറുകളുടെ നയങ്ങൾ വേറെയാണു്. അവയ്ക്കു പൊതുഭരണ സംബന്ധമായ ഗവർമ്മെൻറു നയവുമായി നിയത സംബന്ധമുണ്ടായിരിക്കേണമെന്നില്ല. ഡിപ്പാർട്ടുമെൻറുകളിലെ കൃത്യ നിർവഹണത്തിനു തന്നെ സമയം പോരാതെ വരുന്ന മേലധികാരികൾ ഗവർമ്മെൻറിൻെറ മേൽപ്രകാരമുള്ള പൊതുനയങ്ങളെ അന്വേഷിച്ചറികയോ അറിഞ്ഞാലും അനുസരിച്ചു പ്രവർത്തിക്കുകയോ ചെയ്യുക എന്നുള്ളതു് സാധാരണ പ്രതീക്ഷിക്കത്തക്കതുമല്ല. പിന്നെ ഭരണ സംബന്ധമായ പൊതുനയ

Digitized By Kerala Sahitya Akademi

ത്തെപ്പറ്റി അവരുടെ ഒക്കെ അഭിപ്രായങ്ങൾക്കു് ഐകരൂപ്യമുണ്ടായിരിക്കയില്ല. അതു് അവരവരുടെ സ്ഥിതിയ്ക്കും പഠിപ്പിനും സ്വഭാവത്തിനും അനുസരിച്ചു ഭിന്നമായേ ഇരിക്കൂ. നമുക്കു നാലു ദിവാൻ പേഷ്കാരന്മാരുണ്ടു്. അവരുടെ നയം നാലായിരിക്കും. വേറെ ഡിപ്പാർട്ടുമെന്റു് അധികാരികളുടെയും കഥ അതുപോലെ തന്നെ. അതുകൊണ്ടു ഗവർമ്മെന്റു പ്രജകളെ പൊതുവിൽ സംബന്ധിക്കുന്നതോ പ്രത്യേക വർഗ്ഗക്കാരെ പ്രത്യേകം സംബന്ധിക്കുന്നതോ ആയ വല്ല പരിഷ്കൃതനയവും രൂപപ്പെടുത്തണമെന്നു വിചാരിക്കുമ്പോഴെല്ലാം അതിന്റെ നിർവഹണത്തിൽ സഹകരിപ്പാൻ ഡിപ്പാർട്ടുമെന്റിനെ നിഷ്കർഷിച്ചില്ലെങ്കിൽ അങ്ങിനെയുള്ള പല ഗവർമ്മെന്റു നയങ്ങളും നിഷ്പ്രയോജനമായിരിപ്പാനേതരമുള്ളു. പ്രകൃതവിഷയത്തിൽ ഞങ്ങൾക്കു ഗവർമ്മെന്റിനോടേ സങ്കടം പറവാൻ സാധിക്കൂ. ഗവർമ്മെന്റു മാത്രമേ ഞങ്ങളുടെ സങ്കടങ്ങളെ കേവിക്കൊടുത്തു കേൾക്കൂ. ഡിപ്പാർട്ടുമെന്റദ്ധ്യക്ഷന്മാർ കേൾക്കയില്ല. അവർക്കു വേറെ വേലയുണ്ടെന്നു് അവർ പറയും. പറയാതെയും ഇരിക്കുന്നില്ല. അവർ അങ്ങിനെ പറയുന്നതു ശരിയല്ലെന്നും ഞങ്ങൾക്കു പറഞ്ഞുകൂടാ. അതുകൊണ്ടു് ഇപ്പോൾ ഞങ്ങളിൽ യോഗ്യതയുള്ളവർ ഉദ്യോഗത്തിനു് അപേക്ഷിച്ചാൽ പ്രത്യേകം ഗൗനിച്ചു പ്രവർത്തിക്കയും വിവരം റിപ്പോർട്ടുചെയ്കയും വേണമെന്നു നിർബ്ബന്ധമായ ഗവർമ്മെന്റുത്തരവുകൾ അവർക്കു് അയച്ചു ഞങ്ങളുടെ സങ്കടം തീർത്തു തരേണ്ടിയിരിക്കുന്നു. അതിന്നായി ഏറ്റവും താഴ്മയോടു കൂടി അപേക്ഷിച്ചു കൊള്ളുകയും ചെയ്യുന്നു.

റവന്യൂ ഡിപ്പാർട്ടുമെന്റു വളരെ വളരെ സിൽബന്ധികളുള്ള ഒരു തുറയാണു്. ദേവസ്വത്തോടു യാതൊരു സംബന്ധവുമില്ലാത്തതും അതുകൊണ്ടു ജാതിനടസ്സുമുണ്ടാവാൻ പാടില്ലാത്തതുമായ ഒട്ടു വളരെ താണതരം ജീവനങ്ങൾ അതിലുണ്ടു്. സംസ്ഥാനത്തെ 33 താലൂക്കുകളിലുമായി 427 പകുതികളുണ്ടു്. പാർത്യാർ, പിള്ള മുതലായ എത്രയോ ജീവനങ്ങൾ മാനമായ വിധത്തിൽ വഹിക്കത്തക്ക ഈഴവർ സംസ്ഥാനത്തിന്റെ എല്ലാഭാഗങ്ങളിലുമുണ്ടു്. ബ്രിട്ടീഷ് ഇൻഡ്യയിൽ ഈ ജോലികളിൽ ഞങ്ങളുടെ വർഗ്ഗക്കാർ ധാരാളമുണ്ടു്. കൊച്ചിയിലുമുണ്ടെന്നാണു് എന്റെ അറിവു്. താലൂക്കു് ആഫീസിൽ തന്നെ പല ജീവനങ്ങളുമുണ്ടു്. ഇത്ര അധികം ഉദ്യോഗങ്ങളുള്ള ഒരു വലിയ ഡിപ്പാർട്ടുമെന്റിൽ നിന്നു പറയത്തക്ക കാരണങ്ങളൊന്നും കൂടാതെ ഒരു വലിയ വർഗ്ഗത്തെ അകറ്റിനിർത്തുന്നതു നീതിയായിരിക്കില്ലെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു് ആ വിഷയത്തിൽ അവിടന്നു ദയ ചെയ്തു ദൃഷ്ടിവച്ചു പ്രത്യേകം പരിഹാരമുണ്ടാക്കണമെന്നു' അപേക്ഷിച്ചുകൊള്ളുന്നു.

ഹജൂർ ഡിപ്പാർട്ടുമെന്റിൽ താഴ്ന്നതും ഉയർന്നതുമായ അനേകം ഉദ്യോഗങ്ങളുണ്ടു്. യോഗ്യതയുള്ള ഈഴവർ ഉദ്യോഗത്തിനു് അപേക്ഷിച്ചിട്ടുള്ളതായും എനിക്കറിയാം. മറ്റുള്ള ഡിപ്പാർട്ടുമെന്റുകാർക്കു ദൃഷ്ടാന്തമായിരിക്കേണ്ട ഹജൂരിൽ ഈഴവരെ അശേഷം പ്രവേശിപ്പിച്ചുകാണാത്തതു സങ്കടമാണു്. ഇതിനെപ്പറ്റി ഇതിനു മുമ്പും ഞാൻ സങ്കടം പറഞ്ഞിട്ടുണ്ടു്. ഒരു ഈഴവൻ എങ്കിലും ഹജൂരാഫീസിൽ ജോലിയുള്ളതായി ഞാൻ കണ്ടിട്ടില്ല. ജാതിത്തടസ്സം

Digitized By Kerala Sahitya Akademi

കാണ്ടാണെന്നു പറവാൻ പാടില്ല. ഈഴവരെ ഒഴിച്ചു മറ്റു സകല ജാതിക്കാരിലും ഉദ്യോഗസ്ഥന്മാരെ ഞാൻ ഹജൂരാഫീസിൽ കാണുന്നുണ്ടു്. കോഴിക്കോട്ടു റജൂർ ആഫീസിനെപ്പറ്റി അവ്ടത്തേക്കു നല്ലവണ്ണം അറിയാമല്ലോ കോഴിക്കോട്ടു പോകുമ്പോൾ ചിലപ്പോഴൊക്കെ ചില സ്നേഹിതന്മാരെ അന്വേഷിച്ചു താൻ ഹജൂർ ആഫീസിൽ കയറാറുണ്ടു്. സിൽബന്തികളിൽ നൂറിനു് 50-ൽ കുറയാതെ തീയരാണെന്നാണു് എനിക്കു തോന്നുന്നതു്. അവിടന്നു് ഈ സങ്കടത്തെ പ്രത്യേകം ദൃഷ്ടി വച്ചു നിവൃത്തിയുണ്ടാക്കണമെന്നു പ്രാർത്ഥിച്ചുകൊള്ളുന്നു

(പിന്നെ ഓരോ ഡിപ്പാർട്ടുമെൻറിനേയും പറ്റി പ്രത്യേകം എടുത്തു പറഞ്ഞശേഷം പോലീസു് ഡിപ്പാർട്ടുമെൻറിനെപ്പറ്റി പറഞ്ഞു.)

തിരുവിതാംകൂർ പോലീസിൽ മിസ്റ്റർ ബെൻസലിയുടെ കാലം മുതൽ ഈഴവരെ കാൺസ്റ്റബിൾമാരായി ചേർത്തുതുടങ്ങി. ഒന്നു രണ്ടു പേരെ ആദ്യം കാൺസ്റ്റബ്ളറിയിൽ എടുത്തിട്ടു് ഇപ്പോൾ പതിനഞ്ചു കൊല്ലത്തിനു മേലാകുന്നു. എന്നാൽ ആകെ 1750 ആളുകളുള്ള ഈ പട്ടാളത്തിൽ പതിനാറോ പതിനേഴോ കോൺസ്റ്റബിൾമാർ മാത്രമേ ഈഴവരിൽ നിന്നുള്ളൂ എന്നാണു ഞാൻ അറിയുന്നതു്. ഇതു നൂറിനു് ഒന്നു വീതം ആയിട്ടില്ല. ഇപ്പോൾ കാൺസ്റ്റബിൾമാരായി ഈഴവരെ തിരഞ്ഞെടുക്കുന്ന സമ്പ്രദായം അശേഷം നിറുത്തിക്കളഞ്ഞിരിക്കുന്നതായി കാണുന്നു. ഈ കൊല്ലം ഒരു കാൺസ്റ്റബിളിനെ എങ്കിലും ഈ വർഗ്ഗത്തിൽനിന്നു തിരഞ്ഞെടുത്തിട്ടില്ലെന്നാണറിയുന്നതു്. എന്നിട്ടും റിക്രൂട്ടു ചെയ്യുന്ന അവസരങ്ങളിലെല്ലാം ഇപ്പോഴും യോഗ്യതയുള്ള ഈഴവ യുവാക്കന്മാർ കമ്മീഷണരുടെ ആഫീസിൽ ഹാജരാകാതിരിക്കുന്നില്ല. ഈയിടെ ഇരുപത്തഞ്ചോ മുപ്പതോ കാൺസ്റ്റബിൾമാരെ സൈന്യത്തിൽ പുതുതായി ചേർക്കുന്ന എന്നു കേട്ട അവസരത്തിലും ഈഴവർ ഹാജരായിരുന്നു. ഒന്നോ രണ്ടോ ഈഴവരെ നീളവും വണ്ണവും മറ്റും പരിശോധിച്ചു തൃപ്തിപ്പെട്ട കമ്മീഷണർ തിരഞ്ഞെടുക്കുകയും ഒടുവിൽ പേർ ചോദിച്ചപ്പോൾ ജാതിയെക്കുറിക്കുന്ന വാലു് ഒന്നുമില്ലാത്ത വെറും ഹിന്ദുപ്പേരായിരുന്നതിനാൽ കമ്മീഷണർ സംശയിച്ചു ജാതി ചോദിക്കുകയും ഈഴവരാണെന്നു് അവർ പറഞ്ഞ ഉടൻ തിരിച്ചു് അയച്ചുകളയുകയും ചെയ്തു എന്നു ഞാൻ അറിഞ്ഞു. ഈഴവരെ സംബന്ധിച്ചു് ഇങ്ങനെ ചെയ്യുന്നതു് തീരെ സാധാരണമായി തീർന്നിരിക്കുന്നു. കഴിഞ്ഞ കൊല്ലത്തിലും ഞാൻ ഇതിനെപ്പറ്റി അറിവിക്കയും ഗവർമ്മെൻറിനോടു് ഈ അനുചിതമായ നടപടിയെ ദേദപ്പെടുത്താൻ വേണ്ടതു് ഉടനേ പ്രവർത്തിക്കേണമെന്നു പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഇനി അവിടത്തേക്കു നേരിട്ടറിയാവുന്ന വേറൊരു ദൃഷ്ടാന്തം ബോധിപ്പിക്കാം. ബാങ്കളർ പോലീസു് ഇൻസ്പെക്ടർ ടെയിനിംഗു് കഴിഞ്ഞു് എല്ലാ വിഷയത്തിലും ഉത്തമ നിലയിൽ പാസ്സായി വന്നിട്ടുള്ള ഒരു ഈഴവ യുവാവിനു് ഒരു ഹെഡ് കാൺസ്റ്റബിളിൻെറയോ മറേറാ പണി ഈ ഡിപ്പാർട്ടുമെൻറിൽ കൊടുക്കുന്നതിനെപ്പറ്റി അവിടത്തോടു ഞാൻ ഒന്നിലധികം പ്രാവശ്യം മുഖദാവിൽ ശുപാർശ ചെയ്തിട്ടുണ്ടു്. അവിടന്നു ദയചെയ്തു് അതു കൈക്കൊള്ളുകയും അപേക്ഷക്കാരനോടു് നേരിട്ടു ഹർജി വാങ്ങി കമ്മീഷണർക്കു് അയയ്ക്കുകയും ചെയ്തു അനേകം ഒഴിവുകൾ ഇതിനിടയ്ക്കുണ്ടായെങ്കിലും ആ അപേക്ഷക്കാരൻ പ്രവൃത്തിയില്ലാതെ ഇപ്പോഴും ഓടിനടക്കുകയാണു ചെയ്യുന്നതു്. ഓരോ ഒഴിവുകളെപ്പറ്റി വിവരം കിട്ടുമ്പോഴൊക്കെയും അയാൾ അവിട

Digitized By Kerala Sahitya Akademi

ത്തെ അടുക്കൽ വരാറും അവിടന്നു് ആവശ്യപ്പെടുന്നതനുസരിച്ചു കമ്മീഷണരുടെ അടുക്കൽ പോകാറും ഉണ്ടു്. പ്രയോജനമൊന്നും ഉണ്ടാകുന്നില്ല. ഇപ്പോഴും അയാൾ അവിടത്തെയും കമ്മീഷണരുടേയും മദ്ധ്യേ ഒരു ക്ലോക്കിന്റെ പെൻഡുലം പോലെ നിന്നു് ആടിത്തിരിയുകയാണു്. ഞാൻ ഈയാളുടെ സങ്കടത്തെപ്പറ്റി കമ്മീഷണർ മിസ്റ്റർ ജോർജ്ജിനോടു നേരിട്ടു ചോദിച്ചിട്ടുണ്ടായിരുന്നു. ബാങ്കുളർ ടെയിനിംഗു് താൻ ഗണ്യമാക്കുന്നില്ലെന്നും അതുകൊണ്ടു് ഈയാളുടെ യോഗ്യതയെ യോഗ്യതയായി വിചാരിപ്പാൻ തരമില്ലെന്നുമാണു് എന്നോടു് അദ്ദേഹം പറഞ്ഞിരുന്നതു്. ബാങ്കുളർ ടെയിനിംഗു് ഉള്ളവരെ ആരെയും താൻ ഡിപ്പാർട്ടുമെൻറിൽ എടുക്കുന്നതല്ലെന്നും അദ്ദേഹം നിഷ്കർഷിച്ചു പറഞ്ഞിരുന്നു. എന്നാൽ തിരുവിതാംകൂറിൽനിന്നു ബാങ്കുളർ ടെയിനിംഗിനു പോയിവന്നിട്ടുള്ളവരിൽ തോറ്റവരും ജയിച്ചവരുമായി ഇരുപത്തെട്ടു പേരിൽ ഈയാൾ ഒഴികെ എല്ലാവർക്കും ഇപ്പോൾ അദ്ദേഹം ഡിപ്പാർട്ടുമെൻറിൽ ജോലികൊടുത്തുകഴിഞ്ഞിരിക്കുന്നു. അങ്ങിനെയുള്ള ആളുകളുടെ മുഴുവൻ ലിസ്റ്റു് ഞാൻ കൊണ്ടുവന്നിട്ടുണ്ടു്, വായിക്കാം. ആകെ ഇരുപത്തെട്ടുപേർ ആണു്. അധികവും തോറ്റവരാണു്. ബാക്കിയുള്ള ഒരാളാണു് പ്രസ്തുത അപേക്ഷകനായ ഈഴവൻ. അയാൾ എല്ലാ വിഷയത്തിലും പാസ്സായിട്ടുണ്ടു്. ദുഡശരീരനും ഒരു മാന്യ ഈഴവ തറവാട്ടിലെ അംഗവുമാണു്. ഒഴിവുകൾ എത്ര തന്നെ ഉണ്ടായിട്ടും ഹജൂർ മുഖേന എഴുതിച്ചെന്നിട്ടും അയാളെ എടുക്കുന്നില്ല ഇതൊക്കെ കാരണമായ സംഗതികളാണു്. ഇതിനെപ്പറ്റി ഗവർമ്മെൻറു് പ്രത്യേകം ദുഷ്പേരു വയ്ക്കുന്നില്ലെങ്കിൽ കഷ്ടമാണു്. ഒരു വാക്കുകൂടിപ്പറഞ്ഞു ഞാൻ അവസാനിപ്പിച്ചു കൊള്ളുന്നു. പോലീസു് സൈന്യം ഏർപ്പെടുത്തിയിരിക്കുന്നതു പ്രജകളുടെ സമാധാന പരിപാലനത്തെ ഉദ്ദേശിച്ചാണല്ലോ. നാനാജാതിമതക്കാരായ എത്രയോലക്ഷം ജനങ്ങൾ തിങ്ങിയ നമ്മുടെ രാജ്യത്തു ജാതിമതഭേദങ്ങളെ അടിസ്ഥാനമാക്കിത്തന്നെ പലപ്പോഴും ചില ക്ഷോഭങ്ങളും കലാപങ്ങളും ഉണ്ടാകുക സ്വാഭാവികമാണു്. ഇന്നും നാം അതു കണ്ടുവരുന്നുമുണ്ടു്. ഈ സ്ഥിതിക്കു പോലീസു് സൈന്യത്തെ ചുരുക്കും ചില വർഗ്ഗക്കാരെക്കൊണ്ടു നിറയ്ക്കുന്നതു ശരിയായിരിക്കയില്ല. അങ്ങിനെയായാൽ ഒരു വർഗ്ഗത്തിന്റെ സമാധാനപാലനത്തിനായി അയയ്ക്കേണ്ട ആളുകൾ അതിന്റെ എതിർവശക്കാരായിരിക്കാവുന്നതും അതു് അനുചിതവും സങ്കടവും ആപൽക്കരവുമായി തീർന്നേക്കാവുന്നതുമാകുന്നു. അതുകൊണ്ടു പോലീസു് സൈന്യത്തിൽ മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽ എല്ലാ വർഗ്ഗക്കാരും സംഖ്യാനുസാരം ഉണ്ടായിരിക്കേണ്ടതും ഏറ്റവും എളിയ വർഗ്ഗക്കാരിൽ നിന്നു കൂടിയും ആളുകളെ ചേർക്കേണ്ടതുമാകുന്നു. ഈഴവരെ പോലീസു് സൈന്യത്തിൽ ചേർക്കുന്ന വിഷയത്തിൽ സംശയം കൂടാതെ ഗവർമ്മെൻറു് ഡിപ്പാർട്ടുമെൻറിനെ പ്രത്യേകം നിർബന്ധമായി നിഷ്കർഷിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു. പോലീസു് ഡിപ്പാർട്ടുമെൻറിന്റെ പൊതു ഭരണത്തെപ്പറ്റി എന്തെങ്കിലും പറയുന്നതിനു് എന്റെ വിഷയം അല്ലാത്തതിനാൽ തരമില്ല. എന്നാൽ ആ വിഷയത്തിൽ മറ്റു ചില മാന്യ പ്രതിനിധികൾ പ്രസ്താവിച്ച ആക്ഷേപങ്ങൾ എല്ലാം ശരിയാണെന്നും ആ സംഗതിയിൽ ആ മെമ്പർമാരോടു് ഞാൻ പൂർണ്ണമായി യോജിക്കുന്നു എന്നും അറിയിച്ചുകൊള്ളുന്നു.

വിവേ: 1040 കുംഭം, മീനം

[11–ാമതു ശ്രീമൂലം പ്രജാസഭയിൽ ചെയ്ത നിവേദനത്തിന്റെ പുരുക്കം]

Digitized By Kerala Sahitya Akademi

നിവേദനം V

1. ചില സർക്കാർ വിദ്യാലയങ്ങളിൽ ഈഴവക്കു് ഇപ്പോഴും പ്രവേശമില്ലാത്തതിനെപ്പററി.

ഞങ്ങളുടെ സമുദാക്കയാർക്കു് ഹജൂർ ആഫീസിൽ ഉദ്യോഗമൊന്നും നൽകാത്തതിനെപ്പററി കറെനാളായി ഞങ്ങൾ പരാതി പറഞ്ഞുവന്നിരുന്നു. കഴിഞ്ഞ തവണ ഈ സഭയിൽ ഞാൻ അതിനെപ്പററി പ്രത്യേകം ഗവർമ്മെൻറിൻെറ അനുകമ്പയെ ക്ഷണിച്ചിരുന്നു. കഴിഞ്ഞ മാസത്തിൽ രണ്ടു ഈഴവയുവാക്കന്മാർക്കു് അവിടുന്നു ഹജൂർ ആഫീസിൽ ജോലികൊടുത്തിരിക്കുന്ന സംഗതി തിരുവിതാംകൂറിലെ മുഴുവൻ ഈഴവർക്കും സന്തോഷജനകമായ ഒന്നാണു്. അതിലേക്കായി കരുണാനിധിയായ മഹാരാജാവു തിരുമനസ്സിലേയും പ്രത്യേകിച്ചു മന്ത്രിപുംഗവനായ അവിടത്തേയും നേർക്കു് അവർക്കുള്ള അപാരമായ കൃതജ്ഞതയെ ഈ അവസരത്തിൽ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

വിദ്യാലയങ്ങളിൽ പലതിലും ഇനിയും എൻെറ ജാതിക്കാർക്കു പ്രവേശനം ഇല്ലാതുണ്ടു്. കഴിഞ്ഞതവണ അങ്ങനെയുള്ള എലിമെൻടി സ്കൂളുകളുടെ ഒരു വലിയ പട്ടിക ഞാൻ ഇവിടെ വായിച്ചിരുന്നു. ഈ കഴിഞ്ഞകൊല്ലത്തിൽ പല സ്കൂളുകളിലും പുതുതായി പ്രവേശനം നൽകിയിരിക്കുന്നു എന്നു കാണുന്നതു വളരെ ആശ്വാസകരമാണു്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ നിന്നു് എലിമെൻടി സ്കൂളുകളെ സംബന്ധിച്ചു് ഈ സ്കൂം വർഷത്തിൽ ചെയ്തിരിക്കുന്ന ശ്രമങ്ങളും അതിൻെറ ഫലങ്ങളും കണക്കുകൂട്ടി നോക്കിയാൽ ആർക്കും ആശ്ചര്യം തോന്നും. പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരിൽ പുലയർ പറയർ മുതലായവരുടെ സംഖ്യ സ്കൂളുകളിൽ ഇരട്ടിക്കുമേലായി വർദ്ധിച്ചിരിക്കുന്നു. പുതിയതായി (ഇരു) എലിമെൻടി സ്കൂളുകൾ സ്ഥാപിക്കുകയും (ഇരു) സ്കൂളുകൾക്കു് സഹായവും സമ്മതിയും നൽകുകയും ചെയ്തിരിക്കുന്നു. ഇതൊക്കെ ഓർത്താൽ ഗവൺമെൻറും ഞങ്ങൾ എല്ലാവരും സ്തുതിക്കേണ്ട ആ ഡിപ്പാർട്ടുമെൻറിനെപ്പററി ഒരു സങ്കടവും ആർക്കും പറവാൻ തോന്നുകയില്ല. വിശേഷിച്ചും ഉൾനാടുകളിൽ അമ്പലപ്പുഴ ആനപ്രമ്പാൽ മുതലായ സ്കൂളുകളിൽ ഈഴവരുടെ പ്രവേശത്തിനു് വിരോധം പുറപ്പെടുവിച്ചവരോടു് എതിർത്തു് ഡിപ്പാർട്ടുമെൻറു മേലുദ്യോഗസ്ഥന്മാർ, റേഞ്ചു് ഇൻസ്പെക്ടർ, അസിസ്റ്റൻറു് ഡയറക്ടർ, ഡയറക്ടർ ഇവർ എല്ലാം പ്രദർശിപ്പിച്ച സ്തുത്യർഹമായ കൃത്യനിഷ്ഠയോർത്താൽ അവരോടു് എപ്പോഴും ഞങ്ങൾ കൃതജ്ഞരായിരിക്കേണ്ടതാണു്. പിന്നെ ഗവർമ്മെൻറിൻേറയും അവരുടേയും ശ്രദ്ധയ്ക്കു വിഷയമാകേണ്ട ബാക്കി സംഗതികൾ കൂടി പറയുന്നു എന്നേയുള്ളൂ.

Digitized By Kerala Sahitya Akademi

ഈയിടെ ഇനി തിരുവിതാംകൂറിൽ 10 എലിമെൻ്ടിസ്കൂളുകളും മാത്രമേ ഈഴവർക്കു പ്രവേശനമില്ലാതുള്ളു എന്നും അവയും പ്രവേശ്യമാക്കിചെയ്വാൻ വേണ്ടതു പ്രവർത്തിച്ചുവരുന്നു എന്നും എനിക്കു ഗവർമ്മെൻറിൽ നിന്നും എഴുതിവന്നിരുന്നു. അതു് എന്റെ അറിവിൽ ശരിയായ ഒരു കണക്കാണെന്നു തോന്നുന്നില്ല. 1–ാമതു് അതിലധികം എലിമെൻട്രി ആൺപള്ളിക്കൂടങ്ങളും ഈഴവർക്കു പ്രവേശനമില്ലാത്തതായി എന്റെ പക്കൽ കണക്കുണ്ടു്. 2–ാമതു് ഇതു പെൺപള്ളിക്കൂടങ്ങളെക്കൂടി ഉൾപ്പെടുത്തിയ ഒരു കണക്കല്ലെന്നുള്ളതും സ്പഷ്ടമാണു്. കഴിഞ്ഞതവണ എന്റെ നിവേദനത്തിനുശേഷം ആൺപള്ളിക്കൂടങ്ങളുടെ വിഷയത്തിൽ ഗവർമ്മെൻറു് വളരെയൊക്കെ പ്രവർത്തിച്ചു എങ്കിലും, പെൺപള്ളിക്കൂടങ്ങളുടെ വിഷയത്തിൽ യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു കാണുന്നതു വളരെ സങ്കടമാണു്. ഈഴവപ്പെൺകുട്ടികൾക്കു് ഒരു കൊല്ലംകൂടി വ്യർത്ഥമായി കഴിഞ്ഞുപോയിരിക്കുന്നു. അതുവലിയ നഷ്ടമാണു്. ഗവർമ്മെൻറു് അതിനെ പ്രത്യേകം ശ്രദ്ധിക്കയും ആ വീഴ്ചയെപ്പറ്റി അധികൃതന്മാരോടു ചോദിക്കയും ചെയ്യേണ്ടതാണു്. അരിപ്പാട്ടുപെൺപള്ളിക്കൂടത്തിന്റെ സംഗതിയേപ്പറ്റി കഴിഞ്ഞ പ്രജാസഭയ്ക്കുശേഷം അവിടുന്നുതന്നെ കാവുതടസ്സത്തെ നീക്കി, ഉത്തരവയച്ചിട്ടുള്ളതായി എന്നോടു പറഞ്ഞിട്ടുള്ളതിനെ ഓർക്കുമെന്നു വിശ്വസിക്കുന്നു. അതിനുശേഷവും താന്ത്രികവാദങ്ങളും ഉണ്ടാകയും സ്കൂളിൽ ഇന്നും ഈഴവർക്കു പ്രവേശം അനുവദിക്കാതിരിക്കയും ആണെന്നുള്ള വസ്തുതയും ഉണർത്തിച്ചുകൊള്ളുന്നു. ഇതുപോലെ പല പെൺപള്ളിക്കൂടങ്ങളും വൃഥാ തടസ്സങ്ങളും പറഞ്ഞു് ഈഴവരെ പ്രവേശിപ്പിക്കാതിരിക്കുന്നുണ്ടു്. (ചിലതിനെ എടുത്തുപറഞ്ഞു.) ഇതെല്ലാം കൂട്ടിനോക്കുമ്പോൾ പ്രവേശ്യമല്ലാത്ത സ്കൂളുകളുടെ സംഖ്യ 10 എന്നു ഗവർമ്മെൻറു പറയുന്നതു് പ്രവേശിപ്പാൻ വിരോധമില്ലെന്നു ഗവർമ്മെൻറു സമ്മതിക്കുന്ന സ്കൂളുകളുടെ സംഖ്യയായിരിക്കണം എന്നാണുതോന്നുന്നതു്. ഞങ്ങൾക്കു പ്രവേശിക്കാമെന്നു ഗവർമ്മെൻറു സമ്മതിച്ചാൽ പോരാ പ്രവേശം തരികതന്നെ വേണം. എങ്കിലേ പ്രയോജനമുള്ളു.

മിസ്റ്റർ ടി. കെ. വേലുപിള്ള (ബി.എ. ബി.എൽ.) ഇവിടെ പ്രസ്താവിച്ചപോലെ കാളേജു വിദ്യാർത്ഥികൾക്കുള്ള കാസ്റ്റു് ഹിന്തു ഹോസ്റ്റൽ ഈഴവർക്കും മറ്റു് ആവശ്യമുള്ള വർഗ്ഗക്കാർക്കും കൂടി തുറന്നുകൊടുക്കേണ്ടതാണെന്നുള്ള വിവരവും രാജദ്രോഹത്തെ താങ്ങി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഈഴവർ ഈ രണ്ടിനിൽ അത്ര പ്രമാണികളല്ല. അവരുടെ ഭവനങ്ങളും അത്ര വളരെ അധികമില്ല. അതുകൊണ്ടു് ഉൾനാടുകളിൽ നിന്നു കാളേജുകളിൽ പഠിക്കാൻ ഇവിടെ വരുന്ന അവരുടെ വിദ്യാർത്ഥികൾ സൌകര്യമായ വസതി കിട്ടാതെ അനുഭവിക്കുന്ന കഷ്ടതകളും വിചാരിച്ചാൽ അങ്ങനെയുള്ളവർക്കാണു് ഗവർമ്മെൻറു് ഈ പ്രത്യേക സഹായം ചെയ്തുകൊടുക്കേണ്ടതെന്നു വിശേഷിച്ചും പറവാൻ തോന്നും. ഇതിനു മുൻപു ഞങ്ങളും ഈ സങ്കടം അത്ര ഉജ്ജിതമായിപ്പറയാതിരുന്നതു് ഞങ്ങളിൽ കാളേജു വിദ്യാർത്ഥികളുടെ എണ്ണം തീരെ കുറവായിരുന്നിട്ടാണു്. ഇപ്പോൾ അതു ക്രമേണ വർദ്ധിച്ചുവരികയാണു്. അതുകൊണ്ടു് ഗവർമ്മെൻറു പ്രത്യേകം ദയാദൃഷ്ടി ചെയ്യേണ്ടിയിരിക്കുന്നു. ഇതിനേപ്പറ്റി ഹോസ്റ്റൽ മേലദ്ധ്യക്ഷനോടു ചില ഈഴവ വിദ്യാർത്ഥികൾ സങ്കടം പറഞ്ഞിരുന്നതിൽ സ്ഥലച്ചുരുക്കംകൊണ്ടു മാത്രമാണു്

Digitized By Kerala Sahitya Akademi

അവരെ ചേർക്കാത്തതെന്നു മറുപടി പറഞ്ഞിരുന്നു. പക്ഷെ അതിനുശേഷം ചില വിദ്യാർത്ഥികളുടെ ഒഴിവുകഴം ഉണ്ടായപ്പോഴും മറ്റു ജാതിക്കാരെയാണു ചേർത്തതു്. ഈ സങ്കടത്തിനു നിവൃത്തി വരുത്തിത്തരേണമെന്നും വിദ്യാർത്ഥി സത്രം കോളേജു വിദ്യാർത്ഥികൾക്കു പൊതുവിലുള്ള സ്ഥാപനമാക്കിത്തീർക്കേണ്ടതാണെന്നും വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.

ഇനി സംസ്കൃത കാളേജിനെ സംബന്ധിച്ചാണു് ഒരു വാക്കു പറവാനുള്ളതു്. ഈ കാളേജു് ഇപ്പോൾ വിദ്യാഭ്യാസ ഡയറക്ടരുടെ കീഴിൽ വച്ചു പരിഷ്കൃത രീതിയിൽ നടത്തപ്പെട്ടു വരികയാണു്. ഇതിൽ ഇപ്പോൾ 288 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടു്. 8810 ക. ഗവർമ്മെൻറിൽനിന്നു പ്രതിവർഷം അതിലേക്കായി ചില വാക്കുന്നുമുണ്ടു്. സംസ്കൃത വിദ്യാഭ്യാസത്തിൻെറ പ്രയോജനത്തെപ്പറ്റിയും മറ്റും ഇപ്പോൾ ഒന്നും പറയേണ്ട ആവശ്യകതയില്ലെന്നു തോന്നുന്നു: ഈഴവർക്കു് ആയുർവ്വേദ പാഠശാലയിൽ പ്രവേശം ഇപ്പോൾ അനുവദിച്ചിരിക്കുന്ന സ്ഥിതിക്കു സംസ്കൃത കാളേജിൽ പ്രവേശമില്ലാതിരിക്കുന്നതു വലിയ അസൌകര്യമായിരിക്കുന്നു. ആയുർവ്വേദ പാഠശാലയിൽ ചേരുന്നതിനു് ശാസ്ത്രീക്ലാസുവരെ പഠിച്ചിരിക്കേണ്ടതാണു്. അതിനു സംസ്കൃത കാളേജിൽ അവക്കു പ്രവേശമില്ലാത്തപ്പോൾ വലിയ ഞെരുക്കമുണ്ടെന്നു പറയേണ്ടതില്ലല്ലോ. പ്രൈവറായി സംസ്കൃതം പഠിച്ചു യോഗ്യത സമ്പാദിച്ചു് ആയുർവ്വേദ പാഠശാലയിൽ ചേരാൻ അധികം വിദ്യാർത്ഥികൾക്കു സാധിക്കുന്നതല്ല. അങ്ങനെ വേണമെന്നുഗവർമ്മെൻറു നിർബന്ധിക്കുന്നതും ശരിയല്ല. ഈഴവരിൽ വളരെപ്പേർ സംസ്കൃതം പഠിക്കുന്നവരുണ്ടു്. പട്ടാമ്പി സംസ്കൃതകാളേജിലെ വിദ്യാർത്ഥികളിൽ നാലിൽഒന്നോളം ആളുകൾ തിരുവിതാംകൂറിലെ ഈഴവരാണു്. ഇവിടെനിന്നു് അവർ അത്ര ദൂരെപ്പോയി കഷ്ടപ്പെട്ടു സംസ്കൃതം പഠിച്ചുവരുന്ന വസ്തുത ഗവർമ്മെൻറു ദയവുചെയ്തു ഓർക്കേണ്ടതാണു്. ഏതാനും മാസങ്ങൾക്കു മുമ്പു് ഇവിടെ ഗവർമ്മെൻറിൽ നിന്നു നടത്തിയ മുൻഷിപ്പരീക്ഷയിൽ ചേർന്നവരുടെ കൂട്ടത്തിൽ ഈഴവരുടെ സംഖ്യ വളരെ അധികമായിരുന്നു. പാസ്സായവരുടെ കൂട്ടത്തിലും അവരുടെ സംഖ്യ ഗണ്യമായ ഒന്നായിരുന്നു. ഈഴവർ സംസ്കൃത വിദ്യാഭ്യാസത്തിനു് അസാധാരണ താല്പര്യമുള്ളവരാണെന്നു് ഈ വസ്തുത തെളിയിക്കുന്നുണ്ടു്. അതുകൊണ്ടു് അവരെ സംസ്കൃത കാളേജിൽ ചേർക്കാതിരിക്കുന്നതു വളരെ സങ്കടമാണു്. ഇതു് ഒരു സർക്കാർ കാളേജുകയാൽ പ്രജകളിൽ ആവശ്യവും ആഗ്രഹവും ഉള്ള ആർക്കും പ്രവേശം അനുവദിക്കേണ്ടതാകുന്നു. ഈ വക വിദ്യാഭ്യാസങ്ങൾക്കു് ആഭിജാത്യവും അന്തസ്സും ആവശ്യപ്പെടുന്ന കാലം പൊയ്പ്പോയി. എന്നുതന്നെയല്ല, നമ്മുടെ സംസ്കൃത കാളേജിലെ വിദ്യാർത്ഥികളിൽ തന്നെ മൺവെട്ടി വേലക്കാരുടെയും ക്ഷൌരക്കാരുടെയും മക്കൾ പഠിക്കുന്നതായി രേഖകൊണ്ടു് കാണുന്നുണ്ടു്. ഈഴവരിൽ സാമാന്യം ഭേദമുള്ളവരുടെ സന്താനങ്ങളാണു് സംസ്കൃതം പഠിപ്പാൻ സാധാരണ ആവശ്യപ്പെടുന്നതു്. അതുകൊണ്ടു് ആ തടസ്സവും (ഒരു തടസ്സമായി വിചാരിച്ചാൽതന്നെയും) അവരെ സംബന്ധിച്ചു പറവാൻ പാടില്ലാത്തതാണു്. ഇതിനെ ഗവർമ്മെൻറു ദയാപൂർവ്വം ചിന്തിച്ചു ആയുർവ്വേദ പാഠശാലപോലെ സംസ്കൃത കാളേജും മഹാ

Digitized By Kerala Sahitya Akademi

രാജാവു തിരുമനസ്സിലെ പ്രജകളിൽ എല്ലാവർക്കും ഉപയുക്തമാക്കിത്തീർക്കുന്നതി നുവേണ്ടതു് ഉടനെ ചെയ്യേണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

2. ജാതി നിമിത്തമായി തിരുവിതാംകൂറിൽ ഇപ്പോഴും ജനങ്ങൾ അനുഭവിക്കുന്ന കഠിന സങ്കടങ്ങൾ: ഗവർമ്മെ ൻറിനു പാടുള്ളതു അവയെ പരിഹരിക്കേണ്ടതു് അത്യാ വശ്യമാണെന്നു്.

ഈഴവർ മുതലായ പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരെ ഏതെങ്കിലും ഡിപ്പാ ർട്ടുമെൻറിൽ ഉദ്യോഗത്തിനെടുക്കുമ്പോഴും മേലധികാരികൾ ജാതി നിമിത്തമായ അസൗകര്യങ്ങളെപ്പറ്റി ചിന്തിക്കയും അതുകൊണ്ടു് അവരുടെ വർഗ്ഗക്കാരെ ധാരാ ളം ഡിപ്പാർട്ടുമെൻറുകളിൽ പ്രവേശിപ്പിക്കാതിരിക്കയും ചെയ്യേണ്ടി വരുന്നു എന്നു ള്ള വസ്തുത പലർക്കും അറിവുള്ളതാണു്. വിദ്യാഭ്യാസ യോഗ്യതകൊണ്ടും പ്രജ കളുടെ നിലയിൽ ഉള്ള അവകാശം കൊണ്ടും മറ്റും അങ്ങനെയുള്ള വർഗ്ഗക്കാർക്കു് അവശ്യം ലഭിക്കേണ്ടതായ ആവക പ്രോത്സാഹനങ്ങളെ ''ജാതി'' കൊണ്ടു തട്ടി ത്തെറുകളയാവുന്നതല്ല. രാജ്യകാര്യങ്ങളും പ്രജകളും പൊതുവിലുള്ളതാണു്. ജാതി വഴക്കുകാരുടെ സംഖ്യ അതില്ലാത്തവരുടെ സംഖ്യയോടു് ഒത്തുനോക്കിയാൽ തുലോം തുച്ഛമാണു്. അതുകൊണ്ടു് ഗവർമ്മെൻറു് ഈ അവസ്ഥയെപ്പറ്റി ഗൌര വമായി ആലോചിച്ചു പരിഹാരമുണ്ടാക്കേണ്ട കാലം അതിക്രമിക്കുന്നു. തിരുവി താംകൂർ പോലീസു് സൈന്യത്തിൽ 1854 ആളുകളുണ്ടു്. ഇതിൽ ഈഴവരിൽ കാൺസ്റ്റബിളുമാരായി ഒരു ഡസൻ ആളുകളും ഉണ്ടോ എന്നു് എനിക്കു സംശയമാ ണു്. പുലയരിൽ ഒന്നും ഉണ്ടായിരിക്കയില്ല. കഴിഞ്ഞ നാലഞ്ചുകൊല്ലമായി കാൺസ്റ്റബിളുമാരായി അധികം ഈഴവരെ എടുക്കാത്തതിനെപ്പറ്റി ഈ സഭ മുഖേനയും മറും ഞങ്ങളും വലിയ പരാതികളും പറഞ്ഞുവരികയാണു്. അതിനു ഡിപ്പാർട്ടുമെൻറു മുഖേന ഇതുവരെ നിവൃത്തിയുണ്ടാകാത്തതിൻറെ രഹസ്യം ഈ ജാതിയാണു്. ഈഴവ കാൺസ്റ്റബിളിനെ അവിടെ അയയ്ക്കാൻ പാടില്ല, ഇവി ടെ അയയ്ക്കാൻ പാടില്ല എന്നൊക്കെ വേണ്ടപ്പോഴും വേണ്ടാത്തപ്പോഴും തടസ്സങ്ങളും ഉണ്ടാക്കിപ്പറഞ്ഞു യൂറോപ്യൻ മേലധികാരികളെ കബളിപ്പിക്കാൻ ആളുകളുണ്ടു്. ജാതിയാണു് അതിനുകാരണം. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലും ഈ ദോഷം ധാരാളം അവരുടെ മേൽഗതിയെ തടയുന്നു. ഈഴവ വാദ്ധ്യാന്മാരെ യോ ഉപാദ്ധ്യായിനികളെയോ എല്ലാ സ്കൂളുകളിലും നിയമിക്കയോ എല്ലാ സ്കൂള കളിലേക്കും സ്ഥലം മാറ്റുകയോ ചെയ്യാൻ പാടില്ലാതെ വരാറുണ്ടു്. റവന്യൂവ കുപ്പിൽ ജാതിതടസ്സം ഉദ്യോഗ ലാഭത്തിനുകൂടി മിക്കവാറും പ്രതിബന്ധമായി ഇന്നും നിൽക്കയാണു്.

സർക്കാർ സത്രങ്ങളിൽ പലതിലും ഈഴവർക്കു ജാതി നിമിത്തം പ്രവേശമി ല്ലാതിരിക്കുന്നതു സങ്കടമാണു്. ഈഴവർക്കു സർക്കാരുദ്യോഗം സംബന്ധിച്ചും പൊതുകാര്യങ്ങൾ സംബന്ധിച്ചും മറും പലപ്പോഴും സഞ്ചരിക്കേണ്ടിയിരിക്കുന്ന ഇക്കാലത്തു സത്രങ്ങളുള്ള ദിക്കുകളിൽ അവർക്കു കയറിത്താമസിപ്പാൻ പാടില്ലാ താകുന്നതു കഷ്ടമാണു്. രണ്ടു കൊല്ലങ്ങൾക്കു മുമ്പു് ഒരു ഈഴവ പ്രതിനിധി ഈ സഭ മുമ്പാകെ അതിനെപ്പറ്റി പ്രത്യേകം നിവേദനം ചെയ്തിരുന്നു. അതിന്മേൽ

Digitized By Kerala Sahitya Akademi

ഗവർമ്മെൻറ് അനുകൂലമായ ചില നടപടികളും നടത്തിയതായും അറിയുന്നു. എത്ര സത്രങ്ങളും സർക്കാർ വകയായി ആകെ ഉണ്ടെന്നും അവയിൽ ഏതിലെല്ലാം എന്നേറ ജാതിക്കാർക്കു താമസിക്കാമെന്നും ശേഷമുള്ളവയിൽ താമസിപ്പാൻ പാടില്ലാത്തതിനു കാരണം ഉണ്ടെങ്കിൽ എന്താണെന്നുമുള്ള വിവരം ദയചെയ്തു കാലതാമസമെന്നിയേ അറിവിച്ചു തരേണമെന്നു് അപേക്ഷിക്കുന്നു.

ഇതിനെ ഒക്കെക്കാളും കഷ്ടമാണു് ചില സ്ഥലങ്ങളിൽ ഇപ്പോഴും പബ്ലിക്കു റോഡുകളിൽ കൂടി ഈ വഴ്ക്കാർക്കു നടപ്പാൻ പാടില്ലെന്നു വച്ചിരിക്കുന്നതു്. ഈ തടസ്സങ്ങളും അധികവും ക്ഷേത്രങ്ങളോടും ബ്രാഹ്മണാലയങ്ങളോടും മറ്റും സംബന്ധിച്ച സ്ഥലങ്ങളിലാണു്. ഈ തടസ്സത്തിൻറെ അബദ്ധങ്ങളേയും വ്യവസ്ഥയില്ലായ്മയേയും തത്സംബന്ധമായി പിന്നോക്കം നിൽക്കുന്ന ജാതിക്കാർ അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങളേയും പറഞ്ഞി പ്രത്യേകം രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. ഈഴവരേയും സർക്കാർ ക്ഷേത്രങ്ങളേയും സംബന്ധിച്ചു തന്നെ പറയാം. സംസ്ഥാനത്തിൽ തെക്കേ അറ്റത്തെ ക്ഷേത്രം കന്യാകുമാരിയാണു്. അവിടെ സാധാരണ കാലങ്ങളിൽ പുറമതിലിൻറെ വാതുക്കൽ (ഗോപുര ദ്വാരത്തിൽ) ചെന്നു നിന്നുകൊണ്ടു ഈഴവർക്കു തൊഴാം. കൊടിയേറി ഉത്സവം തുടങ്ങിയാൽ അതുപാടില്ല. ഇതു വലിയ കഷ്ടമാണു്. ഉത്സവകാലത്താണു് അധികം ആളുകളും തൊഴാൻ പോകുന്നതു്. ക്ഷേത്രത്തിലെ ആഡംബരങ്ങളും കാണുമ്പോഴാണു് സാധാരണ ജനങ്ങൾക്കു് അധികം കേതിയുണ്ടാകുന്നതു്. ആ കാലത്തു് അവരെ തടസ്സം ചെയ്യുന്നതു് ഒരു ഹിന്ദു ഗവർമ്മെൻറിൻറെ കാലോചിതമായ നയമാണോ എന്നു് ആലോചിച്ചു നോക്കേണ്ടതാണു്. ശ്രീചീന്ദ്രം, വടിശ്വരം, പറക്ക, ഭൂതപ്പാണ്ടി മുതലായി നാഞ്ചിനാട്ടുള്ള പല ക്ഷേത്രങ്ങളിലും ഈ മാതിരി പല അസൌകര്യങ്ങളുണ്ടു്. പലേടത്തും ആവക അസൌകര്യങ്ങൾ അടുത്തുള്ള ഉയർന്ന വഴ്ക്കാരുടെ സ്പർദ്ധ നിമിത്തം നാൾ തോറും വർദ്ധിച്ചു വരുന്നതായും കാണുന്നു. പലേ മഹാ ക്ഷേത്രങ്ങളിൽ ഈഴവർ ചെയ്യേണ്ടതായി പഴയ കാലം മുതൽ ഏർപ്പെട്ട പല കടമകളുമുണ്ടു്. കൊടിക്കു കെട്ടാൻ തുണി കൊടുക്കുക മുതലായ പല സംഗതികളും ഈഴവർ ചെയ്യേണ്ടതു് ഇപ്പോഴും അവർ ചെയ്തു വരുന്നു. എന്നാൽ അതിനു പ്രതിഫലമായി പണ്ടേ അവർക്കു് ഏർപ്പെട്ടിരുന്ന പടിത്തരവും പ്രസാദങ്ങളും അവർ നടയിൽ ചെന്നുവാങ്ങി വന്നിരുന്നതു് ഇപ്പോൾ ആ സ്ഥലങ്ങളിലൊന്നും ഉത്സവം തുടങ്ങിയാൽ അവർക്കു പോകാൻ പാടില്ലാത്തതായി തീർന്നിരിക്കുന്നതിനാൽ ചെന്നുവാങ്ങാൻ പാടില്ലാതെ വല്ലവരും വാങ്ങിയെടുത്തു കൊള്ളുകയും ആകുന്നു. നാഞ്ചിനാട്ടുള്ള ക്ഷേത്രങ്ങളിൽ ഉത്സവം തുടങ്ങിയാൽ അവസാനിക്കുന്നതുവരെ ഈഴവർ മുതലായ ജാതിക്കാർക്കു ക്ഷേത്രത്തിനു ചുറ്റുമുള്ള ഊരിൽ (ഔണിൽ) തന്നെ കടക്കാൻ പാടില്ലെന്നാണു് ഇപ്പോഴും വച്ചിരിക്കുന്നതു്. ആ ഔണുകളിൽ കച്ചവട സംബന്ധമായും, കേസുകളും സംബന്ധമായും, പണമിടപാടുകളും സംബന്ധിച്ചും എന്നുവേണ്ട കൂലി വേലകൾക്കായിക്കൂടിയും പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാക്കു പെട്ടെന്നു പോവാൻ പാടില്ലെന്നു വന്നുകൂടുന്നതു. എന്തെല്ലാം അസൌകര്യങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും ഇടയുള്ള സംഗതിയാണു്? ഉയർന്ന വർഗ്ഗത്തിൽപ്പെട്ട സിവിൾവാറണ്ടു പുള്ളികളും ക്രിമിനൽ കുറക്കാരും ഈ അവസരങ്ങളിൽ ഇവിടം സങ്കേതമാക്കുന്നു

Digitized By Kerala Sahitya Akademi

എന്നുള്ളതും അസാധാരണമല്ല. ഈ സ്ഥലങ്ങളിൽ ഉത്സവ കാലത്തു ക്ഷേത്രത്തിൽ നിന്നു നാലും അഞ്ചും ഫർലാങ്ങ് ദൂരത്തായി ഔണിൽ എത്തുന്ന റോഡുകളിൽ എല്ലാം ത്രികോണാകൃതിയിൽ ഒരുവക പരമ്പുതട്ടികൊണ്ടു കെട്ടി രണ്ടു മുളകളിന്മേൽ ചേർത്തു കഴിച്ചു നിറുത്തി വരുന്നു. ഇതിനു ''തെരുമറച്ചാൻ'' എന്നാണ് പറയുന്നതു്. ഉയർന്ന വഗ്ഗക്കാർക്കല്ലാതെ മറ്റാർക്കും തെരുവുകളിൽ കടപ്പാൻ പാടില്ലെന്നുള്ള നോട്ടീസായിട്ടാണ് അതിനെ വിചാരിച്ചു വരുന്നതു്. ഇതു നിമിത്തം ആ ഔണുകളിൽ കച്ചവടക്കാരായ തോട്ടികൾക്കു അത്രയും കാലം കടക്കാൻ തരമില്ലെന്നു പറയേണ്ടതില്ലല്ലോ. വാസ്തവത്തിൽ അവർ കടക്കാറില്ല. ഉത്സവം പ്രമാണിച്ചു് പത്തും മുപ്പതും ദിവസം ചേർത്തു കൊണ്ടു ജനങ്ങൾ ഞെരുങ്ങിത്താമസിക്കുന്ന ആ സ്ഥലങ്ങളിൽ കച്ചവടക്കാരായ തോട്ടികൾക്കു അത്രയും കാലം കടക്കാൻ തരമില്ലാതിരുന്നാലുള്ള അവസ്ഥ എന്തായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇതു നമുക്കു വെളിയിൽ പറയാൻ കൊള്ളുമോ? ഇതൊക്കെയാണോ ഉത്സവം? ശുചീകരണ വകുപ്പുകാർ ഇതറിയുന്നുണ്ടോ? ജാതിയുടെ പേരിൽ ജനാരോഗ്യത്തിനു കൂടി ഹാനികരമായ ഈവക അനാചാരങ്ങൾ വച്ചു കൊണ്ടിരിപ്പാൻ ഗവർമ്മെൻറ് അനുവദിക്കാമോ? ഇവകളെയൊക്കെ അടക്കിവച്ചു കൊണ്ടു് നമ്മുടെ ഗവർമ്മെൻറിനെ ഒരു പരിഷ്കൃത ഗവർമ്മെന്റെന്നു നമുക്കു് എന്നെങ്കിലും അഭിമാനിക്കാമോ? അതുകൊണ്ടു കാലാനുസാരമായ പരിഷ്കാരം രാജ്യത്തിനുണ്ടാകേണമെങ്കിൽ അതിനു വിഘാതമായി നിൽക്കുന്ന ജാതി സംബന്ധമായ അബദ്ധ വിശ്വാസങ്ങളെ നീക്കുന്ന വിഷയത്തിൽ ഗവർമ്മെൻറു പാടുള്ളതു പ്രത്യേകം തല കൊടുത്തു പ്രവർത്തിക്കുക തന്നെ വേണ്ടിയിരിക്കുന്നു.

ഇനി ഉത്തര തിരുവിതാംകൂറിലെ ചില ക്ഷേത്രങ്ങളെപ്പറ്റി ഒരു വാക്കു കൂടി പറയാം. നാഞ്ചിനാട്ടെ ഉത്സവ കാലത്തെ ''തെരുമറച്ചാ''ന്റെ സ്ഥാനത്തു ഉത്തര തിരുവിതാംകൂറിൽ ക്ഷേത്ര സമീപങ്ങളിൽ നോട്ടീസു പലകകളും തന്നെ സ്ഥിരം സ്ഥാപിച്ചിരിക്കുന്നതായി കാണാം. ഈ പലകകളും കൊണ്ടുള്ള ബുദ്ധിമുട്ടുകളെപ്പറ്റി കഴിഞ്ഞ തവണയും ഞാൻ ഈ സഭ മുമ്പാകെ സങ്കടം പറഞ്ഞിരുന്നു. ഇന്നിന്ന ജാതിക്കാർക്കു് ഇന്നിന്ന ദിക്കിലൊക്കെ നടക്കാൻ പാടില്ലെന്നു കരുണാനിധിയായ മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെൻറു് ഒരു ചട്ടം കൊണ്ടും തടുത്തിട്ടില്ലെന്നു വിവരമുള്ളവർക്കൊക്കെ അറിയാം. പിന്നെ ക്ഷേത്രങ്ങളുടെ പുറമതിലുകളുടെ പുറത്തു കൂടിയുള്ള പബ്ലിക്ക റോഡുകളിൽ ചിലേടത്തു ഞങ്ങൾക്കു സഞ്ചരിച്ചു കൂടാ എന്നു ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർ നോട്ടീസുകൊണ്ടു തടുത്തതു് എങ്ങനെ ആണെന്നും മനസ്സിലാകുന്നില്ല. ഇപ്പോഴുള്ള ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർ ആരും ഇങ്ങനെ ചെയ്തിട്ടില്ല. ഏതാനും കൊല്ലങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന ഒന്നുരണ്ടു ഉദ്യോഗസ്ഥന്മാരാണ് ഈ പലകകളും ഒക്കെ അവിടവിടെ നിർത്തിയിരിക്കുന്നതു്. അവരുടെ പേരുകളും ഞാൻ പറയുന്നില്ല. ഈ നോട്ടീസുകൊണ്ടു് അതിനു മുമ്പു ഞങ്ങൾ നടന്നു വന്ന വഴികളെയാണ് അവർ തടുത്തിരിക്കുന്നതു്. വൈക്കത്തു ക്ഷേത്രത്തിന്റെ ഗോപുരത്തോളം ഏതാനും കൊല്ലങ്ങൾക്കു മുമ്പുവരെ ഞങ്ങൾക്കു പോകാമായിരുന്നു. ഇപ്പോൾ അവിടെ നിന്നു പത്തുനൂറടി അകലെ നിൽക്കേണ്ടിവന്നിരിക്കുന്നു. എന്തു സങ്കടമാണിതു്? പ്രസിദ്ധപ്പെട്ട ഏറുമാനൂർ ക്ഷേത്രത്തിൽ ഇന്നും ഈഴവർക്കു ഗോപുരം വരെ ചെല്ലുകയും അതിനടുത്തുള്ള ജനമഠങ്ങളിൽ താമസിച്ചു ജനം നടത്തുകയും മറ്റും

Digitized By Kerala Sahitya Akademi

ചെയ്യാം. എന്നാൽ കോട്ടയം നൗണിലുള്ള തിരുനക്കര ക്ഷേത്രത്തിന്റെ വെളിക്കുള്ള പബ്ലിക്ക റോഡുകളിൽ കൂടിപ്പോലും ഈഴവർക്ക നടക്കാൻ പാടില്ലെന്ന പലകയിൽ എഴുതി വച്ചു നിഷേധിച്ചിരിക്കുന്നതായിക്കാണുന്നു. [ഹിന്തുക്കളല്ലാത്തവക്ക് പുഴുത്തുനാറിയ മത്സ്യവും ചോരയൊഴുകുന്ന പച്ച ഗോമാംസവും ചുമന്നുകൊണ്ടു ഈ പരിശുദ്ധ രാജ പാതകളിൽ കൂടി രാപ്പകൽ നടക്കുന്നതിനു യാതൊരു വിരോധവും ഇല്ലതാനും] അധികം സ്വാതന്ത്ര്യം അനുവദിക്കേണ്ട നൗണിൽ ഈ അബദ്ധവും കഠിനവുമായ നിർബന്ധം ചെയ്തിരിക്കുന്ന വിവരം ഗവർമ്മെൻറ് അറിയുന്നുണ്ടോ ? കച്ചേരിക്കടവിലേക്കും അവിടെ നിന്നും നൗണിന്റെ പല ഭാഗത്തേക്കും എന്നതന്നെയല്ല ക്ഷേത്രത്തിനു ചുറ്റുമായി കുറുക വഴിക്ക ചെന്നെത്താവുന്ന സ്ഥലത്തെങ്ങും ചുമട്ടുകളോ വണ്ടികളോ കൊണ്ടുപോയി കാലംകഴിക്കുന്നതിനു കൂടി ഈ വഗ്ഗങ്ങളിൽ സാധുക്കളായവർക്ക പാടില്ലാതെ ആക്കിത്തീർത്തിരിക്കുന്ന പലകകൾ കോട്ടയത്തു വളരെ അടുത്തകാലത്താണ് നാട്ടീട്ടുള്ളതു്. കുമരകത്തിനടുത്ത തിരുവാർപ്പു ക്ഷേത്രത്തോടു സംബന്ധിച്ചുള്ള വഴികളിലും ഈ വക അനർത്ഥങ്ങളാൽ അനേകം സാധുക്കൾ വെറുതെ കഷ്ടപ്പെടുന്നുണ്ടു്. താണ ജീവികളായ പട്ടികൾക്കും പൂച്ചകൾക്കും മറ്റും നടക്കാവുന്ന വഴികളിൽ മനുഷ്യരെ മനുഷ്യർ തടുക്കുന്നു. ഈഴവരെപ്പറ്റി പ്രത്യേകം പറകയാണെങ്കിൽ അവരുടെ എച്ചിൽ തെണ്ടി ഉപ ജീവിക്കുന്ന താണ വർഗ്ഗക്കാരിൽ ചിലക്ക നടക്കാൻ യാതൊരു വിരോധവുമില്ലാത്ത ചില വഴികളിൽ കൂടിയും അവരെ ചിലർ തടുക്കുന്നു. ഈ തടസ്സത്തിന്റെ സ്വഭാവം തന്നെ പലേടത്തും പലപ്പോഴും പല വ്യത്യാസങ്ങളോടു കൂടി നൂലാമാലയായിരിക്കയാണെന്നും മുൻപറഞ്ഞ സംഗതികളിൽ നിന്നുഗ്രഹിക്കാവുന്നതാണ്. അതുകൊണ്ടിതെല്ലാം ഉത്തരവാദമില്ലാത്ത ചില ജനങ്ങളോ അധികാര പ്രമത്തരായ ചില ഉദ്യോഗസ്ഥന്മാരോ അവരുടെ സ്വാർത്ഥപരമായ മനോഗതി പോലെ ചെയ്തു വയ്ക്കുന്ന ഏർപ്പാടുകളാണെന്നും അവയെ ജനങ്ങൾക്കുപദ്രവകരമായിത്തീർന്നിരിക്കുന്നു എന്നറിയുന്ന ക്ഷണത്തിൽ പരിഹരിക്കേണ്ടതു നമ്മുടെ പരിഷ്കൃത ഗവർമ്മെൻറിന്റെ മുറയാണെന്നും പറയേണ്ടതില്ലല്ലൊ. ക്ഷേത്ര സംബന്ധമായ സാന്നിദ്ധ്യത്തിന്റെയും സാമീപ്യത്തിന്റേയും പരമാവധി പുറമതിലാണ്. അതോളം പോവാൻ ആർക്കും ഒരിക്കലും എവിടെയും തടസ്സമുണ്ടായിരിക്കരുതു്. അതുത്തോളം സ്വാതന്ത്ര്യം ചോദിക്കുന്നതു് അധികമായിപ്പോയെന്നു് ആരും വിചാരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ഈ നിവേദനത്തിൽ അടങ്ങിയ ഓരോ പ്രധാന സംഗതിയേയും പറ്റി ഗവർമ്മെൻറ് പ്രത്യേകം ദയചെയ്തു ആലോചിച്ചു് സങ്കടങ്ങൾക്കു് ഓരോന്നിനും കഴിയുന്ന പരിഹാരങ്ങൾ ഉടനെ ഉണ്ടാക്കാൻ നോക്കേണമെന്നു താഴ്മയായി അപേക്ഷിച്ചു കൊള്ളുന്നു. ജാതിശല്യം അവിടവിടെ ചില ദിക്കുകളിൽ വർദ്ധിച്ചു വരുന്നതായി എടുത്തു കാണിച്ചിട്ടുള്ളതു് ശരിയാണെങ്കിലും ആകപ്പാടെ നോക്കിയാൽ അതിന്റെ ഔർജ്ജിത്യം ശീഘ്രത്തിൽ ക്ഷയിച്ചു വരികയാണെന്നുള്ള വസ്തുതയെ ഞാൻ വിസ്മരിക്കുന്നില്ല, ഗവർമ്മെൻറ് പ്രത്യേകം ദൃഷ്ടി വച്ചു ചിലതു കൂടി പ്രവർത്തിച്ചാൽ ഈ സങ്കടത്തിന്റെ അധികം തൃപ്തികരവും ശീഘ്രതരവുമായ നിവൃത്തിയുണ്ടാകുമെന്നുള്ളതു് നിശ്ചയമാകയാൽ ഇപ്രകാരം നിവേദനം ചെയ്യുന്നതാണ്. ജാതി വിചാരം രാജ്യത്തിൽ ഐകമത്യത്തെ പല പ്രകാരത്തിൽ ഭഞ്ജിച്ചു പൊതുക്ഷേമത്തെ തടഞ്ഞു ദേശം ക്ലേശകരമാക്കിച്ചെയ്യുന്നതിനു പുറമേ പല വിധത്തിലുള്ള ദുർവ്യയങ്ങൾക്കും കാരണമായിത്തീരുന്നു എന്നുള്ളതു്

Digitized By Kerala Sahitya Akademi

സ്വല്പം ചിന്തിച്ചാൽ ആർക്കും അറിയാവുന്നതാണല്ലോ. അർത്ഥമില്ലാത്ത ഈ ഭീഷണിയെ ഭയപ്പെട്ട വഴങ്ങി നടക്കുന്ന കാലത്തോളം രാജ്യത്തിലെ വിദ്യാഭ്യാസ സംബന്ധമായ ഉൽകർഷത്തെപ്പറ്റി നാം അഭിമാനിക്കുന്നതു തന്നെ ലജ്ജാവഹമാണ്.

പ്രജാ സഭയെപ്പോലുള്ള പൊതു സ്ഥാപനങ്ങളും പരസ്പര സഹായ സംഘങ്ങളും ഗ്രാമപ്പഞ്ചായത്തുകളും മറ്റും സ്ഥാപിച്ചു നടത്തുവാൻ വ്യവസ്ഥകൾ ചെയ്യുവരുന്ന ഇക്കാലത്തെ പ്രജകളുടെയിടയിൽ പൂർവ്വാധികമായി സ്നേഹബന്ധമുണ്ടാകാൻ ഉള്ള മാർഗ്ഗങ്ങൾ കൂടി പ്രത്യേകം ആലോചിച്ചു ചെയ്തു കൊണ്ടിരുന്നില്ലെങ്കിൽ എല്ലാം വ്യർത്ഥമായിത്തീരുന്നതാണ്. അതുകൊണ്ട് ഈ സങ്കടങ്ങളുടെ നിവൃത്തി മാർഗ്ഗമായി ഗവർമ്മെൻറു ചെയ്യേണ്ടതു് എന്താണെന്നു ചോദിച്ചാൽ എന്റെ എളിയ ബുദ്ധിയിൽ തോന്നുന്ന ഉത്തരം ഇതാണ്.

1. ജാതിക്ലേശമനുഭവിക്കുന്ന വർഗ്ഗങ്ങളെ സർക്കാരുദ്യോഗ വിഷയത്തിൽ ഗവർമ്മെൻറ് ഇപ്പോഴത്തേതിൽ അധികം പ്രോത്സാഹിപ്പിക്കണം.

2. ജാതിസംബന്ധമായ ദുശ്ശീലങ്ങളിൽ അനാദരവും ജനങ്ങളിൽ പരസ്പര സ്നേഹവും സഹോദര ബുദ്ധിയും ശരിയായ ദേശാഭിമാനവും വർദ്ധിക്കത്തക്കവണ്ണം ഉള്ള സദാചാര പാഠങ്ങൾ കുറേക്കാലത്തേക്കു് എലിമെൻററി സ്കൂളുകളിൽ നിർബന്ധിതമായി വയ്ക്കുക.

3. പബ്ലിക് ലക്ചർ കമ്മിറ്റിക്കാർ ഈ പ്രമേയത്തെക്കൂടി പ്രസംഗ വിഷയമായി സ്വീകരിക്കയും പ്രത്യേക യോഗ്യന്മാരെക്കൊണ്ടു പല അവസരങ്ങളിലും ശക്തിമത്തായ പ്രസംഗങ്ങൾ ചെയ്യിക്കയും ലഘുലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്ക.

4. പബ്ലിക് റോഡുകളിൽ നിന്നും നാഞ്ചിനാട്ടെ ''തെരുമറച്ചാനും'' ഉത്തരതിരുവിതാംകൂറിലെ ''നോട്ടീസു പലക''കളും എടുത്തുകളവാൻ ആജ്ഞാപിക്കുക. ഒടുവിൽ പറഞ്ഞ നോട്ടീസുകൾ ക്രിമിനൽ പ്രൊസീഡിംഗ്സ് കോഡ് 127-ാം വകുപ്പിൻ പ്രകാരം സ്ഥാപിച്ചിട്ടുള്ളതായിരിക്കണം. അങ്ങനെയാണെങ്കിൽ തന്നെ ആ വകുപ്പിലെ താൽപ്പര്യമനുസരിച്ചു് ആ നോട്ടീസുകളെ ഗവർമ്മെൻറ് പ്രത്യേകം ഗസറ്റിൽ പരസ്യപ്പെടുത്തി സ്ഥിരീകരിക്കാത്ത പക്ഷം അവ രണ്ടു മാസത്തേക്കേ സാധുവായിരിക്കൂ. ഗവമ്മെൻറ് ഈ നോട്ടീസുകളെപ്പറ്റി അങ്ങനെ ഇതുവരെ ചെയ്തിട്ടില്ല. ഇനി ചെയ്കയുമില്ലെന്നുള്ളതു നിശ്ചയമാണ്. അതുകൊണ്ട് അവയെ നവീകരിക്കാതിരുന്നാൽ മതി. എന്നാൽ ഇപ്പോഴത്തന്നെ കാലഹരണപ്പെട്ട നിൽക്കുന്ന പലകകളെ വകവയ്ക്കാതെ ജനങ്ങൾ നടന്നുകൊള്ളും.

5. 1040-മാണ്ടത്തെ ഒരു തിരുവെഴുത്തു വിളംബരം കൊണ്ടു് എല്ലാവർഗ്ഗക്കാർക്കും പബ്ലിക് റോഡുകളിൻ നടക്കുന്നതിനും മറ്റും ധാരാളം സ്വാതന്ത്ര്യം അനുവദിക്കുകയും അതിനെ തടയുന്നവരെ കഠിനമായി ശിക്ഷിക്കുമെന്നു് ആജ്ഞാപിക്കയും ചെയ്തിട്ടുണ്ട്. അരനൂറ്റാണ്ടു കഴിഞ്ഞിട്ടും അതു മുഴുവൻ നടപ്പിൽ വരാത്തതു ദയനീയമാണ്. രാജഗോപാലാചാരി അവർകളും ആ തിരുവെഴുത്തുവിളംബരത്തെ അദ്ദേഹത്തിന്റെ കാലത്തു വീണ്ടും പ്രസിദ്ധപ്പെടുത്തുകയും ഉജ്ജീവിപ്പിക്കുകയും ചെയ്തു. അവിടന്നും അവസാനമായി ഒന്നിക്കൽ കൂടി ആ

Digitized By Kerala Sahitya Akademi

വിളംബരം തന്നെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും അതിനെ അക്ഷരം പ്രതി നടപ്പിൽ വരുത്തുവാൻ നിഷ്കർഷിച്ച് ആജ്ഞാപിക്കയും ചെയ്താൽ മതി; ആ സങ്കടങ്ങൾക്ക പൂർണ്ണമായ നിവൃത്തി കിട്ടും. ഗവർമ്മെൻറിന്റെ അനുകമ്പാപൂർവ്വമായ ദൃഷ്ടി ഈ സംഗതികളിൽ ക്ഷണിച്ചു കൊണ്ട് തൽക്കാലം വിരമിച്ചു കൊള്ളുന്നു.

വിവേ: 1091 കം.ഉ.

[എൻ. കുമാരൻ ആശാൻ അവർകൾ 12 -ാമത്തെ പ്രജാസഭായോഗത്തിൽ സംസാരിച്ചതിന്റെ ചുരുക്കം.]

Digitized By Kerala Sahitya Akademi

അദ്ധ്യക്ഷപ്രസംഗം

മാന്യ സഹോദരരേ,

എസ്. എൻ. ഡി. പി. യോഗത്തിന്റെ ഈ ഇരുപതാമത്തെ വാർഷിക പൊതുയോഗത്തിൽ അദ്ധ്യക്ഷനായി എന്നെ തിരഞ്ഞെടുത്തതിനു് ഒന്നാമതായി ഞാൻ യോഗപ്രവർത്തകന്മാക്കു നന്ദി പറയേണ്ടിയിരിക്കുന്നു. ഈ തീരത്തിൽ നിവസിക്കുന്ന ഇരുപതു ലക്ഷത്തോളമുള്ള തീയ്യർ മഹാജനത്തിന്റെ ഏക സംഘടനമാണു് നമ്മുടെ യോഗം. ഇതിന്റെ വാർഷിക സമ്മേളനത്തിലെ അഗ്രാസനത്തേക്കാളും ഉന്നതവും സമുദായത്തിന്റെ വിശ്വാസ ബഹുമാനങ്ങൾക്കു നികഷ്ടഭൂതവുമായ ഒരു സ്ഥാനം വേറെ ഇല്ലെന്നാണു് എന്റെ ദൃഢമായ വിശ്വാസം. അതുകൊണ്ടു് ഈ സ്ഥാനത്തിൽ ആരോഹിതനായ ഞാൻ നിങ്ങളുടെ ദൃഷ്ടിക്കു കൃഗനായിപ്പോകുന്നില്ലേ എന്നു് എന്നോടുതന്നെ ചോദിക്കേണ്ടതാകുന്നു. എനിക്കു മുമ്പു് ഈ സ്ഥാനം അലങ്കരിച്ചിരുന്ന ഇരുപതിൽ പരം മാന്യന്മാരിൽ ആർക്കെങ്കിലുമുള്ള യോഗ്യതകളിൽ ഒന്നും തന്നെ എനിക്കുള്ളതായി ഞാൻ അശേഷം അഭിമാനിക്കുന്നില്ല. എന്നാൽ (ഇന്നലെ ഉപക്രമത്തിൽ സൂചിപ്പിച്ചിരുന്ന പോലെ) ഒരു യോഗ്യത എനിക്കുണ്ടു്. അതു യോഗത്തോടും എന്റെ സമുദായത്തോടും എനിക്കുള്ള സഹജമായ മമതയും സ്നേഹവും ആകുന്നു. അതുമതിയാകുമെങ്കിൽ– ആ സ്ഥാനം അലങ്കരിക്കുന്നതിനു് ആ യോഗ്യത മാത്രം മതിയാകുമെങ്കിൽ– മാന്യ സ്വജനങ്ങളേ, ഈ സ്ഥാനത്തിനു് എന്നെക്കാളും അർഹനായി വേറൊരാൾ ജീവിച്ചിരിക്കുന്നുണ്ടെന്നു് ആരു പറഞ്ഞാലും ഞാൻ വിശ്വസിക്കുന്നതുമല്ല.

സ്നേഹത്തിന്റെ അനിർവചനീയമായ ശക്തികളും ലോകത്തിൽ പാരസ്പരികമായി പ്രവർത്തിക്കയാകുന്നു. നിശ്ചയമായും എന്നെ ക്ഷണിപ്പാൻ നിങ്ങളുടെ മഹാമനസ്കതയെ ഉത്തേജിപ്പിച്ചതു് അതുതന്നെ ആയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. സ്നേഹത്തിന്റെ ഒരു ശക്തി അസമവസ്തുക്കളെ സമീകരിക്കുന്നതുപോലെ അതിന്റെ വേറൊരു ജാലവിദ്യ ചെറിയ സാധനങ്ങളെ ഊതിപ്പെരുക്കിനാം അറിയാതെ തന്നെ നമ്മുടെ ദൃഷ്ടിക്കു വലുതാക്കിച്ചെയ്കയും ചെയ്യുന്നു. നമ്മുടെ കുടുംബജീവിതം തന്നെ ഇതിനു ദൃഷ്ടാന്തമാണു്. അടുക്കളയിലും മുറ്റത്തും പിച്ച നിന്നു കൊഞ്ചിക്കളിക്കുന്ന കിടാവു് വീട്ടിലെ സർവ്വാധികാരമുള്ള യജമാനനോ യജമാനത്തിയോ ആയിരിക്കുന്നു. പ്രിയ ജനങ്ങളും നല്കുന്ന പനിനീർപ്പൂവു് തുല്യപരിമാണമായ പത്മരാഗത്തെക്കാളും വില പിടിച്ചതായി തോന്നുന്നു. സ്നിഗ്ധജനങ്ങളും ഉച്ചരിക്കുന്ന ഇതരസാധാരണമായ വാക്കുകളും തന്നെ നമ്മുടെ ചെവിയിൽ വീണാഗാനമായും അമൃത നിഷ്യന്ദമായും മാറുന്നു. നാം ഇതിൽ എല്ലാം കാണുന്നതു് സ്നേഹത്തിന്റെ പ്രാഭവമാകുന്നു. വാസ്തവത്തിൽ സ്നേഹം തന്നെ ലോകത്തെ ഭരിക്കുന്നു. മറ്റു ശക്തികളുടെ ഭരണത്തെ

Digitized By Kerala Sahitya Akademi

ക്കാൾ സ്നേഹത്തിന്റെ ഭരണത്തിന കീഴ്വഴങ്ങാൻ ജനങ്ങൾ എവിടെയും സന്നദ്ധരായിരിക്കുകയും ചെയ്യുന്നു.

അതേ, ഈ വിചാരങ്ങളുടെ കിരണങ്ങൾ ഏറ്റു തന്നെ സങ്കോചത്തിന്റെ മൂടൽ എന്നെ വിട്ടുമാറുന്നു, ഗിരകൾ ഉൽസാഹത്താൽ ഭരിതമാകയും മസ്തിഷ്കം ദീപ്തമാകയും ചെയ്യുന്നു. സ്വയം സന്ദേഹിച്ച ആത്മകാര്യം ദൃഷ്ടിയിൽ നിന്നു തെറിച്ചു പോയിരിക്കുന്നു. കർത്തവ്യബോധം കാര്യനിർവഹണത്തിനായി പുരോഭാഗത്തു നിന്നുകൊണ്ട് ''തസ്മാദുത്തിഷ്ഠ'' എന്നു വിളിച്ചു പറയുകയും ചെയ്യുന്നു.

നമ്മുടെ ശ്രീനാരായണ ധർമ്മപരിപാലനയോഗം നമ്മൾ തുടങ്ങിയുള്ള കേരളത്തിലെ ബഹുലക്ഷം അധഃകൃതരെ ഉന്നമിപ്പിക്കാൻ യഥാകാലം ആവിർഭവിച്ച ഒരു ധർമ്മശക്തിയാണ്. അതിന്റെ അവതാരോദ്ദേശ്യങ്ങളെ മുഴുവൻ നിർവഹിക്കാതെ അതു ഭൂമുഖത്തിൽ നിന്നു തിരോധാനം ചെയ്യുമെന്നും ഞാൻ വിചാരിക്കുന്നില്ല. യോഗത്തിന്റെ ആദിചരിത്രം നിങ്ങളിൽ പലർക്കും പരിചിതമായിരിക്കുമെങ്കിലും അവയെ സ്മരിപ്പിക്കുന്ന രണ്ടു മൂന്നു വാക്കുകൾ പറവാൻ ഈ അവസരത്തിൽ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു. വന്ദ്യപാദരായ ശ്രീ നാരായണ പരമഹംസദേവരുടെ ഏകാന്തമായ തപസ്യാജീവിതം ലോക സേവയ്ക്കായി മാറുന്ന ഘട്ടത്തിലാണ് നമ്മുടെ യോഗം ഉദ്ഭവിച്ചിരിക്കുന്നതു്. ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥയാണ് അദ്ദേഹത്തിന്റെ പ്രവൃത്തിപരിധിയെ സങ്കോചിപ്പിച്ചതു്. താൻ ജനിച്ചു വളർന്ന ജാതിയുടെ അതൃപ്തികരമായ സാമുദായികസ്ഥിതി ഒന്നാമതായി അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകർഷിച്ചതിൽഅത്ഭുതപ്പെടാനില്ല. യോഗിയായ അദ്ദേഹം മതപരിഷ്കാരത്തിനു തന്റെ കാര്യപരിപാടിയിൽ പ്രഥമ സ്ഥാനം നല്കിയതും സ്വാഭാവികം തന്നെ ആകുന്നു. തന്റെ വർഗ്ഗക്കാർക്കു് ഉയർന്ന വർഗ്ഗക്കാരെന്നു പറയപ്പെടുന്ന ഹിന്ദുക്കളുടെ ക്ഷേത്രങ്ങളിൽകടന്നു തൊഴാൻ അനുവാദമില്ലായിരുന്നു. അവരുടെ സ്വന്തദേവാലയങ്ങളിൽ അധികവും ജന്തുക്കളെ ബലികഴിക്കുന്ന ദുർഗ്ഗാക്ഷേത്രങ്ങളും ആയിരുന്നു. ഈ ജന്തുഹിംസയ്ക്കു് എതിരായി സ്വാമി വളരെ ഒക്കെ ശ്രമിക്കയും കേരളത്തിൽ സ്വസമുദായക്കാരുടെ വകയായ മിക്ക ക്ഷേത്രങ്ങളിലും അതു നാമാവശേഷമായിത്തീരുകയും ചെയ്തിട്ടുള്ളതു പ്രസിദ്ധമാണല്ലോ. മത സംബന്ധമായി അവിടന്നു ചെയ്ത മറെറാരു പരിഷ്കാരം സ്വവർഗ്ഗക്കാരുടെ ആരാധനയ്ക്കായി പ്രത്യേകം ക്ഷേത്രങ്ങൾ പ്രതിഷ്ഠിക്കയും അതുകളിൽ സ്വവർഗ്ഗത്തിൽ നിന്നു തന്നെ ശാന്തിക്കാരന്മാരെ ഏർപ്പെടുത്തി ഉത്തമമായ പൂജാക്രമങ്ങൾ നടപ്പാക്കുകയും ചെയ്തതാകുന്നു. ഇതിൽ ഒന്നാമത്തെ ദേവാലയമാണു നമ്മുടെ യോഗത്തിന്റെ ഉൽപ്പത്തിസ്ഥാനമായ അരുവിപ്പുറം ശിവക്ഷേത്രം. ഉത്തമ രീതിയിലുള്ള ദേവാരാധനം കൊണ്ടും ഈശ്വരഭക്തികൊണ്ടും സദാചാരത്തിനും പുറമേ സമുദായത്തിൽ അപേക്ഷിതമായിരുന്ന ശുചിത്വവും വർദ്ധിക്കുമെന്നു സ്വാമി കണ്ടിരുന്നു. ഈ ഒടുവിൽ പറഞ്ഞ സംഗതി യോഗം സ്ഥാപിക്കുന്നതിനു മുൻപു തന്നെ പലപ്പോഴും എന്നോടു തൃപ്പാദങ്ങൾ സൂചിപ്പിച്ചു പറഞ്ഞിട്ടുള്ളതാണ്. ഇതിന്റെ ഇതേവരെയുള്ള ഫലം തന്നെ എത്രയോ തൃപ്തികരമായിരിക്കുന്നു. ക്ഷേത്ര സാഹചര്യം കൊണ്ടു ശരീരം, വസ്ത്രം, ആഹാരം ഇതുകളിൽ ഏതു

Digitized By Kerala Sahitya Akademi

നമ്പൂതിരിയോടും കിടപിടിക്കത്തക്ക ശുചിത്വമുള്ളവർ സമുദായത്തിൽ പലേടത്തും വർദ്ധിച്ചിട്ടുണ്ട്. സ്വാഭാവികമായ ക്രമേണ സമുദായത്തിന്റെ മതാചാര്യസ്ഥാനം സ്വയം ലഭിച്ചു. അതോടുകൂടി സമുദായത്തിന്റെ ഉന്നമനത്തിനാവശ്യമായ മറ്റു പല സംഗതികൾക്കുമായി പ്രവർത്തിക്കുന്നതിനും ആരംഭിച്ച പരിഷ്കാരങ്ങളെ പ്രചരിപ്പിക്കുന്നതിനുമായി ''ശ്രീനാരായണ ധർമ്മ പരിപാലന യോഗം'' അവിടത്തെ പ്രേരണയിൽ 1078-ൽ സ്ഥാപിക്കപ്പെട്ടു.

യോഗം പരിഷ്കരണ വിഷയമായി ആദ്യം ചെയ്തത് താലികെട്ടു മുതലായ അനാവശ്യ അടിയന്തിരങ്ങളെ നിറുത്താൻ സമുദായത്തെ പ്രേരിപ്പിച്ചതാകുന്നു. ജനങ്ങൾ തമ്മിൽ സ്ഥാനമാനങ്ങൾ ചൊല്ലി കലഹം വർദ്ധിപ്പിച്ചും സദ്യയും പുകയിലയും കൊടുത്തു് ധനം നശിപ്പിച്ചും കുടുംബങ്ങളെ നാൾക്കുനാൾ ശോഷിപ്പിച്ചുംകൊണ്ടിരുന്ന അത്തരം ദുരാചാരങ്ങൾ ഇപ്പോൾ കേൾക്കാനില്ലാതായിത്തീർന്നിട്ടുണ്ട്. പെൺകുട്ടികൾക്കുപോലും വ്യയസാദ്ധ്യമായ വിദ്യാഭ്യാസം നൽകേണ്ട ചുമതലകൂടി എല്ലാ വീടുകളേയും ഞെരുക്കിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു് ഭയങ്കരമായ താലികെട്ടു ചിലവു നിന്നുപോയതു് എന്തൊരനുഗ്രഹമാണെന്നു് ഉത്തരവാദമുള്ളവർക്കു് ചിന്തിച്ചാൽ അറിയാം.

പരിഷ്കൃതമായ വിവാഹരീതി ഏർപ്പെടുത്തിയതാകുന്ന യോഗത്തിന്റെ മറ്റൊരു ശ്രമം. ഇതു സമുദായത്തിന്റെ ഇന്നത്തെ നിലയ്ക്കു് എത്ര സ്പൃഹണീയവും അഭിമാനകരവുമായ സംഗതിയാണെന്നു പറയേണ്ടതില്ലല്ലോ. സമുദായത്തിൽ സ്ത്രീപുരുഷന്മാരുടെ ഇടയിൽ ഒന്നുപോലെ വിദ്യാഭ്യാസം വർദ്ധിപ്പിക്കുന്ന വിഷയത്തിൽ യോഗം പ്രസംഗങ്ങൾ മുലമായും മറ്റും ജനങ്ങളെ നിരന്തരം പ്രോൽസാഹിപ്പിച്ചുകൊണ്ടിരുന്നു. വ്യവസായ വിഷയത്തിൽ സമുദായത്തിനു് അഭിരുചി വർദ്ധിപ്പിപ്പാനായി ഇവിടെയും കണ്ണൂരിലുമായി രണ്ടു വലിയ കൃഷി വ്യവസായ പ്രദർശനങ്ങൾ നടത്തി. നിർദ്ധനരായ പല വിദ്യാർത്ഥികൾക്കു് ഉയർന്നതരം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു ധനസഹായം ചെയ്തുകയും അവരിൽ പലരും സർവകലാശാലാബിരുദങ്ങൾ സമ്പാദിക്കയും ചെയ്തു. ഇതിനു പുറമേ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള സമുദായപ്രമാണികളെ മിക്കവാറും യോഗത്തിൽ അംഗങ്ങളായി ചേർക്കയും സമുദായശക്തിയെ വർദ്ധിപ്പിക്കയും ചെയ്തു. പരസ്പരം കണ്ടും കേട്ടും അറിവാനിടയില്ലാതെ അകന്നും ഭിന്നഭരണങ്ങൾക്കു കീഴിലും പാർത്തുവന്ന സഭാംഗങ്ങൾക്കു തമ്മിൽ പൊതുക്കാര്യങ്ങളിൽ അത്യുദ്യമായ സാഹോദര്യബുദ്ധി ജനിപ്പിച്ചു് രാജ്യത്തിൽ പലടിക്കിലും സമാജങ്ങൾ സ്ഥാപിച്ചു നടത്തുന്നതിനു് പ്രേരിപ്പിക്കയും അപ്രകാരം അനവധി സമാജങ്ങൾ ഉദ്ഭവിക്കയും ചെയ്തു. ക്ഷേത്രസ്ഥാപനപ്രസ്ഥാനം മംഗലാപുരം വരെ വ്യാപിച്ചു. ശിവഗിരിമഠത്തിന്റെ സ്ഥാപനത്തിലും ശാരദാ പ്രതിഷ്ഠാ സംബന്ധമായ കൃത്യങ്ങളിലും സാരമായി സഹായിച്ചു. സ്വാമി തൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി മഹോത്സവം കേരളം മുഴുവനും പുറത്തു പല ദേശകളിലും കൊണ്ടാടത്തക്കവണ്ണം ഏർപ്പാടുകൾ ചെയ്കയും വലിയ ഒരു സംഖ്യ ചിലവു ചെയ്തു തിരുവനന്തപുരത്തു ഷഷ്ടിപൂർത്തി സ്മാരകമായി ഒരു വിദ്യാർത്ഥിസദനം പണികഴിപ്പിക്കയും ചെയ്തു. ഇവ യോഗത്തിന്റെ നേരേ കീഴിലും പ്രേരണയിലും സാധിച്ചിട്ടുള്ള സാമുദായികമായ ചില സംഗതികൾ

Digitized By Kerala Sahitya Akademi

മാത്രമാകുന്നു. യോഗം പ്രധാനമായും ചെയ്തുകൊണ്ടിരുന്ന മറെറാരു പ്രവൃത്തി സമുദായത്തിൻെറ രാഷ്ട്രീയാവകാശങ്ങളെ സംബന്ധിച്ചു് ഗവർമ്മേണ്ടിനോടു് വഴക്കു പറഞ്ഞുകൊണ്ടിരിക്കയാകുന്നു. ഇതിൻെറ ഫലമായി തിരുവിതാംകൂറിൽ നമ്മുടെ വർഗ്ഗക്കാക്കു് പ്രവേശ്യമല്ലാതിരുന്ന രണ്ടായിരത്തോളം സർക്കാർ സ്കൂളുകളിലും സർക്കാർ ധനസഹായം ലഭിക്കുന്ന പ്രൈവറ്റു് സ്കൂളുകളിൽ ഒന്നോ രണ്ടോ ഒഴിച്ചു് എല്ലാറിലും നമ്മുടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്വാതന്ത്ര്യം ചേർന്ന പഠിക്കുമാറായിത്തീർന്നിരിക്കുന്നു. നമ്മെ ഉദ്യോഗങ്ങളിൽ നിയമിക്കാതിരുന്ന ദേവസ്വം ഒഴിച്ചുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളിലും നമ്മിൽ യോഗ്യതയുള്ള ഒട്ടധികം പേർക്കു് ഉദ്യോഗങ്ങൾ ലഭിച്ചുകഴിഞ്ഞിരിക്കുന്നു. പഞ്ചായത്തു കോർട്ടു് ബെഞ്ചു മജിസ്ട്രേസി, മുൻസിപ്പാലിറ്റി, പ്രജാസഭ, ഈ സ്ഥാപനങ്ങളിലും നിയമസഭയിൽതന്നെയും നമുക്കു പ്രാതിനിദ്ധ്യം കിട്ടിയിരിക്കുന്നു.

കൊച്ചി ഗവർമ്മെൻറു തന്നെ അവിടത്തെ നമ്മുടെ സമുദായത്തിൻെറ സങ്കടങ്ങളെപ്പറ്റിയുള്ള യോഗത്തിൻെറ നിവേദനങ്ങളെ പലപ്പോഴും സ്വീകരിക്കയും പരിഹാരങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടു്.

തിരുവിതാംകൂറിൽ നമ്മുടെ ദായക്രമത്തെയും മറും ക്രമീകരിക്കുന്ന ഒരു നിയമമുണ്ടാക്കുന്നതിനായി ശ്രമം തുടങ്ങിയതു യോഗം മുഖേന ആകുന്നു. അതിൻെറ ഫലം ആസന്നമായിരിക്കുന്നതു നിങ്ങൾക്കു് അറിയാമല്ലോ.

ഇങ്ങനെ നമ്മുടെ സമുദായത്തിൻെറ നാനാമുഖമായ പുരോഗതിക്കു പ്രത്യക്ഷമായും പരോക്ഷമായും കാരണഭൂതമായി തീർന്നിട്ടുള്ള ഈ യോഗം നമ്മുടെ ഓരോരുത്തരുടേയും അഭിമാനപൂർവ്വമായ ശ്രദ്ധയ്ക്കു വിഷയമായിത്തീരേണ്ട സ്ഥാപനമാണെന്നുള്ളതു നിരാക്ഷേപമാകുന്നു. ഇതിൻെറ 20 കൊല്ലത്തെ അനുവർത്തനം കൊണ്ടു സമുദായത്തിനു സിദ്ധിച്ചിട്ടുള്ള ഗുണകരമായ മാറങ്ങൾ സംഗതികളെ സൂക്ഷിച്ചുനോക്കുന്ന ഒരുവൻെറ ദൃഷ്ടിയിൽ അത്ഭുതകരമായി തോന്നാതിരിക്കയില്ല.

ഇതിൻെറ ഒന്നാമത്തെ വാർഷിക യോഗം 20 കൊല്ലം മുൻപു് അരുവിപ്പുറം ക്ഷേത്രത്തിൽ വച്ചു കൂടിയപ്പോൾ ഹാജരായിരുന്ന അംഗങ്ങളേയും ഈ ഹാളിൽ ഇപ്പോൾ സന്നിഹിതരായിരിക്കുന്ന നിങ്ങളേയും താരതമ്യപ്പെടുത്തി നോക്കാൻ ഇടയായിട്ടുള്ള കണ്ണുകൾക്കു മേൽ പറഞ്ഞ വാസ്തവം എത്രയും സ്പഷ്ടമായികാണാവുന്നതാണു്. അന്നു നമ്മുടെ സമുദായത്തിൽ ഒരു അഡ്വക്കേറ്റു് ബി. എ. ബിരുദധാരികൾ ഉണ്ടായിക്കണ്ടാൽ ഭാഗ്യമായി എന്നു ഞങ്ങൾ ഉൾപുകൊണ്ടായോടെ പറയുമായിരുന്നു. ഇന്നു ഞങ്ങൾക്കു് ആ ഭാഗ്യമുണ്ടായി എന്നു മാത്രമല്ല അതു ഞങ്ങളുടെ പ്രതീക്ഷയെ അധികം പ്രാവശ്യം അതിക്രമിക്കയും ചെയ്തിരിക്കുന്നു; മാത്രമല്ല ഈ ഹാളിൽ തന്നെ അങ്ങനെയുള്ള അധികം യുവാക്കന്മാരെ കാണ്മാനുള്ള ഭാഗ്യം ഞങ്ങൾക്കു് ഇന്നുണ്ടായിരിക്കുന്നു. അന്നും നമ്മുടെ യോഗത്തോടൊന്നിച്ചു് സ്ത്രീ സമാജം നടത്തിയിരുന്നു. അതും ഇന്നലെ ഈ ഹാളിൽ ശ്രീമതി മീനാക്ഷിയമ്മ ബി. എ. യുടെ പ്രശസ്തമായ അദ്ധ്യക്ഷതയിൽ നടന്ന സ്ത്രീസമാജവും തമ്മിൽ വാസ്തവത്തിൽ കുപവും സമുദ്രവും പോലെയുള്ള അന്തരമുണ്ടെന്നു പറഞ്ഞാൽ അതിശയോക്തി ആകുന്നതല്ല.

Digitized By Kerala Sahitya Akademi

ഇങ്ങനെ പറവാൻ തുടങ്ങിയാൽ ഒട്ടു വളരെ ഉണ്ടാകും. എന്നാൽ ഇതെല്ലാം വാസ്തവത്തിൽ യോഗത്തോടു സംബന്ധിച്ചു പറയേണ്ട മാറ്റങ്ങളാം അല്ലെങ്കിൽ യോഗത്തിന്റെ സാക്ഷാൽ ഗുണഫലങ്ങളാണോ എന്നു ചോദ്യമുണ്ടാവാം. ഈ ചോദ്യത്തിന്റെ ശരിയായ ഉത്തരം ഏതു തന്നെ ആയാലും യോഗത്തിന്റെ പ്രേരണകം ഇല്ലായിരുന്നു എങ്കിൽ ഈ പരിമിത കാലത്തിനുള്ളിൽ ഈ അപരിമിതമായ അഭിവൃദ്ധി നമുക്കുണ്ടാവാൻ തരമില്ലെന്നുള്ളതിൽ പക്ഷാന്തരമുണ്ടാകുന്നതല്ല.

അന്നത്തെ പര്യന്താവസ്ഥകളും നമ്മെ സഹായിച്ചിട്ടുണ്ട്. നമ്മുടെ യോഗം സ്ഥാപിച്ചിട്ട് ഏതാണ്ട് ഒരു കൊല്ലം കഴിഞ്ഞപ്പോഴാണ് ശ്രീമൂലം പ്രജാസഭ ഉണ്ടായതു്. വിശാല ഹൃദയനായ വി. പി. മാധവരായർ ദിവാജി അവർകം അദ്ദേഹത്തിന്റെ ഹ്രസ്വമെങ്കിലും സ്മരണീയമായ ഭരണകാലത്തു് നമ്മുടെ പ്രജാ സഭയിൽ പ്രാതിനിദ്ധ്യം അനുവദിച്ച തരികയും അങ്ങിനെ നമ്മുടെ പൗരാവകാശ സംബന്ധമായ സങ്കടങ്ങളം ഗവർമ്മെന്റിനെ നേരിട്ടും പൂർണ്ണമായും അറിയിക്കാൻ സൗകര്യം നൽകുകയും ചെയ്തു. അദ്ദേഹത്തെ പിന്തുടർന്നുവന്ന മഹാമനസ്കനായ സർ പി. രാജഗോപാലാചാരി അവർകളം നമ്മിൽ ഉയർന്ന തരം യോഗ്യതയുണ്ടായിരുന്നവർക്കു് ഉദ്യോഗം കൊടുത്തു തുടങ്ങുകയും വിദ്യാലയ പ്രവേശത്തിൽ നമുക്കുണ്ടായിരുന്ന തടസ്സങ്ങളെ ഏറിയ കൂറും നീക്കിത്തരികയും ചെയ്തു. അതിനും പുറമേ നമ്മുടെ പൊതു യോഗങ്ങളിൽ സന്നിഹിതനായും മറ്റു രീതിയിൽ സദുപദേശങ്ങളം നല്കിയും, യോഗത്തിന്റെ ശ്രമങ്ങളെ ഒരു രക്ഷാധികാരിയുടെ സ്നേഹത്തോടു കൂടി അദ്ദേഹം പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്നു. പ്രജാസഭയിൽ നമ്മിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളംകൂടാതെ പുറമേ നമ്മുടെ സംഖ്യാബലത്തേയും അധഃസ്ഥിതിയെയും പരിഗണിച്ചു് ആറു പ്രതിനിധികളെക്കൂടി ആണ്ടുതോറും നിയമിക്കുന്നതിനു വ്യവസ്ഥ ചെയ്തതു് ആ മഹാനുഭാവനാകുന്നു. ഈ രണ്ടു ദിവാൻജിമാരെയും ഇവരുടെ നയത്തെ തുടർന്നു നമ്മെ സഹായിച്ചു കൊണ്ടിരുന്ന ദിവാൻ എം. കൃഷ്ണൻ നായർ അവർകളെയും നാം ഈ അവസരത്തിൽ കൃതജ്ഞതാപൂർവം സ്മരിക്കേണ്ടതാണു്.

നമ്മുടെ ഇപ്പോഴത്തെ ദിവാൻജിയും നമ്മോടു് അനുകമ്പയുള്ള ദേഹമാണെന്നു പറവാൻ ഞാൻ മടിക്കുന്നില്ല. ഭാഗ്യദോഷത്താൽ നമ്മുടെ സ്ഥിതിഗതികളെ അന്യഥാ ധരിച്ചു് അദ്ദേഹത്തിന്റെ ഭരണത്തിന്റെ ആദ്യഘട്ടത്തിൽ ചില നൈരാശ്യജനകമായ സംഗതികം അദ്ദേഹം ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീടുള്ള പ്രവൃത്തികം കൊണ്ടു് അദ്ദേഹം നമ്മുടെ സമുദായത്തിന്റെ ന്യായമായ ആകാംക്ഷകളിൽ ശരിയായ അനുകമ്പയുള്ള ഭരണതന്ത്രജ്ഞനാണെന്നു വെളിവാക്കിയിട്ടുണ്ട്. റവന്യൂവകുപ്പിലും സെക്രട്ടറിയേറ്റിലും നമ്മുടെ വർഗ്ഗക്കാരെ അധികം പ്രവേശിപ്പിച്ചിട്ടുള്ളതു് അദ്ദേഹമാണു്. ഇംഗ്ലീഷ് സ്കൂളുകളിലും കാളേജുകളിലും നമ്മുടെ വിദ്യാർത്ഥികളുടെ പകുതി ഫീസ് അനുവദിച്ചതു മറ്റു അസാമാന്യമായ ഔദാര്യത്തിനായി അദ്ദേഹത്തിനു നാം എന്നേക്കും കടപ്പെട്ടിരിക്കുകയുമാണു്.

യോഗത്തിന്റെ ശുദ്ധ അടുത്തകാലത്തു മുഖ്യമായി പതിഞ്ഞിരുന്നതു ക്ഷേത്രപ്രവേശനവാദം, മധുവർജ്ജന പ്രസ്ഥാനം, ഈ രണ്ടു പ്രമേയങ്ങളിലാണെന്നു് നിങ്ങൾക്കു് അറിയാമല്ലോ. ഇതിൽ ആദ്യത്തേതിൽ നായന്മാർ തുടങ്ങിയ സവർണ്ണഹിന്ദുക്കളുടെ ആനുകൂല്യം വർദ്ധിച്ചുവരുന്നതായി കാണുന്നതു് ഏറ്റവും പ്രാ?

Digitized By Kerala Sahitya Akademi

താത്ത്യജനകമല്ലെയ സംഗതിയാകുന്നു. കഴിഞ്ഞകൊല്ലത്തെ പ്രജാസഭയിൽ നമ്പൂതിരിമാർ ഉൾപ്പെടെ ഭൂരിഭാഗം ഹിന്ദു പ്രതിനിധികളും ഒപ്പിട്ട സമർപ്പിച്ച വിജ്ഞാപനം തന്നെ ഈ സംഗതിക്കു് അപരിഹാര്യമായ തെളിവാണു്. അതിനെ തുടർന്നു നായർ നേതാക്കളിൽ പലരും യോഗങ്ങളിൽ നിശ്ചയങ്ങളും പാസ്സാക്കിയും മറ്റു പ്രകാരത്തിലും ഈ വിഷയത്തിൽ ഇപ്പോൾ ശക്തിമത്തായ അനുകൂലാഭിപ്രായം പ്രചരിപ്പിച്ചു വരുന്നതായറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഇക്കഴിഞ്ഞ അമ്പലപ്പുഴ നായർ മഹാജനയോഗത്തിൽ തന്നെ നമ്മുടെ ക്ഷേത്രപ്രവേശനത്തെ സമ്മതിച്ചു നിശ്ചയം പാസ്സാക്കിയതായി കേൾക്കുന്നു. ഈ മഹാമനസ്കതയ്ക്കായി ആ യോഗത്തിന്റെ ഭാരവാഹികളായ മാന്യന്മാരോടു നാം നിശ്ചയമായും കൃതജ്ഞരായിരിക്കേണ്ടതാണു്. ഗവർമ്മെൻറിന്റെ ശ്രദ്ധയെ ഇപ്പോൾ നല്ലവണ്ണം ആകർഷിച്ചിട്ടുള്ള ഈ പ്രക്ഷോഭണത്തിൽ ദിവാൻജിയുടെ പ്രതീക്ഷിതമായ മറുപടി വിളംബിതമായാലും പ്രതികൂലമായിരിക്കയില്ലെന്നു ഞാൻ ഉറപ്പായും വിശ്വസിക്കുന്നു.

മധുവർജ്ജനപ്രസ്ഥാനം സമുദായത്തിൽ വളരെ ക്ലേശങ്ങൾ ഉണ്ടാക്കിത്തീർത്തിട്ടുള്ള ഒന്നാകുന്നു. ഈഴവർ ഇതിനു് ആരംഭിച്ചതു് സ്വാമിതൃപ്പാദങ്ങളുടെ ധാർമ്മികമായ ഉപദേശങ്ങളെ പുരസ്കരിച്ചു മാത്രമാണു്. സാമ്പത്തികമായ ചില്ലറ ഗുണങ്ങളെ മനഃപൂർവ്വം അവഗണിച്ചുകൊണ്ടാണു് സാന്മാർഗ്ഗികമായ ഈ പ്രക്ഷോഭണം സമുദായ നേതാക്കന്മാർ നടത്തുന്നതു്. മഹാത്മാവായ സ്വാമിതൃപ്പാദങ്ങളുടെ അനുഗ്രഹശക്തിയാൽ തന്നെ ഈ ശ്രമം അചിരേണ വിജയ ശേഖരിതമായിത്തീരുമെന്നു് ഞാൻ ആശംസിക്കുന്നു.

ഹിന്ദുമതത്തിന്റെ അപകർഷ ഹേതുവായ ''ജാതി''യോടു മല്ലിടുന്നതു യോഗത്തിന്റെ സാമാന്യകൃത്യങ്ങളിൽ പ്രധാനമായ ഒന്നാണു്. ഇതിനെ പുരസ്കരിച്ചാണു് സഹോദരസംഘം പ്രവർത്തിക്കുന്നതു്. നമ്മേക്കാൾ താണതോ ഉയർന്നതോ ആയി വിചാരിക്കപ്പെടുന്ന എല്ലാ ജാതിക്കാരോടും ആഹാരസാഹചര്യാദികളിലെയ സകല സംഗതികളിലും സഹോദരഭാവേന വർത്തിക്കുക എന്നുള്ളതാണു് ഇതിന്റെ മുഖ്യ ഉദ്ദേശം. പുലയർ, പറയർ മുതലായ വർഗ്ഗക്കാരുമായി പന്തിഭോജനം ചെയ്യുകയും കൂടിക്കഴികയും ചെയ്തു് അവരുടെ അന്തഃകരണത്തേയും സിരാബന്ധങ്ങളേയും സങ്കോചിപ്പിക്കുന്ന അപകർഷബുദ്ധിയെ ഉച്ചാടിപ്പിച്ചു അവരുടെ ആത്മാവിന്റെ സ്വതന്ത്രമായ വളർച്ചയെ സഹായിക്കുകയാകുന്നു അതിന്റെ ധർമ്മരഹസ്യം. സ്വസമുദായത്തിലെ യാഥാസ്ഥിതികന്മാരുടെ കഠിനമായ അതൃപ്തിക്കും തജ്ജന്യമായ പല അനർത്ഥങ്ങൾക്കും ഛിദ്രങ്ങൾക്കും ഹേതുവായിത്തീർന്ന ഈ പ്രസ്ഥാനം ഇപ്പോൾ ദിവസംപ്രതി എന്നപോലെ ജനസമ്മതി ലഭിച്ചു പ്രചാരിതാർത്ഥ്യമായി വരുന്നു എന്നു കാണുന്നതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. ഈ ക്ലേശകരമായ പ്രസ്ഥാനത്തിന്റെ പ്രവർത്തകനായ ശ്രീമാൻ കെ. അയ്യപ്പൻ അവർകളുടെ പേരു കേട്ടിട്ടില്ലാത്തവർ കേരളത്തിൽ അധികം പേരുണ്ടായിരിക്കയില്ല. ശ്രീനാരായണ പരമഹംസദേവരെ പ്രസവിച്ച സമുദായം ഈ ധർമ്മശൂരനായ യുവാവിനെ പ്രസവിച്ചതിൽ ആശ്ചര്യമില്ലെന്നു് ഞാൻ സാഭിമാനം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

ജാതിശല്യത്തിന്റെ നിവൃത്തിമാർഗ്ഗമായി മതപരിവർത്തനപ്രമേയം യോഗത്തിന്റെ ആലോചനാസരണിയിൽ ചിലപ്പോഴൊക്കെ കടന്നുകൂടാറുള്ള ഒന്നാണ്. ഇന്നു് ആ സ്ഥാനത്തിൽ നമ്മുടെ മുമ്പിൽ മുഴച്ചു നിൽക്കുന്നതു് ബുദ്ധമതമാകുന്നു. എന്റെ മാന്യസുഹൃത്തും സമുദായ നേതാക്കന്മാരുടെ മുന്നണിയിൽ ശോഭിക്കുന്ന ദേഹവുമായ മിതവാദി പത്രാധിപർ സി. കൃഷ്ണൻ ബി. ഏ. ബി. എൽ. അവർകളാണു പ്രധാനമായി ബുദ്ധമതത്തെപ്പറ്റി ചിന്തിച്ചു നോക്കുവാൻ ഈ അവസരത്തിൽ നമ്മോടു് ഉപദേശിക്കുന്നതു്. അദ്ദേഹത്തോടുള്ള സ്നേഹബഹുമാനങ്ങളാൽ ഈ ഉപദേശത്തിൽ നമ്മിൽ പലർക്കും അസാമാന്യമായ ഗൗരവബുദ്ധി ജനിപ്പിക്കുകയും ചെയ്യുന്നു. എന്നെക്കുറിച്ചു പറയുകയാണെങ്കിൽ ബുദ്ധമതം എന്റെ ആലോചനയിൽ ഇടംപ്രഥമമായി പ്രവേശിക്കുന്ന ഒരു വിഷയമല്ല. അതിലെ ധർമ്മത്തിന്റെയും മോക്ഷത്തിന്റെയും സാമഞ്ജസ്യത്തെപ്പറ്റി എനിക്കു് ആക്ഷേപവുമില്ല. എന്നാൽ ചിര പ്രതിപത്തികൊണ്ടു് ഉറച്ചുപോയ മനോവൃത്തികളെ കപ്പായം മാറുംപോലെ മാറ്റിക്കളയാമെന്നു വിചാരിക്കുന്നതു് അന്തഃകരണശാസ്ത്രീയമായ ഒരബദ്ധമാണെന്നാണു് എന്റെ താഴ്മയായ അഭിപ്രായം. രണ്ടാമതു്, എനിക്കു് അതിന്റെ ലൗകികമായ പ്രയോജനത്തിൽ തന്നെ അശേഷം വിശ്വാസമില്ല. മൂന്നാമതു്, പല പ്രകാരത്തിലുള്ള അന്തഃകരണ പരിണാമത്തോടുകൂടിയ ബഹുലക്ഷം ജനങ്ങളടങ്ങിയ ഒരു വമ്പിച്ച സമുദായത്തെ ഒന്നിച്ചുമതം മാറ്റുന്നതു സാദ്ധ്യമല്ലെന്നും നിശ്ചയമുണ്ടു്. അതു സമുദായത്തിൽ ഭിന്നിപ്പിനു കാരണമാകയാൽ വിവേകമല്ലെന്നും ഞാൻ സംശയിക്കുന്നു. വിശേഷിച്ചു് മതസംബന്ധമായ കാര്യങ്ങളിൽ നമ്മെ ഉപദേശിക്കേണ്ടതു് സ്വാമിതൃപ്പാദങ്ങളാകുന്നു. മതതത്ത്വങ്ങളെപ്പറ്റി അപാരമായ പരിജ്ഞാനവും സ്വാനുഭവവുമുള്ള ആ ഗുരുമൂർത്തി ജീവിച്ചിരിക്കുമ്പോഴും നാം അതിന്നായി മറ്റൊരു ദിക്കിൽ പോകുന്നതു് അദ്ദേഹത്തെ പ്രത്യക്ഷത്തിൽ അവഗണിക്കയും ആകുന്നു. ജീവിച്ചിരിക്കുന്ന ആചാര്യന്റെ ഗ്രന്ഥങ്ങളെ വ്യാഖ്യാനിച്ചു് സമാധാനം പറവാൻ പുറപ്പെടുന്നവരെപ്പറ്റി എനിക്കു പറവാനുള്ളതു് ''വ്യാഖ്യാതാക്കന്മാരിൽ നിന്നു് എന്നെ രക്ഷിക്കണേ ഈശ്വരാ'' എന്നു മാത്രമാകുന്നു.

ബുദ്ധമതത്തെക്കാളും മുമ്പു് തീയ്യരുടെ ശ്രദ്ധയെ ആകർഷിച്ചതു ബ്രഹ്മസമാജസിദ്ധാന്തമാണു്. ഇപ്പോൾ ആര്യസമാജവും നമ്മെ ക്ഷണിക്കുന്നുണ്ടു്. ഇവ എല്ലാം ഭാരതത്തിൽ ജനിച്ചു വളർന്ന മതങ്ങളാകയാൽ ഹിന്ദു മതത്തിന്റെ വിഭാഗങ്ങളായിട്ടാണു് വിചാരിക്കപ്പെടുന്നതു്. എന്നാൽ ഇവയിൽ നമ്മെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്ന ജാതി, പുരാണ ഹിന്ദുമതത്തിലെപ്പോലെ ഇല്ലെന്നുള്ള ആശ്വാസമാണുള്ളതു്.

എസ്. എൻ. ഡി. പി. യോഗം മുഖ്യമായും ഉപദേശിക്കുന്നതു് സംഘബലത്തെയാകുന്നു. തീയ്യരായി സമ്മതിക്കപ്പെടുന്ന ഏതാനുംകൂടി ജാതിയോ മതമോ എന്തു തന്നെ ആയിരുന്നാലും ഇതിൽ അംഗമായിരിക്കാമെന്നാണു് ഇന്നത്തെ വ്യവസ്ഥ. അതുകൊണ്ടു് ഖാനൃ സഹോദരരേ, നാം തീയ്യരായി നില്ക്കുക. വിദ്യാഭ്യാസം കൊണ്ടും വ്യവസായംകൊണ്ടും സദാചാരം കൊണ്ടും നമ്മുടെ സ്ഥിതിയെ നന്നാക്കുക, സംഘബലത്തെ ഉപചരിക്കുക. ഐകമത്യത്തിനു ഹാനിയുണ്ടാകുന്ന സംഗതികളുടെ നിഴലിനെപ്പോലും വർജ്ജിക്കുക.

Digitized By Kerala Sahitya Akademi

യോഗത്തിന്റെ പുതിയ നിബന്ധന അനുസരിച്ച് അധികം അംഗങ്ങളെ ചേർക്കുന്നതു് ഇപ്പോൾ സുഖകരമാണു്. അഞ്ചുരൂപ കൊടുക്കുന്ന ഏതു പുരുഷനും സ്ത്രീക്കും ജീവിത കാലം മുഴുവൻ സംഘത്തിലെ അംഗമായിരിക്കാവുന്നതാണു്. യോഗത്തിന്റെ ഭൂതകാല ചരിത്രത്തെപ്പറ്റി ഞാൻ പറഞ്ഞതു് ഓർമ്മിക്കുവിൻ ! അതു നിങ്ങൾക്കു് അസീമമായ വിശ്വാസത്തെ നൽകുന്നതാണു്. 20 കൊല്ലം നമ്മുടെ യോഗം ജീവിച്ചിരുന്നിരിക്കുന്നു. യാതൊരു ഭിന്നിപ്പോടും കൂടാതെ ഇത്രകാലം പ്രാണധാരണം ചെയ്ത സാമുദായിക സംഘങ്ങൾ നമ്മുടെ രാജ്യത്തു് വേറെ ദുർലഭമാണു്. ഇത്രതന്നെ അതിന്റെ ലീനമായ ഭാവിശക്തികളെ വിളിച്ചു പറയുന്നുണ്ടു്. ശ്രമിക്കുവിൻ, ജാതി ശല്യം പൊടിഞ്ഞു പോകും; അസ്വാതന്ത്ര്യം അസ്തമിക്കും.; അധ:കൃതരെ പൊക്കാനുള്ള ശക്തി നിങ്ങളുടെ ബാഹ്വക്കൈക്കു് അധീനമാകും. ശ്രമിക്കുവിൻ ! കേരളത്തിലെ നവീന നാഗരികതയെ നിർമ്മിക്കുവിൻ ! കേരളത്തിന്റെ ഭാവിചരിത്രത്തെ സുവർണ്ണ ലിപികളിൽ എഴുതുവിൻ ! ശ്രമിക്കുവിൻ ! ! ! പ്രിയ സഹോദരരേ !

'തനിക്കു താനേ തുണയായിരുന്നിടും
ജനത്തിനീശൻ തുണയായിരുന്നിടും'

[1098 മേടം 29, 30 എന്നീ തീയതികളിൽ കൊല്ലത്തു വച്ചു കൂടിയ 20 -ാമതു് എസ്. എൻ. ഡി. പി. വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ടു ചെയ്ത പ്രസംഗം]

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

റിപ്പോർട്ടുകൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

സെക്രട്ടറിയുടെ റിപ്പോർട്ട്

മഹാത്മാവായ സ്വാമി തൃപ്പാദത്തിലെ അനുഗ്രഹശക്തിയാൽ അരുവിപ്പുറം ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെ ഈയാണ്ടത്തെ സാധാരണ വാർഷികയോഗം (അല്ലെങ്കിൽ) ഈ മാതിരിയിൽ ഉള്ള ഒരു പുതിയ യോഗം കൂട്ടുന്നതിനു് ഈശ്വരൻ നമ്മെ ഇപ്പോഴാണു കടാക്ഷിച്ചതു്. ഈ ക്ഷണങ്ങളും സ്വഭാവേന ഇപ്പോൾ തന്നെ മാഞ്ഞു പോകുന്നവയാണെങ്കിലും സ്മരണയോഗ്യങ്ങളായിരിക്കേണ്ടവയാകുന്നു. ഈ നിമിഷങ്ങൾക്കുള്ളിൽ നമ്മുടെ മുമ്പിൽ ഇരിക്കുന്ന കൃത്യം എത്ര ഭാരമേറിയതാണെന്നും എത്ര വിവേക പൂർവ്വമായും ഏകാഗ്രതയോടുത്തോട്ട കൂടിയും നാം അതിൽ പ്രവേശിക്കേണ്ടതാണെന്നും ഉള്ളതു് ഈ മാന്യ സഭയിൽ ഞാൻ പറഞ്ഞറിയിച്ചേ തീരൂ എന്നില്ല. ഈ യോഗം ഇപ്പോൾ ആകൃതിയിൽ ഇത്ര ചെറുതായിരിക്കുന്നു എങ്കിലും ഇതിന്റെ ഉദ്ദേശ്യത്തിന്റെ ഗൗരവത്തെ വിചാരിക്കുമ്പോൾ തുലോം വലുതായിട്ടുള്ളതാകുന്നു. ദക്ഷിണ തിരുവിതാംകൂറിലെ ഒരുക്ഷുദ്രമായ ഗ്രാമത്തിൽ ഉള്ള ഒരു പ്രസിദ്ധ പുണ്യസ്ഥലത്തിൽ കൂടപ്പെട്ടിരിക്കുന്ന ഈ കൂട്ടം നമ്മുടെ സമുദായത്തിൽ പല സ്ഥലങ്ങളിലും ഉള്ള അഞ്ഞൂറിൽ പരം സ്വവർഗ്ഗ സ്നേഹശാലികളായ യോഗ്യന്മാരുടെ ഒരു സംഘമാകുന്നു. എന്നു മാത്രമല്ല ഇതിന്റെ യോഗ ക്ഷേമം മലയാള ഹിന്ദുക്കളിൽ ഏറ്റവും വലുതായ ഒരു ജന സമുദായത്തെ (അല്ലെങ്കിൽ) പതിന്നാലു ലക്ഷം ജനങ്ങളേയും മുക്കാലും മലയാള ഭൂമിയേയും വ്യാപിക്കുന്നതും ആകുന്നു. ഇത്ര ഭാരമേറിയ ഒരു കൃത്യത്തിൽ ഞാൻ വഹിക്കുന്ന ഈ ഭാഗത്തെക്കുറിച്ചു് എനിക്കു് ധൈര്യക്കുറവുണ്ടു്. എന്റെ ഇന്നത്തെ ചുമതലയെ തൃപ്തികരമാംവണ്ണം നിവ്വഹിക്കുന്നതിൽ എനിക്കു വേണ്ടിടത്തോളം യോഗ്യതയോ ശേഷിയോ ഇല്ലെന്നുള്ള വാസ്തവത്തെക്കുറിച്ചു് ഞാൻ വ്യസനിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇപ്പോഴും തന്നെ നമ്മുടെ സമുദായത്തിൽ ധാരാളം യോഗ്യതയും മനസ്സും ഉള്ള ആളുകൾ ഉണ്ടെന്നും മേലാൽ അവർ ഇതിനെ എത്രയും നല്ല രീതിയിൽ നടത്തുകയും നടത്തിക്കുകയും ചെയ്യുന്നതാണെന്നും ഉള്ള വിശ്വാസം വളരെ ആശ്വാസത്തെ നൽകുന്നുണ്ടു്. വാസ്തവത്തിൽ ഈ വിശ്വാസം തന്നെയാണു് ഏറ്റവും മഹത്തായ ഈ ഉദ്യമത്തിൽ ഞങ്ങൾ രണ്ടു മൂന്നു പേരെ ഇപ്രകാരം ആദ്യം തള്ളിവിട്ടിട്ടുള്ളതു്. ഒരു മഹാവൃക്ഷത്തിന്റെ ബീജാംകുരം അതു വളർന്നു കഴിയുമ്പോൾ ഉള്ള പൂർത്തിയായ ഇലകൾക്കോ ഉന്നതങ്ങളും വിശാലങ്ങളും ആയ കൊമ്പുകൾക്കോ തുല്യമായിരിക്കുന്നില്ല. എന്നാൽ അതിന്റെ വളർച്ചയ്ക്കു് അതു് അവശ്യം വേണ്ടതും അതിന്റെ ഉത്ഭവശോഭ അത്രമാത്രം കൊണ്ടു തന്നെ പര്യാപ്തമായിരിക്കുന്നതുമാകുന്നു. ഇപ്പോൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ശ്രീ-നാ-ധ-പ-യോഗത്തിന്റെ ആരംഭത്തോടു ഞങ്ങൾക്കോ ഞങ്ങളുടെ പ്രയത്നങ്ങൾക്കോ ഉള്ള സംബന്ധവും താദൃശമാ

Digitized By Kerala Sahitya Akademi

യിട്ടുള്ളതാണെന്നേ ഞങ്ങൾ വിചാരിക്കുന്നുള്ളൂ. ഇനി ഇതിനെ അഭിവൃദ്ധിയിൽ കൊണ്ടു വരുന്നതിനും, നമ്മുടെ സമുദായത്തിനു് ഇതൊരു പരമാനുഗ്രമാക്കിത്തീർക്കുന്നതിനും കുറെ എല്ലാം എളുപ്പമുണ്ടു്. എന്നാൽ ഇനി അതിനെ ഭരിക്കേണ്ടതിനായി നാം ഏർപ്പെടുത്തേണ്ട വ്യവസ്ഥകളും പ്രവൃത്തികളും കുറെ അധികം പ്രയാസമുള്ളവയുമാണു്. അതിനു് ഈ കൂടിയിരിക്കുന്ന യോഗത്തിലും നമ്മുടെ വലുതായ സമുദായത്തിലും യോഗ്യതയുള്ളവർ തീരെ ചുരുക്കമല്ലെന്നു നാം കാണുന്നുവല്ലോ. അതുകൊണ്ടു് അതു് ഒരിക്കലും അസാദ്ധ്യമായിവരാൻ പാടില്ല. വേണ്ടതു് ഐകമത്യവും സ്ഥിരോത്സാഹവും മാത്രമാകുന്നു. പരസ്പരം ഒരു നിരന്തരമായ സഹവർത്ത സ്നേഹബന്ധവും നമുക്കു് സർവ്വോപരി ആവശ്യമാകുന്നു.

ഇപ്പോൾ ഞാൻ വായിക്കാൻ കടപ്പെട്ടിരിക്കുന്ന റിപ്പോർട്ടിനെ ആരംഭിക്കുന്നതിനുമുൻപു് ഈ മഹായോഗത്തിന്റെ ഉത്ഭവത്തെക്കുറിച്ചുകൂടി അല്പം പറയേണ്ടതു് അപേക്ഷിതമാണു്. നമ്മുടെ യോഗത്തിന്റെ ആദിചരിത്രം മിക്കവാറും അരുവിപ്പുറം ശിവാലയത്തിന്റേയും മഠത്തിന്റേയും എഴുതപ്പെട്ടിട്ടില്ലാത്ത ആദിചരിത്രം തന്നെയാകുന്നു. അനുമാനവും അനുഭവസ്ഥന്മാരുടെ മൊഴിയും മാത്രം പ്രമാണം ആയിരിക്കുന്ന ആ സംഗതികളെ റിപ്പോർട്ടാക്കുന്നതിനേക്കാൾ റിപ്പോർട്ടിന്റെ ഒരു പൂർവ പീഠികയായി പറഞ്ഞു കളയുന്നതു് അധികം യുക്തമായിരിക്കുമെന്നും തോന്നുന്നു.

''അരുവിപ്പുറം ശ്രീനാരായണ ധർമ്മ പരിപാലന യോഗം'' ആരംഭിച്ചിരിക്കുന്നതു 1078 ധനു 23 –ാംതീയതി മുതലാകുന്നു. എന്നാൽ അതിനു മുൻപും ഇതിനു മറെറാരു പ്രകാരത്തിൽ ഒരു സ്ഥിതി ഉണ്ടായിരുന്നു എന്നു് യോഗാംഗങ്ങൾ ഏറക്കുറെ അറിഞ്ഞിട്ടുള്ളതാണല്ലൊ. ആ പൂർവ്വസ്ഥിതിയെക്കൂടി എല്ലാവരും വിവരമായി അറിഞ്ഞിരിക്കേണ്ടതാകയാൽ അതിനെ ചുരുക്കത്തിൽ ഇവിടെ എടുത്തു പറഞ്ഞു കൊള്ളുന്നു.

1074 -ാമാണ്ടു ധനുമാസം 14 -ാം തീയതി മുതൽ ഇപ്പോൾ രജിസ്റ്ററിൽ 1-ാം നമ്പർ പേരുകാരനായികാണപ്പെടുന്ന രാജശ്രീ കൊച്ചുപിള്ള വൈദ്യൻ മുതലായി ഇരുപത്തിനാലാളുകൾ ഒന്നു്, രണ്ടര, കാൽ ഇങ്ങനെ 11 യോഗക്കാരായി ചേർന്നു് അരുവിപ്പുറം ക്ഷേത്രത്തിന്റേയും മഠത്തിന്റേയും മേലന്വേഷണം ചെയ്തുകൊള്ളുകയും പൂജ, ഉത്സവം മുതലായവയെ നടത്തുകയും, ക്ഷേത്രവും മഠവും വകയായി ഉണ്ടാകുന്ന സ്വത്തുക്കളെ സ്വാമി കല്പന പ്രകാരം ന്യായമായി സൂക്ഷിച്ചു ചെലവു നടത്തുകയും മുതൽ വർദ്ധിപ്പിക്കുകയും ചെയ്തുകൊള്ളുന്നതിനു സമ്മതിച്ചു സ്വാമിയുടെ പേർക്കു് ഒരു ഉടമ്പടി എഴുതി രജിസ്റ്റർ ചെയ്തുവച്ചു് 77 -ാമാണ്ടു വരെ ഒരു ചെറിയ യോഗമായി നടത്തിവരികയായിരുന്നു. ഇതു് ഏകദേശം തൃപ്തികരമായ റിക്കാർട്ടുള്ള സംഗതിയാകയാൽ ആ റിക്കാർട്ടുകളെ പ്രസ്താവിക്കുന്നതിനു മുമ്പിൽ എളുപ്പത്തിൽ പറഞ്ഞു കഴിയത്തക്കതായ അതിനും മുമ്പിലുള്ള അവസ്ഥയെ അതായതു് 1073. ാമാണ്ടേയ്ക്കു മുമ്പിലത്തെ അരുവിപ്പുറം ക്ഷേത്രത്തിന്റെയും മഠത്തിന്റേയും സ്ഥിതിയെപ്പററി സൂചനാമാത്രമായെങ്കിലും അല്പം പറയേണ്ടതു പ്രസ്തുത യോഗത്തിനു് അപ്രതീക്ഷിതമായിട്ടായിരുന്നാലും അതു്മൂലഭൂതമായിരിക്കുന്ന സ്ഥിതിക്കു് വിട്ടുകളവാൻ പാടില്ലാത്തതാണല്ലോ. കുറിച്ചിട്ടി

Digitized By Kerala Sahitya Akademi

ട്ടുള്ളതായി എന്റെ കൈവശം യാതൊന്നും കിട്ടിയിട്ടില്ല എങ്കിലും രേഖയോളം തന്നെ വിശ്വാസയോഗ്യമായ പലരുടേയും ഓർമ്മയെ അടിസ്ഥാനമാക്കിയാൽ കൃത്യമായും 1063 -ാമാണ്ട് കുംഭമാസത്തിൽ പുണ്യമായ ശിവരാത്രി മുഹൂർത്തം അവസാനിക്കുന്നതോട് കൂടി മഹാത്മാവായ സ്വാമി അവർകളുടെ തൃക്കൈകളാൽ നമ്മുടെ സമുദായത്തിന്നു ദൈവികമായ പരിഷ്കാര സൌധത്തിന്റെ അടിസ്ഥാനക്കല്ലോ എന്നു തോന്നുംവണ്ണം പ്രതിഷ്ഠിക്കപ്പെട്ട ഈ ദിവ്യമായ മഹാദേവലിംഗത്തിൽ നിന്നുമാണ് ഇതിന്റെ പരമാർത്ഥമായ ആദിചരിത്രം ആരംഭിച്ചു കാണുന്നതു്. ഇപ്പോഴത്തെ ശിവരാത്രി 17 -മത്തേതും ഈ മഹാദേവമൂർത്തിക്ക് ഇതു 17 -ാമത്തെ തിരുവയസ്സുമാകുന്നു. നാം കൂടിയിരിക്കുന്ന ഈ സ്ഥലത്തിന്റെ സ്വഭാവം ഈ പ്രതിഷ്ഠയ്ക്കു മുൻപു് എങ്ങനെയായിരുന്നു എന്നുള്ളതു് ഇപ്പോഴും നമുക്ക് അനുമാനിപ്പാൻ പോലും കഴിയുന്നതല്ല. ഇതു പുലി മുതലായ ദുഷ്ടജന്തുക്കളും സഞ്ചരിക്കയും അനാഥ പ്രേതങ്ങളും പലപ്പോഴും കാണപ്പെടുകയും ചെയ്തിരുന്ന ഒരു വെറും വനമായിരുന്നു. ഇവിടെ മാൻ വേട്ടയാടീട്ടുള്ളവർ അടുത്ത കാലത്തിലും ജീവിച്ചിരുന്നിരുന്നു. പക്ഷെ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടാവിരിക്കാം. ഇവിടത്തെ പ്രതിഷ്ഠയ്ക്കു് ഏതാനും സംവത്സരങ്ങൾക്കുമുമ്പിൽ തന്നെ ഏകാന്ത നിരതനായ സ്വാമി അവർകളും ഈ നിർജ്ജനമായ പ്രദേശത്തും ഈ നദീതീരത്തിലും ഈ പാറകളുടെ ഇടയിലും സ്ഥിരവാസം ചെയ്തു വന്നിരുന്നു. ഈ പ്രമേയത്തോടടുക്കുമ്പോൾ സ്വാമിയുടെ അലൌകിക മനോഹരമായ യൌവനത്തിലെ ജീവിത ചരിത്രം എന്നെ ബലാലെന്ന പോലെ ആകർഷിക്കുന്നുണ്ടു്. കൃത്യഗൌരവത്തെ ചിന്തിച്ചു് തൽക്കാലം അതിൽ നിന്നും വിരമിക്കേണ്ടിയിരിക്കുന്നു. സ്വാമി നിയമേന ഒരു ദിക്കിൽ താമസിക്കുക പതിവില്ലായിരുന്നു. എങ്കിലും അദ്ദേഹം അധികം സ്ഥിരമായി താമസിച്ചിട്ടുള്ളതു് ഇവിടെയായിരുന്നു. അദ്ദേഹത്തിനു് എല്ലാ ദേശങ്ങളും എല്ലാ ജനങ്ങളും ഒന്നുപോലെ ആകുന്നു. എങ്കിലും അരുവിപ്പുറം ക്രമേണ സ്ഥിരവാസ സ്ഥലമായും അവിടെ വന്നു കൊണ്ടിരുന്ന ഭക്തന്മാരും വിരക്തന്മാരുമായ സാധുക്കൾ സജ്ജനങ്ങളായും തീർന്നിരിക്കണം എന്നു തോന്നുന്നു. പ്രതിഷ്ഠാകാലത്തു് ഇവിടെ ശ്രീകോവിൽ പോലും ഇല്ലായിരുന്നു. സ്വാമിയും അനുചരന്മാരും ഇവിടെ പർണ്ണശാലകളും കുടിഞ്ഞിലുകളും കെട്ടി താമസിച്ചിരുന്നു. പല സ്ഥലങ്ങളിൽ നിന്നും ജനങ്ങൾ അദ്ദേഹത്തെ കാണുന്നതിന്നായി ഇടവിടാതെ വന്നു കൊണ്ടിരുന്നു. അവർ അദ്ദേഹത്തെ പല പ്രകാരത്തിൽ ആരാധിക്കയും ക്ഷേത്രത്തിൽ വഴിപാടുകളും നേർച്ചകളും മറ്റും കൊടുത്തു തുടങ്ങുകയും ചെയ്തു. അധികം താമസിയാതെ സ്വദേശികളായ ചില യോഗ്യന്മാരുടേയും പൊതുജനങ്ങളുടേയും സഹായത്താൽ കരിങ്കല്ലിൽ ശ്രീകോവിലും അതിനെ ചുറ്റിയിരിക്കുന്ന മണ്ഡപവും ക്രമേണ പണി കഴിപ്പിച്ചു. പല സാധുക്കളും വന്നു ചേർന്നു വേദാന്താദ്ധ്യയനം ചെയ്കയും അവർക്കു് ആഹാരാദികളും ഇവിടെ നിന്നും തന്നെ ലഭിക്കയും ചെയ്തു. ജനങ്ങളുടെ സ്ഥിരനിവാസത്തോടുകൂടി പണത്തിന്റെയും കെട്ടിടങ്ങളുടേയും ഒരു ഏരണ്ടകൃത്താവിന്റെയും ആവശ്യകത നേരിട്ടു. 1068-ൽ കോട്ടാർ ചിന്മയ സ്വരൂപസ്വാമികളും ഇവിടെവന്നു സ്വാമിയെ കാണുകയും അദ്ദേഹത്തിന്റെ അധീനതയിൽ ശുചീന്ദ്രത്തിനു സമീപം താമരക്കുളം എന്ന സ്ഥലത്തുണ്ടായിരുന്ന

Digitized By Kerala Sahitya Akademi

ഏതാനും ധർമ്മസ്ഥാപനങ്ങളെ വേദാന്തം മുതലായ മതമാർഗ്ഗങ്ങളും പഠിക്കുന്ന സാധുക്കളെ സാഹായിക്കുന്നതിലേക്കു സ്വാമിയുടെ പേർക്കു കൈമാറ്റം ചെയ്തു കൊടുക്കുന്നതിലേക്കു് ആഗ്രഹിക്കയും ആ വസ്തുവിനുണ്ടായിരുന്ന ഒരു കടത്തിനായി രണ്ടായിരത്തി എണ്ണൂററി നാൽപത്തെട്ടരേമാററാണി പണം ആവശ്യപ്പെടുകയും ചെയ്തു. അതുയും പണം യാചിച്ചുകൊടുത്തു് അരുവിപ്പുറം മാത്തിലേക്കായി ആ ധർമ്മ സ്വത്തിനെ എഴുതി വാങ്ങുന്നതിനു് ഇപ്പോഴത്തെ രണ്ടാമത്തെ യോഗാംഗമായ മ. രാ. രാ ഉറക്കിണറടി കൃഷ്ണൻ വൈദ്യൻ മുതലാൾ പേർ ശ്രമിക്കയും അരുവിപ്പുറം ധർമ്മ കാര്യം വകയായ ധനയാചനം ഇദം പ്രഥമമായി ആരംഭിക്കയും ചെയ്തു. ആ ആണ്ടിൽ തന്നെ കൊല്ലം താലൂക്കു വരെ പലയിടങ്ങളിലും ജനങ്ങൾ പോയി യാചിച്ചു് ക്ഷേത്രത്തിൽ കാണിക്ക മുതലായ വരവിൽ നിന്നും ബാക്കിയുണ്ടായിരുന്ന 800 പണം കഴിച്ചു് ശേഷം ഉള്ളതു യാചനത്തിൽ നിന്നു തന്നെ കിട്ടുകയും തുക മുഴുവനും കൊടുത്തു് ഇടപാടു തീർക്കുകയും ചെയ്തു. 1069 മേടം 12–ാം നു- ചിന്തയസ്വരൂപ സ്വാമികൾ സ്വാമിയുടെ പേർക്കു മേൽപ്പറഞ്ഞ വസ്തുക്കൾ ധർമ്മദാനമായി എഴുതിക്കൊടുത്തു. ആ തീയതി തന്നെ പേട്ടയിൽ പി. പരമേശ്വരൻ അവർകളെ അരുവിപ്പുറം കാര്യങ്ങൾക്കു മാനേജരായി മുക്ത്യാർനാമാവും കൊടുത്തു നിയമിച്ചു. കാര്യശേഷിയും മനോഗ്രണവുമുള്ള അദ്ദേഹത്തിന്റെ ഭരണം മുതൽ അരുവിപ്പുറം കാര്യങ്ങൾക്കു് വളരെ ഊർജ്ജിതമുണ്ടായി. സ്വാമി പരമ ശാന്തനാണെങ്കിലും ആശ്രിതന്മാരെ അലസന്മാരായിരിപ്പാനോ വ്യർത്ഥാ കാലയാപനം ചെയ്വാനോ മനഃപൂർവം അനുവദിച്ചിരുന്നില്ല. വളരെ മുൻപു തന്നെ അദ്ദേഹം പഠിത്തമില്ലാത്ത അനുചരന്മാരെക്കൊണ്ടു ഇവിടെത്തന്നെ ഒരു ശാല കെട്ടി തുണി നെയ്യിപ്പിച്ചു വന്നിരുന്നു. വല്ലതും പഠിപ്പുള്ളവരെയും കേവലം മൗഢ്യമായിരിപ്പാൻ അനുവദിച്ചില്ല. ചിലരെക്കൊണ്ടു് ഇവിടെത്തന്നെ ഒരു ചെറിയ പള്ളിക്കൂടം കെട്ടി കുട്ടികളെ അക്ഷരാഭ്യാസം ചെയ്യിപ്പിച്ചിരുന്നു. ''പരോപകാരാർത്ഥമിദം ശരീരം'' എന്നുള്ള തത്ത്വം സ്വാമിയുടെ ജീവിതചരിത്രത്തിന്റെ ഏതവയവത്തിലും പ്രത്യക്ഷമാണല്ലോ. പി. പരമേശ്വരൻ അവർകും സ്വാമിയുടെ ഹിതാനുസരണം അരുവിപ്പുറത്തു സ്ഥിരമായ ഒരു സന്യാസിമഠവും വിദ്യാലയവും സ്ഥാപിക്കുന്നതിനും അതിനു ശാശ്വതമായ ഒരു ധനസഹായം ഉണ്ടാക്കുന്നതിനും ആയി പല മാർഗ്ഗങ്ങളും ആലോചിക്കയും പ്രവർത്തിക്കയും ചെയ്തു. ധർമ്മദാന പത്ര പ്രകാരം സിദ്ധിച്ചിട്ടുള്ള വസ്തു ഇപ്പോഴും ഒററിയിലും മറും ഇരിക്കയാകുന്നു. ഉദ്ദേശ്യ സാദ്ധ്യത്തിനു പണം പിനെയും യാചിച്ചല്ലാതെ നിവൃത്തിയില്ലാതായി. 1070–ൽ അദ്ദേഹം ഒരു യാചനാപത്രം എഴുതി അച്ചിട്ടു് പലർക്കും അയച്ചുകൊടുക്കുകയും സ്വയമേവ സ്വാമിയുമായി കരുനാഗപ്പള്ളി, കാർത്തികപ്പള്ളി മുതലായ താലൂക്കുകളും വരെ പോയി കുറെ പണങ്ങളും യാചിക്കയും ചെയ്തു. ഈ വകയിൽ വലിയതുകയായി കാണപ്പെട്ടതു് മാന്യന്യായാധിപ ചാവർകോട്ടു വൈദ്യരവർകൾ 70–മാണ്ടു് ധനു 12–ാംനു- വരെ പലതവണയും പല ഇനത്തിലുമായി സഹായിച്ചിട്ടുള്ള പണം 888–ം ധനു 25–ാംനു- പിരിവു ലിസ്റ്റിൻപ്രകാരം വരവു വച്ചു കാണുന്ന പണം 667–ം ടി മാസം 21–ാംനു- ടിയാന്റെ വകയായി വരവു പണം 500–ാം ടിയാണ്ടു കുംഭം 1-ാം നു- ടിയാൻ

Digitized By Kerala Sahitya Akademi

തന്നതാകെ വരവു പണം 700–ം ഇങ്ങനെ നാലു തവണയായി അദ്ദേഹത്തിൽ നിന്നും വരവു പണം 2755-ം ടിയാണ്ടു മീനത്തിൽ കരുനാഗപ്പള്ളി, കാർത്തികപ്പള്ളി മുതലായ സ്ഥലങ്ങളിൽ നിന്നും പലവകയായി പിരിഞ്ഞിട്ടുള്ളതിനെ ഒന്നായി തുക വച്ച് എഴുതിക്കാണുന്ന പണം 2094–ം, 69 ഇടവം 1–ാംനു- ആതിച്ചനല്ലൂർ പാല വിളയിൽ കഴിഞ്ഞു പോയ രാമൻ ചാന്നാരവർകൾ അരുവിപ്പുറം മഠം വകയ്ക്ക് ദാനം കൊടുത്തതായി വരവു പണം ആയിരത്തിഒന്നും ഇങ്ങനെ വക മൂന്നിൽ പണം 5850-• ഏതാനും പലവകയായ ചില്ലറ പിരിവുകളും ആകുന്നു. ഇപ്രകാരം ഉദ്ദേശം ആയിരം രൂപയോളം വരാവുന്ന ഈ സംഖ്യകൊണ്ടാണ് ക്ഷേത്രത്തിനു തെക്കുവശമായി കാണുന്ന വലിയ മഠം പണികഴിപ്പിച്ചതു്. കൊല്ല, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി മുതലായ താലൂക്കുകളിൽ ആലുംമൂട്, വാരണപ്പള്ളി, തുറയിൽ തുടങ്ങിയുള്ള എല്ലാ ഈഴവകുടുംബങ്ങളിൽ നിന്നു പെയ്തിട്ടുള്ള സഹായങ്ങളും നാം പ്രത്യേകം ഓർമ്മിക്കേണ്ടതാകുന്നു. തടിത്തരം മുതലായ സാമാനങ്ങളെക്കൊണ്ടു സഹായിച്ചിട്ടുള്ളവരും വളരെപ്പേരുണ്ട്. മാനേജർ പി. പരമേശ്വരൻ അവർകളും ഇതു കൂടാതെ ഉപയുക്തങ്ങളായ പല ഏർപ്പാടുകളെയും ആരംഭിക്കയും ഒഴിച്ചു കൂടാത്ത ഗൃഹകൃത്യങ്ങളും നിമിത്തവും തന്നോടൊന്നിച്ചു ശ്രമിക്കുന്നതിനു് തക്കതായ ജനങ്ങളുടെ ദൌർല്ലഭ്യം നിമിത്തവും പൊതുജനത്തിന്നായി പ്രയത്നിക്കുന്ന ഒരുവനു നമ്മുടെ ഇടയിൽ പലപ്പോഴും ഉണ്ടാകാറുള്ളതും അനുഭവം കൊണ്ടു് അറിയത്തക്കതും ആയ പല വിധം ക്ലേശങ്ങളെക്കൊണ്ടും അദ്ദേഹത്തിന്റെ ചില ആരംഭങ്ങൾക്കെല്ലാം ഭംഗം നേരിട്ടിട്ടുണ്ടെന്നും വ്യസന സമേതം പറയേണ്ടിയിരിക്കുന്നു. എങ്കിലും അരുവിപ്പുറം കാര്യത്തിന്നായി അദ്ദേഹം ചെയ്തിട്ടുള്ള ശ്രമങ്ങൾ ആ സ്ഥാപനം ഉള്ളകാലം വരെ സ്മരിക്കത്തക്കവയാകുന്നു. മഠത്തിന്റെ അഭിവൃദ്ധിക്കായി അദ്ദേഹം പല സ്ഥലങ്ങളിലും പലപ്രാവശ്യം സ്വാമിയുടെ പേർക്കു ചില വസ്തുക്കളും മറ്റും ധർമ്മദാനമായി എഴുതിവാങ്ങിയിട്ടുണ്ടു്. അവയുടെ വിവരം താഴെ ഒരു പട്ടികയായി ചേർക്കുന്നതാണു്. അരുവിപ്പുറം ക്ഷേത്രത്തിലെ ഉത്സവാദികാര്യങ്ങളും മറ്റും നിർവിഘ്നമായി നടക്കത്തക്കവണ്ണം ''ശ്രീനാരായണ ധർമ്മപരിപാലന യോഗ'' ത്തിന്റെ ഒരു പൂർവരൂപമായ അരുവിപ്പുറം ക്ഷേത്രയോഗത്തിന്റെ ഏകനായ പ്രവർത്തകനും അദ്ദേഹമായിരുന്നു. ആ യോഗാത്തിലെ 11 യോഗക്കാരിൽ ഓരോരുത്തരും ഓഹരി ഒന്നിനു് 100 ബ്രിട്ടീഷ് രൂപാവീതം ഒന്നായിട്ടോ ആണ്ടുതോറും 10 ബ്രിട്ടീഷ് രൂപാ വീതമോ അടച്ചു ശിവരാത്രി മഹോത്സവത്തിനു് കൊടിയേറി ആറാട്ടുന്നതുവരെയുള്ള 10 ദിവസങ്ങളിൽ ഓരോ ദിവസത്തെ ചെലവു് ഓരോരുത്തർ ചെയ്യുക എന്ന രീതിയിൽ നമ്പറിന്റെ ക്രമത്തെ അനുസരിച്ചു് 11 -ാമതു യോഗക്കാരൻ 2 -ാമത്തെ ആണ്ടിൽ 1 -ാം ദിവസത്തെ ചെലവും 1 -ാമതു യോഗക്കാരൻ ആയാണ്ടിലെ 2 -ാം ദിവസത്തെ ചെലവും ഇങ്ങനെ മുൻപു പിൻപുകളെ അനുസരിച്ചു ഭേദവിചാരമോ, കുഴപ്പമോ, കൂടാതെ നടന്നു പോകണമെന്നും മറ്റുമായിരുന്ന അതിലെ ഉടമ്പടി. 10 രൂപാ വീതം ആണ്ടുതോറും യോഗക്കാർ അടച്ചിരുന്ന 110 രൂപയും നടവരവുകൊണ്ടു് ഉത്സവാദികവും നടത്തിവരികയും ബാക്കിയുണ്ടാകുന്നതിനെ മുതൽ കൂട്ടുകയും ചെയ്തുവന്നിരുന്നു. ആ വകയിൽ 75 കുംഭത്തിൽ ശിവരാത്രിയോടു കൂടി എഴുതിത്തീർത്ത കണക്കിൻ പടി

Digitized By Kerala Sahitya Akademi

ആയിരത്തി മുന്നൂറ്റി എൺപത്തേഴുകാലേ അരസ്സാൽ പണം മുതലുണ്ടായിരുന്നു. അതിനെ പലിശ നടത്തി വന്നു. 76 മകരം 30 -ാം നു- സി. രാമൻ വൈദ്യരവർകളെ 500 രൂപാ വിലപിടിക്കുന്ന വസ്തു ഈടിന്മേൽ സ്വാമിയുടെ പേർക്കു് ഉടമ്പടി എഴുതി വച്ചു് ക്ഷേത്രയോഗം മുതൽപിടിയായി നിയമിച്ചു. 79-ൽ മേൽപറഞ്ഞ പണം 1674 ച. 3 കാ. 4. ആയിരിക്കുന്നു. ഇതിനു മുൻപിൽ 1068-ൽ തന്നെ ക്ഷേത്രം വകയായി ടി. സി. രാമൻ വൈദ്യരവർകളുടെ മുതപ്പറിൻ കീഴു് കെട്ടിവന്നിരുന്ന ചിട്ടി 75 -ൽ വട്ടമറ്റു വന്നതായി പണം 4074-ം അതിന്നു് 77-ാമാണ്ടു വരെ പലിശ കൂടിയ പണം 536 -ം ഇങ്ങനെ 77 കുംഭത്തിൽ 6284 പണത്തിൽ ചെലവു കഴിച്ചു് ആറായിരത്തി നൂറിത്തൊണ്ണൂറ്റൊൻപതേ മുക്കാൽ പണം മുതലുള്ളതായി എഴുതിത്തീർത്തിരിക്കുന്നു. ഇതിൽ 5500 പണം 78 തുലാം 26 -ാം നു- കലാൽ കുത്തക കൃഷ്ണൻ മാർത്താണ്ഡനവർകൾക്കു് രജിസ്റ്റർ ചെയ്ത കച്ചീട്ടിൻ പടി മാസം 1 നു് 100 -നു മുക്കാലേ അരസ്സാൽ പണം വീതം പലിശ സമ്മതിച്ചു കടം കൊടുത്തു. ഈ പണത്തിന്റെ പലിശയിലും മേൽ പറഞ്ഞ ആറായിരത്തി നൂറ്റി തൊണ്ണൂറ്റൊൻപതേ മുക്കാൽ പണത്തിന്റെ ബാക്കിയിൽ നിന്നുമായി താമരക്കുളത്തെ ധർമ്മദാന സ്വത്തിൽ ഒറ്റിക്കാരനായ മിസ്റ്റർ മീനാക്ഷി നായിഡുവിന്റെ കൈവശം ഇരിക്കുന്ന വസ്തുവിനെ ഒഴിപ്പിക്കുന്നതിനായി നാഗർകോവിൽ ജില്ലയിൽ നടത്തി വരുന്ന സിവിൽ വ്യവഹാരത്തിനു കോർട്ടുഫീസു് മുതലായതുംപ്പെടെ തവണ 2 -ൽ തൊള്ളായിരത്തിഇരുപത്താറേ കാൽ പണം ചെലവു ചെന്നതു കഴിച്ചു് ആവകയിൽ ഇപ്പോൾ ശേഷിച്ചിട്ടുള്ള വലിയ തുക കൃഷ്ണൻ മാർത്താണ്ഡനവർകൾ വശം നിൽപ്പുള്ള പണം 5500- ം ശേഷമുള്ളതു് ചില്വറ കണക്കുകളും ആകുന്നു. ഈ 5500 പണത്തിന്റെ പലിശ സ്വാമി കല്പന പ്രകാരം ചിന്മയ സ്വരൂപ സ്വാമികൾക്കു മാസം തോറും ഏഴുറുപ്പിക വീതം ചെലവു കൊടുക്കുന്നതിനായും വിനിയോഗിച്ചിരിക്കുന്നു.

അരുവിപ്പുറം ധർമ്മ കാര്യത്തിൽ ദ്രവ്യസഹായം ചെയ്തിട്ടുള്ളവരുടെ പേരുകൾ എല്ലാം ഇവിടെ പ്രസ്താവിപ്പാൻ തുടങ്ങിയാൽ അതു് ഏറ്റവും ദീർഘമായ ഒരു പട്ടികയായി തീരുന്നതാകുന്നു. എങ്കിലും വടക്കെ മഠത്തിന്റേയും മറ്റും ചെലവിലേക്കായി വലിയ തുകകൾ സഹായിച്ചിട്ടുള്ളവരിൽ പലരുടേയും പേരുകൾ ആവശ്യം പറയേണ്ടവയാകുന്നു. മ.രാ.രാ. വക്കത്തു തയ്യിൽ കെ. രാമൻ വൈദ്യരവർകളും, ഒരുവാത്തിൽകോട്ടയിൽ കുന്നത്തുവിളാകത്തു മ. രാ. രാ. കുഞ്ഞൻ അവർകളും, കൊല്ലം മുട്ടിപ്പണ്ടകശാലയിൽ മ. രാ. രാ. കൃഷ്ണൻ അവർകളും ആയിരം പണം വീതം സഹായിച്ചിട്ടുള്ളവരാകുന്നു. കൊല്ലം, കൊട്ടാരക്കര, പത്തനാപുരം മുതലായ താലൂക്കുകളിലുള്ള പല മാന്യന്മാരിൽനിന്നും 79–ൽ പിരിച്ചിട്ടുള്ള നാന്നൂറിൽ പരം രൂപയും, കൊല്ലം മുണ്ടയ്ക്കൽ അഞ്ചേത്തു ഉമ്മിണി ആശാൻ മുതൽപേരും തിരുവനന്തപുരം കാലടിയിൽ ഓട്ടുകമ്പനി പല്പൻ കൺട്രാക്ടറർ അവർകളും മറ്റും തന്നിട്ടുള്ള മേച്ചിൽഓടുകളും വലിയ സമ്മാനങ്ങളാകുന്നു. തിരുവനന്തപുരം കലാൽ കുത്തക കൃഷ്ണൻ മാർത്താണ്ഡനവർകളും, കലാൽ കുത്തക മാർത്താണ്ഡൻ കൃഷ്ണനവർകളും, കലാൽ കുത്തക രാമൻ പദ്മനാഭനവർകളും, ഈയ്യുഖനി കൺട്രാക്ടറർ വർക്കല പിലാ

Digitized By Kerala Sahitya Akademi

വിളയിൽ മ.രാ.രാ.പപ്പുമേസ്തിരി അവർകളും പ്രസ്തുത ധർമ്മകാര്യത്തിലേക്കാ യി പലപ്പോഴും വിശേഷാൽ സഹായങ്ങൾ ചെയ്തിട്ടുള്ളവരും ചെയ്തുകൊണ്ടിരി ക്കുന്നവരുമാകുന്നു. ആയിരം പണത്തിനു മേൽ ചെലവുചെയ്തു തെക്കുവശത്തെ കിണർ കെട്ടിച്ചിട്ടുള്ള ഉള്ളൂർ കണ്ടാക്ടറർ പി. രാമൻ അവർകളുടെ ഔദാര്യവും എപ്പോഴും സ്മരിക്കത്തക്കതാകുന്നു. സ്വദേശികളിൽ ആയയിൽ കാളിവിളാകത്തു മ.രാ.രാ.വേലു ആശാൻ അവർകൾ, മുതൽപിടി ഒട്ടക്കത്തു രാമൻ വൈദ്യര വർകൾ മുതലായ പലരും ആദ്യം മുതൽ പലവിധം സഹായങ്ങൾ ചെയ്തിട്ടുള്ളവ രാകുന്നു. ചുരുക്കത്തിൽ അരുവിപ്പുറം ധർമ്മകാര്യത്തിനോടു സാക്ഷാൽ മമതയുള്ള എല്ലാപേരുടേയും കൃതജ്ഞതയ്ക്കു നിത്യപാത്രമായി കാണപ്പെടുന്നതു് 1–ാമത്തെ യോഗാംഗമായ കാളിവിളാകത്തു മ.രാ.രാ. കൊച്ചുപിള്ള വൈദ്യരവർകളും, മ.രാ.രാ. മാന്യരായ ചാവർകോട്ടു വൈദ്യരവർകളും, 2-ാമതംഗമായ ഉറക്കിണ റടി കൃഷ്ണൻ വൈദ്യരവർകളും, മാനേജർ പേട്ടയിൽ പി. പരമേശ്വരൻ അവർ കളും ആകുന്നു. ഇതിൽ പറയത്തക്കതായ വല്ല പേരുകളും വിട്ടുപോയിട്ടുണ്ടായി രിക്കാം. അങ്ങിനെയുള്ള പേരിനെ അഹ്നിക്കുന്ന മാന്യന്മാർ തൽക്കാലം എന്റെ അനവധാനതയെ ക്ഷമിക്കുമെന്നും, അടുത്ത ഒരവസരത്തിൽ പ്രസ്താവിക്കത്ത ക്കവണ്ണം അവയെ ഓർമ്മപ്പെടുത്തിത്തരുമെന്നും വിശ്വസിച്ചുകൊണ്ടു് പുതിയ ശ്രീ നാരായണ ധർമ്മപരിപാലനയോഗത്തിന്റെ റിപ്പോർട്ടിനെ ആരംഭിച്ചുകൊള്ളുന്നു.

യോഗം വക മുതൽ ചെലവുകൂടി തൽക്കാലം സ്വാമി അവർകളിലും സെക്ര ട്ടറിയിലും തന്നെ ചുമത്തപ്പെട്ടിരിക്കുന്നതിനാൽ റിപ്പോർട്ടിൽ കണക്കുകൾ കൂടി അന്തർഭവിക്കുന്നതും കണക്കുകൾക്കുള്ള സംക്ഷിപ്തമായ ഒരു ബാലൻസ്ഷീറ്റ് അടിയിൽ ചേർക്കപ്പെടുന്നതുമാകുന്നു. അരുവിപ്പുറം ക്ഷേത്രയോഗം പരോപകാര തൽപ്പരനായ സ്വാമിയുടെ ഉദ്ദേശ്യങ്ങളെ നിറവേറുന്നതിനു വേണ്ടിടത്തോളം ശക്തിയോ വ്യാപ്തിയൊ ഉള്ളതല്ലെന്നു കണ്ടിട്ടു് അദ്ദേഹം അതിനെ പരിഷ്കരി പ്പാൻ ഉദ്ദേശിച്ചപ്പോഴാണു് സങ്കല്പമാത്രമായ നമ്മുടെ ഇപ്പോഴത്തെ ''ശ്രീനാരാ യണ ധർമ്മപരിപാലന യോഗം'' ഉത്ഭവിച്ചതു്. ആ സങ്കല്പത്തെ സഫലീ കരിക്കുന്നതിനായി ടി ക്ഷേത്രയോഗക്കാർക്കു് മുൻകൂട്ടി സ്വാമി അവർകൾ തന്നെ നോട്ടീസ്സു കൊടുക്കുകയും അതിനെ അനുസരിച്ചു് 1074 ധനു 23–ാം തീയതി കൂടിയ ആ യോഗക്കാരുടെ ഒരു വിശേഷാൽ യോഗത്തിൽ മുൻകൂട്ടി എഴുതി തയാറാക്കിയിട്ടുണ്ടായിരുന്ന അരുവിപ്പുറം ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിന്റെ കൂട്ടയാദാസ്തിനേയും കൂട്ടനിബന്ധനകളെയും വായിക്കുകയും, ടി ക്ഷേത്ര യോഗം മേലാൽ ഇപ്രകാരം ഒരു ജായിൻസ്റ്റോക്കുകമ്പനിയായിട്ടു രജിസ്റ്റർ ചെയ്തു നടക്കേണ്ടതാണെന്നുള്ള സ്വാമിയുടെ ആഗ്രഹത്തെ ഹാജരുണ്ടായി രുന്ന എല്ലാ യോഗാംഗങ്ങളും ഒന്നുപോലെ സമ്മതിക്കുകയും പുതിയ ചട്ടങ്ങളെ ഗവർമ്മെൻറനുവാദം വാങ്ങി രജിസ്റ്റരാക്കുന്നതിനു് മാനേജർ പി. പരമേശ്വരൻ അവർകളേയും, കലാൽ കൃത്തക മാർത്താണ്ഡൻ കൃഷ്ണൻ അവർകളേയും ചുമതല പ്പെടുത്തുകയും, ടി യോഗം സെക്രട്ടറിയായും സ്റ്റോക്കിലും മറ്റും തൽക്കാലം മുതൽപിടിയായും എൻ. കുമാരൻ ആശാൻ അവർകളെയും നിയമിക്കയും ചെയ്തു. 74 ധനു 28–ാം തീയതി മുതൽ യോഗത്തിൽ അപേക്ഷക്കാർ ചേർന്നു തുടങ്ങി, ഉടനേതന്നെ ഉണ്ടായിരുന്ന സ്വാമിയുടെ വടക്കൻ ദിക്കിലേക്കുള്ള

Digitized By Kerala Sahitya Akademi

യാത്രയോടുകൂടിയാണ് അംഗങ്ങളം അധികം വർദ്ധിക്കാൻ തുടങ്ങിയതു്. ടി ആണ്ടു മകരം 5-ാംനു- മുതൽ കൊച്ചിയിൽ പള്ളിപ്പുറം പ്രവൃത്തിയിൽ നിന്നു് അനേകം പേർ യോഗത്തിൽ ചേർന്നിരിക്കുന്നു മകരം 8-ാംനു- തൃശ്ശിവപേരൂർ താലൂക്കിൽ ചേന്ന പെരിങ്ങോട്ടുകര, ഏനാമ്മാ ഈരണ്ടു പ്രവൃത്തികളിലും, പൊന്നാനിത്താലൂക്കിൽ നാട്ടിക അംശത്തിലും നിന്നു് അനേകം മാന്യരായ ഈഴവ കുടുംബക്കാർ അംഗങ്ങളായി ചേർന്നിരിക്കുന്നു. പെരിങ്ങോട്ടുകര പ്രവൃത്തിയാൽ സ്വാമി അവർകളുടെ നാമധേയത്തിൽ ഒരു സമാജം കൂടി ആ യാത്രയിൽതന്നെ സ്ഥാപിച്ചിട്ടുണ്ടു്. യോഗ്യന്മാരും, വലിയ കുടുംബികളുമായ അനേകം ഈഴവരുടെ നിവാസസ്ഥലമായ ആ പ്രദേശത്തെ ടി സമാജം സ്പൃഹണീയമായ ഉൽക്കർഷത്തെ വേഗത്തിൽ പ്രാപിക്കുന്നതാണെന്നു ധാരാളം ഊഹിപ്പാൻ വകയുണ്ടു്. അവിടത്തെ യോഗാംഗങ്ങളുടെയും മറ്റും കുറിച്ചു് വിചാരിക്കുമ്പോഴം പൊരുപ്പക്കാരാണെങ്കിലും ഉൽസാഹികളും സ്വവർഗ്ഗസ്നേഹശാലികളും ആയ തണ്ടാശ്ശേരിയിൽ എ. കുഞ്ഞയ്യപ്പൻ അവർകളേയും കരോട്ടുപറമ്പിൽ എസ്. കൃഷ്ണൻ അവർകളെയും പ്രത്യേകം ഓർമ്മപ്പെടുത്തേണ്ടതാകുന്നു തൃപ്രയാർ സമീപം ചേർന്തെടുത്തു കൃഷ്ണൻ അധികാരി അവർകളും. ഭാഗ്യദോഷത്താൽ കഴിഞ്ഞ കൊല്ലത്തിൽ ദേഹവിയോഗം ചെയ്തതുകൊണ്ടു് നമ്മുടെ സമുദായത്തിനു വലുതായ ഒരു നഷ്ടത്തിനു് കാരണഭൂതനായിത്തീർന്നിട്ടുള്ള പ്രസിദ്ധ ആയുർവ്വേദ വിശാരദനായ പൊക്കാഞ്ചേരി ചാത്തു വൈദ്യരവർകളും അടിപ്പറമ്പിൽ ആർ. ചാത്തുണ്ണി അവർകളും, മറ്റു മാന്യന്മാരും അംഗങ്ങളായും ചേർന്നിട്ടുള്ളതും ആ യാത്രയിൽ തന്നെ ആകുന്നു. അവിടെ നിന്നും സ്വാമി അവർകളം പറവൂരു മുഞ്ഞകുന്നത്തു ശിവാലയത്തിൽ പ്രതിഷ്ഠയ്ക്കായി മടങ്ങുകയും 20-ാംനു- യോടുകൂടി ആമംഗള കർമ്മത്തെ സമാപിച്ചിട്ടു് തിരെ മടങ്ങുകയുംചെയ്തു. വഴിക്കു കൊച്ചിയിലും സമീപസ്ഥലങ്ങളിലുംഇറങ്ങി അനേകം അംഗങ്ങളെ ചേർത്തു. ആലപ്പുഴ മട്ടാഞ്ചേരിൽ ഗോവിന്ദൻവൈദ്യരവർകളും, നെല്ലിക്കൽ പറമ്പിൽ കൃഷ്ണൻ മുതലാളി അവർകളും അംഗങ്ങളായി ചേർന്നതു് അപ്പോഴായിരുന്നു. മകരം 28-ാംനു- യോടുകൂടി തൊണ്ണൂറോളം യോഗാംഗങ്ങളം ഉണ്ടായിരുന്നു. ശിവരാത്രിയോടുകൂടി ആയാണ്ടത്തെ പൊതുയോഗം കൂടുന്നതിനായി 29-ാംനു- അതുവരെയുള്ള എല്ലാ യോഗാംഗങ്ങൾക്കും അച്ചിട്ട നോട്ടീസുകളം കൊടുത്തു. 5-ാംനു- കൊടിയേറ്റു പ്രമാണിച്ചു് സ്വാമി അവർകളം അരുവിപ്പുറത്തേയ്ക്കു മടങ്ങിയെത്തി. ശിവരാത്രി മഹോത്സവവും പൊതുയോഗ സമ്മേളനവും 14-ാംനു- ആയിരുന്നു. ആ യോഗത്തിൽ അംഗങ്ങളം ഹാജരുണ്ടായിരുന്നു എങ്കിലും ചില അസൗകര്യങ്ങളാൽ വിശേഷാൽ യാതൊരു നടപടിയും ഉണ്ടായില്ല. കുംഭം 29-ാം തീയതി വരെ 1 മുതൽ 116 നമ്പർവരെയുള്ള 78-ാമാണ്ടത്തെ രസീതിൻപടി യോഗാംഗങ്ങളിൽ നിന്നും പിരിഞ്ഞുവന്നിട്ടുള്ള രൂപാ 609-ം, ഉള്ളൂർ പി. രാമൻ കൺടാക്റ്റർ അവർകളുടേയും, കളത്തൂർ കുട്ടിഅയ്യന മുതലാളി അവർകളുടേയും വകയായി അനാമത്തു് ഇരുപ്പു് രൂപാ 40-ം, മീനം 27-ാം നു- വരെയുള്ള 120-ാം നമ്പർ വരെ രസീതിൻ പടി രൂപാ 13-ം, ഇങ്ങനെ 662 രൂപാ ഈ തീയതി വരെ എഴുതി തീർത്ത കണക്കിൻ പടി വരവാകുന്നു. ഇതിൽ യോഗനിബന്ധനയ്ക്കു് മുദ്രപ്പത്രത്തിനു ബ്രിട്ടീഷ് രൂപാ $34\frac{1}{4}$-ം ശിവരാത്രിയോടുകൂടി യോഗാം

Digitized By Kerala Sahitya Akademi

ഗങ്ങൾക്കു സദ്യ കൊടുത്ത വകയ്ക്കു് രൂപാ 15 -ം, കടലാസു്, പേനാ, പോസ്റ്റേജു് യാത്രച്ചെലവു് മുതലായ വകയ്ക്കു് രൂപ ഇരുപത്താറേ മുക്കാലും, ഇങ്ങനെ അന്നുവരെ 76 രൂപാ ചെലവെഴുതിക്കാണുന്നു. ഇതിൽ ബാക്കി ഇരിപ്പുള്ള രൂപാ 586-ം ടി മാസം 28-ാം നു- തിരുവനന്തപുരം മിസ്റ്റർ ജെ. ഡി. പിരയിരയ്ക്കു് പ്രാമ്സറി നോട്ടിൻ പ്രകാരം കടം കൊടുത്തു. 78 ശിവരാത്രിയുടെ പിരിവിൽ 10 മുഴുവൻ ഓഹരിക്കാരുടെ തവണ കുടിശ്ശികയുണ്ടായിരുന്നു. അവരിൽ ചിലർ പണം ഒടുവിൽ തന്നിട്ടുണ്ടു്. ആയാണ്ടത്തെ പിരിവിൽ മുഴുവൻ തുക തന്നു തീർത്തിട്ടുള്ളവർ കെടുങ്ങല്ലൂർ ചേർത്തല വട്ടപ്പറമ്പിൽ കൃഷ്ണൻ എന്ന ഒരു മുഴു ഓഹരിക്കാരനായ യുവാവും പാണാവള്ളി കൊറ്റിനാട്ടു വെളിയിൻ കാൽ ഓഹരിക്കാരനായ ശങ്കു വൈദ്യനവർകളും ആകുന്നു. ഇവരിൽ ഈശ്വരഭക്തനും സദ്വൃത്തനുമായ കൃഷ്ണൻ അവർകളുടെ ഇപ്പോഴും പരേതരായിരുപ്പായ ആത്മാവിനു് വ്യസനസമേതം നാം നന്ദി പറയേണ്ടതാകുന്നു. മേടം 25 -ാം നു- മുതൽ കർക്കടകം 17-ാം നു- വരെ 291 വരെ നമ്പർ രസീതിൻ പടി പ്രവേശന ഫീസും മറ്റുമായി 194 രൂപായും, കടയ്ക്കാവൂർ മീനാം കുഴി കൊച്ചുപിള്ള മുതലാളി അവർകളും യോഗം വകയ്ക്കു സംഭാവനയായി തന്ന രൂപാ 10 ം, ഇങ്ങനെ 204 രൂപാ കർക്കടകം 30-ാം നു- വരെയുള്ള വരവാകുന്നു. ഇതിൽ കർക്കടകം 21 -ാം നു- വരെ അരുവിപ്പുറം ക്ഷേത്രത്തിൽ വാദ്യക്കാരനായ കൊച്ചു കിട്ടനു് നാഗസ്വരം പഠിക്കുന്നതിനു് സ്വാമികല്പന പ്രകാരം പലതവണയായി ഫീസുകൊടുത്ത രൂപാ 11-ം, കരക്കൃഷിക്കായി നെടുമങ്ങാട്ടു ഒരു മല പതിപ്പിക്കുന്നതിനു് സ്വാമി കല്പന പ്രകാരം രണ്ടു തവണയായി കൊടുത്ത രൂപാ 14-ം, യോഗ നിബന്ധന രജിസ്റ്ററാക്കിയതിൽ ആവശ്യപ്പെട്ട സഹായങ്ങൾ ചെയ്ത വക്കീൽ മിസ്റ്റർ നെറോസ്സു കൊടുത്ത രൂപാ 20-ം, കിഴക്കത്തെ ധർമ്മദാന വസ്തു ഉടമസ്ഥനായ നല്ലപെരുമാൾ സ്വാമികൾക്കു് മിഥുനം 8 -ാം നു- സ്വാമി കല്പന പ്രകാരം ചെലവിനു കൊടുത്ത രൂപ 8-ം, മിസ്റ്റർ മീനാക്ഷി നായിഡുവിന്റെ കൈവശം ഇരിക്കുന്ന വസ്തുവിനെ ഒഴിപ്പിക്കുന്ന വകയ്ക്കു് സിവിൽ വ്യവഹാരം നടത്തുന്നതിനു് ചെമ്പഴന്തിയിൽ കൃഷ്ണൻവൈദ്യരവർകൾക്കു് മുക്ത്യാർ നാമാവു് എഴുതികൊടുത്ത വകയ്ക്കു് പത്രവില, രജിസ്റ്റർഫീസു്, പടി മുതലായതിനു രൂപാ 20-ം, കർക്കടകം 30 -ാം നു-വരെ കടലാസു്, അച്ചടിച്ചെലവു് മുതലായവയ്ക്കു് 21 രൂ. 14 അ. 6 പൈസയും, ആകെ ഇങ്ങനെ 94 രൂപാ 14അണ 6 പൈസ ചെലവുള്ളതു നീക്കി 109 രൂപാ 1 അണ 6 പൈസ ഇരിപ്പു കാണുന്നു. ഇതും കർക്കടകം 24 -ാം നു- ജെ. ഡി. പിരയിരയുടെ പക്കൽ നിന്നു കൂടുതൽ പലിശയ്ക്കു കടം കൊടുപ്പാൻ തിരികെ വാങ്ങി വരവു രൂപാ 586-ം, ടിയാൻ വശം പലിശ വകയിൽ വരവു രൂപാ14 അ. 2 -ം ഉൾപ്പെടെ 709 രൂപാ 6 അണ 3 പൈസ കാണുന്നു. ഇതിൽ കർക്കടകം 32-ാംനു- ആയയിൽ കാളിവിളാകത്തു വീട്ടിൽ കാളിയമ്പിമായിട്ടിക്കു് ഈടുകട മുറി പ്രകാരം മാസം 100 -നു് 1 വീതമുള്ള പലിശ സമ്മതിച്ചു കടം കൊടുത്ത രൂപാ 700 -ം നീക്കി 9 രൂപ 3 അണ 6 പൈസ ബാക്കി ഇരിപ്പായി എഴുതിത്തീർത്തിരിക്കുന്നു. ഈ 700 രൂപയുടെ പലിശയിൽ നിന്നും അരുവിപ്പുറം സംസ്കൃതപാഠശാലാദ്ധ്യാപകൻ എസ്. ശിവരാമകൃഷ്ണ ശാസ്ത്രികൾക്കുള്ള 15 രൂപാ മാസപ്പടിയിൽ ഫീസു് പിരിഞ്ഞു കിട്ടുന്നതുക നീക്കി തികയേണ്ട സംഖ്യയെ സ്വാമി കല്പന പ്രകാരം ഇപ്പോൾ കൊടുത്തുവരുന്നു. 79 ചിങ്ങം 1 -ാംനു- മുത

Digitized By Kerala Sahitya Akademi

ലുള്ള ചെലവുകൾക്കു് വ്യക്തമായി കണക്കു് എഴുതിയിട്ടുള്ളതും ഈയാണ്ടത്തെ പിരിവുകൾ ഇപ്പോൾ മാത്രം ആരംഭിച്ചിരിക്കുന്നതും ഈ പ്രധാന പിരിവു ദിവസങ്ങൾ (ശിവരാത്രി വരയുള്ള രണ്ടുമൂന്നു ദിവസങ്ങൾ) കഴിഞ്ഞല്ലാതെ അവയെ പ്രസ്താവിക്കാൻ പ്രയാസമായിട്ടുള്ളതുമാകയാൽ ആ വക കണക്കുകൾ താമസിയാതെ എഴുതിത്തീർത്തു് അച്ചിട്ടു് എല്ലാ യോഗാംഗങ്ങൾക്കും അയച്ചു കൊടുക്കാവുന്നതാകുന്നു. ഈയാണ്ടിൽ പിരിവു് തൃപ്തികരമായിരിക്കുമെന്നു തോന്നുന്നു. യോഗത്തിന്റെ അഭിവൃദ്ധിയിൽ സമുദായത്തിലുള്ള എല്ലാ യോഗ്യന്മാരുടെയും ദൃഷ്ടി ഇത്ര പരിമിതമായ കാലത്തിനുള്ളിൽ സവിശേഷമായി പതിഞ്ഞു കാണുന്നതും വിജയ സൂചകമാകുന്നു. തിരുവിതാംകൂറിന്റെ പലഭാഗങ്ങളിൽ നിന്നും കൊച്ചി സംസ്ഥാനത്തിൽ നിന്നും അനേകം യോഗ്യന്മാരായ കുടുംബികളും വിലയേറിയ സമയത്തേയും സുഖത്തെയും വ്യയം ചെയ്തു് ഇന്നത്തെ യോഗത്തിൽ സന്നിഹിതന്മാരായിരിക്കുന്നതും ഇതിന്റെ ഭാവിശ്രേയസ്സിനെ ദൃഢീകരിക്കുന്നതാകുന്നു. യോഗത്തോടു മാന്യരായ ചാവർകോട്ടവൈദ്യരവർകളും മട്ടാഞ്ചേരി വൈദ്യരവർകളും കാണിക്കുന്ന തുല്യമില്ലാത്ത മമതയ്ക്കു് അവരുടെ ഈ സാന്നിദ്ധ്യം തന്നെ ദൃഷ്ടാന്തമാകുന്നു സമുദായത്തിന്റെ അഭ്യുദയത്തെ സർവസ്വമായി അഭിമാനിക്കയും അതിന്നായി പ്രയത്നിക്കുന്നതു തന്നെ നിത്യകൃത്യമായി അനുഷ്ഠിക്കയും ചെയ്തുവരുന്ന പ്രഖ്യാതനായ ഡാക്ടർ പല്പുവിന്റെ ബാഗ്ഭരിൽ നിന്നും യോഗകാര്യനിർവഹണത്തിനായിട്ടുള്ള പ്രത്യേക ആഗമനത്തെയും അദ്ദേഹത്തിന്റെ അസുലഭമായ സാന്നിദ്ധ്യത്തെയും കുറിച്ചു് നാം നന്ദിപറവാൻ അശക്തന്മാരാകുന്നു. അഞ്ചുതെങ്ങു് സബ്മജിസ്ട്രേട്ടു് കെ. കൃഷ്ണൻ അവർകളും, കോഴിക്കോട്ടു് കലക്ടർസ് ആഫീസ് ശിരസ്തദാർ പി. എസ്. വേലായുധൻ അവർകളും, സബ്ഇൻസ്പെക്ടർ എം. ഗോവിന്ദൻ ബി. എ. അവർകളും, ഗവർമ്മെന്റു് ഉദ്യോഗസ്ഥന്മാരായ ഏറുചില മാന്യന്മാരും യോഗത്തിൽ ഹാജരാകുന്നതിൽ പ്രത്യേകകാരണങ്ങളാൽ അവധി കിട്ടാഞ്ഞു വ്യസനിക്കയും യോഗത്തിനു സർവവിജയത്തെയും ആശംസിക്കയും ചെയ്യുന്നു. പൊന്നാനി താലൂക്കിൽ നാട്ടിക അംശം അധികാരിയും പ്രസിദ്ധ കുടുംബിയുമായ കെ. കൃഷ്ണൻ അവർകളും ചികിത്സയിൽ ഇരിക്കുന്നതിനാൽ ഹാജരാകാൻ കഴിയാത്തതിൽ വ്യസനിക്കുന്നു. യോഗകാര്യങ്ങളിൽ അത്യന്തം മമതയും പ്രതിപത്തിയുമുള്ള യോഗ്യനായ അദ്ദേഹത്തിന്റെ ആരോഗ്യത്തെക്കുറിച്ചു് നാം പ്രാർത്ഥിക്കേണ്ടതാകുന്നു. മാന്യനായ മേനാത്തേരി നാരായണപ്പണിക്കരവർകളും തിരുവിതാങ്കോട്ടെ ഈഴവരിൽ പ്രധാന ധനികനും പ്രസിദ്ധനുമായ ആലുംമൂട്ടിൽ ചാന്നാരവർകളും വിചാരിച്ചിരുന്നു എങ്കിലും അപ്രതീക്ഷിതമായി നേരിട്ട അസൌകര്യത്താൽ യോഗത്തിൽ ഹാജരാകാൻ കഴിയാത്തതിനെപ്പറ്റി വ്യസനിക്കുന്നു. ഇതിൽ ഉദാരശീലനായ ചാന്നാരവർകൾ ഇപ്പോൾതന്നെ അയച്ചതന്നിട്ടുള്ള ഒരു കമ്പിവർത്തമാനത്തെക്കൂടി ഇവിടെ തജ്ജിമചെയ്തു പറഞ്ഞുകൊള്ളുന്നു.

കമ്പി — ''നിങ്ങളുടെ ക്ഷണനത്തെക്കുറിച്ചു് സന്തോഷിക്കുന്നു. വരുന്നതിനു തീർച്ചയാക്കിയിരുന്നു. എങ്കിലും അപ്രതീക്ഷിതവും ഒഴിച്ചുകൂടാത്തതുമായ ഒരു കാര്യവശാൽ ഹാജരാകാൻ കഴിയാത്തതിൽ വ്യസനിക്കുന്നു. യോഗത്തിനു് അനേകം അംഗങ്ങളുടെ സാന്നിദ്ധ്യരോതയും സംപൂർണ്ണമായ വിജയത്തെയും

Digitized By Kerala Sahitya Akademi

ഞങ്ങൾ ആശംസിക്കുന്നു. ഞങ്ങളുടെ ശക്തിക്കനുരൂപമായ ഏതു സഹായത്തേയും ചെയ്യുന്നതിന് ഞങ്ങൾ സന്നദ്ധരായിരിക്കുന്നു എന്നു ഉറപ്പുതന്നുകൊള്ളുന്നു.''

എല്ലാംകൊണ്ടും വന്ദ്യനായ സ്വാമി അവർകളുടെ ഉദാരമായ ഉദ്ദേശ്യം അചിരേണ ഫലവത്തായിത്തീരുന്നതാണെന്നു തന്നെ നാം ഇപ്പോൾ വിശ്വസിക്കേണ്ടതാകുന്നു.

''വലിയ മഹർഷികൾ ചൊന്നാൽ
ഫലമാവാക്കിന്റെ പിന്നിലോടിവരും''

വിവേ : 1079 മേടം.

[1079 മകരം 30, കുംഭം 1 എന്നീ തീയതികളിൽ യോഗത്തിന്റെ രജിസ്റ്റർ ചെയ്യപ്പെട്ട ആഫീസായ നെയ്യാറിൻകര, അരുവിപ്പുറം ശിവക്ഷേത്രത്തിൽ കൂടിയ 'അരുവിപ്പുറം ശ്രീനാരായണ ധർമ്മ പരിപാലന യോഗ'ത്തിന്റെ സാധാരണ പൊതുയോഗത്തിൽ വായിച്ചതു്.]

എസ്. എൻ. ഡി. പി. യോഗത്തിന്റെ 4-ാം വാർഷിക സമ്മേളനവും പ്രദർശനവും

സർവ സുഹൃത്തുക്കളും പ്രതീക്ഷിച്ചിരുന്നതിനേക്കാളും എത്രയോ അധികം ഭംഗിയായും സർവജനങ്ങളും വിചാരിച്ചിരുന്നതിനേക്കാളും എത്രയോ അധികം ജയകരമായും ആയിരുന്നു കണ്ണൂരിൽ വച്ചുനടത്തിയ പ്രദർശനം കലാശിച്ചതെന്നു പറവാൻ സംഗതി വന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. ഈ പ്രദർശനത്തിന്റെ കാര്യങ്ങളിൽ ഏർപ്പെട്ട പ്രവർത്തിക്കേണ്ടതിനായി മുൻകൂട്ടി നിശ്ചയിക്കപ്പെട്ട കമ്മിറ്റിക്കാർ നാലഞ്ചുമാസം മുമ്പു തന്നെ വേണ്ടുന്ന ഒരുക്കങ്ങളും ചെയ്തിരുന്നു. പ്രദർശനത്തെപ്പറ്റി സർവദിക്കുകളിലും പരസ്യം ചെയ്യാനും, പ്രദർശന സാധനങ്ങൾ അയയ്ക്കാൻ ഓരോരുത്തരെ ഉത്സാഹിപ്പിക്കാനും, വേണ്ടുന്ന പണം ശേഖരിക്കാനും, പല വിധത്തിലുള്ള എഴുത്തുകുത്തുകളും നടത്താനും, പ്രദർശനസ്ഥലം തയ്യാറാക്കാനും, അതു സംബന്ധമായ മറ്റു പല പ്രവൃത്തികളും ചെയ്യാനും അവർ അത്യന്തം ഉൽസാഹ ബുദ്ധിയോടുകൂടി കാലേകൂട്ടിത്തന്നെ യത്നിച്ചിരുന്നു. അതിന്റെ ഫലം എത്രയും വിസ്മയകരമാം വണ്ണം ജയകരമായിരുന്നുവെന്നുള്ളതു് അവർക്കു് ഏറ്റവും ചാരിതാർത്ഥ്യത്തിനു സംഗതിയുള്ളതാണല്ലോ. പ്രദർശന സ്ഥലവും അവിടെ ചെയ്ത ഏർപ്പാടുകളും കാണ്മാൻ സംഗതിയായിരുന്നവർക്കൊക്കെ മേൽപ്പറഞ്ഞ ഉത്സാഹികളുടെ യത്നത്തെപ്പറ്റി ശരിയായ ഒരു ജ്ഞാനം ഉണ്ടാകുന്നതാണു്.

Digitized By Kerala Sahitya Akademi

കണ്ണൂർ റെയിൽവേ സ്റ്റേഷന്റെ നിന്നു് ഒരു ഫർലോങ്ങു് കിഴക്കുഭാഗത്തു്, പണ്ടു കറുത്ത പട്ടാളക്കാരുടെ ആയുധശാലയായും മറ്റും ഉപയോഗിച്ചിരുന്ന കെട്ടിടങ്ങളും അതിനോടു തൊട്ടുള്ള മൈതാനവും ഏകദേശം ആറു് ഏക്കർ സ്ഥലം വളച്ചു കെട്ടിയതിനുള്ളിലായിരുന്ന പ്രദർശനം നടത്തിയിരുന്നതു്. ഒരു ഭാഗത്തു് അതി ഭംഗിയുള്ള മുൻസിപ്പൽ ഹൈസ്കൂൾ കെട്ടിടവും പുതുതായി ഉണ്ടാക്കിയ മുൻസിപ്പുകോടതിയും, മറുഭാഗത്തു് തൊട്ടുതൊട്ടുള്ള അനേകം ആൽവൃക്ഷങ്ങൾ വളർന്നു പടർന്നു നടക്കാവായിത്തീർന്നിരിക്കുന്നനിരത്തും ഉള്ള വിസ്തൃതമായ മൈതാനത്തിന്റെ ഭംഗി കണ്ണൂർ രാജ്യനിവാസികളുടെ അഭിമാനത്തിനു ന്യായമായ ഒരു കാരണമാകുന്നു. നടക്കാവിനു തൊട്ടു വരിവരിയായിട്ടാണു് മേൽപ്പറഞ്ഞ പട്ടാളക്കാരുടെ കെട്ടിടങ്ങൾ ഉള്ളതു്. പത്തടി ഉയരത്തിൽ പരമ്പു്, അല്ലെങ്കിൽ അത്താർ കൊണ്ടു് കിടങ്ങുപോലെ കെട്ടിയുണ്ടാക്കിയ പ്രദർശന സ്ഥലം മൈതാനത്തിന്റെ ഒരറ്റത്തു് നടക്കാവിന്നടുത്താകയാൽ കാഴ്ചയ്ക്കു് പ്രകൃത്യാ വളരെ ഭംഗിയും ഗാംഭീര്യവും ഉള്ളതായിരുന്നു. ഇതിനുള്ളിൽ പ്രവേശിക്കാനുള്ള ഗെയിറ്റു തന്നെ കരകൗശലത്തിന്റെ ഒരു ഉത്തമ ദൃഷ്ടാന്തമായിരുന്നുവെന്നു പറയേണ്ടതാണു്. മുളകൊണ്ടുണ്ടാക്കി തുണികൊണ്ടു പൊതിഞ്ഞു വെള്ളക്കുമ്മായമിട്ട ആ ഭയങ്കരകമാനം കല്ലുകൊണ്ടും ഇഷ്ടികകൊണ്ടും ഉണ്ടാക്കിയതല്ലെന്നറിവാൻ കൈകൊണ്ടു തൊട്ടുനോക്കണം. മിസ്റ്റർ ദാമോദരൻ എന്നൊരു ചിത്രപ്രവൃത്തിക്കാരന്റെ ഉത്സാഹത്തിന്റെയും ചാതുര്യത്തിന്റെയും ഫലമായിരുന്നു അതു്. പ്രദർശന സ്ഥലത്തിന്റെ അലങ്കാരത്തിനും വിതാനങ്ങൾക്കും ഉത്തരവാദിയായിരുന്ന മിസ്റ്റർ ദാമോദരൻ തന്റെ പ്രവൃത്തി അതിഭംഗിയായി നിർവഹിച്ചിരുന്നുവെന്നുള്ളതു് ഇവിടെത്തന്നെ പറയേണ്ടതാകുന്നു. ഗെയിറ്റിനുള്ളിൽ പ്രവേശിച്ചു കഴിഞ്ഞാൽ പെറിയൊരു നഗരിയിലാണു് പ്രവേശിച്ചതെന്നു തോന്നും. ഇന്ത്യയിൽ പല സ്ഥലങ്ങളിൽ നിന്നുമായി 500 പേർ അയച്ചിരുന്ന 4000 പ്രദർശന സാധനങ്ങളൊക്കെ തരം തിരിച്ചു അതിഭംഗിയായി ഓരോ മുറിക്കകത്തും ഒരുക്കി വച്ചിട്ടുണ്ടു്. ഈ മുറികളാണു് പണ്ടു പട്ടാളക്കാർ ഉപയോഗിച്ചിരുന്നവ. ഇവയ്ക്കു പുറമെ വേറെ പല ആവശ്യങ്ങൾക്കായി ഓലകൊണ്ടും തുണികൊണ്ടും ഉള്ള പന്തലുകളും അനവധി ഉണ്ടു്. ഇതിൽ മുഖ്യമായതു പ്രസംഗശാലയായും നാടകശാലയായും ഉപയോഗിക്കത്തക്ക വിധത്തിൽ വലുതായി കെട്ടി ഭംഗിയായി അലങ്കരിച്ചിട്ടുള്ള പന്തലാണു്. അതിനു തൊട്ടുതന്നെ ശ്രുതിപ്പെട്ട സൈമൻ എന്ന അമേരിക്കക്കാരൻ സാന്റിന്റെ വക മെഴുകു കൊണ്ടുള്ള ആശ്ചര്യക്കാഴ്ചകളും കാണിക്കാനുള്ള കെട്ടിടമാണു്. ജനങ്ങൾക്കു വിശ്രമിക്കാനായി കെട്ടി ഉണ്ടാക്കിയ ഒരു വലിയ തമ്പും അതിനല്പം ദൂരത്തായി പല വിധ പലഹാരങ്ങളും കാപ്പി ചായ എന്നിവയും വില്ക്കാനായി ഉണ്ടാക്കിയ ഷാപ്പുകളുമാണുള്ളതു്. പടിഞ്ഞാറെ കിടങ്ങിനു തൊട്ടു് പലവിധ സാമാനങ്ങളും വിൽക്കാനുള്ള പീടികകളും അവയോടുചേർന്നു നെയ്ത്തുകാണിക്കാനുള്ള പലവിധ കൈത്തറികളും വച്ചു പ്രവർത്തിക്കുന്ന പെറിയ എടുപ്പുകളും ഉണ്ടു്. ഫെറോക്കിലെ ഹെങ്കിക്കമ്പനിക്കാർ, ഡെഞ്ചിഭായി മാനക്കു്ജി കമ്പനിക്കാർ, ജർമ്മൻ മിഷ്യൻകാർ എന്നിവർ ഓടുകളും ഇഷ്ടികകളും എന്നിവ പ്രദർശിപ്പിക്കാൻ ഭംഗിയായി ഓരോ പെറിയ ബംഗ്ലാവിന്റെ മാതൃകകളും തന്നെ കെട്ടി ഉണ്ടാക്കീട്ടുണ്ടു്. അതിനുപ്പുറമാണു് കണ്ണൂരിലെ വ്യാപാരികളായ ഹീജ്ജി സഹോദരന്മാരുടെ

Digitized By Kerala Sahitya Akademi

വക വിശ്രമശാല. ഇവിടെ പലവിധ ഭക്ഷണസാധനങ്ങളും ഐസ്, മദ്യങ്ങൾ മുതലായവയും ഭംഗിയായി യൂറോപ്യൻ ഹോട്ടലുകളുടെ സംപ്രദായത്തിൽ വച്ചു വിറ്റു വരുന്നുണ്ട്. അടുത്തു് ഒരു ചെറിയ പന്തലിന്നുള്ളിൽ പൂക്കളുമിട്ടിട്ടുണ്ട്. ഇതു് വടക്കെ മലയാളത്തിൽ ഓണദിവസങ്ങളിൽ തീയ്യരുടെയും മറ്റും വീടുകളിൽ പലവിധ പുഷ്പങ്ങളെക്കൊണ്ടു് കളം വരച്ചിട്ടുവരുന്ന സംപ്രദായത്തിൽ കുറെ വലുതാക്കി പരിഷ്കരിച്ച രീതിയിൽ ചെയ്തതാണു്. ഇതിന്നു കുസുമപരവിതാനി എന്നാണു് പറഞ്ഞുവരുന്നതു്. പല വർണ്ണങ്ങളിലുള്ള പുഷ്പങ്ങളെക്കൊണ്ടു പരവിതാനി പോലെ ഉണ്ടാക്കിയിരുന്ന ഈ ചിത്രം കാണ്മാൻ അത്യന്തം മനോഹരമായിരുന്നു. വായനശാലയായി ഉപയോഗിക്കാനുള്ള ചെറിയ തമ്പാണു് അടുത്തുള്ളതു്. അതിൽ അന്നന്നുവരുന്ന മദിരാശിമെയിൽ, സ്റ്റാണ്ടാർഡ്, ഹിന്തു മുതലായ ദിനപ്പത്രങ്ങളും പല മലയാള പത്രങ്ങളും ഉണ്ടായിരുന്നു. പ്രദർശന സാമാനങ്ങൾ വച്ച മുറികൾക്കു് അഭിമുഖമായി, മദിരാശി ചിത്രവേല വിദ്യാലയത്തിലെ വകയായ സാമാനങ്ങളും അലൂമിനിയം പാത്രങ്ങളും, പി. കെ. കണ്ണൻ കമ്പനിക്കാരുടെ സ്വദേശി സർവത്തു മുതലായവയും, പി. കൃഷ്ണൻ കമ്പനിക്കാരുടെ പുസ്തകങ്ങളും, കണ്ണൂരിൽ തീയ്യർ നെയ്തുണ്ടാക്കിയ ചില കുപ്പായത്തുണികളും മറ്റും വിൽക്കാനും ചില ഷോഡാതികൾ നടത്താനും മറ്റും വെവ്വേറെ കെട്ടിയുണ്ടാക്കിയ മുറികളാണുള്ളതു്. അവയെല്ലാം കഴിഞ്ഞു വടക്കേ അറ്റത്താണു് പാരിക്കമ്പനി, മാസിക്കമ്പനി എന്നീ ശ്രുതിപ്പെട്ട കമ്പനിക്കാരുടെ വെള്ളമെടുക്കാനുള്ള യന്ത്രങ്ങൾ പ്രവർത്തിച്ചുകാണിക്കുന്നതു്. കൃഷിസംബന്ധമായ സാധനങ്ങളൊക്കെ കാഴ്ചയ്ക്കായി ഒരുക്കിവച്ചിട്ടുള്ളതു് പ്രദർശനമുറിക്കുള്ളിടെ മദ്ധ്യഭാഗത്താണു്. അവിടെ ചിലതരം നെല്ലുകൾ മുളപ്പിക്കുകയും പലവിധം ചെടികൾ വളർത്തുകയും ചെയ്തിട്ടുണ്ടു്. മദിരാശിയിൽ നിന്നു് ഈ ആവശ്യത്തിലേക്കു പ്രത്യേകമായി വരുത്തിയ വാഷിംഗ്ടൺ വിളക്കാണു് പ്രദർശന മുറികളിലും പുറമെയും കത്തിക്കാനുപയോഗിച്ചതു്. ഇവയോ രാത്രിസമയത്തു കാണുമ്പോഴുള്ള അനുഭവത്തെപ്പറ്റി മലയാള മനോരമയിലെ പ്രത്യേകലേഖകൻ എഴുതിയതു് ഇവിടെ പകർത്തീടുന്നതിനെക്കാൾ അധികമായി ഞങ്ങളൊന്നും ചെയ്യേണ്ടതില്ല.

''വിളക്കുകളുടെയും ചന്ദ്രന്റെയും പ്രഭയിൽ അതിമനോഹരമായി വസ്ത്രങ്ങൾ ധരിച്ചു് അങ്ങു മിങ്ങും നടക്കുന്ന സ്ത്രീ പുരുഷന്മാരുടെ രൂപങ്ങൾ കാഴ്ചയ്ക്കു് അത്യന്തം ഭംഗിയുള്ളവയായിരുന്നു. വാഷിംഗ്ടൺ വിളക്കിന്റെ അടുത്തുള്ള പ്രഭയും അതില്ലാത്ത ദിക്കിൽ അതിൽ നിന്നു ഭേദിച്ചുള്ള വിശേഷ വിധിയായ ചന്ദ്രികയും, ഇടയ്ക്കു ചില കെട്ടിടങ്ങളുടെ നിഴലും ഇങ്ങിനെ മൂന്നു വിധത്തിലുള്ള വെളിച്ചങ്ങളിൽ കൂടി ജനങ്ങൾ ഒന്നിൽ നിന്നു തെറ്റി മറ്റൊന്നിൽ പ്രവേശിച്ചു് അങ്ങുമിങ്ങും വേഗത്തിൽ നടന്നു കൊണ്ടിരിക്കയും അവരുടെ സംസാരം കേൾക്കാൻ സാധിക്കാത്തവിധം ബാൻറുവാദ്യം പ്രകടിക്കയും ചെയ്യുന്നതു സ്വസ്ഥനായി ദൂരത്തു നിന്നു കാണുന്ന ഒരുവന്റെ മനസ്സിൽ ആനന്ദവും, ആഹ്ലാദവും, സന്തോഷവും, ആശ്ചര്യവും, അദ്ഭുതവും ഒക്കെക്കൂടി ഒന്നിച്ചുണ്ടായി അവൻ പരമാനന്ദത്തിൽ കിടന്നുഴന്നു വലയുകയാണു് ചെയ്യുന്നതു്''.

ഇങ്ങനെയുള്ള അനുഭവം ഉണ്ടാകത്തക്ക വിധത്തിലുള്ള എല്ലാ ഒരുക്കങ്ങളും മാച്ചു് മാസം 27-ാനു- പുലരുന്നതിനു മുമ്പു തന്നെ കഴിഞ്ഞിരുന്നു. പ്രദർശനത്തിന്റെ

Digitized By Kerala Sahitya Akademi

ആരംഭകാര്യം നടത്തിയിരുന്ന ബഹുമാനപ്പെട്ട കാസിൽ സ്റ്റുവർട്ട് സായ്പവർകം 26-ാം നു- വൈകുന്നേരം മെയിൽ വണ്ടിക്കു് കണ്ണൂരിൽ എത്തി. അദ്ദേഹത്തെ ആദരിച്ചു സ്വീകരിക്കാൻ കമ്മറ്റി മെമ്പർമാരും പല യോഗ്യന്മാരും ഒപ്പാറ്റ് ഫാറത്തിൽ തയ്യാറുണ്ടായിരുന്നു. വരുന്നവരെ സ്വീകരിക്കാനും പ്രദർശനം കമ്മിറ്റിക്കാരെ വേണ്ടുന്ന വിധം സഹായിക്കാനും 150 വിദ്യാർത്ഥികളും സ്വന്തമനസ്സാലെ ഏർപ്പെട്ട് വളണ്ടിയർമാർ എന്ന പേരോടു കൂടി മുന്നു ക്യാപ്ടന്മാരുടെ കീഴിൽ സന്നദ്ധരായുണ്ടായിരുന്നു അവർ തലശ്ശേരി മുതലായ സ്റ്റേഷനിൽ പോയി സ്റ്റുവർട്ട് സായ്പവർകളെ ആദരിച്ചിരുന്നു. അവരൊക്കെ അണിയായി നിന്നുകൊണ്ടാണ് സായ്പവർകളെ സ്വീകരിച്ചതു്. ചിലരോടൊക്കെ അല്പം ലോകൃമായി സംസാരിച്ചതിനുശേഷം സായ്പവർകളും ഹോട്ടലിൽ പോയി. പിറേറ ദിവസം നാലരമണിക്കു് പട്ടം കെട്ടിയ ആനയോടും വളണ്ടിയർ പട്ടാളത്തോടും കമ്മിറ്റി മെമ്പർമാർ പോയി സായ്പവർകളെ എതിരേറ്റു പ്രദർശന സ്ഥലത്തേക്കു കൊണ്ടു വന്നു. ഗെയിററിനടുക്കെ വച്ചു പ്രസിഡൻറ് രാരിച്ചൻ മൂപ്പൻ അവർകളും മുതലായവർ അദ്ദേഹത്തെ സ്വീകരിച്ചു പ്രസംഗ ശാലയിലേക്കു കൂട്ടിക്കൊണ്ടു പോയി മഞ്ചത്തിലിരുത്തി. അതിനിടയ്ക്കൊക്കെ പട്ടാളക്കാരുടെ വക ബാൻറു വാദ്യം മുഴങ്ങുന്നുണ്ടായിരുന്നു. ബാൻറു നിന്നശേഷം രണ്ടു തീയ്യപ്പെൺകുട്ടികളും ഒരു സ്വാഗത കീർത്തനം അതി മനോഹരമാം വണ്ണം പാടി. പന്തലിൽ യൂറോപ്യന്മാരും നാട്ടുകാരുമായി സ്ത്രീ പുരുഷന്മാരായ അനവധി യോഗ്യന്മാരുണ്ടായിരുന്നു. മഞ്ചത്തിന്മേൽ സാമൂതിരി കോവിലകത്തും ചിറക്കൽ കോവിലകത്തും ഉള്ള ചില തമ്പുരാക്കന്മാരും ബഹുമാനപ്പെട്ട രാജാ വാസുദേവരാജാവവർകളും മുതലായ യോഗ്യന്മാരും കലക്ടർ മിസ്റ്റർ നാപ്പ്, മിസ്റ്റർ കോട്ടൻ മുതലായ യൂറോപ്യന്മാരും ഉണ്ടായിരുന്നു.

സംഗീതം അവസാനിച്ചശേഷം രാരിച്ചൻ മൂപ്പൻ അവർകളും സ്റ്റുവർട്ട് സായ്പവർകളോടു പ്രദർശനത്തിന്റെ പ്രാരംഭകാര്യം നടത്താൻ ഒരു പ്രസംഗം മൂലം ആവശ്യപ്പെട്ടു. പ്രസംഗത്തിന്റെ പരിഭാഷ ഞങ്ങളും കഴിഞ്ഞതവണ പ്രസിദ്ധപ്പെടുത്തിയിരുന്നുവല്ലൊ. അതിനു മറുപടിയായി, സ്റ്റുവർട്ട് സായ്പവർകളും ചെയ്ത ദീർഘവും സാരഗർഭവുമായ പ്രസംഗത്തിന്റെയും മുഴുവൻ തർജ്ജിമയും ഞങ്ങളും കഴിഞ്ഞ ലക്കത്തിൽ ചേർത്തിരുന്നതു വായനക്കാർ സശ്രദ്ധം വായിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. ഈ പ്രസംഗാനന്തരം ഉണ്ടായതു് എല്ലാവരും പ്രദർശനത്തെ കാണുകയായിരുന്നു.

നമുക്കു് ഒന്നാമതായി ഏറവും പടിഞ്ഞാറു ഭാഗത്തുള്ള പ്രദർശന മുറിയിൽ പ്രവേശിക്കാം. പിയേഴ്സ് ലെസ്ലി കമ്പനിക്കാരുടെ എല്ലാത്തരം കച്ചവടസ്സാമാനങ്ങളും അവിടെ പ്രദർശിപ്പിച്ചിട്ടുണ്ടു്. ഇവരുടെ വളത്തിനും, കാപ്പി, ചായ ഇവയ്ക്കും കൂടി രണ്ടു സ്വർണ്ണമുദ്രകളും കിട്ടിയിട്ടുള്ളതായി അറിയുന്നു. പിന്നീടു നാം കാണുന്നതു് ആഭരണങ്ങളും, പട്ടുകളും, തുണികളും, പായകളും ഇവയും ഒരുക്കിവച്ചിരിക്കുന്ന മുറി ആകുന്നു. അവിടെ നമുക്കു കാണ്മാനും പഠിക്കുവാനും രസകരങ്ങളും ഉപകാരപ്രദങ്ങളുമായ പലതും ഉണ്ടായിരുന്നു. വിലയേറിയതും ഭംഗിയായി പണിയപ്പെട്ടതുമായ പലേതരം ആഭരണങ്ങളും ഏതാനും വിശേഷമായ മുക്കുപണ്ടങ്ങളും അതിൽ ഉൾപ്പെട്ടിരുന്നു. ആ മുറിയിൽ തന്നെ കാണി

Digitized By Kerala Sahitya Akademi

കളുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചിരുന്ന രണ്ടു ഖജനാപ്പെട്ടികൾ ഉണ്ടായിരുന്നു. വളരെ ഉറപ്പുള്ളവയായി തോന്നിയ ആ പെട്ടികൾ ഈ നാട്ടിൽ ഉണ്ടാക്കപ്പെട്ടവയാകുന്നു. അതിനടുത്ത മുറിയിൽ ഒരുക്കി വച്ചിരുന്ന സാധനങ്ങളിൽ പ്രധാനപ്പെട്ടവ തിരുവിതാംകൂറിൽ നിന്നും വന്നിട്ടുള്ള കസവുതരങ്ങൾ, തുപ്പട്ടാവുകൾ ഇവയായിരുന്നു. പരമേശ്വരൻ കമ്പനിക്കാർ തന്നെ എണ്ണായിരം ഉറുപ്പിക വിലപിടച്ച കസവുതരങ്ങൾ പ്രദർശിപ്പിച്ചിരുന്നു. പാണ്ഡ്യളിൽ തിരുവിതാംകൂറിൽ നിന്നും തിരുനെൽവേലിയിൽ നിന്നും വന്നിരുന്ന രണ്ടെണ്ണം അതിവിശേഷങ്ങളായിരുന്നു. പട്ടുപോലെ മിനുസവും മാർദ്ദവവും ഉണ്ടായിരുന്ന ആ പായ്കൾക്കും രണ്ടിനും ഓരോ വെള്ളിമുദ്ര കിട്ടിയിട്ടുണ്ട്. ഓരോ പായ്ക്കും 60 ഉറുപ്പിക വിലയുമായിരുന്നു. അനന്തരം കാണികൾക്കു ദൃഷ്ടിഗോചരീഭവിക്കുന്നതു പലവിധ ക്ഷേണ സാധനങ്ങളും, പാനീയങ്ങളും, ചട്ടിണികളും, അച്ചാറുകളും, സർവത്തുകളും ഇവയാകുന്നു. അതിനിടയ്ക്കു മരുന്നുകളും കുന്തളതൈലങ്ങളും ഒരു വകുപ്പങ്ങിനെ. അടുത്ത മുറിയിൽ സിംഗർ കമ്പനിക്കാരുടെ തയ്യൽ യന്ത്രങ്ങളും അവരുടെ മറ്റു സാമഗ്രികളും പ്രദർശിപ്പിച്ചിരുന്നു. ഇനി നമുക്കു അടുത്തുള്ള ചിത്രവേലശാലയിലേക്കു കടക്കാം. അവിടെ ഒന്നാമതായി നാം കാണുന്നതു ബഹുമാനപ്പെട്ട കൊല്ലംകോട്ടു രാജാവവർകൾ പ്രദർശിപ്പിച്ചിരിക്കുന്ന ഒരു വിശേഷപ്പെട്ട കണ്ണാടിയാകുന്നു. ആനക്കൊമ്പു കൊണ്ടു ഉണ്ടാക്കപ്പെട്ടിരുന്ന ഇതിന്റെ രണ്ടു വലിയ കാലുകളിന്മേൽ വെള്ളി കെട്ടിയിരുന്നു. മുറിക്കകത്തു തിരുവിതാംകൂർ കാരൻ ഒരു നായരുടെ ''തീയ്യ യുവതിയും ബാലാമണിയും'' വിശേഷ തരത്തിലുള്ള ചിത്രങ്ങൾ ആയിരുന്നു എങ്കിലും ദോഷരഹിതങ്ങൾ ആയിരുന്നില്ല. ഈ ചിത്രകാരൻ ഈ കലാ വിദ്യയിൽ ക്രമേണ സമർത്ഥനായിത്തീരുന്നതിനിടയുണ്ടു്. മിസ്റ്റർ കെ. പി. ടി. മേനോൻ പ്രദർശിപ്പിച്ചിരിക്കുന്ന ചിത്രങ്ങൾ നന്നായിട്ടുണ്ടു്. മണ്ണുകൊണ്ടു ഉണ്ടാക്കി ഒരാൾ അയച്ചിരുന്ന ഒരു കിഴവന്റെ ബിംബം വളരെ രസകരമായിരുന്നു. വായിലെ പല്ലും തലയിലെ രോമവും മിക്കവാറും പോയിക്കഴിഞ്ഞിരിക്കുന്ന ഈ കിഴവൻ ഒരു വടിയും ആധാരമാക്കിയാണ നില്ക്കുന്നതു്. ഇതിനു് മുൻപു പല പ്രദർശനങ്ങളിലും ഓരോ മുദ്രകൾ കിട്ടിയിട്ടുണ്ടു്. ഇവിടെയും ഒരു വെള്ളി മുദ്ര കിട്ടിയിരിക്കുന്നു. മൈസൂരിൽ നിന്നും അയച്ചിട്ടുള്ള ചന്ദനപ്പെട്ടികൾ എത്രയോ മനോഹരങ്ങളായിരുന്നു. അവയിന്മേൽ ചെയ്തിരിക്കുന്ന കൊത്തു വേലകൾ ഏറ്റവും വിശേഷങ്ങളും നമ്മുടെ കൊത്തു പണിക്കാരാൽ അവശ്യം പകർത്തപ്പെടേണ്ടതും ആണു്. അവയിൽ ഒന്നിനു് ഒരു സ്വർണ്ണ മുദ്ര കിട്ടിയിരുന്നതു് അതു ധാരാളം അർഹിക്കുന്നുണ്ടു്. കരിമരത്തിൽ ഉണ്ടാക്കി പിത്തളകെട്ടിയിട്ടുള്ള ഒരു പെട്ടി കോഴിക്കോട്ടു നിന്നും ഒരാൾ അയച്ചിരുന്നതിനും ഒരു മുദ്ര കിട്ടി. മിസ്റ്റർ കാട്ടന്റെ ആവശ്യ പ്രകാരം പാലക്കാട്ടു വച്ചു ഉണ്ടാക്കിയതും, രണ്ടു തീയ്യ യുവതികൾ പിടിച്ചു നിറുത്തിയതായി കാണിച്ചിരിക്കുന്നതും ആയ ഒരു വലിയ പിത്തള വിളക്കും ഉണ്ടായിരുന്നു. അതിനു് ഒരു വെള്ളി മുദ്ര കിട്ടിയിരിക്കുന്നു. കൊല്ലങ്കോട്ടുകാരൻ ഒരു വേലായുധൻ കരിമരത്തിൽ ഗണേശ വിഗ്രഹം കൊത്തി അയച്ചതിനു് അയാൾക്കു് ഒരു വെള്ളി മുദ്ര ലഭിച്ചിരിക്കുന്നു. കൊയിലാണ്ടിയിൽ നിന്നും വിശേഷപ്പെട്ട ഒരു ഹുക്കാ അയച്ചിരുന്നു. ഒരാൾ മരം കൊണ്ടുണ്ടാക്കി അയച്ചി

Digitized By Kerala Sahitya Akademi

രുന്ന രണ്ടു മാങ്ങകളും സാക്ഷാൽ മാങ്ങകൾ എന്നേ ആരും വിചാരിക്കയുള്ളൂ. അവ അത്ര മനോഹരമായും ആകൃതി അത്ര സ്വാഭാവികമായും തോന്നി. ഒരു നമ്പൂരി ആനക്കൊമ്പിൽ കൊത്തിയുണ്ടാക്കിയ ആനകളും വളരെ വിശേഷപ്പെട്ടവ തന്നെ. നമ്പൂരിമാർ ഇങ്ങനെയുള്ള കലാവിദ്യകളിൽ പരിശ്രമിക്കുന്നതു സാധാരണമല്ലാത്തതിനാൽ ഇദ്ദേഹത്തെ വിശേഷിച്ചും അഭിനന്ദിക്കേണ്ടതാണ്. സാമാന്യം വലിപ്പമുള്ള ഒരു അരിമണിയിന്മേൽ പ്രദർശനത്തിനു വിജയത്തെ ആശംസിക്കുന്നതും 64 അക്ഷരങ്ങളും അടങ്ങിയതുമായ ഒരു വാചകം വ്യക്തമായി എഴുതിയിരിക്കുന്നതു കണ്ടു് ആശ്ചര്യപ്പെടാത്തവർ വളരെ ചുരുക്കമായിരുന്നു ഇതിന്റെ കർത്താവായ മിസ്റ്റർ കുഞ്ഞിരാമൻ എന്ന യുവാവു മദ്രാസ് ഗവർമ്മേണ്ടു ട്രാൻസ്ലേറ്റർ മുളിയിൽ കൃഷ്ണൻ ബി എ ബി. എൽ. അവർകളുടെ പുത്രനാണ്. ഈ യുവാവിനു് ഈ അക്ഷരങ്ങളെ ഇത്ര വ്യക്തമായി എഴുതുന്നതിനു് ഒരു മണിക്കൂറിലധികം വേണ്ടിയിരുന്നില്ല പോൽ. ഇയ്യാളുടെ കണ്ണിന്റെ സൂക്ഷ്മതയും, കയ്യിന്റെ പാടവവും, അസാമാന്യം തന്നെ. പിന്നീടുള്ള വിശേഷപ്പെട്ട ഒരു സാധനം ചില ഇംഗ്ലീഷ് പത്രങ്ങളിൽ വാദപ്രതിവാദങ്ങൾക്കു് ഇടയായ രസപാത്രമാകുന്നു, ഈ പാത്രത്തിന്റെ വിശേഷത ഇതാണ്. ഇതിൽ രസം പകർന്നാൽ ചോർന്നു പോകയും മറ്റൊരു ദ്രാവകവും പകർന്നാലും ചോർന്നു പോകാതെ ഇരിക്കയും ചെയ്യുന്നു. ആഗ്രഹിക്കുന്നവർക്കു് ഈ വസ്തുത അവിടെ വച്ചു തന്നെ പരീക്ഷിച്ചറിവാൻ രസം അവിടെ ഒരു കപ്പിയിൽ വച്ചിട്ടുണ്ടു്. ബ്രഹ്മശ്രീ നാരായണഗുരു സ്വാമി അവർകളുടെ ഒരു വിശേഷമായ ചിത്രം എല്ലാവരുടെയും ശ്രദ്ധയെ ആകർഷിക്കുന്നു. പെരുവാരി ഗോവിന്ദൻ അവർകളും പ്രദർശിപ്പിച്ചിരുന്ന പാലക്കാടൻ നിലവിളക്കുകളും പലേതരം മറ്റു് ഓട്ടുപാത്രങ്ങളും പൂട്ടുകളും ഏറ്റവും പ്രയോജനകരങ്ങളായ സാധനങ്ങളും ആയിരുന്നു.

വനം വക പ്രദർശനസാധനങ്ങളും ഒരു പ്രത്യേക വകുപ്പായിട്ടാണു വച്ചിരിക്കുന്നതു്. ഇവിടെ വൃത്താകാരമായി വെട്ടിവച്ചിരിക്കുന്നതും നമ്മുടെ ശ്രദ്ധ ഒന്നാമതായി പതിയുന്നതുമായ ഒരു മരക്ഷണം 300 കൊല്ലം പ്രായമുള്ള ഒരു വീട്ടിവൃക്ഷത്തിൽ നിന്നും മുറിച്ചെടുത്തതാണെപോൽ. മിസ്റ്റർ ലഷിംഗ്ടൺ പറയുന്ന ഈ അഭിപ്രായത്തിന്റെ സാധുത്വം നിർണ്ണയിക്കാൻ എളുപ്പമുള്ളതല്ലല്ലോ. ഒരു ആനക്കുട്ടി, അതിനകത്തു് ഒരു ആനയുമായി കാണിച്ചിരിക്കുന്ന മാതൃക വളരെ നന്നായിരുന്നു. അനേകവിധത്തിലും ഇനത്തിലും ഉള്ള മരങ്ങളുടെ മാതൃകകളും ഇവിടെ ധാരാളമായി പ്രദർശിപ്പിച്ചിരുന്നു.

സ്ത്രീകൾ ഉണ്ടാക്കി അയച്ചിരുന്ന സാമാനങ്ങളെ ഒരു പ്രത്യേക വകുപ്പായി പ്രദർശിപ്പിച്ചിരുന്നതു് ഏറ്റവും ഉചിതമായി എന്നതന്നെ പറയണം. ഈ സാമാനങ്ങളും ഒരു പ്രത്യേക മുറിയിൽ അത്യന്തം മനോഹരമായ വിധത്തിൽ ഒരുക്കിവയ്ക്കുന്നതിനു ഭരമേറ്റിരുന്നതു വക്കീൽ മിസ്റ്റർ സൊറാബ്ജിയുടെ ഭാര്യയും മകളും ആയിരുന്നു. ഇവർ ഇവരുടെ പ്രവൃത്തികളെ അന്യർക്കു തൃപ്തികരമായി നിറവേറിയിരുന്നു എന്നുള്ളതു് ഇവിടെ പ്രസ്താവയോഗ്യമാണ്. എത്രയും കമനീയമായ വിധത്തിൽ ഇവർ ചെയ്തിരുന്ന ഒരുക്കങ്ങളും സർവത്ര അഭിനന്ദനീയങ്ങളായിരുന്നു. കസവുകളെക്കൊണ്ടും നൂലുകളെക്കൊണ്ടും പലതരത്തിൽ ഉണ്ടാക്കി

Digitized By Kerala Sahitya Akademi

യിരുന്ന പണികളും ചിത്രങ്ങളും കൊപ്പായങ്ങൾ, തൊപ്പികൾ മുതലായവയും നമ്മുടെ സ്ത്രീകൾക്ക് ആ വിഷയങ്ങളെ സംബന്ധിച്ചുള്ള ശിക്ഷാസാമർത്ഥ്യത്തെ ധാരാളം തെളിയിച്ചിട്ടുണ്ട്. ലീയർ രാജാവിന്റെയും മകളുടെയും ചിത്രം കമ്പിളിനൂൽ കൊണ്ടു തുന്നിപ്പിടിപ്പിച്ചു കണ്ണാടിച്ചട്ടത്തിൽ ആക്കിവച്ചിരുന്നതു കാണികളെ അത്ഭുതപ്പെടുത്തിയിരുന്നു ഇതു വെറും കമ്പിളിനൂൽ കൊണ്ടുമാത്രം നിർമ്മിച്ചിട്ടുള്ളതാണെങ്കിലും രാത്രി കാണുന്നപക്ഷം ചായത്തിൽ എഴുതിയ ചിത്രമാണെന്നേ തോന്നുകയുള്ളൂ. ഇതിന്റെ നിർമ്മാതാവ് ഗവർമ്മെൻറു ട്രാൻസ്ലേറ്റർ മിസ്റ്റർ മൂളിയിൽ കൃഷ്ണന്റെ ഭാര്യയായിരുന്നു. ഇവർ തന്നെ കസവു കൊണ്ടു തുന്നി ഉണ്ടാക്കിയ ഒരു തത്തയുടെ ആകൃതിയും വളരെ വിശേഷപ്പെട്ടതായിരുന്നു. മിസ്സിസ്സ് ഹോം, മിസ്സിസ്സ് ഡൂപ്പൽ എന്നീ മദാമ്മമാരുടെ അതിവിശേഷങ്ങളായ ചിത്രങ്ങൾക്ക് ഓരോ മുദ്രകൾ കിട്ടിയിരുന്നു. ഡാക്ടർ പല്പു, മിസ്റ്റർ കെ. പി. അനന്തൻ, മിസ്റ്റർ എ. കെ. ഗോവിന്ദൻ എന്നിവരുടെ ഭാര്യമാർക്കും ഓരോ സമ്മാനങ്ങൾ ഉള്ളതായി അറിയുന്നു. പരവൂർ മിസ്റ്റർ കെ. സി. ഗോവിന്ദന്റെ സാങ്കേതിക വിദ്യാശാലയിൽ നിന്നും വന്നിട്ടുള്ള ചില സ്ത്രീകൾ നേന്ത്രനെ സ്റ്റിനെ അവിടെ വച്ചു കാണിക്ക ഉണ്ടായിരുന്നു എന്നുള്ളതും സ്മരണീയമാകുന്നു. സ്ത്രീകളുടെ വകുപ്പ് ആകപ്പാടെ സ്തുത്യർഹമായ വിധത്തിൽ പ്രദർശിപ്പിച്ചിരുന്നു എന്നുള്ളതിൽ പക്ഷാന്തരം ഉണ്ടാവില്ലെന്നും വിശ്വസിക്കുന്നു.

കണ്ണൂർ സെൻട്രൽ ജയിലിൽ ഉണ്ടാക്കപ്പെട്ട പല സാധനങ്ങളും പ്രത്യേകം പ്രദർശിപ്പിച്ചിട്ടുണ്ട്. പലേതരം കൊത്തുപണികളും, മേശകളും, കസേരകളും ഇവ അതിൽ ഉൾപ്പെടുന്നു. ചിരട്ടകൊണ്ടു ഉണ്ടാക്കിയിട്ടുള്ള വിളക്കുകളും വളരെ വിശേഷങ്ങളായിരുന്നു. 300 ക. വിലപിടിച്ചതും വളരെ വിശേഷമായി പണിചെയ്തിട്ടുള്ളതുമായ ഒരു ചെറിയ മേശയും അവിടെ കാണാമായിരുന്നു. അതിനു പുറമെ വാഴനാർ കൊണ്ടു ഉണ്ടാക്കിയിട്ടുള്ള ഏതാനും സഞ്ചികളും ഉണ്ടായിരുന്നു. വാഴനാർ എടുക്കുന്ന ഒരു നല്ല യന്ത്രവും അവർ പ്രദർശിപ്പിച്ചിരുന്നു. വേറൊരു മുറിയിൽ പലേ തരത്തിലുള്ള ഊറയ്ക്കിട്ട തോലുകളും ശേഖരിച്ചിരുന്നു.

ഇനി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു കൃഷി വകുപ്പാകുന്നു. ഈ വകുപ്പിൽ ശേഖരിക്കപ്പെട്ടിട്ടുള്ള സാധനങ്ങൾ ഒരുക്കി വച്ചതു വേങ്ങയിൽ കണ്ണങ്കി കൃഷ്ണൻ നായനാർ അവർകളാ ആയിരുന്നു. ഇവിടെ പലേതരം വിത്തുകളും മുളപ്പിച്ചിരുന്നു. അനേകതരം കായ്കളും, പഴങ്ങളും, കിഴങ്ങുകളും, ധാന്യങ്ങളും, വിത്തുകളും, ചെടികളും ഇവ ശേഖരിക്കപ്പെട്ടിരുന്നു. രാരിച്ചൻ മൂപ്പൻ അവർകളും 136 ഇനം നെല്ലുകളും പ്രദർശിപ്പിച്ചിരുന്നു. ഈ കൃഷി സാധനങ്ങളെ വളരെ ഔചിത്യ പൂർവം ശേഖരിച്ച് ഒരുക്കിയിരുന്നതിൽ ജനങ്ങൾക്ക് അസാമാന്യമായ തൃപ്തിയും സന്തോഷവും ഉണ്ടായിരിക്കണം. കോയമ്പത്തൂരിൽ നിന്നു വന്നിട്ടുള്ള ഒരു മാതിരി കലപ്പകളും വിശേഷമായിരുന്നു. അവകൊണ്ട് ഉഴുതു കാണിച്ചു കൊടുക്കുന്നുമുണ്ട്.

ഈ പ്രദർശനത്തിനു് എത്തിയിട്ടുള്ള നാലായിരത്തിലധികം സാധനങ്ങളെ ഒരു വിധം സാമാന്യമായിട്ടെങ്കിലും വിവരിക്കുവാൻ സ്ഥല ദൌർലഭ്യം ഞങ്ങളെ

Digitized By Kerala Sahitya Akademi

അനുവദിക്കുന്നില്ല. പ്രധാനപ്പെട്ട ഏതാനും സാമാനങ്ങളെക്കുറിച്ചു പറഞ്ഞു എന്നല്ലാതെ ഇതു് ഒരു പൂർണ്ണമായ പട്ടികയോ വിവരണമോ ആണെന്നു് ആരും ശങ്കിക്കയില്ലല്ലൊ.

മാർച്ചു് 27–ാം നു പ്രദർശനത്തിന്റെ ആരംഭ കൃത്യം കഴിഞ്ഞതിന്റെ ശേഷം അന്നുരാത്രി 9 മണിക്കു മദ്രാശി കരകൗശലശാലാദ്ധ്യക്ഷൻ മിസ്റ്റർ. ചാറർട്ടന്റെ ഇൻഡ്യയിലെ വ്യവസായങ്ങളെപ്പറ്റി ഒരു പ്രസംഗമുണ്ടായിരുന്നു.

രണ്ടാം ദിവസം

മാർച്ചു് 28

ഇന്നത്തെ ആഘോഷങ്ങളിൽ പ്രധാനമായിട്ടുള്ളതു വിക്ടോറിയാകാളേജു് പ്രിൻസിപ്പാൽ മിസ്റ്റർ ബാർലൊ സായ്പിന്റെ ഒരു പ്രസംഗമായിരുന്നു. മിസ്റ്റർ ബാർലൊ ഇന്ത്യയെ മന:പൂർവം സ്നേഹിക്കുന്ന ഒരു ഇംഗ്ലീഷുകാരനായിരുന്നതുകൊണ്ടും അദ്ദേഹത്തിനു ഇൻഡ്യയുമായുള്ള പരിചയം സാമാന്യം ദീർഘമായിരുന്നതുകൊണ്ടും അദ്ദഹത്തിന്റെ പ്രസംഗം കേൾപ്പാൻ വളരെ ജനങ്ങളും കൂടിയിരുന്നു. ക്യാപ്ടൻ വാർലിക്കർ അദ്ധ്യക്ഷ്യം വഹിച്ചു. വിഷയം ''ഇൻഡ്യയിലെ വ്യവസായ വിഷയത്തിലുള്ള പ്രയാസങ്ങളും'' ആയിരുന്നു. മിസ്റ്റർ. ബാർലൊ ഒരു മണിക്കൂർ നേരം ഹൃദയംഗമമായി പ്രസംഗിച്ചു. സായ്പിന്റെ പരിചയത്തിൽപ്പെട്ട പലേ സംഗതികളിൽ നിന്നും അദ്ദേഹം സ്വീകരിച്ചിട്ടുള്ള പല അഭിപ്രായങ്ങളെയും സകാരണം അദ്ദേഹം പ്രസ്താവിച്ചു. ഇൻഡ്യയിലെ വ്യവസായാഭിവൃദ്ധിക്കുള്ള പ്രധാനമായ തടസ്സങ്ങളും മൂന്നാണെന്നും അവയിൽ ഒന്നു് ഇപ്പോഴത്തെ വിദ്യാഭ്യാസ രീതിയാണെന്നും മിസ്റ്റർ ബാർലൊ ബലമായി വാദിച്ചു. ഇംഗ്ലീഷു് വിദ്യാഭ്യാസം ജനങ്ങളെ സർക്കാർ ജീവനങ്ങളിലേക്കു ഉന്തിവിടുന്നു എന്നും തന്നിമിത്തം ഈ നാട്ടിൽ എത്രയും അരിഷ്ടിച്ചു ഉപജീവിക്കുന്ന ഒരു വലിയ ഗ്രാമസ്ത സൈന്യം ഉണ്ടെന്നും സായ്പു പ്രസ്താവിച്ചു. ഇൻഡ്യാക്കാർക്കു വ്യവസായത്തിലും മറ്റും പണം മുടക്കുവാനുള്ള മടിയെപ്പറ്റി സാന്റ്സ്വർക്കും ആക്ഷേപിക്കയും, മരുമക്കത്തായം മലയാളികളുടെ ഇടയിൽ വരുത്തുന്ന അനർത്ഥങ്ങളെ ചൂണ്ടിക്കാണിക്കുകയും ചെയ്തു. ആർബത്തനാട്ടുകമ്പനി മൂലം നാട്ടുകാർക്കു നഷ്ടപ്പെട്ടിട്ടുള്ള ധനത്തെ കുടയുണ്ടാക്കുന്ന ഒരു യന്ത്രം സ്ഥാപിക്കുന്നതിനു വിനിയോഗിച്ചിരുന്ന വെങ്കിൽ 40 ലക്ഷം ഉറുപ്പിക നാട്ടുകാർക്കു് ആദായമുണ്ടാകുമായിരുന്നുവെന്നു മിസ്റ്റർ ബാർലൊ പറകയുണ്ടായി. ജപ്പാനിൽ ഉണ്ടാക്കുന്നതു പോലുള്ള കുടകളെ ഇൻഡ്യയിലും എളുപ്പത്തിൽ ഉണ്ടാക്കാമെന്നാണു് സാന്റ്സിന്റെ അഭിപ്രായം. അദ്ധ്യക്ഷൻ മിസ്റ്റർ വാർലിക്കർ പ്രാസംഗികനു വന്ദനം പറഞ്ഞു അന്നത്തെ ആ യോഗം അവസാനിച്ചു. അന്നു വിശേഷ വിധിയായി ചേർത്തലക്കാർ ശാകുന്തള നാടകത്തെ 9 മണിമുതൽ 11 മണിവരെ അഭിനയിക്കയുണ്ടായി.

Digitized By Kerala Sahitya Akademi

മൂന്നാം ദിവസം
മാർച്ച് 29

സായ്പൻമാരുടെ പ്രസംഗങ്ങൾ ഇന്നലെ അവസാനിച്ചതുകൊണ്ടു പന്തലിൽ മുൻപത്തെപ്പോലെ തിക്കും തിരക്കും ഉണ്ടായിരുന്നില്ല. ഇന്നത്തെ ഒന്നാം പ്രാസംഗികൻ വേങ്ങയിൽ മിസ്റ്റർ കഞ്ഞികൃഷ്ണൻ നായനാർ ആയിരുന്നു. ''വ്യവസായവും എന്റെ പരിചയവും'' എന്ന തലവാചകത്തിൽ മിസ്റ്റർ നായനാർ എഴുതി അച്ചടിച്ചുകൊണ്ടു വന്നിരുന്ന പ്രസംഗം അദ്ദേഹം തന്നെ വായിച്ചു. മിസ്റ്റർ നായനാരുടെ പ്രസംഗത്തിൽ. നാട്ടുകാർ അവശ്യം അറിഞ്ഞിരിക്കേണ്ട പല കാര്യങ്ങളെക്കുറിച്ചു സാരവത്തുക്കളായ അഭിപ്രായങ്ങളും അടങ്ങിയിരുന്നു. രണ്ടാമത്തെ പ്രാസംഗികനായ തളിപ്പറമ്പു കൃഷിത്തോട്ടം പരിശോധകനായ മിസ്റ്റർ ഗോവിന്ദക്കിടാവു്, ഭാഷാശുദ്ധിയിൽ അശേഷം ശ്രദ്ധിവയ്ക്കാഞ്ഞതുകൊണ്ടു്, വിഷയം പ്രൌഢമായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ പ്രസംഗം പൊതുവെ തൃപ്തികരമായിരുന്നില്ല. വായനയിൽ ഉണ്ടായിരുന്ന അസ്പഷ്ടത കൊണ്ടും ഭാഷാവൈകല്യങ്ങൾ കൊണ്ടും മിസ്റ്റർ കിടാവിന്റെ പ്രസംഗം ഉദ്ദേശിക്കപ്പെട്ടിരുന്നതുപോലുള്ള ഫലത്തെ പുറപ്പെടുവിച്ചില്ലെങ്കിൽ അതു അതിശയിക്കാനില്ലെന്നാണു തോന്നുന്നതു്. അനന്തരം ഇൻഡ്യയിലെ റെയ്ത്തിനെപ്പറ്റി മിസ്റ്റർ മൂർക്കോത്തു കുമാരന്റെ ഒരു പ്രസംഗമാണുണ്ടായതു്. മിസ്റ്റർ കുമാരന്റെ പ്രസംഗം വളരെ നന്നായി എന്നും സദസ്യർക്കു അനല്പമായ ആശ്വാസത്തെയും സന്തോഷത്തെയും ഉണ്ടാക്കി എന്നും പറഞ്ഞു കൊള്ളട്ടെ. അതിൽ പിന്നെ പരവൂർ സാങ്കേതിക വിദ്യാശാല ഉടമസ്ഥൻ മിസ്റ്റർ കെ. സി. ഗോവിന്ദൻ പ്ലാന്റ് ഫാമത്തിൽ കയറി ലേയ്സുവർക്കിനേയും നെയ്ത്തിനേയും പറ്റി താൻ മറ്റൊരവസരത്തിൽ പ്രസംഗിക്കാമെന്നു പറഞ്ഞു. അതോടുകൂടി ഇന്നത്തെ പ്രസംഗങ്ങൾ അവസാനിച്ചു. രാത്രി നീലേശ്വരക്കാരുടെ ഒരു നാടകാഭിനയമുണ്ടായിരുന്നു.

നാലാം ദിവസം
മാർച്ച് 30

കാര്യപരിപാടി പ്രകാരം ഇന്നു മലംകാടിനെപ്പറ്റി മിസ്റ്റർ ലഷിംഗ്ടൺ സായ്പിന്റെ ഒരു പ്രസംഗമായിരുന്നു ഉണ്ടാകേണ്ടതു്. സാന്നിപ്പിനും ഏതോ അസൌകര്യങ്ങൾ നേരിട്ടതിനാൽ സ്ഥലത്തു ഹാജരായി പ്രസംഗം വായിക്കുവാൻ നിവൃത്തിയില്ലാതെ വരികയും പ്രതിപുരുഷനായി വന്നയാൾ അദ്ദേഹം എഴുതി വച്ചിരുന്ന പ്രസംഗം വായിക്കുകയും ചെയ്തു

അഞ്ചാം ദിവസം
മാർച്ച് 31

ഇന്നു മിസ്റ്റർ സി. കരുണാകര മേനവന്റെ കൃഷി സഹായത്തെ സംബന്ധിച്ച പ്രസംഗവും കെ. സി. മാനവിക്രമൻ രാജാവവർകളുടെ കൈത്തൊഴിൽ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള ഒരു പ്രസംഗവും ഉണ്ടായിരുന്നു.

Digitized By Kerala Sahitya Akademi

ഇവയൊക്കെയുള്ളം പുറമേ ഏതാനും ചില്ല്വറ പ്രസംഗങ്ങളും വിനോദങ്ങളുമുണ്ടായിരുന്നില്ലെന്നില്ല. സംഗീത പരീക്ഷയും നടക്കാതെയിരുന്നില്ല. എങ്കിലും അതു പ്രതീക്ഷിച്ചിരുന്നതുപോലെ ഭംഗിയായി കലാശിച്ചില്ല. യോഗ്യന്മാരായ ഭാഗവതന്മാർ തങ്ങളിൽ നടത്തുന്ന സാമർത്ഥ്യ പരീക്ഷ പല വിധത്തിലും രസകരമായിരിക്കേണ്ടതാണല്ലോ. എങ്കിലും സംഗീതത്തിൽ ഒരു പരീക്ഷ നടത്തുന്നതു് എത്രത്തോളം സുഖകരമായ ഒരു പ്രവൃത്തി ആണെന്നു പലരും ശങ്കിച്ചിരുന്നിരിക്കാം. നിലമ്പൂർ രാജാവവർകളെയും രവറെ രണ്ടു യോഗ്യന്മാരെയുമായിരുന്നു പരീക്ഷകന്മാരായി തിരഞ്ഞെടുത്തിരുന്നതു്. പ്രതീക്ഷിച്ചിരുന്നതുപോലെ സമർത്ഥന്മാരായ അധികം ഭാഗവതന്മാർ ഹാജരായിരുന്നില്ല. മഹാദേവ ഭാഗവതർക്കു് ഒരു സ്വർണ്ണ മുദ്രയും കെ. ഗോവിന്ദൻ എന്നൊരാൾക്കു് ഒരു പ്രശംസാ പത്രവും കിട്ടി.

മാർച്ചു് 29-ം 30-ം തീയതികളിൽ ഭംഗിയായി നടന്നു കൂടിയ പൊതു യോഗത്തിന്റെ ശരിയായ പ്രൊസീഡിംഗ്സ് കഴിഞ്ഞ തവണത്തെ മാസികയിൽ ചേർത്തിരുന്നതു കൊണ്ടു കൂടുതൽ വിവരങ്ങളും അതു ആവശ്യമാണെന്നു തോന്നുന്നില്ല. തിരുവിതാംകൂറിൽ നിന്നും ഉപാദ്ധ്യക്ഷൻ കൊച്ചു കണ്ണുചാന്നാർ അവർകളും, ചീരപ്പൻ ചിറ കൃഷ്ണപ്പണിക്കൻ അവർകളും, വി. കേശവൻ ആശാൻ അവർകളും ആദിയായി അനേകം മാന്യ യോഗാംഗങ്ങളും കോമത്തു കുഞ്ഞുപണിക്കൻ അവർകളും, കരുവാ കൃഷ്ണൻ ആശാൻ അവർകളും, ആലും മുട്ടിൽ ഗോവിന്ദൽ ചാന്നാർ അവർകളും തുടങ്ങി പല മാന്യന്മാരും സന്നിഹിതരായിരുന്നു എന്നുള്ളതു വിശിഷ്യ പ്രസ്താവയോഗ്യമാകുന്നു.

വിവേ : 1082 മേടം, ഇടവം

ചില മഹായോഗങ്ങൾ

അലഹബാദിൽ കൂടിയ ''ഭാരത മഹാജനസഭ'' അസാധാരണമായ വിജയത്തോടെ കലാശിച്ചിരിക്കുന്നു. ഇക്കുറി അഗ്രാസനം വഹിച്ച സർ വില്യം വാഡർബർൺ സായ്പവർകളും ഇന്ത്യയിലെ എല്ലാ സമുദായത്തേയും ഒന്നുപോലെ സ്നേഹിക്കുന്ന ആളാകുന്നു. മുഹമ്മദീയരും ഹിന്ദുക്കളും തമ്മിലുള്ള മത്സരത്തിനു് ഈ മഹാസഭ കഴിഞ്ഞതോടുകൂടി ഗണ്യമായ ശമനലക്ഷണം കണ്ടുവരുന്നു. വിദ്യാഭ്യാസ സംബന്ധമായ വിഷയത്തിലും ഈ തവണത്തെ യോഗത്തിൽ ഗൗരവമേറിയ പ്രതിപാദനങ്ങളും നടന്നിരിക്കുന്നു. ഇപ്പോഴത്തെ യൂണിവേഴ്സിറ്റി ആക്ടു് ഉയർന്നതരം വിദ്യാഭ്യാസത്തെ തടയുന്നതാണെന്നും അതനുസരിച്ചു് നടപ്പിലിരിക്കുന്ന അനേകം വിദ്യാലയങ്ങൾക്കു മേലാൽ ഗവൺമെന്റു സഹായം ലഭിക്കുന്നതു പ്രയാസമാണെന്നും ആക്ഷേപിക്കുകയും അതിന്റെ പരിഹാരത്തേയും പ്രാഥമിക വിദ്യാഭ്യാസം ഫീസുകൂടാതേയുംനിബ്ബന്ധിതമായും നടത്തുന്നതിനേയുംപറ്റി ഗവ

Digitized By Kerala Sahitya Akademi

മ്മെൻറിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു നിശ്ചയങ്ങളം പാസ്സാക്കുകയും ചെയ്തി രിക്കുന്നു.

''ഭാരതീയ സമുദായ പരിഷ്കരണ സഭ''യുടെ 24–ാമത്തെ വാർഷികയോഗം അലഹബാദിൽ കൂടി പതിവുപോലെ ഭംഗിയായി കഴിഞ്ഞിരിക്കുന്നു. ഇക്കുറി അദ്ധ്യാസനം വഹിച്ചതു് ബഹുമാനപ്പെട്ട രാജാരാമപാൽസിംഹൻ ആയിരുന്നു. ഈ രാജാവു് വലിയ മിതവാദിയാണെങ്കിലും സമുദായ പരിഷ്കരണ വിഷയത്തിൽ അദ്ദേഹം പുറപ്പെടുവിച്ചിരിക്കുന്ന അഭിപ്രായങ്ങളം ശക്തിയേറിയവയാണു്. നമ്മുടെ സാമുദായികമായ അധഃപതനത്തെപ്പറ്റി അറിയാതെ മൂഢന്മാരായിരുന്ന കാലത്തു് നാം ചുമ്മായിരുന്നതു് ക്ഷമിക്കത്തക്കതായിരുന്നു എന്നും നമ്മുടെ അധോഗതിയേയും അതിനാലുള്ള ദോഷത്തിൻെറ പൂർണ്ണ ഗൗരവത്തേയും പറ്റി അറിവു സിദ്ധിച്ചിരിക്കുന്ന ഇക്കാലത്തു്, നാം അങ്ങിനെയിരിക്കുന്നതാ യാൽ അതു് ക്ഷമിക്കാൻ പാടില്ലാത്ത മഹാ പാപമാണെന്നും അദ്ദേഹം പറയുന്നു. അടുത്ത ജനസംഖ്യാ വിവരണത്തിൽ താഴ്ന്ന ജാതിക്കാരെ ഹിന്ദുക്കളായി പരിഗണിക്കരുതെന്നു് പുറപ്പെടുവിച്ചിരിക്കുന്ന അഭിപ്രായത്തെ അദ്ദേഹം ബലമായി ആക്ഷേപിക്കുന്നു എങ്കിലും അതു ഹിന്ദുക്കളം തങ്ങളുടെ സഹോദരങ്ങളായ താഴ്ന്ന ജാതിക്കാർ എന്നു പറയുന്നവരുടെ നേരെ കാണിക്കുന്ന മനുഷ്യയോഗ്യമല്ലാത്ത വെറുപ്പിൻെറ ദോഷഫലമാണെന്നു അനുതപിക്കുന്നു താഴ്ന്ന ജാതിക്കാർ ഹിന്ദു സമുദായത്തിൻെറ അവയവങ്ങളം തന്നെ എന്നു മാത്രമല്ല തങ്ങളുടെ സ്വന്ത സഹോദരങ്ങളം ബന്ധുക്കളുമാണെന്നു പറയാൻ പരിഷ്കരണ സഭക്കാക്കു് അശേഷം സങ്കോചമില്ലെന്നും മതഭേദം ചെയ്തവരെപ്പോലും തിരിയെ സമുദായത്തിലേക്കു പോരുത്തുകൊള്ളുന്നതു് തങ്ങളുടെ പരിശുദ്ധമായ കൃത്യമാണെന്നു വിചാരിക്കുന്ന ഇക്കാലത്തു വിശേഷിച്ചും താഴ്ന്ന ജാതിക്കാരെപ്പറ്റി അന്യഥാ ചിന്തിപ്പാൻ പാടില്ലെന്നും അദ്ദേഹം പറയുന്നു. ' സഭയിൽ പാസാക്കിയ പല സാരമേറിയ നിശ്ചയങ്ങളുടെ കൂട്ടത്തിൽ ഒന്നു് അവാന്തര സമുദായങ്ങളെപ്പറ്റി കല്പിതങ്ങളായ വിവരണങ്ങളം ഒന്നും അടുത്ത സെൻസസ്സിൽ രേഖപ്പെടുത്താതിരിക്കുൻ ഗവർമ്മെൻറിനോടു് അപേക്ഷിക്കണമെന്നുള്ളതാകുന്നു. ഇതു് ശരിയായ ഒരഭിപ്രായമത്രേ. ഇപ്പോൾ സ്വഭാവേന തന്നെ നീങ്ങിവരുന്ന ജാതിവ്യത്യാസങ്ങളെ സ്ഥിരപ്പെടുത്തുന്ന ഒരു വിപരീതപ്രമാണമായാണു് സെൻസസ്സു് റിക്കാർഡുകളം തീർന്നിരിക്കുന്നതു്. കഴിഞ്ഞ കൊച്ചി സെൻസസ്സിൽ തന്നെ ഇതിനു ധാരാളം ദൃഷ്ടാന്തങ്ങളം ഉണ്ടു്. അവിടെ ജാതികളം തമ്മിൽ തൊടാതെയും തീണ്ടാതെയും ഇനി ഇത്ര അടികളം അകലെയാണു് സഞ്ചരിക്കേണ്ടതെന്നുകൂടി സെൻസസ്സിൽ വ്യവസ്ഥപ്പെടുത്തിക്കാണുന്നു.

''നാടാർ മഹാജനസംഘം'' ഈയിടെ മദ്രാസിൽ കൂടിയ ഈ സഭയുടെ പൊതുയോഗത്തിൽ ബഹുമാനപ്പെട്ട ജസ്റ്റീസു് സി. ശങ്കരൻ നായർ അവർകളായിരുന്നു അദ്ധ്യാസനം വഹിച്ചതു്. നാടാന്മാർ ദക്ഷിണ തിരുവിതാംകൂറിലും തിരുനൽവേലി മുതലായ ഡിസ്ട്രിക്ടുകളിലുമുള്ള ഏറ്റവും പരിശ്രമശീലന്മാരും ജനസംഖ്യയിൽ-പടിഞ്ഞാറെക്കരയിലെ തീയരെപ്പോലെ–വളരെ അധികമുള്ളവരുമായ ഒരു ജാതിക്കാരാകുന്നു. തീയരെപ്പോലെതന്നെ ഇവക്കും മാതൃലനുസരിച്ചുള്ള തൊ

Digitized By Kerala Sahitya Akademi

ഴിൽ കള്ളപ്പെത്തുകയാണ്. തീയന്മ തെങ്ങും നാടാന്മ പനയുമെന്നുള്ള വ്യത്യാസ മേയുള്ള. ഇവരിൽ വലിയ ധനികന്മാരും വിദ്യാഭ്യാസമുള്ളവരുമുണ്ട്. ഏറ്റവും ഉയന്ന ജാതി ഹിന്ദുക്കളെപ്പോലെ വൃത്തിയും, വെടിപ്പും, ആചാരവും, മതഭക്തി യുമുള്ളവരും ഇവരുടെ ഇടയിലുണ്ടെങ്കിലും മലിനന്മാരും സാധുക്കളുമാണധികം. ഈ ജാതിക്കാരുടെ സമുദായ സംബന്ധമായ ഉയച്ചയ്ക്കായി യത്നിപ്പാനാണ് ഈ മഹാജനസംഘം ഏർപ്പെട്ടിരിക്കുന്നത്. പ്രസിദ്ധനായ രത്നസ്വാമി നാടാർ മുത ലായ സമുദായ പ്രമാണികളാണ് ഇതിന്റെ ഭാരവാഹികൾ എന്നു കേൾക്കുമ്പോൾ അതിന്റെ ഭാവിയെപ്പറ്റി ഏതാണ്ട് ഊഹിക്കാമല്ലോ. സമുദായ സംബന്ധ മായ അഭിവൃദ്ധിയെപ്പറ്റി സാരമേറിയ പല സംഗതികളും തന്റെ പ്രസംഗ മുഖേന ഉപദേശിച്ച ശേഷം അഗ്രാസനർ അവർകൾ ഇവക്ക് ഐകമത്യവും സഹ കരണശീലവുമുണ്ടായാൽ വിദ്യാഭ്യാസം, ബുദ്ധിസാമർത്ഥ്യം, വ്യവസായ നൈപു ണ്യം, പരോപകാരശീലം മുതലായ ഉൽകൃഷ്ട ഗുണങ്ങളെ കൊണ്ട് ഇവർ പാർ സികളെപ്പോലെ ഇന്ത്യൻ സമുദായത്തിൽ ഒരുൽകൃഷ്ട സ്ഥാനത്തിന് അർഹന്മാ രാകുന്നതാണെന്നു് ആശംസിച്ചിരിക്കുന്നു. വയോധികന്മാരായിത്തീർന്ന കൂലി വേലക്കാരുടെ രക്ഷയ്ക്കായി ഇൻഷ്വറൻസ് കമ്പനികളെപ്പോലെയോ മറ്റോ വല്ല ഫണ്ട് ഏർപ്പാടുകളും ഉണ്ടാകുന്നതിനും സമുദായത്തിലുള്ളവരുടെ ധനസമ്പാദനശീ ലത്തെ വർദ്ധിപ്പിക്കത്തക്കവണ്ണം തങ്ങളുടെ ഇടയിൽ പ്രത്യേക ബാങ്കുകൾ ഏർപ്പെട ുത്തുന്നതിനും ബഹുമാനപ്പെട്ട ശങ്കരൻ നായർ അവർകൾ ഇവരോടു ഉപദേശിച്ചി രിക്കുന്നതു് എല്ലാ സമുദായക്കാരും ശ്രദ്ധിക്കേണ്ട സംഗതികളത്രെ.

''കേരളീയ നായർ സമാജ''ത്തിന്റെ അഞ്ചാമത്ത പൊതുയോഗം പേത്തല ഏ രാനല്ലൂർ എന്ന സ്ഥലത്തുവച്ച് ധനു 13–ം 14–ം തീയതികളിൽ അതി കേമമായി ഴിഞ്ഞുകൂടിയിരിക്കുന്നു. ഏരാനല്ലൂർ ഒരു വെറും ഉൾനാടായിരുന്നു എങ്കിലും സഭ സകലവിധത്തിലും ഇതിനുമുൻപ് പട്ടണങ്ങളിൽവച്ചു കൂടീട്ടുള്ളവയായ ഒക്കെക്കാളും ആഡംബരം കൊണ്ടും കാര്യഗൗരവം കൊണ്ടും ഏറ്റവും ഭംഗിയായി എന്നറിയു മ്പോൾ സ്ഥലത്തെ നിർവാഹക സംഘക്കാരുടെ സമുദായ സ്നേഹത്തെ മുൻനിറു ത്തിയുള്ള അത്യുത്സാഹത്തിന്റെ പരിഗണന എന്തായിരിക്കുമെന്നു് ഊഹി ക്കാമല്ലോ. സഭയ്ക്കായി പ്രത്യേകം കെട്ടിയുണ്ടാക്കപ്പെട്ട പന്തലിനു തിരുവനന്ത പുരം ജൂബിലി ടൌൺ ഹാളിനെക്കാളും നാലുമടങ്ങു വലിപ്പമുണ്ടായിരുന്നു. അതു മുഴുവൻ ഭംഗിയായി അലങ്കരിച്ചിരിക്കുകയും ചെയ്തുവത്രെ. ദൂരദേശങ്ങളിൽ നിന്നു് സഭയിൽ ഹാജരായിരുന്ന സകല ജനങ്ങളുടേയും വസതിക്കും ഭക്ഷണത്തിനും വേണ്ട സകല ഏർപ്പാടുകളും മുറജപത്തിന്റെ ധാരാളതയോടുകൂടി സ്ഥലം നിവാ ഹക സംഘക്കാർ സ്വന്ത ചെലവിന്മേൽ ഒരുക്കിയിരുന്നു. ഇതിനായി അവക്ക് വളരെ പണം ചെലവായിട്ടുണ്ടെന്നു കാണുന്നു. പൂരത്തിനും നെടുങ്കുതിരയ്ക്കും ചെല വിട്ടുവന്ന പണങ്ങളും ഈവക നല്ല കാര്യങ്ങളിൽ ചെലവിടാൻ ജനങ്ങൾക്ക് തോന്നിത്തുടങ്ങിയതു തന്നെ സമുദായത്തിന്റെ നന്മയ്ക്കായുള്ള ശ്രമങ്ങളുടെ പ്രവർ ത്തകന്മാർക്ക് വലിയ ചാരിതാർത്ഥ്യഹേതുവാണ്. എന്നാൽ ഇതും ഒരുവക ദുർ വ്യയമാണെന്നു പറയുന്ന പുരോഭാഗികളും ഉണ്ടാവാം. സ്വവർഗ്ഗ സ്നേഹത്തെ നി മിത്തമാക്കി ദൂരെയും അടുക്കലുമായി പലദേശങ്ങളിൽ താമസിക്കുന്ന പ്രമാണി കളായ യോഗ്യൻമാർ ഒരു സ്ഥലത്തു ഒത്തുകൂടുകയും സകല സ്വന്തജോലികളും

Digitized By Kerala Sahitya Akademi

ഉപേക്ഷിച്ചു് സമുദായോന്നതിമാർഗ്ഗത്തെക്കുറിച്ചു മാത്രം പര്യാലോചിച്ചു് രണ്ടു മൂന്നു ദിവസങ്ങൾ കഴിക്കയും പരസ്പരം പൂർവ്വാധികമായ അറിവിനും സ്നേഹത്തിനും അടുപ്പത്തിനും ഇടവരുത്തുകയും ചെയ്യുന്ന കാര്യം മാത്രം തന്നെ സമുദായത്തിനു ഭാവിയിൽ അപരിമിതമായ ഗുണങ്ങൾക്കു് ഇടയായിത്തീരാവുന്ന ഒന്നാകയാൽ ആ അവസരങ്ങളെ ഇങ്ങിനെ കൊണ്ടാടാൻ സന്നദ്ധരാകുന്ന സ്വവർഗ്ഗസ്നേഹികളുടെ ശ്രമം എത്ര വ്യയസാദ്ധ്യമാണെങ്കിലും ശ്ലാഘ്യമായിട്ടുള്ളതുമാകുന്നു. സഭയിൽ പാസ്സാക്കിയ നിശ്ചയങ്ങൾ മിക്കവാറും താലികെട്ടു നിറുത്തുക, അവാന്തര വിഭാഗങ്ങൾ തമ്മിൽ പന്തിഭോജനം വിവാഹം മുതലായതു ചെയ്കു, വിദ്യാഭ്യാസനിധി സ്ഥാപിക്കുക കരയോഗങ്ങൾ ഏർപ്പെടുത്തുക എന്നിത്യാദിയായ മുൻ നിശ്ചയങ്ങളെത്തന്നെ പുതുക്കിയവയായിരുന്നു. അദ്ധ്യക്ഷൻ മാ.രാ.രാ. പെൻഷൻ ജഡ്ജി ഏ. ഗോവിന്ദപ്പിള്ള ബി. ഏ. ബി. എൽ. അവർകളുടെ പ്രസംഗം സാരോപദേശപൂർണ്ണമായിരുന്നു. അദ്ദേഹവും മറ്റു ചില യോഗ്യന്മാരും നായന്മാർ കീഴ്ജാതിക്കാരോടു പെരുമാറേണ്ട വിധത്തെയും സമസ്തിസ്നേഹത്തിനും മനുഷ്യന്റെ മറ്റു് ഉൽകൃഷ്ട സദാചാരബോധങ്ങൾക്കും വിരുദ്ധമായ തീണ്ടൽ, തൊടീൽ മുതലായവയെ വർജ്ജിക്കേണ്ട കാലം വൈകിയിരിക്കുന്നതിനെയും പാറി ശക്തിയായി പ്രസംഗിച്ചിരിക്കുന്നതായറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ചേത്തലയെപ്പോലുള്ള ഒരു പഴയ ഉൾനാട്ടിൽ ആ മാതിരി പ്രസംഗങ്ങൾ ഏറ്റവും കാലോചിതങ്ങളത്രേ.

വിവേ : 1086 വൃശ്ചികം, ധന

ചക്രവർത്തി തിരുമനസ്സിലെ ഇന്ത്യാ സന്ദർശനം

നമുക്കു നമ്മുടെ ഓരോ രാജാക്കന്മാരും ഈശ്വരാംശഭൂതന്മാരാണു്. എല്ലാ രാജാക്കന്മാരുടെയും അധിരാജാവായ ചക്രവർത്തിയുടെ മാഹാത്മ്യം പിന്നെ പറയേണമെന്നില്ലല്ലോ. ഏറിയകാലമായി നമ്മുടെ പൂർവ്വികന്മാക്കു നമ്മുടെ മാതൃഭൂമിയുടെ ചക്രവർത്തിയെ കാണ്മാൻ യോഗമുണ്ടായിട്ടില്ല. എങ്കിലും അപ്രത്യക്ഷനായ ഈശ്വരനിൽ എന്നപോലെ ചക്രവർത്തിയിലും അവർക്കു വിശ്വാസവും ഭക്തിയും ഒട്ടും കുറവായിരുന്നില്ല. നമ്മുടെ ഭാഗ്യം നോക്കുക ! ഗർഭശ്രീമാനായ ചക്രവർത്തി ജോർജ്ജു് അഞ്ചാമൻ തിരുമേനി നമ്മുടെ മുമ്പിൽ സാക്ഷാൽ എഴുന്നള്ളിയിരുന്നു തന്നെ കിരീടാധാരണം ചെയ്വാൻ തിരുവുള്ളമായി. കഴിഞ്ഞ ഡിസംബർ 2-ാംനു- തിരുമേനി പട്ടമഹിഷീപരിവാര സമേതനായി ബോംബെ തുറമുഖത്തെത്തി. ജനങ്ങളുടെ ആഹ്ലാദം കരകവിഞ്ഞു സൽക്കാരങ്ങളുടേയും സ്വാഗതാചാരങ്ങളുടേയും എണ്ണവും വണ്ണവും ഒന്നും വർണ്ണിച്ചാൽ അവസാനിക്കു

Digitized By Kerala Sahitya Akademi

ന്നതല്ലല്ലോ. അതെല്ലാം എന്തെങ്കിലുമാകട്ടെ. തിരുമേനികാം കല്പിച്ചു ചെയ്ത പ്രധാന കാര്യങ്ങളിൽ ചിലതിനെ നമുക്കു ഭക്തിപൂർവ്വം ആലോചിച്ചു നോക്കാം.

ബോംബെ മുൻസിപ്പാലിറ്റിക്കാർക്കാണ് ജനപ്രതിനിധികളുടെ നിലയിൽ ആദ്യം തിരുമേനികളെ എതിരേറ്റു സൽക്കരിപ്പാനുള്ള അസുലഭമായ ഭാഗ്യം ലഭിച്ചതെന്നു പറയേണ്ടതില്ലല്ലോ. വന്ദ്യവയോധികനായ സർ ഫിറോഷാ മേത്താ അവർകാം (പ്രസിഡൻറ്) സമർപ്പിച്ച മുൻസിപ്പൽ കോർപ്പറേഷൻ വക മംഗളപത്രത്തിനു തിരുമേനി അരുളിച്ചെയ്ത ഹൃദയംഗമമായ മറുപടിയിൽ ഇങ്ങിനെ പ്രസ്താവിച്ചിരുന്നു: ''ആറുകൊല്ലം മുമ്പു ഞാൻ ഇവിടെ വന്നിരുന്നതു് ഒരു പുതിയ അതിഥിയായിട്ടായിരുന്നു. എന്നാൽ നിങ്ങളുടെ സാദരവും സദയവുമായ സൽക്കാരങ്ങാം എന്റെ ഓർമ്മയിൽ ഇപ്പോഴും അഭിനവമായിത്തന്നെ ഇരിക്കുന്നു. നിങ്ങളുടെ തീരത്തോടടുക്കുമ്പോാം ഉള്ള അത്ഭുതക്കാഴ്ചകളും കടലിന്റെ ഉദരത്തിൽ നിന്നു തന്നെ പൊങ്ങിവരുന്നതോ എന്നു തോന്നുമാറു് ദൃഷ്ടിപഥത്തിൽ ആദ്യം പെടുന്ന പനകളുടേയും തെങ്ങുകളുടേയും ആവിർഭാവവും ഇതുവരെ വിസ്മരിക്കപ്പെട്ടിട്ടില്ല. എനിക്കു് അവയുടെ മനോഹാരിത ഒട്ടും മങ്ങിപ്പോയിട്ടില്ല. 1905–ൽ ബോംബെയിൽ നിന്നു നിങ്ങളുടെ സ്നേഹപൂർണ്ണമായ സ്വീകരണത്താൽ പ്രോത്സാഹിതനായിട്ടു് ഈ വലിയ രാജ്യത്തിന്റെ ഒരു ഭാഗത്തിൽ എങ്ങിനെയെങ്കിലും സഞ്ചരിച്ചു് അതിലെ ജനങ്ങളെപ്പറ്റി വല്ലതും മനസ്സിലാക്കാനുള്ള ശ്രമത്തിൽ ഞാൻ പുറപ്പെട്ടു. അങ്ങനെ സമ്പാദിച്ച എന്റെ ആ അറിവു പ്രജകളിൽ എല്ലാ ജാതി മതസ്ഥന്മാരോടും എനിക്കു് അനുകമ്പയെ ഉദിപ്പിച്ചു. എന്റെ പ്രിയ പിതാവിന്റെ പരലോകപ്രാപ്തിയായ ദേഹവിയോഗാനന്തരം പൂർവ്വികന്മാരുടെ സിംഹാസനത്തിൽ ഞാൻ കയറിയിരുന്നതായി വന്നപ്പോാം എനിക്കുണ്ടായ പ്രഥമവും ഏറ്റവും ഇടമ്പെരവുമായ ആഗ്രഹങ്ങളിൽ ഒന്നു് എന്റെ ഇന്ത്യയിലെ നല്ല പ്രജകളെ വീണ്ടും കാണേണമെന്നുള്ളതായിരുന്നു. ഇന്നു് ഇവിടെ ചക്രവർത്തിനിയോടൊന്നിച്ചു് സന്നിഹിതനായിരിക്കുന്ന ഞാൻ അസാമാന്യമാം വണ്ണം ആഗ്രഹാതിരിത്ത വൃത്തിയായിത്തീർന്നിരിക്കുന്നു.''

ഈ തിരുമൊഴികളിൽ കൂടി ആ രാജകീയമായ ഹൃദയം എങ്ങിനെ ഇരിക്കുന്നു എന്നു നോക്കുവിൻ! ബോംബെയിൽ നടന്ന രാജ്യ കാര്യ സംബന്ധമായ പല സന്ദർശനങ്ങളേയും വ്യവസ്ഥകളേയും ഒക്കെക്കാാം പിന്നെ ഞങ്ങളുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നതു തിരുമേനികളുടെ സെൻറ് തോമസ് കത്തീഡ്രലിലേക്കുള്ള എഴുന്നെള്ളത്താകുന്നു. അതു് അടുത്ത ദിവസം (ഞായറാഴ്ച) ആയിരുന്നു. പരിവാരങ്ങളും യാതൊരാഡംബരങ്ങളും കൂടാതെ തിരുമേനികാം രണ്ടുപേരും സാധാരണ ഉടുപ്പുകാം ധരിച്ചു സാധാരണ സ്ത്രീ പുരുഷന്മാരെപ്പോലെ ആയിരുന്നു ആ ദേവാലയത്തിൽ എഴുന്നെള്ളിയതിരുന്നതു്. കണ്വാശ്രമത്തിൽ പ്രവേശിച്ച ദുഷ്യന്ത ചക്രവർത്തി അല്ലെങ്കിൽ വസിഷ്ഠാശ്രമത്തിൽ സപത്നീകനായി പ്രവേശിച്ച ദിലീപ ചക്രവർത്തി ഈശ്വര ഭക്തി സംബന്ധമായി ഇതിലധികം വിനയം പ്രദർശിപ്പിച്ചിരുന്നു എന്നു വരുന്നതല്ല. പള്ളിയിലെ അന്നത്തെ പ്രാർത്ഥനകളുടെ കൂട്ടത്തിൽ തിരുമേനിയുടെ പിതാവായ അന്തരിച്ചുപോയ എഡ്വേർഡ് ചക്രവർത്തി തിരുമനസ്സിലെ പ്രിയപ്പെട്ട ഒരു ഈശ്വര സ്തോ

Digitized By Kerala Sahitya Akademi

രും (''Abide with me'' എന്നു തുടങ്ങിയ) കൂടിച്ചേർത്തിരുന്നു. പള്ളിയിലെ പുരുഷാരം എത്ര കേമമായിരിക്കണം ! പ്രാർത്ഥന എത്ര പ്രശാന്തരമണീയവും ഹാർദ്ദവവും ആയിരിക്കണം!! 5-ാം നു- രാത്രി തിരുമേനികളും ബോംബെയിൽ നിന്നു റോയൽ സ്പ്രെഷ്യൽ വണ്ടിയിൽ ഡൽഹിയിലേക്കു് എഴുന്നെള്ളി.

ഭാരത ഖണ്ഡത്തിന്റെ പ്രസിദ്ധ തലസ്ഥാന നഗരിയായ ഡൽഹി ഇദാനീന്തന ചക്രവർത്തി തിരുമനസ്സിലെ പാദസ്പർശം അനുഭവിച്ചതു് ഡിസംബർ 7–ാം നു- കാലത്തായിരുന്നു. അന്നും അടുത്ത ദിവസവും അവിടെ നടന്ന വലിയ സംഗതികളേയും ആഘോഷങ്ങളേയും പററി വർണ്ണിക്കുന്നതു പ്രയാസം. തിരുമേനിയുടെ ക്ഷേത്രരായ അനേകകോടി ഇന്ത്യൻ പ്രജകൾക്കുവേണ്ടി ബഹുമാനപ്പെട്ട മിസ്റ്റർ ജെ. ജെക്കിൻസു് വായിച്ച മംഗള പത്രത്തിനു കലു്പിച്ച പറഞ്ഞ മറുപടിയിൽ തിരുമേനി ഇങ്ങനെ പ്രസ്താവിച്ചു : ''ഇന്ത്യൻ പ്രജകൾക്കുവേണ്ടി നിങ്ങൾ സമർപ്പിച്ച മംഗളപത്രത്തിൽ എനിക്കു വളരെ ആദരവുണ്ടു്. നിങ്ങളുടെ മംഗളപത്രത്തിൽ പറയുന്നപോലെ തന്നെ ഇന്ത്യാ മഹാസാമ്രാജ്യം സമാധാനത്തിലും ഐശ്വര്യത്തിലും സംതൃപ്തിയിലും സ്ഥിരമായ അഭിവൃദ്ധിയെ പ്രാപിച്ചു് ഇതുപോലെ അനുവർത്തിക്കണമെന്നുള്ളതിനേക്കാൾ അധികം ഹൃദയ സന്നിഹിതമായ ഒരാഗ്രഹം ഞങ്ങൾക്കില്ല.''

തിരുമേനികൾ ഒന്നായി ഡർബാറിൽവച്ചു നമ്മുടെ എല്ലാ രാജാക്കന്മാരുടേയും മഹാരാജാക്കന്മാരുടേയും ജനപ്രതിനിധികളുടേയുംഅഭിവാദനങ്ങളുംമറും സ്വീകരിച്ചതുപോലെ തന്നെ ചക്രവത്തിനി തിരുമനസ്സുകൊണ്ടു 'ഘോഷ'കളായ നമ്മുടെ രാജ്ഞിമാരുടേയും രാജകുമാരികളും മുതലായ മാന്യസ്ത്രീകളുടേയും സ്നേഹ ബഹുമാന പൂർവ്വമായ പ്രത്യേക അഭിവാദനവും സൽക്കാരവും സ്വീകരിച്ചതും പറയത്തക്ക ഒന്നാണു്. അവരുടെ മംഗള പത്രത്തിനു മറുപടി അരുളിച്ചെയ്ത സന്ദർഭത്തിൽ ചക്രവർത്തിനി താൻ വെയിൻസിലെ രാജകുമാരിയുടെ നിലയിൽ ചെയ്ത കഴിഞ്ഞ ഇന്ത്യാ സന്ദർശന സമയത്തു് ഇന്ത്യയിലെ മാന്യസ്ത്രീകളും സമ്മാനിച്ച ഒരു മനോഹരമായ രത്നാഭരണം ധരിച്ചിരുന്നതു സ്നേഹപൂർവ്വം ചൂണ്ടിക്കാണിച്ചിരുന്നതുത്രേ.

8–ാം തീയതിയിലെ പ്രധാന സംഗതി തന്റെ പിതാവിന്റെ പ്രതിമ സ്ഥാപിപ്പാനായി തീർത്തിരുന്ന പീഠത്തിന്റെ (The Edward Memorial Tablet) തിരനീക്കുന്ന കൃത്യം ചക്രവർത്തി തിരുമേനി തൃക്കൈയാൽ ചെയ്യുയായിരുന്നു. ഈ സ്മാരക പ്രവർത്തകന്മാരായ ബഹുജനളെ ഉദ്ദേശിച്ചു് തന്റെ പ്രസംഗത്തിൽ തിരുമേനി ഇങ്ങിനെ പ്രസ്താവിച്ചിരുന്നു: ''ഇതിൽ സ്ഥാപിക്കപ്പെട്ടുന്ന എന്റെ പ്രിയ പിതാവിന്റെ പ്രതിമ മനോഹരവും, ചരിത്ര പ്രസിദ്ധവുമായ ഒരു സ്ഥാനത്തു് ഒരു ഉദാരമായ സ്മാരകസ്തംഭമായി നിന്നുകൊണ്ടു് ഇനിയും ജനിച്ചിട്ടില്ലാത്ത ജനങ്ങൾക്കു് നിങ്ങളുടെ ഭക്തി പൂർവ്വമായ സ്നേഹവും, അവിടത്തെ അനുകമ്പയും വിശ്വാസവുമാകുന്ന ഈശ്വര കാരുണ്യത്താൽ ഇന്ത്യസ്സും എന്റെ തറവാട്ടിലെ അംഗങ്ങൾക്കും തമ്മിൽ പരമ്പരയായി നിലനിന്നുപോരേണ്ട മനോഭാവങ്ങളെ അനുസ്മരിപ്പിക്കുന്നതാണെന്നു വിചാരിച്ചു് എനിക്കു് ആനന്ദമുണ്ടാകുന്നു.''

Digitized By Kerala Sahitya Akademi

12-ാം നു- ഡർബാർ അവസരത്തിൽ തിരുമേനി പ്രസംഗമദ്ധ്യേ ഇങ്ങിനെ അരുളിച്ചെയ്തു. ''ഈ മഹാ സഭയേയും ഇതിൽ എന്റെ ഗവർണർമാർ, വിശ്വസ്തരായ വല്യ ഉദ്യോഗസ്ഥന്മാർ, എന്റെ വല്യ രാജാക്കന്മാർ, ജനപ്രതിനിധികൾ, എന്റെ ഇന്ത്യൻ സൈനിക വകുപ്പിലെ പ്രതിപുരുഷന്മാർ ഇവരേയും കാണുന്നതു് എനിക്കും ചക്രവർത്തിനിക്കും നിർവ്യാജമായ സന്തോഷത്തേയും ആമോദത്തേയും ഉണ്ടാക്കുന്നു. അവർ ഭക്തി പൂർവ്വം സമർപ്പിപ്പാൻ ആഗ്രഹിക്കുന്ന സംഭാവനോപചാരങ്ങളെ ഹാർദ്ദമായ സംതൃപ്തിയോടുകൂടി ഞാൻ സ്വയമേവ സ്വീകരിക്കുന്നതാണു്. ചരിത്രയോഗ്യമായ ഈ സന്ദർഭത്തിൽ അനുകമ്പയുടേയും സ്നേഹപൂർവ്വമായ ഗുണബുദ്ധിയുടേയും ഒരു ഉന്മേഷം രാജാക്കന്മാരേയും പ്രജകളേയും എന്നോടു് അനുരഞ്ജിപ്പിച്ചു് ഏകീകരിക്കുന്നു എന്നുള്ള വിചാരം എന്റെ ഹൃദയത്തിൽ ഗാഢ മുദ്രിതമായിരിക്കുന്നു ''

തിരുമേനി പ്രാഥമിക വിദ്യാഭ്യസത്തിന്റെ പ്രചാരത്തിന്നായി 50 ലക്ഷം ഉറുപ്പിക കൊല്ലത്തിൽ കൂടുതൽ അനുവദിക്കുകയും, മേലാൽ ഉദാരമായ ഒരു തോതനുസരിച്ചു് ഇതിനെ വർദ്ധിപ്പിക്കുമെന്നു വാഗ്ദാനം ചെയ്കയും ചെയ്തതും, അനേകം മാന്യജനങ്ങൾക്കു സ്ഥാനമാനങ്ങൾ നൽകിയതും തടവുകാരെ വിട്ടയ്ക്കൽ ചെയ്തതും, ഇന്ത്യയിലെ പുരാതന വിദ്യയ്ക്കു പ്രോത്സാഹനമായി ''മഹാ മഹോപാദ്ധ്യായൻ'', ''ഷാംസൽ ആലമം'' ഈ സ്ഥാനങ്ങൾ ലഭിച്ച യോഗ്യന്മാക്കു മേലാൽ ഗവർമ്മെൻറിൽ നിന്നു് ഒരു പെൻഷൻ കൊടുപ്പാൻ നിശ്ചയിച്ചതും മാറും സ്മരിക്കത്തക്ക സംഗതികളത്രേ. കൽക്കട്ടായിൽ നിന്നു് ഇന്ത്യയുടെ തലസ്ഥാനം ഡൽഹിയിലേക്കു മാറിയതും, കൽക്കട്ടാ നഗരം മുഴുവൻ ബംഗാൾ സംസ്ഥാനത്തിന്റെ തലസ്ഥാനമാക്കി ബംഗാൾ വിഭാഗ നിലവിളിയെ ശമിപ്പിച്ചതും മറും ഡർബാറിൽ വച്ചു തിരുമേനി ചെയ്ത രാജ്യഭരണ സംബന്ധമായ വലിയ ഉദാരകൃത്യങ്ങളാകുന്നു. എന്നാൽ ഇതിനെ ഒക്കെക്കാൾ ഞങ്ങളുടെ ഹൃദയത്തെ വശീകരിക്കുന്നതു് തിരുമേനിയെ സംബന്ധിച്ച ചില ചില്ലറ സംഭവങ്ങളാണു്. ഒരു ദിവസം ഡർബാർ കഴിഞ്ഞു് തിരുമേനികാൽ രണ്ടാളം കാൽനടയായി ചണ്ടികയറാൻ റോഡിലേക്കു വരിയായിരുന്നു. എത്ര പുരുഷാരമാണു് അവിടെ കൂടീട്ടുള്ളതെന്നും, ഈശ്വരന്റെ പ്രതിപുരുഷനായ ചക്രവർത്തിയെ ഒരു നോക്കു കാണ്മാൻ എത്ര സാധു പ്രജകളുടെ കണ്ണുകളാണു് കൊതിച്ചിരുന്നതെന്നും ഊഹിച്ചു കൊള്ളുമല്ലോ. തിരുമേനിയുടെ മുഖം മണ്ഡപത്തിനു പുറത്തു കണ്ടതും സാധുജനങ്ങൾ തിക്കിത്തിരക്കി അടുത്തു കൂടിയതും ഒന്നായിക്കഴിഞ്ഞു. സ്വാഭാവികമായും തിരുമേനികളുടെ ശരീരരക്ഷയെ ഭയപ്പെട്ടു് പോലീസുകാരും ടേന്മാരും ജനക്കൂട്ടത്തെ നിർദ്ദയമായി പിന്നോക്കം തള്ളി. ഉടൻ തന്റെ സാധുപ്രജകളിൽ കൃപാർദ്രഹൃദയനായ തിരുമേനി ടേന്മാരെ മാറിപ്പോവാനും ജനങ്ങളെ തന്റെ അടുക്കലേക്കു വിട്ടേപ്പാനും ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. മന്ദസ്മിതമധുരമായ മുഖഭാവം കണ്ടു ധൈര്യപ്പെട്ട ജനങ്ങൾ തിരുമുമ്പിൽ അടുത്തുവരികയും ''തിരുമേനീ, നിൽക്കണേ, അടിയങ്ങൾ ഒന്നു കണ്ടു കൊള്ളട്ടെ'' എന്നു നിലവിളിക്കുകയും ചെയ്തു പിതൃനിർവിശേഷമായ വാത്സല്യത്തോടെ തിരുമേനി പുഞ്ചിരി തൂകിക്കൊണ്ടു് അവരുടെ മുമ്പിൽ നിൽക്കുകയും സാധു പ്രജകൾ തിരുമേനിയുടെ മുഖകമലത്തെ ഉൽക്കണ്ഠയോടെ നോക്കി തൃപ്തിപ്പെടുകയും ചെയ്തുവത്രേ. പിന്നൊ

Digitized By Kerala Sahitya Akademi

രിക്കൽ കോട്ടയ്ക്കകത്തുള്ള ഉദ്യാന വിരുന്നു കഴിഞ്ഞിട്ടു കേറ്റയുടെ അടിവാരംമുതൽ നദിവരെ തിരുമേനികളെ കാണ്മാനായി തിക്കിത്തിരക്കി നിന്നിരുന്ന പുരുഷാരം തങ്ങളെ രാജചിഹ്നങ്ങളോടുകൂടിത്തന്നെ കണ്ടുകൊള്ളട്ടെ എന്നു വച്ചു രണ്ടു പേരും സ്ഥാനയോഗ്യമായ ഉടുപ്പും കിരീടവും ധരിച്ചു നില്ക്കയും ജനങ്ങൾ കണ്ടു് ആഹ്ലാദഭരിതരായി അനവധി ചീയേഴ്സു് വിളിക്കുകയും ചെയ്തു വീണ്ടും ഉടുപ്പു മാറി സാധാരണവേഷത്തിൽ അതിഥികളോടൊപ്പം തിരുമേനികൾ മടങ്ങി.

15–ാം തീയതിയാണു് ചക്രവർത്തി തിരുമേനി ഡൽഹിയിൽ പുതിയ രാജധാനിക്കു കല്ലിടുന്ന മംഗളകർമ്മം നിറവേറ്റിയതു്. ഈ അവസരത്തിൽ അവിടന്നു് ശ്രോതാക്കളുടെ ഹൃദയത്തെ വശീകരിക്കത്തക്ക മമതയോടുകൂടി ഇന്ത്യയ്ക്കു മേലാൽ ഭരണസംബന്ധമായ അധിക പരിഷ്കരണത്തേയും ഇന്ത്യൻ പ്രജകൾക്കു തന്മൂലം അധിക സുഖജീവിതത്തേയും ആശംസിച്ചിരിക്കുന്നു. ഈ മഹാത്മാവിന്റെ നിർമ്മല ഹൃദയത്തിൽ നിന്നു പുറപ്പെട്ട ആശംസകൾ നിശ്ചയമായും സഫലമായിത്തീരുകതന്നെ ചെയ്യും. ഡൽഹിയിൽ നിർമ്മിപ്പാൻ പോകുന്ന സൗധങ്ങളും ശാലകളും എല്ലാം ആ നഗരത്തിന്റെ പുരാതന മഹിമയ്ക്കു ഭംഗികരം അനുരൂപമായിരിക്കേണമെന്നുള്ള തന്റെ ആഗ്രഹത്തെ തിരുമേനി പ്രസ്താവിക്കയും ചെയ്തിരിക്കുന്നു. തിരുമേനികൾ 26–ാം നു ഡൽഹിയിൽനിന്നു മടങ്ങി. യാത്ര വഴങ്ങുന്ന ആഘോഷങ്ങൾ പ്രത്യക്ഷത്തിൽ സ്വീകരണസമയത്തെ ആഘോഷങ്ങളോടു തുല്യമായി അതികേമമായിരുന്നു എങ്കിലും, തിരുമേനിയുടെ വിയോഗത്തിൽ എത്രയോ ലക്ഷം ഹൃദയങ്ങൾ തപിക്കുകയും എത്രയോ കണ്ണുകൾ അശ്രുധാര പൊഴിക്കയും ചെയ്തിട്ടുണ്ടായിരിക്കണം!

ചക്രവർത്തി തിരുമനസ്സു കൊണ്ടു പള്ളിവേട്ട കഴിഞ്ഞു നേപാളിൽ നിന്നും, ചക്രവർത്തിനി തിരുമനസ്സുകൊണ്ടു് ആഗ്രാ മുതലായ ചരിത്രപ്രസിദ്ധമായ സ്ഥലങ്ങളിലെ സന്ദർശനങ്ങൾ കഴിഞ്ഞു മടങ്ങിയും കൽക്കട്ടയിൽ 30–ാം നു പ്രോഗ്രാം അനുസരിച്ചു് എത്തി. സാമ്രാജ്യത്തിന്റെ തലസ്ഥാനമായ ഈ മഹാനഗരത്തിൽ തിരുമേനികളെ ഗവർമ്മെൻറും ജനങ്ങളും എതിരേറ്റു സൽക്കരിച്ച ഘോഷങ്ങൾ ഏറ്റവും ശ്ലാഘിക്കത്തക്കവിധത്തിലുള്ളവയായിരുന്നു ബംഗാളികൾ അവരുടെ സംസ്ഥാന വിഭാഗത്തെ പുനഃസംഘടിപ്പിച്ചതിലുള്ള സന്തോഷാതിശയത്തോടൊത്തു സാമ്രാജ്യത്തിന്റെ തലസ്ഥാനം കൽക്കട്ടായിൽനിന്നു ഡൽഹിയിലേക്കു മാറ്റാൻ കല്പനയായതിൽ വല്ല ഇമ്പ്രാഭംഗവും തോന്നാനിടയായി എങ്കിൽ കൽക്കട്ടാ കാർപ്പറേഷൻ വകയായി സമർപ്പിച്ച മംഗളപത്രത്തിനു തിരുമേനി കല്പിച്ച നല്ല മറുപടി കൊണ്ടു നിശ്ചയമായും അതു ശമിച്ചിരിക്കണം.

കൽക്കട്ടാ സർവകലാശാലക്കാർ സമർപ്പിച്ച മംഗളപത്രത്തിനു തിരുമേനി കല്പിച്ച മറുപടി എത്ര ഉദാരമനോഹരമായിരുന്നു എന്നു പറഞ്ഞറിയിപ്പാൻ പ്രയാസം. അനേക സാരവത്തായ സദുപദേശങ്ങൾക്കു ശേഷം തിരുമേനി ഇങ്ങനെ അരുളിച്ചെയ്തു:

Digitized By Kerala Sahitya Akademi

''6കൊല്ലങ്ങൾക്കു മുമ്പു ഞാൻ ഇംഗ്ലണ്ടിൽ നിന്നു ഇന്ത്യയ്ക്കു് ഒരു സഹതാപ സന്ദേശം അയച്ചിരുന്നു. ഇന്നു് ഇന്ത്യയിൽ വച്ചു ഞാൻ ഇന്ത്യയ്ക്കു് ഈ പ്രത്യാശാവചനങ്ങൾ പറയുന്നു. എല്ലാ ഭാഗത്തും ഒരു പുതിയ ജീവിതത്തിന്റെ അടയാളങ്ങളും പ്രസരിപ്പും ഞാൻ കാണുന്നു. വിദ്യാഭ്യാസം നിങ്ങൾക്കു പ്രത്യാശയെ ജനിപ്പിച്ചിരിക്കുന്നു. ഇതിനേക്കാൾ നല്ലതും ഉയർന്നതുമായ പ്രത്യാശകൾ നിങ്ങൾക്കുണ്ടാകുന്നതാണു്. എന്റെ ആജ്ഞപ്രകാരം എന്റെ ഗവർണ്ണർ ജനറൽ ഡൽഹിയിൽവച്ചു് ഇന്ത്യയിൽ വിദ്യാഭ്യാസത്തിന്റെ പ്രചാരത്തിനും പരിഷ്കരണത്തിനുമായി വലിയ സംഖ്യകൾ കൊല്ലംതോറും അനുവദിക്കുന്നതാണെന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. രാജ്യം മുഴുവൻ വലകെട്ടിയ പോലെ സ്കൂളുകളും കോളേജുകളും നിറയണമെന്നും, അവയിൽനിന്നു വിനയവും പൗരുഷവും ഉപയോഗവുമുള്ള പൗരന്മാർ ഉണ്ടായി കൃഷി, വ്യവസായം ജീവിതത്തിലുള്ള മറ്റു പ്രവൃത്തികൾ ഇവയിലെല്ലാം ആരോടും കിടനിന്നു തങ്ങളുടെ സ്ഥിതിയെ പുലർത്താറാകേണമെന്നുമാണു് എന്റെ ആഗ്രഹം. വിജ്ഞാനത്തിന്റെ വ്യാപ്തികൊണ്ടു് എന്റെ ഇന്ത്യൻ പ്രജകളുടെ ഗുണങ്ങൾ വിളങ്ങുകയും പ്രയത്നം മധുരമാകുകയും ചെയ്യേണമെന്നും, തദ്വാരാ ഇതിനേക്കാൾ ഒരു ഉയർന്ന നിലയിലുള്ള വിചാരവും, സുഖവും ആരോഗ്യവും അവർക്കുണ്ടാകേണമെന്നും കൂടി ഞാൻ ആഗ്രഹിക്കുന്നു. വിദ്യാഭ്യാസം വഴിയായേ എന്റെ ഈ ആഗ്രഹങ്ങൾ സഫലമാവൂ എന്നുകൊണ്ടു് ഇന്ത്യയിലെ വിദ്യാഭ്യാസ സംബന്ധമായ കൃത്യം എന്റെ ഹൃദയത്തിൽ എപ്പോഴും സന്നിഹിതമായിരിക്കുന്നതാകുന്നു.''

തിരുമേനികൾ ജനുവരി 8–ാം നു- കൽക്കട്ടാ നഗരംവിട്ടു. പ്രിൻസെപ്സ ഘട്ടത്തിൽവച്ചു് ബംഗാൾ നിയമനിർമ്മാണസഭാസാമാജികന്മാർ സമർപ്പിച്ച ഒരു മംഗളപത്രത്തിനു തിരുമേനി പറഞ്ഞ മറുപടി ഇങ്ങനെ അവസാനിപ്പിച്ചു. ''ബംഗാളികൾ ഞങ്ങൾക്കു മടങ്ങിപ്പോകുന്ന അവസരത്തിലെ സംഭാവനയായി അവരുടെ കരകവിഞ്ഞൊഴുകുന്ന സ്നേഹത്തേയും കൃതജ്ഞതയേയും കാഴ്ചവയ്ക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. ഞങ്ങൾക്കും ഞങ്ങളുടെ സന്താനങ്ങൾക്കും ഇതിനേക്കാൾ വിലയേറിയ ഒരു സമ്മാനം ആഗ്രഹിപ്പാൻ കഴികയില്ലെന്നു നിങ്ങൾക്കു് ഉറപ്പായി വിശ്വസിച്ചുകൊള്ളാം.''

10–ാം നു- ബോംബേ നിയമനിർമ്മാണസഭാസാമാജികന്മാർ സമർപ്പിച്ച മംഗളപത്രത്തിനു് അരുളിച്ചെയ്ത മറുപടിയിലാണു് തിരുമേനികൾ ഇന്ത്യയോടു പൊതുവിൽ യാത്രവഴങ്ങിയിരിക്കുന്നതു്. തിരുമേനി അരുളിച്ചെയ്തു :'' ഞങ്ങൾക്കു സർവത്ര ഹൃദയപൂർവം അർപ്പിക്കപ്പെട്ട സ്വാഗതങ്ങളിൽ എല്ലാം സകല ജാതിമതസ്ഥന്മാരും ഒത്തൊരുമിച്ചു ചേർന്നിരിക്കുന്നു എന്നു കാണുന്നതു് എനിക്കു് അത്യന്തം ചാരിതാർത്ഥ്യജനകമായ സംഗതിയാകുന്നു. ഈ ഐകമത്യവും രഞ്ജനയും മേലാൽ അവരുടെ സ്വകാര്യമായും പൊതുജനസംബന്ധമായുമുള്ള ജീവിതങ്ങളുടെ നിത്യകൃത്യങ്ങളെ നിയമനം ചെയ്യുന്നതു സാദ്ധ്യമാകയില്ലയോ ? വാസ്തവത്തിൽ ഇതിനെ സാദ്ധ്യമാക്കുന്നതായിരിക്കും ഞങ്ങൾക്കു ഞങ്ങളുടെ ഇന്ത്യാ സന്ദർശനത്തിന്റെ സുഖകരമായ ഫലം. ഇന്ത്യയ്ക്കായിട്ടുള്ള ഞങ്ങളുടെ ഈ സ്നേഹയുക്തമായ ആമന്ത്രണസന്ദേശത്തെ ഞങ്ങളെ ആഗമനത്തിലും മടക്കത്തിലും ഉത്സാഹപൂർവം സൽക്കരിച്ച ബോംബേയിലെ പ്രതിനിധികളായ നിങ്ങളുടെ കൈയിൽ സമർപ്പിക്കുന്നു.'' ഇപ്രകാരം ഇന്ത്യയിലെ സകല വർഗ്ഗക്കാരായ പ്ര

Digitized By Kerala Sahitya Akademi

ജകളേയും ഒന്നുപോലെ സ്നേഹിക്കുന്ന പരമ കരുണാനിധിയായ ചക്രവർത്തി തിരുമേനിയും ചക്രവർത്തിനിയും നമ്മളുടെ എല്ലാം ഹൃദയത്തെ അപഹരിച്ചുകൊണ്ടും അച്ഛേദ്യമായ സ്നേഹപാശത്താൽ നമ്മെ ബന്ധിച്ച് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ നിത്യദാസരാക്കിക്കൊണ്ടും ജനുവരി 14-ാം നു- വീണ്ടും നമ്മുടെ സമുദ്രസീമ വെടിഞ്ഞു മടങ്ങി എഴുന്നെള്ളിയിരിക്കുന്നു. മാഹാത്മ്യമേറിയ ഈ അവതാര മൂർത്തികൾ നമ്മെ ഏറിയകാലം ഭരിക്കുവാറാകട്ടെ.

വിവേ : 1087 വൃശ്ചികം, ധനു

ശിവഗിരിപ്രതിഷ്ഠയും പൊതുയോഗവും മറ്റും

പൊതുവിൽ

മേടം 18–ാം നു- മുതൽ 21–ാം നു- വരെ ശിവഗിരിയിൽ നടന്ന വലിയ ആഘോഷങ്ങളെപ്പറ്റി പറഞ്ഞു മനസ്സിലാക്കാൻ പ്രയാസം. എന്തെല്ലാമാണു കഴിഞ്ഞുകൂടിയതെന്നു ചുരുക്കത്തിൽ മറ്റൊരു ഭാഗത്തുചേർത്തിട്ടുള്ള പ്രോഗ്രാം കൊണ്ടറിയാം. പൊതുയോഗം, വിദ്യാർത്ഥി സമ്മേളനം, സ്ത്രീസമാജം, സ്പോർട്ട്സ് ഇവയെപ്പറ്റിയുള്ള ഒരു സ്ഥൂലജ്ഞാനം ഈ പ്രതിയിൽ ഞങ്ങൾ പ്രസിദ്ധപ്പെടുത്തീട്ടുള്ള റിപ്പോർട്ടുകൾ വായിച്ചാലുണ്ടാവാം. വിജനമായ ആ പ്രദേശം പെട്ടെന്ന് ഒരു പട്ടണമായിത്തീർന്നതും, മലവെള്ളം പോലെ വന്നുകൂടിയ ജനപ്രവാഹം കൊണ്ടു നിറഞ്ഞതും, സമുദായ സ്നേഹികളായ ദൂരദേശങ്ങളിൽ നിന്നുവന്ന അനേക യോഗ്യന്മാരുടെ സാന്നിദ്ധ്യവും ജനങ്ങളുടെ ഉത്സാഹങ്ങളും തിക്കും തിരക്കും എല്ലാം കണ്ടതന്നെ അറിയേണ്ടിയിരുന്നു. കന്നിന്മേൽ യോഗം കൂടുന്നതിന്നായി ഒരുക്കിയിരുന്ന ഉന്നതവും അതിവിശാലവുമായ പന്തലിന്റെ നിലയും, അതിന്റെ മുഖം മുതൽ കന്നിന്റെ അടിവാരത്തുള്ള ശാരദാക്ഷേത്രംവരേയും, നാനാവർണ്ണ വിചിത്രിതങ്ങളായ കൊടിക്കൂറകൾ ആകാശത്തിൽ പാറിക്കൊണ്ടിരിക്കുന്നതിന്റെ ഭംഗിയും വയലിലെ ഉത്സവമണ്ഡപത്തിന്റെ മുമ്പിൽ വലിയ പുരുഷാരത്തിന്റെ മദ്ധ്യത്തിൽ വൈകുന്നേരത്തെ സൂര്യകിരണങ്ങൾ ഏറ്റുതിളങ്ങുന്ന പൊന്നംതലേക്കെട്ടുകളും ജീവതകളും ധരിച്ച് അണിനിരന്നിരുന്ന അനേകം ആനകളുടേയും വിതൃത്തിപ്പിടിച്ച മുത്തുക്കുടകളുടേയും പ്രൗഢിയും ആഡംബരവും എല്ലാം കണ്ടവർക്കു വിസ്തരിപ്പാൻ കഴിയുന്നതല്ല. വയലിന്റെ പാർശ്വങ്ങളിലും മദ്ധ്യത്തുമായുള്ള പീടികകളുടെ പംക്തികളും, കരസ്സ് അടുത്തും ദൂരെയുമായുള്ള അനേകം ഹോട്ടൽകളും ജനങ്ങളുടെ ഗതാഗതങ്ങളും കടവിന്നു സമീപം പുത്തനായി നിർമ്മിച്ചിരിക്കുന്ന മനോഹരങ്ങളായ ഓവുകളിലും തോട്ടിൽ അണകെട്ടി ഉണ്ടാക്കീട്ടുള്ള കുളങ്ങളിലും

Digitized By Kerala Sahitya Akademi

മറ്റും രാപകൽ സ്നാനത്തിനായ് [illegible]ട്ടന്ന അനേകായിരം സ്ത്രീപുരുഷന്മാരുടെ താ
ല്പര്യവും തിരക്കും ദർശനീയമായിരുന്നു. കാവടി തുള്ളൽ, പൂജ, അഭിഷേകങ്ങൾ,
ശീവേലി, എഴുന്നെള്ളത്ത് ഇവയെസംബന്ധിച്ച് ഇടവിടാതെയുള്ള വാദ്യഘോ
ഷങ്ങളാൽ ശിവഗിരി പ്രദേശം സദാ ശബ്ദായമാനമായും, വിനോദങ്ങൾ കാ
ണാനും യോഗങ്ങളിൽ സംബന്ധിക്കാനും സ്വാമി തൃപ്പാദ ദർശനത്തിനും വഴിവാ
ട്ടിനും മറ്റുമായി തിരക്കുകൂട്ടുന്ന ജനതതികളാൽ ആകുലമായും ഇരുന്നു എങ്കിലും
യോഗസമയങ്ങളിൽ ഹാളിനകത്തും സമീപസ്ഥലങ്ങളിലുമുണ്ടായിരുന്ന നിശ്ശബ്ദ
തയും ശാന്തതയും വ്യവസ്ഥകളെ അനുസരിക്കുന്നതിൽ ജനങ്ങൾ പ്രദർശിപ്പിച്ച
അസാധാരണമായ കീഴ്വഴക്കവും കാഴ്ചക്കാരെ അസാമാന്യം അത്ഭുതപ്പെടുത്തീട്ടു
ണ്ട്. ഇരുപതിനായിരത്തിൽപരം ജനങ്ങൾ കൂടിയിരുന്ന ആ സ്ഥലത്തു പോ
ലീസുകാരുടെ സഹായം കൂടാതെതന്നെ വ്യവസ്ഥയ്ക്കും സമാധാനത്തിനും യാ
തൊരു ഭംഗവും നേരിടാതെ മൂന്നുനാലു ദിവസം രാപകൽ ഒന്നുപോലെ കഴിഞ്ഞുകൂ
ടിയതു് സ്വാമിതൃപ്പാദങ്ങളുടെ നേർക്കു് സജ്ജനങ്ങൾക്കുള്ള അകൈതവമായ ഭക്തി
സ്നേഹ ബഹുമാനങ്ങളുടേയും സമുദായ സംബന്ധമായ കൃത്യങ്ങളിൽ അവർക്കുള്ള
ഐകമത്യ പൂർവ്വമായ താല്പര്യത്തിന്റെയും പ്രത്യക്ഷ ഫലമെന്നല്ലാതെ മറ്റൊന്നും
പറവാനില്ല. ശിവഗിരി മതസംബന്ധമായ മാഹാത്മ്യംകൊണ്ടു മാത്രമല്ല പ്രകൃ
തി മനോഹരതകൊണ്ടും ഇങ്ങനെയുള്ള ആഘോഷങ്ങൾക്കു് ഏറ്റവും പറ്റിയ
ഒരു രംഗമത്രേ. വെള്ളവസ്ത്രം ധരിച്ച പുരുഷാരങ്ങൾ കൂട്ടംകൂട്ടമായി മലയുടെ ചരി
വുകളിലും താഴ്വരകളിലും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഭംഗി ദൂരെനിന്നു നോ
ക്കിയാൽ പശ്ചിമഘട്ടസാനുക്കളിൽ ശരൽക്കാലത്തുള്ള മേഘങ്ങളുടെ വിലാസ
ത്തെ ആരും ഓർത്തുപോകുമായിരുന്നു. യോഗങ്ങൾ പിരിഞ്ഞു മുകളിൽനിന്നു്
ഇറങ്ങിവരുന്ന ജനപ്രവാഹങ്ങൾ കണ്ടാൽ മലയിൽനിന്നു താഴോട്ടുള്ള മനോഹര
മായ വലിയ വെള്ളച്ചാട്ടങ്ങൾ സൂക്ഷിച്ചു നോക്കീട്ടുള്ളവർക്കു രോമാഞ്ചജനകമായ
സാദൃശ്യം തോന്നുമായിരുന്നു. രാത്രികാലങ്ങളിൽ കുന്നിലും ചരിവുകളിലും അ
ടിവാരത്തും നിരന്തരമായി കത്തിക്കൊണ്ടിരുന്ന അനവധി കിറ്റ്സൺലാമ്പുക
ളുടേയും മറ്റു വിളക്കുകളുടേയും ഭംഗികൊണ്ടു് ദൂരസ്ഥന്മാക്കു് അവിടെ നക്ഷത്രജാ
ലങ്ങളാൽ അലംകൃതമായ ആകാശമണ്ഡലത്തിന്റെ അവധിയും ഭൂമിയുടെ ആരം
ഭവും വേർതിരിച്ചറിവാൻ വിഷമമായിരുന്നു. ചുരുക്കത്തിൽ ഇതു പരിശുദ്ധവും
ഇതു ഹൃദയംഗമവും ഇതു അർത്ഥവത്തും ഇതു ആഡംബരയുക്തവുമായ ഒരു ആ
ഘോഷം ദൈവികമായോ ലൗകികമായോ നമ്മുടെ സമുദായത്തിൽ ഇതിനുമുമ്പ്
ഒരിക്കലും ഒരിടത്തും നടന്നു കണ്ടിട്ടില്ലെന്നു ആരും സമ്മതിക്കുന്നതാകുന്നു. ഇപ്ര
കാരം ഈശ്വരകാരുണ്യംകൊണ്ടും അലൗകിക മഹാപുരുഷനായ ബ്രഹ്മശ്രീ നാരാ
യണ ഗുരുസ്വാമി തൃപ്പാദങ്ങളുടെ അനുഗ്രഹം കൊണ്ടും വളരെ നാൾ പ്രതീക്ഷിച്ചി
രുന്ന ശിവഗിരി പ്രതിഷ്ഠകളും മഹായോഗങ്ങളും സമുദായത്തിനു് ഏറ്റവും അഭി
മാനകരമാംവണ്ണം അവസാനിച്ചു എന്നു പറയാറായതിൽ ഞങ്ങൾ അത്യന്തം സ
ന്തോഷിക്കുന്നു. ഈ വിജയത്തിൽ പ്രതിഷ്ഠാകർമ്മിയറിക്കാക്കുള്ള മഹത്തായ ചാരി
താർത്ഥ്യത്തെ ഞങ്ങൾ അനുമോദിക്കയും ചെയ്യുന്നു.

★ ★ ★

Digitized By Kerala Sahitya Akademi

പൊതുയോഗം

ഒൻപതാമത്തെ വാർഷിക പൊതുയോഗം മേടം 19—ാം നു ആരംഭിച്ചു് 21—ാം തീയതിയോടുകൂടി ഭംഗിയായി അവസാനിച്ചിരിക്കുന്നു. അതിൽ നടന്നിട്ടുള്ള സംഗതികളെപ്പറ്റി മറ്റൊരിടത്തുചേർത്തിട്ടുള്ള പ്രൊസീഡിംഗ്സ് കൊണ്ടറിയാം. യോഗത്തിന്റെ കഴിഞ്ഞ കൊല്ലത്തെ നടത്തിപ്പിനെപ്പറ്റിയ സാമാന്യവിവരങ്ങൾ സെക്രട്ടറിയുടെ റിപ്പോർട്ടിൽനിന്നും ധനസ്ഥിതി ബാക്കിപത്രത്തിൽ നിന്നും വിശദമാകുന്നതുമാണു്. അതുരണ്ടും ഈ പ്രതിയിൽ ചേർത്തിട്ടുണ്ടു്. പൊതുയോഗങ്ങൾ ആഘോഷങ്ങളോടു സംബന്ധിപ്പിച്ചും അല്ലാതേയും കേരളത്തിന്റെ പല പ്രധാന സ്ഥലങ്ങളിൽ വച്ചും നടത്തീട്ടുണ്ടു് എന്നാൽ ഇത്ര അധികം അംഗങ്ങൾ ഹാജരായി ഒരു പൊതുയോഗവും നടന്നിട്ടില്ലെന്നുള്ളതു് എടുത്തുപറയത്തക്ക സംഗതിയാണു്. നിശ്ചയങ്ങളിൽ ചിലതിനെപ്പറ്റി ഓരോ വാക്കു പറയേണ്ടിയുണ്ടു്. ഡാക്ടർ പി. പല്പു എൽ എം. എസ്സു്., ഡി. പി. എച്ചു്. അവർകളെ യോഗത്തിന്റെ ഉപാദ്ധ്യക്ഷനായി തിരഞ്ഞെടുത്തതു് എല്ലാം കൊണ്ടും അഭിനന്ദനീയമായി എന്നുള്ളതു് നിരാക്ഷേപമാണു്. സമുദായാഭിവൃദ്ധി സംബന്ധമായ കൃത്യങ്ങളിൽ സർവ്വാത്മനാ തലയിട്ടു് അനേക കൊല്ലമായി ശ്രമിച്ചുകൊണ്ടിരുന്ന ഉദാരബുദ്ധിയും സർവ്വഥാ യോഗ്യനുമായ അദ്ദേഹത്തെ തിരഞ്ഞെടുക്കയും ജനറൽസെക്രട്ടറി ആ തിരഞ്ഞെടുപ്പിനെ അഭിനന്ദിക്കയും ചെയ്തപ്പോൾ സഭയിലുണ്ടായ സാർവ്വത്രികമായ ഹാസ്യതാഡനാദി സന്തോഷചിഹ്നങ്ങളിൽ അദ്ദേഹത്തിന്റെ ജനരഞ്ജനയുടെ വ്യാപ്തി പ്രത്യക്ഷമായിരുന്നു. നിശ്ചയമായും ഇതിനെക്കാളും എല്ലാംകൊണ്ടും യോഗ്യതയുള്ള ഒരാൾ ആ സ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടാൻ ഉണ്ടാകുമോ എന്നു ഞങ്ങൾ സംശയിക്കുന്നു. അദ്ദേഹത്തിന്റെ സാക്ഷാൽ സംബന്ധം കൊണ്ടു യോഗത്തിന്റെ ആഭ്യന്തരകാര്യങ്ങൾക്കു സവിശേഷമായ ഔജ്ജ്വല്യവും ശക്തിയുമുണ്ടാകുമെന്നു വിശ്വസിക്കുന്നു. എന്നാൽ മൈസൂറിൽ താമസിക്കുന്ന കാലത്തോളം സംഗതികൾക്കു പ്രതീക്ഷിക്കാവുന്നത്ര സാഹായ്യം അദ്ദേഹത്തിൽ നിന്നും ലഭിപ്പാൻ തരമില്ലെന്നും, കൗൺസിൽ സംബന്ധമായും മറ്റുമുള്ള പല ഇടപാടുകളും എഴുത്തുകുത്തിന്മേൽ കിടന്നു നീളാനും തന്നിമിത്തം ആപ്പീസിൽ കൂടുതൽ ജോലികൾ അധികപ്പെടാനും ചില അസൗകര്യങ്ങൾക്കും കൂടി ഇടയാകുമെന്നുമുള്ളതു് വിസ്മരിക്കത്തക്കതുമല്ല. സരസനായ മൂക്കോത്തുകുമാരൻ അവർകൾ ഈ ആക്ഷേപം പരിഹരിപ്പാൻ ശ്രമിച്ചതു് ആകാശത്തിൽ അതിദൂരത്തു നില്ക്കുന്ന ചന്ദ്രൻ കുളത്തിലെ ആമ്പലിന്റെ യോഗക്ഷേമത്തെ നിർവ്വഹിക്കുന്നു എന്നു പറഞ്ഞിട്ടാണു്. ഇതു് വെറും കവിയോഗ്യമായ ഒരു സമാധാനമാത്രം. എങ്കിലും പ്രസ്തുത സംഗതിയിൽ ഇതിനു് അർത്ഥമില്ലെന്നു വിചാരിപ്പാനും തരമില്ല. ജനറൽ സെക്രട്ടറി സ്ഥാനത്തിൽ എൻ. കുമാരൻ ആശാൻ അവർകളെത്തന്നെ വീണ്ടും തിരഞ്ഞെടുത്തതു് അദ്ദേഹത്തിന്റെ ആഗ്രഹത്തിനു് എതിരായിട്ടായിരുന്നു. യോഗത്തിന്റെ ആരംഭം മുതൽ ഈ ജോലിയിൽ പ്രവേശിപ്പിച്ചു വളരെ കഷ്ടപ്പെട്ടിട്ടുള്ള അദ്ദേഹത്തിനു വിശ്രമം നൽകാൻ മനസ്സില്ലാതെ വീണ്ടും ഇതിലേക്കു നിർബന്ധിച്ച യോഗാംഗങ്ങൾ അദ്ദേഹത്തിന്റെ സമുദായ സ്നേഹത്തെ നിത്യമായി പരീക്ഷിക്കയാണു ചെയ്തതെന്നു് അദ്ദേഹം വിചാരിക്കുന്നു. മറ്റു ഡയറക്ടർ

Digitized By Kerala Sahitya Akademi

മാരുടെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചും ചിലതൊക്കെ പറവാനുണ്ട്. യോഗത്തോട് വളരെ മമതയുള്ള യോഗ്യന്മാരിൽ ഒരാളായ മൂളിയിൽ കൃഷ്ണൻ ബി. എ. ബി. എൽ അവർകളേയും, കോഴിക്കോട്ടെ ഒരു വലിയ ജന്മിയും പ്രസിദ്ധനുമായ സി. എം. രാരിച്ചൻ മൂപ്പൻ അവർകളേയും മറ്റു ഡയറക്ടർമാരായി വീണ്ടും തെരഞ്ഞെടുക്കാൻ ഇടയായില്ലെന്നു കാണുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. എന്നാൽ യോഗ സംബന്ധമായ പ്രാധാന്യമുള്ള പല സ്ഥലങ്ങളിൽ നിന്നും ഹാജരായിരുന്ന മാന്യമെമ്പർമാരെ മുമ്പേമുമ്പേ തിരഞ്ഞെടുത്ത ലിസ്റ്റിൽ ചേർക്കുകയും ഒടുവിൽ നിബന്ധന പ്രകാരമുള്ള ക്വിപ്പ സംഖ്യ തികഞ്ഞുപോകയാൽ അവധി കഴിഞ്ഞ ചിലരെ വീണ്ടും തിരഞ്ഞെടുപ്പാൻ ഇടയാകാതെ വരികയും ചെയ്തിട്ടുള്ളതാണെന്ന വസ്തുത ഞങ്ങൾക്കറിയാം. ഏതായാലും ഈ കൊല്ലം ബോർഡിൽ ഉയന്തരം സർവ്വകലാശാലാ ബിരുദധാരികളായിത്തന്നെ ആറുമെമ്പർമാർ (ആകെയുള്ളതിന്റെ മൂന്നിലൊന്നു്) ഉണ്ടെന്നു കാണുന്നതു് പ്രസ്താവയോഗ്യമാണു്. ബോർഡിലെ മറ്റു മെമ്പർമാരും പല പ്രകാരത്തിൽ യോഗ്യതയുള്ളവരാകുന്നു ആകപ്പാടെ തിരഞ്ഞെടുപ്പു് നന്നായിട്ടുണ്ടു്. ശിവപ്രസാദസ്വാമിയെ ദേവസ്വം സെക്രട്ടറിയായി തിരഞ്ഞെടുത്തതാണു് മറെറാരു സംഗതി. ഈ സ്ഥാനത്തേക്കു് ഇത്ര യോഗ്യതയുള്ള ആൾ ഇപ്പോൾ വേറെ ഇല്ലെന്നുള്ളതു് അദ്ദേഹത്തെപ്പററി അറിയുന്നവർ സമ്മതിക്കും. ദേവസ്വം സെക്രട്ടറി മുഖേന നടത്തപ്പെടേണ്ട ഗൗരവമേറിയ കാര്യങ്ങൾ ഇപ്പോൾ പലതുമുണ്ടു് അതിന്റെ എല്ലാം നിർവ്വഹണത്തിൽ അദ്ദേഹത്തിനു കഴിയുന്ന സഹായമെല്ലാം മറുള്ളവരിൽ നിന്നു ഉണ്ടാകുമെന്നും, അദ്ദേഹം തന്റെ പുതിയ ഭാരത്തെ നല്ലവണ്ണം വഹിച്ചു സ്വാമിതൃപ്പാദങ്ങളുടെയും യോഗത്തിന്റെയും ജനങ്ങളുടേയും പൂർണ്ണമായ തൃപ്തിക്കു പാത്രമാകുമെന്നും വിശ്വസിക്കുന്നു. മതസംബന്ധമായും സദാചാര സംബന്ധമായും മറുമുള്ള അറിവു പൊതുജനങ്ങളുടെ ഇടയിൽ പ്രചാരപ്പെടുത്തുന്നതിനു യോഗത്തിന്റെ Tract Commitee-''ലഘുഗ്രന്ഥസമ്പാദകസംഘം'' ഏർപ്പെടുത്തുന്നതിനു ചെയ്തിട്ടുള്ള നിശ്ചയവും സ്തുത്യർഹമായിട്ടുള്ളതുതന്നെ. എന്നാൽ അതിനു് അനുവദിച്ച സംഖ്യ തുലോം തുച്ഛമാകയാൽ അതുകൊണ്ടു് ആ കാര്യം ഭംഗിയായി നടക്കുന്നതു ശക്യമാണെന്നു തോന്നുന്നില്ല. എങ്കിലും യോഗ്യരായ ട്രാക്ററ് കമ്മററി മെമ്പർമാർ ബുദ്ധിപൂർവ്വം ആ സംഗതി ആരംഭിക്കയും നല്ല നല്ല ചെറു പുസ്തകങ്ങളും ലഘുലേഖനങ്ങളും സമ്പാദിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു തുടങ്ങിയാൽ ആ വിഷയത്തിൽ കമ്മററിയെ പണംകൊണ്ടും മറും സഹായിപ്പാൻ പലരും ഉണ്ടാകുമെന്നു വിചാരിപ്പാൻ ഇടയുള്ളതാണു്. കമ്മിററി ഉടനേ ആ വിഷയത്തിൽ ദൃഷ്ടിവയ്ക്കുമെന്നു വിശ്വസിക്കുന്നു. സ്വാമിതൃപ്പാദങ്ങൾ തന്റെ കീഴിലുള്ള സകല സ്ഥാപനങ്ങളേയും സ്വത്തുകളേയും യോഗത്തിനു വിട്ടിരിക്കുന്നതിനാൽ അവയെ സംബന്ധിച്ചു നിയമ സംബന്ധമായി ആവശ്യമുള്ള വ്യവസ്ഥകൾ എല്ലാം ചെയ്യുന്നതിനായി ഒരു കമ്മററിയെ ഏർപ്പെടുത്തിയതാണു് ഈ കൊല്ലത്തെ പൊതുയോഗത്തിൽ വച്ചു ചെയ്ത ഏററവും സാരമായ ഒരു കൃത്യം. സ്വാമിതൃപ്പാദങ്ങളുടെ സ്വത്തുകളും സ്ഥാപനങ്ങളും ഒരിക്കലും യോഗത്തിൽ നിന്നു ഭിന്നമായിരുന്നിട്ടില്ലെങ്കിലും സൗകര്യത്തെ ഉദ്ദേശിച്ചും മറും ഇതുവരെ മുക്കുവാറും ശിവഗിരിയും അതിനോടു ചേർന്ന സ്വത്തുകളും തൃപ്പാദങ്ങളുടെ നേരേ

Digitized By Kerala Sahitya Akademi

ഭരണത്തിൽ ഇരിക്കയായിരുന്നു. ഹാപ്പിയുടെ യോഗത്തിന്റെ കീഴിൽ വച്ചു യോഗം തൃപ്തികരമായി തന്റെ സ്ഥാപനങ്ങളെ ഭരിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നതുകണ്ടു് കൃതാർത്ഥത അനുഭവിപ്പാനുള്ള സ്വാമിതൃപ്പാദങ്ങളുടെ നിർദ്ദോഷവും സദയവുമായ ആഗ്രഹം പലപ്പോഴും അവിടുന്നു പ്രസ്താവിച്ചിട്ടുള്ളതാണു്. ശിവഗിരിയിൽ വച്ചു പ്രതിഷ്ഠയോടൊന്നിച്ചു പൊതുയോഗം കൂടണമെന്നുള്ള ഒരുക്കം തന്നെ അതിനെ ആസ്പദമാക്കിയിട്ടുള്ളതായിരുന്നു. പക്ഷേ പൊതുയോഗം, പ്രതിഷ്ഠാ മഹോത്സവം മുതലായ ഭാരമേറിയ ജോലികളും നടത്തുന്ന തിടുക്കത്തിൽ വച്ചു് ആ സംഗതിക്കു സർവ്വസമ്മതമായ ഒരു കമ്മിറ്റി ഏർപ്പെടുത്തുന്നതിനേക്കാൾ അധികമൊന്നും ചെയ്വാൻ യോഗത്തിനു സാധിക്കുമായിരുന്നില്ലെന്നുള്ളതു വാസ്തവമാണു്. എന്നാൽ തങ്ങൾ ഏറ്റിരിക്കുന്ന ഗൗരവമേറിയ കൃത്യത്തെ കമ്മറ്റിക്കാർ ഉടനേ നിറവേറ്റാൻ നോക്കേണ്ടതു് ആവശ്യമാകുന്നു. സ്വാമിതൃപ്പാദങ്ങൾ മാത്രമല്ല, സമുദായം മുഴുവൻ ഈ കമ്മിറ്റിയുടെ തൃപ്തികരമായ കൃത്യനിർവഹണത്തെ ഉൽക്കണ്ഠയോടുകൂടി പ്രതീക്ഷിക്കയാണെന്നു കമ്മിറ്റി എപ്പോഴും ഓർക്കുമെന്നു വിശ്വസിക്കുന്നു. കമ്മിറ്റി മെമ്പറന്മാർ ദൂരസ്ഥന്മാരാണെന്നുള്ള ഒരു ന്യൂനത ഈ നിയമത്തിലുള്ളതു പ്രസ്താവയോഗ്യമാണു്. അതുകൊണ്ടുള്ള അസൗകര്യം കൃത്യനിർവഹണത്തിൽ താമസം നേരിടുവിക്കാതിരിക്കയില്ല. എന്നാൽ അധികം അംഗങ്ങളെ ചേർത്തുകൊൾവാൻ കമ്മിറ്റിക്കു അധികാരം നൽകീട്ടുള്ളതുകൊണ്ടു് അതൊക്കെ ഒരുവിധം പരിഹരിക്കപ്പെടാവുന്നതാകുന്നു. ഏതുവിധവും കമ്മിറ്റി ഉടനേ പ്രവൃത്തി ആരംഭിക്കുമെന്നും താമസിയാതെ സംഗതി നിർവ്വഹിച്ചു് എല്ലാ വരുടേയും കൃതജ്ഞതയ്ക്കും ആനന്ദനത്തിനും പാത്രമാകുമെന്നും ആശിക്കുന്നു.

സ്ത്രീ സമാജം

എസ്. എൻ. ഡി. പി. യോഗത്തോടൊന്നിച്ചു സ്ത്രീസമാജം നടന്നതു ശിവഗിരിയിൽ വച്ചു് ഒന്നാമതായിട്ടില്ല. 9 കൊല്ലങ്ങൾക്കു മുമ്പു് അരുവിപ്പുറത്തു വച്ചു കൂടിയിരുന്ന ആദ്യപൊതുയോഗത്തോടുകൂടിത്തന്നെ ഇതുകേമമായ വിധത്തിലല്ലെങ്കിലും ഒരു സ്ത്രീ സമാജം കൂടുകയും വിദ്യാഭ്യാസ വിഷയമായും മറും ചില പ്രസംഗങ്ങൾ ചെയ്കയും ഒക്കെ ചെയ്തിരുന്നു. പല സ്ഥലങ്ങളിൽനിന്നും സ്ത്രീകൾ സമാജത്തിനായിമാത്രം ദൂരദേശങ്ങളിൽ ചെന്നെത്തുന്നതു പ്രയാസമാകയാലും സ്ത്രീ സമാജത്തിനുവേണ്ട സ്വാതന്ത്ര്യവും സൗകര്യവും എല്ലാ സ്ഥലങ്ങളിലും ഒന്നുപോലെ ലഭിക്കാത്തതിനാലുമാകുന്നു അതിനുശേഷം സമാജങ്ങൾ ഉണ്ടാകാതിരുന്നതെന്നാണു വിചാരിക്കേണ്ടിയുള്ളതു്. വിശേഷിച്ചും സ്ത്രീവിദ്യാഭ്യാസംതന്നെ നമ്മുടെ ഇടയിൽ ഇപ്പോൾ പ്രചാരമായി വരുന്നതേയുള്ളൂ. വിദ്യാഭ്യാസമില്ലാത്ത സ്ത്രീകൾ സമാജം കൂടുന്നതിൽ വിമുഖകളായിരിപ്പാനേ തരമുള്ളുവല്ലോ. എതായാലും ഒമ്പതുകൊല്ലത്തെ ഈ വ്യത്യാസം ആശ്ചര്യകരമായിരിക്കുന്നു എന്നു് രണ്ടു സമാജവും കണ്ടിട്ടുള്ള ഞങ്ങൾക്കു പ്രസ്താവിച്ചേ തീരൂ. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഇത്ര അധികം മാന്യസ്ത്രീകൾ വേണ്ടവണ്ണമുള്ള ക്ഷണന

Digitized By Kerala Sahitya Akademi

ങ്ങൾ ഒന്നും കൂടാതെ ഒത്തുചേരുകയും അവരുടെ സമുദായത്തെ വേണ്ട ശ്രാണിയോടും സാമർത്ഥ്യത്തോടും കൂടി ഏറ്റവും ഭംഗിയാംവണ്ണം അവർതന്നെ നിറവേറ്റുകയും ചെയ്തതു് വളരെപ്പേരെ വിസ്മയിപ്പിച്ചിട്ടുണ്ടു്. തിരുവിതാംകൂർ ഗവൺമെൻറ് നമ്മുടെ സ്ത്രീകൾക്കു് പബ്ലിക് സ്കൂളുകളിൽ പ്രവേശവും അതുപോലെ വിദ്യാഭ്യാസവിഷയമായ മറ്റുസൗകര്യങ്ങളും സഹായങ്ങളും നൽകാതെ അടുത്തകാലംവരെ കഷ്ടപ്പെടുത്തി ഇരുന്നില്ലെങ്കിൽ അവരുടെ സ്ഥിതി ഇന്നു കണ്ടതിനെ അപേക്ഷിച്ചതന്നെ എത്രയോ കേമമാവാനിടയാകുമായിരുന്നു എന്നു് ബ്രിട്ടീഷ് മലബാറിൽനിന്നും മറ്റും ഹാജരായിരുന്ന മറ്റന്യയോഗാംഗങ്ങൾക്കു മാത്രമല്ല ഞങ്ങൾക്കും തോന്നിയിരുന്നു. സമാജത്തിൽ ആദ്യം പ്രൌഢമായ ഒരു വാചാപ്രസംഗം ചെയ്ത ശ്രീമതി പാർവതി അമ്മ ചേർത്തല ദേശക്കാരിയും സംസ്കൃതത്തിൽ വളരെ പാണ്ഡിത്യമുള്ള ഒരു വിദുഷിയുമാണു്. അവരുടെ പ്രസംഗചാതുര്യം പലരേയും വിസ്മയിപ്പിച്ചിട്ടുണ്ടു്. പ്രസംഗങ്ങൾ എഴുതി വായിച്ച മറ്റു പല മാന്യസ്ത്രീകളും അവരവരുടെ കൃത്യങ്ങളെ വേണ്ടവണ്ണം നിർവഹിച്ചിട്ടുണ്ടു്. സ്ഥലച്ചുരുക്കത്താൽ ഈ സമാജത്തിൽ വായിച്ച ഒന്നാമത്തെ ഉപന്യാസംമാത്രമേ ഇപ്പോൾ പ്രസിദ്ധപ്പെടുത്താൻ സാധിച്ചിട്ടുള്ളു. മറ്റുപന്യാസങ്ങളും തുടർന്നുകൊണ്ടു് പ്രസിദ്ധപ്പെടുത്തുന്നതാണു്. സ്ത്രീ സമാജം പ്രതീക്ഷിച്ചതിൽ അധികം ഭംഗിയായിട്ടുണ്ടെന്നുള്ള വസ്തുതായ ചാരിതാർത്ഥ്യത്തിനു് നിർവ്വാഹക സംഘക്കാർക്കു അവകാശമുണ്ടു്. ഈ സമാജത്തെ നിയമേന യോഗത്തിന്റെ വാർഷികപൊതുയോഗങ്ങൾതോറും അവയോടു സംബന്ധിപ്പിച്ചു കൂടത്തക്കവണ്ണം നിശ്ചയം ചെയ്തിരിക്കുന്നതു് എത്രയും ഉചിതമായിട്ടുള്ളതാണു്. നമ്മുടെ മാന്യസ്ത്രീകൾ തങ്ങളുടെ സമാജത്തെ ശ്രേഷ്കാന്തിയോടെ നടപ്പിൽ വരുത്തിയാൽ പുരുഷന്മാരുടെ സമുദായാഭിവൃദ്ധി സംബന്ധമായ യത്നങ്ങൾ എളുപ്പത്തിൽ സഫലമാകുന്നതും പരസ്പരസഹായംകൊണ്ടു നമ്മുടെ പൊതുവായ ഉൽക്കർഷവും ക്ഷേമവും സുഖസാദ്ധ്യമായിത്തീരുന്നതുമാണെന്നുള്ളതിൽ പക്ഷാന്തരമുണ്ടാവാൻ തരമില്ല. ആചാരപരിഷ്കരണ സംബന്ധമായ ശ്രമങ്ങളിൽ തടസ്സക്കാരെന്നു പ്രസിദ്ധപ്പെട്ട സ്ത്രീകൾ സ്വയമേവ ആചാരപരിഷ്കരണത്തെപ്പറ്റി സമാജങ്ങളിൽ നിശ്ചയങ്ങൾ പാസ്സാക്കുകയും വീട്ടിൽചെന്നു് അവയെ നടപ്പിൽ വരുത്തുവാൻ പുരുഷന്മാരോടു പ്രാർശചെയ്യുകയും ചെയ്യുന്ന കാലം നമ്മുടെ സമുദായത്തെ സംബന്ധിച്ചിടത്തോളമെങ്കിലും അകലെ അല്ലെന്നു് ഈ സമാജം അഭിവൃദ്ധിയിൽ വന്നാൽ നമുക്കു നിശ്ചയമായും കാണ്മാൻ ഇടയാകുന്നതാണു്. ഈ സമാജത്തിന്റെ അഭിവൃദ്ധികൊണ്ടു് നമ്മുടെ ഗൃഹങ്ങളിൽ ശുദ്ധിയും ശുചിത്വവും വർദ്ധിക്കുകയും അനാധകാരം നീങ്ങുകയും വ്യസനം കുറയുകയും സന്തോഷം വർദ്ധിക്കുകയും ഐശ്വര്യം നിലനിൽക്കുകയും ചെയ്യും. ഈ സമാജത്തിന്റെ ശക്തികൊണ്ടു് നമ്മുടെ സമുദായം വിദ്യാഭ്യാസത്തിനും സദാചാരത്തിനും ബുദ്ധിശക്തിക്കും വ്യവസായത്തിനും ധനത്തിനും സൌഭാഗ്യത്തിനും പ്രസിദ്ധിയുള്ളതായിത്തീരും. ശ്രീമതി പാർവതി അമ്മയെ സിക്രട്ടറിയായി തിരഞ്ഞെടുത്തതു നന്നായി. എന്നാൽ ഇതിന്റെ നടത്തിപ്പിനും നിലനില്പിനും വേണ്ടനിബന്ധനകളും എഴുതി ഉണ്ടാക്കുക, ഇതിന്റെ സാർവത്രികമായ പ്രചാരത്തിനായി പല പുസ്തകങ്ങളും ചെയ്യുക മുതലായ കൃത്യങ്ങളിൽ അവരെ സാരമായി സഹായിച്ചില്ലാതെ സംഗതികളും വിചാരിച്ചവണ്ണം നിറവേറാൻ പ്രയാസമാണെന്നുള്ള വ

Digitized By Kerala Sahitya Akademi

സ്ഥത വിസ്മരിക്കാത്തതല്ല. അതുകൊണ്ട് ഉത്തരവാദമുള്ള എല്ലാവരും ഈ വിഷയത്തിൽ നല്ലവണ്ണം ദൃഷ്ടിവയ്ക്കേണ്ടതും അടുത്തതവണ കോഴിക്കോട്ട നഗരത്തിൽ കൂടാൻ തീർച്ചയാക്കീട്ടുള്ള എസ്സ്. എൻ. ഡി. പി. യോഗത്തോടൊന്നിച്ച് ഇപ്പോഴത്തേതിലും പ്രശസ്തമായ നിലയിൽ ഒരു സ്ത്രീ സമാജം നടത്താൻ ഇപ്പോഴേ തുടങ്ങി വേണ്ട ഒരുക്കങ്ങളും ചെയ്യേണ്ടതുമാകുന്നു. ഈ വിഷയത്തിൽ അങ്ങിനെയുള്ളവരുടെ ശ്രദ്ധയെ ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

വിവേ: 1087 മേടം, ഇടവം

10-ാമത്തെ വാർഷിക പൊതുയോഗം

കഴിഞ്ഞ ലക്കം വിവേകോദയത്തിൽ ഒടുവിൽ ചേർത്തിരുന്ന നോട്ടീസ് പ്രകാരം എസ്. എൻ. ഡി. പി. യോഗത്തിന്റെ 10—ാമത്തെ വാർഷിക പൊതുയോഗം കോഴിക്കോട്ടുവച്ച് ഇടവം 6-ം 7—ം തീയതികളിൽ (മെയ് 19-ം 20—ം) വളരെ വളരെ കേമമായി കഴിഞ്ഞുകൂടിയിരിക്കുന്നു. യോഗത്തിൽ നടന്ന പ്രധാന സംഗതികളെപ്പറ്റി ഇതോടു ചേർത്തിട്ടുള്ള പ്രൊസീഡിംഗ്സിൽ നിന്ന് അറിയാവുന്നതാണ്. യോഗത്തിന്റെ ഇപ്പോഴത്തെ ധനസംബന്ധമായും മറ്റുമുള്ള സ്ഥിതിയേയും പ്രസ്താവ കൊല്ലത്തിൽ യോഗം ചെയ്തിട്ടുള്ള പ്രവൃത്തികളേയുംപറ്റി ഇതോടു ചേർത്തിരിക്കുന്ന സിക്രട്ടറിയുടെ റിപ്പോർട്ടിൽനിന്നും ധനസ്ഥിതിയുടെ വിവരമായ കണക്കു് ഒടുവിൽ ചേർത്തിരിക്കുന്ന ബാലൻസ് ഷീറ്റിൽ നിന്നും ഗ്രഹിക്കാവുന്നതുമാകുന്നു.

6—ം നു കാലത്തു 8 മുതൽ 10 മണിവരെ ''എസ്സ്. എൻ. ഡി. പി. യോഗവും മതവും'' എന്ന വിഷയത്തെപ്പറ്റി യോഗം വക ദേവസ്വം സിക്രട്ടറിയും പ്രാസംഗികനുമായ ദിവ്യശ്രീ ശിവപ്രസാദ സ്വാമി അവർകളുടെ പ്രസംഗം ആയിരുന്നു. ഹാൾ മനോഹരമാകം വണ്ണം അലങ്കരിച്ചിരുന്നു. വിദ്വാന്മാരായ ശ്രോതാക്കളെക്കൊണ്ടു ഹാൾ തിങ്ങിയിരുന്നു. ബ്രഹ്മശ്രീ മഞ്ചേരി രാമയ്യർ. ബി. എ. ബി. എൽ. അവർകൾ അദ്ധ്യാസനം വഹിച്ചു. സ്വാമികൾ സർവഥാ ആകർഷകമായ പ്രസംഗം കൊണ്ടു മതസംബന്ധമായി വിവിധാഭിപ്രായങ്ങളോടു കൂടിയ ശ്രോതാക്കളേ എല്ലാവരേയും ഒന്നുപോലെ അപഹൃതചിത്തവൃത്തികളാക്കിച്ചെയ്തു പത്തുമണിക്കു കൃത്യമായും പ്രസംഗം അവസാനിച്ചു. ''ശിവഗിരിയിലെ ശാരദാംബയുടെ സവിശേഷമായ അനുഗ്രഹത്തിനു പാത്രമായ ശ്രീമാൻ ശിവപ്രസാദ സ്വാമിയെപ്പോലുള്ളവർക്കു ഈ മാതിരി വാഗ്വിലാസം ഉണ്ടാകുന്നതിൽ ആശ്ചര്യപ്പെടാനൊന്നുമില്ലെന്നും, കേരളത്തിൽ ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിനു മറ്റു പല യോഗങ്ങളേയും അപേക്ഷിച്ചു കണ്ടുവരുന്ന സ്ഥിരമായ അഭിവൃദ്ധിക്കും പ്രചാരത്തിനും കാരണം ആ യോഗത്തിന്റെ നേതാവായി ഒരു

Digitized By Kerala Sahitya Akademi

യോഗിയുള്ളതാണെ''ന്നും രാമയ്യരവർകളും തന്റെ ഉപസംഹാര പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു. വൈകുന്നേരം മുന്നുമണിക്കു കൃത്യമായും യോഗത്തിന്റെ പ്രവൃത്തികളും ആരംഭിച്ചു. അദ്ധ്യക്ഷൻ അവർകളെ വാളൻറിയർമാരുടെ അകമ്പടിയോടുകൂടി സ്വാഗതസംഘം അദ്ധ്യക്ഷൻ മ. രാ. രാ. രാരിച്ചൻ മൂപ്പൻ അവർകളും, കമ്മിറ്റി അദ്ധ്യക്ഷൻ ഒയിറ്റി കൃഷ്ണൻ അവർകളും, യോഗം ഉപാദ്ധ്യക്ഷൻ ഡോക്ടർ പല്പു അവർകളും, ജനറൽ സെക്രട്ടറി എൻ കുമാരൻ ആശാൻ അവർകളും മുതലായ മാന്യന്മാർ വാദ്യഘോഷ സഹിതം എതിരേറ്റ് ആസനത്തിൽ ഉപവേശിപ്പിച്ചു. വാളൻറിയർമാർ എല്ലാം ഹരിത നീല വർണ്ണമായ മസ്ലിൻ തലപ്പാവും, കോട്ടിന്മേൽ റിബ്ബൻ കൊണ്ടുള്ള സ്റ്റാറും യൂനിഫാറമായി ധരിച്ചിരുന്നു. ഇവരിൽ അധികം പേരും ബി. എ., ഇൻറർമീഡിയറ്റ് ഈ ക്ലാസിലേ വിദ്യാർത്ഥികളായിരുന്നു. അംഗങ്ങളേയും ശ്രോതാക്കളേയും ഹാളിലേക്കു പ്രവേശിപ്പിക്കുകയും യഥാസ്ഥാനം ഇരുത്തുകയും മറ്റും ചെയ്യുന്നതിൽ ഇവർ പ്രദർശിപ്പിച്ച ഔചിത്യവും ഉത്സാഹവും വിനയവും സ്തുത്യർഹമായിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും നിന്നു് പ്രതീക്ഷിച്ചിരുന്നത്ര അംഗങ്ങൾ ഹാജരായിരുന്നില്ലെങ്കിലും ഹാളിൽ ധാരാളം ആളുകൾ തിങ്ങിയിരുന്നു. സിക്രട്ടറിയുടേയും ആഡിറ്റർമാരുടേയും റിപ്പോർട്ടുകളും വർഷാന്ത കണക്കും വായിച്ചു പാസ്സാക്കുക, ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കുക മുതലായ സംഗതികളും നടത്തിയ ശേഷം അന്നു് $5\frac{1}{2}$ മണിക്കു യോഗം പിരിഞ്ഞു.

രാത്രി യോഗം വകയായി സ്ഥലം ശ്രീകണ്ഠേശ്വര ക്ഷേത്രത്തിൽ വിശേഷാൽ ഉത്സവമായിരുന്നു. ആലപ്പുഴ സനാതന ധർമ്മസ്കൂൾ അസിസ്റ്റൻറ് മാസ്റ്ററായ എസ്. രാമസ്വാമി അയ്യൻ ബി. എ എൽ. റ്റി. ; എഫ്. റ്റി. എസ്. അവർകളുടെ നന്തൻ ചരിത്ര കഥാഭിനയം അവിടെ കൂടിയിരുന്ന സ്ത്രീ പുരുഷന്മാരിൽ എല്ലാവരേയും ഒന്നുപോലെ രസിപ്പിക്കുകയും എല്ലാവരുടേയും ഹൃദയത്തിൽ ഈശ്വരഭക്തിയെ ജനിപ്പിക്കുകയും ചെയ്തു. കമ്മിറ്റിക്കാരുടെ ആവശ്യപ്രകാരം യാതൊരു പ്രതിഫലവും കൂടാതെ ഹാജരായി ഈ കഥാപ്രസംഗം നടത്തി അവരേയും ജനങ്ങളേയും സന്തോഷിപ്പിച്ച ഈ മാന്യനു് ശ്രീകണ്ഠേശ്വരൻ തന്നെ അനുരൂപമായ പ്രതിഫലം നൽകുന്നതായിരിക്കും.

7–ാം നു- കാലത്തു് എട്ടുമണിക്കു വീണ്ടും യോഗം കൂടി ശേഷം യോഗസംബന്ധമായ പ്രത്യേക പ്രവൃത്തികളും എല്ലാം സമാപിച്ചു 11 മണിക്കു പിരിഞ്ഞു. പ്രോഗ്രാം അനുസരിച്ചു 3 മണിക്കു വീണ്ടും യോഗം കൂടി. ഈ യോഗത്തിൽ നാനാജാതിമതസ്ഥരായ സ്ത്രീപുരുഷന്മാർ ഹാജരായിരുന്നു. ഹാളിൽ ജനങ്ങൾ തിങ്ങി രണ്ടു പാർശ്വവുമുള്ള വരാന്തകളിലേക്കു് ഒതുങ്ങി നിന്നിരുന്നു. പ്രസംഗാനന്തരം ശിവപ്രസാദസ്വാമിയുടെ മംഗല പ്രാർത്ഥനയോടുകൂടി 5 മണിക്കു യോഗം അവസാനിച്ചു. ഒരു പതിനഞ്ചു മിനിട്ടു കഴിഞ്ഞു് ഉദ്യാന സൽക്കാരത്തിന്റെ ആരംഭമായി. സ്വജനങ്ങളെ കൂടാതെ ബ്രാഹ്മണർ, നായന്മാർ മുതലായ ഹിന്ദുക്കൾ, മഹമ്മദീയർ, ക്രിസ്ത്യാനികൾ, നാട്ടുകാർ, യൂറോപ്യന്മാർ, ഈ സകല വർഗ്ഗത്തിലുള്ള അനേക മാന്യൻമാരും പല മാന്യ സ്ത്രീകളും സൽക്കാരത്തിൽ സംബന്ധിച്ചിരുന്നു. ലഹരിപദാർത്ഥം ഒഴിച്ചുള്ള പലവിധ പേയദ്രവ്യങ്ങളും ശീമപ്പലഹാരങ്ങളും പലവകപ്പഴങ്ങളും കൊണ്ടു സൽക്കാരം അതു

Digitized By Kerala Sahitya Akademi

രോമമായിരുന്നു. ഒരു അഞ്ഞൂറിൽപരം ജനങ്ങൾ ഒന്നിനും കുറവു പറവാനില്ലാത്ത ഈ സൽക്കാരം സ്വീകരിച്ചു സന്തോഷരിതരായി വിനോദിച്ചു ഒന്നരണ്ടു മണിക്കൂർ സമയം ആദ്യന്തത്തോടും ഉത്സാഹത്തോടും കഴിച്ചു ശേഷം രാത്രി 7 മണിയോടുകൂടി പരസ്പരം സ്നേഹപുരസ്സരം യാത്ര പറഞ്ഞുപിരിഞ്ഞു. ഹാളിന്നു പുറത്തു അന്തരീക്ഷത്തിൽ പൂർണ്ണചന്ദ്രൻ ഇന്നിനെ അനുമോദിച്ചിട്ടോ എന്നു തോന്നുംവണ്ണം ശാന്തമനോഹരമായ കിരണങ്ങളെ ആകാശത്തിലും ഭൂമിയിലും പരത്തി പ്രസന്നനായി പ്രകാശിച്ചുകൊണ്ടു പൊങ്ങിനിൽക്കയായിരുന്നു. എസ്. എൻ. ഡി. പി. യോഗത്തിന്റെ വാർഷികയോഗം പലപ്രകാരത്തിൽ പല സ്ഥലങ്ങളിലും ആഘോഷിച്ചു കണ്ടിട്ടുള്ളതാണ്. എന്നാൽ ഈ രീതിയിൽ ഒരു ആഘോഷം ഇത്ര വിജയവത്താക്കി കലാശിപ്പിച്ചതിൽ കോഴിക്കോട്ടെ കമ്മിറ്റിക്കാർ എല്ലാവരുടെയും ഹാർദ്ദമായ അഭിനന്ദനത്തെ അർഹിച്ചിരിക്കുന്നു. തിരുവിതാംകൂർ, കൊച്ചി ഈ സ്ഥലങ്ങളിൽനിന്നും മറ്റു ദൂരദേശങ്ങളിൽനിന്നും വന്ന മെമ്പർമാർക്കു കമ്മിറ്റി വകയായി സുഖകരമായ വസതിയും ആഹാരങ്ങളും നൽകപ്പെട്ടിരുന്നതും പ്രസ്താവയോഗ്യമത്രേ. കമ്മിറ്റിയുടെ പുമതല ഇത്ര സ്തുത്യർഹമാംവണ്ണം നടത്തുന്നതിനു തലവന്മാരായി നിന്ന മ. രാ. രാ. സി. എം. രാരിച്ചൻ മൂപ്പൻ അവർകൾ, ഒ. കൃഷ്ണൻ ബി. എ. ബി. എൽ. അവർകൾ, സി. കൃഷ്ണൻ ബി. എ. ബി. എൽ. അവർകൾ, കെ. എൻ. ഗോപാലൻ ബി. എ. ബി. എൽ. അവർകൾ, ടി. സി. രാമൻ അവർകൾ, വി. കൃഷ്ണൻ അവർകൾ മുതലായ മാന്യന്മാരേയും വാളന്റിയർ സംഘക്കാരേയും പ്രത്യേകിച്ചും അഭിനന്ദിക്കേണ്ടതാകുന്നു.

[വിവേ : 1088 മേടം, ഇടവം]

കൈതമുക്കിലെ ഷഷ്ടി പൂർത്തി വിശേഷങ്ങൾ

ചിങ്ങം 26-ാം തീയതി പ്രഭാത സമയത്തു് കൈതമുക്കിൽ യോഗം വകയായി പണികഴിച്ചു വന്ന മന്ദിരത്തിന്റെ കിഴക്കും തെക്കും വശത്തോട്ടുള്ള റോഡുകളിൽ ഒട്ടുവളരെ ദൂരം വരെ നാനാവർണ്ണ വിചിത്രങ്ങളായ കൊടിക്കൂറകളും തോരണമാലകളും ഉടനെ കൂടാൻ പോകുന്ന മഹാജനയോഗത്തിൽ സംബന്ധിപ്പാൻ ജനങ്ങളെ മാടിവിളിക്കുകയോ എന്നു തോന്നുംവണ്ണം വായുവിൽ ചലിച്ചുകൊണ്ടു നിൽക്കുന്നു. കിഴക്കേ റോഡിനു് അഭിമുഖമായി പുരോഭാഗത്തെ ഭിത്തിയുടെ രണ്ടറ്റങ്ങളിലും സിംഹപ്രതിമകളെ വഹിച്ചുകൊണ്ടു് ഉന്നതമനോഹരമായി നില്ക്കുന്ന മാളികയും, കിഴക്കേമതിലിന്റെ മദ്ധ്യത്തു നട്ടവിൽസിംഹമുഖവും, മുകളിൽ സരസ്വതീ പ്രതിമയും വഹിച്ചു രമണീയമായ ശില്പവേലകളാൽ ശോഭിക്കു

Digitized By Kerala Sahitya Akademi

ന്ന വിശാലമായ ഗേറ്റും കാണികളുടെ ദൃഷ്ടിയെ സവിശേഷം ആകർഷിക്കുന്നു. മുൻഭാഗത്തു ചുറ്റും വിരിച്ചിരിക്കുന്ന വെള്ളമണൽ മനോഹരമായ ''മന്ദിര''ലക്ഷ്മിയുടെ പുഞ്ചിരിപ്പൂനിലാവുപോലെ പ്രകാശിക്കുന്നു. ഗേറ്റിനുള്ളിൽ പന്തലിനു മുൻവശത്തുള്ള വെറിയ ചത്വരത്തിൽ അവിടവിടെ നാനാവർണ്ണങ്ങളായ ചെടികളോടുകൂടിയ നല്ല പൂച്ചട്ടികളും സ്ഥാനം പിടിച്ചിരിക്കുന്നു. കിഴക്കു പടിഞ്ഞാറായി മാളികയുടെയും, അതിന്റെ നീളത്തിൽ വടക്കുവശത്തുള്ള ബംഗ്ലാവിന്റേയും മദ്ധ്യത്തായി കെട്ടി വൃത്തിയായി അലങ്കരിച്ചിട്ടുള്ള ഉന്നതവും വിശാലവുമായ പന്തൽ വലിയ ഗൗരവഭാവത്തിൽ നിൽക്കുന്നു. തറയിൽ അണിയണിയായി നിരത്തിവച്ചിരിക്കുന്ന അനവധി കസാലകളും, ബഞ്ചുകളും മുതലായ ആസനങ്ങളും യഥായോഗ്യം സദസ്യരെ സ്വതേ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. പടിഞ്ഞാറേ അറ്റത്തു പരിമിതമായ അലങ്കാരങ്ങളോടുകൂടി വെടിപ്പായി ഒരുക്കിയിരിക്കുന്ന പ്രസംഗമഞ്ചത്തിൽ വിരിപ്പിട്ടിട്ടുള്ള ഒരു മേശയും മദ്ധ്യത്തു ശില്പവേലകളും ചെയ്തിട്ടുള്ള ഒരു കുഷൻചെയറും രണ്ടുവശത്തായി വേറെ രണ്ടാസനങ്ങളും വച്ചിരിക്കുന്നു. ഉത്സാഹികളായ കമ്മിറ്റി പ്രമാണികളും വല്ല ന്യൂനതയും വല്ലടിക്കിലും കണ്ടാൽ ഉടൻ പരിഹരിപ്പാൻ തക്കതായ സ്ഥലങ്ങളിൽ സന്നദ്ധരായി നില്ക്കുന്നു. മണി എട്ടടിച്ചു. ജഡ്ക്കാ, ഫീറ്റൻ, കോച്ച്, മോട്ടോർകാർ മുതലായ വാഹനങ്ങളിലും കാൽനടയായും ക്ഷണനപ്രകാരം യോഗത്തിൽ എത്തുന്ന യോഗ്യന്മാരെക്കൊണ്ടു റോഡുകളും നിറയുന്നു. പോലീസുകാർ വണ്ടികളെയും കുതിരകളെയും മറ്റും ക്രമപ്പെടുത്തി നിർത്തുന്നു. ഡാക്ടർ പല്പു (എം. ബി. സി. എം.), ശ്രീമാന്മാർ എൻ. കുമാരൻ ആശാൻ, സി. ഒ. മാധവൻ (ബി. എ. ബി. എൽ), എം കെ. രാമൻ ബി. എ (ഓണേഴ്സ്), പി. മാധവൻ വൈദ്യർ മുതലായ പ്രമാണികളും അതിഥികളെ സ്വീകരിച്ചുകൊണ്ടുപോയി യഥായോഗ്യം ആസനസ്ഥരാക്കുന്നു. അകത്തു മംഗളവാദ്യങ്ങളും നടന്നുകൊണ്ടിരിക്കുന്നു. വെളിയിൽ വാളന്റിയർമാർ അണിനിരന്നു. ബാൻറു്, നാദസ്വരം മുതലായവയുടെ അകമ്പടിയോടുകൂടി കമ്മിറ്റിക്കാരിൽ ചില പ്രമാണികളും അദ്ധ്യക്ഷനായ ദിവാൻ അവർകളുടെ ആഗമനത്തെ പ്രതീക്ഷിച്ചു വഞ്ചിയൂർ റോഡിന്റെ സന്ധിവരെ പോയിനില്ക്കുന്നു. ദിവാൻ മോട്ടാറിൽ അവിടെ എത്തുകയും കമ്മിറ്റിക്കാർ വാദ്യഘോഷസഹിതം എതിരേറ്റു കൊണ്ടുവരികയുംചെയ്യുന്നു. റോഡിലും പന്തലിനകത്തും മാളികയുടെയും ബംഗ്ലാവിന്റേയും വരാന്തകളിലും മുറ്റത്തും ആളുകളും തിങ്ങിഞെരുങ്ങുന്നു. ദിവാൻജി അവർകളുടെ മോട്ടോർവണ്ടിഗേറ്റിൽ എത്തുകയും യോഗം ജനറൽ സെക്രട്ടറി എൻ. കുമാരനാശാൻ മുതലായ മാന്യന്മാർ അവിടെ എത്തി അദ്ദേഹത്തെ സ്വീകരിച്ചു് അകത്തേക്കു പ്രവേശിപ്പിക്കയും ചെയ്യുന്നു. പ്രസന്നവദനനായ അദ്ദേഹം പന്തലും കെട്ടിടങ്ങളും എല്ലാംകൂടി ആകപ്പാടെ ഒന്നു നോക്കി തൃപ്തിസൂചകമായ മന്ദഹാസത്തോടെ പന്തലിൽ പ്രവേശിച്ചു പ്രസംഗമഞ്ചത്തിൽ പ്രത്യേകം ഒരുക്കീട്ടുള്ള ആസനത്തിൽ ഉപവേശിച്ചു് അവിടെ മഹാസഭയുടെ ആത്മാവിനെപ്പോലെ ശോഭിക്കുന്നു. ഇനി യോഗത്തെ സാന്നിദ്ധ്യംകൊണ്ടു് അലങ്കരിക്കുന്ന മറ്റു മാന്യന്മാർ ആരെല്ലാം എന്നു നോക്കാം. ദിവാൻജി അവർകളുടെ ഇടത്തു വശത്തുള്ള ആസനത്തിൽ പ്രൊഫസ്സർ എ. ആർ രാജരാജവർമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ടു്, വലത്തുവശത്തെ

Digitized By Kerala Sahitya Akademi

ആസനത്തിൽ ദിവാൻ ബഹദൂർ എ. ഗോവിന്ദപ്പിള്ള അവർകൾ (ബി. എ. ബി. എൽ, പെൻഷൻ ഹൈക്കോർട്ട ജഡ്ജി) ഇവരും, മഞ്ചത്തിനു താഴെ ആസനസ്ഥരായി സീനിയർ ദിവാൻ പേഷ്കാർ എൻ. സുബ്രഹ്മണ്യയ്യർ (എം. എ.) അവർകൾ, ഗവർമ്മെൻറു ചീഫ് സിക്രട്ടറി വിയറാ സായ്പ് അവർകൾ, ദിവാൻ പേഷ്കാർ ആർ. മഹാദേവയ്യർ (ബി. എ.) അവർകൾ, ഹെഡ് സർക്കാർ വക്കീൽ ആർ. അനന്തറാവു (ബി. എ. ബി. എൽ) അവർകൾ, ഡിസ്ട്രിക്ട് ജഡ്ജി പി. രാമൻ തമ്പി (ബി. എ. എം. എൽ) അവർകൾ, റിറേറർഡ് ജഡ്ജി കൃഷ്ണപിള്ള (ബി. എ. ബി. എൽ) അവർകൾ, ഹജൂർ സിക്രട്ടറിമാർ ആർ. കൃഷ്ണപിള്ള (ബി. എ. ബി. എൽ) അവർകൾ, കെ. നാരായണൻ പണ്ടാല (ബി. എ. ബി. എൽ) അവർകൾ, ഉള്ളൂർ എസ്. പരമേശ്വരയ്യർ (എം. എ. ബി. എൽ, എം. ആർ. എ. എസ്) അവർകൾ, ആർ. രാമലിംഗയ്യർ (ബി. എ.) അവർകൾ, ഹൈക്കോർട്ട വക്കീൽ എം. കെ. ഗോവിന്ദപ്പിള്ള (ബി. എ. ബി. എൽ) അവർകൾ, കെ. പരമേശ്വരൻ പിള്ള (ബി. എ. ബി. എൽ., കൊല്ലം) അവർകൾ, റവി. ഐ. സി. പ്രസിഡൻറ് എം. ബി. സുബ്രഹ്മണ്യയ്യർ (ബി. എ.) അവർകൾ, ഹെൽത്താഫീസർ ബി. കേശവറാവു അവർകൾ, അട്ടർ മുൻസിഫ് എം. ഗോവിന്ദൻ (ബി. എ. ബി. എൽ) അവർകൾ, കെ. ആർ. കൃഷ്ണപിള്ള (ബി. എ. ബി. എൽ) അവർകൾ മുതലായ ഒട്ടനേകം യോഗ്യന്മാരും സ്ഥലത്തെ ഗൃഹസ്ഥന്മാരാദിയായ പല മാന്യന്മാരും, മദ്രാസ്മെയിൽ മുതലായ വർത്തമാനപ്പത്രങ്ങളുടെ പ്രതിനിധികളും ഇരിക്കുന്നു. പന്തലിനുള്ളിൽ സ്ഥലം പോരാഞ്ഞിട്ട് മാളികയുടെയും ബങ്കിളാവിന്റെയും വരാന്തകളിൽ ആളുകൾ തിങ്ങി നിറഞ്ഞു നില്ക്കുന്നു. കാര്യപരിപാടിയനുസരിച്ച് ശ്രീമാൻ ശിവപ്രസാദ സ്വാമി ശാന്തമധുരമായ സ്വരത്തിൽ ഈശ്വര പ്രാർത്ഥന ആരംഭിക്കുന്നു. എല്ലാവരും ഭക്തിപൂർവ്വം എഴുന്നേറ്റു നില്ക്കുന്നു. പ്രാർത്ഥനാനന്തരം വീണ്ടും എല്ലാവരും ഇരിക്കുന്നു. അനന്തരം എൻ. കുമാരൻ ആശാൻ അവർകൾ സദസ്യർക്കു് സ്വാഗതം പറകയും സ്മാരക പ്രവൃത്തികൾക്കു ഹേതുഭൂതനായ സ്വാമി തൃപ്പാദങ്ങളുടെ സംക്ഷിപ്തമായ ഒരു ജീവചരിത്രം വായിക്കയും ചെയ്യുന്നു. ദിവാൻജി അവർകൾ ഉപക്രമപ്രസംഗത്തിനായി എഴുന്നേല്ക്കുകയും സദസ്യർ ഹസ്തതാഡനം കൊണ്ടു് സന്തോഷം പ്രദർശിപ്പിക്കയും ചെയ്യുന്നു. പ്രസംഗത്തിൽ ഈ മന്ദിരം തുറക്കുന്നതിനു് അദ്ദേഹത്തിനു നൽകിയ അവസരത്തെപ്പറ്റി കൃതജ്ഞതാസൂചകമായും സ്വാമി തൃപ്പാദങ്ങളുടെ യോഗ്യതയേയും മാഹാത്മ്യത്തേയുംപറ്റി ഭയഭക്തി ബഹുമാദ്യോതകമായും, സ്വാമി തൃപ്പാദങ്ങളുടെ നായകത്വത്തിൽ ഈഴവ സമുദായത്തിനുണ്ടായിട്ടുള്ള അഭ്യുദയത്തെപ്പറ്റി അനുമോദിച്ചും, അവരുടെ ഐകമത്യപൂർവ്വമായ ശ്രമങ്ങളേയും തൽഫലങ്ങളേയും പറ്റി അഭിനന്ദിച്ചും ഹൃദയംഗമങ്ങളായ വിമർശനങ്ങൾ അടങ്ങിയിരിക്കുന്നു. അനന്തരം എൻ. കുമാരൻ ആശാൻ അവർകൾ മാളികയുടെ പ്രധാന മുറിയുടെ താക്കോൽ ദിവാൻജി അവർകളുടെ കൈയിൽ കൊടുക്കുന്നു. അദ്ദേഹം തന്നോടൊന്നിച്ചു മുകളിലത്തെ മുറി കയറിനോക്കാൻ അതിഥികളിൽ പ്രമാണികളായ ചിലരെ ക്ഷണിച്ചുകൊണ്ടു് മാളികയുടെ വരാന്തയിൽ കടന്നു മുറി തുറക്കുകയും കോണിപ്പടിവഴി മുകളിലത്തെ നിലയിലേക്കു കയറിനോക്കുകയും ചെയ്യുന്നു. ക്ഷണ

Digitized By Kerala Sahitya Akademi

പ്രൊഫസ്സർ ഏ. ആർ. രാജരാജവർമ്മ തമ്പുരാൻ അവർകൾ, ദിവാൻ ബഹദൂർ ഗോവിന്ദപ്പിള്ള അവർകൾ, സുബ്രഹ്മണ്യയ്യർ അവർകൾ, വിയറാസായ്പവർകൾ, രാമൻ തമ്പി അവർകൾ, അനന്തറാവു അവർകൾ മുതലായവർ ഉണ്ടു്. മാളികമേലുള്ള ഹാളിന്റെ കിഴക്കേഅറത്തായി മഹാരാജാവു തിരുമനസ്സിലേയും, സ്വാമി തൃപ്പാദങ്ങളുടേയും ചിത്രങ്ങൾ അലങ്കരിച്ചു വച്ചിട്ടുണ്ടായിരുന്നു. മുകളിലത്തെ ഹാളും മുറികളും നോക്കി എല്ലാവരും അന്യോന്യം വളരെ തൃപ്തികരമായി സംസാരിച്ചുകൊണ്ടു് സ്വല്പം നിന്നശേഷം വീണ്ടും ഇറങ്ങി സദസ്സിൽ യഥാപൂർവം ആസനസ്ഥരാകുന്നു. ദിവാൻ അവർകൾ കാര്യപരിപാടി അനുസരിച്ചു് രാജരാജവർമ്മ തിരുനമസ്സിലെ പ്രസംഗത്തെ അവതരിപ്പിക്കുന്നു. തമ്പുരാൻ എഴുന്നേറ്റു ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിന്റെ മാസികയായ വിവേകോദയത്തെ താൻ ദൃഷ്ടിവച്ചു വായിക്കുകയും ഈ സമുദായക്കാരുടെ അഭിവൃദ്ധിക്കായുള്ള ശ്രമങ്ങളേയും ഗുരുസ്വാമി അവർകളുടെ മാഹാത്മ്യത്തേയും മറ്റും പറഞ്ഞിരിക്കയും അഭിനന്ദിക്കയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ആ വിചാരങ്ങളെ തുറന്നുപറയാൻ ഇങ്ങനെ ഈ അപൂർവ സന്ദർഭം ലഭിച്ചതിനെപ്പറ്റി തനിക്കു വലുതായ ചാരിതാർത്ഥ്യം ഉണ്ടെന്നും കാളേജുവിദ്യാർത്ഥികളുടെ വസതികളിൽ പ്രത്യേകം ചെന്നന്വേഷിക്കേണ്ട ചുമതലകൂടി തനിക്കുള്ളതുകൊണ്ടു് ഈ വിദ്യാർത്ഥി സദനത്തിന്റെ സ്ഥാപനം അങ്ങനെ ചെന്നന്വേഷിക്കുന്ന പ്രവൃത്തിയിൽ സൗകര്യാതിശയം നല്ലന്നൊന്നാകയാൽ താൻ പ്രത്യേകം സന്തോഷിക്കുന്നു എന്നും പ്രസ്താവിക്കയും, ഈ വിദ്യാർത്ഥി സദനത്തിൽ താമസിച്ചു പഠിച്ച അനവധി യുവാക്കൾ യോഗ്യന്മാരായി സ്വസമുദായത്തിനും സ്വരാജ്യത്തിനും ഗുണകരമായ പല കൃത്യങ്ങളും ചെയ്വാൻ ശക്തരായി പുറത്തുപോകുന്നതു കണ്ടും കേട്ടും ആനന്ദിപ്പാൻ മറ്റുള്ളവർക്കിടയാകേണമെന്നാശംസിക്കയും ചെയ്യുന്നു. അനന്തരം രാമൻ തമ്പി അവർകൾ അദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം പ്രസംഗമഞ്ചത്തിൽ സദസ്യരുടെ ഹസ്തതാഡന കോലാഹലസമേതം പ്രവേശിക്കുന്നു. സഹജമായ ഊർജ്ജസ്വലതയോടെ അദ്ദേഹത്തിന്റെ വാഗ്ധോരണി സദസ്യരെ ആകർഷിക്കുന്നു. സ്വാമി തൃപ്പാദങ്ങളെപ്പറ്റി സ്നേഹിതന്മാരിൽ നിന്നു കേട്ടറിഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും തനിക്കു് അദ്ദേഹത്തിൽ യഥാർത്ഥ ഭക്തി ബഹുമാനങ്ങളെ അങ്കുരിപ്പിച്ചിരിക്കുന്നു എന്നും, ഇങ്ങനെയുള്ള ഒരു നേതാവാണു് സാമുദായികമായ സഭകൾക്കും ജനങ്ങൾക്കും വേണ്ടതെന്നും, ഈഴവർക്കു് ഇപ്രകാരമുള്ള ഒരു നേതാവിനെ ലഭിച്ചതു വലിയ ഭാഗ്യമാണെന്നും, നായർ നേതാക്കന്മാർക്കു് ഇതു് ഒരു വലിയ പാഠമാണെന്നും മറ്റുമുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ യഥാസ്ഥാനമുള്ള ഹസ്തതാഡനങ്ങളാൽ സഭ സമ്മതിക്കുന്നു. അനന്തരം വശ്യവചസ്സായ ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ മുറയായി. എഴുതിയെടുത്തുകൊണ്ടാൽ അങ്ങനെതന്നെ പുസ്തകത്തിൽ ചേർക്കാവുന്ന ഭാഷാശുദ്ധിയോടും വാചകഭംഗിയോടും കൂടിയതും ഈഴവ സമുദായത്തിനോടു തനിക്കുള്ള സഹജമായ സ്നേഹാനുകമ്പകളെ വെളിപ്പെടുത്തുന്ന സൂചനകളും സ്വാമി തൃപ്പാദങ്ങളുടെ ജീവചരിത്രത്തെ സംബന്ധിച്ചുള്ള സവിശേഷമായ വിവരങ്ങളും അടങ്ങിയതുമായ അദ്ദേഹത്തിന്റെ പ്രസംഗം എല്ലാവരേയും അത്ഭുതമോദാകുലരാക്കുന്നു. ഒടുവിൽ ദിവാൻജി എഴുന്നേറ്റു പ്രാസംഗികന്മാർക്കും സ്മാരക പ്രവർത്തകന്മാർക്കും നന്ദി

Digitized By Kerala Sahitya Akademi

പറഞ്ഞും സ്മാരകമന്ദിരത്തിനും വിദ്യാർത്ഥി സദനത്തിനും പ്രസന്നമായ ഭാവി യെ ആശംസിച്ചും സഹജമായ വാചാലതയോടുകൂടി തന്റെ പ്രസംഗത്തെ ഉപ സംഹരിക്കുന്നു. ശിവപ്രസാദ സ്വാമികൾ മംഗള പ്രാർത്ഥന ചെയ്യുന്നു. പി. എം. കുഞ്ഞുശങ്കരൻ വൈദ്യർ അവർകൾ ഏതാനും വാക്കുകളിൽ അദ്ധ്യക്ഷൻ മുതലായ എല്ലാവർക്കും കൃതജ്ഞതാ പ്രകടനം ചെയ്യുന്നു. ശിവപ്രസാദ സ്വാമി അദ്ധ്യക്ഷൻ അവർകളുടെ കണ്ഠത്തിൽ ഹാരമണിയുന്നു. എൻ. കുമാരൻ ആശാൻ അവർകൾ ദിവാൻ ബഹദൂർ ഗോവിന്ദപ്പിള്ള അവർകൾക്കും പ്രൊഫസ്സർ രാജ രാജവർമ്മ തമ്പുരാൻ തിരുമനസ്സിലേക്കും ഹാരങ്ങൾ അണിയിക്കുന്നു. എല്ലാ പേർക്കും യഥായോഗ്യം ജെണ്ടുകളും ഹാരങ്ങളും മറ്റും വിതരണം ചെയ്തു $9\frac{1}{2}$ മണി ക്ക് മഹാരാജാവു തിരുമനസ്സിലേക്കും ചക്രവർത്തി തിരുമനസ്സിലേക്കും സ്വാമി തൃപ്പാദങ്ങൾക്കും അദ്ധ്യക്ഷനും ചീയേഴ്സ് പറഞ്ഞു മംഗളമായി സഭ പിരി യുന്നു.

പിന്നെ വൈകുന്നേരം 3 മണിക്ക് ഷഷ്ടി പൂർത്തിക്കമ്മിറ്റിക്കാരുടെ ഒരു പൊതുയോഗം അട്ടർ മുൻസിഫ് ശ്രീമാൻ എം. ഗോവിന്ദൻ അവർകളുടെ അദ്ധ്യ ക്ഷതയിൽ കൂടുകയും വിദ്യാർത്ഥി സദനത്തിന്റെ നടത്തിപ്പിനായി ചില വ്യ വസ്ഥകൾ ചെയ്കയും ചെയ്തു. 27–ാം നു കാലത്തു് 4 മണിക്ക് ശിവപ്രസാദ സ്വാമികൾ സ്വാമി തൃപ്പാദങ്ങളുടെ ദീർഘായുരാരോഗ്യ ഹേതുകമായി ഹോമം ആരംഭിച്ചു് 6 മണിക്കു് ഈശ്വര പ്രാർത്ഥന തുടങ്ങി $7\frac{1}{2}$ മണിയോടു കൂടി എല്ലാം അവസാനിപ്പിച്ചു. സദ്യക്കമ്മിറ്റിക്കാർ $10\frac{1}{2}$ മണി മുതൽ ഇലവച്ചു് സകലവിഭ വങ്ങളോടു കൂടിയ സദ്യ ആരംഭിച്ചു. $10\frac{1}{2}$ മണി വരെ സ്വജാതിക്കാർക്കും അതി നുശേഷം 5 മണി വരെ മറ്റുള്ളവർക്കും ധാരാളം ഊണു കൊടുത്തുകൊണ്ടിരുന്നു. പുലയർ, മുക്കുവർ മുതലായ സാധുക്കളുടെ തിക്കിത്തിരക്കിയുള്ള കയറ്റവും മിഷ്ടാ ന്നം ഉണ്ടു തൃപ്തിയോടു കൂടിയ മടക്കവും കണ്ടാൽ ആർക്കും ആനന്ദം തോന്നുമായി രുന്നു.

പിന്നെ 7 മണിക്കു ഘോഷയാത്രയുടെ ആരംഭമാണു്. പൊന്നിൻ തലേ ക്കെട്ടു വച്ചു് ഒന്നും സ്വാമിതൃപ്പാദങ്ങളുടെ ഛായാ പടം വഹിച്ചു മറ്റൊന്നും ആ യി രണ്ടു കൊമ്പനാനകളും മഹാദേവന്റെ ചിത്രം അലങ്കരിച്ചു വച്ചു അതിമ നോഹരമാം വണ്ണം, പുഷ്പമാലകൾകൊണ്ടു കെട്ടിയുണ്ടാക്കീട്ടുള്ള രമ്യമായ ഒരു സ പ്രവും, കടകവും വെഞ്ചാമരങ്ങളും മുതലായ ഉപകരണങ്ങളോടു കൂടി യഥാസ്ഥാ നം ഒരുക്കി നിർത്തുന്നു. ജന പ്രവാഹം വന്ന റോഡിൽ എല്ലാ ഭാഗവും തിങ്ങു ന്നു. മുൻഭാഗത്തു ബാൻഡും ആനകളുടെ അടുത്തായി നാഗസ്വരക്കാരും അതി നു കുറേ അകലെയായി ഭജനക്കാരും, രണ്ടുഭാഗത്തും കണ്ണെത്താത്ത ദൂരംവരെ കൊ ടികളും വഹിച്ചുകൊണ്ടു വിദ്യാർത്ഥികളും എല്ലാറ്റിനേയും പ്രകാശിപ്പിച്ചുകൊ ണ്ടു് പത്തിരുപതു ഗ്യാസ് ലൈറ്റുകളുടെ പ്രഭകളും വ്യാപിച്ചു കാണപ്പെടുന്നു. ഈ കാഴ്ചയുടെ ഭംഗിയും ഗംഭീരതയും കണ്ടുതന്നെ അറിയേണ്ടതാണു്. നേർ കിഴക്കായി ഘോഷയാത്ര പുറപ്പെട്ട ജില്ലാക്കോർട്ടിനു തെക്കുവശത്തുകൂടി മെയിൻ റോഡിൽ കയറി ജൂബിലി ഠൗൺ ഹാൾ വരെ പോകുന്നു. വഴിക്കു നാനാജാതി ക്കാരായ ഭക്തന്മാർ കാണിക്കകളും സമർപ്പിക്കയും മറ്റും ചെയ്യുന്നു. ഘോഷ

Digitized By Kerala Sahitya Akademi

യാത്ര അവിടെ നിന്നു് പടിഞ്ഞാറോട്ടു മടങ്ങി പേട്ടവരെപ്പോയി ഏകദേശം പ
ന്ത്രണ്ടു മണിയോടുകൂടി മന്ദിരത്തിൽ മടങ്ങി എത്തുന്നു. മദ്ധ്യേ മഴയുടെ തടസ്സം
ഉണ്ടായില്ലെങ്കിൽ ഈ ഘോഷയാത്ര ഇത്ര വേഗത്തിൽ മടങ്ങി എത്തുന്നതിനു
പവർത്തകന്മാരുടെ ഉത്സാഹം അനുവദിക്കുമായിരുന്നില്ല ഇങ്ങനെ ആകപ്പാടെ
കേമമായും ഭംഗിയായും മംഗളമായും യോഗം കമ്മറിക്കാരുടെ ഷഷ്ടിപൂർത്തിമ
ഹോത്സവഘോഷം തിരുവനന്തപുരത്തു വച്ചു് എന്നേക്കും സ്മരണീയമായ വി
ധത്തിൽ കഴിഞ്ഞു കൂടിയിരിക്കുന്നു.

വിവേ: 1091 കർക്കടകം, 1092 ചിങ്ങം

Digitized By Kerala Sahitya Akademi

ലേഖനങ്ങൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഈഴവരും തുണിനെയ്ത്തും

മനുഷ്യൻ അവന്റെ നഗ്നതമറയ്ക്കാൻ ആവശ്യപ്പെടത്തക്കയെണ്ണും മാനസിക പരിഷ്കാരം ഉണ്ടായകാലം മുതൽ ഇലകളും മരത്തോലുകളും മറ്റും കൊണ്ട് നാനാവിധം ആച്ഛാദനങ്ങളെ നിർമ്മിച്ചു തുടങ്ങി. അതിസൂക്ഷ്മമായ പഞ്ഞിനൂൽ പട്ടുനൂൽ മുതലായവയെ ഊടും പാവുമാക്കി ഉണ്ടാക്കപ്പെടുന്ന വിചിത്ര കോമളങ്ങളായ ഇപ്പോഴത്തെ നമ്മുടെ വസ്ത്രങ്ങൾ ആ ശില്പവിദ്യയുടെ അതിദീർഘകാലം കൊണ്ടുള്ള വികാസമയകരമായ വളർച്ചയാകുന്നു. അസാമാന്യമായ ബുദ്ധിസാമർത്ഥ്യവും അതിമാത്രമായ ക്ഷമയും ഉപയോഗിച്ചു കണ്ടുപിടിച്ചിട്ടുള്ള ഏറ്റവും ഉയർന്ന തരം കൈത്തൊഴിലുകളിൽ വച്ച് തുണിനെയ്ത്തിനെപ്പോലെ മനുഷ്യർക്ക് ഇത്ര ഗുണപ്രദമായിത്തീർന്നിട്ടുള്ള ഒന്നും ഇല്ലെന്നു തന്നെ പറയാം.

ഇൻഡ്യയിൽ തുണിനെയ്ത്ത് എപ്പോൾ ആരംഭിച്ചു എന്നു് ആർക്കും അറിഞ്ഞുകൂടാ. ചരിത്രത്തിന്റെ ആവിർഭാവം മുതൽ വസ്ത്രത്തേക്കുറിച്ചു നാം വായിക്കുന്നുണ്ട്. നമ്മുടെ വേദങ്ങളിലെ മഹർഷിമാർ എല്ലാം മരവിരിയോ തോലോ ഉടുത്തവരാണെങ്കിലും രാജർഷികളും ദിവ്യാംബരധാരികളാണ്. 'വസ്ത്രമുഖ്യമലങ്കാരം' എന്ന അഭിപ്രായവും, 'ശുക്ലാംബരധര'നായ 'വിഷ്ണു'വും ഇൻഡ്യയിൽ വളരെ പഴയതാകുന്നു. 'അന്നദാന'ത്തെപ്പോലെ 'വസ്ത്രദാന'വും നമുക്കു പണ്ടുപണ്ടേ പ്രധാനമാണ്. നെയിത്തിനെ ആദ്യം കണ്ടുപിടിച്ചതു് ഇൻഡ്യയിൽ തന്നെയോ, ഈജിപ്റ്റിലോ, മറ്റുവല്ല പുരാതന രാജ്യങ്ങളിലോ, എന്നുള്ള പ്രാഥമ്യങ്ങൾക്കു ഖണ്ഡിതമായ ഉത്തരം പറവാൻ പ്രയാസമുണ്ട്. എന്നാൽ നവീനചരിത്രകാരന്മാരിൽ പലരും മനുഷ്യവർഗ്ഗത്തിൽ ആദ്യം ബുദ്ധി പരിഷ്കാരവും നാഗരികവും സിദ്ധിച്ച സമുദായങ്ങളിൽ ഇൻഡ്യൻ ആര്യന്മാർ അല്ലെങ്കിൽ ഹിന്ദുക്കൾക്കു് വളരെ പ്രാധാന്യം നൽകിയിരിക്കുന്നു. അഭിമാനികളായ ഹിന്ദുക്കൾ തങ്ങൾ മറ്റുവല്ല ദിക്കുകളിലും നിന്നു ഒരിക്കൽ ഇൻഡ്യയിലേക്കു വന്നുകേറിയവരെന്നോ തങ്ങളേക്കാൾ മുമ്പ് ഒരു വർഗ്ഗക്കാർ ഭൂമിയിൽ പരിഷ്കാരനിലയെ പ്രാപിച്ചിരുന്നു എന്നോ ഉള്ളതിനെ സമ്മതിക്കാത്തവരും ആണല്ലോ. അതുകൊണ്ടു നമ്മുടെ ഉപയോഗത്തിനു് ആവശ്യമുള്ള വസ്ത്രങ്ങൾ എല്ലാം ആദ്യമേ ഇൻഡ്യയിൽ തന്നെ കണ്ടുപിടിക്കപ്പെട്ട എന്നുവരുന്നതിൽ അധികം വിരോധമുണ്ടെന്നു തോന്നുന്നില്ല. വിശേഷിച്ചു് ''സകലകലാവല്ലഭന്മാ''രായ പഴയ ആര്യന്മാരുടെ അവസ്ഥയ്ക്കു് അതു സംഭാവ്യവും തന്നെ.

ആദ്യകാലത്തു ജാതി വ്യവസ്ഥയില്ലാതിരുന്നതുകൊണ്ടും ഈ വിലയേറിയ ശില്പത്തെ കണ്ടുപിടിച്ച മഹാനായ ആര്യവൃദ്ധൻ ഇപ്പോഴത്തെ ഏതു ജാതിയുടെ പിതാവായിരുന്നു എന്നു നിർണ്ണയിക്കുന്നതു് അശക്യമാണ്. ഇപ്പോൾ നെയി

Digitized By Kerala Sahitya Akademi

ത്തുകാരൻ താണജാതിക്കാരനാകുന്നു. ഇൻഡ്യയിലെ ദുരഭിമാനികളായ ആര്യമാനികളിൽ ആരെങ്കിലും ആ മഹാൻ നമ്മുടെ പൂർവപിതാമഹാന്മാരിൽ ഒരാളെന്നുപറവാൻകൂടി സാങ്കോചിക്കുന്ന പക്ഷം അവർ ആത്മശ്രേയസ്സിനെ അറിയാത്ത അനുത്തരവാദികളാകുന്നു. എത്ര താഴ്ന്ന ജാതിയായി ഗണിക്കപ്പെട്ടാലും വേണ്ടില്ല, ഭൂമിയിലുള്ള നൂറുൻപതുകോടി മനുഷ്യ സ്ത്രീപുരുഷന്മാരുടെ മര്യാദയേയും സുഖസ്ഥിതിയേയും പരിപാലിച്ച് അവരുടെ നിത്യ കൃതജ്ഞതയ്ക്കു പാത്രീഭവിച്ചിരിക്കുന്ന ആദ്യത്തെ നെയ്ത്തുകാരൻ ഞങ്ങളുടെ കുലകുടസ്ഥനാണെന്നു പറവാൻ അനുവദിക്കുമെങ്കിൽ നന്ദി പൂർവം സ്വീകരിച്ചു കൊൾവാൻ തയ്യാറാണ്.

''അന്യന്മാരാൽ നശിപ്പിക്കപ്പെട്ടതിലും അധികം പേർ തന്നത്താൽ നശിച്ചിട്ടുണ്ട്; കൊടുങ്കാറ്റുകളേയും ഭൂകമ്പങ്ങളേയുംകാൾ ഭയങ്കരങ്ങളും പട്ടണങ്ങളും മനുഷ്യൻ നശിപ്പിച്ചിട്ടുണ്ട്'' എന്നു് ഒരു ആംഗ്ലേയ പണ്ഡിതൻ പറഞ്ഞിരിക്കുന്നു. ഇതു വെറും വാസ്തവമാകുന്നു. ഇൻഡ്യയുടെ അധ:പതനത്തിനു് ഇൻഡ്യക്കാർ തന്നെയാണു് ഉത്തരവാദികളും. സ്മൃതികർത്താക്കന്മാരുടെ കാലത്തോടുകൂടി ചികിത്സ, ജ്യോതിഷം ഈ ഉൽകൃഷ്ട വിദ്യകളിൽ പ്രവേശിച്ചിരുന്നവർ പോലും നിഷിദ്ധരായ സ്ഥിതിക്കു് മനുഷ്യ ജീവിതത്തിനു് അത്യാവശ്യങ്ങളും രാജ്യൈശ്വര്യ നിദാനങ്ങളുമായ കൈത്തൊഴിലുകളും ചെയ്യുന്ന തൊഴിലാളികളും നിഷിദ്ധരായതു അത്ഭുതമാണോ? എന്നാൽ ആദ്യകാലങ്ങളും ഭാഗ്യവശാൽ മിക്കവാറും കഴിഞ്ഞുകൂടിയിരിക്കുന്നു. ന്യായമായ വിധത്തിൽ പണം സമ്പാദിപ്പാനുള്ള ഏതു തൊഴിലും ഇപ്പോളും മനുഷ്യന്റെ ശ്രദ്ധയെ ബഹുമാന പൂർവം ആകർഷിച്ചു തുടങ്ങിയിരിക്കുന്നു.

നെയിത്തുകാരായി ഇൻഡ്യയിൽ ഒന്നിലധികം ജാതിക്കാരെ കാണുന്നുണ്ട് എങ്കിലും ദക്ഷിണ ഇൻഡ്യയിൽ 'പാലിയർ' എന്ന ജാതിയാണ് ഇതിൽ സവിശേഷമായി ഏർപ്പെട്ടിരിക്കുന്നതെന്നു പറയുന്നു. മധുരയിലെ വിശേഷതരം പട്ടുകളും സോമനും നെയ്തുണ്ടാക്കുന്ന ഒരു ജാതിക്കാരെ പട്ടനൂൽ ചെട്ടികളും എന്നു വിളിക്കുന്നു. അവർ സ്വയമേവ തങ്ങളെ സൗരാഷ്ട്ര ബ്രാഹ്മണർ എന്നഭിമാനിക്കുകയും ബ്രാഹ്മണാചാരങ്ങളെ അനുഷ്ഠിക്കുകയും ചെയ്യുന്നു. ഇതിൽ വല്ല വാസ്തവവുമുണ്ടെങ്കിൽ അതു് ഏതു തൊഴിലും ആർക്കും ചെയ്യാമെന്നുള്ള ഒന്നു മാത്രമാകുന്നു. ശിവകാശിയിൽ നാടാന്മാർ തങ്ങൾ ക്ഷത്രിയരാണെന്നോ ഇവർ ബ്രാഹ്മണരാണെന്നോ അഭിമാനിക്കുന്നതുകൊണ്ടു് ആർക്കും യാതൊരു നഷ്ടവും വരാനില്ല. എന്നാൽ ആ നിസ്സാരമായ വെറും അഭിമാനത്തിനുവേണ്ടി അവർ തങ്ങളുടെ വിലയേറിയ കൈത്തൊഴിലുകളിൽകൂടി ഒരിക്കൽ വെറുപ്പും അനാസ്ഥയും കാണിക്കുകയാണെങ്കിൽ അതു് അവർക്കും നാട്ടിനും ദോഷാവഹമായേ ഇരിക്കൂ.

നമ്മുടെ സമുദായത്തിനും തുണിനെയ്ത്തിനുമായി ഗണ്യമായ സംബന്ധം കാണുന്നുണ്ട്. ദക്ഷിണ ഇൻഡ്യയിൽ പല സ്ഥലങ്ങളിലും ദക്ഷിണ കേരളം മുഴുവനും നമ്മുടെ ജാതിക്കാരിൽ ഏറിയകൂറും നെയിത്തു കൊണ്ടാകുന്ന കാലം കഴിച്ചു വരുന്നതു്. ഇപ്പോൾ വേറെയും പല തൊഴിലുകളിലും അവർ പ്രവേശിക്കുന്നു എങ്കിലും ആവശ്യമുള്ളിടത്തോളം നാടൻ ജവളികളിൽ അധിക ഭാഗവും

Digitized By Kerala Sahitya Akademi

നെയ്ത്തുണ്ടാക്കുന്നതു് അവർ തന്നെ ആകുന്നു. തൂത്തുക്കുടി, തിരുനൽവേലി, മുതലായ തമിഴ് രാജ്യങ്ങളിൽ നമ്മുടെ ജാതിക്കാർ അവിടവിടായി കാണപ്പെടുന്നുണ്ടു്. അവർ മദ്യം വിറ്റു വന്നിരുന്നു എങ്കിലും അവരുടെ പുരാതനത്തൊഴിൽ തുണി നെയിത്താകുന്നു. അതിനെ അവർ ഇപ്പോഴും ബലമായി അനുഷ്ഠിച്ചു വരുന്നുണ്ടു്. കള്ളെടുക്കുന്നതു് അവർ പെട്ടിട്ടില്ല. അതു് അവർക്കു നിന്ദ്യമായിട്ടുള്ളതു മാണത്രേ. ഈ സമ്പ്രദായം തമിഴ്ഈഴവരുടെ ഇടയിൽ തിരുവിതാംകൂറിന്റെ തെക്കുകിഴക്കു അതിർത്തികളിലും കൊല്ലം വരെയുള്ള ദക്ഷിണ തിരുവിതാംകൂറിലെ മലയാള ഈഴവരുടെ ഇടയിലും മിക്കവാറും തുല്യമായി കാണപ്പെടുന്നു. ചെത്തു നികൃഷ്ടമാണെന്നു വിചാരിക്കുന്ന ഈഴവർ ദക്ഷിണ തിരുവിതാംകൂറിൽ പലരുമുണ്ടു് നെയിത്തിനെ ആരും ഇതുവരെ നിന്ദിച്ചിട്ടില്ലെന്നു മാത്രമല്ല. നെയിത്തു് ജാതിത്തൊഴിലായിട്ടുള്ള ജാതി ഈഴവനല്ലാതെ വേറെയും ലോകത്തിലുണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കുന്നവർ തന്നെ അവരിൽ ചുരുക്കമാകുന്നു. ഇതു് അവരുടെ ജാതിത്തൊഴിലായി ഊഹിക്കപ്പെട്ടിരിക്കുകയും ചാലിയാർ തിരുവിതാംകൂറിൽ നെയ്യാറിന്റെകരയ്ക്കുള്ള ബാലരാമപുരത്തും അമരവിളയ്ക്കു കിഴക്കു നാഗരുകോവിൽ ഡിസ്ട്രിക്ടിലും മാത്രം ചുരുക്കമായി കാണുന്നുണ്ടു്. അവർ ബാലരാമവർമ്മ രാജാവിന്റെ കാലമായ അത്ര അടുത്ത കാലത്തു കീഴക്കു നിന്നും കൊണ്ടുവന്നു കുടിപാർപ്പിക്കപ്പെട്ടവരും ആകുന്നു. ചാലിയക്കു മുമ്പിലത്തേക്കാൾ ഇപ്പോൾ ജാതി ശ്രേഷ്ഠത ഇവിടെ വർദ്ധിച്ചു വരുന്നതായിക്കാണുന്നു. മുമ്പിൽ അവർ അശേഷം ദരിദ്രന്മാരും കേവലം അജ്ഞന്മാരുമായിരുന്നു. സ്ത്രീകളും പുരുഷന്മാരും നിരന്തരമായി നെയിത്തു ജോലിയിൽ പ്രവേശിച്ചു് പണം സമ്പാദിച്ചു ധാരാളം പണം ഉണ്ടാക്കിയതോടുകൂടി അവർക്കു ജാതി ശ്രേഷ്ഠത താനേ വരുന്നതു് അത്ഭുതമല്ലല്ലോ. ഇവിടെ ആകുന്നു വ്യവസായത്തിന്റെ രഹസ്യത്തെ നാം കാണുന്നതു്.

വടക്കേ മലയാളത്തിൽ തലശ്ശേരി മുതലായ സ്ഥലങ്ങളിൽ ചാലിയർ മാത്രമാണു തുണി നെയ്യുന്നതു്. അവർ അവരുടെ തിരുവിതാംകൂറിലെ സഹോദരരെപ്പോലെ തമിഴരല്ല. വേഷത്തിലും ഭാഷയിലും എല്ലാം മലയാളികളാകുന്നു. ജാതിസംബന്ധമായ നിലയിൽ അവർ തീയർക്കു് ഒരു പടി മുകളിലാണെന്നുകൂടി പറഞ്ഞാൽ തരക്കേടില്ല. തീയർ കളിക്കാൻ പാടില്ലാത്ത ബ്രാഹ്മണന്റേയോ നായരുടേയോ കളത്തിൽ ചാലിയനു വിരോധം കാണുന്നില്ല. ഒരു തൊഴിലിലും വൈമുഖ്യം കാണിക്കാത്ത അവിടത്തെ തീയർ എന്തുകൊണ്ടാണു തുണി നെയിത്തു് അഭ്യസിക്കാത്തതെന്നറിഞ്ഞില്ല. കോഴിക്കോട്ടു തീയരുടെ ഇടയിൽ നെയിത്തുകാരുണ്ടു്. പക്ഷേ ഭാഗ്യദോഷംകൊണ്ടു് മറ്റു തീയർ അവരെ പ്രത്യേകം വർഗ്ഗമായി തിരിച്ചു നിർത്തിയിരിക്കയാണെന്നു തോന്നുന്നു. തിരുവിതാംകൂറിന്റെ തെക്കേ അറ്റത്തു വരുമ്പോൾ സംഗതി നേരേ മറിഞ്ഞു വീഴുകയാകുന്നു.

ഈ അടിസ്ഥാനമില്ലാത്ത ശാഠ്യങ്ങൾ ഇനി വളരെക്കാലം നിലനില്ക്കുമെന്നു വിചാരിപ്പാൻ തരമില്ല. തിരുവനന്തപുരത്തു ബ്രഹ്മശ്രീ സദാനന്ദസ്വാമി അവർകളുടേയും യോഗ്യരായ മറ്റു പലരുടേയും അത്യൽസാഹത്താൽ നായൻമാരും ഇപ്പോൾ തുണിനെയിത്തുകൾ അഭ്യസിക്കുകയും നെയ്യുകയും ചെയ്യുന്നുണ്ടു്. കരകൗശലശാലകളിലും ജാതിഭേദം കൂടാതെ ഇതിനെ പഠിപ്പിച്ചുവരുന്നുണ്ടു്. വട

Digitized By Kerala Sahitya Akademi

ക്കേ തിരുവിതാംകൂറിലും പലർ ഇപ്പോൾ നെയിത്തുശാലകൾ എർപ്പെടുത്തുന്നതിനു് ഉത്സാഹിക്കുന്നതായറിയുന്നു. കോഴിക്കോട്ടെ പ്രസിദ്ധ ജന്മിയായ മ. രാ. രാ. എം. സി. രാരിച്ചൻ മുപ്പൻ അവർകൾ തുണി നെയിത്തിനെ പ്രോൽസാഹിപ്പിപ്പാൻ വിചാരിക്കുന്നുണ്ടെന്നറിയുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു.

വടക്കോട്ടു നമ്മുടെ ജാതിക്കാരിൽ ധനികൻമാരല്ലാത്തവർ ആശ്രയിച്ചിരിക്കുന്ന ഒറ്റത്തൊഴിൽ ചെത്തു മാത്രമാകുന്നു. എക്സൈസ് ഏർപ്പാടുകളും മറും കൊണ്ടു് ഗവർമ്മെൻറ് കഠിനമായി നിർബന്ധിച്ചു് ആദായം അപഹരിച്ചുകളയുമ്പോൾ അശേഷം ഗുണമില്ലാതായി പോകാവുന്ന ഒരു തൊഴിലിനെ മാത്രം വച്ചുകൊണ്ടിരിക്കുന്നതു് വെറും വിചാരമില്ലായ്മയാകുന്നു. നമ്മുടെ ജനങ്ങൾ എല്ലാ തൊഴിലുകളും പഠിച്ചിരിക്കേണ്ടതും സ്വീകരിക്കുകയും കൂട്ടികാണിക്കുകയും കൂടി ചെയ്യാവുന്നതും നിർദ്ദോഷവും ആദായകരവുമായ തുണി നെയിത്തിനെ വിശേഷിച്ചും പ്രചാരപ്പെടുത്തേണ്ടതും ആകുന്നു. മലയാളത്തിൽ ഏറ്റവും ജനസംഖ്യയുള്ള സമുദായം നാമാകയാൽ സൗകര്യവും ആദായവുമുള്ള ഏതു തൊഴിലിനേയും അംഗീകരിക്കേണ്ടുന്ന ആവശ്യകത നമ്മെപ്പോലെ മറ്റാർക്കും ഉണ്ടായിരിപ്പാൻ പാടില്ല.

ചിറയിൻകീഴ്, തിരുവനന്തപുരം, നെയ്യാറ്റിൻകര മുതലായ താലൂക്കുകളിൽ നമ്മുടെ ജനങ്ങൾ പരുത്തിനൂലിൽ ഉള്ള ഏതു മേന്തരം തുണികളേയും അവയിൽ കസവും മറും കൊണ്ടു് വിചിത്രങ്ങളായ പലതരം കൈവേലകളേയും ചെയ്യുന്നു. 'ഇരണി', 'കോട്ടാറൻ' ഈ തരങ്ങൾ എല്ലാം തുല്യ ഗുണങ്ങളോടു കൂടിത്തന്നെ ടി സ്ഥലങ്ങളിൽ ഉണ്ടാകുന്നു. നസ്രാണി സ്ത്രീകൾ ഉടുക്കുന്ന ഒരുതരം കസവു കരിവച്ച പുടവകൾ മുഴുവനും വടക്കൻ ദിക്കുകളിലേക്കു് അയയ്ക്കപ്പെടുന്നതു് ചിറയിൻകീഴ്, കടയ്ക്കാവൂർ, വക്കം ഈ പ്രദേശങ്ങളിൽ നിന്നും ആകുന്നു. അവിടത്തെ ധനവാൻമാരായ ഈഴവർ എല്ലാം ഈ വ്യാപാരം കൊണ്ടു വർദ്ധിച്ചവരും വർദ്ധിക്കുന്നവരും ആണു്.

നെയ്യുന്നതുപോലെതന്നെ തുണികളെ ശേഖരിച്ചു് ദേശഭേദങ്ങളെ അറിഞ്ഞു് അതാതു സ്ഥലങ്ങൾക്കു് അനുരൂപമായ തരങ്ങളെ ഏജൻറന്മാർ (അങ്ങനെ ശേഖരിച്ചു വിൽക്കുന്നവരുടെ പേർ അതാണു്) പണ്ടു പണ്ടേ ശേഖരിച്ചു കൊടുത്തുവന്നിരുന്ന കച്ചവടക്കാരും ആ സ്ഥലങ്ങളിലും തന്നെ കൊടുത്തുകൊണ്ടിരിക്കയല്ലാതെ ഓരോ ദേശങ്ങളിലും സഞ്ചരിച്ചു് അവിടവിടത്തെ ആവശ്യങ്ങളെ മനസ്സിലാക്കി അതിന്നനുരൂപമായ വിധത്തിൽ ചരക്കുകളെ ഉണ്ടാക്കിച്ചു വിറ്റു വിശേഷ ആദായം എടുക്കുന്നതിനോ തങ്ങളുടെ കച്ചവടത്തെ പൂർവാധികമായി വർദ്ധിപ്പിക്കുന്നതിനോ തുനിയാത്തതു ദയനീയമാണു്. നാം ഇവിടെ ഉണ്ടാക്കുന്ന തരങ്ങൾ മലയാളരാജ്യം മുഴുവൻ ചിലവുള്ളവയാകുന്നു. അതുകൊണ്ടു് കൊച്ചി, തെക്കേമലബാർ, വടക്കേ മലബാർ ഈ സ്ഥലങ്ങളിൽ എല്ലാം നമ്മുടെ തരകൻമാർ ഏജൻറന്മാരെ ഏർപ്പെടുത്തിയാൽ ചരക്കുകൾക്കു വളരെ അഴിവും ആദായവും ഉണ്ടാകുന്നതാണു്. വക്കത്തുനിന്നും ഒരാൾ കായംകുളം കമ്പോളത്തിലും തിരുവനന്തപുരത്തിനടുത്ത കുളത്തൂർ നിന്നും ഒരാൾ തലശ്ശേരിയിലും ജവളി വ്യാപാരം തുടങ്ങിയിരിക്കുന്നതായറിയുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

ഉൽസാഹപൂർവം ശ്രമിക്കുന്നതായാൽ നമ്മുടെ വസ്ത്രങ്ങൾ ബംഗാളം മുതലായ ദേശങ്ങളിൽ കൂടി കയറ്റിഅയയ്ക്കപ്പെടാവുന്നതാണു്. പത്തുമുളം നീളവും രണ്ടു

Digitized By Kerala Sahitya Akademi

രമുളം വീതിയും വിളുമ്പുകളിൽ ഒരിഞ്ച് അകലത്തിൽ കുറുപ്പും ചുവപ്പും കൊണ്ടുള്ള ഭംഗിയേറിയ കരകളും ഉള്ള 80 -ാ 100—ം നമ്പ്ര ന്യൂകളാൽ നെയ്യപ്പെടുന്ന നേർത്ത നാടൻ തരങ്ങൾ ഏതു ബംഗാളി ബാബുവിനേയും ആകർഷിക്കുന്നവയാണ്. അതിൽതന്നെ വിളുമ്പിലേപ്പോലെയുള്ള രണ്ടു കരകൾ മധ്യത്തുകൂടി നീളത്തിൽ ഓടിയിരുന്നാൽ ആ നേർത്ത പുടവ ഏതു ബംഗാളിയുവതിക്കും ഇണങ്ങുന്നതാണ്.

ലാർഡ് കർസന്റെ ബംഗാൾ വിഭജനംകൊണ്ട് അതികുപിതന്മാരായി ബ്രിട്ടീഷ് ഭരണത്തിൽ അതൃപ്തിപ്പെട്ട് ബിലാത്തിച്ചരക്കുകളെ കഠിനമായ വംശിയോടുകൂടി വെറുത്തുകളഞ്ഞിരിക്കുന്ന ബംഗാളികളുടെ ഇടയിൽ വസ്ത്രദാരിദ്ര്യം ഉണ്ടാകുമെന്നുള്ളതും വളരെ സംഭാവ്യമാകുന്നു. ബംഗാളത്തിൽ അധികം വസ്ത്രങ്ങൾ നെയ്യപ്പെടുന്നുണ്ടെങ്കിലും അവിടത്തെ കാലാനുസരണമായ ആവശ്യത്തിന് അവ മതിയാകുമെന്നു തോന്നുന്നില്ല. ബംഗാളത്തെ ബായിക്കാട്ടിങ്ങ് അല്ലെങ്കിൽ വിദേശ ക്രയവിവർജ്ജനം കൊണ്ട് ഇംഗ്ലണ്ടിൽ മാൻചസ്റ്റർ മുതലായ വലിയ നെയിത്തു യന്ത്രാലയസ്ഥലങ്ങളിൽ വളരെ കുഴപ്പം നേരിട്ടിരിക്കയാകുന്നു. ഈ വിദേശച്ചരക്കിനോടുള്ള വെറുപ്പ് ഇതു ഉജ്ജിതത്തോടുകൂടിയല്ലെങ്കിലും ഇന്ത്യക്കാരുടെ ഇടയിൽ മേലാൽ നിലനിൽക്കുന്നതാണെന്നു വിചാരിപ്പാൻ പല കാരണങ്ങളും ഇപ്പോൾ ഉണ്ട്. അതുകൊണ്ട് തൊഴിലാളികളും കച്ചവടക്കാരുമായ നാം ഇപ്പോൾ ഏറവും ഉണർച്ചയോടുകൂടി ഇരിക്കേണ്ട അവസരമാകുന്നു.

''ഓടം മുട്ടുപാവിൽ ജവമോടും ഗുണമേറാ—
നോടും പടിയും സമ്പ്രതി നീ ചെയ്വൊരു പൂവിൽ
തേടും മണമേലായുമിലും ശോഭനിറത്താൽ
കൂടും പടിയും സോദര, നെയ്യൂ തുണി നെയ്യൂ !
അന്തിക്കെഴുമർക്കന്നെഴുമോരോ കിരണം പോൽ
ചന്തം ചിതറുന്നാ നിറമെല്ലാം വിലസട്ടെ
അന്തർഗതമായ് നിന്നഴകോടുന്നിഴതോറും
ചിന്തട്ടെ, യതിൻ ശോഭകളാ നിന്നെച്ചുഴലട്ടെ !
നീക്കം കയറാട്ടാടയിൽ, നന്മേറി വരട്ടേ—
യാക്കെയണയട്ടേ വിരവായും ശരിയായും ;
എക്കാലവുമേ നിൻതുണി ന്യൂലൊന്നഴിയാതെ
നിൽക്കട്ടിഹ നീണാളൊരു നേരേന്നതുപോലെ.
കായേകനെടുക്കാമിഹ പൂവേകനിറുക്കാം
വായാതെ വിതയ്ക്കാമഥ വിത്തന്യനൊരുത്തൻ
ആയാസമതെന്നാൽ വിധിസങ്കല്പിതമാക്കും
നീയോർത്തതു ഹേ സോദര, നെയ്യൂ തുണി നെയ്യൂ !''

വിവേ : 1081 ചിങ്ങം

Digitized By Kerala Sahitya Akademi

മഹാപുരുഷന്മാരും ജനസമുദായവും

ഒരു ജനസമുദായത്തിന്റെ വൈദികമായോ ലൗകികമായോ ഉള്ള നിലയ്ക്ക് അനല്പമായ വല്ല ഉടവുകളും തട്ടത്തക്കവിധത്തിൽ അത്യാപത്കരങ്ങളായ വല്ല സംഭവങ്ങളും ഉണ്ടായേക്കാം. അപ്രകാരം തന്നെ ആ സമുദായത്തെ സാമൂഹ്യപരിണാമത്തിന്റെ സമ്പ്രദായ വിശേഷങ്ങൾക്ക് അനുരൂപമായി പരിഷ്കരിക്കുന്നതിലേക്കുള്ള വല്ല ഉദ്യമങ്ങളും പുറപ്പെട്ടേക്കാം. ഇങ്ങനെയുള്ള ഘട്ടങ്ങളിൽ കാര്യങ്ങളുടെ ഗതിക്ക് ഒരു പുനരുദ്ധാരമവേണമെന്നുള്ള ആകാംക്ഷ ആ സമുദായത്തിൽ ഉദിക്കുന്നതു സ്വാഭാവികമാകുന്നു ഈ ആകാംക്ഷ പ്രാരംഭത്തിൽ മനസ്സിനു ഗോചരമല്ലാത്ത വിധത്തിൽ അജ്ഞേയമായി പ്രവർത്തിക്കുന്നു. ക്രമേണ അതു മനസ്സിനു വിഷമമായിത്തീരുകയും പ്രബലീകൃതമാവുകയും ചെയ്യുന്നു. അപ്പോൾ സമുദായം മുഴുവനും ഒന്നുചേർന്നു ഏക ശക്തി എന്ന പോലെ ദോഷങ്ങളെ പരിഹരിക്കുവാനും ശത്രുക്കളെ നിരോധിക്കുവാനും ഉദ്യമിക്കുന്നു. ഈ ഉദ്യമത്തിൽ വിജയവും പരാജയവും നേരിട്ടേക്കാം. ഏതായാലും അവരുടെ ഉദ്ദേശ്യം നല്ല നിലയെ പ്രാപിക്കണമെന്നുള്ളതാകുന്നു.

ഒരു ജനസമുദായത്തിന്റെ വിചാരങ്ങളും ഫലപ്രദങ്ങളായിത്തീരുന്നതിനു് ഏറ്റവും ഉചിതവും പൂർണ്ണവുമായ രൂപത്തെ പ്രാപിക്കുന്ന സ്ഥാനങ്ങളാം മഹാപുരുഷന്മാർ ആകുന്നു. തങ്ങൾ ഏതു സമുദായത്തിനുവേണ്ടി യത്നിക്കുന്നുവോ ആ സമുദായത്തിന്റെ പ്രബലമായ വിചാരശക്തിയുടെ ഫലമായിട്ടാണു് ആ മഹാപുരുഷന്മാർ ജനിക്കുന്നതെന്നു വിശ്വസിക്കുന്നവർ വളരെയുണ്ടു്. അവർ ജനസമുദായത്തിൽ സാർവ്വത്രികമായി തീർന്നിട്ടുള്ള ആഗ്രഹങ്ങളെ പൂർണ്ണമായി ഗ്രഹിക്കുന്നതിനു കഴിയുന്ന മനശ്ശരീരങ്ങളോടുകൂടിയ അത്യന്തം വികസിച്ചിട്ടുള്ള ആത്മാക്കളാണെന്നും സമുദായത്തിന്റെ പ്രബലമായ വിചാര ശക്തിക്കു് അതിന്റെ വ്യാപാരങ്ങളെ പ്രത്യക്ഷീകരിക്കുന്നതിനു് അത്യന്തം ഉപയുക്തങ്ങളായ സ്ഥാനങ്ങളാണെന്നും ഉള്ളതിനു സംശയമില്ല. അക്കാലത്തെ വിചാരങ്ങളുടെയും ആഗ്രഹങ്ങളുടെയും ഫലങ്ങളാണത്രേ അവരുടെ പ്രവൃത്തികൾ.

മഹാപുരുഷൻമാരുടെ പ്രവൃത്തികൾ കാലക്രമംകൊണ്ടു് സമുദായത്തിന്റെ സ്ഥിതികളെ പരിഷ്കരിക്കുന്നതായിട്ടു തന്നെയാണു് പരിണമിക്കുന്നതു്. എങ്കിലും അവ പലപ്പോഴും ആപൽക്കരങ്ങളായി തോന്നുന്നതും അത്ര അസാധാരണമല്ല. എന്നുമാത്രമല്ല, കാര്യങ്ങളെ ദീർഘമായി ചിന്തിച്ചുകാണുന്നതിനു ശക്തിയില്ലാത്തവർ അങ്ങനെയുള്ള മഹാപുരുഷന്മാരെ സമുദായത്തിന്റെ ശത്രുക്കളായി പരിഗണിക്കുകയും അവരുടെ പ്രവൃത്തികളെക്കുറിച്ചു തെറ്റായ അഭിപ്രായങ്ങളെ പുറപ്പെടുവിക്കയും ചെയ്യുന്നു. ഇപ്രകാരമായിരുന്ന രാജാറാം മോഹൻറായി, സ്വാമി ദയാനന്ദ സരസ്വതി മുതലായവരെപ്പോലെയുള്ള മഹാപുരുഷന്മാരുടെ അവസ്ഥ. ജനങ്ങളെ ആകർഷിക്കത്തക്ക പ്രബലങ്ങളായ ഏർപ്പാടുകളോടുകൂടിയ ക്രിസ്തുമതത്തിന്റെയും ആത്മീയമായ എല്ലാറ്റിന്റെയും അസ്ഥിവാരത്തെ അടിച്ചിളക്കിക്കളവാൻ നിർഭയമായി യത്നിക്കുന്ന പാശ്ചാത്യ ജഡതത്ത്വവാദത്തി

Digitized By Kerala Sahitya Akademi

ന്റെയും ആവിർഭാവത്തോടു കൂടി ഭാരതീയ ജനസമുദായത്തിൽ അധികം ഉയർന്ന വിഭാഗക്കാർ അന്ധാളിക്കയും തങ്ങളുടെ പ്രാചീനമായ മതത്തിന്റെ അർത്ഥത്തെ മനസ്സിലാക്കുവാൻ ശക്തിയില്ലാതെ അതിലെ തത്ത്വങ്ങളെ സംശയിക്കയും തെറ്റിദ്ധരിക്കയും ചെയ്തുതുടങ്ങി. അപ്പോഴാണ് തങ്ങളുടെ നഷ്ടപ്രായമായിത്തീർന്ന ശക്തികളെ ഉദ്ധരിക്കണമെന്ന മോഹം ജനസമുദായത്തിൽ ഉത്ഭവിച്ചു. അവരുടെ വിചാരശക്തി അതിന്റെ പ്രവൃത്തിസ്ഥാനങ്ങളെ രാജാറാം മോഹൻറായി, സ്വാമി ദയാനന്ദ സരസ്വതി എന്നീ പുരുഷകേസരികളിൽ കണ്ടെത്തി. അവർ അക്ഷീണമായി യത്നിച്ചു. അവരുടെ സമ്പ്രദായങ്ങൾ സ്വമതത്തിനു് ഏറെക്കുറെ വിരോധമായി കാണപ്പെട്ടു. എന്നാൽ അക്കാലത്തെ ആവശ്യങ്ങളെ നിർവഹിക്കുന്നതിനു് അങ്ങനെയുള്ള സമ്പ്രദായങ്ങൾ അപേക്ഷിതങ്ങളായിരുന്നു. അവരുടെ ശത്രുത്വം വേഷപ്രച്ഛന്നമായ പ്രണയം മാത്രമല്ലായിരുന്നുവോ? ബ്രഹ്മസമാജവും ആര്യസമാജവും ഉത്ഭവിച്ചില്ലായിരുന്നുവെങ്കിൽ അക്കാലത്തു് അനേകം ഹിന്ദുക്കൾ ക്രിസ്തുമതം സ്വീകരിക്കയോ ആത്മീയകാര്യങ്ങളിൽ ആശ്വാസമില്ലാത്തവരായിത്തീരുകയോ ചെയ്യുമായിരുന്നു എന്നതിനു സംശയമില്ല. ഈ സമാജങ്ങളുടെ ജീവനും രക്തവും ഹിന്ദുമതത്തിന്റേതു തന്നെയാകുന്നു. അവ ഹിന്ദുമതമാകുന്ന മാതാവിന്റെ കലഹശീലന്മാരായ പുത്രന്മാരാകുന്നു. അന്യന്മാരുടെ ആക്രമണങ്ങളിൽനിന്നും മാതാവിനെ രക്ഷിക്കുന്നതിലേക്കു് അപ്രകാരമുള്ള കലഹം ഒഴിച്ചുകൂടാത്തതായിരുന്നു. ദീർഘാലോചനയുള്ള ഒരു ഹിന്ദു ഒരു ബ്രഹ്മസമാജക്കാരനോടോ ആര്യസമാജക്കാരനോടോ നീരസം ഭാവിക്കുന്നതിനു പകരം അവരെ സൗഹാർദ്ദത്തോടും കൃതജ്ഞതയോടും കൂടി തന്റെ ആത്മസോദരന്മാരെപ്പോലെ വിചാരിക്കയത്രേ ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ സ്വന്തംകടുംബത്തെ ഉപേക്ഷിച്ചു പൊതുമാതാവിന്റെ പ്രതിപക്ഷികളെ അവരുടെ സ്വന്തപാളയത്തിൽ തന്നെ പെന്നു നിരോധിക്കുന്നതിലേക്കു സമുദായത്തിന്റെ വിചാരശക്തിയാൽ നിർബന്ധിക്കപ്പെട്ടവരാകുന്നു.

പ്രത്യക്ഷത്തിൽ വിരോധമെന്നു തോന്നുന്ന ഇപ്രകാരമുള്ള മാർഗ്ഗങ്ങളെ അവലംബിക്കുവാൻ ഇടവരുത്തിയതു കാലം ആകുന്നു. അവയെക്കൊണ്ടുള്ള ആവശ്യം അവസാനിക്കുന്നതോടുകൂടി ബുദ്ധമതത്തെപ്പോലെ അവയും അവരുടെ മാതാവായ ഹിന്ദുമതത്തിൽ തന്നെ ലയിക്കുമോ എന്നും അഥവാ സ്വതന്ത്രമായി ശാശ്വതമായി വർത്തിക്കുമോ എന്നും കാലം തന്നെ രേഖപ്പെടുത്തുന്നതുമാകുന്നു.

മഹാപുരുഷന്മാരുടെ നേരേ നാം സദാ പെരുമാറേണ്ടതു് അത്യന്തം അനന്യസരണയോടുകൂടി വേണം. നാം വല്ലതും ചെയ്യുന്നതിനു മാത്രം ജീവിക്കുന്നവരാകുന്നു. പ്രത്യുത അവർ നമ്മുടെ മാർഗ്ഗദർശികളാകുന്നു. ജനസമുദായത്തിന്റെ വിചാരശക്തി അതിൽപ്പെട്ട ഒരാളുടേയോ ഒരു വിഭാഗത്തിന്റെയോ പ്രത്യേക കാര്യങ്ങളെ ഗണ്യമാക്കാതെ പൊതുവായ അഭിവൃദ്ധിക്കാണു് ഉദ്യമിക്കുന്നതു്. വിചാരശക്തിയുടെ പ്രത്യക്ഷീകരണം ഉണ്ടാവുന്നതു് മഹാപുരുഷന്മാർ മൂലമാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ അവരെ സഹായിക്കുക എന്നു വച്ചാൽ പരമാർത്ഥത്തിൽ ഈ പ്രത്യക്ഷീകരണത്തെ സഹായിക്കുകയാകുന്നു. ജനസമുദായത്തിന്റെ അഭിവൃദ്ധിക്കു സഹായം ഈ പ്രത്യക്ഷീകരണമാണല്ലോ. ഇതിൽനിന്നും ഈ പ്രത്യക്ഷീകരണത്തെ സഹായിക്കുന്നതു് സമുദായത്തിന്റെ അഭിവൃദ്ധിയെ സഹായിക്കുന്നതുതന്നെയാകുന്നു.

Digitized By Kerala Sahitya Akademi

യിക്കുകയാണെന്ന് സ്പഷ്ടമാവുന്നു. അതിനാൽ മഹാപുരുഷന്മാർ മൂലം വിചാര ശക്തിക്കുണ്ടാവുന്ന പ്രവൃത്തിവിശേഷങ്ങളെ ഗ്രഹിക്കുന്നതിനു ശക്തിയില്ലെന്നിരുന്നാലും അവരുടെ പ്രവൃത്തിക്രമത്തെ ചോദ്യം കൂടാതെയും ധനത്തേയും കീർത്തിയേയും ഗൃഹ്യസുഖങ്ങളേയും പ്രാണനെത്തന്നെയും തൃണവൽ ബലികഴിക്കുന്നതിനുള്ള ഒരുക്കത്തോടുകൂടിയും അനുകരിക്കേണ്ടതാകുന്നു തന്റെ സമുദായത്തിന്റെ ശ്രേയസ്സിനെ അന്തരംഗമായി കരുതിക്കുന്ന ഏവന്റേയും കർത്തവ്യകർമ്മം.

വിവേ: 1083 വൃശ്ചികം, ധനു

വേദാന്ത മതം

ഹിന്ദുക്കളുടെ വേദം കർമ്മകാണ്ഡം ജ്ഞാനകാണ്ഡം എന്നു രണ്ടായി പകുത്തിരിക്കുന്നു. ഇതിൽ ഒടുവിൽ പറഞ്ഞതിനു വേദാന്തം എന്നു പറയും. ജഗദാധാരമായ ബ്രഹ്മത്തിന്റെ സ്വഭാവത്തെയും ആത്മാവിന്റെ മോക്ഷത്തെയും അതിന്റെ മാർഗ്ഗങ്ങളേയും പറഞ്ഞു പറയുന്ന ഭാഗമാണത്. വേദാന്തം എന്നു പറഞ്ഞാൽ ഈ നാട്ടിൽ ജനങ്ങൾ അദ്വൈതം എന്നാണു മനസ്സിലാക്കുന്നത്. ഔതികശാസ്ത്രങ്ങളും മതങ്ങളും തത്ത്വജ്ഞാനങ്ങളും ഭയപ്പെട്ടുകൊണ്ടിരിയ്ക്കുന്ന ഇക്കാലത്തും വിദ്വൽ സമ്മതമായി നിലനിന്നുപോരുന്ന അദ്വൈത സിദ്ധാന്തത്തിന്റെ കേളികേട്ട പ്രവർത്തകനായ ശ്രീ ശങ്കരാചാര്യരുടെ നാട്ടിൽ ആ പദത്തിനു് അങ്ങനെ അർത്ഥമുണ്ടായതു് ആശ്ചര്യമല്ല. എന്നാൽ വേദാന്തമെന്നു പറഞ്ഞാൽ വാസ്തവത്തിൽ ചുരുങ്ങിയപക്ഷം നാലുമതങ്ങൾ അതിൽ അടങ്ങുന്നുണ്ടു്. അതായതു് (1) അദ്വൈതം (2) വിശിഷ്ടാദ്വൈതം (3) ദ്വൈതം (4) കേവലാദ്വൈതം അല്ലെങ്കിൽ വല്ലഭമതം ഇവയാകുന്നു. ഈ നാലുമാർഗ്ഗങ്ങൾക്കും സാമാന്യമായ അടിസ്ഥാനം ഉപനിഷത്തുകളും, ഉത്തരമീമാംസ എന്നുകൂടി പേരുള്ള ബ്രഹ്മസൂത്രങ്ങളും ആണു്. പേരുകൊണ്ടുതന്നെ ഭിന്നങ്ങളായി തോന്നാവുന്ന ഈ നാലുമാർഗ്ഗങ്ങൾക്കും ഉപനിഷത്തുകളും ബ്രഹ്മസൂത്രങ്ങളും എങ്ങിനെ ഒന്നുപോലെ പ്രമാണമായി എന്നൊരു ചോദ്യമുണ്ടാവാം. ഈ ചോദ്യത്തിന്റെ ഉത്തരം ഉത്തരമീമാംസയിൽ വ്യാസമഹർഷി നിർമ്മിച്ചിട്ടുള്ള ഓരോ സൂത്രങ്ങളേയും ഓരോപനിഷത്തുകളേയും തങ്ങളുടെ മതത്തെ അനുസരിച്ചു് അതാതു മതപ്രവർത്തകന്മാർ വ്യഖ്യാനിച്ചപ്പോൾ ഉപയോഗിച്ച സാമർത്ഥ്യ വിശേഷങ്ങളിൽ നിന്നാണു വെളിവാകുന്നതു്.

അദ്വൈത സിദ്ധാന്തത്തിന്റെ പ്രവർത്തകൻ ശങ്കരാചാര്യരാണെന്നു പറഞ്ഞുവല്ലോ. ആ മതപ്രകാരം ജീവൻ, ഈശ്വരൻ, ജഗത്തു് ഈ മൂന്നും സങ്കല്പമാത്രങ്ങൾ അല്ലെങ്കിൽ മായാകാര്യങ്ങളും ഇവയ്ക്കെല്ലാം അടിസ്ഥാനമായി സന്മാത്രമായിരിക്കുന്ന പരമാത്മാവു് അല്ലെങ്കിൽ ബ്രഹ്മം ഒന്നുമാത്രം സത്യവും ആകു

Digitized By Kerala Sahitya Akademi

ന്നു. എല്ലാ സൂത്രങ്ങൾക്കും ഉപനിഷദ് വാക്യങ്ങൾക്കും ഈ തത്ത്വത്തെ തോതാക്കി അദ്ദേഹം അർത്ഥ നിർണ്ണയം ചെയ്ത് തന്റെ മതത്തെ നിർഭയമായി സ്ഥാപിച്ചിരിക്കുന്നു.

വിശിഷ്ടാദ്വൈതത്തിന്റെ പ്രവർത്തകൻ ദ്രാവിഡ ദേശക്കാരനായ രാമാനുജാചാര്യരാണു്. ബ്രഹ്മം ഒന്നു മാത്രമേ സത്യമായുള്ളൂ എന്നുസിദ്ധിക്കുന്നതുകൊണ്ടു് ''അദ്വൈത'' മതം സ്വാർത്ഥകമാകുന്നു, ''വിശിഷ്ടാദ്വൈതം'' എന്നാലെന്താണു് ? ഈ മതപ്രകാരം ഈശ്വരനും ജീവനും ഉണ്ടു്. രണ്ടും ഗുണവിശിഷ്ടന്മാരാണു്. ഗുണങ്ങൾ ജ്ഞാനം, ശക്തി, ആനന്ദം ഇത്യാദികളാകുന്നു. ഇവ ഈശ്വരനിൽ, അതായത് വിഷ്ണുവിൽ, പൂർണ്ണമായും ജീവനിൽ അപൂർണ്ണമായും ഇരിക്കുന്നു. ഭക്തിജ്ഞാന യോഗാദികളെക്കൊണ്ടു ജീവനും പൂർണ്ണതയെ പ്രാപിക്കാം. അങ്ങനെ പൂർണ്ണനായ ജീവൻ വിഷ്ണുവിനോടു് അഭേദത്തെ പ്രാപിക്കുന്നു. ഇപ്രകാരം ഗുണവിശിഷ്ടനായ ഈശ്വരനോടു് ജീവൻ അഭേദത്തെ അല്ലെങ്കിൽ അദ്വൈതത്തെ പ്രാപിക്കുന്നതുകൊണ്ടു് രാമാനുജൻ തന്റെ മതത്തെ ''വിശിഷ്ടാദ്വൈതം'' എന്നു വിളിച്ചു. ജഗത്തു മിഥ്യയാണു്. മുക്തി സിദ്ധിച്ച ജീവന്മാരെല്ലാം ഈശ്വരന്മാരായി മാറുന്നു. അപ്പോൾ നിശ്ചയമായും അനവധി ഈശ്വരന്മാർ ഉണ്ടായിരിക്കണം. അതിൽ നമ്മുടെ പ്രാർത്ഥനയെ കേൾക്കുന്നതും ഭക്തിക്കു ഫലം നല്കുന്നതും ആരാണു് ? ഈ ചോദ്യത്തിനു് ഉത്തരമുണ്ടു്. മുക്ത്യവസ്ഥയിൽ ജീവന്മാർ ആകൃതിയിലും അനുഭവത്തിലും വിഷ്ണുവിനോടു തുല്യരാണെങ്കിലും ലോകത്തിന്റെ സൃഷ്ടി സ്ഥിതി കർതൃത്വം സാക്ഷാൽ വിഷ്ണുവിനു മാത്രമേ ഉണ്ടായിരിക്കുന്നുള്ളൂ. അതുകൊണ്ടു സേവിക്കേണ്ടതു സാക്ഷാൽ വിഷ്ണുവിനെത്തന്നെയാണു്. അദ്വൈത മതപ്രകാരം ഇതെല്ലാം സങ്കല്പ വിശേഷങ്ങളായിരുന്നാലും ലോകത്തിൽ ഭക്തിപരങ്ങളായ സിദ്ധാന്തങ്ങളിൽ ഒന്നിനും ഇതിനേക്കാൾ രമണീയമായ ഒരു സ്ഥാനത്തെ പ്രാപിപ്പാൻ കഴിഞ്ഞിട്ടില്ല.

ദ്വൈതമതത്തിന്റെ സ്ഥാപകൻ കർണ്ണാടക ജില്ലയിൽ ജനിച്ച മധ്വാചാര്യരാണു്. അദ്ദേഹത്തിന്റെ മതപ്രകാരം ജീവൻ, ഈശ്വരൻ ഇവർ മാത്രമല്ല ഈ കാണുന്ന സർവവും സത്യമാണു്. ജീവനു സേവകൊണ്ടു സംസാരദുഃഖങ്ങൾ നശിച്ചു വിഷ്ണുവിന്റെ സാലോക്യസാമീപ്യങ്ങളുണ്ടാകുന്നു. അത്രതന്നെ മുക്തി. മുക്തിയിൽ ജീവനു് ആനന്ദാനുഭവങ്ങളുണ്ടു്; എന്നാൽ വിഷ്ണുവിന്റെ ആനന്ദത്തോടതുല്യമല്ല. ജീവനു സർവജ്ഞത്വമോ സർവശക്തത്വമോ ഒരിക്കലും ഉണ്ടാകുന്നില്ല. മതത്തെ സംബന്ധിച്ച ഒരു പൊതുജനസാധാരണമായ അഭിപ്രായമാണു് മധ്വാചാര്യരെ പ്രേരിപ്പിച്ചതെന്നു തോന്നും. ന്യായവാദത്തിനു് ഇതു് അവസരം കൊടുക്കുന്നില്ല. കുസ്തുമാനിമതം മുതലായവയെപ്പോലെ വിശ്വാസമാണു് ഇതിന്റെ പ്രബലമായ പ്രമാണം. ന്യായസഹങ്ങളായ സൂത്രങ്ങളെ വ്യാഖ്യാനിക്കുമ്പോൾ പുരാണങ്ങളിൽ നിന്നു ശ്ലോകങ്ങളെ ഉദ്ധരിച്ചിട്ടാണു് മധ്വാചാര്യർ തന്റെ മതത്തെ സ്ഥാപിപ്പാൻ ശ്രമിക്കുന്നതു്. ''ഞാൻ ബ്രഹ്മമാകുന്നു'' ''നീ അതു് (ബ്രഹ്മം) ആകുന്നു'' ഇങ്ങനെ അർത്ഥമുള്ള ഉപനിഷദ്വാക്യങ്ങളെ തന്റെ മതപ്രകാരം വ്യാഖ്യാനിപ്പാൻ മധ്വാചാര്യർ നിഷ്പ്രയോജനമായിട്ടാണെങ്കിലും വളരെ ക്ലേശിക്കുന്നുണ്ടു്. ഒരു വിശേഷമാണു് ഈ മതത്തി

Digitized By Kerala Sahitya Akademi

നുള്ളതു്. ഈശ്വരനിഷ്ഠയുള്ള വിശ്വാസിയാണെങ്കിലും ഇദ്ദേഹം വേദവിധിപ്രകാരം യാഗാദികർമ്മങ്ങൾക്കായി ജന്തുഹിംസ ചെയ്യുന്ന വിഷയത്തിൽ വിരോധിയാണു്.

വല്ലഭമതത്തിന്റെ പ്രവർത്തകനായ വല്ലഭസ്വാമി ഗുജറാത്തുദേശക്കാരനാണു്. അതിന്റെ പ്രചാരവും അവിടത്തന്നെ. ഈ മതപ്രകാരം ജീവൻ, ഈശ്വരൻ, ജഗത്തു് ഇവയെല്ലാം ബ്രഹ്മമെന്നുതന്നെയാണു്. എന്നാൽ അദ്വൈതമതത്തിലെപ്പോലെയല്ല. അതിൽ ബ്രഹ്മഭിന്നമായിട്ടുള്ളതെല്ലാം മിഥ്യയാണല്ലോ. ഇവർക്കെല്ലാം സത്യം തന്നെയാണു്, എല്ലാം ബ്രഹ്മവുമാണു്. ബ്രഹ്മം നിർവികാരവും നിരാകാരവുമല്ല, സവികാരവും സാകാരവുമാണു്. ബ്രഹ്മം സർവവ്യാപകമായ ജ്ഞാനത്തോടുകൂടി സർവഭോഗങ്ങളേയും ഭുജിച്ചു് ആനന്ദിക്കുന്നു. ഈ ഭോഗപടുവായ ബ്രഹ്മത്തിൽ സായുജ്യം പ്രാപിക്കുന്ന ജീവൻ ബ്രഹ്മത്തിന്റെ നിലയിൽ സകല സുഖങ്ങളോടേയും ഭോക്തൃതാവായിത്തീരുന്നു. ഭഗവാൻ ശ്രീ കൃഷ്ണന്റെ വാസദേശത്തിൽ ഭഗവാന്റെ രാസക്രീഡാദി ബാഹ്യലീലകളെ യഥോക്തമാംവണ്ണം ഭക്തിയോടുകൂടി വിശ്വസിച്ചുപോരുന്ന ഒരു ജനസമുദായത്തിന്റെ ഇടയിൽ ഇപ്രകാരമൊരു മതമുണ്ടായതു് അസ്വാഭാവികമല്ലായിരിക്കാം. വല്ലഭസ്വാമി ഈ പരിണാമയുക്തിയെ പ്രമാണമാക്കി ബ്രഹ്മസൂത്രങ്ങളെ സുഗമമായ വിധത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു.

വേദാന്തമതത്തിന്റെ ഒരു സ്വരൂപം ഇതുമായിക്കൊണ്ടു ചുരുക്കത്തിൽ പറയപ്പെട്ട എന്നു വിശ്വസിക്കുന്നു. പ്രത്യക്ഷത്തിൽ വിരുദ്ധങ്ങളാണെങ്കിലും ഈ നാലു മാർഗ്ഗങ്ങളും സംസാരദുഃഖത്തിന്റെ ആത്യന്തികമായ നിവൃത്തിയെ അല്ലെങ്കിൽ മോക്ഷസുഖത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുകയാണെന്നുള്ള ഒരു സാധാരണ തത്ത്വം അവയ്ക്കെപ്പോഴും ഉണ്ടു്. രുചിഭേദത്തേയും ബുദ്ധിവൈചിത്ര്യത്തേയും അനുസരിച്ചു ഭിന്നമാർഗ്ഗങ്ങളായി പ്രവർത്തിക്കുന്നു എന്നേയുള്ളൂ.

യേ യഥാമാം പ്രപദ്യന്തേ
താം സ്തഥൈവ ഭജാമ്യഹം
മമ വർത്മാനു വർത്തന്തേ
മനുഷ്യാ : പാർത്ഥ സർവശ : — ഗീത.

ആരു് എന്നെ ഏതുപ്രകാരം ശരണം പ്രാപിക്കുന്നുവോ അവരെ അപ്രകാരംതന്നെ ഞാൻ അനുഗ്രഹിക്കുന്നു. അല്ലയോ അർജ്ജുനാ, എല്ലാ മനുഷ്യരും എതുപ്രകാരത്തിൽ ആയാലും എന്റെ വഴിക്കുതന്നെ വരികയാകുന്നു.

വിവേ : 1083 മിഥുനം, കർക്കടകം

Digitized By Kerala Sahitya Akademi

ജീവചരിത്രപഠനം

പ്രവൃത്തി ഉപദേശത്തേക്കാൾ നല്ല പാഠമാകുന്നു. മഹാന്മാരുടെ വാസ്തവമായ ജീവചരിത്രത്തെപ്പോലെ മനുഷ്യന്റെ സർവ പ്രകാരേണയുള്ള സ്ഥിതിയെ നന്നാക്കുന്നതിനുപയുക്തമായ പാഠവിഷയം മറെറാന്നില്ലെന്നുള്ളതു് സർവസമ്മതമാണു്. ഹിന്ദുക്കൾക്കു് ആമാതിരി ഗ്രന്ഥങ്ങൾ ദുർല്ലഭമായിരുന്നു. ഇംഗ്ലീഷിൽ നിന്നു പകർത്തിയോ അനുകരിച്ചോ ആയിരം പുസ്തകങ്ങൾ ഭാഗ്യവശാൽ നമ്മുടെ ഭാഷയിൽ ക്രമേണ എഴുതപ്പെട്ടു വരുന്നുണ്ടു്. മനുഷ്യൻ അനുകരണ സ്വഭാവത്തിനു പ്രസിദ്ധപ്പെട്ടവനാണു്. ജീവചരിത്രങ്ങളെ പഠിക്കുന്നതുകൊണ്ടു് മഹാന്മാരുടെ ശീലങ്ങളും സ്വഭാവങ്ങളും ക്രമേണ താൻ അറിയാതെ തന്നെ ഒരുവനു വന്നുകൂടുകയും അപ്രകാരം അവൻ അനായാസേന ഒരു മഹാനെന്നുള്ള സ്പൃഹണീയമായ പേരിനു പാത്രമായിത്തീരുകയും ചെയ്യുന്നു. ഏറക്കുറെ പരസ്പര വിരുദ്ധമായ അഭിപ്രായങ്ങളാൽ നിറയപ്പെട്ടും കാല ദേശ ഭേദങ്ങളെ അനുസരിച്ചു് അനുഷ്ഠിപ്പാൻ വിഷമമായും ഉള്ള ധർമ്മശാസ്ത്രങ്ങളോ, വൈദിക തത്ത്വങ്ങളോ എത്രതന്നെ ശ്രദ്ധിച്ചു പഠിച്ചാലും ദിവസംപ്രതിയെന്നപോലെ ഭേദിച്ചുകൊണ്ടു പോകുന്ന ലൗകിക ശാസ്ത്രസിദ്ധാന്തങ്ങളിൽ കുശലനായാലും ഒരുവനു സിദ്ധിക്കാത്ത മനോനിശ്ചയമാണു് വാസ്തവ ജീവചരിത്രപഠനത്താൽ എളുപ്പത്തിൽ നമുക്കുണ്ടാകുന്നതു്.

''വാസ്തവ മഹാന്മാരും സത്യവാന്മാരുമായ മനുഷ്യരെല്ലാം മൂന്നുവിധ ജീവിതമുള്ളവരാണെന്നു പറയാം. ജനസാമാന്യം കണ്ടറികയും സമ്മതിക്കയും ചെയ്യുന്നതായ പുറമേയുള്ള ഒരു ജീവിതം, വളരെ അടുത്ത ആഭ്യന്തര മിത്രങ്ങൾക്കുമാത്രം അറിയാവുന്നതായ രണ്ടാമതൊരു ജീവിതം, അതായതു് കുടുംബജീവിതം; കൂടാതെ അവൻ തന്നത്താൻ കാണുന്നതും ഹൃദയത്തിന്റെ ദൃഷ്ടാവായ ഈശ്വരനാൽ കാണപ്പെടുന്നതും ദൈവിക ജീവിതമെന്നു പറയപ്പെടുന്നതുമായ മൂന്നാമതൊരു ജീവിതവും ഉണ്ടു്. ജീവചരിത്രകാരന്മാരിൽ ഏറിയകൂറും മുൻപറഞ്ഞ രണ്ടുതരം ജീവിതത്തെ മാത്രം രേഖപ്പെടുത്തി തൃപ്തിപ്പെടുന്നതും തൃപ്തിപ്പെടേണ്ടതും ആണു്. ഒരുത്തനെപ്പററി ലോകത്തിൽനിന്നും അവന്റെ പ്രത്യേക സ്നേഹിതന്മാരിൽനിന്നും കിട്ടുന്ന അറിവുകളെ അവർ രേഖപ്പെടുത്തുന്നു. അവ രണ്ടും പ്രധാനമായിട്ടുള്ളവതന്നെ. പൂർണ്ണമായ വസ്തുതയല്ലെങ്കിലും രന്ധ്രമിലും കുറേ വാസ്തവമുണ്ടു്. എന്നാൽ ഈശ്വരനോടുള്ള സമ്മേളനത്തിൽ നയിക്കപ്പെടുന്ന മൂന്നാമത്തെ ജീവിതമാകട്ടെ ഒരു പൂർത്തീകരണ ജീവിതമല്ല, പ്രാർത്ഥനാരൂപമായ ജീവിതമാകുന്നു. സന്യാസിയായ പാപം, ''ആഗ്രഹിക്കുന്ന നന്മ ഞാൻ ചെയ്യുന്നില്ല, ആഗ്രഹിക്കാത്ത തിന്മ ഞാൻ ചെയ്യുന്നു'' എന്നു പറയുന്നു. ഇതിൽ നാം കാണുന്നതു് ആ ജീവിതമാകുന്നു. നിത്യജീവിതത്തിൽ ഒരുത്തനു് അവന്റെ സ്വന്തദൃഷ്ടിയിൽ നിന്നുതന്നെ മറയ്പ്പെട്ടിരിക്കുന്നതും, ഏറവും വിശ്വസ്ത മിത്രങ്ങളുമായുള്ള പെരുമാററത്തിൽക്കൂടി പുറത്തുവരാത്തവണ്ണം അത്ര അഗാധവുമായ ആ മനുഷ്യസ്വഭാവത്തിന്റെ ഛായയെ അപൂർവമായേ നമുക്കു പിടിത്തം കിട്ടുന്നുള്ളു. എന്നാൽ തന്റെ രഹസ്യമായ ഈശ്വരനോടുള്ള പ്രാർത്ഥനയിൽ അതേ, നിശ്ശബ്ദമായ പ്രാർത്ഥനയിൽ, അതു് ഒരുത്തനു തന്നത്താൻ പ്രകാശിച്ചു കാണപ്പെടാറാകുകയും ചെയ്യുന്നു.''

Digitized By Kerala Sahitya Akademi

പണ്ഡിതരായ മാർഗ്ഗമുള്ളരുടെ മേല്പറഞ്ഞ അഭിപ്രായം ജീവചരിത്രം പഠിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. അദ്ദേഹം ഇത്ര ഹൃദയംഗമമാംവണ്ണം സൂചിപ്പിക്കുന്ന ആ മൂന്നാമത്തെ ജീവിതത്തിലാണു് ഒരു മഹാത്മാവിന്റെ വാസ്തവമായ മറ്റെല്ലാ മാഹാത്മ്യങ്ങളും താങ്ങിനിൽക്കുന്നതു്.

വിവേ : 1084 കർക്കടകം

നമ്മുടെ അഭിവൃദ്ധി

മാറ്റം പ്രകൃതിയുടേയും അഭിവൃദ്ധി നവീന പരിഷ്കാരത്തിന്റേയും ഹേതുകം ആകുന്നു. ലോകത്തിൽ യാതൊന്നും ഒരേ സ്ഥിതിയിൽ നിൽക്കുന്നില്ല. മനുഷ്യ സമുദായത്തിന്റെ സർവതോമുഖമായ അഭിവൃദ്ധിക്കും ന്യൂനാധിക ശീഘ്രതയോടുകൂടി മുമ്പോട്ടു പോകുന്ന മനുഷ്യന്റെ ബുദ്ധിക്കും പരിശ്രമത്തിനും വിഷയീഭവിച്ചിട്ടുള്ള എല്ലാ സംഗതികളിലും പ്രതിദിനം എന്നപോലെ അഭിവൃദ്ധി ഉണ്ടാവാൻ ജനങ്ങൾ നിസ്തന്ദ്രമായി പ്രയത്നിക്കുന്നു. അപ്രകാരമുള്ള അവരുടെ പ്രയത്നങ്ങൾ പ്രായേണ ഫലപ്രദമാകാതെയിരിക്കുന്നില്ല. പാശ്ചാത്യ പണ്ഡിതന്മാരുടെ അക്ഷീണ പരിശ്രമത്തിന്റെ ഫലമായി ആവിയുടെയും വിദ്യുച്ഛക്തിയുടേയും വ്യാപാര വിശേഷങ്ങളാൽ സമയകാലങ്ങളുടെ ദൈർഘ്യം കുറഞ്ഞിരിക്കുന്നു. നിയതിയുടെ കാരുണ്യത്താൽ, പക്ഷികൾക്കു് നിർബാധമായി സഞ്ചരിക്കുവാൻ ഒഴിച്ചിട്ടിരുന്നതായി വിശ്വസിക്കപ്പെട്ടിരുന്ന ആകാശത്തിൽ കൂടി മനുഷ്യനും എത്രയും വേഗത്തിൽ സഞ്ചരിക്കാമെന്നു വന്നിരിക്കുന്നു. പ്രകൃതിയുടെ ചട്ടങ്ങളെ ലംഘിക്കാതെതന്നെ മനുഷ്യൻ പ്രകൃതിയെ തന്റെ സുഖത്തിനും അഭിലാഷത്തിനും ഉചിതമായി പ്രവർത്തിക്കുന്ന ഒരു ഭൃത്യയാക്കിത്തീർത്തിരിക്കുന്നു ഇനിയും അജ്ഞാതങ്ങളായിക്കിടക്കുന്ന പ്രകൃതിയുടെ രഹസ്യങ്ങളെ കണ്ടുപിടിച്ചു് നമ്മുടെ ഇഹലോക ജീവിതത്തെ അധികമധികം സുഖകരവും ശ്രമഹീനവുമാക്കിത്തീർക്കുന്നതിനു് അനവധി പണ്ഡിതന്മാർ ഈ നിമിഷത്തിലും നിർബന്ധപൂർവം അദ്ധ്വാനിക്കുന്നു.

പ്രകൃതിയിൽ പൊതുവായി കാണപ്പെടുന്ന ഈ തത്ത്വം മനുഷ്യസമുദായത്തെ സവിശേഷമായും ബാധിക്കുന്നു. നമ്മുടെ മതം, സദാചാരം, വിദ്യാഭ്യാസം എന്നീ വിഷയങ്ങളിൽ ഇപ്പോൾ സാധാരണമായി കണ്ടുവരുന്ന മാറ്റം എല്ലാവരുടേയും ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതാണല്ലോ. അതതു മതാനുസാരികൾ തങ്ങളുടെ മതത്തിന്റെ പോഷണത്തിലും പ്രചാരത്തിലും ബദ്ധശ്രദ്ധന്മാരായിരിക്കുന്നു. സദാചാരത്തെ പ്രബലപ്പെടുത്തുന്നതിനും വിദ്യാഭ്യാസത്തെ സർവസാധാരണമാക്കിത്തീർക്കുന്നതിനും സമുദായസ്നേഹികൾ എവിടെയും താത്പര്യമുള്ളവരായി കാണപ്പെടുന്നു. സമുദായാഭിവൃദ്ധിക്കു് ഉപയുക്തങ്ങളായ നാനാവിഷയങ്ങളിലും അവരുടെ ശ്രദ്ധ പതിയാതെയിരിക്കുന്നതില്ല. അഭിവൃദ്ധി

Digitized By Kerala Sahitya Akademi

യിൽ ഉള്ള ഈ അത്യുത്സാഹം- ഉൽക്കർഷത്തിൽ പ്രദർശിപ്പിക്കുന്ന ഈ അക്ഷമത– നവീന പരിഷ്കാരത്തിന്റെ ഏറ്റവും ആദരണീയമായ ഒരു പ്രേരണയാകുന്നു. ഇൻഡ്യയിൽ ഈ ഉണർവ് ആരംഭിച്ചിട്ട് ഒരു ശതാബ്ദത്തിൽ അധികം ആയിട്ടില്ല മുമ്പത്തേതിൽ നിന്നും ഇൻഡ്യയുടെ അവസ്ഥ ഇപ്പോൾ എത്രകണ്ട് ഭേദപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ തീരുമെന്നില്ലല്ലോ. ഇവിടെയുള്ള എല്ലാ ജാതിക്കാർക്കും മതസ്ഥന്മാർക്കും ഈ വിഷയത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അനേകം വിദ്വൽ സമൂഹങ്ങളും സ്ഥാപനങ്ങളുമുണ്ട്. ഹിന്ദുക്കൾ, മഹമ്മദീയന്മാർ, ക്രിസ്ത്യന്മാർ ഇവരുടെ പ്രബലങ്ങളായ സമാജങ്ങൾ ഇൻഡ്യയുടെ നാനാഭാഗങ്ങളിലും തങ്ങളുടെ അഭിവൃദ്ധിക്കായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

കേരളത്തിൽ ഈ വിഷയത്തിൽ ഗണ്യമായ പ്രവൃത്തി ഒന്നാമതായി തുടങ്ങിയതു് നമ്മുടെ ശ്രീനാരായണ ധർമ്മപരിപാലന യോഗമാണെന്നു തോന്നുന്നു. ഈഴവർ ഇതിൽ ഒന്നാമതായി പ്രവർത്തിച്ചുതുടങ്ങിയെകിൽ അതു് ഒട്ടും ആശ്ചര്യകരമായിരിക്കുകയില്ല. അവരെപ്പോലെയുള്ള ഒരു വലിയ സമുദായം അനേകം ശതവർഷങ്ങൾകൊണ്ടു് ഗവർമ്മെൻറുകളുടേയും മറ്റു സമുദായങ്ങളുടേയും ഉപദ്രവങ്ങൾക്കു് ലാക്കായിത്തീർന്നിട്ടുള്ളതായി ചരിത്രത്തിൽ അധികം ദൃഷ്ടാന്തങ്ങൾ ഉണ്ടായിരിക്കുകയില്ല. ഇങ്ങനെ അനേകം ശതവർഷങ്ങൾ കൊണ്ടു് ഉപദ്രവങ്ങളെ സഹിച്ചുകൊണ്ടിരുന്ന ഈഴവർ ഇതിനുമുൻപുതന്നെ അവരുടെ ധർമ്മ പരിപാലന യോഗത്തെ സ്ഥാപിക്കാഞ്ഞതിലേ ആശ്ചര്യപ്പെടേണ്ടതുള്ളു. അതിനെ തുടർന്നു് ഉത്ഭവിച്ച നായർ സമാജം ഏറ്റവും ശക്തിയോടുകൂടി കേരളത്തിൽ എല്ലാഭാഗങ്ങളിലും വ്യാപിച്ചു് പ്രശംസനീയങ്ങളായ ഫലങ്ങളെ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികൾക്കുവേണ്ടി അനവധി ക്രിസ്ത്യൻ സംഘങ്ങൾ തിരുവിതാംകൂറിൽ തന്നെയും പ്രവർത്തിച്ചു വരുന്നു. മുഹമ്മദീയർക്കും തങ്ങളുടെ സാമൂഹികാവസ്ഥയെ ഉദ്ധരിക്കുവാൻ ആസക്തി ഉണ്ടായിത്തുടങ്ങിയിരിക്കുന്നു എന്നുള്ളതിനുവേണ്ട ലക്ഷണങ്ങൾ കാണുന്നുണ്ടു്. കൊങ്കണസ്ഥ ബ്രാഹ്മണരും കെങ്കേമങ്ങളായ സഭകൾ ഏർപ്പെടുത്തി തങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നു. പരിഷ്കാര സൂര്യന്റെ തീഷ്ണങ്ങളായ രശ്മികൾ തട്ടിയതിന്റെ ശേഷവും ഇതുവരെ മിക്കവാറും ഉറങ്ങിക്കിടന്നിരുന്ന മലയാള ബ്രാഹ്മണരും ഏതൽ കാലാവസ്ഥയെ മനസ്സിലാക്കി അവരുടെ ഉൽക്കർഷത്തിനു് അപേക്ഷിതമെന്നു കാണപ്പെടുന്ന പുതിയ രീതികളേയും വിദ്യാഭ്യാസ സമ്പ്രദായങ്ങളേയും സ്വീകരിച്ചു തുടങ്ങുകയും അവരുടെ അലസതയെ നീക്കുന്നതിനു് സമാജങ്ങൾ മൂലം പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ അഭിവൃദ്ധിക്കുവേണ്ടി ഇത്ര ഉൽക്കണ്ഠയോടുകൂടിയും സാവർത്തികമായുമുള്ള ഉദ്യമം ചരിത്രത്തിൽ ഇപ്പോഴത്തെപ്പോലെ ഉണ്ടായിട്ടില്ല. പാശ്ചാത്യ പരിഷ്കാരത്തിന്റെ ഏറ്റവും പ്രശസ്തമായ മാഹാത്മ്യം അഭിവൃദ്ധിയുടെ വിത്തുകൾ അതിൽത്തന്നെ അന്തർഭവിച്ചിരിക്കുന്നു എന്നുള്ളതാണു്. അതിന്റെ പ്രേരണയ്ക്കു വശംവദമായിട്ടുള്ള സമുദായത്തിന്റെ പ്രധാന ലക്ഷണം ഉൽക്കർഷത്തിൽ ആ സമുദായത്തിനുള്ള ഔൽസുക്യമത്രേ ഈ തോതുവച്ചു് കേരളത്തിലെ സമുദായങ്ങളെ അളക്കുന്നപക്ഷം ഈഴവർ അത്ര അപ്രധാനമല്ലാത്ത ഒരു സ്ഥാനത്തെ അർഹിക്കുന്നതായി

Digitized By Kerala Sahitya Akademi

കാണാവുന്നതാകുന്നു. പ്രജാസഞ്ചയത്തിൽ അനേകം സമുദായങ്ങളും ഒരു സമുദായത്തിൽ അനേകം അംഗങ്ങളും ഉൾപ്പെട്ടിരിക്കുന്നു. ഓരോ അംഗത്തിനും സമുദായ ദൃഷ്ട്യാ രണ്ടുതരം പ്രവൃത്തികളാണുള്ളതു്. ഒന്നു് ആത്മോദ്ദേശ്യകമായും മറ്റേതു് സമുദായോദ്ദേശ്യകമായുമുള്ളതാകുന്നു. മനുഷ്യൻ പ്രകൃത്യാ സമുദായജീവിതത്തിൽ താത്പര്യമുള്ളവനെന്നാണു് സാധാരണ വിശ്വസിക്കപ്പെട്ട പോരുന്നതു്. എങ്കിലും മനുഷ്യർ സമുദായമായി താമസിക്കുവാൻ തുടങ്ങിയ കാലത്തു് അവർ മൃഗങ്ങളിൽ നിന്നും വളരെ ഉയർന്ന ഒരു പടിയിലല്ല സ്ഥിതിചെയ്തിരുന്നതെന്നു കാണുന്നു സാമൂഹിക ജീവിതത്തിന്റെ ഉത്തമങ്ങളായ ഉദ്ദേശങ്ങളും പ്രയോജനങ്ങളും അവർ അന്നു് ഊഹിച്ചിരുന്നില്ലെന്നു് ധാരാളം അനുമാനിക്കാവുന്നതാകുന്നു. സാമൂഹിക ജീവിതത്തിന്റെ ആദിമദശയിൽ അംഗങ്ങൾ അധികവും സ്വാർത്ഥ തൽപരന്മാരും സമുദായ കാര്യങ്ങളിൽ ഒട്ടും പ്രതിപത്തി ഇല്ലാത്തവരും ആയിരുന്നിരിക്കണം. ഈ സ്ഥിതിയിൽ നിന്നും ക്രമേണയുള്ള പരിഷ്കാരാഭിവൃദ്ധികൊണ്ടും കലാവിദ്യകളുടെ പ്രചാരംകൊണ്ടും അംഗങ്ങൾ തങ്ങളുടെ സ്വാർത്ഥതത്പരതയെ അടക്കി സമുദായോദ്ദേശ കൃത്യങ്ങളിൽ പൂർവാധികം ആസക്തിയുള്ളവരായിത്തീരുന്നു. മനുഷ്യസമുദായം ഈ അഭിലഷണീയമായ യാത്രയിൽ ഏർപ്പെട്ടു് അനേകം ശതവർഷങ്ങൾ കഴിഞ്ഞിരിക്കുന്നു ക്രമേണ മുൻപോട്ടുപൊയ്ക്കൊണ്ടിരിക്കുന്ന അതിന്റെ ഗതി ഒടുവിൽ അതിന്റെ പരമമായ ഉദ്ദിഷ്ടദിക്കിലേക്കു കൊണ്ടുചെന്നവിടുന്നതാണു്. ആ ദശയിൽ എത്തുമ്പോൾ ഒരു അംഗത്തിന്റേയും സമുദായത്തിന്റേയും ഉദ്ദേശവും നന്മയും അഭിന്നങ്ങളായിത്തീരുന്നു. സമുദായ ചട്ടങ്ങളെ ആദരിച്ചുകൊണ്ടുള്ള അംഗങ്ങളുടെ പ്രവൃത്തികൾ അവരുടെ പ്രത്യേകമായും പൊതുവായുമുള്ള ഹിതത്തിനും സുഖജീവിതത്തിനും യോജിച്ചതായി വരുന്നു. അപ്പോൾ ഒരുവനു പ്രത്യേകമായും സമുദായത്തിനു പൊതുവായും ഒരു പ്രവൃത്തിയും ഒരു ഉദ്ദേശവും ഒരു ലാഭവും ഒരുനഷ്ടവും ഒരുഉയർച്ചയും ഒരുതാഴ്ചയും ഉണ്ടായിരിക്കുന്നതല്ല. ഓരോരുവന്റേയും സ്വഭാവത്തേയും അഭിലാഷത്തേയും അനുസരിച്ചുള്ള പ്രവൃത്തികൾ പ്രകൃത്യാ സമുദായ ചട്ടാനുസാരികൾ ആയിത്തന്നെ തീരുന്നു. ഈ ശ്രേഷ്ഠതമമായ ദശയിലേക്കാകുന്നു മനുഷ്യ സമുദായം യാത്രചെയ്യുന്നതു്. സാമൂഹികാഭിവൃദ്ധിയുടെ പരിണാമവും ഇതാണെന്നാകുന്നു സമുദായ ശാസ്ത്രജ്ഞന്മാർ ഘോഷിക്കുന്നതു്.

ഒരു അംഗത്തിനു് എന്നപോലെ ഒരു സമുദായത്തിനും രണ്ടുതരം കൃത്യങ്ങൾ ഉണ്ടു്. യാതൊരു സമുദായത്തിനും അതിന്റെ ചുറ്റുമുള്ള അന്യസമുദായങ്ങളെ വിസ്മരിച്ചുകൊണ്ടുള്ള ജീവിതം സാദ്ധ്യമായിരുന്നാലും സുഖകരമായിരിക്കുകയില്ല. ഈഴവ സമുദായത്തിനും മറ്റു സമുദായാംഗങ്ങളുമായി സംബന്ധവും പരസ്പര ചുമതലകളുമുള്ളതാകുന്നു. അന്യസമുദായങ്ങളുമായി ഹാർദ്ദമായ ഒരു മാത്സര്യവും അന്യോന്യ സഹകരണവും സമുദായാഭിവൃദ്ധിക്കു് ഉപയുക്തങ്ങളാകുന്നു. ജീവിതമാത്സര്യം എന്ന അതിസാധാരണമായ പദപ്രയോഗത്തിന്റേയും ആശയത്തിന്റേയും കർത്താവായ മാൽത്തുസു പണ്ഡിതൻ ഒരു ശതാബ്ദത്തിനുമുൻപു് ഈ പദത്തിനു വിവക്ഷിച്ചിരുന്ന അർത്ഥത്തിന്റെ വ്യാപകത്വം അന്നു് അധികം ആളുകൾ ധരിച്ചിരുന്നില്ല. ഇക്കാലങ്ങളിൽ ഈ പദത്തെ പാമരന്മാർ പോലും

Digitized By Kerala Sahitya Akademi

ഉപയോഗിച്ചുവരുന്നു. ഈ മാത്സര്യം ജീവികൾക്കു് എന്നപോലെ തന്നെ സമുദാ യങ്ങൾക്കും ഉള്ളതാകുന്നു. സമുദായാംഗങ്ങളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കും അതു് അപേക്ഷിതമാകുന്നു. വിജയത്തിന്റെ ശേഷമുള്ള ദുരഭിമാനത്തെയും അല സതയേയും തന്മൂലം അധഃപതനത്തേയും ഈ മാത്സര്യം തടുക്കുന്നു. റോമൻ ജാതിക്കാരുടേയും സ്പെയിൻകാരുടേയും സാമ്രാജ്യലക്ഷ്മിക്കു് നാശം സംഭവിച്ചതു് എന്തുകൊണ്ടായിരുന്നു എന്നു് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അതിനാൽ ഒരു ജന സമുദായത്തിന്റെ നിർബാധമായ അഭിവൃദ്ധിക്കും ആ അഭിവൃദ്ധിയുടെ നിലനി ല്പിനും ഈ അവസ്ഥ സഹായിക്കുകയും അക്ഷീണമായ പരിശ്രമത്തിനും പ്രത്യു ത്പന്നമായ ബുദ്ധികൌശലത്തിനും സുഖകരമായ ഒരു പ്രേരണയായിത്തീരുക യും ചെയ്യുമെന്നു് അനുമാനിക്കാവുന്നതാകുന്നു.

അനേകം സമുദായങ്ങൾ അടങ്ങിയ ഒരു ജനസാമാന്യം ഉന്നതിയെ പ്രാപി ക്കുന്നതിനു് അതിൽ ഒന്നോരണ്ടോ എണ്ണം ഉയർന്നതുകൊണ്ടു മതിയാകുന്നതല്ല. അതിൽ ഓരോ സമുദായവും ആകെയുള്ള ജനസാമാന്യത്തിന്റെ ഓരോ അവയവ മായിട്ടു് ഗണിക്കപ്പെടാവുന്നതാകയാൽ പൊതുവായ ഉൽക്കർഷത്തിനു് എല്ലാ അവയവങ്ങളുടേയും പുഷ്ടിയും പ്രവൃത്തിയും ഒഴിച്ചുകൂടാത്തതത്രേ. ഈ തത്ത്വം ജനസാമാന്യത്തിന്റെ അഭിവൃദ്ധിയിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നു എങ്കി ലും ഇൻഡ്യയിൽ അതിനെ ഒരിക്കലും ആദരിക്കയുണ്ടായിട്ടില്ല. ഹിന്ദുക്കളുടെ ജാതിക്കെട്ടിന്റെ അത്ഥംതന്നെ ഒരു പ്രകാരത്തിൽ ഈ തത്ത്വത്തിന്റെ തിരസ്കാര മാകുന്നു. തന്നിമിത്തം ഭാരതഖണ്ഡത്തിനു വന്നുകൂടിയ അധഃപതനം എത്ര വലുതായിരിക്കുന്നു. നാമും ജീവിക്കണം അന്യരെ ജീവിക്കുവാൻ അനുവദിക്ക യും ചെയ്യണം , (live and let Live) എന്നുള്ള തത്ത്വം എല്ലാ സമുദായങ്ങളുടെ യും പ്രമാണികരും ഓർത്തിരുന്നാൽ നമ്മുടെ സാമാന്യമായ ഔന്നത്യം ഇത്ര ശ്രമ സാദ്ധ്യമായിരിക്കയില്ല. ഏതാനും സമുദായങ്ങളെ പിന്നിലാക്കീട്ടു് മറ്റുള്ള സമുദായങ്ങൾ മുൻപറഞ്ഞവരുടെ അവകാശങ്ങളെക്കൂടിയും കൈക്കലാക്കിക്കൊ ണ്ടു മുമ്പോട്ടഗമിക്കുവാൻ തുടങ്ങുന്നതു് ഒരു സ്ഥായിയായ അഭിവൃദ്ധിയുടെ അ സ്ഥിഭാരം ഉറപ്പിക്കാൻ അല്ലെന്നു് ചരിത്രം തുറന്നുവായിച്ചിട്ടുള്ളവർക്കു് അറി യാവുന്നതാണു്. ഈ തത്ത്വങ്ങളെ അനാദരിക്ക കാരണം ഉണ്ടായിട്ടുള്ള രക്തച്ചൊ രിച്ചിൽ കൊണ്ടു യൂറോപ്പു് ചരിത്രം എത്ര മലിനമായിരിക്കുന്നു. അതിനാൽ അ ഭിവൃദ്ധി മാർഗ്ഗത്തിന്റെ മുന്നണിയിൽ നില്ക്കുന്ന സമുദായങ്ങൾ തങ്ങളുടെ പിറകി ലുള്ളവരോടു സഹകരണം അനുകമ്പ ഇവയെ പ്രദർശിപ്പിച്ചു് അവരെയും ഉന്നമി പ്പിപ്പാൻ ശ്രമിക്കേണ്ടതു് തങ്ങളോടുതന്നെയുള്ള ഒരു കടമയാകുന്നു. ഈവർ ഇപ്രകാരമുള്ള സഹകരണത്തേയും അനുകമ്പയേയും തങ്ങളെക്കാൾ ഉയർന്ന സമു ദായങ്ങളിൽ നിന്നും ഇച്ഛിക്കുന്നതുപോലെ തങ്ങളേക്കാൾ നിർഭാഗ്യവാന്മാരായ താഴ്ന്ന ജാതിക്കാരോടു തങ്ങളും പ്രദർശിപ്പിക്കേണ്ടതാകുന്നു. ഇപ്രകാരം അഭി വൃദ്ധിയുടെ പല പടികളിലായി നില്ക്കുന്ന എല്ലാ സമുദായങ്ങളും അന്യോന്യം സഹായിക്കുകയും ഉന്നതിക്കായി പരിശ്രമിക്കുകയും ചെയ്യുന്ന പക്ഷമേ ആ ജനസാ മാന്യത്തിന്റെ അഭിവൃദ്ധി സർവതോമുഖമെന്നോ സുസ്ഥിരമെന്നോ പറവാൻ പാടുള്ളൂ.

വിവേ : 1085 തുലാം

Digitized By Kerala Sahitya Akademi

കാണാവുന്നതാകുന്നു. പ്രജാസഞ്ചയത്തിൽ അനേകം സമുദായങ്ങളും ഒരു സമുദായത്തിൽ അനേകം അംഗങ്ങളും ഉൾപ്പെട്ടിരിക്കുന്നു. ഓരോ അംഗത്തിനും സമുദായ ദൃഷ്ട്യാ രണ്ടുതരം പ്രവൃത്തികളാണുള്ളതു്. ഒന്നു് ആത്മോദ്ദേശ്യകമായും മറ്റേതു് സമുദായോദ്ദേശ്യകമായുമുള്ളതാകുന്നു. മനുഷ്യൻ പ്രകൃത്യാ സമുദായജീവിതത്തിൽ താത്പര്യമുള്ളവനെന്നാണു് സാധാരണ വിശ്വസിക്കപ്പെട്ട പോരുന്നതു്. എങ്കിലും മനുഷ്യർ സമുദായമായി താമസിക്കുവാൻ തുടങ്ങിയ കാലത്തു് അവർ മൃഗങ്ങളിൽ നിന്നും വളരെ ഉയർന്ന ഒരു പടിയിലല്ല സ്ഥിതിചെയ്തിരുന്നതെന്നും കാണുന്നു സാമൂഹിക ജീവിതത്തിന്റെ ഉത്തമങ്ങളായ ഉദ്ദേശങ്ങളും പ്രയോജനങ്ങളും അവർ അന്നു് ഊഹിച്ചിരുന്നില്ലെന്നു് ധാരാളം അനുമാനിക്കാവുന്നതാകുന്നു. സാമൂഹിക ജീവിതത്തിന്റെ ആദിമദശയിൽ അംഗങ്ങൾ അധികവും സ്വാർത്ഥ തൽപരന്മാരും സമുദായ കാര്യങ്ങളിൽ ഒട്ടും പ്രതിപത്തി ഇല്ലാത്തവരും ആയിരുന്നിരിക്കണം. ഈ സ്ഥിതിയിൽ നിന്നും ക്രമേണയുള്ള പരിഷ്കാരാഭിവൃദ്ധികൊണ്ടും കലാവിദ്യകളുടെ പ്രചാരംകൊണ്ടും അംഗങ്ങൾ തങ്ങളുടെ സ്വാർത്ഥതത്പരതയെ അടക്കി സമുദായോദ്ദേശ കൃത്യങ്ങളിൽ പൂർവാധികം ആസക്തിയുള്ളവരായിത്തീരുന്നു. മനുഷ്യസമുദായം ഈ അഭിലഷണീയമായ യാത്രയിൽ ഏർപ്പെട്ടു് അനേകം ശതവർഷങ്ങൾ കഴിഞ്ഞിരിക്കുന്നു ക്രമേണ മുൻപോട്ടുപൊയ്ക്കൊണ്ടിരിക്കുന്ന അതിന്റെ ഗതി ഒടുവിൽ അതിന്റെ പരമമായ ഉദ്ദിഷ്ടദിക്കിലേക്കു കൊണ്ടുചെന്നവിടുന്നതാണു്. ആ ദശയിൽ എത്തുമ്പോൾ ഒരു അംഗത്തിന്റേയും സമുദായത്തിന്റേയും ഉദ്ദേശവും നന്മയും അഭിന്നങ്ങളായിത്തീരുന്നു. സമുദായ ചട്ടങ്ങളെ ആദരിച്ചുകൊണ്ടുള്ള അംഗങ്ങളുടെ പ്രവൃത്തികൾ അവരുടെ പ്രത്യേകമായും പൊതുവായുമുള്ള ഹിതത്തിനും സുഖജീവിതത്തിനും യോജിച്ചതായി വരുന്നു. അപ്പോൾ ഒരുവന പ്രത്യേകമായും സമുദായത്തിന പൊതുവായും ഒരു പ്രവൃത്തിയും ഒരു ഉദ്ദേശവും ഒരു ലാഭവും ഒരുനഷ്ടവും ഒരുയർച്ചയും ഒരുതാഴ്ചയും ഉണ്ടായിരിക്കുന്നതല്ല. ഓരോരുവന്റേയും സ്വഭാവത്തേയും അഭിലാഷത്തേയും അനുസരിച്ചുള്ള പ്രവൃത്തികൾ പ്രകൃത്യാ സമുദായ ചട്ടാനുസാരികൾ ആയിത്തന്നെ തീരുന്നു. ഈ ശ്രേഷ്ഠതമമായ ദശയിലേക്കാകുന്നു മനുഷ്യ സമുദായം യാത്രചെയ്യുന്നതു്. സാമൂഹികാഭിവൃദ്ധിയുടെ പരിണാമവും ഇതാണെന്നാകുന്നു സമുദായ ശാസ്ത്രജ്ഞന്മാർ ഘോഷിക്കുന്നതു്.

ഒരു അംഗത്തിനു് എന്നപോലെ ഒരു സമുദായത്തിനും രണ്ടുതരം കൃത്യങ്ങൾ ഉണ്ടു്. യാതൊരു സമുദായത്തിനും അതിന്റെ ചുറ്റുമുള്ള അന്യസമുദായങ്ങളെ വിസ്മരിച്ചുകൊണ്ടുള്ള ജീവിതം സാദ്ധ്യമായിരുന്നാലും സുഖകരമായിരിക്കുകയില്ല. ഈഴവ സമുദായത്തിനും മറ്റു സമുദായാംഗങ്ങളുമായി സംബന്ധവും പരസ്പര ചുമതലകളുമുള്ളതാകുന്നു. അന്യസമുദായങ്ങളുമായി ഹാർദ്ദമായ ഒരു മാത്സര്യവും അന്യോന്യ സഹകരണവും സമുദായാഭിവൃദ്ധിക്കു് ഉപയുക്തങ്ങളാകുന്നു. ജീവിതമാത്സര്യം എന്ന അതിസാധാരണമായ പദപ്രയോഗത്തിന്റേയും ആശയത്തിന്റേയും കർത്താവായ മാൽത്തുഡു പണ്ഡിതൻ ഒരു ശതാബ്ദത്തിനുമുൻപു് ഈ പദത്തിനു വിവക്ഷിച്ചിരുന്ന അർത്ഥത്തിന്റെ വ്യാപകത്വം അന്നു് അധികം ആളുകളും ധരിച്ചിരുന്നില്ല. ഇക്കാലങ്ങളിൽ ഈ പദത്തെ പാമരന്മാർ പോലും

Digitized By Kerala Sahitya Akademi

ഉപയോഗിച്ചുവരുന്നു. ഈ മാത്സര്യം ജീവികൾക്ക് എന്നപോലെ തന്നെ സമുദായങ്ങൾക്കും ഉള്ളതാകുന്നു. സമുദായാംഗങ്ങളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കും അത് അപേക്ഷിതമാകുന്നു. വിജയത്തിന്റെ ശേഷമുള്ള ദുരഭിമാനമത്തയും അലസതയേയും തന്മൂലം അധഃപതനത്തേയും ഈ മാത്സര്യം തടുക്കുന്നു. റോമൻ ജാതിക്കാരുടേയും സ്പെയിൻകാരുടേയും സാമ്രാജ്യലക്ഷ്മിക്ക് നാശം സംഭവിച്ചത് എന്തുകൊണ്ടായിരുന്നു എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അതിനാൽ ഒരു ജനസമുദായത്തിന്റെ നിർബാധമായ അഭിവൃദ്ധിക്കും ആ അഭിവൃദ്ധിയുടെ നിലനിൽപിനും ഈ അവസ്ഥ സഹായിക്കുകയും അക്ഷീണമായ പരിശ്രമത്തിനും പ്രത്യുത്പന്നമായ ബുദ്ധികൌശലത്തിനും സുഖകരമായ ഒരു പ്രേരണയായിത്തീരുകയും ചെയ്യുമെന്ന് അനുമാനിക്കാവുന്നതാകുന്നു.

അനേകം സമുദായങ്ങൾ അടങ്ങിയ ഒരു ജനസാമാന്യം ഉന്നതിയെ പ്രാപിക്കുന്നതിനു് അതിൽ ഒന്നോരണ്ടോ എണ്ണം ഉയർന്നതുകൊണ്ടു മതിയാകുന്നതല്ല. അതിൽ ഓരോ സമുദായവും ആകെയുള്ള ജനസാമാന്യത്തിന്റെ ഓരോ അവയവമായിട്ട് ഗണിക്കപ്പെടാവുന്നതാകയാൽ പൊതുവായ ഉൽക്കർഷത്തിനു് എല്ലാ അവയവങ്ങളുടേയും പുഷ്ടിയും പ്രവൃത്തിയും ഒഴിച്ചുകൂടാത്തതത്രേ. ഈ തത്ത്വം ജനസാമാന്യത്തിന്റെ അഭിവൃദ്ധിയിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നു എങ്കിലും ഇൻഡ്യയിൽ അതിനെ ഒരിക്കലും ആദരിക്കയുണ്ടായിട്ടില്ല. ഹിന്ദുക്കളുടെ ജാതിക്കെട്ടിന്റെ അത്മംതന്നെ ഒരു പ്രകാരത്തിൽ ഈ തത്ത്വത്തിന്റെ തിരസ്കാരമാകുന്നു. തന്നിമിത്തം ഭാരതഖണ്ഡത്തിനു വന്നുകൂടിയ അധഃപതനം എത്ര വലുതായിരിക്കുന്നു. നാമും ജീവിക്കണം അന്യരെ ജീവിക്കുവാൻ അനുവദിക്കയും ചെയ്യണം , (live and let Live) എന്നുള്ള തത്ത്വം എല്ലാ സമുദായങ്ങളുടെയും പ്രമാണികരും ഓർത്തിരുന്നാൽ നമ്മുടെ സാമാന്യമായ ഔന്നത്യം ഇത്ര ശ്രമസാദ്ധ്യമായിരിക്കയില്ല. ഏതാനും സമുദായങ്ങളെ പിന്നിലാക്കീട്ട് മറ്റുള്ള സമുദായങ്ങൾ മുൻപറഞ്ഞവരുടെ അവകാശങ്ങളെക്കൂടിയും കൈക്കലാക്കിക്കൊണ്ടു മുമ്പോട്ടഗമിക്കുവാൻ തുടങ്ങുന്നതു് ഒരു സ്ഥായിയായ അഭിവൃദ്ധിയുടെ അസ്ഥിഭാരം ഉറപ്പിക്കാൻ അല്ലെന്നു് ചരിത്രം തുറന്നുവായിച്ചിട്ടുള്ളവർക്കു് അറിയാവുന്നതാണു്. ഈ തത്ത്വങ്ങളെ അനാദരിക്ക കാരണം ഉണ്ടായിട്ടുള്ള രക്തച്ചൊരിച്ചിൽ കൊണ്ടു യൂറോപ്പു് ചരിത്രം എത്ര മലിനമായിരിക്കുന്നു. അതിനാൽ അഭിവൃദ്ധി മാർഗ്ഗത്തിന്റെ മുന്നണിയിൽ നില്ക്കുന്ന സമുദായങ്ങൾ തങ്ങളുടെ പിറകിലുള്ളവരോടു സഹകരണം അനുകമ്പ ഇവയെ പ്രദർശിപ്പിച്ചു് അവരെയും ഉന്നമിപ്പിപ്പാൻ ശ്രമിക്കേണ്ടതു് തങ്ങളോടുതന്നെയുള്ള ഒരു കടമയാകുന്നു. ഈവിധമുള്ള സഹകരണത്തേയും അനുകമ്പയേയും തങ്ങളെക്കാൾ ഉയർന്ന സമുദായങ്ങളിൽ നിന്നും ഇച്ഛിക്കുന്നതുപോലെ തങ്ങളേക്കാൾ നിർഭാഗ്യവാന്മാരായ താഴ്ന്ന ജാതിക്കാരോടു തങ്ങളും പ്രദർശിപ്പിക്കേണ്ടതാകുന്നു. ഇപ്രകാരം അഭിവൃദ്ധിയുടെ പല പടികളിലായി നില്ക്കുന്ന എല്ലാ സമുദായങ്ങളും അന്യോന്യം സഹായിക്കുകയും ഉന്നതിക്കായി പരിശ്രമിക്കുകയും ചെയ്യുന്ന പക്ഷമേ ആ ജനസാമാന്യത്തിന്റെ അഭിവൃദ്ധി സർവതോമുഖമെന്നോ സുസ്ഥിരമെന്നോ പറവാൻ പാടുള്ളൂ.

വിവേ : 1085 തുലാം

Digitized By Kerala Sahitya Akademi

താഴ്ന്ന ജാതിക്കാരും അവരുടെ ഉയർച്ചയും

ഹിന്ദുക്കളിൽ താഴ്ന്ന ജാതിക്കാർ സ്വമതത്തിൽ ഇരുന്നുകൊണ്ടു തന്നെ സാമുദായികമായ ഒരു ഒരു ഉയർന്ന നിലയിൽ എത്താൻ അവർ അവരുടെ സ്ഥിതിയെ എങ്ങിനെ പരിഷ്കരിക്കണം? ഈ ചോദ്യം സമുദായ പരിഷ്കരണ മാർഗ്ഗത്തിൽ കാലുവച്ചിട്ടുള്ള വിശാല ഹൃദയരായ എല്ലാ ഹിന്ദുനായകന്മാരുടേയും ഗാഢാലോചനയ്ക്കു വിഷയമായിത്തീർന്നിട്ടുള്ളതാണ്. ഉയർന്ന ജാതിക്കാർ–ബ്രാഹ്മണർ മുതൽ താഴോട്ടുള്ളവർ എല്ലാം തങ്ങളെക്കാൾ ജാതിക്കയ്പടയിൽ താണു നിൽക്കുന്നവരുമായി എല്ലാവിധത്തിലും ഇടപെടുകയും അവരുമായി ഏകീഭവിക്കുകയും ചെയ്താൽ ജാതിപരിഷ്കരണ സംബന്ധമായ എല്ലാം കഴിഞ്ഞു എന്നു വിചാരിക്കുന്ന ധൃത ഗതിക്കാരുണ്ട്. അവരുടെ സിദ്ധാന്തം അധമമത്രേ. അങ്ങിനെ ചെയ്യുന്നതുകൊണ്ട് നാം അപരിഷ്കൃത ജനസമുദായത്തിന്റെ സംഖ്യയെ വർദ്ധിപ്പിക്കുകയല്ലാതെ ഒരു പരിഷ്കൃത ജനസമുദായമായിത്തീരുന്നില്ല. അതു കൊണ്ടു തന്നെയായിരിക്കണം മഹാത്മായ വിവേകാനന്ദ സ്വാമികൾ മദ്രാസിൽ വച്ച് ഒരു സന്ദർഭത്തിൽ ''പറയൻ ബ്രാഹ്മണനാവാനാണു നോക്കേണ്ടതു്, ബ്രാഹ്മണൻ പറയനാവാനല്ല'' എന്നു പറഞ്ഞിട്ടുള്ളതു്.

മേൽപ്പറഞ്ഞതു കൊണ്ടു താണ ജാതിക്കാർ സകല വിഷയത്തിലും ഉയർന്ന ജാതിക്കാരെ അനുകരിച്ചു പ്രവർത്തിച്ച് ക്രമേണ ഉയർന്ന നിലയെ പ്രാപിക്കേണ്ടതാണെന്നു വരുന്നു. ഇതിനു ചുരുക്കത്തിൽ രണ്ടു മാർഗ്ഗങ്ങളാണവർക്കുള്ളതു്. ഒന്നു്, തങ്ങൾ ഒരു കാലത്തു് ഒരുയർന്ന ജാതിയായിരുന്നു, ഏതോ കാരണത്താൽ അധോഗതിയെ പ്രാപിച്ചതാണു്, എന്നു തെളിയിച്ചാൽ സ്മൃതികളിലോ പുരാണങ്ങളിലോ മറ്റോ നിന്നു വല്ല വാക്യങ്ങളേയും കണ്ടുപിടിക്കുകയോ അഥവാ അത്തരം ഏതെങ്കിലും ഒരു പ്രമാണത്തെ വല്ലവരുടെ സഹായത്താലും സൃഷ്ടിക്കുകയോ ചെയ്യുക. ''ഏകവർണ്ണമിദം പൂർവം വിശ്വമാസീൽ'' ഈ ലോകത്തിൽ ആദ്യം ഒരു ജാതി തന്നെ ഉണ്ടായിരുന്നുള്ളു എന്ന പ്രമാണമിരിക്കുമ്പോൾ അപ്രകാരമുള്ള ശ്രമവും വിഫലമാകാൻ തരമില്ലല്ലോ. രണ്ടു്, ഉയർന്ന ജാതിക്കാരുടെ ജാതിമതാചാരങ്ങളെ അപ്രകാരം തന്നെ അനുഷ്ഠിക്കുന്നതിൽ ദൃഢനിഷ്ഠകാണിക്കുക. ഇതിൽ ഒന്നാമത്തെ ഉപായം ഒരു തരം കേവലം പ്രമാണവിശ്വാസികളുടെ ഇടയിൽ ചിലപ്പോൾ ഫലപ്രദമായി വരാം എന്നല്ലാതെ ഒരു സമുദായത്തിന്റെ വാസ്തവമായ ഉയർച്ചയ്ക്കു് അതു വലിയ സഹായം ഒന്നും ചെയ്യുന്നില്ല. അതുകൊണ്ടു് അതു വിദ്വൽ സമ്മതമായ ഒരുപന്ഥാവല്ല. രണ്ടാമത്തേതു് അതുപോലെയുള്ള ഏതെങ്കിലും അല്പസ വിദ്യയോ വ്യാജശ്രമമോ അല്ല. അതു സത്യവും ക്ലേശസാദ്ധ്യവുമായ അനുഷ്ഠാനമത്രേ. അതുകൊണ്ടു് അതു തന്നെയാകുന്നു താണജാതിക്കാരുടെ ഉയച്ചയ്ക്കു് ഉത്തമമായ മാർഗ്ഗം. ''ശ്രുത്വോ പിശീലസമ്പന്നോ ഗുണവാൻ ബ്രാഹ്മണോ ഭവേൽ ബ്രാഹ്മണോപി

Digitized By Kerala Sahitya Akademi

ക്രിയാഹിനഃ ശൂദ്രാൽ പ്രത്യവരോ ഭവേൽ'' എന്ന പ്രമാണം എപ്പോഴും സത്യമായിട്ടുള്ളതാകുന്നു.

എന്നാൽ ശക്തിമാന്മാരായ ചില രാജാക്കന്മാരുടേയും ആചാര്യന്മാരുടേയും കാലങ്ങളിൽ അവർക്കു ബോധിച്ചപോലെ ചില ജാതികളെ പൊക്കുകയും ചിലരെ താഴ്ത്തുകയും ചെയ്തിട്ടുണ്ടെന്നുള്ളതു് തർക്കമറ്റ സംഗതിയാണു്. മലയാള ബ്രാഹ്മണരുടെ ഉത്ഭവത്തെപ്പറ്റി സ്കന്ദപുരാണം സഹ്യാദ്രിഖണ്ഡത്തിൽ പറയുന്ന സംഗതികളെ സംവദിപ്പാൻ നമുക്കു് മടി തോന്നുമെങ്കിലും ശ്രീരാമാനുജാചാര്യർ പറയർ മുതലായ താഴ്ന്ന ജാതിക്കാരിൽ ചിലരെ പൊക്കി ഒരു വിധം ഉയർന്ന ജാതികളാക്കിത്തീർത്തിട്ടുള്ള വസ്തുതയെപ്പറ്റി ആരും തർക്കിക്കുന്നതല്ലല്ലോ. ഇതുപോലെ ശ്രീചൈതന്യൻ മുതലായ മതാചാര്യന്മാർ ബംഗാളത്തും ചെയ്തിട്ടുണ്ടു്. ബംഗാളത്തെ ശക്തിയേറിയ ഒരു രാജാവായിരുന്ന ബലലസേനൻ ചില ജാതിക്കാരെ നിർബ്ബന്ധമായി താഴ്ത്തുകയും ചിലരെ വളരെ പൊക്കുകയും ചെയ്തിട്ടുള്ളതായി പറയപ്പെടുന്നു. ഇതുപോലെ മറ്റു സ്ഥലങ്ങളിലും സംഭവിച്ചിരിക്കും. മലയാളത്തെ താണജാതിക്കാർ അവരുടെ ഇപ്പോഴത്തെ അധോഗതിക്കുകാരണം വന്ദ്യരായ ശങ്കരാചാര്യരാണെന്നു വിശ്വസിച്ചുപോരുന്നു രാക്ഷസന്മാരെയും മറവന്മാരെയും പോലെ സമസൃഷ്ടികളെ അനുകമ്പ കൂടാതെ ദ്രോഹിച്ചു് വസ്തുക്കളും ഭൂമികളും കരസ്ഥമാക്കി കൈയൂക്കുകൊണ്ടുമാത്രം കേമന്മാരായിത്തീർന്ന പാലജാജി ജമീന്ദാരന്മാരും രാജാക്കന്മാരും ക്രമേണ ക്ഷത്രിയ ശിരോമണികളായിത്തീരുകയും ചിലപ്പോൾ ഉന്നതങ്ങളായ സോമസൂര്യ വംശങ്ങളുടെ ശാഖകളിൽത്തന്നെ തൊങ്ങിക്കൊള്ളാൻ കതിച്ചുചാടുകയും ചെയ്യുന്നതും ചരിത്രജ്ഞന്മാർക്കു് അറിയാവുന്ന വസ്തുതകളാണല്ലോ.

ബംഗാളത്തെ താഴ്ന്ന ജാതി ശൂദ്രർ തങ്ങൾ ദ്വിജന്മാരായിരുന്നു എന്നും ഏതോ സംഗതിവശാൽ ഭ്രഷ്ടരാകയും പൂണൂൽ ഉപേക്ഷിക്കപ്പെടുകയും ചെയ്തതാണെന്നും പ്രമാണം കണ്ടുപിടിച്ചിരിക്കുന്നു. ബോംബായിലെ മദ്യവ്യാപാരികളായ ''ഭണ്ഡാരികൾ'' തങ്ങൾ ''വേനൻ'' എന്ന ഒരു ക്ഷത്രിയരാജാവിനു് ഒരു ഗോപാല സ്ത്രീയിൽ ജനിച്ച സന്താനങ്ങളാണെന്നു ''ശൂദ്രകമലാകര''ത്തിൽ നിന്നു് പ്രമാണം ഉദ്ധരിച്ചു കാണിക്കുന്നു. മദ്രാസിൽ തിരുനൽവേലി മുതലായ ഡിസ്ട്രിക്ടുകളിലെ ചാന്നാന്മാർ അല്ലെങ്കിൽ നാടാന്മാർ തങ്ങൾ ക്ഷത്രിയരാണെന്നു തന്നെയല്ല ശ്രീരാമൻ, ശ്രീകൃഷ്ണൻ മുതലായ അവതാര പുരുഷന്മാർ കൂടി തങ്ങളുടെ ഗോത്രക്കാരാണെന്നു് തമിഴു് ഗ്രന്ഥസമുച്ചയത്തിൽ നിന്നു് അനേകം പ്രമാണങ്ങളെ എടുത്തുകാട്ടി തെളിയിക്കാൻ ഉദ്യമിച്ചിരിക്കുന്നു. മധുരയിലെ ഒരു ജാതി നെയിത്തുകാർ ''സൌരാഷ്ട്ര ബ്രാഹ്മണരാ''യി കഴിഞ്ഞിരിക്കുന്നു. ഇതെല്ലാം മേൽ പ്രസ്താവിച്ച ഒന്നാമത്തെ ഉപായത്തെ അനുസരിച്ചു് ജാതിയെ പൊക്കാനുള്ള ശ്രമങ്ങളുടെ ദൃഷ്ടാന്തങ്ങളത്രേ.

ഇത്തരം ദൃഷ്ടാന്തങ്ങളിൽ ചിലതു് ഈ കഴിഞ്ഞതിന്റെ മുൻപിലത്തെ കൊല്ലം മദ്രാസിൽ കൂടിയ ഇന്ത്യൻ സോഷ്യൽ കോൺഫറൻസിന്റെ അഗ്രാസനം വഹിച്ച സന്ദർഭത്തിൽ ജസ്റ്റീസു് സി. ശങ്കരൻ നായർ അവർകളും തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നതായി ഓർക്കുന്നു. പഞ്ചമന്മാർക്കു് ശൂദ്രരാകാ

Digitized By Kerala Sahitya Akademi

നും ശൂദ്രർക്കു് വൈശ്യരോ ക്ഷത്രിയരോ അല്ലെങ്കിൽ ദ്വിജൻമാരോ ആകാനുള്ള ഒരു തിരക്കു് സൂക്ഷിച്ചുനോക്കിയാൽ ഏറക്കുറെ എവിടെയും കാണാമെന്നു തോന്നുന്നു. മേൽപ്പറഞ്ഞ ബഹുമാനപ്പെട്ട മഹാന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തുകൂടിയ കഴിഞ്ഞ കേരളീയ നായർസമാജയോഗത്തിൽ തന്നെ വളരെ പഠിപ്പുള്ള ചില യോഗ്യന്മാർ ഈവക തിരക്കിന്റെ ചില ലക്ഷണങ്ങൾ കാണിച്ചിരുന്നില്ലയോ എന്നു് ശങ്കിക്കേണ്ടിയിരിക്കുന്നു. നായന്മാരെപ്പോലെ വിദ്യാഭ്യാസം കൊണ്ടും മറ്റും ഏറ്റവും ഉയർന്ന നില്പയിൽ എത്തിയിരിക്കുന്ന ഒരു സമുദായത്തിനകൂടി ഈവകകളിൽ ഭ്രമമാണെങ്കിൽ മറ്റുള്ളവരുടെ കാര്യം പറയേണ്ടതില്ലല്ലോ. എന്നാൽ ഇത്തരം ശ്രമം ചിലപ്പോൾ ഭിന്നജാതികളുടെ ഇടയിൽ പരസ്പരം അസൂയയെ ഉജ്ജ്വലിപ്പിക്കുകയും പൊതുവിൽ സാമുദായികമായ സുഖജീവിതത്തിനും അഭിവൃദ്ധിക്കും പലവിധ അസൌകര്യങ്ങളേയും ഹാനിയേയും ഉണ്ടാക്കിത്തീർക്കുകയും ചെയ്യാവുന്നതാകുന്നു.

ശൂദ്രരുടെ ഇടയിലാണു് ഉപജാതികളുടെ സംഖ്യ ഇത്ര ആശ്ചര്യകരമാംവണ്ണം അധികമായിരിക്കുന്നതു്. ജാതിമത്സരത്തിനു ശക്തിയും അവരുടെ ഇടയിൽ തന്നെയാണു് അധികം. പരസ്പരം തൊടുകയോ തൊട്ടുണ്ണുകയോ ചെയ്യാത്ത എത്രയോ വർഗ്ഗക്കാർ പലപ്പോഴും അവരിലുണ്ടു്. അവരിൽ ബലവാന്മാർ ദുർബലന്മാരെ ചവിട്ടി താഴെയാക്കി അവരുടെ ശിരസ്സു പൊന്താതെ ഒരു വക ''കാളിയമർദ്ദനം'' ചെയ്യ രസിക്കാറുണ്ടു്. ഈ മൽസരത്തിൽ ഇവരുടെ സഹോദരരിൽ ചിലർ പഞ്ചമന്മാരാവാൻ നിർബന്ധിക്കപ്പെടുകയും അതും അവർക്കു് രസപ്രദമായിരിക്കുകയും ചെയ്യുന്നു എന്നുള്ള വസ്തുത വ്യസനകരമായിട്ടുള്ളതത്രേ. താഴ്ന്ന ജാതിക്കാരിൽ ത്രാണിയുള്ളവർ ഈ മർദ്ദനത്തിൽ നിന്നൊഴിവാൻ പല ഉപായങ്ങളും നോക്കാറുണ്ടു്. ബംഗാളത്തെ നാമശൂദ്രർ ബ്രാഹ്മണരെയല്ലാതെ മറ്റാരെയും തൊട്ടുണ്ണുകയില്ലെന്നു് ഈയിടെ ശപഥം ചെയ്തുതുടങ്ങിയിരിക്കുന്നതു് അത്തരം ഉപായങ്ങളിൽ ഒന്നാണു്. തൊട്ടുണ്ണുന്നതു് ജാതിയുടെ ഉച്ചനീചത്വങ്ങളെ നിഷ്കൃയിക്കുന്ന തോതായി വിചാരിക്കുന്ന കാലത്തോളം നാമശൂദ്രരുടെ ഈ ശപഥത്തെ നമുക്കു് ആക്ഷേപിക്കാൻ തരമില്ല. വിശേഷിച്ചും അതുകൊണ്ടു് ഉയർന്ന ജാതിക്കാർ എന്നഭിമാനിക്കുന്ന മറ്റു ശൂദ്രരെ അപേക്ഷിച്ചു് അവരുടെ ശ്രുചിത്വത്തിനും സമുദായ നടപടികൾക്കും ഒരു ഗുണകരമായ ഭേദം സംഭവിക്കാൻ ഇടയുള്ളതുകയാൽ പക്ഷേ അതു നല്ലതും ആകുന്നു. ഈമാതിരി പരിഷ്കരണം പലപ്പോഴും പല സ്ഥലങ്ങളിലും ഉണ്ടാവുകയും ചിലപ്പോൾ സ്ഥായിയായ ഫലങ്ങളെ ഉണ്ടാക്കുകയും ചെയ്യാറുണ്ടു്. ഇതിനു മലയാളത്തിലും പല ദൃഷ്ടാന്തങ്ങളും സൂക്ഷിച്ചാൽ കാണാം. ശ്രുചിയായി ജീവിക്കാൻ നോക്കുന്ന ഏതു ജാതിക്കാരും ജാതിയിൽ ശ്രേഷ്ഠരാണെന്നഭിമാനിക്കുന്ന വെടിപ്പില്ലാത്ത വർഗ്ഗക്കാരുടെ ഭക്ഷണങ്ങൾ കഴിക്കാതിരിക്കുന്നതു് ഒന്നിലധികം കാരണങ്ങളാൽ യുക്തമാണു്.

എന്നാൽ ഒരു താഴ്ന്ന ജാതിയുടെ വാസ്തവമായ ഉയർച്ചയ്ക്കു് ഇതൊന്നും കാരണമാകുന്നതല്ല. ഈ സന്ദർഭത്തിൽ മലയാളത്തെ തീയർ അല്ലെങ്കിൽ ഈഴവരുടെ സ്ഥിതിയെ നന്നാക്കുന്നതിനെപ്പറ്റി ഒരിക്കൽ മദ്രാസിൽ വച്ചു് ഡാക്ടർ പല്പു അവർകൾ വിവേകാനന്ദ സ്വാമിയുമായി സംസാരിച്ച കൂട്ടത്തിൽ ആ മഹാത്മാവു് ഉപദേശിച്ചതായി കേട്ടിട്ടുള്ള ഒരു സംഗതി ഓർമ്മയിൽ വരുന്നു. ''നിങ്ങളുടെ

Digitized By Kerala Sahitya Akademi

ഇടയിൽ സംസ്കൃതഭാഷാജ്ഞാനമുള്ളവർ അധികമുണ്ടെന്നു കേൾക്കുന്നതിൽ സന്തോഷിക്കുന്നു. ഇനി മതശാസ്ത്രങ്ങളും കഴിയുമെങ്കിൽ വേദങ്ങളെത്തന്നെയും പഠിക്കുന്നവർ വളരെ ഉണ്ടാകട്ടെ. അതിനു ശ്രമിക്കണം. ശ്രുചിത്വത്തിലും സദാചാരത്തിലും നിഷ്ഠയും മതവിശ്വാസവും വർദ്ധിപ്പിക്കുകയും ആചാര നടപടികളെ പരിഷ്കരിക്കുകയും ചെയ്യണം. പിന്നെ നിങ്ങളെ താണജാതിക്കാർ എന്നു പറയാൻ ആർക്കും ധൈര്യമുണ്ടാകുന്നതല്ല.'' ഇതാണു് മഹാത്മാവായ ആ സ്വാമിയുടെ ഉപദേശം.

ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകളുടെ അഭിപ്രായവും ഇതാണെന്നുള്ളതു് അവിടന്നു് ആ രീതിയിൽ തീയരെ ഉദ്ധരിക്കുന്നതിനു ചെയ്തുകൊണ്ടിരിക്കുന്ന അനവതരമായ ശ്രമം തന്നെ വിളിച്ചു പറയുന്നതാണല്ലോ. ഹിന്ദുസമുദായത്തിന്റെ പരിഷ്കരണവിഷയത്തിൽ താഴ്ന്ന ജാതികളെപ്പറ്റിയ ഈ പ്രശസ്തമായ അഭിപ്രായം കേവലം മതഗുരുക്കന്മാർക്കു് മാത്രമല്ലുള്ളതു്. സമുദായത്തെപ്പറ്റി സഹതാപവും ഹൃദയവികാസവും, ലോകപരിജ്ഞാനവും, ബുദ്ധിവൈശദ്യവുമുള്ള എല്ലാ മഹാന്മാർക്കും ഉള്ള അഭിപ്രായം ഏറക്കുറെ ഇതുതന്നെയാകുന്നു. ബോംബെ ഹൈക്കോർട്ടിലെ റിട്ടയാർഡ് ജഡ്ജിയായിരുന്ന മഹാനായ മഹാദേവഗോവിന്ദ റെനേഡെ കഴിഞ്ഞ ശേഷം അതുപോലെ ഇന്ത്യയിലെ സമുദായപരിഷ്കരണ പ്രവർത്തകന്മാരുടെ മറെറാരു നേതാവായി ഇപ്പോൾ പുറപ്പെട്ടിരിക്കുന്നതു കൽക്കട്ടാ ഹൈക്കോടതിയിലെ റിട്ടയാർഡ് ജഡ്ജിബാബു ശാരദാചരണമിത്രനാകുന്നു. അദ്ദേഹം താഴ്ന്ന ജാതിക്കാരുടെ ഉയച്ചയെപ്പറ്റി പറയുന്നതു് ഇങ്ങനെയാണു്: ''സമുദായാഭിവൃദ്ധി ചക്രത്തിന്റെ അച്ചുതണ്ടു് ബുദ്ധിപരിഷ്ക്കാര സംബന്ധമായും സദാചാരസംബന്ധമായുമുള്ള അഭ്യാസമാകുന്നു. ഒരു സമുദായത്തിന്റെ മൂരിഭാഗം ജനങ്ങളും വിദ്യാഭ്യാസവും സത്യപ്രതിപത്തിയും ന്യായനിഷ്ഠയും മതവിഷയത്തിൽ താല്പര്യവും ഉള്ളവരും അവരുടെ ശീലവും നടപടികളും ഉയർന്ന ജാതി ഹിന്ദുക്കളുടെ ആ സംഗതികളോടു പാടുള്ളതു തുല്യവുമാണെങ്കിൽ താഴ്ന്ന ജാതിക്കാരിൽ ആരെയെങ്കിലും ഉയർത്തുന്നതിൽ വലിയ പ്രയാസമേതെങ്കിലും ഉണ്ടായിരിക്കാൻ പാടുള്ളതല്ല. ഇന്നത്തെ ഹിന്ദുസമുദായം വേണ്ടിടത്തോളം വികാസയോഗ്യമായിട്ടുള്ളതത്രേ.'' ഇതിനേക്കാൾ വാസ്തവവും പ്രയോഗയോഗ്യവുമായ ഉപദേശം ഈ വിഷയത്തിൽ പറയാൻ ആർക്കും കഴിയുന്നതല്ല.

വിവേ : 1086 തുലാം.

Digitized By Kerala Sahitya Akademi

ലോകഗതി

i

ഹാമ്പിയിലെ ശങ്കരാചാര്യ സ്വാമികൾ തന്റെ വൈദികാധികാരത്തിൻ കീഴിലുള്ള ബ്രാഹ്മണ സമുദായത്തെ മുഴുവൻ പൊതു ജനങ്ങളുടെ നേരേ തങ്ങൾക്കു ള്ള കർത്തവ്യങ്ങളെ വിശേഷിച്ചും വിദ്യാഭ്യാസ സംബന്ധമായ കർത്തവ്യങ്ങളെ അനുഷ്ഠിക്കുന്നതിൽ താൽപ്പര്യത്തോടെ പ്രേരിപ്പിക്കുന്ന ഒരു മഹാത്മാവാണെ ന്നു കാണുന്നു. സ്വാമികൾ ഈയിടെ പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപന ത്തിൽ നിന്നു് ഒരു ഭാഗം താഴെക്കുറിക്കുന്നു:—

നമ്മുടെ മഠത്തിന്റെ ഗൗരവത്തെ പുലർത്താനായി പാടുള്ളിടത്തോളം വി രോധരഹിതമായ വിധത്തിൽ സംഗതികളെ ശരിപ്പെടുത്താൻ ശ്രേഷ്ഠകാന്തിയോ ടും നിരന്തരമായും ശ്രമിക്കണമെന്നു നാം വിചാരിക്കുന്നു. ബ്രാഹ്മണ സമുദാ യം മുഴുവൻ അന്യജാതിക്കാരുടെ വിദ്യാഭ്യാസത്തെ സഹായിക്കുന്ന വിഷയങ്ങ ളിൽ തങ്ങളുടെ സമയത്തിന്റെ ഒരു ഭാഗം ചെലവാക്കി ക്രമേണ നമ്മോടു് അനു സരിച്ചു പ്രവർത്തിക്കേണ്ടതാകുന്നു. അന്യ ജാതിക്കാരുടെ വിദ്യാഭ്യാസം ശാസ്ത്രങ്ങളാൽ ബ്രാഹ്മണരിൽ ചുമത്തപ്പെട്ടിരിക്കുന്ന ഒരു കൃത്യമത്രേ. പഞ്ചയജ്ഞങ്ങ ളിൽ ഉപേക്ഷകാണിക്കുന്നതു കൊണ്ടു ബ്രാഹ്മണർ ക്ഷാമബാധിതങ്ങളായ സ്ഥ ലങ്ങളെ കൂടക്കൂടെ പോയി കണ്ടു കഷ്ടപ്പെടുന്നവർക്കു വേണ്ട സഹായം ചെയ്തു കൊടുക്കുന്നതിനു് തങ്ങൾ കുറേ കഷ്ടപ്പെട്ടിട്ടുണ്ടെന്നു് ധരിക്കേണ്ടതാകുന്നു. തങ്ങ ളുടെ പുരാതനമായ മതനിഷ്ഠയും ശാസ്ത്ര പരിജ്ഞാനവും എല്ലാവരുടേയും ഗു ണത്തിനായി തങ്ങളുടെ ജീവിതത്തിന്റെ വിനിയോഗവും വെടിഞ്ഞുള്ള ഇപ്പോ ഴത്തെ നിലയാണു് തങ്ങളുടെ ശ്രേഷ്ഠതയെ ഇതര ജാതിക്കാർ വകവയ്ക്കാതിരി ക്കുന്നതിനുള്ള കാരണമെന്നും ബ്രഹ്മണർ ഓർക്കേണ്ടതാകുന്നു. അവർ ക്രമേണ തങ്ങളുടെ മതസംബന്ധമായ കർത്തവ്യ കർമ്മങ്ങളാകുന്ന പഴയ പ്രവൃത്തികളി ലേക്കു് തിരിയുകയും വിദ്യാഭ്യാസത്തെയും മതനിഷ്ഠയേയും വിനയത്തോടു യോജി പ്പിക്കുകയും ചെയ്യുമെങ്കിൽ നമ്മുടെ ജീവിച്ചിരിക്കുന്ന മതത്തെ ഉദ്ധരിപ്പാൻ അവർ നമ്മെ വളരെ സഹായിക്കുന്നതായിരിക്കും.

ശൃംഗേരി ശങ്കരാചാര്യ സ്വാമികൾ ഇപ്പോൾ കേരളത്തോടു പൂർവ്വാധികം പ രിചയിച്ചിരിക്കുകയാണു്. അദ്ദേഹം ഇവിടത്തെ ബ്രാഹ്മണരോടു് അന്യജാതി ക്കാരുടെ വിദ്യാഭ്യാസത്തിനു് പ്രതികൂലിപ്പാതിരിക്കാനെങ്കിലും ആജ്ഞാപി ച്ചെങ്കിൽ നന്നായി.

ഈ സെപ്റ്റംബർ മാസത്തെ സെൻട്രൽ ഹിന്ദു കാളേജു് മാസികയിൽ ഒരു തെക്കൻ ബ്രാഹ്മണൻ എഴുതിയതായി ഇങ്ങനെ പറയുന്നു: ''ഈഴവർ പതിതജാതിക്കാരുടെ അല്ലെങ്കിൽ പഞ്ചമന്മാരുടെ വർഗത്തിൽപെടുവരല്ല.

Digitized By Kerala Sahitya Akademi

അവർ വിശേഷാൽ വൃത്തിയുള്ള ഒരു സമുദായമാത്രം. അവരിൽ വളരെപ്പേർക്കു് സംസ്കൃത പരിജ്ഞാനമുണ്ടു്. ക്രിസ്ത്യാനികൾ മലബാറിൽ എല്ലാ ഉയർന്ന ജാതിസ്കൂളിലും അവർക്കു പ്രവേശമുണ്ടു്. ഇവരിൽ ചിലർ ഗവൺമെൻറിൻെറ കീഴിൽ മാന്യമായ ഉദ്യോഗങ്ങൾ ഭരിക്കുന്നു.

ഇവരിൽ സബ്ജഡ്ജി, ഡെപ്യൂട്ടി കളക്ടർ മുതലായ ഉദ്യോഗങ്ങൾ ഉള്ളവരുണ്ടു്. ചിലർ വലിയ ധനവാന്മാരുമാണു്. തിരുവിതാംകൂറിലും കൊച്ചിയിലും ഇവരുടെ സമുദായ സ്ഥിതി അത്ര നന്നായിട്ടില്ല. അവർക്കു് സ്വന്തമായി നല്ല സ്കൂളുകൾ ഇല്ല. അഭിവൃദ്ധിയിലേയ്ക്കു് സഹായത്തെ അർഹിക്കുന്ന സമുദായങ്ങളിൽ ഒന്നാണിവർക്കു്. ആലപ്പുഴ സനാതന വിദ്യാശാലാകമ്മറിക്കാർ ഇവർക്കായി പ്രത്യേകം വിദ്യാർത്ഥി സത്രം ഏർപ്പെടുത്താൻ വിചാരിച്ചിരിക്കുന്നു എന്നും മിശ്രഭോജനത്തെ സംബന്ധിച്ച ചോദ്യം പുറപ്പെട്ടിട്ടില്ലെന്നും കൂടി അതിൽ കുറിച്ചിട്ടുണ്ടു്. ടി വിദ്യാർത്ഥി സത്രം എങ്ങിനെയെങ്കിലും നടപ്പിൽ വന്നു കാണ്മാൻ ഞങ്ങൾ ഹൃദയ പൂർവ്വം ആശംസിക്കുന്നു.

പണ്ഡിതനായ ഒരു അമേരിക്കക്കാരൻ ന്യൂയോർക്കിൽ വച്ചു് ഈയിടെ ഹിന്തുമതത്തിൻെറ പ്രാധാന്യത്തെപ്പറ്റി ചെയ്ത ഒരു പ്രസംഗത്തിൽ ഹിന്തുക്കളുടെ ഇപ്പോഴത്തെ വിദ്യാഭ്യാസ രീതിയെ ആക്ഷേപിച്ചുകൊണ്ടു് ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു :—

''നിങ്ങളുടെ വിദ്യാഭ്യാസം അന്യനാട്ടുകാരുടെ അധീനതയിൽ പെന്നു വീഴുന്നതിനു് നിങ്ങൾ സമ്മതിച്ചുകൊടുത്തു. ജീവിതത്തിലേക്കുവേണ്ട എന്തു യോഗ്യതയാണു് നിങ്ങളുടെ കുട്ടികൾക്കു കിട്ടുന്നതു്? നിങ്ങളുടെ പെൺകുട്ടികളെപ്പറ്റിത്തന്നെ ആദ്യം വിചാരിക്കുക. പാതിരിമാരുടെ ബോർഡിഗു് സ്കൂളുകളിൽ ഉള്ള അവരുടെ സഹവാസവും പുസ്തകങ്ങളിൽ നിന്നും വാദ്ധ്യാന്മാരിൽ നിന്നും അവർ അവിടെ പഠിക്കുന്ന പാശ്ചാത്യ സമ്പ്രദായത്തിലുള്ള അഭിപ്രായങ്ങളും അവരുടെ ഹൃദയത്തെ പാശ്ചാത്യ നടപടികളെ അനുകരിക്കാനുള്ള ആഗ്രഹങ്ങളെക്കൊണ്ടു നിറയ്ക്കുന്നു. അവർ അതിനശേഷം ഒരിക്കലും ഹിന്തുസംപ്രദായത്തിലുള്ള കേവലമായ ജീവിതക്രമം കൊണ്ടുതൃപ്തിപ്പെടുന്നില്ല ഈ ദോഷത്തെ തടുപ്പാനായി നിങ്ങളുടെ മാതാപിതാക്കന്മാരിൽ വളരെപ്പേരും തങ്ങളുടെ പെൺകുട്ടികളെ അങ്ങിനെയുള്ള സ്കൂളുകളിൽ അയയ്ക്കുന്നതിനെ വിരോധിക്കുന്നു. അവർ വിദ്യാഭ്യാസമില്ലാതെ അജ്ഞാനത്തിൽ തന്നെ വളരുന്നതു് നല്ലതെന്നു കരുതുന്നു. അങ്ങിനെ ചെയ്യുന്നതുകൊണ്ടു് അവർക്കു പാതിരിമാരുടെ പ്രേരണയാൽ വരാവുന്നതിനെക്കാൾ ലഘുവായ ദോഷമേ സംഭവിക്കുന്നുള്ളു. ഒരു പുഷ്ടിയുള്ള സമുദായത്തിനു് അതിൻെറ സാഹിത്യത്തിലും സംപ്രദായങ്ങളിലും ജനങ്ങളുടെ നടപടികളിലും സ്ത്രീകൾക്കു പരിജ്ഞാനമുണ്ടാകുന്നതുപോലെ പ്രധാനമായി മറ്റു യാതൊന്നും തന്നെയില്ല. പിന്നെ നിങ്ങളുടെ ആൺകുട്ടികൾ — അവരും ജീവിത കർത്തവ്യങ്ങൾക്കു് അയോഗ്യന്മാരായിത്തന്നെതീർക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസത്തിൻെറ പ്രഥമോദ്ദേശം സൽസ്വഭാവത്തെ സമ്പാദിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും അണു്. എന്നാൽ അങ്ങിനെയല്ല കണ്ടുവരുന്നതു് പാതിരി സ്കൂളുകളുടെ പ്രഥമോദ്ദേശം നിങ്ങളുടെ കുട്ടികൾക്കു് മിഷ്യൻമതം നിങ്ങളുടെ മതത്തെ അപേക്ഷിച്ചു് ഉൽക്കൃഷ്ടമാണെന്നു മനസ്സിലാക്കുകയും അവരെ മതഭേദം ചെയ്യിക്കുകയും ആകുന്നു.

Digitized By Kerala Sahitya Akademi

പരിശ്രമത്തിന്റെ മാന്യതയെപ്പറ്റി നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നില്ല. പഠിത്തം കഴിഞ്ഞുവരുമ്പോൾ നിങ്ങളുടെ പെൺകുട്ടികൾ അടുക്കളപ്പണിക്കു സങ്കോചിക്കുന്നു. അതുപോലെ നിങ്ങളുടെ ആൺകുട്ടികളും തോട്ടങ്ങളിലും വയലുകളിലുമിറങ്ങി പണി എടുപ്പാൻ മടിക്കുന്നു. അതുകൊണ്ടു നിങ്ങളിൽ അതിയോഗ്യന്മാരുടെ ആഢ്യാദരത്തിനും ജനങ്ങളുടെ അഭിമാനത്തിനും ശക്തിക്കും നിദാനമായിരിക്കേണ്ടതും എല്ലാ പ്രത്യേകവ്യവസായങ്ങളിൽ വച്ചും അത്യുൽക്കൃഷ്ടവുമായ കൃഷിപ്പണി സ്വയം നശിച്ചുപോകാനായി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ ചെറുപ്പക്കാരാവട്ടെ വല്ല ചില്ലറ റൈട്ടർമാരുടേയും പണി സമ്പാദിച്ചു് ജീവിതവ്യയം ചെയ്വാനായി ഗവർമ്മെൻറു് ആഫീസുകളിൽ തിങ്ങിക്കൂടുകയും ചെയ്യുന്നു. അവർ ദീർഘകാലം മിഷ്യൻ സ്കൂളുകളിൽ തന്നെ പഠിക്കുകയാണെങ്കിൽ അവർ അവിടം വിട്ടപോരുമ്പോൾ അവരുടെ സ്വന്തമതവിശ്വാസം നശിച്ചുപോയിട്ടില്ലെങ്കിൽ തങ്ങളുടെ ജീവിതനടപടികളെ നിയമനം ചെയ്യുന്നതിനു വേണ്ട ശക്തിയതിനില്ലാതാകത്തക്കവണ്ണം അതു ശിഥിലമായിത്തീരുന്നു. അതു് ഒരു മനുഷ്യജീവിക്കു സംഭവിക്കാവുന്ന ഭാഗ്യദോഷമാണു്. ഈ വിലയേറിയ അഭിപ്രായം വായനക്കാർ ശ്രദ്ധിക്കുമെന്നും, നമ്മുടെ കുട്ടികളുടെ ഉത്തമരീതിയിലുള്ള വിദ്യാഭ്യാസത്തെപ്പറ്റി ഗാഢമായി ചിന്തിച്ചു വേണ്ടതു പ്രവർത്തിപ്പാൻ ഒരുങ്ങുമെന്നും വിശ്വസിക്കുന്നു.

1086 ചിങ്ങം, കന്നി.

ii

സഭകളും സംഘങ്ങളും കൊണ്ടുള്ള പ്രയോജനം ലോകത്തു പ്രതിദിനം എന്നപോലെ വർദ്ധിച്ചുതന്നെവരുന്നു. ഈ വസ്തുതയ്ക്കു് അവയുടെ സംഖ്യ വർദ്ധിച്ചുവരുന്നതുതന്നെ മതിയായ തെളിവാണു്. ഒരു രാജ്യത്തിനോ ജനസമുദായത്തിനോ പൊതുവിലുള്ള യോഗക്ഷേമ കൃത്യങ്ങളെപ്പറ്റി ആ രാജ്യക്കാരുടേയോ സമുദായാംഗങ്ങളുടേയോ ഒത്തൊരുമിച്ചുള്ള യോഗങ്ങൾ മൂലമായല്ലാതെ യാതൊന്നും ചെയ്വാൻ സാദ്ധ്യമാകുന്നതല്ല. അവകൊണ്ടു സംഭവിച്ചിട്ടുള്ള ഗുണങ്ങൾ പ്രകൃത്യാ അഥവാ കാലഗത്യാ സംഭവിക്കുന്നതാണെന്നും, യോഗങ്ങൾ നിരർത്ഥകങ്ങൾ അല്ലെങ്കിൽ അനർത്ഥകരങ്ങൾ കൂടി ആണെന്നും വാദിപ്പാൻ വേണ്ട അജ്ഞതയും ഹൃദയ കാഠിന്യവുമുള്ളവരുടെ സംഖ്യ നമ്മുടെ ഇടയിൽ ഇപ്പോൾ ചുരുക്കമാണു്. ചെറിയ സമുദായങ്ങളും രാജ്യങ്ങളും ചെറിയ സംഘങ്ങൾ സ്ഥാപിച്ചു് അവയുടെ ഗുണത്തെ ഉദ്ദേശിച്ചു പ്രയത്നിക്കുന്നതുപോലെ ലോകപ്രസിദ്ധരായ യോഗ്യന്മാർ ചേർന്നു ലോകം മുഴുവൻ ഉള്ള മനുഷ്യരുടെ നന്മയ്ക്കായും ഒത്തൊരുമിച്ചു ശ്രമം തുടങ്ങിയിരിക്കുന്നു എന്നു കാണുന്നതു സന്തോഷകരമാകുന്നു. ലണ്ടൻ സർവകലാശാലയിൽ വച്ചു് ഈവരുന്ന ജൂലൈ 26–ാം തീയതി മുതൽ 29–ാം തീയതിവരെ നടത്താൻ നിശ്ചയിച്ചിരിക്കുന്ന The Universal Races Congress (സർവ മനുഷ്യവർഗ്ഗ മഹാസഭ) ഇങ്ങനെപ്രഥമമായി സ്ഥാപിക്കപ്പെട്ട അപ്രകാരമുള്ള ഒരു മഹാസഭയാ

Digitized By Kerala Sahitya Akademi

ണ്ട്. ഇതിൽ ലോകത്തുള്ള സകലവർഗ്ഗക്കാരുടെയും പ്രതിനിധികൾ ഹാജരാകുന്നതും സകല ജാതിക്കാരുടെയും സ്ഥിതികളെപ്പറ്റി അതാത ജാതിയിലുള്ള അതിയോഗ്യന്മാരുടെ പ്രസംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാകുന്നു. ഇതിന്റെ കമ്മിറ്റി അംഗങ്ങളായി അനേക ബ്രിട്ടീഷ് പ്രധാനമന്ത്രിമാരും, ഗവർണ്ണർമാരും രാജപ്രതിപുരുഷന്മാരും പാർലിമെന്റു മേലദ്ധ്യക്ഷന്മാരും വൈദിക ശ്രേഷ്ഠന്മാരും, ന്യായാധിപതികളും, മനുഷ്യവർഗ്ഗശാസ്ത്രം മുതലായ വിഷയങ്ങളിൽ പ്രത്യേകം പ്രഖ്യാതരും മറ്റുപ്രകാരത്തിൽ യോഗ്യരുമായ അനേകം മഹാവിദ്വാന്മാരും അടങ്ങിയിരിക്കുന്നു. ഈ സഭയുടെ ഉദ്ദേശ്യം ഭൂമിയുടെ നാനാഭാഗങ്ങളെ അധിവസിക്കുന്ന വിവിധ ജാതിക്കാർ തമ്മിൽ അജ്ഞതനിമിത്തമുള്ള ഭേദവിചാരങ്ങളെ ദൂരീകരിച്ച് എല്ലാവരുടേയും ഇടയിൽ സഹോദരഭാവത്തെയും സഹകരണത്തെയും വർദ്ധിപ്പിച്ചു മനുഷ്യരുടെ പൊതു ക്ഷേമാഭിവൃദ്ധിക്കു പ്രയത്നിക്കുകയാകുന്നു. കമ്മിറ്റിയിൽ ഇന്ത്യക്കാരിൽ ബഹുമാനപ്പെട്ട ജി. കെ. ഗോഖേൽ അവർകളും ജസ്റ്റീസ് സർ സുബ്രഹ്മണ്യയ്യർ മുതലായ മഹായോഗ്യന്മാർ ഉൾപ്പെട്ടിരിക്കുന്നു എന്നും ഹിന്ദുക്കളെ സംബന്ധിച്ച് ഒരു ഹിന്ദുചെയ്യുന്ന പ്രസംഗമായിരിക്കും ഈ സഭയിൽ ആദ്യം നടത്തപ്പെടുന്നത് എന്നും ഉള്ള വസ്തുതകൾ പ്രത്യേകം പ്രസ്താവയോഗ്യങ്ങളാണ്.

സംഘങ്ങൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ അവയുടെ സ്ഥാപകന്മാർക്ക് ആദ്യം ഉണ്ടായിരുന്ന ഉദ്ദേശ്യങ്ങളെ അതിക്രമിച്ച് എത്രയോ വലുതായ അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ട പോകയാണെന്നും അതുകൊണ്ട് അവയുടെ ആരംഭം എത്രതന്നെ കൃശവും നിസ്സാരവും ആയിരുന്നാലും മനുഷ്യസമുദായത്തിന്റെ ക്ഷേമത്തിനു് അവ സ്പൃഹണീയമാണെന്നും ഈയിടെ ഒരു ഇംഗ്ലീഷ് പത്രഗ്രന്ഥത്തിൽ ഒരു യോഗ്യൻ എഴുതിയിരുന്നതായി ഓർക്കുന്നു ഇതു് എടുത്തുപറയത്തക്കവണ്ണം അത്ര വാദഗ്രസ്തമായ വിഷയമല്ലെങ്കിലും ആവർത്തിച്ചുപറഞ്ഞാൽ ഗ്രഹണമുള്ള ഒരു വസ്തുതയാകുന്നു. ലോകത്തു് ഇന്നുള്ള സ്ഥാപനങ്ങളിൽ മിക്കവാറും നിശ്ചയമായും ആദ്യകാലങ്ങളിൽ ''അല്പാരംഭ''ങ്ങളായിത്തന്നെ ഇരുന്നു എന്നുള്ളതു് അവയുടെ ചരിത്രം അറിഞ്ഞിട്ടുള്ളവർക്കൊക്കെ ബോദ്ധ്യമാണു്. ഇന്ത്യാസാമ്രാജ്യം മുഴുവൻ തങ്ങൾക്കു് ഒരിക്കൽ കൈവശമാകുമെന്നു് ഇൻഡ്യയിൽനിന്നു കുരുമുളകും മറ്റും കയറ്റിക്കൊണ്ടുപോയി കച്ചവടം നടത്താനായി ഇംഗ്ലണ്ടിൽ സ്ഥാപിക്കപ്പെട്ട ഈസ്റ്റിൻഡ്യാ കമ്പനിക്കാർ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്ന കാര്യമല്ല. ഇത്ര ദൂരത്തിലുള്ള ദൃഷ്ടാന്തങ്ങൾ തന്നെ ഇതിനാവശ്യമില്ല ആലപ്പുഴെ ഏതാനും കൊല്ലങ്ങൾക്കുമുമ്പ് ഏതാനും ചില യോഗ്യന്മാർ ചേർന്നു് സ്ഥാപിച്ചിരുന്ന ജനസംഘം ഏറ്റവും പ്രശസ്തമായ നിലയിൽ നടന്നുവരുന്ന സനാതന ധർമ്മവിദ്യാശാലയുടെ സ്ഥാപനത്തിനും നടത്തിപ്പിനും ഹേതുഭൂതമാകുമെന്നു് അതിന്റെ പ്രവർത്തകന്മാർ നിശ്ചയമായും വിചാരിച്ചിരിക്കയില്ല. അലഹബാദിൽ മഹമ്മദീയർ സ്ഥാപിച്ച ഒരു വിദ്യാലയം സർവകലാശാലയായിത്തീരാൻ പോകുന്നു എന്നും ആദ്യം ആരും കരുതിയിരുന്നില്ല. മിസ്സസ്സ് ബെസന്റിന്റെയും ഏതാനും സ്നേഹിതന്മാരുടെയും ശ്രമഫലമായി കാശിയിൽ സ്ഥാപിച്ച സെൻട്രൽ ഹിന്ദു കോളേജു് ഒരു ഹിന്ദുസർവകലാശാലയാക്കാൻ ഇപ്പോൾ നടത്തിവരുന്ന ശ്രമവും നോട്ടവും അതിന്റെ സ്ഥാപനകാലത്തു

Digitized By Kerala Sahitya Akademi

നമ്മുടെ അഭ്യുദയത്തിനുള്ള മാർഗ്ഗങ്ങൾ

നാം ഈഴവർ അല്ലെങ്കിൽ തീയർ കേരളത്തിലെ ഏറ്റവും ജനസംഖ്യയുള്ള വർഗ്ഗക്കാരാകുന്നു. ഹിന്ദുക്കളിൽ ഒരു വർഗ്ഗക്കാരും സംഖ്യയിൽ സമ്മോളമില്ല. 1911–ലെ സെൻസസ് കണക്കുപ്രകാരം നാം 16 ലക്ഷം ജനങ്ങളുണ്ട്. കൊച്ചി സംസ്ഥാനത്തിൽ ആകെയുള്ള ജനസംഖ്യ 9 ലക്ഷത്തിൽ ചിലപ്പാനം മാത്രമാകുന്നു. തിരുവിതാംകൂറിൽ ആകെ 34 ലക്ഷം ജനങ്ങളാണുള്ളത്. നോക്കുക. നാം കൊച്ചിയിലെ ആകെയുള്ള ജനങ്ങളെക്കാൾ ഏതാണ്ട് രണ്ടുമടങ്ങ് അധികമാണ്. തിരുവിതാംകൂറിലെ ആകെയുള്ള ജനങ്ങളുടെ ഒന്നുപകുതിയോളം സംഖ്യാബലം നമുക്കുണ്ട്. ഇനി നമ്മുടെ സാമുദായികനില എന്താണെന്നാലോചിക്കുക. നാം ഇവിടത്തെ അധ : കൃതരായ വർഗ്ഗക്കാരുടെ മുന്നണിയിൽ, ഉയന്നതും താഴ്ന്നതുമായ ജനവിഭാഗങ്ങളെ വേർതിരിക്കുന്ന അതിർത്തിയിൽ ഭാരതത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നു് മലയാളത്തെ വേർതിരിക്കുന്ന വമ്പിച്ച സഹ്യപർവ്വതം പോലെ ഉയർന്നുനിൽക്കുകയാകുന്നു. അതുകൊണ്ട് ഉയർന്ന വർഗ്ഗക്കാരുടെ നിർദ്ദയമായ ചവിട്ടും കുത്തുമെല്ലാം നമ്മുടെ തലയിലാണ് ആദ്യമായും അധികമായും എല്ലുന്നതു്. നാം ഈ ചവിട്ടുകൊം എത്രയോ തലമുറകളായി ഏറ്റുകൊണ്ടു നില്ലുയാകുന്നു. എന്നിട്ടും നാം നശിച്ചുപോകുന്നില്ല. പിന്നോട്ടു പോകയും ചെയ്യുന്നില്ലെന്നാണ് എന്റെ വിശ്വാസം. ഇതു ശരിയാണെങ്കിൽ അതൊരു പ്രശസ്തമായ ഭൂതകാലത്തെ കാണിക്കുന്ന വസ്തുതയാകുന്നു. അതായതു് നമ്മുടെ ഇന്നത്തെ നിലതന്നെ കഴിഞ്ഞുപോയ ചില ഉൽക്കർഷങ്ങളുടെ അനുമാനത്തിനു് ലിംഗമായി നിൽക്കുന്നു. Survival of the fittest–അതിയോഗ്യമായതു്–ജീവിച്ചിരിക്കുന്നു എന്നുള്ള പരിണാമവാദതത്ത്വം ഈ അനുമാനത്തെ അനുകൂലിക്കുന്നു. ഏറിയ ശതവർഷ്കാലമായിനടന്നുകൊണ്ടിരിക്കുന്ന കിടമത്സരങ്ങളെ എല്ലാം സഹിച്ചുകൊണ്ടു് ഇന്നും നാം ഈ നിലയിൽ ജീവിച്ചിരിക്കണമെങ്കിൽ അതിനാവശ്യമായ വീര്യവിഭാവാദികൊം എല്ലാം നമ്മുടെ സമുദായശരീരത്തിലുണ്ടായിരിക്കണം. വീരപുരുഷന്മാർ, വിദ്വാന്മാർ, ഉടമസ്ഥന്മാർ, വലിയ ഈശ്വരഭക്തന്മാർ ഇവരെല്ലാം അതായതു് തലമുറകളിലെ സ്ഥിതിയനുസരിച്ചു് നമ്മുടെ വർഗ്ഗത്തിലുണ്ടായിരുന്നു. ഇന്നും ആ അവസ്ഥ തുടർന്നുകൊണ്ടുതന്നെ ഇരിക്കുന്നു. നമ്മുടെ ഉൽക്കർഷത്തെ നടത്തിക്കുന്ന കാലശക്തി എപ്പോം എന്തുകൊണ്ടു് ആരംഭിച്ചു എന്നു നിർവ്വചിപ്പാൻ കഴിയുകയില്ലെങ്കിലും അതു് ഒരു മദ്ധ്യകാലത്തും വല്ല രാഷ്ട്രീയ വിപ്ലവങ്ങളാലും വന്നതാണെന്നു് ഊഹിപ്പാൻ കഴിയും. തെങ്ങുകൃഷിയും മദ്യവ്യാപാരവും കൊണ്ടാണ് നമ്മെ മറ്റു വർഗ്ഗങ്ങളിൽനിന്നു് സാധാരണ ചിന്തകൻമാർ വ്യാവർത്തിച്ചുവരുന്നതു്. ദക്ഷിണേന്ത്യയിൽ അങ്ങനെയുള്ള വർഗ്ഗത്തിൽ പല നാടുവാഴികൊം ഉണ്ടായിരുന്നതായി ചരിത്രകാരന്മാർ നിഷ്പക്ഷമായി അന്വേഷിച്ചാൽ അറിയാവുന്നതാണ്. ആര്യന്മാർ ദക്ഷിണ ഇന്ത്യയിലേക്കു് കടന്നതോടുകൂടി ദ്രാവിഡന്മാരുടെ സ്ഥിതികൊംക്കുണ്ടായ മാറ്റങ്ങൊം നാനാമുഖങ്ങളായിരുന്നു. അതിനെ തുടർന്നുണ്ടായ രാജ്യ വിപ്ലവങ്ങളാൽ അധിക ശക്തിയും നാഗരീ

Digitized By Kerala Sahitya Akademi

കവുമുള്ള വർഗ്ഗക്കാർ നമ്മുടെ പൂർവ്വന്മാരെ കീഴടക്കുകയും അവരോട് നിർദ്ദയമായി പെരുമാറുകയും ചെയ്തതായിരിക്കണം. അടുത്ത ശതവർഷങ്ങളിൽ തന്നെ കേരളത്തിൽ പുലയരിലും കുറവരിലുംകൂടി രാജാക്കന്മാരുണ്ടായിരുന്ന വസ്തു അപലപിപ്പാൻ പാടില്ലാത്തതാണെല്ലോ. വിശേഷിച്ച് മദ്യവിക്രയം സംബന്ധിച്ചാണ് ഹിന്ദുക്കളെ നമ്മെ വെറുത്തതെന്നു പറഞ്ഞുകൂടുന്നതല്ല. മദ്യം ഹിന്ദുശാസ്ത്രങ്ങളിൽ അതിനിഷിദ്ധമല്ല. മറിച്ചു കൊള തന്ത്രത്തിലും മറും അതു പരിശുദ്ധവസ്തുവും ആകുന്നു. ബുദ്ധമതത്തിലാണ് ''മദ്യവിക്രയസംഭാനദാനപാനാദികളം'' കഠിനമായി നിഷേധിക്കപ്പെട്ടിരിക്കുന്നത്. ആ മതത്തെ ഇന്ത്യയിൽനിന്ന് ആട്ടിയോടിച്ച ഹിന്ദുക്കളെക്കൂ അതിലെ നിഷിദ്ധകർമ്മത്തോട് അതികഠിനമായ വെറുപ്പുതോന്നാൻ വകയില്ലാത്തതാണ്. നമ്മുടെ ഇന്നത്തെ അനുഭവവും അതിനു സാക്ഷിയാകുന്നു. ഇന്ന് ഈഴവനെ മേൽജാതിക്കാർ വെറുക്കുന്നുണ്ടെങ്കിൽ അതു് അവന്റെ മദ്യവ്യാപാരം കൊണ്ടാണോ? നിശ്ചയമായും അല്ല. അപ്പോൾ ഈ വെറുപ്പ് നിശ്ചയമായും സ്വാതന്ത്രികമായ ഒരു പാപഭയത്തിൽനിന്നുണ്ടായതല്ല, രാജസവും ക്രൂരവുമായ മത്സരബുദ്ധിയിൽനിന്നും പരാജിതന്മാരോടു സഹജമായുള്ള അവജ്ഞയിൽനിന്നും ഉണ്ടായിട്ടുള്ളതാകുന്നു. ബോവർമാരുടെ നേരെ നമുക്ക് ഇടക്കാലത്തുണ്ടായ അവജ്ഞ നോക്കുക. ജർമ്മൻകാരോടു നമുക്കിപ്പോഴുള്ള മനോഭാവത്തെപ്പറ്റിയാലോചിക്കുക. ഇതുപോലെ അജ്ഞാതമായ ഒരു കാലത്തു് ഉണ്ടായിവേരുറച്ച ഒരു വൈരസ്യം ആ കാലങ്ങളും കാരണങ്ങളും പ്രകൃതിയുടെ യന്ത്രത്തിരിച്ചലിൽപ്പെട്ടു മറഞ്ഞുപോയ ഇക്കാലത്തും ജനങ്ങളെ വെറുതെ വച്ചുകൊണ്ടിരിക്കുന്നു എന്നല്ലാതെ എന്തു പറവാൻ കഴിയും. ഇപ്പോൾ ലോകത്തിന്റെ ചരിത്രം നാം അറിയുന്നു. ഭൂഗോളത്തിന്റെ ഏതൊരു ഭാഗത്തിലെങ്കിലും പട്ടിക്കും പൂച്ചയ്ക്കും നടക്കാവുന്ന വഴിയിൽക്കൂടി സഞ്ചരിപ്പാൻ മനുഷ്യനെ മനുഷ്യൻ അനുവദിക്കാത്ത ദിക്കുണ്ടോ? മനുഷ്യനെ തൊട്ടാൽ മനുഷ്യൻ കുളിക്കാറുണ്ടോ? മനുഷ്യനെ തീണ്ടിയാൽ പുണ്യാഹം കഴിക്കാറുണ്ടോ? മനുഷ്യനെ കാണുന്നതു പാപമായി വിചാരിക്കാറുണ്ടോ? പരിശുദ്ധമായ ഹിന്ദുമതമേ! നിന്റെ പേരിൽ എത്ര മഹാപാപമാണ് ഈ വൈദികബ്രഹ്മന്യന്മാർ ചെയ്യുന്നതു്? ഹിന്ദുപണ്ഡിതന്മാർ എത്ര കാലമാണ് ഈ പുണ്ണിനെ പൊതിഞ്ഞുവയ്പാൻ ആശിക്കുന്നതു്? ഈ ഭയങ്കര വ്യാധിയെ അശേഷം ചിന്തിക്കാതെ ഭാരതമാതാവിന്റെ സ്വയംഭരണ പ്രാർത്ഥികളായ തന്ത്രജ്ഞന്മാർ എന്താണു മോഹിക്കുന്നതു്.

ഹാ! ബ്രിട്ടീഷുഭരണം; എത്ര വിശാലമായ നയം, എത്ര സ്പൃഹണീയമായ ക്രമം, എത്ര ഉൽകൃഷ്ടമായ ഉദ്ദേശം. അതിന്റെ അനുഗ്രഹഫലത്തെ പൂർണ്ണമായി അനുഭവിച്ചറിവാൻ ജനസാമാന്യത്തിനു്, അധഃകൃതരായ ഭൂരിഭാഗക്കാർക്കു്, അവസരം കൊടുക്കാതെ സ്വയംഭരണത്തിനു് ബദ്ധപ്പെടുന്ന തന്ത്രനിപുണന്മാർ അവരുടെ ക്ഷേമകാംക്ഷികളാണോ?

ഏതായാലും നമ്മുടെ നില നാം അറിയുന്നവല്ലോ. നാം അധികം പേരും സാധുക്കളും, കൂലിവേലക്കാരുമാണു്. നമ്മിൽ നൂറിനു് 10-ൽ കവിഞ്ഞു

Digitized By Kerala Sahitya Akademi

ചിന്തിക്കത്തക്കതായിരുന്നില്ല. സ്ഥാപനങ്ങളുടെ അക്ഷീണമായ വളച്ച്. ഇങ്ങനെയൊക്കെയാണ പരിണമിക്കുന്നത്. ഭാവിയുടെ അഗാധമായ ഗർഭത്തിൽ ഏതെല്ലാം അനുഗ്രഹങ്ങളാണ കിടക്കുന്നതെന്ന് ആക്കറിയാം. നമ്മുടെ എസ്. എൻ. ഡി. പി. യോഗത്തിന്റെതന്നെ ആരംഭം എങ്ങനെയായിരുന്നു. അതിന് ഈ എട്ടുകൊല്ലങ്ങൾക്കിടയിൽ എന്തെല്ലാം ചെയ്യാൻ സാധിച്ചിരിക്കുന്നു. കന്യാകുമാരിമുതൽ മംഗലാപുരം വരെ അവിടവിടെ അതിന്റെ ശക്തിയുടെ സ്ഥൂലമായ ഓരോ പരിണാമങ്ങളെ കണ്ടിട്ട നമുക്ക് ഇന്നു തന്നെ എത്ര ചാരിതാർത്ഥ്യം തോന്നുന്നു! ഇതുപോലെതന്നെ ചില യോഗ്യന്മാർ ഇപ്പോൾ ശിവഗിരിയിൽ ഒരു ബോർഡിംഗ് സ്കൂൾ സ്ഥാപിക്കണമെന്ന് അഭിപ്രായപ്പെട്ടും ആശിച്ചും തുടങ്ങിയിരിക്കുന്നതായി കേരളകൗമുദി മുഖേന പലരും അറിഞ്ഞിട്ടുള്ളതാണല്ലോ. കൗമുദി പ്രസ്താവിക്കുന്നതു ബ്രഹ്മശ്രീ നാരായണഗുരു സ്വാമി തൃപ്പാങ്ങോട്ടിലേയും മറ്റു യോഗം പ്രവർത്തകന്മാരുടെയും ഹൃദയത്തിലുള്ള താത്പര്യം തന്നെ ആകുന്നു. എന്നാൽ ആ മാതിരി ശ്രമങ്ങൾക്ക് സാഫല്യം വരുത്തേണ്ടതു ജനങ്ങളുടെ ഉദാരമായ സഹകരണമാണ്. അങ്ങനെയുള്ള സഹകരണമുണ്ടെങ്കിൽ യോഗത്തിനു ഇതും ഇതിനേക്കാൾ ഗുരുതരങ്ങളുമായ സമുദായക്ഷേമ കൃത്യങ്ങൾ ചെയ്വാൻ നിശ്ചയമായും സാധിക്കുന്നതാകുന്നു.

ബറോഡാ രാജ്യം മുഴുവൻ വിശ്വകർമ്മജ് ജാതി പഞ്ചായത്തേർപ്പെടുത്താൻ തീർച്ചയാക്കി ഗേക്കുവാർ മഹാരാജാ തിരുമനസ്സിലെ ഗവർമ്മെൻറിന്റെ ആലോചനയിൻ അതിന്റെ നടത്തിപ്പിനേയും ഭരണത്തേയും സംബന്ധിച്ച് ഇപ്പോൾ ഒരു പുതിയ ബിൽ കൊണ്ടുവരപ്പെട്ടിരിക്കുന്നു. ജാതിനടപ്പു സംബന്ധമായും മറ്റും അതാതു ഗ്രാമങ്ങളിൽ ഉള്ള തർക്കങ്ങളേയും വഴക്കുകളേയും ദേശാചാര പ്രകാരം അതാതു സ്ഥലത്തുള്ള ഗ്രാമീണ യോഗ്യന്മാർ വിസ്തരിച്ചു തീരുമാനിക്കുന്നതു യുക്തമായിരിക്കുമെന്നും അല്ലാതെ ഗവർമ്മെൻറിന്റെ പൊതു നിയമങ്ങൾക്കുള്ളിൽ അവയ്ക്കു കൂടി ഇടം കൊടുത്തു് അവയെ കണക്കിലധികം വർദ്ധിപ്പിച്ച് നീതിന്യായക്കോടതികൾ മുഖേന പരിഹാരമുണ്ടാക്കുന്നതു് അനേക അസൗകര്യങ്ങൾക്കും പരാതികൾക്കും അതൃപ്തിക്കും കാരണമാകും എന്നും ഉള്ള തത്വങ്ങളായിരിക്കണം ഈ നിശ്ചയത്തിന്റെ പ്രേരകങ്ങൾ. മുമ്പു ജാതിപ്പഞ്ചായത്തുകൾ നടപ്പുണ്ടായിരുന്ന ഗ്രാമങ്ങളിൽ അവയുടെ സ്ഥാനത്തും ഇല്ലാതിരുന്ന ദിക്കുകളിൽ നൂതനമായും വിശേഷാൽ ജാതിപ്പഞ്ചായത്തു കോടതികൾ ഈ പുതിയ നിയമം അനുസരിച്ചു സ്ഥാപിക്കപ്പെടും. ഗ്രാമങ്ങളിൽ ഒരു പഞ്ചായത്തു് അധ്യക്ഷനും അയാളെ സഹായിപ്പാനായി വേറെ നാലു പഞ്ചായത്തംഗങ്ങളും ഉണ്ടായിരിക്കും. പഞ്ചായത്തുകാരുടെ നടപടിയേയും പ്രവൃത്തികളേയും പരിശോധിക്കുന്നതിനു് ഒരു ഇൻസ്പെക്ടറും ഗവർമ്മെൻറിൽ നിന്നു നിയമിക്കപ്പെടും. എല്ലാ പഞ്ചായത്തു കോടതികളുടേയും മുകളിലായി തലസ്ഥാനമായ ബറോഡാ നഗരത്തിൽ ഒരു അപ്പീൽ കോടതി ഉണ്ടായിരിക്കും. ഇങ്ങനെ ഇതിനെ സംബന്ധിച്ചും സകല വ്യവസ്ഥകളും ബില്ലിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഈ പരിഷ്കാരം ചിലപ്പോൾ പഴയ ഗ്രാമ പ്രമാണികളുടെ നഷ്ടപ്രായമായ ദുർഭരണ നയങ്ങളെ പുനർജ്ജീവിപ്പിച്ചു സമുദായത്തിന്റെ ഏതൽകാലികമായ പരിഷ്കാരാഭിവൃദ്ധിയെ തടയുന്നതായി വന്നേക്കയില്ലയോ എന്നു ചിലർ സംശയിക്കുന്നു. ജാതി സംബന്ധ

Digitized By Kerala Sahitya Akademi

മായ അക്രമങ്ങളെ അവസരമുള്ളപ്പോൾ എല്ലാം അമർച്ച വരുത്താൻ ബദ്ധശ്രദ്ധ നായ ഗേക്കുവാർമഹാരാജാവു തിരുമനസ്സിലെ ദീർഘ ദൃഷ്ടിയേയും വിശാല ഹൃദയതയേയും പറ്റി അറിയാവുന്നവർ ആ തിരുമേനിയുടെ ജനക്ഷേമവ്യസനി യായ ബുദ്ധിയിൽ നിന്നു് പുറപ്പെടുന്ന ഈ ആലോചനയിലും വ്യവസ്ഥകളി ലും യാതൊന്നും ഭയപ്പെടേണ്ട ആവശ്യകതയില്ല. ഈ ഏർപ്പാടു ബ്രിട്ടീഷ് ഇൻന്ത്യയിലെ ഗ്രാമ മുൻസിഫ് വ്യവസ്ഥയോടു് ഏതാണ്ടു തുല്യമായിട്ടുള്ള താണു്. ജാതികളെ സംബന്ധിച്ച പ്രത്യേക പഞ്ചായത്തു് എന്നുള്ളതാണു പ്ര ധാന വ്യത്യാസം. തിരുവിതാംകൂറിലും ഗ്രാമങ്ങളുടെ ഭരണത്തിന്നായി വി ല്ലേജ് ബോർഡുകൾ ഏർപ്പെടുത്തുന്നതിന്റെ ആവശ്യകതയെപ്പറ്റി കഴിഞ്ഞ പ്രജാസഭയിൽ ഏതാനും മാന്യ പ്രതിനിധികൾ പ്രതിപാദിക്കുകയും ദിവാൻ ജി ആ വിഷയത്തിൽ വളരെ താത്പര്യം പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ഗവർമ്മെൻറിന്റെ ആലോചനയ്ക്കു രാജ്യത്തിന്റെ പൊതു ക്ഷേമത്തെ സംബന്ധി പ്പ പല പ്രധാന സംഗതികളും ദിനം പ്രതി വർദ്ധിച്ചു വരുന്നതുകൊണ്ടു ഗ്രാമ ങ്ങളേയും ഗ്രാമീണരേയും സംബന്ധിച്ച പ്രത്യേക ചില്ലറ സംഗതികൾക്കു് അ ചിരേണ ഈ മാതിരി വ്യവസ്ഥകൾ ഏതെങ്കിലും ഉണ്ടാകാതെ കഴികയില്ലെ ന്നുള്ളതു തീർച്ചയാണു്. അപ്പോൾ തിരുവിതാംകൂറിനെപ്പോലെ ജാതി വൈ ചിത്ര്യമുള്ള ഒരു സംസ്ഥാനത്തു് നടപ്പാക്കേണ്ടതു് ജാതിമതഭേദമില്ലാത്ത വെ റും ''വില്ലേജ് ബോർഡോ'' ''ജാതി പഞ്ചായത്തു കോടതിയോ'' എന്നു ചോ ദിച്ചാൽ ഒടുവിൽ പറഞ്ഞതാണെന്നു് മറുപടി പറയുന്നതേ ന്യായമായിരിക്കൂ. അ തുകൊണ്ടു് ഓരോ ജാതിക്കാരുടെയും വ്യവസ്ഥിതമായ സംഘം അല്ലെങ്കിൽ കര യോഗം അതാതു സ്ഥലങ്ങളിൽ ഉണ്ടായിരുന്നാൽ അതു് അതാതു സമുദായത്തി ന്റെ ഗുണപ്രദമായിരിക്കുമെന്നുള്ളതിനു പുറമേ ഗവർമ്മെൻറിനു് ആ യോഗങ്ങൾ മൂലം പഞ്ചായത്തു് ഏർപ്പാടു നടപ്പിൽ കൊണ്ടുവരുന്നതു സുഖകരവുമായിരിക്കും. എസ്. എൻ. ഡി. പി. യോഗത്തിന്റെ ആരംഭകാലങ്ങളിൽ തന്നെ ദേശസഭകൾ മുതലായവ സ്ഥാപനത്തെപ്പറ്റി വളരെയെല്ലാം ശ്രദ്ധിക്കുകയും ആലോചിക്കുകയും ചെയ്തിട്ടുള്ളതാണു്. എന്നാൽ എല്ലാ സ്ഥലങ്ങളിലും ഏതെങ്കിലും ഐകരൂ പ്യമുള്ള ഒരു വ്യവസ്ഥയനുസരിച്ചോ പരസ്പരം ഏതെങ്കിലും പ്രകാരത്തിലുള്ള ശരിയായ അനുബന്ധത്തോടു കൂടിയോ അല്ല അവ ഇപ്പോൾ നടത്തപ്പെട്ടുവരുന്ന തു്. ആ മാതിരി സഭകൾ ഉള്ള സ്ഥലങ്ങൾ തന്നെ വളരെ ചുരുക്കവുമാകുന്നു. അതുകൊണ്ടു് ആ വിഷയത്തിൽ നമ്മുടെ ജനങ്ങൾ ഒരിക്കൽ കൂടി ഉണർന്നു ദേശ സഭകളും താലൂക്കു സഭകളും സ്ഥാപിപ്പാൻ ഉദ്യമിച്ചാൽ ഭാവിയിൽ പല ഗുണ ങ്ങളും ഉണ്ടാവാൻ ഇടയുണ്ടു്.

വിവേ: 1086 മേടം, ഇടവം

Digitized By Kerala Sahitya Akademi

വിദ്യാഭ്യാസമുള്ളവരില്ലെന്നാണ് കണക്കുകൊണ്ട് കാണുന്നത്. സ്ത്രീകളിൽ വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ നൂറിനു് ഒന്നോ രണ്ടോ മാത്രമേ ആകുന്നുള്ള. ബ്രട്ടീഷ് ഭരണത്തിന്റെ കീഴിൽ സുഖസ്വാതന്ത്ര്യങ്ങളും സമ്പാദിപ്പാൻ വിദ്യാഭ്യാസം, വ്യവസായം മുതലായ മാർഗ്ഗങ്ങളും ആർക്കും തുറന്നുകൊടുത്തിരിക്കയാണു്. നമ്മുടെ പൂർവികന്മാർക്കു് ലഭിച്ചിട്ടില്ലാത്ത ഒരനുഗ്രഹവിശേഷമാണിത്. അതുകൊണ്ടു് നമ്മെ ഈ മാർഗ്ഗങ്ങളിലൂടെ നാംതന്നെ ഉയർത്തിക്കൊണ്ടുപോകേണ്ടിയിരിക്കുന്നു. ''ഉദ്ധരേദാത്മനാത്മാനം'' എന്നാണു ഭഗവാൻ പറയുന്നതു്. (Work out your own salvation) നിങ്ങളുടെ മോക്ഷം നിങ്ങളും തന്നെ ഉണ്ടാക്കിക്കൊൾവിൻ എന്നാണു് ബുദ്ധമഹർഷി പറയുന്നതു്. അതെല്ലാം ശരിയായ പ്രമാണങ്ങളാകുന്നു.

എസ്. എൻ. ഡി. പി. യോഗം സ്ഥാപിച്ചിട്ടു് ഇപ്പോൾ 14 കൊല്ലമാകുന്നു. അതിനുമുമ്പുണ്ടായിരുന്ന സ്ഥിതിയിൽനിന്നു് ഇപ്പോൾ നമ്മുടെ സ്ഥിതിക്കു് എന്തെങ്കിലും മാറ്റം കാണുന്നുണ്ടോ ? നിശ്ചയമായും ഉണ്ടെന്നു് നിങ്ങളും എല്ലാവരും പറയുമെന്നാണു് എന്റെ വിശ്വാസം. ആ ഗുണകരമായ മാറ്റങ്ങളെ എണ്ണിപ്പറയേണ്ട ആവശ്യമില്ല. അതിനു സമയവുമില്ല. കന്യാകുമാരിമുതൽ മംഗലപുരംവരെയുള്ള നമ്മുടെ വർഗ്ഗക്കാർ, പരസ്പരം അറിയാതെ കിടന്നിരുന്ന 16 ലക്ഷം ആത്മാക്കളും, ഇപ്പോൾ,പരസ്പരം അറിഞ്ഞു സ്നേഹിച്ചു കഴിഞ്ഞിരിക്കുന്നു. നമ്മുടെ വകയായി അനേകം ക്ഷേത്രങ്ങളും പ്രസംഗശാലകളും, വിദ്യാലയങ്ങളും ഉണ്ടായിവരുന്നു. നമ്മളും ഒന്നായിച്ചേർന്നു് സഭകളും നടത്തുന്നു. നമ്മുടെ കാര്യങ്ങളെ ഏകസ്വരത്തിൽ പ്രതിപാദിക്കുന്ന പത്രങ്ങളും മാസികകളും പ്രതിനിധികളും നമുക്കുണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ ഇതൊക്കെ ഒരു ആരംഭംമാത്രമേ ആയിട്ടുള്ള. ഒരു വലിയ സമുദായത്തിന്റെ ശാശ്വതമായ അഭ്യുദയം മഹത്തായ അസ്ഥിഭാരങ്ങളിന്മേൽ സുഘടിതമായ ക്രമങ്ങളനുസരിച്ചു് സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ നമുക്കു് പല സമാജങ്ങളും കേരളത്തിന്റെ നാനാഭാഗങ്ങളിലായുണ്ടു്. എല്ലാറന്റെയും ഉദ്ദേശം നമ്മുടെ മതസംബന്ധവും ലൗകികവുമായ അഭ്യുദയങ്ങളും തന്നെയാണു്. പല സമാജങ്ങളും ഫലപ്രദമായ പ്രവൃത്തികളും ചെയ്തുകൊണ്ടിരിക്കുന്നുമുണ്ടു്. എന്നാൽ നമ്മുടെ എല്ലാം മമതയും ശ്രമവും വേണ്ടവിധത്തിലും നിരന്തരമായും അവയിൽ പതിയുന്നില്ലെന്നുള്ളതു തീർച്ചയാണു്. മറിച്ചായിരുന്നുവെങ്കിൽ ഇപ്പോൾ ഇതിനെക്കാളും അത്ഭുതകരങ്ങളായ ഫലങ്ങളും കാണാമായിരുന്നു. നമുക്കു് പരസ്പരവിശ്വാസവും, പരസ്പര സ്നേഹവും ഇതുവരെ വേണ്ടവണ്ണം ഉണ്ടായിട്ടില്ല. അതാണു് പ്രധാനമായി ഉണ്ടാകേണ്ടതു്. അതിനായി നാം ഓരോരുത്തരും ദൃഷ്ടിവച്ചു് യത്നിക്കേണ്ടതാണു്. അജ്ഞാനവും അന്യഥാ ജ്ഞാനവുമാണു് അവിശ്വാസത്തിനു ഹേതുവായിരിക്കുന്നതു്. സമുദായവൃദ്ധിവിഷയത്തിൽ യത്നിപ്പാൻ ഓരോരുത്തരും പ്രത്യേകം ഒരുക്കമായിരിക്കണം. അങ്ങനെ ഒരുങ്ങുന്നവർ തമ്മിൽ കൂടക്കൂടെ ഇടപ്പെട്ടു് ഹൃദയപൂർവം സംസാരിക്കയും സംഗതികളെ ഗ്രഹിക്കയും ഗ്രഹിപ്പിക്കയും വേണം. അതു് അന്യഥാ ജ്ഞാനങ്ങളെ ദൂരീകരിക്കയും പരസ്പ

Digitized By Kerala Sahitya Akademi

ര സ്നേഹത്തേയും മമതയേയും ദൃഢപ്പെടുത്തുകയും ചെയ്യും. ദോഷൈകദർശനം വലിയ ദോഷമാണ്. ആ സ്വഭാവത്തെ സമുദായത്തിൽനിന്നു ദൂരീകരിപ്പാൻ ഓരോ സമുദായസ്നേഹിയും ബദ്ധശ്രദ്ധനായിരിക്കണം. സമുദായഗുണത്തെ ഉദ്ദേശിച്ചുള്ള പ്രവൃത്തികളെ അഭിനന്ദിക്കയും ബഹുമാനിക്കയും ചെയ്വാനുള്ള വാസനയെ ജനിപ്പിക്കയും വേണം. സമാജങ്ങളെ നാം നമ്മുടെ കുടുംബങ്ങളെപ്പോലെയും അതിലെ അംഗങ്ങളെ സഹോദരങ്ങളെപ്പോലെയും സ്നേഹിക്കയും വില വയ്ക്കയും ചെയ്യണം. അപ്പോൾ സമാജങ്ങൾക്കു സ്ഥിരതയും വ്യാപ്തിയുമുണ്ടാകും. സമാജങ്ങൾ മുഖേന വേണം മറ്റു സകല അഭ്യുദയങ്ങളുമുണ്ടാവാൻ. വിദ്യയുടേയും ധനത്തിന്റേയും സമ്പാദനമാണ് പുരോഗതിൽ ലൌകിക അഭ്യുദയം എന്നു പറയുന്നതു്. നാഗരികതയും, സ്വാതന്ത്ര്യവും സുഖജീവിതവുമെല്ലാം അതിന്റെ ഫലങ്ങളാകുന്നു.

വിദ്യാഭ്യാസത്തിനു് ഇപ്പോൾ നമുക്കു് ഗവൺമെൻറിൽനിന്നുതന്നെ സൌകര്യങ്ങൾ നൽകുന്നുണ്ടു്. സ്കൂളുകൾ അധികം നാം പ്രത്യേകം ഉണ്ടാക്കേണ്ട ആവശ്യകത തൽക്കാലം അധികമില്ല. ഉള്ള സ്കൂളുകളിൽ കുട്ടികളെ അയച്ചു പഠിപ്പിക്കുന്ന വിഷയത്തിൽ എല്ലാ സമാജങ്ങളും പ്രത്യേകം ശ്രദ്ധ വയ്ക്കണം. പ്രൈമറി പാഠശാലകൾ ഇല്ലാത്ത ദിക്കിൽ നാം ഉണ്ടാക്കണം, ഉയർന്തരം വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ സമുദായത്തിൽ തീരെ കുറവായതിനാൽ കഴിയുന്ന പ്രകാരമെല്ലാം അതിനെ പ്രോത്സാഹിപ്പിക്കണം. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും കോളേജുകൾ ഉണ്ടു്. നമ്മുടെ കുട്ടികൾ താമസിച്ചു പഠിക്കാനും ആഹാരത്തിനുമുള്ള സൌകര്യങ്ങൾ അത്യാവശ്യങ്ങളാണു്. അതിനു് വിദ്യാർത്ഥിസത്രങ്ങൾ സ്ഥാപിച്ചുകൊടുക്കണം. എസ്.. എൻ. ഡി. പി. യോഗം വകയായി തിരുവനന്തപുരത്തും മദ്ധ്യതിരുവിതാംകൂറിലെ നമ്മുടെ വർഗ്ഗക്കാരുടെ വകയായി മാവേലിക്കരയും ഓരോ വിദ്യാർത്ഥിസദനങ്ങൾ സ്ഥാപിപ്പാൻ ശ്രമങ്ങൾ നടന്നുവരുന്നുണ്ടു്. ഇങ്ങനെയുള്ള ശ്രമങ്ങൾ ആവശ്യമായ മറ്റു സ്ഥലങ്ങളിലു, ഉണ്ടായിരിക്കണം. വിദ്യാർത്ഥികൾക്കു ധനസഹായം ചെയ്വാൻ ഫണ്ടു ശേഖരിക്കുന്നതു നല്ലതും അത്യാവശ്യവും തന്നെ. വടക്കെ മലബാറിൽ ജ്ഞാനോദയം വകയായി അങ്ങനെ ഒരു ശ്രമം നടക്കാൻപോകുന്നതായി കേൾക്കുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. ഇതിനെല്ലാറിനും ധനം ആവശ്യമാണു്. സമാജങ്ങൾ എല്ലാ ദിക്കുകളിലും സ്ഥാപിച്ചു ശരിയായി നടത്തുകയും ജനങ്ങൾക്കു പരസ്പരവിശ്വാസവും ഐകമത്യവും വർദ്ധിക്കയും ചെയ്താൽ പണം വഴിയേ വരുന്നതാണു്. 16 ലക്ഷം ജനങ്ങൾ ഒരു കാര്യത്തിനായി ഒത്തൊരുമിച്ചു ഓരോ അണകൊടുത്താൽ ലക്ഷം ഉറുപ്പികയായി. 4 ലക്ഷം ആയാൽത്തന്നെ 25,000 ക. ആയി. ഇതൊക്കെ മനോരാജ്യമാണെന്നു തോന്നുമായിരിക്കാം. ഇല്ല, നിശ്ചയമായും നമ്മിൽ ഐകമത്യം വർദ്ധിക്കുന്തോറും അതു വെറും യഥാർത്ഥ കഥനം മാത്രമായിത്തീരുമെന്നുള്ളതു നിശ്ചയമാണു്.

വ്യവസായശീലത്തിനു നാം പ്രസിദ്ധരാണു്. നമ്മുടെ വ്യവസായവാസനയെ ശരിയായ മാർഗ്ഗങ്ങളിൽക്കൂടി നടത്തിയാൽ അതു നമ്മുടെ ധനാഭി

Digitized By Kerala Sahitya Akademi

വ്യദ്ധിയെ അത്ഭുതകരമാംവണ്ണം സഹായിക്കും. പരസ്പരവിശ്വാസവും സ്നേഹവും ഐക്യമത്യവുമാണ് അതിനു് അപേക്ഷിതമായിരിക്കുന്നതു്.

ഇതെല്ലാം ഉണ്ടായിക്കഴിഞ്ഞാൽ നമ്മുടെ അഭ്യുദയം ആയി. പിന്നെ നമ്മെക്കുറിച്ചു് നാം ശോചിക്കേണ്ടതില്ല. മറ്റൊരാൾക്കും നമ്മെ തടഞ്ഞുനിർത്താൻ സാധിക്കുകയുമില്ല. അതുകൊണ്ടു് ഒന്നാമതായി നാം ഇനി പരസ്പരം അധികം സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുക. അങ്ങനെ നാം ഒത്തൊരുമിച്ചു് അവിടവിടെ ദേശസഭകളേയും, താലൂക്കുസഭകളേയും ബുദ്ധിപൂർവ്വമായ വ്യവസ്ഥകളും അനുസരിച്ചു സ്ഥാപിക്കുക. കേരളത്തെ മുഴുവൻ വ്യാപിക്കുന്ന ഒരു മഹായോഗവും വ്യവസ്ഥപ്പെടുത്തി നടത്തുക. നാം ഒന്നായി നിൽക്കുക, ചിതറിക്കിടക്കുന്ന പൂഴിയെ സ്നേഹപ്രവാഹംകൊണ്ടു് നനച്ചു പരസ്പരം കൂട്ടിച്ചേർക്കുക, എന്നിട്ടു് ആയതിനെ പാകപ്പെടുത്തി സമാജങ്ങളാകുന്ന മതിലുകളേയും കെട്ടിടങ്ങളേയും നിർമ്മിച്ചു് ഉറപ്പിക്കുക. ഗർഭഗൃഹത്തിൽ ഈശ്വരഭക്തിയെ പ്രതിഷ്ഠിക്കുക, ജ്ഞാനദീപങ്ങളാൽ ആരാധിക്കുക. സത്യം, സമസൃഷ്ടി സ്നേഹം എന്നുവേണ്ട സകല സദാചാര പുഷ്പങ്ങളെയും നിവേദ്യങ്ങളേയുംകൊണ്ടു് നിത്യം വടിപാട നടത്തുക. അപ്പോൾ നമ്മുടെ സമുദായമന്ദിരം പരിശുദ്ധമാകും. നാം കൃതാർത്ഥരാകും. സകല മനുഷ്യരും ദേവന്മാരും നമ്മെ സഹായിക്കും. നമ്മുടെ അഭ്യുദയം സിദ്ധമാകുകയും ചെയ്യും.

മിതവാദി 1917 ജനുവരി

['നമ്മുടെ അഭ്യുദയത്തിനുള്ള മാർഗ്ഗങ്ങൾ' എന്ന വിഷയത്തെ അധികരിച്ചു് സ്വസമുദായത്തിലെ പരിണതപ്രജ്ഞരായ പല വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ടു് മിതവാദി പത്രാധിപർ സി. കൃഷ്ണൻ അവർകളും പത്രം വഴി സംഘടിപ്പിച്ച സിമ്പോസിയത്തിനുവേണ്ടി എഴുതിയതു്]

ക്ഷേമമാർഗം

I. ദോഷത്തിന്റെ ഗുണഫലം.

അസ്വാസ്ഥ്യം, വേദന, വ്യസനം ഇവ ജീവിതദീപത്തിന്റെ നിഴലുകളാണു്. വേദനയുടെ വിഷപ്പല്ലേറിട്ടില്ലാത്ത ഹൃദയം ലോകത്തിലില്ല. ക്ലേശത്തിന്റെ തിരമാലകളിൽ അലഞ്ഞുതിരിയാത്ത മനസ്സു കാണുകയില്ല. അവാച്യമായ വ്യസനംകൊണ്ടു് ചുടുചുടെ ദഹിക്കുന്ന അശ്രുധാരകളാൽ അ

Digitized By Kerala Sahitya Akademi

വിലമാകാത്ത നേത്രങ്ങളുമില്ല. രോഗവും മരണവുമാകുന്ന മഹാഘാതകന്മാർ കൊള്ളയിടാത്ത ഭവനമേതാണു്? എത്ര സ്നേഹബന്ധങ്ങളെ അവ മുറിച്ചുകളയുന്നു. ആരെ അവ ദുഃഖചിഹ്നം അണിയിക്കുന്നില്ല? ശക്തിമത്തും അഭേദ്യപ്രായവുമായ ദോഷത്തിന്റെ വലയിൽ എല്ലാ മനുഷ്യരും ഏറക്കുറെ നല്ലവണ്ണം കുടുങ്ങിയിരിക്കുകയാകുന്നു. വേദനയും അസുഖവും ആപത്തും എല്ലാവരുടെയും പിന്നിൽ തരംകാത്തു നില്പുയും ചെയ്യുന്നു. ഈ ദുർഘടാവസ്ഥയിൽനിന്നു് രക്ഷപ്പെടുകയോ ഒരുവിധം ഒഴിഞ്ഞുനില്പുയോ ചെയ്യുന്നതിനായി എല്ലാ പുരുഷന്മാരും സ്ത്രീകളും കണ്ണും ചിമ്മി ഓരോ ഉപായങ്ങളിൽ ചെന്നുചാടുന്നു. അതുവഴി അനശ്വരമായ സുഖത്തിൽ എത്താമെന്നു് ആശിക്കയും ചെയ്യുന്നു. ഇന്ദ്രിയസുഖലഹരിയിൽ സ്വച്ഛന്ദവിഹാരം ചെയ്യുന്ന മദ്യപനും കുലടയും അത്തരക്കാരാണു്. ലോകദുഃഖങ്ങളിൽ ഇടപെടാതെ ഏകാന്തത്തിൽ ബലക്ഷയഹേതുക്കളായ അമിതഭോഗങ്ങളാൽ പരിവൃതനായി കഴിയുന്ന സുഖലമ്പടനും അത്തരക്കാരൻ തന്നെ. ധനത്തെയോ യശസ്സിനെയോ മോഹിച്ചു് മറ്റു സകലത്തെയും ആ ഉദ്ദേശസിദ്ധിക്കു് കീഴ്പ്പെടുത്തുന്നവനും അങ്ങിനെയുള്ളവനാണു്. മതസംബന്ധമായ നിത്യനൈമിത്തികകർമ്മങ്ങളനുഷ്ഠിച്ചു് മനഃസമാധാനം ഉണ്ടാക്കാൻ വിചാരിക്കുന്നവരും അങ്ങിനെയുള്ളവരാകുന്നു.

എല്ലാവക്കും അവനവൻ അന്വേഷിക്കുന്ന സുഖം സിദ്ധിക്കുന്നുണ്ടു്. ആത്മാവിനെ ആനന്ദകരമായ ഒരു ആശ്വാസവും ദോഷസത്തയുടെ ഉന്മാദജനകമായ ഒരു വിസ്മരണവും സ്വല്പകാലത്തേക്കു വിശ്രമിപ്പിക്കയും ചെയ്യുന്നുണ്ടു്. എന്നാൽ ഒടുവിൽ രോഗത്തിന്റെ കാലം വരും. അല്ലെങ്കിൽ ഒരു മഹാവ്യസനമോ, വ്യാമോഹമോ അഥവാ ദുരദൃഷ്ടമോ അസംയതമായ ആത്മാവിൽ കടന്നുകൂടും. അതിന്റെ മനോരാജ്യനിർമ്മിതമായ സുഖവസനം കീറിപ്പറിഞ്ഞു പോകയും ചെയ്യും.

ഇങ്ങിനെ ഓരോ വിഷയാനന്ദത്തിന്റേയും മുകളിൽ ദുഃഖമാകുന്ന മായാഖഡ്ഗം തൂങ്ങിനില്പുന്നു. ഏതു നിമിഷമെങ്കിലും അതറ്റു വീണു ജ്ഞാനത്താൽ സുരക്ഷിതമല്ലാത്ത ആത്മാവിനെ ധ്വംസിക്കും.

ശിശു വളർന്നു് പുരുഷനോ സ്ത്രീയോ ആയിത്തീരാൻ കരയുന്നു. സ്ത്രീപുരുഷന്മാർ നഷ്ടപ്പെട്ടുപോയ ശൈശവസുഖത്തെ ഓർത്തു് നെടുവീർപ്പിടുന്നു. ദരിദ്രൻ തന്നെ ബന്ധിച്ചിരിക്കുന്ന ദാരിദ്ര്യശൃംഖലയിൽ അക്ഷമനായിക്കിടന്നു വട്ടം തിരിയുന്നു. ധനവാൻ പലപ്പോഴും ദാരിദ്ര്യത്തെ ഭയന്നു് ജീവിക്കുകയോ അല്ലെങ്കിൽ താൻ സുഖമെന്നു പറയുന്ന ഭ്രമജനകമായ നിഴലിനെ പിടിക്കാൻ വേണ്ടി ഓടിനടക്കയോ ചെയ്യുന്നു. വല്ലമതത്തേയും പുത്തനായി വിശ്വസിക്കുകയോ സയുക്തികമായ ഒരു തത്ത്വജ്ഞാനസിദ്ധാന്തത്തെ അംഗീകരിക്കുകയോ യുക്തിയുക്തമോ മനോഹരമോ ആയ വല്ല ജീവിതാദർശത്തെയും സങ്കല്പിക്കുകയോ ചെയ്യുമ്പോഴും ചിലപ്പോഴെക്കെ അ

Digitized By Kerala Sahitya Akademi

ത്മാവിനു് ഒരു ശാശ്വതമായ സമാധാനം കണ്ടുകിട്ടി എന്നു തോന്നാറുണ്ടു്. എന്നാൽ ശക്തിയേറിയ വല്ല പ്രലോഭനവും ആ മതത്തെ അനനുരൂപമോ അപ്രയാപ്തമോ ആണെന്നു് വിളിച്ചു പറയുകയും ആ തത്ത്വജ്ഞാനം ശരണീകരണീയമല്ലെന്നു തെളിയിക്കുകയും ചെയ്യും. അല്ലെങ്കിൽ ഒരു ക്ഷണത്തിൽ അനേക വർഷമായി സങ്കല്പശക്തിയാൽ താൻ നിർമ്മിച്ചുകൊണ്ടിരുന്ന ആദർശപ്രതിമ തകർന്നു തന്റെ ചുവട്ടടിയിൽ വീഴുകയായിരിക്കും.

അപ്പോഴും വേദനയിലും വ്യസനത്തിലും നിന്നു രക്ഷപ്പെടാൻ മാർഗ്ഗമില്ലയോ? ദോഷബന്ധത്തെ ധ്വംസിക്കാൻ ഉപായങ്ങളൊന്നുമില്ലയോ? സ്ഥിരസുഖമെന്നും ശാശ്വതമായ ക്ഷേമമെന്നും, നിത്യശാന്തിയെന്നും പറയുന്നതു് മൂഢന്മാരുടെ സ്വപ്നസൃഷ്ടിയാണോ? അല്ല, ദോഷത്തെ സമൂലഘാതം ധ്വംസിക്കുന്നതിനു് ഉപായമുണ്ടെന്നു സന്തോഷപൂർവ്വം പറയാം. രോഗം, ദാരിദ്ര്യം, അരിഷ്ടത അല്ലെങ്കിൽ ഏതെങ്കിലും ദുരവസ്ഥ ഇതുകളെ ഒരിക്കലും മടങ്ങിവരാത്തവിധം അകറ്റി നിറുത്താൻ മാർഗ്ഗമുണ്ടു്. കഷ്ടതയുടെ ഭയലേശം കൂടാതെ സുസ്ഥിരമായ ക്ഷേമത്തെ സമ്പാദിപ്പാൻ ഉപായമുണ്ടു്. അവ്യാഹതവും അനന്തവുമായ ശാന്തിയേയും ആനന്ദത്തേയും പ്രാപിക്കുന്നതിനും അനുഭവിക്കുന്നതിനും ഒരു അഭ്യാസസരണിയുമുണ്ടു്. ഈ ഉൽകൃഷ്ടാനുഭവത്തിലേക്കു നയിക്കുന്ന മാർഗ്ഗത്തിന്റെ പ്രാരംഭം, ദോഷത്തിന്റെ സ്വഭാവത്തെ സംബന്ധിച്ചുള്ള ശരിയായ ജ്ഞാനത്തെ സമ്പാദിക്കുകയുമാകുന്നു.

ദോഷത്തെ അപലപിക്കുകയോ വിസ്മരിക്കുകയൊ ചെയ്താൽ പോരാ, അതിനെ മനസ്സിലാക്കുകയാണു വേണ്ടതു്. ദോഷത്തിന്റെ നിവൃത്തിക്കായി ഈശ്വരനെ പ്രാർത്ഥിച്ചാൽ പോരാ, അതു് ഉണ്ടാവാൻ കാരണമെന്തെന്നും അതു് എന്തു പഠിപ്പിക്കുന്നുവെന്നും കണ്ടുപിടിക്കേണ്ടതാണു്. നമ്മെ ബന്ധിച്ചിരിക്കുന്ന ചങ്ങലയുടെ നേരേ കോപിക്കുകയോ ക്ഷോഭിക്കുകയോ ചെയ്തിട്ടു പ്രയോജനമില്ല. ബന്ധനത്തിൽ കുടുങ്ങിയതു് എങ്ങനെയെന്നും എന്തു കാരണത്താലെന്നും അറിയുകയാണു വേണ്ടതു്. അതുകൊണ്ടു് നാം മാറിനിന്നു് നമ്മെത്തന്നെ നോക്കുകയും പരിശോധിക്കുകയും വേണം. സ്വാനുഭവപാഠശാലയിലെ അനുസരണമില്ലാത്ത കുട്ടികളുടെ നില നിശ്ശ്രേഷം വിട്ടു് വിനയത്തോടും നമ്മുടെ ഉന്നമനത്തിനും അവസാന പരിപൂർണ്ണതയ്ക്കുമായി അതിൽ നിന്നു സിദ്ധിക്കുന്ന പാഠങ്ങളെ പഠിച്ചുതുടങ്ങണം. എന്തുകൊണ്ടെന്നാൽ ദോഷം അതിന്റെ ശരിയായ സ്വഭാവം മനസ്സിലായാൽ ലോകത്തിലുള്ള അപരിച്ഛേദ്യമായ ഏതെങ്കിലും ശക്തിയൊ തത്ത്വമോ അല്ലെന്നും മറിച്ചു് മാറിപ്പോകുന്ന മനുഷ്യാനുഭവത്തിന്റെ ഒരു പരിച്ഛിന്ന കാലികാവസ്ഥ മാത്രമാണെന്നും വെളിപ്പെടുത്തുന്നതാണു്. അതുകൊണ്ടു് അതും (ദോഷം) പഠിപ്പാൻ മനസ്സുള്ളവർക്കു ഗുരുവായും തീരുന്നു. ദോഷം നമ്മിൽ നിന്നു ഭിന്നമായ ഏതെങ്കിലും ഒരു സത്തയല്ല, നമ്മുടെ ഉള്ളിൽത്തന്നെയുള്ള ഒരു അനുഭവ വിശേഷമാകുന്നു. അന്തഃകരണത്തെ ക്ഷമയോടുകൂടി പരിശോധിക്കുകയും ശരിപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ടു ക്രമേണ നാം ദോഷത്തി

Digitized By Kerala Sahitya Akademi

ന്റെ ഉത്ഭവത്തേയും സ്വഭാവത്തേയും കണ്ടുപിടിക്കാറാവും. അവയെ കണ്ടു പിടിച്ചു കഴിഞ്ഞാൽ അതിന്റെ ഉന്മൂലനം സുകരമായും തീരും.

എല്ലാ ദോഷവും ശോധകവും നിവാരകവുമാണു്, അതുകൊണ്ടു് ശാശ്വതമായിരിക്കുന്നില്ല. ദോഷം വേരുന്നി നിൽക്കുന്നതു് അജ്ഞാനത്തിലാണു്. അതായതു്, വസ്തുക്കളുടെ യഥാർത്ഥസ്വഭാവത്തേയും സംബന്ധത്തേയും പറ്റിയുള്ള അജ്ഞതയിലാണു്. അതുകൊണ്ടു നാം അപ്രകാരമുള്ള അജ്ഞാനത്തിൽ മുഴുകിയിരിക്കുന്ന കാലംവരെ ദോഷം നമ്മെ ബാധിക്കുകതന്നെ ചെയ്യും. അജ്ഞാനജന്യമല്ലാത്തതും തന്റെ പാഠങ്ങളെ ശ്രദ്ധിച്ചു പഠിപ്പാൻ താല്പര്യമുള്ളവരെ ഉടനടുത്തരം വിജ്ഞാനാവസ്ഥയിലേക്കു നയിച്ചിട്ടു് ഒഴിഞ്ഞുപോകാത്തതായ ദോഷം ലോകത്തിലില്ല. എന്നാൽ മനുഷ്യർ ദോഷാവിഷ്ടരായിരിക്കുകയാണു്. ദോഷം അവരെ വിട്ടുപോകാത്തതു് അതു പഠിപ്പിപ്പാൻ വന്നപാഠങ്ങളെ പഠിപ്പാൻ അവർ താല്പര്യപ്പെടുകയോ സന്നദ്ധരാകയൊ ചെയ്യാഞ്ഞിട്ടാകുന്നു. രാത്രി തള്ള ഉറങ്ങാൻ കൊണ്ടുപോകുമ്പോഴൊക്കെ മുറിക്കകത്തു് കത്തിക്കൊണ്ടിരിക്കുന്ന വിളക്കെടുത്തു കളിപ്പാൻ അനുവദിക്കാഞ്ഞിട്ടു കരയുന്ന ഒരു കുട്ടിയെ എനിക്കു പരിചയമുണ്ടായിരുന്നു. ഒരു രാത്രി തള്ള വെളിക്കോട്ടിറങ്ങിയ ക്ഷണത്തിൽ കുട്ടി വിളക്കു കയ്യിൽ എടുത്തു ദീപജ്വാലയിൽ പിടിത്തം കൂടി. ഫലം എന്തായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. അന്നുമുതൽ പിന്നെ ഒരിക്കലും ആ കുട്ടി വിളക്കുമായി കളിപ്പാൻ ആഗ്രഹിച്ചിട്ടേയില്ല. സ്വന്തം അബദ്ധ പ്രവൃത്തികൊണ്ടുതന്നെ ആ കുട്ടി പഠിച്ചു അതേ അനുസരണത്തിന്റെ പാഠം ശരിയായി പഠിച്ചു. തീയിൽ തൊട്ടാൽ പൊള്ളുമെന്നു മനസ്സിലാക്കുകയും ചെയ്തു. ഈ സംഭവം എല്ലാ പാപത്തിനേറയും ദോഷത്തിനേറയും സ്വഭാവം, അർത്ഥം, അന്ത്യപ്രയോജനം ഇവയെ എല്ലാം ഉദാഹരിക്കുന്ന ഒരു തികഞ്ഞ ദൃഷ്ടാന്തമാണു്. അഗ്നിയുടെ യഥാർത്ഥ സ്വഭാവത്തിന്റെ അജ്ഞാനത്താൽ ആ കുട്ടി ദുഃഖം അനുഭവിച്ച പോലെ പ്രായമായ ''കുട്ടികളും'' അവർ കിട്ടാഞ്ഞു കരയുന്നതും, ബുദ്ധിമുട്ടി ആരായുന്നതും, ലഭിച്ചു കഴിഞ്ഞാൽ അവർക്കു പീഡനൽകുന്നതുമായ വസ്തുക്കളുടെ വാസ്തവസ്വഭാവത്തിന്റെഅജ്ഞതയാൽ ദുഃഖിക്കുകയാകുന്നു. ഒരു വ്യത്യാസമാണുള്ളതു്. പ്രായമായവരുടെ സംഗതിയിൽ അജ്ഞാനവും ദോഷവും ഹൃദയത്തിൽ ഗാഢമായി വേരുറച്ചു പോയതും അസ്പഷ്ടവും ആയിരിക്കുന്നു.

ദോഷം എല്ലായ്പ്പോഴും ഇരുട്ടിനേറയും ഗ്രണം വെളിച്ചത്തിനേറയും ചിഹ്നമായി സങ്കേതിക്കാറുണ്ടു്. ഈ സങ്കേതത്തിൽ സംഗതിയുടെ മുഴുവൻ വിവരണം അല്പെങ്കിൽ വസ്തുത ലീനമായി അന്തർഭവിച്ചിരിക്കുന്നു. എങ്ങിനെയെന്നാൽ, വെളിച്ചത്തിന്റെ കരകവിഞ്ഞ പ്രവാഹം പ്രപഞ്ചത്തെ സദാ മുക്കിക്കൊണ്ടിരിക്കുന്നു. ഇരുട്ടു് കേവലം ഒരു കുറുത്ത പൊട്ടോ അപരിച്ഛേദ്യമായ പ്രകാശത്തിന്റെ ഏതാനും കാരണങ്ങളെ ഇടയിൽ കേറി തടുക്കുന്നവല്ല ഗോളത്തിന്റെയും ഛായയോ മാത്രമാകുന്നു. അതുപോലെ സർവോപരിഷ്ടമായ സൽപ്രകാശം ലോകത്തിൽ കവിഞ്ഞൊഴുകുന്ന ഭാവരൂപവും ചൈതന്യപ്രദവുമായ ശക്തിയും അസത്തു് അല്പെങ്കിൽ ദോഷം ഉള്ളിൽ കടക്കാൻ ശ്രമിക്കുന്ന ഭാസ്വരമായ

Digitized By Kerala Sahitya Akademi

കിരണങ്ങളെ തടുത്തുകൊണ്ടു ഇടയിൽ കയറിനിൽക്കുന്ന സ്വാർത്ഥത്തിന്റെ നിസ്സാരമായ നിഴലുമാകുന്നു. രാത്രി തന്റെ കറുത്ത നിബിഡമായ പുതപ്പിനുള്ളിൽ ലോകത്തെ മൂടുമ്പോൾ അന്ധകാരം അതിഘനമായിരുന്നാലും അതു നമ്മുടെ ഭൂഗോളത്തിന്റെ അർദ്ധാംശമാകുന്നു. അല്പപ്രദേശത്തെ മാത്രമേ അതു മറയ്ക്കുന്നുള്ളു. അപ്പോഴൊക്കെയും പ്രപഞ്ചത്തിന്റെ മറുഭാഗം മുഴുവൻ ജാജ്വല്യമാനമായ സൂര്യപ്രകാശത്താൽ കുബളിതമായിരിക്കുന്നു. ഓരോ ജീവിയും പുലർച്ചയ്ക്ക് തിരിയെ പ്രകാശം വരുമ്പോൾ താൻ ഉണരുമെന്നു് അറിയുകയും ചെയ്യുന്നു. അതുകൊണ്ടു് വ്യസനമോ വേദനയോ ആപത്തോ ആകുന്ന ശ്യാമളമായ രാത്രി നമ്മുടെ ആത്മാവിൽ സ്ഥലം പിടിക്കുകയും നാം ജീവിതയാത്രയിൽ വഴി നിശ്ചയമില്ലാതെ നടന്നു തളർന്നു് കാൽ കുഴഞ്ഞു മറിഞ്ഞു വീഴുകയും ചെയ്യുമ്പോൾ നമ്മുടെ സ്വന്തം ആഗ്രഹങ്ങളെ നാം നടുക്കും അപരിച്ഛേദ്യവും ആനന്ദകരവുമായ സൗപ്രകാശത്തിനും മദ്ധ്യേ കൊണ്ടുചെന്നു നിർത്തി അതിനെ തടയുകയാണെന്നും നമ്മെ ആവരിച്ചു നിൽക്കുന്ന ആ ശ്യാമളച്ഛായ സ്വാർത്ഥപരമായ നമ്മുടെ ആത്മാവിനേറതല്ലാതെ മറെറാന്നിനേറയും അല്ലെന്നു നാം അറിഞ്ഞുകൊള്ളണം. എന്നതന്നെയല്ല, വെളിയിൽ കാണുന്ന അന്ധകാരം പ്രകാശത്തിന്റെ അഭാവരൂപമായ ഒരു ച്ഛായമാത്രമായും ഒരിടത്തു് നിന്നു വരികയോ ഒരു ദിക്കിലേക്കു പോകയോ ഒരാശ്രയത്തിൽ സ്ഥിരമായി സ്ഥിതി ചെയ്കയോ ചെയ്വാൻ തരമില്ലാത്ത വെറും ശൂന്യമായും ഇരിക്കുന്നപോലെതന്നെ നമ്മുടെ ഉള്ളിൽ കാണുന്ന വ്യസനാന്ധകാരവും വികസ്വരവും ഭാസ്വരവുമായ ആത്മപ്രകാശത്തിന്റെ മദ്ധ്യേ കൂടി കടന്നുപോകുന്ന വെറും ഛായ മാത്രമാകുന്നു.

എന്നാൽ ദോഷാന്ധകാരം വഴിയ്ക്കായേ പോകാവൂ എന്നതന്നെ എന്താണു് എന്നൊരു ചോദ്യം ഇവിടെ ഉണ്ടാവാം. സമാധാനം ഇതാണു്. അജ്ഞാനത്താൽ അങ്ങിനെ ചെയ്യുന്നതുകൊണ്ടു ഗുണവും ദോഷവും രണ്ടും നമുക്കു മനസ്സിലാകുന്നു. അന്ധകാരത്തിൽക്കൂടി കടന്നു ചെല്ലുമ്പോൾ പ്രകാശത്തെപ്പററി നമുക്കു് അധികബഹുമാനവും തോന്നുന്നു. ദോഷം അജ്ഞതയനത്തിന്റെ സാക്ഷാൽ കാര്യമായിരിക്കുന്നതുകൊണ്ടു്, ദോഷത്തിന്റെ പാഠങ്ങൾ മുഴുവൻ നാം പഠിച്ചുകഴിഞ്ഞാൽ ഉടനെ അജ്ഞാനം പോവുകയും ജ്ഞാനം ആ സ്ഥാനത്തിൽ സ്ഥലം പിടിക്കുകയും ചെയ്യും. എന്നാൽ അനുസരണമില്ലാത്ത കുട്ടി പാഠങ്ങൾ പഠിപ്പാൻ വിസമ്മതിക്കുന്നതുപോലെ അനുഭവജ്ഞാനപാഠങ്ങൾ പഠിക്കാതെ നമുക്കു് മേൽക്കുമേൽ തുടന്നുവരുന്ന അന്ധകാരത്തിൽ തന്നെ സ്ഥിതിചെയ്കയും രോഗം, നൈരാശ്യം, വ്യസനം ഇവയുടെ രൂപത്തിൽ ആവർത്തിച്ചാവർത്തിച്ചുവരുന്ന അതിന്റെ ശിക്ഷകളെ അനുഭവിക്കുകയും ചെയ്യാമെന്നുള്ളതും സാദ്ധ്യമാണു്. അതുകൊണ്ടു തന്നെ സംവരണം ചെയ്തിരിക്കുന്ന ദോഷത്തെ കടഞ്ഞുകളഞ്ഞു മുക്തനാകാൻ ആഗ്രഹിക്കുന്നവർ പഠിപ്പാൻ തല്പരനും സജ്ജനമായിരിക്കേണ്ടതും, ജ്ഞാനം, സ്ഥിരസുഖം, ശാന്തി ഇവയുടെ ലേശമെങ്കിലു, സിദ്ധിക്കുന്നതിനു് ഒഴിച്ചുകൂടാത്തതായ വിനയക്രമങ്ങളെ പിൻതുടരാൻ സന്നദ്ധനായിരിക്കേണ്ടതും ആകുന്നു.

Digitized By Kerala Sahitya Akademi

ഒരു ഇരുട്ടറയിൽ കയറി അടച്ചിരുന്നുകൊണ്ട് വെളിയിൽ പ്രകാശമില്ലെന്ന് ഒരാൾ വാദിക്കാം. എന്നാൽ വെളിയിൽ മുഴുവൻ പ്രകാശമാണ്. ഇരുട്ടോ, അയാളുടെ അാസ്ഥകത്തു മാത്രമേ ഉണ്ടായിരിക്കൂ. അതുപോലെ നമുക്കും സത്യവസ്തുവിന്റെ പ്രകാശത്തെ ഉള്ളിൽ കടത്താതിരിക്കാം. അല്ലെങ്കിൽ ചുറ്റും കെട്ടി ഉറപ്പിച്ചിരിക്കുന്ന പക്ഷപാതം, സ്വാർത്ഥപരത, പ്രമാദം ഇതുകളാകുന്ന ഭിത്തികളെ ഇടിച്ചുമറിച്ചു മാഹാത്മ്യമേറിയതും സർവ്വവ്യാപകവുമായ ആ പ്രകാശത്തെ ഉള്ളിൽ കടത്താം.

ദോഷം ഒരു താൽക്കാലിക ഭാവം അല്ലെങ്കിൽ സ്വയംകൃതമായ ഛായ മാത്രമാണെന്നും നമ്മുടെ എല്ലാ ദുഃഖങ്ങളും, വ്യസനങ്ങളും, ആപത്തുകളും വരുന്നതു കേവലം അവ്യഭിചരിതവും ഐകാന്തികവും ആയ ഒരു നിയമമനുസരിച്ചാണെന്നും അവ വന്നിട്ടുള്ളതുതന്നെ നാം അർഹിക്കയും ആവശ്യപ്പെട്ടുകയും ചെയ്തിട്ടാണെന്നും ഒന്നാമതായി അവയെ സഹിക്കുകയും എന്നിട്ട് അവയെ മനസ്സിലാക്കുകയും ചെയ്യുന്നതുകൊണ്ട് നാം പൂർവ്വാധികം ബലവും, ജ്ഞാനവും, ഉൽക്കർഷവുമുള്ളവരായിത്തീരുന്നു എന്നും ഉള്ള തത്ത്വം കേവലം ഒരഭിപ്രായ വിശേഷമായി മാത്രം അംഗീകരിച്ചാൽ പോരാ. ശ്രദ്ധാപൂർവ്വകാന്തിയോടെ ആത്മപരിശോധന ചെയ്ത് സ്വാനുഭൂതിയിൽ കൊണ്ടുവരാൻ നിരന്തരം പ്രയത്നിക്കേണ്ടതാണ്. ഈ സ്വാനുഭൂതി പൂർണ്ണമായി സിദ്ധിച്ചുകഴിഞ്ഞാൽ നമ്മുടെ പര്യന്താവസ്ഥകളെ സ്വതേ ഉരുപ്പിടിപ്പിക്കാനും സകല ദോഷങ്ങളേയും ഗുണങ്ങളായി രൂപാന്തരപ്പെടുത്താനും എന്നുവേണ്ടാ, വിധിയാകുന്ന വസ്തുത്തെ സ്വന്തം കൈകൊണ്ട് സാമർത്ഥ്യത്തോടെ നെയ്തുണ്ടാക്കാനും നമുക്കു കഴിയും.

2. ലോകം മന: പ്രതിബിംബം

ഒരുവർ എങ്ങനെ ഇരിക്കുന്നുവോ അവന്റെ ലോകം അങ്ങിനെ ഇരിക്കുന്നു. പ്രപഞ്ചത്തിലുള്ള ഓരോ ഭാവവും നമ്മുടെ ആന്തരമായ അനുഭവത്തിൽ പ്രത്യേകം ദൃഢപ്പെട്ടിരിക്കുന്നു. ബാഹ്യാവസ്ഥ എങ്ങിനെ ഇരിക്കുന്നു എന്നു നോക്കീട്ടു കാര്യമില്ല. എന്തുകൊണ്ടെന്നാൽ അതെല്ലാം നമ്മുടെ അന്തഃകരണാവസ്ഥയുടെ പ്രതിച്ഛായ തന്നെയാകുന്നു. ആന്തരാവസ്ഥ എങ്ങിനെ എന്നു നോക്കേണ്ടതു സർവഥാ ആവശ്യമാണ്. നമ്മുടെ ബഹിർലോകത്തിന്റെ രൂപവും വർണ്ണവുമെല്ലാം അതിൽനിന്നു ബിംബിക്കേണ്ടതാണല്ലോ. നമുക്കു ദൃഢമായും അറിയാമെന്നുള്ളതെല്ലാം നമ്മുടെ അനുഭവജ്ഞാനത്തിൽ അടങ്ങിയിരിക്കുന്നു. നാം എപ്പോഴെങ്കിലും അറിയുമെന്നുള്ളതെല്ലാം അനുഭവജ്ഞാനമാകുന്ന വാതിലിലൂടെ കടന്നുവരേണ്ടതുമാകുന്നു. അതുകൊണ്ട് എല്ലാം നമ്മുടെ അംശമായിത്തന്നെ പരിണമിക്കുന്നു. നമ്മുടെ സ്വന്തവിചാരങ്ങളും അഭിനിവേശങ്ങളും ആശംസകളുമാണ് ചുരുക്കത്തിൽ നമ്മുടെ ലോകം. നമുക്ക് പ്രപഞ്ചത്തിൽ സൌന്ദര്യം, സന്തോഷം, ആനന്ദം ഇവയെ സംബന്ധിച്ചോ വൈരൂപ്യം, വ്യസനം, വേദന ഇവയെസംബന്ധിച്ചോ ഉള്ളതെല്ലാം നമ്മിൽത്തന്നെ അന്തർവിച്ചിരിക്കുന്നു. സ്വന്തവിചാരങ്ങളെക്കൊണ്ടുതന്നെ നമ്മുടെ ജീവൻ, നമ്മുടെ ലോകം, നമ്മുടെ പ്രപഞ്ചം ഇവയെയൊക്കെ നാം നിർമ്മിക്കുകയോ ധ്വംസിക്കുകയോ ചെയ്യുന്നു. വിചാരശക്തികൊ

Digitized By Kerala Sahitya Akademi

ണ്ടു് ഉള്ളിൽ നാം എങ്ങിനെ രൂപപ്പെടുത്തുന്നുവോ നമ്മുടെ ബാഹ്യജീവിതവും പരിസരാവസ്ഥകളും അതനുസരിച്ചുതന്നെ രൂപപ്പെട്ടുകൊള്ളുന്നു. ഹൃദയമന്ദിരത്തിന്റെ ഏറ്റവും ഉള്ളിലത്തെ അറയിൽ നാം ഒളിച്ചുവച്ചിരിക്കുന്ന ഏതെങ്കിലും വാസ്തു കൂടിയും അനിവാര്യമായി പ്രതിക്രിയാ നിയമത്തിനു കീഴ്പ്പെട്ടു് ഒരിക്കൽ അല്ലെങ്കിൽ മറെറാരിക്കൽ നമ്മുടെ ബാഹ്യജീവിതവുമായി പ്രത്യക്ഷപ്പെടും. അശുദ്ധവും നീചവും സ്വാർത്ഥപരവുമായ ആത്മാവു് വിപത്തിന്റേയും നാശത്തിന്റേയും നേരേ ലക്ഷ്യം തെറ്റാതെ ശരിയായി ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കയാണു്. പരിശുദ്ധവും അസ്വാർത്ഥപരവും ഉൽകൃഷ്ടവുമായ ആത്മാവു് സുഖസമ്പത്തുകളുടെ നേരെയും അതുപോലെ ശരിയായി ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കയാകുന്നു. ഓരോ ആത്മാവും അതിൽ ഉള്ളതിനെത്തന്നെ ആകർഷിക്കുന്നു. തനിക്കുള്ളതല്ലാത്തതിന്റെ ഒന്നിനും ആകർഷിപ്പാൻ കഴികയില്ല. ഇതിന്റെ അനുഭവം വരുത്തുന്നതു് ഈശ്വരനിയമത്തിന്റെ സാർവത്രികതയെ മനസ്സിലാക്കുന്നതുതന്നെയാകുന്നു. ഓരോ മനുഷ്യജീവിതത്തിന്റെയും അനുകൂലമോ പ്രതികൂലമോ ആയ സംഭവം ഓരോന്നും അതിനെ വരുന്നതു് അതിന്റെ ആന്തരമായ വിചാരജീവിതത്തിന്റെ ഗുണവും ശക്തിയും അനുസരിച്ചാകുന്നു. ഓരോ ആത്മാവിലും സംഗ്രഹിക്കപ്പെട്ട അനുഭവങ്ങളുടേയും വിചാരങ്ങളുടേയും വ്യാമിശ്രമായ സമവായമാണു ശരീരം; അവയെ ആവിഷ്കരിക്കാനുള്ള താൽക്കാലിക വാഹനവുമാകുന്നു. അതുകൊണ്ടു് നമ്മളുടെ യഥാർത്ഥമായ ആത്മാവു് നമ്മളുടെ വിചാരങ്ങളും തന്നെ നമുക്കു ചുറ്റുമുള്ള ചരാചരങ്ങളായ ലോകങ്ങളും നമ്മുടെ വിചാരങ്ങളും നൽകുന്ന രൂപത്തിൽതന്നെ പ്രത്യക്ഷമാകുന്നു. ബുദ്ധമുനി പറയുന്നതു കേൾക്കുക: ''നമ്മുടെ ജീവിതം നാം വിചാരിച്ചിട്ടുള്ള വിചാരങ്ങളുടെ ഫലമാകുന്നു. അതു നമ്മുടെ വിചാരങ്ങളിന്മേൽ സ്ഥാപിതമായിരിക്കുന്നു. നമ്മുടെ വിചാരങ്ങളാൽ നിർമ്മിതമായിരിക്കുന്നു.'' അതുകൊണ്ടു് ഒരുവൻ സുഖിയായിരിക്കുന്നു എങ്കിൽ അതിനു കാരണം അവൻ സുഖവിചാരങ്ങളും വിചാരിക്കുന്നതാണെന്നും ദുഃഖിയായിരിക്കുന്നെങ്കിൽ അതിനു കാരണം അയാളുടെ നൈരാശ്യജനകവും, ശക്തിക്ഷയകരവും ആയ വിചാരങ്ങളെ തുടർന്നുകൊണ്ടിരിക്കുന്നതാണെന്നും സിദ്ധമാകുന്നു. ഒരുവൻ ഭീരുവായോ, ധീരനായോ, മൂഢനായോ, വിവേകിയായോ, വ്യാകുലനായോ, ശാന്തനായോ ഇരിക്കുന്നുവെങ്കിൽ ആ സ്ഥിതിയുടേയോ സ്ഥിതികളുടേയോ കാരണം അയാളുടെ ആത്മാവിൽത്തന്നെ കിടക്കുന്നു, വെളിയിലല്ല. വെളിയിലുള്ള പരിസരാവസ്ഥകളും നമ്മുടെ മനസ്സിൽ ഒട്ടും ബാധിക്കുന്നില്ലെന്നോ നിങ്ങളും വാസ്തവമായും പറയുന്നതു് എന്നു് അനേകം പേർ ആശ്ചര്യത്തോടുകൂടി ഈ അവസരത്തിൽ ചോദിച്ചേക്കാം. അതു ഞാൻ പറയുന്നില്ല. ഞാൻ പറയുന്നതു് ഒന്നാണു്. അതു് ഒരു അഭേദ്യമായ സത്യമായി ഞാൻ വിശ്വസിക്കയും ചെയ്യുന്നു. അതായതു് പരിസരാവസ്ഥകളും നമ്മെ ബാധിക്കുന്നതു് നാം അവയെ അങ്ങനെ ചെയ്യാൻ അനുവദിക്കുന്നതിന്റെ തോതനുസരിച്ചു മാത്രമാകുന്നു. പരിസരാവസ്ഥകളും നമ്മെ ഭരിപ്പാൻ വരുന്നതു് നമുക്കു് വിചാരത്തിന്റെ സ്വഭാവത്തെയും ഉപയോഗത്തേയും ശക്തിയേയും പററി ശരിയായ ബോധമില്ലാത്തതുകൊണ്ടാകുന്നു. ബാഹ്യവസ്തുക്കൾക്കു് നമ്മുടെ ജീവിതത്തെ നിർമ്മിക്കയോ ഭരിക്കുകയോ ചെയ്യാൻ ശക്തിയുണ്ടെന്നു നാം വിശ്വസിക്കുന്ന ''വിശ്വാസം'' എന്ന ഈ ചെറിയ വാക്കിലാണു് നമ്മുടെ എല്ലാ ദുഃഖങ്ങളും സുഖങ്ങ

Digitized By Kerala Sahitya Akademi

ളും തുങ്ങിക്കിടക്കുന്നതു്. അങ്ങിനെ വിശ്വസിക്കുന്നതുകൊണ്ടു് ആ ബാഹ്യവസ്തുക്കൾക്കു നാം കീഴ്പ്പെടുകയും അവനവന്റെ മേൽ സർവ്വാധികാരമുള്ള യജമാനന്മാരും നാം അടിമകളുമാണെന്നു് നമ്മൾതന്നെ സ്വയം സമ്മതിക്കുകയും ചെയ്യുകയാകുന്നു. അവയ്ക്കു സ്വതേ ഇല്ലാത്തതായ ഒരു അധികാരം നാം തന്നെനൽകുകയും പിന്നീടു് അവയ്ക്കു് അടിമപ്പെടുകയും ചെയ്കയാകുന്നു. അടിമപ്പെടുത്തുന്നതുതന്നെ വാസ്തവത്തിൽ ആ പരിസരാവസ്ഥകൾക്കല്ല നമ്മുടെ സ്വന്ത വിചാരങ്ങളിൽ നിന്നു് അവയിൽ പതിഞ്ഞുകാണപ്പെടുന്ന സന്താപമോ സന്തോഷമോ ഭയമോ പ്രത്യാശയോ ബലമൊ ബലഹീനതയോ ഇത്രകൊണ്ടാകുന്നു.

ചെറുപ്പത്തിൽ തന്നെ ഉണ്ടാക്കിയ സമ്പാദ്യം മുഴുവൻ നശിച്ചുപോയ രണ്ടാളുകളെപറ്റി കേട്ടിട്ടുണ്ടു്. ഒരാൾ പണം പോയ വർത്തമാനം കേട്ട ഉടനെതന്നെ അന്ധാളിച്ചു് വ്യാകുലതയും നൈരാശ്യത്തിനും വശംവദനായിത്തീർന്നു. മറ്റവൻ താൻ പണം ഇട്ടിരുന്ന ബാങ്കു് പൊളിഞ്ഞെന്നും പണം മുഴുവൻ നഷ്ടമായെന്നും വർത്തമാനപ്പത്രത്തിൽ വായിച്ചിട്ടു് ഒരു പരിഭ്രമവും കൂടാതെ ഇങ്ങനെ പറഞ്ഞുവത്രേ, ''ശരി അതു തുലഞ്ഞുപോട്ടെ;'' വ്യാകുലതയും പരിഭ്രമവും കൊണ്ടൊന്നും അതിനി തിരിയെ വരുന്നതല്ല. നല്ല പരിശ്രമംകൊണ്ടു് തിരിയെ വരികയും ചെയ്യും. അയാൾ പൂർവ്വാധികമായ ഉത്സാഹത്തോടെ വീണ്ടും പരിശ്രമം തുടങ്ങി. സ്വല്പകാലംകൊണ്ടു് മുൻപിലത്തെക്കാൾ ധനവാനായിത്തീരുകയും ചെയ്തു. മറ്റവനാകട്ടെ പണം പോയതിനെപ്പറ്റിത്തന്നെ ചിന്തിച്ചും വ്യസനിച്ചും സങ്കടം പറഞ്ഞും ദുർവിധിയെ ശപിച്ചും കഷ്ടാവസ്ഥയുടെ കൈയിൽ കരങ്ങുകളിച്ചു് കാലം അവസാനിപ്പിക്കേണ്ടിയും വന്നു. വാസ്തവത്തിൽ ആ കഷ്ടാവസ്ഥ അവന്റെ മനോദൌർബല്യവും കൃപണവിചാരങ്ങളും അല്ലാതെ മറ്റൊന്നുമല്ലല്ലോ. ഇവിടെ ധനനാശം ഒരാൾക്കു് ശാപമായിത്തീർന്നു. കാരണം, അയാൾ അതിനെ ദുഃഖവും, നൈരാശ്യവും, നിറഞ്ഞ വിചാരങ്ങളാൽ പരിവൃതമാക്കി. മറ്റൊരാൾക്കു് അനുഗ്രഹമായും തീർന്നും കാരണം, അയാൾ അതിനെ ധൈര്യവും ആശയും ഉത്സാഹവും നിറഞ്ഞ വിചാരങ്ങളാൽ കവചിതമാക്കി.

പര്യന്താവസ്ഥകൾ അനുഗ്രഹിപ്പാനോ ഉപദ്രവിപ്പാനോ സ്വതേ ശക്തങ്ങളാണെങ്കിൽ അവ എല്ലാവരേയും ഒന്നുപോലെ അനുഗ്രഹിക്കയോ ഉപദ്രവിക്കയോ ചെയ്യേണ്ടതാണു്. എന്നാൽ ഒരേ അവസ്ഥതന്നെ ചിലർക്കു് ഗുണമായും ചിലർക്കു ദോഷമായും തീരുന്നതുകൊണ്ടു് ഗുണദോഷങ്ങൾ സ്ഥിതിചെയ്യുന്നതു് പര്യന്താവസ്ഥയിലല്ലെന്നും അതു നേരിട്ടു് അവന്റെ മനസ്സിൽ മാത്രമാണെന്നും വ്യക്തമായിരിക്കുന്നു. ഈ തത്ത്വം അനുഭവിച്ചറിയാൻ തുടങ്ങുമ്പോൾ വിചാരങ്ങളെ നിയന്ത്രിക്കാനും മനസ്സിനെ ക്രമപ്പെടുത്തി സ്വാധീനമാക്കാനും അന്തരാത്മാവിന്റെ ശ്രീകോവിൽ പുതുക്കിപ്പണിയാനും നാം ശക്തരായിത്തീരും. അതിനു നിരുപയോഗവും അനാവശ്യവുമായ സാധനങ്ങളെ ഒക്കെ മുമ്പെ വെട്ടിമാറ്റുകയും ആനന്ദം, ശാന്തത, ധൈര്യം, ചൈതന്യം, ദയ, സ്നേഹം, സൌന്ദര്യം, അനശ്വരത, ഇതുകളെ വിഷയമാക്കിയുള്ള വിചാരങ്ങളാൽതന്നെ അന്തസ്സത്വത്തെ സുസമ്പന്നമാക്കുകയും ചെയ്യണം. അതു സമ്പാദിച്ചാൽ നാം സുഖവും, സമാധാനവും, ശക്തിയും, ആരോഗ്യവും, അനാകുലതയും, സ്നേഹവുള്ളവരായും നമ്മുടെ ജീവിതം മോക്ഷ സൌഭാഗ്യത്താൽ സുഖമായും തീരും.

Digitized By Kerala Sahitya Akademi

സംഭവങ്ങളെ സ്വന്തവിചാരങ്ങൾക്കു കീഴിലാക്കി ഗ്രഹിക്കുന്നതു പോലെ തന്നെ ചുറ്റുമുള്ള ബാഹ്യവിഷയങ്ങളേയും നാം വിചാരങ്ങളാൽ ആവൃതമാക്കീട്ടാണു കാണുന്നതു്. അതുകൊണ്ടു് ഒരാൾക്കു് ഇണക്കവും ഭംഗിയുമായി തോന്നുന്നതുതന്നെ വേറൊരാൾക്കു് വിരസവും വിരൂപവുമായിരിക്കുന്നു. ഒരുത്സാഹിയായ പ്രകൃതിശാസ്ത്രജ്ഞൻ പദാർത്ഥ നിരീക്ഷണത്തിനായി ഒരുദിവസം നാട്ടുപുറത്തുള്ള ഒരു ഇടവഴിയിൽക്കൂടി പോകുമ്പോൾ ഒരു കൃഷിസ്ഥലത്തിനടുത്തുള്ള ഉപ്പുവെള്ളം നിറഞ്ഞ ഒരു പൊട്ടക്കുളം കാണാനിടയായി. ഉടനെ ആ വെള്ളം ഭൂതക്കണ്ണാടിയിൽ പരിശോധിച്ചു നോക്കണമായി കൂപ്പിയിൽ കോരിയെടുത്തു. അതുകണ്ടുകൊണ്ടു് വിദ്യാഭ്യാസമില്ലാത്ത ഒരു കൃഷീവലൻ അടുത്തു നില്ക്കുന്നുണ്ടായിരുന്നു. അവനെ തിരിഞ്ഞുനോക്കീട്ടു ശാസ്ത്രജ്ഞൻ ഔചിത്യബുദ്ധിയോടു കൂടാതെയാണെങ്കിലും ഉത്സാഹഭരിതനായി ഇങ്ങനെ പറഞ്ഞു. ''അതേ സ്നേഹിതാ, ഈ കണ്ടിനകത്തു എത്രയൊ ശതം അല്ല, എത്രയേറെ ലക്ഷം ബ്രഹ്മാണ്ഡങ്ങൾ കിടക്കുന്നുണ്ടു്. അവയെ കണ്ടറിയാനുള്ള കരണങ്ങളൊ ഉപകരണങ്ങളൊ നമുക്കുണ്ടായാൽ മതി.'' അതിനു ആ ശ്രദ്ധനാടൻ കൃഷിക്കാരൻ ഗൗരവമായി പറഞ്ഞ മറുപടി ഇതാണു്: ''എനിക്കറിയാം. ആ വെള്ളം തവളപ്പൊട്ടിലാണെന്നതു് ആർക്കും കാണാൻ മേലായ്കയില്ല.''

ഇങ്ങനെ പ്രകൃതി തത്ത്വ വിജ്ഞാനങ്ങളാൽ നിഭൃതമായ ആ ശാസ്ത്രജ്ഞന്റെ ഹൃദയത്തിൽ രമ്യമായും സുഭഗമായും ഗൂഢമായ പ്രകൃതി മാഹാത്മ്യങ്ങളുടെ ആകരമായും തോന്നിയ വസ്തുവിനെ അവയെപ്പറ്റിയൊന്നും ഒരു വിവരവുമില്ലാത്ത മറവന്റെ ഹൃദയത്തിൽ ഒരു വൃത്തികെട്ട ചെളിക്കുണ്ടു മാത്രമായിരിക്കുന്നു.

സാധാരണ വഴിപോക്കർ വകവയ്ക്കാതെ ചവിട്ടിക്കടന്നുപോകുന്ന കാട്ടുപൂവ് അനുഗൃഹീത കവികളുടെ അദ്ധ്യാത്മ ദൃഷ്ടിയിൽ അപ്രത്യക്ഷ ലോകത്തിലെ സന്ദേശം വഹിക്കുന്ന ദേവതയായി ശോഭിക്കുന്നു. പലർക്കും സമുദ്രം കപ്പലുകൾ ഓടുകയും ചിലപ്പോൾ മുങ്ങിപ്പോവുകയും ചെയ്യുന്ന കരകാണാത്ത ശൂന്യമായ ഒരു ജലവ്യാപ്തി മാത്രമാകുന്നു. സംഗീത രഹസ്യവേദികളുടെ ഹൃദയത്തിൽ അതു ഒരു സംവേദന വസ്തുവായിരിക്കുന്നു. അവർ അതിന്റെ ഓരോ സ്ഥിതിഭേദത്തിലും ഭിന്നമായ നാദലയത്തെ ആ കർണ്ണനം ചെയ്തു ആനന്ദിക്കുകയും ചെയ്യുന്നു. സാധാരണ മനുഷ്യരുടെ മനസ്സു് നശ്വരം, വ്യവസ്ഥകേടും മാത്രം കാണുന്നടിക്കിൽ തത്ത്വജ്ഞാനിയുടെ ബുദ്ധി കാര്യകാരണ നിയമത്തിന്റെ സമ്പൂർണ്ണമായ സാഗത്യത്തെ നിരീക്ഷിക്കുന്നു. നാസ്തികൻ ഒരിക്കലും ഒഴിയാത്ത മരണമല്ലാതെ മറ്റൊന്നും കാണാത്ത ടിക്കിൽ ഈശ്വര ഭക്തൻ നാശരഹിതമായ ജീവ ചൈതന്യത്തേയും വീക്ഷിക്കുന്നു.

സംഭവങ്ങളും ബാഹ്യവിഷയങ്ങളും ഈ രണ്ടും നമ്മുടെ വിചാരങ്ങളാൽ ആവൃതമാക്കീട്ടാണ് നാം കാണുന്നതെന്നു മനസ്സിലായല്ലൊ. അതുപോലെ തന്നെ മറ്റുള്ളവരുടെ അന്തഃകരണങ്ങളെ നാം അറിയുന്നതും അവയുടെ നഗ്നരൂപത്തിലല്ല, നമ്മുടെ വിചാരങ്ങളെക്കൊണ്ടു് അവയെ വസ്ത്രധാരണം ചെയ്യിച്ചിട്ടാകുന്നു. സംശയശീലൻ എല്ലാവരേയും പരസ്പരം സംശയിക്കുന്നവരായിട്ടാണ് കരുതുന്നതു്. കള്ളം പറയുന്നവൻ സത്യസന്ധൻ അല്ലെങ്കിൽ ഒരിക്കലും കള്ളം പറ

Digitized By Kerala Sahitya Akademi

യാത്ത ഒരു സൃഷ്ടിവിശേഷം മനുഷ്യരുടെ ഇടയിലുണ്ടെന്നു വിശ്വസിക്കാൻ തക്ക വങ്കത്തം തനിക്കില്ലെന്നുള്ള വിചാരത്തിൽ സ്ഥിരനിഷ്ഠനാകുന്നു. അസൂയക്കാരൻ എല്ലാവരുടേയും ഉള്ളിൽ അസൂയയുണ്ടെന്നു വിചാരിക്കുന്നു. ലോഭിയുടെ വിചാരം അയാളുടെ പണം കൈക്കലാക്കാൻ മറ്റുള്ളവരെല്ലാം മോഹിച്ചു കൊണ്ടിരിക്കുന്നു എന്നാകുന്നു. മനസ്സാക്ഷിയെ വഞ്ചിച്ചു ധനം സമ്പാദിച്ചവൻ തലയണയ്ക്കുടിയിൽ കൈത്തോക്കും വച്ചു കിടന്നുറങ്ങുന്നു. ലോകം മുഴുവൻ മനസ്സാക്ഷിയില്ലാത്ത ജനങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കയാണെന്നും തന്റെ പണം തട്ടിപ്പറിക്കാൻ ഓരോരുത്തനും തക്കം നോക്കിയിരിക്കയാണെന്നുമുള്ള മിഥ്യാ ബോധത്തിൽ അവൻ മുങ്ങിക്കിടക്കയാകുന്നു. ധൂർത്തനായ വിഷയലമ്പടൻ പരിശ്രുദ്ധനായ രോഗിയെ കപടസന്യാസിയെന്നു വിചാരിക്കുന്നു. നേരുമറിച്ച് സ്നേഹയുക്തമായ ഹൃദയമുള്ളവൻ എല്ലാവരിലും സ്നേഹത്തേയും അനുകമ്പയേയും അഹിക്കുന്ന സംഗതികളെമാത്രം കാണുന്നു. വിശ്വാസവും സത്യവുമുള്ളവൻ ഒരിക്കലും സംശയിച്ചു ബുദ്ധിമുട്ടാറില്ല. മറ്റുള്ളവർക്കു ഗുണം വരുന്നതുകൊണ്ട് സന്തോഷിക്കാറുള്ള സൽസ്വഭാവികളായ ഉദാര ബുദ്ധികൾ അസൂയ എന്നാൽ എന്താണെന്നു തന്നെ സാധാരണ അറിയാറില്ല. തന്റെ ഹൃദയത്തിലുള്ള ഈശ്വരാംശത്തെ സ്വാനുഭവത്താൽ അറിഞ്ഞിട്ടുള്ള ഹിന്ദുക്കൾ മറ്റുള്ളവരിൽ എന്നുമാത്രമല്ല, പക്ഷിമൃഗാദികളിൽ കൂടിയും ആ ഈശ്വര ചൈതന്യത്തെ അനുസന്ധാനം ചെയ്യുകയും ചെയ്യുന്നു.

സ്ത്രീ പുരുഷന്മാരെല്ലാം അവരവരുടെ അഭിപ്രായങ്ങളിൽ തന്നെ സംതൃപ്തരായിരിക്കുന്നതും നമ്മുടെ ഉള്ളിൽ നിന്നും പുറത്തു പോകുന്ന വിചാരങ്ങളെല്ലാം നമ്മളിൽ മടങ്ങി എത്തുമെന്നുള്ള കാര്യകാരണ നിയമത്തിന്റെ വസ്തുതയെ ആശ്രയിച്ചാണ്. താന്തങ്ങൾക്കനുരൂപരായ ആളുകളുമായിത്തന്നെ അവർക്കു സഹവാസത്തിനു യോഗമുണ്ടാകുന്നതും അതുകൊണ്ടാണ്. ''ഒരു ജാതി പക്ഷികൾ ഒന്നിച്ചു കൂടുന്നു'' എന്നൊരു ചൊല്ലുണ്ട്. അതിനു സാധാരണ കല്പിച്ചു വരുന്നതിനേക്കാൾ സൂക്ഷ്മതരമായ ഒരു അർത്ഥം കൂടിയുണ്ടാവാം. എന്തുകൊണ്ടെന്നാൽ ജഡലോകത്തിൽ എന്നപോലെ തന്നെ വിചാരലോകത്തിലും ഓരോ വ്യക്തിയും അതിന്റെ സജാതീയ വ്യക്തിയെ നിയമേന ആകർഷിക്കുന്നുണ്ട്.

''കരുണയുള്ളോനു കരുണകൈവരു-
മരിയസത്യവാ നണയും സത്യവും
തിലത്തിനുതിലം നമുക്കുകിട്ടുമീ-
യുലകം നമ്മുടെ നിഴലെന്നേ വേണ്ടൂ''

വായനക്കാരിൽ മരണാനന്തരം ഇതിനെക്കാൾ സുഖകരമായ ഒരു ലോകം ഉണ്ടെന്നു വിശ്വസിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നവരോട് സന്തോഷപ്രദമായ ഒരുപദേശം പറയാം. ''ആ സുഖകരമായ ലോകം ഇവിടെത്തന്നെയുണ്ട്. അതിൽ നിങ്ങൾക്കിപ്പോൾത്തന്നെ പ്രവേശിക്കുകയും സുഖം അനുഭവിക്കുകയും ചെയ്യാം. അതു പ്രപഞ്ചം മുഴുവൻ വ്യാപിച്ചു സ്ഥിതിചെ

Digitized By Kerala Sahitya Akademi

യുന്നു. അയ്യൂ നിങ്ങളുടെ അന്തഃകരണത്തിൽ തന്നെ. നിങ്ങൾ അതിനെ കണ്ടുപിടിക്കുകയും അറിയുകയും സ്വാധീനമാക്കുകയും ചെയ്യുന്നതെപ്പോഴെന്നു് പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയാകുന്നു. സത്യ വസ്തുവിന്റെ ഗ്രഥനിയമങ്ങളെപ്പറ്റി അറിഞ്ഞിട്ടുള്ള ഒരു മഹാത്മാവു് ഇങ്ങനെ പറഞ്ഞിരിക്കുന്നു: ''ഇവിടെയെന്നോ അവിടെയെന്നോ വല്ലവരും ഒക്കെ പറയുന്നതുകേട്ടു് അലഞ്ഞു തിരിയായ്വിൻ! ഈശ്വരന്റെ ലോകം നിങ്ങളുടെ ഹൃദയത്തിൽ തന്നെയാകുന്നു. ഇതിനെ വിശ്വസിച്ചാൽ മതി. സംശയത്തിന്റെ ഛായപോലുമില്ലാതെ ഉറപ്പായി വിശ്വസിക്കണം. എന്നിട്ടു് അതിനെത്തന്നെ ധ്യാനിക്കണം. മനസ്സിൽ അനുഭവപ്പെടുന്നതുവരെ ധ്യാനം ശീലിക്കണം. അപ്പോൾ ആന്തരമായലോകം പരിശുദ്ധമായും രൂപവത്തായും തീരും. പുതിയ പുതിയ തത്ത്വങ്ങൾ വെളിപ്പെടുകയും പുതിയ പുതിയ അനുഭവങ്ങൾ ഉണ്ടാവുകയും ചെയ്തുതുടങ്ങും. ഒടുവിൽ സ്വയം നിയന്ത്രിതമായ ആത്മാവിന്റെ അത്ഭുതശക്തിയുടെ മുൻപിൽ ബാഹ്യവസ്തുക്കളുടെ അകിഞ്ചിൽകരത്വം വെളിപ്പെടുകയും ചെയ്യും.

പ്രതിഭ 1095

Digitized By Kerala Sahitya Akademi

പത്രാധിപക്കുറിപ്പുകൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഗുരുദേവകാണ്ഡം

സ്വാമിതിരുനാൾ 1.

ഈ കഴിഞ്ഞ ചിങ്ങം 16–ാംനു- ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി അവർക ളുടെ ജന്മനക്ഷത്ര മഹോത്സവം ശിവഗിരിമഠത്തിൽ ഏറെറവും ഭംഗിയാവണ്ണം കൊണ്ടാടിയിരിക്കുന്നു. തിരുവനന്തപുരം, കൊല്ലം മുതലായ ദിക്കുകളിൽ നിന്നും പല മാന്യന്മാരും ഹാജരായിരുന്നു. സദ്യ പതിവുപോലെ ഭംഗിയായിരിക്കയു പുലയർ കറവർ മുതലായ താഴ്ന്ന ജാതിക്കാർക്കു പൈകുന്നേരം 6 മണിവരെ മിഷ്ടമായി ആഹാരം കൊടുക്കയും ചെയ്തിരുന്നു. സദ്യച്ചെലവു മുഴവൻ കൊല്ലം പ്രാക്കുളത്തു് മംഗലശ്ശേരി ഗോവിന്ദൻ ചാന്നാർ അവർകളും ഏറത്തു് നാരായണൻ ചാന്നാർ അവർകളും സ്വന്തമായി ചെയ്യുകയായിരുന്നു. ഈ ചെല വു് ഈ രണ്ടു ധാർമ്മികന്മാരും തങ്ങളുടെ കാലത്തോളം ഇതുപോലെ ചെയ്യാൻ ഏററിരിക്കുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്. ഇതിൽ ആദ്യത്തെ മാന്യൻ മഠത്തിലേക്കു് 1000 ക. സംഭാവന ചെയ്തിട്ടു് അധിക ദിവസമൊന്നും ആയിട്ടില്ലെന്നു് വായനക്കാർ ഓർക്കുമല്ലോ. ഇത്തവണത്തെ റിപ്പോർട്ടുകളിൽ നിന്നു് ഈ കൊല്ലം ഈ തിരുനാളാഘോഷം കേരളത്തിന്റെ എല്ലാ പ്രധാന ഭാഗ ങ്ങളിലും പൂർവാധികം ഭംഗിയായും പ്രയോജനകരമായും കൊണ്ടാടിയിരിക്കുന്ന തായി കാണുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. റിപ്പോർട്ടുകളെ ചുവ ടെ പ്രസിദ്ധപ്പെടുത്താൻ ആഗ്രഹിച്ചു എങ്കിലും സ്ഥലച്ചുരുക്കത്താൽ സംക്ഷേ പിക്കേണ്ടി വന്നതിനെപ്പററി ആർക്കും ഇച്ഛാഭംഗവും അതൃപ്തിയും ഉണ്ടാകാതിരി പ്പാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു. സ്വാമി തൃപ്പാദങ്ങളിലേപ്പോരിൽ ജനങ്ങൾ പ്രദർശിപ്പിക്കുന്ന ഈ അകൈതവമായ ഭക്തിയും സ്നേഹവും ബഹുമാ നവും സമുദായത്തെ മുഴവൻ ഒരു ഐകമത്യപാശത്താൽ ബന്ധിക്കയും ആത്മീ കവും ലൌകികവും ആയ സ്നേഹത്തിലേക്കു് അതിനെ ഊക്കോടു് ഉന്തിക്കൊ ണ്ടുപോകുന്ന ഈശ്വരത്തമായ ഒരു ശക്തിയായി പരിണമിക്കയും ചെയ്യുന്നു എന്നു കാണുന്നതിൽ ഞങ്ങൾക്കു വലുതായ കൃതാർത്ഥതയുണ്ടു്. സമുദായത്തിന്റെ സർവശ്രേയസ്സിനും നിദാനമായ സ്വാമി തിരുമനസ്സിലെ വന്ദ്യ തൃപ്പാദങ്ങൾ അനേകകാലം ആയുരാരോഗ്യങ്ങളോടുകൂടി നമ്മുടെ അഭിവൃദ്ധിയിലേക്കുള്ള ഗതികളെ നിയമനം ചെയ്തുകൊണ്ടു പ്രശോഭിപ്പാൻ പരമകാരുണികനായ ഈശ്വരൻ കടാക്ഷിക്കുമാറാകട്ടെ.

വിവേ: 1085 ചിങ്ങം

Digitized By Kerala Sahitya Akademi

സ്വാമിതിരുനാൾ 2.

ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങളിലെ 56-ാ: തിരുനാൾ ഈ കഴിഞ്ഞ ചിങ്ങം 13-ാം തീയതി സജ്ജനങ്ങൾ കേരളം മുഴുവൻ വളരെ കേമമായി കൊണ്ടാടിയിരിക്കുന്നു. തിരുനാൾ ആഘോഷ സംബന്ധമായി റിപ്പോർട്ടുകളും മംഗളാശംസകളും മറ്റും ഇവിടെ കിട്ടീട്ടുള്ളതു ഞങ്ങൾ താഴെ സംഗ്രഹിച്ചു ചേർക്കുന്നു. റിപ്പോർട്ടുകൾ അയയ്ക്കാതെ തന്നെ എത്രയോ ആഘോഷങ്ങളും പ്രാർത്ഥനകളും പല സ്ഥങ്ങളിൽ നടന്നിട്ടുള്ളതായി ഞങ്ങൾക്കറിയാം. അറിവു കിട്ടാത്തതായും എത്രയോ സ്ഥങ്ങളിൽ ജനങ്ങൾ ഈ ഗുരു ദിനത്തെ കൊണ്ടാടിയിരിക്കുമെന്നു് ഊഹിക്കാം. സ്വാമി തൃപ്പാദങ്ങളുടെ നേർക്കു് സജ്ജനങ്ങൾക്കു് എന്നുവേണ്ട ഹിന്ദുവർഗ്ഗത്തിൽപ്പെട്ട മറ്റു ജനങ്ങൾക്കും ഭക്തി സ്നേഹാദരങ്ങൾ നാൾക്കുനാൾ അത്രു വർദ്ധിച്ചു വരികയാകുന്നു. സ്ഥലച്ചുരുക്കത്താൽ റിപ്പോർട്ടുകൾ വെട്ടിക്കുറയ്ക്കേണ്ടി വന്നതു് ലേഖകന്മാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. ഈ അവസരത്തിൽ ഈ കഴിഞ്ഞ ഒരു കൊല്ലം തൃപ്പാദങ്ങളുടെ വിലയേറിയ ദിവസങ്ങൾ എങ്ങനെ കഴിഞ്ഞു എന്നുള്ളതിനെപ്പറ്റി പറയുന്നതു സമയോചിതമായിരിക്കും. അടുത്ത കഴിഞ്ഞ കാലങ്ങളിൽ തൃപ്പാദങ്ങൾ ഇതുപോലെ ദീർഘസഞ്ചാരം ചെയ്തിട്ടില്ല. ഈ കൊല്ലം അവിടത്തെ ജീവിതത്തിൽ പലതുകൊണ്ടും പ്രത്യേകം സ്മരണീയമായിരിക്കുന്നു. കഴിഞ്ഞ തിരുനാൾ ദിവസം തന്നെ അവിടന്നു ശിവഗിരി വിട്ടിരുന്നു. ചിങ്ങത്തിൽ കന്യാകുമാരി വരെ യാത്ര പോയി മടങ്ങി. കന്നിയിൽ തിരുവനന്തപുരത്തു് എത്തി ഏതാനും ദിവസം താമസിക്കയും കൃഷ്ണൻ മാർത്താണ്ഡൻ അവർകളും, രാമകൃഷ്ണൻ അവർകളും ഇവരിൽ നിന്നും മുൻപേഖാമുലം വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന പ്രകാരം ആയിരം ഉറുപ്പിക വീതമുള്ള 2000 ക. യും, വലിയ വിളാകത്തു് അരത്തൻ കുമാരൻ അവർകളിൽ നിന്നു് 500 ക. യും ഇങ്ങനെ 2500 ക. തിരുവനന്തപുരം പേട്ടയിൽ ഒരു വസ്തുവിൽ സ്ഥാപിച്ചു ദാനം വാങ്ങുകയും ചെയ്തു. വീണ്ടും ശിവഗിരിയിൽ മടങ്ങി എസ്. എൻ. ഡി. പി. യോഗത്തിന്റെ 8-ാമത പൊതുയോഗം ശിവഗിരിയിൽ കൂടിയതിൽസംബന്ധിച്ചു ശാരദാ പ്രതിഷ്ഠയെപ്പറ്റി തീരുമാനിച്ചു് ഒരു കമ്മിറ്റി ഏർപ്പെടുത്തി. അതിനശേഷം വീണ്ടും കന്യാകുമാരിക്കു പോയി. കന്യാദിവസം കന്യാകുമാരി പാപനാശം ഈ തീർത്ഥങ്ങളിൽ കുളിച്ചു് ഏകാന്തവാസം ചെയ്തുകൊണ്ടു് അവിടങ്ങളിൽ കഴിച്ചു. തുലാം അവസാനത്തിൽ തിരുനൽവേലി മധുര മുതലായ സ്ഥലങ്ങളിൽ താമസിച്ചു് അവിടെ നിന്നു ശ്രീരംഗം മുതലായ സ്ഥലങ്ങളിൽ സഞ്ചരിക്കയും ഓരോ സ്ഥലങ്ങളിലും അവിടേക്കു് ഇഷ്ടമുള്ളത്ര ദിവസങ്ങൾ കഴിക്കുകയും ചെയ്തു. ഈ സന്ദർഭങ്ങളിൽ അവിടന്നു പല മഹാക്ഷേത്രങ്ങളെയും അവയിൽ നടക്കുന്ന നടപടികളേയും കാണുകയും അവയെപ്പറ്റി ഗുണദോഷവിവേചനങ്ങൾ ചെയ്കയും ചെയ്തിരുന്നു. വടക്കേ ഇൻഡ്യയിലുള്ള പുണ്യസ്ഥലങ്ങളേയും മറ്റും കൂടി സന്ദർശിച്ചു മടങ്ങണമെന്നു് അവിടന്നു് ആ സന്ദർഭത്തിൽ ആഗ്രഹിച്ചു എങ്കിലും ശരീര സുഖക്കേടുനിമിത്തം മറ്റുള്ളവരുടെ നിരന്തരമായ അപേക്ഷയാൽ യാത്ര തൽക്കാലം മുടക്കുകയാണുണ്ടായതു്. വൃശ്ചികത്തിൽ തൃപ്പാദങ്ങൾ പരദേശങ്ങളിൽ നിന്നു കോഴിക്കോട്ടേക്കു മടങ്ങി കണ്ണൂർ, തലശ്ശേരി മുതലായ സ്ലങ്ങളിൽ ഒരു മാസത്തിനുമേൽ യഥേഷ്ടം സഞ്ചരിച്ചുകൊണ്ടു് സാധു

Digitized By Kerala Sahitya Akademi

ക്കൊക്കം പ്രമാണികൊക്കം ഒരുപോലെ തന്റെ ഉർല്ലഭമായ സാന്നിദ്ധ്യം പല പ്രകാരത്തിൽ ഉപയുക്തമാക്കിക്കൊണ്ടും കഴിച്ചു. മകരത്തിൽ അവിടന്ന് ആലുവായിൽ എത്തി അവിടേയും അടുത്ത പ്രദേശങ്ങളിലും മാറിമാറി താമസിച്ചു കൊണ്ടിരുന്നു. ഈ അവസരത്തിൽ കൊച്ചി പള്ളിപ്രം ചിറായി വിജ്ഞാനവർദ്ധിനി സഭവക വലിയ ക്ഷേത്രത്തിലെ പ്രതിഷ്ഠാകർമ്മം നടത്തുകയും താമസിയാതെ അവിടത്തെ വിശ്രമത്തിനും പൊതുജനങ്ങളുടെ ഉപയോഗത്തിനുമായി ആലുവാ നദീതീരത്തു സ്വന്തമായി ഒരു സ്ഥലം ഉണ്ടാക്കുന്നതിന് ആലോചിക്കയും ചെയ്തു. കുംഭം ആദ്യം വീണ്ടും കോഴിക്കോട്ട് എത്തി ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിലെ ഉൽസവത്തിൽ സന്നിഹിതരായിരിക്കയും അവിടെ നിന്നു മംഗലപുരത്തേക്കു പുറപ്പെട്ട തൃപ്പതീശ്വരം ക്ഷേത്രത്തിലെ കേമമായ കുംഭാഭിഷേകം നടത്തുകയും ചെയ്തു.

ഇതിനിടയിൽ അവിടത്തെ ആജ്ഞ അനുസരിച്ച് ശിവഗിരിയിൽ ശാരദാപ്രതിഷ്ഠയ്ക്കു കമ്മിറ്റിക്കാർ ഒരുക്കങ്ങൾ ചെയ്തുവരികയും തൃപ്പാദങ്ങളിലെ സാന്നിദ്ധ്യം മുൻകൂട്ടി ശിവഗിരിയിൽ ഉണ്ടായിരിക്കുന്നതിനായി കമ്മിറ്റി പ്രസിഡണ്ട് ഡാക്ടർ പല്പു മുതലായവർ മംഗലപുരം വരെ എത്തി അപേക്ഷിച്ചതനുസരിച്ച് ശിവഗിരിയിലേക്കു കുംഭം അവസാനത്തോടുകൂടി മടങ്ങി എഴുന്നള്ളുകയും ചെയ്തു. ശാരദാപ്രതിഷ്ഠയ്ക്കു പുറമേ ശിവപ്രതിഷ്ഠകൂടി വേണമെന്നു തീർച്ചയാക്കി. അതിനുശേഷം മഹാകേമമായി കഴിഞ്ഞ പ്രതിഷ്ഠാപൊതുയോഗം മുതലായതിന്ന് എല്ലാം വേണ്ട ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ വീണ്ടും ആലുവായിൽ വിശ്രമാർത്ഥം പോയി താമസിക്കയും പ്രതിഷ്ഠാദിവസം സമീപിച്ചു മടങ്ങി എത്തുകയും ചെയ്തു. മേടം 18-ാംനു രാത്രി അന്ത്യയാമത്തിൽ ശിവഗിരിയിലെ പ്രതിഷ്ഠാകർമ്മങ്ങൾ ഏറ്റവും മംഗളകരമായും ആഘോഷപൂർണ്ണമായും നിർവേറ്റി. അതുസംബന്ധമായി അടുത്ത ദിവസങ്ങളിലുണ്ടായ ഉൽസവങ്ങളും യോഗം വകയും അതിന്റെ കീഴിലുള്ളതുമായ സമ്മേളനങ്ങളുമെല്ലാം സന്ദർശിക്കയും സഭാക്തരായ അനേകായിരം സ്ത്രീപുരുഷന്മാരെ അനുഗ്രഹിക്കയും ചെയ്തു. മേടം 20-ാം തീയതി തന്റെ സ്വന്തം പേരിലുള്ള സകല സ്വത്തുക്കളും അവകാശങ്ങളും ശിവഗിരി മുതലായ മതസംബന്ധമായ സ്ഥാപനങ്ങളും എല്ലാം യോഗത്തിലേക്ക് നേരേ ഭരണത്തിനായി ഏൽപ്പിച്ചുകൊടുക്കയും അപ്രകാരം വേണ്ടവ്യവസ്ഥകൾ ചെയ്തുകൊൾവാൻ യോഗത്തെ രേഖാമൂലം അറിവിക്കയും ചെയ്തു. മതസംബന്ധമായ പ്രവൃത്തികളുടെ മേൽനോട്ടത്തിനു പ്രത്യേകം ശ്രീമാൻ ശിവപ്രസാദ സ്വാമിയെ ദേവസ്വം കാര്യദർശിയായി യോഗം മുഖേന നിയമിക്കുകയും ആ ഉദ്ദേശത്തോടുകൂടി 'ശിവഗിരി സാഹോദര്യം' എന്ന ഒരു ചെറിയ സംഘം പ്രത്യേകം ഏർപ്പെടുത്തുകയും ചെയ്തു. പ്രതിഷ്ഠാകർമ്മിറ്റി ഭാരവാഹികളിൽ ഓരോരുത്തരേയും പ്രസന്ന ഹൃദയത്തോടെ തൃപ്പാദങ്ങൾ അനുഗ്രഹിച്ചു വീണ്ടും ആലുവായ്ക്കു മടങ്ങി. വഴിക്കു ചേർത്തല ചില സ്ഥലങ്ങളെ സാന്നിദ്ധ്യം കൊണ്ടു പവിത്രമാക്കി. ആലുവായിൽ നിന്നു ഇടവത്തിൽ ഇളനീർ അഭിഷേകം പ്രമാണിച്ചു തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിലേക്കു വീണ്ടും ഭാരവാഹികളുടെ അപേക്ഷപ്രകാരം എത്തി. മടങ്ങി ആലുവായിൽ വിശ്രമിച്ചു. കർക്കടകത്തിൽ ആലുവാ പുഴവക്കത്ത് മുവായിരം

Digitized By Kerala Sahitya Akademi

ഉറപ്പിക്കയ്ക്കു് ഒരു സ്ഥലം തീറുവാങ്ങി അതിൽ ഒരു കെട്ടിടം തീർക്കാൻ സമീപസ്ഥരെ ഉത്സാഹിപ്പിച്ചു. കർക്കടകം അവസാനത്തിൽ വീണ്ടും ശിവഗിരിയിൽ എത്തുകയും ചിങ്ങം ആദ്യം തെക്കോട്ടു തിരുവനന്തപുരം നെയ്യാറ്റുംകര ഈ സ്ഥലങ്ങളിൽ സഞ്ചരിച്ചു വടക്കോട്ടേക്കു മടങ്ങുകയും ചെയ്തു. തിരുനാൾ ദിവസം തൃപ്പാദങ്ങൾ കൊല്ലത്തു പ്രാക്കുളത്തു് ഒരു ഭക്തന്റെ ഗൃഹത്തിലായിരുന്നു. നാടൊട്ടുക്കും തന്റെ ഛായാപടങ്ങളെ ആനപ്പുറത്തു വച്ചു് ഭക്തിബഹുമാനപുരസ്സരം ആഘോഷങ്ങളോടുകൂടി ജനങ്ങൾ എഴുന്നള്ളിക്കുന്നതോ തന്റെ നാമത്തിൽ അനേകലക്ഷം ജനങ്ങളുടെ ഇടയിൽ ദാനധർമ്മങ്ങളോ, വിനോദങ്ങളോ പ്രസംഗങ്ങളോ, ആരാധനകളോ, ആശീർവാദങ്ങളോ, നടത്തുന്നതോ യാതൊന്നുമറിയാത്ത മട്ടിൽ ആ മഹാത്മാവു് ഒരു സാധാരണ മനുഷ്യന്റെ നിലയിൽ തന്റെ അവതാരത്താൽ പവിത്രമായ ആ മഹാസുദിനം ഒരു വെറും സാധാരണ ദിവസം പോലെ ആ ഭവനത്തിൽ കഴിച്ചുകൂട്ടി.

എന്തൊരു വലിയ പാഠമാണിതു് ! ഹാ ! പരമ കാരുണികനും സർവശക്തനുമായ ഈശ്വരാ ! അനേകലക്ഷം സ്വജനങ്ങളുടെ മാത്രമല്ല പൊതുജനങ്ങളുടെയും അഭ്യുദയത്തിനും ക്ഷേമത്തിനുമായി യത്നിച്ചു ജീവിതം നയിക്കുന്ന മാതൃകാമഹാപുരുഷനായ ഞങ്ങളുടെ സ്വാമിതൃപ്പാദങ്ങൾക്കു് ദീർഘമായ ആയുരാരോഗ്യങ്ങൾ ഉണ്ടാകാൻ അവിടത്തെ കൃപാകടാക്ഷ വർഷങ്ങൾ എന്നും ചൊരിയുമാറാകേണമേ.

സ്വാമിതിരുനാൾ 3.

വിവേ. 1088 ചിങ്ങം, കന്നി

ബ്രഹ്മശ്രീ നാരായണ ഗുരു സ്വാമിതൃപ്പാദങ്ങളിലെ 59-ാമത്തെ തിരുനാൾ മഹോത്സവം ചിങ്ങം 9-ാം നു പതിവുപോലെ കേരളത്തിന്റെ പല ഭാഗങ്ങളിലും സ്വജനങ്ങൾ കേമമായി കൊണ്ടാടിയിരിക്കുന്നു. തിരുനാൾ ദിവസം തൃപ്പാദങ്ങൾ ആലുവാ അദ്വൈതാശ്രമത്തിൽ വിശ്രമിക്കയായിരുന്നു. ഈ കഴിഞ്ഞ ഒരു കൊല്ലം തൃപ്പാദങ്ങൾ പല സ്ഥലങ്ങളിൽ സഞ്ചരിക്കയും ഗണ്യമായ പല സംഗതികൾ ചെയ്കയും ചെയ്തിരിക്കുന്നു. കഴിഞ്ഞ കന്നിമാസത്തിൽ അവിടന്നു് തിരുവല്ലാ, ചെങ്ങന്നൂർ മുതലായ താലൂക്കുകളിൽ സഞ്ചരിച്ചു ജനോപകാരാർത്ഥമായി പലതും ചെയ്കയും അദ്വൈതാശ്രമത്തിലെ വിദ്യാലയം സംബന്ധിച്ചു ചിലവിലേക്കായി കുറേ പണം അവിടത്തെ ജനങ്ങൾ സംഭാവന ചെയ്കയും മറ്റും ചെയ്തു. തിരുവല്ലാ നിവാസികളായ പ്രധാന ഉദ്യോഗസ്ഥന്മാരും വക്കീലന്മാരും ഗൃഹസ്ഥന്മാരുമായി ജാതിമത ഭേദമെന്നിയേ സകല യോഗ്യന്മാരും ചേർന്നു് കന്നി 26-ാം നു വൈകുന്നേരം 4 മണിക്കു സ്ഥലം എം. ജി. എം. സ്കൂളിൽ ഒരു യോഗം കൂടി തൃപ്പാദങ്ങളെ പരസ്യമായി സ്വീകരിച്ചു ബഹുമാനിച്ച സംഗതി പ്രത്യേകം പ്രസ്താവയോഗ്യമാണു്. ഈ യാത്രയിൽ നിന്നു മടങ്ങി തൃപ്പാദങ്ങൾ കോഴിക്കോട്ടു മുതലായ സ്ഥലങ്ങളിൽ കൂടി സഞ്ചരിക്കയും വിണ്ടും ആലുവായിൽ എത്തി വിശ്രമിക്കയും ചെയ്തു. വൃശ്ചികം ധനു ഈ മാസങ്ങ

Digitized By Kerala Sahitya Akademi

ളിൽ അവിടന്ന ദക്ഷിണ തിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും സഞ്ചരിക്ക യും അരുവിപ്പുറത്തു കുറേ ദിവസം വിശ്രമിക്കയും ചെയ്തു. നെയ്യാറ്റുംകര പുല യരും മറ്റു വർഗ്ഗക്കാരുമായുണ്ടായ ലഹള സംബന്ധിച്ച് സ്വാമി തൃപ്പാദങ്ങൾ പല സ്ഥലത്തും സഞ്ചരിച്ച് സമാധാനമുണ്ടാക്കാൻ ശ്രമിക്കയും പുലയരിൽ പ്രമാണികളെ കണ്ട് അവർക്ക് ആശ്വാസ പ്രദമായ ഉപദേശങ്ങൾ നൽകുകയും ചെയ്തു. ഈ അവസരത്തിൽ നെയ്യാറ്റുംകര മുതലായ സ്ഥലങ്ങളിൽ എസ്. എൻ. ഡി. പി. യോഗത്തിന്റെ കീഴിൽ ഏതാനും മാതൃകാ ദേശസഭകൾ സ്ഥാ പിക്കാൻ സ്വാമിയത്നിക്കുകയും ആ വിഷയത്തിൽ സാരമായ ചില സംഗതി കളെപ്പറ്റി വേണ്ടപ്പെട്ടവരുമായി ആലോചിക്കയും ചിലതെല്ലാം പ്രവർത്തിക്ക യും ചെയ്തു.

മകരത്തിൽ തൃപ്പാദങ്ങൾ കോട്ടാർ, കുഴിക്കറ മുതലായ സ്ഥലങ്ങളിൽ സഞ്ച രിക്കയും ആ സ്ഥലത്തുള്ള സജ്ജനങ്ങളുടെ മതാചാര പരിഷ്കരണ വിഷയമാ യി പലതും പ്രവർത്തിക്കയും ചെയ്തു. ആടു് കോഴി മുതലായ ജന്തുക്കളെ ബലി കൊടുക്കുന്ന അനേകം 'മാടൻ' 'എശക്കി' മുതലായ ദുർദേവതകളുടെ ക്ഷേത്രങ്ങളും പീഠങ്ങളും സ്വാമി ജനങ്ങളുടെ സമ്മതത്തോടുകൂടി ഇടിച്ചു നിരത്തിക്കയും കുരുതി നടന്നു വന്നിരുന്ന പല കോവിലുകളിലും അതു നിഷേധിക്കുകയും ചെയ്തു. വള രെക്കാലമായി വഴക്കിൽ ഏർപ്പെട്ടിരുന്ന കോട്ടാർ ആറുമുഖപ്പിള്ളയാർ സമുദാ യം വക കാര്യങ്ങൾ തൃപ്പാദങ്ങൾ ഈ അവസരത്തിൽ കേട്ട രാജിപ്പെടുത്തുകയും സമുദായം വക കാര്യങ്ങളുടെ തൃപ്തികരമായ നടത്തിപ്പിനു വേണ്ടി പുതിയ വ്യവ സ്ഥകൾ ഉണ്ടാക്കുകയും മേലാൽ കുഴപ്പം വന്നാൽ എസ്. എൻ. ഡി. പി. യോ ഗത്തിൽ നിന്നു് അധികൃതനായ ഒരു പ്രതിനിധി മുഖേന സംഗതികൾ കേട്ട തീരുമാനിപ്പാൻ ഏർപ്പാടു ചെയ്യുകയും ചെയ്തു. അവിടെ നിന്നു തൃപ്പാദങ്ങൾ ശി വഗിരിയിൽ പുയം ഉത്സവം സംബന്ധിച്ചു് വർക്കലയ്ക്കു വരികയും അഞ്ചുതെ ങ്ങിൽ സജ്ജനങ്ങളുടെ വക ക്ഷേത്രം പ്രതിഷ്ഠിക്കുന്ന സംഗതി സംബന്ധിച്ചു് സ്വല്പ ദിവസം അവിടെ വിശ്രമിക്കയും വീണ്ടും അരുവിപ്പുറത്തേക്കു മടങ്ങുകയും ചെയ്തു. മീനം 25-ാം നു- തൃപ്പാദങ്ങൾ അഞ്ചുതെങ്ങിലെ ക്ഷേത്രത്തിലേ കുംഭാഭി ഷേകം നടത്തുകയും ടി ക്ഷേത്രത്തിലെ തന്ത്രാവകാശം ശിവഗിരി മഠത്തിലേ ക്കു് എഴുതി വാങ്ങുകയും ചെയ്തു. മീനം അവസാനത്തോടു കൂടി തൃപ്പാദങ്ങൾ ആ ലുവാസ്സു മടങ്ങിപ്പോയി. മേടത്തിൽ തൃപ്പാദങ്ങൾ പരദേശയാത്രയിൽ പഴനി ക്ഷേത്രം സന്ദർശിച്ചു കുറേ ദിവസം അവിടെ വിശ്രമിക്കയും ക്ഷേത്രാധികൃതന്മാ രുടെ സവിശേഷമായ സല്ക്കാര ഭക്തി ബഹുമാനങ്ങൾക്കു പാത്രമാകയും ചെയ്തു. മിഥുന മാസത്തിൽ തൃപ്പാദങ്ങൾ ചക്കരക്കടവു മുതലായ സ്ഥലങ്ങളിൽ സഞ്ചരി ച്ചിരുന്നു. കർക്കടകത്തിൽ കൊല്ലത്തും അവിടെ നിന്നു മധുരയ്ക്കു സമീപം തൃ പ്പരം കുണ്ഡ്രത്തു തൃപ്പാദങ്ങളുടെ പേരിൽ ഒരു സന്യാസിയായ ശിഷ്യൻ സ്ഥാപി ച്ചിരിക്കുന്ന മഠം സന്ദർശിച്ചു മടങ്ങി ശിവഗിരിയിലും എത്തി സ്വല്പ ദിവസം വിശ്രമിച്ചു ചിങ്ങമാസാരംഭത്തോടു കൂടി ആലുവാസ്സു മടങ്ങിപ്പോയി. ഇപ്പോഴും അദ്വൈതാശ്രമത്തിൽ വിശ്രമിച്ചു വരുന്നു.

Digitized By Kerala Sahitya Akademi

ഇണ്ടൽപ്പെട്ടീടു മാറാഴിയസിതപ–
ക്ഷംഗമിക്കാതെ ചീത്ത–
ക്കൊണ്ടൽ ക്ഷുട്ടങ്ങൾ പൊങ്ങിക്കയറിയൊളിമറ–
യ്ക്കാതെ വിഖ്യാതിയോടെ
കണ്ടാനന്ദോർമ്മികണ്ണിന്നനിശമുതിരുമാ–
റായ് വിളങ്ങട്ടെലോകം
കൊണ്ടാടും സ്വാമിയസ്മൽകുലജലനിധിയെ–
പ്പൊക്കിനില്ക്കും സുധാംശു.

വിവേ : 1090 കക്കടകം, 1091 ചിങ്ങം

'ചക്രവർത്തി'യുടെ ദുർദ്ധാരണ

ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങളെപ്പറ്റി ദോഷാരോപണം ചെയ്യുവാൻ കൊച്ചിയിൽ നിന്നു പുറപ്പെടുന്ന 'ചക്രവർത്തി' എന്ന സഹജീവിയുടെ ഈ വൃശ്ചികം 19–ാം നു–യിലെ പ്രതിയിൽ നായന്മാരും പട്ടന്മാരും എന്ന തലവാചകത്തിൽ ഒരു പത്രാധിപോപന്യാസം പ്രസിദ്ധപ്പെടുത്തിക്കാണുന്നു. ഏതാന്നിയതിനെ ഗുണമായാലും ദോഷമായാലും വിളിച്ചു പറയുന്ന പത്രങ്ങളും നമ്മുടെ ഇടയിലുണ്ടെങ്കിൽ അതിലൊന്നാണ് 'ചക്രവർത്തി' എന്നുള്ള ബഹുമാനംഈ സഹജീവിയെപ്പറ്റി ഞങ്ങൾക്കു് എപ്പോഴുമുള്ളതാണ്. എന്നാൽ ഈ ഉൽകൃഷ്ടമായ ഗുണം ഒരു ഗുണമായിരിക്കുന്നതു് തോന്നൽ എല്ലാം ശരിയായിരിക്കുമ്പോൾ മാത്രമാകുന്നു. വേണ്ടത്ര തെളിവു കൂടാതെ വല്ല ഏഷണിക്കാരുടെയും പ്രസ്താവങ്ങളെ വേദവാക്യംപോലെ വിശ്വസിച്ചു് എന്തെങ്കിലും വിളിച്ചുപറയുന്നതു് ഒരാൾക്കും ഭംഗിയായിട്ടുള്ളതല്ല. പിന്നെ പൊതുജന പ്രതിനിധ്യം വഹിക്കുന്ന പത്രങ്ങൾക്കു് ഒട്ടും ഭംഗിയായിട്ടുള്ളതല്ലെന്നു പറയേണ്ടതില്ലല്ലോ. ''ഈ നായന്മാരും പട്ടന്മാരും നമ്മുടെ ദ്വേഷികളാണ്. നായന്മാരും പട്ടന്മാരും തീയരെ ആട്ടിയോടിക്കുന്നു.'' ഇത്യാദി കഠിന വാക്കുകളും പറഞ്ഞു സ്വാമി വർഗ്ഗങ്ങളെത്തമ്മിൽ കൂട്ടിമുട്ടിക്കാൻ ശ്രമിക്കുന്ന എന്നാണ് ചക്രവത്തി അദ്ദേഹത്തിന്റെ പാവനമായ ശിരസ്സിൽ കുറ്റമാരോപിക്കുന്നതു്. ഇതിനെക്കാളും വലിയ പാപകരമായ കുറ്റം ഒരു യഥാർത്ഥ പരിശുദ്ധ പുരുഷനിൽ ആരോപിക്കാനുണ്ടോ ? ചക്രവർത്തിക്കു കിട്ടിയ പ്രമാണം ''ശിവയോഗവിലാസം'' എന്ന മാസികയിൽ ഒരു ലേഖകൻ എഴുതിയിരുന്ന ഉപന്യാസമാണു്. ശിവയോഗി എന്നുകൂടി പറയുന്ന ബ്രഹ്മാനന്ദസ്വാമി എന്ന ആൾ ബിംബാരാധനയ്ക്കും ക്ഷേത്രസ്ഥാപനത്തിനും വിരുദ്ധമതിജനങ്ങളുടെ ഇടയിൽ ചില ശിഷ്യന്മാർ മുഖേന പ്രസംഗം നടത്തിയും പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയും നാരായണഗുരുസ്വാമിയെ ലക്ഷ്യമാക്കി പരോക്ഷമായും പ്രത്യക്ഷമായും ആക്ഷേപങ്ങൾ പുറപ്പെടുവിച്ചു് ഒരു വിരുദ്ധ കക്ഷിയുണ്ടാക്കി അതിന്റെ നേതൃസ്ഥാനം വഹിച്ചുകൊണ്ടിരിക്കുന്ന ദേഹമാണു്. അദ്ദേഹത്തിന്റെ നാമസ്മാരകമായി അദ്ദേഹമോ ശിഷ്യൻമാരോ നടത്തുന്ന മാസികയാണു് ശിവയോഗിവിലാസം. ഇതിൽനിന്നു ചക്രവർത്തി ചൂണ്ടിപ്പറയുന്ന

Digitized By Kerala Sahitya Akademi

ലേഖനത്തിന്റെയും ലേഖകന്റെയും പ്രാമാണ്യം മനസ്സിലാകുന്നതാണല്ലോ. നാരായണഗുരുസ്വാമി സകല ജനങ്ങളെയും ഒന്നുപോലെ സ്നേഹിക്കുന്ന ഒരു യഥാർത്ഥ യോഗിയാണ്. ജാതിവൈരമെന്ന നീചമനോവൃത്തി അദ്ദേഹത്തിനോ അദ്ദേഹത്തോട് അല്പകാലമെങ്കിലും സഹവസിക്കാൻ ഇടയായിട്ടുള്ളവർക്കോ ഉണ്ടാകുന്നതല്ല. ചക്രവർത്തി കാണിക്കുന്ന വാചകങ്ങളും അദ്ദേഹത്തിന്റെ നാവിൽനിന്നു് ഒരിക്കലും പുറപ്പെട്ടിട്ടുള്ളതും പുറപ്പെടുന്നതും അല്ല. നായന്മാർ പട്ടന്മാർ മുതലായവരിൽ ഇന്നു് അദ്ദേഹത്തിനു് അനേകം ആപ്തമിത്രങ്ങളും ശിഷ്യന്മാരുമുണ്ടു്. ആ വർഗ്ഗത്തിലുള്ള പലർക്കും, പ്രത്യേകിച്ചു് ചില വിദ്യാർത്ഥികൾക്കു്, വളരെ സ്നേഹത്തോടും ദയയോടും ഇന്നും അവിടന്നായാതൊരു സഹായവും പുറപ്പെടുവിക്കാതെ ധനസഹായം മുതലായതു ചെയ്തുകൊണ്ടിരിക്കുന്നുമുണ്ടു്. ഞങ്ങൾ കാർത്തികം ഇതുവരെ അദ്ദേഹത്തിൽ ചക്രവർത്തി സംശയിക്കുന്ന നികൃഷ്ടമായ ദോഷം കാണ്മാൻ കഴിഞ്ഞിട്ടില്ല. മറിച്ചും തന്നെ കണ്ടിട്ടില്ലെന്നുമാണു് ഞങ്ങളുടെ വിശ്വാസം. സ്വാമി വിവേകാനന്ദൻ മിക്കപ്പോഴായിട്ടും തന്റെ ഹിന്ദുമതം പ്രസംഗിച്ചുകൊണ്ടു സഞ്ചരിച്ചിരുന്നപ്പോഴും മിഷ്യനറി സംഘക്കാർ ക്ഷോഭിച്ചു് അദ്ദേഹത്തെ ഒന്നുകൊണ്ടും തോല്പിക്കാൻ കഴിയാഞ്ഞിട്ടു് ഒടുവിൽ എന്തെല്ലാം നിന്ദ്യമായ വ്യാജ പ്രസ്താവങ്ങളാണു് നാട്ടിൽ നിറച്ചതു്. അതിനെ ഒക്കെ നാം വിശ്വസിച്ച എങ്കിൽ അതു് ഒടുവിൽ എത്ര കഷ്ടമായിത്തീരുമായിരുന്നു. ''അയല്പത്തഴപ്പനിനായതിപ്രയത്നം നയമറിയും നരനാചരിച്ചിടേണം'' ഇതു നാരായണഗുരുസ്വാമിയുടെ ഉദ്ഘോഷകമാകുന്നു. അതു് അദ്ദേഹത്തിന്റെ സ്വന്തകൃതികളിൽ ഒന്നിൽ ഉള്ള ഒരു വാക്യം ആകുന്നു. ആ വാക്യത്തെ സ്വന്ത ജീവിത ദൃഷ്ടാന്തം കൊണ്ടു് അദ്ദേഹം അക്ഷരാർത്ഥമായി അനുഷ്ഠിക്കുന്ന മഹാനുഭാവനാകുന്നു. അദ്ദേഹത്തെപ്പറ്റി ''ഗുരുത്തനങ്ങാക്കിയ ദുഷ്പ്രവാദം പറ്റുവാൻ'' കണ്ണുപൊട്ടി പുറപ്പെട്ട ചക്രവർത്തിയുടെ ദുർദ്ധാരണയെപ്പറ്റി ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു.

വിവേ: 1091 വൃശ്ചികം

സ്വാമി തൃപ്പാദങ്ങളുടെ സംക്ഷിപ്ത ജീവചരിത്രം

സ്വാമി നമ്മുടെ ഇടയിൽ ജീവിച്ചിരിക്കുന്ന ഒരു മഹാത്മാവാണു്. അദ്ദേഹം 1032–ാ മാണ്ടു ചിങ്ങമാസത്തിലെ ചതയം നക്ഷത്രത്തിൽ ഇവിടെ നിന്നും മൂന്നുനാലു നാഴിക വടക്കു് ചെമ്പഴന്തി എന്ന സ്ഥലത്തുള്ള ഒരു മാന്യ ഈഴവകുടുംബത്തിൽ ജനിച്ചു. അച്ഛൻ ഒരു ആശാനും അമ്മാവൻ ഒരു വൈദ്യരും ആയിരുന്നു. സ്വാമിയെ എഴുത്തിനിരുത്തിയതു് ചെമ്പഴന്തിപ്പിള്ളമാരുടെ തറവാട്ടിൽ കാരണവനായ ഒരു ജ്യോത്സ്യനായിരുന്നു. ബാലപാഠങ്ങൾ കഴിഞ്ഞശേഷം ഒന്നും പഠിക്കാൻ സ്വദേശത്തു തരമില്ലാതെ സ്വാമി അഞ്ചികകാലം കഴിച്ചുകൂട്ടേണ്ടിവന്നു. പിന്നെ 53 ാം മാണ്ടിടയ്ക്കു് (21–ാമത്തെ വയസ്സിൽ) പുതുപ്പള്ളിൽ രാമൻ പിള്ള ആശാൻ അവർകളുടെ അടുക്കൽ പോയി സംസ്കൃതം പഠിച്ചു. രണ്ടുമൂന്നു കൊല്ലം കഴിഞ്ഞു് സ്വദേശത്തു മടങ്ങിവന്നു് കുറേക്കാലം കട്ടിക

Digitized By Kerala Sahitya Akademi

ളെ വായിപ്പിച്ചു താമസിച്ചു. സ്വാമി തമിഴിലും പാണ്ഡിത്യം സമ്പാദിച്ചിട്ടുണ്ട്. സംസ്കൃതം, തമിഴ്, മലയാളം ഈ മുന്നു ഭാഷകളിലും സ്വാമി ഒരു നല്ല കവിയുമാണ്. ബാല്യം മുതൽതന്നെ സ്വാമി വലിയ ഈശ്വരഭക്തനായിരുന്നു. അച്ഛനമ്മമാരും മറ്റും നിർബ്ബന്ധിച്ചു സ്വാമിക്കു വിവാഹം കഴിച്ചിരുന്നു എങ്കിലും അദ്ദേഹം കുടുംബിയായി താമസിച്ചിട്ടില്ലെന്നാണറിയുന്നതു്. 30-ാമത്തെ വയസ്സിൽ (1960-ൽ) അച്ഛനമ്മമാരുടെ മരണശേഷം സ്വാമി സഗൃഹത്തിലെ താമസം അശേഷം വിട്ടു മതസംബന്ധമായ അഭ്യാസങ്ങളും ചെയ്തുകൊണ്ടു് അടുത്തും അകലെയുമുള്ള പല സ്ഥലങ്ങളിലും പല മഹാത്മാക്കളെയും സന്ദർശിച്ചും പലരുടേയും ഉപദേശങ്ങളും ഗ്രഹിച്ചും ത്യാഗിയായി സഞ്ചരിച്ചുകൊണ്ടിരുന്നു. അന്നു് ഒരു യോഗിയുടെ നിലയിൽ സ്വാമിയെ വളരെ ജനങ്ങളും ഭക്തിപൂർവം അഭിനന്ദിച്ചിരുന്നു. 1063-ൽ സ്വാമി നെയ്യാറുംകര ഔണിന വടക്കു് അരുവിപ്പുറം എന്ന സ്ഥലത്തു് വിജനമായ നദീതീരത്തു് കുറേനാൾ യോഗാഭ്യാസം ചെയ്തു താമസിക്കുമ്പോഴാണു് ആ ശിവക്ഷേത്രം അവിടെ പ്രതിഷ്ഠിച്ചതു്. ഇപ്പോൾ വലിയ കെട്ടിടങ്ങളും ക്ഷേത്രവും മറ്റുമുള്ള ആ സ്ഥലം അന്നു വെറും കാടായിരുന്നു. മതസംബന്ധമായ അറിവും അദ്ധ്യാത്മാനുഭവങ്ങളും വർദ്ധിച്ചുവന്നതോടുകൂടി ചില ക്ഷേത്രങ്ങളിലെ ജന്തുഹിംസ, ജാതിഭേദവിചാരം മുതലായവയിൽ സ്വാമിക്കു തീരെ വെറുപ്പുതോന്നി. സാധിക്കുന്നടിക്കിലൊക്കെ പ്രാണിഹിംസ നിറുത്തൽ ചെയ്യുന്നതിനും പുതിയ ദേവാലയങ്ങൾ സ്ഥാപിച്ചു ഭക്തിയും ശുചിത്വവും സദാചാര നിഷ്ഠയുമുള്ള ആരെയും പൂജകന്മാരാക്കുന്നതിനും ശ്രമിക്കയും ചെയ്തുവന്നു. സമുദായ പരിഷ്കരണ തൽപ്പരരായ ചില യോഗ്യന്മാരുടെ സഹകരണത്തോടുകൂടി 1078-ൽ സ്വാമി അരുവിപ്പുറം ക്ഷേത്രത്തെ തല സ്ഥാനമാക്കി ശ്രീനാരായണ ധർമ്മ പരിപാലനയോഗം സ്ഥാപിച്ചു. 1979 മുതൽ ഈഴവരുടെ ഇടയിൽ താലികെട്ടു കല്യാണം നിറുത്തൽ ചെയ്വാൻ ശ്രമിച്ചുതുടങ്ങി. പരിഷ്കൃത വിവാഹരീതി ഏർപ്പെടുത്തി അപ്പോൾ മുതൽ നടപ്പാക്കി. ഈഴവരുടെ പൗരോഹിത്യം പ്രത്യേകം അഭ്യസിച്ചിട്ടുള്ള സ്വജാതിക്കാരെക്കൊണ്ടുതന്നെ ചെയ്യിപ്പാൻ ഏർപ്പാടുചെയ്തു. പല സ്ഥലത്തും സ്വജാതിക്കാർക്കു പ്രത്യേക ക്ഷേത്രങ്ങളും പ്രതിഷ്ഠിച്ചു കൊടുക്കയും ചില ക്ഷേത്രങ്ങളും സ്വന്തമായി സ്ഥാപിക്കുകയും ചെയ്തു. 1080-ൽ തന്നെ സ്വാമി വർക്കല ശിവഗിരി മഠം സ്ഥാപിക്കാൻ ആരംഭിച്ചതു്. 1088-ൽ അവിടെ ശാരദാപ്രതിഷ്ഠ നടത്തി. അതിനു ശേഷമാണു് സ്വാമി ഇപ്പോൾ വിശ്രമിച്ചുവരുന്ന ആലുവാ അദ്വൈതാശ്രമം സ്ഥാപിച്ചതു്. ഇപ്പോൾ തിരുവിതാംകൂറിന്റെ തെക്കേഅറ്റം മുതൽ മംഗലപുരം വരെയുള്ള പശ്ചിമതീരം മുഴുവൻ അദ്ദേഹം പ്രതിഷ്ഠിച്ചിട്ടുള്ള തായി ചെറുതും വലുതുമായ ഒട്ടുവളരെ ദേവാലയങ്ങളും ഉണ്ടു്. ഈഴവർ അല്ലെങ്കിൽ തീയർ കേരളത്തിൽ ഏറ്റവും ജനസംഖ്യയുള്ളതും എല്ലാദിക്കിലും കൂടി പാർപ്പുള്ളതുമായ സമുദായമാണു്. സ്വാമിയുടെ നാമധേയത്തിൽ ഒരു ചെറിയ ഭജന മഠമെങ്കിലും സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലം ഇപ്പോൾ കേരളത്തിൽ ചുരുക്കവുമാണു്. മധുര മുതലായ ജില്ലകളിലും സ്വാമിക്കു സ്ഥാപനങ്ങളുണ്ടു്. സ്വാമിയുടെ സന്ന്യാസി ശിഷ്യവർഗ്ഗത്തിൽപെട്ട ഒരു സ്വാമിയാർ രണ്ടുകൊല്ലമായി മധുരയ്ക്കു സമീപം തുപ്പരം കുണ്ടു്ം എന്ന സ്ഥലത്തു് ഒരു നല്ല മഠം സ്വാമിയുടെ വകയായി സ്ഥാപിച്ചു നടത്തിവരുന്നുണ്ടു്.

Digitized By Kerala Sahitya Akademi

സ്വാമി സ്ഥാപിക്കുന്ന ക്ഷേത്രങ്ങളിലും മഠങ്ങളിലും ഒക്കെ കുട്ടികളുടെ വിദ്യാഭ്യാസത്തിനു്, വിശേഷിച്ചും സംസ്കൃത വിദ്യാഭ്യാസത്തിനു്, വേണ്ട ഏർപ്പാടുകളും എന്തെങ്കിലും കൂടെ ഉണ്ടായിരിക്കും എന്നുള്ളതു് പ്രത്യേകിച്ചും പറയേണ്ടതാണു്. അരുവിപ്പുറത്തു വളരെക്കാലം ഒരു സംസ്കൃത സ്കൂൾ നടത്തുകയും ഒട്ടധികം യുവാക്കന്മാർ അതിൽ പഠിച്ചു യോഗ്യത സമ്പാദിക്കയും ചെയ്തിട്ടുണ്ടു്. ശിവഗിരി മഠം ആരംഭിച്ച കാലം തുടങ്ങി നല്ല രീതിയിൽ ഒരു സംസ്കൃതസ്കൂൾ അവിടെ നടത്തി വരുന്നുണ്ടു്. ഇപ്പോഴും ആ സ്കൂളിൽ നാല്പതിൽപ്പരം വിദ്യാർത്ഥികൾ പഠിച്ചു വരുന്നു. ഇതിലധികം അഭിവൃദ്ധിയിലാണു് ആലുവായിലെ ആശ്രമം വകയായ പാഠശാല നടന്നു വരുന്നതു്. ഇവയിലെല്ലാം ഹിന്ദുക്കളിൽ ഈഴവരെക്കാൾ ഉയർന്നതും താഴ്ന്നതുമായി വിചാരിക്കപ്പെട്ടവരുന്ന പല ജാതിക്കാർക്കും പുറമേ ക്രിസ്ത്യാനികളും മുഹമ്മദീയരും കൂടി പഠിച്ചു വരുന്നു. ഇംഗ്ലീഷു് വിദ്യാഭ്യാസത്തിനും കഴിയുന്ന സഹായങ്ങൾ സ്വാമി സ്വകാര്യമായി നിർദ്ധനന്മാരായ കുട്ടികൾക്കു ചെയ്തുവരുന്നുണ്ടു്. സ്വന്തചിലവിനായി ഗൃഹസ്ഥശിഷ്യന്മാരിൽ നിന്നും സംഭാവനയായും മറും മാസംതോറും പതിവായി കിട്ടാറുള്ള ഒരു ഗണ്യമായ സംഖ്യ മുഴുവനും സ്വാമി ഇങ്ങനെയുള്ള ധന സഹായത്തിനായി വിനിയോഗിച്ചു വരികയാണു്. ഈ വക സഹായങ്ങൾ സ്വാമി ബ്രാഹ്മണർ മുതലായ എല്ലാ ജാതിക്കാർക്കും അന്യമതക്കാർക്കും കൂടിയും അശേഷം ഭേദവിചാരം കൂടാതെ നൽകി വരികയുമാണു്. ഈഴവരുടെ ഇടയിൽ സംസ്കൃത വിദ്യാഭ്യാസത്തിനു വിശേഷിച്ചു് സ്വാമിയുടെ ഇങ്ങനെയുള്ള ശ്രമങ്ങളാൽ അസാധാരണമായ പ്രചാരവും പ്രസക്തിയും ഉണ്ടായിട്ടുണ്ടു്. ക്ഷേത്ര സ്ഥാപനങ്ങൾമൂലം അവരുടെ ഇടയിൽ ഈശ്വരഭക്തിയും മതവിഷയമായ ജ്ഞാനവും ശുചിത്വവും മറും വർദ്ധിച്ചു തന്നെ വരുന്നുണ്ടു്. ആചാര പരിഷ്കരണ സംബന്ധമായ സ്വാമിയുടെ ശ്രമം കൊണ്ടു് അനേക ദുർവ്യയങ്ങളും കുടുംബ ഛിദ്ര ഹേതുക്കളായ നടപടികളും നിന്നു പോകയും സ്ത്രീ പുരുഷന്മാർക്കു സദാചാര നിഷ്ഠ വർദ്ധിച്ചു വരികയും ചെയ്യുന്നുണ്ടു്. ഈ കാരണങ്ങളാലും അസാധാരണമായ മറനേകം ഗുണങ്ങൾ കൊണ്ടും ആ പുണ്യശ്ലോകനെ സ്വജാതിക്കാർ മുഴുവൻ സമുദായ ഗുരുവായി സ്വയം പ്രഖ്യാപനം ചെയ്തുയും കാണപ്പെട്ട ദൈവമായി ആരാധിക്കയും ചെയ്തുപോരുന്നതാണു്. അദ്ദേഹത്തിന്റെ ജന്മനക്ഷത്രം കേരളം മുഴുവൻ തീയർ ഒരു വലിയ സുദിനമായി കൊണ്ടാടി വരുന്നു. സ്വാമിയോടുള്ള ഭക്തിസ്നേഹബഹുമാനങ്ങൾ ജനങ്ങളുടെ ഇടയിൽ നാൾക്കുനാൾ വർദ്ധിച്ചു വരുന്നതിനാൽ ഏതെങ്കിലും വിധത്തിൽ ഈ ഷഷ്ടിപൂർത്തി ആഘോഷിക്കാത്തതായി കേരളത്തിൽ ഒരു കുഗ്രാമം പോലും ഉണ്ടായിരിക്കുമോ എന്നു സംശയമാണു്. തീയ്യർ താമസമുള്ളതായി പുറത്തുള്ള മറു രാജ്യങ്ങളിലും സിലോൺ മുതലായ ദ്വീപുകളിലും കൂടി സ്വാമിയുടെ ഷഷ്ടിപൂർത്തി ഓരോവിധത്തിൽ കൊണ്ടാടുന്നതായി ഇവിടെ വിവരങ്ങൾ കിട്ടുന്നുണ്ടു്. ഈ അവസരത്തിൽ വിദ്യാലയങ്ങൾ, വായന ശാലകൾ, വിദ്യാഭ്യാസ സഹായധനങ്ങൾ, ക്ലബ്ബുകൾ മുതലായി ചെറുതോ വലുതോ ആയ അനേകം സ്ഥാപനങ്ങൾ തീയ്യർ വളരെ സ്ഥലങ്ങളിൽ ആരംഭിക്കുന്നുണ്ടു്. സമുദായത്തിന്റെ പ്രതിനിധ്യം വഹിക്കുന്ന എസ്. എൻ. ഡി. പി. യോഗത്തിന്റെ ആഘോഷമാണു് ഈ പെരിയ മന്ദിരത്തിന്റെ സ്ഥാപനം. സംഗതിവശാൽ തിട്ടക്കത്തിൽ ആരംഭിക്കേണ്ടി വരികയാൽ ഇതു് ഇതിന്റെ ഇന്നത്തെ

Digitized By Kerala Sahitya Akademi

നിലയിൽ തന്നെ പൂർത്തിയാക്കിട്ടില്ല. ഇതിന്റെ മുറികൾ തല്ക്കാലം വിദ്യാർത്ഥി സദനമായി ഉപയോഗിക്കണമെന്നാണ് യോഗം ഉദ്ദേശിക്കുന്നത്. ഒരു ചെറിയ ആരംഭമാണിത്. ക്രമേണ ഇതു് അഭിവൃദ്ധിയെ പ്രാപിക്കുമെന്നു പ്രവർത്തകന്മാർ ആശംസിക്കുന്നു. ഇതിന്റെ ഉദ്ഘാടന കർമ്മം നടത്തിത്തരാൻ ദയവുചെയ്തു സമ്മതിച്ചു് പല അസൗകര്യങ്ങളുടെ ഇടയിൽ ഇന്നു് ഇവിടെ വന്നു വിലയേറിയ സാന്നിദ്ധ്യം കൊണ്ടു ഞങ്ങളെ സകരുണം പ്രോത്സാഹിപ്പിക്കുന്ന മഹാമനസ്കനായ ദിവാൻ ജി അവർകളോടു് ഞങ്ങൾ എന്നേക്കും കൃതജ്ഞതയുള്ളവരായിരിക്കുന്നതാണു്. ഞങ്ങളുടെ എളിയ ക്ഷണം അനുസരിച്ചു് ദയവുചെയ്തു് ഇന്നു് ഇവിടെ സന്നിഹിതരായിരിക്കുന്ന മറ്റെല്ലാ മഹാന്മാക്കും ഒരിക്കൽ കൂടി വന്ദനം പറഞ്ഞു കൊണ്ടു് ഈ മന്ദിരത്തിന്റെ ഉദ്ഘാടന കർമ്മം നടത്തിത്തരുന്നതിനു് ദിവാൻജി അവർകളോടു് യോഗത്തിന്റെ കീഴിലുള്ള ഷഷ്ടിപൂർത്തി കമ്മറ്റിക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു.

വേ: 1091 കർക്കടകം, 1092 ചിങ്ങം.

[കൈതമുക്കിൽ യോഗം വക ഷഷ്ടി പൂർത്തി സ്മാരക വിദ്യാർത്ഥി മന്ദിരത്തിന്റെ ഉദ്ഘാടന കർമ്മം സംബന്ധിച്ചു് ദിവാൻ ബഹദൂർ എം. കൃഷ്ണൻ നായർ അവർകളുടെ അദ്ധ്യക്ഷതയിൽ 1092 ചിങ്ങം 26-ാം നു- കൂടിയ പൊതുജന യോഗത്തിൽ വായിച്ചതു്.]

ഷഷ്ടിപൂർത്തിയും യോഗം വക സ്മാരക മന്ദിരവും

യോഗം വക കമ്മറ്റിക്കാരുടെ കഴിഞ്ഞ രണ്ടുമാസത്തെ നിരന്തരമായ അദ്ധ്വാനത്തിന്റേയും സ്വാമി ഭക്തിയുടേയും ഫലമായി തിരുവനന്തപുരത്തു കൈതമുക്കിൽ ''പണി തീർന്നിരുന്ന മനോഹരമായ ശ്രീ നാരായണ ഷഷ്ടിപൂർത്തി സ്മാരക മന്ദിരം'' മുൻ നിശ്ചയമനുസരിച്ചു് തിരുവിതാംകൂർ ദിവാൻ, ദിവാൻ ബഹദൂർ എം. കൃഷ്ണൻ നായർ അവർകളാൽ ചിങ്ങം 26-ാം തീയതി കാലത്തു് $8\frac{1}{2}$ മണിക്കു ഹാജരായി ആഘോഷപൂർവം തുറന്നിരിക്കുന്നു. മന്ദിരത്തിന്റെ ഉദ്ഘാടന കർമ്മം പ്രമാണിച്ചു കൂടിയ മഹാജന യോഗത്തിന്റെ വിവരണങ്ങളും മറ്റും വേറൊരിടത്തു ചേർത്തിട്ടുണ്ടു്. സംഗതികളെ പ്രതീക്ഷിച്ചിരുന്നതിനേക്കാളും എത്രയും കേമമായും മംഗളമായും നടന്നു എന്നു് ആ വിവരങ്ങളിൽ നിന്നും അറിയാവുന്നതാണു്. 27-ാംനു- കാലത്തു 4 മണി മുതൽ 6 മണി വരെ ശിവപ്രസാദ സ്വാമിയുടെ ഹോമം പ്രാർത്ഥന മുതലായ പുണ്യകർമ്മങ്ങളും, 10 മണി മുതൽ വൈകുന്നേരം 5 മണി വരെ സകല വിഭവങ്ങളോടുകൂടി അതികേമമായ സദ്യയും നടന്നുകൊണ്ടിരുന്നു അസംഖ്യം സാധുക്കൾ സദ്യയുണ്ടു സന്തോഷഭരിതരായിരിക്കുന്നു. പുലയർ, മുക്കുവർ മുതലായവർക്കൊക്കെ നെടുംപുരയിൽ തന്നെ നിലയിട്ട ഭംഗിയായിരുത്തി വിളമ്പിക്കൊടുക്കയാണു ചെയ്തിട്ടുള്ളതു്. എല്ലാ ജീവരാശികളേയും ഒന്നുപോലെ കാണുന്ന ആ മഹാത്മാവിന്റെ പേരിൽ നടത്തിയ ആ മഹാസദ്യയിൽ വലിയ പന്തിഭേദ വിചാരമൊന്നും പ്രവർത്തകന്മാ

Digitized By Kerala Sahitya Akademi

രിൽ ഒരു തരക്കാരുടേയും ഉള്ളിൽ തോന്നിയിരുന്നില്ലെന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവയോഗ്യമാണ്. 6 മണിമുതൽ ഘോഷയാത്രയായി വന്നുകൂടിയ വലിയ ജനപ്രവാഹത്താൽ കൈതമുക്കു റോഡിന്റെ എല്ലാ ഭാഗങ്ങളും തിക്കുംതിരക്കുമായി കഴിഞ്ഞു. തലക്കെട്ടും തൃപ്പാദങ്ങളുടെ ഛായാപടവും വഹിച്ച സകല ആഡംബരങ്ങളോടുകൂടിയ രണ്ടു ആനകളും, മനോഹരമായി അലങ്കരിച്ച ഒരു സപ്രം, പത്തിരുപത്തു ഗ്യാസ് ലൈറ്റുകളും, അസംഖ്യം കൊടികളും, ബാൻറുവാദ്യക്കാർ, നാഗസ്വരക്കാർ, ഭജനക്കാർ മുതലായ എല്ലാം യഥാസ്ഥാനം നിർത്തി അതിദീർഘമായി അണിനിരന്ന കിഴക്കേക്കോട്ടയിൽ തിരിച്ചു, പുത്തൻചന്ത റോഡു വഴി പുറപ്പെട്ട ആഘോഷയാത്ര പട്ടണത്തിൽ ഇതിനുമുമ്പു കണ്ടിട്ടില്ലാത്ത വിധം പ്രാധാന്യവും ഭംഗിയുമുള്ള ഒരു വലിയ ഉത്സവമായിത്തന്നെ ഇരുന്നു ആകപ്പാടെ യോഗത്തിന്റെ ഷഷ്ടിപൂർത്തി മഹാഘോഷം യോഗത്തിനും സമുദായത്തിനും ഒന്നുപോലെ അഭിമാനകരമായും സപ്രയോജനമായും കേമമായും കഴിഞ്ഞുകൂടിയതിൽ കമ്മറിക്കാർ എല്ലാവരുടേയും അഭിനന്ദനത്തെ അർഹിക്കുന്നുണ്ട്.

മന്ദിരത്തിന്റെ പണി പൂർത്തിയാക്കുന്നതിന് യോഗത്തിൽനിന്നനുവദിച്ച 1300 ക. യ്ക്കു പുറമേ 2000 ക. യോളം കമ്മറിയിൽ നിന്നു സംഭാവനയായി പിരിച്ചു പ്രവൃത്തികളും ഇപ്രകാരം നടത്തീട്ടുള്ളതാകുന്നു. ഈ പിരിവിൽ അധികഭാഗവും കെട്ടിടങ്ങളുടെ ചിലവുകൾക്കായാണ് വ്യയം ചെയ്തിട്ടുള്ളതു്. എതു കൃത്യനിഷ്ഠയോടും എത്ര പരിമിതമായും ബുദ്ധിപൂർവ്വമായുമാണ് ഈ പണങ്ങളും ചിലവുചെയ്തിട്ടുള്ളതെന്നു മന്ദിരത്തിന്റെ പണികളും വന്നുസന്ദർശിക്കുന്ന ആർക്കും ബോധപ്പെടുന്നതാണ്. സദ്യസ്സായി ഈ പിരിവിൽനിന്നു് ഒരു ചെറിയ അംശം മാത്രമേ ചിലവായിട്ടുള്ളു. അരിയും മറു സാമാനങ്ങളിൽ പലതും പ്രത്യേക സംഭാവനകളായി സ്ഥലത്തുള്ള സജ്ജനങ്ങളിൽനിന്നു പിരിച്ചെടുക്കയാലാണ് അങ്ങനെ വലിയ ചിലവു കൂടാതെ സാധിച്ചിട്ടുള്ളതു്. പിരിഞ്ഞ അരിയിൽ ഒരു ഗണ്യമായ ഭാഗം ഒടുവിൽ വിറ്റു മുതൽ കൂട്ടുകയും ചെയ്തിട്ടുണ്ടു്. ഘോഷയാത്രയ്ക്കും മിതമായ ഒരു സംഖ്യ മാത്രമേ ചിലവായിട്ടുള്ള എന്നു് ഉടനെ പുറപ്പെടാൻ പോകുന്ന കമ്മിറ്റി വക റിപ്പോർട്ടിൽനിന്നു വിശദമായി അറിയാവുന്നതാണ്.

മന്ദിരത്തിന്റെ പണികളിൽ ഇനിയും പല ചില്ലറ ഇനങ്ങളും പൂർത്തിയാകേണ്ടിയിരിക്കുന്നതും ഇപ്പോഴും ആവക പണികളും ദിവസംപ്രതി നടന്നുകൊണ്ടിരിക്കുന്നതുമാകുന്നു. വിദ്യാർത്ഥി സദനത്തിന്റെ ആവശ്യത്തിനായുള്ള കട്ടിലുകളും, മേശകളും മുതലായ സാമാനങ്ങളും അടുക്കളയുടെ പണികളും പൂർത്തിയായിട്ടില്ലാത്തതിനാൽ വിദ്യാർത്ഥികളെ താമസിപ്പിക്കുന്നതിന് ഇനിയും ഒരു മാസത്തോളം കാലം വേണ്ടിവരുമെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു. പണത്തിന്റെ ദുർലഭ്യമാണ് ഈ താമസത്തിനു കാരണമായിരിക്കുന്നതെന്നുള്ള വസ്തുത പ്രസ്താവിച്ചുകൊള്ളുകയും ലിസ്റ്റിൻപടി സംഭാവന ഇതുവരെ അയച്ചുതന്നിട്ടില്ലാത്ത മാന്യന്മാരും, ഈ ഏറ്റവും സ്തുത്യർഹമായ ധർമ്മകാര്യത്തിനു സംഭാവന ചെയ്യുന്നതിന്റെ ഔചിത്യത്തെപ്പറ്റി അറിയാവുന്ന ഉദാശീലന്മാരും യോഗത്തെ ഈ അവസരത്തിൽ കഴിയുന്ന സഹായങ്ങളും ചെയ്തു വിദ്യാർത്ഥി സദനത്തിന്റെ നടത്തിപ്പിനെ ത്വരിപ്പിക്കണമെന്നു് പ്രത്യേകം അപേക്ഷിച്ചുകൊള്ളുകയും ചെയ്യുന്നു.

വിവേ : 1091 കർക്കടകം, 1092 ചിങ്ങം.

Digitized By Kerala Sahitya Akademi

ശ്രീ നാരായണ ഭക്തരോട്—എത്രദൂരം എത്തി?

ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങളുടെ 64—ാമത്തെ തിരുനാൾ ഈ 15—ാംനു- യാണല്ലോ. കേരളത്തിലെ തീയർ ഈ സുദിനത്തെ പതിവുപോലെ ഭക്തി പൂർവ്വം പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. അവിടത്തേക്കു ദീർഘായുരാരോഗ്യങ്ങളെ പ്രാർത്ഥിക്കയും സഭകൂടുകയും ആഘോഷങ്ങൾ നടത്തുകയും ചെയ്യുന്ന തിരക്കാണിപ്പോൾ. കയ്യൂക്കുള്ള ഹിന്ദുക്കൾ അനേക ശതവർഷമായി നിർദ്ദയവും നീചവുമായ വിധത്തിൽ ചവിട്ടിത്താഴ്ത്തി വച്ചിരിക്കുന്ന ഒരു വമ്പിച്ച ജനവിഭാഗത്തെ ആത്മീയമായും, ലൗകികമായും ഉയർത്തിക്കൊണ്ടുവരാൻ ഫലപ്രദമായി യത്നിക്കുകയും യത്നിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏക മഹാപുരുഷനാകുന്നു നമ്മുടെ സ്വാമി തൃപ്പാദങ്ങൾ. കേരളത്തിൽ ധനവും ശ്രമവും ജീവിതവും മുഴുവൻ ജനഹിതത്തിനായി, വിശേഷിച്ചും താഴ്ത്തപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനായി ബലികഴിച്ചുകൊണ്ടിരിക്കുന്ന മഹാ പരോപകാരികളിൽ അഗ്രഗണ്യനാകുന്നു നമ്മുടെ സ്വാമി തൃപ്പാദങ്ങൾ. മതസംബന്ധമായി അഗാധമായ ശാസ്ത്രജ്ഞാനവും സ്വാനുഭൂതിയും കൊണ്ടും ദൃഷ്ടാന്തയോഗ്യമായ സദാചാരനിഷ്ഠകൊണ്ടും ഇന്ത്യയിൽ ഇന്നു ജീവിച്ചിരിക്കുന്ന പരമ ഹംസന്മാരിൽ അദ്വിതീയമായ ഒരു സ്ഥാനത്തിനർഹനാകുന്നു നമ്മുടെ സ്വാമി തൃപ്പാദങ്ങൾ. വാസ്തവത്തിൽ ഈ മഹാത്മാവിനെ നേതാവായി ലഭിച്ച ഏക ഭാഗ്യമാണ് ഇന്നു നമ്മുടെ സമുദായത്തിനുള്ളതു്.

അതുകൊണ്ടു് അവിടത്തെ ദീർഘജീവിതം സമുദായഭാഗ്യത്തിന്റെ ദീർഘജീവിതം തന്നെ ആകുന്നു. മഹാത്മാവായ സ്വാമി തൃപ്പാദങ്ങളുടെ ദീർഘായുരാരോഗ്യഭാഗ്യങ്ങൾക്കായി ഈ സന്ദർഭത്തിൽ ഞങ്ങൾ വിജ്ഞാന വർദ്ധിനി സഭയുടെ പേരിലും ഞങ്ങളുടെ സ്വന്തം പേരിലും പരമകാരുണികനായ ജഗദീശ്വരനെ സർവാത്മനാ പ്രാർത്ഥിച്ചുകൊള്ളുന്നു.

സ്വാമി തിരുനാൾ സംബന്ധിച്ചു് നമ്മുടെ സമുദായക്കാരോടു് രണ്ടു വാക്കു പറയേണ്ടതുണ്ടു്. തൃപ്പാദങ്ങൾ സ്വാർത്ഥ ബുദ്ധിയോ വൃഥാഭിമാനമോ ലേശമില്ലാത്ത മഹാത്മാവാകുന്നു. അദ്ദേഹത്തിന്റെ പേരിൽ ആഘോഷങ്ങൾ നടത്തുന്നതു് അദ്ദേഹത്തിനിഷ്ടമല്ലെന്നു പല അവസരങ്ങളിലും അദ്ദേഹം നമ്മെ ഒക്കെ അറിയിച്ചിട്ടുണ്ടു്. അവിടത്തെ ചിര വിശ്രമസ്ഥലമായ അദ്വൈതാശ്രമത്തിൽ യാതൊരു ഘോഷവും നടത്താതിരിക്കുന്നതു തന്നെ അതു നിമിത്തമാകുന്നു. വൃഥാ സഭകൂടി വെറും പ്രസംഗങ്ങൾ ചെയ്യുന്നതും അദ്ദേഹത്തിനു് ഇഷ്ടമില്ലാത്ത സംഗതിയാണു്. 'വാമൊഴി' മൂലമായും 'വരമൊഴി' മൂലമായും അദ്ദേഹം ഉപദേശിക്കയും ചൂണ്ടിക്കാണിക്കയും ചെയ്തിട്ടുള്ള മാർഗ്ഗങ്ങളെ ജനങ്ങൾ അനുസരിച്ചു നടക്കയും അതുകൊണ്ടു് അവർ ഗുണപ്പെടുകയും ചെയ്യുന്നതു കാണുന്നതു പോലെ അതിസന്തോഷവും ചാരിതാർത്ഥ്യവുമുള്ള സംഗതി അവിടത്തേക്കു വേറെയില്ല. അതുകൊണ്ടു് നമുക്കു യാഥാർത്ഥമായ ഗുരുഭക്തിയുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ഹിതമനുസരിച്ചു നടക്കുന്നതിൽ ഇതുവരെ എത്രദൂരം നാം പോയിരിക്കുന്നു എന്നു നോക്കുകയും ഇനി എന്തെല്ലാമാണു് ആരംഭിക്കയോ നിറവേറ്റുകയോ വേണ്ടതെന്നും എന്തെല്ലാമാണു് ഉടനെ പ്രവർത്തിക്കേണ്ടതെന്നും ആലോചിച്ചുറപ്പുകയും

Digitized By Kerala Sahitya Akademi

പ്രവൃത്തി തുടങ്ങുകയും ചെയ്യേണ്ട അവസരം ഇതാകുന്നു. തുപ്പാദങ്ങൾ വീണ്ടും വീണ്ടും ഉപദേശിക്കാറുള്ള ചില സംഗതികളെ വായനക്കാരുടെ ഓർമ്മയ്ക്കായി താഴെക്കുറിക്കാം.

1. ജാതിയുണ്ടെന്നു വിശ്വസിക്കരുതു്.

മേൽജാതിയെന്നും കീഴ്ജാതിയെന്നുമുള്ള വയ്പു് സ്വാർത്ഥപരന്മാരുണ്ടാക്കിയ വെറും കെട്ടുകഥയാകുന്നു. അതിനെ ഒരിക്കലും സമ്മതിക്കരുതു്. മനസ്സുകൊണ്ടോ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഒരു പ്രകാരത്തിലും അതിനെ അനുസരിച്ചാവർത്തിക്കരുതു്. കാരണം i) ഇല്ലാത്തതിനെ ഉണ്ടെന്നു വിചാരിക്കുന്നതു മൗഢ്യമാണു്. ii) മേൽ ജാതിയുണ്ടെന്നുള്ള വിശ്വാസം ആത്മാവിന്റെ സ്വച്ഛന്ദതയെ തടഞ്ഞു്, അഭിവൃദ്ധിയെ നശിപ്പിച്ചു്, ജീവിതം കൃപണവും നിസ്പ്രയോജനവുമാക്കിത്തീർക്കുന്നു. കീഴ്ജാതിയുണ്ടെന്നുള്ള വിശ്വാസം മനസ്സിൽ ഡംഭും ഭീരുമാനവും വർദ്ധിപ്പിച്ചു ജീവിതത്തെ പൈശാചമാക്കി ദൂഷിപ്പിക്കുന്നു.

2. വിദ്യാഭ്യാസം വർദ്ധിപ്പിക്കണം.

മനുഷ്യന്റെ സകലവിധ അഭിവൃദ്ധികളും വിദ്യയെ ആശ്രയിച്ചിരിക്കുന്നു. ആദ്ധ്യാത്മികമായ അഭിവൃദ്ധി തന്നെ ശരിയായ വിദ്യാഭ്യാസമില്ലാതെ സിദ്ധിക്കുന്നില്ല. ലൗകികമായ എല്ലാ വിഷയത്തിലും മനുഷ്യരെ ഉയർത്തുന്നതു് വിദ്യാഭ്യാസമാകുന്നു. വിദ്യാഹീനന്മാർക്കു ശരിയായ സ്വാതന്ത്ര്യബോധം ഉണ്ടാവാനിടയില്ല, ഉൽക്കർഷേച്ഛയുണ്ടാവാനിടയില്ല. അതുകൊണ്ടു് വിദ്യ പഠിക്കയും പഠിപ്പിക്കയും പഠിത്തത്തിന്നായി കഴിയുന്ന സഹായങ്ങൾ എല്ലാം ചെയ്കയും ചെയ്യണം.

3 ദുർദ്ദേവതകളെ ആരാധിക്കരുതു്.

മതസംബന്ധമായ മൂഢവിശ്വാസമരുതു്. ഒരു മതത്തേയും ദ്വേഷിക്കരുതു്.

4. പ്രാണി ഹിംസ ചെയ്യരുതു്.

ഹിംസയെക്കാൾ വലുതായ പാപമില്ല. മനുഷ്യന്റെ സ്നേഹഗുണത്തെ അതു് അപഹരിച്ചുകളയും. ഈശ്വരന്റെ പേരിൽ ഹിംസ നടത്തുന്നതു് പരിഹാരമില്ലാത്ത മഹാ പാപമാകുന്നു. പ്രാണികളെ ബലികൊടുക്കുന്ന ക്ഷേത്രങ്ങളിൽ തൊഴുകയോ പോകയോ കൂടി ചെയ്യരുതു്.

5. വ്യവസായം വർദ്ധിപ്പിക്കണം.

ധന സമ്പാദനത്തിനുള്ള മുഖ്യ ഉപായം അതാണു്. ധനം കൊണ്ടല്ലാതെ സുഖജീവിതവും ഉൽക്കർഷവും സാദ്ധ്യമല്ല. സാധുക്കൾക്കു് തൊഴിലുകൾ ഉണ്ടാക്കിക്കൊടുക്കണം. ഭിക്ഷയോ ദാനമോ കൊടുക്കുന്നതിനേക്കാൾ തൊഴിലു കൊടുക്കുന്നതു് ഉത്തമമാണു്. ഭിക്ഷ വാങ്ങുന്നവനു ദാരിദ്ര്യം വർദ്ധിക്കും. ദാനം വാങ്ങുന്നവനു് ആത്മാഭിമാനം നശിക്കും.

6. കള്ളുചെത്തു കളയേണം

മദ്യം ബുദ്ധിയേയും ആരോഗ്യത്തേയും നശിപ്പിക്കുന്ന വിഷമാണു്. അതിനെ ഉണ്ടാക്കി കുടിപ്പാൻ കൊടുക്കുന്നതു വലിയ പാപം. മദ്യപനു ചെയ്യാൻ പാ

Digitized By Kerala Sahitya Akademi

ടില്ലാത്ത ദുഷ്കൃത്യം ഒന്നുമില്ല. ചെത്തുകാരനെ കണ്ടാൽ കശാപ്പുകാരനോടുള്ളതി നേക്കാളും വെറുപ്പുതോന്നും. അവന്റെ ദേഹവും, വസ്ത്രവും, വീടും, പറമ്പുമെ ല്ലാം അറപ്പുതോന്നുന്ന ഒരുവക ദുർഗന്ധം വ്യാപിച്ചിരിക്കും. മദ്യവില്പനയുള്ള ഗൃഹത്തിൽ അടുക്കള ശുദ്ധമായിരിപ്പാൻ പ്രയാസം. സ്ത്രീകൾക്കു മര്യാദ പാലി പ്പാൻ പ്രയാസം. തീയരിൽ സാധുക്കൾ മാത്രമേ ചെത്താറുള്ളൂ. അവരുടെ സം ഖ്യ ആയിരത്തിൽ ഒന്നു കാണുമോ എന്നു സംശയം. മറ്റു വർഗ്ഗക്കാരിലുള്ള സാ ധുക്കളാരും ചെത്തിയല്ല കഴിയുന്നതു്. ഇപ്പോൾ ചെത്തു കൊണ്ടുള്ള ആദായം ത ന്നെമുഴുവൻ സർക്കാരിനു പോകുന്നു. കഷ്ടനഷ്ടങ്ങളും പാപവും മാത്രമേ ചെത്തു കാരനു ശേഷിക്കുന്നുള്ളൂ. പിന്നെ എന്തിനു തീയർ ചെത്തണം? വലിയ ലാഭമു ണ്ടായാൽ തന്നെ പാപകരമായ തൊഴിൽ മനുഷ്യൻ ചെയ്യരുതു്.

പ്രതി 1096 ചിങ്ങം

സ്വാമി സന്ദേശം

സ്വാമിതൃപ്പാദങ്ങളിലെ ജന്മനക്ഷത്രത്തെ പ്രമാണിച്ചു് ഒരു സന്ദേശം പര സ്യം ചെയ്തുകണ്ടതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. ഇങ്ങനെയുള്ള സന്ദേ ശങ്ങൾ കൊല്ലംതോറും അവിടത്തെ ജനനദിവസം പരസ്യം ചെയ്യുമെന്നു വിശ്വ സിക്കുകയും അങ്ങനെ അനേകം സന്ദേശങ്ങൾ ഇനിയും പരസ്യം ചെയ്വാൻ സംഗതി വരേണമെന്നു് സർവ്വശക്തനായ ദൈവത്തോടു് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ സന്ദേശം തീയരൊക്കെ വായിക്കണം. ആ പ്രാവശ്യം വായിച്ചു വിട്ടേച്ചാൽ പോരാ, വായിച്ചു പഠിക്കണം. അതിനനുസരിച്ചു തങ്ങളുടെ ജീവി തത്തെ ക്രമപ്പെടുത്താൻ ശ്രമിക്കണം. സ്വാമി തൃപ്പാദങ്ങളോടുള്ള ഭക്തിയെ പ്ര ത്യക്ഷപ്പെടുത്തേണ്ടതു് അവിടത്തെ അഭിപ്രായങ്ങൾക്കും ആജ്ഞകൾക്കും അനുസ രിച്ചു പ്രവർത്തിച്ചിട്ടാണെന്നു് മിക്കഭക്തന്മാരും ഓർമ്മിക്കുന്നില്ലെന്നു തോന്നു ന്നു. തീയ്യരിൽ വളരെപ്പേർ സ്വാമി തൃപ്പാദങ്ങളെ ഒരു പ്രത്യേക സംഗതിയിൽ ഈശ്വരനെ കരുതും പോലെ കരുതി പ്രവർത്തിക്കുന്നുണ്ടു്. ഈശ്വരനെ സ്തുതിക്കു ക, ഈശ്വരന്റെ ഹിതത്തിനു് അനുകൂലമായി പ്രവർത്തിക്കാതിരിക്കുക, ഇങ്ങ നെയാണല്ലോ ഈശ്വരഭക്തന്മാരായി ഭസ്മക്കുറിയും രുദ്രാക്ഷവും ധരിക്കുന്ന പലരും ചെയ്വാറുള്ളതു്. അതുപോലെതന്നെ സ്വാമിജിയെ ഭജിക്കുക, സ്വാമി മതാദ്ധ്യാ പകനും സമുദായ നായകനും ആണെന്നു സമ്മതിക്കുക, സ്വാമിയുടെ ന്യായമായ ആജ്ഞകൾക്കു വിപരീതമായി പ്രവർത്തിക്കുക ഇങ്ങനെയാണു് പല സ്വാമി ഭക്തന്മാരും ചെയ്യുന്നതു്. പക്ഷേ ഒരു കാര്യം അവർ വിസ്മരിക്കുന്നു. ഈശ്വ രനെ നേരിട്ടു കാൺമാനും 'താൻ എന്തു കൊണ്ടാണു് എന്റെ ഹിതത്തിനനുസരി ച്ചു പ്രവർത്തിക്കാനിരിക്കുന്നതു്' എന്നു ഈശ്വരൻ ചോദിപ്പാനും സംഗതിയി ല്ലെങ്കിലും സ്വാമിയെ നേരിട്ടു കാണ്മാനും സ്വാമി നേൽപ്രകാരം ചോദിപ്പാനും സംഗതിയുണ്ടു്. സ്വാമിയെ ചെന്നുകണ്ടു് നമസ്കരിച്ചു് എഴുന്നേൽക്കുമ്പോൾ ''എന്താ പുലയനും താനും ഒരു ജാതിയാണു്. നിങ്ങൾ രണ്ടുപേർക്കും ഒരു മത

Digitized By Kerala Sahitya Akademi

മാണ് എന്നു സമ്മതിപ്പാൻ മടിയുണ്ടല്ലോ?'' എന്നു ചോദിക്കുമ്പോൾ എന്തു മറുപടി പറയുമെന്നും തന്റെ സ്വാമി കേതിയേയും നമസ്കാരത്തേയും സ്വാമി എങ്ങനെ വ്യാഖ്യാനിക്കുമെന്നും ഓരോരുത്തർ ആലോചിച്ചു നോക്കുന്നതു രസകരമായിരിക്കും.

പ്രതി: 1096 ചിങ്ങം

രാജകാണ്ഡം

തിരുനാൾ I

ദിവസംപ്രതി അഭിവൃദ്ധിയും പരിഷ്കാരവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന തിരുവിതാംകൂറിന്റെയും, മുപ്പത്തൊറായിരം ജനങ്ങളുടെയും സകലവിധ ആശാബന്ധങ്ങൾക്കും അടിസ്ഥാനമായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ആട്ടത്തിരുനാൾ മഹോത്സവം കൊണ്ടു് ആഘോഷമയമായ 21–ാം തീയതിയെ വിസ്മരിച്ചിട്ടു് ഈ മാസത്തെ മുഖ്പ്രസംഗം ഞങ്ങൾ ആരംഭിക്കുക എന്നുള്ളതു സഹജമല്ല. തിരുമേനിക്കു 48–ാമത്തെ തിരുവയസ്സുതികഞ്ഞ ആ മഹാസുദിനം പ്രജകളുടെആശീർവാദങ്ങളും അഭിനന്ദനങ്ങളും കൊണ്ടു് അത്യന്തം മംഗളവും ആഹ്ലാദഭരിതവുമായിരുന്നു. സ്വപ്രജകളുടെ ക്ഷേമത്തിനുവേണ്ടി 20 സംവത്സരമായി രാജ്യഭാരം കയ്യേറ്റ് അഭിവൃദ്ധികരമാം വണ്ണം ഭരിച്ചുകൊണ്ടുപോരുന്ന പൊന്നുതിരുമേനിക്കു ദീർഘമായ ആയുസ്സും ആരോഗ്യവും, ഐശ്വര്യവും ഉണ്ടാവാൻ പ്രാർത്ഥിക്കുന്നതു് ഈ അവസരത്തിൽ തിരുമേനിയെ സ്തോത്രം ചെയ്യുന്നതിനെക്കാൾ ഗുരുതരമായ കൃത്യമായി ഞങ്ങൾ വിചാരിക്കുന്നു. അതു കൊണ്ടു് അവിടത്തെ പ്രജാ വിഭാഗത്തിൽ പ്രധാനമായ ഒരു ഭാഗക്കാരും ''പണ്ടു സമാധാനമില്ലാതിരുന്ന കാലങ്ങളിൽ രാജ്യത്തിനുവേണ്ടി രക്തം ചൊരിത്തിട്ടുള്ള പഴവന്മാരുടെ സന്താനങ്ങളും'' ആയ 5 ലക്ഷം ഈഴവരുടെ ഹൃദയ കമലങ്ങളെ ഏകോപിച്ചർപ്പിച്ചു് തിരുമേനിയുടെ ദീർഘമംഗളത്തിന്നായി ഞങ്ങൾ ഈശ്വരനെ പ്രാർത്ഥിച്ചുകൊള്ളുന്നു.

വിവേ: 1081 കന്നി

പള്ളിക്കെട്ടു് I

തിരുവിതാംകൂറിന്റെ ഭാവികാലഗതിയെ പരിച്ഛേദിക്കേണ്ട ശക്തികളുടെ ഏകസങ്കേതവും 30 ലക്ഷം പ്രജകളുടെ പുണ്യപരിപാകത്തിന്റെ പൂർണ്ണാവതാരവുമായ ആറ്റിങ്ങൽ മൂത്ത തമ്പുരാൻ (Senior Rani) തിരുമനസ്സിലെ പള്ളിക്കെട്ടു്

Digitized By Kerala Sahitya Akademi

(വിവാഹ) മഹോത്സവം മേടം 24–ാം തീയതി അവസ്ഥാനുരൂപമായ ആഡംബരങ്ങളോടുകൂടി മംഗളമായവസാനിച്ചിരിക്കുന്നു. വാത്സല്യഭാജനമായ ഭാഗിനേയിയെ സംബന്ധിച്ചു് ഏറ്റവും ഗൗരവമേറിയ ഈ കൃത്യത്തെ ഇത്ര തൃപ്തികരമായ വിധത്തിൽ പൂർത്തിയാക്കുന്നതിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രത്യേകം പ്രദർശിപ്പിച്ച ഉത്സാഹത്തെയും ഉൽക്കണ്ഠയേയും പ്രജകൾ ഒന്നുപോലെ ശ്ലാഘിക്കുന്നു. മഹാരാണി തിരുമനസ്സിലേക്കു സിദ്ധിച്ചിരിക്കുന്ന മഹാഭാഗ്യവാനായ വരന്റെ യോഗ്യതയിലും ജനങ്ങൾക്കു പക്ഷാന്തരമില്ലാത്തതു സന്തോഷജനകമാകുന്നു. ഞങ്ങൾക്കാകട്ടെ ഞങ്ങളുടെ സമുദായത്തിന്റെ അഭ്യുദയത്തിൽ വാത്സല്യമായ പ്രതിപത്തിയേയും അനുകമ്പയേയും സദാ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന മഹാത്മാക്കളായ മഹാമഹിമ ശ്രീ രാജരാജവർമ്മ മുത്തകോയിത്തമ്പുരാൻ തിരുമനസ്സിലെയും, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലേയും പ്രിയഭാഗിനേയനേക്കാൾ പ്രിയമേറിയ ഒരു 'കൊച്ചു' വലിയ കോയിത്തമ്പുരാൻ ഉണ്ടാവാൻ ഇടയില്ലാത്തതുമാണല്ലോ. പ്രായംകൊണ്ടു കേവലം ബാലന്മാരായ ഈ ഏറ്റവും മഹിമയേറിയ ദമ്പതിമാർ തങ്ങളിൽ നിന്നും ആശിക്കപ്പെട്ടിരിക്കുന്ന ഗൗരവയുക്തങ്ങളായ കാര്യങ്ങളെ എല്ലാം നിറവേറ്റിക്കൊണ്ടു് ഉത്തരോത്തരം വർദ്ധിച്ചുവരുന്ന യോഗ്യതകളോടും ഐശ്വര്യങ്ങളോടും ആയുരാരോഗ്യങ്ങളോടും കൂടി അനേകകാലം ജീവിച്ചിരുന്നു രാജഭക്തരായ തിരുവിതാംകൂർ പ്രജകളെ അനുഗ്രഹിക്കത്തക്കവണ്ണം കരുണാനിധിയായ ഈശ്വരൻ അവരെ കടാക്ഷിക്കുമാറാകട്ടെ

മംഗളപദ്യം

കുശാംഗി, പൊന്നുതമ്പുരാന്റെ കൊച്ചു ഭാഗിനേയിയും
സുശീലനായ കൊച്ചു പർപ്പരാജഭാഗിനേയനും
രസം കലർന്നു വേട്ട രാമചന്ദ്രനും വധൂടിയും
വസിച്ച പോൽ വസിക്കവിപ്രയോഗമേകമെന്നിയേ

വിവേ :1081 മേടം 30

തിരുനാൾ 2

നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ 49-ാ മത്തെ ആട്ടത്തിരുനാൾ പതിവുപോലെ മംഗളമായി ഈ മാസം 9–ാംനു- ആഘോഷിക്കപ്പെട്ടിരിക്കുന്നു. ഇതു തിരുമനസ്സിലെ പ്രജകളിൽ എല്ലാവർഗ്ഗക്കാർക്കും ഒരുപോലെ ആഹ്ലാദകരവും ആഹ്ലാദകരമായിരിക്കേണ്ടതുമായ ഒരു ശുഭാവസരം ആണെന്നു പറയേണ്ടതില്ലല്ലോ. ഇതിനെ സംബന്ധിച്ചുള്ള ചില സൽക്കാരങ്ങളിൽ ഒന്നു രണ്ടു വർഗ്ഗക്കാർ മാത്രമേ ക്ഷണിക്കപ്പെട്ടുന്നുള്ളു എന്നു കാണുന്നതു് ഒരു കഠിനമായ അനീതിയാകുന്നു. ഒന്നെങ്കിൽ എല്ലാ സമുദായത്തിലുമുള്ള മാന്യ പ്രതിനിധികളെ ക്ഷണിക്കണം, അല്ലെങ്കിൽ ഒരുത്തരെയും ക്ഷണിക്കാതിരിക്കണം. മഹാരാജാവു് ഏതനും ചില വർഗ്ഗക്കാർക്കും മഹാരാജാവിനു് ഏതാനും ചില വർഗ്ഗക്കാരും മാ

Digitized By Kerala Sahitya Akademi

ത്രം സ്വന്തമാണെന്ന പ്രത്യക്ഷപ്പെടത്തക്കവണ്ണമുള്ള പ്രവൃത്തികളെക്കൊണ്ട് പ്രജകളിൽ ഭൂരിപക്ഷത്തിനു് ഈ അവസരത്തിലും കണ്ഠിതത്തെ ജനിപ്പിക്കുന്നതു മംഗളമായിരിക്കയില്ല. ഇപ്പോഴത്തെ ഭരണരീതി പഴയതല്ലല്ലോ. നികുതി കൊടുക്കുന്ന എല്ലാവരും രാജാവിന്റെ പ്രത്യേകശ്രദ്ധയ്ക്കു് അർഹന്മാരാണു്. രാജ്യക്ഷേമം വ്യവസായത്തിലാണു് നിലനില്ക്കുന്നതു്. അതുകൊണ്ടു വ്യവസായികളായ പ്രജകളാണു് ഉദരംഭരികളായ മറ്റുള്ളവരേക്കാളും രാജാവിന്റെ എല്ലാവിധത്തിലും ഉള്ള അനുമോദനങ്ങൾക്കു് അധികം അവകാശികൾ. തിരുവിതാംകൂറിൽ എല്ലാം മറിച്ചായിരിക്കുന്നതു് എത്ര ദുസ്സഹമാണു്. 'ജനങ്ങളേ നിങ്ങളെ ചവിട്ടിത്താഴ്ത്താൻ ശ്രമിച്ചുകൊണ്ടിരിയ്ക്കുന്ന എജമാനന്മാർക്കുവേണ്ടി എന്തിനായി ഉഴാൻ പോകുന്നു?' എന്നു് ഒരു ഇംഗ്ലീഷ് മഹാകവി ചോദിച്ചിട്ടുണ്ടു്. ഇതു നമ്മുടെ രാജ്യത്തെ സംബന്ധിച്ചാണു് അധികം യോജിക്കുന്നതു്.

മഹാരാജാവു തിരുമനസ്സിലെ നേർക്കു പ്രജകളിൽ എല്ലാവർക്കുമുള്ള അളവറ്റ സ്നേഹബഹുമാനങ്ങളെ കളങ്കപ്പെടുത്തുന്ന ഇത്തരം നടപടികളെ ദേഭപ്പെടുത്താൻ അധികൃതന്മാർ നോക്കുമെന്നു വിശ്വസിക്കയും തിരുമനസ്സിലേക്കു ഞങ്ങൾ ദീർഘായുരാരോഗ്യങ്ങളെ ആശംസിച്ചുകൊള്ളുകയും ചെയ്യുന്നു.

വിവേ : 1082 കന്നി

പള്ളിക്കെട്ടു് 2.

1072–ാ മാണ്ടു തുലാമാസം 24–ാംനു- തിരുവവതാരം ചെയ്ത റാണി സേതു പാർവതീഭായി ആറ്റിങ്ങൽ ഇളയ തമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടു് ഈ മേടമാസം 12-ാം തീയതി ആരംഭിച്ചു് 18–ാം തീയതിയോടുകൂടി ഏറ്റവും മംഗളമായി അവസാനിച്ചിരിക്കുന്നു എന്നുള്ളതു സന്തോഷസമേതം പ്രസ്താവിച്ചുകൊള്ളുന്നു. നമ്മുടെ രാജകുടുംബത്തിന്റെ പ്രതാപത്തിനും പ്രാബല്യത്തിനും സർവപ്രകാരേണയും ഉചിതമായ വിധത്തിൽ ആയിരുന്നു പള്ളിക്കെട്ടു് ആദ്യന്തം കഴിഞ്ഞുകൂടിയതു്. ഇളയതമ്പുരാൻ തിരുമനസ്സിലെ വരനാകാൻ മാംഗ്യമുണ്ടായതു് കഴിഞ്ഞുപോയ കിളിമാന്നൂർ ചിത്രമെഴുത്തു രവിവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലെ ഭാഗിനേയനും ബി. എ. ബിരുദധാരിയുമായ രവിവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലേക്കാകുന്നു. അനേക ശതവർഷങ്ങൾ കൊണ്ടു് തിരുവിതാംകൂർ രാജകുടുംബത്തിന്റെ ഏറ്റവും അടുത്ത ബന്ധുത്വം പ്രാപിച്ചിരിക്കുന്ന കിളിമാന്നൂർ കൊട്ടാരത്തിൽ നിന്നും തന്നെ സ്വഭാവംകൊണ്ടും വിദ്യാസമ്പത്തുകൊണ്ടും അവിടത്തേക്കു് ഏറ്റവും അനുരൂപനായ ഒരുവരനെ തിരഞ്ഞെടുത്തതിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രദർശിപ്പിച്ചിരിക്കുന്ന ബുദ്ധൌചിത്യം ഏറ്റവും അഭിനന്ദിക്കപ്പെടേണ്ടതാകുന്നു.

ആറ്റുങ്ങൽ മുത്തതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടു് കഴിഞ്ഞകൊല്ലം മേടമാസത്തിൽ ആയിരുന്നുവെന്നുള്ളതു വായനക്കാർ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. ഈ രണ്ടു തിരുമേനികളുടെയും പള്ളിക്കെട്ടുകൾ ഇങ്ങനെ മംഗളമായി പര്യവസാനിക്കയും എല്ലാവിധത്തിലുമുള്ള യോഗ്യതകളുടെ സമ്മേളനത്താൽ ഏറ്റവും അ

Digitized By Kerala Sahitya Akademi

നക്ഷത്രപന്മാരായ രണ്ടു പുരുഷരത്നങ്ങളെ വരന്മാരായി ലഭിക്കയും ചെയ്തിട്ടുള്ള തു് മഹാരാജാവു തിരുമനസ്സിലെ ഭാഗ്യാതിരേകവും അവിടത്തെ ഭക്തിയുള്ള പ്രജകളുടെ പുണ്യപരിപാകവും കൊണ്ടാണെന്നു പറയേണ്ടതില്ലല്ലോ. ഈ തിരുമേനികളുടെ രക്ഷാധികാരം കയ്യേറ്റിരിക്കുന്ന ശ്രീമാൻ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലേക്കും ഈ സന്ദർഭം അതിയായ ചാരിതാർത്ഥ്യഹേതുകമായിരിക്കുന്നതാണു്.

തിരുവിതാംകൂർ രാജവംശത്തിന്റെ സന്താനവല്ലികളായ ഈ കൊച്ചുതിരുമേനികളിലും അവരിൽ നിന്നു ജനിക്കുന്ന സന്താനങ്ങളിലുമാകുന്ന തിരുവിതാംകൂർ രാജ്യനിവാസികളുടെ എല്ലാംആശകളേയും നിക്ഷേപിച്ചിരിക്കുന്നതെന്നു പറയുന്നതു് ഒട്ടും അതിശയോക്തിയല്ല. രാജ്യഭാരം കയ്യേറ്റുനിർവഹിക്കുവാൻ പ്രാപ്തന്മാരായ സന്താനങ്ങളും ഈ തിരുമേനികളിൽ ഉണ്ടാകുന്നതിനുള്ള പ്രജകളുടെ നിരന്തരമായ പ്രാർത്ഥനയിൽ ഞങ്ങളും സർവാത്മനാ യോജിച്ചുകൊള്ളുന്നു.

വിവേ : 1082 മേടം, ഇടവം

രാജകീയ വിളംബര ജൂബിലി

''ശ്രീമതിയായ'' ശീമറാണി തിരുമനസ്സുകൊണ്ടു് ഈസ്റ്റിൻഡ്യൻ കമ്പനിക്കാരോടു് ഇന്ത്യാ സാമ്രാജ്യത്തെ ഏറ്റുവാങ്ങുകയും വിവിധ ജാതി മതസ്ഥന്മാരടങ്ങിയ ഇന്ത്യൻ പ്രജകളോടു് ഒരു സാർവഭൗമിയുടെ ഗൗരവത്തോടും ഒരു മാതാവിന്റെ വാത്സല്യത്തോടുംകൂടി അവരുടെ നന്മയെ ഉദ്ദേശിച്ചു സമാധാനത്തെയും നീതിയെയും പരിപാലിപ്പാൻ വേണ്ടിയുള്ള തന്റെ ഭരണത്തിന്റെ ഉദ്ദേശ്യത്തെ പ്രതിജ്ഞ ചെയ്തു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടു് ഈ നവമ്പർ 2–ാം തീയതി 50 കൊല്ലം തികഞ്ഞിരിക്കുന്നു. പ്രത്യക്ഷരം ആദരണീയമായ ഈ വിളംബരത്തിന്റെ സ്മരണയെ ഈ തീയതി ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും പല പ്രകാരം ജനങ്ങൾ സന്തോഷഭരിതരായി കൊണ്ടാടിയിട്ടുണ്ടു്. ഈ അല്പകാലത്തെ ഇംഗ്ലീഷ് ഭരണം കൊണ്ടു് ഇന്ത്യയ്ക്കു സിദ്ധിച്ച അപരിമേയങ്ങളായ പരിഷ്കാരങ്ങൾ നമ്മുടെ പൂർവന്മാർക്കു സ്വപ്നേപി അജ്ഞാതങ്ങളാകുന്നു. നാം ഇപ്പോൾ അനുഭവിക്കുന്ന സമാധാനവും സ്വാതന്ത്ര്യവും മറ്റൊരു ഭരണത്തിൻകീഴും നാം അറിഞ്ഞിട്ടില്ലാത്തതാകുന്നു. നമുക്കു് ഇപ്പോൾ നൽകപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസം പ്രകാശമാനമായ ഒരു പുതിയ ലോകത്തെ നമുക്കായി സൃഷ്ടിച്ചിരിക്കുന്നു. അതിന്റെ അത്ഭുതകരമായ പ്രചാരം നമ്മുടെ രാജ്യത്തിന്റെ കോണുകളിൽ ഒതുങ്ങിയ അന്ധകാരങ്ങളെക്കൂടി അതിവേഗത്തിൽ അകറ്റുകയും അനേകകോടി മൃഗങ്ങളെ മനുഷ്യരാക്കുകയും ചെയ്തിരിക്കുന്നു. ബ്രിട്ടീഷ് ഭരണനയം നമ്മുടെ അത്യുൽകൃഷ്ടമായ മതത്തിൽ നമുക്കു് അവ്യാഹതമായ സ്വാതന്ത്ര്യത്തെ അനുവദിക്കുകയും എന്നാൽ പൈശാചങ്ങളായ അനാചാരങ്ങളേയും അഴിമതികളേയും നിരോധിക്കുകയും ക്രൂരമായ ജാതി സർപ്പത്തിന്റെ ഭയങ്കരങ്ങളായ വിഷപ്പല്ലുകളെ പറിച്ചു കളയുകയും ചെയ്തിരിക്കുന്നു. ചൂരുക്കത്തിൽ വിനാശോന്മുഖമായിരുന്ന നമ്മുടെ പ്രിയമേറിയ ഇന്ത്യയെ ഉദ്ധരിപ്പാൻ കൃപാലുവായ

Digitized By Kerala Sahitya Akademi

ഈശ്വരനാൽ അയയ്ക്കപ്പെട്ടതാണ് ബ്രിട്ടീഷ് ശക്തി എന്നു പറഞ്ഞാൽ അതിനെ പ്പററി നിങ്ങൾക്കുള്ള നിർവ്യാജമായ ആദരവും ഭക്തിയും അനുമോദവും ഏതാണ്ടു വർണ്ണിച്ചുകഴിഞ്ഞു. ബ്രിട്ടീഷ് സിംഹാസനത്തിൻ കീഴ് ഈ അല്പകാലത്തിനു ള്ളിൽ അത്ഭുതകരമാംവണ്ണം ഇന്ത്യാരാജ്യത്തിനുണ്ടായിട്ടുള്ള ഗുണകരങ്ങളായ മാററ ങ്ങളെപ്പററി കുറഞ്ഞൊന്നു വിവരിപ്പാൻ ഞങ്ങളുടെ പരിമിതമായ സ്ഥലം അനുവ ദിക്കാത്തതിൽ വ്യസനിക്കുന്നു. മാഹാത്മ്യമേറിയ വിക്ടോറിയാ ചക്രവർത്തിനിയു ടെ വിളംബരത്തിന്റെ സ്വാരസ്യമായി ഇപ്രകാരം അനേകായിരം ഹുബിലികൾ നമ്മുടെ ഇന്ത്യാ രാജ്യത്തിൽ പിൻതുടരുന്നതിനും നമ്മുടെ രാജ്യത്തിന്റെ ശാശ്വ ത യോഗ ക്ഷേമത്തിനായി ആ മഹാനുഭാവയുടെ ഔരസസന്താന പരമ്പരകൾ ആ ചന്ദ്രതാരം ഈ രാജ്യത്തെ നിർബാധമായി ഭരിക്കുന്നതിനും ധന്യൈക രൂപനായ ഈശ്വരൻ കടാക്ഷത്തെ വർഷിക്കുമാറാകട്ടെ.

വിവേ : 1084 തുലാം, വൃശ്ചികം.

ഞങ്ങളുടെ മഹാരാജാവു തിരുമനസ്സിലെ ആട്ടത്തിരുനാൾ

ഈ കഴിഞ്ഞ കന്നി 8–ാംനു- ഈ ഔണിൽ മാത്രമല്ല വിസ്തീർണ്ണമായ തിരു വിതാംകൂറിന്റെ ഏതു കോണിലും കരുണാനിധിയായ മഹാരാജാവു തിരുമന സ്സിലെ 52–ാമത്തെ തിരുവയസ്സു തികഞ്ഞ ജന്മനക്ഷത്ര മഹോത്സവം അവിട ത്തെ പ്രജകൾ എല്ലാം ജാതിമതഭേദം കൂടാതെ ആനന്ദകരമാം വണ്ണം ആഘോ ഷിച്ചിരിക്കുന്നു. കാളിദാസ മഹാകവി വർണ്ണിച്ചിട്ടുള്ളതുപോലെ ''പ്രകൃതിര ഞ്ജനം'' കൊണ്ടു് ഇതു അനവർത്ഥമായ രാജശബ്ദം വഹിക്കുന്ന ഒരു മഹാരാജാവ് ഇക്കാലത്തു് ഉർല്ലഭമാണെന്നു പറവാൻ അവിടത്തെ സർവതോമുഖമായ കാരു ണ്യത്തെ ആസ്വദിച്ചും സർവ ജനീനമായ ഭരണനയത്താൽ ദിനം പ്രതി എന്ന പോലെ അഭിവൃദ്ധിയെ പ്രാപിച്ചും വരുന്ന മുഴുവൻ പ്രജകളിൽ ഒരു പ്രധാന വർ ഗ്ഗക്കാരായ ഞങ്ങൾ അശേഷം മടിക്കേണ്ടതില്ല. കാലം പോകുന്തോറും തിരുമ നസ്സിലെ നേർക്കു പ്രജകൾക്കുള്ള സ്ഥിരമായ ഭക്തി സ്നേഹ ബഹുമാനങ്ങൾ അ ധികമധികം വർദ്ധിക്കുന്നു. അതിനെ തിരുനാളാഘോഷ രൂപേണ ഏതാണ്ടു പുറത്തു കാണിപ്പാൻ കിട്ടിയിരിക്കുന്ന ഈ അവസരത്തെ അവർ എത്ര ആശാവേ ശത്തോടു കൂടിയാണ് കാത്തിരിക്കയും എത്ര ഉല്ലാസ പൂർവമാണ് കൊണ്ടാടുക യും ചെയ്യുന്നതു് എന്നുള്ള വസ്തുതയെ പറഞ്ഞറിയിപ്പാൻ പ്രയാസം.

തിരുമനസ്സിലെ പൂർവന്മാരായ തിരുവിതാംകൂറിലെ മഹാരാജാക്കന്മാരെ ല്ലാം പരാക്രമം കൊണ്ടും ഭരണ നൈപുണ്യം കൊണ്ടും പാണ്ഡിത്യംകൊണ്ടും അ ദ്വിതീയരായിരുന്നു. എന്നാൽ വിശ്വ വിശ്രുതരായ ആ മുൻഗാമികളിലുർക്കും സിദ്ധിച്ചിട്ടില്ലാത്ത മഹാഭാഗ്യമാണ് തിരുമനസ്സിലേക്കുള്ളതെന്നു് അവിടത്തെ സ്നേഹമേറിയ പ്രജകൾ എപ്പോഴും അഭിമാനപൂർവം കരുതിപ്പോരുന്ന ഒരു വസ്തുതയാകുന്നു. ഇരുപത്തിയഞ്ചുകൊല്ലങ്ങൾക്കു മുൻപു കണ്ടിരുന്ന തിരുവിതാം കൂറിനെയല്ല ഇപ്പോൾ നാം കാണുക. ഇന്നത്തെ പ്രജകൾ അന്നത്തെ പ്രജകളല്ല. രാജ്യ ഭരണ സംബന്ധമായ ഇന്നത്തെ പരി പക്വമായ വിചാരങ്ങളും അഭിപ്രാ യങ്ങളും അന്നു് അങ്കുരിച്ചിരുന്നോ എന്നു തന്നെ സംശയം. വിദ്യാഭ്യാസം കൊ

Digitized By Kerala Sahitya Akademi

നരുപന്മാരായ രണ്ടു പുരുഷരത്നങ്ങളെ വരന്മാരായി ലഭിക്കയും ചെയ്തിട്ടുള്ളതു് മഹാരാജാവു തിരുമനസ്സിലെ ഭാഗ്യാതിരേകവും അവിടത്തെ കീർത്തിയുള്ള പ്രജകളുടെ പുണ്യപരിപാകവും കൊണ്ടാണെന്നു പറയേണ്ടതില്ലല്ലോ. ഈ തിരുമേനികളുടെ രക്ഷാധികാരം കയ്യേറ്റിരിക്കുന്ന ശ്രീമാൻ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലേക്കും ഈ സന്ദർഭം അതിയായ ചാരിതാർത്ഥ്യഹേതുകമായിരിക്കുന്നതാണു്.

തിരുവിതാംകൂർ രാജവംശത്തിന്റെ സന്താനവല്ലികളായ ഈ കൊച്ചുതിരുമേനികളിലും അവരിൽ നിന്നു ജനിക്കുന്ന സന്താനങ്ങളിലുമാകുന്ന തിരുവിതാംകൂർ രാജ്യനിവാസികളുടെ എല്ലാആശകളേയും നിക്ഷേപിച്ചിരിക്കുന്നതെന്നു പറയുന്നതു് ഒട്ടും അതിശയോക്തിയല്ല. രാജ്യഭാരം കയ്യേറ്റുനിർവഹിക്കുവാൻ പ്രാപ്തന്മാരായ സന്താനങ്ങളും ഈ തിരുമേനികളിൽ ഉണ്ടാകുന്നതിനുള്ള പ്രജകളുടെ നിരന്തരമായ പ്രാർത്ഥനയിൽ ഞങ്ങളും സർവാത്മനാ യോജിച്ചുകൊള്ളുന്നു.

വിവേ : 1082 മേടം, ഇടവം

രാജകീയ വിളംബര ജൂബിലി

''ശ്രീമതിയായ'' ശീമറാണി തിരുമനസ്സുകൊണ്ടു് ഈസ്റ്റിൻഡ്യൻ കമ്പനിക്കാരോടു് ഇന്ത്യാ സാമ്രാജ്യത്തെ ഏറ്റുവാങ്ങുകയും വിവിധ ജാതി മതസ്ഥന്മാരടങ്ങിയ ഇന്ത്യൻ പ്രജകളോടു് ഒരു സാർവഭൗമിയുടെ ഗൗരവത്തോടും ഒരു മാതാവിന്റെ വാത്സല്യത്തോടുംകൂടി അവരുടെ നന്മയെ ഉദ്ദേശിച്ചു സമാധാനത്തെയും നീതിയെയും പരിപാലിപ്പാൻ വേണ്ടിയുള്ള തന്റെ ഭരണത്തിന്റെ ഉദ്ദേശ്യത്തെ പ്രതിജ്ഞ ചെയ്തു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടു് ഈ നവമ്പർ 2–ാം തീയതി 50 കൊല്ലം തികഞ്ഞിരിക്കുന്നു. പ്രത്യക്ഷരം ആദരണീയമായ ഈ വിളംബരത്തിന്റെ സ്മരണയെ ഈ തീയതി ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും പല പ്രകാരം ജനങ്ങൾ സന്തോഷഭരിതരായി കൊണ്ടാടിയിട്ടുണ്ടു്. ഈ അല്പകാലത്തെ ഇംഗ്ലീഷ് ഭരണം കൊണ്ടു് ഇന്ത്യയ്ക്കു സിദ്ധിച്ച അപരിമേയങ്ങളായ പരിഷ്കാരങ്ങൾ നമ്മുടെ പൂർവന്മാർക്കു സ്വപ്നേപി അജ്ഞാതങ്ങളാകുന്നു. നാം ഇപ്പോൾ അനുഭവിക്കുന്ന സമാധാനവും സ്വാതന്ത്ര്യവും മറെറാരു ഭരണത്തിൻകീഴും നാം അറിഞ്ഞിട്ടില്ലാത്തതാകുന്നു. നമുക്കു് ഇപ്പോൾ നൽകപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസം പ്രകാശമാനമായ ഒരു പുതിയ ലോകത്തെ നമുക്കായി സൃഷ്ടിച്ചിരിക്കുന്നു. അതിന്റെ അത്ഭുതകരമായ പ്രചാരം നമ്മുടെ രാജ്യത്തിന്റെ കോണുകളിൽ ഒതുങ്ങിയ അന്ധകാരങ്ങളെക്കൂടി അതിവേഗത്തിൽ അകറ്റുകയും അനേകകോടി മൃഗങ്ങളെ മനുഷ്യരാക്കുകയും ചെയ്തിരിക്കുന്നു. ബ്രിട്ടീഷ് ഭരണനയം നമ്മുടെ അത്യൽകൃഷ്ടമായ മതത്തിൽ നമുക്കു് അവ്യാഹതമായ സ്വാതന്ത്ര്യത്തെ അനുവദിക്കുകയും എന്നാൽ പൈശാചങ്ങളായ അനാചാരങ്ങളേയും അഴിമതികളേയും നിരോധിക്കുകയും ക്രൂരമായ ജാതി സർപ്പത്തിന്റെ ഭയങ്കരങ്ങളായ വിഷപ്പല്ലുകളെ പറിച്ചു കളയുകയും ചെയ്തിരിക്കുന്നു. പുരുക്കത്തിൽ വിനാശോന്മുഖമായിരുന്ന നമ്മുടെ പ്രിയമേറിയ ഇന്ത്യയെ ഉദ്ധരിപ്പാൻ കൃപാലുവായ

Digitized By Kerala Sahitya Akademi

ഈശ്വരനാൽ അയയ്ക്കപ്പെട്ടതാണ് ബ്രിട്ടീഷ് ശക്തി എന്നു പറഞ്ഞാൽ അതിനെപ്പറ്റി നിങ്ങൾക്കുള്ള നിർവ്യാജമായ ആദരവും ഭക്തിയും അനുമോദവും എത്രാണ്ടു വർണ്ണിച്ചുകഴിഞ്ഞു. ബ്രിട്ടീഷ് സിംഹാസനത്തിൻ കീഴ് ഈ അല്പകാലത്തിനുള്ളിൽ അത്ഭുതകരമാംവണ്ണം ഇന്ത്യാരാജ്യത്തിനുണ്ടായിട്ടുള്ള ഗുണകരങ്ങളായ മാറ്റങ്ങളെപ്പറ്റി കറഞ്ഞോന്നു വിവരിപ്പാൻ ഞങ്ങളുടെ പരിമിതമായ സ്ഥലം അനുവദിക്കാത്തതിൽ വ്യസനിക്കുന്നു. മാഹാത്മ്യമേറിയ വിക്ടോറിയാ ചക്രവർത്തിനിയുടെ വിളംബരത്തിന്റെ സ്വാരസ്യമായി ഇപ്രകാരം അനേകായിരം ജൂബിലികളും നമ്മുടെ ഇന്ത്യാ രാജ്യത്തിൽ പിൻതുടരുന്നതിനും നമ്മുടെ രാജ്യത്തിന്റെ ശാശ്വത യോഗ ക്ഷേമത്തിനായി ആ മഹാനുഭാവയുടെ ഔരസസന്താന പരമ്പരകളും ആചന്ദ്രതാരം ഈ രാജ്യത്തെ നിർബാധമായി ഭരിക്കുന്നതിനും ധന്മൈക രൂപനായ ഈശ്വരൻ കടാക്ഷത്തെ വർഷിക്കുമാറാകട്ടെ.

വിവേ: 1084 തുലാം, വൃശ്ചികം.

ഞങ്ങളുടെ മഹാരാജാവു തിരുമനസ്സിലെ ആട്ടത്തിരുനാൾ

ഈ കഴിഞ്ഞ കന്നി 8–ാംനു- ഈ ഠൗണിൽ മാത്രമല്ല വിസ്തീർണ്ണമായ തിരുവിതാംകൂറിന്റെ ഏതു കോണിലും കരുണാനിധിയായ മഹാരാജാവു തിരുമനസ്സിലെ 52–ാമത്തെ തിരുവയസ്സു തികഞ്ഞ ജന്മനക്ഷത്ര മഹോത്സവം അവിടത്തെ പ്രജകൾ എല്ലാം ജാതിമതഭേദം കൂടാതെ ആനന്ദകരമാം വണ്ണം ആഘോഷിച്ചിരിക്കുന്നു. കാളിദാസ മഹാകവി വർണ്ണിച്ചിട്ടുള്ളതുപോലെ ''പ്രകൃതിരഞ്ജനം'' കൊണ്ടു് ഇത്ര അന്വർത്ഥമായ രാജശബ്ദം വഹിക്കുന്ന ഒരു മഹാരാജാവു് ഇക്കാലത്തു് ഉർല്ലഭമാണെന്നു പറവാൻ അവിടത്തെ സർവതോമുഖമായ കാരുണ്യത്തെ ആസ്വദിച്ചും സർവ ജനീനമായ ഭരണനയത്താൽ ദിനം പ്രതി എന്നപോലെ അഭിവൃദ്ധിയെ പ്രാപിച്ചും വരുന്ന മുഴുവൻ പ്രജകളിൽ ഒരു പ്രധാന വർഗ്ഗക്കാരായ ഞങ്ങൾ അശേഷം മടിക്കേണ്ടതില്ല. കാലം പോകുന്തോറും തിരുമനസ്സിലെ നേർക്കു പ്രജകൾക്കുള്ള സ്ഥിരമായ ഭക്തി സ്നേഹ ബഹുമാനങ്ങൾ അധികമധികം വർദ്ധിക്കുന്നു. അതിനെ തിരുനാളാഘോഷ രൂപേണ ഏതാണ്ടു പുറത്തു കാണിപ്പാൻ കിട്ടിയിരിക്കുന്ന ഈ അവസരത്തെ അവർ എത്ര ആശാവേശത്തോടു കൂടിയാണ് കാത്തിരിക്കയും എത്ര ഉല്ലാസ പൂർവമാണ് കൊണ്ടാടുകയും ചെയ്യുന്നതു് എന്നുള്ള വസ്തുതയെ പറഞ്ഞറിയിപ്പാൻ പ്രയാസം.

തിരുമനസ്സിലെ പൂർവന്മാരായ തിരുവിതാംകൂറിലെ മഹാരാജാക്കന്മാരെല്ലാം പരാക്രമം കൊണ്ടും ഭരണ നൈപുണ്യം കൊണ്ടും പാണ്ഡിത്യംകൊണ്ടും അദ്വിതീയരായിരുന്നു. എന്നാൽ വിശ്വ വിശ്രുതരായ ആ മുൻഗാമികളിലാർക്കും സിദ്ധിച്ചിട്ടില്ലാത്ത മഹാഭാഗ്യമാണ് തിരുമനസ്സിലേക്കുള്ളതെന്നു് അവിടത്തെ സ്നേഹമേറിയ പ്രജകൾ എപ്പോഴും അഭിമാനപൂർവം കരുതിപ്പോരുന്ന ഒരു വസ്തുതയാകുന്നു. ഇരുപത്തിയഞ്ചുകൊല്ലങ്ങൾക്കു മുൻപു കണ്ടിരുന്ന തിരുവിതാംകൂറിനെയല്ല ഇപ്പോൾ നാം കാണുക. ഇന്നത്തെ പ്രജകൾ അന്നത്തെ പ്രജകളല്ല. രാജ്യ ഭരണ സംബന്ധമായ ഇന്നത്തെ പരിപക്വമായ വിചാരങ്ങളും അഭിപ്രായങ്ങളും അന്നു് അങ്കുരിച്ചിരുന്നോ എന്നു തന്നെ സംശയം. വിദ്യാഭ്യാസം കൊ

Digitized By Kerala Sahitya Akademi

ണ്ടും ബുദ്ധി പരിഷ്കാരം കൊണ്ടും പൌരയോഗ്യമായ മറനേകം ഉൽകൃഷ്ട ഗുണങ്ങളെക്കൊണ്ടും ഉയർന്ന പടിയിൽ എത്തുകയും അഭിവൃദ്ധി മാർഗ്ഗത്തിൽ ഊക്കോടെ മുമ്പോട്ട കയറിപ്പോകയും ചെയ്യുന്ന നാനാ ജാതിമതസ്ഥന്മാരടങ്ങിയ ഒരു വലിയ പ്രജാ സമൂഹത്തെ സമാധാന ഭംഗം കൂടാതെയും ക്ഷേമമായും പരിപാലിച്ചു കൊണ്ടു പോകുന്ന ഒരു മഹാരാജാവിന്റെ സ്ഥാനം നിശ്ചയമായും ജഗന്നിയന്താവിനാൽ സവിശേഷം അനുഗ്രഹിക്കപ്പെട്ട ഒന്നായിരിപ്പാനേ പാടുള്ളൂ. ഈ അനുഗ്രഹത്തെ ചിരസ്ഥായിയാക്കുവാൻ ശ്രീപത്മനാഭനോടുള്ള പ്രാർത്ഥന തന്നെയാണ് ഈ അവസരത്തിൽ കരുണാനിധിയായ പൊന്നു തമ്പുരാൻ തിരുമനസ്സിലേക്ക് ദീർഘായുരാരോഗ്യ സൌഖ്യങ്ങളെ സംബന്ധിച്ചുള്ള ഹൃദയപൂർവമായ ഞങ്ങളുടെ പ്രാർത്ഥന—തിരുവിതാംകൂറിലെ അഞ്ചുലക്ഷം തീയരുടെ പ്രാർത്ഥന.

വിവേ: 1085 കന്നി

ബഹുമതികൾ

ചക്രവർത്തി മഹാരാജാവു തിരുമനസ്സിലെ ഇക്കൊല്ലത്തെ തിരുനാൾ ബഹുമതികളുടെ കൂട്ടത്തിൽ പ്രസിദ്ധനായ പാലക്കാട്ടു അപ്പാത്തിക്കരി കെ. കൃഷ്ണൻ അവർകൾക്ക് ''റാവു സാഹിബ്'' എന്ന സ്ഥാനം ഗവർമ്മെൻറിൽ നിന്നും നൽകിയിരിക്കുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. ഇദ്ദേഹത്തിന്റെ ഈ സ്ഥാനലാഭത്തിൽ സന്തോഷിക്കാത്തവർ തീയരുടെ ഇടയിൽ മാത്രമല്ല അദ്ദേഹത്തിന്റെ ചികിത്സാനൈപുണ്യത്തേയും പരോപകാര ശീലത്തേയും മറ്റു് അനവധി ഗുണങ്ങളേയും പറഞ്ഞറിഞ്ഞിട്ടുള്ള ആരുടേയും ഇടയിൽ ആരും ഉണ്ടായിരിക്കുകയില്ലെന്നുള്ളതു് നിസ്സംശയമത്രേ. ഇദ്ദേഹത്തെപ്പോലുള്ളവരാണ് വാസ്തവത്തിൽ ബഹുമതിയെ അർഹിക്കുന്നവർ.

ഗഞ്ചാം ഡിസ്ട്രിക്റ്റ് ജഡ്ജി മുണ്ടപ്പേബങ്കാറ ബി. എ. ബി. എൽ. അവർകൾക്കു് ദിവാൻ ബഹദൂർ എന്ന സ്ഥാനം ലഭിച്ചതും വളരെ സന്തോഷിക്കത്തക്ക ഒരു സംഗതിയാകുന്നു. ഇതു് വലുതായ ഒരു ബഹുമതിയാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇദ്ദേഹത്തെപ്പറ്റി ഒരു ഇംഗ്ലീഷുപത്രം ''ബില്ലവരുടെ ഇടയിൽ ശോഭിച്ചിരിക്കുന്ന ഒരു നിലവിളക്കാകുന്നു'' എന്നുപറഞ്ഞതു് എത്രയും വാസ്തവമാണ്. ബില്ലവരും ഈള (ഴ) വരും ഒരു ജാതി തന്നെയാണ്, രാജ്യവ്യത്യാസം മാത്രമേ ഉള്ളൂ. കുറെക്കാലം തലശ്ശേരി മുൻസിപ്പും പിന്നെ കോഴിക്കോട്ടു് സബ്ജഡ്ജിയുമായിരുന്ന ഇദ്ദേഹം ഇപ്പോൾ ഈനിലയിൽ എത്തിയതു് ആ രാജ്യക്കാർക്കു് പ്രത്യേകം സന്തോഷകരമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. വളരെ സ്വജാതി സ്നേഹമുള്ള ഇദ്ദേഹം ഇനിയും വലിയ പദവിയിൽ ആയിക്കാണ്മാൻ ഞങ്ങൾ ആശംസിക്കുന്നു. ഇദ്ദേഹത്തിന്റെ ഒരു മകൻ ബിലാത്തിയിൽ വൈദ്യപരീക്ഷയ്ക്കു പഠിക്കുന്നുണ്ടു്. വേറെ ഒരാൾ ബി. എൽ. നു വായിക്കുന്നു.

വിവേ : 1085 മിഥുനം

Digitized By Kerala Sahitya Akademi

നമ്മുടെ മഹാരാജാവു തിരുമനസ്സിലെ രജതജൂബിലി

ഈ ഉത്സവം ചിങ്ങം 4-ാം തീയതിയോടുകൂടിയാണ് അവസാനിച്ചതെങ്കിലും ഞങ്ങളുടെ ഈ പ്രതി കറെ താമസിച്ചു പുറപ്പെടുന്നതാകയാൽ അതിനെപ്പറ്റിയ വിമർശനം അടുത്തതിലേക്കു നീട്ടിവയ്പാൻ ഞങ്ങളുടെ രാജഭക്തി പുരസ്സരമായ ഉത്സാഹം ഞങ്ങളെ കേവലം അനുവദിക്കുന്നില്ല. തിരുവിതാംകൂറിന്റെ കോണും മൂലകളും പോലും ആകപ്പാടെ ഇളകിമറിഞ്ഞു് ആനന്ദസാഗരത്തിൽ മുങ്ങിപ്പൊങ്ങി കളിച്ചുപുളച്ചു് കൊണ്ടാടീട്ടുള്ള ഒരു മഹോത്സവം കരുണാനിധിയായ മൂലംതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഈ വെള്ളി ജൂബിലി അല്ലാതെ അടുത്ത കാലത്തെങ്ങും തിരുവിതാംകൂർ ചരിത്രത്തിൽ ഉണ്ടായിട്ടില്ല, നിശ്ചയം തന്നെ. എന്തുഭക്തി ! എന്തൊരു ഐക്യമത്യം, എന്തുത്സാഹം !! എല്ലാ ഡിസ്ട്രിക്റ്റുകളിലും, താലൂക്കുകളിലും, പ്രവൃത്തികളിലും, ദേശങ്ങളിലും, എന്നു വേണ്ട ഭവനങ്ങളിൽപോലും ചിങ്ങം 2 ാംനു- മുതൽ 4-ാനു- വരെ നടന്ന വിവിധങ്ങളായആഘോഷങ്ങളെപ്പറ്റി വിവേകോദയത്തിന്റെ പരിമിതമായ പേജുകളിൽ വിസ്തരിപ്പാൻ തുടങ്ങുന്നതു സാഹസമത്രേ. സഭകളും, മംഗളപത്രങ്ങളും, ആരാധനകളും വിദ്യാർത്ഥികൾക്കും സാധുക്കൾക്കും ഭക്ഷണങ്ങളും, കളികളും, ദീപക്കാഴ്ചകളും, കരിമരുന്നു പ്രയോഗങ്ങളും ഇവയല്ലാതെ തിരുവിതാംകൂറിൽ ഈ ദിവസങ്ങളിൽ കേൾപ്പാനുംകാണ്മാനുംമറെറാന്നും ഇല്ലായിരുന്നു എന്നു മിക്കവാറും അതിശയോക്തി ശങ്കകൂടാതെ തന്നെ പറയാം. ആഘോഷകസംഘങ്ങളിൽവച്ചു് തിരുവനന്തപുരം ജൂബിലി കമ്മറിക്കാരുടേതാണ് എല്ലാംകൊണ്ടും അതി കേമമായതെന്നു് പറയേണ്ടതില്ലല്ലോ. ഇവരാൽ നടത്തപ്പെട്ട ആഘോഷങ്ങളിൽ സദ്യകളും, ദീപക്കാഴ്ചകളും ഇവയെ ഒക്കെക്കാളും പ്രശംസാർഹമായിരുന്നതു് ടൌണിലുള്ള വിദ്യാലയങ്ങളിൽ നിന്നു് എല്ലാംകൂടി പതിനായിരത്തോളം വിദ്യാർത്ഥികൾ അണിനിരന്നു് വാദ്യഘോഷസമേതം കൊട്ടാരത്തിന്റെ മുമ്പാകെ വന്നു് മഹാരാജാവു തിരുമനസ്സിലേക്കു് അഭിവാദനം ചെയ്ത ഏർപ്പാടായിരുന്നു ഈ അഭിവാദനവും അതിനു മഹാരാജാവു തിരുമനസ്സുകൊണ്ടു് മാളികമേൽ എഴുന്നള്ളിനിന്നു് കരുണാപുരസ്സരം ചെയ്ത പ്രത്യഭിവാദനവും മറും കാണേണ്ട കാഴ്ചകൾ തന്നെ ആയിരുന്നു. തിരുവിതാംകൂർ പ്രജകൾക്കു് തങ്ങളുടെ മഹാരാജാവു തിരുമനസ്സിലെ നേർക്കുള്ള അപാരമായ ഭക്തിയേയും തിരുമേനിക്കു് പ്രജകളോടുള്ള അസീമമായ വാത്സല്യത്തേയും പററിയുള്ള പ്രസിദ്ധി വെറും ഒരു അലസ ജല്പനമല്ല.

''രജതമഹ'' മിവണ്ണം രാജസിംഹൻ നയിച്ചു,
പ്രജകളുടയഭാഗ്യം മൂർത്തമാം മൂലഭൂപൻ !
വിജയഭരിതമിന്നും വാഴ്ക ''വജ്രോത്സവാ''ന്തം
നിജ പരിചരനെന്നമ്പേല്പുമംഭോ ജനാഭൻ !

വിവേ :1085 കർക്കടകം

Digitized By Kerala Sahitya Akademi

തിരുനാൾ അനുമോദനം

കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ 58-ാമത്തെ തിരുനാൾ ഈ കഴിഞ്ഞ ഡിസംബർ 18-ാം തീയതി മംഗളമായി കഴിഞ്ഞു കൂടിയിരിക്കുന്നു. ഈ തിരുമേനിമുപ്പേറിട്ട് ഇപ്പോൾ 15 കൊല്ലങ്ങൾ കഴിഞ്ഞിരിക്കുന്നു. ഈ കാലത്തിനിടയിൽ തിരുമേനി തന്റെ രാജ്യ ക്ഷേമത്തിന്നായി ചെയ്തിട്ടുള്ള ശ്രമങ്ങൾ അസാമാന്യങ്ങളാണ്. ഇന്ത്യയുടെ തെക്കേ അറ്റത്തു മിക്കവാറും അപ്രസിദ്ധ നിലയിൽ കിടന്നിരുന്ന ചെറിയ രാജ്യമായ കൊച്ചിക്ക് ഇപ്പോൾ ഗണ്യമായ പ്രശസ്തിയുണ്ട്. അതു് അധികവും ഈ തിരുമേനിയുടെ കാലത്തിൽ സിദ്ധിച്ചിട്ടുള്ളതാണ്. തന്റെ രാജ്യത്തെ അഴിമതികളെ കണ്ടുമനസ്സിലറിഞ്ഞു പരിഹാരമുണ്ടാക്കുന്നതിലും, നാനാ ജാതിമതസ്ഥന്മാരായ പ്രജകളുടെ യോഗക്ഷേമങ്ങളെ ഒന്നുപോലെ അന്വേഷിക്കുന്നതിലും, ഭരണയന്ത്രത്തിരിച്ചിലിൽ കാലത്തിനനുസരിച്ച മാറ്റങ്ങളെ വരുത്തുന്നതിലും തിരുമേനി പ്രദർശിപ്പിച്ചിട്ടുള്ള തന്ത്രനൈപുണ്യവും സൂക്ഷ്മാലോചനയും അദ്ദേഹത്തിന്റെ ഭരണ ചരിത്രത്തെ സൂക്ഷിച്ചു നോക്കുന്നവർക്ക് അത്ഭുതജനകമായിരിക്കുന്നു. രാജഗോപാലാചാരി, രാജകുമാരബാനർജി ഈ രണ്ടു ദിവാൻമാരെ തിരഞ്ഞെടുത്തതിലും ഈയോഗ്യന്മാർക്ക് അവരുടെ ജനക്ഷേമകരമായ യോഗ്യതകളെ തന്റെ രാജ്യത്തു പ്രദർശിപ്പിച്ച ഖ്യാതിയും പുണ്യവും സമ്പാദിപ്പാൻ ഇടകൊടുത്തതിലും അന്തർഭവിച്ച ഈ തിരുമേനിയുടെ ബുദ്ധി സാമർത്ഥ്യത്തെയും മഹാമനസ്കതയേയും ശ്ലാഘിക്കാത്ത നിർമ്മത്സര ബുദ്ധികൾ ഉണ്ടായിരിക്കയില്ല. അസ്ഥാനത്തിൽ മുഖസ്തുതി പറക പതിവില്ലാത്ത ഇന്ത്യൻ വൈസറായി കഴ്സൺ പ്രഭു അവർകൾ കൊച്ചി സന്ദർശിച്ച സമയം തിരുമനസ്സിലെ ബുദ്ധി വൈഭവത്തെയും ഭരണ രീതിയേയും പറഞ്ഞു പ്രശംസിച്ചിട്ടുള്ളതു് ഒരിക്കലും വിസ്മരിക്കപ്പെടുന്ന സംഗതിയല്ല. തന്റെ മുൻ ഗാമികളിൽ ആർക്കും സിദ്ധിച്ചിട്ടില്ലാത്ത ജി. സി. എസ്. ഐ. എന്ന സ്ഥാന ലാഭം തിരുമേനിക്കുണ്ടായതു് ഈവിടത്തെ യോഗ്യതയെ പ്രത്യേകം വിളിച്ചു പറയുന്നു. ഈ കഴിഞ്ഞ വർഷാവസന ബഹുമതികളുടെ കൂട്ടത്തിൽ ചക്രവർത്തി തിരുമനസ്സു കൊണ്ടു് ഈ തിരുമേനിക്കു് അധികമായ രണ്ടു് ആചാര വെടികൾ കൂടി (ഇതുവരെ 17 വെടികളായിരുന്നതു് ഇപ്പോൾ 19 ആക്കിയിരിക്കുന്നു) കല്പിച്ചു നൽകിയിരിക്കുന്നതു ചില്ലറ ബഹുമാനമൊന്നുമല്ല. ഇതുപോലെ മേലും അനേക സ്ഥാനമാനാദി ലാഭങ്ങളോടും ആരോഗ്യ ദീർഘ ജീവിതങ്ങളോടും കൂടി ഈ മഹാനായ തിരുമനസ്സുകൊണ്ടു് അനേകം തിരുനാളുകൾ ഇതുപോലെ കൊണ്ടാടാൻ പരമ കാരുണികനായ ഈശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ!

വിവേ 1086 വൃശ്ചികം, ധനു

കിരീടധാരണം

അഞ്ചാതെ വാഴ്കവനികാത്തിഹ നീണ്ട നാൾ ജോർ-
ജ്ജഞ്ചാമനാം മരിയ ഭാരത ചക്രവർത്തി
വാഞ്ഛരിച്ചിട്ടും വിവേ മേല്കു മേരി സിസ്സു
കാഞ്ചീസപത്നി കമലാസമ സാർവഭൌമി.

Digitized By Kerala Sahitya Akademi

നമ്മുടെ ചക്രവർത്തി ജോർജ്ജപഞ്ചമൻ തിരുമേനിയും മേരീ ചക്രവത്തിനി തിരുമനസ്സുകൊണ്ടും ഇംഗ്ലണ്ടിലെ രാജാവും രാജ്ഞിയുമായി പട്ടാഭിഷേകം ചെയ്ത പ്രഖ്യാപനം ചെയ്യപ്പെട്ട ജൂൺ 22-ാം നു-, അതായത് ഈ കഴിഞ്ഞ മിഥുനം 7-ാം നു-, ഭൂലോകമൊട്ടുക്ക് ആഹ്ലാദവും അഭിനന്ദനവും ഈശ്വരപ്രാർത്ഥനകളും കൊണ്ട് ആഘോഷപൂർണ്ണമായ ഒരു മഹാസുദിനമായിരുന്നു. മനുഷ്യ നേതാക്കന്മാരിൽ നമ്മുടെ ചക്രവർത്തിയെപ്പോലെ എല്ലാംകൊണ്ടും ഇത്ര ഉൽക്കൃഷ്ടപദവിയെ അലങ്കരിക്കുന്ന ഒരു ദേഹം ഇല്ലെന്നുള്ളത് നിരാക്ഷേപമാകുന്നു. സൂര്യാസ്തമനമില്ലാതവണ്ണം ഭൂമണ്ഡലത്തിലെ എല്ലാ ഭാഗങ്ങളിലും സാമ്രാജ്യം വഹിച്ച് മനുഷ്യഹിതത്തിനായി നിരന്തരം യത്നിക്കുന്നതുതന്നെ ജീവിതവ്രതമാക്കി അവതരിച്ചിരിക്കുന്ന ഈ തിരുമേനിയിൽ തന്നെയാണ് ''അഷ്ടാഭിർലോകപാലാനാം മാത്രാഭിർന്മിതോനൃപഃ'' എന്ന സ്മൃതി വചനത്തിന്റെ സാക്ഷാൽ അർത്ഥത്തെ ഞങ്ങൾ കാണുന്നത്. തിരുമേനി പഴയ നാഗരികതയെ കാലോചിതമായി പരിഷ്കരിച്ചും കേവലം അന്ധകാരാവൃതമായ ദിക്കുകളിൽ കൂടി ജ്ഞാനപ്രകാശത്തെ പരത്തിയും മനുഷ്യവർഗ്ഗത്തിൽ ഉയർന്നതും താണതും പരിഷ്കൃതവും അപരിഷ്കൃതവും സമ്പന്നവും ദരിദ്രവുമായ എല്ലാ സമുദായത്തെയും ഒന്നുപോലെ തന്റെ കരുണാപൂർവവും നിഷ്പക്ഷപാതവുമായ ശക്തിയിൻ കീഴിൽ സമാധാനത്തോടും സുഭിക്ഷതയോടും ഭരിച്ചുപോരുന്നു. ഈ തിരുമേനിയുടെ സർവസമ്മതവും സർവജനീനവുമായ ഗവർമ്മെൻറ് ഇന്ത്യാരാജ്യത്തിൽ നിബ്ബാധമായും ശാശ്വതമായും നിലനിൽക്കുന്നതിനും അവിടത്തേയ്ക്കും സഹധർമ്മചാരിണിയായ മേരീ ചക്രവർത്തിനിക്കും കുടുംബത്തിനും അവ്യാഹതമായ ആയുരാരോഗ്യ സമ്പത്തുകളെ നൽകുന്നതിനും അവിടത്തെ കൃപാധീനരായ ഭൂലോകത്തിലെ 40 കോടി ജനങ്ങളിൽപ്പെട്ട കേരളത്തിലെ 14 ലക്ഷം തീയർ പ്രജകളുടെ പ്രതിനിധ്യത്തിൽ ഞങ്ങളും ഈ അവസരത്തിൽ ഹൃദയപൂർവം ജഗന്നിയന്താവിനെ പ്രാർത്ഥിച്ചുകൊള്ളുന്നു. തിരുമേനികളെ ഇന്ത്യയുടെ പഴയ തലസ്ഥാനമായ ഡൽഹിയിൽ അതായത് (പഴയ ഇന്ദ്രപ്രസ്ഥത്തിൽ) വച്ച് ഈ വരുന്ന ഡിസംബർ 12-ാം തീയതി നമ്മുടെ ചക്രവർത്തിയും ചക്രവർത്തിനിയുമായി പ്രഖ്യാപനം ചെയ്യപ്പെടുന്നതും ആ അവസരത്തെ ഞങ്ങൾ തിരുമേനിയുടെ മറ്റു ഇന്ത്യൻ പ്രജകളോടൊന്നിച്ച് അധികതരമായ സന്തോഷത്തോടും ഭക്തിയോടും കൂടി പ്രതീക്ഷിച്ചുകൊള്ളുന്നതുമാകുന്നു. ഇതിനിടയിൽ നമ്മുടെ രാജഭക്തി പ്രദർശകമായി നാം ഇപ്പോൾ എന്താണു പ്രവർത്തിക്കേണ്ടതെന്ന് നമ്മിൽ ഉത്തരവാദികളായ ഓരോരുത്തരും ആലോചിക്കുമെന്നു വിശ്വസിക്കുകയും, ഞങ്ങൾ താഴെ ചേർക്കുന്ന ഒരു വിമർശനത്തിൽ എല്ലാവരുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുകയും ചെയ്യുന്നു.

വിവേ : 1086 മിഥുനം, കർക്കടകം.

ചിത്തിരതിരുനാൾ തമ്പുരാന്റെ തിരുവവതാരം

ഈ മാസം 22-ാം നു- ചിത്തിര നക്ഷത്രത്തിൽ തിരുവിതാംകൂറിലെ ഇളയ മഹാറാണി തിരുമനസ്സിലെ തിരുവയറൊഴിഞ്ഞു, ഈ രാജ്യത്തിലെ 32 ലക്ഷം

Digitized By Kerala Sahitya Akademi

ജനങ്ങളുടെ യോഗക്ഷേമങ്ങളുടെ കർതൃത്വം അടുത്ത ഭാവിയിൽ വഹിക്കേണ്ട നമ്മുടെ ഇനിയത്തെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ തിരുവവതാരം ശുഭമായി കഴിഞ്ഞിരിക്കുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. ഈ പൊന്നോമന ത്തിരുമേനി സകലവിധ ആരോഗ്യത്തോടുകൂടി എന്നും ജയിക്കുന്നതിനു് തിരുവിതാംകൂറിലെ ഹിന്ദുക്കളിൽ വച്ചു് ഏറ്റവും വലിയ വിഭാഗമായും, വിശേഷസ്വാതന്ത്ര്യങ്ങളും അവകാശങ്ങളും ഇനിയും ലഭിക്കേണ്ടിയിരിക്കുന്നവരായ 16 ലക്ഷം രാജഭക്തന്മാരായ സാധു ഹിന്ദുജനങ്ങളുടെ പ്രാതിനിദ്ധ്യം വഹിക്കുന്നവരുമായ 6 ലക്ഷത്തിൽ പരമുള്ള ഈഴവരുടെ ഹൃയൈകമലങ്ങളും ഏകോപിച്ചുള്ള പ്രാർത്ഥനകളെ സകലനിയാമകനായ ഈശ്വരൻ നിറവേറ്റുമെന്നു വിശ്വസിക്കുന്നു. നിരപരാധികളും അഗതികളുമായ ജനങ്ങളും ഈ അവതാരം ധർമ്മസ്ഥാപനത്തിനായി ആവശ്യപ്പെടുന്ന സമയങ്ങളിലെല്ലാം ഉണ്ടാകുന്നതായി കല്പിച്ചിട്ടുള്ള മഹാവിഷ്ണുവിന്റെ അവതാരങ്ങളിൽ ഒന്നാണെന്നു് നിസ്സംശയം വിശ്വസിച്ചുവരുന്നു എന്നുമാത്രമല്ല ഈ തിരുമേനിയുടെ അവതാരത്തോടുകൂടി ബ്രാഹ്മണനും, പണ്ഡാലനും ഒന്നുതന്നെ എന്നു് ഉപദേശിക്കുന്ന ശ്രീ ഭഗവൽഗീതയിലെ തത്വം ഈ രാജ്യത്തിൽ പ്രചാരമാക്കി യഥാർത്ഥീകരിക്കുന്നതു് രാജ്യതന്ത്രനയത്തിന്റെ പരമോദ്ദേശ്യമായി വിചാരിക്കപ്പെടുമെന്നു് അത്യാശയോടുകൂടി പ്രതീക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

വിനീതൻ : 1088 തുലാം

ഷഷ്ടിപൂർത്തി

ഇന്ത്യയിൽ ഇന്നു് ഏറ്റവും ജനരഞ്ജനയുള്ള നാട്ടുരാജാക്കന്മാരിൽ ഒരുദേഹമാണു് കൊച്ചിയിൽ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു്. അവിടന്നു് 1028-ാ മാണ്ടു ധനു 24-ാം തീയതി അവതരിച്ചു. 1895 അക്തോബർ 23-ാം നു- അവിടത്തേക്കു തിരുമുപ്പു കിട്ടി. ഏറ്റവും പുരാതനമായ കൊച്ചി രാജകുടുംബത്തിനു ഈ തിരുമനസ്സിലെ ഗുണഗണങ്ങളാൽ സിദ്ധിച്ചിട്ടുള്ള യശസ്സു് ഏറ്റക്കുറച്ചിൽ നിലനിൽക്കത്തക്കവണ്ണമുള്ളതാകുന്നു. അവിടത്തെ ഭരണനൈപുണ്യത്താൽ ഇപ്പോൾ കൊച്ചിക്കു സിദ്ധിച്ചിരിക്കുന്ന അഭിവൃദ്ധി നീതി കുശലന്മാരെ വിസ്മയിപ്പിക്കുന്നതാകുന്നു. അവിടത്തെ നേർക്കു നനാവർഗ്ഗക്കാരായ സപ്രജകൾക്കു് ഒന്നുപോലെ പ്രതിദിനം വർദ്ധിച്ചുവരുന്ന വാത്സല്യമായ സ്നേഹവും ഭക്തിയും ബഹുമാനവും സ്ഥാനംകൊണ്ടും ഉത്തരവാദക്കൊണ്ടും അവിടത്തേക്കാൾ തുലോം ഉയർന്ന മനിലയിലുള്ള മനുഷ്യനേതാക്കന്മാർക്കു കൂടി ആഗ്രഹിക്കത്തക്കതായിരിക്കുന്നു. അവിടത്തെ യോഗ്യത, സാമാന്യന്മാരെ സമ്മതിക്കാതിരിവില്ലാത്ത അഭിമാനിയായ കർസൺ പ്രഭുവിന്റെ പോലും പ്രശംസയ്ക്കു പാത്രമായിത്തീർന്നിട്ടുള്ളതു പ്രസിദ്ധമാകുന്നു. ഇത്ര ബുദ്ധിവൈഭവവും മനോഹ്ലാദവുമുള്ള ഒരു മഹാപുരുഷനെ തങ്ങളുടെ രാജാവായി ലഭിപ്പാൻ കൊച്ചിയിലെ പ്രജകൾക്കുണ്ടായ ഭാഗ്യം നിശ്ചയമായും അനുമോദിക്കത്തക്കതത്രേ. അവിടത്തെ അറുപതാമത്തെ തിരുവുരുസ്സു പൂർത്തിയാവാൻ പോകുന്ന ഈ ധനു 10-ാംനു- ഹിന്ദുസമ്പ്രദായ പ്രകാരമുള്ള ഷഷ്ടിപൂർത്തി മഹോത്സവം കൊണ്ടാടുന്നതിനുള്ള ഒരുക്കങ്ങളും ഉത്സാഹങ്ങളുംകൊണ്ടു് സംസ്ഥാനം മുഴുവൻ ഇപ്പോൾ ഇളകിമറിഞ്ഞിരിക്കയാകുന്നു. കൊ

Digitized By Kerala Sahitya Akademi

ച്ചിയിലെ ഹിന്ദുപ്രജകളിൽ സംഖ്യകൊണ്ടു് ഒന്നാമത്തെ വർഗ്ഗക്കാർ ഈഴവരാകുന്നു. അവർക്കു് ഈ തിരുമേനിയുടെ കാലത്തു് അവിടെ സിദ്ധിച്ചിട്ടുള്ള ഗുണങ്ങൾ അദ്ഭുതപൂർവങ്ങളും ആണു്. സാധുക്കളും പരിശ്രമികളും ആയ ഈ വർഗ്ഗക്കാരുടെ നേക്കു് അവിടത്തെ അഗാധഹൃദയത്തിൽ പ്രത്യേകം കടികൊള്ളുന്ന അനുകമ്പ പല അവസരങ്ങളിലും വെളിപ്പെട്ടിട്ടുണ്ടു്. അവരും തങ്ങളുടെ ഭക്തിയേയും കൃതജ്ഞതയേയും പ്രദർശിപ്പിപ്പാനുള്ള അവസരങ്ങൾ ഒന്നും വിട്ടുകളയാറില്ലെന്നുള്ള വസ്തുതയും ഞങ്ങൾക്കു നല്ലവണ്ണം അറിയാം. എന്നാൽ ഈ ശുഭാവസരത്തിൽ വിശേഷിച്ചു, കൃതജ്ഞതയുടെ പ്രസിദ്ധരായ ഈ സമുദായക്കാർ പ്രജകളിൽ മറ്റു വർഗ്ഗക്കാരോടു് ഒപ്പം ബാഹ്യഘോഷങ്ങളിൽ എല്ലാം ഹാർദ്ദമായി സഹകരിക്കയും പങ്കുകൊള്ളുകയും ചെയ്യുന്നതിനു പുറമേ ഈശ്വരസേവ സംബന്ധമായും ദൃഷ്ടി വയ്ക്കുണമെന്നും ഞങ്ങൾ ഓർമ്മപ്പെടുത്തുന്നു. കൊച്ചിയിൽ ഈഴവക്കു് ഇപ്പോൾ പരിഷ്കൃത രീതിയിലുള്ള പല ദേവാലയങ്ങളും സഭകളും ഉണ്ടു്. ദേവാലയങ്ങളിൽ പ്രത്യേകം ആരാധനകളും സഭകൂടി വിളിച്ചു കൂട്ടി പ്രത്യേകം ഭജനങ്ങളും മറ്റും നടത്തി മഹാത്മാവായ വലിയതമ്പുരാൻ തിരുമനസ്സിലെ ദീർഘായുരാരോഗ്യങ്ങൾക്കായി ഈശ്വരനെ പ്രാർത്ഥിക്കേണ്ടതാകുന്നു. എസ്. എൻ. ഡി. പി. യോഗവും ഈ അവസരത്തിൽ അനുവാദപൂർവം ഒരു മംഗളപത്രം സമർപ്പിച്ചു് തിരുമനസ്സിലേക്കു് ആയുരാരോഗ്യ ഭാഗ്യങ്ങളെ ആശംസിപ്പാൻ നിശ്ചയിച്ചിട്ടുള്ളതും യോഗഭാരവാഹികൾ അതിനെ കഴിയുന്നത്ര ഹാർദ്ദമായും ഭംഗിയായും നിറവേറ്റാൻ ശ്രമിച്ചുവരുന്നതുമാകുന്നു.

വിഭവ: 1088 വൃശ്ചികം

കൊച്ചിയിലെ വലിയതമ്പുരാൻ തിരുമനസ്സിലെ ത്യാഗം

കൊച്ചിയിൽ വലിയതമ്പുരാൻ തിരുമനസ്സിലെ പ്രവൃത്തികളിൽ എവിടെ നോക്കിയാലും ഒരു വിശേഷം ഇല്ലാതിരിക്കയില്ല. ഓരോ സന്ദർഭങ്ങളിലും അദ്ദേഹം കാണിച്ചിട്ടുള്ള മുറകൾ ആർക്കും ആശ്ചര്യം തോന്നത്തക്കവണ്ണമുള്ളവയായിരുന്നു. ഇപ്പോൾ മദ്രാസിൽനിന്നു വൈസ്രായിയുടെ സന്ദർശനം കഴിഞ്ഞു മടങ്ങിവന്ന ശേഷം ഇതാ വേറൊരു പൗരുഷവിശേഷം, ഈ തിരുമനസ്സുകൊണ്ടു ജനങ്ങൾക്കു കാണിച്ചു് അവരെ ആശ്ചര്യത്തിനും വ്യസനത്തിനും പരതന്ത്രരാക്കിത്തീർത്തിരിക്കുന്നു. ഒരു ദിവസമെങ്കിലും രാജാവായിരുന്നു മരിപ്പാൻ അതിനു യോഗ്യതയുള്ള മനുഷ്യൻ ആശിക്കുമ്പോൾ സ്വാധീനമായ രാജ്യഭരണം താഴത്തുവച്ചു ഒരു സാധാരണ മനുഷ്യന്റെ നിലയിൽ ജീവിതശേഷം കഴിപ്പാൻ മോഹിക്കുന്ന തിരുമേനിയുടെ നിശ്ചയം ആരെ ആശ്ചര്യപ്പെടുത്തുകയില്ല. പുത്രനിർവിശേഷമായി ഏറിയ കാലം പ്രജകളെ ഭരിച്ചു രാജ്യത്തിനു പണ്ടില്ലാത്തവണ്ണം ക്ഷേമവും അഭിവൃദ്ധിയും ഉണ്ടാക്കി ദിവസംപ്രതി എന്ന പോലെ ജനങ്ങളുടെ മേൽ മേലുള്ള ആശകൾക്കെല്ലാം അടിസ്ഥാനമായി

Digitized By Kerala Sahitya Akademi

''അരോഗദൃഢഗാത്രനാ''യ തിരുമനസ്സു കൊണ്ടു തങ്ങളുടെ രക്ഷാധികാരം പെട്ടെന്നു കൈവിട്ടു 'മുനിവൃത്തി' സ്വീകരിപ്പാൻ പോകുന്നു എന്നു കേട്ടാൽ ആർക്കു വ്യസനം തോന്നുകയില്ല? തിരുമനസ്സുകൊണ്ടു് ഉടൻ രാജ്യഭാരം കൈവിട്ടു വിശ്രമിപ്പാൻ ആഗ്രഹിക്കുന്ന വിവരം കൊച്ചി ഗസറിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടപ്പോൾ ഉടൻ രകാച്ചിയിൽ മാത്രമല്ല അയൽ രാജ്യങ്ങളിലും ജനങ്ങളുടെ ഇടയിൽ എന്തെന്നില്ലാത്ത ഒരു ആശ്ചര്യവും ഉൽക്കണ്ഠയും പരന്നിരിക്കുന്നു. സാധാരണ ഗൃഹസ്ഥന്മാരുടെ ഇടയിൽതന്നെ 'വാനപ്രസ്ഥം' എന്താണെന്നറിയാത്ത കാലമാണിതു്. പിന്നെയാണോ രാജാക്കന്മാരുടെ ഇടയിൽ? ഇപ്രകാരമുള്ള പൗരുഷം തന്നെയാണു് യഥാർത്ഥമായ മാനസപരിഷ്കാരത്തിന്റെ ഫലം. നമ്മുടെ നാടുനീങ്ങിപ്പോയ വിശാഖം തിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഇപ്രകാരം 'മുനിവൃത്തി' സ്വീകരിപ്പാൻ ആഗ്രഹിച്ചിരുന്നതായി കേൾവിയുണ്ടു്. പക്ഷേ അവിടത്തെ ആയുഷ്കാലം അതിദീർഘമായിരുന്നില്ല. അതുകൊണ്ടു് ആ ആഗ്രഹം സാധിച്ചുമില്ല. കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഇപ്പോൾ ചെയ്വാൻ പോകുന്ന സ്ഥാനത്യാഗം ഇന്ത്യയിൽ മാത്രമല്ല, എവിടെയുമുള്ള രാജാക്കന്മാർക്കും ദൃഷ്ടാന്തയോഗ്യമായ ഒരു ഉദാരകൃത്യമായിരിക്കുമെന്നുള്ളതിൽ സംശയമില്ല. പ്രജകളിൽ എല്ലാവർഗ്ഗക്കാരെയും ഒന്നുപോലെ സ്നേഹിക്കയും പിന്നോക്കം നിൽക്കുന്നവരെ മുന്നണിയിലേക്കു കൊണ്ടുവരാൻ അശ്രാന്ത പരിശ്രമം ചെയ്തുമിക്കവാറും സാധിക്കുകയും ചെയ്തിട്ടുള്ള ആ തിരുമനസ്സു സ്ഥാനത്യാഗം ചെയ്യുന്നതിനുള്ള തന്റെ നിശ്ചയത്തെ പ്രജകളുടെ സ്നേഹപൂർവമായ മുറവിളി കേട്ടു പിൻവലിക്കാൻ ഭാവിക്കുന്നില്ലെങ്കിൽ തന്നെയും തന്റെ രാജ്യത്തു താൻ നടപ്പിൽ വരുത്തീട്ടുള്ള ഉത്തമനയങ്ങൾക്കു് ഇളക്കം വരാതിരിപ്പാൻ കഴിയുന്നതെല്ലാം ഉറപ്പുവരുത്തിയ ശേഷമേ തങ്ങളുടെ ഭരണത്തെ മറെറാരു കയ്യിൽ സമർപ്പിക്കൂ എന്നു് അവിടത്തെ പ്രജകൾക്കു് അവരുടെ യോഗക്ഷേമത്തിൽ തിരുമനസ്സുകൊണ്ടു ഇന്നുവരെ കാണിച്ചിട്ടുള്ള അഭംഗുരമായ താത്പര്യാതിശയത്തെ അടിസ്ഥാനമാക്കി വിശ്വസിക്കാവുന്നതാണെന്നു ഞങ്ങൾ വിചാരിക്കുന്നു.

വിവേ: 1089 തുലാം, വൃശ്ചികം

ഈ സംഗതിയെപ്പററി ഇതിന്റെ പ്രസ്താവമുണ്ടായകാലത്തുതന്നെ ഞങ്ങൾ അനുതപിക്കയും അഭിപ്രായം പറയുകയും ചെയ്തിട്ടുള്ളതാണു്. തങ്ങളുടെ പ്രിയപ്പെട്ട രാജാവിന്റെ വേർപാടിനെ സംബന്ധിച്ചു കൊച്ചിയിലെ പ്രജകളുടെ ഹൃദയത്തിൽ അല്പകാലമായി പുകഞ്ഞുകൊണ്ടിരുന്ന ഭയം ഇതാകത്തിജ്വലിക്കുന്നു. ബുദ്ധിമാനും ഗുണവാനുമായ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ഈ വൃശ്ചികം 22–ാം തീയതി സ്വന്തമനസ്സാലെ കിരീടം താഴെവച്ചു വൈരാഗ്യമവലംബിച്ചിരിക്കുന്നു. ''നിഷ്പൃഹസ്യതൃണംജഗൽ''

കൊച്ചിയിലെ പുതിയരാജാവു്

സ്ഥാനത്യാഗം ചെയ്ത മഹാമനസ്കനായ വലിയ തമ്പുരാൻ തിരുമനസ്സിലെക്കാലത്തു, കൊച്ചിസംസ്ഥാനത്തിൽ ഭരണസംബന്ധമായി വരുത്തീട്ട

Digitized By Kerala Sahitya Akademi

ള്ള സ്ഥത്യർഹമായ പല പരിഷ്കാരങ്ങളിൽ ഒന്നാണു് പ്രജകളിൽ എല്ലാ വർഗ്ഗക്കാർക്കും ഒന്നുപോലുള്ള അവകാശങ്ങളേയും സ്വാതന്ത്ര്യങ്ങളേയും അവക്കു് അനുവയോഗ്യമാക്കിത്തീർത്തതു്. അദ്ദേഹത്തെ പ്രജകളിൽ എല്ലാവർഗ്ഗക്കാരും നിർവ്യാജമായി സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തതും ബ്രുട്ടീഷ്ഗവർമ്മെൻറിൻെറയും ഉദാരഹൃദയരായ പല ഭരണതന്ത്രജ്ഞന്മാരുടേയും ശ്ലാഘയ്ക്കു് അവിടന്നു് എപ്പോഴും പാത്രമായിരുന്നതും ഈവക പരിഷ്കൃതനയം നിമിത്തമാകുന്നു. താൻ സ്നേഹിച്ചവരും തന്നെ എന്നേക്കും സ്നേഹിക്കുന്നവരുമായ പ്രജകളുടെ യോഗക്ഷേമങ്ങളെ അവിടന്നു് ഇനിയും മമതയോടെ നോക്കികണ്ടുകൊണ്ടു് അനേകവർഷം ആയുരാരോഗ്യങ്ങളോടുകൂടി ശാന്താശ്രമത്തിൽ സുഖമായി ജീവിച്ചിരിക്കുവാൻ ഞങ്ങൾ ആശംസിക്കയും സ്ഥാനാരോഹണം ചെയ്യുന്ന പുതിയ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടും സർവ്വമാന്യനും വന്ദ്യനുമായ കാരണവരുടെ ദൃഷ്ടാന്തത്തെ സശ്രദ്ധം പിൻതുടരുമെന്നു വിശ്വസിക്കയും ചെയ്യുന്നു.

വിവേ: 1090 വൃശ്ചികം

കൊച്ചി പുതിയ വലിയതമ്പുരാൻ തിരുമനസ്സിലെ കിരീടധാരണം

കൊച്ചിയിലെ പുതിയ വലിയ തമ്പുരാൻ തിരുമനസ്സിലെ സ്ഥാനാരോഹണത്തെപ്പററി യോഗത്തിൽ നിന്നയച്ച അനുമോദനവും അവിടത്തെ മറുപടിയും ഞങ്ങൾ വേറൊരു ദിക്കിൽ ചേർത്തിട്ടുണ്ടു്. പുതിയ വലിയ തമ്പുരാൻ തിരുമനസ്സിലെ രാജ്യഭരണം അവിടത്തെ വന്ദ്യപൂർവ്വഗാമിയുടെ ഭരണത്തെപ്പോലെയോ അതിലും വിശിഷ്ടതരമായോ ഇരിക്കുമെന്നാണു് ജനങ്ങൾ ആശംസിക്കുന്നതു്. തെക്കു തിരുവിതാംകൂറും വടക്കു ബ്രിട്ടീഷ്യും ആകുന്ന രണ്ടു പരിഷ്കൃത ഗവൺമെൻറുകളാൽ ഭരിക്കപ്പെടുന്ന കേരളത്തിൻെറ മദ്ധ്യസ്ഥിതമായ കൊച്ചിയുടെ ഭരണത്തിൽ ആ രണ്ടു രാജ്യങ്ങളുടേയും സാമിപ്യം നിമിത്തമായുള്ള ഗുണപ്പകർച്ചയാൽ ഉണ്ടാകാവുന്നതിൽ കവിഞ്ഞ നാഗരികത്വം ചില സംഗതികളിൽ ജനങ്ങൾ കണ്ടു് അനുമോദിച്ചിട്ടുള്ളതാണു്. അതുകൊണ്ടു് അളവിൽ ചെറുതാണെങ്കിലും കൊച്ചി രാജ്യകാര്യസംബന്ധമായി ഗണ്യമായ ഒരു നിലയിലിരിക്കയാകുന്നു. പുതിയ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഭരണയന്ത്രത്തിൻെറ ഘടനയിൽ സാരമായ ചില ഭേദഗതികളും പരിഷ്കാരങ്ങളും വരുത്താൻ നിശ്ചയിച്ചിരിക്കുന്നു എന്നു കേൾക്കുന്നതുകൊണ്ടുതന്നെ അവിടത്തെ ഭരണം ഉത്സാഹയുക്തവും സംഭവപൂർണ്ണവുമായിരിക്കുമെന്നു് ആശിക്കാവുന്നതാണു്. എന്നാൽ ഭരണം മറു പ്രകാരത്തിൽ എത്ര പരിഷ്കൃതമായും ബുദ്ധിപൂർവ്വമായുമിരുന്നാലും ഭരണീയജനങ്ങളിൽ എല്ലാ വർഗ്ഗക്കാരുടേയും വിലയേയും അവകാശങ്ങളേയും ഒന്നുപോലെ ഗണിക്കയും പ്രജകൾക്കു

Digitized By Kerala Sahitya Akademi

സിദ്ധിക്കേണ്ട സഹായങ്ങളിലും ആനുകൂല്യങ്ങളിലും എല്ലാ വർഗ്ഗക്കാരേയും യഥോചിതം ഭാഗഭാക്കുകളായി വസ്തുകയും ചെയ്തിട്ടില്ലെങ്കിൽ ശോഭനമായെന്നു പറയാൻ തരമില്ലാത്തതാണു്. മാറിപ്പോയ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഈ വസ്തുത നല്ലവണ്ണം അറിഞ്ഞിരുന്നു. ഈഴവക്കു് ആദ്യമായി സർക്കാരുദ്യോഗങ്ങളും നൽകുക, വിദ്യാഭ്യാസത്തിനു പ്രോത്സാഹനങ്ങളും ചെയ്കു മുതലായതു് അവിടന്നാണാരംഭിച്ചതു്. ക്രിസ്ത്യാനികളുടെ അവകാശങ്ങളെ പൂർവ്വാധികം ഗൗനിക്കയും റവന്യു മുതലായ പല ഡിപ്പാർട്ടുമെൻറുകളിലും അവർക്കു ധാരാളം പ്രവേശനം നൽകുകയും ചെയ്തതു് അവിടന്നായിരുന്നു. എന്നാൽ ഒടുവിൽ വന്ന ദിവാൻജിമാരുടെ ഉപേക്ഷയാലോ മറ്റു ചില കാരണത്താലോ ഈഴവർക്കു് അവിടന്നനുവദിച്ച സ്വാതന്ത്ര്യങ്ങളും ഒന്നും വേണ്ടത്ര ഫലപ്രദമായിത്തീർന്നിട്ടില്ലെന്നുള്ള വസ്തുത വ്യസനപൂർവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ പ്രജകളിൽ ഒരു പ്രധാന ഭാഗം ഈഴവരാണു്. ജനസംഖ്യപ്രകാരം ഹിന്ദുക്കളിൽ ഒന്നാമത്തെ സ്ഥാനം കൊച്ചിയിൽ ഈഴവർക്കാണു്. രാജ്യകാര്യവിഷയത്തിൽ അവർക്കുള്ള പല സങ്കടങ്ങളേയും കാണിക്കുന്ന ഒരു മെമ്മോറിയൽ ഏതാനും ഈഴവർ ഒപ്പിട്ടു് ദിവാൻജിക്കു് ഈയിടെ അയച്ചിട്ടുണ്ടു്. അതിനെപ്പറ്റി ഞങ്ങളും അടുത്ത അവസരത്തിൽ പ്രസ്താവിക്കുന്നതാണു്. തൽക്കാലം വലിയ തമ്പുരാൻ തിരുമനസ്സിലെ ദയാദൃഷ്ടി ആ വിഷയത്തിൽ പതിയുമെന്നു ഞങ്ങളും ഭക്തിപൂർവ്വം ആശംസിച്ചുകൊള്ളുന്നു. അവിടത്തേക്കു സർവ വിജയവും സിദ്ധിപ്പാനും അവിടന്നു് അരോഗദൃഢഗാത്രനായിരുന്നു് ഏറിയോരു കാലം കൊച്ചി സിംഹാസനത്തെ അലങ്കരിച്ചു് പ്രജകളുടെ സ്നേഹത്തിനും അനുഗ്രഹത്തിനും മേൽക്കോയ്മയുടെ ബഹുമതിക്കും പാത്രമായിത്തീരാനും സർവശക്തൻ കടാക്ഷിക്കട്ടെ.

വിവേ: 1090 മകരം

ബറോഡാ മഹാരാജാവു തിരുമനസ്സിലെ തിരുവിതാംകൂർ സന്ദർശനം

ബറോഡയിലെ ഗേക്കുവാർ മഹാരാജാവു തിരുമനസ്സുകൊണ്ടും മഹാറാണി തിരുമനസ്സുകൊണ്ടും ദിവാൻ വി. പി. മാധവരായർ അവർകളും തിരുവിതാംകൂറിൽ പല സ്ഥലങ്ങളും ഈ തലസ്ഥാനവും സന്ദർശിച്ചു് ഇപ്പോൾ മടങ്ങിയിരിക്കുന്നു. ഈ മാന്യാതിഥികളെ നമ്മുടെ മഹാരാജാവു് തിരുമനസ്സുകൊണ്ടു് ഏറ്റവും ബഹുമാനത്തോടും ഔദാര്യപൂർവ്വമായും യഥോചിതം സൽക്കരിച്ചിരുന്നു എന്നു് പറയുന്നതിൽ ഞങ്ങൾക്കു്. അമിതമായ സന്തോഷം തോന്നുന്നു. ഗേക്കുവാർ തിരുമനസ്സുകൊണ്ടു് മുന്നണിയിൽനിൽക്കുന്ന സ്വദേശമഹാരാജാക്കന്മാരുടെ ഇടയിൽ പ്രധാനമായ ഒരു സ്ഥാനത്തെഅലങ്കരിക്കുന്നതുകൊണ്ടുമാത്രമല്ല മാന്യനായിരിക്കുന്നതു്. ഇങ്ങനെയുള്ള മഹാരാജാക്കന്മാരിൽ ചിലരെപ്പറ്റി നമുക്കു് വിശേഷിച്ചു് ഒരു വിവരവുമില്ലാത്തതായും ഉണ്ട

Digitized By Kerala Sahitya Akademi

ല്ലോ. എന്നാൽ ഗേക്കുവാർ തിരുമനസ്സിലെ നാമം ഇന്ധ്യ മുഴവൻ ഒന്നുപോലെ അറിയപ്പെട്ടിരിക്കുന്നു. എല്ലാവരാലും, എവിടെയും ആ തിരുമേനി ഒന്നുപോലെ ബഹുമാനിക്കപ്പെടുന്നതായും കാണുന്നു. കാരണം അദ്ദേഹം ഇൻഡ്യയിലെ ഒരു മാതൃകാ രാജാവും മാതൃകാ പൗരനും ആണെന്നുള്ളതുതന്നെ.

അദ്ദേഹം തന്റെ രാജ്യകാര്യങ്ങളെ നോക്കിക്കൊണ്ടു സ്വന്തം രാജ്യത്തോ രാജധാനിയിലോ സുഖമായി അടങ്ങിയിരിക്കുന്നില്ല. അദ്ദേഹത്തിന്റെ മമതയും ശക്തിയും സ്വന്തരാജ്യത്തിന്റെ അതിർത്തികളിൽ ഞെരുക്കി നിറുത്തണമെന്നും അദ്ദേഹം വിചാരിക്കുന്നില്ല. അദ്ദേഹം തന്റെ രാജ്യത്തെ ഒരു മാതൃകാ രാജ്യത്തിന്റെ നിലയിൽ ഉയർത്തിക്കൊണ്ടുവരികയും ഒരു മാതൃകാപൌരന്റെ നിലയിൽ ഇൻഡ്യയുടെ പൊതുക്ഷേമത്തിൽ ആസക്തിയോടുകൂടി സാമ്രാജ്യത്തെ മുഴവൻ സ്നേഹിക്കുകയും ചെയ്യുന്നു. സ്വന്ത ജീവിതരീതിയെത്തന്നെ കാലാനുസൃതമായ ദൃഷ്ടാന്ത ജീവിതമായി അദ്ദേഹം നയിക്കുന്നു. സമുദായപരിഷ്കരണസംബന്ധമായി നോക്കുമ്പോൾ അദ്ദേഹം അതിന്റെ നേതൃത്വത്തെ പ്രവൃത്തിമൂലം വഹിച്ചുകൊണ്ടു് അത്യുന്നതമായ ഒരു സ്ഥാനത്തിൽ സ്ഥിതി ചെയ്യുന്നു എന്നു വേണം പറയാൻ. ഇൻഡ്യയിലെ ജാതിക്കോട്ടയെ ഇടിച്ചു നിരത്താനുള്ള സംരംഭത്തിൽ ഒന്നാമതു് ആ കോട്ടയുടെ നേരെ വെടിവയ്ക്കുന്നതു താനായിരിക്കുമെന്നു് ഏതാനും കൊല്ലങ്ങൾക്കു മുമ്പു ഈ തിരുമേനി ഒരു സന്ദർഭത്തിൽ ശപഥം ചെയ്തിരുന്നതു് ഇൻഡ്യൻ സമുദായ പരിഷ്കരണസംഘം വക സംഗതികളെപ്പറ്റി ബോധമുള്ളവർ ഒക്കെ എന്നും സ്മരിക്കുന്ന സംഗതിയാണു്. തിരുമനസ്സുകൊണ്ടു് തന്റെ ആ രാജയോഗ്യമായ ശപഥത്തെ ഒരിക്കലും ഭോഷ്കാക്കീട്ടില്ലെന്നുള്ളതും, നേരേമറിച്ചു് അതിനെ പ്രത്യക്ഷരം അനുവർത്തിക്കുകയാണു് ചെയ്തുവരുന്നു എന്നുള്ളതും ചാരിതാർത്ഥ്യഹേതുവായ സംഗതികളാകുന്നു.

കൂച്ചു് ബീഹാരിലെ രാജകുമാരനു തന്റെ ഔരസപുത്രിയെ വിവാഹം ചെയ്തുകൊടുത്ത സംഗതി വെറും വാചാസമുദായപരിഷ്കാരകന്മാരുടെ പ്രവൃത്തിയല്ല. ആയിരം പ്രസംഗങ്ങളെക്കാൾ ഒരു പ്രവൃത്തിയാണു വലുതു്. സാധാരണന്മാരുടെ ആയിരം പ്രവൃത്തികളേക്കാൾ ഒരു മഹാരാജാവിന്റെ ഒരു പ്രവൃത്തിതന്നെ വലുതുമാണു്. തിരുമേനി ആഹാരവിഹാരങ്ങളിൽ തന്റെ സ്ഥാന വലിപ്പത്തേയോ ജാതിയേയോ ഒന്നും വകയ്ക്കാതെ സമസൃഷ്ടികളോടു് അവർ ഏതു ജാതിക്കാരോ മതക്കാരോ ആയിരുന്നാലും പന്തിഭോജനം ചെയ്കയും അവരവരുടെ ഗുണങ്ങളെ മാത്രം മുൻനിറുത്തി അവരോടു സമഭാവനയിൽ പെരുമാറുകയും ചെയ്യുന്നു. പുരുഷന്മാർക്കു് താൻ എങ്ങിനെ ദൃഷ്ടാന്തമായിരിക്കുന്നുവോ അതുപോലെ തന്റെ മഹിഷിയെ സ്ത്രീകൾക്കു ദൃഷ്ടാന്തമായിരിക്കുവണ്ണം തുല്യസ്വാതന്ത്ര്യം നൽകി ആ മാർഗ്ഗത്തിൽ നയിക്കുകയുംചെയ്യുന്നു.

ഇൻഡ്യയിൽ നിർബന്ധിത വിദ്യാഭ്യാസം നടപ്പാക്കിയിട്ടുള്ള സംസ്ഥാനം ബറോഡമാത്രമേയുള്ളു. താഴ്ന്ന വർഗ്ഗക്കാരുടെ ഉദ്ധാരണത്തിൽ തല

Digitized By Kerala Sahitya Akademi

യിട്ടു ശ്രമിക്കുന്ന ഗവണ്മെന്റു് ബറോഡയെപ്പോലെ മറെറാന്നുണ്ടെന്നു പറയാൻ ചുരുങ്ങും. ഏററവും താഴ്ന്ന ജാതിയിൽ നിന്നു് അനേകം കുട്ടികളെ തിരഞ്ഞെടുത്തു് ഗവണ്മെന്റു് ചെലവിൽ യൂറോപ്പിലും മറും അയച്ചു് ഉയർന്ന പഠിത്തങ്ങളും പഠിപ്പിച്ചു വരുത്തി ഉത്തരവാദമുള്ള ഉയർന്നസ്ഥാനങ്ങളിൽ അവരെ ഉദ്യോഗസ്ഥന്മാരായി നിയമിച്ചിട്ടാണു് ഗേക്കുവാർ തിരുമനസ്സുകൊണ്ടു് തന്റെ രാജ്യത്തു് ജാതിശല്യത്തെ നാമാവശേഷമാക്കിയിരിക്കുന്നതു്. ഇതു് ആ മാർഗ്ഗത്തിൽ എത്ര ഫലവത്തും ബുദ്ധിപൂർവവുമായ ഒരു നയമാണെന്നു പറയേണ്ടതില്ലല്ലോ. തന്റെ രാജ്യത്തു് ഉദ്യോഗസംബന്ധമായാകട്ടെ വിദ്യാഭ്യാസസംബന്ധമായാകട്ടെ പ്രജകളുടെ ഇടയിൽ ഭിന്നവർഗ്ഗക്കാർ തമ്മിലോ ഗവർമ്മെൻറുമായോ യാതൊരു വഴക്കിനും ഇടവരാത്തവണ്ണം തിരുമനസ്സുകൊണ്ടു് പ്രത്യേകം ദൃഷ്ടിവച്ചു് എല്ലാം തുല്യദൃഷ്ടി നയത്തിൽ സ്ഥാപിച്ചു ചെയ്തുകൊണ്ടിരിക്കുന്നു.

തിരുമനസ്സുകൊണ്ടു നടപടിയിൽ വലിയ യൂറോപ്യൻമട്ടാണെങ്കിലും ആന്തരമായി ഒരു മാതൃകാ ഇൻഡ്യനും. മാതൃകാഹിന്ദുവുമാണു്. നമ്മുടെ പുരാതനാചാരങ്ങളിൽ ഇൻഡ്യൻ ജനങ്ങൾക്കു് പൊതുവിൽ പറയുന്നതും ഗുണകരവുമായ എല്ലാററിലും അവിടത്തേയ്ക്കു വലിയ പ്രതിപത്തിയാണു്. സംസ്കൃതവിദ്യാഭ്യാസം തിരുമനസ്സിലെ നാട്ടിൽ വളരെ പ്രചാരത്തിലാണിരിക്കുന്നതു്. എല്ലാവർഗ്ഗക്കാർക്കും സംസ്കൃതവും വേദങ്ങളും തന്നെയും പഠിപ്പാൻ സൌകര്യമുള്ള പല വിദ്യാശാലകളുമുണ്ടു്. പ്രജകളിൽ മുക്കാൽ ഭാഗം ഹിന്ദുക്കളാണു്. താഴ്ന്ന ജാതിക്കാർ മതം മാറുന്ന സമ്പ്രദായം ബറോഡയിൽ ഇല്ല. സംസ്ഥാനത്തിൽ ഒരു ക്രിസ്ത്യാനിപ്പള്ളി എങ്കിലും ഇല്ലെന്നാണറിയുന്നതു്. ഇതു ശരിയാണെങ്കിൽ വിശാലഹൃദയനായ തിരുമേനിക്കു് ആ മതത്തോടു വൈമുഖ്യമുണ്ടായിട്ടാണെന്നു് ആരും അർത്ഥമാക്കരുതു്. അതു ഒരിക്കലും വരുന്നതല്ല. നേരേമറിച്ചു്, തന്റെ രാജ്യത്തു് പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാർക്കു് സ്വാതന്ത്ര്യമായി വഴി നടക്കുന്നതിനോ വിദ്യാഭ്യാസം ലഭിക്കുന്നതിനോ, സർക്കാരുദ്യോഗം കിട്ടുന്നതിനോ ക്രിസ്ത്യാനിമതം സ്വീകരിക്കേണ്ട ആവശ്യകത അശേഷമില്ലെന്നും, അതുകൊണ്ടു് പ്രജകളിൽ ഒരു വലിയ ഭാഗം അന്യമതക്കാരായി തീർന്നു്. അവരുടെ ആരാധനയ്ക്കായി പള്ളികളും കെട്ടേണ്ട ആവശ്യകത നേരിട്ടിട്ടില്ലെന്നും മാത്രമാണു വിചാരിക്കേണ്ടതു്.

ഇതു മഹാനായ ഒരു മഹാരാജാവു് നമ്മുടെ തലസ്ഥാനത്തെ സന്ദർശിച്ച സന്ദർഭത്തിൽ തിരുവനന്തപുരത്തെ പൊതുജനങ്ങൾ തങ്ങളുടെ വകയായി ഒരു സ്വീകരണം നൽകി അവിടത്തെ ബഹുമാനിക്കാഞ്ഞതിന്റെ കാരണം എന്തുതന്നെയായാലും അതു നമ്മുടെ ടൌണിനു് യശസ്കരമായ ഒന്നാണെന്നു് പറവാൻ കഴികയില്ല. മഹാറാണി തിരുമനസ്സിലേക്കു് ടൌണിലെ സ്ത്രീകളുടെ വകയായി സമർപ്പിച്ച മംഗളപത്രവും മഹാരാജാവു തിരുമനസ്സുകൊണ്ടു് ഈ രാജദമ്പതിമാരെ സല്ക്കരിച്ചു് അയയ്ക്കുന്നതിൽ പ്രദർശിപ്പിച്ച ഹാർദ്ദമായ

Digitized By Kerala Sahitya Akademi

നാൽപര്യവും കൊണ്ടുതന്നെ നാം തൽക്കാലം തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. നാഞ്ചിനാട്ടുകാരുടെ വകയായി നാഗർകോവിലിൽ നമ്മുടെ പഴയ ദിവാൻ മാധവറാവു അവർകൾക്കു ഒരു സ്വീകരണമുണ്ടായതു് വളരെ കാര്യമായി.

വിവേ: 1090 ഇടവം, മിഥുനം

തിരുനാൾ ബഹുമതികൾ

പാലക്കാട്ടു് സിവിൽ അപ്പാത്തിക്കരി റാവു സാഹിബു് മ.രാ,രാ. കെ. കൃഷ്ണൻ അവർകൾക്കും, കോഴിക്കോട്ടു് മുൻസിപ്പൽ ചെയർമാൻ മ.രാ. രാ. ഒ. കൃഷ്ണൻ ബി. എ. ബി. എൽ അവർകൾക്കും ഇക്കൊല്ലത്തെ ചക്രവർത്തി തിരുമനസ്സിലെ തിരുനാൾ സംബന്ധിച്ചുള്ള ബഹുമതികളുടെ കൂട്ടത്തിൽ റാവു ബഹദൂർ സ്ഥാനങ്ങളും, നമ്മുടെ ദിവാൻ മ. രാ.രാ. എം. കൃഷ്ണൻ നായർ അവർകൾക്കു് ദിവാൻ ബഹദൂർ സ്ഥാനവും ലഭിച്ചിരിക്കുന്ന വിവരം ഞങ്ങൾ സന്തോഷപൂർവം പ്രസ്താവിച്ചുകൊള്ളുന്നു. ഇവരിൽ ഡാക്ടർ കൃഷ്ണനു് അടുത്ത ഒരുവസരത്തിലാണു് റാവുസാഹിബു്സ്ഥാനം ലഭിച്ചതു്. അതിനേക്കാൾ ഉയർന്നതായ റാവുബഹദൂർ സ്ഥാനം നൽകത്തക്കവണ്ണം ഇപ്പോൾ ഒരു ബഹുമാനാതിശയം പൊതുജനോപകാരിയും അസാധാരണ സാമർത്ഥ്യമുള്ള ഒരു ഡോക്ടരുമായ അദ്ദേഹത്തിന്റെ മേൽ ഗവൺമെൻറിനു തോന്നിയതിൽ അത്ഭുതപ്പെടാൻ ഒന്നുമില്ല. ഒ. കൃഷ്ണൻ അവർകൾ കഴിഞ്ഞ ആറുകൊല്ലത്തോളമായി മലബാർ ജില്ലയിലെ പ്രധാന നഗരമായ കോഴിക്കോട്ട മുൻസിപ്പാലിറിയിലെ ചെയർമാൻ സ്ഥാനത്തിലിരുന്ന ജനങ്ങളുടേയും ഗവർമ്മെൻറിന്റെയും തൃപ്തിക്കു് ഒന്നുപോലെ പാത്രമായിത്തീർന്ന യോഗ്യനാകയാൽ അദ്ദേഹത്തിനിങ്ങനെ ഒരു ബഹുമതിക്കുള്ള അവകാശത്തെ ഗണ്യമാക്കാൻ ഗവർമ്മെൻറു താമസിച്ചുപോയി എന്നുള്ള കുറവേയുള്ളു. കൃഷ്ണൻനായർ അവർകളുടെ യോഗ്യതയ്ക്കും സ്ഥിതിക്കും ഇതിനേക്കാൾ വലിയ ബഹുമതിയാണു് ഞങ്ങൾ പ്രതീക്ഷിച്ചതു്. ഏതായാലും ഗവർമ്മെൻറിന്റെ ഇക്കൊല്ലത്തെ ബഹുമതിദാനത്തെപ്പറ്റി ആകപ്പാടെ അഭിനന്ദിക്കാനേ തരമുള്ളു.

വിവേ: 1090 ഇടവം, മിഥുനം

കാർത്തികതിരുനാൾ തിരുവവതാരം

1092 കന്നി 2–ാം തീയതി കാലത്തു് അഞ്ചര മണിയോടുകൂടി തിരുവിതാംകൂറിന്റെ ചിരപ്രാർത്ഥിതമായ ഭാഗ്യം മൂർത്തീഭവിച്ചു് ആറ്റിങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലെ ദ്വിതീയസന്താനമായി കാർത്തിക നക്ഷത്രത്തിൽ ഗർഭശ്രീമതിയായ വഞ്ചിരാജകുമാരി അവതരിച്ചിരിക്കുന്നു. വിവേകോദയത്തിന്റെ കന്നിലക്കത്തിൽ ഇത്ര ആശാസ്യമായ ഒരു സംഭവത്തെ രേഖപ്പെടുത്താനും കാർത്തികതിരുനാൾ കൊച്ചുതിരുമേനിയുടെ ദീർഘായുരാരോഗ്യ

Digitized By Kerala Sahitya Akademi

ഭാഗ്യങ്ങൾക്കായി ജഗന്നിയന്താവിനോട് ഹൃദയപൂർവ്വം പ്രാർത്ഥിപ്പാനും ഇട യായതിൽ ഞങ്ങൾക്കുള്ള ചാരിതാർത്ഥ്യവും ആനന്ദവും സീമാതീതമാകുന്നു.

പൂർത്തിയെഴും ഭാഗ്യത്തൊട്ട--
മാർത്തികളറിയാതെതാൻ വളർന്ന ചിരം
കാർത്തികതിരുനാൾ വഞ്ചിപ--
കീർത്തിക്കൊടി വാഴ്ക കൊച്ചുതിരുമേനി

വിവേ. 1032 കന്നി, തുലാം.

മഹാരാജാവു തിരുമനസ്സിലെ ഷഷ്ടിപൂർത്തി

കരുണാനിധിയായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ 60-ാമത്തെ തിരു വയസ്സു തികയുന്ന മഹാമംഗളദിവസം വരുന്ന കന്നി 8-ാം തീയതിയാകുന്നും ഈ സുദിനത്തെ തിരുമനസ്സിലെ പ്രജകൾ എത്രമാത്രം ഉൽകണ്ഠയോടുകൂടി യാണ പ്രതീക്ഷിക്കുന്നതെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. യുദ്ധം നിമി ത്തം രാജ്യമൊട്ടുക്കും അഭ്രതപൂർവ്വമാംവണ്ണം വ്യാപിച്ചിരിക്കുന്ന ഭയങ്കര ക്ഷാമ ത്തെക്കൂടി ഗണ്യമാക്കാതെ പ്രജകളിൽ ഓരോ വർഗ്ഗക്കാരും പ്രത്യേകം പ്രത്യേ കമായും എല്ലാവരും കൂടിച്ചേർന്നും ഈ ദുർല്ലഭാവസരത്തെ പല പ്രകാരത്തിൽ കൊണ്ടാടാൻ ഏർപ്പാടുകൾ ചെയ്തുവരുന്ന ഉത്സാഹങ്ങൾ തിരുമനസ്സിലേ നേർക്കു പ്രജകൾക്കുള്ള അകൈതവ സ്നേഹത്തെയും ഭക്തിബഹുമാനങ്ങളേയും വിളിച്ചുപറയുന്നവയാണു്. തിരുമനസ്സിലെ ദീർഘമായ ഭരണകാലത്തിന കുള്ളിൽ തിരുവിതാംകൂറിൽ വന്നിട്ടുള്ള ഗുണകരങ്ങളായ മാറ്റങ്ങൾക്കു കണ ക്കില്ല. അവയെ എല്ലാം എണ്ണിയെണ്ണി ചിന്തിച്ചു് ഹൃദയത്തിലൊതുങ്ങാത്ത രാജഭക്തി പ്രവാഹത്തോടുകൂടി പൊന്നുതിരുമേനിക്കു ദീർഘായുരാരോഗ്യഭാഗ്യ ങ്ങളെ ആശംസിപ്പാൻ ഇങ്ങനെ ഒരവസരം ലഭിച്ചതിൽ പ്രജകളിൽ എല്ലാ വർഗ്ഗക്കാർക്കും അപാരമായ ചാരിതാർത്ഥ്യമാണുള്ളതു്.

സ്മാരകങ്ങൾ

തിരുമേനിയുടെ ഷഷ്ടിപൂർത്തിയുടെ ഓർമ്മയ്ക്കായി അനവധി സ്ഥാപന ങ്ങളും പ്രജകളും അതാതു സ്ഥലങ്ങളിൽ ചെയ്യുമെന്നുള്ളതു നിശ്ചയമാണല്ലോ. പ്രജകളുടെ പൊതുവകയായി തിരുവനന്തപുരത്തു് ഏർപ്പെടുത്തിയിരിക്കുന്ന കമ്മിറ്റിയുടെ ഉത്സാഹത്തിൽ ഈ പട്ടണത്തിൽ ഒരു സാങ്കേതിക വിദ്യാശാല സ്ഥാപിപ്പാൻ നിശ്ചയിച്ചിരിക്കുന്നതാണു് ഈ വിഷയത്തിൽ ഏറ്റവും ഗണ്യമായും ഏറ്റവും സ്തുത്യർഹമായും ഞങ്ങൾക്കു തോന്നീട്ടുള്ളതു്. ഇങ്ങനെ ഒരു സ്ഥാപനം ഈ രാജ്യത്തിലെ വലുതായ ഒരു ആവശ്യത്തെ നിറവേറ്റുന്ന താകുന്നു. വളരെ അസംസ്കൃത സാധനങ്ങളുള്ളതായി അറിയപ്പെട്ടിരിക്കുന്ന നമ്മുടെ നാട്ടിൽ വ്യവസായ സംബന്ധമായ ഉയർന്നതരം അറിവു സമ്പാദി ക്കത്തക്ക ഇത്തരം ഒരു വിദ്യാശാല നല്ല നിലയിൽ നടത്തപ്പെടുന്നതായാൽ അതുകൊണ്ടു കൈത്തൊഴിൽ സംബന്ധമായുണ്ടാകാവുന്ന അഭിവൃദ്ധിയും ഐ ശ്വര്യവും നമുക്കിപ്പോൾ ഊഹിപ്പാൻ കഴിയുന്നതിൽ അധികമായിരിക്കുമെന്നു ള്ളതു നിശ്ചയമാകുന്നു. ഇതുപോലെ കൃഷി, കച്ചവടം മുതലായ പ്രമേയങ്ങ ളിലും ടി വിദ്യാലയത്തിൽനിന്നു സിദ്ധിക്കുന്ന ശാസ്ത്രീയമായ ജ്ഞാന•

Digitized By Kerala Sahitya Akademi

നാട്ടിൽ അഭ്രതപൂർവ്വമായ പുഷ്ടിയെ ഉണ്ടാക്കുന്നതാണു്. ഇതുകൊണ്ടു് ആണ്ടു തോറും '' ഏട്ടുകെട്ടു '' പരീക്ഷകരും പാസ്സായി വെളിയിൽ വന്നു് ഉദ്യോഗത്തിനായി ഗവർമ്മെൻറു് ആഫീസുകളിൽ തിക്കിത്തിരക്കുന്ന യുവാക്കന്മാരുടെ ഭയങ്കരമാംവണ്ണം വർദ്ധിച്ചുവരുന്ന സംഖ്യകുറഞ്ഞുപോകുന്നതും അതു് അവർക്കും ഗവർമ്മെൻറിനും നാട്ടിനും ആശ്വാസപ്രദമായും ഗുണപ്രദമായും തീരുന്നതുമാണു്. നമ്മുടെ നാട്ടിൽ അനവധി യന്ത്രശാലകളും വ്യാപാരസ്ഥലങ്ങളും പുതിയ കൃഷിഭൂമികളും തോട്ടങ്ങളും ഈ വിദ്യാലയത്തിന്റെ ഫലമായി ഉണ്ടാകാവുന്നതും, അനവധി കൂലിവേലക്കാർക്കും അലഞ്ഞുനടക്കുന്ന സാധുക്കൾക്കും തൊഴിൽ ചെയ്തു സുഖമായും മാനമായും കാലം കഴിക്കുന്നതിനു് ഇടയുണ്ടാകുന്നതും നാട്ടിനു് അതു് ഒരു പരമാനുഗ്രഹമായി പരിണമിക്കുന്നതുമാണു്. എന്നാൽ കമ്മിറ്റിക്കു വല്ലതായ ഒരു സംഖ്യ അതായതു് അനേകലക്ഷം രൂപാ പിരിഞ്ഞുകിട്ടിയെന്നല്ലാതെ ഈ വിദ്യാലയത്തെ തൃപ്തികരമായ വിധത്തിൽ സ്ഥാപിച്ചു നടത്താൻ കഴിയുന്നതല്ലെന്നുള്ള വസ്തുത എല്ലാവരും ഓർക്കണം. രാജ്യത്തിന്റെ പൊതുക്ഷേമത്തെ ഇച്ഛിക്കുന്ന ഏവരും ഈ മഹോദ്യമത്തെ കഴിയുന്ന സഹായങ്ങൾ എല്ലാം ചെയ്തു പ്രോത്സാഹിപ്പിക്കേണ്ടതാകുന്നു. അല്പപ്രയോജനങ്ങളോ ക്ഷണഭംഗുരങ്ങളോ ആയ വല്ല സ്മാരകങ്ങളും അവിടവിടെ സ്ഥാപിച്ചു ധനവ്യയം ചെയ്വാൻ വിചാരിക്കാതെ സംസ്ഥാനമൊട്ടുക്കുള്ള ജനനേതാക്കന്മാർ ഒത്തുചേർന്നു പ്രജാക്ഷേമവ്യസനിയായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തിസ്മരണയെ നിലനിർത്താൻ സർവഥാ സമുചിതമായ ഈ സ്ഥാപനത്തെ സഹായിച്ചു നടപ്പിൽ വരുത്താൻ ഉത്സാഹിക്കുമെന്നു വിശ്വസിക്കുന്നു. ഈ സ്ഥാപനസംബന്ധമായ അഭിപ്രായത്തെ രൂപപ്പെടുത്തുന്നതിൽ ഉദ്യുക്തരായിരുന്ന സീനിയർ ദിവാൻപേഷ്കാർ എൻ. സുബ്രഹ്മണ്യയ്യർ (എം. എ.) മുതലായ മാന്യന്മാരേയും അതിനെ അംഗീകരിച്ച ജനറൽ കമ്മിറ്റിയേയും ഇതിൽ ആനുകൂല്യം സൂചിപ്പിക്കുന്ന ഗുണബുദ്ധിയായ ദിവാൻ കൃഷ്ണൻനായർ അവർകളുടെ ഗവർമ്മെൻറിനേയും ഈ സംഗതിയുടെ നടത്തിപ്പിനായി പ്രാണൻ പണയംവച്ചു പ്രയത്നിക്കുന്ന മഹോത്സാഹിയായ കമ്മിറ്റി സെക്രട്ടറി (എഡ്യൂക്കേഷൻ ഡിപ്യൂട്ടി ഡയറക്ടർ) പി. രാമസ്വാമി അയ്യർ (ബി. എ.) അവർകളേയും ഞങ്ങൾ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. തിരുവിതാംകൂറിന്റെ ഐശ്വര്യനിദാനമായ ഈ സ്ഥാപനം കമ്മിറ്റിക്കാരുടെ അശ്രാന്തമായ ശ്രമത്താലും മഹാരാജാവു തിരുമനസ്സിലെ തിരുനാമമാഹാത്മ്യത്താലും സർവോപരി ലക്ഷ്മീപതിയായ ശ്രീപദ്മനാഭന്റെ കടാക്ഷത്താലും അടുത്ത ഭാവിയിൽ നടപ്പിൽവന്നു കാൺമാൻ ആശംസിച്ചുകൊള്ളുന്നു.

ഷഷ്ടിപൂർത്ത്യനുഗ്രഹങ്ങൾ

കരുണാനിധിയായ തിരുമനസ്സുകൊണ്ടു് ഷഷ്ടിപൂർത്തിയുടെ സന്തോഷസൂചകമായി പ്രജകൾക്കു പൊതുവായും പ്രത്യേകമായും പല അനുഗ്രഹങ്ങളും നൽകുമെന്നുള്ളതു് സംഭവ്യമാണല്ലോ. ആ അനുഗ്രഹങ്ങളിൽ പലതും, ഈ സന്ദർഭത്തിന്റെ ഗൗരവത്തിനനുരൂപമായിരിക്കുമെന്നുള്ളതും നിശ്ചയമാണു്.

Digitized By Kerala Sahitya Akademi

എന്നാൽ അവയെ നിർണ്ണയിക്കുന്ന വിഷയത്തിൽ തിരുമനസ്സിലെ സ്വതന്ത്രമായ മനോഗതിയെ ക്രമപ്പെടുത്തുകയോ നിയമനം ചെയ്കയോ ചെയ്യുന്ന വല്ല സംഗതിയേയുംപറ്റി വിചാരിക്കുന്നതുതന്നെ ഒരർത്ഥത്തിൽ തീരെ വിഹിതമല്ലെന്നു ഞങ്ങൾക്കറിയാം. എന്നാൽ തിരുമനസ്സിലെ നേക്കു സഹജമായ വിനയവും അവ്യാജമായ ഭക്തിബഹുമാനങ്ങളുമുള്ള അസ്സാദ്ധ്യശന്മാർക്കു് ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഈവക സംഗതികളെ സംബന്ധിച്ചു് ചില ഉൽകണ്ഠകം ജനിക്കുന്നതു് സഹജമാകയാൽ അവയെപ്പറ്റി വിനയപൂർവം മനോരാജ്യം ചെയ്യുന്നതിനു വിരോധമുണ്ടായിരിപ്പാൻ തരമില്ലല്ലോ. തിരുമനസ്സുകൊണ്ടു രാജ്യഭാരം കൈയേറ്റിട്ടു് ഇപ്പോഴേക്കു ഒരു ശതാബ്ദത്തിന്റെ മുന്നിലൊന്നോളം കാലമായിട്ടുണ്ടു്. ഈ ദീർഘകാലത്തിനുള്ളിൽ അവിടത്തെ ക്ഷേമകരമായ ഭരണത്താൽ രാജ്യത്തിനു സിദ്ധിച്ചിട്ടുള്ള അനവധി അനുഗ്രഹങ്ങൾകൊണ്ടുതന്നെ അവിടത്തേക്കു് ന്യായമായ ചരിതാർത്ഥത്തിനവകാശമുള്ളതാണു്. കോതയാറണ, നെൽക്കൃഷി നിർത്തൽ, നിയമനിർമ്മാണസഭയുടെയും പ്രജാസഭയുടെയും സ്ഥാപനങ്ങളും, പട്ടണപരിഷ്കരണക്രമങ്ങളും, പഞ്ചായത്തുകോടതികളും മുതലായവ ഈ അനുഗ്രഹങ്ങളിൽ ചിലതാകുന്നു. ഇതുകൊണ്ടു പ്രജകളുടെ ക്ഷേമാഭിവൃദ്ധിയിലും രാജ്യഭരണവിഷയത്തിൽകൂടി അവർക്കു് ന്യായമായ പൗരാവകാശങ്ങളും നൽകി അവരുടെ സ്വാതന്ത്ര്യത്തെയും ഉത്തരവാദബുദ്ധിയേയും പുലർത്തുന്നതിലും തിരുമനസ്സിലേക്കുള്ള അഭിനിവേശത്തെ നല്ലവണ്ണം വ്യക്തമാക്കുന്നുണ്ടു്. ഒക്കെയ്ക്കും മുകളിലാണു് വിദ്യാഭ്യാസസംബന്ധമായി പ്രജകൾക്കു കിട്ടീട്ടുള്ള അനുഗ്രഹങ്ങൾ. സർക്കാർ സ്കൂളുകളുടേയും കാളേജുകളുടേയും സംഖ്യയും യോഗ്യതയും എത്രയോ അധികപ്പെട്ടുകയും പല താലൂക്കുകളിലും വിദ്യാഭ്യാസം ഇൻഡ്യയിൽ മറെറങ്ങുമില്ലാത്തവിധം വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. എന്നുതന്നെയല്ല, സകല വർഗ്ഗക്കാർക്കും സർക്കാർ സ്കൂളുകളിൽ പ്രവേശനം നൽകാൻ തിരുമനസ്സുകൊണ്ടു ഇപ്പോൾ അനുവദിച്ചിട്ടുണ്ടു്. യോഗ്യതയുള്ള എല്ലാ വർഗ്ഗക്കാക്കും സർക്കാർ ഉദ്യോഗങ്ങൾ കൊടുപ്പാനും ഇപ്പോൾ അനുവദിച്ചിട്ടുണ്ടു്. ഇതെല്ലാംതന്നെ തിരുമനസ്സുകൊണ്ടു് പ്രജകൾക്കു ചെയ്തിട്ടുള്ള പരമാനുഗ്രഹങ്ങളാണു്.

എന്നാൽ ഈ അനുഗ്രഹരശ്മികൾ തട്ടാതെ തിരുമനസ്സിലെ പ്രജകളിൽ ബഹുലക്ഷം ജനങ്ങൾ വാസ്തവത്തിൽ ഇന്നു കഷ്ടപ്പെടുകയാണെന്നുള്ള വസ്തുത മറച്ചുവയ്ക്കാൻ നിവൃത്തിയില്ലാത്തതാകുന്നു. ഹിന്ദുക്കളിൽ താണജാതിക്കാരാണല്ലോ സംഖ്യയിൽ അധികം. അവരിൽ അഞ്ചേയറരം മുതൽ ഇഞ്ചേയറരം വരെയുള്ള എല്ലാ വർഗ്ഗക്കാരും എറക്കുറെ നീണ്ടകാലം തൊടീലും തത്സംബന്ധമായ കഷ്ടതകളും ശണ്ഠകളും വഴക്കുകളും അസൂയകളുംകൊണ്ടു് ഇന്നും കഴങ്ങുകയാകുന്നു. ചില താണ ജാതിക്കാരെ തിരുവിതാംകൂറിന്റെ അധിക ഭാഗങ്ങളിലും ഇപ്പോഴും ഉയർന്ന ജാതിക്കാർ പട്ടിയേയോ പൂച്ചയേയോകാൾ നികൃഷ്ടസ്ഥിതിയിൽ ഭാവിച്ചുവരുന്നുണ്ടു്. ഗ്രാമങ്ങളിലെ ഇടവഴികളിൽ അവക്കു കാലുവയ്ക്കാൻ പാടില്ലെന്നു മാത്രമല്ല, പബ്ലിക് റോഡുകളിൽതന്നെ പലപ്പോഴും അവർ ഉയർന്ന ജാതിക്കാർക്കു് അതിദൂരം വഴിമാറിക്കൊടുക്കേണ്ടിവരുന്നു.

Digitized By Kerala Sahitya Akademi

'' ഈശ്വരൻ സർവപ്രാണികളുടേയും ഹൃദ്ദേശത്തിൽ സ്ഥിതിചെയ്യുന്നു '' എന്നു ജപിച്ചുകൊണ്ടു് നടക്കുന്ന ബ്രാഹ്മണൻ ആ സർവവ്യാപിയായ ചൈതന്യത്തെ സങ്കല്പിച്ചാരാധിക്കുന്ന ദേവാലയങ്ങളുടെപുറമതിലിന്റെ സമീപപ്രദേശങ്ങളിൽക്കൂടി താണജാതിക്കാരനെ ചെല്ലാനനുവദിക്കുന്നില്ല. വിദ്യാലയങ്ങളിലും മറ്റു സർക്കാർ സ്ഥാപനങ്ങളിലല്ല തന്നെ താണജാതിക്കാരുടെ പ്രവേശനതടസ്സങ്ങൾക്കു് വാസ്തവത്തിൽ പറയത്തക്ക ശമനമൊന്നും ഇപ്പോളുണ്ടായിട്ടില്ല. അന്യരാജ്യങ്ങളും അന്യജനസമുദായങ്ങളുമായി ഇടപെടുകയും പരിചയിക്കുകയും ദേശചരിത്രങ്ങളെപ്പറ്റി അറിയുകയും ചെയ്യുന്നതിനു് സംഗതിയോ കഴിവോ ഇല്ലാതിരുന്ന ഒരു കാലത്തു് എങ്ങിനെയോ വന്നുകൂടിയ ഈ വക അന്ധവിശ്വാസങ്ങളേയും ക്രൂരാചാരങ്ങളേയും ഇപ്പോഴും വച്ചുകൊണ്ടിരിക്കുന്നതിനു പരോക്ഷമായിക്കൂടിയും ആരെയും അനുവദിക്കുന്നതു ഗവർമ്മെൻറിനു ലജ്ജാവഹമായിട്ടുള്ളതാകുന്നു. ജപ്പാനിൽ നാലുകോടി ജനങ്ങളാണു് ആകെയുള്ളതു്. അതിൽ 3 കോടി 80 ലക്ഷം ജനങ്ങളും ഇൻഡ്യയിലെ താണജാതിക്കാരേക്കാൾ കഷ്ടതകളും അനുഭവിച്ചുവന്ന പല താണവർഗ്ഗക്കാരായിരുന്നു. വഴി മാറുകയോ ഉപചാരങ്ങൾ കാണിക്കയോ ചെയ്യാത്ത ആ വർഗ്ഗക്കാരെ ചമ്മട്ടി കൊണ്ടടിച്ചു തൊലി പൊട്ടിക്കയോ വാളുകൊണ്ടു ശിരച്ഛേദം ചെയ്തു കൊല്ലുകയോ ചെയ്യുന്നതുകൂടി ഒരു നാല്പതു കൊല്ലങ്ങൾക്കുമുമ്പുവരെ അവിടെ സാധാരണമായിരുന്നുവത്രെ. താണവർഗ്ഗക്കാർക്കെല്ലാം സ്വാതന്ത്ര്യം നൽകുകയും അവരെ ഉയർന്ന വർഗ്ഗക്കാരോടുകൂട്ടിക്കലർത്തി എല്ലാംകൂടി ഒരു വാഗ്വിച്ച ജനസമുദായമാക്കി ചെയ്കയും ചെയ്തതു് കഴിഞ്ഞുപോയ മെക്കാഡൊ ചക്രവർത്തിയുടെ കാലത്തു മാത്രമായിരുന്നു. ജപ്പാനു് ഇന്നു സിദ്ധിച്ചിരിക്കുന്ന മാഹാത്മ്യമെല്ലാം അതിനുശേഷം ഉണ്ടായിട്ടുള്ളതുമാകുന്നു. ഇൻഡ്യയുടെ പൊതുവിൽ ഈമാതിരി ഏതെങ്കിലും ഒരു മാറ്റം ആവശ്യപ്പെടുന്നകാലമാണിതെന്നു പറയേണ്ടതില്ലല്ലോ. ഇൻഡ്യയിൽ കേരളത്തിലെപ്പോലെ ഇത്രകഠിനമായ ജാതിശല്യം നടപ്പിലിരിക്കുന്ന സ്ഥലം വേറൊന്നുമില്ലെന്നുള്ളതു പ്രസിദ്ധമാണു്. കേരളത്തിൽ പ്രജകളുടെ സാമുദായിക കാര്യങ്ങളിൽക്കൂടി എന്തും ചെയ്വാൻ അധികാരവും ശക്തിയുമുള്ള ഒരു മഹാരാജാവു് നമ്മുടെ പൊന്നുതിരുമേനി മാത്രമാകുന്നു. തിരുമേനിയുടെ ഷഷ്ട്യബ്ദപൂർത്തി സംബന്ധിച്ചു് ടി ജാതിവഴക്കിന്റെ ശമനത്തിനായി ചിലതെല്ലാം പ്രവർത്തിക്കേണ്ടതിന്റെ ഔചിത്യത്തേയും മാറുമായി ഭാരതകേസരിയിൽ ഏതാനും ദിവസങ്ങൾക്കുമുമ്പു് ഒരു മാന്യൻ ഒരു നല്ല ലേഖനം പ്രസിദ്ധപ്പെടുത്തുകയും അതിനെ പല മാന്യ സഹജീവികളും പകർത്തുകയും ചെയ്തിരുന്നു. അതു ജനങ്ങളുടെ ഇപ്പോഴത്തെ മനോഗതിക്കു് ഒരു ശരിയായ നിദർശനമാകുന്നു.

ചുരുക്കത്തിൽ ഞങ്ങൾക്കു പറയാനുള്ളതു് ഇത്രമാത്രമാണു്. യാതൊരു കുറവും ചെയ്യാതെ അസംഖ്യം തലമുറകളായി അസ്വാതന്ത്ര്യത്തിന്റെ ഇരുട്ടുമുറികളിൽ അടച്ചിടപ്പെട്ടിരിക്കുന്ന അനേകലക്ഷം താണജാതി പ്രജകൾക്കു് ഈ സ്മരണീയമായ മംഗളസന്ദർഭം പ്രമാണിച്ചു് കരുണാനിധിയായ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു മനുഷ്യാർഹമായ ചില സാധാരണ സ്വാതന്ത്ര്യ

Digitized By Kerala Sahitya Akademi

ങ്ങളെ അനുവദിപ്പാൻ കല്പിച്ചു് ഏർപ്പാടുചെയ്യുമെങ്കിൽ അതു സെൻസസ് ജയിലിലുള്ള ജീവപര്യന്തത്തടവുകാരെ അശേഷം വിടുതൽചെയ്തു വിടുന്നതിനെക്കാളും തിരുമനസ്സിലേക്കു് വലുതായ പുണ്യവും നാട്ടിനു് വലിയ അനുഗ്രഹവുമായിരിക്കുമെന്നുള്ളതു് നിസ്സംശയമാകുന്നു. അവരുടെ അപഹൃതമായ പൗരാവകാശത്തെ തിരിയെ കൊടുപ്പാൻ കല്പനയാകുമെങ്കിൽ അതു് അസംഖ്യം ഗോദാനങ്ങളേയും ഭൂദാനങ്ങളേയുംകാൾ ശ്രേഷ്ഠമായിരിക്കുന്നതാണു്. ജാത്യന്ധകാരത്തിന്റെ നിബിഡിതയെ ശമിപ്പിപ്പാനായി തിരുമനസ്സുകൊണ്ടു് ഒരു വാക്കരുളിച്ചെയ്യുമെങ്കിൽ അതു രാജ്യം മുഴുവൻ ജാജ്വല്യമാനമായ ദീപോത്സവം നടത്തുന്നതിനെക്കാളും ഗുണകരമായിരിക്കുന്നതാണു്. തൽക്കാലം ഹിന്തുക്കളിൽ പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാർക്കു് അവർ മതം മാറിയാൽ സിദ്ധിക്കുന്നതു സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്താൽ മതി. ഈ പ്രാർത്ഥന ഒന്നുകൊണ്ടും അധികമായിപ്പോയെന്നു് ആരും വിചാരിക്കുവില്ലെന്നു വിശ്വസിക്കുന്നു. തിരുമനസ്സുകൊണ്ടു് ഒരു ഹിന്ദുരാജാവാണെന്നുള്ള പ്രത്യേകാഭിമാനംകൊണ്ടല്ല ഞങ്ങൾ ഈ അനുഗ്രഹത്തെ പ്രാർത്ഥിക്കുന്നതു്; അവിടന്നു സകല ജാതിമതസ്ഥരായ പ്രജകളേയും ഒന്നുപോലെ സ്നേഹിക്കയും അവരുടെയെല്ലാം, യോഗക്ഷേമനിർവഹണത്തിൽ ഒന്നുപോലെ ശ്രദ്ധിക്കയും ചെയ്യുന്ന ഒരുത്തമഭരണാധികാരിയാണെന്നു ഞങ്ങൾക്കു തിരുമനസ്സിലേക്കുള്ള ദൃഢവിശ്വാസംകൊണ്ടാകുന്നു.

വിവേ: 1092 മിഥുനം, കർക്കടകം.

സചിവകാണ്ഡം

ദിവാൻ വി. പി. മാധവരായർ അവർകളും, തിരുവിതാംകൂറിലെ തീയരും

10 കൊല്ലങ്ങൾക്കു് മുമ്പു്—ശങ്കരസുബ്ബയ്യർ അവർകളുടെ കാലത്താണു്—ഡാക്ടർ പല്പു അവർകളും (Treatment of Tiyas in Travancore ' തിരുവിതാംകൂർ ഗവർമ്മെൻറു് തീയരോടു് പ്രവർത്തിക്കുന്നതു്'') എന്ന തലവാചകത്തിൽ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയതു്. അതിൽ പരിഷ്കൃതരാജ്യഭരണരീതി ആരംഭിച്ചകാലം, അഥവാ സർ ടി. മാധവരായരുടെ കാലം, തുടങ്ങി ഇംഗ്ലീഷു് വർഷം 1896 വരെയുള്ള പ്രസ്തുത സമുദായത്തിന്റെ അഭ്യുദയകാംക്ഷയേയും ഗവർമ്മെൻറും മാറിമാറി വരുന്ന ദിവാൻജിമാരും അവരുടെ നേരേ ചെയ്തിട്ടുള്ള മാതൃകാരാജ്യത്തിലെ ഹൃദയശൂന്യവും സന്താനങ്ങൾക്കു ചരിത്രമുള്ള കാലംവരെ അയശസ്കരവും ആയ കൃത്യങ്ങളേയുംപറ്റി വിശദമായി വായിക്കാവുന്നതാണു്. ആ പുസ്തകം വളരെക്കാലം നിലനിന്ന ഒരു

Digitized By Kerala Sahitya Akademi

കലക്കത്തിന്റെ ഫലമായിരുന്നു. ആ കുഴപ്പമെല്ലാം കഴിഞ്ഞിട്ട് ഇപ്പോൾ 10 കൊല്ലമായി. ഇരുപതാം നൂറ്റാണ്ടിലെ 10 കൊല്ലം സാമാന്യമായിട്ടുള്ളതല്ല. ജപ്പാൻ സാമ്രാജ്യത്തിന്റെ വിശ്രുതമായ പുതിയ പരിഷ്കാരം എല്ലാം 30 കൊല്ലത്തെ പരിശ്രമഫലമാണെന്നു പറയുന്നു. മലയാളി മെമ്മോറിയലിന്റെ കാലം മുതൽ കഴിഞ്ഞ 20 കൊല്ലമായി തിരുവിതാംകൂറിൽ തീയരുടെ അഭ്യുദയത്തെ അവരുടെ ആറിവോടുകൂടിത്തന്നെ ഗവർമ്മെൻറ് നിർദ്ദയമായും ബലമായും തടഞ്ഞുവച്ചിരിക്കുന്നു എന്നുള്ളതിനെ ആർക്കും മറച്ചുകളവാൻ കഴികയില്ല. ഈ ദീർഘകാലത്തിനുള്ളിൽ അലംഘനീയമായ കാലവൈഭവം കൊണ്ടുണ്ടാവുന്നതിനെക്കാൾ അധികമായി പുരുഷയത്നം കൊണ്ടു സാധിക്കാവുന്ന യാതൊരഭിവൃദ്ധിയും അവർക്കുണ്ടാകുന്നതിനു് അതു നിമിത്തം തരമായിട്ടില്ലെന്നുള്ള വാസ്തവം ഉത്തരവാദികളായ അവരുടെ സമുദായ നേതാക്കന്മാരുടെ ഹൃദയത്തിൽ എത്ര അസ്വാസ്ഥ്യത്തെയും വ്യസനത്തെയുമാണു് ഉണ്ടാക്കുന്നതു്. സമർത്ഥനെങ്കിലും പൂർവ്വാചാരസംരക്ഷണപ്രിയനായ ശങ്കരസുബ്ബയ്യരവർകളിൽനിന്നും അവർ വളരെ ഗുണമൊന്നും പ്രതീക്ഷിച്ചില്ല. എങ്കിലും, ചില ഡിപ്പാർട്ടുമെൻറുകളും എല്ലാം അവർക്കായി തുറന്നുവയ്ക്കുകയും, ചില വാഗ്ദാനങ്ങളേക്കൊണ്ടു് അദ്ദേഹം അവരെ മോഹിപ്പിക്കുകയും ചെയ്തുവന്നു. ദിവാൻ ബഹദൂർ കൃഷ്ണസ്വാമിറാവു അവർകളും തന്റെ മുൻഗാമിയോളം ഇടുങ്ങിയ നോട്ടമുള്ള ദിവാൻജി അല്ലായിരുന്നു. അദ്ദേഹത്തിന്റെ ഭരണം തിരുവിതാംകൂറിൽ വളരെ ഒച്ചപൊങ്ങിച്ച ഒന്നല്ല. എങ്കിലും ഇവരുടെ സങ്കടത്തെ സംബന്ധിടത്തോളം അധികം ദോഷമില്ലാത്തതായിരുന്നു എന്നു പറഞ്ഞേ തീരൂ. പോലീസ് മുതലായ ചില ഡിപ്പാർട്ടുമെൻറുകളിൽ ഏതാനും ചിലർക്കു പ്രവേശം കൊടുത്തതും, പ്രത്യേകം അപേക്ഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ എല്ലാം സാമാന്യം ഊർജ്ജിതം കാണിച്ചു പ്രവേശം അനുവദിച്ചതും, എല്ലാ ഇംഗ്ലീഷ് സ്കൂളിലും പൊതുവിൽ പ്രവേശം അനുവദിച്ചിരിക്കുന്നതായി ഉത്തരവു് (അങ്ങിനെ ഒരു സകുലർ ഉണ്ടെന്നു പറയുന്നു) ഇട്ടതും; എന്നു വേണ്ട, പ്രസ്തുത സമുദായത്തിനു് ഇന്നുവരെയുള്ള മിക്കവാറും സ്വയം പ്രവേശനങ്ങളും ചില ചില്ലറ സർക്കാർ ജീവനങ്ങളും നൽകീട്ടുള്ളതും ശ്രീനാരായണധർമ്മ പരിപാലന യോഗത്തിന്റെ സ്ഥാപനത്തെത്തന്നെ അനുവദിച്ചതും അദ്ദേഹം ആകുന്നു. എങ്കിലും അദ്ദേഹത്തിന്റെ അനുഗാമിയെ ആണു് പ്രസ്തുത സമുദായം സകല സങ്കടങ്ങളുടേയും ഒരു വിധം തൃപ്തികരമായ ശമനത്തിന്നായി ആശിച്ചതു്.

യോഗ്യതയും, കാര്യശേഷിയും, മഹാമനസ്കതയുംകൊണ്ടു് വളരെ പ്രസിദ്ധനായ വി. പി. മാധവരായർ അവർകളും നമ്മുടെ ദിവാൻജിയായിട്ടു് ഇപ്പോൾ രണ്ടുകൊല്ലത്തോളമായിരിക്കുന്നു. അദ്ദേഹം നാട്ടിന്റെ സ്ഥിതിയേയും ജനങ്ങളുടെ സ്വഭാവത്തേയും വേണ്ടവണ്ണം പഠിച്ചുകഴിഞ്ഞിരിക്കുന്നു. തനിക്കു നിർബന്ധമുള്ള സംഗതികളും എത്രതന്നെ പ്രതിബന്ധങ്ങളോടുകൂടിയിരുന്നിട്ടും ധൈര്യസമേതം സാധിച്ചിരിക്കുന്നു. രാജ്യഭരണസംബന്ധമായി വലിയ മാറ്റങ്ങളെ ഉണ്ടാക്കുകയും ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു

Digitized By Kerala Sahitya Akademi

എന്നുവേണ്ട, തിരുതാംകൂറിനെപ്പോലെ പരിഷ്കൃതമായ ഒരു രാജ്യത്തിലെ ദിവാൻജിക്കുവേണ്ട സ്വാതന്ത്ര്യങ്ങളൊം എല്ലാം അദ്ദേഹത്തിനു ന്യായമായി ലഭിക്കുകയും അവയെ പ്രവൃത്തികളിൽ ഉപയോഗിക്കുകയും ചെയ്യുന്നു.

ഈ സന്ദർഭത്തിൽ ഈഴവരുടേ പ്രസിദ്ധമായ സങ്കടങ്ങളെപ്പറ്റി ഇദ്ദേഹം എന്തു ചെയ്യു എന്നുള്ള ചോദ്യത്തെ അവരിൽ പലരും ക്ഷമയില്ലാതെ തന്നെത്താൻ ചോദിച്ചു തുടങ്ങുന്നുണ്ടു്. അതേ, അവർ ഈ ദീർഘമായ രണ്ടു സംവത്സരകാലം കാത്തിരിക്കുകയും ഇതിനിടയിൽ പല നല്ല സൗകര്യങ്ങളേയും ദിവാൻജി വിസ്മരിക്കുകയും ചെയ്തു. വിദ്യാഭ്യാസ വിഷയത്തിൽ ദോഷമല്ലാതെ ഇദ്ദേഹം പറയത്തക്ക നന്മ യാതൊന്നും ചെയ്തില്ല. ഗ്രാൻറു് കുറവു ചെയ്തതിൽ ഇവരുടെ കുട്ടികളുടെ പഠിത്തത്തിനു വളരെ തടസ്ഥം നേരിട്ടു. കൃഷ്ണസ്വാമിറാവു അവർകൊം ഇവരിൽ രണ്ടു പേർക്കു വനശാസ്ത്രത്തിനും എൽ.ടി.ക്കും രണ്ടു ഗവർമ്മെൻറു് സ്കാളർഷിപ്പുകൊം കൊടുത്തു. എന്നാൽ ഇദ്ദേഹത്തോടു് ഇവരിൽ ഒരു എം.ബി. സ്റ്റുഡൻറു് സ്കാളർഷിപ്പു യാചിച്ചു ഭഗ്നാശയനായിപ്പോകയാണു് ചെയ്തതു്.

ഉദ്യോഗവിഷയത്തിൽ വല്ല ഗുണവും ചെയ്തിട്ടുള്ളതായി ഈ കാലത്തിനുള്ളിൽ യാതൊരു ദൃഷ്ടാന്തവും പറവാൻ കാണാത്തതിൽ ഞങ്ങൊം വ്യസനിക്കുന്നു. ഈ വക സങ്കടങ്ങളെ പ്രജാസഭയിൽ പ്രസംഗിക്കുകയും പല പ്രകാരേണ അവർ അപ്പോളപ്പോൊം ഗവൺമ്മെൻറിനെ അറിയിക്കുകയും ചെയ്തു കാലം പോകുന്തോറും ഉദ്യോഗമോഹവും തക്കതായ വിദ്യാഭ്യാസവും യോഗ്യതയുള്ളവരുടെ എണ്ണവും എത്ര അല്പമായിട്ടെങ്കിലും ഇവരിലും വർദ്ധിച്ചാണു വരുന്നതു്. യോഗ്യതയുണ്ടായാൽ ഉദ്യോഗത്തിനു സ്വരാജ്യം അല്ലെങ്കിൽ സ്വമതം വിട്ടു പോയേ കഴിയൂ എന്നു വരുന്നതു് ഇനിയും സിദ്ധാന്തമായി ആദരിക്കത്തക്കവണ്ണം ഭംഗിയുള്ള ഒരു നടപ്പാണോ ?

അബ്കാരിവകുപ്പു് ഏർപ്പെടുത്തിയ കാലത്തു് കൃഷ്ണസ്വാമിറാവു അവർകൊം ഇവരിൽ യോഗ്യതയുള്ള യുവാക്കന്മാർക്കെല്ലാം പെറ്റി ആഫ്സർ, ഇൻസ്പെക്ടർ മുതലായ ജീവനങ്ങൊം ധാരാളം കൊടുത്തിരുന്നു. ഇപ്പോഴത്തെ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ഇവരിൽ ഒരുത്തനെ എങ്കിലും എടുത്തിട്ടുള്ളതായി ഞങ്ങൊം അറിയുന്നില്ലെന്നു മാത്രമല്ല യോഗ്യതയുള്ളവർ അപേക്ഷപോലും അയയ്ക്കാതിരിക്കത്തക്കവണ്ണം അവരെ പല പ്രകാരത്തിൽ നിരാശപ്പെടുത്തുകകൂടി ചെയ്തിട്ടുണ്ടെന്നും അറിയുന്നു. മട്രിക്യുലേഷൻ പരീക്ഷ പാസ്സായിട്ടും ഫെയിലായിട്ടും വേറെ പണി ഒന്നും കൂടാതെ കഴുങ്ങുന്ന യുവാക്കന്മാർ ഈ സമുദായത്തിൽ വളരെ ഉണ്ടെന്നു് അദ്ദേഹത്തിനു് അറിയാം. അവർ ഓരോരുത്തരും വല്ല ഗവർമ്മെൻറു് പണി കിട്ടാൻ ശ്രമിച്ചു് വിഫലമനോരഥന്മാരായി നടക്കുകയാണു്. അവരേക്കാൊം യോഗ്യത കുറഞ്ഞ അന്യജാതീയർ സക്കാർ പണികളിൽ പ്രവേശിക്കുകയും ഇവരുടെ അപേക്ഷകൊം ഇപ്പോഴും വനരോദനമായിത്തീരുകയും ചെയ്യുന്നു. ഇതു സത്യമാണെങ്കിൽ വി. പി. മാധവറാവു

Digitized By Kerala Sahitya Akademi

അവർകളുടെ ഭരണത്തേക്കുറിച്ചു അവർക്കു് എന്താണു് തോന്നാവുന്നതു് ? പബ്ളിക്കു്വർക്കു ഡിപ്പാർട്ടുമെൻറിലു്, ഫാറസ്റ്റിലു്, യോഗ്യതയില്ലാത്ത അനേകർക്കു് പ്രവേശം നൽകുകയും, ആ വകുപ്പുകളിലേക്കു് പ്രത്യേക യോഗ്യത സമ്പാദിച്ചിട്ടുള്ള തീയരുടെ അപേക്ഷയ്ക്കു് ആഗ്രഹിക്കത്തക്കതല്ലാത്ത ഇൻഡാർസ്മെൻറുകൾ കിട്ടുകയും ചെയ്യുന്ന. അതറിഞ്ഞിട്ടും മൌനം ഭജിക്കുകയാണെങ്കിൽ അങ്ങിനെയുള്ള ദിവാൻജിയിൽനിന്നും ഞങ്ങൾ എന്താണു് പ്രതീക്ഷിക്കേണ്ടതു്. പരീക്ഷാവിജയം പോലെതന്നെ യോഗ്യതയും കാര്യശേഷിയുമുള്ള ഹൈക്കോർട്ടു വക്കീൽ മിസ്റ്റർ എം. ഗോവിന്ദൻറെ ഇപ്പോഴത്തെ നില ദിവാൻജി അവർകൾക്കു തൻറെ ഔദാര്യത്തേയും ന്യായനിഷ്ഠയേയും ഏകകാലത്തിൽ പ്രദർശിപ്പിക്കത്തക്കവണ്ണം ഉള്ള ഒരു അപൂർവ്വമായ അവസരമാണല്ലോ. അദ്ദേഹത്തിനു് ഏതെങ്കിലുമൊരു സ്പൃഹണീയമായ ഉദ്യോഗം കൊടുക്കുന്ന വിഷയത്തിൽ ജാതി മത്സരംകൊണ്ടു് പോരാടുന്ന മദ്ധ്യത്തിലും തിരുവിതാംകൂറിലെ എല്ലാ വർത്തമാനപത്രങ്ങളും അനുകൂലമായി പറഞ്ഞിട്ടുണ്ടു്. ഒരു വലിയ ജനസമുദായത്തിൻറെ നന്ദിയേയും താൻ ഭരിക്കുന്ന രാജ്യത്തിനും, രാജാവിനും, പ്രജകൾക്കും തനിക്കും ബഹുമാനത്തേയും സമ്പാദിക്കത്തക്കവണ്ണമുള്ള ഇത്ര തുറന്ന അവസരത്തെ ഗണ്യമാക്കാതെ ദിവാൻജി അവർകൾ ദീക്ഷിക്കുന്ന ഈ ദീർഘമൌനത്തെ ഞങ്ങൾ എങ്ങിനെയാണു് വ്യഖ്യാനിക്കേണ്ടതു്? ചുരുക്കത്തിൽ Treatment of Tiyas in Travancore എന്ന ഞങ്ങൾ മുൻ പ്രസ്താവിച്ച പുസ്തകത്തിൻറെ 2–ാം വാള്യത്തിനു സാമഗ്രികൾ സമ്പാദിക്കേണ്ടി വരുന്നതു് വി. പി. മാധവറാവു, സി. ഐ. ഇ. അവർകളുടെ കാലത്തായിരിക്കുമെന്നു കാണുന്നതിൽ വ്യസനിക്കുന്നു എന്നു പറഞ്ഞുകൊണ്ടു തല്ക്കാലം വിരമിക്കുന്നു.

വിവേ: 1081 വൃശ്ചികം.

മാറിപ്പോയ ദിവാൻ വി. പി. മാധവരായർ ബി. എ. സി. ഐ. ഇ. അവർകൾ

രണ്ടു കൊല്ലങ്ങളായി തിരുവിതാംകൂർ രാജ്യഭരണത്തിൽ അടുത്തു കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടില്ലാത്തവണ്ണം ഉള്ള ഒരു ഉന്മേഷവിശേഷത്തേയും ഒട്ടധികം പരിഷ്കാരങ്ങളേയും ഉണ്ടാക്കി പല പ്രകാരേണ ജനങ്ങളുടെ ഹൃദയത്തെ ഇളക്കിക്കൊണ്ടിരുന്ന യോഗ്യനും സമർത്ഥനും നീതിമാനുമായ ദിവാൻജി വി. പി. മാധവരായർ അവർകൾ കഴിഞ്ഞ മാർച്ചു് അവസാനത്തോടുകൂടി നമ്മുടെ ഇടയിൽനിന്നും പോയിരിക്കുന്നുവല്ലോ.

Digitized By Kerala Sahitya Akademi

അദ്ദേഹത്തിന്റെ നിനച്ചിരിക്കാത്ത ഈ വേർപാടിൽ തിരുവിതാംകൂറിന്നു പൊതുവിൽ ഉള്ളതിനെക്കാൾ അധികം വ്യസനവും ആശാഭംഗവും ഞങ്ങൾക്കുണ്ടു്, അദ്ദേഹത്തിന്റെ നിഷ്പക്ഷപാതമായ ഭരണത്തിൽ നമ്മുടെ സമുദായത്തിന്റെ നന്മയ്ക്കായുള്ള പല ന്യായമായ സംഗതികളെയും ഞങ്ങൾ പ്രതീക്ഷിരുന്നു. മുമ്പൊരു ലക്ഷത്തിൽ നമ്മുടെ സമുദായത്തിന്റെ നേർക്കുള്ള അദ്ദേഹത്തിന്റെ ഉപേക്ഷാസൂചകമായ നിലയെപ്പററി ഞങ്ങൾ പറഞ്ഞിരുന്നതു ശരിതന്നെ. എങ്കിലും അദ്ദേഹം ഞങ്ങൾക്കു പ്രിയമുള്ള ഒരു ദിവാൻജി ആയിരുന്നു. സ്വാർത്ഥത്തിനുവേണ്ടിയല്ല ഞങ്ങൾ അദ്ദേഹത്തെ പ്രശംസിക്കുന്നതെന്നു ഞങ്ങളുടെ പ്രതീക്ഷകളിൽ പറയത്തക്കവണ്ണം യാതൊന്നും അദ്ദേഹം സാധിച്ചിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ വേർപാടിനെ അനുതപിച്ചുയോഗത്തിൽനിന്നും കൊടുത്തിട്ടുള്ള മംഗളപത്രത്തിന്റെ സ്വഭാവത്തിലും, നമ്മുടെ സമുദായപ്രതിനിധികൾ തിരുവനന്തപുരം മുതൽ എറണാകുളംവരെ കരസ്സും കായലുകളിലുമായി വഴി മുഴുവൻ അദ്ദേഹത്തെ പല പ്രകാരത്തിൽ എതിരേൽക്കുകയും ഉപചരിക്കുകയും ചെയ്തതിൽ പ്രദർശിപ്പിച്ച സന്തോഷത്തിലും ഉത്സാഹത്തിലും നിന്നുതന്നെ ഊഹിക്കാവുന്നതാണല്ലോ. നമ്മുടെ സമുദായത്തിന്റെ ഇപ്പോഴത്തെ നിലയ്ക്കു് ന്യായനിഷ്ഠനായ ഏതു ദിവാൻജിയും നമുക്കു് ഇതുപോലെ പ്രിയനായിരിക്കും എന്നുള്ളതാണു്. ഈ സന്മാർഗ്ഗബുദ്ധി നമ്മുടെ സ്ഥിതിക്കണനുസരണമായി സ്വയമേവ വന്നുകൂടിയിരിക്കുന്നതാകുന്നു. എന്നാലും അതിനെ ഞങ്ങൾ മാനിക്കുന്നു.

വിവേ: 1081 മേടം

തിരുവിതാംകൂറിലെ വരാൻ പോകുന്ന ദിവാൻജി

ഈ സംസ്ഥാനത്തെ സംബന്ധിച്ചു് മിസ്റ്റർ രാജഗോപാലാചാരി മുതലായ പല യോഗ്യന്മാരുടേയും പേരുകൾ മുഴങ്ങിയതു് അന്തരീക്ഷത്തിൽലയിച്ചു പൊതുജനസമ്മതമുള്ള ആരെയും തിരുവിതാംകൂറിൽ ദിവാൻജിയായിവരുത്തുകയോ വാഴിക്കുകയോ ചെയ്യുന്നതിൽ അപ്രത്യക്ഷസ്ഥാനങ്ങളിൽനിന്നുപ്രബലമായ തടസ്സം നേരിടുമെന്നുള്ള ബഹുജനവിശ്വാസം അടിസ്ഥാനമില്ലാത്തതല്ല. ഭരണാധികാരത്തെ തരം കിട്ടുമ്പോൾ ഒക്കെയും ഇല്ലാത്തപ്പോൾകൂടിയും എത്ര നീചവും അലക്ഷ്യവുമായ വിധത്തിൽ കൈകാര്യം ചെയ്തുവരുന്നു എന്നുള്ളതിനു് തിരുവിതാംകൂറിൽ ദിവസംപ്രതി ദൃഷ്ടാന്തങ്ങൾ അധികപ്പെടുന്നു. ‘ മാതൃകാരാജ്യം ’ എന്നു മഹാന്മാർ സമ്പാദിച്ചു തന്നിട്ടുള്ള പേരിനെ ഇപ്പോൾ മനഃസാക്ഷിയെ വഞ്ചിക്കാതിരിക്കണമെങ്കിൽ വ്യസനപൂർവം നാം മറന്നുകളയേണ്ടി വന്നിരിക്കുന്നു. ഈ സ്ഥിതിയിൽനിന്നും തിരുവിതാംകൂറിനെ ഉദ്ധരിച്ചു് യഥാസ്ഥാനം കൊണ്ടുവരുന്നതിനു് നീതിക്കു

Digitized By Kerala Sahitya Akademi

വേണ്ടി ആത്മത്യാഗം ചെയ്യാൻ ഒരുക്കവും അസാധാരണമായ സാമർത്ഥ്യവും ശക്തിയുമുള്ള ഒരു കൈക്കല്ലാതെ കഴിയുന്നതല്ല. ഈ ഉദ്യോഗത്തിന് നാട്ടുകാരായ ഉദ്യോഗസ്ഥന്മാർക്കുള്ള യോഗ്യത എത്രതന്നെ ഗണ്യമായിരുന്നാലും ദുർഭാഗമായ കക്ഷിവിചാരത്താൽ എപ്പോഴും സംശയിക്കപ്പെട്ടതന്നെ ഇരിക്കയാണെങ്കിൽ ആ സ്വയംകൃതാനർത്ഥത്തെക്കുറിച്ച് നാം ഏറ്റവും അനുതപിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ തിരുവിതാംകൂറിലെ പ്രജകൾ മിക്കവാറും ഈസോപ്പിന്റെ കെട്ടുകഥയിലെ സമാധാനമില്ലാത്ത മാക്രികളും, മദ്രാസ് ഗവർമ്മെൻറ് അവരുടെ (Jupiter) ജൂപ്പിറ്ററും ആണല്ലോ. അതുകൊണ്ട് അവിടെനിന്നും അയയ്ക്കപ്പെടുന്ന ഭരണകർത്താക്കന്മാർ പൊടിപ്പും ഊർജ്ജിതവും ഇല്ലാത്ത മരക്കണ്ടങ്ങൾ അല്ലാത്തപക്ഷം എല്ലാം കൊത്തി വിഴുങ്ങുന്ന കൊക്കുകളായി വന്നേപ്പാൻ എളുപ്പമുള്ളതും, നാം അതിനെ സഹിക്കേണ്ടതുമാകുന്നു. അതിരിക്കട്ടെ.

നമ്മുടെ ദിവാൻജി സ്ഥാനത്തിൽ ഒടുവിൽ സ്ഥിരപ്പെട്ടതായി കാണുന്നപേർ തിരുനെൽവേലി ഡിസ്ട്രിക്ടറ് ജഡ്ജായ ദിവാൻ ബഹദൂർ എസ്. ഗോപാലാചാരി അവർകളുടേതാണല്ലോ. ആൾ നല്ലവനെന്നോ മറേറാ അല്ലാതെ ഇദ്ദേഹത്തിന്റെ ഗുണങ്ങളെക്കുറിച്ച് അത്ര അധികമൊന്നും ജനങ്ങൾ പറയുന്നില്ല. മിസ്റ്റർ രാജഗോപാലാചാരി ലോക ചരിത്രത്തിലെ മറ്റു മഹാന്മാരെപ്പോലെ അല്പകാലത്തേക്കു മാത്രമുള്ള ഐഹിക സുഖങ്ങളെക്കാൾ അനശ്വരമായ യശസ്സിനേയും പുണ്യത്തേയും ബഹുമാനിക്കുന്നുണ്ടെങ്കിലും അതിലേക്കായി തനിക്കു കിട്ടിയിരിക്കുന്ന ഈ ദുർല്ലഭമായ സൌകര്യത്തെ ശരിയായി വിനിയോഗിപ്പാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും വളരെ കഴപ്പ സ്ഥിതിയിൽ ഇരിക്കുന്ന തിരുവിതാംകൂറിലെ യോഗക്ഷേമ ഭണ്ഡാരത്തിന്റെ താക്കോൽ കൈയേൽക്കുന്നതു് വളരെ കരുതി വേണ്ടതാകുന്നു. ചുരുക്കത്തിൽ രാജ്യത്തിന്റെ ക്ഷേമം ഭൂരിപക്ഷം ജനങ്ങളുടെ ക്ഷേമമാണെന്നുള്ള ഏകനയത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതായാൽ ഇദ്ദേഹത്തിന്റെ ഭാരമേറിയ പ്രവൃത്തിയിൽ സർവ വിജയവും സിദ്ധിക്കുന്നതാണെന്നും അതിനായി ഇദ്ദേഹം മുഖ്യമായി ദൃഷ്ടിവയ്ക്കേണ്ടതു് ഗവർമ്മെൻറിന്റെ കീഴിൽ നാനാവർഗ്ഗക്കാരായ പ്രജകൾ അനുഭവിച്ചു വരുന്ന ഗുണദോഷങ്ങളെ പ്രത്യേകം കണ്ടു പിടിച്ച് കക്ഷി വഴക്കിനും അനീതികൾക്കും ഇടകൊടുക്കാതെ ന്യായവും കാലോചിതവുമായവിധത്തിൽ എല്ലാ വർഗ്ഗക്കാരെയും ഒന്നുപോലെ സ്നേഹത്തിൽ ക്രമീകരിച്ച് ജനങ്ങളുടെ പ്രീതി സമ്പാദിപ്പാൻ ആയിരിക്കണമെന്നും ഞങ്ങൾ അറിയിച്ചു കൊള്ളുന്നു.

വിഭവ : 1081 ഇടവം, മിഥുനം, കർക്കടകം

പുതിയ ദിവാൻജി

പുതിയ കൊല്ലവർഷാരംഭത്തോടുകൂടി മ. രാ. രാ. ദിവാൻ ബഹദൂർ എസ്. ഗോപാലാചാര്യർ അവർകൾ നമ്മുടെ ദിവാൻജിയായിത്തീർന്നു. അമംഗളകരമായ കർക്കടകമാസാവസാനംവരെ പ്രജാക്ഷേമ തത്പരനായ മഹാരാജാവു തിരു

Digitized By Kerala Sahitya Akademi

മനസ്സുകൊണ്ടു് അദ്ദേഹത്തിനു 'നീട്ടു' കൊടുക്കുന്ന സംഗതി നീട്ടിവച്ചിരുന്നു. എ
ങ്കിലും ആചാര്യരവർകൾ തന്റെ ഭാരമേറിയ കൃത്യത്തിനു 'നീട്ടു' വാങ്ങി സ്ഥാനാ
രോഹണം ചെയ്ത സമയം തിരുവിതാംകൂർ വായുമണ്ഡലം ശാന്തവും പ്രസന്നവും
സ്വസ്ഥവുമായിരുന്നില്ല. ക്ഷാമം, പരിതാപകരമായ നാണയക്കുഴപ്പം, പ്രജാസഭ
യുടെ മരണോന്മുഖാവസ്ഥ കണ്ടുണ്ടായ വ്യസനമിശ്രമായ ജനക്ഷോഭം, കൊട്ടാരം
ഉദ്യോഗസ്ഥന്മാരുടെ ദുഃസ്വാതന്ത്ര്യശക്തി അസാമാന്യമാംവണ്ണം പൊങ്ങാൻ
പോകുന്നു എന്നുള്ള ഉത്സാസാരത്തിന്റെ വ്യാപ്തി–ഈ അശുഭാവസ്ഥകളാകുന്നു അദ്ദേ
ഹത്തിന്റെ ആരോഹണകാലത്തെ അനുബന്ധിച്ചിരുന്നതു്. ഈ ഒരു മാസത്തെ
ഭരണം അദ്ദേഹത്തിന്റെ യോഗ്യതയെക്കുറിച്ചു് എന്തെങ്കിലും നിർണ്ണയിപ്പാൻ
അപര്യാപ്തമായിട്ടുള്ളതാണെങ്കിലും ജനങ്ങളുടെ ദുർദ്ധാരണയെ അന്യഥാകരിക്കുന്ന
ശുഭസൂചകമായ യാതൊന്നും ഞങ്ങൾക്കു് ഇതിനിടയിൽ ഇദ്ദേഹത്തിൽ കാണ്മാൻ
സംഗതി ആയില്ലെന്നുള്ള വസ്തുതയെ പ്രസ്താവിക്കുന്നതിൽ വിരോധമില്ലല്ലോ.
ചില അപ്പീൽ കേസുകൾ കേൾക്കുകയും ഉടനടൻ വിധിപറയുകയും ക്ലൃപ്ത സമയം
തന്നെ ആഫീസിൽ ഹാജരാകുകയും മറ്റു ഹജൂർ ഉദ്യോഗസ്ഥന്മാരെയും അപ്രകാ
രം ഹാജരാവാൻ പട്ടം കെട്ടുകയും ആണത്രേ ഇദ്ദേഹത്തിന്റെ അസാധാരണ നടപ
ടികൾ. ഇവയെ അടിസ്ഥാനമാക്കി ചിലർ അദ്ദേഹത്തെ സ്തുതിപ്പാൻ പുറപ്പെട്ട
കയും ചെയ്തിട്ടില്ലെന്നില്ല. എന്നാൽ തിരുവിതാംകൂറിൽ ഇപ്പോൾ ആവശ്യപ്പെ
ട്ടിരിക്കുന്ന ഒരു ദിവാൻജിക്കുവേണ്ട യോഗ്യതകളുടെ കൂട്ടത്തിൽ ഞങ്ങൾ ഇവയെ
ഗണിപ്പാൻ തയാറില്ല.

വിവേ : 1082 ചിങ്ങം

കൊച്ചിയിലെ പുതിയ ദിവാൻ

പട്ടാഭി രാമ റാവു അവർകൾക്കു പകരം കൊച്ചി ദിവാൻജിയായി നിയമി
ക്കപ്പെട്ട കുംഭകോണം സബ് കലക്ടർ മിസ്റ്റർ ആൽബ്യൻ രാജകുമാര ബാനർജി
എം. എ. ഐ. സി. എസ്. കുന്നൂരിൽ വച്ചു് ഈ മേയ് 16–ാം നു- ദിവാൻ പട്ടം
ഏൽക്കുകയും 19–ാം നു- എറണാകുളത്തു് എത്തുകയും ചെയ്തിരിക്കുന്നു. ചെറുപ്പ
ക്കാരൻ എങ്കിലും ഒരു നാട്ടുരാജ്യത്തിന്റെ പ്രധാനമന്ത്രി പദത്തെ പ്രാപിച്ചിരിക്കു
ന്ന ഇദ്ദേഹം ഒരു ബങ്കാളിയും ഇംഗ്ലന്തിൽ പോയി വിദ്യാഭ്യാസം ചെയ്തിട്ടുള്ള ഒരു
യോഗ്യനുമാകുന്നു. വിദ്യാഭ്യാസം കൊണ്ടും പരിചയം കൊണ്ടും പരിഷ്കൃത സമ്പ്ര
ദായത്തിലുള്ള ഭരണനയത്താൽ പ്രജാവിഭാഗങ്ങളെ തൃപ്തിപ്പെടുത്താനുള്ള നയം
ഇന്നതാണെന്നു് പുതിയ ദിവാൻ മനസ്സിലാക്കിയിരിക്കാനിടയുണ്ടു്. മിസ്റ്റർ
ബാനർജിയുടെ നിയമനം കൊച്ചിയിൽ പൊതുവേ അതൃപ്തിയെ ആണ ജനിപ്പി
ച്ചിരുന്നതെങ്കിലും അതു് അദ്ദേഹത്തിന്റെ കുറവല്ലായ്കയാലും അദ്ദേഹം ഇപ്പോൾ
മന്ത്രിപീഠത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുകയാലും അദ്ദേഹത്തിന്റെ ഭരണം കൊ
ച്ചി രാജ്യത്തിന്റെ വർദ്ധമാനമായ ക്ഷേമൈശ്വര്യങ്ങൾക്കു് ഉതകുന്നതായി തീരു
ന്നതിനു ഹൃദയപൂർവ്വം ആശംസിക്കേണ്ടതു് എല്ലാവരുടെയും കൃത്യമാകുന്നു. കൊ

Digitized By Kerala Sahitya Akademi

ച്ചിയിലെ താൽക്കാലിക സ്ഥിതി കൊണ്ട് അവിടത്തെ ഭരണം ഒട്ടും സുഖകരമായ ഒന്നാണെന്നു പറവാൻ പാടില്ല. കൊച്ചി രാജ്യത്തിലെ അന്തരീക്ഷത്തിൽ ന്യായവാദ പ്രസക്തിയുടേയും, സ്വാഭിപ്രായ പ്രകടനത്തിന്റേയും ബീജങ്ങൾ വ്യാപിച്ചുതുടങ്ങിയിരിക്കുന്നതിനാൽ പൊതുജനങ്ങളുടെ ഹിതത്തെ ഗണ്യമാക്കാതെ ചെയ്യുന്ന ഭരണം അവരാൽ ഒരിക്കലും അഭിനന്ദിക്കപ്പെടുന്നതല്ല. വിദ്യാഭ്യാസവും മറും കൊണ്ട് ഒരു ഉല്പതിഷ്ണുവായി വിചാരിക്കപ്പെടേണ്ട പുതിയ ദിവാൻജി വളർന്നുവരുന്ന ഈ പ്രേരണകളെ ന്യായവും, നാട്ടിനു പൊതുവെ ഗുണകരവുമായ പദ്ധതിയിൽക്കൂടി നയിക്കുവാൻ ശ്രമിക്കുമെന്നു തന്നെ ഞങ്ങൾ വിശ്വസിക്കുന്നു. ഇത്തരം പരിഷ്കൃതാശയന്മാരായ ദിവാൻജിമാരുടെ ഭരണത്തിൽ ഈഴവസമുദായത്തിനുള്ള ന്യായമായ സങ്കടങ്ങളെ അനുകമ്പയോടുകൂടി പരിഗണനം ചെയ്യുമെന്നും അവരുടെ അവകാശങ്ങളെ വേണ്ടവിധം ബഹുമാനിക്കുമെന്നും വിചാരിക്കാവുന്നതാകയാൽ മിസ്റ്റർ ബാനർജിയുടെ ഭരണത്തിൽ കൊച്ചിയിലെ ഈഴവസഹോദരങ്ങളുടെ അഭിവൃദ്ധിയും ഗണനീയമായ നിലയെ പ്രാപിക്കുമെന്നു വിശ്വസിക്കുന്നു.

വിവേ: 1082 ഇടവം

മിസ്റ്റർ ഗോപാലാചാരിയും തിരുവിതാംകൂർ ഭരണവും

മിസ്റ്റർ ഗോപാലാചാരി ദിവാൻ പീഠത്തിൽ ആരോഹണം ചെയ്തിട്ട് ഇപ്പോൾ ഒരു കൊല്ലം ആയിവരുന്നുവല്ലോ. ഈ കാലത്തിൽ മിസ്റ്റർ ആചാരിതന്റെ ഉദ്യോഗ സംബന്ധമായ കൃത്യങ്ങളെ എന്തു കണ്ടു സ്തുത്യർഹമായ വിധത്തിൽ നിർവഹിച്ചിട്ടുണ്ടെന്നു വിമർശനം ചെയ്യുന്നതിന് അദ്ദേഹത്തെ ജോലിയിൽ നിന്നും പിരിക്കുവാൻ പോകുന്നു എന്നുള്ള ശ്രുതി ഞങ്ങളെ നിർബന്ധിക്കുന്നു. മിസ്റ്റർ ഗോപാലാചാരി ഈ രാജ്യത്തെ മന്ത്രിസ്ഥാനത്തെ കൈയേറ്റ അവസരത്തിൽ ഇവിടെ അസാധാരണങ്ങളായ ഇളക്കങ്ങളൊ ക്ഷോഭങ്ങളൊ ഉണ്ടായിരുന്നില്ല. മിക്കവാറും ഗുണഭൂയിഷ്ഠവും സന്തുഷ്ടീകരവുമായിരുന്ന ഒരു ഭരണത്തിന്റെ അവസാനഘട്ടത്തിലാണല്ലോ മിസ്റ്റർ ആചാരി ഇവിടത്തെ ഭരണയന്ത്രത്തിന്റെ നേതൃത്വം കൈയേറ്റത്. പ്രജകളുടെ ക്ഷേമൈശ്വര്യങ്ങളിൽ ദൃഢപ്രതിജ്ഞയോടുകൂടി പ്രവർത്തിക്കുവാൻ വിചാരിക്കുന്ന രാജ്യതന്ത്രജ്ഞന്റെ വിവേകപൂർവങ്ങളായ കൃത്യങ്ങൾക്കു വിഘാതമായി ഒന്നുംതന്നെ തിരുവിതാംകൂറിൽ ഉണ്ടായിരുന്നില്ല. വല്ല ഗ്രഹശക്തികളുടേയും പ്രേരണ ഭരണയന്ത്രത്തെ തടയുവാൻ ഇടകൊടുക്കാതെയിരിക്കുന്നതിന് മനക്കരുത്തുള്ള ഒരു ദിവാൻജിക്കു കഴിയുന്നതാണെന്നു്, മിസ്റ്റർ മാധവരായരുടെ ചുരുങ്ങിയ കാലത്തെ ഭരണം കൊണ്ടു പ്രജകൾ ധാരാളം മനസ്സിലാക്കിക്കഴിഞ്ഞു. ഒരു സ്വതന്ത്ര ബുദ്ധിയായ ഭരണകനിന്നാവിൽനിന്നും പ്രതീക്ഷിക്കപ്പെടേണ്ട ഭരണസമ്പ്രദായം എന്താണെന്നും അവർ ധരിച്ചിരുന്നു.

ആ ഘട്ടത്തിലാണു മിസ്റ്റർ ആചാരിയുടെ പുറപ്പാടുണ്ടായത്. മിസ്റ്റർ മാധവരായർ മന്ത്രിപദത്തെ അലങ്കരിച്ച ചുരുങ്ങിയ കാലത്തിനിടയിൽ പ്രജകൾക്ക്

Digitized By Kerala Sahitya Akademi

എന്നും ഗ്രണകരങ്ങളും അദ്ദേഹത്തിന്റെ നാമത്തെ എന്നും കൃതജ്ഞതാപൂർവ്വം അനുസ്മരിപ്പിക്കുന്നതുമായ ഏതാനും വലിയ പരിഷ്കാരങ്ങളെ ഏർപ്പെടുത്തുവാൻ ഇടവന്നിരുന്നു. അതുപോലെ തന്നെ പ്രജാവിഭാഗങ്ങൾക്കു പൊതുവിൽ ഗ്രണപ്രദങ്ങളായ കാര്യങ്ങളെ നിർവ്വഹിക്കുന്നതിനു മിസ്റ്റർ ആചാരിയും ഉദ്യമിക്കുന്നതാണെന്നു ജനങ്ങൾ കരുതുവാൻ ഇടയുണ്ടല്ലോ. ഈ ആശകളെ നിറവേറുന്നവയായി പറയത്തക്കവണ്ണം ഒന്നുംതന്നെ മിസ്റ്റർ ആചാരി ചെയ്തിട്ടില്ലെന്നു പറയേണ്ടിവരുന്നതിൽ ഞങ്ങൾക്കു അനല്പമായ വ്യസനമുണ്ട്.

മിസ്റ്റർ മാധവരായരുടെ പ്രശസ്തവും യോഗ്യനായ ഒരു ഭരണകർത്താവിനാൽ അനുകരണീയവുമായ ഭരണത്തിന്റെ ശേഷമാണു് ആ സ്ഥാനത്തിൽ മിസ്റ്റർ ആചാരി വരുവാൻ സംഗതിയായതു് എന്നും നാം ഓർക്കുന്നപക്ഷം മിസ്റ്റർ ആചാരിയുടെ ഭരണത്തെക്കുറിച്ചു പൊതുവിൽ ഉള്ള അതൃപ്തി ഇത്ര വലുപ്പത്തെ പ്രാപിച്ചു കാണുന്നതിൽ ആശ്ചര്യപ്പെടാനില്ലല്ലോ. മിസ്റ്റർ കൃഷ്ണസ്വാമി രായരുടെ അടുത്ത പിൻഗാമിയായി വരുവാൻ മിസ്റ്റർ ആചാരിക്കു ഭാഗ്യമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ഭരണം ഇതിലും തൃപ്തികരമായി ജനങ്ങൾ കരുതുമായിരുന്നു.

മിസ്റ്റർ ആചാരിയുടെ ആദ്യത്തെ കടുംകയ്യായ പ്രജാസഭോപീഡനം, അദ്ദേഹത്തിന്റെ കീർത്തിപീഡനമായിട്ടാണല്ലോ പരിണമിച്ചതു്. കരുണാനിധിയായ നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു പുത്രനിർവിശേഷമായി കരുതിവരുന്ന പ്രജകളുടെ ന്യായമായ സങ്കടങ്ങളെ സാനുകമ്പം ശ്രദ്ധിച്ചു പരിഹരിക്കുമെന്നു് അവർക്കു പൂർണ്ണ ബോധമുണ്ടായിരുന്നു. പിന്നീടുണ്ടായ സംവേഗങ്ങൾ ആ ബോധത്തെ ദൃഢീകരിക്കയുമാണു് ചെയ്തിട്ടുള്ളതു്. പ്രജാസഭയുടെ സമ്മേളനാവസരങ്ങളിൽ ദിവാൻജി കാണിച്ചിട്ടുണ്ടായിരുന്ന ചാപലങ്ങളെയും ആലോചനാപൂർവകമല്ലാതെ കൊടുത്തിട്ടുള്ള മറുപടികളേയും കുറിച്ചു് അപ്പോൾ ഞങ്ങൾ പറഞ്ഞിരുന്നുവല്ലോ. നമ്മുടെ യോഗം പ്രതിനിധിയുടെ പ്രസംഗങ്ങൾക്കും, മെമ്മോറിയലിനും ദിവാൻജി പ്രജാസഭയിൽ വച്ചു പറഞ്ഞിരുന്ന മറുപടി ഞങ്ങൾ ഇതിൽ അന്നു പേർത്തിരുന്നു. ഈഴവസമുദായത്തിന്റെ ന്യായമായ ആശകളെയും പ്രതീക്ഷകളെയും ഒന്നോടെ തടയുവാൻ അന്നു ദിവാൻജി കൊടുത്തിരുന്ന മറുപടി പോലെ വേറൊന്നിനാലും സാധിച്ചിട്ടില്ല. വർക്കല മിഡിൽ സ്കൂളിനെ സംബന്ധിച്ചുണ്ടായ ഈഴവരുടെ പരാതിക്കു ഗവർമ്മെൻറിൽനിന്നും ഈയിടെ ഉണ്ടായിട്ടുള്ള മറുപടി അതിന്റെ കർത്താക്കളുടെ ഇട്ടുങ്ങിയ ബുദ്ധിക്കു് ഒരുത്തമ ദൃഷ്ടാന്തമാകുന്നതിനും പുറമേ അവരുടെ ന്യായദൃഷ്ടിക്കു പറ്റിയിരിക്കുന്ന ശോചനീയമായ അന്ധതയെ തെളിയിക്കുന്നതും കൂടി ആകുന്നു. പുതിയ വിദ്യാഭ്യാസ കാര്യദർശിയുടെ ആക്ഷേപാർഹങ്ങളായ ഉത്തരവുകളിൽ പ്രാഥമ്യത്തെ വഹിക്കുന്നതും ആ ഉത്തരവുതന്നെ ആയിരിക്കും.

മിസ്റ്റർ മാധവരായർ പൊതുഗ്രണത്തെ ഉദ്ദേശിച്ചു ചെയ്തിരുന്ന പല പരിഷ്കാരങ്ങളേയും നിശ്ചയങ്ങളേയും കീഴ്മേൽ മറിക്കുകയും, മാറ്റുകയും മറ്റും ചെയ്തിട്ടുള്ളതായി കേൾക്കുന്ന ശ്രുതി വാസ്തവമാണെങ്കിൽ അതു മിസ്റ്റർ ആചാര്യരുടെ ഇട്ടുങ്ങിയ ബുദ്ധിയുടെ ഒരു സൂചനമാണെന്നു വേണം പറയാൻ. ന്യായമായ പ്രവൃത്തി ചെയ്യുന്നല്ല ധൈര്യം സമ്പാദിപ്പാൻ വേണ്ട മിടുക്കോ മനക്കരുത്തോ ഇല്ലെ

Digitized By Kerala Sahitya Akademi

ന്നകണ്ടാൽ അന്യരുടെ പ്രവൃത്തികളെ ആക്ഷേപിക്കുന്നതിൽ കൃതാർത്ഥനാകുന്ന പരിഷ്കൃത മാനസന്മാരുടെ ലക്ഷണമല്ല. മിസ്റ്റർ ആചാരിയെ ബ്രിട്ടീഷ് സർവ്വീസിൽനിന്നും ഇവിടെ ഇറക്കുമതി ചെയ്തതുകൊണ്ട് നഷ്ടമല്ലാതെ ഈ രാജ്യത്തേക്ക് ഒരു ലാഭവുമില്ല. ഇദ്ദേഹത്തെപ്പോലെയോ ഇദ്ദേഹത്തെക്കാൾ കൂടുതലായോ സാമർത്ഥ്യത്തോടുകൂടി നമ്മുടെ ഭരണയന്ത്രത്തെ നയിക്കുവാൻ പ്രാപ്തന്മാരായ ഉദ്യോഗസ്ഥന്മാർ തിരുവിതാംകൂറിൽ ദുർല്ലഭമല്ല. ബ്രിട്ടീഷ് സർവീസിന്റെ ഉയർന്ന പടികളിൽ ഇതു കൊള്ളുന്നതാത്ത ഉദ്യോഗസ്ഥന്മാർക്ക് പ്രവേശനം കിട്ടിയതിൽ ഈ നാട്ടുകാർ അത്യധികമായി അതൃപ്തപ്പെടുന്നു. മിസ്റ്റർ ആചാരിയുടെ ഭരണം സർവത്ര ജനങ്ങളാൽ ആക്ഷേപിക്കപ്പെട്ടിട്ടുള്ളതാണ്. ജനങ്ങളുടെ ഹിതത്തെ ധിക്കരിക്കുന്നതിൽ മിസ്റ്റർ ആചാരി കാണിക്കുന്ന ആസക്തി ഗുണകരങ്ങളായ മറ്റു വല്ല കാര്യങ്ങളിലുമായിരുന്നുവെങ്കിൽ നന്നായിരുന്നു.

മിസ്റ്റർ ആചാരിയുടെ ദുർന്നയങ്ങളെയോ ചാപല്യങ്ങളെയോ കുറിച്ച് കേട്ടു മുഷിഞ്ഞിരിക്കുന്ന വായനക്കാരോട് ഇതിലധികം പറയേണ്ട അവശ്യകതയില്ലല്ലൊ. ഒരു കൊല്ലത്തിനു മുമ്പായിത്തന്നെ മിസ്റ്റർ ഗോപാലാചാരി എല്ലാ പ്രജാവിഭാഗങ്ങളുടേയും അതൃപ്തിയെ സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ വല്ലതും നാട്ടുകാർക്ക് ഗുണകരമായി അദ്ദേഹത്തിനു പ്രവർത്തിക്കുവാൻ ഇടവന്നിട്ടുണ്ടെങ്കിൽ അവ പ്രായേണ തുച്ഛവും, നിസ്സാരങ്ങളുമായിരിക്കും. പ്രജാസഭയിൽ വച്ചു പ്രതിനിധികൾ ആവശ്യപ്പെട്ടിട്ടുള്ള ഗണ്യങ്ങളായ യാതൊരു പരിഷ്കാരവും നടപ്പിൽ വരുത്തുന്നതിന് അദ്ദേഹത്തിന്റെ ദയനീയമായ പിശുക്കും യാഥാസ്ഥിതികതയിൽ ഉള്ള പ്രതിപത്തിയും വിഘാതങ്ങളായി നിന്നിരിക്കുന്നു. ഇപ്രകാരം പ്രജാവിഭാഗങ്ങളുടെ ഉന്നമനത്തിലും ആകാംക്ഷകളിലും കേവലം വിമുഖനാണെന്നു സ്വയമേവ തെളിയിച്ചിരിക്കുന്ന മിസ്റ്റർ ആചാരി മേലും ഇവിടത്തെ മന്ത്രിപദത്തിൽ സ്ഥിതിചെയ്യുന്നതു് അദ്ദേഹത്തിന്റെ ബാക്കിയുള്ള നല്ല പേരിനും നാട്ടുകാരുടെ ക്ഷേമത്തിനും ഉതകുന്നതായിരിക്കയില്ലെന്നു നിർവിവാദമാകുന്നു.

വിവേ: 1082 മിഥുനം

മിസ്റ്റർ ഗോപാലാചാരിയുടെ ഒരു സ്തുത്യർഹമായ പരിഷ്കാരം

പൊതു ജനങ്ങൾക്ക് ഗുണകരമായ ഒരു പരിഷ്കാരത്തോടെങ്കിലും തന്റെ നാമത്തെ സംഘടിപ്പിക്കണമെന്നു് മിസ്റ്റർ ആചാരിക്ക് പക്ഷേ ഒടുവിൽ തോന്നിയതിന്റെ ഫലമായിരിക്കും വനപരിഷ്കാരത്തെപ്പറ്റി ഒരു പ്രൊസീഡിംഗ്സ് ഗസറിൽ പരസ്യപ്പെടുത്തിക്കാണുന്നതു്. ഈ വിഷയം മിസ്റ്റർ മാധവരായരുടെ ഗാഢമായ പര്യാലോചനയ്ക്ക് പാത്രീഭവിച്ചിരുന്നു എന്നു് അക്കാലത്തു കേട്ടിരുന്നു. മിസ്റ്റർ ഗോപാലാചാരിയുടെ ഈ പ്രൊസീഡിംഗ്സ് ജനങ്ങൾക്ക് സർവ്വത്ര ഗുണപ്രദവും ആശ്വാസകരവുമായ ഒന്നാണെന്നുള്ളതിനു രണ്ടു പക്ഷമില്ല.

Digitized By Kerala Sahitya Akademi

7000 ചതുരശ്ര മൈലോളം വിസ്തീർണ്ണതയുള്ള തിരുവിതാംകൂറിൽ 1500 മൈൽ ഒഴിച്ചിടപ്പെട്ട വനമായിരുന്നാൽ മതിയെന്ന പല യോഗ്യന്മാരും അഭിപ്രായപ്പെട്ടിരുന്നിട്ടും ഏതാനും കൊല്ലങ്ങൾ കൊണ്ട് ഒഴിച്ചിടപ്പെട്ട വനത്തിന്റെ വിസ്തീർണ്ണത 2172 ചതുരശ്ര മൈലാക്കുകയും കൃഷി ചെയ്യപ്പെട്ട വന്നിരുന്ന വളരെ സ്ഥലങ്ങളെ റിസർവിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ദിവാൻജി ഇപ്പോൾ തീർച്ചയാക്കിയിരിക്കുന്നതു കൃഷിക്കുപയുക്തങ്ങളായ സ്ഥലങ്ങളെ കുടിയാനവന്മാർക്കു പതിച്ചുകൊടുക്കണമെന്നാണ്. തിരുവിതാംകോട്ടെ പ്രധാന തൊഴിൽ കൃഷി ആണെന്നിരുന്നാലും പ്രതിവർഷം ഇവിടത്തെ ചെലവിനു് അന്യനാടുകളിൽ നിന്നും ഭക്ഷണ സാധനങ്ങൾ വരുത്തേണ്ടിയിരിക്കുന്നതുകൊണ്ടു കൃഷിക്കു് ഉപയോഗിക്കാവുന്ന സ്ഥലങ്ങളെ ഒഴിച്ചിടാതെ കുടിയാനവന്മാർക്കു പതിച്ചുകൊടുക്കുന്നതു ഗവൺമെൻറിന്റെ കർത്തവ്യകർമ്മമാണെന്നു മിസ്റ്റർ ആചാരി സമ്മതിക്കുന്നു. അതിനാൽ വനമായി തിരിച്ചിടണമെന്നു നിർബന്ധമുള്ള സ്ഥലങ്ങൾമാത്രം റിസർവിൽ ചേർത്താൽ മതി എന്നു തീരുമാനിച്ചിരിക്കുന്നു. വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനേക്കാൾ കൃഷിക്കുപയുക്തമെന്നു കാണുന്ന സ്ഥലങ്ങൾ ഉണ്ടായിരുന്നാൽ അവയെ കുടിയാനവന്മാർക്കു പതിച്ചുകൊടുക്കണമെന്നും കാപ്പിത്തോട്ടങ്ങളിലെ ധാരമാർക്കു മലഞ്ചരിവുകളെ പതിച്ചുകൊടുത്തിട്ട് അതിനുപകരം ഉൾനാടുകളിൽ കുടിപാർപ്പുള്ള സ്ഥങ്ങൾപോലും വനമാക്കുക എന്നുള്ള സമ്പ്രദായത്തെ മേലാൽ ഉപയോഗിക്കാൻ പാടില്ലെന്നും മിസ്റ്റർ ആചാരി തീർച്ചയാക്കിയിരിക്കുന്നു.

നമ്മുടെ നാട്ടിൽ കന്നുകാലികൾക്കു വേണ്ടപോലെ മേച്ചിൽ സ്ഥലങ്ങൾ ഇല്ലാത്ത വലുതായ ന്യൂനതയെക്കുറിച്ചു പ്രജാസഭയിൽ വച്ചു പ്രതിനിധികൾ ഗവർമ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ആ സംഗതിയെക്കുറിച്ചു ദിവാൻജി വേണ്ടതായ തീരുമാനങ്ങൾ ചെയ്തിരിക്കുന്നു. മേലിൽ മേച്ചിൽ സ്ഥലങ്ങളുടെ കാര്യത്തിൽ ഗവർമ്മെൻറിന്റെ ശ്രദ്ധ ഉണ്ടായിരിക്കുന്നതാണ്. കുടിപാർപ്പുള്ള പട്ടണങ്ങളോടും ഗ്രാമങ്ങളോടും സമീപിച്ചുകിടക്കുന്ന ഭൂമികളെ മേലാൽ ഒരുത്തർക്കും പതിച്ചുകൊടുത്തു പോകരുതെന്നും അവയെ കന്നുകാലികളുടെ മേച്ചിൽ സ്ഥലമായി സൂക്ഷിക്കേണ്ടതാണെന്നും ദിവാൻജി തീർച്ചയാക്കിയിരിക്കുന്നതും അഭിനന്ദനീയം തന്നെ.

വിവേ : 1082 മിഥുനം

മിസ്റ്റർ ഗോപാലാചാരി

ഞങ്ങൾ കഴിഞ്ഞതവണ പ്രസ്താവിച്ചിരുന്നതുപോലെ മിസ്റ്റർ ഗോപാലാചാരി ഈ കർക്കടകമാസാവസാനത്തോടുകൂടി തിരുവിതാംകൂർ മന്ത്രിപദത്തിൽ നിന്നും ഒഴിഞ്ഞിരിക്കുന്നു. തിരുവിതാംകൂറിനെ വിട്ടുപിരിയുന്നതിനു മിസ്റ്റർ ആചാരിക്കു് അസാമാന്യമായ വൈമനസ്യം ഉണ്ടായിരുന്നു എന്നുള്ള ശ്രുതി എത്രകണ്ടു വാസ്തവമാണെന്നു നിർണ്ണയിക്കേണ്ട ആവശ്യകതയില്ല. ഈ വിധത്തിൽ ത

Digitized By Kerala Sahitya Akademi

നിക്കു് ഈ നാട്ടിനെ വിട്ടുപോകാൻ സംഗതിയാകുമെന്നു അദ്ദേഹം ആരംഭത്തിൽ വിചാരിച്ചിരിക്കയില്ല. യാതൊരുത്തരുടേയും അഭിപ്രായങ്ങളേയും ഉപദേശങ്ങളേയും വകവയ്ക്കാതെ അദ്ദേഹം പ്രവർത്തിച്ചുതുടങ്ങി. ഒടുവിൽ അദ്ദേഹത്തിന്റെ പ്രാപ്തിക്കുറവു് മഹാരാജാവു തിരുമനസ്സിലേക്കു ബ്രിട്ടീഷു് ഗവർമ്മെൻറിനും ബോദ്ധ്യപ്പെട്ടു. അതിന്റെ പരിണാമമായിട്ടാണു് അദ്ദേഹത്തെ തിരികെ വിളിച്ചിരിക്കുന്നതു്. ഏതായാലും മിസ്റ്റർ ആചാരിയുടെ ശേഷിച്ച സൽകീർത്തിക്കു മേലും മാലിന്യം പററാതെയിരിക്കാൻ അദ്ദേഹത്തിനു ശക്തി നൽകുന്നതിനു സർവേശ്വരനെ പ്രാർത്ഥിക്കയല്ലാതെ ഗത്യന്തരമില്ലല്ലോ.

മിസ്റ്റർ ആചാരിയുടെ ഭരണത്തിൽ നിന്നും ഒരിക്കലും വിസ്മരിക്കാൻ പാടില്ലാത്ത രണ്ടു സംഗതികൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഒന്നാമതായി തങ്ങളുടെ യോഗ്യതകളെ വേണ്ട വിധം പ്രദർശിപ്പിച്ചിട്ടില്ലാത്ത ഉദ്യോഗസ്ഥന്മാരെ ബ്രിട്ടീഷു് സർവീസിൽ നിന്നും നാട്ടുരാജ്യങ്ങളുടെ ഭരണ നേതാക്കന്മാരായി തള്ളിവിടുന്നതു ബുദ്ധിപൂർവ്വകമല്ലെന്നു ബ്രിട്ടീഷു് ഗവൺമെൻറു മനസ്സിലാക്കി. സത്യം, നീതി, സമഭാവന മുതലായ ഗുണങ്ങളെ വകവയ്ക്കാതെയും സേവയെ മാത്രം മുൻനിറുത്തിയും പ്രവർത്തിക്കുന്ന ഭരണ കർത്താക്കന്മാരുടെ അവസ്ഥ എന്തായിരിക്കുമെന്നു ഭാവി കാലത്തിലെ ദിവാൻജിമാർ ശ്രദ്ധിക്കാതിരിക്കുവാൻ പൂർവ്വം ഓർത്തിരിക്കാൻ സംഗതിയായിട്ടുള്ളതു് ഇതിന്റെ രണ്ടാമത്തെ ഫലവുമാകുന്നു. ഈ രണ്ടു സംഗതികളേയും അവരവർ ഓർത്തിരിക്കുമെങ്കിൽ മിസ്റ്റർ ആചാരിയുടെ കഴിഞ്ഞ ഭരണം ഗുണദോഷ സമ്മിശ്രമാണെന്നു സമാധാനപ്പെടാം.

വിവേ: 1082 കർക്കടകം, 1083 ചിങ്ങം

നമ്മുടെ പുതിയ ദിവാൻ

മിസ്റ്റർ രാജഗോപാലാചാരി ഈ തുലാം 8–ാംനു നീട്ടുവാങ്ങി തിരുവിതാംകൂർ മന്ത്രിപദത്തിൽ പ്രവേശിച്ചിരിക്കയാണല്ലോ. ജനങ്ങളുടെ ഹൃദയത്തിൽ ഇത്രത്തോളം ആശകളെ വളർത്തിക്കൊണ്ടു് ഇതിനുമുമ്പു് ഒരു ദിവാൻജിയും ഈ നാട്ടിലെ ഭരണ നേതൃത്വം കയ്യേററിട്ടുണ്ടെന്നു തോന്നുന്നില്ല. ഒരാളുടെ ഭൂതകാലത്തെ പ്രവൃത്തികളിൽ നിന്നും അയാളുടെ ഭാവി കാലത്തെ പ്രവൃത്തികളുടെ സ്വഭാവത്തെ നിർണ്ണയിക്കുന്നതു് സാധാരണമാണെങ്കിലും, ആ സമ്പ്രദായം എല്ലാ അവസരങ്ങളിലും അനുകരണീയമായിരിക്കയില്ലെന്നു വാദിക്കുന്നവരുണ്ടായിരിക്കാം. എങ്കിലും നമുക്കു് അനുഭവത്തിൽ ബോദ്ധ്യം വന്നിട്ടുള്ള മിസ്റ്റർ രാജഗോപാലാചാരിയുടെ ഭരണ നയത്തിൽനിന്നും അദ്ദേഹത്തിന്റെ തിരുവിതാംകൂർ ഭരണം നാട്ടിന്റെ പൊതുനന്മയ്ക്കും അദ്ദേഹത്തിന്റെ ശ്രേയോഭിവൃദ്ധിക്കും ഇടയാക്കുമെന്നു് അനുമാനിക്കുന്നതിൽ വലിയ അബദ്ധമുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല. അതിനാൽ ജനങ്ങൾ സ്വാഭാവികമായി യഥേഷ്ടം വരിച്ചിട്ടുള്ള ആശകളുടെ എണ്ണത്തിനോ വണ്ണത്തിനോ ആയി അവരെ കുറപ്പെടുത്തേണ്ടതില്ല. രാജഗോ

Digitized By Kerala Sahitya Akademi

പാലാചാരി അവർകൾ കൊച്ചിയിലെ ദിവാനായിരുന്നപ്പോൾ അവിടെ അദ്ദേഹം വരുത്തിയിരുന്ന ഉയച്ചയും അഭിവൃദ്ധിയും എത്രമാത്രമായിരുന്നുവെന്നു് അറിയാത്തവർ വായനക്കാരിൽ ഉണ്ടായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ആ മഹാൻ തന്നെയാണു് തിരുവിതാംകൂറിലേയും ദിവാൻ ആയി തീർന്നിരിക്കുന്നതു് എന്നു് അറിയുന്ന മാത്രയിൽ തന്നെ അനേകം ആകാംക്ഷകൾ ന്യായമായും ജനങ്ങളുടെ ഇടയിൽ ഉണ്ടാകാവുന്നതാണു്.

മിസ്റ്റർ രാജഗോപാലാചാരി കൊച്ചിയിലെ ദിവാൻ ആയിരുന്ന കാലത്താണു് നമ്മുടെ സ്വജനങ്ങൾക്കു് ആ സർക്കാരിൽ ഉയർന്ന ഉദ്യോഗം കിട്ടുന്നതിനിടയായതെന്നുള്ളതു് ഇവിടെ ഓർക്കേണ്ടതാണു്. മാതൃകാ രാജ്യമെന്നു് അഭിമാനിക്കുന്ന തിരുവിതാംകൂറിൽ പറയത്തക്ക യാതൊരു ഉയർന്ന ഉദ്യോഗവും നമ്മുടെ സ്വജനങ്ങൾക്കു് ഇത്രവരെ നൽകപ്പെട്ടിട്ടില്ല. തന്നിമിത്തം മിസ്റ്റർ ആചാരിയുടെ ആഗമനം തിരുവിതാംകൂറിലെ ഈഴവ സമുദായത്തിനു് പ്രത്യേകം സന്തോഷകരമാണെന്നു പറയേണ്ടതില്ലല്ലോ.

മിസ്റ്റർ രാജഗോപാലാചാരി നീട്ടുവാങ്ങി പണിയിൽ പ്രവേശിച്ചിട്ടു് ഇപ്പോൾ ഏതാനും വാരങ്ങൾ ആകുന്നു. ഇതിനിടയിൽ അദ്ദേഹത്തെക്കുറിച്ചു് ഈ പട്ടണത്തിൽ നടക്കുന്ന കോലാഹലങ്ങൾ അനേകങ്ങളാണു്. സുപ്രസിദ്ധമായി അദ്ദേഹത്തിനുള്ള വെടിപ്പും ഔർജ്ജിത്യവും പലേ പ്രകാരത്തിൽ പ്രവൃത്തിരൂപേണ ജനങ്ങൾ ധരിച്ചു കഴിഞ്ഞിരിക്കുന്നു. അലസന്മാരും അക്രമികളുമായി കാലയാപനം ചെയ്തുകൊണ്ടിരുന്ന ഉദ്യോഗസ്ഥന്മാർ എല്ലാം വല്ലാതെ പരിഭ്രമിച്ചു വശായിരിക്കുന്നു. എല്ലാ ഡിപ്പാർട്ടുമെൻറിലും ഉള്ള എല്ലാം സിൽബന്തികാരും തങ്ങളുടെ ജോലിയിൽ തൃഷ്ണയും ദിവാൻജിയിൽ അതിയായ ഭയവും ഉണ്ടായിത്തുടങ്ങിയിരിക്കുന്നു. ന്യായമായി പ്രവൃത്തി എടുക്കുന്നവർ ഒരുത്തരേയും ഭയപ്പെടേണ്ടതില്ല.

ഈ തവണത്തെ മാസിക വായനക്കാർക്കു കിട്ടുന്നതിനു മുമ്പുതന്നെ ശ്രീമൂലം പ്രജാസഭയുടെ സമ്മേളനം കഴിഞ്ഞിരിക്കും. പ്രജാസഭ വേണ്ടപോലെ ഭംഗി പിടിപ്പിക്കുവാനും ഏറ്റവും വിജയ പൂർണ്ണമാക്കിത്തീർക്കുന്നതിനും ദിവാൻജി അവർകൾ ശ്രമങ്ങൾ ചെയ്യുന്നതു സന്തോഷാവഹം തന്നെ. ഏതായാലും തിരുവിതാംകൂർ നിവാസികളുടെ ദുരദൃഷ്ടം ഒരു വിധം നീങ്ങി എന്നു കാണുന്നതു് ആശ്വാസകരം തന്നെ.

വിവേ: 1083 തുലാം.

ദിവാൻജി അവർകൾ മടങ്ങി വന്നു.

കഴിഞ്ഞ രണ്ടുമാസമായി അവധിയെടുത്തു മദ്രാസിൽ പോയിരുന്ന നമ്മുടെ ദിവാൻജി രാജഗോപാലാചാരി അവർകൾ ഈ മിഥുനം 25-ാം നു മടങ്ങി എത്തി ചാർജ്ജേറ്റിരിക്കുന്നു. ഇദ്ദേഹം അവധിയിലായിരുന്നപ്പോൾ തിരിയെ

Digitized By Kerala Sahitya Akademi

വരുന്നതിനെപ്പററി സംശയകരമായിരുന്ന പല കേൾവികളും ഇവിടെ ബലമാ
യി നടന്നിരുന്നു. ഭാഗ്യവശാൽ ആ കേൾവി ഇപ്പോൾ അസ്ഥാനത്തിലായത്രേ
ഇദ്ദേഹത്തിന്റെ പുനരാഗമനത്തിലും ഞങ്ങൾ നിർവ്യാജം അനുമോദിക്കുന്നു.
കൊച്ചിയിൽ എന്നപോലെ തിരുവിതാംകൂറിലും ഈഴവക്കു് സർക്കാരുദ്യോഗ
സംബന്ധമായി ആദ്യം വഴിതുറന്നുവച്ചതു് ഈ മഹാന്റെ കൈയാണെന്നുള്ള വസ്തു
ത ഞങ്ങൾക്കു് ഒരിക്കലും വിസ്മരിക്കത്തക്കതല്ല. എന്നാൽ ഇദ്ദേഹം താമസി
യാതെ ജോലിവിട്ടു തിരിയെ പോകേണ്ടി വരുമെന്നു് വിണ്ടും ഒരു സംസാരം
ഉള്ളതായി അറിയുന്നു. ഇതിലും വാസ്തവം ഉള്ളതായി വിചാരിക്കുന്നില്ലെങ്കിലും
പക്ഷെ ഉണ്ടായിരിക്കാമെങ്കിൽ അദ്ദേഹത്തിന്റെ വിയോഗത്തിൽ വ്യസനിക്കു
ന്നവർ തിരുവിതാംകൂറിൽ മുഖ്യമായും തീയരായിരിക്കും എന്നാണ ഞങ്ങളുടെ വി
ശ്വാസം. തിരുവിതാംകൂറിലെ ഭരണ സംബന്ധമായ ഇപ്പോഴത്തെ നിലയ്ക്കു
തുല്യ യോഗ്യതയുള്ള ഒരാളെ മന്ത്രിസ്ഥാനത്തിൽ നമ്മുടെ മഹാരാജാവു തിരു
മനസ്സിലെ ഗവർമ്മെൻറിനു നൽകാതെ മദ്രാസ് ഗവർമ്മെൻറ് ഇദ്ദേഹത്തെ
തിരിയെ വിളിക്കുമോ?

വിവേ : 1084 മിഥുനം

തിരുവിതാംകൂർ ദിവാൻജി

ദിവാൻ ബഹദൂർ പി. രാജഗോപാലാചാരി എം. എ. ബി.എൽ., സി
ഐ. ഇ. അവർകൾ തിരുവിതാംകൂറിൽ നിന്നു് ഉടനെ പോകുന്നതായി പല
സഹജീവികളും പ്രസ്താവിക്കയും മറിച്ചു വിചാരിപ്പാൻ തോന്നാത്തവണ്ണം ബലവ
ത്തായ സംസാരം നാടെങ്ങും പരക്കുകയും ചെയ്യുന്നു. യോഗ്യനായ ഈ മന്ത്രി വര
ന്റെ സാമർത്ഥ്യ മേറിയ ഭരണത്തേയും ജനങ്ങളുടെ പൊതു നന്മയിൽ അദ്ദേഹ
ത്തിനു സഹജമായുള്ള അഭിനിവേശത്തേയും മുൻനിർത്തിയുള്ള അദ്ദേഹത്തിന്റെ
സ്തുത്യർഹങ്ങളായ പല പ്രവൃത്തികളേയും ശാഠ്യത്താൽ തെററിദ്ധരിക്കയും തെററി
ദ്ധരിപ്പാൻ ശ്രമിക്കയും ചെയ്തുകൊണ്ടു ചില പത്രങ്ങളും ലേഖകന്മാരും അദ്ദേ
ഹത്തിന്റെ ഭാവഗത്തിലുള്ള വേർപാടിനെ ആശംസിക്ക കൂടിയും ചെയ്തുകാണുന്നും
മാന്യ നിലയിൽ നടത്തപ്പെടുന്നതെന്നു തോന്നുമാറുള്ള അപൂർവ്വം ചില സഹജീവി
കൾക്കു് അദ്ദേഹത്തിന്റെ ഗുണഗണങ്ങളെ കാണുന്ന വിഷയത്തിൽ തീരാത്ത
തിമിരവ്യാധിയും ദോഷങ്ങളെ പുലമ്പുന്ന വിഷയത്തിൽ ഉന്മാദവും പിടിപെട്ടി
രിക്കുന്നോ എന്നും തോന്നും. മനുഷ്യന്റെ സ്വഭാവം സ്വാർത്ഥപരതയാൽ ആവി
ലമായിരിക്കുന്ന കാലത്തോളം ആ സ്വഭാവത്തെയും വിശേഷിച്ചു് ഇവിടെയുള്ള
ജാതിമത വ്യവസ്ഥകളേയും താങ്ങി, ഭിന്നരുചികളായിരിക്കയും, അതോടുകൂടി
ത്തന്നെ പുതിയ വിദ്യാഭ്യാസത്തിലും നാഗരികതയിലും വേഗത്തിൽ മുമ്പോട്ട
കയറിവരികയും ചെയ്യുന്ന ഒട്ടനേകലക്ഷം ജനങ്ങളുടെ ഭരണ നിർവഹണം സുക
രമായ ഒന്നല്ലെന്നു പറയേണ്ടതില്ലല്ലോ. കൃത്യനിഷ്ഠയോടെ ആ ദുർഭര കൃത്യത്തെ
വഹിച്ചുകൊണ്ടിരിക്കുന്ന ഒരാളിൽ അദ്ദേഹം എത്രതന്നെ യോഗ്യനായാലും ഭിന്നാ

Digitized By Kerala Sahitya Akademi

ഭിപ്രായം ഉണ്ടാകാതിരിക്കുന്നതു സഹജമാണോ ? എന്നാൽ അഭിപ്രായഭേദത്തിനും ദുഷ്ടവിചാരത്തിനും തമ്മിൽ വലിയ അന്തരമാണുള്ളതു്. നമ്മുടെ ദിവാൻ രാജഗോപാലാചാരി അവർകളേയും അദ്ദേഹത്തിന്റെ നടത്തയേയും പ്രവൃത്തികളേയും പററി സമയത്തിലും അസമയത്തിലും ദോഷാരോപണം ചെയ്തിട്ടതന്നെ മോക്ഷം പ്രാപിപ്പാൻ നോമ്പെടുത്തു പുറപ്പെട്ടിരിക്കുന്ന ചിലർ ഈ ഒടുവിൽ പറഞ്ഞ മനോദോഷത്താലാണു് അധികം പ്രേരിതമായിരിക്കുന്നതെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. സ്വകാര്യ വൈരത്തിനോ സ്വാർത്ഥമായ വല്ല അനുചിത വിചാരങ്ങൾക്കോ അടിമപ്പെടാതെ സമർത്ഥനും യോഗ്യനുമായ ഈ ദിവാൻജിയെപ്പററി ചീത്തപറവാനും സദുദ്ദേശ്യങ്ങളോടുകൂടിയ അദ്ദേഹത്തിന്റെ പ്രവൃത്തികളെ ആകമാനം ദുഷിപ്പാനും ഒരാൾക്കു സാധ്യമാണോ ? നമ്മുടെ രാജ്യത്തിന്റെയും ജനങ്ങളുടേയും ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി തന്റെ അസാധാരണമായ ബുദ്ധിശക്തിയും പാണ്ഡിത്യവും സുസമ്മതമായ സാമർത്ഥ്യവും അശ്രാന്തമായി വ്യയം ചെയ്തു് അഞ്ചുകൊല്ലമായി നമ്മെ ഭരിച്ചുകൊണ്ടുപോരുന്ന ഒരു മഹാന്റെ വരാൻ പോകുന്ന വേർപാടിൽ നാം ഹൃദയപൂർവം അനുതപിക്കേണ്ടതിനുപകരം അതിനെ അനുമോദിക്കയോ ആശിക്കുകയോ ആണെങ്കിൽ മനുഷ്യന്റെ കൃതഘ്നതയ്ക്കു് അതിനേക്കാൾ ദൂരം പോവാൻ കഴിയുമോ ? ആകപ്പാടെ നോക്കിയാൽ രാജഗോപാലാചാരി അവർകളേക്കാൾ പലതുകൊണ്ടും യോഗ്യനായ ഒരു ആൾ തിരുവിതാംകൂർ ദിവാൻ പദത്തെ എപ്പോഴെങ്കിലും അലങ്കരിച്ചിട്ടുണ്ടോ എന്നു ഞങ്ങൾക്കു സംശയമാണു്.

ഇദ്ദേഹത്തിനു ശേഷം ഈ സ്ഥാനത്തെ പൂരിപ്പിക്കത്തക്ക യോഗ്യനായ ഒരു പിൻഗാമി അത്ര സുലഭമല്ലെന്നുമാണു് ഞങ്ങളുടെ വിശ്വാസം. ഇതു പ്രജാക്ഷേമ തല്പരനും അഗാധ ബുദ്ധിയുമായ മഹാരാജാവു തിരുമനസ്സിലേക്കു് മറെറല്ലാവരെക്കാളും ബോദ്ധ്യമായിരിക്കാവുന്ന സംഗതിയാണു്. അതുകൊണ്ടു് അവിടന്നു് ഈ വിഷയത്തിൽ ഏററവും ഉചിതമാംവണ്ണം പ്രവർത്തിക്കുമെന്നുതന്നെ വിചാരിക്കേണ്ടതാകുന്നു. ദിവാൻജി അവർകളുടെ ഗുണങ്ങളെപ്പററി ഞങ്ങൾക്കു വിശേഷാൽ പലതും പറയേണ്ട വലുതായ കടമയുണ്ടു്. അതു ഞങ്ങളുടെ വഴിയേ ചെയ്യുന്നതാകുന്നു. ഇദ്ദേഹത്തിനു് താൻ പ്രജകളുടേയും രാജ്യത്തിന്റെയും സ്ഥിതിയേപ്പററി ഇവിടെ സമ്പാദിച്ചിരിക്കാവുന്ന സാരമായ അറിവുകളും അവരുടെ ഗുണത്തിനായി ഉപയോഗപ്പെടുത്തുവാനുള്ള ഉദ്യോഗ കാലാവധി ദീർഘിപ്പിക്കാൻ തിരുമനസ്സിലെ ദയയുണ്ടായി വേണ്ടതു പ്രവർത്തിച്ചെങ്കിൽ ഭാഗ്യമായി എന്നുമാത്രം പറഞ്ഞുകൊണ്ടു തൽക്കാലം വിരമിക്കുന്നു.

വിവേ : 1087 മിഥുനം, കർക്കടകം

തിരുവിതാംകൂർ ദിവാൻജി അവർകൾ

ഈ തലവാചകത്തിൽ ഞങ്ങൾ ഇതിനുമുമ്പു് (3–ം 4–ം ലക്കങ്ങളിൽ) പ്രസിദ്ധപ്പെടുത്തിയ ലേഖനം വായനക്കാർ ഓർമ്മിക്കുമെന്നു വിശ്വസിക്കുന്നു. നമ്മുടെ ദിവാൻ രാജഗോപാലാചാരി അവർകൾക്കു് ഈ നാട്ടിലെ ജനങ്ങളുടെ

Digitized By Kerala Sahitya Akademi

സ്ഥിതിയേയും ആവശ്യങ്ങളേയും പററി സിദ്ധിച്ചിട്ടുള്ള അറിവുകൾ നാട്ടുകാരുടെ സ്ഥിരമായ ഗുണത്തിനു് ഉപയുക്തമാകത്തക്കവണ്ണം വിനിയോഗിപ്പാൻ വേണ്ട സമയം അദ്ദേഹത്തിനു് മഹാരാജാവു തിരുമനസ്സുകൊണ്ടു് കല്പന നൽകണമെന്നായിരുന്ന ഞങ്ങൾ അതിൽ അവസാനമായി പ്രാർത്ഥിച്ചിരുന്നതു്. ഈ പ്രാർത്ഥന മിക്കവാറും ഫലിച്ചിരുന്നതായി കാണുന്നതിൽ ഞങ്ങൾക്കു ചാരിതാർത്ഥ്യമുണ്ടു്. രാജഗോപാലാചാരി അവർകൾക്കു് അധികനാൾ നമ്മുടെ ദിവാൻജി ആയിരിക്കുന്നതുകൊണ്ടു് പ്രത്യേക ഗുണമൊന്നും വരാനില്ലെന്നും നേരേമറിച്ചു് അദ്ദേഹത്തിനു ബ്രിട്ടീഷു് സർവീസിൽ കിട്ടേണ്ട ന്യായമായ കയററങ്ങൾക്കും അവകാശങ്ങൾക്കും അവിടെ നിന്നുള്ള ഈ ദീർഘമായ വേർപാടു് ഒരു വിധം തടസ്സമാണെന്നും കൂടി നിഷ്പക്ഷപാതമായി ആലോചിച്ചാൽ ആർക്കും അറിയാവുന്നതാണു്. എവിടെ ആയാലും സമസ്തഷ്ടങ്ങളിൽ ഏറിയ കൂറിനു തന്റെ ജീവിതം ഉപയോഗപ്പെടണമെന്നു മാത്രമുള്ള ഉദാരമായ ഉദ്ദേശത്തോടുകൂടിയ ഇദ്ദേഹത്തെപ്പോലുള്ള മഹാന്മാർ അവരുടെ പ്രവൃത്തികളെ തങ്ങളുടെ ബുദ്ധിശക്തിയും ശരീര ബലവും അനുവദിക്കുന്ന കാലം വരെ ചെയ്യുകൊണ്ടുതന്നെ ഇരിക്കും. അവർ എപ്പോഴും ബലഹീനരുടെയും അന്ധകാരത്തിൽ കിടക്കുന്നവരുടെയും കരുണയേറിയ ബന്ധുക്കളായിരിക്കും. സ്വാർത്ഥപരാരായ ബലവാന്മാർ ചെയ്യുന്ന ആക്ഷേപങ്ങളെ ഗണ്യമാക്കുകയോ ശ്രദ്ധിക്കുകയോ ഭയപ്പെടുകയോ ചെയ്കയില്ല. എന്തുകൊണ്ടെന്നാൽ അവർ പ്രകൃത്യാ ധീരന്മാരും ഉൽകൃഷ്ടമായ ഉദ്ദേശത്താൽ പ്രേരിതരുമാകുന്നു. രാജഗോപാലാചാരി അവർകളെക്കുറിച്ചു് ഞങ്ങൾ സൂചിപ്പിച്ച യഥാർത്ഥമായ ബഹുമാനത്തെപ്പററി ചില മാന്യ പത്രങ്ങളും ഞങ്ങളുടെ സമുദായ നേതാക്കന്മാരിൽ പലരും അഭിനന്ദിച്ചിട്ടുള്ളതായി ഞങ്ങൾക്കറിയാം. ഇദ്ദേഹത്തിന്റെ ഭരണത്താൽ തിരുവിതാംകൂറിനു നിത്യമായി വന്നു കൊണ്ടിരിക്കുന്ന ഗുണഗണങ്ങളിൽ പലതിനെയും പററി ഞങ്ങൾ യഥാവസരം ഈ കാളങ്ങളിൽ പ്രസ്താവിക്കുന്നതാകുന്നു.

വിവേ: 1088 വൃശ്ചികം.

ഞങ്ങളുടെ പുതിയ ദിവാൻജി

മ. രാ. രാ. എം. കൃഷ്ണൻ നായർ ബി. എ. ബി. എൽ. അവർകൾ മഹാരാജാവു തിരുമനസ്സിലെ മന്ത്രിസ്ഥാനത്തിൽ പ്രവേശിച്ച സന്തോഷവാർത്തയിൽ ഞങ്ങൾ ഹൃദയപൂർവം അനുമോദിക്കുന്നു. സമർത്ഥനും യോഗ്യനും വിശാല ഹൃദയനുമായ രാജഗോപാലാചാരി അവർകളുടെ ഒഴിവിനു മറാരെക്കാളും കൃഷ്ണൻ നായരവർകളാണു് നിയമിക്കപ്പെടാൻ അർഹനെന്നുള്ള ഞങ്ങളുടെ അഭിപ്രായവും ആശംസയും ഇതിനു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുള്ളതാണു്. തിരുവിതാംകൂറിലെ ജനങ്ങളുടെ നാനാപ്രകാരത്തിലുള്ള സ്ഥിതികളും, ആകാംക്ഷകളും, നോട്ടങ്ങളും അവരുടെ ശക്തിയും സാമാന്യനായ ഏതു ഭരണതന്ത്രജ്ഞനേയും അധൈര്യപ്പെടുത്താൻ മതിയായവയാണെന്നുള്ളതു രഹസ്യമല്ല. എന്നാൽ കൃഷ്ണൻ നായർ അവർകൾക്കു് അതിൽ അത്ര അധൈര്യപ്പെടേണ്ട ആവശ്യകതയില്ല. അദ്ദേഹം ഒരു

Digitized By Kerala Sahitya Akademi

വിദേശീയനല്ല. ജനങ്ങളുടേയും നാട്ടിന്റേയും സ്വഭാവത്തെപ്പറ്റി അദ്ദേഹത്തിന പഠിക്കേണ്ടതായി അധികമൊന്നും കാണുകയില്ല. വിശേഷിച്ച് അദ്ദേഹം നല്ല ബുദ്ധിസാമർത്ഥ്യവും മനോഗ്രണവും ഉള്ള ആളാണെന്നു് ഇപ്പോഴത്തെ എല്ലാവർക്കും സമ്മതമാണു്. അതുകൊണ്ടു് അദ്ദേഹത്തിന ജനങ്ങളുടെ സ്നേഹവിശ്വാസങ്ങളെ സമ്പാദിക്കാൻ സ്വഭാവേന തന്നെ വലിയ സൗകര്യമാണുള്ളതു്.

ചുരുക്കിപ്പറഞ്ഞാൽ ജനരഞ്ജനയുണ്ടാവാൻ ഒന്നേ നോക്കേണ്ടതുള്ളു. ഭിന്ന വർഗ്ഗക്കാരുടെ ഭിന്ന കാര്യങ്ങളെ പക്ഷപാതശങ്കയ്ക്കും പരസ്പരം അസൂയ്ക്കും ഇടകൊടുക്കാതെ സംരക്ഷിക്കുന്ന ഒരു നയം. ഇക്കാലത്തെ ഒരു ഭരണാധിപന്റെ യോഗ്യതയുടെ ഉരകല്ലുതന്നെ പക്ഷേ അതായിരിക്കും. നീതിന്യായവകുപ്പിലെ അദ്ധ്യക്ഷന്റെ നിലയിൽനിന്നു് ഭരണാദ്ധ്യക്ഷന്റെ സ്ഥാനത്തേക്കു കയറ്റംകിട്ടിയ കൃഷ്ണൻ നായരവർകൾക്കും ഈ ഗ്രണവും സ്വതേ ഉണ്ടായിരിക്കുമെന്നുള്ളതു് ഊഹ്യവുമാണു്. വിശേഷിച്ചു മേല്പറഞ്ഞ നയം അദ്ദേഹം പുത്തനായി സൃഷ്ടിക്കേണ്ട ആവശ്യകത തന്നെ ഇല്ല. സമർത്ഥനായ അദ്ദേഹത്തിന്റെ മുൻഗാമി യാതൊരു ദോഷശങ്കയ്ക്കും അവകാശമില്ലാത്തവിധത്തിൽ ആ നയത്തിന്റെ പ്രാരംഭകൃത്യങ്ങളെല്ലാം പൂർത്തിയാക്കിയിരിക്കുന്നു. ഇദ്ദേഹം അതിനെ ഹൃദയപൂർവം പിന്തുടർന്നാൽ മതി. ഈ പിൻതുടർച്ചയിലുള്ള നിഷ്കർഷത്തിലായിരിക്കും കൃഷ്ണൻ നായരവർകളുടെ ഭരണത്തിന്റെ വിജയം അധികം ആശ്രയിച്ചിരിക്കുന്നതു്. രാജ്യഭരണ സംബന്ധമായി പൊതുവിൽ എല്ലാവരേയും ബാധിക്കുന്ന സംഗതികളുടെ ഗ്രണദോഷങ്ങളും എന്തുതന്നെ ആയിരുന്നാലും ജനങ്ങളും അതിനെപ്പറ്റി അത്രയൊന്നും ചിന്തിക്കാറില്ല.

വാസ്തവം പറഞ്ഞാൽ തിരുവിതാംകൂറിലും കൊച്ചിയിലും ഭരണാധികാരികളും വെളിയിൽ നിന്നു വരണമെന്നാണു പൊതുജനങ്ങളുടെ ഉള്ളിലുള്ള ആശംസ. കാരണമെന്തു്? പഠിപ്പോ യോഗ്യതയോ ശ്രേഷ്ഠിയോ ഉള്ളവർ മലയാളികളുടെ ഇടയിൽ ഇല്ലാഞ്ഞിട്ടാണോ? ഒരിക്കലുമല്ല; അങ്ങനെയുള്ള സംഗതികളിൽ ആരോടും കിട നില്ക്കുന്നതിനു വേണ്ട എത്രയോ യോഗ്യന്മാരെ നമുക്കു് ഇവിടെനിന്നു തിരഞ്ഞെടുപ്പാൻ കഴിയും. പിന്നെന്തു്— ഒരു അയോഗ്യത? കേരളത്തിലെ കാറ്റു തട്ടീട്ടുണ്ടെങ്കിൽ സ്വാർത്ഥതയും വർഗ്ഗപക്ഷപാതവും വിട്ടൊഴികയില്ലെന്നുള്ള പൊതുജന വിശ്വാസത്തിൽ അടങ്ങിയിരിക്കുന്ന ഒരു അയോഗ്യത. അതുകൊണ്ടുമാത്രമാണു നാം പരദേശികളെ തേടുന്നതും അവരുടെ ഭരണത്തിൻകീഴിരിപ്പാൻ ഇഷ്ടപ്പെടുന്നതും. അതുകൊണ്ടാണു് അവർ ഇപ്പോഴും നമ്മുടെ യജമാനന്മാരാകുന്നതും നമ്മുടെ പണം അതിത്തി മല കഴിഞ്ഞു കിഴക്കോട്ടു പോകുന്നതും. പക്ഷേ എല്ലാ നിയമങ്ങൾക്കും വ്യത്യസ്തമുണ്ടു്. ഈ നിയമത്തിനു നിശ്ചയമായും വ്യത്യസ്തമുണ്ടാവാം. വിശേഷിച്ചു കൃഷ്ണൻ നായർ അവർകളെപ്പോലെ സ്വദേശാഭിമാനമുള്ള ഒരാൾ മേല്പറഞ്ഞ ന്യൂനതയെ അല്പങ്കിൽ അപവാദത്തെ പരിഹരിപ്പാൻ വേണ്ടതൊക്കെ പ്രവർത്തിക്കയില്ലേ? അതിനു വേണ്ട യോഗ്യതയും അറിവും സൗകര്യവുംഎല്ലാം അദ്ദേഹത്തിനുണ്ടു് ധൈര്യവും ഉണ്ടെന്നതന്നെ ഞങ്ങൾ വിചാരിക്കുന്നു. ഇതിൽ വിജയം നേടിയാൽ നമ്മുടെ പുതിയ ദിവാൻജി തന്റെ ചാരമേറിയ ഉത്തരവാദത്തെ തന്റെ മനസ്സാക്ഷിക്കും മഹാരാജാവു തിരുമനസ്സിലേയും അവിടത്തെ കാരുണ്യത്തിനു് ഒന്നുപോലെ പാത്രമായ സകല പ്രജകളുടേയും

Digitized By Kerala Sahitya Akademi

വിശ്വാസത്തിന് അനുരൂപമായ വിധത്തിൽ നിർവഹിച്ചതായി നിശ്ചയമായും വിചാരിക്കാം. അങ്ങിനെ ആയാൽ അദ്ദേഹത്തിന്റെ ഭരണം ഒരു പൂർണ്ണ വിജയമായി കലാശിക്കുന്നതിനു പുറമേ തന്റെ ദൃഷ്ടാന്തത്താൽ നാട്ടുകാരായ നമുക്കു് നമ്മിൽതന്നെ വിശ്വാസമുണ്ടാക്കുന്നതായ ഏറ്റവും വലിയ ഒരു കാര്യംകൂടി അദ്ദേഹം ചെയ്തതായിരിക്കും. ലോക നിയന്താവ് അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ.

വിവേ : 1089 മേടം, ഇടവം

ദിവാൻ ബഹദൂർ പി. രാജഗോപാലാചാരി അവർകൾ

ദിവാൻ ബഹദൂർ പി. രാജഗോപാലാചാരി അർകളെ മദ്രാസ് ഗവർണ്ണവരുടെ ആലോചനാസഭയിൽ ഒമ്പറായി നിയമിച്ചിരിക്കുന്നതു കേരളത്തിലെ തീയക്കു് ഒന്നുപോലെ അത്യന്തം സന്തോഷ ജനകമായ ഒരു സംഗതിയാകുന്നു. അദ്ദേഹം കൊച്ചിയിലും തിരുവിതാംകൂറിലും ദിവാൻജി ഉദ്യോഗം ഭരിച്ച അവസരങ്ങളിൽ ഈ വർഗ്ഗക്കാർക്കു ചെയ്ത അസാധാരണ സഹായവും പ്രോത്സാഹനങ്ങളും ഈ സമുദായത്തിനു് ഒരിക്കലും മറക്കുത്തക്കവയല്ല. ഉദ്യോഗം കഴിഞ്ഞു് ഈ പശ്ചിമതീരത്തുനിന്നു പോയശേഷവും ആ മഹാശയൻ ഈ വർഗ്ഗക്കാരുടെ അഭിവൃദ്ധിയെപ്പറ്റി പ്രത്യേകം അന്വേഷിക്കാറുണ്ടെന്നുള്ള വസ്തുത അദ്ദേഹത്തിനു് അധഃകൃതവർഗ്ഗക്കാരോടുള്ള അസാമാന്യമായ അനുകമ്പയേയും അദ്ദേഹത്തിന്റെ യഥാർത്ഥമായ ഹൃദയവിശാലതയേയും വിളിച്ചുപറയുന്നതാകുന്നു. കഴിഞ്ഞ കൊല്ലം യൂറോപ്പിൽ പോയി മടങ്ങിവരുമ്പോൾ ജർമ്മൻകാർ കപ്പൽ മുക്കി അപകടം സംഭവിച്ചിട്ടുപോലും ഈശ്വരാനുഗ്രഹത്താൽ രക്ഷപ്പെട്ടുപോന്നു് ഇന്നു് ഈ ഉന്നത പദവിയെ പ്രാപിച്ചിരിക്കുന്ന നമ്മുടെ രാജഗോപാലാചാരി സ്വാമി അവർകൾ ഇതിനേക്കാൾ ഉയർന്ന ബഹുമതിയോടും ഐശ്വര്യാരോഗ്യങ്ങളോടും കൂടി ഏറിയകാലം ജീവിച്ചിരിപ്പാൻ ഈശ്വരൻ ഇടയാക്കട്ടെ എന്നു ഞങ്ങൾ ഹൃദയപൂർവം പ്രാർത്ഥിച്ചുകൊള്ളുന്നു. ഞങ്ങളുടെ പ്രിയ സഹജീവിയായ 'മിതവാദി' അദ്ദേഹത്തെപ്പറ്റി പറയുന്ന കൂട്ടത്തിൽ ഇങ്ങനെ എഴുതുന്നു : ''അദ്ദേഹത്തിന്റെ ഓർമ്മസ്സായി വല്ലതും പ്രവർത്തിപ്പാൻ ഇതുവരെ നമ്മെക്കൊണ്ടു സാധിക്കാത്തതിനെപ്പറ്റി ലജ്ജിക്കയെല്ലാതെ നിവൃത്തിയില്ല.'' എത്ര ശരിയാണതു് !!

വിവേ : 1092 മകരം, കുംഭം

ദിവാൻ കൃഷ്ണൻ നായർ

തിരുവിതാംകൂർ ദിവാൻ ബഹദൂർ എം. കൃഷ്ണൻനായർ അവർകൾ ഈ മാസം 25 നു് ഉദ്യോഗത്തിൽ നിന്നു് ഒഴിയുന്നതായി തീർച്ചപ്പെട്ടിരിക്കുന്നു

Digitized By Kerala Sahitya Akademi

ഇദ്ദേഹം ഭരണം കയ്യേറു നടത്തിയ ആറുകൊല്ലവും മിക്കവാറും വിസ്മരിക്കാൻ പാടില്ലാത്ത ലോകഭയങ്കരമായ കഷ്ടകാലം തന്നെയായിരുന്നു. എന്നിട്ടും അ ദ്ദേഹത്തിന്റെ ഭരണം ജനക്ഷേമംകൊണ്ടും കോശസ്ഥിതികൊണ്ടും പൊതുവിൽ സ്തുത്യർഹമായിരുന്നു എന്നാണു ഞങ്ങളുടെ അഭിപ്രായം. വിദ്യാഭ്യാസ സംബ ന്ധമായി അദ്ദേഹം സാരമായ പരിഷ്കാരങ്ങളും നടപ്പാക്കുകയും പൊതുജന വിദ്യാഭ്യാസത്തിന്റെ ശതമാനം വളരെ വർദ്ധിപ്പിക്കയും ചെയ്തിട്ടുണ്ട്. പഞ്ചാ യത്തുകോടതികളും പുതിയ മുൻസിപ്പാലിറ്റിയും വ്യവസായ ഡിപ്പാർട്ടുമെന്റും ഒക്കെ അദ്ദേഹത്തിന്റെ സൃഷ്ടിയാണ്. നിയമ നിർമ്മാണ സഭാപരിഷ്കര ണം അദ്ദേഹത്തിന്റെ അസാമാന്യമായ ജനരഞ്ജനയെ ഏതാണ്ടു കളങ്കപ്പെ ടുത്തീട്ടുണ്ടെന്നു കാണുന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറി ലെ മന്ത്രിസ്ഥാനം ക്ലിഷ്ടമായ അധികാരത്തോടുകൂടിയതാകയാൽ അത്ര ക്ഷന്തവ്യ മാണ്. വർഗ്ഗപക്ഷപാതം രാജ്യകാര്യങ്ങളെ സംബന്ധിച്ചിടത്തോളം മിസ്റ്റർ കൃഷ്ണൻ നായരെ സ്പർശിച്ചിട്ടില്ലെന്നു കാണുന്നതു് എടുത്തു പറയത്തക്ക അ ദ്ദേഹത്തിന്റെ യോഗ്യതകളിൽ ഒന്നാണ്. പിന്നോക്കം നില്ക്കുന്ന വർഗ്ഗക്കാ രിൽ അദ്ദേഹത്തിനു് അസാധാരണമായ അനുകമ്പയുണ്ടായിരുന്നു. അതിനെ അദ്ദേഹം പ്രവൃത്തിമൂലം ധാരാളം തെളിയിച്ചിട്ടുണ്ടു്. ഈഴവർക്കുവേണ്ടി അ ദ്ദേഹം അവിസ്മരണീയമായ പല ഗുണങ്ങളും ചെയ്തിട്ടുണ്ടു്. എസ്. എൻ. ഡി. പി. യോഗത്തിലും അദ്വൈതാശ്രമത്തിലും നിന്നും അദ്ദേഹത്തിനു പ്രത്യേ ക മംഗള പത്രങ്ങളും സമർപ്പിക്കാൻ തീർച്ചയാക്കിയതുതന്നെ ആ വർഗ്ഗത്തിന്റെ കൃതജ്ഞതയെ ജ്യോതിപ്പിക്കുന്നതാണ്. ദിവാൻജിമാർ വരികയും ദിവാൻജി മാർ പോകയും ചെയ്യും. എന്നാൽ ഇത്രമഹാ സദ്ഗുണസമ്പന്നനായ ഒരു പുരു ഷരത്നം നമ്മുടെ ഇടയിൽ നിന്നു് അകന്നു പോകുന്നതു വാസ്തവമായും അപരിഹാ ര്യമായ ഒരു നഷ്ടം തന്നെ യാകുന്നു. അദ്ദേഹത്തിനു ഗുണനിധിയായ ഈശ്വ രൻ ഉന്നത സ്ഥാനവിഭവങ്ങളും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

പ്രതിഭ 1095 മിഥുനം

അനുമോദനം

ദിവാൻ ബഹദൂർ പി. രാജഗോപാചാരി അവർകളുടെ പേർ കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള നമ്മുടെ വർഗ്ഗക്കാർക്കു വളരെ പരിചിതവും അഗാധമാ യ കൃതജ്ഞതയാട്ട കൂടിയല്ലാതെ ഒരിക്കലും സ്മരിക്കാൻ കഴിയാത്തതുമാകു ന്നു. അദ്ദേഹമാണ് ഈ രണ്ടു രാജ്യങ്ങളിലും ദിവാൻജിയായിരുന്നപ്പോഴും മുൻഗാമികളുടെ ഗവർമ്മെൻറ് അധൈര്യപ്പെടുത്തുകയും ആട്ടിയോടിക്കുകയും ചെ യ്തിരുന്ന നമ്മുടെ വർഗ്ഗക്കാരിൽ പരീക്ഷാവിജയികളായുള്ളവർക്ക് മാടിവിളി ച്ചു യോഗ്യതാനുസരണം ഉദ്യോഗങ്ങളും കൊടുത്തു തുടങ്ങിയതു്. ആ കൃത്യങ്ങളിൽ അടങ്ങിയിരിക്കുന്ന ദീർഘാലോചനയും സമ സൃഷ്ടി സ്നേഹവും ഭരണതന്ത്രജ്ഞ തയും ഇന്നത്തെ നിലയിൽ ചിലർക്കു് അത്ര അസാധാരണമായി തോന്നുകയില്ലെ

Digitized By Kerala Sahitya Akademi

കിലും അക്കാലത്തു നിശ്ചയമായും അദ്ദേഹമല്ലാതെ മറെറാരാൾ സാധിക്കാത്ത ധീരോദാര കൃത്യങ്ങൾ ആയിരുന്നുവെന്നുള്ളതു നിസ്സംശയമാണ്. അമേരിക്കയെ കൊളംബസ് അല്ലെങ്കിൽ മറെറാരെങ്കിലും കണ്ടു പിടിക്കുമായിരുന്നുവെന്ന് ഏതു ഭീരുവിനും, കഴിമടിയനും, കൂപമണ്ഡൂകത്തിനും വീട്ടിലിരുന്നു യുക്തിവിചാരം ചെയ്വാൻ കഴിയും. അതിനെ നാം സാരമാക്കേണ്ടതില്ല. സർ പി. രാജഗോപാലാചാരി ഇല്ലായിരുന്നുവെങ്കിൽ പുലയർ മുതലായ സാധു വർഗ്ഗക്കാർക്കു തിരുവിതാംകൂറിൽ പ്രജാസഭയിൽ പ്രാതിനിധ്യം അനുവദിക്കുന്ന കാര്യം ഇന്നും ആലോചനയിൽ വരുമായിരുന്നുവോ എന്നുകൂടി സംശയമാണ്. ഈ രണ്ടു സംസ്ഥാനങ്ങളുടേയും സ്ഥായിയായ നന്മയ്ക്കുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള പല സംഗതികളും വിസ്മരിക്കുന്നവർക്കും ഷൊർണ്ണൂരിൽ നിന്നും എറണാകുളത്തേക്കും കൊല്ലത്തുനിന്നു തിരുവനന്തപുരത്തേക്കുമുള്ള തീവണ്ടികളെ മറന്നു കൂടുന്നതല്ല. ഇപ്പോൾ മദ്രാസ് ഗവർണ്ണരുടെ ആലോചനാ സഭയിൽ ഒരു പ്രധാന അംഗമായിരിക്കുന്ന അദ്ദേഹത്തിനു വത്സരാരംഭബഹുമതികളുടെ കൂട്ടത്തിൽ കെ. സി. എസ്. ഐ. എന്ന ഉയർന്ന സ്ഥാനപ്പേർ ലഭിച്ചിരിക്കുന്നതിൽ ഞങ്ങൾക്കുള്ള സന്തോഷം അപരിമിതമാകുന്നു. അദ്ദേഹത്തിനു് ഇതിലും ഉയർന്ന ബഹുമതികളും സ്ഥാനങ്ങളും ലഭിക്കുന്നതിനു ഞങ്ങൾ ഹൃദയ പൂർവ്വം ആശംസിക്കുകയും അദ്ദേഹത്തിന്റെ ദീർഘായുരാരോഗ്യ ഭാഗ്യങ്ങൾക്കായി ഈശ്വരനെ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രതിഭ 1095 വൃശ്ചികം, ധനു

സഭാകാണ്ഡം

ജന പ്രതിനിധി സഭ

ശ്രീമൂലം ജന പ്രതിനിധി സഭയുടെ പ്രാരംഭയോഗം ഏറെറവും മംഗലമായി കഴിഞ്ഞിരിക്കുന്നതിൽ ഞങ്ങൾ സന്തോഷിക്കയും മഹാരാജാവു തിരുമനസ്സിലെ പ്രജാക്ഷേമ തൽപരതയുടെ ഫലമായ ഈ സഭയിൽ നിന്നും ജനങ്ങൾക്കുവരാൻ പോകുന്ന ഗുണങ്ങളെ ഞങ്ങൾ അത്യുത്സാഹത്തോടെ പ്രതീക്ഷിക്കയും ചെയ്യുന്നു. യോഗം ഇത്ര തിരക്കിൽ കൂടേണ്ടി വന്നതുകൊണ്ടു തിരഞ്ഞെടുപ്പു മുതലായവ അത്ര തൃപ്തികരമായിട്ടില്ലെന്നു ദിവാൻജി അവർകൾ തന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു കാണുന്നു ഈഴവരെ സംബന്ധിച്ചിടത്തോളം തിരഞ്ഞെടുപ്പ് അശേഷം തൃപ്തികരമായിട്ടില്ല. തിരുവനന്തപുരം ഡിവിഷനിൽ നിന്ന് ഒരീഴവനെ എങ്കിലും തിരഞ്ഞെടുത്തിട്ടില്ല. 'ശ്രീനാരായണ ധർമ്മ പരിപാലന യോഗ'ത്തിൽ നിന്നെങ്കിലും ഒരു പ്രതിനിധിയെ എടുക്കേണ്ടതായിരുന്നു. അടുത്ത പ്രാവശ്യത്തെ യോഗത്തിൽ ഈമാതിരി ന്യൂനതകൾ ഉണ്ടാകയി

Digitized By Kerala Sahitya Akademi

ല്ലെന്നു വിശ്വസിക്കുന്നു. ഇത്തവണ സഭയിൽ ഈഴവരായി മൂന്നു ജന്മികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇവർ മൂന്നാളും ഈഴവ സമുദായത്തിന്റെ പ്രത്യേക സങ്കടങ്ങൾ പറഞ്ഞു കാണുന്നു. സർക്കാർ പെൺപള്ളിക്കൂടങ്ങളിൽ ഈഴവക്കു പ്രവേശനം അനുവദിക്കാത്തതിനേയും സർക്കാർ ഉദ്യോഗങ്ങളിൽ വേണ്ടപോലെ ഈഴവരെ നിയമിച്ചിട്ടില്ലാത്തതിനേയും പറ്റിയായിരുന്നു. ഇവർ പ്രധാനമായി പ്രസംഗിച്ചിട്ടുള്ളതു്. സ്വസമുദായത്തെ മാത്രം സംബന്ധിക്കുന്നതായ സങ്കടങ്ങൾ വേറെ വർഗ്ഗക്കാരായ പ്രതിനിധികളിൽ ആക്ഷേപം പറയാനില്ലായിരുന്നതുകൊണ്ടുതന്നെ ഈ സംസ്ഥാനത്തു് ആർക്കെങ്കിലും സങ്കടമുണ്ടെങ്കിൽ അതു് ഈഴവർക്കാണെന്നു് സ്പഷ്ടമാകുന്നു. ഒരു സമുദായത്തിലെ പ്രതിനിധികളിൽ നിന്നും ഐകകണ്ഠ്യേന പുറപ്പെട്ടിരിക്കുന്ന ഈ സങ്കടത്തെ നമ്മുടെ ഗവൺമെൻറു് വേണ്ടതു പോലെ ഗൗനിക്കുകയും നിവർത്തിക്കുകയും ചെയ്യുമെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

വിവേ: 1080 തുലാം.

ഇംഗ്ലീഷു് സഹജീവികൾ

ശ്രീമൂലം ജനപ്രതിനിധി സഭയെക്കുറിച്ചു് നമ്മുടെ ചില ഇംഗ്ലീഷു് സഹജീവികളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റിപ്പോർട്ടുകളിൽ ഈഴവരുടെ സ്ഥിതിയെ സംബന്ധിച്ചു് കാണിച്ചിരിക്കുന്ന അജ്ഞത ദയനീയമായിരിക്കുന്നു. മദ്രാസു് മെയിലിൽ ഈഴവർ ബ്രാഹ്മണ വർഗ്ഗത്തിലുള്ള ഏറ്റവും താഴ്ന്ന തരം ജാതിക്കാരാണെന്നു പറഞ്ഞു കാണുന്നു. മലബാർ മെയിലിന്റെ നവംബർ 2-ാംനുയിലെ പതിപ്പിൽ പ്രസ്താവിച്ചുകാണുന്ന ''മധുരയിലെ ഒരു മാന്യ ലേഖകന്റെ'' അഭിപ്രായം ഈഴവർക്കു് നമ്പൂതിരിമാരോടും വലിയതാമ്പാരോടും ഒരുമിച്ചിരിക്കാൻ മിസ്റ്റർ വി. പി. മാധവരായർ ഇടയാക്കിയതു കൊണ്ടു് ആ സമുദായത്തിനു് ഒരു 'ഉയർച്ച' നൽകിയിരിക്കുവെന്നാണു്. ഭൂദേവന്മാരായ നമ്പൂതിരിമാരോടെന്നല്ല സാക്ഷാൽ ദേവേന്ദ്രനോടു തന്നെയായിരുന്നാലും ഒരുമിച്ചിരിക്കുന്നതിനെമാത്രം ഒരു ഉയർച്ചയായി വിചാരിച്ചിരിക്കത്തക്കവണ്ണമുള്ള മൂഢന്മാർ ഈഴവരിൽ ആരും ഉണ്ടെന്നു തോന്നുന്നില്ല. കാര്യമാത്ര പ്രസക്തനായ ഈഴവൻ പുതിയ ദിവാൻജി അവർകളുടെ പക്ഷപാത രഹിതമായ ഭരണത്തിൽ നിന്നും ഇതിനെക്കാൾ ഗണ്യങ്ങളായ ഫലങ്ങളെയാണു് പ്രതീക്ഷിച്ചിരിക്കുന്നതു്.

വിവേ : 1080 തുലാം.

ശ്രീമൂലം പ്രജാസഭ

ദിവാൻ വി. പി. മാധവരായവർകളുടെ പ്രവേശത്തോടുകൂടി തിരുവിതാംകൂർ രാജ്യഭരണയന്ത്രം കറങ്ങുന്നതിൽ ഒരു പുതിയ ഉന്മേഷം എവിടെയും പ്രത്യ

Digitized By Kerala Sahitya Akademi

ക്ഷമാകുന്നുണ്ട്. പ്രസ്തുത സഭ അതിന്റെ നല്ല ദൃഷ്ടാന്തങ്ങളിൽ ഒന്നാണെന്നും നിർമ്മത്സരന്മാർ സമ്മതിക്കതന്നെ ചെയ്യും. പൊന്നുതമ്പുരാൻ തിരുമനസ്സിലെ പ്രജാവിഭാഗത്തിൽപ്പെട്ട എല്ലാത്തരം ജനങ്ങൾക്കും തിരുമനസ്സിലെ പക്ഷപാത രഹിതമായ ഭരണത്തിൽ ഒന്നുപോലെ തൃപ്തിയും, തിരുമനസ്സിലെ നേർക്കു് പൂർ വാധികമായ ഭക്തിവിശ്വാസ ബഹുമാനങ്ങളും വർദ്ധിക്കുന്നതിനും പ്രജകൾ രാജ്യകാര്യങ്ങളിൽ ദൃഢ പ്രതിപത്തി ഉള്ള ഒരു ഉത്തമ ജനസമുദായമായിത്തീരു ന്നതിനും ഇതിന്റെ ന്യായമായ നടത്തിപ്പു് ഉപകരിക്കും എന്നുള്ളതിൽ ഞങ്ങൾ ക്കു പക്ഷാന്തരമില്ല. കഴിഞ്ഞ ഒന്നാമത്തെ സഭയിൽ നെൽക്കരം നിറുത്തൽ ചെയ്യുന്നതിനെ സംബന്ധിച്ചുണ്ടായ പൊതുസങ്കടത്തെ പരിഹരിക്കുന്ന വിഷയ ത്തിൽ ഗവർമ്മെൻറു് ഇപ്പോഴും ചെയ്തുവരുന്ന ഗണ്യമായ ശ്രമം ഇതിന്റെ പ്ര യോജനത്തെക്കുറിച്ചു് ജനങ്ങൾക്കു വിശ്വാസത്തെ ജനിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ദിവാൻജി അവർകളുടെ ഈ ശ്രമത്തിലും ചില ഇട്ടങ്ങിയ ബുദ്ധികൾ ദോഷാരോ പണം ചെയ്യാതിരിക്കുന്നില്ല. അത്തരക്കാരുടെ ദുശ്ശാഠ്യങ്ങൾ അവസാനത്തിൽ വിഫലങ്ങളായിപ്പോകുമെന്നും സദുദ്ദേശത്തോടുകൂടിയ ദിവാൻജി അവർകളുടെ ശ്രമഫലം ജനങ്ങളുടെ നിത്യമായ നന്മയ്ക്കുവേണ്ടി നിലനില്ക്കുതന്നെ ചെയ്യുമെ ന്നും സാധാരണ ബുദ്ധിയുള്ളവർക്കുകൂടി അറിയാം.

അടുത്ത സഭായോഗത്തെ സംബന്ധിച്ചു് വിചാരിച്ചിരുന്നപോലെ കാലേ കൂട്ടി വേണ്ട വ്യവസ്ഥകൾ തൃപ്തികരമായ വിധത്തിൽ ചെയ്യുകാണുന്നു. താലൂ ക്കുതോറും പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ ഏർപ്പെടുത്തപ്പെട്ട വ്യവസ്ഥകളെപ്പറ്റിയും ഞങ്ങൾക്കു് ഒരുവിധം തൃപ്തിയാണുള്ളതു്. എന്നാൽ തിരുമനസ്സിലെ മുഴുവൻ പ്രജകളിൽ അഞ്ചിലൊന്നു ഭാഗക്കാരും വസ്തു ഉടമസ്ഥ ന്മാരും പരിശ്രമികളുമായ ഈഴവർ അവരുടെ ജാതിക്കു പ്രത്യേകമുള്ളതും കഴി ഞ്ഞ സഭയിൽ അവരുടെ പ്രതിനിധികൾ ഐകകണ്ഠ്യേന പ്രസ്താവിച്ചിരു ന്നതും ആയ പഴയ സങ്കടങ്ങളെപറ്റി ഇതുവരെ ഗവർമ്മെൻറു് തൃപ്തികരമായ വിധത്തിൽ യാതൊന്നും ആലോചിച്ചിട്ടുള്ളതായി കാണാത്തതിൽ ഞങ്ങൾ വ്യ സനിക്കുന്നു. തിരുമനസ്സിലെ പ്രജകളിൽ മറ്റാർക്കുമില്ലാത്തവണ്ണം ധർമ്മസങ്ക ടം അനുഭവിക്കുന്ന ഈ വലിയ ജനസമുദായത്തിനു് അടുത്ത സഭയിലും തങ്ങളുടെ സങ്കടങ്ങളെ ഓർമ്മപ്പെടുത്തുന്നതിനും കുറേക്കൂടി തൃപ്തികരമായ പ്രതിനിധ്യ ത്തിനും സൌകര്യം അനുവദിക്കുകയും നിവൃത്തി മാർഗ്ഗത്തിൽ കാലതാമസമെ ന്നിയേ ഗവർമ്മെൻറു വേണ്ടതു പ്രവർത്തിക്കുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

വിവേ : 1080 ഇടവം

ഈഴവരുടെ പ്രാതിനിധ്യം

അടുത്ത പ്രജാസഭയിൽ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനെ സംബ ന്ധിച്ചു് ചെയ്യപ്പെട്ടിരിക്കുന്ന വ്യവസ്ഥകളെപ്പറ്റി ഇപ്പോൾ എല്ലാവരും അറി ഞ്ഞിരിപ്പാൻ ഇടയുണ്ടു്. ഭാഗ്യദോഷത്താൽ സർവകലാശാല വക ഉയർന്നതരം

Digitized By Kerala Sahitya Akademi

പരീക്ഷാ വിജയികളെക്കുറിച്ച് അധികമൊന്നും നാം ആലോചിക്കേണ്ട ആവശ്യകതയില്ല. എങ്കിലും സ്വന്തം പേരിൽ 50 രൂപ കരമോ ആണ്ടിൽ ചെലവുകഴിച്ച് 3000 രൂപ വരുമാനമോ ഉള്ള ഗൃഹസ്ഥന്മാരും കച്ചവടക്കാരും നമ്മിൽ ഒട്ടും കുറവായിരിപ്പാൻ തരമില്ല. കച്ചവടത്തിലോ അതുപോലെയുള്ള പ്രവൃത്തികളിലോ കിട്ടുന്ന ആദായത്തെ കഴിയുന്നത്ര കുറച്ചു പറയണം എന്നും പ്രൈവറ്റു കണക്കുകളെ പരസ്യപ്പെടുത്തിക്കൂടെന്നും ഉള്ള ഒരു വക 'വിശ്വാസ'മുള്ളവർ നമ്മുടെ ഇടയിൽ അധികം കാണും. 'ആദായ നികുതി' ഏർപ്പാടു തിരുവിതാംകൂറിൽ നടപ്പു വരുത്തുവാൻ ഇപ്രകാരം ഒരു സൂത്രം ഗവൺമെൻറു് അപ്രത്യക്ഷമായി കൊണ്ടുവരികയാണെന്നു സംശയിക്കുന്ന ശുദ്ധഗതിക്കാരും ഉണ്ടായിരിക്കും. എന്നാൽ ഈ വക അടിസ്ഥാനമില്ലാത്ത സംശയങ്ങളെ ഉപേക്ഷിച്ചു് പൊതുഗുണത്തിനായി നമ്മുടെ ജനങ്ങൾ അവരവരുടെ അന്തസ്സുകളെ മുൻനിറുത്തി പ്രവർത്തിക്കേണ്ടതു് ഇപ്പോഴാണു്. കരം തീരുവയും മറ്റും കൊണ്ടു് ഓരോ താലൂക്കിലും പ്രതിനിധികളായി വരുന്നതിനു യോഗ്യതയുള്ളവർ അധികം ഉണ്ടായിരിക്കും എങ്കിലും മൂന്നുപേരിൽ കൂടുതലായി ഒരു താലൂക്കിൽ നിന്നും സഭയിലേക്കു് തെരഞ്ഞെടുത്തയയ്ക്കുന്നതല്ലെന്നുള്ളതു് ഓർമ്മിക്കേണ്ട സംഗതിയാകുന്നു. ഈ വ്യവസ്ഥയെ അനുസരിച്ചു് എത്ര ഈഴവർ പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെടുമെന്നാണു് നാം വിചാരിക്കേണ്ടതു്. തഹശീൽദാരന്മാരുടെ കീഴിൽ കൂടുന്ന പൊതുജന യോഗത്തിൽ ഒരു ഈഴവൻ തെരഞ്ഞെടുക്കപ്പെടണമെങ്കിൽ അതിനു വിശേഷാൽ വല്ല കാരണവും ഉണ്ടായിരിക്കണം. താലൂക്കു പ്രതിനിധികളെ ഭൂരിപക്ഷാഭിപ്രായമനുസരിച്ചാണു് തെരഞ്ഞെടുക്കുക. തെരഞ്ഞെടുപ്പാൻ കൂടുന്ന യോഗത്തിൽ തന്നെ എത്ര ഈഴവമെമ്പറന്മാർ ഉണ്ടായിരുന്നാൽ നമുക്കു തൃപ്തികരമായിരിക്കുമെന്നുള്ളതും വിചാരിക്കേണ്ടതാണു്. താലൂക്കിൽ 50 രൂപാകരം തീരുവ ഉള്ള ഈഴവർ അധികമുണ്ടായിരിക്കുമെങ്കിലും പല കാര്യങ്ങളും നോക്കേണ്ടിയുള്ള തഹശീൽദാർ പലരേയും വിസ്മരിച്ചു പോയെന്നോ മറ്റോ ചിലപ്പോൾ വന്നേക്കാവുന്നതുമാണു്. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ തങ്ങളുടെ അവകാശത്തെ ഉടനടൻ അധികൃതന്മാരെ ധരിപ്പിച്ചു് ശരിപ്പെടുത്തിക്കൊള്ളുന്നതിൽ നാം തൽപ്പരന്മാരായിരിക്കണം. വസ്തു ഉടമസ്ഥന്മാരും മറ്റും താലൂക്കിലെ പൊതു സങ്കടങ്ങളേയും ആവശ്യങ്ങളേയും കുറിച്ചു് പ്രാതിനിദ്ധ്യം വഹിക്കണം. എന്നിരുന്നാൽ തന്നെയും, ഈഴവപ്രതിനിധികൾ അതാതു സ്ഥലങ്ങളിൽ നമുക്കുള്ള പ്രത്യേക സങ്കടങ്ങളെക്കൂടി ഉൾപ്പെടുത്തി പറയുന്നതുകൊണ്ടു് പ്രാതിനിധ്യത്തിനു് വല്ല ദൌർബല്യമോ, ഹാനിയോ ഉണ്ടാകുമെന്നു വിചാരിപ്പാൻ തരമില്ല. വിശേഷിച്ചും പ്രത്യേക സങ്കടങ്ങളേയും ആവശ്യങ്ങളേയും പാറി പറയുന്നതിനു് ഇപ്പോൾ മിക്ക താലൂക്കുകളിലും ഈഴവ സമാജങ്ങൾ തന്നെ ഏർപ്പെട്ടിട്ടുണ്ടു്. സമാജങ്ങളുടേയും കമ്പനികളുടേയും പ്രാതിനിധ്യം പ്രത്യേകം ക്ഷണിക്കപ്പെട്ടിട്ടും ഉണ്ടു്. തിരുവിതാംകൂറിലെ സമുദായ സമാജങ്ങളിൽ വച്ചു് ഏറ്റവും വലുതും രജിസ്റ്റർ ചെയ്തു് ഉത്തമ രീതിയിൽ നടത്തപ്പെടുന്നതുമായ ''ശ്രീനാരായണ ധർമ്മ പരിപാലന യോഗം'' ഈ സന്ദർഭത്തിൽ ഈഴവരുടെ പൊതുപ്രാതിനിദ്ധ്യം വഹിപ്പാൻ സന്നദ്ധമായിരിക്കും എങ്കിലും അതിന്റെ പ്രാതിനിദ്ധ്യം മിക്കവാറും സമുദായത്തിനു പൊതുവിൽ പറയുന്ന സംഗതികളെക്കുറിച്ചുമാത്രം ആയിരിക്കാവുന്നതാകയാൽ അതുകൊണ്ടു തൃപ്തിപ്പെട്ടി

Digitized By Kerala Sahitya Akademi

കളയാതെ മറ്റു് ഈഴവ സമാജങ്ങളും അതാതു സ്ഥലങ്ങളിലെ പ്രത്യേക സങ്കടങ്ങളെ സഭയിൽ എത്തിക്കത്തക്കവണ്ണം വേണ്ടതു പ്രവർത്തിക്കേണ്ടതാണെന്നു് ഈ അവസരത്തിൽ ഞങ്ങൾ അറിയിച്ചുകൊള്ളുന്നു.

വിവേ : 1080 ഇടവം

പ്രജാസഭ

താലൂക്കുകളിലെ തെരഞ്ഞെടുപ്പു ബഹളം കഴിഞ്ഞുകൂടിയിരിക്കുന്നു. ഈഴവരെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുപ്പു് ഞങ്ങൾ പറഞ്ഞിരുന്നതുപോലെതന്നെ ആയിരിക്കുന്നു. എന്നാൽ ''ഒരാളെ എങ്കിലും തെരഞ്ഞെടുക്കാത്തതു് വളരെ അനീതി ആയിപ്പോയി'' എന്നമാത്രം ഞങ്ങൾക്കു് ഇപ്പോൾ പറഞ്ഞുകൂടാ. കരുനാഗപ്പള്ളി താലൂക്കിൽ നിന്നും ഒരു മാന്യനെ (എം. കെ. നാരായണപ്പണിക്കർ അവർകളെ) എടുത്തിട്ടുണ്ടു് അഞ്ചുലക്ഷം പ്രജകൾക്കുകൂടി ഒരാൾ പോരയോ? ജാതി മത്സരത്തിന്റെ ഛായ തിരുവിതാംകൂറിൽ നിന്നും അശേഷം മറയുന്നതുവരെ ''പ്രജാസഭ'' അതിന്റെ പേരിനു് അനുരൂപമായിരിക്കണമെങ്കിൽ പ്രജകളിൽ ന്യൂനാൽ ഇരുപത്തിനാലു വീതമുള്ള ഈഴവരിൽ നിന്നും 24 പ്രതിനിധികൾ ഉണ്ടായിരിക്കേണ്ടതാകുന്നു.

ജനങ്ങളുടെ സ്വാതന്ത്ര്യത്തിൽ വിട്ടുകൊടുത്തിരിക്കുന്ന തെരഞ്ഞെടുപ്പിനെ സംബന്ധിച്ചു ഗവർമ്മെൻറിനെ കുറ്റം പറഞ്ഞു കൂടുന്നതല്ലെന്നു് തിരുവിതാംകൂറിലെ സമ്പ്രദായങ്ങളെ മുഴുവൻ അറിഞ്ഞിട്ടില്ലാത്തവർക്കും ജയിച്ച കൂട്ടർക്കും അറിയാം. തല സ്ഥാനമായ തിരുവനന്തപുരത്തു് തന്നെ തെരഞ്ഞെടുപ്പിൽ തഹസീൽദാർ കാണിച്ചിട്ടുള്ള ക്രമങ്ങളെ വിചാരിച്ചാൽ ഞങ്ങൾക്കു് എളുപ്പത്തിൽ അങ്ങിനെ പറവാൻ നിവൃത്തിയില്ല. അധികൃതന്മാരുടെ ഒരു കൂട്ടം എന്നതല്ലാതെ ഗവർമ്മെൻറിനു വേറേ ഒരു വ്യക്തി ഇല്ലല്ലോ. സവർഗ്ഗ പക്ഷപാതതിമിരം കൊണ്ടു പരിഹാസകരമാം വണ്ണം വഴിതെറ്റി നടക്കുന്ന ഉദ്യോഗസ്ഥന്മാരാൽ നിറയപ്പെട്ട തിരുവിതാംകൂറിൽ നീതി നടക്കുന്നതു മിക്കവാറും അസാദ്ധ്യമാണെന്നു ജനങ്ങൾക്കു തോന്നിത്തുടങ്ങിയിരിക്കുന്നു. പ്രജാക്ഷേമ തല്പരനായ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടും വിശാലഹൃദയനായ ദിവാൻജി അവർകളും ഈ വക അപനയങ്ങളെ ഗൌരവയുക്തമായി വിചാരിച്ചു് വേണ്ടതു പ്രവർത്തിക്കാത്ത പക്ഷം ഗവർമ്മെൻറിന്റെ സദുദ്ദേശങ്ങൾ വിപരീത ഫലത്തെയാണു് നൽകാൻ പോകുന്നതെന്നു് അറിയേണ്ടതാകുന്നു.

പ്രജകളുടെ പൊതു നന്മയ്ക്കുവേണ്ടി വിശ്വസ്തനും സമർത്ഥനും ആയ ഏതെങ്കിലും ഒരാൾ പ്രാതിനിദ്ധ്യം വഹിച്ചാൽ മതിയാകുമായിരുന്നു. എന്നാൽ തെരഞ്ഞെടുപ്പിൽ തന്നെ ജനങ്ങൾക്കു കലശലായ അവിശ്വാസം ജനിച്ചിരിക്കുന്ന സ്ഥിതിക്കു് അങ്ങിനെയുള്ള പ്രാതിനിദ്ധ്യത്തിൽ അവർക്കു് എന്തുവിശ്വാസമാണു് ഉണ്ടാവാൻ പോകുന്നതു് ? വിശേഷിച്ചു പ്രജാസഭ വലുതായ ഒരു അനുഗ്രഹാ

Digitized By Kerala Sahitya Akademi

യി തോന്നാവുന്നതു് പിന്നോക്കം നില്ക്കുന്ന വഗ്ഗക്കാക്കാകുന്നു. അവർക്കു അതാതു സ്ഥലങ്ങളിൽ തന്നെ പല ന്യായമായ സ്വാതന്ത്ര്യങ്ങളും ഗ്രണങ്ങളും കിട്ടേണ്ടവയായുണ്ടു്. മറ്റുള്ളവർ അവരുടെ പ്രവേശദ്വാരത്തെ ഇവിടെയും അടയ്ക്കുന്നു എന്നുകണ്ടാൽ അവർക്കുണ്ടാവുന്ന കണ്ടിതവും വ്യസനവും എത്രമാത്രമായിരിക്കുമെന്നു് ആർക്കും ഊഹിക്കാവുന്നതാണല്ലോ!

മുപ്പത്തിരണ്ടു താലൂക്കുകളിലും ഈഴവരിൽ ധാരാളം വസ്തു അനുഭവവും കരം തീരുവയും ഉള്ളവർ ഉണ്ടു്. ചേർത്തല, കാർത്തികപ്പള്ളി മുതലായ താലൂക്കുകളും വലിയ ഗൃഹസ്ഥന്മാരുടെ നിവാസസ്ഥലങ്ങളും ആകുന്നു. കാർത്തികപ്പള്ളിയിൽ പ്രസിദ്ധനായ ആലുംമൂട്ടിൽ ചാന്നാർ അവർകളും തിരുവിതാംകൂറിലെ ഗൃഹസ്ഥന്മാരിൽ മുമ്പനാണു്. അയ്യായിരം ഉറുപ്പികയിൽ കുറയാതെ കരം കൊടുക്കേണ്ടിയുള്ള ഇദ്ദേഹത്തെ ഇക്കുറിയും താലൂക്കിൽ നിന്നും നിരിഞ്ഞെടുത്തിട്ടില്ലെന്നു് അറിയുമ്പോഴും ആർക്കാണു് ആശ്ചര്യം തോന്നാത്തതു്? സ്വജനങ്ങളുടെ ഹർജിമൂലം ഒടുവിൽ ദിവാൻജി അവർകളും അദ്ദേഹത്തിന്റെ യോഗ്യതയെ വിസ്മരിച്ചുകളയാതെ ഇപ്പോഴും നോമിനേറ്റു ചെയ്തിരിക്കുന്നു എന്നറിയുന്നതിൽ ഞങ്ങളും സന്തോഷിക്കുന്നു.

അൻപതു രൂപയിൽ അധികം നികുതി അടയ്ക്കുന്ന എല്ലാകുടികളെയും തഹശീൽദാരന്മാർ ക്ഷണിച്ചിട്ടില്ല. 30-ം 50-ം ജനങ്ങളെ ക്ഷണിക്കേണ്ട ചിലദിക്കുകളിൽ 3-ം 5-ം വീതമേ ക്ഷണിച്ചിട്ടുള്ളു എന്നറിയുന്നു. കുടികളും നികുതിസംഖ്യ കാണിച്ചു മീറ്റിങ്ങിൽ ക്ഷണിക്കപ്പെടാൻ അപേക്ഷിക്കണം എന്നുള്ളതു് തഹസീൽദാർക്കു വല്ലവരുടെ പേരും ഒരുപക്ഷേ വിട്ടുപോയി എന്നു വന്നേച്ചാൽ മാത്രമാകുന്നു. എന്നാൽ ആ സംഗതിയെ ഒരു കുരുട്ടു സൂത്രമാക്കി വച്ചുകൊണ്ടു് ഈഴവരെ യാതൊരു വിധത്തിലും പൂർത്തിയായും തൃപ്തികരമായും ക്ഷണിക്കാതെ തോല്പിച്ചുവിട്ട എന്ന അപവാദത്തെ ജനിപ്പിച്ചിരിക്കുന്ന തഹശീൽദാരന്മാരുടെ പ്രവൃത്തികളും അധിക്ഷേപാർഹങ്ങളാകുന്നു. പാർവത്യകാരന്മാർ മുഖേന എല്ലാവരുടെയും നികുതിസംഖ്യതിട്ടപ്പെടുത്തി ലിസ്റ്റുണ്ടാക്കി ക്ഷണിക്കുന്ന കാര്യം തഹശീൽദാർക്കു സുകരമായിട്ടുള്ളതാണു്. അല്ലാതെ ക്ഷണിക്കുന്നതിനു ജനങ്ങളും തന്നെ അപേക്ഷിക്കണം എന്നു വയ്ക്കുന്നതു വിവരമറിയാത്ത ഉൾനാട്ടു ജനങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു ഉപയോഗവും ഇല്ലാത്തതും, ക്ഷണിച്ചാൽ തന്നെയും നിർബ്ബന്ധമില്ലെങ്കിൽ വരിക പതിവില്ലാത്ത നാട്ടുകാരുടെ സ്വഭാവത്തിനു യോജിക്കാത്തതും ആകുന്നു. അതുകൊണ്ടു് മേലാൽ ക്ഷണിക്കുന്ന കാര്യത്തിൽ തഹശീൽദാരന്മാരെ മാത്രം നിർബ്ബന്ധിക്കേണ്ടതും, ആ വിഷയത്തിൽ അവരുടെ നടപടിപ്പിശകുകളെക്കുറിച്ചു ഗവർമ്മെൻറു് ഉൗർജ്ജിതമായി ഗൗനിക്കേണ്ടതും ആകുന്നു.

50 ക.യിൽ അധികം നികുതി കൊടുക്കുന്നവരേ സംബന്ധിച്ചു പറഞ്ഞ റൂളിൽ അടങ്ങിയ ''സ്വന്തം പേരിൽ'' "On his own account" എന്ന പദത്തെ ഇഷ്ടംപോലെ വ്യാഖ്യാനിച്ചും പലരും പലരേയും ഭേദിപ്പിച്ചിട്ടുണ്ടു്. അതിന്റെ ഫലമായിട്ടു് തിരുവനന്തപുരത്തു മൂന്നു നായന്മാർ തന്നെ തെരഞ്ഞെടുക്കപ്പെടുകയും ബ്രാഹ്മണർ ഈഴവർ മുതലായവർ ചേർന്നു തെരഞ്ഞെടുപ്പിൽ ആക്ഷേപം പറഞ്ഞു

Digitized By Kerala Sahitya Akademi

ഗവർമ്മെൻറിനോട് പരാതി ബോധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ ഭാഗത്തിലും വല്ല ഖണ്ഡിതമായ വ്യവസ്ഥയും ഗവർമ്മെൻറു ചെയ്യേണ്ടതാകുന്നു.

രാജ്യത്തിൻെറ ഐശ്വര്യം ജനങ്ങളുടെ ഐകമത്യത്തെ ആണ് ആശ്രയിച്ചിരിക്കുന്നത്. വിശാലഹൃദയനായ ഒരു സ്വദേശാഭിമാനിയും ഈ തത്ത്വത്തെ വിസ്മരിക്കയില്ല. പല യോഗ്യന്മാരും ഇന്ത്യയുടെ തന്നെ പല ഭാഗങ്ങളിലും ഇപ്പോൾ ഗൗരവമേറിയ ഉദ്ദേശങ്ങളോടുകൂടി നാട്ടുകാരുടെ ഇടയിൽ ഐക്യമത്യവും സ്വദേശസ്നേഹവും ഉണ്ടാവാൻ നിരന്തരമായി ശ്രമിക്കുന്നുണ്ട്. ഇത്ര ചെറിയ രാജ്യമായ തിരുവിതാംകൂറിലെ യോഗ്യന്മാർ ആ സന്ദർഭത്തിൽ പരസ്പരം സ്പർദ്ധിച്ച ദിവസംപ്രതി പാളയത്തിൽ പടവെട്ടി നശിക്കുകയാണെങ്കിൽ അത് എത്ര ദയനീയമാണ്? പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതിൽ അധികം ഉള്ളവരും, യോഗ്യന്മാരും ആയ നായർ വർഗ്ഗത്തിലെ മാന്യന്മാർ പ്രജാസഭയിൽ അവരുടെ യോഗ്യതയെ ഉപയോഗിക്കുന്നതു താലൂക്കിലെ തിരഞ്ഞെടുപ്പു പോലെ ജനങ്ങൾക്കു വിപ്രതിപത്തി ഉണ്ടാകത്തക്ക നിലയിൽ ആയിരിക്കയില്ലെന്നും നേരേമറിച്ചു പ്രജകളുടെ ഇടയിൽ രാജ്യക്ഷേമകരമായ സ്നേഹബന്ധം ഉണ്ടാകത്തക്ക വിധത്തിൽ ആയിരിക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

വിവേ: 1081 ചിങ്ങം

2-ാമത്തെ ശ്രീമൂലം പ്രജാസഭായോഗം

തിരുവിതാംകൂറിനു മാത്രമല്ല ഇന്ത്യയ്ക്കു മുഴുവൻ അഭിമാനഹേതുവായ പ്രജാസഭയുടെ 2-ാമത്തെ യോഗം തുലാം 5-ാം തീയതി ആരംഭിച്ചു 10-ാം തീയതി അവസാനിച്ചിരിക്കുന്നു. തിരുവിതാംകൂറിലെ ഉയർന്നതരം ജനങ്ങളിൽ ഇതിൽ സംബന്ധിക്കാത്തവർ ചുരുക്കമാണ്. സംസ്ഥാനത്തിനു പൊതുവായും ഓരോ സമുദായത്തെയും താലൂക്കിനെയും പ്രത്യേകമായും സംബന്ധിക്കുന്ന പല സങ്കടങ്ങളും ആവശ്യങ്ങളും സഭയിൽ കൊണ്ടുവരികയും ദിവാൻജി അവർകൾ ഉടനുടൻ തക്കതായ മറുപടികൾ പറകയും ചെയ്തു. ഇതിനുവേണ്ടി മുൻനിശ്ചയത്തിൽനിന്നും രണ്ടുദിവസങ്ങൾ കൂടി അധികമായി നീട്ടേണ്ടിവന്നു. ഈഴവ പ്രതിനിധികൾ നാലുപേരും അവരുടെ സമുദായത്തിനു പൊതുവിൽ ഉള്ള സങ്കടങ്ങളേയും മെമ്മോറിയലിൽ പറഞ്ഞിരുന്നു. നമ്മുടെ യോഗം പ്രതിനിധിയായ എൻ. കുമാരൻ ആശാൻ അവർകൾ മെമ്മോറിയലിൽ പ്രതിപാദിച്ചിരുന്ന നാലു സംഗതികളിൽ ഒന്നാമത്തേതും ഏറ്റവും പ്രധാനവുമായ വിദ്യാഭ്യാസസംബന്ധമായി പ്രസ്തുത സമുദായത്തിനുള്ള തടസ്സം എന്ന വിഷയത്തെപ്പറ്റി സാമാന്യം ദീർഘമായി ഉപന്യസിച്ചു. ദിവാൻജി അവർകൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും, ഗവർമ്മെൻറ് ഇതിനെ നല്ലവണ്ണം ഗൗനിക്കുന്നതാണെന്നും ഈ വിഷയത്തിൽ ഒരു മെമ്മോറിയൽ കൂടി ഗവർമ്മെൻറിനു കൊടുക്കണമെന്നും ഉത്തരവാകുകയും ചെയ്തു. ഈഴവ പ്രതിനിധികൾ ഈ തവണ ഇത്ര ചുരുക്കമായിരുന്നതു തെരഞ്ഞെടുപ്പിൻെറ നടപടിയെപ്പറ്റി വിവരമില്ലാതിരുന്നതിനാലാണല്ലോ. അടുത്ത കൊല്ലമെങ്കിലും കാ

Digitized By Kerala Sahitya Akademi

ലേക്കുട്ടി വിചാരിച്ച് വേണ്ടവണ്ണം പ്രവർത്തിപ്പാൻ എല്ലാ പ്രമാണികളും തയാറായിരിക്കുമെന്നും അടുത്തതവണത്തെ പ്രാതിനിദ്ധ്യം എല്ലാംകൊണ്ടും ഇതിനെക്കാൾ തൃപ്തികരമായിരിക്കുമെന്നും വിശ്വസിക്കുന്നു. ഏറുമാന്നൂർ പ്രതിനിധി മിസ്റ്റർ തെക്കേടത്തു നാരായണപിള്ള, കരുനാഗപ്പള്ളി പ്രതിനിധി മിസ്റ്റർ പ്രാക്കുളം പത്മനാഭപിള്ള ഈ മാന്യന്മാർ ഈഴവർക്ക് ഗവർമ്മെൻറുദ്യോഗം കൊടുക്കുന്ന കാര്യത്തെപ്പറ്റി സഭയിൽ ഗ്രണകരമായി സംസാരിച്ചു. അവർക്കും അവരുടെ മാന്യസമുദായത്തിനും ഞങ്ങൾ അതിന്നായി നന്ദിപറയുന്നു. ഈ ആണ്ടത്തെ പ്രജാസഭ യോഗ്യനായ ദിവാൻജി അവർകളിൽ ചിലർക്കുണ്ടായിരുന്ന ദുശ്ശങ്കയെ ദൂരീകരിക്കയും അദ്ദേഹത്തിന്റെ കൃത്യനിഷ്ഠയിലും കാര്യശേഷിയിലും ജനങ്ങൾക്ക് അന്യാദൃശമായ വിശ്വാസവും ബഹുമാനവും ജനിപ്പിക്കയും ചെയ്തിരിക്കുന്നു.

വിവേ : 1081 തുലാം

ശ്രീമൂലം പ്രജാസഭ 2.

'രാജാ പ്രകൃതി രഞ്ജനാൽ' പ്രജകളെ അവരുടെ മനസ്സിനു അനുകൂലമാം വണ്ണം ഭരിക്കുന്നതുകൊണ്ടു രാജശബ്ദം അന്വർത്ഥമാകുന്നു എന്നു കാളിദാസ മഹാകവി പറയുന്നു. രാജധർമ്മത്തെ സംബന്ധിച്ചു പുരാതനകാലം മുതല്ക്കേ ഹിന്ദുക്കളുടെ ഇടയിലുള്ള അഭിപ്രായം ഇതാകുന്നു. ഹിന്ദുനായകന്മാരുടെ അഗ്രഗണ്യനായ ശ്രീരാമൻ നമ്മുടെ മാതൃകാ രാജാവാണെന്നുള്ള അഭിമാനം നമുക്കു നിത്യമായിട്ടുള്ളതാണ്. നമ്മുടെ പൊന്നു തമ്പുരാക്കന്മാർ തന്നെ ആ മഹാപുരുഷന്റെ പരിശുദ്ധനാമധേയത്ത പാരമ്പര്യമായെന്നപോലെ വഹിച്ചുപോരുന്നുണ്ട്. ലോകൈകവീരനായ അദ്ദേഹം പ്രജകളെ ശങ്കിച്ചു തന്റെ സകല സുഖത്തേയും ഏകപത്നിയെക്കൂടിയും വെടിഞ്ഞുകളഞ്ഞിട്ടു യഥാർത്ഥമായ രാജത്വത്തെ നമുക്കു വെളിപ്പെട്ടുത്തിത്തന്നിരിക്കയാകുന്നു. ഇതുകൂടാതെയും ഗൗരവമേറിയ കാര്യങ്ങളിൽ രാജാക്കന്മാർ പ്രജകളുടെ പ്രതിനിധികളെ ക്ഷണിച്ചുവരുത്തി അവരുടെ അഭിപ്രായം അറിഞ്ഞു പ്രവർത്തിക്കപതിവായിരുന്നു എന്നുള്ളതിനു നമ്മുടെ രണ്ടു വലിയ ഇതിഹാസങ്ങളിലും (രാമായണം, മഹാഭാരതം) വേണ്ടുവോളം ദൃഷ്ടാന്തങ്ങൾ ഉണ്ട്. ഇങ്ങിനെ ധർമ്മദൃഷ്ട്യാ പ്രജകളുടെ ഹിതത്തെ അനുവർത്തിപ്പാൻ കടപ്പെട്ടിരിക്കുന്ന ഒരു ഹിന്ദുരാജാവിനു് അവരുടെ അഭിപ്രായങ്ങളെ സ്വച്ഛന്ദമായി പ്രകടിപ്പിക്കാൻ സൗകര്യം കൊടുക്കുന്ന നമ്മുടെ 'പ്രജാസഭ'യെപ്പോലെ ഉള്ള ഒരു സ്ഥാപനം രാജാവിന്റെ നിലയിൽ തനിക്കുള്ള മഹത്തായ ഭാരത്തെ ലഘൂകരിക്കുന്നതിൽ എത്രമാത്രം ഉപയുക്തമായിരിക്കും എന്നു പറയണമെന്നില്ലല്ലോ. ഉത്തമമായ നവീന രാജ്യതന്ത്രം ഈ നയത്തെ അതിന്റെ ജീവിത സർവസ്വമായി വിചാരിച്ചുപോരുന്നു.

നമ്മുടെ മാറിപ്പോയ വൈസറായി ലാർഡ് കഴ്സൺ അവർകൾ തിരുവിതാംകൂറിനെ സന്ദർശിച്ച സന്ദർഭത്തിൽ മഹാരാജാവു തിരുമനസ്സോട് ഇത്ര ഭിന്ന ജാതി മതാചാരങ്ങളോടുകൂടിയ ഒരു പ്രജാസമൂഹത്തെ ക്ഷേമകരമാമ്മാറു ഭരിക്കുന്ന

Digitized By Kerala Sahitya Akademi

തിൽ അവിടത്തെ മേൽ ഇരിക്കുന്ന ഭാരം അന്യാദൃശമായിട്ടുള്ളതാകുന്നു എന്നു് അർ
ത്ഥഗർഭിതമായിച്ചെയ്ത ഉപദേശം ഇപ്പോഴും നമ്മുടെ കർണ്ണങ്ങളിൽ ധ്വനിച്ചുകൊ
ണ്ടിരിക്കുന്നുണ്ടല്ലോ. നമുക്കു 'ശ്രീമൂലം പ്രജാസഭ'യെ കല്പിച്ചുനൽകിയിരിക്കുന്ന
പ്രജാവത്സലനായ പൊന്നുതമ്പുരാൻ തിരുമനസ്സിലെപ്പോലെ മേല്പറഞ്ഞ
ഉപദേശത്തിന്റെ അർത്ഥത്തെ ഉള്ളവണ്ണം മനസ്സിലാക്കിയ മറെറാരു ഭരണതന്ത്ര
ജ്ഞൻ നമ്മുടെ മുമ്പിൽ ഉണ്ടെങ്കിൽ അതു കഴിഞ്ഞ രണ്ടുകൊല്ലക്കാലം അവിടത്തെ
പ്രധാനമന്ത്രിയായിരുന്ന വി. പി. മാധവരായർ സി. ഐ. ഇ. അവർകളെ
ക്കാൾ അന്യനായിരിക്കയില്ല. രാജകീയമായ സ്വാതന്ത്ര്യത്തിന്റെ പരമദൃഷ്ടാ
ന്തമായി നാം ഉദാഹരിച്ചുവരുന്നതു് റഷ്യാ ചക്രവർത്തിയെ ആകുന്നു. ഈ അ
സാധാരണമായ സ്വാതന്ത്ര്യത്തിന്റെ അനിഷ്ടഫലത്തെ അനുഭവിക്കുന്നവരി
ലും ഇത്ര ദയനീയാവസ്ഥയിൽ ഇന്നു വേറെ ആരും ഇല്ല. ഇതിന്റെ പരിഹരണ
ത്തിനായി സ്ഥാപിച്ച ഡൂമാസഭയെ നിറുത്തൽ ചെയ്തിട്ടു് ഇപ്പോൾ അദ്ദേഹം
അശേഷം സ്വാസ്ഥ്യം അനുഭവിക്കുന്നില്ല. ഏറവും പുരാതനവും പൂർവാചാരപ
രവുമായ ചൈനാ മഹാരാജ്യത്തിലെ ഇപ്പോഴത്തെ ചക്രവർത്തി ജനപ്രതിനിധി
സഭയെ സ്ഥാപിപ്പാൻ ഉത്സാഹിക്കുന്നു. പ്രജകളുടെ അപേക്ഷപ്രകാരം പേർ
സ്യായിലെ ഷാ (ചക്രവർത്തി) അവർകളും പ്രതിനിധി സഭയെ സ്ഥാപിപ്പാൻ
അനുവദിക്കുകയും വേണ്ട ഒരുക്കങ്ങളും ചെയ്കയും ചെയ്യുന്നു. ചുരുക്കത്തിൽ ഉത്ത
രവാദികളായ ഭരണാധികാരികളും എല്ലാം തങ്ങളുടെ രാജ്യത്തിന്റെ ക്ഷേമാഭിവൃ
ദ്ധിക്കു പ്രജാസഭയെ ഒഴിച്ചുകൂടാത്ത ആവശ്യമായി കണ്ടുകഴിഞ്ഞിരിക്കുന്നു. നാം
തന്നെ വാസ്തവത്തിൽ ബ്രിട്ടീഷ് പാർലമെൻറിന്റെ സംരക്ഷണയിൽ ആകുന്നു.
ഈ സ്ഥിതിയിൽ നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു നമ്മുടെ ക്ഷേമ
ത്തെ ഉദ്ദേശിച്ചു നമുക്കു് അനുവദിച്ചു നല്കിയിരിക്കുന്നതും ആചന്ദ്രതാരം സ്മരിക്ക
ത്തക്കവണ്ണം തന്റെ മഹിമയേറിയ നാമത്തിൽ സ്ഥാപിക്കപ്പെട്ടു് ഉത്തരോത്ത
രം ആശാസ്യമായ വിധത്തിൽ നടത്തിവരുന്നതുമായ 'ശ്രീമൂലം പ്രജാസഭ'യെ
അകാരണമായി നിറുത്തൽ ചെയ്വാൻ പോകുന്നു എന്നു് ഈയിടെ പരന്നിരിക്കുന്ന
ശ്രവണഭേദകമായ സംസാരം എത്രതന്നെ ബലവത്തായിരുന്നാലും ഞങ്ങൾക്കു്
അതിനെ വിശ്വസിപ്പാൻ ധൈര്യമുണ്ടാകുന്നില്ല. ദുരുപദേഷ്ടാക്കൾ തിരുവി
താംകൂർ ഭരണത്തെ സ്വാർത്ഥത്തിനുവേണ്ടി പലപ്പോഴും മലിനമാക്കുകയും മഹാ
രാജാവു തിരുമനസ്സിലെ നിർമ്മലമായ പേരിനും പാണ്ഡിത്യത്തിനും കീർത്തി
ക്കും കളങ്കമുണ്ടാക്കുകയും ചെയ്തുണ്ടെന്നുള്ളതു് ഭാഗ്യദോഷം കൊണ്ടു നമുക്കു മറച്ചു
വയ്പാൻ പാടില്ലാത്തവിധം പ്രസിദ്ധമായിപ്പോയിരിക്കുന്നു. എന്നാൽ പ്രജാ
സഭയുടെ നിർമ്മൂലനത്തേക്കുറിച്ചുള്ള സംസാരത്തിലും അങ്ങിനെ ഉള്ളവരുടെ
ദുഷ്പ്രേരണകളും നിമിത്തം വല്ല വസ്തുതയും ഉണ്ടെന്നുള്ളവിധം കലാശിക്കുകയാ
ണെങ്കിൽ നമ്മുടെ പൊന്നുതിരുമേനിയെ അവിടത്തെ അവാസ്തവ സുഹൃത്തു
ക്കളും ഇതിലധികം വഞ്ചിക്കാനില്ലെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. ഇനി
യൊരുത്തരവുണ്ടാകുന്നതുവരെ പ്രജാസഭ സംബന്ധമായ പ്രവൃത്തികളും നിറു
ത്തി വയ്ക്കുണം എന്നുള്ള ഗവർമ്മെൻറു സർക്കുലർ പുതിയ ദിവാൻജിയെ ഈ കാ
ര്യത്തിൽ സന്നദ്ധനാക്കുന്നതിനു വേണ്ട സൗകര്യം കൊടുക്കുന്നതിലേക്കായി ഗ
വർമ്മെൻറു തല്ക്കാലത്തേക്കു സഭയെ കുറെ നീട്ടിവയ്ക്കുകയോ മറേറാ ചെയ്വാൻ
ഉദ്ദേശിച്ചു പുറപ്പെടുവിച്ചിട്ടുള്ളതാണെന്നു വിചാരിപ്പാൻ ആർക്കും കഴിയുമെ

Digitized By Kerala Sahitya Akademi

ങ്കിലും സഭയോടുള്ള അതിപ്രണയമോ അധികൃതന്മാരിലുള്ള അവിശ്വാസമോ നിമിത്തം ജനങ്ങളിൽ ഏറ്റവും യോഗ്യന്മാർക്കുടിയും ഇതിനിടയിൽ വ്യാകുലഹൃദയരായി കഴിഞ്ഞിരിക്കുന്നു. പ്രതിനിധികകാം പല സ്ഥലങ്ങളിലും യോഗങ്ങാം കൂടുകയും നിശ്ചയങ്ങാം പാസ്സാക്കി ഗവർമ്മെൻറിനയയ്ക്കുകയും സഭയുടെ ഭാവിയെപ്പറ്റി അറിവാൻ ഗവർമ്മെൻറിനോട് ആവശ്യപ്പെടുകയും ചെയ്യുന്ന തിരക്കു കലശലായിരിക്കുന്നു. ഈ ചിങ്ങം 23-ാം തീയതി തലസ്ഥാനമായ തിരുവനന്തപുരത്തെ വിക്ടോറിയാ ജൂബിലി ടൗൺ ഹാളിൽത്തന്നെ മെസ്സേർസ് ഈ. ജെ. ജാൺ, കെ. കൊച്ചുകൃഷ്ണമാരാർ മുതലായ വലിയ യോഗ്യന്മാരുടെ ഉത്സാഹത്തിൽ പ്രതിനിധികളുടെ ഒരു മഹായോഗം കൂടുകയും നിശ്ചയങ്ങാം പാസ്സാക്കി ഗവർമ്മെൻറിനയയ്ക്കുകയും ഈ കാര്യത്തിൽ വേണ്ടത്ര മേലാൽ പ്രവർത്തിക്കുന്നതിന് ഒരു കമ്മിറ്റിയെ അധികാരപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇത്ര വല്യയോഗ്യന്മാരെക്കൂടി പരിഭ്രമിപ്പിക്കത്തക്ക ഒരു സംഗതിയും ഇത്ര പോലെ അടുത്തകാലത്തു തിരുവിതാംകൂറിൽ ഉണ്ടായതായും നാനാജാതി മതസ്ഥരായ പ്രജകാം ഒന്നുപോലെ ഇത്ര അകൈതവമായി അനുതപിക്കുന്ന ഒരു സംഭവവും അടുത്തകാലത്തുണ്ടായതായും അറിയുന്നില്ല. നമ്മുടെ പുതിയ ദിവാൻജി ഈ വിഷയത്തിൽ എന്തുചെയ്വാൻ പോകുന്നു എന്നു നമുക്കു നോക്കാം.

വീവേ: 1082 ചിങ്ങം

ശ്രീമൂലം പ്രജാസഭ വീണ്ടും അനുവദിക്കപ്പെട്ടു

തിരുവിതാംകൂർ പ്രജകളെ മുഴുവനും അവരോടു സഹതാപമുള്ള മറ്റു ജനങ്ങളേയും ഒന്നുപോലെ ബാധിച്ചിരുന്ന ഒരു വ്യാകുലത ഒരു വിധം ശമിച്ചു. പ്രജാസഭ അടുത്ത ധനു 20/ ജനുവരി 4-ാം നു- കൂടുന്നതാണെന്നു സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഗവൺമെൻറിന്റെ ഇതേവരെ ഉണ്ടായിരുന്ന നിലയെ നോക്കുമ്പോാം ഈ അനുവാദം വളരെ കഷ്ടിച്ചു നൽകിയതാണെന്നേ തോന്നാൻ വകയുള്ളു. ഏതായാലും പ്രജകളുടെ സാർവത്രികമായ ഐകമത്യത്തിനും ഐകമത്യ ജന്യമായ പൊതു ശബ്ദത്തിനും വലിയ ശക്തിയാണുള്ളതെന്നു് ഇതുകൊണ്ടു് ഏതാണ്ടു ബോദ്ധ്യപ്പെടുന്നതിനാൽ ജനങ്ങാംക്കു ചാരിതാർത്ഥ്യത്തിനും സന്തോഷത്തിനും വകയുണ്ടു്. ബ്രിട്ടീഷ് റസിഡണ്ടുകൂടി ഇതിൽ അവസരോചിതമായി തലയിട്ടതാണു് വലിയ ഭാഗ്യമായതു്.

ഇനി അതിന്റെ നടത്തിപ്പിന്റെ രീതിയിൽ വല്ല ഭേദഗതികളും വരുത്താൻ വിചാരിക്കുന്നുണ്ടോ എന്നാണു് ഒരു ശങ്കയുള്ളതു്. സമാജങ്ങളിൽ പലതിനേയും ഇക്കുറി ഗവൺമെൻറു ക്ഷണിക്കാൻ വിചാരിച്ചിട്ടില്ല. ക്ഷണിക്കപ്പെടേണ്ട സമാജങ്ങളുടെ ലിസ്റ്റിൽ എസ്. എൻ. ഡി. പി. യോഗത്തെ ഉാപ്പെടുത്തീട്ടുണ്ടു്. നമ്മുടെ മറ്റു സമാജക്കാരും കാലേക്കൂട്ടി ഗവൺമെൻറിനോട് അപേക്ഷിച്ചു് പ്രതിനിധികളെ അയപ്പാൻ അനുവാദം വാങ്ങിക്കൊള്ളുമെന്നു

Digitized By Kerala Sahitya Akademi

വിശ്വസിക്കുന്നു. പ്രജാസഭയുടെ നടത്തിപ്പിൽ നിന്നുമാണു് പുതിയ ദിവാൻജിയുടെ സ്വഭാവത്തേയും ത്രാണിശേഷിയും പറ്റി എന്തെങ്കിലും സ്ഥിരമായ ഒരു അഭിപ്രായം പൊതുജനങ്ങളുടെ ഹൃദയത്തിൽ വേരുന്നാൻ പോകുന്നതു്. ഇതിനെ അദ്ദേഹം കരുതിയിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നു.

വിവേ: 1082 കന്നി.

ശ്രീമൂലം പ്രജാ സഭ 3

ഇക്കൊല്ലം നമ്മുടെ സമുദായത്തിൽനിന്നു് താലൂക്കു് പ്രതിനിധികളായി ആരും തന്നെ ഇല്ലത്രേ! നികുതി അടയ്ക്കുന്നവരുടെ ലിസ്റ്റിൽ നമ്മുടെ പേരുകൾ ഇക്കുറി പൂർവ്വാധികം വെളിപ്പെട്ടിട്ടുണ്ടു്. തങ്ങളുടേയും പാർവത്യാരമ്മമാരുടേയും അശ്രദ്ധയാൽ വളരെ ആളുകളുടെ പേരുകൾ ഇനിയും വെളിപ്പെടാതിരിക്കുന്നു എന്നുള്ളതും ഞങ്ങൾക്കറിയാം. തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ജനങ്ങൾക്കു വിട്ടിരിക്കുന്നു. അതുകൊണ്ടു് അധികം Vote (സമ്മതിദാനം) കിട്ടുന്നവർ അല്ലെങ്കിൽ സമ്പാദിപ്പാൻ സാധിച്ചവർ തിരഞ്ഞെടുക്കപ്പെടുന്നു. അതിൽ വല്ലവർക്കും ഉണ്ടാകുന്ന അതൃപ്തിയെപ്പറ്റി ഗവർമ്മെൻറിനെ ഇപ്പോൾ കുറ്റം പറവാൻ തരമില്ല. രാജകീയ സഭയിൽ പ്രജകളുടെ പ്രതിപുരുഷനായിപ്പോയി അവരുടെ സങ്കടങ്ങളെ നിവർത്തിക്കുകയും അവകാശങ്ങളെ സ്ഥാപിക്കുകയും ചെയ്യുന്നതിനു് ഒരുത്തനുകിട്ടുന്ന അധികാരം വളരെ വിലയേറിയതാണു്. വേണ്ട വണ്ണം വിദ്യാഭ്യാസവും നാഗരികതയും ഉള്ളവർ മാത്രമേ അതിനെ അറിയുന്നുള്ളൂ. നായർ സമുദായത്തിൽ പ്രതിവർഷം പ്രതിനിധികൾ അധികപ്പെട്ടും നമ്മുടെ സമുദായത്തിൽ കുറഞ്ഞും വരുന്നതു് ഇതിനു ദൃഷ്ടാന്തമാണു്.

യോഗം പ്രതിനിധി

നമ്മുടെ യോഗത്തിൽനിന്നു് ഇക്കുറി ഹൈക്കോർട്ട വക്കീൽ എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകളാണു് പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്. ഇത്രയോഗ്യതയുള്ള പ്രതിനിധി നമ്മുടെ സമുദായത്തിൽ നിന്നു് ഇതിനുമുമ്പു് പ്രജാസഭയിലിരുന്നിട്ടില്ലെന്നുള്ള ഒരു സംതൃപ്തി ഞങ്ങൾക്കു് ഇപ്പോൾ ഉണ്ടു്. നമ്മുടെ ഏറിയ കാലങ്ങളായുള്ള സങ്കടങ്ങൾ പ്രസിദ്ധങ്ങളാണു്. പ്രജാസഭയിലും ആദ്യം മുതൽ അവ നല്ലവണ്ണം അറിയപ്പെട്ടിട്ടുണ്ടു്. അവയ്ക്കു് അനേക മുഖങ്ങളിൽ നിന്നു് പുറപ്പെട്ടിട്ടുള്ള ഒരു വിശേഷശക്തിയും ഇനി ഉണ്ടാവാനില്ല. "They will receive due consideration" അവ (ഗവർമ്മെൻറിന്റെ) ശരിയായ ആലോചനയ്ക്കു വിഷയമാകുന്നതാണു് എന്നു കഴിഞ്ഞ സഭ

Digitized By Kerala Sahitya Akademi

യിൽ മറുപടി പറഞ്ഞ വി. പി. മാധവരായർ അവർകളും ഇപ്പോഴും പ്രജാസഭയുടെ അദ്ധ്യക്ഷനായിരിപ്പാൻ യോഗമുണ്ടായിരുന്നു എങ്കിൽ ഈ മറുപടി അദ്ദേഹം ഇനിയും ഒരിക്കൽ കൂടി ആവർത്തിക്കാതിരിക്കത്തവണ്ണം ഉടനേ പ്രവർത്തിക്കുമായിരുന്നു എന്നു് അദ്ദേഹത്തിന്റെ യോഗ്യതയെ ഓർക്കുമ്പോൾ നമുക്കു വിശ്വസിപ്പാൻ കാരണമുണ്ടായിരുന്നു. മിസ്റ്റർ ഗോപാലാചാര്യർ ആ മഹായോഗ്യന്റെ സഭയിലെ ആസനത്തെ സ്പർശിപ്പാൻ തന്നെ ധൈര്യപ്പെടുന്നില്ലെന്നാണു കേഴ്വി.

നമ്മുടെ സങ്കടങ്ങൾ

നമുക്കുള്ളതു നാനാമുഖങ്ങളായ രണ്ടു സങ്കടങ്ങളാണല്ലോ. ഈ സങ്കടങ്ങളെ (വിദ്യാഭ്യാസം, ഗവർമ്മെൻറുദ്യോഗം ഇവയെ സംബന്ധിച്ചു തിരുവിതാംകൂറിലുള്ള സങ്കടങ്ങളെ) റാവുബഹദൂർ പി. വേലായുധൻ ബി. എ. അവർകളും ഈയിടെ മഹാരാജാവുതിരുമനസ്സിലെ മുഖം കാണിച്ച സന്ദർഭത്തിലും ഉണർത്തിക്കുകയും ഇതിനു മുമ്പിലും തിരുവുള്ളമുണർത്തിച്ചിട്ടുള്ള ഈ സംഗതികളെപ്പറ്റി നല്ലവണ്ണം ആലോചിക്കുന്നതാണെന്നു കല്പനയാകുകയും ചെയ്തിട്ടുള്ളതായി ഞങ്ങൾ പ്രസ്താവിച്ചിട്ടുണ്ടു്. ഗവർമ്മെൻറു പ്രജാസഭയിൽ പറഞ്ഞ മറുപടിയുടെ താൽപ്പര്യവും ഇതുതന്നെയാണല്ലോ. അതുകൊണ്ടു് ഇനി പ്രവൃത്തിയെ അല്ലാതെ നമ്മുടെ സങ്കടങ്ങൾക്കു യാതൊരു മറുപടിയേയും പ്രതീക്ഷിച്ചിട്ടു് ആവശ്യമില്ല. പരമാർത്ഥത്തിൽ മാനസികമായ ചില ക്ഷുദ്ര സംശയങ്ങളല്ലാതെ യാതൊരു തടസ്സവുമില്ലാത്തതും സർവഥാ നിവാരണത്തിനായി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതുമായ പ്രജാസഭയിലെ നമ്മുടെ പ്രമേയത്തിനു് അനുകൂലവും ഖണ്ഡിതവുമായ ഉത്തരം പറയാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്ന ഇപ്പോഴത്തെ അഗ്രാസനസ്ഥർ ആരായിരുന്നാലും ചരിത്രമുള്ള കാലം വരെ സ്മരിക്കപ്പെടുന്നതും അയത്നോപനതവുമായ അതിനെ സംബന്ധിച്ച യശസ്സു് അദ്ദേഹത്തെ കാത്തുനില്ക്കുന്നുണ്ടു്.

നമ്മുടെ സമാജങ്ങളുടെ പ്രാതിനിദ്ധ്യം

പ്രജകളുടെ തിരഞ്ഞെടുപ്പിൽ വേണ്ടവണ്ണം പ്രാതിനിദ്ധ്യത്തിനു സൗകര്യം ലഭിക്കാത്ത സമുദായത്തേയും മറും ഗവർമ്മെൻറു പ്രത്യേകം പരിഗണിച്ചു് നോമിനേറു ചെയ്യുന്ന നിയമത്തെ ഇക്കുറി പതിവുപോലെ ഉപയോഗിച്ചു കാണുന്നില്ല. കാർത്തികപ്പള്ളി സമാജാദ്ധ്യക്ഷനും പ്രസിദ്ധധനവാനുമായ ആലുംമൂട്ടിൽ കൊച്ചുകുഞ്ഞു ചാന്നാർ, തീയർ സമാജാദ്ധ്യക്ഷൻ വെളപ്പൻ പത്മനാഭൻ അവർകളും ഈ മാന്യന്മാർ ഇക്കുറി പ്രതിനിധികളായി ഇതുവരെ സ്വീകരിക്കപ്പെട്ട കാണുന്നില്ല. ഇവർ ഇതിനെപ്പറ്റി ഗവർമ്മെൻറിനോടു് അന്വേഷിക്കേണ്ട കാലം അതിക്രമിക്കുന്നു. കോട്ടയം ചങ്ങനാശ്ശേരി ഈ രണ്ടു താലൂക്കുകളിലും രണ്ടു സമാ

Digitized By Kerala Sahitya Akademi

ജങ്ങൾ പ്രബലമായി നടന്നു വരുന്നുണ്ട്. ഇതിന്റെ പ്രധാനപ്രവർത്തകന്മാരായ മിസ്റ്റർ സി. കെ. കൃഷ്ണപ്പണിക്കരും ചെന്നികഞ്ഞുതണ്ടാൻ അവർകളും പ്രതിനിധികളെ അനുവദിക്കുന്നതിനായി ഉടനേ അപേക്ഷിക്കേണ്ടതാണ്. സമുദായത്തിൽ ഭൂതത്തു സ്ഥലങ്ങളിലുള്ള പ്രത്യേക സങ്കടങ്ങൾ സമാജ പ്രതിനിധികൾ മൂലമായി പ്രജാസഭയിൽ എത്തേണ്ടവയാകുന്നു. അവയ്ക്കു പ്രത്യേകം പ്രത്യേകം ഉണ്ടാകുന്ന നിവൃത്തികൾ പൊതു സങ്കട നിവൃത്തിയായിത്തീരുന്നതും അതുകൊണ്ടു സമാജ പ്രവർത്തകന്മാരെ ആ വിഷയത്തിൽ വീണ്ടും ഞങ്ങൾ ഓർമ്മപ്പെടുത്തിക്കൊള്ളുന്നതുമാകുന്നു.

വിവേ: 1082 തുലാം.

ശ്രീമൂലം പ്രജാസഭ 4

ഇതിന്റെ മൂന്നാമത്തെ സമ്മേളനം ധനു 20-ാംനു- മുതൽ 27-ാംനു- വരെ കൂടുകയും കഴികയും ചെയ്തിരിക്കുന്നു. വിക്ടോറിയാ ജൂബിലി ടൗൺഹാളും ബഹിർഭാഗങ്ങളും കൊടികളും, തോരണങ്ങളും മുതലായവയെക്കൊണ്ടു പതിവുപോലെയോ അധികമോ മോടിപിടിപ്പിച്ചിരുന്നതിനാൽ മാത്രം ഇക്കൊല്ലത്തെ സഭ കേമമായി എന്നോ. പ്രതിനിധികളുടെ 'നാന്ദി'യിലും ഭരതവാക്യത്തിലും അദ്ധ്യക്ഷൻ പ്രദർശിപ്പിച്ച അസാരസമായ വൈമുഖ്യം, ബഹുമാനപ്പെട്ട ഹൈക്കോടതിയെപ്പറ്റി ഒരു മാന്യൻ പുറപ്പെടുവിച്ച അരോചകമായ അധിക്ഷേപം, ഊട്ടുപുരയെപ്പറ്റിയുള്ള വാദത്തിൽ ഒരു മാന്യന്റെ അതിരുകടന്ന പ്രതിവാദപരിപാടി ഇവയെക്കൊണ്ടു മാത്രം അമംഗളമായി എന്നോ ഞങ്ങൾ പറയുന്നില്ല. തിരുവിതാംകൂറിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും ജനങ്ങളുടെ ന്യായമായ സങ്കടങ്ങളേയും ആവശ്യങ്ങളേയും രാജ്യക്ഷേമകരങ്ങളായ പല സാരമേറിയ വിഷയങ്ങളേയും ഗവർമ്മെൻറിനെ ധരിപ്പിപ്പാനായി തല സ്ഥാനത്തുകൂടിയ മഹായോഗ്യന്മാരുടെ കാര്യഗൗരവ പൂർണ്ണമായ ആയോഗം പൊതുക്ഷേമ കാംക്ഷികൾക്കു സ്വയമേ വലുതായ സന്തോഷത്തെ ഉണ്ടാക്കുന്നതായിരുന്നു. രാജ്യ ഭരണത്തിന്റെ നാനാ വകുപ്പുകളിൽ പ്രത്യേകം പ്രത്യേകം ഉള്ള ഗുണദോഷങ്ങളുടെ വളരെക്കാലത്തെ പരിചയം കൊണ്ടു സിദ്ധിക്കേണ്ടവയായ ജ്ഞാനങ്ങൾ ഈ സഭകളിൽ ഹാജരായിരിക്കുന്നതു കൊണ്ടുതന്നെ ജനങ്ങൾക്കു് എളുപ്പത്തിൽ ഉണ്ടാകുന്നു. ഭരണ വിഷയത്തിൽ അവക്കു് സാധാരണമായ പ്രതിപത്തിയും അഭിരുചിയും ജനിക്കുന്നു. പ്രജകൾക്കു ഗവർമ്മെൻറുമായുള്ള സംബന്ധത്തിന്റെ യഥാർത്ഥ സ്വഭാവവും ഗൗരവും അവരുടെ ഹൃദയത്തിൽ പതിയുന്നു. ഇങ്ങനെ അവർ കൃത്യബോധമുള്ള പ്രജകളായിത്തീരുകയും ഭരണം പരിഷ്കൃതവും ക്ലേശരഹിതവും ക്ഷേമകരവും ആയി പരിണമിക്കുകയും ചെയ്യുന്നു. ഈ തവണ സഭയിൽ ഹാജരായിരുന്ന പ്രതിനിധികളിൽ ഭൂരിപക്ഷത്തിന്റെ യോഗ്യത

Digitized By Kerala Sahitya Akademi

കളും അവർ സഭയിൽ കൊണ്ടുവന്ന വിവിധ വിഷയങ്ങളുടെ ഗൗരവങ്ങളും അവയെ പ്രസ്താവിക്കുന്നതിൽ അവർ പ്രദർശിപ്പിച്ച വിനയവും സാമർത്ഥ്യവും ജാതിമതഭേദം കൂടാതെ അവരിൽ കണ്ടിരുന്ന ഐകമത്യവും ഉത്സാഹവും പൊടിയും കണ്ടറിയേണ്ടവ തന്നെ ആയിരുന്നു. ഈ മഹത്തായ സന്ദർഭത്തിൽ സഭയുടെ സ്രഷ്ടാവും അദ്ധ്യക്ഷനും ആയിരുന്ന വി. പി. മാധവറാവു അവർകളുടെ വിരഹത്തെക്കുറിച്ച് ഹൃദയ പൂർവ്വം അനുതപ്പിക്കാത്തവർ ഇല്ലായിരുന്നു. ഈ സഭയെ ഒരു പരിഹാസ നാടകം (farce) ആണെന്നു പറയത്തക്കവണ്ണമുള്ള അന്ധതാ വല്ലവക്കും ഉണ്ടായിരുന്നുവെങ്കിൽ അവർ ഇതിലെ പരിഹാസ നടന്മാരായി തീർന്നിട്ടുണ്ടെന്നുള്ളതു നിശ്ചയമാകുന്നു.

പ്രജാസഭാദ്ധ്യക്ഷൻ

എസ്. ഗോപാലാചാരി അവർകൾ പ്രജാസഭയുടെ അദ്ധ്യക്ഷ സ്ഥാനത്തിൽ വേണ്ട പോലെ ശോഭിക്കുന്ന ഒരു ദേഹമല്ലെന്നു അദ്ദേഹവുമായുള്ള അൽപ്പകാലത്തെ പരിചയം കൊണ്ടുതന്നെ ജനങ്ങൾ തീർച്ചയാക്കിയിരിക്കുന്നു. എന്നാൽ ഇതിനു തീരെപ്പറ്റാത്ത ഒരാളാണിദ്ദേഹമെന്നു ബോധ്യപ്പെട്ടതു് ഇപ്പോഴാണു്. ഇദ്ദേഹത്തിന്റെ വിരസമായ റിപ്പോർട്ട്, പ്രതിനിധികൾക്കു് അതിന്റെ പ്രതികളെ പതിവുപോലെ കൊടുപ്പാൻ തയ്യാറാക്കാതെയിരുന്നതു്, ഡിപ്പാർട്ടുമെന്റു മേലധികാരികളെ ക്ഷണിക്കാഞ്ഞതു്, ഓരോ വിഷയത്തിലും പ്രതിനിധികൾ ചെയ്ത സാരമേറിയ നിരൂപണങ്ങളെ വേണ്ട വണ്ണം ശ്രദ്ധിക്കാതെയുള്ള അസന്ദർഭോചിതമായ മറുപടികൾ, പ്രതിനിധികളുടെ നേരെ കാണിച്ച അലക്ഷ്യതകൾ ഇവ എല്ലാം അദ്ദേഹം സഭയുടെ ഗൗരവത്തേയും അതിലെ പ്രതിനിധികളുടെ യോഗ്യതയേയും കുറിച്ചു് വേണ്ട വണ്ണം മനസ്സിലാക്കീട്ടില്ലായിരുന്നു എന്നുള്ളതിനെ ദയനീയമാം വണ്ണം തെളിയിച്ചിരിക്കുന്നു. ഹിന്ദുക്കളല്ലാത്ത പ്രതിനിധികളുടെ നേരെ പ്രദർശിപ്പിച്ചതായി തോന്നിയ ഭാവശൂന്യത, റവന്യൂ ദേവസ്വം വകുപ്പുകളെ വേർതിരിക്കുന്ന വിഷയത്തെപ്പറ്റി പുറപ്പെടുവിച്ച ഖണ്ഡിതമായ വിപരീത നിശ്ചയം, തിരുവിതാംകൂറിലെ ദേവാധി പത്യത്തെ സംബന്ധിച്ചു തുടങ്ങിയ അപണ്ഡിതോചിതമായ നിരൂപണവും പ്രസംഗങ്ങളും, ഗവർമ്മെൻറിന്റെയോ ഉദ്യോഗസ്ഥന്മാരുടെയോ നടപടികളെ സംബന്ധിച്ച ചോദ്യങ്ങളിന്മേൽ കാണിച്ച ഗാംഭീര്യ രഹിതമായ ശാഠ്യങ്ങളും ഭീഷണികളും മറ്റും ഇദ്ദേഹത്തിന്റെ യോഗ്യതയെ വിളിച്ചു പറയുന്നവയായിരുന്നു. ചുരുക്കത്തിൽ ഇദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ഈ സഭയുടെ ആവശ്യകതയെത്തന്നെ പ്രതിനിധികൾ വ്യസന പൂർവ്വം സംശയിച്ചു കൊണ്ടാണു പിരിഞ്ഞിരിക്കുന്നതു്. ഇദ്ദേഹത്തിന്റെ മുൻഗാമി ''ജനങ്ങളുടെ മനുഷ്യ''നെന്ന സ്നേഹ ബഹുമാനാർദ്രമായ പേരിനെ സമ്പാദിച്ച മഹാനുഭാവനായിരുന്നു. ഇദ്ദേഹം ആരുടെ മനുഷ്യനെന്നു് പേരെടുത്തു കൊണ്ടു പോവാനാണു വിചാരിക്കുന്നതെന്നു് ഞങ്ങളിപ്പോൾ തീർച്ച പറയുന്നില്ല. പ്രജാസഭയുടെ അദ്ധ്യക്ഷന്മാർ ദിവാൻജിമാരായിരുന്ന കാലത്തോളം അതിന്റെ ഗുണദോഷങ്ങൾ മിക്കവാറും അവരുടെ

Digitized By Kerala Sahitya Akademi

യോഗ്യതായോഗ്യതകളെ ആശ്രയിച്ചേ ഇരിക്കൂ എന്നുള്ളതു വാസ്തവമാണ്. എന്നാൽ സഭ സ്വല്പകാലത്തെ അധികാരവും കൊണ്ടു സ്ഥാനാരോഹണം ചെയ്യുന്ന ദിവാൻജിമാരുടെ ഐച്ഛികമായ മനോഗതിയെ അവലംബിച്ചു ജീവിക്കുന്ന ഒരു നിസ്സാര സ്ഥാപനമല്ലെന്നു് അവർ അറിഞ്ഞിരിക്കേണ്ടതാണെന്നു് ഉപദേശിക്കയും പ്രജകൾ അതിന്റെ യഥാർത്ഥമായ മാഹാത്മ്യത്തേയും അതിനോടു് അവർക്കുള്ള ജന്മസിദ്ധമായ അവകാശത്തേയും വിസ്മരിക്കാതെ അതിന്റെ അവശ്യംഭാവിയായ ഗുണഫലങ്ങളിൽ സ്ഥിരതരമായ വിശ്വാസത്തോടും വർദ്ധമാനമായ ഉത്സാഹത്തോടും കൂടി സർവഥാ പ്രയത്നിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നു.

പ്രജാസഭയിൽ നമ്മുടെ കാര്യം

ഇക്കുറി യോഗംവക പ്രതിനിധിയായ ഹൈക്കോർട്ടു് വക്കീൽ എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകൾ തിരുവിതാംകൂറിൽ സ്വജാതിക്കാർക്കു് വിദ്യാഭ്യാസ സംബന്ധമായും ഗവർമ്മെൻറു് ഉദ്യോഗ സംബന്ധമായും ഉള്ള തടസ്സങ്ങളെപ്പറ്റി മാത്രമായിരിക്കും പ്രജാസഭയിൽ പറവാൻ പോകുന്നതു് എന്നു് ഇതിനുമുൻപും ഞങ്ങൾ പ്രസ്താവിച്ചിട്ടുണ്ടായിരുന്നുവല്ലോ. വിദ്യാഭ്യാസംസംബന്ധമായി അദ്ദേഹം പ്രസംഗിച്ചതിന്റെ മുഴുവൻ തജ്ജിമയും സമർപ്പിച്ച ഒരു ഹർജിയുടെ പകർപ്പും ഞങ്ങൾ വേറൊരു ഭാഗത്തു ചേർക്കുന്നുണ്ടു്. ദിവാൻജി ഇതിനു കൊടുത്ത മറുപടി അദ്ദേഹം സഭയിൽ പ്രദർശിപ്പിച്ച അനേക ചാപല്യങ്ങളിൽ ഒന്നാണെന്നേ ഞങ്ങൾ വിചാരിക്കുന്നുള്ള. ഗവർമ്മെൻറു വകയായ എല്ലാ ആൺപെൺ പള്ളിക്കൂടങ്ങളിലും തങ്ങളുടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം അനുവദിക്കണമെന്നു് അപേക്ഷിക്കുന്നതായ മിസ്റ്റർ ഗോവിന്ദന്റെ ഹർജിയിൽ എല്ലാ സമുദായങ്ങളിലുമുള്ള പ്രമാണികളായ പ്രതിനിധികൾ ഒപ്പുവച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടു ജനങ്ങൾക്കു് അതിൽ വിരോധമില്ലെന്നുള്ളതു് സ്പഷ്ടമാണു്. 'പഴയ മലയാളി ഹർജി'യുടെ കാലം മുതൽ ഈ വസ്തുത വെളിവായിരിക്കുന്നതും ഗവർമ്മെൻറു കാര്യം ജനങ്ങളുടെ തലയിൽ കെട്ടിവയ്പാൻ ഇനിയും ശ്രമിക്കുന്നു എങ്കിൽ അതു് സാഹസവുമാകുന്നു! അപേക്ഷക്കാരുടെ ആൺകുട്ടികൾക്കു് എല്ലാ ഇംഗ്ലീഷ് സ്കൂളുകളിലും മിക്കവാറും മലയാളം മിഡിൽ സ്കൂളുകളിലും ഇപ്പോൾതന്നെ പ്രവേശനം ഉണ്ടെന്നും ക്ഷേത്രങ്ങൾക്കും കൊട്ടാരങ്ങൾക്കും വളരെ സമീപിച്ചിരിക്കുന്ന സ്കൂളുകളിൽ മാത്രം അനുവദിപ്പാൻ തൽക്കാലം പ്രയാസമാണെന്നും, ഉയർന്ന ജാതി ഹിന്ദു ബാലികകൾ മാത്രം പഠിക്കുന്ന സ്കൂളുകളിൽ ഇവരുടെ ബാലികകളെ പ്രവേശിപ്പിപ്പാൻ തൽക്കാലം തരമില്ലെന്നും ആയിരുന്ന ദിവാൻജിയുടെ ബുദ്ധിശ്രൂന്യമായ മറുപടിയുടെ താല്പര്യം.. പ്രസ്തുത ഹർജിക്കാരിൽ അധികംപേർ ഈ ഉയർന്ന ജാതി ഹിന്ദുബാലികാ ബാലന്മാരുടെ രക്ഷാധികാരികൾ ആയിരുന്നതിനെ അല്പമെങ്കിലും ഇദ്ദേഹം ഓർക്കാത്തതിൽ ഞങ്ങൾക്കു് ദയതോന്നുന്നു. മലയാള മിഡിൽ സ്കൂളുകളിൽ അപൂർവം ചിലതിൽ മാത്രമേ ഇവർക്കു പ്രവേശമുള്ള. പ്രൈമറി സ്കൂളുകളിൽ മിക്കവാറും പ്രവേശമില്ലെന്നു് ഇദ്ദേഹം ത

Digitized By Kerala Sahitya Akademi

ന്നെ സമ്മതിക്കുന്നതായി ഊഹിക്കേണ്ടിയിരിക്കുന്നു. കുട്ടികൾക്കു് വിദ്യാഭ്യാസം ആരംഭിക്കേണ്ടതു് അവയിൽ ആകയാൽ അവിടെ പ്രവേശം അനുവദിക്കുന്നില്ലെങ്കിൽ എങ്ങിനെയാണു് ഒരു ചാട്ടമായി അവർ മിഡിൽ ക്ലാളിലും ഹൈസ്കൂളിലും ഉള്ള ഉയർന്ന ക്ലാസ്സുകളിലേക്കു് കയറുന്നതു്. ക്ഷേത്രസാമീപ്യം വാസ്തവമായും അവാസ്തവമായ്ക്കൂടിയും പല സ്ഥലങ്ങളിലും പണ്ടേതന്നെ ഇവർക്കു് പ്രതിബന്ധമായി നിന്നിരുന്നു. എന്നാൽ കൊട്ടാര സാമീപ്യം ഇപ്പോൾ ഗോപാലാചാര്യർ അവർകൾ സൃഷ്ടിച്ച പ്രതിബന്ധമാകുന്നു. കൊട്ടാരത്തിൽ ഈ ജാതിക്കാക്കു കടക്കാൻ പാടില്ലാത്ത ഭാഗങ്ങൾ ഉണ്ടായിരിക്കുമെന്നു ഞങ്ങൾ സമ്മതിക്കാം. എന്നാൽ അങ്ങിനെ ഉള്ള സ്വകാര്യ സ്ഥലങ്ങളിൽ എങ്ങുംതന്നെ ഇപ്പോൾ സ്കൂളുകൾ ഇല്ലാത്തതും മേലാൽ ഉണ്ടാവാൻ ആവശ്യമില്ലാത്തതും ആകുന്നു. പള്ളിവാസന കഴിപ്പിക്കുന്ന സ്ഥലത്തു് പ്രവേശം വേണമെന്നു് ഇവർ ഒരിക്കലും ആഗ്രഹിക്കുന്നില്ലെന്നു ഞങ്ങൾ ഇദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. കാര്യത്തിന്റെ ഗൌരവത്തേയൊ ഹർജിയുടെ സ്വരൂപത്തേയൊ അശേഷം പരിഗണിക്കാതെ ഇപ്രകാരം കണ്ണുംപൂട്ടി മറുപടി പറയുവാൻ ഇദ്ദേഹത്തിനുണ്ടായ ധൈര്യം ഞങ്ങളെ വിസ്മയിപ്പിക്കുന്നു. ആയുർവ്വേദ പാഠശാലയിലും സംസ്കൃത കാളേജിലും പ്രവേശം അനുവദിക്കുന്നതിനു് അവ തൽക്കാലം സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങളുടെ സ്ഥിതി അനുവദിക്കുന്നില്ലത്രേ. ഞങ്ങളുടെ അന്വേഷണത്തിൽ അങ്ങിനെ ഒരു അസൌകര്യവും ഉള്ളതായി കാണുന്നില്ല. ഉണ്ടായാൽതന്നെ ബഹുജനോപയുക്തമായിത്തീരേണ്ട ഈ സ്ഥാപനങ്ങളെ തക്കതായ സ്ഥലങ്ങളിലേക്കു മാറ്റി ഇടാത്തതു് ഗവർമ്മെൻറിന്റെ കുറ്റമാകുന്നു. അനാവശ്യ പ്രസംഗങ്ങളെക്കൊണ്ടു് സഭയുടെ വിലയേറിയ സമയത്തെ മുക്കാലും അപഹരിക്കുകയും അരങ്ങു മുഷിപ്പിക്കുകയും ചെയ്യുന്നതിൽ അശേഷം മുഷിവില്ലാത്ത മിസ്റ്റർ ഗോപാലാചാര്യർക്കു് ആ വിദ്യാലയങ്ങളെ തക്ക സ്ഥലങ്ങളിലേക്കു് ഉടനെ മാറ്റിയിടാൻ നോക്കുന്നതാണെന്നു് ഒരു ചെറിയ വാചകം കൊണ്ടു് തന്റെ മറുപടിയെ ഉപസംഹരിപ്പാൻ നാവു പൊന്താത്തതിൽ ശ്രോതാക്കൾക്കു് അവാച്യമായ കോപതാപങ്ങൾ ഉണ്ടായിട്ടുണ്ടു്. പ്രസംഗമദ്ധ്യത്തിൽ പ്രസ്തുത ജാതിക്കാരെപ്പറ്റി Low Caste (താഴ്ന്ന ജാതിക്കാർ) എന്ന പദം ഈ വിവരമില്ലാത്ത ദേഹം ഉപയോഗിച്ചിരുന്നതു ഞങ്ങൾ ഓർക്കുന്നു. തന്റെ യോഗ്യരായ അടുത്ത മുൻഗാമികളിൽ ആരും തന്നെ ഇങ്ങിനെ ചെയ്യുമായിരുന്നില്ല. ഒരു ഉന്നത സഭയിൽ ഹാജരായിരുന്ന ഒരു പ്രധാന സമുദായത്തെപ്പറ്റി സഭ്യമല്ലാത്തതും ക്ഷോഭജനകവുമായ ഈ വാക്കു് ഉപയോഗിച്ച പ്രമാദത്തെ അല്ലെങ്കിൽ മര്യാദകേടിനെ ഞങ്ങൾ തൽക്കാലം ക്ഷമിക്കുകയും മേലാൽ ഇങ്ങിനെ വരാതിരിപ്പാൻ നല്ലവണ്ണം സൂക്ഷിച്ചുകൊള്ളണമെന്നു് ദിവാൻജിയോടു് ഉപദേശിക്കുകയും ചെയ്യുന്നു.

ന്യായം പറഞ്ഞിട്ടു് ഈ അദ്ധ്യക്ഷന്റെ മുൻപിൽ പ്രയോജനമില്ലെന്നു കാണുകയാൽ മിസ്റ്റർ ഗോവിന്ദൻ സർക്കാർ ഉദ്യോഗ സംബന്ധമായി മെമ്മോറാണ്ടത്തിൽ ഉള്ളതിലധികം തനിക്കു് ഒന്നും പറയാനില്ലെന്നുവച്ചു് വിരമിക്കുകയാണു ചെയ്തതു്. എന്നാൽ ആ വിഷയത്തിൽ ഗവർമ്മെൻറിനു് ഉദ്യോഗം കൊടുക്കുന്നതിൽ ജാതിഭേദവിചാരം അശേഷം ഇല്ലെന്നും യോഗ്യതയുള്ളവർക്കു് എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഉദ്യോഗം കൊടുക്കുന്നതാണെന്നും മറുമായിരുന്നു ദിവാൻജി

Digitized By Kerala Sahitya Akademi

ക്കു മറുപടി പറയുവാൻ ഭാഗ്യവശാൽ തോന്നിയതു്. ഇതിനെ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ ഗവർമ്മെൻറു വിചാരിക്കുന്നുണ്ടെങ്കിൽ മറുപടി തരക്കേടില്ലാത്തതാകുന്നു. വിദ്യാഭ്യാസ വിഷയത്തെപ്പറ്റിയുള്ള മറുപടിയെ അധിക്ഷേപിപ്പാനായി നമ്മുടെ യോഗവും തിരുവിതാംകൂറിലെ നമ്മുടെ മറു സമാജങ്ങളും എല്ലാം പ്രത്യേകം പ്രത്യേകം യോഗം കൂടി നിശ്ചയങ്ങൾ പാസ്സാക്കുകയും സങ്കടപരിഹാരത്തിനായി വേണ്ട മാർഗ്ഗങ്ങൾ ഉടനേ ആലോചിച്ചു് ഏകോപിച്ചു പ്രവർത്തിക്കുകയും ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. മിസ്റ്റർ ഗോവിന്ദൻ സമർപ്പിച്ച മെമ്മോറിയലിൽ പൊതു സ്നേഹത്തെ മുൻനിറുത്തി ഒപ്പുവച്ച പരിഷ്കൃത മതികളായ എല്ലാ സമുദായത്തിലേയും മാന്യ പ്രതിനിധികൾക്കും വിദ്യാഭ്യാസ സംബന്ധമായ പ്രസ്തുത സമുദായത്തിന്റെ സങ്കടങ്ങളെക്കുറിച്ചു് പ്രത്യേകം പ്രജാസഭയിൽ പ്രസംഗിച്ച കുന്നത്തൂർ പ്രതിനിധി മിസ്റ്റർ ഗോവിന്ദപ്പിള്ളയ്ക്കും ഈ അവസരത്തിൽ ഞങ്ങൾ വന്ദനം പറഞ്ഞു കൊള്ളുകയും ചെയ്യുന്നു.

വിവേ: 1082 ധനു, മകരം

ശ്രീമൂലം പ്രജാസഭ 5

ശ്രീമൂലം പ്രജാസഭയുടെ നാലാമത്തെ സമ്മേളനം വൃശ്ചിക മാസം 30–ാംനു മുതൽ 7-ാംനു വരെ അഞ്ചുദിവസം കൊണ്ടു സ്ഥലത്തെ വിക്ടോറിയാ ജൂബിലി ടൗൺഹാളിൽ വച്ചു് മംഗളമായി കഴിഞ്ഞു കൂടിയിരിക്കുന്നു പ്രജാവത്സലനായ നമ്മുടെ പൊന്നു തമ്പുരാൻ തിരുമനസ്സിലെ നാമധേയ സ്മാരകവും വിശാലഹൃദയനായ വി. പി, മാധവരായർ അവർകളുടെ പ്രതിഭാവിലാസത്തിന്റെ ഉത്തമസന്താനവുമായി ശോഭിക്കുന്ന ഒരു പ്രശസ്തമായ സ്ഥാപനമാണല്ലോ പ്രജാസഭ. പ്രജകളുടെ ക്ഷേമത്തിനും അഭ്യുദയത്തിനും അവശ്യം വേണ്ടവയായ എല്ലാപരിഷ്കാരങ്ങളേയും ഏർപ്പെടുത്തുന്നതിനു് ഈ സഭ ഉണ്ടാക്കിത്തീർത്തിരിക്കുന്ന സൗകര്യം അനല്പമാകുന്നു. തിരുവിതാംകൂറിലെ നാനാജാതിമതസ്ഥരായ പ്രജകളുടേയും നിഷ്കളങ്കമായ സ്നേഹത്തിനു പാത്രീഭവിച്ചിട്ടുള്ള സ്ഥാപനം ഇതൊന്നു മാത്രമേ ഉള്ളു. അതിലും വിശേഷിച്ചു് ബുദ്ധിശക്തി കാര്യശേഷി, നിഷ്പക്ഷപാതിത്വം മുതലായ ഗുണങ്ങൾക്കു് ഇരിപ്പിടമായ ഒരു ഭരണതന്ത്രജ്ഞനെന്നു പരക്കെ വിശ്വസിക്കപ്പെട്ടിരിക്കുന്ന നമ്മുടെ പുതിയ ദിവാൻ രാജഗോപാലാചാരി അവർകളുടെ അദ്ധ്യക്ഷതയിലാണു് ഇക്കൊല്ലത്തെ പ്രജാസഭ നടത്തപ്പെടാൻ പോകുന്നതെന്നു് അറിഞ്ഞപ്പോൾ മുതൽ ജനസാമാന്യത്തിന്റെ ഇടയിൽ നാനാമുഖങ്ങളിലുമായി പടർന്നുപിടിച്ച ആശകൾക്കും മനോരാജ്യങ്ങൾക്കും അതിരുത്തിയില്ലായിരുന്നു. പ്രജാസഭയിൽ സംബന്ധിക്കുന്നതിനായി തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽ നിന്നു വന്നുചേർന്നിരുന്ന ജനങ്ങളിൽ പ്രകാശിച്ചുകണ്ട അനന്യാദൃശമായ താത്പര്യാതിശയവും ബഹളങ്ങളും ഇതിനുമതിയായ തെളിവാണല്ലോ. പ്രതിനിധികളായി സഭയിൽ ഹാജരായി

Digitized By Kerala Sahitya Akademi

രുന്ന യോഗ്യന്മാരിൽ ഭൂരി പക്ഷവും പ്രതിപാദിച്ച വിഷയങ്ങളും ഈ മഹാസഭയുടെ ഗൗരവത്തിനും ഉദ്ദേശങ്ങൾക്കും അനുരൂപങ്ങളായിരുന്നു എന്നതിനു സംശയമില്ല. എന്നാൽ ദിവാൻജി അവർകളുടെ തീരുമാനങ്ങളിൽ പലതും ജനങ്ങളുടെ പ്രതീക്ഷയ്ക്ക് അനുകൂലമായിരുന്നില്ലെന്നു് ഒരു ആക്ഷേപം പരത്തിയിട്ടുണ്ടു്. എങ്കിലും അദ്ദേഹം യോഗം നടത്തിയ സമ്പ്രദായം വളരെ സ്തുത്യർഹമായിരുന്നു എന്നാണു് എല്ലാവരുടേയും ഐക കണ്ഠ്യമായ അഭിപ്രായം. തന്റെ സന്ദർഭോചിതമല്ലാത്ത മറുപടികളെക്കൊണ്ടും പരിഷ്കൃതനായ ഒരു ഭരണ കർത്താവിനു് ഒരിക്കലും ഉചിതമല്ലാത്ത വിധത്തിലുള്ള ചാപല്യങ്ങളെക്കൊണ്ടും കഴിഞ്ഞകൊല്ലം പ്രജാസഭാ രംഗത്തെ അലങ്കോലപ്പെടുത്തിയ മാറിപ്പോയ ദിവാൻ മിസ്റ്റർ ഗോപാലാചാരിയുടേയും ഇദ്ദേഹത്തിന്റെയും സമ്പ്രദായങ്ങൾക്കു തമ്മിലുള്ള അന്തരം പരമാർത്ഥത്തിൽ അജഗജാന്തരം തന്നെ. രാജഗോപാലാചാരി അവർകൾ ദിവാൻ പദത്തിൽ പ്രവേശിച്ചു് ഒരു മാസംപോലും തികയുന്നതിനു മുമ്പിൽ ഇവിടത്തെ രാജ്യഭരണ കാര്യങ്ങളെല്ലാം സമഗ്രമായി അറിഞ്ഞിരിക്കുമെന്നു് വിശ്വസിക്കുവാൻ പാടില്ല. അതിനാൽഅദ്ദേഹത്തിന്റെ മറുപടികൾ ജനങ്ങൾക്കു് ഇമ്മ്മാതിരി ഭംഗഹേതുവായി പരിണമിച്ചിട്ടുണ്ടെങ്കിൽ അതു് അദ്ദേഹം ഇവിടത്തെ ഓരോ ഡിപ്പാർട്ടുമെന്റു മേലധികാരികളുടെ അഭിപ്രായങ്ങളെ സ്വീകരിച്ചതിന്റെ ഫലമാണെന്നു മാത്രമേ ഞങ്ങൾ വിചാരിക്കുന്നുള്ളൂ. ഇവിടത്തെ ജനസമുദായ സ്ഥിതിയേയും അവരിൽ ചില പ്രത്യേക വിഭാഗക്കാരുടെ അഭ്യുന്നതിയിൽ ചില വലിയ ഉദ്യോഗസ്ഥന്മാർ പ്രദർശിപ്പിച്ചു വരുന്ന അനുകമ്പാരാഹിത്യത്തേയും അഥവാ വിപ്രതിപത്തിയേയും പൂർണ്ണമായി ഗ്രഹിക്കുമ്പോൾ ദിവാൻജി അവർകൾ ജനഹിതങ്ങളെ വേണ്ട പ്രകാരത്തിൽ ആദരിക്കയും അനുവർത്തിക്കയും ചെയ്യുമെന്നു ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു.

ഇക്കൊല്ലത്തെ പ്രജാസഭയിൽ അദ്ദേഹം പ്രധാനമായിച്ചെയ്ത ഒരു സംഗതി നായന്മാരുടെ അവകാശ ക്രമത്തേയും മറും പരിഷ്കരിക്കേണ്ടതിനെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു ചെയ്വാനായി ഒരു കമ്മീഷൻ ഏർപ്പെടുത്തിയതാണു്. ഇതു വളരെ ഗൗരവമേറിയ ഒരു കാര്യമാണെന്നുള്ളതിനു സംശയമില്ല. മറെറാരു പ്രധാന സംഗതി ഇവിടത്തെ നിയമ നിർമ്മാണ സഭയിലേക്കു് അനുദ്യോഗസ്ഥ സാമാജികനെ തിരഞ്ഞെടുക്കുവാൻ വടക്കേ ഡിവിഷനിലെ പ്രതിനിധികൾക്കു് അധികാരം നൽകിയതാകുന്നു. അതനുസരിച്ചു് ബുദ്ധിമാനും സർവസമ്മതനുമായ മിസ്റ്റർ കുരുവിളയെ ഈ സ്ഥാനത്തിലേക്കു് അവർ ശുപാർശ ചെയ്തുയും ഗവർമ്മെൻറു് അതിനെ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. യോഗ്യന്മാരായ ഈ പ്രതിനിധികൾ തങ്ങൾക്കു സിദ്ധിച്ച അഭൂതപൂർവമായ അധികാരത്തെ ഇത്രത്തോളം തൃപ്തികരമായി നിർവഹിച്ചതു് വളരെ അഭിമാന ഹേതുകം തന്നെ. മേലാൽ ഇതിനേക്കാൾ ഗൗരവതരമായ കാര്യങ്ങൾക്കായി ഗവർമ്മെൻറു് ജനപ്രതിനിധികളെ ചുമതലപ്പെടുത്തുമെന്നു നമുക്കു ന്യായമായി വിശ്വസിക്കാവുന്നതാണല്ലോ.

Digitized By Kerala Sahitya Akademi

പ്രജാസഭയിൽ നമ്മുടെ കാര്യം

ഇക്കൊല്ലത്തെ പ്രജാസഭയിൽ യോഗംവക പ്രതിനിധി ഹൈക്കോർട്ട് വക്കീൽ എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകളെക്കൂടാതെ കരുനാഗപ്പള്ളിയിൽ നിന്നു് മേനാത്തേരിൽ കെ. നാരായണപ്പണിക്കർ അവർകളും ചിറയിൻകീഴു് വക്കം ഈഴവസമാജത്തിൽ നിന്നു് ആർ. വേലുത്തരകൻ അവർകളും നമ്മുടെ പ്രതിനിധികളായി ഉണ്ടായിരുന്നു. നമ്മുടെ കുട്ടികൾക്കു് ഗവർമ്മെൻറു വകയായ എല്ലാ സ്കൂളുകളിലും പ്രവേശനം അനുവദിക്കണമെന്നു കാണിച്ചു് എല്ലാ സമുദായത്തിലുമുള്ള പ്രമാണികളായ 64 പ്രതിനിധികളും ഒപ്പുവച്ചിട്ടുള്ള ഒരു മെമ്മോറിയൽ മിസ്റ്റർ ഗോവിന്ദൻ ആദ്യമായി സമർപ്പിച്ചു. തിരുവിതാംകൂറിൽ നമ്മുടെ സ്വജനങ്ങൾക്കു വിദ്യാഭ്യാസ സംബന്ധമായും ഗവർമ്മെൻറുദ്യോഗസംബന്ധമായും ഉള്ള സങ്കടങ്ങളെക്കുറിച്ചു് അദ്ദേഹം പ്രജാസഭയിൽചെയ്ത പ്രസംഗം വളരെ രസകരമായിരുന്നു എന്നറിയുന്നതിൽ ഞങ്ങൾക്കു് അനല്പമായ ചാരിതാർത്ഥ്യമുണ്ടു്. യോഗ്യതയുള്ള ഈഴവർക്കു് എല്ലാ ഡിപ്പാർട്ടുമെൻറിലും ഉദ്യോഗംകൊടുക്കണമെന്നു മിസ്റ്റർ വേലുത്തരകനും, ആയുർവേദപരീക്ഷയിൽ ഈഴവക്കുട്ടികളെ ചേർക്കുന്നതിനു തടസ്സം പറഞ്ഞതു് വളരെ സങ്കടകരമാണെന്നും ഉദ്യോഗത്തിനു ശ്രമിച്ചിട്ടുള്ള പരീക്ഷാവിജയികളായ പല ഈഴവരേയും തിരുവിതാകൂർ ഗവർമ്മെൻറു ഭഗ്നാശയന്മാരാക്കീട്ടുണ്ടെന്നും മറ്റും അനേകം ദൃഷ്ടാന്തങ്ങളെ എടുത്തുകാണിച്ചു് തൻറെ സഹജമായ സാമർത്ഥ്യത്തോടുകൂടി മിസ്റ്റർ മേനാത്തേരിൽ നാരായണപ്പണിക്കരും പ്രസ്താവിക്കുകയുണ്ടായി. നമ്മുടെ പ്രതിനിധികളും ചെയ്തപ്രസംഗങ്ങളും അവസ്സാ, ദിവാൻജി പറഞ്ഞ മറുപടികളും അടങ്ങിയ ഒരു റിപ്പോർട്ടു് ഞങ്ങളും മറെറാരു ഭാഗത്തു ചേർത്തിട്ടുണ്ടു്.

ക്ഷേത്രങ്ങളുടേയോ കൊട്ടാരങ്ങളുടേയോ സാമീപ്യംകൊണ്ടു് ഈഴവർക്കു പ്രവേശം അനുവദിച്ചിട്ടില്ലാത്ത സ്കൂളുകളും എല്ലാവർക്കും പ്രവേശിക്കാവുന്ന സ്ഥലങ്ങളിലേക്കു മാററി സ്ഥാപിക്കുവാൻ ഏർപ്പാടുചെയ്യുന്നതാണെന്നും ദിവാൻജി പറഞ്ഞിരിക്കുന്നു. ചില സ്കൂളുകളിൽ ഈഴവ ബാലന്മാർക്കു പ്രവേശം അനുവദിക്കാതിരിക്കുന്നതു് ക്ഷേത്രങ്ങളുടേയോ കൊട്ടാരങ്ങളുടേയോ സാമീപ്യം കൊണ്ടാണെന്നുള്ള വാദത്തിൽ എത്രമാത്രം സത്യമുണ്ടെന്നു നമ്മുടെ പുതിയ ദിവാൻജി മനസ്സിലാക്കീട്ടില്ലെന്നാണതോന്നുന്നതു്. പള്ളിക്കൂടങ്ങൾ മാററി സ്ഥാപിക്കുന്നതിനു മുമ്പായി ഗവർമ്മെൻറു് രണ്ടുപ്രാവാശ്യം ചിന്തിക്കേണ്ടിയിരിക്കുന്നു, ഒന്നാമതു് ഈഴവർക്കു പള്ളിക്കൂടപ്രവേശം അനുവദിക്കുന്നതിൽ നിരന്തരമായി വൈമുഖ്യം കാണിച്ചു വരുന്ന തിരുവിതാംകൂറിൽ ക്ഷേത്രങ്ങളുടേയും കൊട്ടാരങ്ങളുടേയും സാമീപ്യം ഈഴവരെ ഒഴിച്ചുനിർത്താനായി നിർമ്മിച്ചിട്ടുള്ള ഒടുവിലത്തെ വിദ്യയാകുന്നു. വസ്തുത ഇപ്രകാരമാണെന്നു് ഇന്നാട്ടിൽ ഞങ്ങൾക്കുള്ള പരിചയം കൊണ്ടു് ദിവാൻജിയെ ബോദ്ധ്യപ്പെടുത്താവുന്നതാണു്. ദൃഷ്ടാന്തമായി സംസ്കൃത പാഠശാലയും ആയുർവേദ പാഠശാലയും സ്ഥാപിക്കപ്പെട്ടിരിക്കുന്നതു് ഞങ്ങൾ ദിവസംപ്രതി പൊയ്ക്കൊ

Digitized By Kerala Sahitya Akademi

ണ്ടിരിക്കുന്ന സ്ഥലങ്ങളിലാകുന്നു. ഇങ്ങനെയിരിക്കെ അവിടെ ഈഴവർക്കു പ്രവേശിക്കാൻ പാടില്ലെന്നു പറയുന്നതിൽ അടങ്ങിയിരിക്കുന്ന വ്യാജം ഗവർമ്മെൻറിനു് അയശകരമാകുന്നു. പരമാർത്ഥത്തിൽ ഈഴവർക്കു പ്രവേശിക്കുവാൻ പാടില്ലാത്ത പരിശുദ്ധഭൂമികളിൽ സ്ഥാപിച്ചിട്ടുള്ള ഒരു സർക്കാർ പള്ളിക്കൂടവും തിരുവിതാംകൂറിൽ ഇല്ല. രണ്ടാമതു് ഈഴവർക്കു പ്രവേശം അനുവദിച്ചിട്ടില്ലാത്തവയായി അസംഖ്യം പള്ളിക്കൂടങ്ങൾ ഉണ്ടു്. വല്ലകാരണത്താലും അവയെമാററി ഇടാമെന്നുവച്ചാൽ അതിന്നുവേണ്ടി വരുന്നചിലവു് ചില്ലറയായിരിക്കയില്ല. ചിലരുടെ മനോരഥസിദ്ധിക്കായി പൊതുസ്വത്തിനെ ദുർവ്യയം ചെയ്വാൻ പാടില്ലാത്തതാണു്. രാജ്യത്തിലെ അത്യാവശ്യകങ്ങളായ പലസംഗതികൾക്കും പണമില്ലെന്നു പറഞ്ഞു ക്ലേശിക്കുന്ന രാജഗോപാലാചാരി അവർകൾ ജാതിസ്പർദ്ധനിമിത്തം വീർത്തുവരാൻ എളുപ്പമുള്ള (പള്ളിക്കൂടങ്ങളുടെ) ഒരുലിസ്റ്റും ആലോചനകൂടാതെ അംഗീകരിക്കയില്ലെന്നാണു് ഞങ്ങളുടെ വിശ്വാസം.

ജാതിസ്പർദ്ധ അധികമുള്ള സ്ഥലങ്ങളിലെ സർക്കാർ പള്ളിക്കൂടങ്ങളിൽ ഈഴവപ്പെൺകുട്ടികളെ എന്തുകൊണ്ടാണു പ്രവേശിപ്പിക്കാൻ പാടില്ലാത്തതു്? ഈഴവരിൽ നിന്നും ഉയർന്നവരെന്നു വിചാരിക്കപ്പെട്ടുവരുന്ന ജനങ്ങളുടെ സംഖ്യ ഈഴവരെപ്പോലെയും അവരേക്കാളും താഴ്ന്നവരായും വിചാരിക്കപ്പെട്ടുവരുന്നവരുടെ സംഖ്യയെ അപേക്ഷിച്ചു തുലോം ചെറുതാകുന്നു. ജാതിസ്പർദ്ധയെ ബഹുമാനിച്ചു് ഒരു സമുദായത്തിന്റെ അഭിവൃദ്ധിയെ തടയുന്നതു് അനീതിയാണു്. ചുരുക്കം ചിലരുടെ സ്പർദ്ധയെ ആദരിച്ചു് ഭൂരിപക്ഷം പ്രജകളുടെ അഭിവൃദ്ധിക്കു വിരോധമായി പ്രവർത്തിക്കുന്നതു് കഠിനമായ നിർദ്ദയത്വവും ഭയങ്കരമായ അപനയവുമാണു്. പൊതുജനക്ഷേമത്തിനു് അത്യന്താപേക്ഷിതങ്ങളായ വിഷയങ്ങളെ സംബന്ധിച്ച ബുദ്ധിപൂർവ്വങ്ങളായ അഭിപ്രായങ്ങളെ വകവയ്ക്കാത്ത ഗവർമ്മെൻറു് ഈ സംഗതിയിൽ കേവലം ക്ഷുദ്രമായ ജാതിസ്പർദ്ധയെ ആദരിക്കുന്നതു് എത്ര അസംബന്ധമാണു്?. പ്രജാസഭയിൽ ഹാജരുള്ള നാനാജാതിക്കാരായ ഭൂരിപക്ഷംസാമാജികന്മാർ ഈഴവക്കുട്ടികളെ എല്ലാ പള്ളിക്കൂടങ്ങളിലും പ്രവേശിപ്പിക്കണമെന്നു് അപേക്ഷിക്കുമ്പോൾ ''നിങ്ങളുടെ സ്പർദ്ധനിമിത്തം അങ്ങനെ ചെയ്വാൻ നിവൃത്തിയില്ല'' എന്നു് ഗവർമ്മെൻറു് അവരോടുതന്നെ തിരിഞ്ഞു പറയുന്നതു് എത്ര നേരമ്പോക്കാണു''? മിസ്റ്റർ രാജഗോപാലാചാരി ഒരുമാസം തികച്ചു ദിവാൻ പണിയിൽ ഈ സംസ്ഥാനത്തു പരിചയിക്കുന്നതിനു മുമ്പേ പറഞ്ഞിട്ടുള്ള ഈ മറുപടികളും ഇപ്രകാരമിരിക്കാൻ ഇടവന്നതു് എന്തുകൊണ്ടാണെന്നു ഞങ്ങൾക്കു മനസ്സിലാവുന്നുണ്ടു്.

ഗവർമ്മെൻറുദ്യോഗത്തെ സംബന്ധിച്ചു പറഞ്ഞ മറുപടിയും അത്ര തൃപ്തികരമല്ല. റവന്യൂ ഡിപ്പാർട്ടുമെൻറിൽ ഈഴവർക്കു് ഉദ്യോഗം കൊടുക്കുന്നതിൽ പറയുന്ന തടസ്സം ഒരിക്കലും സാധുവാണെന്നു പറവാൻ പാടില്ല. ദേവസ്വത്തിന്റെ മേൽവിചാരം ഗവർമ്മെൻറിന്റെ ഗണനീയമായ ഒരു അംശമല്ല. എങ്കിലും നമ്മുടെ ഇപ്പോഴത്തെ മഹാരാജാതിരുമനസ്സിലെ ഭരണകാലത്തു ദേവസ്വത്തിന്റെ പ്രധാന്യത്തെ പർവ്വതീകരിക്കാനും അതിനു രാജ്യഭരണ

Digitized By Kerala Sahitya Akademi

മണ്ഡപത്തിൽ അനർഹമായ ഒരു വലിയ സ്ഥാനത്തെ കല്പിക്കാനും ഒരു ഉദ്യമം ഉണ്ടായിട്ടുണ്ട്. ഗവർമ്മെൻറിന്റെ അധീനതയിൻ തിരുവിതാംകൂറിൽ ഏതാനും ക്ഷേത്രങ്ങൾ ഉണ്ടെന്നുള്ളതു ശരിതന്നെ. ഈ ക്ഷേത്രകാര്യങ്ങൾകൂടി അന്വേഷിക്കണമെന്നുള്ളതുകൊണ്ടുമാത്രം തിരുമനസ്സിലെ പ്രജകളിൽ ഒരു വലിയ വിഭാഗത്തിനു് സാക്ഷുദ്യോഗവിഷയത്തിൽ അവക്കുള്ള ന്യായമായ അവകാശത്തെ അനുവദിക്കാതിരിക്കേണ്ടതിന്റെ ആവശ്യകത എന്താണെന്നു ഞങ്ങൾക്കു മനസ്സിലാവുന്നില്ല. ക്ഷേത്രകാര്യങ്ങൾ തഹസീൽദാരുടെ കീഴിൽ താലൂക്കിലുള്ള ഏതുദ്യോഗസ്ഥന്മാരെക്കൊണ്ടും നടത്തിക്കാമെന്നുള്ളതാണു്. ക്ഷേത്രത്തിനകത്തു പ്രവേശം ഇല്ലാത്തവർഗ്ഗക്കാരിൽപെട്ട തഹസീൽദാരന്മാർ ക്ഷേത്രകാര്യങ്ങൾ നിർവഹിച്ചുപോരുന്നതു് കൊച്ചി സംസ്ഥാനത്തുമാത്രമല്ല. ഈ സംസ്ഥാനത്തും അഭൂതപൂർവമായ ഒരുസംഗതിയല്ല. റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നും ദേവസ്വത്തെ വേർതിരിക്കുന്നതുകൊണ്ടു വരാവുന്ന അധികച്ചിലവു് ഈ ഡിപ്പാർട്ടുമെൻറുകളുടെ വേർപാടു നിമിത്തം ഉണ്ടാകാവുന്ന ഭരണസൗകര്യത്തെ അതിശയിക്കുന്നപക്ഷം അങ്ങനെ ചെയ്യണമെന്നു ഞങ്ങൾക്കു് അപേക്ഷയില്ല. റവന്യൂഡിപ്പാർട്ടുമെൻറിൽ ഈഴവർക്കുതടസ്സം കൂടാതെ ഉദ്യോഗം കൊടുക്കണമെന്നു മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ. മിസ്റ്റർ വേലുത്തരകൻ അഭിപ്രായപ്പെട്ടപോലെ കഴിഞ്ഞ കാനേഷുമാരിക്കണക്കിൻ പ്രകാരം ഇന്നാട്ടിൽ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരായി മുപ്പതിനായിരത്തിലധികം ഈഴവരുണ്ടെങ്കിലും മുപ്പതിൽപരം തഹശീൽദാരന്മാരിലോ അത്രത്തോളം സമ്പ്രതികളിലോ ഇരുന്നൂറിലധികം പാർവ്വത്യകാരന്മാരിലോ അവരിൽ ഒരൊറ്റ ആൾപോലും ഇല്ലെന്നുള്ളതു് എത്ര ഭീമമായ ഒരു കഷ്ടതയാണു്.

ഈഴവരുടെ അപേക്ഷകളെ ദയാപൂർവം ഗൌനിക്കുന്നതാണെന്നു മെമ്പറന്മാർക്കു് ഉറപ്പുകൊടുക്കുന്നതായ മറുപടിയുടെ അവസാനഭാഗം ദിവാൻജിയുടെ ആന്തരമായ സദുദ്ദേശ്യത്തെ സൂചിപ്പിക്കുന്നതായിരിക്കുന്നു. അദ്ദേഹം പ്രവർത്തിക്കണമെന്നുദ്ദേശിക്കാത്തതിനെ പറയുന്ന ദോഹമല്ലെന്നു് ഇതിനകം പ്രത്യക്ഷപ്പെടുത്തിത്തുടങ്ങുകയും ചെയ്തിരിക്കുന്നു.

ഈ അവസരത്തിൽ ഞങ്ങൾക്കു് സ്വജനങ്ങളോടും രണ്ടുവാക്കു പറയേണ്ടതായി ഉണ്ടു്. പ്രജാസഭയിൽ ദിവാൻജി പറഞ്ഞ മറുപടി വേണ്ടിടത്തോളം അനുകൂലമായിരുന്നില്ലെങ്കിലും നമ്മുടെ നേർക്കു് ഗവർമ്മെൻറിനുള്ള നല്ല മനസ്സിനെ വെളിപ്പെടുത്തുന്നുണ്ടു്. നമ്മുടെ അഭിവൃദ്ധിക്കുനേരിട്ടിരിക്കുന്ന പ്രതിബന്ധങ്ങളുടെ അവസാനം നമ്മുടെ സ്വപ്രയത്നത്തെയാണു് ആശ്രയിച്ചിരിക്കുന്നതു്. സർക്കാരുദ്യോഗത്തിൽ ധാരാളമായി പ്രവേശം ലഭിക്കുന്നതോടുകൂടി സമുദായത്തിനു മോക്ഷം സിദ്ധിച്ചുപോകുമെന്നു വിചാരിക്കുവാൻ പാടില്ല. നാം അതിനായി പോരാടുന്നതു് തിരുവിതാംകൂറിലെ പ്രജകളുടെ നിലയിൽ അതു നമുക്കു ന്യായമായി സിദ്ധിക്കേണ്ട ഒരു അവകാശമാണെന്നുള്ളതു കൊണ്ടാകുന്നു. അതിൽ നാം പൂർണ്ണവിജയം നേടുന്നതായാലും നമ്മുടെ സമുദായത്തിന്റെ ക്ഷേമം സർക്കാരുദ്യോഗം വഹിക്കുന്നവരുടെ സംഖ്യയെ എന്നതിനേക്കാൾ നമ്മുടെ വ്യാവസായികമായ അഭിവൃദ്ധിയെ ആണു് അവലംബിച്ചിരിക്കുന്നതെന്നു നാം ഓർക്കേണ്ടതാകുന്നു.

വിവേ. 1083 വൃശ്ചികം, ധനു.

Digitized By Kerala Sahitya Akademi

അഞ്ചാമത്തെ ശ്രീമൂലം പ്രജാസഭാ യോഗം

ഈ കൊല്ലംപ്രജാസഭ തുലാം 24—ാം നു- (നവംബർ 9—ാംനു-) കൂടുന്നതാകുന്നു. പതിവുപോലെ എസ്. എൻ. ഡി. പി. യോഗത്തിനു് ഒരു പ്രതിനിധിയെ അയപ്പാനുള്ള അവകാശം നൽകിയിരിക്കുന്നതിൽ ഈഴവർ ഗവൺമെൻറിനോടു നന്ദിയുള്ളവരായിരിക്കുന്നതാണു്. വേറേ പലസമാജങ്ങൾക്കും സംഘങ്ങൾക്കും കൊടുത്തിരുന്ന ഈ അവകാശം ഇക്കുറി ഗവൺമെൻറിൽനിന്നു് എടുത്തുകളഞ്ഞിരിക്കുന്നതായിക്കാണുന്ന യോഗത്തിലേക്കു് അയച്ചുകൊടുത്ത ഒരു ഗവൺമെൻറു് പ്രൊസീസിംഗ്സിൻറെ പകർപ്പിൽനിന്നു ശ്രീനാരായണധർമ്മ പരിപാലനയോഗവും ''കാത്തലിക്കു് ഇൻഡ്യൻ എസോസ്യേഷനും'' തുടർന്നുകൊണ്ടു് അവരുടെ പ്രവൃത്തികൾ ചെയ്യുന്നതായി കാണപ്പെടുന്നതിനാൽ അവസ്സ പ്രതിനിധികളെ അയപ്പാനുള്ള അവകാശം അനുവർത്തിപ്പാൻ അനുവദിച്ചിരിക്കുന്നു. എന്നു കാണുന്നു. അതുകൊണ്ടു് മേൽപ്പറഞ്ഞതിനു ഗവൺമെൻറു കാണുന്ന കാരണം വെളിവാകുന്നുണ്ടല്ലോ. ''കേരളീയനായർ സമാജം'' മരുമക്കായക്കമ്മിഷൻറെ ഏർപ്പാടോടുകൂടി കൃതാർത്ഥതയനുഭവിച്ചു സുഖനിദ്രചെയ്കയാണോ? അല്ലെങ്കിൽ ഈ സന്ദർഭത്തിൽ അതു മൗനംദീക്ഷിക്കുന്നതിൻറെ അർത്ഥം എന്തായിരിക്കും? സമാജങ്ങളിൽ നിന്നു് അധികം പ്രതിനിധികളും വരുന്നതു കാണ്മാനാണു് ഞങ്ങൾ ആശിക്കുന്നതു്.

പ്രജാസഭ തിരുവിതാംകൂറിലെ പ്രജകൾക്കു രാജ്യഭരണസംബന്ധമായി അടുത്തകാലത്തുണ്ടായ ഏറ്റവും വലുതായ അനുഗ്രഹമാണെന്നുള്ളതു് നിരാക്ഷേപമാകുന്നു. അതുകൊണ്ടു് ഈ അഞ്ചുകൊല്ലങ്ങൾക്കുള്ളിൽ സംഭവിച്ചിരിക്കുന്ന ഗുണകരങ്ങളായ മാറ്റങ്ങൾ ഒരിക്കലും വിസ്മരിക്കപ്പെടാവുന്നവയല്ല. വിശേഷിച്ചും പറയുന്നതിനെ ചെയ്കയും ചെയ്യാവുന്നതിനെ മാത്രം പറകയും ചെയ്യുന്ന ഒരു മഹാനാണു് ഇപ്പോൾ അതിൻറെ നായകനായി നമുക്കു ലഭിക്കപ്പെട്ടിരിക്കുന്നതു്. ദിവാൻ മിസ്റ്റർ രാജഗോപാലാചാരി കഴിഞ്ഞകൊല്ലത്തിൽ തിരുവിതാംകൂർ കാര്യങ്ങളിൽ വെറും പുത്തനായിരുന്നു. എന്നിട്ടും പ്രജാസഭയുടെ അഗ്രാസനത്തിൽ ഒരുപുതിയ മനുഷ്യനായിട്ടു് അദ്ദേഹത്തെ ആക്കുന്നതോന്നിയില്ല. അദ്ദേഹം പ്രജകളുടെ ആപേക്ഷയ്ക്കു പറഞ്ഞ മറുപടിയേക്കാൾ ആ മറുപടികളെ ഉടനടി പ്രവൃത്തിയിൽ കൊണ്ടുവന്നിരിക്കുന്നതിനെയാണു ഞങ്ങൾ അധികം ശ്ലാഘിക്കുന്നതു്. ഇങ്ങനെയുള്ള ദിവാൻജിമാരുടെ കീഴിലാണു് പ്രജാസഭയുടെ അനുഗ്രഹത്തിൽ ജനങ്ങൾക്കു വാസ്തവമായ വിശ്വാസമുണ്ടാകുന്നതു്. ഈ കൊല്ലം അദ്ദേഹത്തിൻറെ പ്രജാസഭയിലെ പ്രവൃത്തി കഴിഞ്ഞകൊല്ലത്തേതിനെക്കാൾ എത്രയോ തൃപ്തികരമായിരിക്കുമെന്നു് ആക്കും പ്രതീക്ഷിക്കാവുന്നതാണു്.

യോഗത്തിൻറെ പ്രാതിനിദ്ധ്യത്തിനു കഴിഞ്ഞകൊല്ലത്തിൽ ഈഴവക്കു ഗവമ്മെൻറുദ്യോഗം കൊടുക്കുന്ന വിഷയത്തിൽ പറഞ്ഞ മറുപടിയെ അദ്ദേഹം എത്ര തൃപ്തികരമായി നിറവേറ്റിയിരിക്കുന്നു. അതിൻറെ ഫലമായി ഈ

Digitized By Kerala Sahitya Akademi

ഴവരിൽ ഒരു ഡിസ്ട്രിക്ട് മുൻസിഫ്, ഒരു സബ് അസിസ്റ്റൻറ്, സർജൻ, രണ്ടു സബ് രജിസ്ട്രാർമാർ, ഒരു സബ്ഓവർസീയർ ഇവരും പല ഡിപ്പാർട്ടുമെൻറുകളിലായി പല കീഴ്ത്താരും ഉദ്യോഗസ്ഥന്മാരും ഇപ്പോഴും ഉണ്ട്. ഇഴവർ ഏറിയ കാലമായി എത്രയോ മെമ്മോറിയലുകളും സമർപ്പിച്ചിട്ടും പാർലമെൻറുവരെ എത്തി ഇളക്കമുണ്ടാക്കീട്ടും ഫലമുണ്ടായിട്ടില്ലെന്ന് അവർക്കറിയാം. പ്രജാസഭയുടെ സ്രഷ്ടാവും കേമനുമായ മാധവരായർക്കുകൂടിയും അവരുടെ കൃതജ്ഞതയെ ഇത്രപോലെ സുകരമായി സമ്പാദിപ്പാൻ കഴിഞ്ഞിട്ടില്ലെന്നും അവർ അറിയുന്നു.

എന്നാൽ വിദ്യാഭ്യാസ സംബന്ധമായ അവരുടെ സങ്കടങ്ങൾക്ക് ഇദ്ദേഹം നൽകിയ മറുപടിയോ അതിനെ അനുസരിച്ച് ഇത്രവരെ ചെയ്തിട്ടുള്ള പ്രവൃത്തികളോ വേണ്ടവിധം തൃപ്തികരമായെന്നുകാണാത്തതിൽ ഞങ്ങൾ വ്യസനിക്കുന്നു. യോഗത്തിൽ നിന്ന് ഗവൺമെൻറിലേക്ക് ഈയിടെ സമർപ്പിച്ച ഒരു മെമ്മോറിയലിനു ഗവൺമെൻറിൽ നിന്നു കൊടുത്ത മറുപടിയെപ്പറ്റി ഞങ്ങൾ കഴിഞ്ഞതവണ പ്രസ്താവിച്ചിരുന്നുവല്ലോ. അതിൽ നിന്നും വായനക്കാർ ഇതിനെപ്പറ്റി ഒരുവിധം അറിഞ്ഞിരിപ്പാനിടയുള്ളതിനാൽ ആ സംഗതി ഇവിടെ എടുത്തുപറവാൻ വിചാരിക്കുന്നില്ല. ഈ തവണത്തെ യോഗം പ്രതിനിധി ആ സംഗതികളെ വിവരമായിപ്രജാസഭയിൽ ധരിപ്പിക്കുമെന്നും ഗവൺമെൻറ് അവയെ സദയം ശ്രദ്ധിച്ചു തൃപ്തികരമായ പരിഹാരമുണ്ടാക്കുമെന്നും ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു.

വിവേ: 1084 കന്നി

ശ്രീമൂലം പ്രജാസഭാ യോഗം

ഇതു തുലാം 24–ാം തീയതി ആരംഭിച്ച് 28–ാം തീയതി അവസാനിച്ചിരിക്കുന്നു. ഇതിൻെറ നടത്തിപ്പിൽ ഉള്ള ഔർജ്ജിത്യം മേൽക്കുമേൽ വർദ്ധിച്ചുവരുന്നതായി കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഈ കൊല്ലത്തിൽ വിശേഷവിധിയായി ബ്രിട്ടീഷ് റസിഡൻറുകൂടി എല്ലാ ദിവസവും സന്നിഹിതരാകുകയും ഓരോ നടപടികളേയും പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തിരിക്കുന്നു. ദിവാൻജി തൻെറ ഉപക്രമപ്രസംഗത്തിൽ കഴിഞ്ഞകൊല്ലത്തെ സഭയിൽ അംഗീകരിക്കപ്പെട്ട സംഗതികളിൽ നിർവഹിച്ചിട്ടുള്ളതിനെ പ്രസ്താവിക്കയും പതിവുപോലെ വാർഷികഭരണറിപ്പോർട്ടിൻെറ സംഗ്രഹത്തെ ധരിപ്പിച്ചകൂട്ടത്തിൽ ഇപ്പോൾ ക്രമേണ വർദ്ധിപ്പാൻപോകുന്ന ധനസ്ഥിതിയെ പൂണ്ടിക്കാണിക്കുകയും ആവർദ്ധനയോടുകൂടി ജനക്ഷേമകരമായി ഗവർമ്മെൻറ

Digitized By Kerala Sahitya Akademi

മേലാൽ ചെയ്‌വാൻ വിചാരിക്കുന്ന ചില സ്തുത്യർഹങ്ങളായ സംഗതികളെ സൂചിപ്പിച്ച് ആശയെ ഉദ്ദീപിപ്പിക്കയും ചെയ്തിരിക്കുന്നു. എന്നാൽ പ്രതിനിധികൾ സഭയിൽ പ്രസ്താവിച്ച പ്രമേയങ്ങളിൽ ഏറിയകുറിനും ദിവാൻജിയുടെ മറുപടി പ്രതികൂലമായിരുന്നു. ചിലഗൗരവമേറിയ സംഗതികൾക്കെല്ലാം 'നോട്ട ചെയ്തിരിക്കുന്നു' എന്നുള്ള മറുപടി ആയിരുന്നു. അവയെപ്പറ്റി സാവധാനമായി ആലേചിച്ച ഗവർമ്മെൻറു വല്ലതും പ്രവർത്തിക്കും എന്നു ആശിക്കാം. നിരസനങ്ങൾ അധികമായിപ്പോയി എന്നു ദിവാൻജി അവർകൾക്കുതന്നെ നല്ലവണ്ണം തോന്നീട്ടുണ്ടു്. അദ്ദേഹത്തിന്റെ ഉപസംഹാരപ്രംസഗത്തിൽ ''പ്രതിവർഷം അനേകം അപേക്ഷകളെ നിരസിക്കുന്നു എന്നുവച്ചു് മാന്യന്മാരേ! നിങ്ങൾ നിരുത്സാഹന്മാരാകരുതു്'' എന്നും പ്രതിനിധികളുടെ അപേക്ഷയ്ക്കു മറുപടി പറയുന്നതിൽ ദിവാൻജിക്കു പല സംഗതികളും നോക്കേണ്ടിയുണ്ടെന്നും അതുകൊണ്ടു് അങ്ങനെ സംഭവിക്കുന്നതാണെന്നും മറ്റുമുള്ള സാന്ത്വനങ്ങളേയും ഉപദേശങ്ങളേയും കൊണ്ടു പ്രതിനിധികളെ സന്തോഷിപ്പിച്ചു തന്നെ അദ്ദേഹം വിരിച്ചുവിട്ടിരിക്കുന്നു എന്നുള്ളതു പ്രസ്താവയോഗ്യമാണു്. ദിവാൻജി അവർകളുടെ വാക്കിൽനിന്നു് പ്രജാസഭമൂലം അദ്ദേഹത്തിന്റെ ഉദ്യോഗകാലത്തിൽതന്നെ പല ആശിക്കത്തക്ക ഗുണങ്ങളും ജനങ്ങൾ അനുഭവിപ്പാൻ ഇടയാകുമെന്നു കാണുന്നതു് വളരെ സന്തോഷകരമായ സംഗതിയാകുന്നു.

പ്രജാസഭയിൽ യോഗം പ്രതിനിധി

പ്രജാസഭയുടെ ആരംഭംമുതൽ യോഗത്തിനു് അതിൽ പ്രസ്താവിപ്പാൻ ഉണ്ടായിരുന്നതു രണ്ടുസംഗതികൾ ആയിരുന്നു എന്നു ഞങ്ങളുടെ വായനക്കാക്കു ബോദ്ധ്യമാണല്ലോ. അവയിൽ ഈഴവർക്കു് ഗവൺമെൻറുദ്യോഗസംബന്ധമായുണ്ടായിരുന്ന പരാതിയെപ്പറ്റിയ ആദ്യത്തെ വിഷയം കഴിഞ്ഞ തവണത്തെ മറുപടിയും അതിനെ മുൻനിറുത്തി ഇതുവരെയുള്ള ഗവൺമെൻറിന്റെ പ്രവർത്തിയും കൊണ്ടു് അവസാനിച്ചിരിക്കുന്നു എന്നു പറഞ്ഞില്ലെങ്കിൽ ഞങ്ങൾ കൃതഘ്നരായെന്നുവരാം. രണ്ടാമത്തെ വിദ്യാഭ്യാസ സംബന്ധമായ പരാതിക്കു് ഇതുവരെയും പറയത്തക്കതല്ലെങ്കിൽ ആശിക്കത്തക്ക നിവൃത്തി ഉണ്ടായിട്ടില്ലെന്നുള്ളതു നിരാക്ഷേപമാണല്ലോ. ഇതിനെപ്പറ്റിമാത്രമാണു് യോഗത്തിന്റെ ഈ കൊല്ലത്തെ പ്രതിനിധിയായ എൻ. കുമാരനാശാൻ അവർകൾ പ്രതിപാദിച്ചതു്. (ഏ) ഈഴവപ്പെൺകുട്ടികൾക്കു് എല്ലാഗവൺമെൻറു പള്ളിക്കൂടങ്ങളിലും പ്രവേശംകൊടുക്കുകയും അങ്ങിനെ ചെയ്യാൻ തീരെ നിവൃത്തിയില്ലാത്ത ദിക്കുകളിൽ അവക്കായി പ്രത്യേകം സ്ഥാപിക്കപ്പെടുന്ന സ്കൂളുകൾക്കു് വിശേഷാൽ ധനസഹായം ചെയ്കയും ചെയ്ക, (ബി) ആൺകുട്ടികൾക്കു പ്രവേശിപ്പാൻ പാടില്ലാത്തതായി വിചാരിക്കപ്പെടുന്ന സ്കൂളുകളെയും സംസ്കൃതകാളേജ് ആയുർവ്വേദകാളേജ് ഇവയേയും വേഗത്തിൽ പ്രവേശിക്കത്തക്ക സ്ഥലങ്ങളിലേക്കു മാറ്റിസ്ഥാപിക്കുക, ഇവയായിരുന്നു ചുരുക്കത്തിൽ നമ്മുടെ പ്രതിനിധിയുടെ പ്രതിപാദ്യവിഷയം. ഇതിനെസംബന്ധിച്ചു് അദ്ദേഹം പ്രജാസഭയിൽ സംസാരിച്ചതിന്റെ ചുരുക്കം ഇംഗ്ലീഷിലും മലയാളത്തിലും ഞങ്ങൾ മറെറാരു ദിക്കിൽ ചേർത്തിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

പെൺകുട്ടികൾക്ക് തൽക്കാലം ഗവൺമെൻറ് ഗാൽ സ്കൂളുകളിൽ പ്രവേശം അനുവദിപ്പാൻ പാടില്ലെന്നും അവർക്കായി പ്രത്യേകം സ്ഥാപിക്കപ്പെടുന്ന സ്കൂളുകൾക്ക് ഉദാരമായ ഗ്രാൻറുകൊടുക്കാമെന്നും ആൺകുട്ടികൾക്ക് ഇപ്പോൾ പ്രവേശം അനുവദിച്ചിട്ടില്ലാത്ത ഏതാനും സ്കൂളുകൾ മാറ്റി സ്ഥാപിക്കുന്നതിനും മുൻപിൽ അവയിൽ പ്രവേശിക്കുന്നതിനായ സ്ഥലങ്ങളിൽ ഇരിക്കുന്ന വല്ല സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയെ ചൂണ്ടിക്കാണിച്ച പ്രതിനിധി എഴുതി അയച്ചാൽ അതിനെപ്പറ്റി പ്രത്യേകം അന്വേഷണം നടത്തി പാടുള്ളപക്ഷം പ്രവേശം കൊടുക്കുന്നതാണെന്നും ഈഴവർക്ക് പ്രത്യേകം സ്കൂളുകൾ ആവശ്യമുള്ള സ്ഥലങ്ങളേയും അപ്രകാരം ചൂണ്ടിക്കാണിച്ച് പ്രതിനിധി എഴുതിഅയച്ചാൽ ഗവൺമെൻറ് അതിനെ പ്രത്യേകം ശ്രദ്ധിച്ച് സ്കൂളുകൾ സ്ഥാപിച്ചുകൊടുപ്പാൻ നോക്കുന്നതാണെന്നും എന്നാൽ ആയുർവേദപാഠശാലയിലും, സംസ്കൃത കാളേജിലും പ്രവേശം നൽകുന്ന വിഷയത്തെപ്പറ്റി കഴിഞ്ഞതവണ പറഞ്ഞ മറുപടിയെത്തന്നെ ഇപ്പോഴും പറവാനേ ഗവൺമെൻറ് വിചാരിക്കുന്നുള്ളു എന്നുമാണ് ദിവാൻജി ഇതിനു പറഞ്ഞ മറുപടിയുടെസാരം. ഇതിൽ പെൺപള്ളിക്കൂടങ്ങളേയും, ആയുർവേദപാഠശാല, സംസ്കൃതപാഠശാല ഇവയേയും സംബന്ധിച്ചിടത്തോളം ദിവാൻജിയുടെ മറുപടി ന്യായത്തേയും വസ്തുതയേയും വിട്ട് എത്ര ദൂരത്തിലാണിരിക്കുന്നതെന്ന് പ്രതിനിധിയുടെ വാദങ്ങളെപ്പറ്റി ആലോചിക്കുന്ന ആർക്കും അനായാസേന അറിയാവുന്നതാണ്. ഈഴവരുടെ ആൺകുട്ടികളെപ്പോലെതന്നെ പെൺകുട്ടികളും മറ്റുള്ള ജാതിക്കാരുടെ കുട്ടികളുമായി രണ്ടുജിച്ചു കഴിയുന്നകാലം അധികം താമസിയാതെ വരുമെന്ന് ഗവൺമെൻറിനു ആശംസയുള്ളതായും അപ്പോൾ ഈഴവക്കു നിശ്ശേഷം ഒതുങ്ങുന്നതാണെന്നുംകൂടി അദ്ദേഹം പ്രസ്താവിച്ചിരുന്നു. ഈഴവർക്ക് മറ്റും ഉയർന്നജാതി ഹിന്ദുക്കളെപ്പോലെതന്നെ ജാതിവിചാരം കലശലാണെന്നു അദ്ദേഹം പറയുകയും അതിനു ദൃഷ്ടാന്തമായി അദ്ദേഹം നെയ്യാറ്റിൻകര സ്കൂളിൽ ഈയിടെ ഏതിനും പുലക്കുട്ടികളെ പ്രവേശിപ്പിപ്പാൻ നോക്കിയപ്പോൾ അധികം തടസ്സമുണ്ടായതു് ഈഴവരിൽ നിന്നാണെന്നും ഉദാഹരിക്കുകയും തന്റെ പ്രതികൂലമായ മറുപടിയെ അപ്രകാരം നിതീകരിപ്പാൻ ശ്രമിക്കയും ചെയ്തതു സാഹസമാണ്. യോഗ്യനായ ദിവാൻ രാജഗോപാലാചാരി അവർകളോടു ഞങ്ങൾക്ക് അന്യാദൃശമായ കൃതജ്ഞതയും അപാരമായ സ്നേഹബഹുമാനങ്ങളും ഉള്ളപ്പോൾതന്നെയും അദ്ദേഹത്തിന്റെ ഈ ദുർദ്ധാരണയെപ്പറ്റി രണ്ടുവാക്കു പറയാതിരിപ്പാൻ സത്യവും നീതിയും ഞങ്ങളെ അനുവദിക്കുന്നില്ല. നെയ്യാറ്റിൻകര സ്കൂളും ഞങ്ങൾ നല്ലവണ്ണം അറിയും. അതിൽ പത്തിൽ ഒന്നെങ്കിലും, ഈഴവവിദ്യാർത്ഥികൾ ഉണ്ടായിരിക്കയില്ല. വാദ്ധ്യാന്മാരായി ഒരീഴവനെങ്കിലുമുണ്ടോ എന്നു സംശയമാണ്. പിന്നെ എങ്ങിനെയാണ് അധികം തടസ്സം ഈഴവരിൽ നിന്നു ഉണ്ടായതു്? പുലക്കുട്ടികളെ സ്കൂളിൽ കണ്ടപ്പോൾ എഴുന്നേറ്റു ഓടാൻതുടങ്ങിയ (അങ്ങിനെ തുടങ്ങീട്ടുണ്ടെങ്കിൽ) കുട്ടികൾ എല്ലാം ഈഴവരാണെന്നു് അടുത്തു നിന്നിരുന്നവർ ദിവാൻജിയെ കബളിപ്പിച്ചതാണു് ഇതിന്റെ വാസ്തവം. അങ്ങിനെയുള്ള ''പൊടിക്കൈകൾ'' പ്രയോഗിക്കുന്ന വിദ്വാന്മാർ യോഗ്യന്മാരെന്നു പറയപ്പെടുന്നവരുടെ ഇടയിലും ഇവിടെ ധാരാളമാണ്. ഈ സ്കൂളിൽ ഈഴവർക്കു പ്രവേശം നൽകീട്ടതന്നെ

Digitized By Kerala Sahitya Akademi

നാലോ അഞ്ചോകൊല്ലമേ ആയിട്ടുള്ളു. വളരെ ചുരുക്കം ഈഴവക്കുട്ടികളേ മാത്രമേ ഇപ്പോഴും അതിൽ പഠിക്കുന്നുള്ളു. അധികം തടസ്സം ഈഴവരിൽ നിന്നാണെന്നു കേട്ടപ്പോൾ അവരുടെ സംഖ്യ എത്രയാണെന്നു് അദ്ദേഹം അന്വേഷിച്ചിരുന്നു എങ്കിൽ ഈഴവരുടെ തടസ്സത്തെ വകവയ്ക്കാതെ തന്നെ അദ്ദേഹത്തിനു നിശ്ചയമായും പുലയർക്കു പ്രവേശം കൊടുക്കാമായിരുന്നു. അങ്ങനെ ചെയ്തിരുന്നു എങ്കിൽ ഉടനെ ഇതിന്റെ ചെമ്പുപുറത്തായ്വുകയും ചെയ്യുമായിരുന്നു. അതുകൊണ്ടു് ആ വീഴ്ച അദ്ദേഹത്തിന്റെ മേൽത്തന്നെ ആണെന്നു പറവാൻ ഞങ്ങൾ അശേഷം മടിക്കുന്നില്ല. ഈഴവർക്കുപുലയരോടു് ഒരു പ്രത്യേക വിരോധവും ഇല്ല. ഉണ്ടെന്നുവല്ല സംഗതിവശാലും സ്ഥാപിപ്പാൻ തുടങ്ങിയാൽ അതിനു് അവർ സമ്മതിക്കയുമില്ല.

വിശേഷിച്ചും ദക്ഷിണതിരുവിതാകൂറിൽ ഈഴവർ ഉയർന്ന ജാതിക്കാരുമായി തൊട്ടുകളി തീണ്ടിക്കുളി മുതലായി നൈച്യസൂചകമായയാതൊന്നും അറിഞ്ഞിട്ടില്ലാത്ത ജാതിക്കാരാണു്. അവർ ലൌകികാവസ്ഥയിൽ മറ്റേതു ജാതിക്കാരെയും പോലെ അന്തസ്സുള്ള ഉയന്ന ജാതിക്കാർ വിചാരിക്കുന്നപോലെ അവരും വിചാരിച്ചുവരുന്നു എന്നുള്ളതാണു സംഗതിയുടെ പരമാർത്ഥം. എന്നതന്നെയല്ല ഈഴവരിൽ നിന്നു് എത്രയൊ താണജാതിക്കാരുടെ അടിയിലാണു് പുലയർ നിൽക്കുന്നതു്. അവരെക്കാൾ സാധുക്കളും താണവരും ആയ ജാതിക്കാർ ഇല്ല. അതുകൊണ്ടു് പുലയരോടു് ഈഴവക്കുള്ളവിചാരം പോലെയാണു് മറ്റുള്ളവർ ഈഴവരോടു വിചാരിക്കുന്നതെന്നു സൂചിപ്പിക്കുന്ന ദിവാൻജിയുടെ ഈ പ്രസ്താവം (ജാതിവിചാരം ഉള്ളകാലത്തോളം) ഒരു വലുതായ സമുദായത്തെ അതിന്റെ നിലയെ ഓക്കാതെ അവമാനിക്കുന്നതും, അദ്ദേഹത്തിന്റെ നിലയിൽ ഉള്ള ഒരാൾക്കു് വരാൻ പാടില്ലാത്ത തെറ്റും ആകുന്നു. എന്നാൽ ഇതും വാസ്തവത്തിൽ അദ്ദേഹത്തിനു് ക്ഷുദ്രോപദേശവിശ്വാസംകൊണ്ടു സംഭവിച്ചതാണെന്നേ ഞങ്ങൾക്കു വിചാരമുള്ളു. ഈഴവർ കരം കൊടുക്കുന്ന ജാതിക്കാരിൽ മുന്നണിയിലാണു്. വിദ്യാഭ്യാസസംബന്ധമായി ഇപ്പോഴത്തെ ഗവൺമെന്റു് അവരെ ഉയർന്ന ജാതിക്കാരുടെ പടിയിലാണു വച്ചിരിക്കുന്നതു്. അങ്ങനെയുള്ള ഒരു പ്രധാനസമുദായക്കാർ അവർക്കു വിദ്യാഭ്യാസ വിഷയമായുള്ള വാസ്തവമായ സംകടത്തെ പറയുമ്പോൾ ദൂരെപ്പോയി പുലയരുടെ ദൃഷ്ടാന്തവും മാറിതേടിപ്പിടിച്ചു കൊണ്ടുവരുന്നതു് ഒരു ദുർബലമായ നയവും പൂർവാപരവിരുദ്ധവും ആണെന്നുകൂടി ഗവൺമെന്റു വിചാരിക്കാത്തതു് ആശ്ചര്യമാകുന്നു.

ഞങ്ങൾ സംഗതിവശാൽ ഇങ്ങിനെ എഴുതാൻ പ്രേരിതരായി എങ്കിലും, രാജഗോപാലാചാരി അവർകളുടെ ഉദാരമായ നയത്തിലും ഗുണകാംക്ഷിതത്തിലും ഞങ്ങൾക്കു ലേശം അവിശ്വാസം ജനിച്ചിട്ടില്ലെന്നു ഞങ്ങൾ ശപഥം ചെയ്കയും പറയുന്നതിലധികം പ്രവർത്തിക്കുന്ന മഹാനാണിദ്ദേഹം എന്നു് അദ്ദേഹത്തിന്റെ കഴിഞ്ഞ പ്രവർത്തികളെക്കൊണ്ടു് ഇപ്പോഴും ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുകയും ചെയ്യുന്നു.

വിഭവ: 1084 തുലാം, വൃശ്ചികം

Digitized By Kerala Sahitya Akademi

ഈ വരുന്ന ശ്രീമൂലം പ്രജാസഭയിലെ യോഗം പ്രതിനിധി

ഈ കന്നി 9–ാംനു- ശ്രീ-നാ–ധ -പ–യോഗം ആഫീസിൽ കൂടിയ യോഗാം ഗങ്ങളുടെ ഒരു വിശേഷാൽ യോഗത്തിൽ കൃഷ്ണപുരം മുൻസിപ്പ് കോർട്ടവക്കീൽ മിസ്റ്റർ കെ. കുഞ്ഞുപണിക്കരെ ടി യോഗം വക പ്രതിനിധിയായി തെരഞ്ഞെടുത്തിരിക്കുന്നു. ഇദ്ദേഹം പ്രതിപാദിപ്പാൽ തെരഞ്ഞെടുത്തിരിക്കുന്നതു് രണ്ടു വിഷയങ്ങളാകുന്നു. (I) ഈഴവബാലികമാർക്കു് ക്രിസ്ത്യൻ ബാലികമാർക്കു പ്രവേശമുള്ള ഗവർമ്മൻറു സ്കൂളുകളിലെങ്കിലും പ്രവേശം അനുവദിക്കണം. (II) കഴിഞ്ഞ പ്രജാസഭയിൽ ഈഴവരുടെ പെൺ പള്ളിക്കൂടങ്ങൾക്കു് ഉദാരമായ ഗ്രാൻറു കൊടുക്കാമെന്നു് ഗവർമ്മെൻറു ചെയ്ത ദയയേറിയ വാഗ്ദാനത്തെ പൂർത്തിയാക്കുന്നതിനായി അടുത്ത ഭാവിയിൽ ഈഴവർ അധികം സ്കൂളുകൾ ഉണ്ടാക്കത്തക്കവണ്ണം പ്രോത്സാഹകവും ഖണ്ഡിതവുമായ ഒരു ഉയർന്ന ഗ്രാൻറുനിരക്കു് അവർക്കായി സർക്കുലർ മൂലമോ മറേറാ വ്യവസ്ഥപ്പെടുത്തണം. പ്രതിനിധിക്കു് ഈ രണ്ടു വിഷയങ്ങളേയും സംബന്ധിച്ചു് പലതും പറവാൻ ഉണ്ടാകും. എന്നാൽ യോഗം പ്രതിനിധി സംസ്ഥാനം മുഴുവൻ ഉള്ള ഈഴവരുടെ പ്രാതിനിധ്യം വഹിക്കേണ്ടിയിരിക്കുന്നതിനാൽ തൻെറ വിഷയത്തെ സംബന്ധിച്ചു് വളരെ വിവരമായ അറിവു് അദ്ദേഹത്തിനു് ആവശ്യമായിവരും. അതുകൊണ്ടു് ക്രിസ്ത്യാനികൾക്കു പ്രവേശമുള്ള ഏതെല്ലാം സ്കൂളുകളിൽ ഈഴവപ്പെൺകുട്ടികൾക്കു പ്രവേശം ഇപ്പോൾ അനുവദിക്കുന്നില്ലെന്നും, ഏതെല്ലാം പെൺപള്ളിക്കൂടങ്ങൾ പ്രോത്സാഹകമായ ഗ്രാൻറു കിട്ടാത്തതിനാൽ അധോഗതിയെ പ്രാപിക്കുകയോ ഞെരുങ്ങുകയോ ചെയ്യുന്നുണ്ടെന്നും, ഏതെല്ലാം സ്ഥലങ്ങളിൽ തൃപ്തികരമായ ഗ്രാൻറുകിട്ടിയാൽ പെൺപള്ളിക്കൂടങ്ങൾ സ്ഥാപിപ്പാൻ ജനങ്ങൾ തയാറുണ്ടെന്നും, എവിടെയെല്ലാം ഗവർമ്മെൻറു ചെലവിന്മേൽ തന്നെ സ്കൂളുകൾ സ്ഥാപിക്കേണ്ട വാസ്തവമായ ആവശ്യകതയുണ്ടെന്നും, ഏതെല്ലാം ഗ്രാൻറു പെൺപള്ളിക്കൂടങ്ങൾ മാനേജരന്മാരുടെ അപ്രാപ്തിയാലോ അസൌകര്യത്താലോ ഗവർമ്മെൻറു സ്കൂളുകളായി വിട്ടുകൊടുപ്പാൻ തയാറുണ്ടെന്നും മറുമുള്ള വിവരങ്ങൾ വാസ്തവമായും വിശദമായും അന്വേഷിച്ചറിഞ്ഞു് വൃശ്ചികം 30–ാംനു-ക്കു മുൻപു് ഈ ആഫീസ്സിൽ കിട്ടത്തക്കവണ്ണം എഴുതി അയച്ചുതരാൻ കാര്യബോധവും സമുദായ സ്നേഹവുമുള്ള എല്ലാ മാന്യന്മാരോടും പ്രതിനിധിക്കു വേണ്ടി ഞങ്ങൾ ആവശ്യപ്പെട്ടു കൊള്ളുന്നു.

വിവേ: 1083 കന്നി

പ്രജാസഭയിൽ യോഗം വക കാര്യം

ഈ തവണ യോഗംപ്രതിനിധിക്കു് പ്രജാസഭയിലെ വാദവിഷയങ്ങൾ (I) ഈഴവ ബാലികകൾക്കു് ക്രിസ്ത്യാനിപ്പെൺ കുട്ടികൾക്കു് ഇപ്പോൾ പ്രവേശമുള്ള സർക്കാർ പെൺപള്ളിക്കൂടങ്ങളിലെങ്കിലും പ്രവേശം അനുവദിക്കണ

Digitized By Kerala Sahitya Akademi

മെന്നും (II) അവരുടെ സ്വന്തം പള്ളിക്കൂടങ്ങൾക്ക് മുമ്പിലത്തെ വാഗ്ദാനത്തെ അടിസ്ഥാനമാക്കി ഉദാരമായ ഗ്രാന്റു കൊടുപ്പാൻ ഖണ്ഡിതമായ ഉത്തരവുകൾ ഉണ്ടാകണമെന്നു. ആയിരുന്നു എന്നു് വായനക്കാർ ഓർക്കുമല്ലോ. ഈ രണ്ടു സംഗതികളേയും സംബന്ധിച്ചു് പ്രതിനിധി മിസ്റ്റർ കഞ്ഞുപണിക്കർ വളരെ യുക്തിയുക്തമായി പ്രതിപാദിക്കയും ദിവാൻജി അവർകൾ എല്ലാ ഭാഗങ്ങളേയും ശ്രദ്ധവച്ചുകേൾക്കുകയും ചെയ്തു. കഴിഞ്ഞതവണത്തെ ഗവർമ്മെൻറിന്റെ അനുകമ്പാരഹിതമായ മറുപടി ഈഴവരുടെ സ്ത്രീ വിദ്യാഭ്യാസത്തെ അവിചാരിതവും അക്രമവുമായ വിധത്തിൽ തടയുകയും ക്രിസ്ത്യാനികൾക്കു കൂടി ഈഴവർ അതുമുതൽ ഹീനജാതിക്കാരായി തുടങ്ങുകയും ക്ഷേത്ര സാമീപ്യം പോലെ ഇപ്പോൾ പള്ളിയുടെ സാമീപ്യവും അവരുടെ സ്കൂൾ പ്രവേശത്തിനു് തടസ്സമാക്കാൻ ചില ക്രിസ്ത്യാനികൾ ശ്രമിക്കുകയും ചെയ്യുന്നതായി പ്രതിനിധി പ്രസ്താവിക്കുകയും ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്ന കാർത്തികപ്പള്ളി ഗവൽസ് സ്കൂളിലെ ഈഴവമിസ്ട്രസ്സിന്റെ ഉദാഹരണത്തെ എടുത്തു കാണിക്കയും ചെയ്തു. ടി മിസ്ട്രസ്സിന്റെ സ്ഥിതിയേപ്പറ്റി ഗവർമ്മെൻറ് പ്രത്യേകം അന്വേഷണം ചെയ്യുന്നതാണെന്നും സ്കൂൾ പ്രവേശത്തെപ്പറ്റി വേണ്ടതെല്ലാം നോക്കുന്നതായിരിക്കുമെന്നും ഒന്നാമത്തെ സംഗതിക്കു് ദിവാൻജി അവർകൾ മറുപടി പറഞ്ഞു. രണ്ടാമത്തെ സംഗതിക്കു് പുതിയ വിദ്യാഭ്യാസ ചട്ടപ്രകാരം ഗവർമ്മെൻറു സമ്മതം സിദ്ധിച്ചിട്ടുള്ള എല്ലാ പള്ളിക്കൂടങ്ങൾക്കും മുഴുവൻ ശമ്പള ഗ്രാന്റു് അനുവദിച്ചിരിക്കുന്നതിനാൽ ഉദാരമായ ഗ്രാന്റു് അനുവദിക്കാമെന്നു ചെയ്തിരുന്ന വാഗ്ദാനത്തെപ്പറ്റി ഒന്നും ചെയ്വാനില്ലെന്നും എന്നാൽ ഈഴവർക്കു് പ്രത്യേകം സ്കൂളുകൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളെ അന്വേഷിച്ചറിഞ്ഞു് വിവരത്തിനു് ഒരു ലിസ്റ്റ് യോഗത്തിൽ നിന്നു സമർപ്പിച്ചാൽ ഗവർമ്മെൻറു ചെലവിൽ സ്കൂളുകൾ അവർക്കായി സ്ഥാപിച്ചു കൊടുപ്പാൻ നോക്കുന്നതാണെന്നും ആണു് മറുപടി പറഞ്ഞിരിക്കുന്നതു്. അതു കൊണ്ടു പുതിയ കോഡ് അനുസരിച്ചു് സ്കൂളുകളെ സ്ഥാപിച്ചു നടത്താൻ ഞങ്ങൾക്കു തോന്നുന്ന ഈഴവർക്കു് അതാതു സ്ഥലങ്ങളിൽ സ്കൂളുകൾ സ്ഥാപിച്ചുകിട്ടുവാൻ ഗവർമ്മെൻറിനോടു് അപേക്ഷിക്കാവുന്നതും ആ അപേക്ഷകൾ യോഗം പ്രതിനിധി മുഖേനയായാൽ നിശ്ചയമായും ഫലവത്താകുന്നതുമാണു്. ഇതിനു പുറമേ പുതിയ എഡ്യുക്കേഷൻ കോഡിനെ സംബന്ധിച്ചു് വിദ്യാഭ്യാസ ഡയറക്ടരുമായി കണ്ടു തങ്ങളുടെ അഭിപ്രായങ്ങളേയും സൂചനകളേയും അറിവിക്കുന്നതിനായി ഏതാനും മാന്യപ്രതിനിധികളെ ദിവാൻജി അവർകൾ തെരഞ്ഞെടുക്കുകയും അതിൽ യോഗം പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. കോഡിന്റെ 69-ാം വകുപ്പിൽ ജാതി മതഭേദം കൂടാതെ എല്ലാവരേയും ഏതു സ്കൂളുകളിലും ചേർക്കേണ്ടതാണെന്നും എന്നാൽ ഗവർമ്മെൻറു് അനുവാദത്തോടുകൂടി വല്ലസ്കൂളുകളിലും വല്ലവർക്കും പ്രവേശം കൊടുപ്പാതിരിപ്പാൻ ഡയറക്ടർക്കു് അധികാരമുണ്ടെന്നും കാണുന്നതിൽ ഈഴവ ബാലികമാരെ സംബന്ധിച്ചിടത്തോളം ഡയറക്ടർ എങ്ങിനെ വിചാരിക്കുന്നു എന്നു് നമ്മുടെ പ്രതിനിധി ചോദിക്കുകയും, അവർക്കു പ്രവേശം കൊടുപ്പാൻ നോക്കുന്നതാണെന്നും അതു വേഗത്തിൽ നടപ്പിൽ വരുന്നതു കാണാമെന്നും ഡാക്ടർ മിച്ചൽ അവർകൾ മറുപടി പറകയും ചെയ്തിരിക്കുന്നു. എല്ലാം കൊണ്ടും വിദ്യാഭ്യാസ സംബന്ധമായി

Digitized By Kerala Sahitya Akademi

ഗവർമ്മെൻറിനോടുള്ള നമ്മളുടെ പ്രത്യേക പരാതികൾക്കു് ഏറ്റവും അടുത്ത ഭാവിയിൽത്തന്നെ പൂർണ്ണഫലപ്രാപ്തി ഉണ്ടാകുമെന്നു കാണുന്നതിൽ സന്തോഷിക്കയും ദിവാൻ രാജഗോപാലാചാരി അവർകളുടെ നിഷ്പക്ഷപാതമായ നിലയെപ്പറ്റി ഞങ്ങൾ ഏറ്റവും അഭിനന്ദിക്കയും ചെയ്യുന്നു. നമ്മെപ്പോലെ ഇത്ര വലിയ ഒരു ജനസമുദായത്തിൻെറ നിത്യമായ കൃതജ്ഞതയ്ക്കും സ്നേഹത്തിനും പാത്രമായിത്തീർന്ന ഇദ്ദേഹം നിശ്ചയമായും തൻെറ മുൻഗാമികളിൽ എല്ലാവരെക്കാളും ഭാഗ്യവാനായ ഒരു ദിവാൻജി തന്നെ.

വിവേ: 1085 വൃശ്ചികം, ധനു

ശ്രീമൂലം പ്രജാസഭ 6

ഇതിൻെറ 6-ാമത്തെ യോഗം ഈ ജനുവരി 5-ാംനു- ആരംഭിച്ചു് 11-ാംനു- അവസാനിച്ചിരിക്കുന്നു. ഇതിൻെറ നടത്തിപ്പിൽ ദിവാൻ രാജഗോപാലാചാരി അവർകൾ കാണിച്ചിരിക്കുന്ന താല്പര്യം അദ്ദേഹത്തിനു് ഈ സ്ഥാപനത്തെ പ്രജകൾക്കു ഗുണപ്രദമാക്കി ചെയ്വാനുള്ള വാസ്തവമായ ആഗ്രഹത്തെ വിളിച്ചു പറയുന്നതായിരുന്നു. പ്രജാസഭയെപ്പറ്റി ഗോപാലാചാരി അവർകളുടെ കാലത്തു ജനങ്ങൾക്കുണ്ടായിരുന്ന നൈരാശ്യം ഇപ്പോൾ അശേഷം അസ്തമിക്കയും മാധവരായർ അവർകളുടെ കാലത്തുണ്ടായിരുന്ന പ്രത്യംശ പൂർവാധികമായി വർദ്ധിക്കയും ചെയ്തിരിക്കുന്നു എന്നു് ഈ യോഗത്തിൽ ഹാജരായിരുന്ന ഏവനും സമ്മതിക്കുന്നതാണു്. പ്രതിനിധികളുടെ പല പ്രകാരത്തിലുള്ള എല്ലാ അപേക്ഷകളേയും സൂചനകളേയും ദിവാൻജി അവർകൾ വളരെ ക്ഷമയോടും മനസ്സിരുത്തിയും കേൾക്കുകയും നല്ലവണ്ണം ആലോചിച്ചു് ഉചിതമായ മറുപടികൾ പറകയും ചെയ്തിരിക്കുന്നു. പ്രതിപാദ്യവിഷയങ്ങളെപ്പറ്റിയുള്ള പ്രതിനിധികളുടെ വാദങ്ങളെ കേൾക്കാതെ മുൻകൂട്ടി എഴുതി തയാറാക്കിയിട്ടുള്ള മറുപടികളെ വായിച്ചു് അരങ്ങു മുഷിപ്പിക്കുന്ന സമ്പ്രദായം ഈ തവണത്തെ മറുപടികളിൽ അത്രയൊന്നും ഉണ്ടായിരുന്നില്ലെന്നുള്ളതു് വിശേഷിച്ചും പറയേണ്ടതായിരിക്കുന്നു. ചുരുക്കത്തിൽ പ്രജാവാത്സല്യനിധിയായ പൊന്നുതമ്പുരാൻ തിരുമനസ്സു കൊണ്ടു് സ്വപ്രജകളുടെ സവിശേഷമായ ക്ഷേമാഭിവൃദ്ധിയെ ഉദ്ദേശിച്ചു് സ്വന്തതിരുനാമ സ്മാരകമായി സ്ഥാപിച്ചു നടത്തിവരുന്ന ഈ മഹാസഭയെ അവിടത്തെ യോഗ്യമന്ത്രിവരനായ രാജഗോപാലാചാരി അവർകൾ വേണ്ടവണ്ണം സംരക്ഷിക്കയും സഫലീകരിക്കയും ചെയ്യുന്നുണ്ടെന്നു് ഞങ്ങൾ നിസ്സംശയം പ്രസ്താവിച്ചു കൊള്ളുന്നു.

വിവേ: 1085 വൃശ്ചികം ധനു

Digitized By Kerala Sahitya Akademi

ശ്രീമൂലം പ്രഭാസഭ 7

ഈ സഭയുടെ 7-ാമത്തെ യോഗം കുംഭം 2-ാംന- തുടങ്ങി 9-ാംന- ഭംഗിയായി അവസാനിച്ചു. പുതിയ ചട്ടപ്രകാരം പ്രതിനിധികളുടെ,സംഖ്യകുറയ്ക്കുമുതലായ ചില വിശേഷ നിർബ്ബന്ധങ്ങൾ ഉണ്ടായിരുന്നതിനാൽ ഈ കൊല്ലത്തെ പ്രജാസഭായോഗം ഭംഗിയാകയില്ലെന്നു് ദോഷൈകദൃക്കുകളായ പലരും ധരിച്ചുവച്ചിരുന്നതു് അസ്ഥാനത്തിലായി. ദിവാൻജി അവർകളും പൊതുവിൽ ജനക്ഷേമകരങ്ങളായ എല്ലാ വിഷയങ്ങളുടെ പ്രതിപാദനങ്ങളും വളരെ ശ്രദ്ധയോടും ക്ഷമയോടും കൂടി മനസ്സിലാക്കി മറുപടി പറകയും പ്രതിനിധികളും തങ്ങളുടെ സദ്ഗതികളെ നല്ലവണ്ണം മനസ്സിരുത്തി ആലോചിച്ചു് പ്രതിപാദിക്കയും ചെയ്തു എന്നുള്ളതു് ഈ കൊല്ലത്തെ യോഗത്തിൽ മുൻകൊല്ലങ്ങളിലേതിനെ അപേക്ഷിച്ചു് വിശേഷിച്ചു പറയേണ്ട കാര്യമാകുന്നു. ഒരു പ്രതിനിധിക്കു് ഒരു വിഷയത്തെപ്പറ്റി 15 മിനിട്ടിലധികം സംസാരിക്കാൻ പാടില്ലെന്ന രൂഢ ഉണ്ടായിരുന്നു എങ്കിലും വിദ്യാഭ്യാസം മുതലായ പൊതു വിഷയങ്ങളിൽ ഓരോ യോഗ്യന്മാർ രണ്ടും മൂന്നും മണിക്കൂർ സംസാരിക്കയും അതു ഗവർമ്മെൻറു സശ്രദ്ധം കേൾക്കയും ചെയ്തതു് പ്രത്യേകം ശ്രദ്ധിക്കേണ്ട സംഗതിയാകുന്നു. ''സഭയുടെ പ്രയോഗത്വം ഈ ചട്ടത്തേയോ ആ ചട്ടത്തേയോ അപേക്ഷിച്ചു് അതിന്റെ നടത്തിപ്പിലുള്ള ആന്തരമായ സ്ഥിതിയെ ആണു് അധികം ആശ്രയിച്ചിരിക്കുന്നതെ''ന്നു് അഗാധഹൃദയനായ ദിവാൻജി അവർകളും തന്റെ ഉപസംഹാരപ്രസംഗത്തിൽ സൂചിപ്പിച്ചതു് ജനപ്രതിനിധികളും എപ്പോഴും ഓർക്കേണ്ട ഒരു സത്യമത്രേ. ക്രിസ്ത്യാനി പ്രതിനിധികളിൽ ചിലരുടെ പ്രാർത്ഥന അനുസരിച്ചു് ആ വർഗ്ഗക്കാരുടെ അവകാശക്രമത്തിലുള്ള ദോഷങ്ങളെപ്പറ്റി അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്വാനായി മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെൻറു് ഒരു കമ്മീഷനെ നിശ്ചയിച്ചതു് ഈ തവണത്തെ യോഗത്തിൽ നടന്ന അഭിനന്ദനീയമായ സംഗതികളിൽ ഒന്നാണു്. ഇങ്ങനെയുള്ള ഒരു ആവശ്യകത ഈഴവരുടെ അവകാശ ക്രമം മുതലായ സംഗതികളെപ്പറ്റിയും അടുത്ത ഭാവിയിൽ ഉണ്ടാകുമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അവരുടെ നടപടികൾക്കും അവയെ അടിസ്ഥാനമാക്കി എന്നു പറഞ്ഞു കോടതികളിൽ നിന്നു് അവരുടെ ദായക്രമം മുതലായ സംഗതികളെ സംബന്ധിച്ചുണ്ടാകുന്ന വിധി ന്യായങ്ങൾക്കും ഇപ്പോൾ വാസ്തവത്തിൽ ഒരു ഐകരൂപ്യം ഇല്ലാതാണിരിക്കുന്നതു്. അതു് ഒരു സമുദായത്തിന്റെ ക്ഷേമത്തെ തടയുന്നതാണെന്നു പറയേണ്ടതില്ലല്ലോ. 5 ലക്ഷത്തോളമുള്ള ഈഴവരിൽ നിന്നു് ഇക്കൊല്ലം ഒരു പ്രതിനിധി മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നും അതു ഗവർമ്മെൻറിനാൽ നിയമിക്കപ്പെട്ട ഒരാൾ മാത്രമായിരുന്നു എന്നും ഇങ്ങനെയുള്ള ന്യൂനതകളെ പരിഹരിപ്പാൻ ഗവർമ്മെൻറു് നോക്കുന്നതാണെന്നും ദിവാൻജി അവർകളും ഉപസംഹാര പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു. അതു കൊണ്ടു് എല്ലാ വർഗ്ഗക്കാരുടേയും ക്ഷേമത്തെ അന്വേഷിക്കുന്നതിൽ ഇപ്പോഴത്തെ ഗവർമ്മെൻറിനുള്ള ശ്രദ്ധ എത്ര വെളിവായിരിക്കുന്നു എന്നു നാം കാണുന്നു. അടുത്ത യോഗം മുതൽ ഗവർമ്മെൻറിന്റെ ദയാപൂർവമായ നിലകൊണ്ടു മാത്രമല്ല തെരഞ്ഞെടുപ്പു വിഷയത്തിലും മറ്റും പൂർവാധികം താല്പര്യം കാണിക്കുന്നതു കൊണ്ടു നമ്മുടെ സമുദായത്തിൽ നിന്നു് അധികം പ്രതിനിധികളും ഉണ്ടാകുമെന്നും

Digitized By Kerala Sahitya Akademi

അവരുടെ ഒത്തൊരുമിച്ചുള്ള ആലോചനയുടെ ഫലമായി സമുദായത്തിനുക്ഷേമകരമായ പല സംഗതികളും ഗവർമ്മെൻറു മുഖേന സാധിപ്പാൻ ഇടയാകുമെന്നും വിശ്വസിക്കാവുന്നതാകുന്നു.

വിവേ: 1086 മകരം, കുംഭം

പ്രജാസഭയും യോഗം പ്രതിനിധിയും

യോഗം പ്രതിനിധി എൻ. കുമാരൻ ആശാൻ അവർകൾ പ്രജാസഭയിൽ പ്രതിപാദിപ്പാൻ നിശ്ചയിച്ചിരുന്ന വിഷയത്തെപ്പറ്റി ഞങ്ങൾ ഇതിനു മുൻപു പ്രസ്താവിച്ചിട്ടുണ്ടു്. ഈഴവരിൽ യോഗ്യതയുള്ള യുവാക്കന്മാർക്കു് അന്യരാജ്യങ്ങളിൽ പോയി ഉയർന്നതരംകലകൾ അഭ്യസിച്ചു വരുന്നതിനായി ഗവർമ്മെൻറു് പ്രത്യേകം ദൃഷ്ടി വച്ചു് അവരെ സ്കോളർഷിപ്പു കൊടുത്തും മറും പ്രോത്സാഹിപ്പിക്കേണ്ടതിനെപ്പറ്റി ആയിരുന്നു പ്രധാനമായി അദ്ദേഹം സംസാരിച്ചതു്. ഇതുവരെ ഈ മാതിരി പ്രോത്സാഹനത്തിനു് തിരുവിതാംകൂറിൽ പാത്രമായിത്തീർന്നിട്ടുള്ളതു് ഇതരവഗ്ഗക്കാരാണെന്നും വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരെ മുന്നണിയിലേക്കു കൊണ്ടുവരുന്നതിനു ശ്രമിക്കേണ്ടതു ഗവർമ്മെൻറിന്റെ ധർമ്മമാകയാൽ അതിനെപ്പറ്റി ദയാ പൂർവ്വം വിചാരിച്ചു് അടുത്ത അവസരത്തിൽ സ്കോളർഷിപ്പു് അനുവദിക്കുമ്പോൾ ഇവരുടെ അവകാശത്തെ പ്രത്യേകം ഗണ്യമാക്കി പ്രവർത്തിക്കേണമെന്നും ആയിരുന്നു അദ്ദേഹം ഈ വിഷയത്തെപ്പറ്റി പറഞ്ഞതിന്റെ ഒട്ടാകെയുള്ള താൽപ്പര്യം ''നോട്ടപെയ്തിരിക്കുന്നു'' എന്നാണു് ദിവാൻജി അവർകൾ മറുപടി പറഞ്ഞതു്. രാജഗോപാലാചാരി അവർകൾ നോട്ടപെയ്തിട്ടുള്ള സംഗതി ഒന്നും വിഫലമായിപ്പോയിട്ടില്ലാത്ത സ്ഥിതിക്കു് ഇതിന്റെ ഗുണകരമായ ഫലം നമുക്കു നിശ്ചയമായും പ്രതീക്ഷിക്കാവുന്നതാണു്.

ഈ വിഷയത്തിന്റെ അനുബന്ധമായി വ്യവസായ വിദ്യാഭ്യാസ സംബന്ധമായി ഗവർമ്മെൻറു് ഈഴവ യുവാക്കന്മാരെ പ്രത്യേകം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ഔചിത്യത്തെപ്പറ്റിയും അദ്ദേഹം നിവേദിപ്പിച്ചു. ഈ നാട്ടിൽ ഏറ്റവും പ്രധാനമായ കൊപ്രാ, കയർ, തുണിനെയ്ത്തു് ഈ വ്യവസായങ്ങൾ അധികം ഈഴവരുടെ കൈയിലാണെന്നും അവയെ ശാസ്ത്രീയമായ വിധത്തിൽ പരിഷ്കരിച്ചാൽ ഇപ്പോഴത്തേതിൽ വളരെ അധികം ആദായമുണ്ടാവാൻ ഇടയുണ്ടെന്നും അതിനു യോഗ്യതയുള്ള യുവാക്കന്മാരെ ഗവർമ്മെൻറു തെരഞ്ഞെടുത്തു് പഠിപ്പിച്ചു വരുത്തി വേണ്ടതു പ്രവർത്തിക്കേണമെന്നും ഈഴവർ വ്യവസായം കൊണ്ടുപജീവിക്കുന്ന ജാതിക്കാരാകയാൽ അവരുടെ യുവാക്കന്മാരായിരിക്കും ഇതിനധികം യോഗ്യതയുള്ളവരെന്നും അതിനെപ്പറ്റി ഗവർമ്മെൻറു പ്രത്യേകം ശ്രദ്ധിക്കേണമെന്നും മറും ആയിരുന്നു ഈ വിഷയത്തിലുള്ള അദ്ദേഹത്തിന്റെ നിവേദനത്തിന്റെ താൽപര്യം. വ്യവസായ സംബന്ധമായ പഠിത്തം പാരമ്പര്യ വാസനയുള്ള യുവാക്കന്മാർക്കു് നൽകേണ്ടതാണെന്നുള്ള സിദ്ധാന്തമനുസരിച്ചു് ഗവർമ്മെ

Digitized By Kerala Sahitya Akademi

ൻറു് ഈ വിഷയത്തിൽ ദൃഷ്ടിവയ്ക്കുമെന്നു വിശ്വസിക്കാവുന്നതാണു്. ഈഴവർക്കു് എല്ലാ സ്കൂളുകളിലും പ്രവേശം അനുവദിക്കുന്ന വിഷയത്തിൽ ഗവർമ്മെൻറു ചെയ്തിട്ടുള്ളതും ചെയ്യുവരുന്നതുമായ ശ്രമങ്ങൾക്കായി പ്രതിനിധി ഗവർമ്മെൻറിനു് വന്ദനം പറകയും ഉണ്ടായി.

വിവേ: 1086 മകരം, കുംഭം.

തിരുവിതാംകൂർ ഗവർമ്മെൻറിന്റെ ദയാപൂർവ്വമായ ശ്രദ്ധയ്ക്കു്

ഇക്കഴിഞ്ഞ 8-ാമതു വാർഷിക പൊതുയോഗത്തിലെ നിശ്ചയങ്ങളിൽ ഒന്നു് ശ്രീമൂലം പ്രജാസഭയിൽ യോഗത്തിൽ നിന്നു് ഒരു മെമ്പറെ അയയ്ക്കുന്നതിനുള്ള അവകാശം മറ്റു രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾക്കു് നൽകിയിരിക്കുന്നതുപോലെ നിത്യമായി നൽകുന്നതിനായി ഗവൺമ്മെൻറിനോടു് അപേക്ഷിക്കണം എന്നാകുന്നു. ഈ നിശ്ചയം ഗവർമ്മെൻറിലെ അറിവിലേക്കു് യോഗത്തിൽ നിന്നു് അയച്ചുകൊടുത്തിട്ടുണ്ടു്. നിയതമായ പ്രാതിനിധ്യം യോഗത്തിനു് അനുവദിച്ചു കൊടുക്കുന്നതു് അപ്രകാരം അനുവദിച്ചു കൊടുത്തിട്ടുള്ള മറ്റു രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾക്കു് എന്ന പോലെ ന്യായമായിരിക്കുന്നതിനു പുറമേ യോഗത്തിനു് അതു് ഏറ്റവും സൌകര്യ പ്രദമായിരിക്കുന്നതും ആകുന്നു. ഇപ്പോഴത്തെ സ്ഥിതിക്കു കൊല്ലം തോറും യോഗത്തിൽ നിന്നു് അപേക്ഷിക്കുകയും ഗവർമ്മെൻറു് ഉത്തരവു കിട്ടുന്നതുവരെ കാത്തിരിക്കുകയും ഉത്തരവുകിട്ടി കൂടുമ്പോഴേക്കു വേണ്ടിടത്തോളം സൌകര്യമില്ലാതെ തന്നെ പ്രതിനിധിയെ തെരഞ്ഞെടുപ്പാനുള്ള ഏർപ്പാടുകളും ചെയ്കയും ചെയ്യേണ്ടിയിരിക്കുന്നതു് പലപ്പോഴും പ്രാതിനിധ്യം തൃപ്തികരമാകാതെ പോകാൻ ഇടകൊടുക്കുന്നതാണു്. മറേറ പ്രകാരമായാൽ കാലേ കൂട്ടിയോഗ്യതയും സൌകര്യവുമുള്ള പ്രതിനിധികളെ തെരഞ്ഞെടുപ്പാൻ യോഗത്തിനതുമുള്ളതും അതു പ്രാതിനിധ്യത്തിന്റെ ഉദ്ദേശത്തെ ശരിയായും പൂർത്തിയായും നിർവ്വഹിക്കുന്നതിനു് ഇടയാക്കുന്നതുമാകുന്നു. അതുകൊണ്ടു് ഗവർമ്മെൻറു ദയ ചെയ്തു ഇപ്പോൾ തന്നെ യോഗത്തിന്റെ ഈ കാര്യമായ പ്രാർത്ഥനയെ കൈക്കൊണ്ടു് അനുകൂലമായി പ്രവർത്തിക്കുമെന്നു് വിശ്വസിക്കുന്നു.

പ്രജാസഭയെ സംബന്ധിച്ചു പറയുമ്പോൾ മറെറാരു സാരമായ സംഗതികൂടി ഞങ്ങൾക്കു് പറയേണ്ടിയിരിക്കുന്നു. ഭിന്നജാതി മതസ്ഥന്മാരടങ്ങിയ തിരുവിതാംകൂറിൽ ഒരു പ്രജാസഭ അതിന്റെ നാമത്തിനു് അനുരൂപമാകണമെങ്കിൽ കഴിവുള്ളതു എല്ലാ വർഗ്ഗത്തിൽ നിന്നും ഒന്നുപോലെ പ്രതിനിധികൾ ഉണ്ടായിരിക്കേണ്ടതാണു്. കഴിഞ്ഞ സഭയുടെ ഉപസംഹാര പ്രസംഗത്തിൽ ദിവാൻജി അവർകൾ തന്നെ ഇതിനെ സൂചിപ്പിച്ചിട്ടുണ്ടു്. സംഖ്യാബലം കൊണ്ടും വസ്തു ഉടമസ്ഥതമറുപ്രകാരത്തിലുള്ള ധനസംബന്ധമായ പ്രാധാന്യം ഇവകൊണ്ടും ഈഴവർ ഈ രാജ്യത്തെ ഏറ്റവും പ്രധാനമായ വർഗ്ഗങ്ങളിൽ ഒന്നാണു്. പല താലൂക്കുകളിലും നികുതി അടയ്ക്കുന്നവരുടെ സംഖ്യ അവരിൽ വേണ്ടോ

Digitized By Kerala Sahitya Akademi

ളമുണ്ടെങ്കിലും തെരഞ്ഞെടുപ്പു സംബന്ധമായ മൽസരങ്ങളിൽ വിജയം നേടാ നാവശ്യമായ ചില ആനുകൂല്യങ്ങളുടെ അഭാവത്താലാണ് ഈഴവ പ്രതിനിധി കൾ താലൂക്കുകളിൽ നിന്നു വന്നുകാണാത്തതെന്നുള്ളതു് നിരാക്ഷേപമായ ഒരു വസ്തുതയത്രേ. കഴിഞ്ഞ പ്രജാസഭയിൽ യോഗത്തിനു് ഗവർമ്മെൻറ് ഒരു പ്രതിനിധിയെ അനുവദിച്ചിരുന്നില്ലെങ്കിൽ സംസ്ഥാനത്തെ പ്രജകളിൽ അഞ്ചിലൊന്നുള്ള ഈഴവരിൽ നിന്നു് ഒറാ പ്രതിനിധിയെങ്കിലും ഉണ്ടാകുമായി രുന്നോ? ഇപ്പോഴത്തെ തെരഞ്ഞെടുപ്പു വ്യവസ്ഥ ഇതുപോലെതന്നെ പിന്തുടരു ന്നതായാൽ അടുത്ത ഭാവിയിൽ സംഗതികൾ മറിച്ചുവരാൻ വിഷമമാണ്. അതു കൊണ്ടു ഗവർമ്മെൻറിൽ നിന്നു നിയമിക്കാവുന്ന പ്രതിനിധികളുടെ സംഖ്യ വർ ദ്ധിപ്പിച്ചിട്ടോ മറ്റു പ്രകാരത്തിലോ ഏതാനും പ്രതിനിധികൾ കൂടി ഈ വലിയ സമുദായത്തിൽ നിന്നു് പ്രജാസഭയിൽ ഉണ്ടായിരിപ്പാൻ ഗവർമ്മെൻറു തന്നെ ദൃഷ്ടി വയ്ക്കുന്നപക്ഷം പ്രസ്തുത സമുദായത്തിൻെറ പ്രാതിനിധ്യം ശരിയായും പൂർത്തിയായും ഉണ്ടാകുന്നതല്ലെന്നുള്ള വസ്തുതയെ ഞങ്ങൾ വിന യപൂർവ്വം ഗവർമ്മെൻറിനെ ഈ അവസരത്തിൽ ധരിപ്പിച്ചുകൊള്ളുകയും ഗവർ മ്മെൻറിൻെറ സഹതാപ പൂർവമായ നിശ്ചയത്തെ പ്രതീക്ഷിച്ചു കൊള്ളുകയും ചെയ്യുന്നു.

വിവേ: 1087 കന്നി, തുലാം

തിരുവിതാംകൂർ ഗവർമ്മെൻറിൻെറ ഉചിതമായ പ്രവൃത്തികൾ

ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ ഈഴവരിൽനിന്നു ശ്രീമൂലം പ്രജാസഭയിൽ അധികം പ്രതിനിധികളെ ഗവർമ്മെൻറിൽനിന്നു് നിയമിക്കേണ്ട ആവശ്യകത യെപ്പററി എഴുതിയിരുന്നതു് വായനക്കാർ ഓർക്കുമല്ലോ. ആ ലേഖനത്തിൻേറ യും യോഗം ജനറൽ സെക്രട്ടറി അതു സംബന്ധമായി ഗവർമ്മെൻറിനോടു പ്ര ത്യേക നിവേദനം ചെയ്തതിൻേറയും ഫലമായി ഇക്കൊല്ലം യോഗം പ്രതിനിധി യായി ഒരാളെ അനുവദിച്ചതിനു പുറമെ പല ഡിസ്ട്രിക്ടുകളിൽ നിന്നുമായി ആറു് ഈഴവ പ്രതിനിധികളെക്കൂടി ഗവർമ്മെൻറിൽനിന്നു നിശ്ചയിച്ചിരിക്കുന്നു. ഇതിന്നായി മഹാരാജാവു തിരുമനസ്സിലെ കരുണയേറിയ ഗവർമ്മെൻറിൻേറയും മഹാമനസ്കനായ ദിവാൻ രാജഗോപാലാചാരി അവർകളുടേയും നേർക്കു ഞങ്ങൾ ക്കുള്ള വലുതായ കൃതജ്ഞതയെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ കൊല്ലം തിരുവി താംകൂറിലെ പുലയർക്കായി ആ സംഘത്തിൽ നിന്നു് ഒരു പ്രതിനിധിയെക്കൂടി പ്രജാസഭയിലേക്കു നിയമിച്ചിരിക്കുന്നതിനാൽ സമർത്ഥനായ ദിവാൻജി അവർക ളുടെ മനോഗ്രണത്തേയും ബുദ്ധിവൈഭവത്തേയും ഞങ്ങൾ ഹൃദയപൂർവം ഓർമ്മി ക്കുന്നു. പ്രജാസഭ ഇപ്പോൾ സാർത്ഥകമായിത്തീരുന്നു എന്നുതന്നെ വിചാരിക്കാം.

വിവേ: 1087 വൃശ്ചികം, ധനു

Digitized By Kerala Sahitya Akademi

പ്രജാസഭയിലെ പ്രധാന പ്രമേയങ്ങൾ

സഭയിൽ പൊതുജനക്ഷേമകരങ്ങളായ അനേകം സംഗതികളും വാദിക്കപ്പെട്ടിരുന്നു. അവയിൽ നിയമനിർമ്മാണ സഭാ പരിഷ്കരണം, ജന്മി കുടിയാൻ വാദങ്ങളും, ക്രിസ്ത്യൻ കമ്മിഷന്റെ റിപ്പോർട്ടു സംബന്ധിച്ച സംഗതികളും, നാഞ്ചിനാടന്മാരുടെ ഇറിഗേഷൻ വഴക്കുകളും, നാട്ടുഭാഷയെ സംബന്ധിച്ചും മറ്റുള്ള വിദ്യാഭ്യാസവകുപ്പിലെ അതൃപ്തികരമായ നയങ്ങളും, ഈഴവരുടെ വിദ്യാഭ്യാസസംബന്ധമായും ഉദ്യോഗസംബന്ധമായുമുള്ള സങ്കടങ്ങളും, ഇവ എടുത്തുപറയത്തക്കവയാണ്. ഇവയെ സംബന്ധിച്ച ഗുണഫലങ്ങളും കാലതാമസമെന്നിയേ കാണാറാകുമെന്നു ഞങ്ങളും വിശ്വസിക്കുന്നു. കടത്തുചുങ്കം നിറുത്തൽ ചെയ്യുന്നതിനെപ്പറ്റിയുള്ള നിവേദനത്തിനും, സർക്കാർ സത്രങ്ങളിൽ എല്ലാ വർഗ്ഗക്കാർക്കും പ്രവേശം അനുവദിക്കണമെന്നുള്ള സംഗതിക്കും, അനുകൂലമായ മറുപടികളും ഇപ്പോൾതന്നെ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. അടുത്ത കൊല്ലവർഷാരംഭം മുതൽ തിരുവിതാംകൂറിൽ കടത്തുചുങ്കം നിറുത്തൽ ചെയ്വാൻ മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചു് അനുവദിച്ചിരിക്കുന്ന വിവരം പ്രജാസഭയിൽ വച്ചുതന്നെ പ്രസ്താവിക്കയുണ്ടായി.

വിവേ : 1088 മീനം

നിയമനിർമ്മാണസഭ

ഈ സഭയെ പരിഷ്കരിക്കുന്നതിനുള്ള ആലോചനയെ ഞങ്ങളും അഭിനന്ദിക്കുന്നു. സ്റ്റേറ്റ് ബഡ്ജറ്റിനേയും രാജ്യഭരണസംബന്ധമായ മറ്റു പ്രധാന വിഷയങ്ങളേയും പറ്റി ചോദിക്കുന്നതിനുള്ള അധികാരം അനുദ്യോഗസ്ഥ സാമാജികന്മാർക്കു് അനുവദിക്കുന്നതിനെപ്പറ്റിയും പ്രജാസഭാ മെമ്പറന്മാരിൽ ചിലർ വാദിച്ചിട്ടുണ്ടു്. ഗവർമ്മെൻറ് അതിനെപ്പറ്റി ഗൗരവമായി വിചാരിക്കയും ചെയ്തിട്ടുണ്ടു്. ഈ ആലോചന നടപ്പിൽ വന്നാൽ നിശ്ചയമായും തിരുവിതാംകൂർ അതിന്റെ 'മാതൃകാസംസ്ഥാനം' എന്ന അഭിമാനകരമായ പേരിനെ നല്ലവണ്ണം അർഹിക്കുന്നതാകുന്നു. ഈ അധികാരങ്ങളും അനുവദിക്കുന്നതിനു മുമ്പു ഗവർമ്മെൻറു മെമ്പറന്മാരുടെ സംഖ്യയെ വർദ്ധിപ്പിക്കുകയും, പ്രജകളിൽ പ്രധാന്യമുള്ള എല്ലാ വർഗ്ഗക്കാരുടേയും പ്രാതിനിധ്യം നിയമനിർമ്മാണ സഭയിൽ ഉണ്ടായിരിക്കത്തക്കവണ്ണം വ്യവസ്ഥ ചെയ്കയും ചെയ്യുന്നതിൽ ദൃഷ്ടിവയ്ക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ജാതി മത വിചാരങ്ങൾക്കു പറയത്തക്ക ഭേദം ഉണ്ടായിട്ടില്ലാത്ത ഒരു ഗവർമ്മെൻറിന്റെ നിയമനിർമ്മാണം ഭരണീയന്മാരിൽ എല്ലാ വർഗ്ഗക്കാരുടേയും ആലോചനയോടും അറിവോടും കൂടാതെ പൂർത്തിയാകുമെന്നു വിചാരിച്ചുകൂടുന്നതല്ല. വർഗ്ഗവിചാരം നിലനില്ക്കുന്ന കാലംവരെ ഒരു വർഗ്ഗത്തിന്റെ പ്രതിനിധിയായിമറ്റൊരു വർഗ്ഗത്തിൽപ്പെട്ട ഒരാളെ നിയമിക്കുന്നതു് അയാളും എത്രതന്നെ യോഗ്യനായിരുന്നാൽ കൂടിയും തൃപ്തികരമായിരിക്കുമെന്നു വിചാ

Digitized By Kerala Sahitya Akademi

രിച്ചുകൂടുന്നതല്ല. ഈഴവരെ സംബന്ധിച്ചിടത്തോളം ഈ സംഗതിയിൽ അവരിൽ ന`ന്നതന്നെ ഒരു പ്രതിനിധിയുണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി പ്രജാസഭയിൽ ആർ. പത്മനാഭൻ അവർകൾ പറഞ്ഞ ന്യായങ്ങളെ ഞങ്ങൾ പൂ ർണ്ണമായി പിന്താങ്ങുകയും ഈഴവരിൽ നിന്നു നിയമനിർമ്മാണ സഭയിൽ പ്രതി നിധി ആവശ്യമാണെന്നു തന്റെ സാരവത്തായ പ്രസംഗത്തിൽ പ്രത്യേകം പ്ര സ്താവിച്ച കല്പളം പ്രതിനിധി പത്മനാഭൻ തമ്പി ബി. എ. ബി. എൽ. അവർ കളുടെ അഭിപ്രായത്തെ ഞങ്ങൾ അനുമോദിക്കയും ചെയ്യുന്നു.

വിവേ: 1088 മീനം

പ്രജാസഭ 2

ശ്രീമൂലം പ്രജാസഭയിൽ പ്രതിനിധികളുടെ സംഖ്യയെ ഇക്കൊല്ലം ഗവർ മ്മെൻറ് അല്പം വർദ്ധിപ്പിച്ചു. അതനുസരിച്ചു് താലൂക്കു തിരഞ്ഞെടുപ്പിൽ പ്രതിനിധികൾ കിട്ടാത്ത വർഗ്ഗക്കാരിൽ ചിലർക്കു് ഗവർമ്മെൻറിൽനിന്നു് അനു വദിക്കാറുള്ള പ്രതിനിധികളുടെ സംഖ്യയും സ്വല്പം കൂട്ടീട്ടുണ്ടു്. ഈഴവർക്കാ യി കഴിഞ്ഞകൊല്ലം മുതൽ 6 പ്രതിനിധികളെ നിയമിക്കാൻ ഗവർമ്മെൻറു് ആർ ഡർ ഉണ്ടായിട്ടുണ്ടു്. ഈ കൊല്ലം അവരുടെ സംഖ്യയേയും ഏഴാക്കി വർദ്ധിപ്പി ച്ചിരിക്കുന്നു. ഇതിനു് അവർക്കുവേണ്ടി ഞങ്ങൾ ഗവർമ്മെൻറിനു നന്ദി പറയുന്നു. ഈ ഏഴ പ്രതിനിധികളെ കൂടാതെ ഈകൊല്ലം കായംകുളം പട്ടണപരിഷ്കരണ ക്കമ്മിറ്റിയിൽനിന്നു് ഒരു ഈഴവപ്രതിനിധി തിരഞ്ഞെടുക്കപ്പെട്ടിട്ടും ഉണ്ടു്. ഇങ്ങിനെ എട്ടു പ്രതിനിധികൾ ഈ കൊല്ലത്തെ പ്രജാസഭയിൽ ഈഴവരിൽനി ന്നും ഉണ്ടായിരിക്കും. ഇതു് ഇതിനുമുമ്പിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത വലിയ സംഖ്യയാണു്. എന്നാൽ ഇക്കുറിയും താലൂക്കുകളിൽനിന്നു് ഈഴവരിൽ ഒരു പ്ര തിനിധിയെങ്കിലും തിരഞ്ഞെടുക്കപ്പെട്ടിട്ടില്ലെന്നു കാണുന്നതു് വ്യസനിക്കത്തക്ക സംഗതിയാകുന്നു.

പ്രതിനിധി നിയമനം

താലൂക്കു തിരഞ്ഞെടുപ്പിൽ ഈഴവർക്കു് വിജയമുണ്ടാകാൻ തരമില്ലെന്നു ക ണ്ടിട്ടു് മഹാരാജാവു തിരുമനസ്സിലെ കരുണയേറിയ ഗവർമ്മെൻറ് അവർക്കു് ഏതാനും പ്രതിനിധികളുടെ നിയമനം ആണല്ലോ അനുവദിച്ചിരിക്കുന്നതു്. എന്നാൽ നിയമനത്തിനുള്ള അധികാരം ഗവർമ്മെൻറിന്റെ കയ്യിൽ ഇരിക്കുന്ന കാലത്തോളം അതിന്റെ ഫലം അവർ അതിനെ ഉപയോഗിക്കുന്ന രീതിയുടെ ഗുണദോഷങ്ങളെ ആശ്രയിച്ചിരിക്കാനേ തരമുള്ളൂ. ഗവർമ്മെൻറ് ഈ അധികാ രത്തെ ഉപയോഗിക്കുന്നതു ഡിസ്ട്രിക്റ്റ് മേലധികാരികൾ മുഖേന ആയിരി ക്കും. അവർ എല്ലാം നമ്മുടെ ദിവാൻജി സ്വാമിയെപ്പോലെ വിശാലഹൃദയവും തുല്യസ്നേഹവും പൊതുഗുണകാംക്ഷയുമുള്ള യോഗ്യന്മാരാണെന്നു് ഞങ്ങൾക്കു് അ ഭിപ്രായമില്ല. വിശേഷിച്ചു് അവരിൽ പലരും ജനങ്ങളോടു് ഇടപെടാതെ അന്ത

Digitized By Kerala Sahitya Akademi

സ്സിനെ പരിപാലിച്ചുകൊണ്ടു് അകലെ ഇരിക്കുന്ന മാന്യന്മാരാണു്. ഈഴവരുടെ പ്രതിനിധിയായിട്ടു് ഡിസ്ട്രിക്റ്റിൽനിന്നു് ഒന്നോ അധികമോ ആളുകളെ തിരഞ്ഞെടുത്തയയ്ക്കാൻ ഗവർമ്മെൻറു് അവരോടു് ആവശ്യപ്പെട്ടാൽ ആരെയൊക്കെയാണു് തിരഞ്ഞെടുത്തു് അയയ്ക്കേണ്ടതെന്നു് ഞങ്ങൾക്കു് ഒരു നിശ്ചയവുമില്ല. പ്രതിനിധികൾ ആകാൻ യോഗ്യതയുള്ള ഈഴവ മാന്യന്മാരെ ഇന്നു് എസ്. എൻ. ഡി. പി. യോഗത്തിനു് അറിയാവുന്നവണ്ണം മറ്റാർക്കും അറിയാൻ തരമില്ലെന്നുള്ളതു് നിരാക്ഷേപമാണല്ലോ. ഈ കാരണത്താലും എസ്. എൻ. ഡി. പി. യോഗത്തിനു പ്രത്യേകമായി കഴിഞ്ഞ കൊല്ലംവരെ അനുവദിച്ചിരുന്ന ഒരു പ്രതിനിധിയെ കൂടിയും ഇപ്പോഴത്തെ നയം അനുസരിച്ചു് ഗവർമ്മെൻറു് അനുവദിക്കാത്തതിനാലും ഈഴവ പ്രതിനിധികളുടെ നിയമന (Nomination) ത്തിനുള്ള അധികാരം മുഴുവനുമോ അതിൽ ഒരു ഭാഗമോ യോഗത്തിനു വിട്ടുകൊടുക്കുന്നതു നന്നായിരിക്കുമെന്നും അല്ലാത്തപക്ഷം ഈഴവരുടെ ഗുണത്തിനായി ഗവർമ്മെൻറു് അനുവദിച്ചിട്ടുള്ള നിയമനം നിരുപയുക്തമായോ ദുരുപയുക്തമായോ തീരാനാണു് എളുപ്പമെന്നും ഉള്ള പരമാർത്ഥത്തെപ്പറ്റി യോഗം ജനറൽ സെക്രട്ടറി ഗവർമ്മെൻറിനു പലപ്പോഴും എഴുതുകയും ഗവർമ്മെൻറിനോടു സംഗതി ദയാപൂർവം പര്യാലോചിച്ചു വ്യവസ്ഥ ചെയ്യണമെന്നു് അപേക്ഷിക്കുകയും ചെയ്തിരുന്നു. ഇതിനു് ഇതേവരെ തൃപ്തികരമായ മറുപടി യോഗത്തിനു കിട്ടീട്ടില്ലെന്നറിയുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. ഈഴവർ സംഖ്യകൊണ്ടും ധനപുഷ്ടികൊണ്ടും തിരുവിതാംകൂറിൽ ഏറ്റവും ഗണ്യമായ വർഗ്ഗങ്ങളിൽ ഒന്നാണു്. ഗവർമ്മെൻറിൽ നിന്നു പ്രജകൾക്കു കിട്ടേണ്ട പ്രത്യേക അനുഗ്രഹങ്ങളിൽ ഒന്നും അവർക്കു് ഇന്നുവരെ ശരിയായി കിട്ടാൻ ഇടയായിട്ടില്ല. അതുകൊണ്ടു് പ്രജാസഭയിൽ അവരുടെ ന്യായമായ പരാതികൾ അധികൃതന്മാരുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനുള്ള സൗകര്യമെങ്കിലും വേണ്ടുംവണ്ണം അവർക്കു കിട്ടുന്നില്ലെങ്കിൽ അതു കഷ്ടം തന്നെ. അതുകൊണ്ടു് യോഗത്തിൽനിന്നു് ഈ സംഗതിക്കു് ന്യായമായ നിവൃത്തിയുണ്ടാകുന്നതുവരെ വഴക്കുപറയുമെന്നും ഗവർമ്മെൻറു് അവരുടെ സങ്കടത്തെ ശരിയായറിഞ്ഞു താമസിയാതെ പരിഹാരമുണ്ടാക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

അനുവദിച്ച പ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള അധികാരം യോഗത്തിനു കൊടുക്കാൻ ഗവർമ്മെൻറിനു മനസ്സില്ലെങ്കിൽ വേണ്ട. എന്നാൽ ഗവർമ്മെൻറു തന്നെ തെരഞ്ഞെടുക്കാമെന്നുവച്ചാൽ സംഗതി ഒരിക്കലും ശരിയാവുകയില്ല, നിശ്ചയം തന്നെ: അതുകൊണ്ടു് ഗവർമ്മെൻറു് അവരുടെ ദയാപൂർവമായ ഉദ്ദേശത്തെ നിറവേറ്റുന്നതിനു പിന്നെ ഒന്നാണു് ചെയ്യേണ്ടിയിരുന്നതു്. അതായതു് ഈഴവർക്കു പ്രത്യേകം എലക്ടറേറ്റു് അനുവദിച്ചുകൊടുക്കുക. ബ്രിട്ടീഷ് ഇന്ത്യയിൽ മഹമ്മദീയർക്കു് ഇങ്ങനെയാണല്ലോ ചെയ്യുന്നതു്. ആ നയം എന്തുകൊണ്ടു് നമ്മുടെ ഗവർമ്മെൻറിനംഗീകരിച്ചുകൂടാ? ഈഴവർക്കായി ഏതാനും പ്രതിനിധികളെ നിയമിക്കണമെന്നു് അവർ അപേക്ഷിച്ച കാലത്തുതന്നെ പ്രത്യേകം എലക്ടറേറ്റു് വേണമോ എന്നറിയാൻ ഗവർമ്മെൻറു് ആവശ്യപ്പെട്ടിരുന്നു എന്നു ഞങ്ങൾക്കറിയാം. അപ്പോൾ അവർ അക്കാലത്തെ സ്ഥിതിക്കു് അതാവശ്യമില്ലെന്നുപറഞ്ഞു. എന്നാൽ കാലാവസ്ഥകൾ ശീഘ്രമായി മാറിക്കൊണ്ടിരിക്കു

Digitized By Kerala Sahitya Akademi

കയാണ്. ഇന്നത്തെ സ്ഥിതി ആലോചിച്ചാൽ അപ്രകാരം ഏതെങ്കിലും ഒരു സ്ഥിരമായ വ്യവസ്ഥയുണ്ടായെങ്കിലല്ലാതെ സംഗതി ഭംഗിയാകയില്ലെന്നു ഞങ്ങൾക്കു് ഉറപ്പായും തോന്നുന്നു. ഇതിൽ ഗവർമ്മെൻറിന്റെ ദയാദൃഷ്ടി പതിയുമെന്നും വിശ്വസിക്കുന്നു.

മേൽ സൂചിപ്പിച്ചിരിക്കുന്ന യോഗം ജനറൽ സെക്രട്ടറിയുടെ എഴുത്തുകൾക്കു ഗവർമ്മെൻറ് ഈയിടെ നൽകിയ മറുപടി തർജ്ജിമ ചെയ്തു താഴെ ചേർക്കുന്നു. ആ മറുപടി കൊണ്ടു് ഈഴവർക്കോ അവരുടെ യോഗത്തിനോ വലിയ ആശ്വാസം വഴിയില്ലെങ്കിലും യോഗത്തെക്കുറിച്ചു് ഗവർമ്മെൻറിനുള്ളതായി പ്രസ്താവിച്ചിരിക്കുന്ന മതിപ്പിനും അനുഭവിച്ചിടത്തോളമുള്ള സൗജന്യത്തിനും ഞങ്ങൾ ഗവർമ്മെൻറിനു നന്ദിപറയുന്നു. മറുപടിയുടെ താത്പര്യം അനുസരിച്ചു് ഗവണ്മെൻറ് ഇക്കൊല്ലത്തെ നിയമനവിഷയത്തിലും യോഗം ജനറൽ സെക്രട്ടറിയോടു് ആലോചിച്ചിരുന്നു. എന്നാൽ നിയമനം കഴിഞ്ഞകൊല്ലത്തെ അത്രതന്നെ തൃപ്തികരമായിട്ടില്ലെന്നു പറയേണ്ടി വരുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. ഇക്കൊല്ലം താഴെ പറയുന്ന മാന്യന്മാരെയാണു് പ്രതിനിധികളായി ഗവർമ്മെൻറു നിയമിച്ചിരിക്കുന്നതു്.

മ. രാ. രാ. വി. കെ. കൊച്ചുണ്ണിവൈദ്യൻ അവർകൾ പറവൂർ
,, മൂല്യർ എസ്. പദ്മനാഭപ്പണിക്കർ ,, ഇലവുന്തിട്ട
,, കെ. എൻ. കൃഷ്ണൻ ,, ആലപ്പുഴ
,, ഗോവിന്ദൻ നീലകണ്ഠൻ ,, തൊടുപുഴ
,, ആലുംമൂട്ടിൽ ഗോവിന്ദൻചാന്നാർ ,, കാർത്തികപ്പള്ളി
,, പാണാവള്ളി കൃഷ്ണൻ വൈദ്യൻ ,, കുത്തിയതോടു്
,, എൻ. കുമാരൻ ആശാൻ ,,

ഗവർമ്മെൻറു ലാറർ

No, P 763

ഹജൂർകച്ചേരി,
തിരുവനന്തപുരം 8 ഒക്ടോബർ 1913

മ. രാ. രാ.
എൻ. കുമാരനാശാൻ അവർകൾക്കു്
ജനറൽ സെക്രട്ടറി, എസ്. എൻ. ഡി. പി. യോഗം,
തിരുവനന്തപുരം.

മാന്യരേ,

പ്രജാസഭയിൽ ഈഴവ പ്രതിനിധികളെ നിയമിക്കുന്നതിനെപ്പറ്റിയുള്ള നിങ്ങളുടെ 1913 സെപ്റ്റമ്പർ 21-ാം നു-യിലെ 2519.൦ നമ്പർ കത്തിനെ സംബന്ധിച്ചു് അനുവദിക്കുന്നതെന്തെന്നാൽ മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെൻറ് എസ്. എൻ. ഡി. പി. യോഗത്തിനു് ഈഴവരുടെ പ്രാതിനിദ്ധ്യം വഹിപ്പാനുള്ള യോഗ്യതയേയും ആ യോഗം ഈഴവ സമുദായത്തിന്റെ നന്മയ്ക്കായി ചെയ്യു

Digitized By Kerala Sahitya Akademi

കൊണ്ടിരിക്കുന്ന നല്ല ശ്രമങ്ങളേയും സമ്മതിക്കുന്നു. എന്നിരുന്നാലും ഗവർമ്മെ
ന്റ് ഇപ്പോഴ തോട്ടക്കാരുടെ സംഘത്തെ ഒഴിച്ചുള്ള മറൊരു സംഘത്തിനും പ്ര
തിനിധിയേയ പ്രതിനിധികളേയേയ അനുവദിക്കുന്നില്ലാത്തതിനാൽ ഈഴവ പ്രതി
നിധികളിൽ ഏതാനും പേരയോ എല്ലാവരേയുമോ നിയമിപ്പാനുള്ള അധി
കാരം നിങ്ങളുടെ യോഗത്തിനു നൽകേണമെന്നുള്ള അപേക്ഷപ്രകാരം സമ്മതി
പ്പാൻ പാടില്ലാതെ വന്നിരിക്കുന്നതിൽ ഗവർമ്മെൻറു വ്യസനിക്കുന്നു. എങ്കിലും
അടുത്ത പ്രജാസഭയിലേക്കു പ്രതിനിധികളെ നിയമിക്കുമ്പോഴ കഴിഞ്ഞ തവ
ണത്തെപ്പോലെ നിങ്ങളോടു സ്വകാര്യമായി ആലോചിച്ചു ചെയ്യാമെന്നു ദിവാൻ
വിചാരിക്കുന്നു. ഈ സൗജന്യം നിങ്ങളുടെ യോഗത്തിനു് അതു് ഇപ്പോഴ ചെ
യ്തുകൊണ്ടിരിക്കുന്ന നല്ല ശ്രമങ്ങഴ തുടർന്നു കൊണ്ടിരിക്കുന്ന കാലത്തോളം ഗവർ
മ്മെൻറിൽ നിന്നു ലഭിക്കുന്നതാണെന്നും നിങ്ങഴക്കു് ഉറപ്പായി വിചാരിച്ചു കൊ
ള്ളാം.

വിധേയൻ എ. ജെ. വിയറാ (ഒപ്പ്)
ഗവ : ചീഫ് സെക്രട്ടറി.

വിവേ: 1089 തുലാം വൃശ്ചികം

ശ്രീമൂലം പ്രജാസഭയുടെ 11–ാമത്തെ സമ്മേളനം

പ്രജാ സഭയുടെ 11–ാമത്തെ യോഗം കുംഭം 4–ാം തീയതി തുടങ്ങി 13–ാം തീ
യതി ഭംഗിയായി അവസാനിച്ചിരിക്കുന്നു. പുതിയ ദിവാൻജി മ. രാ. രാ. കൃഷ്ണൻ
നായർ അവർകഴ സഭയുടെ അദ്ധ്യക്ഷ സ്ഥാനം പലരും വിചാരിച്ചിരിക്കാവുന്ന
തിൽ അധികം തൃപ്തികരമായ വിധത്തിൽ നിറവേറിയിയിരിക്കുന്നു. നിവേദ
നങ്ങളെ ക്ഷമയോടും ശ്രദ്ധയോടും കേഴ്ക്കുന്നതിലും പ്രതിനിധികളോടുള്ള ഹാർദ്ദ
മായ പെരുമാറ്റത്തിലും അദ്ദേഹം യോഗ്യന്മാരായ തന്റെ മുൻഗാമികളിൽ ആരു
ടേയും പിന്നിലായിട്ടില്ലെന്നുള്ളതു പ്രത്യേകിച്ചു പ്രസ്താവയോഗ്യമാകുന്നു. തുറ
ന്നു പറഞ്ഞാൽ സംഗതികളുടെ തീർമാനങ്ങളിൽ ഡിപ്പാർട്ടുമെൻറു മേലധികാരി
കളുടെയും കീഴുദ്യോഗസ്ഥന്മാരുടേയും അഭിപ്രായങ്ങളെ വേണ്ടതിലധികം വിലവ
യ്ക്കുന്നു എന്നുള്ള ഒരു പെറിയ പരാതി പിലരുടെ ഇടയിൽ ഉണ്ടെന്നല്ലാതെ അദ്ദേ
ഹത്തിന്റെ നടപടിയെപ്പററി മറു സാരമായ ദോഷങ്ങഴ ഒന്നും ആർക്കും ചൂണ്ടി
ക്കാണിക്കാൻ ഉണ്ടാകുമെന്നു ഞങ്ങഴ വിചാരിക്കുന്നില്ല. ഈ നിസ്സാരമായ ദോ
ഷവും–അതിൽ വാസ്തവമുണ്ടെങ്കിൽ തന്നെ–ബുദ്ധിമാനും ഗുണവാനുമായ അദ്ദേഹ
ത്തിൽ നിന്നുകാലപ്പഴക്കത്താൽ സ്വയമേവ ഒഴിഞ്ഞു പോകാവുന്നതും അതുകൊ
ണ്ടു് ക്ഷമയുള്ളവർക്കു് അദ്ദേഹത്തെപ്പററി ഉപ്പോഭംത്തിനു് ഒരു പ്രകാരത്തിലും ഇട
യുണ്ടാവാൻ തരമില്ലാത്തതുമാകുന്നു. ദിവാൻജി ആരംഭത്തിൽ ഉപക്രമപ്രസംഗ
ത്തിൽ തന്റെ മുൻഗാമിയായ ദിവാൻ രാജഗോപാലാചാരി അവർകളുടെ ഭരണ
ത്തെപ്പററി സ്നേഹബഹുമാന പൂർവ്വം സൂചിപ്പിച്ചു കൊണ്ടു പ്രജാസഭയെ സംബ
ന്ധിച്ചു് അദ്ദേഹം പരിപാലിച്ചു പോന്ന പ്രശസ്ത നയത്തെ താൻ ദൃഢമായി
പിൻതുടരുന്നതാണെന്നും, ഉപസംഹാര പ്രസംഗത്തിന്റെ അവസാനത്തിൽ പി

Digitized By Kerala Sahitya Akademi

ന്നോക്കം നില്ക്കുന്ന വർഗ്ഗക്കാരുടെ വിദ്യാഭ്യാസ കാര്യത്തിലും അവരിൽ യോഗ്യതയുള്ളവർക്ക സർക്കാരുദ്യോഗം നൽകുന്നതിലും സവിശേഷമായ ആനുകൂല്യം പ്രദർശിപ്പിക്കുന്നതാണെന്നും. അദ്ദേഹം ചെയ്തിരിക്കുന്ന വാഗ്ദാനം അദ്ദേഹത്തിൽ ഞങ്ങൾക്കുള്ള ആശംസയെ സ്ഥിരീകരിക്കുന്നതാകുന്നു.

പ്രജാസഭയും ഈഴവ പ്രതിനിധികളും

ഏഴ് ഈഴവ പ്രതിനിധികളാണ് ഇത്തവണ പ്രജാസഭയിൽ ഉണ്ടായിരുന്നത്. ഏഴുപേരും ഗവർമ്മെൻറു നിയമിച്ച മെമ്പർമാരാണ്. താലൂക്കുകളിലോ പട്ടണ പരിഷ്കരണക്കമ്മറിറികളിലോ മറേറാ നിന്നു തെരഞ്ഞെടുത്തതായി ഒരു ഈഴവ പ്രതിനിധിയുംഇല്ലായിരുന്നു. ഈ പ്രതിനിധികളിൽ മിസ്റ്റർ കെ. സി. ഗോവിന്ദൻ വനം ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തേയും നയത്തേയും പററിയുള്ള ചില ആക്ഷേപങ്ങളും അവയുടെ പരിഹാര മാർഗ്ഗങ്ങളും എന്ന വിഷയത്തേയും, എക്സൈസ് റവന്യൂസംബന്ധമായ ചില പ്രമേയങ്ങളേയും പററിയാണ് പ്രസംഗിച്ചതു്. രണ്ടു വിഷയത്തിലും അദ്ദേഹം പല സാരമേറിയ സംഗതികളും ഗവർമ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ട്. മ. രാ. രാ. സി. കൃഷ്ണൻ വൈദ്യർ, സി. കൊച്ചുകുഞ്ഞുചാന്നാർ, കൃഷ്ണൻ കൃഷ്ണപ്പണിക്കർ, എസ്. പത്മനാഭപ്പണിക്കർ ഈ മാന്യന്മാരുടെ ഓരോ വിഷയം അതാതു സ്ഥലങ്ങളിൽ ജനങ്ങൾക്കുള്ള ചിലപൊതു സങ്കടങ്ങളെപ്പററിയും മറേറാരോ വിഷയം തങ്ങളുടെ സമുദായത്തിനു വിദ്യാഭ്യാസസംബന്ധമായും, ഗവർമ്മെൻറുദ്യോഗ സംബന്ധമായുമുള്ള സങ്കടങ്ങളെപ്പററിയും ആയിരുന്നു ഇതിൽ സി. കൃഷ്ണൻവൈദ്യൻ അവർകൾ ഈഴവരുടെ പിന്തുടർച്ചാവകാശത്തേയും മറും പററി നായർ റഗ്രലേഷൻെറ രീതിയിൽ ഒരു ചട്ടം ഏർപ്പെടുത്തുകയോ നായർ റഗ്രലേഷൻ തന്നെ വേണ്ട ചില്ലറ ഭേദഗതികളോടുകൂടി ഈഴവരുടെ ഇടയിലും നടപ്പാക്കുകയോ ചെയ്യേണ്ടതിൻെറ ആവശ്യകതയെപ്പററിയാണു പ്രസംഗിച്ചതു്. ഈ സംഗതിയെ സംബന്ധിച്ചു് ഇതിനു മുമ്പും പല ഈഴവ പ്രതിനിധികളും പ്രസംഗിച്ചിട്ടുള്ളതും പ്രത്യേകം മെമ്മോറിയൽ സമർപ്പിക്കുകയും മറും ചെയ്തിട്ടുള്ളതുമാകുന്നു. ദായക്രമം ദാമ്പത്യം ഇവയെ സംബന്ധിക്കുന്ന ഒരു നിയമത്തിൻെറ അഭാവത്താൽ ഈഴവക്കു സാമുദായികമായ പല ദോഷങ്ങളും കൂടക്കൂടെ ഉണ്ടായിരിക്കുന്നതായി ഞങ്ങൾക്കറിയാം. അതുകൊണ്ടു് മേൽപ്രകാരം ഉള്ള ഒരു ചട്ടം നടപ്പിൽ വരുത്താൻ വേണ്ടതു ഗവർമ്മെൻറു് ഉടനെ ദയ ചെയ്യുന്നു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു. ഈഴവ പ്രതിനിധികളുടെ സാമുദായികമായ മറു നിവേദനങ്ങൾ എല്ലാം എൻ. കുമാരൻ ആശാൻ അവർകളുടെ നിവേദനത്തിൽ അന്തർഭവിച്ച സംഗതികളെപ്പററിത്തന്നെയാകുന്നു. പി. മാധവൻ വൈദ്യർ അവർകൾ പട്ടണ പരിഷ്കരണക്കമ്മറിറികളിൽ ഈഴവ മെമ്പർമാരെ നിയമിക്കുന്ന നയത്തെ പ്രചാരത്തിൽ കൊണ്ടു വരികയും തുടർന്നുകൊണ്ടിരിക്കയും ചെയ്യുന്നതിൻെറ ആവശ്യകതയെപ്പററിയും, പ്രജാസഭയുടെ ഘടനയെ സംബന്ധിച്ചു നടപ്പിലിരിക്കുന്ന ചട്ടത്തിൽ ചില ഭേദഗതികൾ ചെയ്യേണ്ടതിനെപ്പററിയും വായിച്ച ഉപന്യാസങ്ങൾ രണ്ടും വളരെ കാര്യങ്ങൾ അടങ്ങിയതും ഗവർമ്മെൻറിൻെറ ശ്രദ്ധയെ സവിശേഷം ആകർഷിച്ചിട്ടുള്ളതും ആയിരുന്നു. കുമാരൻ

Digitized By Kerala Sahitya Akademi

ആശാൻ അവർകളുടെ നിവേദനങ്ങളുടെ ചുരുക്കം പതിവു പോലെ ഞങ്ങൾ വേറൊരു ദിക്കിൽ ചേർത്തിരിക്കുന്നു. അതിൽ അടങ്ങിയ സംഗതികൾ ഓരോന്നിലും ഗവർമ്മെൻറിന്റെ അനുകമ്പാ പൂർവമായ ദൃഷ്ടി പതിയുമെന്നു ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു.

വിവേ : 1090കുംഭം, മീനം

പ്രജാസഭ 3

ശ്രീമൂലം പ്രജാസഭയുടെ 12–ാമത്തെ വാർഷികയോഗം കുംഭം 16–ാം നു- ആരംഭിച്ചു 23–ാം നു- ഭംഗിയായി അവസാനിച്ചിരിക്കുന്നു. ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറിന്റെ അമിതമായ ധനവ്യയത്തെയും സാനിട്ടറി ഡിപ്പാർട്ടുമെൻറിന്റെ അതൃപ്തികരമായ ഭരണത്തെയും ഇപ്പോഴത്തെ സ്ഥിതിയിൽ അതിനെ വച്ചുകൊണ്ടിരിക്കുന്നതിന്റെ അനൗചിത്യത്തെയും വനം, പോലീസ്, എക്സൈസ് മുതലായ വകുപ്പുകളിലെ ഇപ്പോഴത്തെ ഭരണത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളേയും അതിന്റെ പരിഹാരമാർഗ്ഗങ്ങളേയും വിദ്യാഭ്യാസ വകുപ്പിൽ വരുത്തേണ്ട പരിഷ്കാരങ്ങളേയും മറ്റും പറഞ്ഞി പതിവുപോലെ പല മാന്യമെമ്പറന്മാരും നല്ല നിവേദനങ്ങൾ ചെയ്തിരുന്നു. വ്യവസായ സംബന്ധമായി ഗവർമ്മെൻറിന്റെ ദൃഷ്ടി പതിയേണ്ട സംഗതികളെപ്പറ്റി ഒരു മെമ്പർ മാത്രമേ സംസാരിച്ചിരുന്നുള്ളൂ. അത് ആ വിഷയത്തിൽ പേരെടുത്തിട്ടുള്ള പരവൂർ കെ. സി. ഗോവിന്ദൻ അവർകൾ തന്നെയായിരുന്നു. താഴ്ന്നജാതികളുടെ ഉന്നമന മാർഗ്ഗത്തെപ്പറ്റി ഏ. കെ. ഗോവിന്ദൻ പാന്നാർ അവർകൾ സാമാന്യം ദീർഘവും വളരെ കാര്യങ്ങൾ അടങ്ങിയതുമായ ഒരു പ്രസംഗം വായിച്ചു. പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരുടെ ദയനീയമായ സ്വാതന്ത്ര്യക്കുറവിനേയും ജാതിവിചാരം കൊണ്ട് ഉത്തമരാജ്യഭരണനയത്തിനു പൊതുവിൽ പറ്റുന്ന പല ദോഷങ്ങളേയും അവയുടെ പരിഹാരമാർഗ്ഗങ്ങളേയും പറഞ്ഞി മിസ്റ്റർ എൻ. കുമാരൻ ആശാൻ അവർകൾ സംസാരിച്ചു. പ്രജാസഭയിൽ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനെപ്പറ്റി നടപ്പിലിരിക്കുന്ന ചട്ടം ഉദ്ദേശ സാദ്ധ്യത്തിനു പല കാരണങ്ങളാൽ അനുകൂലമല്ലെന്നു കാണുന്നതിനാൽ അതിനെ ഭേദപ്പെടുത്തുകയും പ്രധാന സമുദായങ്ങൾക്കു വെവ്വേറെ എലക്ററേറ്റ് (തിരഞ്ഞെടുപ്പുയോഗം) അനുവദിക്കയും വേണമെന്നു മെസ്സേർസ് കെ. എം. മാമൻ മാപ്പിള, എൻ. കുമാരൻ (ബി. ഏ. ബി. എൽ), പി. മാധവൻ വൈദ്യർ ഈ മാന്യന്മാർ വാദിച്ചു. ഈഴവരുടെ പിന്തുടർച്ചയേയും വിവാഹത്തേയും ക്രമപ്പെടുത്തുന്ന ഒരു നിയമത്തിന്റെ ആവശ്യകതയെപ്പറ്റി കഴിഞ്ഞ മൂന്നുനാലു കൊല്ലങ്ങളായി നടന്നുവരുന്ന നിവേനത്തെ പിന്തുടർന്നു ഇക്കൊല്ലം മെസ്സേർസ് എൻ. കുമാരൻ ബി. ഏ. ബി. എൽ., സി. കൃഷ്ണൻ വൈദ്യൻ, എ. കെ. പുരുഷോത്തമൻ ഈ മാന്യന്മാർ സംഗതികളെ ഗാഢമായി പരാമർശിച്ചു നിവേദനങ്ങൾ ചെയ്കയും ഗവർമ്മെൻറ് അതിനെ ദയ ചെയ്തു അവസാനമായി ഗൗനിക്കയും ചെയ്ത സംഗതി

Digitized By Kerala Sahitya Akademi

പ്രത്യേകം പറയത്തക്കതാണ്. ഈ വിഷയത്തെ സംബന്ധിച്ചു സഭയുടെ അവസാനത്തിൽ എല്ലാ ഈഴവ പ്രതിനിധികളും ഒപ്പിട്ട ദിവാൻജി അവർകൾക്കു് ഒരു വിജ്ഞാപനം സമർപ്പിക്കുകയും ചെയ്തിരുന്നു. ഇക്കൊല്ലത്തെ പ്രജാസഭയിൽ എല്ലാംകൊണ്ടും ഈ സംഗതി ഏറ്റവും പ്രധാനമായ ഒന്നായിരുന്നു. പ്രജകളിൽ ഒരു പ്രധാന വർഗ്ഗമായ ഈഴവരുടെ ദായക്രമത്തെയും ദാമ്പത്യത്തെയും വ്യവസ്ഥപ്പെടുത്തുന്നതായി നായർ റഗ്രലേഷന്റെ രീതിയിൽ ഒരു നിയമമുണ്ടാക്കുന്നതിനുവേണ്ടതു് ഉടനേ ചെയ്യുവാൻ മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെന്റു തീർച്ചയാക്കിയിരിക്കുന്നു എന്നു പ്രസ്താവിച്ചു കൊണ്ടായിരുന്നു മഹാമനസ്കനായ ദിവാൻ എം. കൃഷ്ണൻ നായർ അവർകൾ തന്റെ സരസവും സാരഗർഭവുമായ ഉപസംഹാര പ്രസംഗത്തെ സമാപിപ്പിച്ചതു്.

വിവേ: 1091 കംഭം

പ്രജാസഭ 4

ശ്രീമൂലം പ്രജാസഭയുടെ 13–ാമത്തെ വാർഷികയോഗം കുംഭം 1–ാംനു- കൂടുന്നതാണ്. പ്രതിനിധികളുടെ നിവേദനവിഷയങ്ങൾ ഇക്കുറി മുൻകൂട്ടി സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു് ഒരു നല്ല കാര്യമാണു്. ഒരേ പ്രമേയങ്ങൾ സ്വീകരിച്ചിട്ടുള്ള പ്രതിനിധികൾക്കു തമ്മിൽ കാലേകൂട്ടി ആലോചനകൾ നടത്തി സംഗതികളെ അധികം ഫലപ്രദമായ വിധത്തിലും വൃഥാ സമയവ്യയം ചെയ്യാതെയും സഭയിൽ ധരിപ്പിക്കുന്നതിനു് ഈ പുതിയ വ്യവസ്ഥ വളരെ സഹായിക്കുമെന്നുള്ളതു നിശ്ചയമാകുന്നു. പല യോഗ്യന്മാരും പല നല്ല വിഷയങ്ങൾ ഇക്കുറി നിവേദനത്തിനായി എടുത്തിട്ടുണ്ടു്. വിശേഷിച്ചുപറയത്തക്ക കാര്യമൊന്നുമില്ലാത്ത വിഷയങ്ങളും ലിസ്റ്റിൽ കാണുന്നില്ലെന്നില്ല.

ഈഴവരിൽ ഇക്കുറി ആകെ 6 പ്രതിനിധികൾ മാത്രമാണുള്ളതു്. ആറും ഗവർമ്മെൻറിനാൽ നിയമിക്കപ്പെട്ടവരാണു്. കഴിഞ്ഞകൊല്ലം 7 പ്രതിനിധികളെ ഗവർമ്മെൻറു നിയമിച്ചിരുന്നു. അതിനു പുറമെ പ. പ കമ്മിറ്റിക്കാർ തിരഞ്ഞെടുത്തയച്ചതായി രണ്ടു പ്രതിനിധികളും ഉണ്ടായിരുന്നു. അങ്ങിനെ ആയിരുന്ന 9 പ്രതിനിധികൾ. ജനസംഖ്യ നോക്കുന്നതായാൽ ആകെയുള്ള പ്രതിനിധികളിൽ ആറിലൊന്നു് അതായതു 17 പ്രതിനിധികളോളം ഈഴവക്കുണ്ടായിരിക്കേണ്ടതാണു്. ആറും പതിനേഴും തമ്മിലുള്ള വ്യത്യാസം എല്ലാവർക്കും അറിയാവുന്നതാണല്ലോ. ഈ ആറു പ്രതിനിധികളും തന്നെ ഗവർമ്മെൻറു നിയമിച്ചവരാണെന്നുള്ള വസ്തുത വീണ്ടും ഓർക്കുക. ആ പ്രതിനിധികൾ ഏതെല്ലാം സ്ഥലങ്ങളിലുള്ളവരാണെന്നും നിയമനത്തിൽ ഗവർമ്മെൻറു തൃപ്തികരമായ ഒരു നയം സ്വീകരിച്ചിട്ടുണ്ടോ എന്നും നിഷ്പക്ഷപാതമായി ആലോചിച്ചു നോക്കുക. യോഗത്തിൽ നിന്നു പതിവുപോലെ ഇക്കുറിയും പ്രതിനിധികളുടെ ഒരു ലിസ്റ്റ് അയച്ചുകൊടുത്തിട്ടുണ്ടു്. ലിസ്റ്റിൽ ഒട്ടധികം പ്രതിനിധികളുടെ പേരുകൾ അ

Digitized By Kerala Sahitya Akademi

ങ്ങിയിരിക്കണമെന്നാണുള്ളതു്. അതുകൊണ്ടു് ഓരോ ഡിവിഷനിലും നിന്നു് ആറും ഏഴും യോഗ്യന്മാരുടെ പേരുകൾ യോഗംവക ലിസ്റ്റിൽ കൊള്ളിക്കാറുണ്ടു്. അതും ഡിവിഷൻ പേഷ്കാരന്മാർ അയയ്ക്കുന്ന പ്രത്യേക ലിസ്റ്റുകളും ഒത്തു നോക്കിയും ഗവർമ്മെൻറിന്റെ ഇഷ്ടാനുസാരം ചിലപ്പോൾ ചില പേരുകൾ അധികം ചേർത്തുവാണെന്നുതോന്നുന്ന ഈഴവപ്രതിനിധികളുടെ നിയമനം നടത്താറുള്ളതു്. ഒന്നാലോചിച്ചാൽ ഈ വ്യവസ്ഥ അത്ര തൃപ്തികേടുള്ളതല്ല. എന്നാൽ അതിന്റെ തത്ത്വചിന്തയിൽ വെളിപ്പെടാത്ത ചില ദോഷങ്ങൾ പ്രയോഗത്തിൽ പ്രത്യക്ഷമാകുന്നുണ്ടെന്നു പറഞ്ഞേതീരൂ. ദൃഷ്ടാന്തത്തിനു് ഇത്തവണത്തെ നിയമനം തന്നെ എടുക്കുക. പ്രതിനിധികൾ മിക്കവാറും യോഗത്തിൽ നിന്നു സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരാണു്. എന്നാൽ അവരെ തിരഞ്ഞെടുത്തതിൽ ഗവർമ്മെൻറു തൃപ്തികരമാംവണ്ണം ഔചിത്യമുപയോഗിച്ചിട്ടില്ല. പട്ടണ പരിഷ്കരണക്കമ്മിറ്റിയിലോ താലൂക്കുകളിലോ നിന്നു യാതൊരു ഈഴവപ്രതിനിധിയും തിരഞ്ഞെടുക്കപ്പെടാത്ത ഇക്കൊല്ലം മുൻകൊല്ലത്തെ സംഖ്യയിൽ നിന്നതന്നെ ഒരു പ്രതിനിധിയെ കുറച്ചതും തീരെ ഉചിതമായിട്ടില്ലെന്നു പറയാതെ കഴികയില്ല. ഇപ്പോഴത്തെ തെരഞ്ഞെടുപ്പു വ്യവസ്ഥകളും നിയമനസമ്പ്രദായവും അനുവർത്തിക്കുന്ന കാലത്തോളം സംഗതികൾ ഇങ്ങിനെ ഒക്കെ അല്പംതെ കലാശിപ്പാൻ തരമില്ലാത്തതുമാകുന്നു.

ഈഴവർക്കു് പ്രത്യേകം ഇലക്ടറേറ്റ് (തിരഞ്ഞെടുപ്പുയോഗം) അനുവദിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി കഴിഞ്ഞ പ്രജാസഭയിൽ എൻ. കുമാരൻ (ബി. എ. ബി. എൽ.) അവർകളും മറ്റു ചില മാന്യന്മാരും പ്രബലമായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതിനുമുൻപും ഈഴവ പ്രതിനിധികൾ പ്രത്യേക തിരഞ്ഞെടുപ്പു യോഗം അനുവദിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പലതവണയും കാരണസമേതം നിവേദനം ചെയ്യുവരുന്നു. ക്രിസ്ത്യീയ സമുദായത്തിനുകൂടി പ്രത്യേക തിരഞ്ഞെടുപ്പുയോഗം അത്യാവശ്യമാണെന്നു് അപേക്ഷയുണ്ടായിരുന്നു. ആ വർഗ്ഗത്തിനു് ഇപ്പോൾ പല പ്രകാരത്തിൽ ഒട്ടുവളരെ പ്രതിനിധികൾ ലഭിച്ചുവരുന്ന സ്ഥിതിക്കു് ആ ആവശ്യകത ബലമായിത്തോന്നുകയും ഗവർമ്മെൻറിനെ നിർബന്ധിക്കയും ചെയ്യുന്നില്ലെങ്കിൽ അതു അസ്വാഭാവികമല്ല. ഈഴവർക്കു് ആ ആവശ്യകത എങ്ങനെ തോന്നാതിരിക്കും. ആറു പ്രതിനിധികൾ ഉള്ള പ്രജാസഭയിൽ ആറു് ഈഴവർ. അതും നറുക്കിട്ടെടുക്കുന്നവണ്ണമോ അതിനേക്കാൾ അവ്യവസ്ഥിതവും ഐമ്മിക്യവുമായ വല്ല ക്രമവും അനുസരിച്ചോ ഗവർമ്മെൻറു തിരഞ്ഞെടുക്കുന്ന ആറുപേർ എത്രദയനീയമാം വണ്ണം നിസ്സാരമായ ഒരംശമാണു്! രാജഗോപാലാചാരി അവർകളുടെ കാലത്തു ഒരു പ്രൊസിഡിംഗ് മുഖേനയാണു് 6-ൽ കുറയാതെ ഈഴവ പ്രതിനിധികളെ നിയമനം ചെയ്യാൻ സമ്മതിച്ചിട്ടുള്ളതു്. താലൂക്കു തിരഞ്ഞെടുപ്പിലോ പ. പ. കമ്മിറ്റികളിലോ മറ്റോ നിന്നു ലഭിക്കുന്ന പ്രതിനിധികൾക്കു പുറമേയായിരിക്കും ടി സംഖ്യയെന്നു കൂടി ആ അനുവാദത്തിൽ പ്രത്യേകം അന്തർഭവിപ്പിച്ചും ഇരുന്നു. താലൂക്കുകളിലെ ആക്ഷേപയോഗ്യമായ ഇപ്പോഴത്തെ തിരഞ്ഞെടുപ്പുകൊണ്ടു് ഈഴവർക്കു് അവരിൽ നികുതി അടയ്ക്കുന്നവരുടെ സംഖ്യ എത്രതന്നെ ഉണ്ടായാലും അവർ തിരഞ്ഞെടുക്കപ്പെടുന്നതല്ലെന്നു ഗവർമ്മെൻറിനുതന്നെ അറിയാം പ. പ. കമ്മിറ്റിയിലും മറ്റു

Digitized By Kerala Sahitya Akademi

പൌരയോഗങ്ങളിലും അവർക്ക പ്രാധാന്യം സിദ്ധിക്കുന്ന കാലവും വളരെ അക
ലത്താണെന്നു ഗവർമ്മെൻറിനറിയാം. അങ്ങനെയാണെങ്കിലും ഈഴവർ ഇത്രമാ
ത്രം കൊണ്ടു് തൃപ്തിപ്പെട്ടുകൊള്ളണമെന്നാണോ ഗവർമ്മെൻറു വിചാരിക്കുതു് ?
അജ്ഞതയാലോ അശക്തിയാലോ ഉപേക്ഷയാലോ അവർ തൃപ്തിപ്പെട്ടി
രുന്നാൽ തന്നെയും പ്രജാക്ഷേമനിരതമായ ഗവർമ്മെൻറിനു് അവരെ ഈ
വിധം അസംതൃപ്തിപ്പെട്ടിരിപ്പാൻ അനുവദിക്കാമോ? കൃത്യബോധവും കൃത്യനി
യമുള്ള അധികൃതന്മാർ ഭരണീയജനങ്ങളിൽ ഏതു വിഭാഗത്തിനേറയും ന്യായ
മായ അവകാശവാദങ്ങൾക്കു സൌകര്യം നൽകുകയും ആ വിഷയത്തിൽ അവരെ
പ്രോത്സാഹിപ്പിക്കുകൂടിയും ചെയ്യുക പതിവാണു്. ആ സ്ഥിതിക്കു് ഏറ്റവും
വലിയതും വളരെ പ്രാധാന്യമുള്ളതുമായ ഒരു ജനവിഭാഗത്തിനു പ്രജാസഭയിൽ
തൃപ്തികരമായ പ്രാതിനിധ്യം നൽകാതിരിക്കുന്നതു ശരിയാണോ ? അവർക്കു കി
ട്ടേണ്ട പ്രധാനമായ ഒരു അവകാശത്തെ എന്നേക്കും ''പിച്ചപോടൽ'' കൈവശം
വച്ചുകൊണ്ടിരിക്കുന്നതു നീതിയാണോ? നടപ്പിലിരിക്കുന്ന നിയമങ്ങളാണു് ഈഴ
വരിൽ നിന്നുവേണ്ടിടത്തോളം പ്രതിനിധികം ലഭിക്കുന്നതിനു തടസ്സമായിരി
ക്കുന്നതു്. ഗവർമ്മെൻറിനെ അതിൽ കുറ്റം പറവാൻ ഒന്നുമില്ല എന്നു പറയുന്നു
എങ്കിൽ ആ അപൂർണ്ണമോ ദോഷകരമോ ആയ നിയമങ്ങളെ അവർ ചൂണ്ടിക്കാണി
ച്ചിട്ടും ഭേദപ്പെടുത്താതെ വച്ചുകൊണ്ടിരിക്കുന്ന കുറ്റം ഗവർമ്മെൻറിനേറതു തന്നെ
യാണു്; മറ്റാരുടേതുമല്ല.

ഒരു പന്തീരാണ്ടുകാലമായി തിരുവിതാംകൂറിൽ പ്രജകൾക്കു പൊതുവിലോ
വല്ല പ്രത്യേക വർഗ്ഗക്കാർക്കുമോ ഗവർമ്മെൻറുമൂലം ന്യായമായി ലഭിക്കേണ്ടവല്ല
അനുഗ്രഹങ്ങളും ലഭിക്കയോ ആവശ്യങ്ങൾ സാധിക്കയോ ചെയ്തിട്ടുണ്ടെങ്കിൽ
അതെല്ലാം പ്രജാസഭയിൽ പ്രതിനിധികൾ ചെയ്ത നിവേദനങ്ങൾ മൂലം ഉണ്ടായി
ട്ടുള്ളതാകുന്നു. ഈഴവർക്കു തന്നെ പൌരസാമാന്യമായ അനുഗ്രഹങ്ങൾ വല്ലതും സി
ദ്ധിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം പ്രജാസഭയിൽ ഒന്നോ രണ്ടോ ഈഴവ പ്രതിനി
ധികൾ തുടർന്നുകൊണ്ടു ചെയ്തിട്ടുള്ള നിവേദനങ്ങളുടെ ഫലമായി ഉണ്ടായി
ട്ടുള്ളവയാകുന്നു. ഈഴവരുടെ സ്ത്രീ പ്രവേശം, ഈഴവരുടെ ഉദ്യോഗലാഭം, എന്നു
വേണ്ട അവരുടെ ദാമ്പത്യം, മായക്രമം മുതലായവയെ വ്യവസ്ഥാപിക്കുന്ന ഒരു
നിയമമുണ്ടാക്കാനുള്ള അനുവാദം കൂടിയും ഏതാനും ഈഴവ പ്രതിനിധികൾ നിര
ന്തരമായി പ്രജാസഭയിൽ ചെയ്ത നിവേദനങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ളതാ
കുന്നു. അതുകൊണ്ടു് ഈ വർഗ്ഗക്കാരുടെ ഭാവിഗുണങ്ങളെപ്പറ്റി ദീർഘമായി
ആലോചിക്കുന്ന ഏവനും ഇപ്പോൾ പ്രതിനിധികളെ നിയമിക്കുന്ന സമ്പ്രദായമോ
വ്യവസ്ഥയോ അശേഷം തൃപ്തികരമായിരിക്കുമെന്നു വിചാരിപ്പാൻ പാടില്ലാത്ത
താകുന്നു. അതുകൊണ്ടു് മുൻകൊല്ലങ്ങളിൽ ഈഴവപ്രതിനിധികൾ ആവശ്യപ്പെട്ടി
രുന്ന മാതിരി പ്രത്യേക തിരഞ്ഞെടുപ്പുയോഗം അവർക്കും മറ്റു് ആവശ്യമുള്ള സമു
ദായകാക്കും അനുവദിച്ചുകൊടുക്കുന്ന വിഷയത്തിൽ ഞങ്ങൾ ഗവർമ്മെൻറിന്റെ
ശ്രദ്ധയെ വിനയപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു. അങ്ങനെ ചെയ്യുന്നതുവരെ പ്രജാ
സഭ അനവസ്ഥാസംജ്ഞയാകുന്നതല്ലെന്നു നിശ്ചയമാണു്. ഇക്കൊല്ലത്തെ ഈഴവ
പ്രതിനിധികൾ ആരും ഈ വിഷയത്തെ തുടർന്നു പറവാൻ വിചാരിച്ചിട്ടില്ലെന്നു

Digitized By Kerala Sahitya Akademi

കാണുന്നതിൽ വ്യസനിക്കുന്നു. എന്നാൽ അതുകൊണ്ടു് സംഗതിയുടെ ചുറ്റോറി പ്പോയതായി ആരും കരുതുകയില്ലെന്നു വിശ്വസിക്കുന്നു.

വിവേ : 1092 വൃശ്ചികം, ധനു

ശ്രീമൂലം പ്രജാസഭയും ഈഴവരും

ശ്രീമൂലം പ്രജാസഭയുടെ 13-ാമത്തെ സമ്മേളനം കുംഭം 1-ാംനു- ആരംഭിച്ചു 12-ാംനു- അവസാനിച്ചിരിക്കുന്നു. ആദ്യദിവസങ്ങളിൽ പ്രതിനിധികളിൽ ഓരോരുത്തരും നിവേദനത്തിനു് അധികം സമയമെടുക്കയാൽ അവസാന ദിവസങ്ങളിൽ അനുചിതമായ ധൃതഗതിയോടു കൂടിയാണു് പല പ്രതിനിധികളും നിവേദനം അവസാനിപ്പിക്കേണ്ടിവന്നതു്. നിവേദനങ്ങളുടെ സമയത്തേയും മറ്റും പറ്റി വ്യവസ്ഥചെയ്യുന്ന നിയമമുണ്ടായിരുന്നിട്ടും ആവശ്യമുള്ള ഭേദഗതികളും നിയമത്തിൽ വരുത്തുന്നതു ശക്യമായിരുന്നിട്ടും സംഗതി ഇങ്ങനെ ആയിത്തീരുന്നതു് പോരാത്തതാകുന്നു. ഇതിനെപ്പറ്റി ഗവണ്മെൻറു നല്ലവണ്ണം ചിന്തിച്ചു് ഈ ന്യൂനതയെ പരിഹരിപ്പാൻ വേണ്ടതു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു. ഈഴവരുടെ പ്രത്യേക സംഗതികളെപ്പറ്റി ഇക്കൊല്ലം രണ്ടുമൂന്നു പ്രതിനിധികളും നല്ലവണ്ണം നിവേദനങ്ങളും ചെയ്തിരിക്കുന്നു. ഇവരിൽ കെ. ജി. മാധവൻ അവർകളും ഈഴവർക്കു സർക്കാരുദ്യോഗങ്ങളും കിട്ടുന്ന വിഷയത്തിലുള്ള സങ്കടങ്ങളെപ്പറ്റി ചെയ്ത നിവേദനം ഞങ്ങളും വേറൊരിടത്തു ചുവടേ ചേർത്തിട്ടുണ്ടു്. ഈ വിഷയത്തിൽ എല്ലാ ഈഴവപ്രതിനിധികളും ചെയ്ത നിവേദനങ്ങളെ ഞങ്ങളും ബലമായി പിന്താങ്ങുകയും ഗവർമ്മെൻറിൽ നിന്നു് അവയിൽ അടങ്ങിയ ഓരോ സംഗതികളെയും ദയാപൂർവ്വം ചിന്തിച്ചു വേണ്ടതു് ഉടനേ പ്രവർത്തിക്കുമെന്നു വിശ്വസിക്കയും ചെയ്യുന്നു. ഡിപ്പാർട്ടുമെൻറു മേലധികാരികളും ഉദ്യോഗവിഷയമായി ഈഴവരുടെ അപേക്ഷകളെ പ്രത്യേകം ഗൗനിക്കണമെന്നു ഗവർമ്മെൻറു സർക്കുലർ മുഖേന ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അവർ ഈഴവരുടെ അപേക്ഷകളെ സാധാരണ ന്യായമനുസരിച്ചു പോലും ഗണിക്കാറില്ലെന്നുള്ള വസ്തുത വളരെ സങ്കടകരമായ ഒന്നാകുന്നു. ഏതെല്ലാം ഉദ്യോഗസ്ഥന്മാരാണു് ഇങ്ങനെ അധികാരങ്ങളെ അനുചിതവും ആക്ഷേപാർഹവുമായ വിധത്തിൽ ഉപയോഗിക്കയും ക്ഷന്തവ്യമല്ലാത്ത വർഗ്ഗപക്ഷപാതം കാണിക്കയും ചെയ്യുന്നതെന്നു സങ്കടമുള്ളവർക്കു സ്പഷ്ടമായറിയാം. പക്ഷേ അവർക്കതെല്ലാം വിളിച്ചു പറവാൻ തരമില്ല. ഗവർമ്മെൻറിനും ആ സംഗതികൾ തീരെ അറിവാൻ പാടില്ലാത്തതായിരിക്കയില്ല. എല്ലാ പ്രജകളേയും ഒന്നുപോലെ പരിപാലിപ്പാനായി ഉദ്യോഗം കയ്യേൽക്കുന്ന ഉന്നത പരീക്ഷാ വിജയികളായ മാന്യന്മാർ തങ്ങളുടെ വിദ്യാഭ്യാസസ്ഥിതിക്കും ഉത്തരവാദത്തിനും വിപരീതമായി പ്രവർത്തിക്കുന്നതിൽ വച്ചു വന്നുകൂടാവുന്ന ആപത്തുകളെപ്പറ്റി അശേഷം ചിന്തിക്കാത്തതിൽ ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നു. കരുണയുള്ള ഗവർമ്മെൻറു് ഇങ്ങിനെയുള്ള ദുരധികാരികളിൽനിന്നു സാധുജനങ്ങളെ രക്ഷിപ്പാനും അഭിവൃദ്ധിക്കു് അനുകൂലമായ ഏർപ്പാടുകളും എല്ലാം ഉടനടൻ അവർക്കു ചെയ്തുകൊടുപ്പാനും നോക്കുമെന്നു ഞങ്ങളും ഉറപ്പായും വിശ്വസിക്കുന്നു. സംസ്കൃത

Digitized By Kerala Sahitya Akademi

കാളേജിൽ ഈഴവർ മുതലായ വർഗ്ഗക്കാർക്കു കൂടി പ്രവേശനമനുവദിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി കഴിഞ്ഞ പത്തുകൊല്ലത്തിൽ കുറയാത്ത കാലമായി ഈഴവർ നിവേദനം ചെയ്തുവരുന്നുണ്ട്. എസ്. പദ്മനാഭപ്പണിക്കർ അവർകൾ ഇക്കുറിയും അതിനെപ്പറ്റി നിവേദനം ചെയ്തിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഈ വിഷയത്തിൽ ഇനിയും നിവേദനമുണ്ടാവാൻ ഗവർമ്മെൻറ് അനുവദിക്കാതെ ടി കാളേജിൽ കരുണാനിധിയായ മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽ എല്ലാവർഗ്ഗക്കാർക്കും പ്രവേശനമനുവദിപ്പാൻ വേണ്ടതു് ഉടനേ പ്രവർത്തിക്കുമെന്നു ഞങ്ങൾ ആശിക്കുന്നു.

വിവേ : 1092 കംഭം

1095-ലെ ഒന്നാം റഗുലേഷൻ

അദ്ദേഹം (കൃഷ്ണൻ നായർ) അവിടെ (തിരുവിതാംകൂറിൽ) ചെയ്തിട്ടുള്ള ഭരണ പരിഷ്കാരങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്നാണു് നിയമനിർമ്മാണ സഭാപരിഷ്കാരം. ഭാഗ്യദോഷത്താൽ ഇതു അതൃപ്തികരവും വർത്തമാനപത്രങ്ങളുടേയും ജനങ്ങളുടേയും ഏകകണ്ഠമായ ആക്ഷേപത്തിനു് ഇങ്ങനെ ലാക്കാക്കീട്ടുള്ളതുമായ ഒരു ചെയ്വന ഇതുവരെ അദ്ദേഹം ചെയ്തിട്ടില്ലെന്നാണു കാണുന്നതു്. കൃഷ്ണൻ നായർ അവർകൾ നിയമനിർമ്മാണ സഭയെ നിർമ്മിക്കയല്ല പുതുക്കുകയാണു ചെയ്തിട്ടുള്ളതു്. വളരെക്കാലമായി തിരുവിതാംകൂറിൽ നിയമം നിർമ്മിക്കാനുള്ള അധികാരം തിരുമനസ്സുകൊണ്ടു് ടി സഭയ്ക്കു നൽകിയിരുന്നു. സഭ അതിനെ ദുരുപയോഗം ചെയ്കയോ തിരുമനസ്സിലേക്കു് അഹിതമായ വിധത്തിൽ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല. തിരുമനസ്സുകൊണ്ടു ലേശം അധികാരഭ്രമമുള്ള ഒരു പ്രജാപാലകനല്ലെന്നുള്ള സംഗതി പ്രസിദ്ധവുമാണല്ലോ. അങ്ങനെയിരിക്കെ സഭയ്ക്കു നൽകിയിരിക്കുന്ന ന്യായമായ അധികാരത്തെ ദിവാൻജി എടുത്തു് ഇപ്പോൾ തിരുമനസ്സിലേക്കു മടക്കി കൊടുക്കുകയാണു് ചെയ്തിരിക്കുന്നതു്. ഗൗരവമുള്ള കാര്യങ്ങളിൽ അദ്ദേഹം വളരെ ശ്രദ്ധാപൂർവം പ്രവർത്തിക്കുന്ന ആളാണു്. പിന്നെ ഇതെങ്ങനെ സംഭവിച്ചു ? ഏതായാലും പ്രജകൾക്കുള്ള അവകാശങ്ങളെ അനുവദിക്കാതിരിക്കുന്നതു പോകട്ടെ അനുവദിച്ചിരുന്നതിനെക്കൂടെ തിരികെ വിളിക്കുന്ന ഈ അധോമുഖമായ നയം കാലാനുകൂലമോ ശോഭനമോ അല്ലെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. പ്രജകളുടെ ന്യായമായ അവകാശങ്ങളെ അവർക്കു നൽകാതെ അവരെ തോല്പിക്കാനുദ്ദേശിക്കുന്ന ഉദ്യമങ്ങൾ നിശ്ചയമായും അവരുടെ സൈന്യത്തിൽ സ്വതേ ആളുകൾ വർദ്ധിപ്പിക്കയും അവരുടെ വിജയത്തിൽ കലാശിക്കയും ചെയ്യുമെന്നാണു് ചരിത്രവും ധർമ്മഗതിയും ഉപദേശിക്കുന്നതു്.

പ്രതി: 1095 കന്നി

Digitized By Kerala Sahitya Akademi

തിരുവിതാംകൂർ നിയമനിർമ്മാണസഭയും ഈഴവ പ്രതിനിധിയും

നിയമനിർമ്മാണസഭയിൽ ഇതെഴുതുന്ന ആളെ (എൻ. കുമാരൻ ആശാൻ അവർകളെ) ഈഴവരുടെ പ്രതിനിധിയായി നിയമിച്ചതിനെ അനുമോദിച്ച് പല മാന്യന്മാരും മാന്യ സമാജങ്ങളും സഭകളും അയച്ചതന്ന അഭിനന്ദനാശംസ കൾക്കു പൊതുവിൽ നന്ദിപറവാൻ ഈ സന്ദർഭത്തെ ഉപയോഗിച്ചുകൊള്ളുന്നു. അതുപോലെതന്നെ ഈ നിയമനത്തെപ്പറ്റി പല പ്രകാരത്തിൽ ആക്ഷേപിക്ക യും ആക്ഷേപങ്ങൾ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്ത 'ദേശാഭിമാനി' പത്രത്തിനും നന്ദിപറയേണ്ടിയിരിക്കുന്നു. അഭിനന്ദനം ആരെയും ആഹ്ലാദിപ്പി ക്കും. എന്നാൽ ആക്ഷേപം അതിനേക്കാൾ ഗുണകരമാണെന്നുള്ള രഹസ്യം ഒരു യഥാർത്ഥ മനുഷ്യനു് ഒരിക്കലും വിസ്മരിക്കാവുന്നതല്ല. കൃഷ്ണൻ നായർ അവർക ളുടെ ഗവർമ്മെൻറു് ഈഴവരിൽ പറയത്തക്കവരെയൊക്കെ നേരിട്ടു പരിചയമുള്ള ഒന്നാണു്. 'നിയമനം' എന്നതിൽ ഗവർമ്മെൻറു് സ്വന്തതൃപ്തിയെ അനുസരിച്ചു സ്വയം ചെയ്യുന്ന തിരഞ്ഞെടുപ്പു വ്യവസ്ഥയുമാകുന്നു. ഇപ്പോഴത്തെ പ്രതിനിധി സ്വതേ യാതൊരു ശ്രമവും ചെയ്തിട്ടില്ലെന്നും നേരേമറിച്ചു 'ദേശാഭിമാനി' നിർ ദ്ദേശിക്കുന്ന മാന്യന്റെ നിയമനത്തിനായി കഴിയുന്നതെല്ലാം ശ്രമിച്ചിരുന്നു എന്നു മുള്ള വസ്തുത സമുദായത്തെ ധരിപ്പിച്ചുകൊള്ളുന്നു. എന്നതന്നെയുമല്ല, സമുദായ ത്തിന്റെ നന്മയെ പുരസ്കരിച്ചു് തന്റെ പരിമിതമായ ബുദ്ധിക്കും പഠിപ്പിനും പരിചയങ്ങൾക്കും അനുരൂപമായ വിധത്തിൽ തന്നിൽ സ്ഥാപിതമായ ഈ ഗൗ രവമേറിയ ഭാരത്തെ സഹിപ്പാൻ യത്നിക്കുന്നതാണെന്നും സവിനയം ഉപപ്രാ കയും ചെയ്യുന്നു. തിരുവിതാംകൂർ ഗവർമ്മെൻറു് ഈ അവസരത്തിൽ ഈ വർഗ്ഗ ക്കാരുടെ അവകാശത്തെ വിസ്മരിക്കാതിരുന്നതിനു ഞങ്ങൾ ഏറ്റവും കൃതജ്ഞ രാണു്.

പ്രതിഭ 1095 മകരം, കുംഭം.

സർക്കാർ കാണ്ഡം

തിരുവിതാംകൂർ ഗവർമ്മെൻറും ഈഴവരും 1

ഈ വഴക്കു് ഏറക്കുറെ തിരുവിതാംകൂറിൽ പുത്തുയതായി ഭരണ സമ്പ്രദായം നടപ്പായ കാലം മുതൽ അല്ലെങ്കിൽ എത്രയോ വർഷങ്ങൾക്കുമുമ്പായി നിരന്തര മായി നടന്നുകൊണ്ടിരിക്കയാണു്. അടുത്തകാലത്തു് ഈഴവരുടെ വഴക്കും സങ്ക ടങ്ങളും പല രൂപഭേദങ്ങളെ എടുക്കുന്നുണ്ടെങ്കിലും അവയുടെ മൂലരൂപം എപ്പോഴും

Digitized By Kerala Sahitya Akademi

ഒന്നുതന്നെയാകുന്നു. മലയാളി മെമ്മോറിയലിനോടു പങ്കുചേർന്നിട്ടു് ഈഴവർക്കു യാതൊരു ഗുണവും കിട്ടാതെ ആയപ്പോൾ അവർ തന്നെ 13000 ആളുകൾ ചേർന്നു് ഒരു കെങ്കേമൻ ഹർജി തിരുമനസ്സിലേക്കു 1896 ൽ സമർപ്പിച്ചു. എപ്പോഴും ഈഴവർക്കു് രണ്ടുസങ്കടങ്ങളാണുള്ളതു്. അതായതു് (1) മതഭേദം ചെയ്യുന്നവക്കു് കിട്ടുന്ന സർക്കാരുദ്യോഗങ്ങൾ അവർക്കു ഹിന്ദുക്കളായിരിക്കുമ്പോൾ തന്നെ കിട്ടണം. (2) അവരുടെ കുട്ടികൾക്കു സർക്കാർ പള്ളിക്കൂടങ്ങളിൽ വ്യത്യസ്തംകൂടാതെ പ്രവേശം അനുവദിക്കണം ഇവയാകുന്നു. ആ കെങ്കേമൻ ഹർജിക്കു് ഗവമ്മെൻറിൽ നിന്നും കിട്ടിയ മറുപടി മോശവും ആ മറുപടിയെ അനുസരിച്ചുപോലും ഗവർമ്മെൻറു പറയത്തക്കവണ്ണം യാതൊരു ഗുണവും ഇതുവരെ ചെയ്തിട്ടില്ലെന്നു കാണുന്നതു് അതിനെക്കാൾ ദയനീയവുമാകുന്നു.

ഈഴവരുടെ സങ്കടം ഇവിടെനിന്നും ക്രമേണ മദ്രാസ് ഗവർമ്മെൻറിനേറയും ഇൻഡ്യാഗവർമ്മെൻറിനേറയും മാത്രമല്ല, ബ്രിട്ടീഷ് പാർലമെൻറിനെറപോലും ശ്രദ്ധയ്ക്കു വിഷയീഭവിച്ചു് ഇപ്പോൾ പഴകി കിടക്കയാകുന്നു. എന്നാൽ അതിനു് ഒരിക്കലും വാർദ്ധക്യം വരികയോ നിവൃത്തി ഉണ്ടാകുന്നതുവരെ അതു നശിക്കയോ ചെയ്യുമെന്നു വിചാരിപ്പാൻ പാടില്ല. മലയാളി മെമ്മോറിയൽ കഴിഞ്ഞു പത്തുസംവൽസരംവരെ ഒരു വിധം ശ്വാസം മുട്ടിയിരുന്നിട്ടാണു് ഈഴവമെമ്മോറിയൽ പുറപ്പെട്ടതു്. അതു കഴിഞ്ഞിട്ടും ഏകദേശം ഇപ്പോൾ സംവൽസരം പത്തായിരിക്കുന്നു. ഓരോ ദിവാൻജിമാരുടെ കാലത്തു് ഈഴവൻ ഓരോന്നു് ആശിച്ചിരിക്കും. ദിവാൻജിമാർ അവധികഴിഞ്ഞോ മറേറാ അങ്ങുപോകയും ഈഴവർ പഴയപടിതന്നെ കിടക്കയുമാണു ചെയ്തുവരുന്നതു്. വനം, പബ്ളിക്കുവർക്കു്, പോലീസ് മുതലായ ഡിപ്പാർട്ടുമെൻറുകളിൽ ഈഴവർക്കു പ്രവേശനം അനുവദിച്ചിരിക്കുന്നുവെന്നു ഗവർമ്മെൻറു പരസ്യപ്പെടുത്തീട്ടുണ്ടു്. എന്നാൽ സ്വകാര്യമായി നേരേമറിച്ചും വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ എന്നു സംശയം തോന്നത്തക്കവണ്ണമാണു ഗവർമ്മെൻറിൻെറ പ്രവൃത്തി ഇന്നുവരെയിരിക്കുന്നതു്. വിശാലഹൃദയനായ വി. പി. മാധവരായരുടെ കാലത്തും വനംവക ഡിപ്പാർട്ടുമെൻറിലേക്കു വേണ്ട പ്രത്യേക യോഗ്യതയുള്ള മിസ്റ്റർ എ. വേലായുധൻ ഇപ്പോഴത്തേതിലുടി ബ്രിട്ടീഷ് അതിർത്തിയിലാണു് ഉദ്യോഗത്തിനുപോയിരിക്കുന്നതു്. ഈഴവരിൽ രാക്ഷസന്മാരെപ്പോലെ ശരീരദാർഢ്യമുള്ളവർ ധാരാളം ഉണ്ടായിരുന്നിട്ടും അനേകം ശതജനങ്ങൾ അടങ്ങിയ പോലീസു സൈന്യത്തിൽ അഞ്ചാളുകളിലധികം കാണുമോ എന്നുള്ളതു സംശയമാകുന്നു. ഈ ഡിപ്പാർട്ടുമെൻറിൽതന്നെ ഈഴവരെ ധാരാളം പ്രവേശിപ്പിച്ചിരുന്നു എങ്കിൽ ഏകദേശം ഇപ്പോൾ ശാന്തമായിരിക്കുന്ന എങ്കിലും ഭയങ്കരമായിരുന്ന നായർ ലഹള ഒരിക്കലും അത്ര ഭയങ്കരമായിരിക്കയില്ലായിരുന്നു എന്നു് അവർക്കും വിചാരിച്ചാൽ ഗവർമ്മെൻറിനും അറിയാവുന്നതാണു്. ദിവാൻ കൃഷ്ണസ്വാമിരായർ അവർകൾ അദ്ദേഹത്തിൻെറ യാത്രയുടെ ധൃതിയിൽ ഈഴവക്കുട്ടികൾക്കു് എല്ലാ ഗവർമ്മെൻറു സ്കൂളുകളിലും പ്രവേശനം അനുവദിച്ചു് ഒരു സർക്യൂലർ എഴുതിത്തള്ളീട്ടുണ്ടായിരുന്നു എന്നു ഞങ്ങൾ അറിയുന്നുണ്ടു്. എന്നാൽ പ്രവേശനം വേണമെങ്കിൽ ഓരോ സ്കൂളുകളിലും ഇപ്പോഴും ഒരുകാരണപ്രകാരമല്ലെങ്കിൽ മറെറാരുപ്രകാരത്തിൽ പല ഗ്രസ്തിപിടിത്തങ്ങളും മറ്റും കൂടാതെ കഴികയില്ലെന്നാണു പന്നിരിക്കുന്നതു്. ഇതു ഗവമ്മെൻറി

Digitized By Kerala Sahitya Akademi

ന്റെ ഊർജ്ജിതക്കുറവു നിമിത്തമാണന്നേ ഞങ്ങൾ വിചാരിക്കുന്നുള്ളു. പെൺപ ള്ളിക്കൂടങ്ങളിൽ യാതൊന്നിലും ഇതുവരെ പ്രവേശം അനുവദിച്ചിട്ടില്ലതാനും.

ഈഴവരുടെ അഭിവൃദ്ധിക്കു് പ്രജാവിഭാഗത്തിൽ ഉള്ള ഒരു കക്ഷിവിരോധി കളാണെന്നു മറൊരു കക്ഷിയും ആ കക്ഷി വിരോധികളാണെന്നു വേറൊരു കക്ഷി യും പറഞ്ഞുകൊണ്ടു കിടന്നോട്ടെ. നാം അവരോടല്ല ഗവർമ്മെൻറിനോടാണു് നമുക്കു ന്യായമായി കിട്ടാനുള്ള അവകാശത്തെക്കുറിച്ചു ചോദിക്കുന്നതു്. പ്രജാ വത്സലനായ പൊന്നു തമ്പുരാൻ തിരുമനസ്സിലേക്കു നമ്മുടെ സങ്കടാവസ്ഥകളെ ഇതുവരെ യഥാസ്ഥിതി മനസ്സിലാവാൻ കഴിഞ്ഞില്ലെന്നു കാണുന്നതു് ഈ ജാ തിയുടെ ഭാഗ്യദോഷം എന്നല്ലാതെ ഞങ്ങൾ എന്തു പറയട്ടെ. ഇനിയെങ്കിലും അന്നദാതാവായ തിരുമനസ്സുകൊണ്ടും മഹാമനസ്കനായ ദിവാൻജി അവർകളും ഈഴവരുടെ സങ്കടാവസ്ഥകളെ സദയം ആലോചിച്ചു പോലീസു്, ജൂഡീഷ്യൽ കണ്ടെഴുത്തു്, വിദ്യാഭ്യാസം മുതലായ എല്ലാ വകുപ്പുകളിലും അവരെ എടുക്കുന്നതി നു ഡിപ്പാർട്ടുമെൻറു മേലധികാരികളെ പ്രത്യേകം ഊർജ്ജിതപ്പെടുത്തുന്നതു കൂടാതെ പിന്നോക്കം നിൽക്കുന്ന ജാതിക്കാരെ പരീക്ഷാ വിജയം മുതലായവയിൽ വല്ല ന്യൂനതകളും ഇരുന്നാൽ കൂടിയും ഗണ്യമാക്കാതെ വിശേഷ വിധിയായി ധൈര്യ പ്പെടുത്തുന്ന മറു പരിഷ്കൃത രാജ്യങ്ങളിലെ ന്യായം അനുസരിച്ചു വിശേഷാൽ പ്രേരിപ്പിക്കുന്നതിനു പകരം യോഗ്യതാനുസാരം ഉദ്യോഗങ്ങളും ധാരാളം കൊടു ത്തു് എങ്കിലും പ്രോത്സാഹിപ്പിച്ചു് ഈ ഉപയോഗമുള്ള ജാതിയുടെ നിത്യ കൃതജ്ഞ തയ്ക്കും ബഹുമാനത്തിനും പാത്രമായിത്തീരുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

വിവേ : 1080 മേടം

ഉദ്യോഗാവകാശം

പ്രജകളുടെ പൊതുക്ഷേമത്തെ ഉദ്ദേശിച്ചു വിനിയോഗിപ്പാനായി രാജാവ് അവരിൽനിന്നും പിടിച്ചെടുക്കുന്ന നികുതിയെ മഹാകവിയായ കാളിദാസൻ ഭൂമിയെ മഴകൊണ്ടു സസ്യപൂർണ്ണയാക്കി ചെയ്വാനായി സൂര്യൻ അതിൽനിന്നും ആകർഷിക്കുന്ന ആവിയോടു് ഉപമിച്ചിരിക്കുന്നു. ഈ ഭംഗിയേറിയ ഉപമ പ്രാചീ ന ഹിന്ദുരാജാക്കന്മാരുടെ ഭരണനയത്തിന്റെ ഒരുത്തമ മാതൃകയെ നമുക്കു് എടുപ്പ ത്തിൽ കാണിച്ചുതരുന്നു. ഇതിനേക്കാളും ഉൽകൃഷ്ടമായ ഒരു ഭരണനയത്തെ കണ്ടുപിടിപ്പാൻ ഇതുവരെ ഒരു തന്ത്രജ്ഞനും കഴിഞ്ഞിട്ടില്ല. ശാശ്വതമായ രാജ ധർമ്മത്തെയാണു് ആ മഹാകവി ഇത്ര സംക്ഷിപ്തമായും ഹൃദയംഗമമായും പറ ഞ്ഞിരിക്കുന്നതു്. ഇപ്പോൾ അഭിവൃദ്ധിയിൽ ഇരിക്കുന്ന എല്ലാ പരിഷ്കൃത രാജ്യ ങ്ങളിലും നമ്മുടെ മേല്ലോയിമ്മയായ ബ്രിട്ടീഷു് രാജ്യങ്ങളിൽ തന്നെയും ഈ നിയമം ഏറ്റവും ആദരപൂർവം അനുഷ്ഠിക്കപ്പെട്ട വരികയാണു്. ഞങ്ങൾ സാമാ ന്യനയ ഇത്രയും പറഞ്ഞതു് ''മാതൃകാരാജ്യം'' എന്നുപലപ്പോഴും അഭിമാനിക്കാറു ള്ള തിരുവിതാംകൂറിനേയും ഭൂനികുതി അടച്ചും അസ്ഥിനുറുങ്ങി അദ്ധ്വാനിച്ചും ജീ നാ നിറയ്ക്കുന്ന 5 ലക്ഷം ഈഴവപ്രജകളേയും സംബന്ധിച്ച വിഷയത്തിൽ പ്രസ്തുത

Digitized By Kerala Sahitya Akademi

നയം എത്ര നിന്ദ്യമായും നിർദ്ദയമായും വിസ്മരിക്കപ്പെടുന്നു എന്നുള്ളതിനെ വ്യസനസഹിതം അധികൃതന്മാർക്കു ചൂണ്ടിക്കാണിച്ചുകൊടുപ്പാൻ മാത്രമാകുന്നു.

തിരുവിതാംകൂറിൽ 30 ലക്ഷം ജനങ്ങളും 13181 സർക്കാർ ജീവനങ്ങളുമാണുള്ളതു്. ഹിന്ദുപ്രജകളിൽ, ആറുലക്ഷം ഉള്ളവരാകയാൽ സംഖ്യകൊണ്ടു് ഒന്നാമതായി നിൽക്കുന്നതു നായന്മാരും രണ്ടാമത്തേതു് അഞ്ചുലക്ഷം ഈഴവരുമാകുന്നു. മേല്പറഞ്ഞ ജീവനങ്ങളിൽ 8906 (അല്പെങ്കിൽ) ന്നൂറിനു് അറുപതിൽ അധികവും നായന്മാർ അനുഭവിക്കുന്നു. ഈഴവർക്കു് ഒക്കപ്പാടെ ഇന്നുവരെ ഉള്ളതു 86 ചില്ലറ ജീവനങ്ങൾ മാത്രമാണെന്നു പറയേണ്ടിവരുന്നതിൽ ഞങ്ങൾക്കു ലജ്ജയെക്കാൾ വ്യസനമാണുള്ളതു്. പരദേശബ്രാഹ്മണർ മറ്റുള്ളവരോടു താരതമ്യപ്പെടുത്തുമ്പോൾ സംഖ്യയിൽ വളരെ കുറവാണെങ്കിലും അവരുടെ വിദ്യാഭിവൃദ്ധിയും ഉൽകർഷവും തിരുവിതാംകൂർ രാജ്യകാര്യങ്ങളോടു് അധികകാലമായുള്ള സവിശേഷമായ സംബന്ധവുംകൊണ്ടു പ്രജാവിഭാഗത്തിൽ അവരും ഒരു ഗണ്യമായ സ്ഥാനത്തെ അർഹിക്കുന്നു. അവർ 1969 ഉദ്യോഗങ്ങളേയും വഹിക്കുന്നുണ്ടു്. നാട്ടു ക്രിസ്ത്യാനികൾ സംഖ്യയിൽ നായന്മാരെക്കവിയുന്നു. ഇവരിൽ നസ്രാണികളെ കഴിച്ചാൽ ഉയർന്നതരം വിദ്യാഭ്യാസമുള്ളവർ ചുരുക്കമാണു്. ആകപ്പാടെ അവർക്കു 749 സർക്കാർ ഉദ്യോഗങ്ങൾ ഉണ്ടു്. മഹമ്മദീയർ സംഖ്യയിൽ കുറവും വിദ്യാഭ്യാസ വിഷയത്തിൽ വളരെ പിന്നോക്കം നിൽക്കുന്നവരും ആകുന്നു. അവരിലും 231 സർക്കാർ ജീവനക്കാർ ഉള്ളതായി കാണുന്നുണ്ടു്. ഈഴവരെ വിദ്യാഭ്യാസവിഷയത്തിൽ ഇപ്പോൾ ഉയർന്ന ജാതിക്കാരുടെ ഇടയിൽ തള്ളിക്കയറിയിരിക്കയെന്നുകുന്നു. അതുകൊണ്ടും അവർക്കുണ്ടായ ലാഭം നാലിൽ മൂന്നു നിരക്കനുസരിച്ചു കിട്ടിവരുന്ന ഗ്രാന്റുകൂടി മേലാൽ കിട്ടാതായി എന്നുള്ളതു മാത്രമാണെന്നേ പറവാൻ കാണുന്നുള്ളു. താഴ്ന്നതും ഉയർന്നതുമായ എല്ലാത്തരം ഉദ്യോഗങ്ങളും വഹിക്കുന്നതിനും യോഗ്യതയുള്ളവർ ഇവരിൽ ധാരാളം വർദ്ധിക്കുന്നുണ്ടു്. അന്യഗവർമ്മെൻറുകളുടെ കീഴിൽ ഡെപ്യൂട്ടി കലക്ടർ, സാനിറ്ററി കമ്മീഷണർ, മജിസ്ട്രേട്ടു് റേൻജർ, രജിസ്ട്രാർ മുതലായ ഉദ്യോഗങ്ങൾ തിരുവിതാംകൂറിലെ തീയർ ഭരിച്ചു പോരുന്നുണ്ടു്. ജാത്യാചാരങ്ങളെ സംബന്ധിച്ചു കുറെക്കൂടി നിർബന്ധമുള്ള കൊച്ചിയിലും ഈ ജാതിക്കു യോഗ്യതാനുസരണം എല്ലാ ഉദ്യോഗങ്ങളും ഇപ്പോൾ കിട്ടുന്നുണ്ടു്. ബ്രിട്ടീഷിലെ കഥ പറയേണ്ടതില്ലല്ലോ.

സംഖ്യ, ബലം, വസ്തുഉടമസ്ഥത മുതലായവകൊണ്ടും കൃഷി, കച്ചവടം, കൈത്തൊഴിൽ മുതലായ വ്യവസായങ്ങളാൽ ദിവസംപ്രതി രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനാലും തിരുവിതാംകൂറിന്റെ ശാശ്വതമായ ക്ഷേമത്തിനും അഭിമാനത്തിനും നിദാനമായി നിൽക്കുന്ന ഈ ജാതിയെ രാജ്യകാര്യങ്ങളിൽ പ്രതിപത്തി വർദ്ധിപ്പിക്കുന്നതും വിദ്യാഭ്യാസത്തെ പ്രത്യേകം പ്രോത്സാഹിപ്പിക്കുന്നതുമായ ഉദ്യോഗദാന വിഷയത്തിൽ ഇത്ര വ്യസനകരമാം വണ്ണം അധൈര്യപ്പെടുത്തുന്നതു് എത്ര കഠിനമായ അന്യായമാണു്. ഈ സങ്കടം ഇനിയും ഇവർ എത്രകാലം അനുഭവിക്കേണ്ടി വരുമെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. മതപരിവർത്തനം ചെയ്താൽ ആ ക്ഷണത്തിൽ അത്ഭുതകരമാംവണ്ണം അസ്തമിച്ചുപോകുന്ന ഈ വക സങ്കടങ്ങളെ എല്ലാം എപ്പോഴും അസാധാരണമായ സ്വമത പ്രതിപത്തിയോടുകൂടി

Digitized By Kerala Sahitya Akademi

സഹിച്ചു് അടങ്ങിപ്പാർക്കുന്ന ഇവരുടെ നേരേ ഉത്തരവാദിയായ ഏതു ഹിന്ദുഭരണതന്ത്രജ്ഞനാണു് അനുകമ്പാപൂർവ്വമായ ബഹുമാനം ഉണ്ടാകാത്തതു്.

കാലദേശാവസ്ഥകളെ അറിഞ്ഞു പ്രവർത്തിക്കേണ്ടതു് ഭരണകർത്താക്കന്മാരുടെ മുറയാകുന്നു. തിരുവിതാംകൂറിലെ വായുമണ്ഡലം ഇപ്പോഴും നാനാവർഗ്ഗക്കാരുടെ ഉദ്യോഗവഴക്കുകൊണ്ടു് ഇളകിമറിഞ്ഞു ശബ്ദായമാനമായിരിക്കുകയാണല്ലോ. ആ ഭയങ്കര ശബ്ദങ്ങളുടെ ഇടയിൽ ഈഴവരുടെ ദീനസ്വരം കേവലം അന്തരാളത്തിൽ ലയിച്ചുപോകുന്നതായിക്കാണുന്നതാണു് ഞങ്ങൾക്കു തീരെ ഉത്സാഹമായിത്തോന്നുന്നതു്. നീതിയേയും സത്യത്തേയും മുൻനിറുത്തി നോക്കുന്നതായാൽ തിരുവിതാംകൂറിൽ ഇദ്യോഗാവകാശ സംബന്ധമായ സങ്കടമുള്ള വല്ല വർഗ്ഗക്കാരുമുണ്ടെങ്കിൽ അവരുടെ മുന്നണിയിൽ നിൽക്കുന്നതു് ഈഴവരാണെന്നു് ഒരു സ്തോം കുട്ടിക്കുപോലും കാണാവുന്നതാണു്.

ഇവരുടെ വിഷയത്തിൽ അധികൃതന്മാർ ഇനിയും ഉപേക്ഷ കാണിക്കുകയാണെങ്കിൽ മറ്റുപ്രകാരത്തിൽ തങ്ങളുടെ ഭരണം എത്രതന്നെ സ്തുത്യർഹമായിരുന്നാലും ഇതു് ഒഴിച്ചുകൂടാത്ത അപവാദവും അഞ്ചുലക്ഷം പ്രജകളുടെ പരിതാപകരമായ ആവലാതിയും അതിനെ എപ്പോഴും പീഡിപ്പിച്ചുകൊണ്ടുതന്നെ ഇരിക്കുന്നതാണെന്നു് ഓർമ്മപ്പെടുത്തുകയും പൊന്നുതമ്പുരാൻ തിരുമനസ്സിലെ കരുണാകടാക്ഷം ഇതുവരെ ഈ സാധുക്കളുടെ നേരെ ഉണ്ടാകാത്തതിൽ ഞങ്ങൾ അത്യന്തം വ്യസനിക്കയും ചെയ്യുന്നു.

വിവേ :1080 മിഥുനം

പ്രജാസഭയിൽ ഈഴവരുടെ മെമ്മോറാണ്ടവും പേഷ്കാരന്മാരും

ഈഴവപ്രതിനിധികളുടെ മെമ്മോറാണ്ടത്തിന്മേൽ പേഷ്കാരന്മാരുടെ റിമാർക്കു് എന്തായിരുന്നു എന്നറിവാൻ പലർക്കും മോഹമുണ്ടായി എന്നു വന്നേക്കാം. യോഗം പ്രതിനിധിയുടെ മെമ്മോറാണ്ടത്തിൽ വിദ്യാഭ്യാസത്തിനുള്ള തടസ്സങ്ങൾ എന്ന വിഷയത്തിൽ തിരുവനന്തപുരം പേഷ്കാർ ഇവർക്കു് ഇപ്പോൾ പബ്ലിക്കു് സ്കൂളുകളിൽ പ്രവേശം അനുവദിച്ചിരിക്കുന്നു എന്നും സംസ്കൃത കാളേജിൽ പ്രവേശനം ഇല്ലെന്നും താൻ അറിയുന്നു എന്ന നടപ്പിനെ വിവരിക്കുകയും (The said difficulties deserve removal consistently with tradition and usage) ഈ തടസ്സങ്ങൾ പാരമ്പര്യത്തിനും നടപ്പിനും വിരോധമില്ലാത്തവിധത്തിൽ നീക്കപ്പെടേണ്ടതാണെന്നു റിമാർക്കു ചെയ്കയും ചെയ്തിരിക്കുന്നു. 'പാരമ്പര്യം' 'നടപ്പു്' ഈ രണ്ടു പദങ്ങളും കാലദേശാവസ്ഥകളെ അനുസരിച്ചു് അർത്ഥനിർണ്ണയം ചെയ്യാൻ കഴപ്പുള്ളവയാകുന്നു. അതുകൊണ്ടു് ഈ റിമാർക്കിനു് ഇന്നു് എന്തർത്ഥമാണെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. കഴിഞ്ഞ തവണ പ്രജാസഭയിൽ ഈഴവ പ്രതിനിധികളെ ക്ഷണിക്കാതിരുന്നു എങ്കിൽ ഈ കൊല്ലം അവരെ ക്ഷ

Digitized By Kerala Sahitya Akademi

ണിച്ചതു പാരമ്പര്യത്തിനും നടപ്പിനും വിരോധമായി പോകുമായിരുന്നേനേ. ഭാഗ്യംകൊണ്ടു് അങ്ങനെ സംഭവിച്ചില്ല. ഇപ്പോൾ പബ്ലിക്കു് സ്കൂളുകളിൽ എല്ലാം പ്രവേശനം അനുവദിച്ചിരിക്കുന്നു എന്നുള്ള പേഷ്കാരുടെ അറിവു് തെറ്റാകുന്നു. അധികം സ്കൂളുകളും പ്രവേശമില്ലാത്തവയാണെന്നുള്ളതിനു ഞങ്ങൾക്കു വേണ്ട തെളിവുകൾ ഉണ്ടു്. ഉദ്യോഗത്തെ സംബന്ധിച്ചു ടി പേഷ്കാർ 'മാമൂലിനു' ഒത്ത പ്രകാരമുള്ള ഉദ്യോഗങ്ങൾ ഈ സമുദായിക്കാർക്കു കിട്ടിവരുന്നുണ്ടെന്നു വിവരിക്കുകയും വിദ്യാഭ്യാസത്തെക്കുറിച്ചു പറഞ്ഞ റിമാർക്കു തന്നെ പറകയും ചെയ്തിരിക്കുന്നു. വസ്തുക്കളുടെയും തൊഴിലുകളുടേയും മേൽ പലവക നികുതി ചുമത്തുമ്പോൾ പുതിയ പരിഷ്കാരത്തേയും ഞങ്ങളുടെ അവകാശത്തേയും സങ്കടങ്ങളേയും കുറിച്ചു പറയുമ്പോൾ മാമൂലിനേയും പിടിച്ചു കൊള്ളുന്ന നിന്ദ്യമായ നയം ഇക്കാലത്തുള്ള ഒരു ഗവൺമെൻറിനു് ഒത്തതല്ലെന്നു് ഈ വക വല്യ ഉദ്യോഗസ്ഥന്മാർ അറിയാത്തതിൽ ആശ്ചര്യപ്പെടുന്നു.

ടി വിഷയങ്ങളിൽ കൊല്ലം പേഷ്കാരുടെ റിമാർക്കുകൾ ഇതിനേക്കാൾ രസകരങ്ങളാണു്. മെസ്സേഴ്സ് കൊച്ചുകുഞ്ഞുപാന്നാർ, രവളമ്പൻ പത്മനാഭൻ, നാരായണപ്പണിക്കർ ഈ മൂന്നുപേരും പ്രത്യേകം പ്രത്യേകം വിദ്യാഭ്യാസ സംബന്ധമായും ഗവർമ്മെൻറുദ്യോഗസംബന്ധമായും ഈഴവർക്കുള്ള സങ്കടങ്ങളെ മെമ്മോറാണ്ടങ്ങളിൽ കാണിച്ചിരുന്നു. സ്കൂൾപ്രവേശം അനുവദിക്കണമെന്നുള്ള അപേക്ഷയ്ക്കു മുൻകൂട്ടി വിചാരിച്ചിരുന്നോ എന്നുതോന്നുംവണ്ണം ഈഴവർക്കു പ്രത്യേകം സ്കൂളുകൾ സ്ഥാപിച്ചുകൊടുക്കേണ്ടതാണു് എന്നു ഞാൻ വിചാരിക്കുന്നു (I think separate schools ought to be provided) എന്നും ഉയർന്ന ജാതി ഹിന്ദുക്കൾ തടസ്സം പുറപ്പെടുവിക്കുമെന്നുള്ളതിനാൽ ഉയർന്ന ജാതികളല്ലാത്ത ഹിന്ദുക്കൾക്കു പഠിക്കുന്നതിനായി വേറെ സ്കൂളുകൾ സ്ഥാപിക്കണമെന്നും പേഷ്കാരവർകൾ ശക്തിമത്തായി റിമാർക്കു ചെയ്തിരിക്കുന്നു. എന്തൊരു വിലയേറിയ അഭിപ്രായം. ജാതികൾക്കു ഓരോസ്കൂൾ സ്ഥാപിക്കണമത്രേ. ഉയർന്ന ജാതി എന്നുപറയപ്പെടുന്ന ഹിന്ദുക്കളുടെ സ്കൂളുകളിൽ ഈഴവർക്കു പാടില്ല. എന്നാൽ ഈഴവരുടെ സ്കൂളിൽ താഴ്ന്ന ജാതിക്കാർക്കും പാടില്ല. 'യദ്യദാചരതി ശ്രേഷ്ഠസ്തത്തദേവേതരേ ജനാഃ' സ്കൂളുകൾ ജാതികളേയും ജാതികൾ സ്കൂളുകളേയും ഉണ്ടാക്കട്ടെ. ഈഴവരേക്കാൾ ഉയർന്ന ജാതികൾ ചുരുക്കവും താഴ്ന്ന ജാതികൾ അധികവും ആണു്. ജനങ്ങൾ തമ്മിൽ കടിപിടി കൂടുകയോ എന്തോ ചെയ്തുകൊള്ളട്ടെ! ചിലരുടെ രാജ്യഭരണതന്ത്രജ്ഞതയുടെ ആഴത്തെ വിചാരിച്ചുനോക്കുമ്പോൾ തിരുവിതാംകൂറിലെ പരിഷ്കാരോദ്യമം എല്ലാംകൂടി ആ പടുകുഴിയിലേക്കു തള്ളിപ്പോകുമോ എന്നു പേടിതോന്നും അഥവാ അതുനടപ്പുള്ളതാണോ? ഗുണങ്ങളെ അഭിനന്ദിക്കയും ദോഷങ്ങളെ നമ്മേസംബന്ധിച്ചിടത്തോളം ആരിൽ തന്നെ കണ്ടാലും ഞങ്ങൾ പറകയും ചെയ്യും. ഉദ്യോഗസ്ഥന്മാർ ജാതിയുടെ അല്ല ജനങ്ങളുടെ ഭരണകർത്താക്കന്മാരാണായിരിക്കേണ്ടതു്.

'മതപരിവർത്തനം ചെയ്യുന്നവർക്കുള്ള സ്വാതന്ത്ര്യങ്ങൾ എങ്കിലും ഗവർമ്മെൻറിനെ സംബന്ധിച്ച കാര്യങ്ങളിൽ ഈഴവർക്കു നൽകണം എന്നുള്ള മിസ്റ്റർ നാരായണപ്പണിക്കരുടെ അപേക്ഷയ്ക്കു പേഷ്കാരവർകൾ (There is nothing for Government to do in this matter) ഗവർമ്മെൻറിൽനിന്നും ഈ വിഷയ

Digitized By Kerala Sahitya Akademi

ത്തിൽ യാതൊന്നും ചെയ്‌വാനുള്ളതല്ലെന്നു ഗൗരവപൂർവ്വം റിമാർക്കുചെയ്തിരിക്കുന്നു. അതേ ഉദ്യോഗം ആവശ്യപ്പെട്ടപ്പോഴോ സ്ത്രീപ്രവേശം ആവശ്യപ്പെട്ടപ്പോഴോ ഗവർമ്മെൻറ് ആരോടും ജാതിയോ, മതമോ, പേരുതന്നെയോ ചോദിക്കാറില്ലല്ലോ! ഞങ്ങൾ എന്താണുപറയേണ്ടതു് ?— പോട്ടെ. ഈഴവസഹോദരങ്ങളെ നിങ്ങൾ പ്രത്യേക സ്കൂളുകളിലല്ല പുലയന്റെ സ്കൂളിൽപോലും ഇരുന്നു പഠിക്കയാണെങ്കിൽ കൂടിയും തരക്കേടില്ല. വിദ്വാന്മാരും വിദുഷികളും ആയിത്തീരുവിൻ! പൊണ്ണത്തങ്ങൾ ഭാവികാലത്തിൽ ഒരു പൈസയ്ക്കും വിലയുള്ളവയായിരിക്കയില്ല.

വിവേ : 1081 തുലാം

അനീതിയുടെ ചില സ്പഷ്ട ദൃഷ്ടാന്തങ്ങൾ

സർക്കാരുദ്യോഗം തിരുവിതാംകൂറിലെ തീയരിൽ യോഗ്യതയുള്ളവരില്ലാഞ്ഞിട്ടാണ് അവിടെ അവർക്കു വേണ്ടവണ്ണം ഗവർമ്മെൻറുദ്യോഗം കൊടുക്കാത്തതെന്നു ചില അധികൃതന്മാർ വ്യാജവിഡംബനം ചെയ്യാറുണ്ടു്. ഡാക്ടർ പല്പു, റാവുബഹദൂർ പി. വേലായുധൻ ബി. എ. അവർകൾ, എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകൾ മുതലായ ഉയർന്നതരം യോഗ്യതയുള്ളവരുടെ കഥ ഇരിക്കട്ടെ. അന്യ സമുദായത്തിൽനിന്നു് ഓരോ തുറകളിലും പ്രത്യേക യോഗ്യത യാതൊന്നും സമ്പാദിക്കാത്ത ആളുകളെ ധാരാളം കടത്തിവിട്ടുകൊണ്ടിരുന്നിട്ടും മനഃശാസ്ത്രം അഭ്യസിച്ചുവന്ന മിസ്റ്റർ. എ. വേലായുധൻ ആ വകുപ്പിലും ബ്രിട്ടീഷ് മലബാറിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലിരുന്ന പരിചയം സമ്പാദിച്ചിട്ടുള്ള ഒരു മെട്രിക്കുലേറായി മിസ്റ്റർ. പി. എം. രാമൻ ആ വകുപ്പിലും സ്വരാജ്യത്തു യോഗ്യതാനുസാരമായ വല്ല പണിയും കിട്ടുന്നതിനു് അപേക്ഷിച്ചു നിരാശന്മാരായിരിക്കുന്നതിനെപ്പറ്റി ഞങ്ങൾ ഇതിനുമുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടെന്നു തോന്നുന്നു. മൈസൂർ പോലീസ് സ്കൂളിൽ ചേർന്നു് ഇൻസ്പക്ടരുടെ പരീക്ഷയിൽ സ്തുത്യർഹമാംവണ്ണം ജയിച്ചു സർട്ടിഫിക്കറും അവിടത്തെ പോലീസ് അദ്ധ്യക്ഷന്റെ വിലയേറിയ ശുപാർശയും സമ്പാദിച്ചു സ്വരാജ്യത്തുവന്നു് ഈയിടെ പോലീസ് വകുപ്പിൽ ഒരു പണിക്കു് അപേക്ഷിച്ച മിസ്റ്റർ കെ. എൻ. കേശവനോടു ഗവർമ്മെൻറു പ്രവർത്തിച്ച നിഷ്കരുണതയാണു് ഇതിലധികം ഞങ്ങളെ വിസ്മയിപ്പിക്കുന്നതു്. ദിവാൻജിയുടെ ഉത്തരവനുസരിച്ചു് ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനായ മിസ്റ്റർ. ബെൻസലിയുടെ അടുക്കൽ മിസ്റ്റർ കേശവൻ അപേക്ഷിച്ചു. തൽക്കാലം ഒഴിവില്ലെന്നു മാത്രമല്ല ഒഴിവു വരുന്നതുവരെ താൻ കാത്തിരുന്നിട്ടു് ആവശ്യമില്ലെന്നും, ഏതെങ്കിലും അന്യരാജ്യങ്ങളിൽ പോകുന്നതാണു് ഉത്തമമെന്നുമായിരുന്നത്രേ ഈ യുവാവിനോടു മിസ്റ്റർ ബെൻസലി ചെയ്ത ദയയേറിയ ഉപദേശം. വളരെ വഴക്കുകൾക്കുശേഷം പോലീസ് വകുപ്പു് ഇപ്പോൾ ഈ ജാതിക്കു തുറന്നിട്ടുള്ള കൂട്ടത്തിലാണു്. പരബോധത്തിനുവേണ്ടി തുറന്നിട്ടുള്ള വകുപ്പുകളിൽ തന്നെ മേലദ്ധ്യക്ഷന്മാർ ഗ്രുദ്ധശാസനകളാൽ ഈ ജാതിക്കു് ഉദ്യോഗദാനവിഷയ

Digitized By Kerala Sahitya Akademi

ത്തിൽ തടക്കപ്പെട്ടിട്ടുണ്ടായിരിക്കുമെന്നു ഞങ്ങൾ പലതവണയും സൂചിപ്പിച്ചിട്ടുള്ള തായി വായനക്കാർ ഓർക്കുന്നുണ്ടായിരിക്കണം. ആ വസ്തുതയെ തെളിയിക്കാൻ ഇതു് ഒരു നല്ല ദൃഷ്ടാന്തമാകുന്നു. ഈ പരിഷ്കാരകാലത്തു രാജ്യഭരണ സംബന്ധമായ ഈ ജാഡകളും ക്ഷുദ്രനിർബന്ധങ്ങളും വളരെ നാൾ നിലനിൽപ്പാൻ ശക്തിയുള്ളവയായിരിക്കില്ലെന്നു വിശ്വസിച്ചു ഞങ്ങൾ ആശ്വസിച്ചുകൊള്ളേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസം — ഈ വർഗ്ഗക്കാർ നികൃതിയടയുന്നവരുടെ കൂട്ടത്തിൽ മുന്നണിയിൽ നില്ക്കുന്നവരാകുന്നു. ഈ അവകാശം കൂടാതെ തന്നെ പ്രജകളുടെ വിദ്യാഭ്യാസത്തെ ഒന്നുപോലെ സഹായിപ്പാൻ ഗവർമ്മെൻറു കടപ്പെട്ടിരിക്കുന്നു. അന്യവർഗ്ഗക്കാരിൽ നിന്നു പലരേയും വലിയ വലിയ സംഖ്യകൾ സാഹായികധനമായി നല്കി പാശ്ചാത്യരാജ്യങ്ങളിൽ അയച്ചു നമ്മുടെ ഗവർമ്മെൻറു പല കലകളും അഭ്യസിച്ചിട്ടും അഭ്യസിപ്പിക്കുന്നുമുണ്ടു്. എന്നാൽ മദ്രാസു് എം. ബി. സി. എം. ക്ലാസ്സിലെ കോഴ്സു തീർത്തിട്ടുള്ള മിസ്റ്റർ പി. പല്പു തനിക്കു് ആറുമാസം ഇംഗ്ലണ്ടിൽ പോയി പഠിച്ചുവരുന്നതിനു് ഒരു ചെറിയ സഹായം ലഭിക്കണമെന്നു് ആവശ്യപ്പെട്ടതിൽ നമ്മുടെ ഗവർമ്മെൻറിനു് അനുവദിപ്പാൻ ഇന്നുവരെ കഴിഞ്ഞില്ലെന്നുള്ളതു പ്രസിദ്ധമാണു്. ഒരു വല്യ ഉദ്യോഗസ്ഥൻറെ മകനു് ഈയിടെ 10000—ൽ പരം ഉറുപ്പിക അനുവദിച്ചു് ഇന്ത്യൻ മെഡിക്കൽ സർവീസിനു പഠിപ്പാൻ നമ്മുടെ ഗവർമ്മെൻറു് അയച്ചിരിക്കുന്നു. അയാളെക്കൊണ്ടു തിരുവിതാംകൂറിനു യാതൊരു ഗുണവും പ്രതീക്ഷിച്ചിട്ടില്ലതാനും. എന്തു നീതിന്യായങ്ങളാണു്?

മലയാളംസ്കൂളുകൾ — സ്വഭാഷാ പാഠശാലകളിൽ നിന്നാണു് ജനങ്ങൾ പ്രാഥമിക വിദ്യാഭ്യാസം ലഭിക്കേണ്ടതു്. ഇത്തരം പാഠശാലകൾ മിക്കവാറും ഗവർമ്മെൻറു് ഈ വർഗ്ഗക്കാർക്കായി ഇന്നും തുറന്നിട്ടില്ലെന്നുള്ളതും അതിനെക്കുറിച്ചു് ഈ വർക്കാർ കൂട്ടിവരുന്ന മുറവിളികളും എല്ലാവരും അറിഞ്ഞിട്ടുള്ളതാണു്. വർക്കല മലയാളം മിഡിൽ സ്കൂളിനെ സംബന്ധിച്ചു നടന്ന വഴക്കുകൾ വിവേകോദയം വായനക്കാർ ധാരാളം ഓർക്കാൻ ഇടയുണ്ടു്. ഇൻസ്പെക്ടർ സി. കൃഷ്ണപിള്ള അവർകളുടെ തെക്കൻ റേൻജിലേക്കുള്ള വരവിനെ ആ ദിക്കുകാർ വളരെ ആശയോടുകൂടി പ്രതീക്ഷിക്കയായിരുന്നു. പക്ഷേ ആ ഉദ്യോഗസ്ഥൻ തനിക്കു മനസ്സുണ്ടായിരുന്നു എങ്കിൽ സാധിക്കാമായിരുന്ന അനുകൂല മാർഗ്ഗത്തെ വിട്ടു കറം ഗവർമ്മെൻറിൻറെ തലയിൽ നേരേവച്ചു് ഒഴിഞ്ഞുകളയുകയും അവരുടെ ആശയെ ഛേദിച്ചുകളയുകയും ആണു് ഇപ്പോൾ ചെയ്തിരിക്കുന്നതു്. പെൺപള്ളിക്കൂടങ്ങൾ എല്ലാംതന്നെ ഈ വർഗ്ഗക്കാർക്കു് അടയ്ക്കപ്പെട്ടിരിക്കയാണു്. എന്നാൽ ആ നിരോധനത്തിനു് അനുകൂലമായി യാതൊരു ചട്ടവും ഇല്ലാത്തനിലയ്ക്കു മേലുദ്യോഗസ്ഥന്മാരുടെ മനസ്സുമാത്രമുണ്ടായാൽ പ്രവേശം അനുവദിക്കാവുന്നതും. അങ്ങിനെ അനുവദിച്ചിട്ടുള്ള അപൂർവ്വം ചില ദിക്കുകളിൽ പറയത്തക്ക യാതൊരാപത്തും സംഭവിച്ചിട്ടില്ലാത്ത സ്ഥിതിക്കു് അതു് അനുകരണീയവുമാകുന്നു. നെയ്യാറ്റുകരയുള്ള ഈ വർഗ്ഗക്കാരിൽ ഏതാനും പ്രായം തികഞ്ഞ വിദ്യാർത്ഥിനികൾ തങ്ങളെ ആൺപള്ളിക്കൂടത്തിൽ വച്ചു പഠിപ്പിക്കുന്നതു് അവിഹിതമാകയാൽ സ്ഥലത്തെ പെൺപള്ളിക്കൂട

Digitized By Kerala Sahitya Akademi

ത്തിൽ ചേർന്നു പഠിക്കുന്നതിനു് അനുവാദം കിട്ടണമെന്നു് ഇൻസ്പെക്ടർ മിസ്റ്റർ കൃഷ്ണപിള്ളയുടെ മുമ്പാകെ ഈയിടെ ഒരു ഹർജി ബോധിപ്പിച്ചു. സ്വഭാവേന കുറേ ധീരനും സ്വതന്ത്രനുമാണെന്നു് അറിയപ്പെട്ടിരിക്കുന്ന ഇദ്ദേഹം ഈ നിസ്സാര സംഗതിയിൽ ഒന്നുമലച്ചുപോയതായിക്കാണുന്നതിൽ ആശ്ചര്യപ്പെടുന്നു. അദ്ദേഹത്തിന്റെ ഇൻഡാസുമെന്റു് 'ഗവർമ്മെൻറിനോടു് അപേക്ഷിച്ചു് അനുവാദം വാങ്ങിക്കൊള്ളണം' എന്നായിരുന്നത്രേ. ഹർജിക്കാർ ഗവർമ്മെൻറിനോടു് അപേക്ഷിച്ചു. 'ഇതിനു മുമ്പുതന്നെ ഈമാതിരി വിഷയങ്ങളെപ്പറ്റി ആലോചിച്ചു ചെയ്യുന്നതായിരിക്കുമെന്നു മറുപടി കൊടുത്തിട്ടുള്ളതിനാൽ അതിലധികമായി ഇപ്പോൾ മറുപടി പറവാനില്ല'ന്നു ഇൻഡാസുമെന്റു കിട്ടുകയും ചെയ്തു. ഈ ആലോചനകളുടെ അവസാനം എന്നാണെന്നും എന്താണെന്നും ആർക്കറിയാം. ചില യോഗ്യന്മാരുടെ വാക്കുകളിൽ ഉള്ള വിശാല ഹൃദയത പ്രവൃത്തികളിൽ അശേഷം സംക്രമിച്ചു കാണുന്നില്ലെന്നു പറയേണ്ടിവന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു.

ആയുർവേദ പാഠശാല – മറ്റു സ്ഥലങ്ങളിൽ എന്നപോലെതന്നെ തിരുവിതാംകൂറിലും തീയർ വൈദ്യവിദ്യയിൽ പണ്ടേ പ്രസിദ്ധന്മാരാണു്. ഇതിനെ കുലവിദ്യയായി ആശ്രയിച്ചു കുഡുംബ യോഗ ക്ഷേമങ്ങളെ വർദ്ധിപ്പിക്കുന്നവരും ഈ വിഷയത്തിൽ സ്തുത്യർഹങ്ങളായ ഗ്രന്ഥങ്ങളെ നിർമ്മിച്ചു് അത്ഭുതകരമായ പാണ്ഡിത്യത്തേയും പരോപകാര തല്പരതയേയും പ്രദർശിപ്പിച്ചിട്ടുള്ളവരും പ്രദർശിപ്പിക്കുന്നവരും ഇവരിൽ ധാരാളമുണ്ടു്. തിരുവിതാംകൂറിലെ ആയുർവേദ പാഠശാലയിൽ ഇവരെ ഇതുവരെ പ്രവേശിപ്പിക്കുന്നില്ലെന്നുള്ളതു് ഈ പംക്തികളിൽ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതാണു്. ഇവരിൽ മറ്റു് ഏതെങ്കിലുംപ്രകാരേണ ആയുർവേദം അഭ്യസിച്ചു വരുന്നവരെ ഈ പാഠശാല മുഖേന നടത്തപ്പെടുന്ന ആയുർവേദപരീക്ഷയിൽ ചേരുന്നതിനുകൂടി അനുവദിക്കുന്നില്ലെന്നറിഞ്ഞാൽ അതു് ആരുടെ ഹൃദയത്തെയാണു് ക്ഷോഭിപ്പിക്കാത്തതു്? കൊല്ലത്തുനിന്നും ഒരു യുവാവു് ഈയിടെ ഞങ്ങൾക്കു വ്യസനപൂർവം ഇങ്ങനെ എഴുതുന്നു. ''ഞാൻ പരീക്ഷയിൽ ചേരുന്നതിനായി ആപ്ലിക്കേഷനും പണവും അയച്ചു: ആപ്ലിക്കേഷൻ ഞാൻ രജിസ്റ്റർ ചെയ്തില്ലെങ്കിലും അയച്ചുഎന്നുള്ളതിനു് അഞ്ചൽ മാസ്റ്റർ സാക്ഷിയാണു്. എന്റെ പണം മടക്കി അയച്ചിരിക്കുന്നു. ആപ്ലിക്കേഷൻ കാണുന്നില്ലെന്നാണു് കാരണം പറയുന്നതു്. വെറും ഒഴികഴിവാണു്''. ഈ സങ്കടം അവാസ്തവമായിരിക്കയില്ല. 1080 മേടം 22–ാം തീയതി നമ്മുടെ യോഗം ആഫീസിൽ നിന്നു് പരീക്ഷയിൽ ഈഴവ വിദ്യാർത്ഥികൾക്കു ചേരാൻ അനുവാദമുണ്ടോ എന്നുള്ളതിനെപ്പറ്റി എഴുതിച്ചോദിവ്വതിനു് പാഠശാലാദ്ധ്യക്ഷൻ മിസ്റ്റർ പരമേശ്വരൻമുത്തതു് അനുവാദമുള്ളതായി കാണുന്നില്ലെന്നു് മറുപടി കൊടുത്തിട്ടുള്ളതായി ഞങ്ങൾക്കറിയാം. പാഠശാലയിലോ പരീക്ഷയിൽ പോലുമോ ചേർക്കാൻ മനസ്സില്ലാത്ത യോഗ്യന്മാർ സ്വഭവനങ്ങളിൽ ചെന്നാൽ ഇവരെ ഫീസു വാങ്ങി പഠിപ്പിക്കാമെന്നു പറയുന്നതാണു് ഇതിലും കൗതുകകരമായി തോന്നുന്നതു്. എന്തക്രമമാണു്? പ്രകൃതിയോ ഈശ്വരനോ ഇതിനു് ഉപശമം ഉണ്ടാക്കുന്നതുവരെ ആണോ ഈ വർഗ്ഗക്കാർ കാത്തിരിക്കേണ്ടതു്?

വിവേ: 1082 തുലാം 30

Digitized By Kerala Sahitya Akademi

തിരുവിതാംകൂർ ഗവർമ്മെൻറും ഈഴവരും 2

പരിഷ്കൃത രീതിയിൽ ഭരിക്കപ്പെട്ടുന്നതെന്നു് അഭിമാനിക്കുന്ന യാതൊരു ഗവർമ്മെൻറിനും ഉചിതമല്ലാത്ത വിധത്തിൽ തിരുവിതാംകൂർ ഗവർമ്മെൻറു് അതിൻെറ പ്രജാവിഭാഗത്തിൽ ഉൾപ്പെട്ട ഒരു പ്രധാന വഴ്ക്കാരായ ഈഴവരോടു പണ്ടേതുടങ്ങി നിർദ്ദയം കാണിച്ചു പോരുന്ന അപനയത്തിനു് ഇനിയും ഒരു അവസാനം ഉണ്ടാകാറായിട്ടില്ലെന്നു കാണുന്നതിൽ വ്യസനിക്കയല്ലാതെ നിവൃത്തിയില്ലല്ലോ. ഈഴവർക്കു് ഏതു ഡിപ്പാർട്ടുമെൻറിലും ഉദ്യോഗങ്ങൾ കൊടുക്കുന്നതിനു ഗവമ്മെൻറിനു പ്രത്യേകമായി ഒരു വിരോധവുമില്ലെന്നു മിസ്റ്റർ ഗോപാലാചാരി കഴിഞ്ഞ പ്രാവശ്യം പ്രജാസഭയിൽ വച്ചു പ്രസ്താവിച്ചതു പിന്നീടു് അദ്ദേഹം വിസ്മരിച്ചു പോയതായിക്കാണുന്നു. മിസ്റ്റർ ആപാരി ഗവർമ്മെൻറു് ഉദ്യോഗങ്ങൾക്കു് അപേക്ഷിച്ചിരുന്ന രണ്ടു് ഈഴവരോടു് ഈയ്യിടെ കാണിച്ചിരുന്ന അനുകമ്പാരാഹിത്യം ഏറ്റവും അപ്രതീക്ഷിതവും അക്ഷേപാർഹവുമായിരിക്കുന്നു.

മദ്രാസു് ഇഞ്ചിനീയർ കാളേജിൽ പഠിച്ചു് അവിടത്തെ സബു് ഓവർസിയർ പരീക്ഷയിൽ വിജയിയായ മിസ്റ്റർ റ്റി. സി. രാമൻ എന്ന ഈഴവയുവാവു് തിരുവിതാംകൂർ ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറിൽ ഒരു ജോലിക്കു് അപേക്ഷിക്കുകയും കഴിഞ്ഞ ഏഴെട്ടു മാസക്കാലം കൊണ്ടു് അതിനായി കാത്തിരുക്കുകയും ചെയ്തിരുന്നു. തൻെറ അവകാശങ്ങളെ കാണിച്ചു് അയച്ചിരുന്ന പലേ അപേക്ഷകൾക്കും തൽക്കാലം ഒഴിവില്ലെന്നുള്ള ഒഴികഴിവു കൊണ്ടാണു മറുപടി കൊടുത്തിട്ടുള്ളതെന്നു ഞങ്ങൾ അറിയുന്നു. സ്വന്ത ഗവർമ്മെൻറിനെത്തന്നെ സേവിക്കുന്നതിൽ സ്വാഭാവികമായി ഒരാൾക്കു തോന്നാവുന്ന താൽപര്യത്തോടു കൂടിയാണു മിസ്റ്റർ രാമൻ സ്വദേശമായ തിരുവിതാംകൂറിൽ തന്നെ ഒരു ഉദ്യോഗത്തിനു ശ്രമിച്ചതു്. യഥാസ്ഥിതികനെന്നു മിക്കവാറും തന്നത്താൻ സമ്മതിച്ചിരുന്ന മിസ്റ്റർ ശങ്കരസുബ്ബയ്യർ പോലും ഈഴവക്കു് ഈ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗം കൊടുക്കുവാൻ ഗവമ്മെൻറു തയ്യാറാണെന്നു് എൻഡോഴ്സു് ചെയ്തിരുന്ന സ്ഥിതിക്കു് ആ ഡിപ്പാർട്ടുമെൻറിൽ ഒരു ഉദ്യോഗം കിട്ടുന്നതു സുകരമാണെന്നു മിസ്റ്റർ രാമൻ വിശ്വസിച്ചിരിക്കണം. എങ്കിലും അയാൾക്കുണ്ടായ അനുഭവം അതിൽ നിന്നു് എത്രയോ ഭിന്നമാണെന്നു പറയേണ്ടതില്ലല്ലോ. ഇതിനു മുൻപു സജാതീയരായ തൻെറ മുൻഗാമികളെ അനുഗമിച്ച താനും ഉദ്യോഗ സമ്പാദനത്തിനു സ്വദേശം വിടുവാൻ നിർബന്ധിക്കപ്പെട്ടുന്നുവെന്നുകണ്ടു മിസ്റ്റർ രാമൻ അന്യഗവർമ്മെൻറുകളുടെ കീഴിൽ ഉദ്യോഗത്തിനായി ശ്രമിക്കയും കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലേക്കു് ഒരു അപേക്ഷ അയയ്ക്കുകയും ചെയ്തിരുന്നു. കരുണാനിധിയായ വലിയതമ്പുരാൻ തിരുമനസ്സു കൊണ്ടു് മിസ്റ്റർ രാമൻെറ അപേക്ഷയെ സദയം സ്വീകരിച്ചു് അയാളെ അവിടത്തെ ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറിൽ 40 ക. ശമ്പളവും 15 ക. അലവൻസുമായി ഒരു പണിയിൽ ഇപ്പോൾ കല്പിച്ചു നിയമിക്കുകയും മിസ്റ്റർ രാമൻ പണിയിൽ പ്രവേശിക്കുകയും ചെയ്തിരിക്കുന്ന വിവരം വായനക്കാരെ സന്തോഷ പൂർവം അറിയിച്ചുകൊള്ളുന്നു.

തിരുവിതാംകൂറിലെ മുതലെടുപ്പിൻെറ നാലിൽ ഒരു ഭാഗത്തെ പ്രതിവർഷം വിഴുങ്ങുന്ന ഏറ്റവും വലുതായ ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറിൽ ന്യായമായ അവകാശത്തോടുകൂടി ഒരു ഉദ്യോഗത്തിനു് അപേക്ഷിച്ചു് ഏഴെട്ടു മാസങ്ങളോളം

Digitized By Kerala Sahitya Akademi

കാത്തിരുന്ന മിസ്റ്റർ രാമമനാട്ട നമ്മുടെ സർക്കാർ കാണിച്ചിട്ടുള്ള നിഷ്കരുണവും അന്യായവുമായ നയത്തെ എത്രതന്നെ ആക്ഷേപിച്ചാലും മതിയാകുന്നതല്ല. ഇത്ര വലിയ ഒരു ഡിപ്പാർട്ടുമെൻറിൽ പ്രതിദിനം എന്നപോലെ ഒഴിവുകൾ ഉണ്ടാവുന്നതാണ്. എങ്കിലും മിസ്റ്റർ രാമനു് ഒരു പണി കൊടുക്കുവാൻ തക്കവണ്ണം ഈ കാലങ്ങളിൽ ആ ഡിപ്പാർട്ടുമെൻറിൽ ഒരു ഒഴിവും ഉണ്ടായില്ലെന്നു പറയുന്നതു് ഇരുട്ടുകൊണ്ടു് ഓട്ട അടയ്ക്കുന്ന സമ്പ്രദായത്തേക്കാൾ കഷ്ടതരമാണ്.

രണ്ടാമതായി ഞങ്ങൾക്കു പറവാനുള്ളതു് ഈയിടെ എം. ബി. സി. എം. പരീക്ഷയിൽ പാസ്സായ ഡാക്ടർ പല്പു ഇവിടത്തെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ഒരു ജോലിക്കു് അപേക്ഷിച്ചിരുന്നതിനു് അദ്ദേഹത്തിനു് കിട്ടിയ മറുപടിയെക്കുറിച്ചാകുന്നു. ഡാക്ടർ പല്പുവിനു കിട്ടിയ മറുപടി മിസ്റ്റർ രാമനു കിട്ടിയതിനേക്കാൾ രസകരമാണ്. മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ തൽക്കാലം ഒഴിവില്ലെന്നു മാത്രമല്ല അടുത്ത ഭാവിയിൽ ഉണ്ടാകാനിടയില്ലെന്നും കൂടി വളരെ കരുതലോടുകൂടിയ എൻഡോഴ്സ്മെൻറിൽ പറഞ്ഞിരിക്കുന്നു. സ്വദേശ ഗവർമ്മെൻറിൻെറ കീഴിൽ തൻെറ യോഗ്യതയ്ക്കു തക്കവണ്ണം ഒരു ഉദ്യോഗത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന ഒരാളെ ഭഗ്നാശയനാക്കാൻ ഇതിൽപരം കരുതലോടുകൂടിയ ഒരു മറുപടി ആവശ്യമില്ല. അടുത്ത ഭാവിയിൽകൂടി ഒഴിവുണ്ടാകാനിടയില്ലെന്നു പറഞ്ഞിരിക്കുന്നതു് ഉദ്യോഗത്തിനു മറുവല്ലനാട്ടിലും പൊയ്ക്കൊള്ളണമെന്നു പറയുന്നതിനോടു് ഏതാണ്ടു തുല്യമാകുന്നു. ഇതിനുമുൻപും തിരുവിതാംകൂർ ഗവർമ്മെൻറു മിസ്റ്റർ പല്പുവിനെ ഭഗ്നാശയനാക്കിയ വിവരം ഞങ്ങൾ അന്നു പറഞ്ഞിരുന്നുവല്ലൊ. സ്വദേശത്തു് ഒരു പണികിട്ടുമെന്നുണ്ടായിരുന്ന മിസ്റ്റർ പല്പുവിനെ എല്ലാ ആശകളോടും അന്ത്യമായി യാത്രപറഞ്ഞിട്ടു് അദ്ദേഹം തൻെറ യോഗ്യതകളെ കുറെക്കൂടി ബഹുമാനിക്കുവാനിടയുള്ള അന്യ ഗവർമ്മെൻറിൻെറ കീഴിൽ ഉദ്യോഗത്തിനു ശ്രമിക്കുന്നു എന്നും ഉടനെ തന്നെ തിരുവിതാംകൂറിനെ വിട്ടുന്നതാണെന്നും ഞങ്ങൾ അറിയുന്നു.

ഉദ്യോഗങ്ങൾക്കു ന്യായമായ യോഗ്യതകൾ സമ്പാദിച്ചിട്ടുള്ള ഈ രണ്ടു ഈഴവരോടും നമ്മുടെ ഗവർമ്മെൻറു കാണിച്ചിരിക്കുന്ന നയം എത്രയോ നിന്ദ്യമായിരിക്കുന്നു. ഉൽകൃഷ്ട വിദ്യാഭ്യാസം ചെയ്ത യോഗ്യത സമ്പാദിച്ചിട്ടുള്ളവരുടെ അഭാവംകൊണ്ടാണ് ഈഴവർക്കു് ഗവർമ്മെൻറു ഉദ്യോഗം കൊടുക്കുവാൻ മടിക്കുന്നതെന്നു സമാധാനം പറഞ്ഞിട്ടുള്ളകാലം കഴിഞ്ഞിട്ടു് അധികം ആയില്ല. ഗവർമ്മെൻറിൻെറ അനീതിയുടെ അടുത്തപടി സൃഷ്ടിച്ചിരിക്കുന്നതു മിസ്റ്റർ ആചാരിയാണ്. ഈപടി മുൻപത്തേതിനേക്കാൾ ദുർബലമാണെന്നു പ്രത്യക്ഷവുമാണല്ലൊ. മിസ്റ്റർ ഗോപാലാചാരിയുടെ ഈ സമാധാനം അദ്ദേഹത്തിനുതന്നെയും ലാഘവകരമാണെന്നു മനസ്സിലാക്കുവാൻ ആർക്കും പരാധീനമില്ല. അധികൃതന്മാർക്കു് ആവശ്യമെന്നുതോന്നുമ്പോൾ തിരുവിതാംകൂറിലെ ഉദ്യോഗങ്ങളുടെ എണ്ണവും വണ്ണവും കൂട്ടുകയും കുറയ്ക്കുകയും ചെയ്യാമെന്നുള്ളതിനു് എത്രയോ ദൃഷ്ടാന്തങ്ങൾ കഴിഞ്ഞ ഏതാനും കൊല്ലങ്ങളിൽ ഉണ്ടായിരിക്കുന്നു. ഉദ്യോഗത്തിനു് അപേക്ഷിക്കുന്ന ഈഴവർക്കു വല്ല ഗ്രൂപാർശയോ സേവയോ ഉണ്ടായിരിക്കുവാൻ ഇടയില്ല. അങ്ങിനെ ഉണ്ടായിരുന്നുവെങ്കിൽ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലോ ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറിലോ എത്ര ഒഴിവുകളും ഉണ്ടാകുന്നതിനു പ്രയാസമില്ലായിരുന്നു.

Digitized By Kerala Sahitya Akademi

എന്തായാലും ഇത്ര കരുതലോടുകൂടി മറുപടി കൊടുക്കുവാൻ ഇനിവരു ഭരണ കർത്താക്കന്മാർ തുനിയുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. സത്യവും നീതിയും ലോകത്തിൽ ജയിക്കാതെയിരിക്കുന്നതല്ല. ഉദ്യോഗത്തിനായി തിരുവിതാംകൂറിനെ വിടേണ്ടിവന്നിട്ടുള്ള ഈഴവർക്ക് അവരുടെ യോഗ്യതകൾക്കു തക്കവണ്ണം സിദ്ധിച്ചിട്ടുള്ള ബഹുമാനങ്ങളും കയറ്റങ്ങളും ഇവിടെ അവർക്കു പ്രതീക്ഷിക്കുവാൻ പാടില്ലായിരുന്നു. അവരുടെ അവസ്ഥ സ്വരാജ്യത്തേക്കു കൂടിയും അഭിമാനകരമാണ്. രാജഭക്തിക്കെന്നപോലെ ക്ഷമാശീലത്തിനും ഈഴവർ പ്രസിദ്ധന്മാരായിരിക്കുന്നതാണ്. ഈഴവസമുദായത്തെ പീഡിപ്പിക്കുന്ന അനീതിയാകുന്ന ധൂമകേതുവിന്റെ അസ്തമയം അധികം അകലെ അല്ലെന്നു പറവാൻ ലോകഗതിയിൽ ഉള്ള ഞങ്ങളുടെ വിശ്വാസം ഞങ്ങളെ നിർബന്ധിക്കുന്നു. നമ്മുടെ ഈഴവ സഹോദരങ്ങൾ തന്നിമിത്തം നിരാശയന്മാരാകേണ്ടതിനു കാരണമില്ല. നിരന്തരമായ പരിശ്രമവും ഈശ്വരാനുകൂല്യവുംകൊണ്ടു എല്ലാവും നേരേ വരുന്നതാണ്. നമ്മെ പുത്രനിർവിശേഷമായി കരുതേണ്ട നമ്മുടെ ഗവർമ്മെന്റു നമ്മോടു കാണിക്കുന്ന ഈ മാനുഷികമല്ലാത്ത ക്രൌര്യത്തേയോ നമ്മുടെ ന്യായമായ അവകാശങ്ങളെയോ കുറിച്ചു ഇവിടെ വിസ്തരിക്കേണ്ട ആവശ്യകതയില്ലല്ലോ. ''തനിക്കു താനേ തുണയായിരുന്നിട്ടും ജനത്തിനീശൻ തുണയായിരുന്നിട്ടും'' എന്നുള്ള ആപ്തവാക്യം തന്നെ ഈഴവസമുദായത്തിന്റെ മുദ്രാവാചകമായിരുന്നു അവർക്കു സന്തുഷ്ടിയേയും, അഭിവൃദ്ധിയേയും നൽകുമെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

വിവേ : 1083 ചിങ്ങം

കൊച്ചിയിലെ പോലീസ് സുപ്രണ്ടും ഈഴവരും

മഹാമനസ്കനും പരിഷ്കൃത ബുദ്ധിയുമായ കൊച്ചിയിലെ വലിയ തമ്പുരാൻ തിരുമനസ്സിലെ ഭരണവൈശിഷ്ട്യത്തെപ്പറ്റി ഈ പംക്തികളിൽ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. ലോകത്തുള്ള എല്ലാ പരിഷ്കൃത ഗവർമ്മെൻറുകളുടെയും എന്നപോലെ തന്റെ പ്രജാവിഭാഗങ്ങളിൽപെട്ട എല്ലാവർക്കും ജാതിമതഭേദംകൂടാതെ രാജ്യഭാരകാര്യങ്ങളിൽ പ്രവേശനം അനുവദിക്കണമെന്നുള്ളതാണ് വിശാലഹൃദയനായ ആ തിരുമേനിയുടേയും ഉദ്ദേശ്യം. കൊച്ചിയിലെ ഈഴവരിൽ ഇദംപ്രഥമമായി ബി. എ. പരീക്ഷയിൽ വിജയിയായ മിസ്റ്റർ ഈ. കെ. അയ്യാക്കുട്ടിയെ അവിടെ ഒരു മുൻസിഫായി നിയമിച്ചിരിക്കുന്ന വിവരം പ്രസിദ്ധമാണല്ലോ. അവിടെ മറ്റു പല ഡിപ്പാർട്ടുമെൻറുകളിലും ഇപ്പോൾ അനേകം ഈഴവർ ഉദ്യോഗസ്ഥന്മാരായി ഇരിക്കുന്നുണ്ട്. രാജ്യം ചെറുതാണെങ്കിലും നിഷ്പക്ഷപാതവും അനുകരണീയവുമായ ഭരണനയത്താൽ തിരുവിതാംകൂറിനെ അപേക്ഷിച്ചു കൊച്ചി വളരെ ഉയർന്ന ഒരു പദത്തെ പ്രാപിച്ചിട്ടുണ്ടെന്നാണു ഞങ്ങൾ വിശ്വസിച്ചു പോരുന്നതു്. എന്നാൽ ഞങ്ങളുടെ ഈ വിശ്വാസത്തിനും ഒരു പരിഷ്കൃത ഗവൺ

Digitized By Kerala Sahitya Akademi

മെന്റിന്റെ ഉദ്ദേശ്യത്തിനും വിപരീതമായ നിലയിൽ കൊച്ചിയിലെ പോലീസ് സൂപ്രണ്ട് മിസ്റ്റർ സുബ്ബറാവു ഒരു അപനയം പ്രവർത്തിച്ചതായി കാണുന്നതിൽ ഞങ്ങൾ അത്യന്തം അത്ഭുതപ്പെടുന്നു. അവിടത്തെ പുതിയ പോലീസു പരിഷ്കാരത്തോടുകൂടി ഏതാനും ആളുകളെ ആ ഡിപ്പാർട്ടുമെന്റിൽ പുത്തനായി നിയമിക്കേണ്ട ആവശ്യകത നേരിട്ടിരുന്നു. അക്കൂട്ടത്തിൽ അവിടത്തുകാരായ ഏതാനും ഈഴവരും കാൺസ്റ്റബിൾ ഉദ്യോഗത്തിനും മറ്റുമായി പോലീസ് സൂപ്രണ്ടിനോട് അപേക്ഷിക്കുകയുണ്ടായി. അതിനു സൂപ്രണ്ടുകൊടുത്ത മറുപടി ,, ഈഴവർക്കു് കാൺസ്റ്റബിൾ ഉദ്യോഗം കൊടുക്കാൻ പാടില്ല'' എന്നായിരുന്നു പോൽ. അസൂയാപരവശന്മാരും പ്രജാമർദ്ദകന്മാരുമായ തിരുവിതാംകൂറിലെ ചില ഡിപ്പാർട്ടുമെന്റു് മേലധികാരികളുടെ സാധാരണ ആലാപത്തിന്റെ ഒരു പ്രതിനിധിയോ എന്നുതോന്നുമാറു് മിസ്റ്റർ സുബ്ബറാവു പുറപ്പെടുവിച്ചിട്ടുള്ള ഈ കല്പന ഏറ്റവും ഗർഹ്യവും ആക്ഷേപാർഹവും ആയിരിക്കുന്നു. ഈ കല്പനകൊണ്ടു് അടങ്ങിയിരിക്കാതെ അവർ വീണ്ടും അപേക്ഷിച്ചതിൽ ,,തൽക്കാലം ഒഴിവില്ല'' എന്ന മറ്റൊരു രൂപത്തിലുള്ള മറുപടിയും കിട്ടിയിരിക്കുന്നു. ഇതും തിരുവിതാംകൂറിൽനിന്നു് പൊട്ടിത്തെറിച്ച ഒരു വിഷബീജമെന്നുതന്നെ തോന്നുന്നു. ഏതായാലും ആ ഉരുട്ടമിരട്ടംകൊണ്ടു മടങ്ങിക്കളയുന്ന കൂട്ടരല്ല പ്രസ്തുത ഹർജിക്കാരെന്നു് മിസ്റ്റർ സുബ്ബറാവു ഇനിയെങ്കിലും ഓർക്കേണ്ടതാകുന്നു. കൊച്ചി രാജ്യത്തിന്റെ തൽക്കാലാവസ്ഥയെ സംബന്ധിച്ചിടത്തോളം ഇപ്രകാരമുള്ള മുടന്തൻ ഒഴികഴിവുകളും ക്ഷന്തവ്യങ്ങളല്ലാത്ത പക്ഷപാതങ്ങളും അവിടെ ഒരു ആദരിക്കപ്പെടുമെന്നു വിചാരിക്കാൻ മാർഗ്ഗം കാണുന്നില്ല. തന്റെ പ്രശസ്തവും നിർമ്മലവുമായ രാജ്യഭരണത്തെ കളങ്കീകരിക്കുവാൻ ഉദ്യമിക്കുന്ന മരത്തലയന്മാരായ ഉദ്യോഗസ്ഥന്മാരെ വിശാലാശയനായ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഒരിക്കലും പ്രോത്സാഹിപ്പിക്കുന്നതല്ലെന്നു് ഞങ്ങൾക്കു നല്ലവണ്ണം അറിയാം. ഏതായാലും, ഹർജിക്കാർ തങ്ങൾക്കു് പോലീസ് സൂപ്രണ്ടു തന്ന മറുപടിയേയും തങ്ങളുടെ ന്യായമായ സങ്കടത്തേയും ദിവാൻ ബാനർജി അവർകളുടെ ശ്രദ്ധയ്ക്കു വിഷയമാക്കിയാൽ ഗംഭീരനായ അദ്ദേഹം അതിനുചിതമായ നിവൃത്തി ഉണ്ടാക്കിക്കൊടുക്കുമെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

വിവേ: 1083 തുലാം.

ഈഴവരും സർക്കാരുദ്യോഗവും

ഈഴവർക്കു മതഭേദം ചെയ്താൽ ഈ സംസ്ഥാനത്തുതന്നെ യാതൊരു സംശയവും കൂടാതെ ലഭിക്കുമെന്നുള്ള ഉദ്യോഗങ്ങൾ മതഭേദം ചെയ്യാതെതന്നെ യോഗ്യതാനുസരണം അവർക്കു ലഭിക്കണമെന്നുള്ള അവരുടെ അപേക്ഷ അതിമിതവും ന്യായവുമാണെന്നു സമ്മതിച്ചിട്ടുള്ള ഭരണകർത്താക്കന്മാർ പോലും എന്തോ സ്വാർത്ഥത്തെക്കരുതി ഉൽക്കൃഷ്ണസമുദായക്കാരുടെ വിരോധമുണ്ടാവു

Digitized By Kerala Sahitya Akademi

മെന്ന അധീരത്വം ഭാവിച്ചു് ഇതേവരെ ഓരോ ഒഴികഴിവുകളെക്കൊണ്ടു കഴിച്ചു വരികയായിരുന്ന ചെയ്തുവന്നതു്. എന്നാൽ ''ഗംഭീരാശയനും സമബുദ്ധിയും വിശാലഹൃദയനു''മായ ഇപ്പോഴത്തെ ''മന്ത്രിവരന്റെ ആവിർഭാവത്തോടുകൂടി'' ഈഴവർക്കു ന്യായമായി ലഭിക്കാൻ അവകാശമുള്ള ഉദ്യോഗങ്ങൾ അവർക്കു ലഭിക്കുന്നതിനു് അവരുടെ ജാതി ഒരു തടസ്സമായിത്തീരുന്നതല്ലെന്നു കണ്ടുതുടങ്ങിയിരിക്കുന്നതു വളരെ സന്തോഷകരം തന്നെ. തിരുവിതാംകൂറിനെപ്പോലെയോ അതിൽ കൂടുതലായോ ജാതിനിയമങ്ങൾ ഊർജ്ജിതമായി അനുഷ്ഠിച്ചുപോരുന്ന കൊച്ചി സംസ്ഥാനത്തിൽ ഈഴവർക്കു സർക്കാരുദ്യോഗത്തിൽ ഇടം പ്രഥമമായി പ്രവേശം നൽകിയതു് രാജഗോപാലാചാര്യരവർകളാണല്ലോ. അയൽരാജ്യമായ കൊച്ചിയെ അനുകരിച്ചെങ്കിലും ഇവിടത്തെ മന്ത്രിവരന്മാർക്കു് ഇതിനുമുമ്പേ തന്നെ ചെയ്യാമായിരുന്ന ഈ കൃത്യം രാജഗോപാലാചാര്യരവർകൾക്കായി അവർ ഒഴിച്ചുവച്ചിരുന്നതല്ലയോ എന്നു തോന്നിപ്പോകും. തിരുവിതാംകൂർ മഹാരാജാക്കന്മാർ സ്വമതാഭിമാനം വേണ്ടുവോളം ഉള്ളവരും ധർമ്മൈക നിരതന്മാരുമായിരുന്നിട്ടും അന്യമതക്കാർക്കു നൽകിവരുന്ന സ്വാതന്ത്ര്യങ്ങളെപ്പോലും സ്വമതക്കാരായ സ്വപ്രജകളിൽ ഒരു വലിയ വിഭാഗത്തിനു നൽകാതെ അവരിൽ അനേകം പേർ ഈ ഒരു കാരണത്താൽമാത്രം അന്യമതം സ്വീകരിക്കാൻ ഇടവരുന്നതിനെക്കണ്ടു ഉദാസീനമായിരിക്കാൻ കാരണമെന്തെന്നു് ഒരു ശങ്ക പലർക്കും ഉണ്ടായിരുന്നിട്ടുള്ളതാണു്. ഇപ്പോഴത്തെ മഹാരാജാവു തിരുമനസ്സുകൊണ്ടു സ്വപ്രജകളിൽ അന്തേഅറുത്തുകാരനോടും ഇന്തേഅറുത്തുകാരനോടും ഒരുപോലെ വാത്സല്യമുള്ള ഒരു തിരുമേനിയാകയാൽ ഈ തിരുമനസ്സിലെ കാലത്തു് ഈഴവരുടെ സങ്കടങ്ങൾ പരിഹരിക്കപ്പെടുമെന്നു് അവർക്കും വളരെ ബലമായ പ്രതീക്ഷകൾ ഉണ്ടായിരുന്നു. അതിനാൽ അവർ സങ്കടം പറയാൻ പുറപ്പെട്ടു. തിരുമനസ്സുകൊണ്ടു സഹജമായ വാത്സല്യപുരസ്സരം അവരുടെ സങ്കടങ്ങൾക്കു ശരിയായ പരിഹാരം വരുത്തിക്കൊടുക്കാൻ തന്റെ മന്ത്രിവരന്മാരെ ഏൽപ്പിച്ചു. അവർ ''സമബുദ്ധികളോ വിശാലഹൃദയന്മാരോ'' അല്ലാതെയിരുന്നതുകൊണ്ടു് ''അവ പ്രാർത്ഥനാനുരൂപമായി ഫലിച്ചു കാണാതെ പോയതിൽ'' രാജകുടുംബത്തിൽ ഉള്ളവർക്കുപോലും ''ഇച്ഭാഭംഗം'' ഉണ്ടായി. ഇങ്ങിനെയിരിക്കുമ്പോഴാണു് രാജഗോപാലചാര്യരവർകൾ ഇവിടത്തെ മന്ത്രിപദത്തെ പ്രാപിച്ചതു്. മഹാരാജാവു തിരുമനസ്സിലെ നിർദ്ദേശങ്ങളെ ഒരുത്തമസചിവൻ നിർവ്വഹിക്കേണ്ട വിധത്തിൽ അദ്ദേഹം നിർവ്വഹിച്ചു തുടങ്ങിയപ്പോൾ ഈഴവരുടെ സങ്കടങ്ങൾക്കു പ്രാർത്ഥനാനുരൂപമായ ഫലംതന്നെ കണ്ടുതുടങ്ങി. കൊച്ചിയിലും തിരുവിതാംകൂറിലും സംഖ്യകൊണ്ടു വളരെ പ്രാബല്യത്തിൽ ഇരിക്കുന്ന ഈഴവസമുദായത്തിന്റെ ഉൽഗതിക്കുള്ള ഈ ഒരു പ്രതിബന്ധത്തെ നീക്കിക്കൊടുത്ത മിസ്റ്റർ രാജഗോപാലാചാരിയുടെ നാമം ഈ സമുദായം എന്നും കൃതജ്ഞതയോടെ സ്മരിക്കുന്നതാണു്.

വിവേ: 1083 മേടം, ഇടവം

Digitized By Kerala Sahitya Akademi

തിരുവിതാംകൂർ ഗവർമ്മെൻറും ഈഴവരുടെ വിദ്യാഭ്യാസവും

ഞങ്ങൾ ഈ ലക്കം 156–ാമത്തെ പേജിൽ തർജ്ജിമ ചെയ്തു ചേർത്തിട്ടുള്ള ഗവർമ്മെൻറ് പ്രൊസീഡിംഗ്സ് വായനക്കാരുടെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. രാജഗോപാലാചാരി അവർകളുടെ ഭരണനയത്തെപ്പറ്റി ഞങ്ങൾക്കുണ്ടായിരുന്ന ആശംസയും വിശ്വാസവും ഒരിക്കലും അസ്ഥാനത്തിലല്ലെന്നുള്ളതിനു് അതു ധൈര്യപ്രദമായ ഒരു ദൃഷ്ടാന്തമാകുന്നു. ഈഴവരുടെ ആൺകുട്ടികൾക്കു് ഇപ്പോൾ പ്രവേശം ലഭിച്ചിട്ടില്ലാത്ത സ്കൂളുകളെ സംബന്ധിച്ചു് ഗവർമ്മെൻറു ചെയ്യുന്ന കരുണാപൂർവമായ അന്വേഷണങ്ങളേയും നടത്തുന്ന നടപടികളേയും അവയിൽ പാട്ടുള്ളിടത്തോളം പ്രദർശിപ്പിക്കുന്ന ശീഘ്രതയേയും ഞങ്ങൾ കൃതജ്ഞതാപൂർവം അഭിനന്ദിച്ചുകൊള്ളുന്നു. ഈ 1085–ാമത്തെ കൊല്ലവർഷം അവസാനിക്കുന്നതിനുമുൻപിൽ ഈഴവ ബാലന്മാരുടെ സ്കൂൾപ്രവേശസംബന്ധമായ സങ്കടങ്ങൾക്കു് അശേഷം നിവൃത്തി ഉണ്ടാകുമെന്നു് ഗവർമ്മെൻറു് വിശ്വസിക്കുന്നതായി പ്രൊസീഡിംഗ്സിൽ നിന്നറിയുന്നതിൽ ചരിതാർത്ഥത ഭാവിക്കുകയും ആ അവധിയെ ശ്രേയോവഹമായ ഒരു പുതിയ കാലാരംഭത്തെപ്പോലെ ഞങ്ങൾ തൃഷ്ണയോടെ കാത്തിരിക്കയും ചെയ്യുന്നു.

ഇനി ഈ വിഷയത്തിൽ ഈഴവർക്കുള്ളതും ഇപ്പോൾത്തന്നെ ഗവർമ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ടിട്ടുള്ളതുമായ സങ്കടം അവരുടെ പെൺകുട്ടികളെ സ്കൂൾ പ്രവേശത്തേയും മറ്റു വിദ്യാഭ്യാസ സംബന്ധമായ പ്രോത്സാഹനത്തേയും പറ്റിയുള്ളതാണു്. ഇതിനു് ഇതുവരെ ഗവർമ്മെൻറിൽ നിന്നു് അവർക്കു് ഉത്സാഹപ്രദമോ തൃപ്തികരമോ ആയ യാതൊരു വ്യവസ്ഥയും ചെയ്തിട്ടുള്ളതായി അറിയുന്നില്ല. എങ്കിലും കേമനായ രാജഗോപാലാചാരി അവർകളുടെ വിസ്മയകരമാംവണ്ണം അഗാധമായ കൃത്യബോധത്തിലും, പക്ഷപാതരഹിതമായ നയത്തിലും, ഭരണ സാമർത്ഥ്യത്തിലുമുള്ള ദൃഢവിശ്വാസം കൊണ്ടു് അവർ നിരാശപ്പെടുന്നില്ല. ആൺകുട്ടികൾക്കെന്നപോലെതന്നെ പെൺകുട്ടികൾക്കും വിദ്യാഭ്യാസ സംബന്ധമായി പൂർണ്ണ സൗകര്യവും സ്വാതന്ത്ര്യവും ലഭിപ്പാൻ പോകുന്ന ഒരു ദിവസം ഇതുപോലെ അടുത്തഭാവിയിൽ തന്നെ അദ്ദേഹം പ്രസിദ്ധപ്പെടുത്തുമെന്നും അന്നു് വലയിൽ നിന്നു മോചിച്ച കിളികളെപ്പോലെ അനേകലക്ഷം ഈഴവ ബാലികമാർ ആനന്ദഭരിതരായി ഈ മഹാത്മാവിന്റെ പേരിനെ ഉപശ്ലോകനം ചെയ്യുന്ന മധുര ഗീതങ്ങളാൽ തിരുവിതാംകൂർ വായുമണ്ഡലം മുഴുവൻ ശബ്ദായമാനമാകുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഇതിനിടയിൽ ആ വിഷയത്തിൽ എന്തു പ്രവർത്തിക്കണമെന്നും എങ്ങിനെ പ്രവർത്തിക്കണമെന്നും മറ്റുമുള്ള വിവരങ്ങളെ അതാതു സ്ഥലങ്ങളിലെ സ്ഥിതിയേയും ആവശ്യത്തേയും അനുസരിച്ചു ന്യായമായി ഗവർമ്മെൻറിനെ അപ്പോഴപ്പോൾ തെര്യപ്പെടുത്തിക്കൊണ്ടിരിക്കേണ്ടതു് യോഗത്തിന്റേയും സമുദായത്തിൽ കാര്യബോധമുള്ള എല്ലാവരുടേയും ചുമതലയാകുന്നു വിദ്യാഭ്യാസ വിഷയത്തിൽ ഗവർമ്മെൻറിന്റെ സഹായത്തെ പാട്ട

Digitized By Kerala Sahitya Akademi

ള്ളതിലധികം പ്രതീക്ഷിക്കുകയോ തങ്ങളുടെ ചുമതലയെ ഗവർമ്മെൻറിൻെറ ചുമതലയായി കരുതി സ്വജനങ്ങൾ അലസരായിരിക്കുകയോ ചെയ്യുയില്ലെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

വിവേ : 1085 കന്നി

ഗവർമ്മെൻറിൻെറ ദൌർബല്യവും പ്രജകളുടെ തോന്ന്യാസവും

മനുഷ്യൻെറ തിരിച്ചറിവിനു് പൂർണ്ണത വരുന്നതല്ലെന്നുള്ളതു നിർച്ചയാകയാൽ ഒരാൾ എത്രതന്നെ യോഗ്യനായാലും അയാൾക്കും അബദ്ധങ്ങൾ പറ്റാമെന്നുള്ളതു നിരാക്ഷേപമാണല്ലോ. ദിവാൻ രാജഗോപാലാചാരി അവർകളുടെ പക്ഷപാത രഹിതമായ നിലയേയും, ബുദ്ധിയുടെ ആഴത്തേയും, സാമാന്യമായ ഭരണ സാമർത്ഥ്യത്തേയും, ധൈര്യത്തേയും, ഒരു ഭരണതന്ത്രജ്ഞനു് അവശ്യം വേണ്ടതായ മറ്റു് അനേക വിശിഷ്ട ഗുണങ്ങളേയും പറഞ്ഞു പ്രശംസിക്കാത്തവർ തിരുവിതാംകൂറിലെ പ്രജകളിൽ വളരെ ചുരുക്കമാണു്. ഞങ്ങൾ വിശേഷിച്ചും അദ്ദേഹത്തിൻെറ ഗുണങ്ങളെ വളരെ കൃതജ്ഞതയോടുകൂടി അഭിനന്ദിക്കുന്നവരത്രേ. എന്നാൽ കഴിഞ്ഞ പ്രജാസഭയിൽ യോഗം പ്രതിനിധി ഈഴവബാലികമാരുടെ സ്കൂൾപ്രവേശനത്തെപ്പറ്റി കൊണ്ടുചെന്ന സങ്കടങ്ങൾക്കു് അദ്ദേഹം പറഞ്ഞ കോളിൽ കൊള്ളാത്ത മറുപടികൾ അദ്ദേഹത്തിൻെറ നിലയ്ക്കു് അടുത്തതല്ലായിരുന്നു എന്നു് ഞങ്ങൾ ഇതിനുമുമ്പുതന്നെ പ്രസ്താവിച്ചിട്ടുള്ളതാണു്. ദക്ഷിണ തിരുവിതാംകൂറിലുള്ള പല സ്കൂളുകളിലും നായർ ബാലികമാരോടൊന്നിച്ചിരുന്നു് ഈഴവപ്പെൺകുട്ടികൾ നിർബാധം പഠിച്ചു വരുന്നതായി പ്രതിനിധി പല ദൃഷ്ടാന്തങ്ങളും ചൂണ്ടിക്കാണിച്ചിരുന്നു. എന്നിട്ടും ദിവാൻജിയുടെ മറുപടി അതിനു തീരെ അനുകൂലമായിരുന്നില്ലെന്നു വ്യസനപൂർവം പറയേണ്ടിയിരിക്കുന്നു. നായന്മാർക്കു് ഈഴവരുടെ ഈ സങ്കടത്തിൽ അനുകമ്പയാണുള്ളതെന്നു് ആ സമുദായത്തിലെ യോഗ്യന്മാരുടെ നില കണ്ടിട്ടു് ഞങ്ങൾക്കു ബോദ്ധ്യമാണു്. വിശേഷിച്ചു, ഇപ്പോൾ ദക്ഷിണതിരുവിതാംകൂറിൽ മാത്രമല്ല, കൊല്ലം, കരുനാഗപ്പള്ളി, മാവേലിക്കര മുതലായി മദ്ധ്യതിരുവിതാംകൂറിലെ പല സ്ഥലങ്ങളിൽ പ്രതിനിധി പ്രസ്താവിച്ചപോലെ നായർ ഈഴവ ബാലികമാർ ഒന്നിച്ചിരുന്നു പഠിച്ചു വരുന്ന പല സ്കൂളുകളും ഞങ്ങളുടെ അറിവിൽ പെട്ടതായുണ്ടു്. അവരുടെ പെൺകുട്ടികളുടെ വിഷയത്തിൽ മാത്രം ഗവർമ്മെൻറു കാണിക്കുന്ന അകാലോചിതമായ ഈ സങ്കോചത്തെപ്പറ്റി ഞങ്ങൾക്കു വളരെ ആശാഭംഗം ഉണ്ടു്. ഗവർമ്മെൻറിൻെറ ഈ നില ഒരു ദൌർബല്യ സൂചകമാണു്. ഇതു് പ്രജകളിൽ അറിവില്ലാത്ത വർഗ്ഗക്കാരുടെ അസൂയാചാപല്യത്തേയും തോന്ന്യാസത്തേയും ബലാൽ വിളിച്ചു വരുത്തുകയും ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു. ആൺകുട്ടികളുടെ സ്കൂൾ പ്രവേശത്തെപ്പറ്റി ഗവർമ്മെൻറ് നിർബന്ധി

Digitized By Kerala Sahitya Akademi

ച്ചപ്പോഴും അതിനു ജന വിരോധം ഉണ്ടാകാതിരുന്നതു പോലെ മറിച്ചു പെൺകുട്ടികളുടെ സ്കൂൾ പ്രവേശദാനത്തിൽ ഗവർമ്മെൻറു സങ്കോചിക്കുന്നതുകണ്ടു് അർഹതയില്ലാത്തവർക്കുടിയും വിരോധം പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുന്നതായി ഞങ്ങൾ അറിയുന്നു. ഗവർമ്മെൻറിന്റെ ഈ ദൌർബല്യത്തിന്റെ ഫലമായി ചില ദിക്കുകളിൽ ക്രിസ്ത്യാനികൾ ഇപ്പോൾ ഈഴവപ്പെൺകുട്ടികളുടെ സ്കൂൾ പ്രവേശനത്തിൽ തടസ്സക്കാരായിരിക്കുന്നു എന്നുകൂടി ഞങ്ങൾ ലജ്ജാപൂർവം പറയേണ്ടി വന്നിരിക്കുന്നു. ഈ മാതിരി തടസ്സങ്ങളെ ഞങ്ങൾ ഗണ്യമാക്കിയിരുന്നില്ലെങ്കിലും കഴിഞ്ഞ ഒരു ദയനീയമായ സംഭവം ഈ വിഷയത്തിൽ ഞങ്ങൾക്കു വലിയ ആശങ്കയെ ജനിപ്പിച്ചിരിക്കുന്നു എന്നു പറയാതെ കഴികയില്ല. കാർത്തികപ്പള്ളി ഗവൺസ് സ്കൂളിൽ ഈഴവപ്പെൺകുട്ടികൾക്കു പ്രവേശനം നൽകാത്തതു് ക്രിസ്ത്യാനികളുടെ തടസ്സത്താലാണെന്നു് അറിയപ്പെട്ടിരുന്നു. എന്നാൽ ഈയിടെ ആ സ്കൂളിൽ ഒരു ഈഴവ മിസ്ട്രസ്സിനെ നിയമിക്കുകയും ക്രിസ്ത്യാനികളുടെ പ്രാതിഹർജിയെ അടിസ്ഥാനമാക്കി ആ നിയമനത്തെ ഗവർമ്മെൻറു പിൻവലിച്ചു് നിരപരാധിയായ ആ മിസ്ട്രസ്സിനെ ജോലി കൂടാതെ നിറുത്തുകയും ചെയ്തിരിക്കുന്നതായും ഞങ്ങൾക്കു് അറിവു കിട്ടിയിരിക്കുന്നു ആ സ്കൂളിൽ നായർ ബാലികമാർ പഠിക്കുന്നുണ്ടു്. അവർക്കു് പരാതി ഇല്ലത്രേ. ക്രിസ്ത്യാനികളുടെ പരാതി സ്കൂൾ ഇരിക്കുന്നതു് പള്ളിക്കു സമീപമാണെന്നും ഈഴവ മിസ്ട്രസ്സിന്റെ സാമീപ്യം പള്ളിയെ അശുദ്ധപ്പെടുത്തുന്നതാകയാൽ അവളെ മാററി പകരം ഉയർന്ന ജാതി ഹിന്ദുക്കളിലോ ക്രിസ്ത്യാനികളിലോ ഉള്ള ഒരു മിസ്ട്രസ്സിനെ നിയമിച്ചു കൊടുക്കണമെന്നും ആയിരുന്നുപോൽ ഈ ഹർജിയേക്കാൾ നേരുംപാക്കുള്ളതായിരുന്ന ഹർജിയെ അനുസരിച്ചുള്ള ഇൻസ്പെക്ടസ്സിന്റെ നടപടി. ഉയർന്നതരം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ക്രിസ്ത്യാനിയായ ആ ഇൻസ്പെക്ടസ് ഹർജിക്കാർക്കു് അനുകൂലമായി തീരുമാനിച്ചു് ആ സാധുവായ മിസ്ട്രസ്സിനെ കെട്ടിയ പന്തലിൽ താലിയറുത്ത മട്ടിൽ പിരിച്ചുവിടുകയാണത്രേ ഉണ്ടായതു്. ഈ നടപടിയിൽ അടങ്ങിയ ന്യായത്തെ കണ്ടുപിടിക്കാൻ ഞങ്ങൾ എത്രതന്നെ ശ്രമിച്ചിട്ടും കഴിയുന്നില്ല. കുറവനും, പറയനും എന്നു വേണ്ട മനുഷ്യാകൃതിയിലുള്ള ഏതു ജന്തുവിനും പ്രവേശ്യമായിരുന്നതും ആയിരിക്കേണ്ടതുമായ ക്രിസ്ത്യാനിപ്പള്ളികളുടെ സാമീപ്യം കൂടി ഇപ്പോൾ ഈഴവരുടെ സ്കൂൾ പ്രവേശനത്തിനു തടസ്സമായിരിക്കുന്നു. ഈ വൈരചാപല്യങ്ങൾക്കു് അവസരം നൽകുന്ന തിരുവിതാംകൂർ ഗവർമ്മെൻറിന്റെ ഭരണ ദൌർബല്യത്തെപ്പററി ഞങ്ങൾ ഏററവും അനുതപിക്കുകയും രാജഗോപാലാചര്യരുടെ കാലത്തു് ഇങ്ങനെ സംഭവിക്കുന്നതിനെപ്പററി വിശേഷിച്ചും ഞങ്ങൾ വിസ്മയിക്കുകയും ചെയ്യുന്നു. ഇനിയെങ്കിലും ഗവർമ്മെൻറു് ദയചെയ്തു ഈ വിഷയത്തിൽ ദൃഷ്ടിവയ്ക്കുകയും ഗവൺസ് സ്കൂളുകളുടെ വിഷയത്തിൽ ഈഴവർക്കു ന്യായമായ വ്യവസ്ഥ കഴിയുന്ന വേഗത്തിൽ ഏർപ്പെടുത്തി ഡിപ്പാർട്ടുമെൻറ് അധികാരികളുടെ ഐച്ഛികമായ ദുരധികാരത്തിൽ നിന്നു് അവക്കുള്ള സങ്കടങ്ങളെ പരിഹരിക്കയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

വിവേ. 1085 തുലാം

Digitized By Kerala Sahitya Akademi

കൊച്ചിഗവർമ്മെൻറിൻെറ സ്തുത്യർഹമായ നയം

തിരുവിതാംകൂറിൽ തീയർ വിദ്യാഭ്യാസ സംബന്ധമായും മറും ഗവർമ്മെൻറിനോട പരാതി പറകയും കഷ്ടത അനുഭവിക്കയും ചെയ്തുകൊണ്ടിരിക്കുമ്പോൾ അവരുടെ കൊച്ചിയിലെ സഹോദരങ്ങളുടെ സ്ഥിതി എന്താണെന്നറിയുന്നതു വായനക്കാർക്കു രസപ്രദമായിരിക്കും. കൊച്ചിയിൽ തീയർ സംഖ്യകൊണ്ടു് അവിടത്തെ ഒന്നാമത്തെ ഹിന്ദുവർഗ്ഗക്കാരാണു്. മറുള്ള സാമുദായിക സ്ഥിതിയിൽ അവർ തിരുവിതാംകൂറിലെ തീയരെക്കാൾ ഒന്നുകൊണ്ടും ഉയർന്നനിലയിലല്ല. അവർ തങ്ങളുടെ ഗുണത്തിനായി ഗവർമ്മെൻറു് എന്തെങ്കിലും ചെയ്തുകൊടുക്കണമെന്നു് അപേക്ഷിക്കുകയൊ പരാതി പറകയൊ ഒന്നും ചെയ്യാറില്ല. നേരുപറഞ്ഞാൽ അങ്ങനെ ചെയ്യുന്നതിനു വേണ്ടിടത്തോളം തന്നെ സമുദായശക്തി തിരുവിതാംകൂറിലെ തീയരെപ്പോലെ അവർക്കില്ലതാനും. എന്നാൽ പ്രജാവത്സലനായ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ നയം ''കരയുന്ന പിള്ളയ്ക്കു'' തന്നെയല്ല കരയാത്ത പിള്ളയ്ക്കും തൻെറ പിള്ളയെന്ന കാരുണ്യംകൊണ്ടു് ''പാലുകൊടുക്കണം'' എന്നാകുന്നു. അതുകൊണ്ടു തിരുവിതാംകൂറിൽ തീയർ എതു പ്രാർത്ഥിക്കുന്നുവോ കൊച്ചിയിൽ തീയർക്കു് അതു ബലാൽ ഗവർമ്മെൻറു കൊടുക്കുന്നു എന്നുപറഞ്ഞാൽ മതിയല്ലൊ.

സർക്കാരുദ്യോഗത്തിനായി തിരുവിതാംകൂറിൽ തീയർ വേണ്ടപരാതികളെല്ലാം പറഞ്ഞു വേണ്ട ഇളക്കമെല്ലാം ഉണ്ടാക്കി. കൊച്ചി ഗവർമ്മെൻറു തീയക്കു ഉദ്യോഗം വിളിച്ചുകൊടുത്തു. സ്കൂളിൽ പ്രവേശനത്തിനും ഫീസുകുറവു ചെയ്യുന്നതിനും മറുമായി തിരുവിതാംകൂറിൽ തീയർ ഇന്നും പരാതി പറഞ്ഞു ബുദ്ധിമുട്ടുന്നു. കൊച്ചിയിൽ തീയർക്കു സകല സ്കൂളുകളിലും കാളേജിൽകൂടിയും ഫീസ് ഒഴിവാക്കിക്കൊടുത്തു കഴിഞ്ഞിരിക്കുന്നു. തിരുവിതാംകൂറിൽ റവന്യൂഡിപ്പാർട്ടുമെൻറിൽ ഉദ്യോഗം ഈഴവർക്കു തടുക്കപ്പെട്ടിരിക്കുന്നു. കൊച്ചിയിൽ ഈഴവക്കും വാലന്മാർക്കും മാത്രമേ മേലാൽ പാവ്ത്യം പണി കൊടുക്കാവൂ എന്നു സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്നു. എന്തൊരുതാരതമ്യമാണു്! അധികവിവരത്തിനു ഞങ്ങൾ മറൊരു ടിക്കിൽ ചേർത്തിട്ടുള്ള കൊച്ചിലേഖകൻെറ ലേഖനത്തിലേക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു വിരമിക്കേണ്ടിയിരിക്കുന്നു. കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ ദയയേറിയ ഗവർമ്മെൻറിനേയും ദിവാൻ ബാനർജി അവർകളേയും ഈ കാലോചിതമായ പ്രവൃത്തികളെപ്പറ്റി എത്രതന്നെ സ്തുതിച്ചാലും അധികമാകുന്നതല്ല.

വിവേ. 1086 കന്നി

തിരുവിതാംകൂർ ഗവർമെമൻറു ദൃഷ്ടിവെപ്പാൻ

പബ്ലിക്കു് റോഡുകളിൽ എല്ലാം ജാതിക്കാർക്കും സഞ്ചരിക്കാമെന്നും അതിനു തടസ്സം ചെയ്യുന്നവരെപ്പറ്റി വിശേഷിച്ചും അങ്ങിനെ തടസ്സം ചെയ്യുന്ന

Digitized By Kerala Sahitya Akademi

വർ സർക്കാരുദ്യോഗസ്ഥന്മാരായിരുന്നാൽ) ഊർജ്ജിതമായി ഗൗനിക്കുന്നതാണെന്നും ഗവർമ്മെൻറിൽ നിന്നു ഗസറ്റിൽ പരസ്യം പ്രസിദ്ധപ്പെടുത്തിയതു് ഇന്നാളാണു്. അതിന്റെ ഫലമായി ഈ നാണിലും മറ്റും ഇപ്പോഴും പുലയർ മുതലായ താണജാതിക്കാർ നടറോഡിൽ കൂടി കൈയുമാട്ടി സഞ്ചരിക്കുന്ന സ്വാതന്ത്ര്യം കണ്ടാൽ വാസ്തവമായ ദേശാഭിമാനവും സമസൃഷ്ടിസ്നേഹവുമുള്ള ഏവന്റെ ഹൃദയത്തിലും ഒരു ആശ്വാസവും സുഖവും തോന്നും. ഇങ്ങനെയുള്ള സന്ദർഭങ്ങളിലാണു് വാസ്തവത്തിൽ രാജഗോപാലാചാരി അവർകളുടെ കാലോചിതമായ കൃത്യജ്ഞതയും സർവതോമുഖമായ ജനഹിതൈകതാനതയും നമുക്കു പ്രത്യക്ഷമാകുന്നതു്. എന്നാൽ ഗവർമ്മെൻറുത്തരവുകളെ നടപ്പിൽ കൊണ്ടുവരേണ്ട ഉദ്യോഗസ്ഥന്മാർ അനുഭാവമുള്ളരായിരുന്നില്ലെങ്കിൽ ഏതുത്തരവുകളും നിഷ്പ്രയോജനമായേതീരു എന്നുള്ളതിനു് ഒരു വിളഞ്ഞ ദൃഷ്ടാന്തം ഞങ്ങൾ മറെറാരിടത്തു ചേർത്തിരിക്കുന്ന (പേജു് 252) കോട്ടയം ഈഴവസമാജം സെക്രട്ടറിയുടെ കത്തിൽനിന്നു വായനക്കാർക്കു കാണാവുന്നതാണു്. അവിടെ മുൻസിഫു് കോടതിക്കു വടക്കുവശത്തുനിന്നു പടിഞ്ഞാറോട്ടേക്കുള്ള പബ്ലിക്കു് റോഡിൽക്കൂടി ഈഴവർ മുതലായ ജാതിക്കാർക്കു നടപ്പാൻ പാടില്ലെന്നു റോഡിന്റെ രണ്ടറ്റത്തും ഓരോപലക എഴുതിനിർത്തിയിരിക്കുന്നതു മാറിക്കൊടുക്കേണമെന്നു് ഈഴവർ ബോധിപ്പിച്ച ഹർജിക്കു ദിവാൻ പേഷ്കാർ ആ റോഡിൽക്കൂടി ഈഴവർക്കും മറ്റും സഞ്ചരിച്ചുകൂടെന്നു ഗവർമ്മെൻറിൽനിന്നു 1077 മീനം 21–ാം നു- തീർച്ചയാക്കിയിരിക്കുന്നതായി പഴയ റിക്കാർഡുകൾകൊണ്ടു കാണുന്നതിനാൽ അപേക്ഷ പ്രകാരം ചെയ്വാൻ പാടില്ലെന്നു് സ്ഥാപിച്ചു ഈ ധനു 21-ാം നു- മറുപടി കൊടുത്തിരിക്കുന്നു.

ഗസറിലെ ഗവർമ്മെൻറു പരസ്യത്തെ അടിസ്ഥാനമാക്കി പഴയ പലകയെ വകവയ്ക്കാതെതന്നെ ഈഴവർക്കു് ആ റോഡിൽ കൂടി നടക്കാമായിരുന്നു. അവരുടെ നിയമാനുസരണശീലംകൊണ്ടുള്ള ഒരു സങ്കോചമാണു് അവരെ അങ്ങിനെ ചെയ്വാൻ അനുവദിക്കാഞ്ഞതു്. ആ റോഡിൽ നിന്നു മുന്നൂറടിയകലെ ഇരിക്കുന്ന തിരുനക്കര ക്ഷേത്രമാണത്രെ ഈ തടസ്സത്തിന്റെ മൂലകാരണമായി സംശയിക്കപ്പെട്ടിരിക്കുന്നതു്. മൽസ്യമാംസങ്ങളെ ചുമന്നുകൊണ്ടുകൂടി ക്രിസ്ത്യാനികൾക്കും മഹമ്മദിയർക്കും ഗതാഗതം ചെയ്കയും ഈഴവരേക്കാൾ താഴ്ന്ന ജാതിക്കാർക്കുപോലും നടക്കുകയും ചെയ്യാമെന്നുള്ള ഒരു റോഡിൽക്കൂടി ഈഴവർക്കു പോകാൻ പാടില്ലെന്നു വരുന്നതു് അവരുടെ ആത്മാഭിമാനത്തെ ബാധിക്കുന്നതും ദുസ്സഹവുമായ ഒരു സങ്കടമാകുന്നു. രാമകൃഷ്ണയ്യരെപ്പോലെ വിദ്യാഭ്യാസം ചെയ്തിട്ടുള്ള ഒരു ദിവാൻ പേഷ്കാർ കാലത്തേയും പുതിയ ഗവർമ്മെൻറിന്റെ ഉത്തരവിനെത്തന്നെയും വകവയ്ക്കാതെ ഒരു ഇടുങ്ങിയ നോട്ടമുള്ളതു ഗവർമ്മെൻറിന്റെ ചീഞ്ഞുനാറിയ റിക്കാർഡുകളെ അവയുടെ ശവക്കല്ലറയിൽനിന്നു കുത്തിയിളക്കി വെളിയിലിട്ടു് ഈഴവരെ ദീക്ഷണിയാക്കുന്നതു ദയനീയമായിരിക്കുന്നു! ഗവർമ്മെൻറു ദയവുചെയ്തു് ഇതിൽ ദൃഷ്ടിവച്ചു് ഉടനെ സങ്കടനിവൃത്തി വരുത്തിക്കൊടുക്കേണമെന്നു ഞങ്ങൾ സബഹുമാനം അപേക്ഷിക്കുന്നു.

പിവേ : 1086 കം.ഇ.

Digitized By Kerala Sahitya Akademi

ഈഴവരും സർക്കാരുദ്യോഗവും

ഉൽകൃഷ്ട വിദ്യാഭ്യാസം ലഭിച്ച് ഉയർന്ന ഉദ്യോഗങ്ങൾക്ക് യോഗ്യതയുള്ളവരായിത്തീരുന്നതിനു വിദ്യാഭ്യാസ നിലയിൽ താഴ്ന്ന വർഗ്ഗക്കാരെ പ്രത്യേകം പ്രോത്സാഹിപ്പിക്കുന്ന പതിവു ബ്രിട്ടീഷ് ഇന്ത്യയിൽ സാധാരണമായി നടന്നുവരുന്നുവെന്നും, ഇപ്പോൾ ഈ രാജ്യത്തു സർക്കാരുദ്യോഗങ്ങളിൽ ഈഴവരെ പ്രവേശിപ്പിക്കുന്നതാണെന്നു് ഉത്തരവുണ്ടെങ്കിലും യഥാർത്ഥത്തിൽ അവരെ മിക്കവാറും എല്ലാ ഡിപ്പാർട്ടുമെൻറിൽനിന്നും ഒഴിച്ചുവരുന്നുവെന്നും വിദ്യാഭ്യാസയിലയിൽ ഉയർന്നവരായ ബ്രാഹ്മണർ, നായന്മാർ, ക്രിസ്ത്യാനികൾ മുതലായ ജാതിക്കാരിലും ഈഴവരിലും തുല്യമായ യോഗ്യതയുള്ള അപേക്ഷക്കാർ ഏതെങ്കിലുമൊരു ജോലിക്കു് ഉണ്ടായിരുന്നാൽ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കം നിൽക്കുന്നവരായ ഈഴവരെ ബ്രിട്ടീഷിലെ പതിവനുസരിച്ച് ഇവിടെയും ഉദ്യോഗത്തിനധികാരികാശികളായി പരിഗണിക്കേണ്ടതാണെന്നും മറ്റും കഴിഞ്ഞ ശ്രീമൂലം പ്രജാസഭയിൽ ശ്രീനാരായണ ധർമ്മപരിപാലനയോഗം പ്രതിനിധി പ്രസ്താവിക്കയുണ്ടായി. അതിനു ദിവാൻജി അവർകൾ ശരിയായ സമാധാനം യാതൊന്നും പറഞ്ഞതായി ഞങ്ങൾ ഓർക്കുന്നില്ല. ഇപ്പോൾ ഈഴവരിൽ എത്ര ഉദ്യോഗസ്ഥന്മാരുണ്ടെന്നും അന്യ ജാതിക്കാരിൽ എത്രയുണ്ടെന്നും മറ്റുമുള്ളതിനു ശരിയായ വിവരങ്ങൾ കിട്ടിയാലേ ഈവരുന്ന പ്രജാസഭയിൽ ഈഴവർക്കുള്ള സർക്കാരുദ്യോഗങ്ങളുടെ കുറവിനെപ്പറ്റി വീണ്ടും യുക്തിപൂർവം വാദിക്കാൻ സാധിക്കയുള്ളൂ.

1911 സെൻസസ് റിപ്പോർട്ടിലെ 'തൊഴിലുകൾ' എന്ന അദ്ധ്യായത്തിൽ നിന്നു സർക്കാരുദ്യോഗങ്ങൾ വഹിക്കുന്ന ജാതികളുടെ ഏറക്കുറെ ശരിയായ കണക്കു നമുക്കു അറിയാവുന്നതാണു്. ആകപ്പാടെ പട്ടാളത്തിലും പോലീസിലും മറെറല്ലാ വകുപ്പുകളിലുമായിട്ടു 13602 ഉദ്യോഗസ്ഥന്മാർ ഉള്ളതായി കാണുന്നു. അതിൽ നായന്മാർ പട്ടാളത്തിലും പോലീസിലുമായി 2763 പേരും, മറു ഡിപ്പാർട്ടുമെൻറുകളിൽ 3827 പേരും, രണ്ടിലുമായി ആ ജാതിയിൽ മാത്രം 6590 പേരും, ബ്രാഹ്മണരിൽ 2594 പേരും, ക്രിസ്ത്യാനികളിൽ 2887 പേരും ഉള്ളതായി കാണിച്ചിരിക്കുന്നു. ആകെ നൂറുദ്യോഗങ്ങളുണ്ടെങ്കിൽ അവയിൽ 41 നായന്മാർക്കും, 19 ബ്രാഹ്മണർക്കും, 29 ക്രിസ്ത്യാനികൾക്കും, ശേഷമുള്ള 11 മറു ജാതിക്കാർക്കും, ഈഴവർക്കു പൂജ്യവുമായിട്ടാണു് ഇപ്പോൾ ഗവർമ്മെൻറിൽനിന്നു കൊടുത്തുവരുന്നതെന്നു് ഈ കണക്കുകൊണ്ടുതന്നെ പ്രത്യക്ഷമാകുന്നുണ്ടു്. ഈഴവരിൽ ആകപ്പാടെ 120 പേരേ സർക്കാരുദ്യോഗത്തിലുള്ളൂ. ഈ 120-ം ആകെയുള്ള സർക്കാരുദ്യോഗങ്ങളിൽ വച്ചു 1000-ത്തിൽ 8 മാത്രമേ ആകുന്നുള്ളൂ. ഇതെത്ര പരിതാപകരമായ സ്ഥിതിയാണു്! ഈ രാജ്യത്തിൽ ജനസംഖ്യകൊണ്ടു ഹിന്തുക്കളിൽ വച്ചു വാസ്തവത്തിൽ ഒന്നാമതായ വിഭാഗവും, കൃഷി, കച്ചവടം, അനേകവിധ കൈത്തൊഴിലുകൾ ഇവകളിൽ സ്ത്രീപുരുഷന്മാർ ആബാലവൃദ്ധം അദ്ധ്വാനിച്ചു സർക്കാരിനു മറെറല്ലാ വർഗ്ഗക്കാരെക്കാളും മുതൽകൂട്ടുന്നവരും ആയ ഈഴവരുടെ അവകാശങ്ങളെ ഉദ്യോഗനിയമനത്തിൽ ഗവൺമെൻറു തീരെ വിസ്മരിച്ചുപോരുന്നതു് ഏതുവിധത്തിൽ നോക്കിയാലും നീതിയായി വരുന്നതല്ല. റവന്യൂ വകുപ്പിൽ ദേവസ്വം കാര്യങ്ങൾ കൂടി ഉള്ളതിനാൽ തൽക്കാലം ഈഴവരെ എടുക്കുന്നില്ല. എന്നാൽ ആവക ചടങ്ങുകൾ യാതൊന്നുമില്ലാത്ത ഇഞ്ചിനീയർ, സബ്ബായർ, എക്സൈസ്, പോലീസ്, കൃഷി,

Digitized By Kerala Sahitya Akademi

ജൂഡീഷ്യൽ, രജിസ്ട്രേഷൻ, ജയിൽ, മ്യൂസിയം, അഞ്ചൽ, പ്രസ്സ്, സാനിട്ടറി മുതലായ വകുപ്പുകളിൽ ഉദ്യോഗത്തിനു് എല്ലാ യോഗ്യതകളുമുള്ള അനേകായിരം ജനങ്ങളും ഈഴവരിൽ ഇപ്പോളുംതന്നെ ഉള്ളപ്പോൾ അവരെ വളരെ സ്വാതന്ത്ര്യമായി ഉദ്യോഗങ്ങളിൽ നിയമിക്കാത്തതിനു യാതൊരു സമാധാനവും നാം കാണുന്നില്ല. ഇനിയുള്ള ഉദ്യോഗങ്ങളിലെങ്കിലും ഈഴവരെ ധാരാളമായി നിയമിക്കേണ്ടതാണെന്നും, പ്രജാസഭയിൽ ഈഴവരെപ്പറ്റി ഉണ്ടായ ഉത്തരവുപോലെ സർക്കാരുദ്യോഗവിഷയത്തിലും ഏതെങ്കിലും ഒരു ന്യായമനുസരിച്ചു് എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഒഴിവുകളും ഉണ്ടാകുമ്പോളും അവയിൽ ഒരു ഗണ്യമായ ഭാഗം ഈഴവരെക്കൊണ്ടുതന്നെ നിർവ്വഹിക്കേണ്ടതാണെന്നു നിഷ്കർഷ ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്നും ഞങ്ങളും ഗവർമ്മെൻറിനെ ബഹുമാനപൂർവ്വം അറിയിച്ചുകൊള്ളുന്നു.

[വിവേ : 1088 ചിങ്ങം, കന്നി]

ഈഴവരും ഉദ്യോഗവും

മേലാൽ രാജ്യഭരണസംബന്ധമായ സംഗതികളിൽ ഈഴവരുടെ ആവശ്യങ്ങളേയും അവകാശങ്ങളേയും വകവയ്ക്കാതിരിപ്പാൻ അവരുടെ സംഖ്യയും സ്ഥിതിയും അനുവദിക്കുന്നതല്ലെന്നു ഗവർമ്മെൻറിനു് അറിയാമെന്നു ഞങ്ങളും വിശ്വസിക്കുന്നു. എന്നിരുന്നാലും ചില വകുപ്പുകളിൽ ഇവരിൽ യോഗ്യതയുള്ളവർക്കു ധാരാളം ഉദ്യോഗം കൊടുക്കുന്നതിലും മറുചില സാരമായ സംഗതികളിലും ഗവർമ്മെൻറു് ഇപ്പോഴും ജാതിവിചാരത്തെ മുൻനിർത്തി സങ്കോചിക്കയാണെന്നു കാണുന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. പോലീസിൽ ഇവരിൽ നിന്നു ധാരാളം കാൺസ്റ്റബിൾമാരെ എടുക്കുന്നതിനെപ്പറ്റി മിസ്റ്റർ കുമാരൻ ആശാൻ പ്രജാസഭയിൽ പറഞ്ഞപ്പോൾ ബ്രാഹ്മണർ മുതലായ വർഗ്ഗക്കാർക്കു് അതു് അസൗകര്യത്തിനു് ഇടയാകുമെന്നു ദിവാൻജി അവർകളും സൂചിപ്പിച്ചതു് ഇപ്പോളും ഞങ്ങളുടെ ഓർമ്മയിൽ വരുന്നു. ആ ആക്ഷേപത്തിനു മിസ്റ്റർ ആശാൻ മറുപടി അപ്പോൾതന്നെ അറിവിച്ചിരുന്നു എങ്കിലും ഗവർമ്മെൻറിനു് ഈമാതിരി ആശങ്കകളും ക്രമാധികമായിപ്പോകരുതെന്നുള്ള ഉദ്ദേശത്തോടുകൂടി അതിനെ സംബന്ധിച്ച രണ്ടുവാക്കു പറഞ്ഞുകൊള്ളുന്നു. തിരുവിതാംകൂറിലെ ആകെയുള്ള ജനസംഖ്യ 3428975 ആണു്. ഇതിൽ ബ്രാഹ്മണർ 55643 പേർ മാത്രമാകുന്നു. ഈ ചുരുക്കം ആളുകളുടെ മൂഢവിശ്വാസത്തെ പരിപാലിപ്പാൻ വേണ്ടി ശേഷമുള്ളവർ എല്ലാമോ അവരിൽ ഗണ്യമായ ഒരുഭാഗമോ തങ്ങളുടെ അവകാശങ്ങളേയും സ്വാതന്ത്ര്യത്തേയും മറന്നും ജീവിതത്തെ നിരുപയോഗമാക്കിയും കഴിഞ്ഞുകൊള്ളണമെന്നു വിവേകമുള്ള നമ്മുടെ ഗവർമ്മെൻറു വിചാരിക്കയില്ലല്ലോ! ഹിന്ദുക്കളിൽ പിന്നെ ഉയർന്നസ്ഥാനത്തിൽ നില്ക്കുന്നതു നായന്മാരാണു്. അവർക്കു് ഈ വർഗ്ഗക്കാരുടെ സ്വാതന്ത്ര്യാവകാശങ്ങളെ തടവാൻ ഒരിക്കലും തോന്നുകയില്ലെന്നാണു് ഞങ്ങളുടെ വിശ്വാസം. അവർ പരസ്യമായും സ്വകാര്യമായും പല അവസരങ്ങളിലും ഇവരുടെ രാജ്യകാര്യസംബ

Digitized By Kerala Sahitya Akademi

ന്ധമായ ഉത്തമേച്ഛയെ സഹായിക്കയും സഹോദരഭാവത്തേയും അനുകമ്പയേയും പ്രഖ്യാപനം ചെയ്കയും ചെയ്തിട്ടുള്ള സംഗതികളെ എടുത്തുപറയേണ്ട ആവശ്യകതയില്ല. ബ്രാഹ്മണർ തന്നെയും വലിയ വിദ്വാന്മാരും ഏറ്റവും പരിഷ്കൃതബുദ്ധികളുമായ അംഗങ്ങളെക്കൊണ്ട് നിറഞ്ഞ ഒരു സമുദായമാണ്. അവർക്ക് കാലോചിതമല്ലാത്ത ദുരാഗ്രഹങ്ങൾ ഉണ്ടായിരിക്കാമെന്നു ഗവർമ്മെൻറു ശങ്കിക്കുന്നതുതന്നെ ശരിയല്ലെന്നും അവരിൽ പൂർവ്വാചാരതല്പരരായ വല്ലവരുടേയും അഭിപ്രായം ആ വർഗ്ഗത്തിൻെറ ആകെയുള്ള അഭിപ്രായമായി കരുതാൻ പാടില്ലെന്നുമാണ് ഞങ്ങൾക്ക് തോന്നുന്നതു്. പക്ഷെ ബ്രാഹ്മണരും നായന്മാർ മുതലായും ഈഴവർക്ക് വിരോധികളാണെന്നു തന്നെ ഇരിക്കട്ടെ. എന്നാലും നായന്മാർ സംഖ്യയിൽ 592489 പേർ മാത്രമാണ്. ബ്രാഹ്മണർകൂടി ചേർന്നാൽ 648132 ആയി (ആറര ലക്ഷംഎന്നിരിക്കട്ടെ.) ശേഷം ഹിന്ദുക്കൾ, 546265 ഈഴവർ ഉൾപ്പെടെ 1666766 ആളുകൾ ഉണ്ട്. ഇവരോടു സാമുദായികമായി 19 ലക്ഷം ക്രിസ്ത്യാനികൾക്കോ രണ്ടരലക്ഷം മുഹമ്മദീയർക്കോ യാതൊരു സ്പർദ്ധയും വരാൻ തരമില്ലാത്തതാണ്. ഇങ്ങനെ ഇരുപത്തേഴരലക്ഷം ജനങ്ങൾക്ക് വിരോധമില്ലാത്തതും ന്യായവുമായ യാതൊരു പ്രവൃത്തിയിലും ആറരലക്ഷംപേരുടെ അഭിപ്രായഭേദത്തെപ്പറ്റിയ ദുശ്ശങ്കയെ ആസ്പദമാക്കി ഗവർമ്മെൻറു തൻെറ കൃത്യത്തെ അനുഷ്ഠിക്കാതിരുന്നതു് ഒരിക്കലും സാധുവായിരിക്കയില്ല. വിശേഷിച്ചു് ഈമാതിരി ശങ്കകളെ ഗൗനിച്ചിരിക്കുന്നു എങ്കിൽ ഗവർമ്മെൻറു് ഇപ്പോഴത്തെന്നെ ചെയ്തിരിക്കുന്നതും ഞങ്ങൾ നന്ദിപൂർവ്വം വിചാരിച്ചുവരുന്നതുമായ അനേകം സംഗതികളും ഈ വിഷയത്തിൽ ഗവർമ്മെൻറിനു ചെയ്വാൻ സാധിക്കയും ഇല്ലായിരുന്നു. അതുകൊണ്ടു ഗവർമ്മെൻറു് ഈ വിഷയത്തിൽ വീണ്ടും ദയാപൂർവ്വം ദൃഷ്ടിവച്ചു് ഈ വർഗ്ഗക്കാരുടെ സങ്കടത്തിനു നിവൃത്തി വരുത്തേണമെന്നു ഞങ്ങൾ സവിനയം അറിവിച്ചുകൊള്ളുന്നു.

വിവേ : 1088 കുംഭം, മീനം

തിരുവിതാംകൂർ ഗവർമെൻറിൻെറ ഇപ്പോഴത്തെ നയം

സർക്കാരുദ്യോഗ ദാനം, വിദ്യാഭ്യാസ സൗകര്യദാനം മുതലായ വിഷയങ്ങളിൽ ഗവർമ്മെൻറിൽനിന്നു ചെയ്യുന്ന ആനുകൂല്യത്തെയും സഹായത്തെയും സംബന്ധിച്ചാണ് ഈ അവസരത്തിൽ രണ്ടു വാക്കു പറയാൻ വിചാരിക്കുന്നതു്. ഉത്തമരീതിയിലുള്ള ഒരു ഗവർമ്മെൻറിൻെറ കീഴിൽ പ്രജകളിൽ എല്ലാവർഗ്ഗക്കാർക്കും ഒന്നു പോലെ ലഭിക്കേണ്ട മേൽപ്പറഞ്ഞ ഗുണങ്ങൾ അടുത്തകാലം വരെ ജാതിതടസ്സത്താൽ തിരുവിതാംകൂറിൽ എല്ലാവർക്കും അനുഭവിക്കുന്നതിനിടയാകാതെയാണ് ഇരുന്നിട്ടുള്ളതെന്ന വസ്തുത മറന്നു കൂടുന്നതല്ലല്ലോ. ഇതുനിമിത്തം ഒരു വലിയ ഭാഗം ജനങ്ങളുടെ ഇടയിൽ കലശലായ അതൃപ്തിയും സങ്കടവും ഉണ്ടായിരുന്നതും ഭരണനയത്തിൻെറ ശുദ്ധിയെ അതുബാധിച്ചുകൊണ്ടിരുന്നതും പ്രസിദ്ധ

Digitized By Kerala Sahitya Akademi

മാണ്. ഇങ്ങനെ സങ്കടക്കാരായി ഏറിയകാലം തള്ളപ്പെട്ടിരുന്ന ജനങ്ങളിൽ എല്ലാംകൊണ്ടും പ്രധാനമായതു് തിരുവിതാംകൂറിൽ തീയർ അല്ലെങ്കിൽ ഈഴവർ ആകുന്നു. അവർ തന്നെ സംസ്ഥാനത്തിലെ ആകെയുള്ള പ്രജകളിൽ അഞ്ചിൽ ഒന്നോളം ഉണ്ടു്. സംഖ്യകൊണ്ടും സ്ഥിതികൊണ്ടും അവരേക്കാൾ താണവരുടെ കഥ പറയേണ്ടതില്ലല്ലോ.

തീയർ സങ്കടം പറഞ്ഞുതുടങ്ങിയതു പരിഷ്കൃത ഭരണസമിതി ആരംഭിച്ചു വളരെക്കാലം ചെല്ലുന്നതിനു മുമ്പാണു്. സർ. ടി. മാധവരായരാണു്. മാതൃകാ സംസ്ഥാനം എന്നു് അഭിമാനകരമായ പേരു നമ്മുടെ നാട്ടിനുവരുത്തിയതു്. ആ കാലത്തും, അതായതു മഹാത്മാവായ വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു നാടുവാണിരുന്ന കാലത്തും, തന്നെ തീയർ സങ്കടം പറയാതിരുന്നിട്ടില്ല. അന്നു് അവരുടെ ശബ്ദം ഇത്ര ഉറക്കെ കേൾക്കപ്പെട്ടിരുന്നില്ല എന്നേ ഉള്ളു. രാമയ്യങ്കാർ ദിവാൻജിയുടെ കാലംമുതൽ ഇവർ ഉദ്യോഗ സംബന്ധമായ അപേക്ഷകളെ ശരിയായ വിധത്തിൽ തുടർന്നു കൊണ്ടിരുന്നു, ഭരണകർത്താക്കന്മാർ അവരെ ദയനീയമാംവണ്ണം നിരാശപ്പെടുത്തിക്കൊണ്ടുമിരുന്നു. 1891 ലെ ശ്രുതിപ്പെട്ട മലയാളി മെമ്മോറിയലിൽ ഇവർകൂടെ സങ്കടക്കാരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. അതിന്റെ മറുപടിയിൽ ഗവണ്മെൻറു് ഇവരെ അധികം നിരാശപ്പെടുത്തുകയാണുണ്ടായതു്. എന്നിട്ടും അവർ അടങ്ങിയിരുന്നില്ല. ഒടുവിൽ എല്ലാ സ്കൂളുകളിലും പ്രവേശവും യോഗ്യതയുള്ളവർക്കു ഗവർമ്മെൻറുദ്യോഗവും നൽകാൻ പ്രാർത്ഥിച്ചുകൊണ്ടു് ഇവരിൽ പതിമ്മൂവായിരത്തിൽപരം ആളുകൾചേർന്നു 1896.ൽ ഒരു പ്രത്യേക മെമ്മോറിയൽ തിരുമനസ്സിലേക്കു സമർപ്പിച്ചു. അതിനും തൃപ്തികരമായ മറുപടികിട്ടിയില്ലെന്നു മാത്രമല്ല മറുപടിയിൽ സമ്മതിച്ചിടത്തോളമുള്ള ആനുകൂല്യമെങ്കിലും ഗവർമ്മെൻറു പ്രവൃത്തിയിൽ കാണിച്ചുമില്ല.

ഒടുവിൽ വിശാല ഹൃദയനും 'ജനങ്ങളുടെ ദിവാൻജി' എന്ന പേരെടുത്ത യോഗ്യനുമായ വി. പി. മാധവറാവു അവർകളുടെ കാലം വന്നു. അന്നു സങ്കടങ്ങൾക്കു നിശ്ചയമായും പരിഹാരമുണ്ടാകുമെന്നു് അവർ ആശിച്ചു. എന്നാൽ അവരുടെ ഭാഗ്യദോഷത്താൽ എന്നു പറഞ്ഞാൽ മതി. അദ്ദേഹത്തിനും സങ്കടനിവാരണാർത്ഥം പറയത്തക്കവണ്ണം ഒന്നും ചെയ്വാൻ സാധിച്ചില്ല. അദ്ദേഹത്തിന്റെ ഭരണകാലം അത്ര പരിമിതവും കാര്യാന്തര ബാഹുല്യവുമായിരുന്നു. എന്നാൽ പ്രജാസഭ സ്ഥാപിക്കയും അതിൽ അവരുടെ സമുദായത്തിൽ നിന്നു കൂടി ആദ്യമേ ഏതാനും മെമ്പർമാരെ തിരഞ്ഞെടുക്കുകയും ചെയ്തതിൽ അന്തർഭവിച്ചിരിക്കുന്ന അനുഗ്രഹത്തിനു് അവർ അദ്ദേഹത്തോടു് എന്നേക്കും കൃതജ്ഞരാണു്.

1907–ൽ ആണു് നമ്മുടെ ഇപ്പോഴത്തെ ദിവാൻജി ഇവിടെ വന്നതു്. കൊച്ചിയിലെ മന്ത്രിപദത്തിലിരുന്നു് അസാമാന്യമായ ഖ്യാതി സമ്പാദിച്ച ഇദ്ദേഹത്തിന്റെ ആഗമനത്തെപ്പറ്റിയ ശ്രുതിതന്നെ ഈ വർഗ്ഗക്കാർക്കു പ്രത്യേകിച്ചു കർണ്ണോത്സവമായിരുന്നു. എന്നാൽ തിരുവിതാംകൂറിൽ ആകപ്പാടെയുള്ള നിലയും മനുഷ്യസ്വഭാവത്തിനു കാലത്താൽ സംഭവിക്കുമെന്നുള്ള മാറ്റത്തിന്റെ സംഭാവ്യതയും ഓർത്തുതു് അദ്ദേഹത്തിന്റെ ഭരണത്തെയും ഈ വർഗ്ഗക്കാരിൽ ചിലർ ആദ്യം ഇത്ര ആശാസ്യമായിരിക്കും എന്നു വിചാരിച്ചില്ലെന്നുവരാം. വാസ്തവയോഗ്യന്മാർ ഒരിക്കലും അവരുടെ യോഗ്യതയെ വിട്ടു ജീവിക്കാറില്ല. യോഗ്യ

Digitized By Kerala Sahitya Akademi

തയെ പ്രദർശിപ്പിക്കുന്നതിനുള്ള കാലദേശാവസ്ഥകളെ അവർ കാണും. അപ്പോൾ അവയെ പ്രദർശിപ്പിക്കുകയും ചെയ്യും. നമ്മുടെ ദിവാൻജി ഇവിടെ പ്രവേശിച്ച ഉടൻതന്നെ ഭരണത്തിൽ വരുത്തിയ ഗണ്യമായ പരിഷ്കാരം വിദ്യാഭ്യാസ വകുപ്പിനെ നവീകരിച്ചതാണ്. പുതിയ കോഡ് പാസ്സാക്കുമ്പോൾ പ്രജകളിൽ എല്ലാ വർഗ്ഗക്കാർക്കും ഗവർമ്മെൻറു സ്കൂളുകളും ഗവർമ്മെൻറു സഹായം ലഭിക്കുന്ന സ്കൂളുകളും ഒന്നുപോലെ പ്രവേശ്യമായിരിക്കണമെന്നുള്ള വികസ്വരനയത്തെ അദ്ദേഹം അശേഷം വിസ്മരിച്ചില്ല. പറയുന്നതെല്ലാം കഴിയുന്ന വേഗത്തിൽ നടപ്പിൽ കൊണ്ടുവരാൻ നിഷ്കർഷിക്കുന്നതും നടപ്പിൽകൊണ്ടു വന്ന ജനങ്ങൾക്കു അനുഭവമാക്കിക്കൊടുക്കുന്നതും രാജഗോപാലാചാരി അവർകളുടെ പ്രത്യേകസ്വഭാവ വിശേഷമായി വർണ്ണിക്കുന്നതിനും അദ്ദേഹത്തോടുള്ള ഈ ദീർഘ പരിചയത്താൽ ഞങ്ങൾ മടിക്കേണ്ടതില്ല. ഇദ്ദേഹം ഭരണം കയ്യാറ സമയത്തു സംസ്ഥാനത്തിൽ ഏതാനും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളും അപൂർവം ചില മലയാം പള്ളിക്കൂടങ്ങളും ഒഴിച്ചു സർക്കാർ വകയായി ആൺപെൺ പള്ളിക്കൂടങ്ങൾ എല്ലാം ഈഴവർ മുതൽ താഴോട്ടുള്ള ജാതിക്കാർക്കു പ്രവേശ്യങ്ങളായിരുന്നില്ല. ഈഴവർ വർഷംതോറും പ്രജാസഭയിൽ ഇതിനെപ്പറ്റി വാദിക്കുകയും രാജഗോപാലാചാരി അവർകൾ ആ വിഷയത്തിൽ സ്ഥിരമായ അനുകമ്പയോടും സ്വാഭാവികമായ ശ്രദ്ധാന്തിയോടും പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അതിൻറ ഫലമായി ഇപ്പോൾ സംസ്ഥാനത്തുള്ള വിദ്യാലയങ്ങളിൽ ഇവരുടെ ആൺകുട്ടികൾക്കു പ്രവേശമില്ലാത്തതായി ഏതെങ്കിലുമുണ്ടോ എന്നു ആലോചിച്ചു പറയേണ്ടി വന്നിരിക്കുന്നു. പെൺപള്ളിക്കൂടങ്ങളിൽ 13 എണ്ണം മാത്രമേ ഇനിയും ഇവക്കു് അപ്രവേശ്യമായുള്ള എന്നും അവയിലും പ്രവേശമാർഗ്ഗം ഉടനെ ഉണ്ടാക്കാൻ നോക്കുന്നതാണെന്നുമാണ് കഴിഞ്ഞ പ്രജാസഭയിൽ ദിവാൻജി ഇവരോടു പറഞ്ഞതു്. ഇവരുടെ പ്രവേശത്തോടു കൂടി ഗവർമ്മെൻറു് ഈ പരിഷ്കൃതനയം പുലയർവരെയുള്ള എല്ലാ ജാതിക്കാരുടേയും ഗ്രഹണത്തിന്നായി പ്രസരിപ്പിക്കുകയും സ്ത്രീ പ്രവേശന തടസ്സം ഇപ്പോൾ തിരുവിതാംകൂറിൽ മിക്കവാറും നാമാവശേഷമായിത്തീരുകയും ചെയ്തിരിക്കുന്നു. ഇങ്ങനെ ചെയ്യുന്നതിനു തൻറെ മുൻഗാമികളായ ദിവാൻജിമാരോ വിദ്യാഭ്യാസ മേലദ്ധ്യക്ഷൻമാരോ വിചാരിച്ചിരുന്നതുപോലെ രാജഗോപാലാചാരി അവർകൾക്കും അദ്ദേഹത്തിൻറെ വിദ്യാഭ്യാസകാര്യദർശിമാർക്കും സംസ്ഥാനം മുഴുവൻ കാസ്റ്റ്സ് സ്വരൂപംകൊണ്ടു നിറച്ചു വിദ്യാഭ്യാസ വകുപ്പിനെ കുഴക്കുകയും അതിൻറെ ഉദ്ദേശത്തെ മലിനമാക്കുകയും ചെയ്യേണ്ടി വന്നില്ല. ഒരു പരിഷ്കൃത രാജ്യമായ നമ്മുടെ നാട്ടിലെ വിശാലമായിരിക്കേണ്ട വിദ്യാഭ്യാസനയത്തെ ഇടുങ്ങിയ ജാതിക്കോട്ടയിൽ അടച്ചു ശ്വാസം മുട്ടിക്കുകയും ചെയ്യേണ്ടി വന്നില്ല. ഇതിൻറെ ഭാവിഫലം രാജ്യത്തിനു് എത്ര ആശാസ്യമായിരിക്കും എന്നു വിചാരിച്ചുനോക്കുവിൻ.

ഇതുകൊണ്ടു മാത്രമല്ല രാജഗോപലാചാരി അവർകൾ തൻറെ വാസ്തവ ഭരണതന്ത്രജ്ഞത വെളിപ്പെടുത്തീട്ടുള്ളതു്. പ്രജാസഭയുടെ നടത്തിപ്പിൽ അദ്ദേഹത്തിനുള്ള നിഷ്പക്ഷത നോക്കുക. പ്രജകളിൽ എല്ലാവർഗ്ഗക്കാരുടേയും പ്രാതിനിധ്യം സഭയ്ക്കു ശരിയായും സിദ്ധിക്കയും അതുകൊണ്ടു സഭയുടെ ഉദ്ദേശ്യം സഫലമാകുകയും ചെയ്യുന്നതിൽ അദ്ദേഹത്തിനുള്ള ഉൽകണ്ഠ നാം കണ്ടറിഞ്ഞിട്ടുള്ളതാണ്. സഭയുടെ നിബന്ധന നവീകരിച്ചതോടു കൂടി താലൂക്കുകളിലെ തിരഞ്ഞെടുപ്പു മത്സരത്തിൽ

Digitized By Kerala Sahitya Akademi

വിജയംനേടാൻ ആവശ്യമായ പ്രേരണാശക്തി കുറഞ്ഞ സമുദായങ്ങളോട് എത്ര അകൈതവമായ അനുകമ്പയും, ആ ന്യൂനതയെ പാടേയുള്ളതു പരിഹരിക്കുന്നതിൽ എത്ര താത്പര്യവും അദ്ദേഹം പ്രദർശിപ്പിച്ചിരിക്കുന്നു. ഈഴവർക്ക് അവരുടെ അപേക്ഷ അനുസരിച്ചു കൊല്ലം തോറും 6 പ്രതിനിധികളെ ഗവർമ്മെൻറിൽ നിന്നു നിശ്ചയിക്കുന്നതിനു വ്യവസ്ഥ ചെയ്തു കൊടുത്തതും പുലയർക്ക് അവരുടെ സമുദായത്തിൽ നിന്നു തന്നെ പ്രതിനിധികളെ അനുവദിച്ചതും ഈ വിഷയത്തിൽ സ്മരിക്കത്തക്ക സംഗതികളാകുന്നു. ഈ ഒടുവിൽ പറഞ്ഞ വഗ്ക്കാർക്കു കുടിപാർപ്പിനായി നെയ്യാറുംകര താലൂക്കിൽ വിളപ്പിൽ എന്ന സ്ഥലത്തു 600 ഏക്കർ സ്ഥലം തറവില കൂടാതെ പതിച്ചുകൊടുപ്പാൻ ചെയ്ത തീർച്ച നിശ്ചയമായും നമ്മുടെ ഇപ്പോഴത്തെ ഗവമ്മെൻറിന്റെ ഉദാരനയത്തിനു് ഒരു ഉത്തമ ദൃഷ്ടാന്തമത്രേ.

ഉദ്യോഗദാന വിഷയത്തിൽ തന്നെ നമ്മുടെ ഇപ്പോഴത്തെ നയം അനുകരണീയമായിത്തീർന്നിട്ടുണ്ടു്. തീയരിൽ യോഗ്യതയുള്ളവരെ പ്രത്യേകം വിചാരിച്ചു പോലീസ്, എക്സൈസ് മുതലായ വകുപ്പുകളിൽ അവരെ ധാരാളം പ്രവേശിപ്പാൻ ഗവർമ്മെൻറു ചെയ്യുന്ന നിഷ്കർഷം നാം അറിയുന്നുണ്ടല്ലോ. സർവകലാശാലവക ഉയർന്ന പരീക്ഷ ജയിച്ചിട്ടുള്ള തീയർക്കു തക്കതായ ഉദ്യോഗം നൽകുന്നതിൽ ഗവർമ്മെൻറു് എത്ര ജാഗരൂകമായിരിക്കുന്നു എന്നും നാം ദൃഷ്ടാന്തമുഖേന കാണുന്നുണ്ടല്ലോ. കരുണാനിധിയായ മഹാരാജാവു തിരുമനസ്സിലേക്കു് അവിടത്തെ പ്രജാ വിഭാഗത്തിൽ എല്ലാവഗ്ക്കാരും ഒന്നുപോലെ വാത്സല്യഭാജനമായിരിപ്പാനേ പാടുള്ളൂ. The king never errs-രാജാവു് ഒരിക്കലും അപരാധിയല്ല. രാജാക്കന്മാരുടെ മനോവൃത്തികളും പ്രജകളുടെ നേരേ പ്രവഹിക്കുന്നതു് മന്ത്രിമാർ മുഖേന ആകുന്നു. മന്ത്രിമാർ ഉത്തമന്മാരും യോഗ്യരുമായാൽ രാജാവിന്റെ ഗുണം മുഴുവൻ പ്രജകൾക്കു് അനുഭവിപ്പാൻ ഇടവരും, അല്ലെങ്കിൽ ഇടയാകയില്ല. തീയർ മുതലായ വഗ്ക്കാരോടുനമ്മുടെ തിരുമനസ്സിലേക്കു് ഇപ്പോഴുള്ള കാരുണ്യം തന്നെ എപ്പോഴും ഉണ്ടായിരുന്നിരിക്കും. എന്നാൽ അവർക്കു് അത്രമുഴുവൻ അനുഭവഗോചരമായിത്തുടങ്ങുന്നതു് ഇപ്പോഴാണു്. അതിനു് അവർ സർവോപരി നമ്മുടെ സമർത്ഥനും വിശാല ഹൃദയനുമായ ദിവാൻ രാജഗോപാലാചാരി അവർകളോടു് എപ്പോഴും നന്ദിയുള്ളവരാക്കേണ്ടതാകുന്നു.

''എന്നാൽ ഇതെല്ലാം കാലം കൊണ്ടുവരുന്ന മാറ്റങ്ങളാണു്. അതിൽ ആരെയും സ്തുതിപ്പാനോ കുറ്റം പറയാനോ ഇല്ല. ഈ കാലത്തു ശങ്കരസുബ്ബയ്യർ തന്നെ ദിവാൻ ആയിരുന്നു എങ്കിലും ഇങ്ങനെ എല്ലാം തന്നെ ചെയ്യുമായിരുന്നു.'' എന്നുപറയുന്ന പുരോഭാഗികളും ഉണ്ടാവാം. അവരോടു ഞങ്ങൾക്കു ഇത്രമാത്രമേ പറവാനുള്ളൂ: കാലത്തിനു മനസ്സും, ബുദ്ധിയോ, രാഗദ്വേഷങ്ങളോ, കരചരണാദികളോ ഒന്നുമില്ലെന്നു നമുക്കറിയാമല്ലോ. അതൊക്കെ നമുക്കാണുള്ളതു്. അതുകൊണ്ടു് ഇതെല്ലാംവെറും വാക്കുകളത്രേ. യോഗ്യൻ ഏതുകാലത്തും അവന്റെ യോഗ്യതപോലെ പ്രവർത്തിക്കും. അതിൽനിന്നുള്ള യശസ്സിനു് അവൻതന്നെ ആകുന്നു പാത്രമായിരിക്കുന്നതു്, സങ്കല്പമാത്ര വിഷയമായ കാലമല്ല. നേരേ മറിച്ചു കാലത്തെ നല്ലതാ ചീത്തയോ ആക്കാൻ അധികൃതനായ മനുഷ്യനുകഴിയും. ''രാജാകാലസ്യകാരണം''-രാജാവത്രേ കാലത്തെ സൃഷ്ടിക്കുന്നതു്.

വിവേ: 1088 മിഥുനം കർക്കടകം

Digitized By Kerala Sahitya Akademi

തിരുവിതാംകൂർ ഗവർമ്മെൻറും തീയരും

ഗവർമ്മെൻറിനോടു് ഈഴവർ സങ്കടം പറഞ്ഞു തുടങ്ങീട്ടു കാലം ഏറെയായി. പതിനായിരം മലയാളികൾ ഒപ്പിട്ടിരുന്ന 1891–ലെ കീർത്തിപ്പെട്ട മലയാളി ഹജ്ജിയിൽ കൂടി ചേർന്ന പരാതി പറഞ്ഞതിനു വളരെ മുമ്പുതന്നെ ഇവർ സാക്ഷാൽ സങ്കടക്കാരായിരുന്നു. റാവുബഹദൂർ പി. വേലായുധൻ അവർകളുടേയും അദ്ദേഹത്തിൻെറ അനുജൻ ഡാക്ടർ പല്പു അവർകളുടേയും ഉദ്യോഗാപേക്ഷയെ നിർദ്ദയം തിരസ്കരിച്ചതിനു് ഏറെ മുമ്പുതന്നെ ഗവൺമെൻറു് ഇവരോടു് അതുപോലെയോ അധികമോ അനുകമ്പയില്ലാത്തവണ്ണം പ്രവർത്തിച്ചിട്ടുണ്ടു്. മേൽപറഞ്ഞ യോഗ്യന്മാരുടെ അച്ഛൻ അദ്ദേഹത്തിൻെറ കാലത്തു് ഈഴവരിൽ എന്നു മാത്രമല്ല മലയാളികളിൽ ആകപ്പാടെ നോക്കിയാൽ ഇവിടെ ഇംഗ്ലീഷു് അറിയാവുന്ന അപൂർവം ചിലരിൽ ഒരാളായിരുന്നു. അദ്ദേഹം ആ കാലത്തു ഗവർമ്മെൻറു് ഏർപ്പെടുത്തി നടത്തിയ ഒരു വക്കീൽ പരീക്ഷയിൽ ചേരാൻ പണം അടച്ചു് അപേക്ഷിച്ചതിൽ അതുപോലും ഗവർമ്മെൻറു് ജാതി നിമിത്തം സമ്മതിച്ചില്ല. അതു് ആയില്യം, വിശാഖം തിരുമേനികളുടേയും സർ. ടി. മാധവരായർ അവർകളുടേയും കാലത്തുമായിരുന്നു. ഇതുകൊണ്ടു തിരുവിതാംകൂറിൽ ഈഴവർ സങ്കടം പറവാൻ ആരംഭിച്ചിട്ടു് ചുരുങ്ങിയാൽ ഒരു പുരുഷാന്തരമായി എന്നുവേണം പറവാൻ. മലയാളി മെമ്മോറിയൽ കാലത്തു നായന്മാർക്കുണ്ടായിരുന്ന സങ്കടം അവരിൽ യോഗ്യതയുള്ളവർക്കു് ഉയർന്നതരം ഉദ്യോഗങ്ങൾ മുമ്പിലത്തേപ്പോലെ കിട്ടിയിരുന്നില്ല എന്നുള്ളതാണു്. അവർക്കു് അന്നു നിശ്ചയമായും ആ സങ്കടം ഉണ്ടായിരുന്നതന്നേ. നാണുപിള്ള ദിവാൻജി അവർകൾ കഴിഞ്ഞതിൽ പിന്നെ ഇനിവേണം ഒരു നായർ ദിവാൻ ഉണ്ടാവാൻ എന്നുള്ള വസ്തുത വിചാരിച്ചാലും ആ ഹർജ്ജിക്കു ഹേതുഭൂതമായ സംഗതികളിൽ ചിലതൊക്കെ നമുക്കു് ഊഹിക്കാൻ കഴിയും. എന്നാൽ ആ മെമ്മോറിയലിൻെറ ഫലമായി പിൻകാലത്തു നായർ സമുദായത്തിനു പല ഗുണങ്ങളും ഉണ്ടായിട്ടുണ്ടു്. ഇന്നത്തെ അവരുടെ നില ആവക സങ്കടങ്ങൾക്കു് ഒന്നിനും കാരണമില്ലാത്ത ഒരു തൃപ്തികരമായ സ്ഥാനത്താണെന്നും പറയേണ്ടതില്ലല്ലോ.

ഈഴവരെ മലയാളി മെമ്മോറിയലിൽ വലിച്ചുകൊണ്ടു വച്ചതാണെന്നും അവക്കു സാക്ഷാൽ ഈ വക സങ്കടങ്ങൾ ഒന്നും സങ്കടങ്ങളായി തോന്നാൻ കാലമായിട്ടില്ലെന്നുമാണു് ഗവർമ്മെൻറു് അന്നു ഒഴികഴിവു പറഞ്ഞുതള്ളിയതു്. ഇതു അവരെ എത്രമാത്രം അധൈര്യപ്പെടുത്തുകയും നിരാശപ്പെടുത്തുകയും ചെയ്തു എന്നും അവരുടെ കാലോചിതമായ അഭിവൃദ്ധിയെ എത്ര നിഷ്ഠുരമായി തടഞ്ഞു എന്നതുള്ളതു് ഊഹിപ്പാൻ കഠിനമായ വ്യസനത്തോടുകൂടി അല്ലാതെ ചിന്തിപ്പാൻ കഴിയാത്ത സംഗതിയാണു്. അതിനു ശേഷം സംസ്ഥാനം അടക്കം ഉള്ള ഈഴവരിൽ പതിമ്മൂവായിരത്തിൽപ്പരം പേർ ഒപ്പിട്ട 1895–ൽ ഡാക്ടർ പല്പു അവർകൾ മുമ്പു നിന്നു പ്രത്യേകം ഒരു ഈഴവ ഹർജ്ജി തിരുമുമ്പാകെ സമർപ്പിക്കയും സ്ത്രീപ്രവേശനം, സർക്കാർ ഉദ്യോഗം ഈ വിഷയങ്ങളിൽ മതംമാറിയാൽ തങ്ങൾക്കു കിട്ടാമെന്നിരുന്ന അവകാശങ്ങളെ ആ ദയനീയവും അത്ഥശൂന്യവുമായ പരിവർത്തനം കൂടാതെ കിട്ടുവാൻ ദയചെയ്യ വ്യവസ്ഥ ഉണ്ടാക്കണമെന്നു പ്രാർത്ഥിക്കയും

Digitized By Kerala Sahitya Akademi

ചെയ്തു. ഹർജിയിൽ അടങ്ങിയ സങ്കടം എത്ര വലുതാണെന്നും പ്രാർത്ഥന എത്ര മിതമായിരുന്നു എന്നും പറയേണ്ടതില്ലല്ലോ. അതിനു മറുപടിയായി ചില പള്ളിക്കൂടങ്ങളിൽ ഒക്കെ ഈഴവരെ പ്രവേശിപ്പിക്കാമെന്നും ചില ഡിപ്പാർട്ടുമെന്റുകളിൽ ഇവരിൽ യോഗ്യത ഉള്ളവർക്ക് ഉദ്യോഗങ്ങളും കൊടുക്കാമെന്നും ഗവ ൺമെന്റു പറഞ്ഞു. അന്നു ശങ്കരസുബ്ബയ്യൻ അവർകളുടെ ഭരണകാലമായിരുന്നു. മറുപടി സങ്കടക്കാർക്ക് ഒട്ടും തൃപ്തികരമായിരുന്നില്ല. അതുപോട്ടെ, എന്നാൽ മറുപടിയിൽ ഏറെറിട്ടുണ്ടായിരുന്ന സംഗതികളും എങ്കിലും ചെയ്വാൻ ഗവർമ്മെൻറു നിഷ്കർഷിച്ചോ ? അതുമില്ല. ഇങ്ങിനെ അന്നു ഈഴവർ ബുദ്ധിമുട്ടി; നിരാശപ്പെട്ടു; നിലവിളി കൂട്ടി. നിലവിളിയുടെ താളവും സ്വരവും ഒക്കെ ശരിയായിരുന്നോ എന്നു ഇപ്പോൾ അന്വേഷിച്ചിട്ടു ആവശ്യമില്ല. എന്നതന്നെയല്ല അതു ഒരു നിലവിളിയായിരുന്നു അതിന്റെ ഫലമായി ഈഴവർക്കു ഇന്നിന്നതെല്ലാം ലഭിച്ചു എന്നു ചൂണ്ടിക്കാണിപ്പാൻ പ്രയാസമുണ്ടു. എങ്കിലും അതു നിഷ്ഫലമായിത്തീർന്നു എന്നു പറഞ്ഞുകൂടാ. ലോകത്തിൽ ഒരു ശ്രമവും അതിന്റെ ഉദ്ദിഷ്ടഫലത്തെ നൽകാതെ പോകാറുമില്ല വിശേഷിച്ചു സദുദ്ദേശ്യത്തോടു കൂടിയ ശ്രമങ്ങളും; അതിലും വിശേഷിച്ചു പ്രകൃതിദത്തമായ ആശംസകളെ പിന്തുടർന്നു അഭിവൃദ്ധി മാർഗ്ഗത്തിലേക്കു കയറിപ്പോവാനുള്ള ഒരു സമുദായത്തിന്റെ ഏകോപിച്ചുള്ള ശ്രമങ്ങളും ഒരിക്കലും വിഫലമായിപ്പോകുന്നതല്ല.

ടി. ഹർജിക്കുശേഷം ആറേഴുകൊല്ലം തിരുവിതാംകൂറിലെ തീയർ നിലവിളിക്കയും ചിലപ്പോൾ നിരാശപ്പെട്ടും ക്ഷീണിച്ചും കിടന്നുറങ്ങുകയും ചെയ്തു. 1902-മുതൽ അവർ ഉണരുകയും തങ്ങളുടെ ശ്രമങ്ങളെ വേറൊരു പ്രകാരത്തിൽ പിന്തുടരുകയും ചെയ്തു. അവർക്കു കുറെക്കൂടി അറിവും ഉത്സാഹവും ഉണ്ടായി. ''തനിക്കുതാനേ തുണയായിരുന്നിട്ടും ജനത്തിനീശൻ തുണയായിരുന്നിട്ടും'' എന്നു, അവർ നല്ലവണ്ണം മനസ്സിലാക്കി. അതിന്റെ ഫലമായി ശ്രീനാരായണ ധർമ്മപരിപാലനയോഗം സ്ഥാപിക്കുകയും സമുദായാഭിവൃദ്ധി സംബന്ധമായ എല്ലാ ശ്രമങ്ങളിലും അവർ ആ സംഘത്തെ മുൻനിറുത്തുകയും ചെയ്തു. അപ്പോൾ ഗവർമ്മെൻറു് അവരുടെ മേൽ മുമ്പിലത്തേക്കാൾ ശ്രദ്ധ പതിപ്പാൻ തുടങ്ങി.

ഈ അനുകൂലാവസ്ഥയെ പിന്തുടർന്നു വി. പി. മാധവരായർ അവർകൾ ഇവിടെ ദിവാൻ ഉദ്യോഗത്തിൽ വരികയും ശ്രീമൂലം പ്രജാസഭ സ്ഥാപിക്കയും അതു മാർഗ്ഗമായി പ്രജകളുടെ സങ്കടങ്ങളെ നേരിട്ടു കേൾക്കുന്നതിനുള്ള സൗകര്യങ്ങളും നൽകുകയും ഉണ്ടായി. ഈഴവർ നികൃതിയായും അല്ലാതെയും ഗവർമ്മെൻറിനു മുതലെടുപ്പു വർദ്ധിപ്പിക്കുന്ന വർഗ്ഗങ്ങളിൽ ഏറെറവും മുന്നണിയിൽ നിൽക്കുകയാലും സംസ്ഥാനത്തെ ആകെയുള്ള പ്രജകളിൽ ആറിലൊന്നിൽ കുറയാതെയുള്ള ഒരു വലിയ സമുദായമാകയാലും വിശാലഹൃദയനായ ആ ഭരണതന്ത്രജ്ഞന്റെ ദൃഷ്ടി അവരുടെ സങ്കടങ്ങളിൽ പതിഞ്ഞു. അദ്ദേഹം പ്രജാസഭയിൽ ആദ്യം മുതൽക്കേ തീയർക്കു പ്രതിനിധികളെ നിയമിച്ചുകൊടുത്തു. അവരുടെ യോഗത്തിനും ഒരു പ്രതിനിധിയെ അനുവദിച്ചു. ഇങ്ങിനെ അവർക്കു സങ്കടം പറവാൻ പൂർവാധികമായ സൗകര്യം ലഭിച്ചു. ഗവർമ്മെൻറിനു് അതിൽ ചെവികൊടുക്കേണ്ട ആവശ്യം നേരിടുകയും ചെയ്തു.

Digitized By Kerala Sahitya Akademi

പ്രജാസഭയിൽ ഈഴവപ്രതിനിധികൾ ആദ്യം മുതൽ അവരുടെ പഴയ ഹർജ്ജിയിലെ സ്കൂൾ പ്രവേശനം, ഗവർമ്മെന്റുദ്യോഗം എന്നീ 'പല്ലവി' തന്നെ 'വിസ്തരിച്ചു' പാടാൻ തുടങ്ങി. യോഗം പ്രതിനിധിയുടെ നിലയിൽ എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകൾ 3-ാമതു പ്രജാസഭായോഗത്തിൽ ഹാജരായിരുന്ന നാനാവർഗ്ഗക്കാരായ പ്രതിനിധികളിൽ എല്ലാവരും ഒപ്പിട്ടു ഈഴവരുടെ സ്കൂൾ പ്രവേശനത്തെപ്പറ്റി ഒരു പ്രത്യേക വിജ്ഞാപനം (Memorial) സമർപ്പിച്ചു. അതിൽനിന്നു പ്രജകളിൽ ഒരു വർഗ്ഗക്കാർക്കും ഈഴവരുടെ സ്കൂൾ പ്രവേശനത്തിൽ തടസ്സം ഒന്നുമില്ലെന്നു വെളിവായി.

പിന്നെ നമ്മുടെ ദിവാൻജിയായ രാജഗോപാലാചാരി അവർകളുടെ കാലമാണു്. ഈഴവരുടെ യോഗം അതിന്റെ പ്രവൃത്തികളെ മുടങ്ങാതെയും അധികമധികം ഉൽസാഹത്തോടുകൂടിയും ചെയ്തു കൊണ്ടിരുന്നു. പ്രജാസഭയിൽ അവരുടെ സങ്കടങ്ങളെ തുടർന്നു കൊണ്ടും അധികമധികം ഔർജിത്യത്തോടുകൂടിയും അവർ അറിവിച്ചു. യോഗത്തിന്റെ വ്യാപ്തിയും ശക്തിയും നാനാമുഖമായ അഭിവൃദ്ധിയും അവരുടെ ശബ്ദത്തിനു ഗൗരവം വർദ്ധിപ്പിച്ചു. അതിന്റെ ഫലമായി ഇപ്പോൾ അധികം സ്കൂളുകളിൽ പ്രവേശനവും ഏതാനും ചില ഉദ്യോഗങ്ങളും അവക്കുകിട്ടി വരുന്നുണ്ടു്. ഈഴവർക്കു പ്രവേശനമില്ലാത്ത സ്കൂളുകളുടെ സംഖ്യ വാസ്തവത്തിൽ ഇപ്പോഴും അധികമുണ്ടെങ്കിലും ഗവർമ്മെൻറുറിക്കാർഡുപ്രകാരം നോക്കിയാൽ കുറയും. എണ്ണത്തിൽ തീരെ ചുരുക്കമാണെങ്കിലും ഈഴവർക്കു ഉദ്യോഗം നൽകീട്ടില്ലാത്ത ഡിപ്പാർട്ടുമെൻറുകളും കുറയും. ഇപ്പോൾ ഇവരിൽ ഒരു മുൻസിഫും, ഒരു മജിസ്ട്രേട്ടും, ഒരു ഡാക്ടരും, ഒരു സബ് രജിസ്ട്രാരും, ഒരു ഡെപ്യൂട്ടി റെയിൻജരും, രണ്ടുമൂന്നു പോലീസ് സബ്ഇൻസ്പെക്ടർമാരും, രണ്ടുമൂന്നു് എക്സൈസ് ഇൻസ്പെക്ടർമാരും സബ് ഓവർസീയർമാരും, പല ഡിപ്പാർട്ടുമെൻറുകളിലായി ക്ലാർക്കുകളായും മറ്റും ചില താഴ്ന്നതരം ജീവനക്കാരുമുണ്ടു്. അതിനു വേണ്ടി അവർ ഗവർമ്മെൻറിനോടു കൃതജ്ഞരാണു്. എന്നാൽ ഇവരുടെ ഇന്നത്തെ നിലയെപ്പറ്റി സൂക്ഷിച്ചുനോക്കിയാൽ ഈ ഏറിയ കാലമായി പറയുന്ന സങ്കടത്തിനു് ഏതെങ്കിലും പ്രകാരത്തിൽ അനുരൂപമായ ഒരു നിവൃത്തി ഉണ്ടായിട്ടില്ലെന്നു നിശ്ചമായും അറിയാവുന്നതാണു്. അതിനെപ്പറ്റി വിവരമായി ഞങ്ങൾ വഴിയേ പ്രസ്താവിക്കും. എത്രയോ സ്കൂളുകളിൽ ഇപ്പോഴും ഇവരുടെ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രവേശമില്ല. ആയുർവേദപാഠശാലയിലും സംസ്കൃതപാഠശാലയിലും എത്രതന്നെ മുറവിളി കൂട്ടിയിട്ടും പ്രവേശനം അനുവദിക്കുന്നില്ല. പോലീസു് മുതലായ ഡിപ്പാർട്ടുമെൻറുകളിലും താഴ്ന്നതരം ഉദ്യോഗം നൽകുന്നതിൽ കാണിച്ചുവരുന്ന അമാന്തം തീരെ നീതീകരിക്കത്തക്ക നിലയിലല്ല. പ്രജാസഭയിൽ ഇവരിൽ പ്രതിനിധികളെ നിയമിക്കുന്ന സ്ഥിതി ഒട്ടും തൃപ്തികരമായിരിക്കുന്നില്ല. നിയമനിർമ്മാണസഭയിൽ ഇവരിൽ നിന്നു് ഒരു പ്രതിനിധിയെ ഇതുവരെ നിയമിച്ചിട്ടില്ല. പട്ടണപരിഷ്കരണ കമ്മെറ്റികളിൽ ഇവർക്കു് ആശിക്കത്തക്കവിധത്തിൽ പ്രവേശം ഉണ്ടാകുന്നില്ല. ഇവരുടെ വിവാഹം, ദായക്രമം ഇവയെ വ്യവസ്ഥപ്പെടുത്താൻ ഒരു നിയമം ഉണ്ടാക്കേണമെന്നു ഇവർ ആവശ്യപ്പെട്ടിട്ടും ഇതുവരെ ഗവർമ്മെൻറു് അതിനെപ്പറ്റി യാതൊന്നും അന്വേഷിച്ചിട്ടില്ല. ഈ മാതിരി അനേക കാരണങ്ങളാൽ ഈഴവർ വീണ്ടും

Digitized By Kerala Sahitya Akademi

ഏകോപിച്ചു തങ്ങളുടെ സങ്കടങ്ങളെ മഹാരാജാവു തിരുമനസ്സിലെ കരുണയേറിയ ദൃഷ്ടിയിൽ പെടുത്തുകൊണ്ടുവരികയോ മറ്റു പ്രകാരത്തിൽ ധരിപ്പിക്കയോ ചെയ്യുന്നതിനു് ഒരുദ്ദേശ്യകാലം അതിക്രമിച്ചിരിക്കുന്നു. അവർ ഏറിയകാലം കാത്തിരുന്നു. പറയത്തക്ക പ്രയോജനമുണ്ടായില്ല. വിശേഷിച്ചു വഴക്കു് ആരംഭിച്ച കാലത്തു അവരുടെ സംഖ്യ 387176 ആയിരുന്നു. ഇപ്പോഴം അതു വർദ്ധിച്ചു് 546265 ആയിരിക്കുന്നു അതായതു്. ഏകദേശം ഒന്നരപകുതിയോളം അധികമായിരിക്കുന്നു. അതുകൊണ്ടുതന്നെ അവരുടെ സങ്കടത്തിന്റെ വ്യാപ്തിയും ഞെരുക്കവും എത്ര വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു സ്പഷ്ടമാണു്. പ്രജകളുടെ സങ്കടങ്ങൾക്കു ശരിയായ നിവൃത്തിയുണ്ടാക്കേണ്ടതു് ഗവർമ്മെൻറിന്റെ മുഖ്യകർത്തവ്യമാകുന്നു. അതു് അവർ ചെയ്യുന്നില്ലെങ്കിൽ തന്നെയും സങ്കടക്കാർ സങ്കടം പറഞ്ഞുകൊണ്ടിരിക്കേണ്ടതു അവരുടെ മുറയാണു്. അതുകൊണ്ടു് ഈ വിഷയത്തിൽ സമുദായത്തിന്റെ മുഴുവൻ ശ്രദ്ധയെ ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. സഹോദരരേ! ''സംഗച്ഛദ്ധ്വം സംവദദ്ധ്വം'' ഒന്നിച്ചു കൂടുകയും ആലോചിക്കുകയും ചെയ്യുവിൻ!

വിവേ: 1089 ധനു, മകരം

കൊച്ചി രാജ്യഭരണം

ദിവാൻ മിസ്റ്റർ ബാനർജിയുടെ ആഗമനത്തോടുകൂടി കൊച്ചിയിലെ ഭരണത്തിനു പൊതുവെ ഉണ്ടായിരിക്കുന്ന ഒരു ഗതിവിശേഷം പ്രശംസനീയം തന്നെയാകുന്നു. മിസ്റ്റർ ബാനർജിയുടെ നിയമനത്തിൽ പ്രതികൂലാഭിപ്രായം പുറപ്പെടുവിച്ചിരുന്നവർ എല്ലാം ഇപ്പോഴം അദ്ദേഹത്തിന്റെ ഭരണത്തെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും ഉത്സാഹികളായിത്തീർന്നിരിക്കുന്നു. താൻ ഭരണം കയ്യേറ്റു ഏതാനും മാസങ്ങൾ കഴിയുന്നതിനു മുമ്പുതന്നെ മിസ്റ്റർ ബാനർജി അവിടത്തെ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഭേദഗതികൾ വരുത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ പര്യാലോചനയ്ക്കു വിഷയീഭവിക്കാത്തക്ക ഡിപ്പാർട്ടുമെൻറുകൾ ഇല്ല. മിസ്റ്റർ ബാനർജിയുടെ ഇതുവരെയുള്ള പ്രവൃത്തികളുടെ മുഖ്യമായ ഉദ്ദേശങ്ങളിൽ ഒന്നു് അനാവശ്യമായ ചിലവുകളെ കുറയ്ക്കുന്നും ന്യായമായ മാർഗ്ഗങ്ങൾ പ്രയോഗിച്ചു് വരുമാനത്തെ വർദ്ധിപ്പിക്കയും ചെയ്യുകയെന്നും തീവണ്ടിമൂലവും മറ്റും വന്നിട്ടുള്ള ഭാരമേറിയ ഗവർമ്മെൻറു കടങ്ങളെ കഴിയുന്നതും വേഗത്തിൽ തീർക്കണമെന്നും ആണെന്നും പ്രത്യക്ഷപ്പെടുന്നു. ഈ ഉദ്ദേശം സർവ്വത്ര ആദരണീയമത്രേ. കൊച്ചിയിലെ ഭരണനയത്തിനു വന്നിട്ടുള്ള വലുകായ ആക്ഷേപം പെട്ടെന്നു കടം വർദ്ധിപ്പിച്ചതാകുന്നു. ഈ കടങ്ങൾക്കു പലിശകൊടുക്കുന്നതിനുതന്നെ പ്രതിവർഷം ഒരു വലിയതുക നീക്കിവയ്ക്കേണ്ടിവരുന്നു. ഈ കടങ്ങളിൽ ഒരു ഗണ്യമായ ഭാഗം ഉടനെ തീർക്കുന്നതിനു മിസ്റ്റർ ബാനർജി തീർച്ചയാക്കിയിരിക്കുന്നതായി അറിയുന്നതിൽ അദ്ദേഹത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ ഉത്സാഹശീലതയും ന്യായനിഷ്ഠയോടുകൂടിയതുമായ ഭരണത്തിൽ കൊച്ചി രാജ്യവാസികളുടെ നാനാപ്രകാരേണയുള്ള അഭിവൃദ്ധിക്കും സന്തുഷ്ടിക്കും വിഘാതമുണ്ടാകുന്നതല്ല. കൊച്ചി

Digitized By Kerala Sahitya Akademi

രാജ്യഭരണം സമർത്ഥനും ന്യായബുദ്ധിയുമായ ഒരു നേതാവിന്റെ കൈയിൽ പെട്ടിരിക്കുന്നതിൽ പരമപ്രധാനമായ ഒരു ഭാഗ്യമാണ്. മിസ്റ്റർ ബാനർജി അദ്ദേഹത്തിന്റെ പ്രവൃത്തികളിൽ കാണിച്ചുപോരുന്ന നിഷ്പക്ഷതയും, കൃത്യനിഷ്ഠയും, ഈ ദേശങ്ങളിൽ അത്ര സാധാരണമല്ലാത്ത ഗുണങ്ങളാകുന്നു. ഇത്ര യോഗ്യനായ ഒരു ദിവാൻജിയെ തിരഞ്ഞെടുക്കുന്നതിൽ കൊച്ചിയിലെ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു പ്രദർശിപ്പിച്ചിട്ടുള്ള ബുദ്ധ്യൗചിത്യം അഭിനന്ദിക്കപ്പെടേണ്ടതത്രേ. മിസ്റ്റർ ബാനർജിയുടെ ഭരണത്തിൽ കണ്ടുവരുന്ന പ്രശസ്തമായ വിജയത്തിൽ ഞങ്ങൾ അദ്ദേഹത്തെ അനുമോദിക്കയും അതു് ഇപ്പോഴത്തേതിലും ഗുണപ്രദമായി അവസാനിക്കുന്നതിനു ഞങ്ങൾ ആശംസിക്കയും ചെയ്യുന്നു.

വിവേ: 1083 തുലാം.

തിരുവിതാംകൂറിന്റെ രാജ്യഭരണസംബന്ധമായ ഇന്നത്തെനില

ആറുസംവത്സരങ്ങൾക്കു മുമ്പിൽ ഇരുന്ന തിരുവിതാംകൂറോടു് ഇന്നത്തെ തിരുവിതാംകൂറിനെ ഒത്തുനോക്കിയാൽ നിഷ്പക്ഷപാതിയായ ഒരു നോട്ടക്കാരന്റെ ദൃഷ്ടിയിൽ വളരെ ഭേദംകാണും. ഭരണസംബന്ധമായി ഇതു പരിവർത്തനപ്പെട്ടിട്ടുള്ളതും അതിന്റെ ഫലമായി ജനങ്ങളുടെ സ്ഥിതിക്കു് ഗുണകരമായ മാറ്റം വന്നിട്ടുള്ളതും വിശേഷിച്ചു ഭരണയന്ത്രത്തിന്റെ അവയവങ്ങളെ എല്ലാം ദീർഘകാലം കാര്യക്ഷമമായിരിക്കത്തക്കവണ്ണം, ഉറപ്പിച്ചു് എണ്ണയിട്ടു, അഴുക്കുകളഞ്ഞു, ഇത്ര നവീകരിച്ചിട്ടുള്ളതുമായ ഒരു ഘട്ടം അടുത്തകഴിഞ്ഞ കാലത്തിൽ എങ്ങും, ഞങ്ങൾ കാണുന്നില്ല. വിദ്യാഭ്യാസം, പബ്ലിക്കു് വർക്കു് മുതലായ ഏറ്റവും ഉപയോഗമുള്ള തുറകളിൽ ചെലവു് അസാമാന്യമായി വർദ്ധിച്ചു. എങ്കിലും, പൊതുവിൽ മുതലെടുപ്പു, ബാക്കിയിരിപ്പു, അധികമായിട്ടേ ഉള്ളൂ. കൊല്ലത്തുനിന്നു തിരുവനന്തപുരത്തേക്കു തീവണ്ടിപ്പാതയുടെ പ്രാരംഭപ്പണികൾ ഇപ്പോൾ നടന്നുവരുന്നുണ്ടു്. ഊട്ടകം മിക്കവാറും നിർത്തൽ ചെയ്കയും അതുകൊണ്ടു ഗവൺമെന്റു പ്രജകളിൽ ഒരു വർഗ്ഗക്കാരോടും അനർഹമായ ദാക്ഷിണ്യം കാണിക്കുന്നില്ലെന്നുള്ള തത്ത്വം ധീരതയോടെ വെളിപ്പെടുത്തുകയും ചെയ്തു. ഇതുനിമിത്തം ഇനിമേൽക്കാലം പൊതുവിൽ ഗുണകരമായ സംഗതികളിലേക്കു് ഉപയോഗിപ്പാൻ ഗണ്യമായ ഒരു സംഖ്യ കൊല്ലംതോറും ഗവൺമെന്റിനു ലാഭം വന്നിട്ടുണ്ടു്. സാമുദായികമായ ചില സംഗതികളെയാണു് പ്രധാനമായി ഇവിടെ ചൂണ്ടികാണിപ്പാൻ വിചാരിക്കുന്നതു്. ആദ്യം ബ്രാഹ്മണരെത്തന്നെ എടുക്കാം. ഊട്ടുപുരയാശ്രയിച്ചു് അലസന്മാരായി നീചമായ വിധത്തിൽ കാലം കഴിച്ചുവന്ന ഒട്ടധികം ആളുകളെ ഗവൺമെന്റു് അവർക്കും രാജ്യത്തിനും ഗുണകരമാംവണ്ണം, തൊഴിലുചെയ്തു മാനമായി കാലം കഴിപ്പാൻ പ്രേരിപ്പിച്ചു. പിന്നെ ചരിത്രം, എത്താത്ത കാലം, മുതൽകെ മരുവക്കത്തായം ആശ്രയിച്ചു് അതിന്റെ നാനാപ്രകാരേണയുള്ള ദോഷങ്ങളാൽ ഏറ്റവും ബാധിതമായിരുന്ന നായർ സമുദായത്തെ ഒരു നിയമം ഉണ്ടാക്കി ആ [illegible] നിന്നുദ്ധരിച്ചു. ഇതുകൊണ്ടു് ഗവൺമെന്റു വിചാരി

Digitized By Kerala Sahitya Akademi

ച്ചാൽ ജനങ്ങൾക്കു ഗ്രഹണകരമായ ഏതുകാര്യവും എത്രതന്നെ മാമൂലിനു വിരോധമായിരുന്നാൽ കൂടിയും നടപ്പിൽവരുത്താൻ കഴിയുമെന്നുള്ള വസ്തുത നല്ലവണ്ണം വെളിവാക്കി. ക്രിസ്ത്യാനികളുടെ പിന്തുടർച്ചാവകാശത്തെപ്പറ്റി നിയമമുണ്ടാക്കാനുള്ള പ്രാരംഭകർമ്മങ്ങളും മിക്കവാറും കഴിച്ചിരിക്കുന്നു. ഇതിനാൽ മഹാരാജാവു തിരുമനസ്സിലേക്കു് അവിടത്തെ പ്രജകളിൽ ജാതിമതഭേദമെന്യേ എല്ലാവർഗ്ഗക്കാരിലും ഒന്നുപോലെ കാരുണ്യവും അവരുടെ ക്ഷേമത്തിൽ ഒന്നുപോലെ ഉൽക്കണ്ഠയും ഉണ്ടെന്നുള്ള പരമാർത്ഥം ബോദ്ധ്യമാക്കി. ഈഴവരിൽ യോഗ്യതയുള്ള ആളുകൾക്കു് ഉയർന്നതരം ഉദ്യോഗങ്ങൾ കൊടുത്തുതുടങ്ങി. അതുകൊണ്ടു ''പാരമ്പര്യ രാജ്യനയം'' എന്ന മന്ത്രം ഉന്മത്തപ്രലാപംപോലെ അർത്ഥശൂന്യമാണെന്നും ആ മന്ത്രത്തിന്റെ ദുഷ്ടാക്കളായ ദുഷ്ടികൾ തീരെ ദീർഘദർശികളല്ലെന്നും സ്ഥാപിച്ചു. മഹമ്മദീയർക്കു് ആലുവായിൽ ഒരു വിദ്യാലയത്തിനു ഗവൺമെന്റിൽ നിന്നു കുറേ സ്ഥലം കൊടുക്കുകയും അവരിൽ പലർക്കും യോഗ്യതയെ അതിശയിക്കുന്ന ഉയർന്നതരം ഉദ്യോഗങ്ങൾ കൊടുത്തും വിദ്യാലയങ്ങളിൽ ഫീസു കുറവുചെയ്തുകൊടുത്തും അവരെ വിശേഷാൽ പ്രോത്സാഹിപ്പിക്കയും ചെയ്തു. ഇതുകൊണ്ടു് ഒരു സമുദായം മറ്റു പ്രകാരത്തിൽ ആശാസ്യമായ ഒരു നിലയിൽ ഇരുന്നാൽകൂടിയും രാജ്യനീതി സംബന്ധമായി അതിനു കിട്ടേണ്ട അവകാശങ്ങളും ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും ചെയ്തുകൊടുക്കേണ്ടതു് നിഷ്പക്ഷപാതമായ ഗവൺമെന്റിന്റെ മുറയാണെന്നുള്ള സംഗതിവെളിവാക്കി. പുലയർക്കു പ്രത്യേകം പിനയ്യാറുങ്കര താലൂക്കിൽ 500 ഏക്കർ സ്ഥലം തറവില കൂടാതെ പതിച്ചുകൊടുപ്പാൻ തീർച്ചയാക്കുകയും, അവരുടെ കുട്ടികൾക്കു ഗവൺമെന്റു സ്കൂളുകളിൽ പ്രവേശം അനുവദിക്കയും ചെയ്തു. ഇതുകൊണ്ടു മഹാരാജാവു തിരുമനസ്സിലെ ഗവൺമെന്റിന്റെ ദൃഷ്ടിയിൽ ഈശ്വരന്റെ ദൃഷ്ടിയിൽ എന്ന പോലെ എളിയവനും വലിയവനുമില്ലെന്നും ഭരണീയന്മാരിൽ എല്ലാവരും ഭരണ കർത്താവിന്റെ ദയയ്ക്കും അന്വേഷണത്തിനും ഒന്നുപോലെ പാത്രമാണെന്നുമുള്ള മഹത്തായ ധർമ്മരഹസ്യം സ്പഷ്ടമാക്കി. പ്രജാസഭയുടെ പ്രവൃത്തികളിൽ പൂർവ്വാധികം ഔജിത്യമുണ്ടാക്കുകയും എല്ലാ വർഗ്ഗക്കാരുടേയും, പുലയർ, പറയർ മുതലായവർഗ്ഗക്കാരുടെപോലും, പ്രതിനിധികളും അതിൽ ഉണ്ടായിരിക്കണമെന്നു നിഷ്കർഷിക്കയും ചെയ്തു. നിയമനിർമ്മാണ സഭയിൽ അനുദ്യോഗസ്ഥ സാമാജികന്മാരെ തിരഞ്ഞെടുപ്പാനുള്ള അധികാരം പ്രജാസഭാപ്രതിനിധികൾക്കു നൽകി. നിയമനിർമ്മാണസഭയിൽ എല്ലാവർഗ്ഗക്കാരുടേയും പ്രാതിനിദ്ധ്യം ആവശ്യമാണെന്നുള്ള തത്ത്വം അംഗീകരിച്ചു തുടങ്ങി. പട്ടണപരിഷ്കരണക്കമ്മിറ്റികളെ വർദ്ധിപ്പിക്കുകയും അവയിൽ കഴിയുന്നത്ര എല്ലാ വർഗ്ഗത്തിൽ നിന്നും പ്രതിനിധികളെ നിയമിക്കയും ചെയ്തുതുടങ്ങി. ഈ സംഗതികളാൽ ഒക്കെ, മഹാരാജാവു തിരു മനസ്സിലെ ഗവൺമെന്റിനു രാജ്യത്തിലും, പ്രജകളിലും സർവ്വസ്വാതന്ത്ര്യവും ഉണ്ടെന്നിരുന്നാലും ആസ്വാതന്ത്ര്യത്തെ തിരുമനസ്സുകൊണ്ടു ജനഹിതത്തിനനുസരിച്ചുമാത്രമേ ഉപയോഗിക്കയുള്ളുവെന്നും, പ്രജകളുടെ ഭരണം അവരുടെ തലകൊണ്ടും കൈകൊണ്ടും അവർ തന്നെ നടത്തുന്നതിൽ താൻ ഒരു പ്രേരകശക്തി മാത്രമായിരിപ്പാനേ ആഗ്രഹിക്കുന്നുള്ളു എന്നും ഗവൺമെന്റു തന്നെ വിളിച്ചുപറഞ്ഞിരിക്കയും ഇപ്രകാരം ഉൽകൃഷ്ടമായ രാജ്യമീമാംസാ

Digitized By Kerala Sahitya Akademi

രഹസ്യം പൗരന്മാർക്ക വെളിപ്പെടുത്തി അവരുടെ ഉത്തരവാദബുദ്ധിയെ വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇവിടുപുറമേ ഉദ്യോഗസ്ഥന്മാരുടെയും ജനങ്ങളുടേയും ഇടയിൽ സ്ഥിതിചെയ്തിരുന്ന ദയനീയമായ സേവ്യസേവക ഭാവം മിക്കവാറും നീക്കി ആസ്ഥാനത്തിൽ പരിചയജന്യമായ സ്നേഹബന്ധമാനങ്ങൾ ഉറപ്പിച്ചു തുടങ്ങി. ഇതിന്റെ ഗുണഫലം ഇത്രമാത്രമെന്നു പരിച്ഛേദിപ്പാൻ പാടില്ലാത്തതാണു്. ഞങ്ങൾ ഈ എടുത്തു പറഞ്ഞിട്ടുള്ളതു് ചില പ്രത്യേക സംഗതികൾ മാത്രമാകുന്നു. ഡിപ്പാർട്ടുമെന്റു പ്രതിയുള്ള പരിഷ്കരണം, അഴിമതിക്കുറവു മുതലായ അതിന്റെ ഗുണഫലങ്ങൾ രാജ്യത്തിൽ പൊതുവേ അനുഭവയോഗ്യമായിരിക്കുന്ന സമാധാനവും അഭിവൃദ്ധിയും, ഇവയെ ഒക്കെപ്പറ്റി ഞങ്ങൾ വിശേഷിച്ചു പറയേണ്ട ആവശ്യകതയില്ല. ആറുകൊല്ലങ്ങൾക്കു മുമ്പു കണ്ട തിരുവിതാംകൂറല്ല നാമിന്നു കാണുന്നതെന്നു കാണിപ്പാൻ മേലു്പറഞ്ഞ ഏതാനും സംഗതികൾ തന്നെ മതിയാകുമെന്നു വിശ്വസിക്കുന്നു. പുരാതനമായ ഈ രാജ്യത്തിൽ അല്പകാലത്തിനുള്ളിൽ അദ്ഭുതകരമായ ഈ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ച ദിവാൻ രാജഗോപാലാചാരി അവർകളുടെ അസാധാരണ ഭരണതന്ത്രജ്ഞതയേയും, ജനക്ഷേമതൽപരതയേയും ധൈര്യത്തേയും സാമർത്ഥ്യത്തേയും പാടി എത്ര അഭിനന്ദിച്ചാൽ മതിയാകും.

അടുത്തഭാവി

തിരുവിതാംകൂറിന്റെ ഭരണം ഇങ്ങിനെ ആശാസ്യമായ ഒരു നിലയിൽ എത്തിയിരിക്കുകയാകുന്നു. വിദ്യാഭ്യാസം ദിനംപ്രതി വർദ്ധിച്ചുവരുന്നു. ഭാവിയിൽ ഇതിലധികം വർദ്ധിപ്പാനുള്ള ശ്രമങ്ങൾ സർവതോമുഖമായി നടന്നുകൊണ്ടിരിക്കുന്നു. സഞ്ചാരസൗകര്യങ്ങളും, വാഹനങ്ങളും, രാജ്യത്തിന്റെ ഉപേക്ഷിക്കപ്പെട്ടിരുന്ന മൂലകളിലും, മൂലയിലുംകൂടി വ്യാപിച്ചു ജനങ്ങൾ തമ്മിൽ കൂട്ടുകെട്ടും, ഇടപാടും, അധികപ്പെടുത്തിയിരിക്കുന്നു. സഭകളും, സംഘങ്ങളും, വർത്തമാനപത്രങ്ങളും രാജ്യോന്നതിക്കുമായി ജനങ്ങൾ ഒത്തൊരുമിച്ചുള്ള ശ്രമങ്ങളും അതിവേഗത്തിൽ പ്രചാരപ്പെട്ടുവരുന്നു. എല്ലാറ്റിനും പുറമേ പ്രജകളിൽ ഓരോ വർഗ്ഗക്കാർക്കു് എന്നതന്നെയല്ല ഓരോ വർഗ്ഗത്തിലുംപെട്ട ഓരോ അംഗങ്ങൾക്കും രാജ്യഭരണവുമായുള്ള സംബന്ധത്തേയും, തങ്ങളുടെ അവകാശങ്ങളേയും, പാടിയ അറിവുകൾ അധികപ്പെട്ടും, ദൃഢപ്പെട്ടും, വരുന്നു. ഇവയുടെ ഒക്കെ ഫലമായി പ്രജകളിൽ ഉയർന്ന വർഗ്ഗക്കാർ എന്നു് അഭിമാനിക്കുന്നവർക്കു് എന്നപോലെതന്നെ ഏറ്റവും എളിയ വർഗ്ഗക്കാർക്കുകൂടി ഗുണനിധിയായ മഹാരാജാവു തിരുമനസ്സിലെ നേർക്കുള്ള ഭക്തിസ്നേഹങ്ങൾ അഭൂതപൂർവമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിനിടയിലായി ഉയർന്ന വർഗ്ഗക്കാർക്കു നെടുനാളായി കൈവശത്തിലും അനുഭവത്തിലും ഇരിക്കുന്ന തങ്ങളുടെ സ്ഥാനത്തേയും, അവകാശങ്ങളേയും, രക്ഷിച്ചുകൊൾവാനും പിന്നോക്കം നിൽക്കുന്നവർക്കു മുമ്പോട്ടുകയറി പോവാനുമുള്ള ഒരു തിരക്കുകൂടി നടന്നുകൊണ്ടിരിക്കുന്നു എന്നുള്ളതും വിസ്മരിക്കത്തക്കതല്ല. ഈ തിരക്കു് ഇപ്പോൾ രാജ്യത്തിന്റെ സമാധാനത്തേയും ഐശ്വര്യാഭിവൃദ്ധിയേയും തടയുന്നില്ല. നേരേമറിച്ചു ഓരോ വർഗ്ഗങ്ങ

Digitized By Kerala Sahitya Akademi

ളിലും ഏതാണ്ട് ഇതുതന്നെയും അനുമോദവും സഹകരണവും വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. ഇതു നിശ്ചയമായും ഒരു ആശാസ്യമായ നിലയാകുന്നു. ഈ നിലയിൽ നമ്മെ എത്തിച്ചതിനു മഹാനായ നമ്മുടെ ദിവാൻജി അവർകൾക്കു നമ്മുടെ രാജ്യം എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നു പറയേണ്ടതില്ലല്ലോ. എന്നാൽ നമ്മുടെ ഭാവി എന്താണു്? രാജഗോപാലാചാരി അവർകൾ എന്നും നമ്മുടെ ദിവാൻജിയായിരുന്നു എന്നുവരുന്നതല്ല. ഇവിടെ ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. ആതു ദിവാൻ രാജഗോപാലാചാരി അവർകളുടെ ഇതു കേമവും തൃപ്തികരവുമായ ഭരണത്തെ വൃഥാ അധിക്ഷേപിച്ചുകൊണ്ടു, അദ്ദേഹത്തിന്റെ സദുദ്ദേശങ്ങളിൽ ദോഷാരോപണം ചെയ്തുകൊണ്ടു, ചില സഹജീവികൾ ഈയിടെ ചെയ്തുവരുന്ന നിരൂപണങ്ങളെപ്പറ്റിയാണു്. ഈ നിരൂപണങ്ങളെ ഉറ്റുനോക്കിയാൽ നിർമ്മത്സരന്മാർ അതിന്റെ അടിയിൽ കാണുന്നതു് ഏതോ ചിലരുടെ സ്വാർത്ഥജന്യമായ മനഃക്ഷോഭങ്ങൾ മാത്രമായിരിക്കും. എന്നാൽ ഇതുകൊണ്ടു് ഈ മഹാന്റെ പേരിനു മലിനപ്പെടുത്താൻ അവക്കു സാധിക്കുന്നില്ല. മറിച്ചു് ആ സഹജീവികളുടെ പേരിനു അതു മാലിന്യമായിത്തീരുക മാത്രമേ ചെയ്യുന്നുള്ളു. നമ്മുടെ രാജ്യത്തെ നിഷ്കപടമായി സ്നേഹിക്കയും നമുക്കു് അനവധി ഗുണങ്ങൾ ചെയ്കയും ചെയ്ത ഒരു മഹാപുരുഷനെപ്പറ്റി കൃതജ്ഞതയും സ്നേഹവും ബഹുമാനവും തോന്നുന്നില്ലെങ്കിൽ നാം നല്ല പൗരന്മാരാണോ? നേരേ മറിച്ചു് അങ്ങിനെയുള്ള ഒരാളെ നിഷ്കാരണം ദ്വേഷിക്കാൻ പുറപ്പെടുകയാണെങ്കിൽ അതു കൃതഘ്നതയേക്കാൾ നീചതരമായ പാപമല്ലയോ? നാം ഗവൺമെൻറിന്റെ അടുത്തഭാവിയെപ്പറ്റിയാണല്ലോ ചിന്തിക്കുന്നതു്. രാജഗോപാലാചാരി അവർകളുടെ ഭാരമേറിയ സ്ഥാനത്തെ കൃഷ്ണൻനായർ അവർകൾ പിന്തുടരുമെന്നുള്ളതാണു് പല കാരണങ്ങളാലും ഇപ്പോൾ ഏറ്റവും സംഭാവ്യമായിത്തോന്നുന്നതു്. ഇതു സംഭവിക്കുമെങ്കിൽ അതിൽ ഞങ്ങൾക്കുള്ള അനുമോദത്തെ ഇപ്പോഴെ പ്രസ്താവിച്ചുകൊള്ളുന്നു. കൃഷ്ണൻനായർ അവർകളേക്കാൾ ഗുണവാനും യോഗ്യനുമായ മറൊരുദ്യോഗസ്ഥനെ ഞങ്ങൾ ഇവിടെ കാണുന്നില്ലെന്നതാണെ പറഞ്ഞേക്കാം ഏതായാലും രാജഗോപാലാചാരി അവർകളുടെ ശക്തിയുള്ള തോളിൽ നിന്നു് ഇറക്കിവയ്പാൻ പോകുന്ന ചുമടു് നിശ്ചയമായും വളരെ ഭാരമേറിയതാകുന്നു. അതിനെ ചുമന്നു് ഉദ്ദിഷ്ടസ്ഥാനത്തിൽ എത്തിപ്പാൻ വേണ്ട കരുത്തും, യോഗ്യതയും അദ്ദേഹത്തിനുണ്ടെന്നു പിൻഗാമികളെ ലോകരക്ഷാധുരന്ധരനായ ഈശ്വരൻ നൽകുമാറാകട്ടെ.

വിവേ: 1089 ധനു, മകരം

കൊച്ചിസർക്കാരും ഈഴവരും

കൊടുങ്ങല്ലൂർ നിവാസികളായ ഈഴവർ സ്ഥലം പെൺപള്ളിക്കൂടത്തിൽ തങ്ങളുടെ കുട്ടികൾക്കു ചേർത്തുപഠിപ്പാൻ അനുവാദമുണ്ടാകേണമെന്നു വിദ്യാഭ്യാസ മേലദ്ധ്യക്ഷനോടും ഗവൺമെൻറിനോടും മറ്റും അപേക്ഷിച്ച അപേ

Digitized By Kerala Sahitya Akademi

ക്ഷകളും അതിനു് അവർക്കു കിട്ടിയ മറുപടിയും (ഇംഗ്ലീഷിൽ) ഞങ്ങൾ വേറൊരു ദിക്കിൽ ചേർത്തിട്ടുണ്ടു്. അതു വായിച്ചാൽ ഈഴവരോടു് ആ ഗവൺമെൻറു കാണിക്കുന്ന നിഷ്കരുണത വെളിപ്പെടുന്നതാണു്. കൊടുങ്ങല്ലൂർ ലോവർ സെക്കണ്ടറി ഗേൾസ്സ്കൂൾ ഇരിക്കുന്നതു ക്ഷേത്രത്തിനു സമീപിച്ചാകയാൽ ഈഴവപ്പെൺകുട്ടികൾക്കു ചേർന്നു പഠിപ്പാൻ പാടില്ലെന്നാണു വാദം. സ്കൂളിരിക്കുന്ന സ്ഥലത്തിൽ നിന്നു ക്ഷേത്രത്തിലേക്കു വളരെ അകലമുണ്ടു്. സ്കൂളിനെക്കാൾ ക്ഷേത്രത്തോടടുത്തുള്ള സ്ഥലങ്ങളിൽകൂടി ഈഴവർ ഗതാഗതം ചെയ്കപതിവാണു്. സ്കൂളിൽതന്നെ പബ്ലിക്കു് മീറ്റിങ്ങുകൾ ഉണ്ടാകുമ്പോൾ ഈഴവരെ ക്ഷണിക്കാറും അവർ പോകാറുമുണ്ടു്. ആസ്ഥിതിക്കു് അവരുടെ പെൺകുട്ടികളെ ആ സ്കൂളിൽ പഠിപ്പിക്കുന്നതിനു ക്ഷേത്രസാമീപ്യം പ്രതിബന്ധമാണെന്നു വാദിക്കുന്നവരെ ന്യായശാസ്ത്രം സഹായിക്കയില്ലെന്നുള്ളതു തീർച്ചയാണു്. ആ സ്കൂളിൽ ക്രിസ്ത്യാനിപ്പെൺകുട്ടികൾ പഠിക്കുന്നുണ്ടു്. മഹമ്മദീയർ പഠിക്കുന്നുണ്ടോ എന്നറിയുന്നില്ലെങ്കിലും അവർക്കും വിരോധമുണ്ടായിരിക്കയില്ലെന്നുള്ളതു നിശ്ചയമാണു്. ഒരു ഈഴവപ്പെൺകുട്ടിക്കു് ഒരു ''കുപ്പായമോ'' ''വെന്തീഞ്ഞായോ'' ഉണ്ടായാൽ അവൾ ഒരു ചെറിയ ''ഉമ്മായോ'' ''പെൺപിള്ളയോ'' ആയി എന്നുള്ളതു് നമ്മുടെ നാട്ടിൽ എല്ലാവക്കും അറിയാവുന്ന വസ്തുതയുമാണല്ലോ. ഇങ്ങനെ മതം മാറുന്നതു ജാതിഭ്രഷ്ടായിക്കരുതിവരുന്ന വർഗ്ഗക്കാരാണു് ഈഴവർ. അവക്കു് ഒരു ഹിന്ദു ഗവൺർമൻറു വക സ്കൂളുകളിൽ ചേർന്നു പഠിക്കേണമെങ്കിൽ അവർ ഭ്രഷ്ടരാകണം എന്നു പരോക്ഷമായി നിർബന്ധിക്കുന്ന ഈ ഗവൺമെൻറുനയത്തെ നീതികരിപ്പാൻ ഹിന്ദുമതാഭിമാനികൾ എന്നു മാത്രമല്ല ധർമ്മബുദ്ധികളായ മറെറാരു മതസ്ഥന്മാരും പുറപ്പെടുന്നതല്ല. ഒരിക്കലും അതു ധർമ്മ്യമായിരിക്കുന്നതുമല്ല. പബ്ലിക്കു്ഫണ്ടുകൊണ്ടു നടത്തപ്പെട്ടുന്ന സ്ഥാപനങ്ങൾ പ്രജകൾക്കു പൊതുവിലുള്ളവയാണെന്നും അതിൽ ഏതാനും വർഗ്ഗക്കാക്കു പ്രത്യേക അവകാശം പറവാനൊന്നുമില്ലെന്നുമുള്ള ഇദാനീന്തന ഭരണനയത്തിൻെറ തത്ത്വങ്ങൾക്കും ഇതു് അശേഷം യോജിക്കുന്നില്ല. അയൽ രാജ്യങ്ങളിൽ വിദ്യാഭ്യാസ വിഷയത്തിൽ സകലവർഗ്ഗക്കാക്കും നൽകിവരുന്ന സ്വാതന്ത്ര്യത്തെ ഓർക്കുമ്പോഴും കൊടുങ്ങല്ലൂർ ഈഴവരുടെ നേരേയുള്ള കൊച്ചി ഗവൺമെൻറിൻെറ ഈ പ്രവൃത്തി ഒട്ടും ശരിയായി എന്നു പറവാൻ ആർക്കും കഴിയുന്നതല്ല.

ഉയർന്നജാതി ഹിന്ദുക്കളുടെ കുട്ടികൾ ആ സ്കൂളിൽ അധികം പഠിക്കുന്നുണ്ടു്. അവരുടെ രക്ഷാകർത്താക്കന്മാർക്കു് ഈഴവപ്പെൺകുട്ടികൾചേർന്നു പഠിക്കുന്നതു സന്തോഷകരമായിരിക്കയില്ല. അതുകൊണ്ടാണു് തടസ്സം എന്നു പറയുന്നു എങ്കിൽ അയൽ രാജ്യങ്ങളിലും കൊച്ചിസംസ്ഥാനത്തുതന്നെയും മറു പല സ്ത്രീപാഠശാലകളിലും ഈഴവർ അങ്ങിനെ ചേർന്നു പഠിക്കുന്നതു വളരെ നടപ്പായിരിക്കുന്നതുകൊണ്ടും ഗവർമെൻറിൻെറപൊതുനയത്തെ രാജ്യത്തിൻെറ ഒരു കോണിൽ താമസിക്കുന്ന ഏതാനും ഗ്രാമീണന്മാർ ലംഘിപ്പാൻ ഉദ്യമിക്കയോ ആ ഉദ്യമത്തെ ഗവൺമെൻറു സഹിക്കയോ ചെയ്യുന്നതും അവിഹിതമാകുന്നു. വലിയതമ്പുരാൻ തിരുമനസ്സിലെ നേത്യാരമ്മ അവർകൾക്കു മദ്രാസിൽ വച്ചു് ഇന്നാൾ അവിടെ താമസിക്കുന്ന മലയാളി സ്ത്രീകൾ എല്ലാം

Digitized By Kerala Sahitya Akademi

ചേർന്ന് ഒരുദ്യാനവിരുന്ന കൊടുത്തതായി അറിയുന്നു. കൊച്ചിയിലും തിരുവിതാംകൂറിലും, മലബാറിലുമുള്ള അനേകം മാന്യതീയയുവതികളും വിദ്യാർത്ഥിനികളായും മറ്റും മദ്രാസിൽ താമസിക്കുന്നുണ്ട്. അവരും ആ വിരുന്നിൽ നിശ്ചയമായും ഉൾപ്പെട്ടിരിപ്പാൻ ഇടയുള്ളതാണ്. നേത്യാരമ്മ അവർകൾക്കു് ഇങ്ങനെ നാനാവർഗ്ഗക്കാരുമായി ഒരു സാമൂഹിക സമ്മേളനത്തിൽ കൂടിക്കഴിയാമെങ്കിൽ മറ്റുള്ളവർക്കു് ഒരു സ്കൂളിൽ ഒന്നിച്ചിരുന്നു പഠിപ്പാൻ കഴികയില്ലെന്നു പറഞ്ഞാൽ അതിനെ വിവരമുള്ളവർ ആരും ശ്രദ്ധിക്കേണ്ട ആവശ്യം തന്നെ ഇല്ലാത്തതാണ്. നേത്യാരമ്മയേക്കാൾ ആഭിജാത്യമുള്ള അന്തർജ്ജനങ്ങൾ പബ്ലിക് സ്കൂളുകളിൽ പോകേണ്ട. അവർ പോയി സ്കൂളിന്റെ ഉദ്ദേശ്യത്തെ തെറ്റിക്കയും അതിനെ നിരുപയോഗമാക്കുകയും ചെയ്യേണ്ട. ആഭിജാത്യത്തെ ഭദ്രമായി സൂക്ഷിച്ചുകൊണ്ട് അറയിൽ ഇരിക്കയാണ് ഉത്തമം. അവർക്കു വേണമെങ്കിലും ധനമുണ്ടെങ്കിലും, പ്രത്യേകം സ്കൂളും ഗവർമ്മെൻറിൽനിന്നു് സ്ഥാപിച്ചു കൊടുക്കുന്നതിനും വിരോധമില്ല.

ഈഴവർ സംഖ്യകൊണ്ടു കൊച്ചിയിലെ ഹിന്ദുപ്രജകളിൽ 1—ാമത്തെ വർഗ്ഗക്കാരാകുന്നു. 1911—ലെ സെൻസസ്പ്രകാരം കൊച്ചിയിൽ ആകെ 916110—ജനങ്ങളാണുള്ളതു്. ഇതിൽ 615706 ഹിന്ദുക്കളാണു്. അതിൽ 207639 പേർ ഈഴവരാകുന്നു. 121206 നായന്മാരും 35532 ബ്രാഹ്മണരും പിന്നെ മലയാള ക്ഷത്രിയർ, വാരിയർ, മാരാർ, പൂന്തുവാൻ, പിഷാരോടി, നമ്പ്യേശൻ നമ്പ്യാന്മാർ, കല്ലാട്ടക്കുറുപ്പു്, ചാക്യാർ, അടികൾ, തീയ്യാട്ടുണ്ണി എന്നീ എല്ലാ ഉയർന്ന വർഗ്ഗക്കാരെയും ചേർത്തു കണക്കെടുത്താലും ആകെ 165557 പേർ മാത്രമേ ആകുന്നുള്ളു. ചുരുക്കിപ്പറഞ്ഞാൽ 9 ലക്ഷത്തിൽ ചില്വാനം ജനങ്ങളിൽ ഒന്നരലക്ഷത്തിൽ ചില്വാനം പേർ മാത്രമാണു് ഉയർന്ന ജാതിക്കാർ എന്നഭിമാനിക്കുന്നതു്. അങ്ങനെയുള്ള സകലരേയും ഒന്നായി കൂട്ടിയാലും ഈഴവരുടെ സംഖ്യയോടടുക്കുന്നില്ലെന്നുള്ളതും പ്രസ്താവയോഗ്യമാണു്. അതുകൊണ്ടു് ഉയർന്ന ജാതിക്കാരായി വിചാരിക്കപ്പെടുന്ന ഏതാനും പേരുടെ ദുരഭിമാനത്തെ ഈഴവർക്കു വിരോധമായി പുലർത്തികൊണ്ടുപോവാൻവേണ്ടി ഉത്തമമാതൃകയില്ലുള്ള ഭരണനയത്തെ വിരൂപമാക്കാൻ ഗവർമ്മെൻറു വിചാരിക്കുന്നുണ്ടെങ്കിൽ അതു ശ്രേയസ്കരമായി വരുന്നതല്ല. കൊച്ചിയിൽ ആറാളുകളെ എടുത്താൽ ഒരാൾമാത്രം ജാതിവഴക്കുള്ളവനും ശേഷം അഞ്ചുപേർ അതില്ലാത്തവരുമാണെന്നാണു് മേൽകാണിച്ച കണക്കുകൊണ്ടുകാണുന്നതു്. അതിനെ അധികൃതന്മാർ ദയചെയ്തു നല്ലവണ്ണം ചിന്തിച്ചുനോക്കി ഈഴവരുടെ ന്യായമായ അവകാശങ്ങളെ അവർക്കനുവദിച്ചുകൊടുപ്പാൻ മനസ്സുവച്ചാൽ അതിനായി അവർ കൃതജ്ഞരായിരിക്കുന്നതാണു്.

സംഖ്യകൊണ്ടുമാത്രമല്ല ഈഴവർക്കു് കൊച്ചിയിൽ പ്രാധാന്യമുള്ളതു്. അവർ അടുത്ത തിരുവിതാംകൂർ, മലബാർ ഈ രാജ്യങ്ങളിലുള്ള അവരുടെ സഹോദരങ്ങളെപ്പോലെതന്നെ വ്യവസായികളും വസ്തുഉടമസ്ഥന്മാരുംകൂടിയാണു് അബ്കാരി നികുതിയിൽ ഏറിയൊരു ഭാഗവും പ്രത്യേകിച്ചു് അവരുടെ വ്യവ

Digitized By Kerala Sahitya Akademi

സായഫലമാണു്. പണ്ടത്തെക്കാലത്തു് സൈന്യങ്ങളിൽ ചേർന്നു പ്രാണനപേക്ഷിച്ചു രാജ്യത്തിനും രാജാവിനുംവേണ്ടി പോരാടീട്ടുള്ള വീരന്മാരും അവരിലുണ്ടായിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണു്. ആ മാതിരി സേവനങ്ങളെ അഭിനന്ദിച്ചു വലിയ സ്ഥാനമാനങ്ങളും പദവികളും അനുവദിച്ചു കിട്ടീട്ടുള്ള പഴയ പഴയ മാന്യകുടുംബക്കാർ അവരിൽ ഇപ്പോഴുമുണ്ടു്. അവരുടെ സംഖ്യതന്നെ ദീർഘകാലമായുള്ള മതംമാറ്റംകൊണ്ടു കുറഞ്ഞുപോയിരുന്നില്ലെങ്കിൽ ഇപ്പോഴത്തെന്നെ ഉള്ളതിൽ എത്രയോ അധികപ്പെട്ടിരിക്കുമായിരുന്നു. 1911—ലെ കൊച്ചി സെൻസസ് റിപ്പോർട്ടിൽ ഹിന്ദുക്കളുടെ വർദ്ധനയെ ക്രിസ്ത്യാനികളുടെയും മഹമ്മദീയരുടെയും വർദ്ധനയോടു താരതമ്യപ്പെടുത്തിയപ്പോഴും കണ്ടുകാവിനു മതംമാറ്റമാണു കാരണമായി പറഞ്ഞിരിക്കുന്നതു്. ഈ മതംമാറ്റം ഉണ്ടാകുന്നതു് മതം മാറിയതുകൊണ്ടു് ഐഹികമായി ഗുണമുള്ള വർഗ്ഗക്കാരിൽ നിന്നാണെന്നുള്ള വസ്തുതയും സെൻസസ് കമ്മീഷണർ സൂചിപ്പിച്ചിട്ടുണ്ടു്. ആ സൂചനയിൽനിന്നു് ആകെയുള്ള പ്രജകളിൽ 233090 പേർ അല്പെങ്കിൽ നാലിൽ ഒന്നു ക്രിസ്ത്യാനികളായിത്തിരണമെന്നുള്ള കാരണവും ഊഹിച്ചാൽ കാണാവുന്നതാണു്. ക്രിസ്ത്യാനികൾക്കു കയറിപ്പറ്റിപ്പറ്റാൻ വിരോധമില്ലാത്ത സ്കൂളുകളിൽനിന്നു് ഇപ്പോഴും ഹിന്ദുക്കളായ ഈഴവരെ അകറ്റിനിർത്തുന്നതും അവരുടെ സ്വാഭിമാനത്തിനു ഹാനിവരുത്തി മതപരിവർത്തനം ചെയ്വാൻ പ്രേരിപ്പിക്കയാണെന്നുള്ള വസ്തുത ഒരിക്കൽക്കൂടി പറഞ്ഞുകൊള്ളുന്നു. വിശേഷിച്ചു് ഏതു ക്ഷേത്രത്തിന്റെ സാമീപ്യം ഈഴവരുടെ വിദ്യാഭ്യാസത്തിനു പ്രതിബന്ധമായി എടുത്തുകാണിക്കുന്നുവോ വിദ്യാദേവതയായ കൊടുങ്ങല്ലൂർ ഭഗവതിയുടെ ആ ക്ഷേത്രത്തിൽ കേരളമൊട്ടുക്കുള്ള അവരുടെ ജാതിക്കാർ എത്രയോ തലമുറയായി സ്വർണ്ണവർഷം ചെയ്തുകൊണ്ടിരിക്കയാണെന്നും നേരേമറിച്ചു ക്രിസ്ത്യാനികൾ പ്രായേണ ആ മാതിരി ഹിന്ദുദേവാലയങ്ങളുടെ ഭരണത്തിന്നായി ധനവ്യയം ചെയ്യുന്ന ഗവർമ്മെൻറു നയത്തിൽ ദോഷദർശനം ചെയ്യുന്നവരാണെന്നുമുള്ള വസ്തുതയും കൊച്ചിയിലെ ഉയർന്ന ഹിന്ദുസഹോദരങ്ങളും ഗവർമ്മെൻറും വിസ്മരിച്ചതിൽ ആശ്ചര്യസമ്മിശ്രമായ വ്യസനം തോന്നുന്നു.

അപേക്ഷക്കാർക്കു കൊടുത്തിരിക്കുന്ന മറുപടികളിൽ ചിലതു അനുകമ്പയും ഭരണതന്ത്രീയമായ ഔചിത്യവും അശേഷമില്ലാത്ത സ്വരത്തിലാണു്. (Admission of Ezhava girls into the L. S. G. S.) Cranganore is out of question ". (കൊടുങ്ങല്ലൂർ ലോവർ സെക്കണ്ടറി ഗറൽസ്കൂളിൽ ഈഴവപ്പെൺകുട്ടികളുടെ പ്രവേശനത്തെപ്പറ്റി ചിന്തിപ്പാനേ പാടില്ല) എന്നും മറുമുള്ളതു നോക്കുക. വേറെ സ്കൂളിൽ കുട്ടികളെ അയയ്ക്കേണമെന്നും ഈഴവർ സ്വന്തം ചിലവിൽ സ്കൂൾ കെട്ടിയാൽ അതിനു ഗ്രാൻറു കൊടുക്കാമെന്നും മറും പറയുന്ന മറുപടികൾ അധികൃതന്മാരുടെ അധികാരത്തിന്റെ ദൃഷ്ടാന്തങ്ങളേ ആകുന്നുള്ളൂ. ഗവർമ്മെൻറിന്റെ പുമതല ആ വാചകങ്ങളിൽനിന്നും സ്ഫുരിക്കുന്നില്ല. ഈഴവരുടെ പ്രാധാന്യത്തേയും അവകാശങ്ങളേയും ഒട്ടും ഗണ്യമാക്കാത്ത അനേകം പ്രവൃത്തികൾ കൊച്ചി ഗവർമ്മെൻറിന്റെ കഴിഞ്ഞ

Digitized By Kerala Sahitya Akademi

ഏതാനും കൊല്ലമായുള്ള നടപടികളിൽ കണ്ടിട്ടുള്ളതിനെ ഈ അവസരത്തിൽ ഞങ്ങൾ പ്രത്യേകം സ്മരിക്കുന്നു. ശ്രീമാൻ ഇ. കെ. അയ്യാക്കുട്ടി അവർകൾക്കു് ആദ്യമായി ഒരുദ്യോഗംകൊടുത്തകാലംമുതൽക്കാണു് സ്ഥാനം ഒഴിഞ്ഞുപോയ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഈ വർഗ്ഗക്കാരോടു് അനുകമ്പ പ്രദർശിപ്പിച്ചുതുടങ്ങിയതു്. എന്നാൽ ആ അനുകമ്പയെ പി. രാജഗോപാലാചാരി അവർകളുടെ ഭരണകാലത്തിനുശേഷം ഗവർമ്മെൻറു പിന്തുടർന്നിട്ടുള്ളതായി കാണുന്നില്ല. പട്ടാഭിരാമറാവു അവർകളും ഈഴവർക്കും മറ്റു പിന്നോക്കംനിൽക്കുന്ന ഹിന്ദുക്കൾക്കും ദോഷമല്ലാതെ ഗുണമൊന്നും ചെയ്തിട്ടുള്ള ദേഹമല്ലെന്നു പ്രസിദ്ധമാണു്. മിസ്റ്റർ ബാനർജിയുടെ ഭരണകാലത്തും ഈഴവർക്കു യാതൊരു പ്രോത്സാഹനവുമുണ്ടായിട്ടില്ല. എന്നുതന്നെയല്ല, മിസ്റ്റർ ബാനർജി ഒരു സബ്ജഡ്ജിയുടെ നിയമനത്തിൽ ഒന്നാംക്ലാസ്സു് മുൻസിഫായ മിസ്റ്റർ അയ്യാക്കുട്ടിയുടെ അവകാശത്തെ മനഃപൂർവം വിസ്മരിക്കുകൂടി ചെയ്തിരിക്കുന്നു. രാജഗോപാലാചാരി അവർകളുടെ കാലത്താണു് ക്രിസ്ത്യാനികൾക്കുതന്നെ റവന്യു മുതലായ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും കൊച്ചിയിൽ ഉദ്യോഗം കിട്ടിത്തുടങ്ങിയതു്. ഈഴവർക്കും അന്നു പോലീസ്, റവന്യു മുതലായ മിക്ക ഡിപ്പാർട്ടുമെൻറുകളിലും പ്രവേശം നൽകിയിരുന്നു. എന്നാൽ ക്രിസ്ത്യാനികൾ അന്നുമുതൽ സകല ഡിപ്പാർട്ടുമെൻറുകളിലും, ശക്തിയിലും, എണ്ണത്തിലും വളരെ വർദ്ധിച്ചിരിക്കുന്നു എന്നും ഈഴവരാകട്ടെ മിക്ക ഡിപ്പാർട്ടുമെൻറുകളിലും അന്നുണ്ടായിരുന്നതിൽ ഒട്ടും വർദ്ധിച്ചിട്ടില്ലെന്നുമാണു് ഞങ്ങളുടെ അറിവു്. ഇതു് അവരിൽ ഉദ്യോഗത്തിനു യോഗ്യതയുള്ളവർ ഇല്ലാഞ്ഞിട്ടല്ല, കേവലം അവരെ അകറ്റി നിർത്തുന്നതുകൊണ്ടുമാത്രമാകുന്നു. ഒരു ഈഴവ യുവാവു് സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായി കൊച്ചി പോലീസ് സൂപ്രണ്ടിനോടു് ഒരു ജോലിക്കു് അപേക്ഷിച്ചതിൽ ക്രിസ്ത്യാനിയായ അദ്ദേഹം ''നിങ്ങളുടെ ജാതിക്കാരെ പോലീസിൽ ഇപ്പോൾ എടുക്കാറില്ല. വിദ്യാഭ്യാസവകുപ്പിൽ ഒരു പണിക്കു് ഞാൻ ഒരു ശുപാർശക്കത്തു തരാം'' എന്നു പറഞ്ഞു മടക്കിഅയച്ചതു് ഇന്നാളാണു്. തൃശ്ശിവപേരൂരിൽ കഴിഞ്ഞ കൊല്ലം സർക്കാരിൽനിന്നു 11000 ക. ചെലവുചെയ്തു പൊതുജനങ്ങളുടെ ഉപയോഗത്തിനെന്നും പറഞ്ഞു വെടിപ്പാക്കിയ ഒരു കുളത്തിൽ ക്രിസ്ത്യാനികൾ ഈഴവരെ കുളിപ്പാൻ അനുവദിക്കാതിരിക്കയും ഒടുവിൽ ഠൗൺ കൗൺസിൽ അതിൽ ഈഴവർക്കു് കുളിപ്പാൻ പാടില്ലെന്നു തീരുമാനിക്കയും ചെയ്തതും ഇന്നാളാണു്. ഇതെല്ലാം ഓർക്കുമ്പോൾ ആശ്ചര്യവും വ്യസനവും ലജ്ജയും തോന്നാത്ത ഈഴവർ ചുരുങ്ങും. കൊടുങ്ങല്ലൂർ ഈഴവരെ സിറിയൻ ക്രിസ്ത്യൻ ഗറൽ സ്കൂളിൽ പോകാൻ ഒരു അധികൃതൻ ആജ്ഞാപിക്കുന്നു. അതു കേട്ടുകൊണ്ടു് അവർ അവിടെ പോയാൽത്തന്നെ തൃശ്ശിവപേരൂർ ഠൗൺകൗൺസിലിന്റെ കുളത്തിൽ കുളിപ്പാൻ പോയ അനുഭവം ഉണ്ടാകയില്ലെന്നാർക്കറിയാം? ഉണ്ടായാൽത്തന്നെ ആരാണു ചോദിക്കുക?

ഞങ്ങൾ മേൽസൂചിപ്പിച്ചപോലെ സംസ്ഥാനത്തിൽ നിരാപേക്ഷമായ പ്രാധാന്യമുള്ള ഒരു വലിയ സമുദായത്തിന്റെ ആവശ്യങ്ങളെയും ആശംസക

Digitized By Kerala Sahitya Akademi

ളേയും അവകാശങ്ങളേയും അഭിമാനത്തേയും തൃണവൽക്കരിച്ചിട്ടുള്ള ഈമാതിരി പ്രവൃത്തികൾ ഏതു പരിഷ്കൃത ഗവൺമെൻറിൻെറയും ഖ്യാതിക്കു കളങ്കമുണ്ടാക്കാൻ മതിയാകുന്നവയും ഈശ്വരൻെറയും മനുഷ്യൻെറയും ദൃഷ്ടിയിൽ നീതികരിക്കപ്പെടാത്തവയുമാകുന്നു. പ്രജകളുടെ പൊതുക്ഷേമാഭിവൃദ്ധിയാണ് നാട്ടിൻെറ ക്ഷേമാഭിവൃദ്ധി. അതു് എല്ലാ വർഗ്ഗക്കാരെയും ഒന്നുപോലെ പ്രോത്സാഹിപ്പിക്കുന്നതിനാലാണുണ്ടാകുന്നതു്. ഏതാനും പേരേ മാത്രം പ്രോത്സാഹിപ്പിക്കുകയും അധികം പേരേ അധൈര്യപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ടല്ല. ഈഴവർ വിശേഷിച്ചു് അവർക്കു ന്യായമായി കിട്ടേണ്ട അവകാശങ്ങൾ ലഭിച്ചാൽതന്നെ അഭിവൃദ്ധിപ്പെടത്തക്ക സ്ഥിതിയിൽ എത്തിയിരിക്കുന്ന ഒരു വർഗ്ഗക്കാരുമാണ്.

വിശേഷിച്ചു് ഈഴവർ അല്ലെങ്കിൽ തീയർ കൊച്ചിയിൽ മാത്രമല്ല കേരളം മുഴുവൻ ഹിന്ദുക്കളിൽ വച്ചു ഏറ്റവും ജനസംഖ്യയുള്ള വർഗ്ഗക്കാരാകുന്നു. അവർ ആകെ 16 ലക്ഷത്തിൽപരം ജനങ്ങളുണ്ടു്. അവരുടെ ഇന്നത്തെ സമുദായ സ്ഥിതി തന്നെ ആകപ്പാടെ നോക്കിയാൽ ഒരു വിധം തരക്കേടില്ലാത്തതാണ്. അവരിൽ ഉയർന്നതരം വിദ്യാഭ്യാസ യോഗ്യതയുള്ള മാന്യന്മാർ പലരുമുണ്ടു്. നാട്ടുരാജ്യങ്ങളിലും ബ്രിട്ടീഷ് ഇന്ത്യയിലും ഏതു തരം ഉയർന്ന ഉദ്യോഗങ്ങളും തന്നെ വഹിക്കുന്നതിനും യോഗ്യതയുള്ളവർ അവരുടെ ഇടയിൽ ഇന്നുമുണ്ടു്, മേലാലുണ്ടാകുകയും ചെയ്യുമെന്നുള്ളതു നിശ്ചയമാണ്. അങ്ങനെയുള്ള ഒരു സമുദായത്തിൻെറ ന്യായമായ അഭിവൃദ്ധിമാർഗ്ഗങ്ങളെ വളരെക്കാലം തടഞ്ഞുവയ്ക്കാൻ ആർക്കും കഴിയുന്നതല്ല. ദിവാൻ മിസ്റ്റർ ഭോർ ഈ വസ്തുതകളെ ഗാഢമായി ചിന്തിച്ചു പ്രസ്തുത സ്ത്രീപ്രവേശനവിഷയത്തിൽ മാത്രമല്ല മറ്റു രാജ്യഭരണസംബന്ധമായ സകലവിഷയങ്ങളിലും ഈഴവർക്കുള്ള ന്യായമായ അവകാശത്തേയും ഗവൺമെൻറിൻെറ ചുമതലയേയുംഗണ്യമാക്കിയും പ്രവർത്തിച്ചു് അവരുടെ മുറവിളി ഇതിനെക്കാൾ ഉച്ചമായും വ്യാപ്തമായും പുറപ്പെടുന്നതിനു് ഇടക്കൊട്ടക്കാതെ സങ്കടനിവൃത്തിയുണ്ടാക്കാൻ ദയചെയ്തു ദൃഷ്ടിവയ്ക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. മഹാമനസ്കനായ വലിയ തമ്പുരാൻ തിരുമനസ്സിലെ കരുണാപൂർവ്വമായ ശ്രദ്ധയ്ക്കുവിഷയമാകേണ്ട ഒരു സംഗതികൂടി പ്രത്യേകം പറയേണ്ടിയിരിക്കുന്നു. തിരുമനസ്സിലേക്കു ഹിന്ദുക്കളായ പ്രജകളുടെ മേൽ വൈദികാധികാരം കൂടിയുള്ളതാണ്. ഈഴവർ ഹിന്ദുപ്രജകളിൽ സംഖ്യകൊണ്ടു് ഏറ്റവും മുന്നണിയിൽ നിൽക്കയാണെന്നും മറ്റു് ഉയർന്ന ജാതി ഹിന്ദുക്കളെ എല്ലാംകൂടി ചേർത്തു കൂട്ടിയാലും അവരുടെ സംഖ്യയോടു തുല്യമാകുന്നില്ലെന്നുമുള്ള വാസ്തവം മേൽകാണിച്ചിട്ടുണ്ടു്. സാമുദായിക ചട്ടങ്ങൾക്കു് എല്ലാം കാലോചിതമായ മാറ്റം ആവശ്യപ്പെടുന്നതാണ്. ആ വക ചട്ടങ്ങളെ ഇറക്കുകയോ അയയ്ക്കുകയോ ചെയ്വാൻ കൊച്ചിയെ സംബന്ധിച്ചിടത്തോളം തിരുമനസ്സിലേക്കു കഴിയുന്നതാണ്. അങ്ങനെ ചിലതെല്ലാം ചിലപ്പോൾ ചെയ്തുവരാറുമുണ്ടു്. അതുകൊണ്ടു് ഈഴവർക്കു തങ്ങളുടെ രാജ്യത്തു മതംമാറിയാൽ കിട്ടുന്ന സ്വാതന്ത്ര്യങ്ങൾ എല്ലാം വിദ്യാഭ്യാസം, ഉദ്യോഗലാഭം, ഗതാഗതസൗകര്യം ഈ വിഷയങ്ങളിൽ അവർക്കു് അനുവദിച്ചുകൊടുക്കേണ്ടകാലം വൈകിപ്പോയിരിക്കയാണെന്നു ഞങ്ങൾ ഏറ്റവും വിനയപൂർവ്വം ഉണർത്തിച്ചുകൊള്ളുന്നു. കൊച്ചിയിലെ ഈഴവരുടെ കരുണാനിധിയായ രാജാവിൻെറ നിലയിൽ മാത്രമല്ല, ദേശാഭിമാനിയായ ഒരു ഭാരതീയൻെറ നിലയിലും തിരുമനസ്സുകൊണ്ടു് ഈ വിഷയ

Digitized By Kerala Sahitya Akademi

ഏതാനും കൊല്ലമായുള്ള നടപടികളിൽ കണ്ടിട്ടുള്ളതിനെ ഈ അവസരത്തിൽ ഞങ്ങൾ പ്രത്യേകം സ്മരിക്കുന്നു. ശ്രീമാൻ ഇ. കെ. അയ്യപ്പൻ അവർകൾക്കു് ആദ്യമായി ഒരുദ്യോഗംകൊടുത്തകാലംമുതൽക്കാണു് സ്ഥാനം ഒഴിഞ്ഞു പോയ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഈ വർഗ്ഗക്കാരോടു് അനുകമ്പ പ്രദർശിപ്പിച്ചുതുടങ്ങിയതു്. എന്നാൽ ആ അനുകമ്പയെ പി. രാജഗോപാലാചാരി അവർകളുടെ ഭരണകാലത്തിനുശേഷം ഗവർമ്മെൻറു പിന്തുടർന്നിട്ടുള്ളതായി കാണുന്നില്ല. പട്ടാഭിരാമറാവു അവർകളും ഈഴവർക്കും മറ്റു പിന്നോക്കംനിൽക്കുന്ന ഹിന്ദുക്കൾക്കും ദോഷമല്ലാതെ ഗുണമൊന്നും ചെയ്തിട്ടുള്ള ദേഹമല്ലെന്നു പ്രസിദ്ധമാണു്. മിസ്റ്റർ ബാനർജിയുടെ ഭരണകാലത്തും ഈഴവർക്കു യാതൊരു പ്രോത്സാഹനവുമുണ്ടായിട്ടില്ല. എന്നുതന്നെയല്ല, മിസ്റ്റർ ബാനർജി ഒരു സബ്ജഡ്ജിയുടെ നിയമനത്തിൽ ഒന്നാംക്ലാസ്സു് മുൻസിഫായ മിസ്റ്റർ അയ്യാക്കുട്ടിയുടെ അവകാശത്തെ മനഃപൂർവം വിസ്മരിക്കുകൂടി ചെയ്തിരിക്കുന്നു. രാജഗോപാലാചാരി അവർകളുടെ കാലത്താണു് ക്രിസ്ത്യാനികൾക്കുതന്നെ റവന്യു മുതലായ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും കൊച്ചിയിൽ ഉദ്യോഗം കിട്ടിത്തുടങ്ങിയതു്. ഈഴവർക്കും അന്നു പോലീസ്, റവന്യു മുതലായ മിക്ക ഡിപ്പാർട്ടുമെൻറുകളിലും പ്രവേശം നൽകിയിരുന്നു. എന്നാൽ ക്രിസ്ത്യാനികൾ അന്നുമുതൽ സകല ഡിപ്പാർട്ടുമെൻറുകളിലും, ശക്തിയിലും എണ്ണത്തിലും വളരെ വർദ്ധിച്ചിരിക്കുന്നു എന്നും ഈഴവരാകട്ടെ മിക്ക ഡിപ്പാർട്ടുമെൻറുകളിലും അന്നുണ്ടായിരുന്നതിൽ ഒട്ടും വർദ്ധിച്ചിട്ടില്ലെന്നുമാണു് ഞങ്ങളുടെ അറിവു്. ഇതു് അവരിൽ ഉദ്യോഗത്തിനു യോഗ്യതയുള്ളവർ ഇല്ലാഞ്ഞിട്ടല്ല, കേവലം അവരെ അകറ്റി നിർത്തുന്നതുകൊണ്ടുമാത്രമാകുന്നു. ഒരു ഈഴവ യുവാവു് സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായി കൊച്ചി പോലീസ് സൂപ്രണ്ടിനോടു് ഒരു ജോലിക്കു് അപേക്ഷിച്ചതിൽ ക്രിസ്ത്യാനിയായ അദ്ദേഹം ''നിങ്ങളുടെ ജാതിക്കാരെ പോലീസിൽ ഇപ്പോൾ എടുക്കാറില്ല. വിദ്യാഭ്യാസവകുപ്പിൽ ഒരു പണിക്കു് ഞാൻ ഒരു ശുപാർശക്കത്തു തരാം'' എന്നു പറഞ്ഞു മടക്കിഅയച്ചതു് ഇന്നാളാണു്. തൃശ്ശിവപേരൂരിൽ കഴിഞ്ഞ കൊല്ലം സർക്കാരിൽനിന്നു 11000 ക. ചെലവുചെയ്തു പൊതുജനങ്ങളുടെ ഉപയോഗത്തിനെന്നും പറഞ്ഞു വെടിപ്പാക്കിയ ഒരു കുളത്തിൽ ക്രിസ്ത്യാനികൾ ഈഴവരെ കുളിപ്പാൻ അനുവദിക്കാതിരിക്കയും ഒടുവിൽ ഠൗൺ കൗൺസിൽ അതിൽ ഈഴവർക്കു് കുളിപ്പാൻ പാടില്ലെന്നു തീരുമാനിക്കയും ചെയ്തതും ഇന്നാളാണു്. ഇതെല്ലാം ഓർക്കുമ്പോൾ ആശ്ചര്യവും വ്യസനവും ലജ്ജയും തോന്നാത്ത ഈഴവർ ചുരുങ്ങും. കൊടുങ്ങല്ലൂർ ഈഴവരെ സിറിയൻ ക്രിസ്ത്യൻ ഗറൽ സ്കൂളിൽ പോകാൻ ഒരു അധികൃതൻ ആജ്ഞാപിക്കുന്നു. അതു കേട്ടു കൊണ്ടു് അവർ അവിടെ പോയാൽതന്നെ തൃശ്ശിവപേരൂർ ഠൗൺകൗൺസിലിൻെറ കുളത്തിൽ കുളിപ്പാൻ പോയ അനുഭവം ഉണ്ടാകയില്ലെന്നാർക്കറിയാം? ഉണ്ടായാൽതന്നെ ആരാണു ചോദിക്കുക?

ഞങ്ങൾ മേൽസൂചിപ്പിച്ചപോലെ സംസ്ഥാനത്തിൽ നിരാപേക്ഷമായ പ്രാധാന്യമുള്ള ഒരു വലിയ സമുദായത്തിൻെറ ആവശ്യങ്ങളെയും ആശംസക

Digitized By Kerala Sahitya Akademi

ളേയും അവകാശങ്ങളേയും അഭിമാനത്തേയും തൃണവൽക്കരിച്ചിട്ടുള്ള ഈമാതിരി പ്രവൃത്തികൾ ഏതു പരിഷ്കൃത ഗവൺമെൻറിൻെറയും ഖ്യാതിക്കു കളങ്കമുണ്ടാക്കാൻ മതിയാകുന്നവയും ഈശ്വരൻെറയും മനുഷ്യൻെറയും ദൃഷ്ടിയിൽ നീതികരിക്കപ്പെടാത്തവയുമാകുന്നു. പ്രജകളുടെ പൊതുക്ഷേമാഭിവൃദ്ധിയാണ് നാട്ടിൻെറ ക്ഷേമാഭിവൃദ്ധി. അതു് എല്ലാ വർഗ്ഗക്കാരെയും ഒന്നുപോലെ പ്രോത്സാഹിപ്പിക്കുന്നതിനാലാണുണ്ടാകുന്നതു്. ഏതാനും പേരേ മാത്രം പ്രോത്സാഹിപ്പിക്കുകയും അധികം പേരേ അധൈര്യപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ടല്ല. ഈഴവർ വിശേഷിച്ചു് അവർക്കു ന്യായമായി കിട്ടേണ്ട അവകാശങ്ങൾ ലഭിച്ചാൽതന്നെ അഭിവൃദ്ധിപ്പെടത്തക്ക സ്ഥിതിയിൽ എത്തിയിരിക്കുന്ന ഒരു വർഗ്ഗക്കാരുമാണ്.

വിശേഷിച്ചു് ഈഴവർ അല്ലെങ്കിൽ തീയർ കൊച്ചിയിൽ മാത്രമല്ല കേരളം മുഴുവൻ ഹിന്ദുക്കളിൽ വച്ചു ഏറ്റവും ജനസംഖ്യയുള്ള വർഗ്ഗക്കാരാകുന്നു. അവർ ആകെ 16 ലക്ഷത്തിൽപരം ജനങ്ങളുണ്ടു്. അവരുടെ ഇന്നത്തെ സമുദായ സ്ഥിതി തന്നെ ആകപ്പാടെ നോക്കിയാൽ ഒരു വിധം തരക്കേടില്ലാത്തതാണ്. അവരിൽ ഉയർന്നതരം വിദ്യാഭ്യാസ യോഗ്യതയുള്ള മാന്യന്മാർ പലരുമുണ്ടു്. നാട്ടുരാജ്യങ്ങളിലും ബ്രിട്ടീഷ് ഇന്ത്യയിലും ഏതു തരം ഉയർന്ന ഉദ്യോഗങ്ങളും തന്നെ വഹിക്കുന്നതിനും യോഗ്യതയുള്ളവർ അവരുടെ ഇടയിൽ ഇന്നുമുണ്ടു്, മേലാലുണ്ടാകുകയും ചെയ്യുമെന്നുള്ളതു നിശ്ചയമാണ്. അങ്ങനെയുള്ള ഒരു സമുദായത്തിൻെറ ന്യായമായ അഭിവൃദ്ധിമാർഗ്ഗങ്ങളെ വളരെക്കാലം തടഞ്ഞുവയ്ക്കുവാൻ ആർക്കും കഴിയുന്നതല്ല. ദിവാൻ മിസ്റ്റർ ഭോർ ഈ വസ്തുതകളെ ഗാഢമായി ചിന്തിച്ചു പ്രസ്തുത സ്ത്രീപ്രവേശനവിഷയത്തിൽ മാത്രമല്ല മറ്റു രാജ്യഭരണസംബന്ധമായ സകലവിഷയങ്ങളിലും ഈഴവർക്കുള്ള ന്യായമായ അവകാശത്തേയും ഗവൺമെൻറിൻെറ ചുമതലയേയുംഗണ്യമാക്കിയും പ്രവർത്തിച്ചു് അവരുടെ മുറവിളി ഇതിനെക്കാൾ ഉച്ചമായും വ്യാപ്തമായും പുറപ്പെടുന്നതിനു് ഇടക്കൊടുക്കാതെ സങ്കടനിവൃത്തിയുണ്ടാക്കാൻ ദയചെയ്തു ദൃഷ്ടിവയ്ക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. മഹാമനസ്കനായ വലിയ തമ്പുരാൻ തിരുമനസ്സിലെ കരുണാപൂർവ്വമായ ശ്രദ്ധയ്ക്കുവിഷയമാകേണ്ട ഒരു സംഗതികൂടി പ്രത്യേകം പറയേണ്ടിയിരിക്കുന്നു. തിരുമനസ്സിലേക്കു ഹിന്ദുക്കളായ പ്രജകളുടെ മേൽ വൈദികാധികാരം കൂടിയുള്ളതാണ്. ഈഴവർ ഹിന്ദുപ്രജകളിൽ സംഖ്യകൊണ്ടു് ഏറ്റവും മുന്നണിയിൽ നിൽക്കയാണെന്നും മറ്റു് ഉയർന്ന ജാതി ഹിന്ദുക്കളെ എല്ലാംകൂടി ചേർത്തു കൂട്ടിയാലും അവരുടെ സംഖ്യയോടു തുല്യമാകുന്നില്ലെന്നുമുള്ള വാസ്തവം മേൽകാണിച്ചിട്ടുണ്ടു്. സാമുദായിക ചട്ടങ്ങൾക്കു് എല്ലാം കാലോചിതമായ മാറ്റം ആവശ്യപ്പെടുന്നതാണ്. ആ വക ചട്ടങ്ങളെ ഇറുക്കുകയോ അയയ്ക്കുകയോ ചെയ്വാൻ കൊച്ചിയെ സംബന്ധിച്ചിടത്തോളം തിരുമനസ്സിലേക്കു കഴിയുന്നതാണ്. അങ്ങനെ ചിലതെല്ലാം ചിലപ്പോൾ ചെയ്തുവരാറുമുണ്ടു്. അതുകൊണ്ടു് ഈഴവർക്കു തങ്ങളുടെ രാജ്യത്തു മതംമാറിയാൽ കിട്ടുന്ന സ്വാതന്ത്ര്യങ്ങൾ എല്ലാം വിദ്യാഭ്യാസം, ഉദ്യോഗലാഭം, ഗതാഗതസൗകര്യം ഈ വിഷയങ്ങളിൽ അവർക്കു" അനുവദിച്ചുകൊടുക്കേണ്ടകാലം വൈകിപ്പോയിരിക്കയാണെന്നു ഞങ്ങൾ ഏറ്റവും വിനയപൂർവ്വം ഉണർത്തിച്ചുകൊള്ളുന്നു. കൊച്ചിയിലെ ഈഴവരുടെ കരുണാനിധിയായ രാജാവിൻെറ നിലയിൽ മാത്രമല്ല, ദേശാഭിമാനിയായ ഒരു ഭാരതീയൻെറ നിലയിലും• തിരുമനസ്സുകൊണ്ടു് ഈ വിഷയ

Digitized By Kerala Sahitya Akademi

ത്തിൽ ഉടനേ ദയാദൃഷ്ടി പതിക്കേണ്ടതാവശ്യമാണെന്നു ഞങ്ങൾ ഭക്തിബഹുമാന പുരസ്സരം പ്രസ്താവിക്കയും അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

വിവേ: 1091 ധനു

തിരുവിതാംകൂർ ഹജൂർ ആഫീസിൽ ഈഴവർക്കു് ഉദ്യോഗം കിട്ടി

ഈഴവർ പ്രജാസഭയിലും മറ്റും പലപ്പോഴും സങ്കടം പറഞ്ഞിട്ടും തിരുവിതാംകൂർ ഗവൺമെൻറു് ഹജൂരാപ്പീസിൽ അവർക്കു് ഉയർന്ന ഉദ്യോഗംകൊടുപ്പാൻ കനിവു മടികാണിച്ചിരുന്നു. ഉദ്യോഗദാനവിഷയത്തിലും മറ്റും ഈഴവരോടു് അത്യന്തം ദയാപൂർവ്വം വർത്തിച്ചിരുന്ന ശ്രീമാൻ പി. രാജഗോപാലാചാരി അവർകൾ തന്നെയും അവരുടെ ആ സങ്കടം നിവർത്തിക്കാതെയാണു് പിരിഞ്ഞുപോയിട്ടുള്ളതു്. ശ്രീമാൻ എം. കൃഷ്ണൻനായർ അവർകൾ ഇതാ രണ്ടു ഈഴവരെ ഹജൂരിൽ ക്ലർക്കുകളായി നിയമിച്ചിരിക്കുന്നു. ഈയിടെ മിതവാദി, ദേശാഭിമാനി ഈ സഹജീവികളിൽ കൃഷ്ണൻ നായരവർകളുടെ നിലയെപ്പറ്റി ചില വിപ്രപത്തികൾ പുറപ്പെടുവിച്ചുകണ്ടതു് അദ്ദേഹത്തിന്റെ നിഷ്പക്ഷന്യായത്തിന്റെ ഈ ദൃഷ്ടാന്തത്താൽ നീങ്ങിയിരിപ്പാൻ ഇടയുണ്ടു്. കൃഷ്ണൻ നായരവർകൾ കഴിഞ്ഞ വടക്കൻ സർക്കീട്ടിൽ ചേർത്തല ഈഴവർ സമർപ്പിച്ച ഒരു മംഗളപത്രത്തിനു മറുപടി പറഞ്ഞപ്പോൾ ഈഴവരുടെ സ്ഥിതിയേയും അവരുടെ സവിശേഷമായ പ്രോത്സാഹനത്തെ-അർഹിക്കുന്ന വസ്തുതയേയും പറഞ്ഞു മടക്കത്തിൽ അദ്ദേഹം മഹാരാജാവു തിരുമനസ്സിലെ സന്നിധിയിൽ പ്രത്യേകം ഉണർത്തിക്കുന്നതാണെന്നും അവരുടെ സംഗതികൾ തിരുമനസ്സിലെ പ്രത്യേകതിരുവുള്ളത്തിനു വിഷയമാകുന്നതും അതിന്റെ ഫലം അചിരേണ അവർക്കു് അനുഭവമാകുന്നതുമാണെന്നും സഹജമായ വിശാലഹൃദയതയോടും അനുകമ്പയോടും കൂടി വാഗ്ദാനം ചെയ്തിരുന്ന വിവരം ഈ പംക്തികളിൽ സൂചിപ്പിച്ചിരുന്നതു് വായനക്കാർ ഓർക്കുമെന്നു വിശ്വസിക്കുന്നു. ഈ ഹജൂർ ഉദ്യോഗദാനത്തെ ആ തിരുവുള്ളത്തിന്റെ ഫലങ്ങളിൽ ഒന്നായി വ്യാഖ്യാനിപ്പാൻ ഞങ്ങൾ മടിക്കുന്നില്ല. കരുണാനിധിയായ തിരുമനസ്സിലെ നേർക്കും ദിവാൻജി അവർകളുടെ നേർക്കും ഈ വിഷയത്തിൽ സമുദായത്തിനുള്ള സവിശേഷമായ കൃതജ്ഞതയും ഞങ്ങൾ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. ഈ സമുചിത കൃത്യത്താൽ നമ്മുടെ ദിവാൻജി ശ്രീമാൻ എം. കൃഷ്ണൻനായർ അവർകൾ തിരുവിതാംകൂറിലെ തീയരുടെ നിത്യസ്മരണയ്ക്കു പാത്രമായിത്തീർന്നിരിക്കുന്ന വസ്തുതയും പ്രത്യേകം പ്രസ്താവയോഗ്യമാണു്. കൃഷ്ണൻനായരവർകളുടെ ഈ ഔദാര്യത്തിൽ കായ്ക്കാത്ത വൃക്ഷം കാച്ചുകണ്ടാലുള്ള ആശ്ചര്യമല്ല ഞങ്ങൾക്കു തോന്നുന്നതു്, കായ്ക്കുന്ന മരത്തിൽ പുതിയകുല കണ്ടാലുള്ള സന്തോഷാതിശയം മാത്രമാകുന്നു.

വിവേ: 1091 മകരം

Digitized By Kerala Sahitya Akademi

കൊച്ചിസർക്കാരും ഈഴവരും 2

ഈ തലക്കെട്ടിൽ ഞങ്ങൾ ഇതിനു മുമ്പെഴുതിയിരുന്ന ലേഖനം ഇവിടെ നിന്നു കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലേക്കും ദിവാൻ മിസ്റ്റർ ഗോറിനും പ്രത്യേകം കത്തുകളോടുകൂടി അയച്ചിരുന്നു. ദിവാനു് അയച്ചിരുന്ന കത്തിൽ ഞങ്ങൾ കൊച്ചി ഈഴവരുടെ സങ്കടത്തെപ്പറ്റി ചുരുക്കമായ ചില വിവരങ്ങളും കൊടുത്തിട്ടുണ്ടായിരുന്നു. ദിവാന്റെ ആഫീസിൽ നിന്നു് ഞങ്ങൾക്കു് അതിനു കിട്ടിയ മറുപടി (തർജ്ജിമ ചെയ്തു) താഴെച്ചേർക്കുന്നു.

1) യോഗം പ്രതിനിധികൾ അവരുടെ വർഗ്ഗക്കാരുടെ സംഗതിക്കുവേണ്ടി ദിവാൻജിയെ കാൺമാൻ ആഗ്രഹിക്കുന്ന പക്ഷം അതനുവദിപ്പാൻ അദ്ദേഹത്തിനു സന്തോഷമുണ്ടു്.

2) കൊട്ടങ്ങല്ലൂർ ലോവർ സെക്കണ്ടറി ഗവൺമ്മെന്റു സ്കൂളിനെപ്പറ്റിയാകട്ടെ ആ സ്കൂൾ എല്ലാവർഗ്ഗക്കാർക്കും പ്രവേശ്യമായ സ്ഥലത്തു കഴിയുന്ന വേഗത്തിൽ മാറ്റി സ്ഥാപിപ്പാൻ ഏർപ്പാടുചെയ്യുമെന്നുള്ള ഉത്തരവിനെ ആവർത്തിച്ചു പറവാൻ മാത്രമേ സാധിക്കയുള്ളൂ.

മതി. ഈഴവർക്കു് ഈ ഉത്തരവിനെ ഒട്ടുംകാലവിളംബം കൂടാതെ നടപ്പിൽ വരുത്തിക്കിട്ടിയാൽ മതി. അവരുടെ പെൺകുട്ടികൾക്കും പഠിക്കേണമെന്നും അതിനു ഗവർമ്മെന്റു മറ്റുവർഗ്ഗക്കാർക്കു സാധാരണ ചെയ്തുവരുന്ന സഹായവും പ്രോത്സാഹനവും തങ്ങൾക്കും ലഭിക്കേണമെന്നും അല്ലാതെ ആ വിഷയത്തിൽ അവർക്കു വേറെ ഒന്നും പറവാനില്ലതന്നെ. ലേഖനത്തിൽ പറഞ്ഞ മറ്റു സംഗതികൾക്കായി യോഗത്തിൽനിന്നു് ഏതാനും പ്രതിനിധികളെ ദിവാൻജി അവർകളുടെ അടുക്കലേക്കു് ഒരു പ്രതിപുരുഷസംഘം (Deputation) ആയിപ്പോയി വേണ്ടതു പ്രവർത്തിപ്പാൻ ഏർപ്പാടു ചെയ്യുന്നതു് അപേക്ഷിതമാകയാൽ ഈ അവസരത്തെ യോഗം നല്ലവണ്ണം അതിലേക്കായി ഉപയോഗിക്കുമെന്നു വിശ്വസിക്കുന്നു. കൊട്ടങ്ങല്ലൂർ സ്കൂളിനെ സംബന്ധിച്ച സംഗതിയിൽ സാക്ഷാൽ വിരോധമുള്ളവർ കൊട്ടങ്ങല്ലൂർ തമ്പുരാക്കന്മാരാണെന്നും സ്ഥലം അവരുടെ അധികാരാതിർത്തിയിൽപ്പെട്ടതാകയാൽ കൊച്ചിഗവർമ്മെന്റിനു ബോധിച്ചപോലൊന്നും എടുപ്പത്തിൽ ചെയ്യുകൂടുന്നതല്ലെന്നുംകൂടി ഞങ്ങൾ ചിലവഴിക്കു് അറിയുന്നുണ്ടു്. ഇതു വാസ്തവമാണെങ്കിൽ പണ്ഡിതന്മാരും ഈഴവരിൽ പലരോടും പ്രത്യേക വാത്സല്യമുള്ളവരുമായ കൊട്ടങ്ങല്ലൂർ തമ്പുരാക്കന്മാർ ഈ അപവാദത്തെ ക്ഷാളനം ചെയ്വാൻ വേണ്ടതു പ്രവർത്തിക്കേണ്ടകാലം വൈകിയിരിക്കുന്നു എന്നു ഞങ്ങൾ താഴ്മയായി ആ തിരുമേനികളേയും ഉണർത്തിച്ചുകൊള്ളുന്നു. കാലാനുസാരമായി ഉയർന്നുവരുന്ന സാമുദായികമായ വലിയമാറ്റത്തിനേറയോ ഭജനമഠത്തിനേറയോ വാതുക്കലെങ്ങും ഞങ്ങൾ തങ്ങളുടെ കോവിലകത്തിനേറയോ എത്തിനോക്കാൻ പാടില്ലെന്നു ശഠിക്കത്തക്ക ശുദ്ധഗതി ആ മഹാബുദ്ധിമാന്മാരിൽ നിന്നു പ്രതീക്ഷിക്കത്തക്കതല്ലെന്നു ഞങ്ങൾക്കു തോന്നുന്ന വസ്തുതയും ഈ അവസരത്തിൽ തുറന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല.

വിവേ : 1091 കം.ഭം

Digitized By Kerala Sahitya Akademi

കൊച്ചിസർക്കാരും ഈഴവരും 3

കഴിഞ്ഞ ജൂലൈമാസം 1-ാംതീയതി യോഗത്തിൽനിന്നും കൊച്ചി ദിവാൻ മിസ്റ്റർ ഭോറിന്റെ സന്നിധിയിൽ ഒരുപ്രതിനിധിസംഘം പോയി അവിടത്തെ സ്വജനങ്ങൾക്കു വിദ്യാഭ്യാസ വിഷയമായും സർക്കാരുദ്യോഗ സംബന്ധമായും സാമുദായിക സ്വാതന്ത്ര്യാവകാശങ്ങൾ സംബന്ധിച്ചും മറും കൊച്ചിശീമയിലുള്ള സങ്കടങ്ങളെപ്പററി നിവേദനങ്ങൾ ചെയ്ത വിവരവും അതിനു ദിവാൻജി അപ്പോൾ പറഞ്ഞ മറുപടിയും ഇതിനുമുൻപ് ഈ പംക്തികളിൽ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. ദിവാൻജി അവർകൾ തന്റെ മറുപടിയെ അർത്ഥവത്താക്കുന്ന പല പ്രവൃത്തികളും അതിനേ തുടർന്നു് ചെയ്തുകൊണ്ടിരിക്കുന്നതായി അറിവാൻ ഇടയായതിൽ ഞങ്ങൾക്കു വലുതായ ചാരിതാർത്ഥ്യവും സന്തോഷവുമുണ്ടു്. തൃശ്ശിവപേരൂർ ടൗൺകൗൺസിലിൽ ഈയിടെ ഒരു ഈഴവ മാന്യനെ മെമ്പറായി എടുക്കുകയും, ഗ്രാമപ്പഞ്ചായത്തു കോടതിയിൽ ചില ഈഴവ മാന്യന്മാരെക്കൂടി തിരഞ്ഞെടുത്തു നിയമിക്കയും, പോലീസ് മുതലായ ചില ഡിപ്പാർട്ടുമെൻറുകളിൽ ഈഴവർക്കു് ഉദ്യോഗം നല്കുന്നതിലുള്ള വൈമനസ്യത്തെ ചിലർക്കു് ഉദ്യോഗങ്ങൾ ഈയിടെ നല്കി ദൃഷ്ടാന്തപൂർവ്വം നീക്കുകയും, പബ്ലിക് റോഡുകളിൽ ഗതാഗതം തടയുന്ന ചില ബോർഡുകളെ പറിച്ചുമാറ്റുവാൻ കല്പന കൊടുക്കയും മറും അദ്ദേഹം ചെയ്തു കഴിഞ്ഞിരിക്കുന്നവത്രേ. അങ്ങനെയെല്ലാം ആണെങ്കിലും ഈയിടെ ഉണ്ടായ ഒരു സബ്ജഡ്ജിയുടെ നിയമനത്തിൽ ശ്രീമാൻ ഇ. കെ. അയ്യാക്കുട്ടി അവർകളുടെ അവകാശത്തെ ഗവർമ്മെൻറു വീണ്ടും വിസ്മരിച്ചിരിക്കുന്നു എന്നുള്ള വസ്തുത ഞങ്ങൾക്കു വിസ്മരിച്ചുകൂടുന്നതല്ല. പരിഷ്കൃത ഗവർമ്മെൻറുകൾ പ്രജാവർഗ്ഗത്തിൽ പിന്നോക്കം നില്ക്കുന്ന കൂട്ടരെ പ്രത്യേകം പരിഗണിച്ചു് ഉദ്യോഗാദി വിഷയങ്ങളിൽ പ്രോത്സാഹിപ്പിക്കയാകുന്നു പതിവു്. ആ സ്ഥിതിക്കു് അവരുടെ ന്യായമായ അവകാശങ്ങളെത്തന്നെ പ്രത്യക്ഷമായി തിരസ്കരിച്ചു് അധൈര്യപ്പെടുത്തുന്ന ഈ പ്രതിലോമനയം തീരെ കാലോചിതമായിരിക്കുന്നില്ലെന്നു പറയേണ്ടതാവശ്യമാണോ? ഏതായാലും ഈഴവർക്കായി ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ ചില്ലറയനുഗ്രഹങ്ങൾക്കും വേണ്ടി ഹൃദയപൂർവ്വം നന്ദിപറയുന്നതോടുകൂടി ഈ വക കാര്യങ്ങളേയും കരുണാനിധിയായ വലിയ തമ്പുരാൻ തിരുമനസ്സിലെ ഗവർമ്മെൻറിന്റെ ദൃഷ്ടിയിൽ ഞങ്ങൾ കൊണ്ടുവരികയും സങ്കടനിവൃത്തിയേ വിനയപൂർവ്വം പ്രാർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

വിവേ: 1091 കർക്കടകം, 1092 ചിങ്ങം

മതകാണ്ഡം

മതം

മതം അല്ലെങ്കിൽ നമ്മുടെ ജീവിതയാത്രയെ നിയന്ത്രണം ചെയ്യുന്ന അപ്രത്യക്ഷമായ ഒരു ശക്തിയേയോ അവസ്ഥയേയോ കുറിച്ചുള്ള വിശ്വാസം ഇല്ലാത്തവർ മനുഷ്യരിൽ ചുരുക്കമാണു്. ഈ വിശ്വാസത്തിന്റെ സ്വഭാവം രുചിഭേദ

Digitized By Kerala Sahitya Akademi

ത്തേയോ ബുദ്ധിവൈചിത്ര്യത്തേയോ അനുസരിച്ചു ഭേദപ്പെട്ടുമെങ്കിലും വിശ്വാസം ജീവിതാവധി നിലനിൽക്കുന്നു. ജീവിതത്തെ സുഖാവഹമായ ഒരു ഉത്തമ മാതൃകയിൽ കൊണ്ടുവരുന്നതിനു് മനുഷ്യനു് ഇതിനേക്കാൾ ഉതകുന്നതായി മറെറാന്നില്ല. സകല സന്മാർഗ്ഗതത്ത്വങ്ങളും ഗുണദോഷവിചാരങ്ങളും ത്യാജഗ്രാഹ്യ ബുദ്ധികളും ഇതിനെ അടിസ്ഥാനമാക്കി ഉണ്ടാകുന്നതാകുന്നു. സാമുദായികമായ അഭിവൃദ്ധിക്കുതന്നെ മതത്തെക്കാൾ വാസ്തവത്തിൽ മറെറാന്നുതകുന്നില്ല. മനുഷ്യരുടെ ഐകമത്യ പൂർവമായ സഹകരണമാണു് സമുദായാഭ്യുദയത്തിനു ഹേതുവായിരിക്കുന്നതു്. ഐകമത്യത്തിനു നിദാനമായ പരസ്പരസഹോദരത്വബോധം മതബോധത്തിൻെറ സന്താനമാകുന്നു. 'മതം വേണ്ടാ സന്മാർഗ്ഗനിഷ്ഠ മാത്രം മതി' എന്നു വാദിക്കുന്ന അപൂർവം ചിലരുണ്ടു്, അവരുടെ സന്മാർഗ്ഗനിഷ്ഠയുടെ തോതിനെ നിർണ്ണയിപ്പാൻ പലപ്പോഴും അവർതന്നെ കഴുങ്ങുന്നതാണു്. മാത്രമല്ല സന്മാർഗ്ഗ നിഷ്ഠ എന്തിനായിട്ടു് എന്ന ചോദ്യത്തിനു് അവർക്കു തൃപ്തികരമായ മറുപടി ഉണ്ടാകുന്നില്ല. തനിക്കു പ്രത്യേകവും സാമുദായികവുമായുള്ള ജീവിതത്തെ സുഖമായും പരസ്പരം അബാധിതമായും നയിക്കുന്നതിനു സന്മാർഗ്ഗനിഷ്ഠ ആവശ്യമാണെന്നു ചിലർ പറയും. സന്മാർഗ്ഗിയായിരിക്കേണ്ടതു് ന്യായവും മനുഷ്യൻെറ ധർമ്മവും ആകയാൽ അതിനെ അനുഷ്ഠിപ്പാൻ നാം നിർബന്ധിതരാണെന്നു് കൂടെക്കൂടി ഊർജ്ജിതമായി മറു ചിലർ പറയും. എന്നാൽ ഈ തരക്കാരിൽ പലർക്കും ലോകത്തിൻെറ ദൃഷ്ടിയേയും ശ്രോത്രത്തെയും പ്രസാദിപ്പിപ്പാനുള്ള ഒരു ശ്രമം മാത്രമായാണു് അവരുടെ സന്മാർഗ്ഗ നിഷ്ഠ പലപ്പോഴും കലാശിക്കാറുള്ളതു്. അവരുടെ രഹസ്യ ജീവിതത്തെക്കുറിച്ചു ആർക്കും ഒന്നും അറിവാൻ തരമില്ല. ഓരോ ജീവിതത്തിനും പല രഹസ്യങ്ങളും ഉണ്ടായിരിക്കും. ആ രഹസ്യങ്ങളെല്ലാം ശ്വാസകോശത്തിൻെറ പ്രവൃത്തി നില്ക്കുന്നതോടുകൂടി അവസാനിക്കുകയും ചെയ്യുന്നു. കൊടുങ്കാറു പോലെ സർവതോമുഖമായി ബാധിച്ചുകൊണ്ടിരിക്കുന്ന ഭയങ്കരങ്ങളായ പ്രലോഭനങ്ങൾക്കെതിർത്തുനിൽപ്പാനുള്ള സന്മാർഗ്ഗ നിഷ്ഠാസ്തംഭം ഇത്ര അന്തഃശൂന്യവും ദുർബ്ബലവുമായ അടിസ്ഥാനത്തിന്മേൽ പ്രതിഷ്ഠിപ്പാൻ വളരെപ്പേർ തുനിയുമെന്നു തോന്നുന്നില്ല. ഇവരുടെ ധർമ്മനിഷ്ഠയെ കേവലം ബാഹ്യനിഷ്ഠ എന്നല്ലെങ്കിൽ മിഥ്യാനിഷ്ഠ എന്നു കൂടിയും പറഞ്ഞാൽ യോജിക്കുന്നതാണു്. എന്നാൽ ഇവരുടെയിടയിലും കേവലം ധർമ്മനിഷ്ഠന്മാർ ഉണ്ടാകുന്നതു് അസംഭാവ്യമെന്നോ നേരേമറിച്ചു് മതാനുസാരികളും ഒന്നൊഴിയാതെ സദാചാര നിഷ്ഠന്മാരായിത്തന്നെ ഇരിക്കുമെന്നു വല്ല നിർബന്ധവുമുണ്ടെന്നോ വിചാരിക്കരുതു്. ഇവരുടെ നിഷ്ഠയുടെ ഉദ്ദേശ്യം ബാഹ്യവും മതാനുവർത്തികളുടെ ഉദ്ദേശ്യം എപ്പോഴും ആന്തരവുമാണു്. ഇവർ ഭയപ്പെടുന്നതു് ബുദ്ധുദ്ധുല്യമായ യശസ്സിനേയും മറവർ പേടിക്കുന്നതു് അന്തര്യാമിയായ ചൈതന്യത്തേയും ആകുന്നു. ഇതാണു വ്യത്യാസം. ഇവിടെയാണു നാം മതത്തിൻെറ ധർമ്മപരമായ പ്രയോജനത്തെ കാണുന്നതു്.

Digitized By Kerala Sahitya Akademi

തലശ്ശേരിയിലെ ക്ഷേത്രപ്രതിഷ്ഠ

തലശ്ശേരിയിൽ ശ്രീ ജ്ഞാനോദയ സമാജം വകയായിപണി കഴിപ്പിച്ചുവരുന്ന ശിവക്ഷേത്രത്തെക്കുറിച്ചു ഞങ്ങൾ പലപ്പോഴും ഈ പംക്തിയിൽ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. പ്രസ്തുതക്ഷേത്രത്തിന്റെ പണികൾ ഇപ്പോൾ മിക്കവാറും പൂർത്തിയായിരിക്കുന്നു എന്നറിയുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. ഈ വിഷയത്തിൽ അവിടത്തെ സ്വജനങ്ങൾ പ്രദർശിപ്പിച്ചുവരുന്ന ഔത്സുക്യം അസാമാന്യമായിരിക്കുന്നു. മഹാത്മാവായ ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി അവർകളുടെ ആജ്ഞകളെ ഭക്തിപൂർവം അനുവർത്തിക്കുന്നതിൽ അവർക്കുള്ള താൽപര്യാതിരേകം ശ്ലാഘനീയമായിട്ടുള്ളതാണ്. മേല്പടി ക്ഷേത്രത്തിന്റെ പ്രതിഷ്ഠ അടുത്ത മകരമാസം 15-ാംനു സ്വാമി അവർകളാൽ നടത്തപ്പെടുവാൻ നിശ്ചയിച്ചിരിക്കയാകുന്നു. അതിനാൽ ആ ദിവസം നമ്മുടെ വടക്കേ മലയാളത്തിലെ സ്വജനങ്ങൾക്ക് ഒരു പൊതു സുദിനമായിക്കുമെന്നു പറയേണ്ടതില്ലല്ലോ. ക്ഷേത്രംവക പണിവകയ്ക്കായി തൽ പ്രവർത്തകന്മാർ തീയരുദ്യോഗസ്ഥന്മാരോടെല്ലാം തങ്ങളുടെ ഒരു മാസത്തെ മാസപ്പടിയിൽ പകുതി സംഭാവന ചെയ്യണമെന്നപേക്ഷിക്കയും അതനുസരിച്ച് അതിൽ പലരും അപ്രകാരം ചെയ്തുവരികയും ചെയ്യുന്നതായി ഞങ്ങൾ പ്രസ്താവിച്ചിട്ടുണ്ടല്ലോ. പൊതുനന്മയ്ക്കായുള്ള ഇക്കാര്യത്തിൽ ഉദ്യോഗസ്ഥന്മാരെന്നു മാത്രമല്ല യോഗ്യന്മാരായ എല്ലാവരും സാധുക്കളും കൂടിയും തങ്ങളാൽ കഴിയുന്ന സഹായങ്ങൾ ചെയ്തും ചെയ്യിപ്പിച്ചും അതിന്റെ പ്രവർത്തകന്മാരുടെ ഉദ്ദേശ്യത്തെ സഫലമാക്കേണ്ടതാകുന്നു. മഹാത്മാവായ സ്വാമി അവർകളുടെ ഈ ക്ഷേത്ര പ്രതിഷ്ഠ വടക്കേ മലയാളത്തിലെ നമ്മുടെ സ്വജനങ്ങൾക്കു ''ഭാവിശ്രേയ:പ്രഭാത''മായ ഒരു പുതിയ കാലഘട്ടത്തിന്റെ ആവിർഭാവമായിരിക്കുമെന്നും അവരുടെ ഐഹികവും ആമുഷ്മികവുമായ അഭിവൃദ്ധിക്കു അത്യന്ത ശാശ്വതമായ നിദാനമായിരിക്കുമെന്നും ഞങ്ങൾ വിശ്വസിക്കുകയും സ്വവർഗ്ഗസ്നേഹമുള്ള എല്ലാ ഹൃദയങ്ങളെയും അതിലേക്കു കഴിയുന്ന ഒത്താശചെയ്തു കൊടുക്കുന്നതിലേക്കായി സസ്നേഹം ക്ഷണിച്ചു കൊള്ളുകയും ചെയ്യുന്നു.

വിവേ: 1082 തുലാം

ഈഴവ സമുദായം വകയായ ഒരു പുതിയ ക്ഷേത്രം

വന്ദ്യപാദരായ ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി അവർകളുടെ ദിവ്യസാന്നിദ്ധ്യം കൊണ്ടു പാവനമാക്കിചെയ്യപ്പെട്ടിരിക്കുന്ന വക്കല ശിവഗിരി മഠത്തോടു ചേർന്നു സ്വജനങ്ങളുടെ പൊതു ഉപയോഗത്തിനും നന്മയ്ക്കും വേണ്ടി ശാശ്വതമായ ഒരു ദേവാലയവും സംസ്കൃത പാഠശാലയും സ്ഥാപിപ്പാൻ സ്വാമി അവർകൾ ആഗ്രഹിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു പ്രഖ്യാപനം ഇതിന്റെ വേറൊരു ഭാഗത്തു ചേർത്തിട്ടുണ്ട്. തെക്കെ ഇൻഡ്യയിൽ ഉള്ള പ്രധാനപ്പെട്ട പുണ്യസ്ഥലങ്ങളിൽ ഒന്നാണു വർക്കല എന്നു സുപ്രസിദ്ധമാണല്ലോ. എത്രയോ പ്രാചീന

Digitized By Kerala Sahitya Akademi

കാലം മുതൽക്കേ തിരുവിതാംകൂറിലെ ഏറ്റവും പാവനമായപുണ്യസ്ഥമായിട്ടാ കുന്ന വർക്കലയെ കരുതിപ്പോന്നിട്ടുള്ളതു്. മതസംബന്ധമായി ഇത്ര പ്രസിദ്ധി യും പ്രാധാന്യവും ഉള്ള സ്ഥലത്തു തന്നെ ഈഴവരുടെ പൊതുസ്വത്തായി ഒരു ക്ഷേ ത്രം ഉണ്ടായിരിക്കേണ്ടതും ഉചിതമായിട്ടുള്ളതുതന്നെ. ഇപ്പോൾ നമ്മുടെ പുണ്യ സ്ഥലമായി വിചാരിക്കപ്പെട്ടുപോരുന്ന അരുവിപ്പുറത്തേക്കാൾ ആ സ്ഥാനത്തെ അഹിക്കുന്നതു് എന്തുകൊണ്ടും വക്കലയാണെന്നുള്ളതിനു സംശയമില്ല ഇവിടെ ന മ്മുടെ സമുദായത്തിന്റെ പ്രാബല്യത്തിനും ഐശ്വര്യത്തിനും ഉചിതമായ ഒരു ക്ഷേത്രം സ്ഥാപിക്കുന്ന പക്ഷം അതു സമുദായത്തിന്റെ മത സംബന്ധമായ ത ലസ്ഥാനമായി എന്നും വിചാരിക്കപ്പെടുകയും, കേരളത്തിന്റെ നാനാ ഭാഗങ്ങ ളിൽനിന്നും ഇപ്പോഴേ തന്നെ വന്നുതുടങ്ങിയിരിക്കുന്ന സജ്ജനങ്ങളായ അനേകം തീർത്ഥയാത്രക്കാർക്കും മറ്റും പരിശുദ്ധമായ ഒരു പുണ്യസ്ഥലമായിത്തീരുകയും ചെയ്യുന്നതാണു്.

സ്വാമിപാദങ്ങളുടെ സാന്നിദ്ധ്യം കൊണ്ടു പ്രതിദിനം എന്നപോലെ അഭിവൃ ദ്ധിയെ പ്രാപിച്ചുവരുന്ന ശിവഗിരിമഠം ഈ വിധത്തിലുള്ള ഒരു ക്ഷേത്രം സ്ഥാപി ക്കുന്നതിനു സർവപ്രകാരേണയും യോജിപ്പുള്ള ഒരു സ്ഥലമാണെന്നു് അവിടംസന്ദ ശിച്ചിട്ടുള്ള ഏവരും സംശയം കൂടാതെ അഭിപ്രായപ്പെടുന്നുണ്ടു്. ഒരു ക്ഷേത്രസ്ഥാ പനത്തിനു് ഇത്ര സമുചിതമായ ഒരു സ്ഥലം അവിടെ ദുർല്ലഭമാണു്. ഈഴവർ സംഖ്യകൊണ്ടെന്ന പോലെ ധനംകൊണ്ടും വളരെ പ്രാബല്യമുള്ള ഒരു സമുദായ മാണെന്നു സമ്മതിച്ചേ തീരു. എന്നു മാത്രമല്ല, അവരുടെ ഐശ്വര്യവും പ്രാബ ല്യവും വർദ്ധിച്ചുവരികയുമാകുന്നു. അതിനാൽ നാം സ്ഥാപിക്കുവാൻ പോകുന്ന ക്ഷേത്രം സമുദായത്തിന്റെ വർദ്ധിച്ചു വരുന്ന പ്രാബല്യത്തിനു യോജിച്ചതായിരി ക്കേണ്ടതു വിസ്മരിക്കാൻ പാടില്ലാത്ത ഒരു സംഗതിയാണു്. എത്രയോ ധനവാ ന്മാരുള്ള ഈ സമുദായത്തിൽ നിന്നും ഇതിനുവേണ്ട ദ്രവ്യത്തെ പ്രയാസം കൂടാതെ പിരിക്കുവാൻ സാധിക്കുന്നതാണെന്നുള്ളതിനു സംശയമില്ല. എങ്കിലും സ്വാമി അവർകളുടെ ആഗ്രഹം ഒരു ക. യിൽ കൂടി ഒരുത്തരോടും ആവശ്യപ്പെടരുതെന്നും സ്വമേധയാ കൂടുതൽ തുകകൊണ്ടു തങ്ങളുടെ ഔദാര്യത്തേയും മതപ്രതിപത്തിയേ യും തെളിയിക്കുവാൻ വിചാരിക്കുന്നവർ അങ്ങനെ ചെയ്യുന്നതിനു വിരോധിക്ക പ്പെടരുതെന്നുമാകുന്നു. ഈ നിസ്സാരമായ തുക കൊടുപ്പാൻ മടിക്കുന്നവരോ അപ്രാ പ്തന്മാരോ ആയ ഈഴവർ വളരെ ദുർല്ലഭമായിരിക്കുമെന്നാണു ഞങ്ങളുടെ വിശ്വാ സം. തങ്ങളുടെ സമുദായഗുരുവായ ആ മഹാത്മാവിന്റെ മഹിമയേറിയ സാ ന്നിദ്ധ്യം സമുദായാംഗങ്ങൾക്കു് എത്രമേൽ ഒരു അനുഗ്രഹമാണെന്നു് എല്ലാ ഈഴ വർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതാകുന്നു. അതിനാൽ അദ്ദേഹത്തിന്റെ സമുദായസ്നേ ഹത്തെ ഉദ്ദേശിച്ചുള്ള ഈ ആഗ്രഹത്തെ നിറവേറുന്നതിനു് ആവശ്യമുള്ള എല്ലാ വിധ സഹായങ്ങളും ചെയ്വാൻ ഈ സമുദായത്തിൽപ്പെട്ട എല്ലാ അംഗങ്ങളും സർ വാത്മനാ ഒരുക്കമുള്ളവരായിരിക്കുമെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

വിവേ : 1082 കർക്കടകം, 1083 ചിങ്ങം

Digitized By Kerala Sahitya Akademi

മതപ്രസംഗം

സമുദായത്തിന്റെ എല്ലാവിധ ശ്രേയസ്സുകൾക്കും അസ്ഥിഭാരം മതമാകുന്നു. മതത്തിന്റെ സഹായംകൂടാതെ ലോകത്തു് ഒരു ജനസമുദായവും ഔന്നത്യത്തെ പ്രാപിച്ചിട്ടില്ല. അതിനാൽ സമുദായ പരിഷ്കാര വിഷയത്തിൽ സർവോപരി പ്രാധാന്യം കല്പിക്കേണ്ടതു മതത്തിനാകുന്നു. അതിലും വിശേഷിച്ചു ഹിന്ദുക്കളുടെ ഇടയിൽ സാമുദായികമായി ചെയ്യപ്പെടുന്ന ഏതു പരിഷ്കാരശ്രമത്തിന്റെയും സാഫല്യത്തിനു് മതം തീരെ ഒഴിച്ചുകൂടാത്തതാകുന്നു. ഈ തത്ത്വത്തെ വേണ്ടപോലെ മനസ്സിലാക്കീട്ടാണു്, ''ഇന്ത്യയെ ഉയർത്തണമെങ്കിൽ മതമാകുന്ന അതിന്റെ കൈപിടിയിൽ തൂക്കീട്ടതന്നെ വേണം'' എന്നു വിശ്വവിഖ്യാതനായ വിവേകാനന്ദസ്വാമികൾ അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഹിന്തുക്കൾക്കു് അഭിമാനഹേതുകമായി വല്ലതും ശേഷിച്ചിട്ടുണ്ടെങ്കിൽ അതു് അവരുടെ പ്രാചീനവും പരിശുദ്ധവുമായ മതം ഒന്നുമാത്രമാകുന്നു. എന്നാൽ ഇത്ര വിശിഷ്ടമായ ഒരു മതത്തെ അവലംബിച്ചിരിക്കുന്ന ഹിന്തുക്കളിൽ ഭൂരിപക്ഷത്തിന്റെയും അവസ്ഥ ഇപ്പോൾ എത്ര ദയനീയമായി തീർന്നിരിക്കുന്നു. സ്വമതത്തെ സംബന്ധിച്ചു് സാമാന്യമായിട്ടെങ്കിലും ജ്ഞാനം സമ്പാദിച്ചവർ ഇവരിൽ എത്രപേരുണ്ടായിരിക്കും? ഇവരിൽ എത്രപേർ മതാചാരങ്ങളെ നിയമേന അനുഷ്ഠിച്ചുവരുന്നവരായി കാണപ്പെടുന്നുണ്ടു്? നമ്മുടെ സ്വജനങ്ങളുടെ കഥതന്നെ ആലോചിക്കാം. മതസംബന്ധമായ ജ്ഞാനമില്ലാതെ കഴുങ്ങുന്നവർ നമ്മുടെ സമുദായത്തിൽ അസംഖ്യമുണ്ടു്. ഈ വസ്തുത പല സ്ഥലങ്ങളിൽനിന്നും ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്ന കത്തുകളാലും മറ്റും ഞങ്ങൾക്കു നല്ലവണ്ണം ബോദ്ധ്യം വന്നിട്ടുള്ളതാണു്. ഇപ്പോൾ ചെങ്ങന്നൂർ മുതലായ വടക്കൻ താലൂക്കുകളിലുള്ള ക്രിസ്ത്യാനി സംഘക്കാരിൽ പലരും അഭൂതപൂർവ്വമായ ഉത്സാഹത്തോടുകൂടി പ്രസംഗങ്ങൾ, പ്രാർത്ഥനകൾ, നൃത്തങ്ങൾ മുതലായവ നടത്തിവരികയാകുന്നു. ഇവയിലെല്ലാം അവിടത്തെ സ്വജനങ്ങളിൽ സ്ത്രീപുരുഷന്മാർ ആബാലവൃദ്ധം സംബന്ധിച്ചുവരുന്നതായും ചില മാന്യകുടുംബക്കാർ തങ്ങളുടെ വീടുകളിൽത്തന്നെ ക്രിസ്തുമത പ്രാസംഗികന്മാരെ വരുത്തി പ്രസംഗം മുതലായവ നടത്തിച്ചു വരുന്നതായും അതിന്റെ ഫലമായി നമ്മുടെ പാവപ്പെട്ട സഹോദരങ്ങളിൽ പലരും മതപരിവർത്തനം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നതായും അറിഞ്ഞപ്പോൾ ഞങ്ങൾക്കുണ്ടായ വ്യസനം എത്രമാത്രമാണെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. ഇതിനു് ഒരുപശമം ഉണ്ടാക്കണമെന്നു കരുതി ഞങ്ങൾ വിവരം ഹിന്ദുമത പ്രാസംഗികനായ കരുവാകൃഷ്ണനാശാൻ അവർകളെ തെര്യപ്പെടുത്തി. അതനുസരിച്ചു് അദ്ദേഹം ചെങ്ങന്നൂർ എത്തി മുറയ്ക്കു് പ്രസംഗങ്ങൾ നടത്തിവരികയാകുന്നു. സ്വമതാഭിമാനിയും വാചാലനുമായ ആശാൻ അവർകളുടെ പ്രസംഗം ചെങ്ങന്നൂരും അതിനടുത്ത താലൂക്കുകളിലും ഉള്ള എല്ലാ ഹിന്ദുക്കളേയും ആകർഷിക്കുന്നുണ്ടെന്നു് അറിയുന്നതിൽ ഞങ്ങൾക്കു് വളരെ ചാരിതാർത്ഥ്യമുണ്ടു്. എന്നുമാത്രമല്ല മതപരിവർത്തനം ചെയ്വാൻ ഉറച്ചിരുന്ന പലരേയും കൃഷ്ണനാശാൻ അവർകൾ പറഞ്ഞുതിരിച്ചു് ഭസ്മം ധരിപ്പിക്കയുണ്ടായി. എന്നുകൂടി അറിയുന്നതു് സമുദായ സ്നേഹികളായ സകലർക്കും സന്തോഷകരമായിരിക്കുമല്ലോ.

Digitized By Kerala Sahitya Akademi

മേല്പറഞ്ഞതിൽ നിന്നും നമ്മുടെ സ്വജനങ്ങൾക്ക് മതസംബന്ധമായ ജ്ഞാനം ഇപ്പോൾ എത്ര അപേക്ഷിതമായിരിക്കുന്നു എന്ന് ഊഹിക്കാമല്ലോ. അതിനാൽ നമുക്കു യോഗ്യന്മാരായ മതപ്രാസംഗികന്മാരെ ഏർപ്പെടുത്തേണ്ട കാലം അത്യന്തം വൈകിയിരിക്കയാകുന്നു. നമ്മുടെ യോഗത്തിന്റെ താൽക്കാലികാവസ്ഥയെ സംബന്ധിച്ചിടത്തോളം തക്കതായ പ്രതിഫലം കൊട്ടുത്തു് അനേകം പ്രാസംഗികന്മാരെ നിയമിക്കുന്നതു സുകരമല്ല. എന്നാൽ യോഗ്യനും സമർത്ഥനുമായ ഒരാളെ എങ്കിലും തൽക്കാലം നിയമിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു. ഇതിലേയ്ക്കു് തന്റെ ജീവിതകാലത്തെ മതപ്രസംഗത്തിനായി മാത്രം വിനിയോഗിച്ചുവരുന്ന കരുവാ കൃഷ്ണൻ ആശാൻ അവർകളേക്കാൾ യോഗ്യനായ ഒരാളെ ഇന്നു നമ്മുടെ സമുദായത്തിൽ കാണുന്നില്ല. അതിനാൽ നമ്മുടെ യോഗത്തിൽനിന്നും ഈ സംഗതി വേണ്ടപോലെ പര്യാലോചിച്ചു് ഇദ്ദേഹത്തിന്റെ യോഗ്യതകൾ സമുദായത്തിനു പൂർണ്ണമായി ഉപകാരപ്പെടത്തക്കവണ്ണം തിരുമാനിക്കുമെന്നു വിശ്വസിക്കുന്നു.

വിവേ: 1083 തുലാം

മൈസൂരും മതസംബന്ധമായ വിദ്യാഭ്യാസവും

പുതിയമാതിരി വിദ്യാഭ്യാസത്തിന്റെ ന്യൂനത യോഗ്യന്മാരുടെ ദൃഷ്ടിയിൽ പെട്ടിട്ടു കാലം അധികമായി. സർവകലാശാലക്കാർ മതം ആവശ്യമില്ലെന്നാണു വച്ചിരിക്കുന്നതു്. അതുകൊണ്ടു മതം ഒരു വിദ്യയാണെന്നുകൂടി സമ്മതിപ്പാൻ പുതിയ വിദ്വാന്മാർ ശങ്കിക്കും. അതു് അവരുടെ ദോഷമല്ല. അവർക്കു് മതത്തിന്റെ ഗന്ധമേ ഇല്ലല്ലോ. ഇൻഡ്യയിൽ മതമായിരുന്നു ഏറ്റവും ഉൽകൃഷ്ടമായ വിദ്യ. ഏതിനെ അറിഞ്ഞാൽ സർവവും അറിഞ്ഞതായി പറയപ്പെടുന്നുവോ ആ പരമോൽകൃഷ്ടമായ അധ്യാത്മവിദ്യ അല്ലെങ്കിൽ ബ്രഹ്മവിദ്യ ശ്രദ്ധിക്കത്തക്കതല്ലത്രേ. സദാചാരത്തെപ്പറ്റി വാശിയോടെ പ്രസംഗിക്കുന്നവരും സദാചാരനിഷ്ഠന്മാരാണെന്നു നടിക്കുന്നവരും വളരെപ്പേരുണ്ടു്. എന്നാൽ അധികം ജനങ്ങളുടെ അധികം സൗഖ്യമാണത്രേ സദാചാരത്തിന്റെ തോളും അടിസ്ഥാനവും. ഈ അടിസ്ഥാനത്തിന്മേൽ വളർന്ന സദാചാരത്തിന്റെ ഫലമായി നാം കാണുന്നതു് ഒരു വിദ്യാഭ്യാസം ചെയ്ത മനുഷ്യൻ ഒരേകാലത്തുതന്നെ രണ്ടുമനുഷ്യനായിത്തീരുക എന്നുള്ളതാണു്. രഹസ്യമായി സ്വന്തകാര്യത്തിനു വേണ്ടി കളവു്, കൊല, വഞ്ചന മുതലായ ഏതും ചെയ്വാനും ചെയ്യിപ്പാനും സന്നദ്ധനായ ഒരു മഹാഭയങ്കരൻ വെളിയിൽ ഒരു മാന്യൻ (Gentleman). ഈ പ്രലോഭനപരമായ ജീവിതത്തിൽ ദിവ്യമായ മതതത്ത്വത്തിന്മേൽ അടിസ്ഥാനപ്പെടുത്താത്ത സദാചാരങ്ങളുടെ ഗതി ഇങ്ങിനെയല്ലാതെ പരിണമിപ്പാൻ വകയുണ്ടോ ?

ഭാഗ്യവശാൽ മതത്തിനു നഷ്ടപ്രായമായിരുന്ന പ്രചാരം തിരിയെ വരുന്നുണ്ടു്. ഇത്തരയിൻഡ്യയിലെ ആര്യമതക്കാർ ആണെന്നു തോന്നുന്നു ആദ്യം മത

Digitized By Kerala Sahitya Akademi

ത്തെ സ്കൂളുകളിൽ പാഠവിഷയമാക്കിയതു്. കാശിയിലെ സെൻട്രൽ ഹിൻഡു കാളേജും അതിലേ ''സനാതന ധർമ്മഗ്രന്ഥശാല''കളും മിസ്സെസു് ബെസന്റു് മുതലായവരുടെ വളരെക്കാലം കൊണ്ടുള്ള നിരന്തരമായ പ്രയത്നവും മതവിദ്യാഭ്യാസത്തിന്റെ പുനർജ്ജീവനത്തിനു വളരെ കടപ്പെട്ടിട്ടുണ്ടു്.

സ്വദേശ രാജ്യങ്ങളുടെ കൂട്ടത്തിൽ ഒന്നാമതായി ഈ വിഷയത്തിൽ ജനങ്ങൾ അഭിനന്ദിക്കേണ്ടതു് മൈസൂരിനെ ആയിത്തീർന്നിരിക്കുന്നു. ഏറ്റവും പരിശുദ്ധവും പുരാതനവുമായ ശൃംഗേരിമഠം മുതലായ മതസങ്കേതങ്ങളെ ഭരിക്കുന്ന ആ രാജ്യത്തിൽ നിന്നുതന്നെയാണു് മതവിദ്യാഭ്യാസത്തിനു് ഈ അഭിജ്ഞ സിദ്ധിക്കേണ്ടതു്. ഈ നവംബർ മുതൽ അവിടെ മതവിദ്യാഭ്യാസം ഗവർമ്മെൻറിൽ നിന്നു നിർബന്ധിതമാക്കിയിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ വളരെ സന്തോഷിക്കുന്നു. എല്ലാ ഗവർമ്മെൻറു സ്കൂളുകളിലും ദിവസംപ്രതി ആദ്യത്തെ അരമണിക്കൂർസമയം ഇതിന്നായി ഉപയോഗപ്പെടുത്തുന്നതാണത്രേ. സന്മാർഗ്ഗസംബന്ധമായ പ്രസംഗങ്ങൾ പൊതുവിൽ എല്ലാവർഗ്ഗക്കാർക്കും പറയുന്ന വിധത്തിൽ മതം, ധർമ്മശാസ്ത്രം, ചരിത്രം, ഇതിഹാസങ്ങൾ, സാഹിത്യങ്ങൾ മുതലായവയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടവയായിരിക്കും. മതതത്ത്വങ്ങൾ ഉയർന്നതരം ''സനാതന ധർമ്മഗ്രന്ഥമാലിക''യിൽ നിന്നു് എടുത്തുപഠിപ്പിക്കപ്പെടുന്നവയാണു്. മഹമ്മദീയർക്കും, ക്രിസ്ത്യാനികൾക്കും ഖുറാനിലും അതിന്റെ സമ്മതമായ വ്യാഖ്യാനങ്ങളിലും മറ്റു പ്രബന്ധങ്ങളിലും നിന്നും ബൈബിളിൽ നിന്നും യഥാക്രമം പാഠങ്ങൾ ഉണ്ടായിരിക്കും. ഈ പ്രശസ്തമായ ഏർപ്പാടിനെ തിരുവിതാംകൂർ, കൊച്ചി മുതലായ സഹോദരരാജ്യങ്ങളും ബ്രിട്ടീഷു് ഗവർമ്മെൻറും പിന്തുടരുന്നതായാൽ ഇൻഡ്യയ്ക്കു പൊതുവിൽ ഒരു പരമാനുഗ്രഹമായിരിക്കുമെന്നു് അഭിപ്രായപ്പെടുന്നതിൽ ഞങ്ങൾക്കു പക്ഷാന്തരമില്ല. ഇപ്രകാരം സ്കൂളുകളിൽനിന്നു് മതത്തിന്റെ സാമാന്യതത്ത്വങ്ങളെ ഗ്രഹിച്ചുകൊണ്ടു് സർവകലാശാലയിലെ ഉയർന്നതരം വിദ്യാഭ്യാസം സമ്പാദിക്കുന്ന യുവാക്കന്മാർ വിദ്യാഭ്യാസത്തിന്റെ യഥാർത്ഥവും ദിവ്യവുമായ ഫലത്തെ അനുഭവിപ്പാൻ ശക്തരായിത്തീരുന്നതും അവർക്കും രാജ്യത്തിനും അവരുടെ ജീവിതം ഇപ്പോഴത്തേക്കാൾ അഭിമാനഹേതുകവും ഗുണകരവും ആയിത്തീരുന്നതും ആണെന്നു് അഭിപ്രായപ്പെടാൻ ഞങ്ങൾക്കു ദീർഘദർശിയുടെ ശക്തി ആവശ്യമാണെന്നു തോന്നുന്നില്ല.

വിവേ: 1084 ചിങ്ങം, കന്നി

നമ്മുടെ മതസംബന്ധമായ ചുമതല

മതാഭിമാനത്തിനാണു് മറ്റെല്ലാ അഭിമാനത്തേക്കാളും വ്യാപ്തിയുള്ളതെന്നു വിവേകാനന്ദസ്വാമികൾ ഒരു സന്ദർഭത്തിൽ പറഞ്ഞിട്ടുണ്ടു്. അന്യന്മാരെ തങ്ങളുടെ മതത്തിലേക്കു ചേർക്കണമെന്നുള്ള ഉത്സാഹം ജനങ്ങൾക്കു മതവിശ്വാസത്തെയും സമസ്തഷ്ടിസ്നേഹത്തെയുംകാൾ അധികം ഈ അഭിമാനത്തിൽ നിന്നായിരിക്കും പ്രായേണ ഉണ്ടാകുന്നതു്. ലോകത്തുള്ള ജനങ്ങളിൽ ഹിന്തുക്കളേയും

Digitized By Kerala Sahitya Akademi

മുഹമ്മദീയരേയുംകാൾ ഇരട്ടിയാണ് ക്രിസ്ത്യാനികൾ എന്നു പ്രസംഗിക്കുന്ന പാതിരിമാരും ഉപദേശികളും ഈശ്വരഭക്തിയേക്കാൾ ഈ അഭിമാനത്തെ ഘോഷിക്കയാകുന്നു. എല്ലാസമുദായത്തിലും മൂഢന്മാർ അധികവും, മതത്തെപ്പറ്റി വാസ്തവമായ അറിവുള്ളവർ വളരെ ചുരുക്കവുമാണ്. അതുകൊണ്ട് മതഭ്രാന്തന്മാർക്ക് ഏതെങ്കിലും കെട്ടുവിശ്വാസത്തെ അടിസ്ഥാനമാക്കി ജനങ്ങളെ പറഞ്ഞിളക്കി മതപരിവർത്തനം ചെയ്യിപ്പാൻ സൗകര്യം കിട്ടുന്നു. ക്രിസ്ത്യാനിമതത്തിൽ ഈ വകയ്ക്ക് വലിയ ശമ്പളമുള്ള ആളുകളും പല ആകർഷകങ്ങളായ ഏർപ്പാടുകളും സ്ഥിരമായ സ്ഥാപനങ്ങളും കൂടിയുണ്ട്. മതപരിവർത്തനം ചെയ്യിപ്പാൻ ഇപ്പോൾ ഇന്ത്യയിൽ തുഷ്ണയോടുകൂടി ഉത്സാഹിക്കുന്നതു ക്രിസ്ത്യാനികളാകുന്നു. ഇവരുടെ ഉത്സാഹം മലയാളത്തെപ്പോലെ അത്ര ഫലവത്തായിത്തീർന്നിട്ടുള്ള സ്ഥലം വേറെ ഇല്ലെന്നുള്ളതു പ്രസിദ്ധമാണ്. അതിന്നുകാരണം ഇവിടത്തെ ജാതിവ്യത്യാസത്തിന്റെ കാഠിന്യമാണെന്നുള്ളതിൽ പക്ഷാന്തരമുണ്ടായിരിക്കയില്ല. ഹിന്തുക്കൾ മതംമാറിയാൽ ജാതിയിൽനിന്നു ബഹിഷ്കരിക്കപ്പെടുന്നു. അതുകൊണ്ടു മലയാളത്തിൽ അവരുടെ സമുദായബലം അധികം ശീഘ്രത്തിൽ ക്ഷയിക്കയും ക്രിസ്ത്യാനികൾ അത്ര വേഗത്തിൽ വർദ്ധിക്കയും ചെയ്യുന്നു. പുലയർ, പറയർ മുതലായ താഴ്ന്ന ജാതിക്കാരെയും ചാന്നാന്മാരെയും കഴിഞ്ഞാൽ പിന്നെ പാതിരിമാർക്ക് അധികം ആളുകൾ കിട്ടുന്നതു നമ്മുടെ സമുദായത്തിൽ നിന്നാണ്. പലകാലങ്ങളിലായി എത്രയോലക്ഷം ജനങ്ങൾ നമ്മിൽ നിന്നു ക്രിസ്ത്യാനികളായിട്ടുണ്ട്. എന്നിട്ടും മലയാളത്തിൽ ഏറ്റവും വലുതായ ഹിന്തുസമുദായം ഇപ്പോഴും നാംതന്നെ ആകുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും ഇടയിടെ നമ്മുടെ കുട്ടർക്ക് സർക്കാരുദ്യോഗങ്ങളും സർക്കാർ സ്കൂളുകളിൽ പ്രവേശവും കൊടുത്തു തുടങ്ങിയതോടുകൂടി മതംമാറാനുള്ള കാരണങ്ങളിൽ ചിലതു നീങ്ങിവരുന്നുണ്ട്. എന്നിട്ടും പാതിരിമാർക്ക് കുറെക്കൂടി ശ്രമം വേണ്ടിവരുന്നു എന്നല്ലാതെ മതംമാറുന്നവരുടെ സംഖ്യയ്ക്ക് നമ്മുടെ ഇടയിൽ ഇപ്പോഴും പറയത്തക്ക കുറവുണ്ടായിട്ടില്ലെന്നു പല കാരണങ്ങളാൽ ഞങ്ങൾ അറിയുന്നു. ഹിന്ത്യാനിയാകുന്നതുകൊണ്ട് ഉടനടി ഉയർന്ന ജാതിക്കാരുടെ ഉപദ്രവത്തിൽ നിന്ന് ഒരു മോക്ഷം ഇവിടെയും വേറൊരുമോക്ഷം സ്വർഗ്ഗത്തിലുമാണല്ലോ ഉള്ളതു്. ഈ ഒന്നാമത്തെ മോക്ഷമാണ് വാസ്തവത്തിൽ അധികം ജനങ്ങളെ ഭ്രമിപ്പിക്കുന്നതു്. ഉയർന്ന ജാതിക്കാരെന്നു പറയുന്നവർ തങ്ങളുടെ നിഷ്ഠുരതയുടെ അവശ്യംഭാവിയായ ഫലം വേഗത്തിൽ അനുഭവിക്കത്തക്കവണ്ണം ക്രിസ്ത്യാനികളുടെ സംഖ്യ അത്ര ഭയങ്കരമായി വർദ്ധിച്ചുവരുന്നുണ്ട്. ഇനി എങ്കിലും അവരിൽ ബുദ്ധിയുള്ളവർ ഇതിനെ അറിയുമെന്നും പരിഹാരമുണ്ടാക്കാൻ നോക്കുമെന്നും ആശിക്കാവുന്നതാണ്. അതിരിക്കട്ടെ, നാം ഇപ്പോൾ സമുദായബലത്തെ അറിയുകയും അതിനെ അഭിനന്ദിക്കയും ചെയ്യുന്ന കാലമാകുന്നു. അതുകൊണ്ടു സ്വജനങ്ങളുടെയിടയിലുള്ള മതം മാറുന്ന ശീലത്തെ തടയുന്നതിൽ അല്പമെങ്കിലും ഉപേക്ഷ വിചാരിപ്പാൻ പാടില്ലാത്തതാണ്. ചില തറവാടുകളും ചില കരകളും സംഘങ്ങളും ഒന്നായിത്തന്നെ ക്രിസ്തുമതം സ്വീകരിച്ചതായി എത്രയോ ദൃഷ്ടാന്തങ്ങൾ ഉണ്ട്. ആ വാസന ജനങ്ങളിൽ ബലമായി കണ്ടുവരികയും ചെയ്യുന്നുണ്ട്. ഏതായാലും നമ്മുടെ മതത്തെപ്പറ്റി വിവരമായ അറിവുണ്ടെങ്കിൽ ഒരുത്തനും മതം മാറാൻ ധൈര്യപ്പെടുകയില്ലെന്നുള്ളതു നിശ്ചയമാണ്. വിദ്വാന്മാർക്കും അവിദ്വാന്മാർ

Digitized By Kerala Sahitya Akademi

ക്കും ധനവാന്മാർക്കും ദരിദ്രന്മാർക്കും സുഖികൾക്കും ദുഃഖികൾക്കും ഒരുപോലെ ആശ്വാസത്തേയും ആശയേയും ജനിപ്പിക്കത്തക്കവണ്ണം സർവ്വതോമുഖമായ വ്യാപ്തിയും മാഹാത്മ്യവും ഉള്ള മതം ഹിന്ദുമതത്തെപ്പോലെ മറെറാന്നും ലോകത്തില്ലെന്നുള്ളതു് അറിഞ്ഞവരെല്ലാം സമ്മതിച്ചിട്ടുള്ളതാകുന്നു. അതുകൊണ്ടു് സമുദായരക്ഷയെ ഉദ്ദേശിച്ചു മതതത്ത്വത്തെ ജനങ്ങൾക്കു ബോധപ്പെടുത്തേണ്ടതു് അത്യാവശ്യമാകുന്നു. ക്ഷേത്രങ്ങളെ ആവശ്യമുള്ള ദിക്കുകളിൽ ഒക്കെ സ്ഥാപിക്കുന്നതുകൊണ്ടു മാത്രം ഈ കാര്യം പൂർത്തിയാകുന്നതല്ല. ക്ഷേത്രങ്ങളിൽ വിശ്വാസമുള്ളവർ മാത്രമേ പോകാറുള്ളു. വാസ്തവമായ വിശ്വാസം അറിവിൽ നിന്നുവേണം ഉണ്ടാവാൻ. അതുകൊണ്ടു് അറിവില്ലാത്തവക്കു് അവരുടെ അടുക്കൽപോയി പരിശുദ്ധമായ മതതത്ത്വങ്ങളെ ഉപദേശിക്കണം. അതിനു വേണ്ട വ്യവസ്ഥകം നാം ഉണ്ടാക്കണം. കഴിഞ്ഞ പൊതുയോഗത്തിലെ അദ്ധ്യക്ഷൻ അവർകളുടെ പ്രസംഗത്തിൽ ഇതിന്റെ ആവശ്യകതയെപ്പററി സകാരണം പ്രതിപാദിച്ചിരുന്നതും ഈ സന്ദർഭത്തിൽ ഞങ്ങൾ ഓർക്കുന്നു. എന്നാൽ ഇതിനെപ്പററി എന്തെങ്കിലും വ്യവസ്ഥ യോഗം മുഖേന ചെയ്വാൻ അതിന്റെ തൽക്കാലത്തെ ധനസ്ഥിതിയോർക്കുമ്പോൾ പ്രയാസമാകുന്നു. യോഗ്യതയുള്ള പ്രാസംഗികന്മാരെ ധനസഹായം ചെയ്തു് ഈ കാര്യത്തിൽ നിയോഗിക്കാതെ ഈ സംഗതി തൃപ്തികരമായി നടക്കുന്നതല്ലെന്നു കഴിഞ്ഞ ഏതാനും കാലമായി യോഗത്തിൽ നിന്നു നിയമിച്ചിരുന്ന ചില പ്രാസംഗികന്മാരുടെ സംഗതികൊണ്ടു മനസ്സിലായിട്ടുള്ളതാണു്. അതുകൊണ്ടു യോഗത്തിനു ധനപുഷ്ടിയുണ്ടാകുന്നതുവരെ ഈ സംഗതിയെ മറേറതെങ്കിലും പ്രകാരേണ സാധിക്കേണ്ടിയിരിക്കുന്നു, ഇതിൽ ഞങ്ങൾക്കു തൽക്കാലം തോന്നുന്നതു് മൂന്നുപായങ്ങളാണു്. (1) സമുദായസ്നേഹികളായ ധനവാന്മാർ യോഗ്യതയുള്ള മതപ്രാസംഗികന്മാരെ പ്രത്യേകം സഹായിക്കുക. (2) ക്ഷേത്രങ്ങളിലെ വരവുകളിൽ മതബോധത്തെ വർദ്ധിപ്പിക്കുന്നതിനായി ഗണ്യമായ ഒരംശംചെലവുചെയ്തു് അതിനുവേണ്ട ഏർപ്പാടുകം ചെയ്യുക (3) സമുദായസ്നേഹമുള്ള വിദ്വാന്മാർ പ്രതിഫലത്തെ അപേക്ഷിക്കാതെ ഈ വിഷയത്തിൽ കഴിയുന്നത്ര സ്വയമേവ യത്നിക്കുക ഇവയാകുന്നു. ഈ ഒടുവിൽ പറഞ്ഞ കൂട്ടത്തിൽ പ്രസിദ്ധനായ കരുവാ എം. കൃഷ്ണൻനാശാൻ അവർകളുടെ പേരിനെ ഞങ്ങൾ വളരെ കൃതജ്ഞതയോടെ സ്മരിക്കുന്നു. മതപ്രസംഗ വിഷയത്തിൽ ഇദ്ദേഹത്തെപ്പോലെ യോഗ്യതയും ആത്മപരിത്യാഗം ചെയ്വാൻ സന്നദ്ധതയുമുള്ള ഏതാനും പേർകൂടി ഉണ്ടായിരുന്നു എങ്കിൽ മതിയായിരുന്നു. ഇങ്ങനെയുള്ളവരെ നമ്മുടെ ധനവാന്മാരും സമാജങ്ങളും യോഗങ്ങളും സഹായിക്കയും പ്രോത്സാഹിപ്പിക്കയും പ്രത്യേകം ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

ഏതായാലും മതബോധത്തെ പ്രചാരപ്പെടുത്താൻ വേണ്ടതു വേഗത്തിൽ പ്രവർത്തിക്കേണ്ടതാകുന്നു. അല്പാത്തപക്ഷം സായ്പിന്റെ കീഴിൽ പഠിച്ചതുകൊണ്ടു യുവാക്കന്മാരും മതാമ്മമാരുടെ കീഴിൽ പഠിച്ചതുകൊണ്ടു യുവതികളും അവരുടെ സ്നേഹവും അടുപ്പവും കൊണ്ടു് ബന്ധുമിത്രാദികളും അവരെ കണ്ടു പഠിച്ചിട്ടു് മറു പലരും ഇങ്ങനെഒക്കെ ആയി ക്രമേണ മിക്കവാറുംപേർ ക്രിസ്ത്യാനികളായിത്തീർന്ന സമുദായത്തിനു് ഇപ്പോഴുള്ള ഘനം വേഗത്തിൽ കുറഞ്ഞുപോകുമെന്നുള്ളതു നിശ്ചയമാകുന്നു.

വിവേ : 1084 മകരം

Digitized By Kerala Sahitya Akademi

കോഴിക്കോട്ട ക്ഷേത്ര പ്രതിഷ്ഠ

കഴിഞ്ഞ രണ്ട കൊല്ലങ്ങൾക്കുമേലായി കോഴിക്കോട്ട സ്വജനങ്ങളുടെ വകയാ യി പണിനടന്നു വരുന്ന ക്ഷേത്രത്തെപ്പററി അറിഞ്ഞിട്ടില്ലാത്തവർ വിവേകോദ യം വായനക്കാരുടെ ഇടയിൽ ചുരുങ്ങും. തീയരുടെ വകയായി ഇതുവരെ സ്ഥാ പിച്ചിട്ടുള്ള ക്ഷേത്രങ്ങളിൽ ഒന്നും സാമഗ്രികളുടെ ഉറപ്പുകൊണ്ടും കരകൌശലാഡം ബരങ്ങൾ കൊണ്ടും ആകപ്പാടെയുള്ള വലിപ്പംകൊണ്ടും ഈ ക്ഷേത്രത്തോട ഏക ദേശമെങ്കിലും തുല്യമായിട്ടില്ലെന്നുള്ള വസ്തുത ഇതിനെ കാണ്മാൻ തുടയായിട്ടില്ലാ ത്തവരുടെ അറിവിന്നായി ഞങ്ങൾ സന്തോഷ പൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. ഇ തിന്റെ പണി ഇതുവരെ പൂർത്തിയായിട്ടില്ല വൃത്താകൃതിയിൽ അതിഗംഭീര മായി രണ്ടുനിലയിലുള്ള ശ്രീകോവിലിന്റെ പണി (ചെമ്പിടുന്നതൊഴിച്ചു) മി ക്കവാറും തീർന്നു കഴിഞ്ഞിരിക്കുന്നു. അതുപോലെ സുബ്രഹ്മണ്യക്ഷേത്രവും മറ്റു ചില ഉപദേവതാലയങ്ങളും കൂടി ഇപ്പോൾ പണിതീർന്നിട്ടുണ്ട്. ബലിക്കൽപ്പു ര, അഗ്രശാല മുതലായതിന്റെ അസ്ഥിവാരപ്പണി ആരംഭിച്ചിരിക്കുന്നു. കളം കുഴിച്ചു തുടങ്ങിയിരിക്കുന്നു എങ്കിലും കെട്ടിത്തുടങ്ങിയിട്ടില്ല. വിശാലമായ നാ ലമ്പലത്തിന്റേയും പുറമതിലിന്റേയും മറ്റും പണികൾ ഇതേവരേയും ആരംഭി ച്ചിട്ടില്ല. എങ്കിലും എല്ലാം കൂടി പൂർത്തിയായാലുള്ള ഗംഭീരത ഇതിന്റെ ഇപ്പോഴത്തെ നിലയിൽ നിന്നു തന്നെ ഏതാണ്ടനുമാനിക്കാവുന്നതാണ്.

ഇതിലെ പ്രതിഷ്ഠാ കുലശമഹോത്സവം ഈ മേടം 29-ാംനു നടത്താൻ തീർ ച്ചയാക്കിയിരിക്കുന്ന വിവരം ഞങ്ങൾ സ്വജനങ്ങളിൽ എല്ലാവരേയും സന്തോഷ പൂർവ്വം അറിവിച്ചുകൊള്ളുന്നു. പ്രതിഷ്ഠയുടെ ഒരുക്കങ്ങൾ അതിവേഗമായി നടന്നു വരുന്നു. പല ദിക്കിൽ നിന്നും അനേകായിരം ജനങ്ങൾ അന്നവിടെ എത്തിച്ചേ രുമെന്നു വിചാരിക്കപ്പെട്ടിരിക്കുന്നു പ്രതിഷ്ഠയ്ക്കായി ബ്രഹ്മശ്രീ നാരായണ ഗുരു സ്വാമി പാദങ്ങളെ ക്ഷണിപ്പാൻ മ.രാ.രാ. രാരിച്ചൻ മൂപ്പൻ അവർകൾ തന്നെ ശിവഗിരി മഠത്തിലേക്കു പുറപ്പെട്ടുന്നതും സ്വാമിപാദങ്ങൾ കോഴിക്കോട്ട മുൻകൂട്ടി സന്നിഹിതരായിരിക്കുന്നതും ആകുന്നു. മേടം 26-ാംനു കല്ലിങ്കൽ ക്ഷേത്രത്തിൽ പണിതീർത്തു വച്ചിരിക്കുന്ന ശിവലിംഗത്തെ രഥാരോഹണം ചെയ്യിപ്പിച്ചു് അതി കേമമായ ആഡംബരങ്ങളോടു കൂടി ഘോഷയാത്ര ചെയ്തു് പ്രതിഷ്ഠാ സ്ഥല ത്തേക്കു കൊണ്ടുപോകുന്നതാണ്. സ്ഥലത്തെ സമുദായത്തിലുള്ള സകല ജന ങ്ങളേയും ഈ ഘോഷയാത്രയിൽ സംബന്ധിപ്പാൻ ക്ഷേത്രഭാരവാഹികൾ ക്ഷ ണിച്ചിരിക്കുന്നു. പ്രതിഷ്ഠ 29-ാംനു രാത്രി ആയിരിക്കും. സമുദായത്തിൽ പല സ്ഥലങ്ങളിലുമുള്ള മാന്യന്മാരെയും മൂപ്പൻ അവർകൾ തന്നെ പ്രത്യേകം ക്ഷണിക്കുന്നതാകുന്നു. മയ്യഴിയിൽ വച്ചു കൂടാൻ പോകുന്ന പൊതുയോഗം മേടം 27-ം, 28-ം തീയതികളിൽ നിശ്ചയിച്ചതു് വിശേഷിച്ചും ദൂരദേശങ്ങളിൽ നിന്നും വരുന്ന സ്വജനങ്ങൾക്കു് യോഗത്തിലും പ്രതിഷ്ഠാ മഹോത്സവത്തിലും സംബ ന്ധിപ്പാനുള്ള സൌകര്യത്തെ ഉദ്ദേശിച്ചാകുന്നു. സമുദായത്തിന്റെ അഭ്യുദയത്തെ ഉദ്ദേശിച്ചുള്ള ഈ രണ്ടു ഗൌരവമേറിയ സംഗതികളും വളരെ കേമമായും മംഗ ലമായും പര്യവസാനിക്കുമെന്നു് ഞങ്ങൾ വിശ്വസിക്കയും അങ്ങിനെ പര്യവ സാനിപ്പാൻ ഈശ്വരനെ പ്രാർത്ഥിക്കയും ചെയ്യുന്നു.

വിവേ : 1085 മീനം.

Digitized By Kerala Sahitya Akademi

ശാരദാപ്രതിഷ്ഠ

''ശ്രേയാംസി ബഹുവിഘ്നാനി'' ശ്രേയസ്സുകൾ വരാൻ വളരെ തടസ്സങ്ങൾ ഉണ്ടാവും എന്ന വചനം അർത്ഥമുള്ളതാണെങ്കിൽ അതു ശിവഗിരിയിലെ ശാരദാപ്രതിഷ്ഠയെ സംബന്ധിച്ചു കുറേക്കൂടി അർത്ഥമുള്ളതായിത്തീർന്നിട്ടുണ്ട്. ഈ പ്രതിഷ്ഠയെപ്പറ്റിയ പ്രസ്താവം തുടങ്ങീട്ടു മൂന്നുകൊല്ലത്തിൽ അധികകാലമാവും. ഓരോരോ അസൗകര്യങ്ങളാലും കുഴപ്പങ്ങളാലും സംഗതി നീണ്ടുനീണ്ടുപോയി. എങ്കിലും ഇപ്പോൾ നിർവിഘ്ന പരിസമാപ്തിയിലേക്കു കാലൂന്നിയിരിക്കയാണെന്നു ഞങ്ങൾ മറ്റൊരിടത്തു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പ്രകടന പത്രികയിൽനിന്നും മറ്റു പ്രകാരത്തിലും പൊതുജനങ്ങൾ പരക്കെ അറിഞ്ഞിരിപ്പാനിടയുള്ളതാണ്. ശാരദ മനുഷ്യർക്കു സർവത്തിന്റെയും സാരാംശത്തെ പ്രകാശിപ്പിക്കുന്ന വിദ്യയുടെ അധിദേവതയാകുന്നു. ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങൾ നമുക്കായി ഒട്ടുവളരെ ദേവാലയങ്ങൾ പ്രതിഷ്ഠിച്ചു തന്നശേഷം സ്വയമേവ ശാരദാംബയെ തന്റെ ആശ്രമമായ ശിവഗിരിയിൽ കുടിയേറ്റാൻ ഭാവിക്കുന്നതു വലുതായ ഉദ്ദേശ്യത്തോടുകൂടിയാണെന്നു നാം നിശ്ചയമായും ഊഹിക്കണം. ഒരു സമുദായത്തിന്റെ സകലവിധത്തിലുള്ള അഭിവൃദ്ധിക്കും നിദാനമായിട്ടുള്ളതു വിദ്യാഭ്യാസമാകുന്നു. മഹാനുഭാവനായ സ്വാമിതൃപ്പാദങ്ങളിലെ അനുഗ്രഹവും ശാരദാംബയുടെ കടാക്ഷവുംകൊണ്ടു് അതു നമുക്കു സിദ്ധിച്ചാൽ എല്ലാവും സിദ്ധിച്ചു. ഈ വരുന്ന മേടം 18 -ാംനു- ചിത്രാ പൌർണ്ണമി ദിവസം രാത്രി രണ്ടുമണിക്കു ശേഷം സ്വാമിതൃപ്പാദങ്ങൾ സ്വയം സങ്കല്പിച്ചിട്ടുള്ള ശുഭമുഹൂർത്തത്തിൽ നമ്മുടെ നിത്യ ശ്രേയസ്സിനായി ശിവഗിരിയിൽ ശ്രീ ശാരദാംബയെ പ്രാണപ്രതിഷ്ഠ ചെയ്യുന്നതാകുന്നു. ഈ മഹാ ശുഭാവസരത്തിൽ നമ്മുടെ ജനങ്ങൾ അവരവരുടെ ശക്തിക്കും ഭക്തിക്കും അനുരൂപമായ വിധത്തിൽ അവിടെ എത്തി വേണ്ട വഴിപാടുകളും ആരാധനകളും ചെയ്യുന്നതു് ഓരോരുത്തരും തങ്ങളുടെ ജീവിതത്തിലെ ഏറ്റവും ഗൗരവമായ കൃത്യങ്ങളിൽ ഒന്നായി കരുതേണ്ടതാണെന്നു മാത്രമല്ല സമുദായം ഒട്ടുക്കു് ഈ ദിനത്തെ ഒരു ശുഭദിവസമായി കൊണ്ടാടേണ്ടതാണെന്നു കൂടി ഞങ്ങൾ സ്നേഹപൂർവ്വം എല്ലാവരേയും ഓർമ്മപ്പെടുത്തിക്കൊടുക്കുന്നു.

വിവേ : 1087 മകരം, കുംഭം, മീനം

ശിവപ്രതിഷ്ഠ

ശിവഗിരി എന്നതു് വർക്കലത്തുരപ്പിന്റെ വടക്കുകിഴക്കായി കിടക്കുന്ന ഏതാനും കുന്നുകളിൽ ചെറു തോട്ടുകളാലും വയലുകളാലും വളയപ്പെട്ട മനോഹരമായ ഒന്നിനു സ്വാമിതൃപ്പാദങ്ങൾ കൊണ്ടുതന്നെ കല്പിച്ചുനല്കിയ പേരാകുന്നു. അതിനു് ഇപ്പോൾ സിദ്ധിച്ചിരിക്കുന്ന പ്രചാരം അനേകം നൂറാണ്ടുകളായി ജനങ്ങളുടെ സ്ഥിരഭക്തിക്കു വിഷയമായി നിലനിന്നുപോരുന്ന അനേകം പുണ്യസ്ഥലങ്ങൾക്കു് അസൂയതോന്നത്തക്കവിധം അതു വലുതായിട്ടുള്ളതാണെന്നു പറയേണ്ടതി

Digitized By Kerala Sahitya Akademi

ല്ലല്ലോ. ഇന്നുവരെ ശിവഗിരിയിൽ സ ാമി തൃപ്പാദങ്ങളുടെ സാന്നിദ്ധ്യം മാത്ര മല്ലാതെ പറയത്തക്കവണ്ണം യാതൊരു ക്ഷേത്രവും ഉണ്ടായിരുന്നില്ലെന്നുള്ളതു പ്രസിദ്ധമാകുന്നു. ഇപ്പോൾ ശാരദാപ്രതിഷ്ഠയോടുകൂടി സ്ഥലത്തെ സർവഥാ അർത്ഥവത്താക്കിച്ചെയ്യുന്നതിനുദ്ദേശിച്ചു കുന്നിന്റെ മുകളിൽ ശിവപ്രതിഷ്ഠകൂടി നടത്തുന്നതിനു സ്വാമി തൃപ്പാദങ്ങൾ തീർച്ചയാക്കിയിരിക്കുന്നു. ശിവഗിരി നമ്മുടെ സമുദായത്തിന്റെ മതസംബന്ധമായ സ്ഥാപനങ്ങളുടെ തലസ്ഥാനമായിരിക്കുന്ന സ്ഥിതിക്കു അവിടത്തെ ശിവക്ഷേത്രം അതിനനുരൂപമായ ഒന്നായിരിക്കണമെന്നുള്ളതു നിരാക്ഷേപമാണ്. എന്നാൽ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ശിവപ്രതിഷ്ഠ അങ്ങനെയുള്ള ഒരു ക്ഷേത്രം നിർമ്മിക്കയോ പൂർത്തിയാക്കുകയോ ചെയ്തശേഷം ചെയ്യപ്പെടുന്നതല്ല. ശാരദാപ്രതിഷ്ഠ സംബന്ധമായി നടക്കാൻ പോകുന്ന വലിയ ആഘോഷങ്ങളെപ്പോലെ അടുത്തകാലത്തു് അപ്രകാരമുള്ള വേറൊരു ഉത്സവത്തിനു് ഒരുക്കങ്ങൾ ചെയ്യുന്നതു പലപ്രകാരത്തിലും അസൗകര്യമായിരിക്കുമെന്നു കണ്ടിട്ടും മൂലസ്ഥാനത്തെ പണികൾ മാത്രം നടത്തി—അതായതു് അസ്ഥിവാരപ്പണികൾമാത്രം--തല്ക്കാലം തീർത്തു്, പ്രതിഷ്ഠാകർമ്മം നിറവേറ്റി ആരാധനയ്ക്കു് ഉപയുക്തമാകത്തക്ക നിലയിൽ ആക്കിക്കഴിഞ്ഞാൽ ജനങ്ങൾ യഥാകാലം ശ്രമിച്ചു തക്കതായ വിധത്തിൽ ക്ഷേത്രപ്പണി പൂർത്തിയാക്കിക്കൊള്ളുന്നതാണെന്നു കരുതിയുമാകുന്നു തൃപ്പാദങ്ങൾ ഈ പ്രതിഷ്ഠകൂടി ഇപ്പോൾ തന്നെ നടത്താൻ ആജ്ഞാപിച്ചിരിക്കുന്നതു്. ശിവഗിരിയിലെ ദേവനെ സംബന്ധിച്ച തൃപ്പാദങ്ങളിലെ സങ്കല്പത്തെപ്പറ്റിയും ഒരുവാക്കു് ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ശിവഗിരിയിലെ ദേവൻ ശിവനാണെങ്കിലും തന്റെ സങ്കല്പം സർവദേവതാമയമായ ചൈതന്യമായിട്ടായിരിക്കുമെന്നും അതുകൊണ്ടു സർവദേവതാ ഭേദചിന്തക്കും അതു് ആരാധനാസ്ഥലമായിരിക്കാമെന്നുംതൃപ്പാദങ്ങൾ ഇപ്പോഴേ കല്പിച്ചിരിക്കയാകുന്നു. ഈ കല്പനയ്ക്കു് അനുരൂപമായ എല്ലാ ഏർപ്പാടുകളും ദേവന്റെ ആരാധനാദി വിഷയങ്ങളിലെല്ലാം അനുഷ്ഠിക്കുന്നതിനു പ്രത്യേക വ്യവസ്ഥകൾ ഉണ്ടായിരിക്കും. സ്വാമി തൃപ്പാദങ്ങളുടെ സാന്നിദ്ധ്യത്തിനു പുറമേ മേലാൽ ശാരദാംബയുടേയും ശിവന്റേയും നിത്യസാന്നിദ്ധ്യത്താൽ ശിവഗിരി എല്ലാംകൊണ്ടും ശിവഗിരിയായിത്തീരുന്നതാണെന്നു പറയാറായതിൽ ഞങ്ങൾക്കു് അളവറ്റ ചാരിതാർത്ഥ്യവും സന്തോഷവും തോന്നുന്നു.

വിവേ : 1087 മകരം, കുംഭം, മീനം

ശൃംഗേരി ജഗൽഗുരു തിരുമനസ്സിലെ മഹാസമാധി

വിശ്വവിശ്രുതരായ ശങ്കരാചാര്യരാൽ സ്ഥാപിക്കപ്പെട്ട അനേകമഠങ്ങളിൽ വച്ചറവും കീർത്തിപ്പെട്ട ഒന്നാണ് ശൃംഗേരിമഠം. ആയിരത്തിൽപരം കൊല്ലത്തെ പഴക്കമുള്ളതും വളരെ സ്വത്തും ശക്തിയുമുള്ളതുമായ ആ സ്ഥാനം ഹിന്ദുക്കളിൽ എല്ലാ വർഗ്ഗക്കാർക്കും അഭിമാനകരമാം വണ്ണം ഇന്നും പുഷ്ടിയിലിരിക്കയാകുന്നു. മഹാനുഭാവനായ ആദിശങ്കരാചാര്യരുടെ ശിഷ്യപരമ്പരയായി ഇടവി

Digitized By Kerala Sahitya Akademi

ടാതെ ഈ മഠത്തിൽ സ്ഥാനാരോഹണം ചെയ്യുവന്നിരുന്ന ആചാര്യരെല്ലാം മഹാ
യോഗ്യന്മാരായിരുന്നു. എന്നാൽ മഹാപരിശ്രുദ്ധദേഹമായ ഒടുവിലത്തെ നൃസിംഹ
ഭാരതി സ്വാമിയെപ്പോലെ അവരാരും നമ്മുടെ പരിചയത്തിനും മമതയ്ക്കും വിഷ
യമായിത്തീർന്നിട്ടില്ല. അദ്ദേഹത്തെപ്പോലെ യോഗ്യനായി അടുത്തകാലത്തെ
ങ്ങും ശൃംഗേരിമഠത്തിൽ ഒരാചാര്യൻ ഉണ്ടായിട്ടില്ലെന്നതുന്നയും പറഞ്ഞുകേൾ
വിയുണ്ട്. ജഗൽഗുരുക്കന്മാരെന്നു അഭിമാനിക്കുവാൻ ഹിന്ദുക്കളുടെ മതാചാര്യ
ന്മാരിൽ പലരുമുണ്ടെങ്കിലും അത്ഭുതകരമായ അദ്വൈത സിദ്ധാന്തത്തെ വിജയ
പൂർവം സ്ഥാപിച്ചു പ്രചാരപ്പെടുത്തി അന്നും ഇന്നും ലോകം മുഴുവനുള്ള പണ്ഡി
തന്മാരുടെ ഭക്തിബഹുമാനങ്ങൾക്കു പാത്രമായിത്തീർന്നിട്ടുള്ളതു സാക്ഷാൽ ശങ്ക
രാചാര്യർ ഒരാൾ തന്നെ ആകുന്നു. കേരളത്തിനു് അദ്ദേഹത്തിന്റെ ജന്മഭൂമി
എന്നുള്ളതിനെക്കാൾ അഭിമാനജനകമായ ഒരു മാഹാത്മ്യം ഉണ്ടായിട്ടില്ലെന്നു തീച്ച്
തന്നെ. നൃസിംഹഭാരതി (ശങ്കരാചാര്യർ) തൃപ്പാദങ്ങളാണു് ആദിമ ശങ്കരാചാര്യ
രുടെ അവതാര സ്ഥലമായ കാലടി ഗ്രാമത്തെ അന്വേഷണംചെയ്തു കണ്ടുപിടി
ക്കയും അവിടെ ആ മഹാത്മാവിന്റെ സ്മാരകമായി ക്ഷേത്രം ഗ്രാമം മുതലായവ
സ്ഥാപിച്ചു് എല്ലാവരുടേയും ശ്ലാഘയ്ക്കും അനുമോദനത്തിനും പാത്രമാകയും
ചെയ്തിട്ടുള്ളതു്. ആ മഹാനുഭാവനും ഇതാ ലോകരംഗത്തിൽ നിന്നു മറഞ്ഞുപോ
യിരിക്കുന്നു. ഈ മാർച്ചു് 23-ാംനു- പകൽ 11 മണിക്കു് ശൃംഗേരി മഠത്തിൽ വച്ചു
സ്വാമികൾ മഹാസമാധിയെ പ്രാപിച്ചു എന്നുള്ള ദുഃഖവാർത്ത അറിയാത്തവരാ
യി ഹിന്ദുക്കളിൽ വളരെപ്പേർ ഉണ്ടായിരിക്കുമെന്നു വിചാരിക്കുന്നില്ല. ശൃംഗേരി
മഠം മൈസൂർ സംസ്ഥാനത്തുള്ള കഡർ ഡിസ്ട്രിക്ടിൽ ചേർന്ന ശൃംഗേരി എന്ന
ഗ്രാമത്തിലാകുന്നു. മഠത്തിന്റേയും മഠാധിപതികളുടെയും ഒരു മേൽനോട്ടം
മൈസൂർ മഹാരാജാവു തിരുമനസ്സിലേക്കുണ്ടു്. ഇപ്പോൾ സമാധിയായ ആചാര്യ
സ്വാമികൾ വിശേഷിച്ചും വന്ദ്യനായ ഒരു പരിശ്രുദ്ധ പുരുഷനാകയാൽ ഇപ്പോഴ
ത്തെ മഹാരാജാവു തിരുമനസ്സിലേക്കു് അദ്ദേഹത്തിന്റെ പേരിൽ അപാരമായ
ഭക്തിബഹുമാനാദികൾ പ്രത്യേകിച്ചും ഉണ്ടായിരുന്നു. സമാധിസമയത്തു തിരു
മനസ്സുകൊണ്ടു ക്ഷണിക്കപ്പെട്ടിരുന്നു. എന്നാൽ മഠത്തിലെ സമ്പ്രദായമനുസരിച്ചു്
ഇദ്ദേഹം പിൻവാഴ്ചയായി ഒരാളെ സ്വയമേവ നിയമിക്കാതെയും ആരെയും അതി
നായി സൂചിപ്പിച്ചു മഹാരാജാവു തിരുമനസ്സിലേക്കു് എങ്കിലും അറിവുകൊടുക്കാ
തെയുമാണത്രേ സമാധിയായതു്. അദ്ദേഹത്തിന്റെ സ്ഥാനം ഒഴിച്ചിട്ടേക്കാൻ
പാടില്ലാത്ത ഗുരുതരമായ അനേകകൃത്യങ്ങളോടുകൂടിയ ഒന്നാകയാൽ മഠത്തിലെ
പാഠശാലയിൽ പഠിച്ചു താമസിച്ചിരുന്ന വിദ്യാർത്ഥികളിൽ 19 വയസ്സും 6 മാസ
വും പ്രായമുള്ള ഒരു ബ്രഹ്മചാരിയെ മഹാരാജാവു തിരുമനസ്സിലെ സമ്മതപൂർവ്വം
ഈ മാർച്ചു് 7-ാംനു- സ്ഥാനാരോഹണം ചെയ്യിച്ചിരിക്കുന്നു. ഈ നിയമനത്തെപ്പ
റ്റി മഠത്തിലും പുറത്തും പല ഭിന്നാഭിപ്രായങ്ങളുണ്ടു്. ഈ ബാലനെക്കാൾ ആ
സ്ഥാനത്തിനു് എല്ലാംകൊണ്ടും അർഹരായി മഠത്തിലെ ബ്രഹ്മചാരികളിൽ
തന്നെ നല്ല യോഗ്യതയുള്ള പലരുമുണ്ടെന്നും മഠം മാനേജരുടെ ദുഷ്പ്രേരണയിലാ
ണു് ഈ ബാലൻ തെരഞ്ഞെടുക്കപ്പെട്ടതെന്നുമാണു് ആക്ഷേപം. ഏതായാലും
സംഗതി നടന്നു. ഇനി അതിനെപ്പറ്റി ചിന്തിക്കാനില്ലല്ലോം. അറിവും നാഗരി
കത്വവും സിദ്ധിച്ചിട്ടുള്ള ഒരു വലിയ ജനവിഭാഗത്തിന്റെ മതഗുരുസ്ഥാനം
വഹിപ്പാൻ യദൃച്ഛയാ സംഗതി വന്നു ഈ യുവാവിനെ അതിനു യോഗ്യനാക്കി

Digitized By Kerala Sahitya Akademi

ത്തീർക്കുന്നതിനാണ് അധികൃതന്മാർ ഇനി ദൃഷ്ടിവയ്ക്കുണ്ടതു്. സംസ്കൃത മതശാസ്ത്രങ്ങൾക്കു പുറമേ കാലാനുസൃതമായി നവീന വിദ്യാഭ്യാസംകൂടി നമ്മുടെ ബാലനായ ആചാര്യർക്കു നൽകി അദ്ദേഹത്തിന്റെ ബുദ്ധിയെ പൊതുജനോപയുക്തമായ മാർഗ്ഗങ്ങളിൽ അനുകമ്പയും താല്പര്യവുമുള്ളതാക്കി ച്ചെയ്വാൻ അധികൃതന്മാർ വ്യവസ്ഥ ചെയ്യുമെന്നു വിശ്വസിക്കുന്നു. ഇപ്പോഴത്തെ സ്വാമികളുടെ തിരുനാമം ശ്രീ ചന്ദ്രശേഖരഭാരതി എന്നാകുന്നു. പൂർവാശ്രമത്തിൽ അദ്ദേഹത്തിന്റെ പേരു് നരസിംഹശാസ്ത്രി എന്നായിരുന്നു. അദ്ദേഹത്തിനു സംസ്കൃതത്തിൽ നല്ല പാണ്ഡിത്യമുണ്ടു്. ആം നല്ല ബുദ്ധിമാനുമാണത്രേ.

വിവേ: 1087 മകരം, കുംഭം, മീനം

മതംമാറ്റം 1

മതം വാസ്തവത്തിൽ മനുഷ്യനു പരലോക ജീവിതത്തിനുതകുന്ന അറിവു് അല്ലെങ്കിൽ വിശ്വാസമാകുന്നു. ജാതിവ്യത്യാസമുള്ള ദിക്കുകളിൽ വിശേഷിച്ചും ഇന്ത്യയിൽ അതിന്റെ ഇപ്പോഴത്തെ അർത്ഥം മിക്കവാറും മറിച്ചായിത്തീർന്നിരിക്കുന്നു എന്നു പറയേണ്ടിവരുന്നതിൽ വ്യസനിക്കുന്നു. ഒരുത്തന്റെയോ ഒരു സമുദായത്തിന്റെയോ മതം എത്ര തന്നെ ഉൽകൃഷ്ടവും അവനു് അല്ലെങ്കിൽ അവർക്കു്, അതിലുള്ള അറിവു് എത്ര അഗാധവും, വിശ്വാസം എത്ര ദൃഢവും, അനുഷ്ഠാനം എത്ര നിർമ്മലവും ആയിരുന്നാലും അതൊന്നും കാര്യമില്ല. ജാതിയാണത്രേ മുഖ്യം. ജാതിയെ സംബന്ധിച്ചു കയ്യൂക്കും ബുദ്ധിസാമർത്ഥ്യവുമുള്ള സ്വാർത്ഥപരന്മാർ തോന്ന്യാസമായി എഴുതിക്കൂട്ടിയും കരുതിക്കൂട്ടിയും വച്ചിരിക്കുന്ന ചട്ടങ്ങൾ സാധു ലക്ഷങ്ങളുടെ മേൽ നിർദ്ദയമായി പ്രയോഗിക്കുന്നതിന്റെ ഫലമായി ഹിന്ദുക്കളുടെ സമുദായ ശരീരം ക്ഷയിച്ചു് ഇപ്പോൾ അസ്ഥികൂടമാത്രമായിത്തീർന്നിരിക്കയാണു്. ഈ വസ്തുത അധികം പ്രത്യക്ഷമായിരിക്കുന്നതു കേരളത്തിലും അതിലും വിശേഷിച്ചു തിരുവിതാംകൂർ, കൊച്ചി ഈ രണ്ടു സംസ്ഥാനങ്ങളിലുമാകുന്നു. തൊട്ടുകൂടാ, തീണ്ടിക്കൂടാ, വെടിപ്പായും സുഖമായും സഞ്ചരിച്ചുകൂടാ, പഠിച്ചുകൂടാ, ധനവും അറിവും സമ്പാദിച്ചു കൂടാ, ഈ വക ശാഠ്യങ്ങളാൽ സാധുക്കൾ പൊറുതിമുട്ടി ഏതു കക്ഷിയിൽ ചേർന്നു നടന്നാൽ ഇതെല്ലാം ചെയ്കയും മനുഷ്യരെപ്പോലെ ജീവിക്കയും ചെയ്യാമോ ആ കക്ഷികളിലേക്കു സ്വാഭാവികമായി ഒഴുകിക്കൊണ്ടുപോകുന്നു. ഇതിനാണു് ഇവിടെ മതംമാറ്റം എന്നു പറയുന്നതു്. അല്ലാതെ ബുദ്ധിപൂർവമായി വിശ്വാസം മാറുന്നതിനല്ല. ഇത്തരം ഒരു മതംമാറ്റം പുഞ്ചാറ്റിടവകയുടെ കീഴിലുള്ള ഈഴവരുടെ ഇടയിൽ ഉണ്ടാവാൻ പോകുന്നതായറിയുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. സാമാന്യം സ്വത്തുശേഷിയുള്ള മുന്നൂറു കുടുംബക്കാർ ക്രിസ്ത്യാനികളാവാൻ തീർച്ചയാക്കിയിരിക്കയാണത്രേ. ഇതിനെപ്പറ്റി ഞങ്ങൾ ചെയ്ത അന്വേഷണത്തിൽ ഈഴവർക്കു് ആ ഇടവകയുടെ കീഴ് മറ്റു ഹിന്ദുക്കളെയോ ക്രിസ്ത്യാനികളെയോ അപേക്ഷിച്ചുള്ളലൗകിക

Digitized By Kerala Sahitya Akademi

മായ സ്വാതന്ത്ര്യക്കുറവും തന്നിമിത്തമുള്ള കഷ്ടനഷ്ടങ്ങളുമാണ് പ്രധാനകാരണമെന്നറിയുന്നു. ഈഴവരെപ്പറ്റി പറയാനില്ല, പുലയർ മുതലായ വർഗ്ഗക്കാർ കൂടി ഈ നാടുകളിൽ മനുഷ്യസാധാരണമായ സ്വാതന്ത്ര്യങ്ങളും മിക്കവാറും അനുഭവിച്ചും അഭിവൃദ്ധിപ്പെട്ടും വരുന്ന ഇക്കാലത്തു പൂഞ്ഞാറു മലനാട്ടിൽ ഈഴവർക്കു മോക്ഷം കൊടുപ്പാൻ പാതിരിമാർ തന്നെ വേണ്ടിവരുന്നു എങ്കിൽ അതു് അവിടത്തെ ഹിന്ദുരാജ കുടുംബത്തിനും ഹിന്ദുക്കൾക്കും ഏറ്റവും അയശസ്കരായ സംഗതിയാകുന്നു. ഈ വിഷയത്തിൽ മതസംബന്ധമായ വല്ല ഉപദേശങ്ങളും ആവശ്യമാണെങ്കിൽ ചെയ്വാൻ എസ്. എൻ. ഡി. പി. യോഗം ഏർപ്പാടുചെയ്യുന്നതും, ശേഷം പൂഞ്ഞാറുവലിയ തമ്പുരാൻ തിരുമനസ്സിലേയും ഇടവകയിലും സമീപത്തുമുള്ള മതാഭിമാനികളായ മറ്റു ഹിന്ദുക്കളുടേയും ഒത്താശയാൽ സാധിക്കേണ്ടതുമാകുന്നു. അതുകൊണ്ടു ഞങ്ങൾ മേൽ പറഞ്ഞവരുടെ സ്നേഹപൂർവമായ ശ്രദ്ധയെ ഈ വിഷയത്തിൽ ക്ഷണിച്ചുകൊള്ളുകയും തങ്ങളുടെ ഉത്തമമായ മതത്തേയും നല്ല സമുദായത്തേയും വെടിഞ്ഞുപോകുന്നതു് ക്ഷമാപൂർവ്വം [വളരെ ആലോചിച്ചു വേണ്ടതാണെന്നു് അഭിമാനസാന്തരപ്പെടുന്ന ഈഴവസഹോദരങ്ങളോടു് ഉപദേശിച്ചുകൊള്ളുകയും ചെയ്യുന്നു.

വിവേ: 1087 മിഥുനം, കർക്കടകം

മതംമാറ്റം 2

ഹിന്തുക്കൾ സംഖ്യയിൽ ശീഘ്രമായി കുറഞ്ഞുകൊണ്ടു വരുന്നു എന്നും ഏതാനും ശതവർഷങ്ങൾക്കുള്ളിൽ ഭൂലോകത്തു് അവരില്ലാതെ ആയിത്തീരുമെന്നും ഈ ദയനീയമായ അവസ്ഥയെ തടുപ്പാൻ ഒരു റോയൽ കമ്മീഷൻ ഏർപ്പെടുത്തി അന്വേഷിച്ചു വേണ്ടതു് ഉടനേ ഇന്ത്യാഗവർമ്മെൻറിൽ നിന്നു ചെയ്യേണ്ടതാണെന്നും മറും പ്രസ്താവിച്ചുകൊണ്ടു് ബാലകൃഷ്ണ എന്ന ഒരു പ്രൊഫസ്സർ പഞ്ചാബിൽനിന്നു പുറപ്പെടുന്ന ''വേദിക് മാഗസിൻ'' എന്ന മാസികയുടെ ഒക്ടോബർ ലക്കത്തിൽ പരിതാപകരമായ ഒരു ലേഖനം എഴുതിയിരിക്കുന്നു. ഇദ്ദേഹം ഹിന്തുക്കളെ ആസന്നമരണമായ ഒരു സമുദായം (A dying race) എന്നാണു വിളിക്കുന്നതു്. ക്രിസ്തുമതത്തിൻെറ അതിശക്തിയോടുള്ള തള്ളിക്കയറ്റത്തെയാണു് ഈ പ്രൊഫസ്സർ ഭയപ്പെടുന്നതെന്നു ലേഖനം കൊണ്ടറിയാം. മദ്രാസ് സംസ്ഥാനത്തിൽ ഇതിൻെറ ശക്തി കുറവെന്നാണു് അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നതെന്നു തോന്നുന്നു. പഞ്ചാബിൽ മുസൽമാൻ മതത്തിലാണു് അധികം ഹിന്തുക്കൾ ചെന്നു ചേരുന്നതു്. എന്നാൽ ദക്ഷിണ ഇന്ത്യയിൽ ആ സ്ഥാനം മുഴുവൻ വഹിക്കുന്നതു് ക്രിസ്തുമതമാണു്. മതപരിവർത്തനം ചെയ്യുന്ന ആളുകളിൽ അധികം പേർ താണവർഗ്ഗക്കാരുമാകുന്നു. അവരാണു് ജനസംഖ്യയിൽ ഏറ്റവും അധികം. അവർക്കു മനുഷ്യയോഗ്യമായ സൗകര്യങ്ങൾ ഒന്നും ഉയർന്ന ജാതിക്കാർ അനുവദിച്ചു കൊടുക്കാഞ്ഞിട്ടാ

Digitized By Kerala Sahitya Akademi

ണ്ട് അവർ മതം മാറുന്നതു്. ഇപ്പോൾതന്നെ അവരുടെ സംഖ്യ മിക്കവാറും കുറഞ്ഞുപോയിട്ടുണ്ടു്. ബാക്കിയുള്ളവരോടും ഉയർന്ന ജാതിക്കാർ കാണിക്കുന്ന ശത്രുത്വം അൽപ്പമൊന്നുമല്ല. അതുകൊണ്ടു് അവരും കാലതാമസം കൂടാതെതന്നെ അന്യമതക്കാരായിത്തീരും. അപ്പോൾ ശേഷിച്ച ഉയർന്ന വർഗ്ഗക്കാർക്കു് ഭൂരിപക്ഷക്കാരായ അന്യമതക്കാരോടു് ഒന്നുകൊണ്ടും കിടപിടിച്ചു നിൽപ്പാൻ സാധിക്കാതെയായി ഗുരുത്വകേന്ദ്രം (Centre of gravity) തെറ്റി അവരോടുതന്നെ ചേർന്നു് ഒന്നായിത്തീരും. മദ്രാസു് സംസ്ഥാനത്തെ ഹിന്ദുക്കൾ തീരെ നശിപ്പാൻ ആയിരത്തിൽ ചിലപ്പോൾ വർഷം വേണമെന്നു് പ്രൊഫസ്സർ കണക്കാക്കിയതു് മലയാളം മുതലായ രാജ്യങ്ങളിലെ കഥയെ പ്രത്യേകം എടുത്തു നോക്കാഞ്ഞിട്ടായിരിക്കുമെന്നു തോന്നുന്നു. ഞങ്ങളുടെ അറിവിൽ ഇത്ര അധികം ക്രിസ്ത്യാനികളുള്ളതായും ക്രിസ്ത്യാനിമതത്തിലേക്കു് ഇത്ര അധികം ആളുകൾ ദിവസേന ചേർന്നുകൊണ്ടിരിക്കുന്നതായും ഇന്ത്യയിൽ മറ്റൊരു രാജ്യം ഉണ്ടെന്നുതോന്നുന്നില്ല. ജാതിശത്രുത്വവും ഇതുപോലെ മറ്റൊരിടത്തുമില്ല. ഞങ്ങൾ താഴെ കുറിക്കുന്ന ലേഖനം പ്രൊഫസ്സർ ബാലകൃഷ്ണന്റെകിൽ അദ്ദേഹം എത്ര വ്യസനിക്കുമായിരുന്നു.

വിവേ: 1090 മകരം

കാർമേക്കൽ പ്രഭുവും രാമകൃഷ്ണമിഷ്യനും

വിശ്വവിശ്രുതനായ വിവേകാനന്ദസ്വാമിയാൽ സ്ഥാപിക്കപ്പെട്ട, ഏറ്റവും പ്രശസ്തമായ വിധത്തിൽ മതതത്ത്വങ്ങൾ ഉപദേശിച്ചും ആതുരന്മാരെ സംരക്ഷിച്ചും മറ്റും ചരിതാർത്ഥതയും ലോകമെങ്ങും ഖ്യാതിയും നേടിവരുന്ന, രാമകൃഷ്ണമിഷ്യൻ ഹിന്ദുക്കളാൽ വർഗ്ഗഭേദമെന്നിയേ ബഹുമാനിക്കപ്പെട്ടുവരുന്ന ഒരു സ്ഥാപനമാകുന്നു. ഇതിന്റെ ഇപ്പോഴത്തെ അധ്യക്ഷനായ ബ്രഹ്മാനന്ദസ്വാമികളും ആ സംഘത്തിൽപ്പെട്ട യോഗ്യന്മാരായ മറ്റു പല സ്വാമിമാരും അവരുടെജീവിതപവിത്രതകൊണ്ടുതന്നെലോകത്തെആകർഷിക്കുന്നു. മിഷ്യനു ഹേതുഭൂതരായ ശ്രീരാമകൃഷ്ണപരമഹംസരുടേയും, സ്ഥാപകനായ വിവേകാനന്ദസ്വാമിയുടേയും നാമാക്ഷരങ്ങളെ അവർ സ്വന്തഗുണങ്ങളാൽ പവിത്രതരമാക്കുകയും ചെയ്യുന്നു. എന്നാൽ ബംഗാളത്തുള്ള അരാജകകക്ഷികളിൽ ചിലർ തങ്ങളുടെ രാജദ്രോഹകൃത്യങ്ങൾക്കു വ്യാപ്തിയും ബലവുമുണ്ടാവാൻവേണ്ടി ഈ മിഷ്യനിൽ അംഗങ്ങളായോ മറ്റോ ചേർന്നു് അതുകൊണ്ടുണ്ടാകുന്ന ജനസമ്മതിയെ നീചവും ഭയങ്കരവുമായ രാജദ്രോഹകൃത്യങ്ങളിൽ ചെറുപ്പക്കാരെ പ്രേരിപ്പിക്കാനുപയോഗിച്ചുവരുന്നുണ്ടെന്നു ഗവർമ്മെൻറിനു് അറിവുകിട്ടുന്നതായി ബംഗാൾ ഗവർണ്ണരായ കാർമേക്കൽ പ്രഭു അവർകൾ കഴിഞ്ഞ ഡിസംബറിൽ ചെയ്ത തന്റെ ഒടുവിലത്തെ ഡർബാർ പ്രസംഗത്തിൽ പ്രസ്താവിച്ചു കാണുന്നതിൽ ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു. കാർമേക്കൽ പ്രഭു അവർകൾ ജനസമ്മതനായ ഒരു ഗവർണ്ണറാകുന്നു. രാമകൃഷ്ണമിഷ്യൻ പരിശു

Digitized By Kerala Sahitya Akademi

ദ്ധമായ ഒരു സ്ഥാപനവുമാകുന്നു. വേണ്ടതെളിവുകൂടാതെ മിഷ്യന്റെ യശസ്സിന്നും അഭിവൃദ്ധിക്കും ഹാനികരമായ മേൽപ്പറഞ്ഞ ഭയങ്കര വസ്തുത പ്രഭൃ അവർകളും പ്രസ്താവിക്കുമെന്നു് എങ്ങനെ വിചാരിക്കാം. ദുർജ്ജനങ്ങളെ ഏതു സ്ഥാനത്തും ചെന്നുപറുകയും ആക്ഷേപത്തും അയശസ്സും വരുത്തിവയ്ക്കുകയും ചെയ്വാൻ എപ്പോഴും സന്നദ്ധന്മാരാകുന്നു. സ്ഥാപനങ്ങളെ ഏർപ്പെടുത്തി നടത്തുന്ന എല്ലാ യോഗ്യന്മാരും ഉദ്യോഗസ്ഥന്മാരേയും അംഗങ്ങളേയും മറും നിയമിക്കുന്ന വിഷയത്തിൽ വളരെ കരുതലുള്ളവരായിരുന്നില്ലെങ്കിൽ അപ്രതീക്ഷിതമായ അനർത്ഥങ്ങളും വന്നു തലയിൽ കയറുന്നതാണു്.

വിവേ: 1092 മകരം, കുംഭം

മതപരിവർത്തന രസവാദം

മ. രാ. രാ.

''മിതവാദി'' പത്രാധിപർ

അവർകൾക്കു്

മാന്യസുഹൃത്തേ,

നിങ്ങളുടെ മേയ് 28–ാംനു- (1923) ലെ ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള മുഖപ്രസംഗങ്ങളും ഞാൻ വായിച്ചു. കൊല്ലത്തുവച്ചു് ഈയിടെ കൂടിയ എസ്. എൻ. ഡി. പി. യോഗത്തിലെ അദ്ധ്യക്ഷന്റെ നിലയിൽ എനിക്കു ബുദ്ധമതത്തേയും നിങ്ങളേയും സംബന്ധിച്ചു് എന്റെ പ്രസംഗത്തിൽ സന്ദർഭാനുസാരം സൂചിപ്പിക്കേണ്ടിവന്ന ചില അഭിപ്രായങ്ങളെ ചൂവടേ ആക്ഷേപിപ്പാൻ നിങ്ങളും അതിൽ യുക്തിപൂർവം ശ്രമിച്ചിരിക്കുന്നു. ഞാൻ ഈ മറുപടി എഴുതുന്നതു് എന്റെ അഭിപ്രായങ്ങളെല്ലാം നിരാക്ഷേപമാണെന്നുള്ള ശഠതകൊണ്ടല്ല. അതു് എനിക്കു് അശേഷം ഇല്ലെന്നാണു് എന്റെ വിശ്വാസം. നിങ്ങളുടെ ആക്ഷേപങ്ങളെ ഓരോന്നായി പ്രതിയുക്തികളെക്കൊണ്ടു ഖണ്ഡിച്ചു, വാദത്തിൽ വിജയം നേടാമെന്നുള്ളദുരഭിമാനംകൊണ്ടുമല്ല. ആ വിജയം, അല്ലെങ്കിൽ, പരാജയമാകട്ടെ, നമ്മൾക്കു് പൊതുവും, സ്വകാര്യത്തേക്കാളും പ്രിയതമവും, ആയ നമ്മുടെ സമുദായകാര്യത്തിനു് യാതൊരു നന്മയും ഉണ്ടാക്കുന്നതല്ലല്ലോ. അതുകൊണ്ടു് എന്നെ ഇതിൽ പ്രേരിപ്പിക്കുന്നതു് ഒന്നാമതായി നിങ്ങളോടു് എനിക്കുള്ള നിർവ്യാജമായ സ്നേഹബഹുമാനങ്ങളാകുന്നു. മതപരിവർത്തന വിഷയത്തിൽ എന്റെ സ്ഫുടതരമായ അഭിപ്രായം സമുദായാംഗങ്ങളിൽ വല്ലവരും പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ, അതിനു് ഇതു് ഉപയുക്തമാകുമല്ലോ എന്നുള്ള പ്രയോജനാന്തരവും ഉണ്ടാകാവുന്നതാണു്.

''മിതവാദി''യിൽ നിങ്ങളും ഉദ്ധരിച്ചിരിക്കുന്ന എന്റെ അഭിപ്രായങ്ങളും എസ്. എൻ. ഡി. പി. യോഗത്തിന്റെ മൂലനയങ്ങളെ പുരസ്കരി

Digitized By Kerala Sahitya Akademi

രിച്ചും എന്റെ പ്രസംഗത്തിന്റെ പൂർവ്വോത്തരഭാഗങ്ങളോട് യോജിച്ചും ഉള്ള വയാണ്. അങ്ങനെയാണെങ്കിലും എന്റെ സ്വന്ത അഭിപ്രായമായിട്ടാണ് അവയെ പ്രസ്താവിച്ചിട്ടുള്ളതെന്ന സംഗതി ഞാൻ വിസ്മരിക്കുന്നില്ല. സ്വന്ത അഭിപ്രായങ്ങൾ എത്രതന്നെയായാലും വേറൊന്നും നോക്കാതെ വിളിച്ചു പറകയെന്നത് അന്തഃകരണശുദ്ധിയുടെ ഏറ്റവും ഉയർന്ന ഒരു പരിണാമത്തിൽ സംഭവിക്കുന്ന ഒരു സദ്ഗുണമാണെന്ന് എനിക്കറിയാം. ആ ദർശനത്തിൽ എനിക്ക് ആത്മാർത്ഥമായ ബഹുമാനവും ഉണ്ട്. എന്നാൽ അങ്ങനെയുള്ള മഹാന്മാർ സാധാരണ ദൃഷ്ടിയിൽ അലൌകികന്മാരാണ്. അവക്ക് ഒരു പ്രത്യേകസമുദായത്തെ വല്ല നിർദ്ദിഷ്ടമാർഗ്ഗങ്ങളിലൂടെ നയിക്കേണ്ട ചുമതല ഉണ്ടായിരിക്കയില്ല; ഉണ്ടായിരുന്നാൽ, അവർക്ക് അതിൽ വിജയം സിദ്ധിക്കയുമില്ല. നല്ലതെന്നു തോന്നുന്നതിനെ അവർ വിളിച്ചു പറയും. മറ്റുള്ളവർ കേട്ടാലും കേട്ടില്ലെങ്കിലും അവക്ക് വഴക്കമില്ല.

''ശ്രീനാരായണധർമ്മപരിപാലനയോഗം'' തീയ്യരുടെ ഗ്രണത്തിന്നായി ഒരു വ്യവസ്ഥിതമായ കാര്യപരിപാടിയെ മുൻനിറുത്തി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘമാണ്. അതിന്റെ ഉദ്ദേശങ്ങളിൽ പ്രധാനമായ ഒന്ന്, മതപരിഷ്കരണമാകുന്നു. ''ശ്രീനാരായണധർമ്മം'' എന്ന പദംതന്നെ ശ്രീനാരായണഗുരുവിന്റെ മതം എന്ന അർത്ഥത്തെയാണ് വിവക്ഷിക്കുന്നത്. ''ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു'' എന്നുള്ളതാണ് ആ മതം എന്ന നിങ്ങൾക്കും അറിയാമല്ലോ. സ്വാമി തൃപ്പാദങ്ങളുടെ ഈ ആദർശത്തെ ലാക്കാക്കിയുള്ള മതപരിഷ്കരണമാണ് എസ്. എൻ. ഡി. പി. യോഗത്തിന്റെ കാര്യപരിപാടിയിൽ ഉള്ളതെന്ന് ഇനി വ്യാഖാനിക്കേണ്ടതില്ലല്ലോ ഇതിനും ബുദ്ധമതത്തിനും തമ്മിൽ സാരമായ ചില വ്യത്യാസങ്ങൾ ഉണ്ട്.

സ്വാമിയെ ''അഭിനവബുദ്ധൻ'' എന്ന നമ്മിൽ ചിലർ ചിലപ്പോൾ വിശേഷിപ്പിക്കാറുണ്ട്. അതു് ബുദ്ധഭഗവാനോടുള്ള ശീലസാമ്യത്തെ അടിസ്ഥാനമാക്കി നമ്മൾ ചെയ്യുന്ന അപഭാനമാകുന്നു, ആധ്യാത്മികമായ അഭിപ്രായത്തിലുള്ള സാമ്യത്തെ ആധാരമാക്കി ചെയ്യുന്നതല്ല. എന്തുകൊണ്ടെന്നാൽ പല ''മതസാരവുമേകം'' എന്ന സ്വാമി പറയുന്നു. ബുദ്ധദേവൻ ഒരിക്കലും അങ്ങിനെ പറഞ്ഞിട്ടില്ല. ബുദ്ധമതതത്ത്വങ്ങൾക്ക് ഈ അഭിപ്രായം പ്രത്യക്ഷ വിരുദ്ധവും ആകുന്നു. 'ഒരു മതം' എന്ന സ്വാമികളുടെ സിദ്ധാന്തവും മേൽ പ്രകാരം സാരനിർണ്ണയം ചെയ്ത സിദ്ധിക്കുന്ന ഏകത്വത്തെ ആസ്പദീകരിച്ചുള്ളതാകുന്നു. അതുകൊണ്ട് സ്വാമിക്ക് എല്ലാ മതത്തേയും അതാതിന്നുള്ള ആദ്ധ്യാത്മികമായ ലക്ഷ്യത്തിന്റെ അഭേദത്തെ ആധാരമാക്കി സ്നേഹിപ്പാൻ കഴിയുന്നു. നമ്മളിൽ ചിലരാകട്ടെ, ഹിന്ദുമതത്തെ കഠിനമായി ആക്ഷേപിക്കുകയും ബുദ്ധമതത്തെ അമിതമായി സ്തുതിക്കയും ചെയ്യുന്നു.

Digitized By Kerala Sahitya Akademi

സ്വാമിയുടെ മതത്തിനും ബുദ്ധമതത്തിനും തമ്മിലുള്ള വേറൊരു വ്യത്യാസം—ഏറ്റവും സാരമായ വ്യത്യാസം—സ്വാമി, ''ഒരു ദൈവം മനുഷ്യനു'' എന്നു സിദ്ധാന്തിച്ചിരിക്കുന്നതാകുന്നു. ഈ സിദ്ധാന്തവും ബുദ്ധമതവും തമ്മിൽ രാവും പകലും പോലെ വ്യത്യസ്തങ്ങളാകുന്നു. ''ദൈവം'' എന്ന ശബ്ദത്താൽ വിവക്ഷിച്ചിരിക്കുന്ന ഈശ്വരനു ബുദ്ധമതത്തിൽ യാതൊരു സ്ഥാനവും ഇല്ല. ഈ സംഗതിയെ കുറെക്കൂടി വിസ്തരിച്ചു ഞാൻ ഒടുവിൽ പറയാം.

എസ്. എൻ. ഡി. പി. യോഗത്തിന്റെ കാര്യപരിപാടിയിലുള്ള തുല്യപ്രധാനമായ മറെറാരു സംഗതി സുസമ്മതമായ ആധുനികാദർശങ്ങളെ അനുസരിച്ചു തീയ്യരുടെ സാമുദായിക ജീവിതത്തെ, അല്ലെങ്കിൽ സമുദായസ്ഥിതിയെ പരിഷ്കരിക്കുകയാകുന്നു. ഇതിൽ സമുദായം നന്നാകുന്നതിനുള്ള ലൌകികമായ സകല ശ്രമങ്ങളും ഉൾപ്പെടുന്നു. പുതിയ രാജ്യഭരണനയം അനുസരിച്ചു സമുദായത്തിന്റെ പൌരാവകാശങ്ങളെ സ്ഥാപിപ്പാൻ നടത്തുന്ന പ്രക്ഷോഭണങ്ങളും ഈ ശ്രമങ്ങളിൽ പ്രധാനമായ ഒരു സ്ഥാനമാണുള്ളതു്. ഇതിൽ നമ്മളെ മുഖ്യമായി സഹായിക്കുന്നതു് നമ്മളുടെ സംഘബലമാകുന്നു. സ്വാമിയുടെ മതം ഈ സംഘത്തിനു് അനുഗ്രഹമായിട്ടുള്ളതാണു്. ബുദ്ധമതം, ആലോചിച്ചു നോക്കുന്ന ചിലർക്കു്, ഇതിൽ പ്രതികൂലമായിരിക്കുമെന്നു് തോന്നുകയില്ലെങ്കിലും പെട്ടെന്നു പറയുമ്പോൾ ഭിന്നമതമാണെന്നുള്ള പ്രതീതികൊണ്ടുതന്നെ, അതിൽ പലർക്കും, ഭിന്നാഭിപ്രായമാകുമെന്നുള്ളതു് അനുഭവസിദ്ധമാണു്. ഈ ഭിന്നാഭിപ്രായംതന്നെ വാശിയുള്ളവരുടെ ഇടയിൽ കക്ഷിവഴക്കായിത്തീരാവുന്നതും, അങ്ങിനെയുള്ള ഭിന്നിപ്പു്, സമുദായശക്തിയെ നാമാവശേഷമാക്കിച്ചെയ്യുന്നതുമാണു്. ഈ പരിതാപകരമായ പതനത്തെ, എസ്. എൻ. ഡി. പി. യോഗം സ്വരക്ഷയെ ഓർത്തു സഹജമായിത്തന്നെ ഭയപ്പെടേണ്ടതാകുന്നു. അതുപോലെ കൊച്ചിയിലെ ''തീയ്യർമഹാജനയോഗ''വും മലബാറിലെ ''തീയ്യർ മലബാർ യോഗ''വും, ''ജ്ഞാനോദയ''യോഗവും, എന്നുവേണ്ട, നമ്മുടെ സമുദായം മുഴുവനും, ആ സംഗതിയിൽ ഭയപ്പെടേണ്ടതാകുന്നു. അതുകൊണ്ടു്, സമുദായത്തിന്റെ പ്രാതിനിദ്ധ്യം വഹിക്കുന്ന എസ്. എൻ. ഡി. പി. യോഗത്തിന്റെ വാർഷികസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ച ഒരു സമുദായ സ്നേഹിയുടെ മസ്തിഷ്കാണകങ്ങൾ ഈവക വിചാരങ്ങളാൽ വിസ്ഫുരിതമായിരിക്കുന്നെങ്കിൽ അതു തെറ്റാണോ? തെറ്റായാൽക്കൂടി, നിങ്ങളെപ്പോലുള്ള ഒരു നേതാവു് അതിനെ സ്നേഹബുദ്ധ്യാ ക്ഷമിക്കേണ്ടതല്ലയോ?

നിങ്ങളുമായി എനിക്കു് പതിനെട്ടുകൊല്ലത്തിൽ കുറയാത്ത കാലത്തെ പരിചയം ഉണ്ടു. എസ്. എൻ. ഡി. പി. യോഗത്തിന്റെ ദുതന്റെ നിലയിൽ ആദ്യം ഞാൻ മലബാർ സന്ദർശിച്ചപ്പോൾ ഒന്നാമതായി വന്നുകണ്ടതു നിങ്ങളെയായിരുന്നു. സമുദായത്തിന്റെ ദയനീയാവസ്ഥയെപ്പററി ഇത്ര ഗാഢമായും ദൈർഘ്യമായും സർവദാ ചിന്തിച്ചുകൊണ്ടിരിക്കുന്ന നിങ്ങളെപ്പോലെ അനുതാപശാലിയായ ഒരു നേതാവിനെ ഞാൻ ഇന്നുവരെ കണ്ടിട്ടില്ല. ഈ അനുതാപം നിങ്ങൾക്കു് നിങ്ങളെ ചിന്തിച്ചുള്ളതല്ല. ലോകത്തി

Digitized By Kerala Sahitya Akademi

ലുള്ള ഏതു് അടിജാതമാന്യനോടും അർദ്ധാസനം അർഹിക്കുന്ന എല്ലാ യോഗ്യതകളും ഭാഗ്യങ്ങളും നിങ്ങൾക്കു സ്വായത്തമാണെന്നു്, മുഖസ്തുതിശങ്ക കൂടാതെ പറയാവുന്നതാണു്. ജാതികൃതമായ അസ്വാതന്ത്ര്യം നിങ്ങൾക്കു് മാനസികമായല്ലാതെ, ബാഹ്യമായി അനുഭവിക്കേണ്ടതില്ലെന്നുള്ള വസ്തുത നിങ്ങളുടെ സ്ഥിതിയെപ്പറ്റി വിവരമുള്ള ആർക്കും അറിയാവുന്നതാണു്. പിന്നെ നിങ്ങളുടെ അനുതാപം നിഷ്കളങ്കവും ഗാഢവും ആയ സമുദായസ്നേഹത്തിൽ നിന്നു മാത്രം ഉണ്ടായതാകുന്നു. എന്നാൽ ഈ സ്നേഹമെല്ലാം ഒലിച്ചുചെന്നു വല്ല മരുഭൂമിയിലും താണുപോകയാണെന്നു് നിങ്ങൾ ഒരിക്കലും ശങ്കിക്കരുതു്. കേരളത്തിലെ ഇരുപതുലക്ഷത്തോളം ഹൃദയങ്ങളിൽ അതു് അനുസ്പന്ദനം ചെയ്തുകൊണ്ടിരിക്കുകയാണെന്നു് എനിക്കു് ശപഥം ചെയ്യാൻ കഴിയും.

എന്നാൽ നിങ്ങളുടെ മതപരിവർത്തന പ്രസ്ഥാനത്തെപ്പറ്റി സമുദായത്തിൽ പ്രാധാന്യവും ബുദ്ധിശക്തിയും അന്തസ്സും ഉള്ള മറ്റു പല മാന്യന്മാർക്കും വിപ്രതിപത്തിയാണു് ഉള്ളതെന്നു് ഞാൻ അറിഞ്ഞിട്ടുള്ള വസ്തുതയെ ഈ സന്ദർഭത്തിൽ പറയാതിരിപ്പാൻ നിവൃത്തിയില്ല. തിരുവിതാംകൂറിൽ ഇതിനു അനുകൂലിക്കുന്നവർ വളരെ വളരെ ചുരുക്കമാകുന്നു. കൊച്ചിയിൽ ചില മാന്യന്മാർ ബുദ്ധമത പക്ഷപാതികളായി ഉണ്ടെങ്കിലും, അവിടത്തേയും ബഹുജനാഭിപ്രായം ഇപ്പോൾ അനുകൂലമല്ലെന്നാണു് എനിക്കു മനസ്സിലായിട്ടുള്ളതു്. മലബാറിലും അങ്ങനെതന്നെയെന്നാണു് എന്റെ അറിവു്. എന്നാൽ ഈ വിപ്രതിപത്തി, അല്ലെങ്കിൽ വൈമനസ്യത്തിൽ നൂറിനു തൊണ്ണൂറും, ഗ്രന്ഥദോഷചിന്തയുടെ ഫലമായിട്ടുള്ളതല്ലെന്നും, നേരേമറിച്ചു് മനസ്സിന്റെ സ്ഥിതിസ്ഥാപകസ്വഭാവംകൊണ്ടു മാത്രം ഉണ്ടായതാണെന്നും നമുക്കൊക്കെ അറിയാവുന്നതാണു്. ഈ മനഃസ്ഥിതിയെപ്പറ്റിയാണു്, ഞാൻ എന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളതു്. ഒരു സമുദായ നേതാവിന്റെ നിലയിൽ നിങ്ങൾ നിങ്ങളുടെ സമുദായത്തോടു് പ്രത്യേകമായി മതംമാറാൻ പറയുമ്പോൾ, അതു് ബുദ്ധമുനി പറയുന്നതുപോലെ ഓരോ വ്യക്തിയുടേയും നിർവാണത്തെ മാത്രം ഉദ്ദേശിച്ചല്ലെന്നും ലൌകികമായ സ്വാതന്ത്ര്യത്തിനായി സംഘത്തോടെ മതം മാറാൻ (Wholesale conversion) വിവക്ഷിച്ചുകൊണ്ടാണെന്നും മനസ്സിലാക്കുന്നതിനു് അസാധാരണ ഊഹാപോഹശക്തികളൊന്നും വേണമെന്നില്ല. ജനങ്ങളുടെ മേൽ സൂചിപ്പിച്ച മനഃസ്ഥിതിയിൽ അതു് സാദ്ധ്യമാവാൻ ഇനി എത്ര ശതവർഷങ്ങൾ വേണമെന്നും അതിനിടയിൽ ലോകത്തു് എന്തെല്ലാം മാറ്റങ്ങളാണു് വരാൻപോകുന്നതെന്നും ആക്കറിയാം? ജ്യോതിശ്ശാസ്ത്രസംബന്ധമായോ പ്രകൃതിശാസ്ത്രസംബന്ധമായോ ഉണ്ടായിട്ടുള്ള പുതിയ ഉപജ്ഞാനങ്ങൾപോലെ, ജനങ്ങളുടെ വിശ്വാസങ്ങളെ പാടേ മാറ്റത്തക്ക അത്ഭുതകരമായ ശക്തിയൊന്നും നമ്മുടെ ഇടയിൽ 2500 കൊല്ലമായി ഏറെക്കുറെ അറിയപ്പെട്ടിരിക്കുന്ന പഴയബുദ്ധമതത്തിനു് ഉണ്ടാവാൻ തരമില്ലെന്നാണു് എനിക്കു തോന്നുന്നതു്. സെയിൻറ് അഗസ്റ്റിനും മാർട്ടിൻ ലൂതറും മതം പ്രസംഗിച്ചതു് ഓരോ രാജ്യത്തെ മുഴുവൻ ജനതയോടായിരുന്നു;

Digitized By Kerala Sahitya Akademi

ചെറിയ ഒരു ജനവിഭാഗത്തോടായിരുന്നില്ല; പ്രത്യേക അസ്വാതന്ത്ര്യങ്ങളാൽ കഷ്ടപ്പെടുന്ന ഒരു പ്രത്യേക ജനവിഭാഗത്തോടായിരുന്നില്ല; അവരുടെ പ്രധാന ഉദ്ദേശ്യവും മതപരിഷ്കാരമായിരുന്നു; ജാതിപരിഷ്കാരമായിരുന്നില്ല. എന്നിട്ടുതന്നെ, എത്ര ഭയങ്കരമായ വിപ്ലവങ്ങളാണു് അതുനിമിത്തം ഉണ്ടായതു്! തീയ്യരുടെ ഇടയിലും ഇങ്ങിനെയുള്ള വിപ്ലവങ്ങൾ ഉണ്ടാകുന്നതു് ഇന്നത്തെ സ്ഥിതിക്കു് ആശാസ്യമാണോ? അതു സമുദായശക്തിയെ വൃഥാ ക്ഷയിപ്പിച്ചു, പുരോഗതിയെ തടയുകയില്ലയോ? പക്ഷേ സമുദായത്തെത്തന്നെ ശിഥിലമാക്കി ഭിന്നമതങ്ങളിൽ ലയിപ്പിച്ചു് സ്വരൂപനാശം വരുത്തിയെന്നും വരാവുന്നതല്ലയോ? അങ്ങനെയായാൽ നിങ്ങളുടെ ഉദ്ദേശ്യം സഫലമാകുമോ? അതുകൊണ്ടു് ആ വക ഉപമകളും ചരിത്രങ്ങളും പ്രസംഗത്തിന്റെ ഭംഗിക്കും പ്രൌഢിക്കും അല്ലാതെ പ്രകൃതത്തിനു് അനുപയുക്തമാണെന്നു പറയേണ്ടിവരുന്നതിൽ വ്യസനിക്കുന്നു.

ഇനി ജാതിജന്യമായ സകല അവശതകൾക്കും ബുദ്ധമതം ഏകസഞ്ജീവനിയാണെന്നു നിങ്ങൾ ഉറപ്പുപറയുന്നതിനെത്തന്നെ നോക്കാം. ഒരു തീയ്യൻ ബൌദ്ധനായിക്കഴിഞ്ഞാൽ ഉയർന്ന ജാതി ഹിന്ദുക്കൾ, ഹിന്ദുവെന്ന നിലയിൽ അവനെ താണജാതിക്കാരനായി പിന്നെ ഗണിക്കയില്ലെന്നും അതുകൊണ്ടു് സ്വതേ തന്നെ അവനു് സമുദായ നിലയിൽ കയറ്റം കിട്ടുമെന്നും നിങ്ങൾ പറയുന്നു. ഇതും വെറും ഒരു ഊഹം, അല്ലെങ്കിൽ സങ്കല്പം മാത്രമാകുന്നു. ക്രിസ്ത്യാനിമതത്തിൽ ചേർന്നപുലയരുംപറയരും നമ്മുടെ നാട്ടിൽ പലേടത്തും ഉണ്ടു്. മതപരിവർത്തന 'രസവാദം' ആ കാരിരുമ്പുകളെ ഇനിയും തങ്കമാക്കീട്ടില്ല. ബുദ്ധമതം പ്രചരിക്കുന്ന സിലോൺ മുതലായ രാജ്യങ്ങളിൽ താണ വർഗ്ഗക്കാരും ഉണ്ടു്. ആ മതം അവക്കും കയറ്റം കൊടുത്തിട്ടില്ല. നേരേ മറിച്ചു് ഹിന്ദുമതം പല താണ വർഗ്ഗക്കാരെയും പൊക്കീട്ടുണ്ടു്. ശങ്കരൻ, രാമാനുജൻ, ശ്രീകൃഷ്ണചൈതന്യൻ മുതലായ പല ആചാര്യന്മാരും പല വർഗ്ഗക്കാരെ ഉദ്ധരിപ്പിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള ഉന്നമനം ഉന്നമിപ്പിക്കുന്നവരുടെ പാത്രതയേയും കാലദേശാവസ്ഥകളേയും അനുസരിച്ചു സാധ്യമാകുന്നതാണു്. അതുകൊണ്ടാണു് അതു് നമ്മൾ വിചാരിക്കുമ്പോളൊക്കെ സംഭവിക്കാത്തതു്. വിശേഷിച്ചും ഈ വക സംഗതികൾ—താണവർഗ്ഗക്കാരുടെ സമുദായസ്ഥിതിയെ പൊക്കുക മുതലായ ബാഹ്യകാര്യങ്ങൾ—ഒന്നും ഈ മതത്തിന്റേയോ ആ മതത്തിന്റേയോ പ്രത്യേക ഗുണങ്ങളായി ഞാൻ വിചാരിക്കുന്നില്ല.

നാമൊക്കെ ഇന്നു് ബുദ്ധമതക്കാരായാൽ വെളിയിൽ നിന്നു് നമ്മുടെ സ്ഥിതിയെ പെട്ടെന്നു് ഉന്നമിപ്പിക്കത്തക്ക ശക്തിയേറിയ സഹായങ്ങൾ വല്ലതും ഉണ്ടാകുമെന്നു് നിങ്ങൾ വിചാരിക്കുന്നുവോ? തങ്ങളുടെ രാജ്യത്തുതന്നെ മത സംബന്ധമായ ഉണർച്ചയുണ്ടാക്കാൻ കഴിയാതിരിക്കുന്ന നിർജ്ജീവമായ ഇന്നത്തെ ബുദ്ധ സംഘങ്ങളിൽ നിന്നു് നമ്മൾക്കു് എത്ര സഹായ

Digitized By Kerala Sahitya Akademi

മാണ പ്രതീക്ഷിക്കാവുന്നതു് ? അങ്ങനെയാണെങ്കിൽ ടി. കെ. മാധവൻ അവർ കാം പറയുന്നപോലെ എന്തുകൊണ്ടു നമ്മൾക്കു ക്രിസ്ത്യാനികളായിക്കൂടാ ? ലോകം മുഴുവൻ ശക്തിപ്പെട്ടിരിക്കുന്ന ക്രിസ്തീയസഭകളിൽ ഏതിലെങ്കിലും നി ന്നു പ്രായോഗികവും പ്രബലവും ആയ സഹായങ്ങൾ നമ്മൾക്കു കിട്ടുന്നതാണ ല്ലോ. കേരളത്തിൽ ഇപ്പോൾത്തന്നെയുള്ള പതിന്നാലുലക്ഷം ക്രിസ്ത്യാനികളോടു കൂടി പതിനെട്ടലക്ഷം തീയ്യരേയും ചേർത്തുനോക്കുക. ആ സമുദായബലം തന്നെ ഇതര വർഗ്ഗങ്ങൾ ഭയപ്പെടത്തക്കതായിരിക്കുമല്ലോ. അല്ലെങ്കിൽ സി. വി. കുഞ്ഞുരാമൻ അവർകൾ സൂചിപ്പിക്കും പോലെ വഴിതെറ്റാൻ പറയുന്ന മേൽജാ തിക്കാരന്റെ മൂക്കിനു നേരെ മുഷ്ടി ചുരുട്ടാൻ ഹസ്തസിദ്ധികളെ ത്വരിപ്പിക്കുന്ന പൌരുഷമുള്ള ഇസ്ലാംമതം സ്വീകരിപ്പാൻ നിങ്ങൾ എന്തുകൊണ്ടു ഞങ്ങളോടു് ഉപ ദേശിക്കുന്നില്ല ? ഇസ്ലാംമതത്തേക്കാൾ സമഭാവനയ്ക്കും ഐകമത്യത്തിനും വിശ്വ തമായ മതം വേറെ ഇല്ലെന്നുള്ളതു പ്രസിദ്ധമാണല്ലോ. ഇവിടെ നിങ്ങൾ നിശ്ചയ മായും നോക്കിയതു സമുദായത്തിന്റെ മനഃസ്ഥിതിയാകുന്നു. സമുദായത്തിന്റെ ഇന്നത്തെ മതത്തോടു ബുദ്ധമതത്തിനുള്ള ചില സാമ്യവും സാമീപ്യവും ആകുന്നു നിങ്ങളെ പ്രേരിപ്പിച്ചതു്. ഞാൻ പറഞ്ഞ മനശ്ശാസ്ത്രീയമായ പ്രവണതയെ നി ങ്ങൾ അറിയാതെയാണെങ്കിലും ഇവിടെ പരിഗണിച്ചിരിക്കുന്നു. അങ്ങനെ ആ യാൽത്തന്നെ ഹിന്ദുമതത്തോടു കുറേക്കൂടി ആന്തരസാമ്യമുള്ള ആര്യസമാജത്തെ നിങ്ങൾ എന്തുകൊണ്ടു് അവഗണിക്കുന്നു ? പഞ്ചമനെ അവന്റെ കുടിലിൽ ചെ ന്നു പിടിച്ചുകൊണ്ടുവന്നു് ബ്രാഹ്മണനാക്കാൻ സഫലമായി യത്നിച്ചുവരുന്ന ദയാ നന്ദമതത്തെ എന്തുകൊണ്ടു നിങ്ങൾ ബഹുമാനിക്കുന്നില്ല ? എന്തുകൊണ്ടു തീയ്യർ ക്കു് ആര്യബ്രാഹ്മണരായിക്കൂടാ ? മതത്തിന്റെയും സമസൃഷ്ടി സ്നേഹത്തിന്റെ യും പേരിൽ നിങ്ങളുടെ മുറവിളികൂട്ടുനടക്കുന്ന ആര്യസമാജക്കാരുടെ അത്ഭുതകരമായ ഉദാര പ്രവൃത്തികൾ ലോകത്തു് ഇന്നുള്ള ഏതു ബുദ്ധസംഘത്തിൽനിന്നു നിങ്ങൾ ക്കു പ്രതീക്ഷിപ്പാൻ കഴിയും ? പുണ്യാഹംകൊട്ടാനും ഹോമം കഴിക്കാനും ഉള്ള മടി കൊണ്ടായിരിക്കാം നിങ്ങൾ അതിനെ സ്വീകരിക്കാത്തതു്. എന്നാൽ ബ്രഹ്മ മതം അംഗീകരിക്കരുതോ ? നവീനജീവിതാദർശങ്ങൾക്കു് അനുഗുണവും ഉൽകൃ ഷ്ടമതശാസ്ത്രങ്ങൾക്കു് അവിരുദ്ധവും ആയി രാജാറാമമോഹനറായി മുതലായ വിശ്വവിശ്രുത പണ്ഡിതന്മാർ സ്ഥാപിച്ചതും ഡാക്ടർ രവീന്ദ്രനാഥടാഗോർ മുത ലായ ഋഷിമാരും ഇന്ത്യൻ രാഷ്ട്രീയ നേതാക്കന്മാരുടെ മുന്നണിയിൽ നില്ക്കുന്ന അനേക പുരുഷരത്നങ്ങളും സ്ത്രീരത്നങ്ങളും അംഗങ്ങളായുള്ളതും നമ്മളിൽ ചില മാന്യസഹോദരർ അവിടവിടെ ഇപ്പോൾത്തന്നെ വരിച്ചിരിക്കുന്നതുമായ, ജാതി യില്ലാത്ത ബ്രഹ്മസമാജം എന്തുകൊണ്ടു നിങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചില്ല ? അതിന്റെ പ്രചാരത്തിന്റെ മന്ദത കണ്ടിട്ടായിരിക്കാം; അല്ലെങ്കിൽ തീയ്യന്റെ ജാതിക്കുറ അതുകൊണ്ടു നീങ്ങുന്നില്ലെന്നു കണ്ടിട്ടായിരിക്കാം.

ബുദ്ധമതത്തിനു സമുദായത്തിൽ ശീഘ്രതരമായ പ്രചാരം സിദ്ധിക്കുമെന്നു നിങ്ങൾ എങ്ങനെ മുൻകൂട്ടി നിർണ്ണയിച്ചു ? അതിനു നിങ്ങൾക്കുള്ള ഗമകങ്ങൾ എന്തായിരുന്നു ? തീയ്യൻ, ബൌദ്ധൻകൂടിയായാൽ അവന്റെ കുറ മലിനതരമാക യില്ലെന്നു തീർച്ചയാക്കാൻ നിങ്ങൾ ധൈര്യപ്പെട്ടതു് എങ്ങനെ ? തീയ്യനു ബുദ്ധ മതം സ്വാതന്ത്ര്യം നൽകുമെങ്കിൽ പെരുമനം ആ മതം സ്വീകരിച്ചാൽ ഉടനെ

Digitized By Kerala Sahitya Akademi

സ്വാതന്ത്ര്യം ഉണ്ടാകുമോ ? തീയ്യർ ആയിരം കൊല്ലത്തിനു മുമ്പു ലങ്കാദ്വീപിൽ നിന്നു കേരളതീരത്തിൽ ഇറങ്ങിയപ്പോഴത്തന്നെ ബുദ്ധമതക്കാരായിരുന്നതി നാൽ അവർ വീണ്ടും ആ മതം സ്വീകരിക്കുന്നതു് ഉത്തമമാണെന്നു് ചിലർ അഭി മാനിക്കുന്നതായി കാണുന്നു. തീയ്യരുടെ ആഗമത്തെ സംബന്ധിച്ച ഈ ഐ തിഹ്യം ഇന്നും സിദ്ധാന്തദശയിൽ എത്തീട്ടില്ലാത്ത ചരിത്ര സംബന്ധമായ ഒരു ഊഹം മാത്രമേ ആകുന്നുള്ളു. അതിനെ സമ്മതിച്ചാൽത്തന്നെ ക്രിസ്തുവിനു മുൻപു 250-ൽ സിലോണിൽ ബുദ്ധമതം എത്തുന്നതിനു മുൻപു തീയ്യരുടെ പൂർവന്മാർ അവിടെ ആയിരുന്നെങ്കിൽ, അവരുടെ അന്നത്തെ മതം നമുക്കിന്നു് അത്യന്തമ മായി തോന്നേണ്ടതാകുന്നു. എന്നതന്നെയല്ല, നമ്മളെല്ലാം ഈ നിലയിൽ ഇന്നു കേരളം വിട്ടു വല്ല ബുദ്ധമതരാജ്യത്തും അഭിനിവേശിപ്പാൻ പോകയാണെങ്കിൽ അവിടെ നമ്മുടെ സന്താനങ്ങൾ അവരുടെ പൂർവന്മാരുടെ മതമായ ഹിന്ദുമത ത്തെ അഭിമാനപൂർവം പുനഃസ്വീകരിക്കയും ആയിരം കൊല്ലത്തിനു മേലായി അടുത്ത പൂർവന്മാർ അനുഷ്ഠിച്ചുവന്ന മതത്തെ പരിത്യജിച്ചുകളഞ്ഞ നമ്മളുടെ മതാഭിമാനത്തെ അവഹേളിക്കയും പൌരുഷത്തെ സംശയിക്കയും ചെയ്യാവുന്ന തുമല്ലേ ? വിശേഷിച്ചും അതെല്ലാം പൂർവാചാരപ്രിയന്മാരുടെ ഒരു വക ദുരഭി മാനങ്ങളാകുന്നു. ഉൽപതിഷ്ണുവായ നിങ്ങൾക്കു് അതു വരാൻ തരമില്ല. അതു കൊണ്ടു് അതല്ല; പിന്നെയോ ? ബുദ്ധമതം നല്ലതെന്നു തോന്നി, അതിനെ സ്വീകരിച്ചു; സ്വീകരിപ്പാൻ സമുദായത്തെ ഉപദേശിക്കുകയും ചെയ്യുന്നു. നല്ല തിനെ ആർക്കും തിരഞ്ഞെടുക്കാം, ആക്കും ഉപദേശിക്കുകയും ചെയ്യാം, എന്നാ ണു പറയുന്നതെങ്കിൽ ശരി. ഇനി അതിന്റെ നന്മയെപ്പറ്റി ആലോചിച്ചാൽ മതിയല്ലൊ.

ഒരു മതത്തിനു പ്രധാനമായി, ധർമ്മം, മോക്ഷം എന്നു രണ്ടു വശങ്ങളാണുള്ളതു്. ബുദ്ധമതത്തിലെ ധർമ്മമാർഗ്ഗത്തെപ്പറ്റി ആക്ഷേപിക്കുവാൻ തരമില്ലാത്തതാകുന്നു ധർമ്മം (സദാചാരം) തന്നെ സർവ പ്രധാനമായി കരുതുന്ന മതം ഇതുപോലെ ലോകത്തു വേറൊന്നില്ലെന്നുള്ളതു പ്രസിദ്ധമാണു്. മോക്ഷം എന്നതു ജീവിതത്തിന്റെ അവസാനാവസ്ഥയാകുന്നു. അതു തത്ത്വശാസ്ത്രപ്രതി പാദ്യമായ വിഷയമാണു്. ബുദ്ധമതത്തിലെ തത്ത്വശാസ്ത്രം വളരെ പ്രൌഢമാകു ന്നു : അതിലെ സിദ്ധാന്തപ്രകാരം ജീവിതം, അനവധി ജന്മങ്ങൾക്കുശേഷം ജ്ഞാനത്താൽ സർവസംസ്കാരങ്ങളും നശിച്ചു നിർവാണം പ്രാപിക്കുന്നു. ഈ നിർവാണം സർവനാശം, അല്ലെങ്കിൽ, ശൂന്യം ആകുന്നു. ഇതിനെപ്പറ്റി ഇവിടെ വിസ്തരിച്ചു പറവാൻ തരമില്ല. പ്രമാണജഡന്മാരല്ലാത്ത സ്വതന്ത്രചിന്തകന്മാർക്കു് ഈ ഭാഗം വിചാരരമണീയമായിട്ടുള്ളതാകുന്നു.

ആംഗലതത്ത്വജ്ഞാനിയായ ജോൺ സ്റ്റുവർട്ടു് മിൽ, ബുദ്ധമതക്കാരുടെ നിർവാണം ഒരിക്കൽ ലോകത്തു സർവസമ്മതമായിത്തീർന്നേക്കാമെന്നു സൂചിപ്പി ച്ചിട്ടുള്ളതിനെ ഞാൻ ഈ അവസരത്തിൽ അഭിമാനപൂർവം സ്മരിക്കുന്നു. ഒരു മത ത്തിന്റെ പാരമ്യത്തെപ്പറ്റി ഇതിലധികം പറഞ്ഞിട്ടു് ആവശ്യമില്ല. എന്നാൽ ഇതു പുസ്തകത്തിലെ ബുദ്ധമതത്തെപ്പറ്റിയുള്ള അഭിപ്രായമാണു് ; അല്ലെങ്കിൽ മതഗ്രന്ഥങ്ങളിലെ സാരാംശങ്ങളെ മാത്രം നോക്കി പറയുന്നതാണു്. ആവക

Digitized By Kerala Sahitya Akademi

സാരാംശങ്ങൾ എല്ലാ മതങ്ങളിലും എറക്കുറെ ഉൽകൃഷ്ടങ്ങളായിത്തന്നെ ഇരിക്കും. വിശേഷിച്ചും വൈദികമതത്തിന്റെ രത്നകിരീടങ്ങളായ ഉപനിഷത്തുക്കളെപ്പററി ''കാൻറ്'' (Kant) മുതലായ പാശ്ചാത്യതത്ത്വവിത്തുക്കൾ ഇതിലധികം ശ്ലാഘിക്കുന്നുണ്ട്. ബുദ്ധമതത്തിലെ പഞ്ചശീലങ്ങളും ദശകുശലങ്ങളും, മറും വേദാന്തത്തിലെ യമനിയമാദികളെക്കാൾ ശക്തിയും വ്യാപ്തിയും ഉള്ള സദാചാരങ്ങളാണോ? അഹിംസയെ ബുദ്ധമതം ഉച്ചമായി ഘോഷിക്കുന്നു. എങ്കിലും അതു് ഇന്നു് അധികമായി അനുഷ്ഠിക്കുന്നതു ഹിന്ദുവൈദികന്മാരാകുന്നു. കേവലം സസ്യഭുക്കായ ഒരു സമുദായം ഹിന്ദുക്കളിലല്ലാതെ കാണാൻ കഴികയില്ല. ബുദ്ധമതം പഴയ വൈദികമതത്തിന്റെ പരിശുദ്ധമായ തെളി മാത്രമാണെന്നു പറയുന്നവരോടു് ഇന്നത്തെ ഹിന്ദുമതം പഴയ ബുദ്ധമതത്തിന്റെ സത്തായാണെന്നു് അവരുടെ എതിരാളി പറയും. മതങ്ങളെല്ലാം മലയരുവികൾ പോലെ ഉന്നതങ്ങളായ സ്ഥാനങ്ങളിൽനിന്നും പുറപ്പെട്ടുന്നവയാണു്. അവയുടെ ആതാതുകാലത്തെ ശുദ്ധി അവ ഒഴുകുന്ന ദിക്കുകളുടെ ഗുണദോഷങ്ങളെ ആശ്രയിച്ചിരിപ്പാനേതരമുള്ളു.

നിങ്ങൾ ഹിന്ദുമതത്തിലെ ജാതിശല്യത്തെയാണു് എപ്പോഴും ഊന്നിപ്പറയുന്നതു്. ജാതിയെപ്പററി പറവാനുള്ളതു ചുരുക്കത്തിൽ ഞാൻ മുൻപുതന്നെ പറഞ്ഞുകഴിഞ്ഞു. ബുദ്ധമത ഗ്രന്ഥങ്ങളിൽ ചാതുർവർണ്യം വിധിച്ചിട്ടില്ലെന്നുള്ളതു ശരിതന്നെ. ബുദ്ധ സംഘങ്ങളിൽ വർണ്ണവ്യത്യാസം ഗണിച്ചു വന്നിരുന്നില്ലെന്നുള്ളതും ശരിതന്നെ. എന്നാൽ സംഘങ്ങൾക്കു ജനങ്ങളുടെമേൽ ലൌകികാധാരം ഉണ്ടായിരുന്നില്ല. ജനങ്ങളുടെ ഇടയിൽ മുൻപുതന്നെ മുളച്ചു വളർന്ന ജാതിവിചാരങ്ങളെ പറിച്ചു കളവാൻ സംഘങ്ങൾ കാര്യമായി പ്രവർത്തിച്ചിട്ടുമില്ല. ഇതു ചരിത്രസിദ്ധമായ വസ്തുതയാകുന്നു. ബുദ്ധമത രാജ്യങ്ങളിൽ ജാതിബാധ തീരെ ഇല്ലെന്നു പറയാവുന്നതായി അറിയപ്പെട്ടുന്ന രാജ്യം ബർമ്മ മാത്രമാകുന്നു. അതുദേശീയമായ വല്ല കാരണങ്ങളാലും സംഭവിച്ചതാണെന്നു വാദിക്കാം. ജപ്പാനിൽ അടുത്തകാലം വരെ ഭയങ്കരമായ ജാതിശല്യം ഉണ്ടായിരുന്നു. അതു രാഷ്ട്രീയമായ ആവശ്യം പ്രമാണിച്ചു് അവിടെ നിത്തൽ ചെയ്തതാണു് ഉണ്ടായതു്. ഇവിടെയും രാഷ്ട്രീയമായ ആവശ്യം ജാതിയോടു മല്ലിട്ടു തുടങ്ങിയതിനു ചില ദൃഷ്ടാന്തങ്ങൾ ഇന്നു നമ്മൾ കാണുന്നുണ്ടല്ലോ. ഭാരതമഹാസഭയുടെ കീഴിൽ ഇപ്പോൾ നടക്കുന്ന അയിത്തവർജ്ജന പ്രസ്ഥാനവും മിശ്രഭോജന സംരംഭവും ഫലപ്രദമായിത്തീരുമെങ്കിൽ ജാതി നിർജ്ജീവമായിത്തീരുന്നതാണു്. ജനാഭിപ്രായത്തിനു ശക്തി ഉണ്ടാകുമ്പോൾ ശാസ്ത്രസമ്മതി സിദ്ധിച്ച അനാചാരങ്ങൾകൂടി മാറിപ്പോകുന്നതാണെന്നു ലോകചരിത്രം നമ്മെ പഠിപ്പിക്കുന്നു.

മേൽപറഞ്ഞ സംഗതികളാൽ, നിങ്ങൾ ഉദ്ദേശിച്ച മെച്ചം ബുദ്ധമതത്തിനു് ഇല്ലെന്നു വിശദമാകുന്നു. എന്നാൽ തീയ്യരുടെ ഇന്നത്തെ ഹിന്ദുമതത്തേക്കാൾ ബുദ്ധമതം അവർക്കു നല്ലതെന്നാണു നിങ്ങൾ സങ്കല്പിക്കുന്നതെങ്കിൽ അതും ശരിയെന്നു സമ്മതിപ്പാൻ തരമില്ലെന്നു കാണുന്നതിൽ വ്യസനിക്കുന്നു. ഞാനും നിങ്ങളും ശ്രീനാരായണഗുരുസ്വാമിയും തീയ്യസമുദായത്തിലെ അംഗങ്ങളാണു്. നമ്മൾ ആരും കുരുതികഴിക്കാനും പൂരം മുള്ളാനും പോകാറില്ല. നമ്മളെപ്പോലെ

Digitized By Kerala Sahitya Akademi

അനേകായിരം ആളുകൾ വേറെയും ഉണ്ട്; അവരും അതിനു പോകാറില്ല. സമുദായത്തിലെ പാമരജനങ്ങൾ മാത്രമേ ആ വക ആരാധനകൾ തുടർന്നുകൊണ്ടിരിക്കുന്നുള്ളൂ. നമ്മളെക്കാൾ ഉയർന്നവരെന്നഭിമാനിക്കുന്ന വർഗ്ഗക്കാരിൽ ഉള്ള അപരിഷ്കൃതാംഗങ്ങളും അതു ചെയ്യുന്നുണ്ടുതാനും. ഒരേ മതം അനുഷ്ഠിക്കുന്ന ആളുകൾ അസംഖ്യങ്ങളായിരിക്കും. അവരുടെയെല്ലാം നടപടികൾ ഒന്നുപോലെ ഇരുന്നുവെന്നു് ഒരിടത്തും വരുന്നതല്ല. അതിനു സമുദായ സ്ഥിതിയെ അല്പാതെ മതത്തെ കുറ്റം പറയുന്നതു ശരിയുമല്ല. അങ്ങിനെയുള്ള കുറ്റങ്ങളെ തിരുത്തേണ്ടതു സമുദായ നേതാക്കളുടെ ജോലിയുമാകുന്നു. സ്വാമിത്തുപ്പാദങ്ങളും, എസ്. എൻ. ഡി. പി. മുതലായ സ്ഥാപനങ്ങളും നമ്മുടെ സമുദായത്തിലെ ആ വക ന്യൂനതകൾ പരിഹരിക്കുവാൻ വളരെയൊക്കെ പരിശ്രമിച്ചിട്ടുണ്ട്; ശ്രമിച്ചുവരികയുമാകുന്നു.

ബുദ്ധമതത്തിന്റെ ദുഷിച്ചഭാഗങ്ങളിലും ഈ വക അനാചാരങ്ങൾ പലതും ഉണ്ടായിരിക്കും. ഉത്തരദേശബുദ്ധമതം, അല്ലെങ്കിൽ മഹായാനബുദ്ധമതം, മന്ത്രങ്ങൾ, തന്ത്രങ്ങൾ, കൂടപത്രങ്ങൾ, ജന്തുബലികൾ എന്നുവേണ്ടാ, ദുഷിച്ച ഹിന്ദുമതത്തിലുള്ളതിൽ പതിന്മടങ്ങു ഭയങ്കരമായ അനവധി ദുരാചാരങ്ങൾക്കു് അട്ടിപ്പേറു സിദ്ധിച്ച തറവാടാണെന്നുള്ളതു പ്രസിദ്ധമാണു്. ഹീനയാനബുദ്ധമതവും അതിന്റെ ആദിസിദ്ധാന്തങ്ങളിൽ നിഷ്കർഷയോടുകൂടിയല്ല ഇന്നു ദക്ഷിണദേശങ്ങളിൽ അനുഷ്ഠിച്ചു വരുന്നതു്. അതുകൊണ്ടു് ആ സങ്കല്പവും ശരിയല്ല.

ഇവിടെ ഒന്നുകൂടി പറവാനുണ്ടു്. ബുദ്ധമതത്തെപ്പറ്റി നിങ്ങൾ പറയുമ്പോഴൊക്കെ അതിന്റെ നിർദ്ദോഷഭാഗങ്ങളെ മാത്രവും, ഹിന്ദുമതത്തെപ്പറ്റി പറയുമ്പോൾ ദോഷാംശങ്ങളെ മാത്രവും ഉദാഹരിക്കുന്നതായി കാണുന്നു. ഈ താരതമ്യ വിവേചന രീതി ശാസ്ത്രീയമോ ധർമ്മ്യമോ അല്ല. ഇതു് അറിയാതെ വരുന്നതാണെങ്കിൽ പരിഹരിക്കേണ്ടുന്ന ന്യൂനതയും, അറിഞ്ഞു കൊണ്ടു ചെയ്യുന്നതാണെങ്കിൽ നിന്ദ്യമായ ഒരു അപരാധവും ആകുന്നു; എന്തുകൊണ്ടെന്നാൽ ആ ദൃഷ്ടനെത്താൽ നിങ്ങളുടെ മനസ്സാക്ഷി വഞ്ചിതമാകയും വിവരമില്ലാത്ത അനവധി ശ്രോതാക്കൾ സംഗതികൾ തെറ്റിദ്ധരിക്കുകയും ചെയ്യുന്നു. പുതിയ പരിവർത്തനത്തിന്റെ തിരക്കിൽ നിങ്ങൾ അതു് ഓർക്കുന്നുണ്ടായിരിക്കയില്ല. അതിനെപ്പറ്റി ഞാൻ നിർവ്യാജം വ്യസനിക്കുന്നു.

ഒടുവിൽ എനിക്കു പറവാനുള്ളതു ബുദ്ധമതത്തിനുള്ള ഒരു പ്രത്യേക വൈഷമ്യത്തെപ്പറ്റിയാകുന്നു. ഈ മതത്തിൽ ''ആത്മാവു്'' എന്നൊരു വസ്തുവെ അംഗീകരിച്ചിട്ടില്ല. ശ്രുപവേദവിജ്ഞാനാദികളായ അഞ്ചുസ്കന്ധങ്ങൾ, അല്ലെങ്കിൽ അന്തഃകരണ ശാസ്ത്രീയങ്ങളായ ഏതാനും തത്ത്വങ്ങൾ അല്ലാതെ ജീവിതത്തിന്റെ ഘടകമോ നിയാമകമോ ആയ മറ്റൊരു ചൈതന്യവസ്തു ആവശ്യമില്ലെന്നാണു് അവർ പറയുന്നതു്. ആത്മാവിനെത്തന്നെ അംഗീകരിക്കാത്ത സ്ഥിതിക്കു പരമാത്മാവായ ഈശ്വരന്റെ കഥ പറയേണ്ടതില്ലല്ലോ. അതുകൊണ്ടു് ആത്മാവും ഈശ്വരനും ഇല്ലാത്ത ഈ മതവും ഇതിന്റെ ഉപയോഗവും കടന്ന ബുദ്ധിശാലികൾക്കോ യോഗീന്ദ്രന്മാർക്കോ മനസ്സിലാക്കാൻ കഴിയുമെന്നല്ലാതെ സാധാരണജനങ്ങൾക്കു്, വിശേഷിച്ചും ആത്മാവിന്റെ അനിഷ്ടനാശത്തിനോ ഇഷ്ടലാഭത്തി

Digitized By Kerala Sahitya Akademi

നോ വേണ്ടി ദേവതകൾക്കു് ആടും കോഴിയും കരുതി കഴിക്കാൻ നടക്കുന്ന പ്രാകൃത ജനങ്ങൾക്കു് ഉപദേശിപ്പാൻ തന്നെ പ്രയാസമാണെന്നു് ആർക്കും അറിയാം. ഈ ശ്വരഭയം ഉണ്ടായിരുന്നിട്ടുപോലും അകൃത്യങ്ങൾ ചെയ്യാൻ മടിക്കാത്ത സാധാരണ വ്യക്തികൾ സദാചാരത്തിനു വേണ്ടിമാത്രം സദാചാരമനുഷ്ഠിച്ചു ധർമ്മശ്രേഷ്ഠന്മാരായിത്തീരാൻ ശക്തരാണെന്നു വിചാരിക്കുന്നതു് കുറേ സാഹസമാകുന്നു. അതുകൊണ്ടു് ഈ മതം പരിഷ്കൃതാശയരായ പ്രത്യേകാംഗങ്ങൾക്കല്ലാതെ സമുദായത്തിനു് അനുഷ്ഠിപ്പാൻ സാദ്ധ്യമായതല്ലെന്നു വിശേഷിച്ചും ഓർക്കേണ്ടതാകുന്നു.

എന്നാൽ ലോകത്തിലുള്ള അമ്പതുകോടിയോ അധികമോ, അതു എങ്ങനെ അനുഷ്ഠിച്ചുവരുന്നുവെന്നു നിങ്ങൾ ചോദിക്കുമായിരിക്കാം. അതിനെപ്പറ്റി ഞാൻ മുൻപേതന്നെ സൂചിപ്പിച്ചിട്ടുണ്ടു്. അവർ വിശ്വസിച്ചുവരുന്നതു നമ്മൾ പറയുന്ന ശുദ്ധമായ ബുദ്ധമതമല്ല. അതിന്റെ പുറത്തു പടർന്നുകേറിയിരിക്കുന്ന കാടും പടപ്പുകളും ആകുന്നു. അവർ ബുദ്ധനിയെത്തന്നെ ഈശ്വരനിർവിശേഷമായി ആരാധിക്കുകയും അവതാരങ്ങളിലും അത്ഭുതകഥകളിലും ദേവന്മാരിലും യക്ഷന്മാരിലും പിശാചുക്കളിലും വിശ്വസിക്കുകയും എല്ലാപ്രകാരത്തിലുള്ള അന്ധപാരമ്പര്യത്തെയും അബദ്ധവിശ്വാസത്തെയും പുലർത്തുകയും ചെയ്യുന്നു. ദക്ഷിണ ബുദ്ധമതത്തിന്റെ കേന്ദ്രങ്ങളായ സിലോണും ബർമ്മയും തന്നെ ഭീമാകൃതികളായ ബുദ്ധവിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിട്ടുള്ളതും അവതാരകഥാചിത്രങ്ങൾ കൊത്തിവച്ചിട്ടുള്ളതുമായ ചൈത്യങ്ങളാൽ നിബിഡമായിരിക്കുന്നു. ഈ വിഗ്രഹങ്ങളുടെ മുമ്പിൽ അവർ നമസ്കരിക്കുകയും, ആരാധിക്കുകയും പുഷ്പാഞ്ജലി ചെയ്കയും ചെയ്യുന്നു. ഹിന്ദുദേവാലയങ്ങളിലെപ്പോലെ ഇവയിൽ സാധാരണമായി അഭിഷേകവും നൈവേദ്യവും ചെയ്യാറില്ലെന്നേ ഉള്ളൂ. പുരാതനമതമാഹാത്മ്യത്തിന്റെ സ്മരണയെ നിലനിറുത്തുന്ന ഈവക ഉപചാരങ്ങളെ ഞാൻ കേവലം ആക്ഷേപിക്കയല്ല ഇവിടെ ചെയ്യുന്നതു്; ഈ വിഷയത്തിലും ഇന്നത്തെ ഹിന്ദുമതത്തേക്കാൾ ബുദ്ധമതത്തിനു പറയത്തക്ക മെച്ചമൊന്നുമില്ലെന്നു സൂചിപ്പിക്കുക മാത്രമാകുന്നു. വിശേഷിച്ചും ഈശ്വരനില്ലാത്ത മതത്തെ തങ്ങൾക്കായി പ്രഖ്യാപനംചെയ്ത ഭഗവാൻ ബുദ്ധനെത്തന്നെ തങ്ങളുടെ ഈശ്വരനായിട്ടവരിച്ചു ജനങ്ങൾ ആരാധന തുടങ്ങിയ വസ്തുതയിൽ ഒളിച്ചിരിക്കുന്ന കൌതുകകരമായ വിധിവിലാസം നമ്മെ എന്തു പഠിപ്പിക്കുന്നു? ശുദ്ധബുദ്ധമതം ജനസാമാന്യത്തിന്റെ നിലയിൽ ഒരു പരാജയമാണെന്നുള്ളതു വിശദമാക്കുന്നു.

രാജാരാമമോഹനറോയി മുതലായ മഹാന്മാർ ഹിന്ദുമതത്തിൽ അവക്ഷ സ്ഥാനമില്ലെന്നു പറഞ്ഞതായി നിങ്ങൾ വാദിക്കുന്നു. രാമമോഹനറോയി ഹിന്ദുമതത്തെ നിരസിച്ചിട്ടില്ല; വേദാന്തമതത്തെ അദ്ദേഹം ശ്ലാഘിക്കുന്നു. മഹാകവി ടഗോർ ഉപനിഷത്തുകളിൽ വളരെ അഭിമാനമുള്ള ദേഹമാണു്. അവരെല്ലാം ഹിന്ദുമതത്തിന്റെ ചില വശങ്ങളെ മാത്രമേ ആക്ഷേപിക്കുന്നുള്ളൂ. എന്നല്ല, ഇവരാരും ബുദ്ധമതം അംഗീകരിപ്പാൻ ജനങ്ങളോടു് ആവശ്യപ്പെടുന്നുമില്ല. ആ പണ്ഡിതന്മാർ ബുദ്ധമതത്തെപ്പറ്റി നമ്മെപ്പോലെയോ അധികമോ അറിഞ്ഞിരിക്കാമെന്നുള്ളതുമാണു്. ശ്രീ വിവേകാനന്ദ സ്വാമി ബുദ്ധമതത്തെപ്പറ്റി വള

Digitized By Kerala Sahitya Akademi

രെ പരിജ്ഞാനവും ബഹുമാനവും ഉള്ള മഹാനായിരുന്നില്ലേ? ജാതിശല്യത്തെ പ്പററി നിഷ്കരുണമായി ആക്ഷേപിക്കയും ഗാഢമായി അനുതപിക്കയും ചെയ്ത വിശാലഹൃദയനായിരുന്നില്ലേ? എന്തുകൊണ്ട് അദ്ദേഹം ഹിന്ദുമതത്തെ പരി ഷ്കരിപ്പാൻ അല്ലാതെ ബുദ്ധമതത്തെ ഉജ്ജീവിപ്പിപ്പാൻ ഉപദേശിച്ചില്ല? ഈ സംഗതികളെപ്പററി നമ്മാൽ നിശ്ചയമായും ചിന്തിക്കേണ്ടതാകുന്നു.

തീയ്യരെ അടുപ്പിക്കാത്ത ഹിന്ദുക്ഷേത്രങ്ങളിലേക്കാൾ ഈശ്വരസാന്നിദ്ധ്യം അധികമുള്ളതു മുസ്ലീംപള്ളികളിലാണെന്നു ജസ്റ്റിസ് സദാശിവയ്യർ പറഞ്ഞതി നെ നിങ്ങൾ എടുത്തുകാണിക്കുന്നു. ഇതു ഹേയാംശങ്ങളെ ചുണ്ടിക്കാണിച്ചു മത ത്തെ പരിഷ്കരിപ്പാനുള്ള ഉത്സാഹത്തെ മുൻനിറുത്തി ചെയ്യുന്ന ഉപാലംഭം മാത്ര മാകുന്നു. അല്ലെങ്കിൽ ഉൽകൃഷ്ട ഹിന്ദുസഭ സ്ഥാപിപ്പാൻ ക്ലേശപ്പെട്ടുന്നതിനേ ക്കാൾ അദ്ദേഹം ഇസ്ലാംമതംതന്നെ സ്വീകരിച്ചു സുഖമായി ഇരിക്കുമായിരുന്നു. അദ്ദേഹവും ബുദ്ധമതത്തെപ്പററി പറയുന്നില്ലെന്നുള്ളതു സ്മരണീയമാണ്. മദ്രാ സിലെ പച്ചയ്യപ്പാകോളേജിൽ ഇതുവരെ പഞ്ചമന്മാർക്കു പ്രവേശനം അനുവദിച്ചി ട്ടില്ലെന്നുള്ള സംഗതി, സാമൂതിരിക്കാളേജിൽ ഇപ്പോൾ തീയ്യവിദ്യാർത്ഥികൾ കയറിപ്പോകുന്നതു കണ്ണുകൊണ്ടു കാണുന്ന നിങ്ങൾക്കു് അതു നൈരാശ്യജനകമാ യിരിപ്പാൻ ഇടയില്ലെന്നും വിശ്വസിക്കുന്നു.

ഇനി പ്രധാനമെങ്കിലും ഒരു സംഗതികൂടി പറഞ്ഞ് അവസാനിപ്പിക്കേണ്ടി യിരിക്കുന്നു. അതു നമ്മാൾ ബുദ്ധമതക്കാരായി മാറിയാൽത്തന്നെ ഒരു മതപരി വർത്തനത്തിന്റെ ക്ലേശങ്ങളില്ലാതെ അതിന്റെ പൂർണ്ണമായ ഫലം സിദ്ധിപ്പാൻ ഇടയില്ലെന്നുള്ളതാകുന്നു. കാരണം, ബുദ്ധമതം ഭിന്നമാണെങ്കിലും ഇന്ത്യയിലെ പുരാതന മതത്തിന്റെ പ്രസ്ഥാനങ്ങളിൽ ഒന്നും, അതിന്റെ സ്ഥാപകൻ ഹിന്ദു പുരാണപ്രസിദ്ധമായ അവതാരങ്ങളിൽ ഒന്നും ആയിരിക്കുന്നതുതന്നെ. ബുദ്ധമ തത്തെ ഹിന്ദുമതത്തോടു സംബന്ധിപ്പിച്ചു പറഞ്ഞാൽക്കൂടി ക്ഷമകേടു കാണിക്കുന്ന ചിലർ ഈയിടെ നമ്മുടെ ഇടയിൽ ഉണ്ടെന്നു് എനിക്കറിയാമെങ്കിലും ആ സംബ ന്ധം ആക്ഷേപം അപലപിക്കത്തക്കതല്ലെന്നുള്ള വസ്തുത ഇവിടെ പറഞ്ഞേ തീരൂ. സാംഖ്യം, വൈശേഷികം മുതലായ മതങ്ങൾ പോലെ ബുദ്ധമതവും ഒരു ദർശ നമാകുന്നു. ഇതിനെ ഹിന്ദുക്കളുടെ പല ദർശനഗ്രന്ഥങ്ങളിലും, എന്നതന്നെയല്ല, ഉത്തരമീമാംസയിൽ തന്നെയും പൂർവപക്ഷതേന നിരൂപണം ചെയ്തിട്ടുള്ളതാകു ന്നു. ഈ ദർശനത്തിന് ഈ അത്ഭുതകരമായ പ്രചാരം സിദ്ധിപ്പാൻ പല കാര ണങ്ങളും ഉണ്ടായിരിക്കാം. എന്നാൽ ഏററവും പ്രധാനമായ ഒന്നു് ഇതിന്റെ സ്രഷ്ടാവിന്റെ അലോകസാമാന്യമായ മാഹാത്മ്യമായിരുന്നു. ഈ സംഗതികളെ സംക്ഷേപിച്ചു് ഈ വിഷയത്തിൽ പ്രധാന പ്രാമാണികനായ ജെ. ഡബ്ല്യു. റോയിഡ് ഡേവിഡ്സ് (J. W. Rhoyd Davids) പറയുന്നതു് അദ്ദേഹത്തി ന്റെ ഭാഷയിൽത്തന്നെ കേൾക്കുക.

"Budhism was the child and then product of Hinduism. Gou-toma's whole training was Brahminism. He probably deemed himself to be then the most correct exponent of the spirit, as distinct from

Digitized By Kerala Sahitya Akademi

the letter of the ancient faith, and it can only be claimed for him that he was the greatest wisest and best of the Hindus.''

ബുദ്ധമതം ഹിന്ദുമതത്തിന്റെ സന്താനവും ഫലവും ആണെന്നും ഗൌതമ ബുദ്ധൻ അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ചു പഴയ മതത്തിന്റെ സാരാംശം വ്യാഖ്യാനിക്കുക മാത്രമാണു ചെയ്തതെന്നും അദ്ദേഹം അത്ര മഹാനും അതിബുദ്ധിമാനും അത്യുത്തമനും ആയ ഹിന്ദുവാണെന്നും മറ്റുമാണ് ഈ പണ്ഡിതൻ പറയുന്നതു്. ഇദ്ദേഹം ഒരു ഹിന്ദുവല്ല ; ഹിന്ദുപക്ഷപാതിയുമല്ല ; ബുദ്ധമതത്തിലെ വലിയ ഒരു വിശ്വാസിയും ഒരു യുറോപ്യനും ആകുന്നു. വന്ദ്യനായ അനംഗാരിക ധർമ്മപാലൻ നിങ്ങൾക്കു് എഴുതിയിരിക്കുന്ന ഇംഗ്ലീഷുകത്തിൽ വായിപ്പാൻ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഗ്രന്ഥങ്ങളിൽ ഒന്നു് ഇദ്ദേഹം എഴുതീട്ടുള്ളതുമാകുന്നു.

അത്യന്ത വന്ദ്യനായ ശ്രീനാരായണഗുരുപാദക്കുപോലും ഇവിടത്തെ സവർണ്ണ ഹിന്ദുക്ഷേത്രങ്ങളിൽ, ജാതിനിമിത്തം പ്രവേശനമില്ലെന്നുള്ള സംഗതി നിശ്ചയമായും അഭിമാനമുള്ള ഹിന്ദുക്കളുടെ ഹൃദയത്തിൽ തറയ്ക്കുന്നതുമായ ദയനീയമായ ന്യൂനതതന്നെ. അതിൽ സമുദായാഭിമാനിയായ നിങ്ങൾക്കു് ഉദ്വേഗം തോന്നുന്നതും ശരിതന്നെ. എന്നാൽ അതിന്റെ പരിഹാരമാർഗ്ഗം ഏതാണെന്നുള്ളതിലാണു് പക്ഷാന്തരമുള്ളതു്. വാസ്തവത്തിൽ പരമഹംസരായ തൃപ്പാദങ്ങളുടെ ഹൃദയത്തിൽ തനിക്കുവേണ്ടി ഇതര ക്ഷേത്രങ്ങളിൽ പ്രവേശിപ്പാനുള്ള താല്പര്യം ഒരിക്കലെങ്കിലും അങ്കുരിച്ചിട്ടുണ്ടോ എന്നു സംശയിക്കുന്നുവോ? ഉണ്ടെങ്കിൽ ആ മഹാത്മാവിന്റെ അമോഘമായ മനശ്ശക്തി ഇതിനു മുമ്പുതന്നെ അതു സാധിക്കുമായിരുന്നു എന്നാണു് എന്റെ വിശ്വാസം. അല്ലെങ്കിൽ ആ മഹാത്മാവിന്റെ ജന്മഭൂമിയായ തിരുവിതാംകൂറിൽ ശക്തിമത്തായി ഇപ്പോൾ നടന്നുവരുന്ന ക്ഷേത്രപ്രവേശനവാദംതന്നെ അവിടത്തെ മനശ്ശക്തിയുടെ രൂപാന്തരമല്ലെന്നു് ആക്കിയാം?

ഞാൻ യോഗത്തിൽവച്ചു പറഞ്ഞ അഭിപ്രായങ്ങൾക്കു വിരുദ്ധമാണെന്നുള്ള നാട്യത്തിൽ എന്റെ കൃതിയായ 'ദുരവസ്ഥ'യിൽനിന്നു ചില ഭാഗങ്ങൾ നിങ്ങൾ ഉദ്ധരിച്ചിരിക്കുന്നതിൽ കൌതുകം തോന്നുന്നു. എന്റെ അഭിപ്രായ സ്ഥൈര്യത്തെ ഉരച്ചുനോക്കാൻ അതു ശരിയായ കല്ലല്ലെന്നുള്ളതു് ഇവിടെ പറയാതിരിപ്പാൻ നിവൃത്തിയില്ല. ദുരവസ്ഥയിലോ ചണ്ഡാലഭിക്ഷുകിയിലോ, എന്നല്ല എന്റെ ഏതെങ്കിലും കൃതികളിൽ മതത്തെ ഉപാലംഭിച്ചു ഞാൻ ചെയ്യുന്ന നിർദ്ദേശങ്ങളെല്ലാം മതപരിഷ്കരണത്തെ മാത്രം ഉദ്ദേശിച്ചുകൊണ്ടാണെന്നും പരിവർത്തനത്തെ മുൻനിറുത്തിയല്ലെന്നും നിഷ്കർഷിച്ചു വായിച്ചുനോക്കുന്ന ആർക്കും അറിയാമെന്നാണു് എന്റെ ധാരണ. പരിഷ്കരണത്തിൽ എന്റെ ആദർശം മുമ്പു പറഞ്ഞിട്ടുള്ള ''ഒരു ജാതി, ഒരു മതം, ഒരു ദൈവം'' എന്നുള്ള ശ്രീനാരായണമതം ആണെന്നു ഞാൻ ഒരിക്കൽ കൂടി പറഞ്ഞേക്കാം. നിങ്ങളുടെ തൃശ്ശൂർലേഖകൻ, ശ്രീമാൻ കുഞ്ഞുണ്ണി, ഞാൻ ആററിങ്ങൽവച്ചു് ഈയിടെ ചെയ്ത ഒരു പ്രസംഗത്തിൽ എന്റെ മതം ബുദ്ധമതമാണെന്നു പ്രസ്താവിച്ചതായി പറഞ്ഞുകാണുന്നു. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. എനിക്കു ബുദ്ധഭഗവാനിലും ബുദ്ധമതത്തിലും ഭക്തിബഹുമാനങ്ങൾ ഉണ്ടെന്നുള്ളതു ശരിതന്നെ. അതു് എന്റെ ഇപ്പോഴത്തെ ആദർശത്തിനു വിരുദ്ധമല്ലായ്കയാൽ തുടർന്നുകൊണ്ടിരിക്കുമെന്നുള്ളതുമാകുന്നു. സമുദായത്തിലെ പ്രത്യേ

Digitized By Kerala Sahitya Akademi

കാംഗങ്ങൾക്കു് ആത്മാർത്ഥമായി മതം മാറാൻ തോന്നുമ്പോൾ അങ്ങനെ ചെയ്യുന്നതിനു് എനിക്കു് വിരോധമില്ലെന്നു് എന്റെ പ്രസംഗത്തിൽത്തന്നെ സൂചിപ്പിച്ചിട്ടുണ്ടു്. ചട്ടമാറുംവണ്ണം മതം മാറാൻ ഉപദേശിക്കരുതെന്നു ഞാൻ പറയുന്നതു സമുദായത്തെ ഉദ്ദേശിച്ചാണു്. ക്ഷേത്രം കെട്ടാൻ മരം ചുമന്ന വേദന ഇതുവരെ ആറീട്ടില്ലാത്ത ചുമലിൽ വിഹാരം പണിക്ക കല്ലു ചുമക്കാൻ ധൃതിപ്പെട്ടാൽ സാധുക്കൾ കഴങ്ങുമെന്നുമാത്രമേ അതിന്നർത്ഥമുള്ള. വിശേഷിച്ചും നമ്മിൽ ചിലരുടെ അഭിപ്രായഗതിയനുസരിച്ചു് അദ്ധ്യാത്മവിഷയത്തിൽ സ്ഥിരപ്രതിഷ്ഠയുള്ള സ്വാമിതൃപ്പാദങ്ങൾ മതം മാറുന്നതല്ലെന്നും എനിക്കു തീർത്തുപറവാൻ കഴിയും. നമ്മുടെ മതഗുരുവിനെ നമ്മൾ മതം മാറാൻ ശ്രമിക്കുന്നതു ഗുരുത്വമല്ലെന്നും പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. സമുദായത്തിന്റെ ഇന്നുവരെയുള്ള പല ശ്രേയസ്സിനും ഹേതുഭൂതനായി, സമുദായത്തിനു പൊതുവിൽ സമ്മതനായി, സമുദായത്തിന്റെ ഭാഗ്യത്താൽ സിദ്ധിച്ചതെന്നു നാമൊക്കെ അഭിമാനിക്കുന്ന മഹാനുഭാവനായ ഒരു ആചാര്യനെ ഉപേക്ഷിച്ചു പുരോഹിതന്മാർക്കായി സിലോണിലേക്കോ ടിബറിലേക്കോ, ഓടുന്ന ''കയ്യിൽ കിട്ടിയ കനകമുപേക്ഷിച്ചു''ള്ള ഓട്ടവും ശ്രേയസ്കരമല്ലെന്നാണു് എന്റെ വിനീതമായ അഭിപ്രായം.

സ്വാതന്ത്ര്യത്തെപ്പറ്റി നിങ്ങൾ വളരെ പറയുന്നു. ബുദ്ധമത സ്വീകരണംകൊണ്ടു് അതു സിദ്ധിക്കുന്നതു സംഭാവ്യമല്ലെന്നു ഞാൻ കാണിച്ചുകഴിഞ്ഞു. ഒരു വലിയ സമുദായത്തിന്റെ ആയിരത്തിൽ ചിലപ്രാണം കൊല്ലം മുമ്പു നഷ്ടപ്പെട്ടുപോയ സ്വാതന്ത്ര്യത്തെ പുനഃസ്ഥാപനം ചെയ്യുകയെന്നതു് ഒരു വമ്പിച്ച കാര്യമാകുന്നു. അതിനെ വല്ല പൊടിവിദ്യയും കൊണ്ടു ലഘുവായി സാധിക്കാമെന്നു് എനിക്കു വിചാരിപ്പാൻ കഴിയുന്നില്ല. വാസ്തവം പറഞ്ഞാൽ നമ്മുടെ സ്വാതന്ത്ര്യലാഭത്തിനായി ഇതുവരെ നമ്മൾ പറയത്തക്കവണ്ണം ഒന്നും പ്രവർത്തിച്ചിട്ടില്ലെന്നാണു് എനിക്കുതോന്നുന്നതു്. സമുദായത്തിന്റെ സ്ഥിതിക്കും നമ്മിൽ ഓരോരുത്തരുടെ ശക്തിക്കും പൗരുഷത്തിനും അനുരൂപമായ വിധത്തിൽ അതിനായി എന്തുശ്രമം ചെയ്തു എന്നു നമ്മളോടുതന്നെ ചോദിച്ചാൽ നമ്മൾ ലജ്ജിക്കേണ്ടിവരും. നമ്മൾ പ്രധാനമായി ഇതുവരെ ചെയ്തിട്ടുള്ളതു്, കുറെ ലേഖനങ്ങൾ എഴുതുകയും കുറെ പ്രസംഗങ്ങൾ ചെയ്കയും ആകുന്നു. അതു് നിഷ്ഫലമായിത്തീർന്നിട്ടുമില്ല. തളിരോഡിൽക്കൂടി നിങ്ങൾ നടന്നതും അതിലേ പോവാൻ നിങ്ങളുടെ സഹോദരങ്ങൾക്കു സ്വാതന്ത്ര്യം സമ്പാദിച്ചുകൊടുത്തതും നിങ്ങൾ ഹിന്ദുവായിരുന്നപ്പോഴായിരുന്നു. അതുപോലെയുള്ള പലകൃത്യങ്ങളും ഒരു തീയ്യനു് അവന്റെ സ്ഥാനത്തു് ഇരുന്നുകൊണ്ടു ചെയ്യാവുന്നതും അങ്ങിനെയുള്ള പ്രവൃത്തികളുടെ ഏകോപിച്ചുള്ള ഫലത്താൽ നമ്മൾക്കു സ്വാതന്ത്ര്യത്തെ പൂർണ്ണമായി വീണ്ടെടുക്കാവുന്നതും ആകുന്നു. നമ്മുടെ പ്രവൃത്തികൾക്കു ശരിയായ ശക്തി വർദ്ധിപ്പിക്കുന്ന രണ്ടേ രണ്ടു സാധനങ്ങൾ, ധനവും വിദ്യയും ആകുന്നു. ദീർഘദർശിയായ നമ്മുടെ സ്വാമി അവയെപ്പറ്റി കൂടക്കൂടെ നമ്മോടു് ഉപദേശിക്കാറുള്ളതു നിങ്ങൾ ഓർക്കുന്നില്ലേ? ഇങ്ങനെ നമ്മൾ വീണ്ടെടുക്കുന്ന സ്വാതന്ത്ര്യം നമ്മുടേതായിത്തന്നെ ഇരിക്കും; ആ വിജയത്തിനു് അവകാശികളും നമ്മൾതന്നെ ആയിരിക്കും; നമ്മൾ കടം വാങ്ങുന്ന മതമോ, ആശ്രയിക്കുന്ന മതക്കാരോ, ആയിരിക്കയില്ല. അതല്ലേ ശരിയായ സ്വാതന്ത്ര്യം? അതല്ലേ ശരിയായ പൌരുഷം?

Digitized By Kerala Sahitya Akademi

നിങ്ങൾ സൂചിപ്പിച്ച ആക്ഷേപങ്ങൾക്കു മിക്കവാറും മറുപടി ഈ കത്തിൽ അടങ്ങീട്ടുണ്ടെന്നു വിചാരിക്കുന്നു. ഞാൻ ഈ പറയുന്നതു നിങ്ങളുടെ പ്രസ്ഥാനത്തിൽ ഞാൻ കാണുന്ന വൈഷമ്യങ്ങളേയും അനൗചിത്യങ്ങളേയും പറ്റി മാത്രമാകുന്നു. നിങ്ങളുടെ സ്നേഹിതനോടും സമുദായാംഗത്തിനോടും നിലയിൽ പറയേണ്ടതു് എന്റെ കർത്തവ്യമാകുന്നു. എന്നാൽ ഈ വക സംഗതികൾ ഗണ്യമല്ലെന്നു നിങ്ങൾക്കു ശരിയായ നിശ്ചയവും നിങ്ങളുടെ വിജയത്തിൽ പൂർണ്ണമായ വിശ്വാസവും ഉണ്ടെങ്കിൽ നിങ്ങൾ അതിനെ പിൻതുടർന്നു കൊള്ളുക. ഞാൻ നിങ്ങൾക്കു സർവ വിജയവും ആശംസിക്കുന്നു.

ഈ കത്തു വളരെ ദീർഘമായിപ്പോയിരിക്കുന്നതിനാൽ അവസാനിപ്പിക്കുന്നു. ഈ വാദം തുടർന്നുകൊണ്ടിരിപ്പാൻ എനിക്കു സൌകര്യവും മനസ്സും ഇല്ലെന്നുള്ള വിവരവും ഞാൻ ബഹുമാനപൂർവം അറിയിച്ചുകൊള്ളുന്നു.

എന്നു്,
സ്നേഹിതൻ,
എൻ. കുമാരനാശാൻ (ഒപ്പു്)

തോന്നയ്ക്കൽ
15–6–1923

ജാതി കാണ്ഡം

ജാതി വിവര നിർണ്ണയ വകുപ്പും കൊച്ചിയിലെ ഈഴവരും

i

മാന്യ സഹജീവിനിയായ രസിക രഞ്ജിനിയുടെ ഇടവം, മിഥുനം ഈ രണ്ടു മാസത്തെ നമ്പ്രകളിൽ കൊച്ചിയിലെ ജാതി വിവര നിർണ്ണയം The Ethnographical Survey പ്രകാരമുള്ള ഈഴവജാതിയുടെ ഒരു നിരൂപണവും ഇവരുടെ സ്ത്രീപുരുഷന്മാരുടെ പ്രാതിനിധ്യം വഹിക്കുന്ന രണ്ടുഛായകളും ചേർത്തിരിക്കുന്നു. തൃപ്തികരമായ രേഖകൾ ഒന്നും കൂടാതെ തന്നെ അസംഖ്യം ജാതികളും അവാന്തരജാതികളും ഇൻഡ്യയിലുണ്ടു്. അതുകൊണ്ടുള്ള വല്യ തകരാറുകളെ ഇന്നും നാം അനുഭവിക്കയാകുന്നു. എന്നാൽ ജാതി വിവര നിർണ്ണയം ചെയ്യുന്ന ശാസ്ത്രജ്ഞന്മാർക്കു ജനങ്ങളെ ഇതിലധികം കഴപ്പത്തിൽ തള്ളിയിടണമെന്നുള്ള കരുതലുണ്ടായിരിക്കയില്ലെന്നു ഞങ്ങൾക്കറിയാം. ഈ വിഷയത്തിലുള്ള അവരുടെ ശാസ്ത്രീയമായ പ്രയോജനം ഭിന്നജാതിക്കാരുടെ ഏകത്വത്തെയോ ആദിമമായ ഐക്യത്തെയോ ക്രമികമായ അഭിവൃദ്ധിയേയോ വെളിവായിക്കാണിച്ചു മനുഷ്യനു് ഈ ജ്ഞാനത്തെ ഉപയുക്തമാക്കിത്തീർക്കണം എന്നുള്ള ഒന്നേ ആയിരിക്കൂ. എന്നാൽ അതിൽ പ്രവർത്തിക്കുന്ന അനാകൃത്യ വിത്തുകളായ വല്ലജനങ്ങളുടേയും ദുർല്ലലിത

Digitized By Kerala Sahitya Akademi

ത്താൽ ആ നല്ല ഉദ്ദേശം തെറ്റിപ്പോകാവുന്നതും, മനുഷ്യരുടെ ഏതോ ഗുണത്തെ ഉദ്ദേശിച്ച് ഒരിക്കൽ ഏർപ്പെടുത്തിയ നിർദ്ദോഷമായ ചാതുർവർണ്ണ്യം ദുഷിച്ച് ഉപദ്രവമായി പരിണമിച്ചപോലെ വന്നേപ്പാൻ പാടില്ലെന്നില്ലാത്തതുമാകുന്നു. ഓരോ ജാതിയേയും സംബന്ധിച്ചു പല സുകുമാരങ്ങളായ ചോദ്യങ്ങളും ഉണ്ടായിരിക്കും. അതിനു് അവരോടും അവരുടെ ആഭ്യന്തരാവസ്ഥകളോടും പറയത്തക്ക പരിചയം യാതൊന്നുമില്ലാത്ത വല്ലവരേയും പിടിച്ചു കടലാസും പേനയും കൊടുത്തു പ്രസംഗങ്ങൾ എഴുതിച്ചു കൂട്ടുകയാണു് ഇവർ ചെയ്യുന്നതെങ്കിൽ ഇതുകൊണ്ടു് വിജ്ഞാനവും ഗുണവും ഉണ്ടാകേണ്ടതിനുപകരം നേരേമറിച്ചു ജനങ്ങൾക്കു് ഈ വിഷയത്തിൽ കുഴപ്പവും വകതിരിവില്ലായ്മയും പൂർവാധികം വർദ്ധിച്ചു വലിയ ക്ഷോഭത്തിനുകൂടി കാരണമാകുകയും ചെയ്തേപ്പാൻ ഇടയുള്ളതാണു്. കൊച്ചിയിൽ ഇതിലേക്കായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ ഒരു മിസ്റ്റർ അനന്തകൃഷ്ണയ്യൻ ബി. എ. എൽ. റ്റി. ആകുന്നു. അവിടത്തെ ഈഴവരെ സംബന്ധിച്ചു നിരൂപണത്തിന്റെ കർത്താവും ഇദ്ദേഹമാണെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ.

രസികരഞ്ജിനിയുടെ ഭാഗങ്ങളെ പൂരിപ്പിക്കുന്ന ഇവരുടെ ചരായകർക്കു് ഒരു അഞ്ഞൂറു കൊല്ലത്തിൽ കുറയാത്ത പഴക്കമുണ്ടായിരിക്കണമെന്നു സാമാന്യം ഇവരെക്കുറിച്ചറിയുന്നവർ ഊഹിച്ചു പോകാതിരിക്കയില്ല. ഇവർ കൊച്ചിയിലെ ആകപ്പാടെയുള്ള പ്രജകളിൽ മുഖ്യ വിഭാഗക്കാരാകുന്നു. ഈ ചരായ ഇവരുടെ തല്ക്കാല സ്ഥിതിയെ വിശ്വാസയോഗ്യമാം വണ്ണം രേഖപ്പെടുത്തുന്ന ഏറ്റവും പ്രബലമായ ഒരു സത്യ പ്രമാണമായിരിക്കേണ്ടതും കാലാന്തരത്തിൽ ഇവർക്കു സിദ്ധിക്കുന്ന പരിഷ്കാരത്തിന്റെ പരിമാണത്തെ അതിൽ നിന്നും അനുമാനിക്കേണ്ടി വരുന്നതുമാണല്ലോ. കൊച്ചിയിലെ ഈഴവരെ ഞങ്ങൾക്കു നല്ലവണ്ണം അറിയാം. അവരുടെ സ്ത്രീപുരുഷൻമാരിൽ ഏതു് ഉയർന്ന ജാതിയോടും സമമായിരിക്കത്തക്കവണ്ണമുള്ള ശരീരസൗഷ്ഠവം, ശ്രുചിത്വം, നടപടി, വിദ്യാഭ്യാസം, ഐശ്വര്യം മുതലായ ഗുണങ്ങളുള്ളവർ ധാരാളമുണ്ടു്. മറ്റു പല ജാതികളുടെ ഇടയിലും ഉള്ളപോലെ അല്ലെങ്കിൽ കുറെ അധികമായിത്തന്നെ സാധുക്കളും ഇവരുടെ ഇടയിൽ ഉണ്ടായിരിക്കാം. എന്നാൽ അവരുടെ സാമാന്യ സ്ഥിതിയെ സൂചിപ്പാനായി സംഗ്രഹിക്കുന്ന മാനദണ്ഡം ഇത്ര അപൂർണ്ണമായി അല്ലെങ്കിൽ അവരിലുള്ള യോഗ്യന്മാരെ സംബന്ധിച്ചിടത്തോളം ജുഗുപ്സാവഹമായിപ്പോയതു ശരിയല്ലാത്തതാകുന്നു. ഒരു അരിക്കാരൻ പട്ടരുടേയോ അലഞ്ഞു നടക്കുന്ന ആയി അമ്മയുടേയോ ഫോട്ടോ പരദേശബ്രാഹ്മണ സമുദായത്തിന്റെയും ഒരു അടിച്ചുതളിക്കാരി അച്ചിയുടേയോ കുലിപ്പണിക്കാരൻ നായരുടേയോ ഫോട്ടോ നായർ സമുദായത്തിന്റെയും സ്ഥിതിയെ കാണിപ്പാൻ അശേഷം മതിയാകുന്നതല്ലെന്നു് ആക്ഷം അറിയാവുന്നതാണല്ലോ. രസിക രഞ്ജിനിയിലെ ഈഴവരുടെ ചരായയെ നോക്കിക്കൊണ്ടു് 'ഇവർ ഏതു കാട്ടു ജാതിക്കാരാണെ'ന്നു ചോദിക്കുന്ന ഈഴവക്കുട്ടികൾ ഇക്കാലത്തു ധാരാളം ഉണ്ടെന്നു പറയേണ്ടി വരുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു.

വിവേ: 1081 ഇടവം, മിഥുനം, കർക്കടകം

Digitized By Kerala Sahitya Akademi

ii

ഛായകളുടെ വിഷയത്തിൽ രഞ്ജിനി നിരപരാധിയാണ്. നീതീകരിപ്പാൻ പാടില്ലാത്ത ഈ ഛായകളെമാററി പകരം ഈ ജാതിയുടെ ആധുനികാവസ്ഥയെ വസ്തുവമായി കാണിക്കത്തക്കവണ്ണം പുതിയ ഛായകൾ എടുത്തു റിക്കാർഡു ചെയ്വാൻ ഗവർമ്മെൻറു നോക്കാത്ത പക്ഷം ഈ യത്നം വിഫലവും നിന്ദാഹ്വം ആയിട്ടാണ കലാശിച്ചതെന്നു തീർച്ചയായും പറയേണ്ടിവരുന്നതാകുന്നു.

ഈ വിവരണത്തെ അതിന്റെ ഇംഗ്ലീഷ്മൂലത്തോട് താരതമ്യപ്പെടുത്തി അനുസ്യൂതമായി പരിശോധിച്ചു തുടങ്ങുന്നതിനു മുമ്പ് 'കൊച്ചിയിലെ ഈഴവർ' എന്ന അതിന്റെ തലവാചകത്തെ സംബന്ധിച്ചു കൂടി രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. ക്ഷ ഠതെയും തർജ്ജിമയിൽതന്നെ അറിഞ്ഞുകൊണ്ടോ അറിയാതെയോ അതാതു സ്ഥാനങ്ങളിൽ രഞ്ജിനി കാണിച്ചിട്ടുള്ള പല ദയനീയങ്ങളായ അബദ്ധങ്ങളും ഉണ്ടെന്നും അവയെയും വിസ്മരിക്കുകയോ ക്ഷമിക്കുകയോ ചെയ്വാൻ വിവേകോദയം വിചാരിക്കുന്നില്ലെന്നും കൂടി ആദ്യമേ തന്നെ പ്രസ്താവിച്ചുകൊള്ളുന്നു.

'ഈഴവർ' അല്ലെങ്കിൽ 'തീയർ' എന്ന മലയാളത്തിലെ വലിയ സമുദായത്തിനു് 'ഈഴവർ' എന്ന പേർ കൊച്ചിയിലും തിരുവിതാംകൂറിലും സുപ്രസിദ്ധമല്ല. സംസാരത്തിലും സകല രേഖകളിലും ഈഴവർ എന്നാണ് ഇവർ അറിയപ്പെട്ടു വരുന്നതു്. ഈഴം എന്ന പണ്ടത്തെ സിലോണിൽനിന്നു ദേശം പകർന്നവർ എന്നു ഈ പദത്തെ വ്യുത്പാദിച്ചിരിക്കുന്നതു കൊണ്ടും ഈഴവർ എന്നല്ലാതെ ഈഴവർ എന്നെഴുതാൻ ന്യായമില്ല. ''ഈഴവത്തികളും കുട്ടികളും'' എന്നു ഛായയുടെ താഴത്തു പേർകുറിച്ചിരിക്കുകയും Cochin and Travancore-Izhavas എന്നു മൂലത്തിൽ തന്നെ എഴുതിക്കാണുകയും ചെയ്യുന്ന സ്ഥിതിക്കും അധികം നടപ്പിലിരിക്കുന്നതും സുബദ്ധവുമായ ഈഴവർ എന്നതിനെ വിട്ടിട്ടു് കേവലം പരദേശികൾ സംസാരിക്കുന്ന വിധത്തിൽ ഈഴവർ എന്നു തലവാചകം ചേർത്തതു് അവിഹിതമാകുന്നു.

ഈഴവരെ 'ഇല്ലവർ' എന്നും കൂടി വിളിക്കുന്നു എന്നു പറഞ്ഞാണ് വിവരണം ആരംഭിക്കുന്നതു്. ഇങ്ങനെ എവിടെയാണ വിളിക്കുന്നതെന്നു ഞങ്ങൾക്കു് അറിവില്ല. 'കുഴി'ക്കു, 'കുളി' എന്നും മറും സംസാരിക്കാറുള്ള തമിഴരുടെ ഇടയിൽ 'ഈഴവർ' 'ഈളവർ' ആയിപ്പോയതിനെത്തന്നെ മൂലത്തിൽ Illvar എന്നു കൂടി സ്പഷ്ടീകരിപ്പിക്കുകയും അതിനെത്തന്നെ 'ഇല്ലവർ' എന്നു് ആ ആദ്യക്ഷരത്തെ ഹ്രസ്വമാക്കി തർജ്ജിമ ചെയ്യുയും ആണചെയ്തിരിക്കുന്നതെങ്കിൽ ഇതു് എത്ര ക്ലിഷ്ടമായിരിക്കുന്നു. അലിഖിതങ്ങളായ ചരിത്രങ്ങളെ ശബ്ദവ്യുൽപത്തിയിൽ നിന്നു കണ്ടുപിടിക്കാനുള്ള ശ്രമം സാധാരണമായിരിക്കുന്ന ഇക്കാലത്തു് 'ഇല്ലവർ'എന്നു് ഒരു പുതിയ ശബ്ദം കൂടി വന്നുചേർന്നു് ഈ സമുദായത്തിന്റെ ഇപ്പോഴേ തന്നെ അസ്പഷ്ടമായിരിക്കുന്ന ചരിത്രത്തെ കുറേക്കൂടി ആവിലമാക്കാൻ എളുപ്പമുണ്ടെന്നു പേടിക്കേണ്ടിയിരിക്കുന്നതിനാൽ പ്രത്യേകം ഉപപത്തി ഒന്നും ഇല്ലാത്തപക്ഷം ആ പദത്തെ എടുത്തു കളയേണ്ടതാകുന്നു.

വിവേ : 1082 കന്നി

Digitized By Kerala Sahitya Akademi

iii

ഇവർ വടക്കും തെക്കുമുള്ള പല ദേശങ്ങളിലും ഇല്ലം എന്ന ഒരു സമ്പ്രദായത്തിൽ ഉൾപ്പെട്ടവരായി കാണപ്പെടുന്നതിനാലും തിരുനൽവേലി മുതലായ പരദേശങ്ങളിൽ ഇവരുടെ സമജാതിക്കാർ ഇല്ലത്തെ ഏറ്റവും ശ്രദ്ധയോടു കൂടി പിൻതുടരുകയും ഇല്ലത്തു പിള്ളമാർ എന്നുജാതിപ്പേർപറകയും ചെയ്യുവരുന്നതുകൊണ്ടും 'ഇല്ല'ത്തോടു് ഇവക്കുകാണുന്ന ഈ പ്രത്യേക സംബന്ധവിശേഷത്താൽ ഇല്ലമുള്ളവർ എന്ന അർത്ഥത്തിൽ 'ഇല്ലവർ' എന്നുപേർ ഇവക്കുവേണമെങ്കിൽ നൽകാമെങ്കിലും അറിയപ്പെട്ടദേശങ്ങളിലെങ്ങും അങ്ങനെ ഇവരെ വിളിച്ചുവരാറില്ല. സിലോണിലെ രാജാവായിരുന്ന 'ഇല്ല'ന്റെ വംശ്യന്മാരാകയാൽഇവർ ഇല്ലവർ എന്നു വിളിക്കപ്പെട്ട എന്നു് ഒരു തമിഴ്പ്രമാണത്തെ അടിസ്ഥാനപ്പെടുത്തി വിവരണത്തിന്റെ നിമ്നസൂചനകളിൽ ഒരിടത്തുകൊടുത്തിരിക്കുന്നു. എന്നാൽ തമിഴ്ഗ്രന്ഥങ്ങളിൽഈ രാജാവിനു് ഈഴം എന്നു പറയപ്പെട്ടിരുന്ന സിലോണിന്റെ അധിപനെന്നർത്ഥമായ 'ഈഴൻ' 'ഈഴനാടൻ' 'ഈഴവൻ' ഇത്യാദി നാമങ്ങളാണു കാണപ്പെടുന്നതു്. അതിനെ തോന്ന്യാസമായി ഇംഗ്ലീഷീകരിച്ചപ്പോൾ സിദ്ധിച്ച Illa (ഇല്ല) എന്ന പദം, അതുകൊണ്ടു് അർത്ഥകല്പനയിൽ നിരുപയോഗമാകുന്നു. ഈ ഇല്ല എന്നുള്ളതു് ഇനിയും തേഞ്ഞുരഞ്ഞു് സോമവംശാധിപനായ ''ഇളൻ'' ആയിത്തീരുകയില്ലെന്നു വിശ്വസിക്കുന്നു.

ഇവർ തിരുനൽവേലി ജില്ലയിലെ 'ശാണാന്മാ'രോടു് അതു 'ഏറവു' അടുത്തിട്ടുള്ളവരല്ല. തിരുനൽവേലിയിൽതന്നെ 'പണിക്കാർ' 'ഇല്ലത്തുപിള്ളമാർ' എന്നു പറയപ്പെടുന്ന ഒരു ജാതിക്കാർ ഉണ്ടു്. അവരോടു് ഇവർ വളരെ അടുത്തവരാണു്. ഉത്തരകന്നടയിൽ ഇവരുടെ സമാനജാതിക്കാർ ''ഹാലിപൈക്കരു്'' അല്ല ''ഹളേ പൈക്ക'' എന്നു ഒരു ജാതിയുണ്ടു്, അവരാണു്. ഹളേ പൈക്ക എന്നതിനു കർണ്ണാടക ഭാഷയിൽ ഹളേ–പഴയ, പൈക്ക-ഭടർ എന്നർത്ഥമാകുന്നു. മൈസൂരിലെ കദംബരാജവംശ്യന്മാർ മദ്യമുണ്ടാക്കുന്നവരും ഭടന്മാരും ആയിരുന്നതുകൊണ്ടും ഇപ്പോഴും ഈ ഹളേപൈക്ക ജാതിതന്നെ ചിലേടത്തു് തേവരു്, തേവരുമക്കളു് ഇത്യാദി രാജാർത്ഥകങ്ങളായ നാമങ്ങളാൽ അറിയപ്പെട്ടവരുന്നതിനാലും ആ പേരു് അവർക്കു് അന്വർത്ഥവും അവരുടെ പഴയ മഹിമയെ സൂചിപ്പിക്കുന്നതുമായിരിക്കണം.

വേലന്മാരെന്നോ, ഊരാളികളെന്നോ ഒരുദിക്കിലും ഇവരെ പറയാറില്ല. ആ ജാതിക്കാർ ഇവരിൽനിന്നു് അന്യതാണജാതിക്കാരെപ്പോലെ താണവരും ഇവരുടെ പുരയിൽ തൊടാൻ പാടില്ലാത്തവരും ചിലേടത്തു് ഇവക്കു് തീണ്ടിക്കുളിയുള്ളതാണജാതിക്കാരും ആകുന്നു. കേരളാവകാശക്രമകർത്താവിനു പറ്റിയ ഈ പ്രത്യക്ഷമായ പ്രമാദത്തെ ലോകപരിജ്ഞാനത്തിനു കുറേക്കൂടി സൗകര്യമുള്ള ഈ കാലത്തു കണ്ണുംപൂട്ടി പിന്തുടരുന്നതു് അവിഹിതമാകയാൽ ആ ഉദ്ധരണം എടുത്തുകളയേണ്ടതാകുന്നു. കൊച്ചിയിലെ ഹിന്ദുക്കളിൽ ഇവർ സംഖ്യകൊണ്ടു് ഒന്നാമത്തവരാണെന്നു കാണുന്നതിൽ സന്തോഷിക്കുന്നു. കേരളാവകാശക്രമകർത്താവിനെപ്പോലെ സെൻസസ് കർത്താവും വേലന്മാരേയും ഊരാളികളേയുംകൂടി ഇവരോടു മേ

Digitized By Kerala Sahitya Akademi

ത്ത കണക്കാക്കിയിരുന്നുവെങ്കിൽ സംഖ്യാബലത്തിന്റെ മാഹാത്മ്യത്തെ നിഷ്ഫ
തിയാക്കി മേല്പറഞ്ഞ അവജ്ഞാപനത്തെ സാർത്ഥത്തിനുവേണ്ടി ഞങ്ങൾ വിസ്മ
രിച്ചുകളയുമായിരുന്നു.

വിവേ : 1082 തുലാം

iv

ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്ന ഇംഗ്ലീഷ്മൂലത്തിൽ ഇവരുടെ സംഖ്യയെപ്പ
റ്റി പറഞ്ഞശേഷം ഭാഷയെ സംബന്ധിച്ച വിവരണം ആരംഭിക്കുന്നു. രണ്ടി
നിയിൽ ആ ആനുപൂർവി തെറ്റുകയും തൽസ്ഥാനത്ത് അതിന്റെ അടുത്ത സംഗ
തിയായ 'സ്ത്രീപുരുഷന്മാരുടെ മാതൃകാനാമങ്ങൾ,' 'ഓമനപ്പേരുകൾ' എന്ന രണ്ടു
വിഷയങ്ങളും കഴിഞ്ഞാൽ വരേണ്ടതായ അവരുടെ ഉല്പത്തിയും ഐതിഹ്യവും എ
ന്ന തലക്കെട്ടു തുടങ്ങുകയും ചെയ്യുന്നു. തീയർ, ഈഴവൻ എന്ന പേരുകൾ ഈഴം എ
ന്നു പുരാതനകാലത്തുവിളിച്ചുവന്ന സിംഹളദ്വീപത്തിൽനിന്നു വന്നവരാകയാൽ
സിദ്ധിച്ചതാണെന്നു ശബ്ദവ്യുല്പത്തികൊണ്ട് ഇവരുടെ ആഗമത്തെ നിഷ്കർഷിക്കുന്ന
സമ്പ്രദായം തീരെ സാധാരണമായിത്തീർന്നിരിക്കുന്നതിനാൽ അതിനെ സംബ
ന്ധിച്ചുഞങ്ങൾ തല്കാലം ഒന്നും പറവാൻ വിചാരിക്കുന്നില്ല. ഏഴു ഗന്ധർവ സ്ത്രീകളു
ടെ മക്കൾ എന്നും മറ്റുമുള്ള അടിസ്ഥാനമില്ലാത്ത ഐതിഹ്യങ്ങൾ സമയത്തി
ന്റെ വിലയേയും അച്ചടിച്ചിലവിനേയും വിചാരിച്ചെങ്കിലും വിട്ടുകളയാമായിരു
ന്നു. തീയരും ഈഴവരും 'ശാണാർ' വംശത്തിൽപ്പെട്ടവരാണെന്നുള്ളതു ശരി
യല്ല. കൊച്ചിയിലെ ഈഴവർ ഇതിനെ സമ്മതിക്കുന്നില്ലെന്നു നിർണയസൂചനക
ളിൽ കാണുന്നതുപോലെ തിരുവിതാംകൂറിലെ ഈഴവരും മലബാറിലെ തീയരും-
കൂടി ഇതിനെ സമ്മതിക്കുന്നില്ലെന്നു പറയാവുന്നതാകുന്നു. ശാണാർ ജാതിക്കാ
രോട് ദക്ഷിണതിരുവിതാംകൂറിലും തിരുനൽവേലി മുതലായ തമിഴ് രാജ്യങ്ങളി
ലും ഈഴവർ എന്ന ജാതിക്കാർ ചരിത്രത്തിന്റെ ദൃഷ്ടി എത്താത്ത കാലം മുതൽ
ഭിന്നജാതിക്കാരായി വർത്തിച്ചുവരുന്നുണ്ട്. മദ്യവ്യാപാരം എന്ന തൊഴിലിന്റെ
സാമ്യത്തിനു് അനുരൂപമായ മറ്റു സാമ്യം ഒന്നും അവരുടെ ഇടയിൽ ഇല്ല. പര
ദേശങ്ങളിൽ ഈഴവർ മദ്യം വില്ക്കുമെങ്കിലും മദ്യം എടുക്കുന്നവർ 'ശാണാർ' ജാതി
ക്കാരാണു്. മിസ്റ്റർ എച്ച്. ഏ. സ്റ്റുവർട്ടിന്റെ 1891–ലെ സെൻസസ് റിപ്പോ
ർട്ടിൽ തെക്കേഇന്ത്യയിൽ ഉള്ള കള്ളചെത്തുന്ന പലജാതിക്കാരെപ്പറ്റി പറഞ്ഞിട്ടു
ള്ളതു വളരെ ശ്രദ്ധിക്കേണ്ട സംഗതിയാകുന്നു. ഇന്ത്യയുടെ തെക്കുപടിഞ്ഞാറേ ഭാ
ഗത്തു പല പേരുകളോടുകൂടി മദ്യമുണ്ടാക്കുന്ന പല ആദിമജാതിക്കാർ ഉണ്ടത്രേ.
അവർ വളരെ വിശ്വാസികളാകയാൽ പണ്ടത്തെ കാലത്തു രാജാക്കന്മാർ അവരെ
യോദ്ധാക്കളും അംഗരക്ഷകന്മാരുമായി നിയമിച്ചിരുന്നു എന്നുള്ളതു് അനേകരേഖ
കളെക്കൊണ്ടു തെളിയിക്കാവുന്ന ഒരു വാസ്തവവും അവർക്കു് അഭിമാനഹേതുവാ
യിട്ടുള്ളതും ആകുന്നു. ഇന്നത്തെ അവരുടെ സ്ഥിതിയോടു് അതിനെ ഒത്തുനോ
ക്കിയാൽ ഇടക്കാലത്തു് അവർക്കുണ്ടായ അധഃപതനം എത്ര ഭയങ്കരമായിരുന്നു
എന്നു കാണാം. പണ്ടത്തെ രാജാക്കന്മാർക്കു് ഇവരുടെ മേൽ ഉണ്ടായ വിശ്വാസം

Digitized By Kerala Sahitya Akademi

ധിക്യത്തിനു കാരണം മദ്യവ്യാപാരികളാണെങ്കിലും ഇവരുടെ ഇടയിൽ മദ്യപാനം വളരെ നിഷിദ്ധമായി വിചാരിച്ചു വന്നിരുന്നതുകൊണ്ടായിരിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നു. ഈഡിഗ, ഹളേപൈക്ക എന്ന മൈസൂറിലെ ഈ ജാതിക്കാർ ഇപ്പോഴും മദ്യപാനം ജാത്യാചാരത്തിനു വിരുദ്ധമായാണു കരുതിയിരിക്കുന്നതു്. കേരളത്തിൽതന്നെ ഇവരുടെ ഇടയിൽ മദ്യപാനം ചുരുക്കമാകുന്നു. പാശ്ചാത്യപരിഷ്കാരം ഈ മര്യാദയെ തെറ്റിക്കാതിരുന്നാൽ കൊള്ളാമെന്നു ഞങ്ങൾ ആകാംക്ഷിക്കുന്നു.

ഇവരുടെ ചരിത്രത്തെപ്പറ്റി 'പെരിയപുരാണം,' 'തിരുവിളയാടൽ,' 'അരുണാചലപുരാണം' മുതലായ തമിഴ് ഗ്രന്ഥങ്ങളിൽനിന്നു പല അമൂല്യങ്ങളായ അറിവുകളും ലഭിക്കുന്നുണ്ടു്. സിലോണിലെ രാജാവായിരുന്ന ഈഴൻ അല്ലെങ്കിൽ ഈഴവനും പാണ്ഡ്യചോളരാജാക്കന്മാരുമായി നടന്ന പല കഥകളും പെരുമാറ്റങ്ങളും അവയിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. ശൈവമതക്കാരുടെ പ്രസിദ്ധപ്പെട്ട 64 ആചാര്യന്മാരിൽ അല്ലെങ്കിൽ ഭക്തന്മാരിൽ ഒരാളായ 'ഏനാതിനാഥനായനാർ' ജാതിയിൽ ഈഴവനായിരുന്നു. അദ്ദേഹം അന്നത്തെ ചോളരാജാവിന്റെ പ്രധാനസേനാനായകനും വാഗ്പ്പയറ്റിലും ദ്വന്ദ്വയുദ്ധത്തിലും അദ്വിതീയനും ആയിരുന്നു. വിജയനഗരത്തിലെ രാജാക്കന്മാരുമായി ഈ ജാതിക്കാർ വളരെ അടുത്തിരുന്നുഎന്നുള്ളതും സിലോൺ രാജാവിനേയും കദംബരാജാക്കന്മാരേയും പോലെ രാജ്യം ഭരിച്ചിരുന്നവർ ഈ ജാതിയിൽ പലേടത്തും ഉണ്ടായിരുന്നു എന്നുള്ളതും നിരാക്ഷേപം തെളിയിക്കാവുന്നതാകുന്നു ഈ ജാതിയിൽതന്നെ പരദേശങ്ങളിൽ പിള്ളമാർ, മുതലിമാർ, നായിക്കന്മാർ എന്ന പേരിൽ പലരും അറിയപ്പെട്ടുന്നുണ്ടു്. മൈസൂറിലെ നായക്കു് എന്ന രാജപരമ്പരയെക്കുറിച്ചു് അവിടത്തെ ചരിത്രത്തിൽ നിന്നും വായിക്കുന്നകൂട്ടത്തിൽ തിമ്മപ്പു് നായക്കൻ എന്ന ഒരാൾ 17–ാം ശതവർഷത്തിന്റെ അവസാനത്തിൽ ജീവിച്ചിരുന്നതായിപ്പറയുന്നു. അദ്ദേഹം ആദ്യം സേനാനായകനായിരിക്കുകയും ഒടുവിൽ അന്നത്തെ റാണിയുടെ പ്രതിപുരുഷനായിരുന്നു് ഇംഗ്ലീഷുകാർ ഒരു യുദ്ധത്തിൽ തന്നെ കൊല്ലുന്നതുവരെ രാജ്യം ഭരിക്കുകയും ചെയ്തിരുന്നു. അയാൾ മദ്യമുണ്ടാക്കുന്ന ജാതിക്കാരനാണെന്നു കാണുന്നു.

നമ്മുടെ ജാതി വിചാരങ്ങൾ

ജാതി വഴക്കു് രാജ്യത്തിനെന്നപോലെ ഓരോ സമുദായത്തിനും ഓരോ കൂട്ടം ബന്ധത്തിനു തന്നേയും വലിയ ബാധയാകുന്നു. ഈ വസ്തുതയെ സ്ഥാപിപ്പാൻ ഒരു സിദ്ധാന്തത്തേയും അപേക്ഷിച്ചിട്ടാവശ്യമില്ലാത്തതും നമ്മുടെ പ്രതിദിനാനുഭവം തന്നെ ഇതിനെ തെളിയിക്കുന്നതും ആകുന്നു. ഹിന്തുക്കളുടെ ഇടയിൽ ഉള്ളതുപോലെ ഈ ശാപം മറ്റൊരിടത്തും ഇത്ര കഠിനമായി ബാധിച്ചിട്ടില്ലെന്നുള്ളതു പ്രസിദ്ധമാണു്. ആഭിജാത്യം എന്ന അന്ധതയാർന്ന ജാതികളിൽ മാത്രമല്ല ഏറ്റ

Digitized By Kerala Sahitya Akademi

വും താഴ്ന്ന പറയർ വേടർ മുതലായ ജാതിക്കാരുടെ ഇടയിലും അതുപോലെ തന്നെ കാണപ്പെട്ട വരുന്നു. പക്ഷേ ജാതി എത്രത്തോളം താഴ്ന്നതോ ഈ തിമിരത്തിന്നു് അത്രത്തോളം കട്ടികൂടുക കൂടി ചെയ്യുന്നു എന്നു പറഞ്ഞാൽ വാസ്തവമായിരിക്കുമെന്നു പരിചയിട്ടുള്ളവർ സമ്മതിക്കാതിരിക്കയില്ല. ഈ സംഗതിയെ വിചാരിക്കുമ്പോൾ തന്നെ സാമാന്യം ബുദ്ധിയുള്ളവർക്കു് ഈ ദുരഭിമാനത്തെക്കുറിച്ചു ലജ്ജയും വെറുപ്പും തോന്നാവുന്നതും അതിന്റെ ദോഷങ്ങളെ ചൂണ്ടിക്കാണിച്ചു കൊടുക്കുന്ന സമുദായ സ്നേഹികളായ യോഗ്യന്മാരുടെ ഉപദേശങ്ങളിലേക്കു മനസ്സു തിരിവാൻ ഇടയുള്ളതുമാണു്. ജാതിയിൽ നിന്നും ഒരുത്തനെ തിരിച്ചു നിറുത്തുന്ന ക്ഷുദ്രനയം സംഘ ബലത്തെ കുറയ്ക്കുകയും ഏകകാലത്തിൽ തന്നെ വിരോധികളെ വർദ്ധിപ്പിക്കുകയും ചെയ്യുന്ന അപജയകരമായ കാര്യമാകുന്നു. കേവലം ദുരഭിമാന ബന്ധത്തിൽ കുടുങ്ങി ശക്തിക്ഷയിച്ചു തന്നത്താൻ ഉണ്ടാക്കപ്പെട്ട നൂൽക്കുട്ടിൽ അകപ്പെട്ട പട്ടുനൂൽപ്പുഴുവിനെപ്പോലെ സ്വയംകൃതാനർത്ഥത്തെ ഓർത്തു പശ്ചാത്തപിച്ചു നശിച്ചു പോകുന്നതിനു ബുദ്ധിയുള്ള യാതൊരു സമുദായവും ഇക്കാലത്തു വിചാരിക്കുന്നതല്ലെന്നു നിശ്ചയമാകുന്നു.

നമ്മുടെ സമുദായത്തിൽ പല സ്ഥലങ്ങളിലും ജാതിസംബന്ധമായ പല കഴപ്പങ്ങളും നടന്നു വരുന്നതും അവയെ സമുദായ ക്ഷേമകരമായ വിധത്തിൽ ശമിപ്പിക്കുകയും ഭാവിഗ്രഹണത്തിനു് അനുകൂലമായ വിധത്തിൽ മുട്ടുക്കളായ സാമാന്യ നിബന്ധനകളെക്കൊണ്ടു സമുദായബന്ധത്തെ ബലപ്പെടുത്തുകയും ചെയ്യുന്ന വിഷയത്തിൽ എല്ലാ പ്രമാണികളുടേയും യോഗത്തിനേറയും ശ്രദ്ധപതിയേണ്ട കാലം സന്നിഹിതമായിരിക്ക ആകുന്നു.

സമുദായ സംബന്ധമായ സങ്കടങ്ങളെപ്പറ്റി ഈയിടെ ഞങ്ങൾ പലതും അറിയുന്നുണ്ടു്. തിരുവിതാംകൂറിന്റെ തെക്കേ അറ്റങ്ങളിൽ ജനങ്ങളും കുടുംബങ്ങളും മിക്കവാറും തുല്യബലവും സ്വാതന്ത്ര്യവും ഉള്ളതാകയാൽ ഏകാകികളായ സങ്കടക്കാർ ചുരുക്കമാണു്. അവിടങ്ങളിലും പൊതുവായ പല കഴപ്പങ്ങളും ഇപ്പോഴും നടപ്പുണ്ടു്. പക്ഷേ അവ അത്ര ദോഷാവഹങ്ങളല്ലാത്തതും ക്രമേണ ശമനോന്മുഖങ്ങളും ആകുന്നു. സാധുക്കൾ അധികമായും പ്രബലന്മാർ കുറഞ്ഞും ഇരിക്കുന്ന ദിക്കുകളിലാണു് ഈ ശല്യം അധികം വേരുന്നി നില്ക്കുന്നതു്. തെക്കേമലയാളത്തിൽ ഉൾപ്പെട്ട താന്നൂരിൽ ഒരു മുക്കുവൻ ഇരുന്ന പുല്ലു പായിന്മേൽ അറിയാതെ ചവിട്ടിപ്പോയതിനാൽ ഒരു തീയനു് അവന്റെ ജാതി പ്രമാണികൾ ഭ്രഷ്ടുകല്പിച്ചതായി ഞങ്ങൾ മുമ്പൊരിക്കൽ കുറിക്കുകയും ഈ കൃത്യത്തെ ആക്ഷേപിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. രണ്ടുകൊല്ലങ്ങൾക്കു മുമ്പു് ഇവരുടെ കഠിനമായ ഒരു ജാതിവഴക്കു് പാലക്കാട്ടു് തുക്കുടിയിൽ നിന്നു ശങ്കരംകുമരത്തു പാറൻ മുതലായ മാന്യന്മാരുടെ പഞ്ചായത്തു തീരുമാനത്തിനായി അയയ്ക്കപ്പെട്ടകയും ആ യോഗ്യന്മാർ സമാധാനപ്പെടുത്തുകയും ചെയ്തതായറിഞ്ഞിട്ടുണ്ടു്. ഇപ്പോൾ അവിടെ ഒരു വെളുത്തേടച്ചെറുക്കന്റെ കൈയാൽ അടികൊണ്ട എന്ന കാരണത്തിന്മേൽ ഒരു തീയച്ചെറുക്കനെ നീക്കിനിറുത്തിയിരിക്കുന്ന അത്രേ. പക്ഷേ ഈ മാതിരി ഭോഷത്വങ്ങൾ നമ്മുടെ ജാതിയിൽ ഇപ്പോൾ ഉള്ളവർ വളരെ ചുരുക്കംപേരേ ഉണ്ടായിരിക്കൂ എന്നു ഞങ്ങൾ അഭിമാനപൂർവം പറയേണ്ടിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

കൊച്ചിയിൽ ഈയിടെ വഴക്കാട്ടുകമ്പനി ആഫീസിൽ പണക്കാരനായ ഒരു തീയനെ എന്തോ കാരണത്തിന്മേൽ നീക്കിനിർത്തുകയും ക്ഷുരകനെ വിരോധിക്കയും ചെയ്തതായും ആ കേസ്സ് ഒടുവിൽ പോലീസായി പരിണമിച്ചതായും അറിയുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. സ്ഥലത്തെ പി. സി. സമാജക്കാർ അതിനെ ക്ഷമയോടുകൂടി പര്യാലോചിച്ചു തീരുമാനിക്കേണ്ടതായിരുന്നു എന്നു ഞങ്ങൾക്കു തോന്നുന്നു. സമുദായ നിബന്ധനകളെ കഠിനമാംവണ്ണം തെറ്റി നടന്നാൽ ഉദാസീനമായിരിപ്പാൻ പാടില്ലതന്നെ. പക്ഷേ ശിക്ഷ വിധിക്കുന്നതിൽ നാം അശേഷം ധൃതഗതി കാണിച്ചുകൂടാത്തതും വളരെ കരുതി ചെയ്യേണ്ടതും ശിക്ഷ സുഗമമായിരിക്കേണ്ടതും ആണെന്നുള്ള വിഷയത്തിൽ എപ്പോഴും ശ്രദ്ധ വയ്ക്കേണ്ടതാകുന്നു.

വടക്കേമലയാളത്തിൽ സംബന്ധത്തിന്റെ ഉടപ്പൊന്തെ സംബന്ധിച്ചും മറ്റും വലുതായ വഴക്കുകൾ ഉണ്ടായിട്ടുണ്ട്. അവയെ നല്ലവണ്ണം ആലോചിച്ചു കാലോചിതവും ന്യായവുമായ വിധത്തിൽ തീരുമാനിക്കാതിരിക്കുന്നതു് സമുദായക്ഷേമത്തിനു ഹാനികരമാകുന്നു. തീവണ്ടി മുതലായ ഗതാഗത സൗകര്യങ്ങളെക്കൊണ്ടു് ദേശങ്ങൾ തമ്മിൽ വളരെ അടുത്തുപോയിരിക്കുന്ന ഇക്കാലത്തു ഗ്രാമാത്രാചാരങ്ങളേയും ഉൾനാട്ടു മാമൂലുകളേയും നിയമമാക്കാൻ പാടില്ലാത്തതാകുന്നു.

വടക്കേ മലയാളത്തിൽ പ്രത്യക്ഷമായ മറ്റൊരു പ്രധാനകുഴപ്പം അന്യജാതി ദാമ്പത്യം കൊണ്ടു് ഏതാനും കൂട്ടരെ അകറ്റിയിരിക്കുന്നതാണു്. ഈ കൂട്ടരെ ഒന്നായി ചേർക്കുന്നതിനെ സംബന്ധിച്ചു് അവിടത്തുകാരിൽ മാന്യരായ രണ്ടു ഹൈക്കോർട്ടു വക്കീലന്മാർ ഈയിടെ ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി അവർകളുടെ സന്നിധാനത്തിലെ അഭിപ്രായം ചോദിച്ചു് ഒരു അപേക്ഷയച്ചിരുന്നു. അവിടന്നു കൊടുത്ത മറുപടി ഞങ്ങൾ വേറൊരു ദിക്കിൽ ചേർത്തിട്ടുണ്ടു്. പരസ്പരം ചില്ലറ ദ്വേഷങ്ങളേയും ക്ഷുദ്രമത്സരങ്ങളേയും വെടിഞ്ഞു സമുദായം ഏകയോഗക്ഷേമമായി കഴിയണമെന്നുള്ളതാണു് ഈ മഹാനുഭാവന്റെ വന്ദ്യമായ ഉദ്ദേശ്യം. അതിനെ അനുസരിച്ചു പ്രവർത്തിപ്പാൻ നാം തയ്യാറായിരുന്നാൽ കാലഗതികൊണ്ടു സ്വയമേവ വന്നുകൂടാവുന്ന അഭിവൃദ്ധികളെ ശീഘ്രതരമായനുഭവിപ്പാൻ നമുക്കു് ഇടയാകുന്നതാകുന്നു.

വിവേ : 1081 ഇടവം, മിഥുനം, കർക്കടകം

നമ്മുടെ ഭയങ്കരമായ ശാപം അല്ലെങ്കിൽ കേരളത്തിലെ ഭ്രാന്തു്

ഈ തലവാചകം കൊണ്ടു് ഞങ്ങൾ ജാതിയെയാണു് അർത്ഥമാക്കുന്നതു്. ഇന്ത്യയുടെ സ്വാതന്ത്ര്യം അന്യാധീനപ്പെട്ടകയും, അതിന്റെ പ്രാചീനമായ മാഹാത്മ്യം അസ്തമിക്കയും ചെയ്തതു് ഈ ശാപം നിമിത്തമാണെന്നു പ്രസിദ്ധമാണു്. ഇതിന്റെ ശക്തി ഇത്ര ക്രൂരമായി വ്യാപിച്ചു ബാധിക്കുന്നതായി കേരള

Digitized By Kerala Sahitya Akademi

ത്തെപ്പോലെ മറെറാരുസ്ഥലം കാണുന്നില്ല. ഒരു ജാതിക്കു് ഒരു കാലത്തുതന്നെ. നമ്മുടെ രാജ്യത്തു് ഓരോ ഗ്രാമങ്ങളിലും വെവ്വേറെ ജാതിസംബന്ധമായ അടുപ്പവും അകൽച്ചയും, ഭേദപ്പെട്ടുന്നു. ഒരു ജാതിതന്നെ ചില പ്രദേശങ്ങളിൽ ഉയർന്നതായി വിചാരിക്കപ്പെട്ടുന്ന മറെറാരു ജാതിയുമായി ഒന്നുപോലെ കൂടി നടക്കുകയും ഊണു് ഒഴിച്ചുള്ള സകലവിധ ആഹാരങ്ങളേയും വിരോധമെന്യേ സ്വീകരിക്കുകയും ആ ജാതിതന്നെ മറെറാരു പ്രദേശത്തു മറെറാരു ജാതിക്കു വളരെദൂരം വഴി തെറിക്കൊടുക്കുകയും അവർ ജലപാനം പോലും നിഷിദ്ധമായി വിചാരിക്കുകയും നടപ്പുണ്ടായിരിക്കുന്നു. 'തൊട്ടുകളി', 'തീണ്ടിക്കുളി, 'അയിത്തം', 'വണ്ണാൻ തീണ്ടാപ്പാടു്', 'പുലയൻ തീണ്ടാപ്പാടു്', (ചിലദിക്കിൽ) 'തീയൻ' (അല്ലെങ്കിൽ ചോവൻ) തീണ്ടാപ്പാടു്' മുതലായ മാർഗ്ഗമാനങ്ങൾ ഇവ പുറത്തുനിന്നും നമ്മുടെ രാജ്യത്തിൽ കടക്കുന്നവരെ അസാമാന്യമായി കുഴക്കുന്നവയും നാം ഓരോ സ്ഥലങ്ങളിലും യാതൊരു ഐകരൂപ്യവും വ്യവസ്ഥയും ഇല്ലാതെ അനുഷ്ഠിച്ചു പോരുന്നവയും ആകുന്നു. അല്പം ആലോചിക്കുന്നതായാൽ ഇതിനൊക്കെ ഒരു ഭ്രാന്തു് എന്നല്ലാതെ നമുക്കു് എന്തു പറയാം. മഹാത്മാവായ വിവേകാനന്ദസ്വാമി അവർകൾ 'മലയാളം മുഴുവൻ ഒരു ഭ്രാന്താശുപത്രിയാണെ'ന്നു് നമുക്കു് ഏറെറവും ലജ്ജാവഹമാംവണ്ണം ഒരവസരത്തിൽ പ്രസ്താവിച്ചതു് ഇതിനെ സംബന്ധിച്ചാകുന്നു. ഇതു് ഇടക്കാലത്തു് ചില ബ്രാഹ്മണരുടെ ദുഷ്ടബുദ്ധിയുടേയും, അതിരുകടന്ന മുഷ്കിന്റേയും ദൃഷ്ടാന്തമായി ശേഷിച്ചിരിക്കുന്ന അടിസ്ഥാനമില്ലാത്ത ഒരു സ്ഥാപനം എന്നല്ലാതെ ഇതിനു ശാസ്ത്രീയത്വം കല്പിക്കുകയോ കല്പിച്ചാൽ കൂടി ഇക്കാലത്തു സ്വാതന്ത്ര്യബുദ്ധിയുള്ളവർ ആരെങ്കിലും ഇതിനെ ആത്മാർത്ഥമായി ബഹുമാനിക്കയോ ചെയ്യുന്നതല്ലെന്നു സാമാന്യക്കാർക്കുകൂടി അറിയാം. എങ്കിലും വിദ്യാഭ്യാസംകൊണ്ടും മറെറല്ലാ അവസ്ഥകളെക്കൊണ്ടും നമ്മുടെ ഇടയിൽ വളരെ പരിഷ്കൃത സ്ഥിതിയിൽ ഇരിക്കുന്ന നായന്മാരിലും പട്ടന്മാർ അല്ലെങ്കിൽ പരദേശബ്രാഹ്മണരിലും കുറേ പഠിപ്പു സിദ്ധിച്ചിട്ടുണ്ടെന്നു വിചാരിക്കേണ്ടുന്ന സ്ഥിതിയിൽ ഇരിക്കുന്ന ചില ക്ഷുദ്രമതികളും കൂടി ആ ജാതികളുടെ പൊതുവിൽ അവമാനകരമാംവണ്ണം ഈ ഭ്രാന്തിനെ ഇപ്പോഴും മുറുകെപ്പിടിച്ചുകാണുന്നതിൽ ദേശാഭിമാനികളുടെ നിലയിൽ ഞങ്ങൾക്കു് ഏറെറവും ലജ്ജയും വ്യസനവും തോന്നിപ്പോകുന്നു. ഞങ്ങൾ ഇത്രയും പറഞ്ഞതു് കോഴിക്കോട്ടു ഠൗൺ മജിസ്ട്രേട്ടുകോർട്ടിൽ വടക്കേമലയാളത്തുകാരനായ ഒരു മിസ്റ്റർ ഗോവിന്ദൻ (തീയൻ) വാദിയായി ഇപ്പോൾ നടന്നുവരുന്ന ജാതിക്കേസിനെപ്പററി അറിവാൻ ഇടയായതിലാകുന്നു. മിസ്റ്റർ ഗോവിന്ദൻ നഗരംവിട്ടു് ഒരു ഉൾനാട്ടിലെ നിരത്തിൽകൂടി പോകുമ്പോൾ ഒരു നായർക്കു വഴിതെററി കൊടുക്കാത്ത കാരണത്താൽ അയാൾ ശകാരിക്കയും അവമാനിക്കയും ചെയ്തു എന്നാണു കേസുകൊണ്ടുവന്നിരിക്കുന്നതു്. എന്നാൽ അതൊന്നുമല്ല ഇതിലെ രസാംശം. വിചാരണയിൽ നായന്മാർക്കു തന്റെ ദേശത്തു വഴിമാറിക്കൊടുക്കുക പതിവില്ലാത്തതിനാൽ അങ്ങനെ ചെയ്യാത്തതാണെന്നു ന്യായമായിപ്പറഞ്ഞ മിസ്റ്റർ ഗോവിന്ദന്റെനേരേ മജിസ്ട്രേട്ടു് ഗോപാലകൃഷ്ണയ്യർ ചെയ്ത നിലവിട്ട അധികപ്രസംഗമാണു് ഞങ്ങളെ വിസ്മയപ്പെടുത്തുന്നതു്. ഈ കുററത്തിനു് എതിർ കക്ഷി മിസ്റ്റർ ഗോവിന്ദനെ കൊന്നു കളയാഞ്ഞതു ഭാഗ്യമായി എന്നും ഇങ്ങനെ പ്രവർത്തിച്ച

Digitized By Kerala Sahitya Akademi

ന്നവന്റെ അസ്ഥി നുറുക്കിക്കളയേണ്ടതാണെന്നും ആയിരുന്നുവത്രേ ഈ സാധുമജിസ്ട്രേട്ട് തുറന്ന കോടതിയിൽ സംസാരിച്ചതു്. എത്ര ദയനീയമായ ധിക്കാരം!

തീയർ മലയാളത്തിലെ ഏറ്റവും വലിയതും വർദ്ധിച്ചുവരുന്നതും ഉന്നതാവസ്ഥയിൽ ഉള്ള അനേകം അംഗങ്ങൾ അടങ്ങിയതുമായ പ്രധാന ജനസമുദായമാകുന്നു എന്നു് ഇയാൾ അറിയാഞ്ഞതിൽ ആശ്ചര്യപ്പെടുന്നു. മിസ്റ്റർ ഗോവിന്ദൻ ഇയാളുടെ ഈ മൊഴികളെ രണ്ടു ഹൈക്കോർട്ടുവക്കീൽമാരുടെ സാക്ഷ്യത്തോടുകൂടി കളക്ടർക്കു അറിവുകൊടുക്കുകയും കേസ് അതിത്തി മാറ്റിക്കിട്ടാൻ അപേക്ഷിക്കയും ചെയ്തിരിക്കുന്നു. പലർക്കും ഒരു പാഠമായിത്തീരാവുന്ന ഈ കേസിനെ മിസ്റ്റർ ഗോവിന്ദൻ ജാഗ്രതയോടുകൂടി നടത്തുമെന്നു വിശ്വസിക്കയും അതിന്റെ അവസാനത്തെ ഞങ്ങൾ താല്പര്യപൂർവം പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്നു.

വിവേ: 1082 ചിങ്ങം

തിരുവിതാംകൂറിലെ ജാതിവ്യത്യാസവും 'മിതവാദി'യും

ഈ കഴിഞ്ഞ ശ്രീമൂലം പ്രജാസഭയിൽ ഈഴവക്കുട്ടികളുടെ സ്കൂൾപ്രവേശനത്തെപ്പറ്റി ദിവാൻ രാജഗോപാലാചാരി അവർകൾ പറഞ്ഞ അസംഗതമായ മറുപടിയെ താങ്ങിയും ''പുലയർ മുതലായ കീഴ്ജാതിക്കാരുടെ അഭിവൃദ്ധിക്കു തടസ്സക്കാർ തീയരാണെന്ന്'' പുതിയ സൃഷ്ടകവാദത്തെ സ്ഥാപിപ്പാൻ ശ്രമിച്ചും ഞങ്ങളുടെ മാന്യസഹജീവിയായ മിതവാദി കഴിഞ്ഞ വൃശ്ചികം 24-ാം നു- ഒരു മുഖപ്രസംഗം പ്രസിദ്ധപ്പെടുത്തിയിരുന്നതു കണ്ടു ഞങ്ങൾക്കു് ആശ്ചര്യമുണ്ടായി. സംഗതിയുടെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കാതെ പുറപ്പെടുവിച്ച ഒരു അടിപ്രായമാണിതെന്നു ഞങ്ങൾക്കു നല്ലവണ്ണം അറിയാം. എങ്കിലും തീയസമുദായത്തിന്റെ നന്മയെ ഉദ്ദേശിച്ചു ഗൗരവമുള്ള ഈവക വിഷയങ്ങളിൽ മിതവാദിയുടെ അലക്ഷ്യമായ ഈ പുറപ്പാടു് അനുചിതമാണെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. തിരുവിതാംകൂറിൽ പുലയരെ സ്കൂളിൽ ചേർക്കുന്നതിനു വിരോധികൾ ഈഴവരാണെന്നുള്ളതിനെ വിശ്വസിപ്പാൻ ഇടയുണ്ടെന്നും, തങ്ങളുടെ കീഴ് ജാതിക്കാരോടു് അവർ പെരുമാറുന്നതിനെ കണ്ടുവേണം മേൽജാതിക്കാർ അവരോടു പെരുമാറാനെന്നും, ബ്രാഹ്മണാദികൾക്കു തീയരും പുലയരും എല്ലാം തുല്യമാണെന്നും മറും പറഞ്ഞു ''മിതവാദി'' തീയരെ ആകപ്പാടെ കുറക്കാരാക്കുന്നു. എന്നാൽ ഈ കുറവും ചുമത്തലിൽ ഏതെങ്കിലും വസ്തുതയോ ന്യായമോ അടങ്ങീട്ടുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല. പുലയരുടെ സ്കൂൾപ്രവേശത്തിനു് ഈഴവർ തടസ്സം പുറപ്പെടുവിക്കുന്നു എന്നുള്ള വാദം തിരുവിതാംകൂറിൽ തീയരുടെ വിരോധികൾ കെട്ടിച്ചമച്ചതാണു്. ദിവാൻജി പ്രജാസഭയിൽ ഉദാഹരിച്ച നെയ്യാറ്റുങ്കര സ്കൂളിൽ തന്നെ ഇതിനെ ഒരിക്കൽ പരീക്ഷിച്ചറിഞ്ഞിട്ടുണ്ടു്. ഒരു സ്കൂൾ ഇൻസ്പെക്ടരുടെ തലയിൽ ഈ ധാരണ എങ്ങിനെയോ കടന്നുകൂടി. ഈഴവരുടെ പരാതികൾക്കു് ഒഴികഴിവു കണ്ടുപിടിപ്പാനായി മാത്രം അദ്ദേഹം, ആരുടേയോ പ്രേരണയിന്മേൽ നെയ്യാറ്റുംകര സ്കൂളിൽ പുലയർക്കു കയറി പഠിപ്പാൻ കല്പന കൊടുത്തു. ഈഴവർ

Digitized By Kerala Sahitya Akademi

ഉടനേ തടസ്സക്കാരായി പുറപ്പെടുന്നതു കാണാമെന്നും അവരുടെ കുട്ടികൾ സ്കൂൾ ഉടനേവിട്ടു പുറത്തുചാടിക്കളയുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ വിചാരം. പക്ഷേ സംഗതി മറിച്ചാണു കലാശിച്ചതു്. ഈഴവക്കുട്ടികൾ സ്കൂളിൽതന്നെ ഇരുന്നു. മറ്റു് ഉയർന്ന ജാതിക്കുട്ടികൾ എല്ലാം എഴുന്നേറ്റു പുറത്തുചാടിക്കളഞ്ഞു. ഇൻസ്പെക്ടർ കുഴക്കിലായി. എന്നിട്ടു് ഈഴവരോടു് അദ്ദേഹത്തിനു കോപമാണുണ്ടായതു്. അതിന്റെ ഫലമായി 'ഈഴവർ ജാതിവ്യത്യാസമില്ലാത്തവരാണല്ലോ! അവർ മേലാൽ പുലയരോടുകൂടിത്തന്നെ വേറൊരുകെട്ടിടത്തിൽ ഇരുന്നു പഠിച്ചുകൊള്ളട്ടെ' എന്നു പറഞ്ഞു് അപ്രകാരം ചെയ്വാൻ ആജ്ഞകൊടുത്തു. ഒടുവിൽ തന്റെ ഈ കല്പന കുറേ കഠിനമായിപ്പോയെന്നു കണ്ടു ദയതോന്നി ഈഴവരുടെ ഈ ധിക്കാരത്തിനു ശിക്ഷയായി ഒരു മാസമെങ്കിലും അവർ പുലയരോടൊന്നിച്ചിരുന്നു പഠിച്ചേ തീരൂ എന്നു ശാഠ്യംകയും ആ അവധികഴിഞ്ഞു് അവർക്കു ശാപമോക്ഷം നല്കുകയും ചെയ്തു. ഇതു് ഈയിടെ കഴിഞ്ഞ ഒരു യഥാർത്ഥ സംഭവമാണു്. അതുകൊണ്ടു മിതവാദിയുടെ ഉപദേശങ്ങളെ തീയർ പിൻതുടർന്നാൽ അവരും ഒരു വിധം പുലയരായിത്തീരുകയും പഞ്ചമസ്ത്രീകളുടെ വലിപ്പവും സംഖ്യയും അധികപ്പെടുകയും ചെയ്യുമെന്നല്ലാതെ ആഗ്രഹിക്കത്തക്ക മറെറാരു പ്രയോജനവും ഈ നാട്ടിൽ ഉണ്ടാകുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. വിശേഷിച്ചും വിദ്യാഭ്യാസമുള്ളവർക്കാണു് ജാതിവ്യത്യാസം ആദ്യം തീരേണ്ടതു്. തീയർ തീരെ വിദ്യാഭ്യാസം കുറഞ്ഞവരാണു്. അതുകൊണ്ടു് അവർ തങ്ങളുടെ താഴെയുള്ളവരോടു പെരുമാറുന്നതു കണ്ടുപഠണം ബ്രാഹ്മണാദികൾ അവരോടു പെരുമാറാൻ എന്നവാദം തീരെ തെറ്റാകുന്നു. നേരേ മറിച്ചു് തങ്ങളുടെ അടുത്തുനില്ക്കുന്ന തീയരോടു ബ്രാഹ്മണാദികൾ പെരുമാറുന്നതു കണ്ടുപഠണം തീയർ അവരിൽ താണവരോടു പെരുമാറാൻ എന്നു പറയുന്നതാണു ശരി. അതാരും സമ്മതിക്കുന്നതാകുന്നു. തന്നെയല്ല ജാതിയെ നിമ്മിച്ചതും ''അയിത്ത''ത്തിന്റെ പരിണാമ വിശേഷങ്ങളെ അളന്നു തിട്ടപ്പെടുത്തി ശാസ്ത്രങ്ങൾ എഴുതിവച്ചതും ഒന്നും തീയരല്ലെന്നു് ഓർക്കേണ്ടതാകുന്നു.

തിരുവിതാംകൂറിൽ വിശേഷിച്ചും ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം ജാതിമത സംബന്ധമായ വിഷയങ്ങളിലും പ്രധാന വിധികർത്തൃത്വം മഹാരാജാവു തിരുമനസ്സിലേക്കാണുള്ളതു്. അതുകൊണ്ടു് അവിടെ ഗവർമ്മെൻറിൽ നിന്നു വിചാരിച്ചാൽ ഈ വിഷയത്തിൽ എന്തും ചെയ്വാൻ കഴിയും. അതുകൊണ്ടാണു് ഈഴവർ ഗവർമ്മെൻറിനോടു് അപേക്ഷിക്കുന്നതു്. നമ്മുടെ മാന്യസഹജീവിയുടെ പ്രസ്തുത വിഷയത്തിൽ ഉള്ള ദൃഢാർണ ഇപ്പോൾ എതാണ്ടു നീങ്ങുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. തീയർ പുലയരെ ഇന്നവരെ കഴിയുന്നത്ര സഹായിച്ചിട്ടേയുള്ളൂ.

വിവേ: 1084 ധനു

ബ്രഹ്മവിദ്യാസംഘവും ജാതിയും

ഇന്ത്യയുടെ അഭിവൃദ്ധിക്കായി യത്നിക്കുന്ന എല്ലാ മാന്യന്മാരും ജാതിമത്സരം കൊണ്ടുള്ള ദോഷത്തെപ്പറ്റി കഠിനമായി വ്യസനിക്കുന്ന കാലമാണിതു്. ബ്ര

Digitized By Kerala Sahitya Akademi

ഹവിദ്യാസംഘക്കാർ വിദ്യാഭ്യാസ സംബന്ധമായി ഇന്ത്യക്ക പറയത്തക്ക പല ഗുണങ്ങളം ചെയ്തവരുന്നുണ്ട്. ഇവരുടെ മതപ്രകാരം മനുഷ്യർ എല്ലാം സഹോദരരും പരസ്പരം സ്നേഹിക്കയും സഹായിക്കയും ചെയ്യേണ്ടവരുമാകുന്നു. എന്നാൽ ഇവരുടെ നേതൃസ്ഥാനം വഹിക്കുന്ന വിശ്രുതയായ ബെസന്റു മദാമ്മ അവർകളുടെ ഉദ്ദേശം ഇന്ത്യാക്കാരെ കഴിയുന്നത്ര പൂർവാചാര സംരക്ഷണ പ്രിയന്മാരാക്കണമെന്നാണെന്നുള്ളതു് പല സംഗതികളംകൊണ്ടു് വ്യക്തമായിട്ടുള്ളതാണ്. ഇന്ത്യയെ വാസ്തവമായിസ്നേഹിക്കുന്ന ഇന്ത്യയിലെ മഹാന്മാർ പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടു കൂടി ജാതിശാപം ഒരു വിധം നീങ്ങി ഐകമത്യവും അഭിവൃദ്ധിയും നാട്ടിൽ ക്രമേണ വർദ്ധിച്ചുവരുമെന്നു് അത്യാശയോടുകൂടി കാത്തിരിക്കയാകുന്നു. നേരേമറിച്ചു ബ്രഹ്മവിദ്യാസംഘക്കാർ അവരുടെ വിദ്യാലയങ്ങളിൽ വർണ്ണാശ്രമനിഷ്ഠയേയും പഴയ മാമൂലുകളേയും ദൃഢീകരിച്ചു വരികയാണു ചെയ്യുന്നതു്. ഇതിന്റെ പരിണാമം എന്തായിരിക്കുമെന്നു് ഉത്തരവാദമുള്ളവർ ആലോചിക്കേണ്ട കാലം അതിക്രമിക്കുന്നു. ഇവരുടെ സ്കൂളുകളിൽ ഉയർന്ന ജാതിക്കാർ എന്നു പറയുന്നവരെ അല്ലാതെ പ്രവേശിപ്പിക്കുന്നില്ല. ഈ നയം രാജ്യത്തിന്റെയും സമുദായങ്ങളുടേയും ഭാവിനേതാക്കളായ ചെറുപ്പക്കാരുടെ ഹൃദയത്തിൽ എത്ര മത്സരബുദ്ധിയേയും മാലിന്യത്തേയും ആണ്ടാക്കുന്നതെന്നു പറയേണ്ടതില്ലല്ലോ. ബെസന്റു മദാമ്മ തന്റെ അസാധാരണമായ പാണ്ഡിത്യവും വാചാലതയും സ്ഥിരോൽസാഹശീലവുംകൊണ്ടു് ഇന്ത്യയിൽ വലിയ ജനസമ്മതിയും ശക്തിയും സമ്പാദിച്ചിട്ടുണ്ടു്. അവർ വിചാരിച്ചാൽ നിശ്ചയമായും പല മാറ്റങ്ങളും ഇവിടെ വരുത്താൻ കഴിയുന്നതാണു്. അവരുടെ ശ്രമം ഈ അധോമുഖമായ അഭിവൃദ്ധിക്കായിട്ടാണെങ്കിൽ ആലോചനയുള്ള അനുഗാമികളം തന്നെ അതിനെ തിരുത്തേണ്ടതാകുന്നു. ജാത്യാഭിമാനിയും സ്വീയുമായ ബെസന്റു മദാമ്മയ്ക്കു ദ്വിജന്മാരോടൊപ്പം പന്തിഭോജനവും സഹവാസവും അവർക്കു് അനുവദിക്കാമെങ്കിൽ തങ്ങളുടെ സ്കൂളിൽ ഈഴവക്കുട്ടികളംകൂടെ കടന്നിരുന്നു പഠിപ്പാൻ പാടില്ലെന്നു ശഠിക്കുന്ന അവരുടെ വൈദികമതത്തെപ്പറ്റി ഇക്കാലത്തു് ആർക്കാണു് ബഹുമാനമുണ്ടാകുന്നതു്. ഇതിനെ സംബന്ധിച്ചു ഞങ്ങളുടെ മാന്യസഹജീവിയായ 'മിതവാദി' സനാതനധർമ്മം എന്നതലവാചകത്തിൽ ഈയിടെ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു മുഖപ്രസംഗത്തെ വായനക്കാരുടെ അറിവിനായി ഞങ്ങളം മറ്റൊരു ദിക്കിൽ ചേർത്തിട്ടുണ്ടു്.

വിവേ : 1084 മകരം

താഴ്ന്ന ജാതിക്കാർ

ലാലാ ലജപതറായി എന്ന പേരിനെ ബഹുമാനിക്കാത്തവർ ഇന്ത്യയെക്കുറിച്ചഭിമാനമുള്ളവരുടെ കൂട്ടത്തിൽ ആരും ഉണ്ടായിരിക്കയില്ല. കഴിഞ്ഞ മേയ്മാസത്തെ ഇന്ത്യൻ റവ്യൂ എന്ന മാസികയിൽ അദ്ദേഹം എഴുതിയ ഒരു ലേഖനത്തിൽ താഴ്ന്ന ജാതിക്കാരെപ്പറ്റി പറയുന്ന ഭാഗം എല്ലാവരും അറിഞ്ഞിരിക്കേണ്ടതാക

Digitized By Kerala Sahitya Akademi

യാൽ ഞങ്ങൾ അതിനെ ചുവടേ തജ്ജിമ ചെയ്ത ചേർക്കുകയും അതിൽ വായന
ക്കാരുടെ ശ്രദ്ധപതിയുമെന്ന വിശ്വസിക്കുകയും ചെയ്യുന്നു.

''ചിലപ്പോൾ ''തീണ്ടാളകൾ'' എന്നും ''പതിതന്മാരെ''ന്നും മറും വിളിച്ചു
വരാറുള്ള താഴ്ന്നജാതിക്കാർ എന്ന പറയപ്പെടുന്നവരുടെ സ്ഥിതി കേവലം
ലജ്ജാവഹം അല്ലാതെ മറെറാന്നും തന്നെയല്ല. അതു നമ്മുടെ മനുഷ്യത്വത്തിനും
നമ്മുടെ നീതിബോധത്തിനും നമ്മുടെ സാദായിക ബന്ധത്തെപ്പററിയ വി
ചാരങ്ങൾക്കും ലജ്ജാവഹമായിട്ടുള്ളതാകുന്നു. പതിതന്മാർ അവരുടെ ഇപ്പോ
ഴത്തെ നിലയിൽ തന്നെ ഇരിക്കുന്ന കാലത്തോളം ഒരു ഏകീഭാവത്തെ സംബന്ധി
ച്ച് ആശിക്കുന്നതു നിഷ്പ്രയോജനമാകുന്നു. ഒരു വലിയ ജന സമുദായത്തിന്റെ
എല്ലാ ഉൽപ്പിരിവുകളും പരസ്പരം സഹകരണം ചെയ്യുകിലല്ലാതെ ആ സമുദായ
ത്തിന്റെ ബുദ്ധി സംബന്ധവും സദാചാര സംബന്ധവുമായ സ്ഥിതിയെ ഗ
ണ്യമായ വിധത്തിൽ ഭന്നായി ഉയർത്തിക്കൊണ്ടുവരുവാൻ പ്രയാസമാണ്. ഒരു
മുഴുവൻ സമുദായത്തിന്റെ എല്ലാ അംശങ്ങളും പൊങ്ങണം. ഒരു പടിയിൽ ത
ന്നെ വരണം എന്നുള്ളതു് അതു അപേക്ഷിതമല്ല. പിന്നെയൊ സാമുദായിക
യന്ത്രത്തിൽ നില്ക്കുന്ന എല്ലാ അംഗങ്ങൾക്കും അവരുടെ പ്രത്യേകശ്രമവും ബുദ്ധി
ശക്തിയും, യോഗ്യതകളും കൊണ്ടു് ഏറവും ഉയർന്ന നിലയിലേക്കു കയറിച്ചെ
ല്ലുന്നതു സാദ്ധ്യമാകത്തക്കവണ്ണം ഉള്ള ഒരു പടിയിൽ എല്ലാവരും വരണം.'

ഹിന്ദുക്കളായ ഈ വർഗ്ഗക്കാരെ ഹിന്ദുമതത്തിന്റെ അതിർത്തിയിൽ നിന്നു്
അകററിക്കൊണ്ടുപോകാൻ ചില സംഘക്കാർ കഴിയുന്ന ശ്രമങ്ങളെല്ലാം ചെയ്തുകൊ
ണ്ടിരിക്കുന്നുണ്ടു്. ഈ വർഗ്ഗക്കാർ ഇല്ലായിരുന്ന എങ്കിൽ ആ സംഘങ്ങൾ ശക്തി
ക്ഷയിച്ചുപോയ ശരീരങ്ങളായി ജീവിക്കയേ ഉള്ളായിരുന്നു. മതം മാറുന്നതു
കൊണ്ടു തങ്ങൾക്കു കിട്ടാമെന്നുള്ള സമുദായ സംബന്ധമായ പൂർണ്ണ സ്വാ
തന്ത്ര്യങ്ങൾ എല്ലാം ഹിന്ദുക്കൾ ഈ വർഗ്ഗക്കാർക്കു് അനുവദിച്ചില്ലെങ്കിൽ
കൂടിയും ഇവർ ഹിന്ദുക്കളായിരിപ്പാനാണു് സ്വയമേവ താൽപര്യപ്പെടുന്നതു്. ഹി
ന്ദുക്കൾ ഇവർക്കുവേണ്ടി ഉടനേ ചെയ്യേണ്ടതെന്തെന്നാൽ ഒരു മധ്യസ്ഥാനം അവർ
ക്കനുവദിക്കയും അപ്രകാരം അവരുടെ പതിതതയുടെ പ്രധാനഭാഗം നീക്കുകയും
ആകുന്നു. ഒട്ടും താമസം കൂടാതെ നമുക്കു ചെയ്യാമെന്നുള്ള ഒരു ചെറിയകാര്യം,
തൊടാൻ പാടില്ലാത്തവരെ തൊടാൻ പാടുള്ളവരാക്കുകയും അവരുടെ പേരിന്നുള്ള
വിഷപ്പല്ലുകളെ പറിച്ചെടുത്തുകളകയും ആകുന്നു. ഇത്രയെങ്കിലും ചെയ്വാൻ
തയ്യാറില്ലാത്ത ഒരു ഹിന്ദു അതുകൊണ്ടു് അവൻ വരുത്തിവയ്ക്കുന്ന വലുതായ
ദോഷത്തെപ്പററി എത്ര തന്നെ അറിയാത്തവനായിരുന്നാലും ജനസമുദായത്തി
ന്റെ ശത്രുവാകുന്നു.''

''ലജപത്റായ് കുളബ്'' ലജപത്റായ് ''ഷാപ്പ്'' ''ലജപത്റായ് ബി
സ്ക്കറു്'' എന്നും മറും ഓരോ സ്ഥാപനങ്ങൾക്കും സാമാനങ്ങൾക്കും പേരുവി
ളിച്ചു സ്വദേശാഭിമാനികൾ എന്ന നടിക്കുന്ന ഉയർന്ന ജാതിക്കാർ അദ്ദേഹ
ത്തിന്റെ ഈ സാരവത്തായ ഉപദേശങ്ങളെ ലേശം അനുസരിപ്പാൻ ഉത്സാഹമുള്ള

Digitized By Kerala Sahitya Akademi

വരായിരുന്നു എങ്കിൽ അദ്ദേഹത്തിനു് അതു് എത്ര ചാരിതാർത്ഥ്യത്തിനും ഹിന്ദു സമുദായത്തിനു പൊതുവിൽ എത്ര യശസ്സിനും ഹേതുവായിത്തീരുമായിരുന്നു.

വിവേ : 1034 മിഥുനം.

ഹിന്തുക്കളും താഴ്ന്ന ജാതിക്കാരും

കഴിഞ്ഞ സെൻസസ് പ്രകാരം ഇന്ത്യയിൽ ആകെ 29 കോടി ജനങ്ങളാണുള്ളതു്. ഇതിൽ ഹിന്തുക്കളും ഇരുപതു കോടി എഴുപതു ലക്ഷം മാത്രമാകുന്നു. അതിൽ അഞ്ചുകോടി മുപ്പതുലക്ഷം പേരും തൊടാൻ പാടില്ലാത്ത താഴ്ന്ന ജാതിക്കാരാണു്. മഹമ്മദീയർ ഇപ്പോൾ 6 കോടി 20 ലക്ഷം ഉണ്ടു്. താഴ്ന്ന ജാതിക്കാരിൽ മേൽപ്പറഞ്ഞവരെ കൂടാതെ തൊട്ടുകളിയില്ലെങ്കിലും സമുദായസ്ഥിതിയിൽ അവരേക്കാൾ വലിയ ഭേദമൊന്നുമില്ലാത്തവരായും ഏറിയൊരുഭാഗം ജനങ്ങളുണ്ടായിരിക്കും. അവരെ ഒക്കെ കഴിച്ചു നോക്കിയാൽ സാക്ഷാൽ ഹിന്തുക്കൾ എന്നു് അഭിമാനിക്കുന്നവരുടെ സംഖ്യ വളരെ കുറഞ്ഞുപോകുന്നു എന്നു പറയേണ്ടതില്ലല്ലോ.

പുതിയ പരിഷ്കാരവും വിദ്യാഭ്യാസവും വ്യാപിച്ചു വരുന്നതോടുകൂടി ഹിന്തുക്കൾ തങ്ങളുടെ താഴ്ന്ന ജാതി സഹോദരന്മാരെപ്പറ്റി പൂർവാധികം വിചാരിക്കുന്നുണ്ടെന്നു തോന്നുന്നു. സംഖ്യാബലം രാജ്യഭരണ സംബന്ധമായ കാര്യങ്ങളിൽ പ്രാധാന്യമുള്ള ഒന്നാകയാൽ അതു് അവരെ ഈ വിചാരത്തിൽ പ്രേരിപ്പിക്കാതിരിക്കുന്നില്ല. ബ്രിട്ടീഷിന്ത്യയിലെ പുതിയ രാജ്യഭരണ പരിഷ്കാരം അനുസരിച്ചു മഹമ്മദീയർക്കു ചില പ്രത്യേക അവകാശങ്ങൾ നൽകപ്പെട്ടതും അതിനെപ്പറ്റി ഹിന്തുക്കൾ വഴക്കു പറയുന്നതും പ്രസിദ്ധമായ സംഗതികളാണല്ലോ. ആ വഴക്കുകളെ എതിർത്തുകൊണ്ടു വടക്കേ ഇൻഡ്യയിലെ മഹമ്മദീയർ വാദിക്കുന്ന കൂട്ടത്തിൽ ഹിന്തുക്കൾ സംഖ്യയിൽ ചുരുക്കമാണെന്നും അവരുടെ സംഖ്യയെ തടിപ്പിച്ചിരിക്കുന്നതു താണ ജാതിക്കാരാണെന്നും താണ ജാതിക്കാരെ ഹിന്തുക്കളെന്നു വിചാരിപ്പാൻ പാടില്ലെന്നും ആക്ഷേപിക്കാറുണ്ടു്. വാസ്തവമല്ലേ, ഒന്നിച്ചിരുന്നുണ്ണുകയോ സഹവസിക്കയോ പരസ്പരം തൊടുക തന്നെയോ ചെയ്വാൻ പാടില്ലാത്ത ആളുകൾ തമ്മിൽ എങ്ങിനെ ഒരു സമുദായമാകും? മേല്പറഞ്ഞ വഴക്കുനിമിത്തം ബങ്കാളത്തെ നാമശൂദ്രരുടെ സമുദായ സ്ഥിതിക്കു് അടുത്ത കാലത്തു പറയത്തക്ക ഭേദമുണ്ടായിരിക്കുന്നു. അവർ അവിടത്തെ താഴ്ന്ന ജാതിക്കാരാണു്. കൃഷിയും കായിക വ്യവസായങ്ങളും അവരുടെ അധീനതയിലാണത്രേ. അതുകൊണ്ടു് അവരുടെ ധനസ്ഥിതി വർദ്ധിക്കയും സമുദായസ്ഥിതി ഉയർന്ന ജാതിക്കാരുടെ അസൂയയും ശാഠ്യവും കൊണ്ടു കാലത്തിനനുസരിച്ചു ഭേദപ്പെടാതെ അവർ ക്ലേശിക്കയും ചെയ്യുന്നു. ബങ്കാളി ഹിന്തുക്കളുടെ സംഖ്യയിൽ ഏറിയൊരു ഭാഗവും അവരാണു്. മഹമ്മദീയ ജനസംഖ്യയെ അവിടെ ഇത്ര ഭയങ്കരമായി വർദ്ധിപ്പിച്ചതും ഈ താഴ്ന്ന ജാതിക്കാർ തന്നെ എന്നാണു പറയുന്നതു്. അഭി

Digitized By Kerala Sahitya Akademi

മാനവും സൗകര്യവും കരുതി ശേഷമുള്ള നാമശൂദ്രരും മഹമ്മദീയരായിത്തീരും എന്ന ദിക്കായി. അപ്പോൾ രാജ്യതന്ത്രജ്ഞരായ അവിടത്തെ സമുദായ പരിഷ്കാരകന്മാർക്ക ചുട്ടപിടിക്കയും അവർ നാമശൂദ്രർക്ക സമുദായ സംബന്ധമായി മുമ്പില്ലാതിരുന്ന സ്വാതന്ത്ര്യങ്ങൾ പലതുമനുവദിപ്പാൻ ഈയിടെ തുടങ്ങുകയും ചെയ്തു. അവരുടെ ശ്രമം നല്ലവണ്ണം ഫലിച്ചിട്ടുണ്ട്. നാമശൂദ്രർ ഇനി മഹമ്മദീയരാകേണ്ട ആവശ്യമില്ലെന്നതന്നെ പറയാം.

പഞ്ചാബിൽ ആര്യസമാജക്കാരാണ് ജാതിപരിഷ്കരണത്തിൽ അതിതാല്പര്യം കാണിക്കുന്നത്. അവർ ഒരു ശുദ്ധീകരണ സംഘം ഏർപ്പെടുത്തീട്ടുണ്ട്. എത്രയോ ലക്ഷം തൊടാൻ പാടില്ലാത്ത ജാതിക്കാരെ അവർ ഇപ്പോൾ ശുദ്ധീകരിച്ചിരിക്കുന്നു. ആദ്യകാലങ്ങളിൽ അവരുടെ ശുദ്ധീകരണത്തെ ഹിന്ദുക്കൾ അത്ര വകവച്ചിരുന്നില്ലെങ്കിലും ഇപ്പോൾ ഒരു തൊടാൻ പാടില്ലാത്ത ജാതിക്കാരൻ 'ഞാൻ ആര്യ സംഘത്താൽ ശുദ്ധീകരിക്കപ്പെട്ടവനാണെ'ന്നു പറഞ്ഞാൽ അവനെ തൊടാനും അവനോട സഹവസിക്കാനും അവർക്ക് അറപ്പില്ല.

താഴ്ന്ന ജാതിക്കാരുടെ ആകെത്തുകയിൽ മൂന്നിലൊന്നു ഭാഗവും തെക്കേ ഇന്ത്യയിലാണുള്ളത്. ഇവിടെയും ശുദ്ധീകരണ സംഘക്കാരില്ലാതില്ല. എന്നാൽ അതു പാതിരിമാരാണ്. മദ്രാസ് പ്രസിഡൻസിയിലെ ജനസംഖ്യയിൽ മൂന്നിലൊന്നും തൊടാൻ പാടില്ലാത്ത താഴ്ന്ന ജാതിക്കാരാകുന്നു. പിന്നെ ക്രിസ്ത്യാനികളും മഹമ്മദീയരുമുണ്ട്. അതെല്ലാം കഴിച്ചാൽ ഈ പ്രസിഡൻസിയിൽ ഹിന്ദുക്കളുടെ സംഖ്യ മഹാ മോശമാണെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. മതഭേദം ചെയ്യുന്നവരുടെ സംഖ്യയും ദിവസംപ്രതി വർദ്ധിച്ചുവരുന്നു. കഴിഞ്ഞ 40 കൊല്ലങ്ങൾക്കുള്ളിൽ തെലുങ്കുരാജ്യങ്ങളിൽ നിന്നു രണ്ടരലക്ഷവും തിരുവിതാംകൂറിൽ നിന്നു മാത്രം ഏഴുലക്ഷവും താഴ്ന്ന ജാതിക്കാരെ ശുദ്ധീകരിച്ചു ക്രിസ്ത്യാനികളാക്കീട്ടുണ്ടെന്നു മദ്രാസിലെ ബിഷപ്പ് അഭിമാനിക്കുന്നു.

തിരുവിതാംകൂറിലെ ആകെയുള്ള ജനസംഖ്യ 29 ലക്ഷത്തിൽ ചിലപ്പോൾ കുന്നു. ഇതിൽ ഇപ്പോൾ തന്നെ ഏഴുലക്ഷം ക്രിസ്ത്യാനികളുണ്ട്. രണ്ടുലക്ഷം മുഹമ്മദീയരുമാണ്. ബാക്കി ഇരുപതുലക്ഷം ഹിന്ദുക്കൾ. ഇതിൽ ബ്രാഹ്മണരും ശൂദ്രർ (അല്ലെങ്കിൽ നായന്മാർ)രും കൂടി ഒരു ആറുലക്ഷം മാത്രം വരും. ഇതാണ് തിരുവിതാംകൂറിലെ ഉയർന്ന ജാതി ഹിന്ദുക്കളുടെ സംഖ്യ. ജാതിശല്യം ഹിന്ദുസമുദായ സ്ഥിതിയെ ഇത്രയധികം ബാധിച്ചിട്ടുള്ള സ്ഥലം വേറെ ഇന്ത്യയിൽ ഇല്ല. ക്രിസ്ത്യാനി മതത്തിന്നു ലോകത്തെങ്ങും ഇത്ര വേഗത്തിൽ പ്രചാരം സിദ്ധിച്ചിട്ടില്ല. വടക്കേ ഇന്ത്യയിൽ മഹമ്മദീയമതം വർദ്ധിച്ചതു് അവിടം അനേകന്നൂറ്റാണ്ടു് മഹമ്മദീയ ചക്രവർത്തികളുടെ ഭരണത്തിൻകീഴിരുന്നതിനാലും അവരിൽ നിന്നുള്ള പേടിയും നിർബന്ധവും കൊണ്ടുമാകുന്നു. ഇവിടെ ക്രിസ്ത്യാനിമതം വർദ്ധിക്കുന്നതു് അങ്ങിനെയാണോ? അല്ല. ഹിന്ദുക്കളിൽ നിന്നുള്ള പേടിയും നിർബന്ധവും കൊണ്ടും പാതിരിമാരോടുള്ള സ്നേഹവും കൃതജ്ഞതയും കൊണ്ടും മാത്രമാകുന്നു.

തിരുവിതാംകൂറിൽ ഈഴവർ ബംഗാളത്തെ നാമശൂദ്രരെപ്പോലെ മിക്കവാറും തന്നത്താൻ പൊങ്ങാൻ കഴിയുന്നവരാണ്. അവരെ ഇനി എങ്കിലും ആരും

Digitized By Kerala Sahitya Akademi

താഴ്ത്താൻ ശ്രമിക്കാതിരുന്നാൽ മതി. അവർ ജനസംഖ്യയിൽ അഞ്ചുലക്ഷമുണ്ട്. അവർ തങ്ങളുടെ അഭിവൃദ്ധിക്കായി കഴിയുന്നത്ര ശ്രമങ്ങൾ സ്വയമേവ ചെയ്തുവരികയും ചെയ്യുന്നു. അധിക ജനസംഖ്യയുള്ള പിന്നോക്കംനില്ക്കുന്ന അടുത്ത ജാതി ചാന്നാന്മാരാണ്. ഈ കൂട്ടർ ഒട്ടുമുക്കാലും ക്രിസ്തുമതമാശ്ലേഷിച്ചു കഴിഞ്ഞിരിക്കുന്നു. ബാക്കി ഒന്നരലക്ഷം പേർ കഴിഞ്ഞ സെൻസസ് പ്രകാരമുണ്ട്. ഇപ്പോൾ അവരുടെ സംഖ്യ അതിലും കുറഞ്ഞിരിക്കണം. ഏറ്റവും താഴ്ന്ന ജാതിക്കാരായ പുലയർക്കും ജനസംഖ്യകൊണ്ടു പ്രാധാന്യമുണ്ട്. തിരുവിതാംകൂറിൽ രണ്ടുലക്ഷത്തിൽപരം പുലയരുണ്ട്. പാതിരിമാരുടെ ശ്രദ്ധീകരണത്തെ ഇവരെ സംബന്ധിച്ചിടത്തോളം ഹിന്ദുക്കൾ കുറെക്കാലം ഗണ്യമാക്കിയിരുന്നില്ല. ക്രിസ്ത്യാനികളിൽപോലും കുറെ പഴക്കമുണ്ടെന്നഭിമാനിക്കുന്നവർ ഗണ്യമാക്കിയിരുന്നില്ല. ജാതി എന്ന മഹാരോഗം ഇത്ര ശക്തിയോടുകൂടി പ്രചരിക്കുന്ന കേരളത്തിൽ ക്രിസ്ത്യാനികൾക്കും അതു പകർന്നുപിടിച്ചതു് ആശ്ചര്യമല്ലായിരിക്കാം. ഇപ്പോഴും ഇവിടെ പുലക്രിസ്ത്യാനിയും പാന്നാക്രിസ്ത്യാനിയും എല്ലാം വേറേ സംഘങ്ങളാണു്. പക്ഷേ കുറേ പഴക്കം ചെല്ലുമ്പോൾ ഇവ തമ്മിൽ അലിഞ്ഞു ചേർന്നു ക്രിസ്ത്യാനിസംഘം മിക്കവാറും ഒന്നായിത്തന്നെ തീരാതിരിക്കില്ല.

താഴ്ന്നജാതിക്കാരെ ഉദ്ധരിപ്പാൻ ഇന്ത്യയുടെ പല ഭാഗങ്ങളിലും ഹിന്ദുക്കൾ ഇപ്പോൾ സംഘങ്ങൾ ഏർപ്പെടുത്തി പ്രയത്നിച്ചുവരുന്നുണ്ടു്. തിരുവിതാംകൂറിലും ചില മാന്യന്മാർ പുലയരെ ഉയർത്തുന്നതിനായി ശ്രമിക്കുന്നപോലെ കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇവരുടെ ശ്രമത്തിന്റെ നിഷ്കളങ്കതയേയും സ്ഥിരതയേയും പറ്റി ഇതുവരെ തീർച്ച പറയാറായിട്ടില്ല. ഒരു യോഗ്യൻ ഈയിടെ ഈമാതിരി ജാതിപരിഷ്കാര ശ്രമത്തെ പരാമർശിച്ചു നിർവചനം ചെയ്ത കൂട്ടത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. ''മുഴുവൻ ജാതിക്കെട്ടിനേയും ഒന്നായി ബാധിക്കാതെയുള്ള ഈവക അർദ്ധമനസ്സോടുകൂടിയ പരിഷ്കാര ശ്രമങ്ങൾ ന്യായദൃഷ്ട്യാ അസംഗതങ്ങളും അസാരങ്ങളും നിശ്ചയമായും നിഷ്പ്രയോജനമായി അവസാനിക്കുന്നവയുമാണു്. ജാതിവൈഷമ്യത്തെ എതിർക്കുന്നതിനുള്ള ശരിയായ മാർഗ്ഗം ജാതിയുടെ നാരായവേരിൽ തന്നെ വെട്ടുകയാകുന്നു.''

നമ്മുടെ ഇടയിൽ ഇപ്പോൾ വാസ്തവത്തിലുള്ള ജാതി പരിഷ്കാരകന്മാർ തീവണ്ടി, തീബോട്ട്, അങ്ങാടിത്തെരുവുകൾ, കച്ചേരികൾ ഇവയാണു്. ഈ സ്ഥലങ്ങളിൽ താഴ്ന്ന ജാതികൾക്കു തുല്യസ്വാതന്ത്ര്യം ഉയർന്ന ജാതിക്കാർ മനസ്സാലെ നൽകിയതല്ല. വേറേ കഴിവുണ്ടായിരുന്ന എങ്കിൽ അവർ നിശ്ചയമായും നൽകാതെ തന്നെ കഴിക്കുമായിരുന്നു. തീവണ്ടിയുടെ ഒരു മുറി മുഴുവൻ എടുപ്പാൻ വേണ്ട പണവും ലോഭമില്ലായ്മയുമുണ്ടാകുമെങ്കിൽ ഒരു ബ്രാഹ്മണൻ ഒരു പറയനോടൊന്നിച്ചു യാത്രചെയ്യുന്നതല്ല. മനസ്സിൽ എല്ലാ വിശേഷസാമാനങ്ങളും സ്വയമേവ ഉണ്ടാകുമെങ്കിൽ നിശ്ചയമായും ഒരു നമ്പൂരി അങ്ങാടിത്തെരുവിൽ പോയി 'അയിത്താ'കുന്നതല്ല. ഓരോ ജാതിക്കും പ്രത്യേകം പ്രത്യേകം കച്ചേരികൾ ഏർപ്പെടുത്തത്തക്ക അവിവേകം ഗവർമ്മെൻറിനുണ്ടായിരുന്ന എങ്കിൽ താണ ജാതിക്കാർ കയറുന്ന കച്ചേരികളിൽ ഉയർന്ന ജാതിക്കാർ പടിയോളംപോലും ചെല്ലുമായിരുന്നില്ല. ഇതുകൊണ്ടു് ആവശ്യവും നിർബന്ധമുണ്ടെങ്കിൽ എല്ലാമാകുമെന്നു സിദ്ധിക്കുന്നു.

Digitized By Kerala Sahitya Akademi

ഇന്ത്യയിലെ ജാതിപരിഷ്കാരകൻമാരിൽ എല്ലാംകൊണ്ടും ഒന്നാമത്തെ സ്ഥാനം മഹാമനസ്കനായ ഗോകുവാർ മഹാരാജാവു തിരുമനസ്സിലേക്കാണെന്നു പറയേണ്ടതില്ലല്ലോ. ഹിന്ദുക്കളുടെ സംഖ്യയെ ഇസ്ലാംമതവും ക്രിസ്തുമതവും വിഴുങ്ങുന്നതു കണ്ടിട്ടു സ്വമത വ്യസനിയായ ആ മഹാരാജാവ് ഉയർന്ന ജാതിക്കാരെ മാത്രമല്ല ഗവർമ്മെൻറിനെക്കൂടി കുറപ്പെടുത്തിക്കൊണ്ടു് ഈയിടെ ഒരവസരത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു: ''നവീനാശയങ്ങളെ സുലഭമായി അറിഞ്ഞിരിക്കുന്നതും സന്മാർഗ്ഗികവും ലൗകികവുമായ അളവറ്റ അഭിവൃദ്ധി മാർഗ്ഗങ്ങളെ ഉള്ളടക്കിയിരിക്കുന്നതുമായ ഇന്ത്യാഗവർമ്മെൻറ് ജനങ്ങളെ ഒരു തുല്യമായ നിയമത്തിൻ കീഴ് ഭരിക്കയും മര്യാദ പാലിക്കയും ചെയ്യുന്നു എന്നു മാത്രം ശപഥം ചെയ്തുകൊണ്ടു തൃപ്തിപ്പെട്ടിരിപ്പാൻ പാടില്ലാത്തതാകുന്നു.'' ജാതിമതങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ രാജ്യഭരണസംബന്ധമായ ഗൗരവമേറിയ സംഗതികളന്തർഭവിച്ചെങ്കിലല്ലാതെ തലയിടുകയില്ലെന്നുള്ള ഇന്ത്യാ ഗവർമ്മെൻറിന്റെ നയത്തെ അദ്ദേഹം പ്രശംസിക്കുന്നില്ല. ഗവർമ്മെൻറിന്റെ ഈ ഉദാസീനനയം അനേക നാട്ടരാജ്യങ്ങൾക്കും രാജാക്കന്മാർക്കും നൈരാശ്യം ജനിപ്പിക്കുന്നതാണെന്നും നേരേമറിച്ചു ഇന്ത്യാഗവർമ്മെൻറ് ഈ വിഷയത്തിൽ ജാഗരൂകമായിരുന്നാൽ നാട്ടരാജ്യങ്ങൾ അതിനെ നിശ്ചയമായും അനുകരിക്കയും അധികം പ്രവർത്തിക്കയും കൂടി ചെയ്യുമെന്നും അദ്ദേഹം വിചാരിക്കുന്നു. ''ഗവർമ്മെൻറ് അനുകമ്പാപൂർവ്വം പ്രജകളിൽ എല്ലാ വർഗ്ഗക്കാർക്കും അവരുടെ അഭിവൃദ്ധിക്കു വേണ്ട മാർഗ്ഗങ്ങൾ എല്ലാം പ്രതിബന്ധം കൂടാതെ തുറക്കപ്പെട്ടിരിക്കുന്നോ എന്നു കൂടക്കൂടെ നോക്കേണ്ടതാകുന്നു.''....''ജനസംഖ്യയുടെ ആറിലൊന്നുഭാഗം നിത്യമായ നീചതയിലും അജ്ഞതയിലും ആണ്ടുകിടക്കുമ്പോൾ അവരെ ഉദ്ധരിപ്പാൻ എന്തെങ്കിലും പ്രവർത്തിക്കേണ്ട ആവശ്യകതയെപ്പറ്റി ഗൗനിക്കാതിരിക്കുന്നതു് ഒരു ഗവമ്മെൻറിനും അടുത്തതല്ല.'' ബറോഡാ മഹാരാജാവു തിരുമനസ്സിലെ മേല്പറഞ്ഞ സാരപൂർണ്ണമായ വാക്യങ്ങൾ ഇന്ത്യാഗവർമ്മെൻറിന്റെ മാത്രമല്ല എല്ലാ സ്വദേശ ഗവർമ്മെൻറുകളുടെയും ശ്രദ്ധയെ ഗാഢമായി ആകർഷിക്കുമെന്നു വിശ്വസിക്കുന്നു.

വിവേ : 1086 ചിങ്ങം, കന്നി

ശ്രീമാൻ ഗാന്ധിയും താഴ്ന്ന ജാതിക്കാരും

ഇന്ത്യക്കാർക്കു തെക്കേ ആഫ്രിക്കയിലുണ്ടായിരുന്ന അസ്വാതന്ത്ര്യങ്ങളുടെ നിവാരണത്തിനായി അനവധി കഷ്ടതകളും സഹിച്ച വിശാലഹൃദയനും വിശ്രുതനുമായ ശ്രീമാൻ ഗാന്ധി അവർകളും ''സത്യഗ്രഹാശ്രമം'' എന്ന പേരിൽ ഇന്ത്യയിൽ ഒരു സ്ഥാപനം ഏർപ്പെടുത്തി നടത്താനുദ്ദേശിക്കുന്നുണ്ടു്. അതിലെ അംഗങ്ങളായി ചേരുവാൻ ആഗ്രഹിക്കുന്നവർക്കുണ്ടായിരിക്കേണ്ട യോഗ്യതകളെപ്പറ്റി അദ്ദേഹം ഏതാനും ദിവസങ്ങൾക്കു മുമ്പ് മദ്രാസിൽ വച്ചു ചെയ്ത ഒരു പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. ജാതിമത ഭേദം കൂടാതെ ഇൻഡ്യയിലെ ജനങ്ങളുടെ പൊതുവേയുള്ള അഭിവൃദ്ധിയേയും രാജ്യഭരണ സംബന്ധ

Digitized By Kerala Sahitya Akademi

മായ സ്വാതന്ത്ര്യത്തേയും ഉദ്ദേശിച്ചു് സ്വാർത്ഥത്യാഗത്തോടുകൂടിയതനിക്കുക എന്നുള്ളതാണു് ടി ആശ്രമത്തിന്റെ ഉദ്ദേശ്യം. ഉൽകൃഷ്ടമായ സ്വഭാവ ഗുണം (character) ഉണ്ടായെങ്കിൽ മാത്രമേ നമുക്കു് ഉന്നത സ്ഥാനങ്ങളും ലഭിക്കുകയോ നാം അവയെ അർഹിക്കുകയോ ചെയ്യൂ എന്നും അതുകൊണ്ടു രാജ്യഭരണ സംബന്ധമായ അവകാശ വഴക്കുകളും പറയുന്നവർ ആദ്യം തങ്ങൾക്കും ജനസാമാന്യത്തിനും ആശ്രേഷ്ഠഗുണങ്ങളുണ്ടാവാൻ വേണ്ടത്ര നോക്കേണമെന്നുമാണു് ഈ മഹാന്റെ അഭിപ്രായം. രാജ്യതന്ത്രീയമായ യത്നങ്ങളും മതതത്ത്വത്തെ ആസ്പദമാക്കി ആയിരിക്കേണ്ടതാവശ്യമാണെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു. എന്നു തന്നെയല്ല, "This is the maxim of life which I have acepted, namely that no work done by any man, no matter how great he is will really prosper unless he has a religious backing" "ഒരാൾ എത്രത്തന്നെ കേമനായിരിക്കട്ടെ, അയാളുടെ ശ്രമം എന്തു തന്നെ ആയിരിക്കട്ടെ, മതസംബന്ധമായ പിൻ ബലത്തോടുകൂടാതെ വാസ്തവമായ അഭിവൃദ്ധി ഉണ്ടാകുന്നതല്ലെന്നുള്ള വസ്തുതയാണു് ഞാൻ എന്റെ ജീവിത പ്രമാണമായി സ്വീകരിച്ചിട്ടുള്ളതു്" എന്നു് അദ്ദേഹം പറയുന്നു. ശ്രീമാൻ ഗാന്ധി ഒരു യഥാർത്ഥ കർമ്മയോഗിയാകുന്നു. അദ്ദേഹത്തിന്റെ രാജ്യതന്ത്രീയ ശ്രമങ്ങളും എല്ലാം അദ്ദേഹത്തിന്റെ യോഗാനുഷ്ഠാനങ്ങളുമാണു്. അദ്ദേഹത്തിന്റെ ആശ്രമത്തിലെ ശിഷ്യന്മാർ (അംഗങ്ങളും) യമനിയമാദി സമ്പന്നരായ വിദ്വാന്മാരായിരിക്കേണ്ടതു് നിർബന്ധമാണു്. യമ നിയമാദികളെ അദ്ദേഹം പ്രത്യേകം നിഷ്കർഷത്തോടെ നിർവചിച്ചിരിക്കുന്നു. അവയെ അനുഷ്ഠിപ്പാൻ ശപഥം ചെയ്യുന്നവരെയാണു് അംഗങ്ങളായി സ്വീകരിക്കുന്നതു്. പ്രധാന ശപഥങ്ങളിൽ ഒന്നു് താണജാതിക്കാരോടു് അശേഷം ഭേദവിചാരം കൂടാതെ സഹോദര ഭാവത്തിൽ വർത്തിക്കേണമെന്നുള്ളതാകുന്നു. ഏതെങ്കിലും തൊഴിലു നിമിത്തം ഒരു വർഗ്ഗക്കാരനു താഴ്ചയുണ്ടെന്നും അവനെ തൊടാൻ പാടില്ലെന്നുമുള്ള വയ്പു് തീരെ അർത്ഥമില്ലാത്തതും ഹിന്ദുനാഗരികതയുടെ അധ:പതനകാലത്തുണ്ടായിട്ടുള്ളതുമാണെന്നാണു് അദ്ദേഹം പറയുന്നതു്. ഇതിനെ സംബന്ധിച്ചു ഹിന്ദു വിദ്യാർത്ഥികളോടു് അദ്ദേഹം പറയുന്നതാവിതു്: "And you the student world who receive all this modern education, if you become a party to this crime, it were better that you receive no education whatsoever" "വിദ്യാർത്ഥിലോകമേ, നവീന വിദ്യാഭ്യാസം ചെയ്തു വരുന്ന നിങ്ങളും ഈ പാപത്തിൽ—സമസ്പൃഷ്ടികളെ താഴ്ത്തി വിചാരിക്കുന്ന ദുഷ്കർമ്മത്തിൽ—പങ്കുകൊള്ളുകയാണെങ്കിൽ, നിങ്ങൾ വിദ്യാഭ്യാസം ചെയ്യാതിരിക്കയായിരുന്നു നല്ലതു്" അയിത്തമാചരിക്കാതെയോ തറവാട്ടു മഹിമയെ മുൻനിർത്തി പ്രവർത്തിക്കാതെയോ ഇരുന്നാൽ മാതാപിതാക്കന്മാർ ശഠിക്കയും അവർ വ്യസനിക്കയും ചെയ്യുമെന്ന ഒഴികഴിവു പറയുന്നവരെ ഉദ്ദേശിച്ചു് അദ്ദേഹം പറയുന്ന മറുപടി ഇതാണു്: "ഉൽകൃഷ്ടമായ ജ്ഞാനത്തിനനുസരിച്ചു പ്രവർത്തിക്കുന്നതിൽ ആരെയും ഭയപ്പെടരുതു്. പ്രഹ്ലാദനെ നോക്കുവിൻ. അച്ഛന്റെ നിർബന്ധം അനുസരിച്ചാണോ അദ്ദേഹം പ്രവർത്തിച്ചതു്. അതുകൊണ്ടു നമുക്കു നമ്മുടെ മാതാപിതാക്കന്മാരുടെ പൂജ്യ സന്നിധിയിൽ ഉൽകൃഷ്ട കൃത്യബോധമനുസരിച്ചു പ്രവർ

Digitized By Kerala Sahitya Akademi

ത്തിക്കാം.'' "And after recciving this rough shock if some of there expire I think it no calamily. It may be that some rough shock of the kind might have to be delivered ''അവർക്ക് ഇതൊരു ക്രൂര ദണ്ഡനമായിത്തീർന്നു് അവരിൽ ചിലർ മരിച്ചുപോയാൽ കൂടിയും അതു് ഒരു ഭയങ്കര വിപത്തായി ഞാൻ വിചാരിക്കുന്നില്ല ഇങ്ങനെയുള്ള ചില ക്രൂര ദണ്ഡനങ്ങൾ ആവശ്യമാണെന്നു തന്നെ വന്നേക്കാം'' നമ്മുടെ വിദ്യാർത്ഥികളും വിദ്വാന്മാരും ഈ ഉപദേശങ്ങളെ കൂടക്കൂടെ സ്മരിക്കുന്നതായാൽ സമുദായ പരിഷ്കരണ ശ്രമത്തിനു ജീവനുണ്ടാകുന്നതാണു്.

വിവേ: 1092 മകരം, കംഭം.

ജാതി

''പുതിയ രാജ്യഭരണ വ്യവസ്ഥയുടെ സംരംഭത്തോടുകൂടി ''ജാതി''യുടെ തലയ്ക്കു കിട്ടുന്ന പ്രഹരങ്ങൾക്കു കൈയും കണക്കുമില്ലാതായിരിക്കുന്നു. മദ്രാസ് കൗൺസിലിൽ പ്രാതിനിദ്ധ്യത്തിനായി ബ്രാഹ്മണരും അബ്രാഹ്മണരും കക്ഷി പിടിച്ചുനിന്നു ചെയ്യുന്ന പോരാട്ടത്തിന്റെ പരിണാമം ദക്ഷിണേന്ത്യയിൽ ഹിന്ദുസമുദായത്തിനു നിശ്ചയമായും ഒരു പുതിയ കാലഘട്ടത്തെ സൃഷ്ടിക്കാതിരിക്കില്ല. ജാതിയുടെ പേരിലുള്ള ബ്രാഹ്മണദ്വേഷം ഉത്തരേന്ത്യയിലും പടർന്നു പിടിക്കുന്ന ലക്ഷണം കാണ്മാനുണ്ടു്. ആര്യസമാജത്തിന്റെയും ബ്രഹ്മസമാജത്തിന്റെയും അടികളേറ്റു നട്ടെല്ലു മുറിഞ്ഞു കിടക്കുന്ന 'ജാതി' അവിടെ തലയുയർത്താറില്ലെങ്കിലും മരിച്ചിട്ടില്ലെന്നു് പൊറൽബില്ലിന്റെ പ്രതിഷേധത്തിലും മറ്റും നിന്നു വ്യക്തമാകുന്നതാണു്. ചില ക്ഷത്രിയ രാജാക്കന്മാർ തന്നെ ഈയിടെ ജാതിബ്രാഹ്മണരെ ഒരു വിധത്തിലും ബഹുമാനിക്കാൻ പാടില്ലെന്നു പ്രത്യക്ഷമായി പ്രഖ്യാപനം ചെയ്തു തുടങ്ങിയിരിക്കുന്നു. രാജ്യഭരണ സംബന്ധമായ സംഗതികളിൽ തെക്കേ ഇൻഡ്യയിൽ ബ്രാഹ്മണത്വം ഒരു ദോഷമായി തീർന്നിട്ടില്ലെന്നു കൂടി സംശയിക്കേണ്ട ദിക്കായിരിക്കുന്നു. അവകാശവാദങ്ങളെ ക്രമപ്പെടുത്താനായി അധികം യോഗ്യതയുള്ള ഒരു ബ്രാഹ്മണനെക്കാൾ സാമാന്യയോഗ്യതയുള്ള അബ്രാഹ്മണനെ ഉദ്യോഗങ്ങൾക്കായിത്തിരഞ്ഞെടുക്കുന്നതു് ഒരു നയമായിത്തന്നെ ഗവർമ്മെൻറു് അംഗീകരിച്ചിരിക്കുന്നതായി വെളിപ്പെട്ടിട്ടുണ്ടു്. എന്നാൽ താൻ വളർത്തിയ വിഷവൃക്ഷത്തെപ്പോലെ ജാതിയെ വെട്ടിയെറിയാൻ ധർമ്മം സങ്കടം തോന്നുന്ന ബ്രാഹ്മണരിൽ ഞങ്ങൾക്കു് അനുകമ്പയാണുള്ളതു്. മറിച്ചു് ഈ സങ്കടാവസ്ഥയിലും അവരുടെ വാലു പിടിച്ചു നിന്നു ജാതിക്കു വേലികെട്ടാനും വളമിടാനും കണ്ണും ചിമ്മി യത്നിക്കുന്ന മറ്റു ചില കൂട്ടരുടെ—സവർണ്ണഹിന്ദുക്കൾ എന്നഭിമാനിക്കുന്ന ചില കേരളീയരുടെ—സാഹസത്തിൽ ഞങ്ങൾക്കു പുച്ഛമാണു്.

കേരളത്തിലെ 'ജാതി' മറ്റൊരു ദിക്കിലുമുള്ളമാതിരിയല്ല. അതു് ഒരു വകയ്ക്കും ഭ്രാന്തുതന്നെയാണു്. തീണ്ടൽ ഇന്നു പരിഷ്കൃതരോ അപരിഷ്കൃതരോ

Digitized By Kerala Sahitya Akademi

ആയി ലോകത്തുള്ള മനുഷ്യ വർഗ്ഗത്തിൽ ആരുടേയും ഇടയിലില്ലാത്ത ഒരു പൈ ശാചിക നടപടിയല്ലേ? കാലോചിതമായ വിദ്യാഭ്യാസവും അന്യദേശങ്ങള മായുള്ള ഇടപാടുകളും ധാരാളമുണ്ടായിത്തുടങ്ങിയിട്ടും ഇന്നും ഈ വക ഭ്രാന്തുകൾ നിലനിന്നു പോരുന്നതാശ്ചര്യമാണ്. ലോകത്തിൽ എവിടെയും വ്യാപിച്ചുസ ഞ്ചരിക്കുന്ന പുതിയ കാറ്റും വെളിച്ചവും തങ്ങളുടെ ശക്തികളെ ഒരു ദിക്കിലും വെളിപ്പെടുത്താതെ വിട്ടുകളകയില്ല. അതുകൊണ്ട് എവിടെയും ജാതിക്ക് ഇനി മേൽ സ്ഥിരതയുണ്ടാവുകയില്ലെന്നുള്ളതു തീർച്ചയാണ്. ഒരു വക ശ്വാസവി കാരങ്ങളും ഇപ്പോൾത്തന്നെ കണ്ടു തുടങ്ങീട്ടുണ്ട്. നായന്മാരും ഈഴവരും വമ്പി ച്ച രണ്ടു സമുദായങ്ങളാണ്. ഇവർ തീണ്ടലിന്റെ സങ്കേതങ്ങളായ കൊച്ചിയി ലും തിരുവിതാംകൂറിന്റേയും മലബാറിന്റേയും ചില ഭാഗങ്ങളിലും തമ്മിൽ കൂ ട്ടിമുട്ടിയിരിക്കുന്നു. വാശിയും വഴക്കും മാത്രമല്ല തല്ലും പിടിത്തവും ലഹളയുംകൂ ടി നാൾക്കുനാൾ ഈ രണ്ടു വർഗ്ഗക്കാരുടേയും ഇടയിൽ വർദ്ധിച്ചു ഭയങ്കരമായ പരിണാമത്തെ സൂചിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിനാണ് ഞങ്ങൾ ജാതിയുടെ ശ്വാസവികാരമെന്നു പറയുന്നതു്. രണ്ടുവർഗ്ഗത്തിലെയും ക്ഷമയില്ലാത്തവർ ത മ്മിൽ നടക്കുന്ന തല്ലും പിടിത്തവും അവർ പത്രങ്ങളിൽ വായിക്കുന്ന ലേഖന ങ്ങളുടെയും മറും ഫലങ്ങളായിരിക്കുമെന്നുള്ളതു വിവേകികളും ഈ അവസരത്തിൽ വിശേഷിച്ചു വിചാരിക്കേണ്ടതാണ്. സർ നാരായണ പന്ത്രുവർക്കർ അഭിപ്രാ യപ്പെട്ടതുപോലെ ഗവൺമെൻറ് ജാതിവഴക്കിൽ ഇനിയെങ്കിലും തലയിട്ട തീണ്ടൽ നിർത്താൻവേണ്ട ഏർപ്പാടു് ഉടനെ ചെയ്യാത്ത പക്ഷം എല്ലാവർക്കും പശ്ചാ ത്താപത്തിനിടവരാൻ എളുപ്പമുണ്ടു്

ഈഴവരുടെ ക്ഷേത്ര പ്രവേശന സംഗതിയെ സംബന്ധിച്ചു് ഇടവം16–ാം യിലെ കൊച്ചി സർക്കാർ ഗസറ്റിൽ ദിവാൻ വിജയരാഘവാചാരി അവർകൾ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു പരസ്യം ഞാൻ കണ്ടു. തൃപ്പൂണിത്തുറയിലു മറ്റു മുള്ള 'ഹിന്തുക്ഷേത്രങ്ങളിൽ' പ്രവേശിപ്പാൻ ഈഴവർക്കും പുലയർക്കും ഗവൺ മ്മെൻറനുവാദം കൊടുത്തിരിക്കുന്നതായി ജനങ്ങളുടെ ഇടയിൽ സ്പർദ്ധ വർദ്ധിക്ക ത്തക്ക ഒരു പ്രസ്താവം ചിലർ ഉണ്ടാക്കിയിരിക്കുന്നതു് അവാസ്തവമാണെ ന്നും, ഈഴവർക്കു് അവരുടെ വക ക്ഷേത്രങ്ങളിൽ ആരാധിപ്പാനാണ് അധികതാല്പ ര്യമെന്നും, അന്യക്ഷേത്രങ്ങളിൽ പോകരുതെന്നു കൂടി അവരുടെ നേതാക്കന്മാർ അവരോടു ഉപദേശിച്ചു വരുന്നുവെന്നും, ''ഹിന്ദുക്ഷേത്രങ്ങളിൽ'' ബലാൽ പ്രവേ ശിപ്പാൻ അവർ ആഗ്രഹിക്കുന്നില്ലെന്നുമാണ് അന്വേഷണത്തിൽ നിന്നു് അറിയ ന്നതെന്നും, അതുകൊണ്ടു് മേൽ പ്രസ്താവിച്ച അവാസ്തവശ്രുതി പരത്തുകയോ അ നുകൂലിക്കയോ ചെയ്യുന്നവരെ നിയമസിദ്ധമായ ശക്തി ഉപയോഗിച്ചു ദണ്ഡിപ്പി ക്കുവാൻ ഗവർമ്മെൻറു മടിക്കയില്ലെന്നുമാണ് പരസ്യത്തിലെ താത്പര്യം. ഈ പരസ്യം വളരെ ഗ്രണബുദ്ധിയോടുകൂടിയും ഉത്തമ വിശ്വാസത്തെ മുൻനിർത്തി യും പ്രസിദ്ധപ്പെടുത്തീട്ടുള്ളതാണെന്നതിൽ ഞങ്ങൾക്കു സംശയമില്ല. ഇങ്ങിനെ ഏതെങ്കിലും ഒരു പരസ്യം പ്രസിദ്ധപ്പെടുത്തത്തക്കവണ്ണം പരിസരാവസ്ഥകൾ ഗ വർമ്മെൻറിനെ നിർബന്ധിച്ചിരിക്കുമെന്നുള്ളതും നിർവിവാദമാണ്. അന്യ വർഗ്ഗക്കാരുടെ ക്ഷേത്രങ്ങളിൽ മുഷ്കുകൊണ്ടു പ്രവേശിപ്പാൻ കൊച്ചിയിലെ

Digitized By Kerala Sahitya Akademi

ഈഴവ ജനസാമാന്യം ആഗ്രഹിക്കുന്നില്ലെന്നുള്ളതും വെറും പരമാർത്ഥം തന്നെ. എന്നാൽ അന്യക്ഷേത്രങ്ങളിൽ പോകരുതെന്നു് ഈഴവരെ അവരുടെ നേതാക്കന്മാർ ഉപദേശിക്കുന്നുണ്ടെങ്കിൽ അതു് ആ ക്ഷേത്രങ്ങളിൽ അവരെ അകലെ നിർത്തുന്നതുകൊണ്ടാണു്, അതുകളോടുള്ള വെറുപ്പും മത്സരബുദ്ധിയും കൊണ്ടല്ല. സർക്കാർ ക്ഷേത്രങ്ങളിൽ തങ്ങൾക്കു പ്രവേശനമനുവദിക്കണമെന്നു തിരുവിതാംകൂർ ഈഴവർ വാദം നടത്തുന്നതിൽ നിന്നു് ഇതു വെളിവാകുന്നുണ്ടു്. എന്നാൽ പരസ്യത്തിലെ ചില പദപ്രയോഗങ്ങൾ ഞങ്ങൾക്കു തീരെ രുചിച്ചില്ലെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. ''ഹിന്ദുക്ഷേത്രങ്ങൾ'' എന്നു രണ്ടിടത്തിൽ പ്രയോഗിച്ചിട്ടുണ്ടു്. രണ്ടും രണ്ടുപ്രകാരത്തിൽ തെറ്റാണു്. 1. തുപ്പുണിത്തുറയും മറ്റുമുള്ള സർക്കാർ ക്ഷേത്രങ്ങൾ എന്നു പറയേണ്ടിടത്തിൽ ഹിന്ദുക്ഷേത്രങ്ങൾ എന്നുപയോഗിച്ചിരിക്കുന്നു. ഈഴവരും ഹിന്ദുക്കളാകയാൽ ഈ ഭേദകം അബദ്ധം തന്നെ. ഹിന്ദുക്കളല്ലെന്നാണു് പ്രയോക്താവിന്റെ വിവക്ഷയെങ്കിൽ അവർ ഹിന്ദുക്ഷേത്രങ്ങളിൽ പ്രവേശിപ്പാൻ ആഗ്രഹിക്കയെന്നതു് അസംഭാവ്യമാണു്. അല്പം ടിപ്പുസുൽത്താനേറയോ മറേറാ അനയായികളെപ്പോലെ ഈഴവർ കൊള്ളയിടാനും വിഗ്രഹം തച്ചുടയ്ക്കാനുമാണു് ക്ഷേത്രപ്രവേശനം ആഗ്രഹിക്കുന്നതെന്നു വരും. കൂടാതെ അവരെ ഹിന്ദുക്കളല്ലെന്നു വിവക്ഷിക്കുന്നതു് അവരുടെ മതാഭിമാനത്തെ ഉദ്വേഗിപ്പിക്കുന്നതായുമിരിക്കും. മതസംബന്ധമായ ജ്ഞാനത്തിലും അനുഷ്ഠാനത്തിലും അവരെ അതിശയിക്കുന്നവർ അന്യഹിന്ദുക്കളിൽ കേരളത്തിൽ ഇന്നില്ലെന്നുള്ള വസ്തുത ആ ഉദ്വേഗത്തെ വർദ്ധിപ്പിക്കുകയും ചെയ്യും. 2. നിയമാനുരൂപമായ ആഗ്രഹമാണു് അവർ ക്ഷേത്രപ്രവേശന വാദത്താൽ പ്രകടിപ്പിക്കുന്നതു്. അവരുടെകൂടി അദ്ധ്വാനഫലമായ സർക്കാർ പണംകൊണ്ടു നടത്തി വരുന്ന ക്ഷേത്രങ്ങളിൽ അല്ലാതെ മറ്റു ക്ഷേത്രങ്ങളിൽ പ്രവേശം വേണമെന്നു വാദിക്കത്തക്ക മൂഢത അവർക്കുണ്ടോ ? അവരുടെ അവകാശ വാദങ്ങളിൽ തന്നെ നിരത്തുകളിലും പബ്ലിക് സ്ഥലങ്ങളിലും സ്വച്ഛന്ദം സഞ്ചരിക്കണമെന്നല്ലാതെ വല്ലവരുടേയും പ്രൈവറ്റു ഗൃഹങ്ങളിലോ സ്ഥലങ്ങളിലോ പ്രവേശം വേണമെന്നു് അവർ വാദിക്കുന്നുണ്ടോ ? വല്ലവരും അങ്ങനെ വാദിക്കുമോ ? അതുകൊണ്ടു രണ്ടാമത്തെ ''ഹിന്ദുക്ഷേത്രത്തെ'' 'അന്യ' എന്ന ഭേദകം കൂടി ചേർത്തു വിശേഷിപ്പിക്കേണ്ടതു് ആവശ്യമായിരിക്കുന്നു. സമുദായസംബന്ധമായ നേരിയ വിചാരങ്ങളെ പ്രതിപാദിപ്പാനുള്ള പദങ്ങൾ വളരെ സൂക്ഷിച്ചു തിരഞ്ഞെടുക്കുകയും സന്ദർഭമൊത്തു പ്രയോഗിക്കയും ചെയ്യേണ്ടതാണു്. സക്കാർ രേഖകളിൽ വിശേഷിച്ചും അങ്ങനെ ചെയ്യേണ്ടതാണു്. അല്ലാത്തപക്ഷം പല അന്യഥാ വ്യാഖ്യാനങ്ങൾക്കും വൃഥാ വഴക്കുകൾക്കും അവിചാരിതമായ അനർത്ഥങ്ങൾക്കും അതു വഴി നൽകാവുന്നതാണു്. ഈ വിഷയത്തിൽ ഗവർമ്മെൻറ് മേലാൽ പ്രത്യേകം ശ്രദ്ധപതിക്കണമെന്നപേക്ഷ. അന്യവഗ്ഗക്കാരെപ്പററി ഉയന്ന ജാതിക്കാരെന്നും ഈഴവരെപ്പററി താണജാതിക്കാരെന്നുമുള്ള പ്രയോഗങ്ങളും ഇന്നത്തെ അഭിമാനികളായ ഈഴവർക്കു 'ശ്രുതികടു'വായിത്തീർന്നിട്ടുള്ള വസ്തുതയും ഞങ്ങൾ ഗവർമ്മെൻറിനെ വിനയപൂർവം ഉണർത്തിച്ചുകൊള്ളുന്നു.

പ്രതി 1095 മിഥുനം

Digitized By Kerala Sahitya Akademi

തീണ്ടൽ നിറുത്തൽ ചെയ്യണം

''ഈയിടെ തൃശ്ശൂരിൽ കൂടിയ ഈഴവരുടെ ഒരു മഹായോഗത്തിൽ വെച്ച് തീണ്ടൽ നിറുത്തൽ ചെയ്യേണ്ട കാര്യത്തെ സംബന്ധിച്ചു കൊച്ചി വലിയതമ്പുരാൻ തിരുമേനിയെ മുഖം കാണിച്ചു വിവരം ഉണർത്തിക്കാൻ ഒരു ഡെപ്യൂട്ടേഷൻ തിരഞ്ഞെടുത്തിരിക്കുന്നു'' എന്നു കാണുന്നു. ഡെപ്യൂട്ടേഷൻ നല്ലതു്. ഡെപ്യൂട്ടേഷനിലെ അംഗങ്ങൾ യോഗ്യന്മാർ. അതു വലിയതമ്പുരാൻ തിരുമേനിയെ നേരിട്ടു കാണാനുള്ളതാകയാൽ ശ്രേഷ്ഠമായതു്. അതു തീണ്ടൽ നിറുത്തൽ ചെയ്യേണ്ടുന്ന അപേക്ഷയോടുകൂടിയാകയാൽ വളരെ സ്തുത്യർഹം. പക്ഷേ ഞങ്ങൾക്കു് ഈ ഡെപ്യൂട്ടേഷനിൽ അശേഷം വിശ്വാസമില്ല. വിശേഷിച്ചും, ഡെപ്യൂട്ടേഷനു പറയാനുള്ളതൊക്കെ ശ്രദ്ധിച്ചതിനുശേഷം ''നാം ഇതിനെപ്പറ്റി ആലോചിക്കും എന്നുരുളിച്ചെയ്യുന്നതും കേട്ടു മടങ്ങിവരുന്നതായാൽ അതിനു യാതൊരർത്ഥവുമില്ല. ഹർജിയുടേയും മംഗളപത്രത്തിന്റേയും ഡെപ്യൂട്ടേഷന്റേയും കാലം ഇനിയും പോയ്ക്കിട്ടിയില്ലെന്നു തീയ്യർ വിചാരിക്കുന്നുണ്ടെങ്കിൽ അവർക്കു വേണ്ടതു പ്രവർത്തിപ്പാനുള്ള ധൈര്യവും പ്രാപ്തിയും ഇനിയും ഉണ്ടായിട്ടില്ലെന്നാണു സാരം. തീയ്യരെ പബ്ലിക് റോഡുകളിൽ നിന്നു ആട്ടിഓടിക്കുമെന്നു പറയുന്ന ജാതിക്കാരോടു യാതൊരു വിധത്തിലും സഹകരിക്കയില്ലെന്നാണു തീയ്യർ ഉറയ്ക്കേണ്ടതു്. കൊച്ചി സർക്കാരിൽ നിന്നു തീണ്ടൽ നിറുത്തൽ ചെയ്യുന്നില്ലെങ്കിൽ ഈ ആയുധം പ്രയോഗിക്കുമെന്നു വലിയ തമ്പുരാനെ അറിയിക്കാനാണു് ഡെപ്യൂട്ടേൻ ചെല്ലുന്നതെങ്കിൽ അതിനു് അർത്ഥമുണ്ടു്. അതിനു വല്ലവരും ഒരുക്കമുണ്ടോ ?

പ്രതിഭ 1096 കന്നി

സമുദായകാണ്ഡം

നായരീഴവ ലഹള 1

ഈ ലഹള എവൂർ ക്ഷേത്രത്തിലും അരിപ്പാട്ടും വച്ചു തുടങ്ങി പലേടത്തും വ്യാപിച്ചുവരികയാകുന്നു. പത്രങ്ങൾ (മിക്കവാറും നായർ പത്രങ്ങൾ) കണ്ടുപിടിച്ച ഇതിന്റെ മൂലകാരണം ഈഴവർക്കു് ഈയിടെ പെട്ടെന്നുണ്ടായ ഏതോ ഒരു ധൃതഗതിയും ഔദ്ധത്യവും ആണെന്നാണു്. ഇതു പരമാർത്ഥത്തോടു് അടുക്കാത്ത ഊഹമാകുന്നു. ക്ഷേത്രത്തിൽ അതിർത്തിവിട്ടു കടന്നുചെല്ലാൻ ഭാവിച്ചു എന്നും മറ്റും പറയുന്നതു വെറും കെട്ടുകഥകൾ തന്നെ. വാസ്തവമായ കാരണം ഞങ്ങൾ വിശ്വാസയോഗ്യമായി അറിയുന്നതു നായന്മാരിൽ ക്ഷുദ്രഹൃദയരായ ചിലരുടെ ഉള്ളിലടങ്ങിക്കിടന്നിരുന്നതും ഈഴവക്കു് ഈയിടെ അവരുടെ അശ്രാന്തപരിശ്രമത്തിന്റെ

Digitized By Kerala Sahitya Akademi

ഫലമായി ഉണ്ടാകുന്ന വിജയത്തെക്കണ്ട ധൃതഗതിയിൽ പുറത്തുചാടിത്തുടങ്ങിയ തുമായ അസൂയയുടെ തള്ളൽ മാത്രമാണെന്നാകുന്നു. നായർ ലേഖകന്മാരും പത്രങ്ങളും ഈ പരമാർത്ഥത്തെ മനഃപൂർവം മറപ്പാൻ ശ്രമിക്കുകയാണെങ്കിൽ ഞങ്ങൾ അതിനെപ്പറ്റി വ്യസനിക്കുന്നു. കലഹം രണ്ടു കക്ഷികൾക്കും അനർത്ഥകരമായേ ഇരിക്കൂ. സാധുക്കളായ ഈഴവരുടെമേൽ നിർമ്മത്സരന്മാർ കുറ്റം ചുമത്താൻ പുറപ്പെടുകയില്ല. ഏതായാലും രണ്ടു സമുദായത്തിലേയും (വിശേഷിച്ചു നായന്മാരുടെ) നേതാക്കന്മാർ സമാധാനത്തെ പാലിപ്പാൻ ശ്രമിക്കേണ്ട കാലം വൈകിയിരിക്കയാണു്.

ഈ സന്ദർഭത്തിൽ ഈഴവരോടു ഞങ്ങൾക്കു രണ്ടു വാക്കു പറവാനുണ്ടു്. മാന്യ സഹോദരരേ, നമ്മുടെ ഉൽക്കർഷത്തെ നാം ക്ഷമയോടുകൂടി പരിശ്രമിച്ചിട്ടാണു് സ്ഥാപിക്കേണ്ടതു്. ജനക്ഷേമത്തിനു ഹാനികരവും നിന്ദ്യവുമായ അക്രമങ്ങളിലും ലഹളകളിലും ഉൾപ്പെട്ടു നിങ്ങൾ ഒരിക്കലും കാലത്തെ വൃഥാ കളയരുതു്. അസൂയയ്ക്കു നിങ്ങൾക്കു കാരണമില്ല. എന്നാൽ പ്രതികാരേച്ഛകൊണ്ടുപോലും നിങ്ങൾ അന്ധന്മാരാകരുതു്. ശരീരശക്തിയോ ധനമദമോ ഉള്ളവർ ലഹളയ്ക്കു് ഇറങ്ങുമ്പോൾ അവരുടെ സമുദായത്തിൽ അർത്തിന്റെ ദുഷ്ഫലത്തെ അനുഭവിപ്പാൻ പോകുന്ന അനുപദ്രവികളായ അനേകായിരം സാധുക്കളുണ്ടെന്നു കരുണയോടുകൂടി വിചാരിച്ചുകൊള്ളണം. ശക്തിയേറിയ ഗവർമ്മെണ്ടിന്റെ കീഴിൽ ആരുടേയും ദുഷ്ടമനോരഥങ്ങൾ എളുപ്പത്തിൽ നിറവേറുന്നതല്ലെന്നുള്ളതും വിസ്മരിച്ചുകളയരുതു്. ഒരു ശത്രുവിന്റെ തല തല്ലിപ്പൊട്ടിച്ചു കോടതിയിൽ കയറി ക്ലേശിക്കുകയും ധനവ്യയം ചെയ്കയും ചെയ്യുന്ന സമയങ്ങളെല്ലാം നാം നമ്മുടെ ഭാവിയായ ഐശ്വര്യത്തെക്കൂടി ക്ഷയിപ്പിക്കുകയാകുന്നു. ഈ വാസ്തവം എപ്പോഴും ഓർമ്മയിലിരിക്കേണ്ടതാണു്. നിങ്ങൾ ശാന്തമായി പരിശ്രമിച്ചു ധനത്തേയും വിദ്യയേയും സമ്പാദിക്കുവിൻ. അപ്പോൾ നിങ്ങളുടെ വിജയം പ്രതിഷ്ഠിതമായി.

ഗവർമ്മെൻറു പ്രത്യേകം ദൃഷ്ടി വെപ്പാൻ: സ്ഥലത്തെ അധികൃതന്മാരായ ഉദ്യോഗസ്ഥൻമാരുടെ നിഷ്പക്ഷപാതമായ പ്രവേശനം കൊണ്ടല്ലാതെ പ്രസ്തുത ലഹളയ്ക്കു തൃപ്തികരമായ ശമനമുണ്ടാവാൻ പ്രയാസമാകുന്നു. കീഴ്ക്കോടതി ഉദ്യോഗസ്ഥന്മാർ മിക്കവാറും നായന്മാരും അവരുടെ സ്വവർഗ്ഗ സ്നേഹതിമിരം സ്വന്തകൃത്യത്തെ മറച്ചു ലഹളയിലേക്കു അവരെ വഴികാട്ടുന്നതുമാകയാൽ ആ വിഷയത്തിൽ ഗവർമ്മെണ്ടിന്റെ ശ്രദ്ധയെ ഒന്നിലധികം കാരണങ്ങളാൽ ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

വിവേ: 1080 മകരം

നായരീഴവലഹള 2

കഴിഞ്ഞ രുവണ ഞങ്ങൾ ഇതിനെക്കുറിച്ചു പറഞ്ഞശേഷം അതു ഭയങ്കരമാം വണ്ണം വർദ്ധിക്കയാണു ചെയ്തതെങ്കിലും ഇപ്പോൾ കുറേ ശമിച്ചു വരുന്നതായി കാ

Digitized By Kerala Sahitya Akademi

ണന്നതിൽ ഞങ്ങൾക്കുള്ള ആശ്വാസം വലുതാകുന്നു. ഇതു് ശിവകാശിയിലെ ''പാന്നാർമറവർലഹള'' പോലെ അത്ര അപായകരമായിരുന്നില്ലെങ്കിലും ഇന്ത്യയിലെ എല്ലാ പ്രധാന വർത്തമാനപ്പത്രങ്ങളുടേയും ശ്രദ്ധയെ ആകർഷിക്കത്തക്കവണ്ണം ഉള്ള പ്രാധാന്യവും ഗൗരവും ഇതിനുണ്ടാകാതെയിരുന്നിട്ടില്ല. ഇതിന്റെ മൂർദ്ധന്യാവസ്ഥയിൽ അനേകം സാധുക്കൾ വഴികളിൽക്കൂടി ഗതാഗതം ചെയ്വാൻ പാടില്ലാതെ അവാച്യമായ കഷ്ടതകൾ അനുഭവിച്ചിരുന്നു എന്നു മാത്രമല്ല, കത്തിമുറിവേൽപ്പിക്കുക പുരഭേദിക്കുക, തീകൊളുത്തുക, ക്ഷേത്രങ്ങളേയും വിഗ്രഹങ്ങളേയും തകർക്കുക സ്ത്രീകളേ അപമാനിക്കുക, മുതലപഹരിക്കുക, വിളവഴിക്കുക മുതലായ അരാജക കൃത്യങ്ങളെക്കൊണ്ടു അഹോരാത്രം സമാധാനമില്ലാതെ ജനങ്ങൾ ജീവിതത്തിൽ കൂടി നിരാശന്മാരാകയും ഗ്രാമം വിട്ടോടുകയും ചെയ്തിട്ടുണ്ടു്. ഓരോരുത്തർ പ്രത്യേകിച്ചും അഞ്ഞൂറും ആയിരവും ആളുകൾ ഒന്നായിച്ചേർന്നും ദിവാൻജി അവർകൾക്കും മഹാരാജാവു തിരുമനസ്സിലേക്കും അനേക സങ്കടങ്ങളും ഹർജികളും കൊടുക്കുകയും ദുഃഖനിവൃത്തി കാണാതെ ജനങ്ങൾ ഉഴലുകയും ചെയ്തിട്ടുണ്ടു്. സ്ഥലത്തെ ഉദ്യോഗസ്ഥന്മാരിൽ യോഗ്യന്മാരുടെ യോഗ്യതയേയും അയോഗ്യന്മാരുടെ അയോഗ്യതയേയും നല്ലവണ്ണം തിരിച്ചറിവാൻ ഇതു സൗകര്യം നൽകാതെയും ഇരുന്നിട്ടില്ല. ''തൃണാവൃത സപ്പം'' പൊലെ കഴിച്ചുകൂട്ടാൻ കരുതിയിരുന്ന ചില മഹായോഗ്യന്മാരുടെ ഭയങ്കര സ്വരൂപം പ്രത്യക്ഷപ്പെടുകയുംചിലരുടെ പേരിനു് ഉരച്ചുകളവാൻ പാടില്ലാത്ത വിധത്തിൽ കളങ്കങ്ങൾ പറ്റുകയും ചെയ്തിട്ടുണ്ടു്. വാസ്തവങ്ങളെ മറച്ചുകളയുന്നതിനായി ചില തന്നാട്ടുപത്രങ്ങൾ ഭഗീരഥപ്രയത്നങ്ങൾ ചെയ്കയും ആസാഹസത്തിൽ കൃതാർത്ഥന്മാരായെന്നു ചിലരിപ്പോൾ ഭാവിക്കുകയും ചെയ്യുന്നുണ്ടു്. ഏതായാലും ഞങ്ങൾക്കു് സമാധാനമുണ്ടായാൽ മതിയാകുമെന്നുള്ളതാണു്.

വിവേ : 1080 മീനം

സമാധാനസംഘം

കൊല്ലം മലയാളി ക്ലബ്ബിൽ വച്ചുകഴിഞ്ഞ 6–ാംനു- കൂടിയ ഈ സംഘത്തിനു ഞങ്ങൾ വളരെ കടപ്പെട്ടിരിക്കുന്നു. നായന്മാരുടേയും ഈഴവരുടേയും ഇടയിൽ ഛിദ്രമുണ്ടാക്കുവാൻ ശ്രമിച്ചവരുടെ ഉദ്ദേശം എത്ര നീചമോ സമാധാനസംഘ പ്രവർത്തകന്മാരുടെ ശ്രമം അത്ര ഉൽകൃഷ്ടമായിട്ടുള്ളതു തന്നെയാണു്. എന്നാൽ സംഘത്തിലെ എല്ലാ നിശ്ചയങ്ങളേയും സമ്മതിക്കുകയോ നടപടികളേയും അനുമോദിക്കുകയോ ചെയ്വാൻ തരമില്ലെന്നു കാണുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. ഇങ്ങനെയുള്ള കാര്യപൂർണ്ണമായ സന്ദർഭത്തിൽ ചില യോഗ്യന്മാർ തങ്ങളുടെ വാഗ്വൈഭവങ്ങളെ പരീക്ഷിപ്പാൻ മാത്രം സമയം വ്യയം ചെയ്കകാണുന്നതു ദയനീയമാണു്. ചിലർക്കു തിരുവിതാംകൂറിൽ ജാതിസ്പർദ്ധയെന്നും ലഹളയെന്നും പറയുന്ന പദങ്ങളുടെ അർത്ഥങ്ങൾ തന്നേയും മനസ്സിലായിട്ടില്ലത്രേ. ഈ അവസരത്തിൽ ചിലർ ശ്രദ്ധാർത്ഥമായും ചിലർ വ്യക്തമായിത്തന്നേയും ബ്രാഹ്മണരെ

Digitized By Kerala Sahitya Akademi

ഈ ലഹളയുടെ പ്രയോജനമാരായി കല്പിക്കുന്നു. ഇതിൽ ഞങ്ങൾ ആശ്ചര്യപ്പെടുന്നു. തിരുവനന്തപുരത്തു് ഒരു ബ്രാഹ്മണ മാന്യനാൽ നടത്തപ്പെട്ടിരുന്ന മാന്യസഹജീവിയായ ''മലബാർമെയിൽ'' പ്രകൃത വിഷയത്തിൽ പക്ഷപാത രഹിതമായി അനുഷ്ഠിച്ചതുകൊണ്ടാണു് ഏറ്റവും മാന്യമായ ഒരു മുഴുവൻ സമുദായത്തിന്റെ തലയിൽ ഈ മഹാപരാധത്തെ കെട്ടിവയ്പാൻ ശ്രമിക്കുന്നതെങ്കിൽ ഞങ്ങൾ അധികം ആശ്ചര്യപ്പെടുന്നു. മിസ്റ്റർ എം. ഗോവിന്ദൻ ബി. എ. ബി. എൽ. ഒരു നിശ്ചയത്തെ സംഘത്തിൽ കൊണ്ടുവരികയോ പിൻതാങ്ങുകയോ ചെയ്തിട്ടില്ലെന്നു മാത്രമല്ല അങ്ങിനെ ചെയ്യുന്നതിനു് ഏർപ്പെടുകപോലും ചെയ്തിട്ടില്ലെന്നാണു് ഞങ്ങൾ അറിയുന്നതു്. എങ്കിലും പ്രോഗ്രാമിൽ ഒരു നിശ്ചയത്തിന്റെ താഴെ അദ്ദേഹത്തിന്റെ പേരും ചേർത്തു കാണുന്നു. നടപടികളിൽ പല ആക്ഷേപങ്ങളും ഉണ്ടായിരിക്കുമെങ്കിലും, സമാധാനം നിലനിന്നുകണ്ടാൽ എല്ലാം വിസ്മരിക്കപ്പെട്ടുപോകുന്നതാണു്. സംഘം കഴിഞ്ഞ ശേഷവും പന്മനമോക്കാട്ടുമുറിയിൽ ഒരു ഈഴവന്റെ പുരചുട്ടതായും, പെരിനാട്ടു് ഒരു ഈഴവനെ അപായകരമാംവണ്ണം കുത്തി മുറിവേല്പിച്ചിരിക്കുന്നതായും മറ്റും അറിയുന്നു. സംഘ പ്രവർത്തകന്മാർ ഇതിനെപ്പറ്റി സ്ഥലം ഏജൻറുമാരോടു സമാധാനം ചോദിക്കുകയും മേലാൽ ഈമാതിരി സംഭവങ്ങൾ ഉണ്ടാകാതിരിക്കത്തക്കവണ്ണം ശട്ടം കെട്ടുകയും ചെയ്തുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. വിശേഷിച്ചുംപ്രവർത്തകന്മാരിൽ വല്ലവർക്കുമോ അവരുടെ സമുദായത്തിനുപൊതുവേയോ സംബന്ധിക്കുന്ന വല്ല പ്രത്യേക ഗുണത്തേയോ രാജ്യതന്ത്രീയമായ വല്ലപ്രത്യേക ദോഷപരിഹാരത്തേയോ ഉദ്ദേശിച്ചല്ലാതെ പൊതുക്ഷേമത്തെ കാംക്ഷിച്ചല്ല സംഘം കൂടിയതെന്നും മറ്റുമുള്ള ദുർവ്യാഖ്യാനങ്ങൾക്കു് ഒന്നിനും ഇടകൊടുക്കാതെ സമാധാനപാലനത്തിൽ പ്രവർത്തകന്മാർഏറ്റവും ശ്രദ്ധയോടുകൂടി പ്രവർത്തിച്ച എല്ലാവരുടേയും കൃതജ്ഞതയ്ക്കും ബഹുമാനത്തിനും പാത്രമാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

വിവേ: 1080 മീനം

ഒരു നല്ല ആലോചന

നമ്മുടെ ഇടയിൽ ഉയർന്നതരം വിദ്യാഭ്യാസത്തിനു് ആഗ്രഹിക്കുന്നതുപോലെയുള്ള അഭിവൃദ്ധിയും പ്രചാരവും വന്നു കാണാത്തതു അതിന്നുവേണ്ട സൗകര്യം കൊടുക്കുകയും വിദ്യാഭ്യാസകാലത്തു കുട്ടികളെ വേണ്ടവണ്ണം സൂക്ഷിക്കുകയും ചെയ്യുന്നതിനു് ഉപയുക്തമായ വിധത്തിൽ വിദ്യാർത്ഥി സത്രം (Students Hostel) മുതലായ യാതൊരുസ്ഥാപനവും ഇല്ലാത്തതിന്റെ ഫലമാണെന്നു് ആരും സമ്മതിക്കും. നമ്മിൽ ഉയർന്നതരം പരീക്ഷാവിജയികളും ഉദ്യോഗസ്ഥന്മാരും അധികമുള്ളതു വടക്കേ മലയാളത്തിലാണു്. അവിടെയും ഒരു ഒന്നാംതരം കാളേജോ അതുപോലെ പ്രാധാന്യമുള്ള മറ്റു സൗകര്യങ്ങളോ ഇല്ലാത്തതിനാൽ കുട്ടികൾ തങ്ങളുടെ വിദ്യാഭ്യാസത്തെ പൂർത്തിയാക്കുന്നതി

Digitized By Kerala Sahitya Akademi

നായി മദ്രാസിലാണ പോകേണ്ടിവരുന്നത്". മദ്രാസിലെ ശീതോഷ്ണാവസ്ഥയുടെ വൈഷമ്യവും, താമസത്തിനു ക്രമത്തിലധികമായി വേണ്ടിവരുന്ന ചിലവും, രക്ഷാകർത്താക്കന്മാരുടെ ദൃഷ്ടിയിൽ നിന്നുതെറ്റി വളരെ അകലത്തിരുന്നു സ്വച്ഛപോലെ താമസിക്കുന്നതിൽവച്ചു കുട്ടികൾക്കു സംഭവിക്കാവുന്ന പല ദോഷങ്ങളും നിമിത്തം അധികം പേരുടെ വിദ്യാഭ്യാസത്തിനും ഭംഗം നേരിടുന്നുണ്ട്. കോഴിക്കോട്ടും മറ്റും ഉള്ള നമ്മുടെ കുട്ടികൾക്കു മെട്രിക്കുലേഷൻ പാസ്സായി കഴിഞ്ഞാൽ പിന്നെ ഉടനെ മദ്രാസിനെ ശരണംപ്രാപിക്കുകയോ അല്ലെങ്കിൽ പഠിത്തം വിട്ടുകളകയോ ചെയ്കല്ലാതെ നിവൃത്തിയുമില്ലാ. എറണാകുളത്തും ഒരു രണ്ടാംതരം കാളേജ് മാത്രമേയുള്ളൂ.

എന്നാൽ, തിരുവനന്തപുരത്തു പ്രസിദ്ധിയുള്ള ഒരു ഫസ്റ്റ് ഗ്രേഡ് കോളേജും ഒരു ലാക്കോളേജും വേറെ പല സൗകര്യങ്ങളും ഉണ്ട്. ഇതോടുകൂടി നമ്മുടെ വിദ്യാർത്ഥികൾക്ക് ഒരു വിദ്യാർത്ഥിസത്രംകൂടി അവിടെ ഉണ്ടായാൽ പിന്നെ അസൗകര്യത്തെക്കുറിച്ചുള്ള സങ്കടം ഒരുവിധം ശമിക്കുന്നതും വടക്കേ മലയാളത്തിലെ നമ്മുടെ സഹോദരങ്ങൾക്കുപോലും മദ്രാസിലും മറ്റുംപോയി അനാവശ്യമായി ക്ലേശിച്ച് അലയാതെ വിദ്യാഭ്യാസം ഇവിടെ പൂർത്തിയാക്കാവുന്നതുമാണ്. ഈ സ്ഥിതിക്ക് അപ്രകാരം ഒരു വിദ്യാർത്ഥിസത്രം (Students Hostel) ഇവിടെ ഇല്ലാത്തതിന്റെ ന്യൂനത സമുദായത്തിന്റെ വിദ്യാഭിവൃദ്ധിയെ കാംക്ഷിച്ചുകൊണ്ടിരിക്കുന്ന എല്ലാ യോഗ്യരുടേയും ഹൃദയത്തെ ഇതിനിടയിൽ ബാധിച്ചിരിക്കുമെന്നുള്ളതു സ്വാഭാവികമാണല്ലോ. ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകളുടേയും സമുദായ സ്നേഹിയായ ഡാക്ടർ പൽപ്പു മുതലായ മാന്യന്മാരുടേയും പ്രബലമായ ആലോചനയ്ക്ക് ഇപ്പോഴും ഈ സംഗതി വിഷയമായിരിക്കയാകുന്നു. എന്നും നമ്മുടെ യോഗത്തിന്റെ മേലാനേഷണത്തോടുകൂടി തിരുവനന്തപുരത്തു താമസിയാതെ ഒരു വിദ്യാർത്ഥി സത്രം ഉണ്ടാകുമെന്നു വിശ്വസിപ്പാൻ വകയുണ്ടെന്നും മാത്രം തൽക്കാലം ഞങ്ങൾ സന്തോഷപൂർവം വായനക്കാരെ അറിവിക്കുന്നു.

വിവേ: 1080 കർക്കടകം

നമ്മുടെ സമാജങ്ങൾ

തിരുവിതാംകൂറിലെ മിക്കതാലൂക്കുകളിലും കൊച്ചി സംസ്ഥാനത്തുകൂടിയും നമുക്ക് അതാതു സ്ഥലത്തെ ദേശാവസ്ഥയെ അനുസരിച്ചു വലുതും ചെറുതും അപ്രധാനവും, പ്രധാനവും ആയി അനേക സമാജങ്ങൾ ഏർപ്പെട്ടു തുടങ്ങീട്ടുണ്ട്. ഇവയിൽ ചിലതു സാമാന്യം നല്ലനിലയിൽ നടന്നുവരികയും ചെയ്യുന്നു. സമാജസ്ഥാപനത്തിന്റെ ഉദ്ദേശ്യം സമുദായത്തിന്റെ ക്ഷേമാഭിവൃദ്ധിയാണല്ലോ. എന്നാൽ ഇപ്പോഴത്തെ സമാജങ്ങൾ അവയുടെ ഇപ്പോഴത്തെ നിലയിൽ ആ ഭാരമേറിയ ഉദ്ദേശ്യത്തെ നിറവേറുന്ന വിഷയത്തിൽ എത്രമാത്രം ഉപകരിക്കുമെന്നുള്ളതു കണ്ടെങ്കിലേ അറിഞ്ഞുകൂടൂ എന്നാണിരിക്കുന്നതു്.

Digitized By Kerala Sahitya Akademi

ഏതു പ്രകാരത്തിലും സമാജങ്ങൾ ഏർപ്പെടുന്നതു് സ്തുത്യർഹമാകുന്നു. ഓരോ സമാജത്തിലും സമുദായാഭിവൃദ്ധിയിൽ പ്രതിപത്തിയോടുകൂടി ശ്രമം ചെയ്യുന്ന ഒന്നാണ്ടാളുകൾ എങ്കിലും ഉണ്ടായിരിക്കുമെന്നുള്ളതും അവരുടെ ശ്രമത്തിന്റെ ഫലമായി ഏതെങ്കിലും ചില നന്മകൾ അതാതു സ്ഥലത്തുണ്ടാകുന്നതാണെന്നുള്ളതും സംഭാവ്യമാണു്. വിശേഷിച്ചു സമാജങ്ങളിൽ—മുഴുവൻ കാര്യഗൗരവത്തെ അറിഞ്ഞതിട്ടില്ലെങ്കിലും—നമ്മുടെ ഉൾനാട്ടുജനങ്ങൾക്കുകൂടി ഒരു അഭിരുചി ജനിച്ചിരിക്കുന്നതായിക്കാണുന്നതു യോഗ്യന്മാരുടെ സമുദായോന്നതിക്കായിട്ടുള്ള ശ്രമങ്ങളെ ഫലവത്തുകളാക്കിച്ചെയ്വാൻ അധികം സൗകര്യത്തെ നൽകുന്നതാണു്. അതുകൊണ്ടു് ഈ അവസരത്തെ നാം നല്ലവണ്ണം സൂക്ഷിക്കേണ്ടതും, സമാജങ്ങളുടെ ശാശ്വതമായ നിലനിൽപിനും ഉറപ്പിനുമായി വേണ്ടതിനെ ഉടനെ ആലോചിച്ചു പ്രവർത്തിക്കേണ്ടതും ആകുന്നു.

ഏതു നല്ല കാര്യങ്ങൾക്കും തടസ്സങ്ങളും എതു നല്ല മനുഷ്യനും വിരോധികളും ഉണ്ടാകുമെന്നുള്ളതു ലോകസ്വഭാവമാണു്. എങ്കിലും സദുദ്ദേശ്യത്തോടുംകൃത്യനിഷ്ഠയോടുംകൂടി നിരന്തരമായി ശ്രമിപ്പാൻ ക്ഷമ ഉണ്ടായിട്ടുള്ള യോഗ്യന്മാർ എല്ലാം അവരുടെ ഉദ്ദേശ്യങ്ങളെ വിജയപൂർവം പൂർത്തിയാക്കീട്ടുണ്ടെന്നു ലോക ചരിത്രം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ എല്ലാ സമാജപ്രവർത്തകന്മാരും ആ തത്ത്വത്തെ എപ്പോഴും ഓർമ്മിച്ചിരിക്കണം എന്നു പറവാൻ അനുഭവം ഞങ്ങളെ പ്രേരിപ്പിക്കുകയും സ്ഥിരതരമായ ശ്രമങ്ങൾക്കായി ഞങ്ങൾ അവ ഈ അവസരത്തിൽ ഉന്മേഷപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

സമാജങ്ങൾ നിലനിൽപ്പാണമെങ്കിൽ ഗണ്യമായ പ്രകാരത്തിലുള്ള പ്രവൃത്തികൾ നടന്നുകൊണ്ടും അവയുടെ ഫലങ്ങൾ ജനങ്ങൾക്കു് അനുഭവത്തിൽ വന്നുകൊണ്ടും ഇരിക്കണം. ഫലങ്ങൾ സമുദായത്തിനു മതസംബന്ധമായും ലൗകികമായും ഉള്ള അഭിവൃദ്ധിയാണല്ലോ. അവ രണ്ടും വിദ്യാഭ്യാസത്തെ ആശ്രയിച്ചും വിദ്യാഭ്യാസം ഇക്കാലത്തു് ധനത്തെ ആശ്രയിച്ചും ആണിരിക്കുന്നതു്. അതുകൊണ്ടു് ഓരോ സമാജത്തിനും മേലു്പറഞ്ഞ ഉദ്ദേശ്യങ്ങളെ നിറവേറത്തക്ക വിധത്തിൽ ധനാഗമമാർഗ്ഗമുണ്ടായിരിക്കേണ്ടതു് അതിന്റെ നിലനിലു്പിനു് ഒഴിച്ചുകൂടാത്തതാകുന്നു. വേണ്ടിടത്തോളം ധനമുള്ള സമാജം സാധാരണ കണ്ടുവരാറുള്ള ചില്ലറക്കാരണങ്ങൾ നിമിത്തം എളുപ്പത്തിൽ ഉടഞ്ഞു പോകുന്നതല്ലാത്തതും ജനങ്ങളുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നതും ആകുന്നു. അതുകൊണ്ടു ധനാഗമമാർഗ്ഗത്തെ ഉറപ്പിക്കുന്നതോടുകൂടി സമാജങ്ങൾ സ്വയമേവ ഉറച്ചുകൊള്ളുന്നതും ഉദ്ദേശങ്ങൾ സുകരമായി സാധിക്കപ്പെടുന്നതുമാണു്.

ഇനി ധനാഗമമാർഗ്ഗം എന്താണെന്നു് ആലോചിക്കുക. ജനങ്ങളിൽ നിന്നും ക്ലിപ്തമായ വല്ല തുകകളേയും പിരിച്ചുകൂട്ടുക എന്നു വച്ചാൽ മിക്കവാറും താലൂക്കുകളിലും അധികാരങ്ങളിലും തൃപ്തികരമായ ഒരു സംഖ്യ ഉണ്ടാവാൻ പ്രയാസമുള്ളതും പലർക്കും ആദ്യം ഞെരുക്കമായി തോന്നാവുന്നതുമാണു്. വിശേഷിച്ചും ചില്ലറപ്പിരിവുകൾ സാധുക്കളായ അധികം ജനങ്ങൾക്കും ഒരു നി

Digitized By Kerala Sahitya Akademi

ത്യോപദ്രവമായിത്തീരുന്നതും, തന്നിമിത്തം സമാജത്തോടു് അവക്കുള്ള പ്രതിപത്തിക്കു സ്വാഭാവികമായും കുറവുവരാവുന്നതുമാകുന്നു. അതുകൊണ്ടും അവക്കും നഷ്ടമില്ലാത്തതും സമാജത്തിനു് ആദായകരവുമായ വല്ലമാർഗ്ഗവും ഉണ്ടെങ്കിൽ അതിനെയാണു് നാം സർവപ്രകാരേണയും അംഗീകരിക്കേണ്ടതു്. അങ്ങനെയുള്ള മാർഗ്ഗങ്ങളെ ആരാഞ്ഞറിഞ്ഞു ജനങ്ങൾക്കു ഉപയോഗപ്പെടുത്തണം എന്നു ഞങ്ങൾ എല്ലാവരോടും താത്പര്യപ്പെടുകയും ഞങ്ങൾക്കു തൽക്കാലം തോന്നുന്ന ഒരു മാർഗ്ഗത്തെ മാന്യജനങ്ങളുടെ പര്യാലോചനക്കായി ചുരുക്കത്തിൽ താഴെ കുറിക്കുകയും ചെയ്യുന്നു.

ഓരോ സമാജങ്ങളിലും സാമാന്യം ശ്രേഷ്ഠിയുള്ളതായി 240 അംഗങ്ങൾ ഉണ്ടായിരിക്കണം. ഓരോ അംഗവും മാസം 1നു് 1ക. വീതം ഒരു ക്ലിപ്തമായ ദിവസം സമാജം ആഫീസിൽ കൊണ്ടുവരണം. അങ്ങിനെ വരുന്ന തുകകൊണ്ടു് 240 പേർ ചേർന്നതായ ഒരു ചിട്ടി (അല്ലെങ്കിൽ കുറി) സമാജത്തിൽനിന്നും നടത്തണം. അതിനും ''സമാജക്കുറി'' എന്നു പേർകൊടുക്കാം. ആദ്യത്തെ കുറി വരുന്നവനു 100ക. അടുത്ത മാസത്തിൽ കൊടുക്കുകയും ശേഷം 100ക. സമാജം ഫണ്ടിലേക്കു മുതൽകൂട്ടുകയും ബാക്കിയുള്ള40ക.യിൽ 30ക. കുറി കിട്ടാത്തവർക്കു വിഭജിച്ചുകൊടുക്കുകയും 10ക. എഴുത്തുകുത്തുവകയ്ക്കു് ഒരു എക്കൌണ്ടൻറ്(അല്ലെങ്കിൽ കണക്കുവയ്പുകാര)നു ശമ്പളം കൊടുക്കയും ചെയ്യണം. ഇങ്ങിനെ മാസംതോറും കുറിയും സമാജം മീറ്റിങ്ങും ഒന്നായി നടന്നുവരും. കുറി കിട്ടുന്നവർക്കു കിട്ടുന്ന 100ക. യുടെ പലിശകൊണ്ടു് അവരുടെ കുറി സുകരമായി നടന്നുപോകുകയും കിട്ടാത്തവർക്കു് കിട്ടിവരുന്ന പലിശയുടെ ക്രമേണയുള്ള കൂട്ടുതൽ കൊണ്ടുഅവർ കൊടുക്കേണ്ട തുക കുറഞ്ഞുവരികയും ഒടുവിൽ(20–ാമത്തെസംവത്സരത്തിൽ)എല്ലാവർക്കും നഷ്ടംകൂടാതെ കുറി അവസാനിക്കുകയും ചെയ്യുന്നു. അതിന്റെ ഫലം കുറിയുടെ അവസാനത്തിൽ പ്രതിമാസം വർദ്ധിച്ചുവരുന്ന പലിശയോടുകൂടി കണക്കാക്കിയാൽ 50000 (അമ്പതിനായിരത്തിൽപരം)കയുടെ മൂലധനം ആയിരിക്കും. പണത്തിന്റെ സൂക്ഷിപ്പു സമാജത്തിൽ ഉള്ളനാലിൽ കുറയാതെ യോഗ്യന്മാരായ അംഗങ്ങളുടെ ഈടോടുകൂടിയ കൂട്ടുകരാറിന്മേൽ നടത്തണം. അവർ സമാജത്തിന്റെ സമ്മതത്തോടുകൂടാതെ വരുന്ന ധനനഷ്ടങ്ങൾക്കു് ഉത്തരവാദികളാണു്. പ്രമാണങ്ങൾ അവരുടെ പേരിൽതന്നെ എഴുതിവാങ്ങുകയും പണത്തെ അവർ മുടങ്ങാതെ പലിശ നടത്തുകയും വേണം. ഇങ്ങിനെ പ്രതിദിവസം വർദ്ധിച്ചുവരുന്ന ധനംകൊണ്ടു് അനേകം സാധുക്കൾക്കു ന്യായമായ പലിശയ്ക്കു് ശരിയായ ഈടിന്മേൽ ചില്ലറത്തുകകളായിത്തന്നെ കടംവാങ്ങി വല്ല ചെറിയ വ്യാപാരങ്ങളും വ്യവസായങ്ങളും ചെയ്തു കാലം കഴിക്കുകയും സമ്പാദിക്കുകയും ചെയ്യാവുന്നതും സമാജത്തിനുണ്ടാകുന്ന ആദായങ്ങളെ ബുദ്ധിപൂർവം ഉപയോഗിച്ചു് അനാഥസ്ഥലത്തു സ്ത്രീമുതലായി വിദ്യാഭ്യാസത്തിനും മറ്റുമായ ആവശ്യമുള്ള സ്ഥാപനങ്ങളെ ഏർപ്പെടുത്തി ശാശ്വതമായ വിധത്തിൽ നടത്താവുന്നതും ആകുന്നു. ഓരോ സമാജം ആഫീസു കാലക്രമേണ അനാഥസ്ഥലത്തു സമുദായം വകയായ ഒരു ബാങ്കായിത്തീരുന്നതും അതുനിമിത്തം ഉണ്ടാകാവുന്ന ഗുണങ്ങൾ അനവധിയും

Digitized By Kerala Sahitya Akademi

ആണു്. ഈ ഏർപ്പാടു് ചില സ്ഥലങ്ങളിൽ പ്രയാസമായി തോന്നുമെങ്കിലും ചിലേടത്തു സുകരമായിരിക്കുമെന്നു് ഞങ്ങൾക്കു വിശ്വസിപ്പാൻ വകയുണ്ടു്. കരപ്പുറം ഈഴവസമാജക്കാരുമായി ഈ ഏർപ്പാട്ടിനെപ്പററി പ്രൈവററായി ആലോചിച്ചതിൽ അവർ ഇതിനെ നടപ്പിൽകൊണ്ടു വരുവാൻ സന്തോഷ പൂർവം സമ്മതിച്ചിരിക്കുന്നു. വേറേ ചില സ്ഥലങ്ങളിലെ ചില മാന്യന്മാരും ഈ ഏർപ്പാട്ടിന്റെ വലുതായ പ്രയോജനത്തെക്കുറിച്ചു സമ്മതിക്കുകയും നടപ്പിൽ വരുത്താനായി ശ്രമിക്കുകയും ചെയ്യുന്നുണ്ടു്. ഈ വിധം ഏർപ്പാടുകളോടുകൂടിയ സമാജങ്ങൾ എല്ലാസ്ഥലത്തും വ്യാപിക്കുമ്പോളാണു് നമ്മുടെ ഉദ്ദേശ്യങ്ങൾ സഫലമാകുന്നതു്.

ദേശങ്ങളുടെ സ്ഥിതിയെ അനുസരിച്ചു മേലു്പറഞ്ഞ ''സമാജക്കുറി ഏർപ്പാടു്'' ഇതിനേക്കാൾ ചെറിയതോതിലും നടത്താവുന്നതാണു്. ഈ കുറിയുടെ മൂലസൂത്രം വിവരമായി എഴുതി എല്ലാവരുടേയും അറിവിലേക്കായി അടുത്ത വിവേകോദയത്തിൽ പ്രസിദ്ധപ്പെടുത്താമെന്നു് ഞങ്ങൾ വിചാരിക്കുന്നു.

വിവേ: 1080 കർക്കടകം

നമ്മുടെ യോഗം

ശ്രീ: നാ: ധ: പ: യോഗം ആരംഭിച്ചു മൂന്നാമത്തെ കൊല്ലം പൂർത്തിയാവാൻ പോകുന്നു. ഇതിനിടയിൽ അതിന്റെ ഉദ്ദേശങ്ങൾ എങ്ങിനെ ഫലവത്തുകളായിവരുന്നു എന്നും അതിന്റെ പ്രവൃത്തികൾ ഉദ്ദിഷ്ടസ്ഥാനങ്ങളിലേക്കു എങ്ങനെ കൊണ്ടുവരപ്പെടുന്നു എന്നുംഉള്ള സംഗതികളെ പൊതുവിൽ ഒന്നുപരാമർശിക്കുന്നതു് വിഹിതമായിരിക്കുമെന്നു വിചാരിക്കുന്നു. 1078–ൽ നമ്മുടെ യോഗം ആരംഭിച്ചപ്പോൾ ഈമാതിരി ഒരു സമാജം നമ്മുടെ നാട്ടിൽ ഇല്ലായിരുന്നു. ഇപ്പോൾ ഇതു പോലെയുള്ള ഉദ്ദേശ്യങ്ങളോടുകൂടിയ ഏതെങ്കിലും ഒരു സമാജം ഇല്ലാത്തസ്ഥലമോ സമുദായമോ ചുരുക്കമാണു്. അതുകൊണ്ടു ഇതിന്റെ ആരംഭം കാലോചിതവും ഗുണപ്രദവും ആയിരുന്നു എന്നുതന്നെ വിചാരിക്കാം. സമാജനടപടികളെക്കുറിച്ചു് അറിവില്ലാത്ത ഉൾനാട്ടുജനങ്ങളുടെ ഇടയിലാണു് നമ്മുടെ പ്രവൃത്തികൾ അധികം വ്യാപിക്കേണ്ടിഇരുന്നതു്. അതുകൊണ്ടിതിന്റെ നടപ്പിനെ സംബന്ധിച്ചു് ആഗ്രഹിക്കുന്നപോലെയുള്ള സാഹായ്യം ജനങ്ങളിൽ നിന്നും ഉണ്ടാവാൻ തരമായിട്ടില്ല. നേരേമറിച്ചു പല ബുദ്ധിമുട്ടുകളും നേരിട്ടിട്ടുണ്ടു്. എങ്കിലും അംഗങ്ങൾ കൊല്ലംതോറും വർദ്ധിക്കുകയും ഇപ്പോൾ തിരുവിതാംകൂറിന്റെ തെക്കുകിഴക്കേ അറ്റം മുതൽ വടക്കു ചാവക്കാടുവരെ, അല്ലെങ്കിൽ മലയാളം സംസാരിക്കുന്ന ദേശങ്ങളുടെ ഒന്നു പകുതിയിൽ അധികം ഭാഗം വരെ, യോഗം വ്യാപിക്കുകയും അംഗങ്ങൾ സംഖ്യയിൽ 800 പേരോളം ആകുകയും ചെയ്തിട്ടുണ്ടു്. സമുദായത്തിലുള്ള എല്ലാ പ്രസിദ്ധ ധനവാന്മാരും മാന്യന്മാരും ഇതിൽ സംബന്ധിച്ചിരിക്കുന്നു. വടക്കേ മലയാളത്തിലും പ്രവൃത്തികൾ വ്യാപിപ്പാൻ പോകുന്നു. പ്രതീക്ഷിച്ചിരുന്ന

Digitized By Kerala Sahitya Akademi

പോലെ അവിടത്തെ യോഗ്യരായ സഹോദരങ്ങളുടെ സഹകരണത്തോടുകൂടി യോഗം എല്ലാപ്രകാരത്തിലും പൂർണ്ണശക്തിയെ പ്രാപിക്കുമെന്നും വിചാരിപ്പാൻ കാരണങ്ങളുണ്ടെന്നു കാണുന്നു. തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള പല ഉന്നതാധികാരികളിലും, ഇതിന്റെ സാന്നിദ്ധ്യത്താൽ പല സമാജങ്ങളും ഉണ്ടായി വരുന്നതുകയും ഫലോന്മുഖങ്ങളായി വരികയും ചെയ്യുന്നു. സമുദായത്തിലുള്ള എല്ലായോഗ്യന്മാരുടേയും ഗൗരവമായ പര്യാലോചനയ്ക്ക് ഈ വിഷയമർപ്പിക്കയും, അന്യസമുദായ നേതാക്കന്മാർ ഇതിന്റെ ഇപ്പോഴത്തെ ശൈശവാസ്ഥയിലും ഇതിനെ ദൃഷ്ടാന്തരൂപേണ എടുത്തുകാണിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ഗവർമ്മെൻറ് ഇതിന്റെ പ്രാധാന്യത്തെ ഗണ്യമാക്കിവരുന്നു.

കൊല്ലത്തുവച്ചു 2–ാമത്തെ വാർഷികയോഗത്തോടുകൂടി കഴിഞ്ഞ ആണ്ടിൽ നടത്തപ്പെട്ട വ്യവസായപ്രദർശനവും സാഹിത്യപരീക്ഷയും ഇതിന്റെ സ്ഥിരീകരണത്തിക്ക പ്രവൃത്തികളാണു്. അതു് വ്യവസായത്തിലും സാഹിത്യപരിശീലനത്തിലും, ജനങ്ങൾക്ക ഒന്നുപോലെ ഒരു ഉണർച്ചയെ നൽകിയിരിക്കുന്നു. 'വിവേകോദയം' വഴിയായും, പല സമാജങ്ങളും മുഖേനയും ഉന്നതാട്ടജനങ്ങൾക്കും സമുദായക്ഷേമ സംബന്ധമായ വിചാരങ്ങളും വർദ്ധിച്ചുവരുന്നു. വ്യവസായത്തിൽ ജനങ്ങളും പൂർവ്വാധികമായ ശ്രദ്ധകാണിക്കുന്നു. വിദ്യാഭിവൃദ്ധി എല്ലാ സമാജങ്ങളുടേയും ഒന്നാമത്തെ കൃത്യമായി വിചാരിക്കപ്പെടുകയും, ആ വിഷയത്തിൽ ജനങ്ങൾക്ക പ്രതിപത്തി വർദ്ധിക്കുകയും, സ്കൂളുകളും അധികമധികം സ്ഥാപിച്ചു തുടങ്ങുകയും ചെയ്യുന്നു.

ജാത്യാചാര സംബന്ധമായ പരിഷ്കരണങ്ങളിൽ ഇതിന്റെ മൗനമായ പ്രവൃത്തി അനവധികാലമായി വേരുന്നിനിൽക്കുന്ന മൂഢവിശ്വാസങ്ങളുടെ മേൽ അത്ഭുതകരമാംവണ്ണം ഫലിക്കുകയും, സമുദായാഭിവൃദ്ധിക്ക തടസ്സങ്ങളായ മാർഗ്ഗങ്ങളെ എളുപ്പത്തിൽ വെട്ടിത്തെളിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ആഗ്രഹിക്കത്തക്ക പല ഗുണങ്ങളും ഇതിൽ നിന്നും ഇപ്പോൾ കണ്ടുതുടങ്ങുന്നു. എന്നാൽ ഇവ മിക്കവാറും യോഗത്തിന്റെ സ്വഭാവേനയുള്ള വളർച്ചകൊണ്ടു മാത്രം സാധിച്ചിട്ടുള്ളവയാണു്. ക്രമമായി വേലചെയ്തു വർദ്ധിപ്പിക്കുകൂടി ചെയ്തിരുന്നുവെങ്കിൽ ഈ മൂന്നു കൊല്ലങ്ങൾക്കിടയിൽ ഇതിനേക്കാൾ എത്രയോ മടങ്ങു വലുതായ നന്മകളും സമുദായത്തിനു് സംഭവിക്കുകയും യോഗം എത്രയോ പ്രശസ്തമായ നിലയെ പ്രാപിക്കയും ചെയ്യുമായിരുന്നു. ഇത്ര വലുതായ ഒരു സ്ഥാപനത്തിനു് എത്ര തന്നെ സഹകരണങ്ങളും ഉണ്ടായിരുന്നാലും അതു് അധികമായിപ്പോകുന്നതല്ല. ഇതു് ഒരു സ്ഥിരമായ നിലയെ പ്രാപിക്കുന്നതുവരെ യോഗ്യതയുള്ള എത്രയോ ജനങ്ങളുടെ ആത്മാർത്ഥമായ പരിശ്രമം ഇതിനു്. അത്യാവശ്യമാകുന്നു. ഇങ്ങനെയുള്ള ഒരു സ്ഥാപനത്തിന്റെ ഗുണങ്ങളെക്കുറിച്ചു് യഥാർത്ഥമായ അറിവുള്ളവർ തന്നെ നമ്മുടെ സമുദായത്തിൽ വളരെ കുറയും. ഈ സമുദായത്തെപ്പോലെ ഇങ്ങിനെയുള്ള സ്ഥാപനങ്ങളുടെ ആവശ്യകതയുള്ള സമുദായവും വാസ്തവത്തിൽ വേറെ ചുരുക്കമാണു്. യോഗത്തിന്റെ ഉത്സാഹവുർവമായ നടത്തിപ്പിൽ സമുദായത്തിന്റെ എല്ലാവിധമുള്ള അഭിവൃദ്ധിയും അടങ്ങിയിരിക്കുന്നു എന്നു് അഭിപ്രായം പറവാൻ സന്നദ്ധ

Digitized By Kerala Sahitya Akademi

രായി പല യോഗ്യന്മാരും ഇപ്പോൾ ഉണ്ടെന്നു് ഞങ്ങൾക്കറിയാം. ആ അഭിപ്രായങ്ങൾ വിലയുള്ളവയും തന്നെ. എന്നാൽ ആയിരം അദ്ധ്യായങ്ങളെക്കാൾ ഒരു 'പ്രവൃത്തി' ഏറ്റവും വിലയേറിയതാണു്.

യോഗത്തിന്റെ വലുതായ ഉദ്ദേശ്യങ്ങളെ വിചാരിച്ചുനോക്കുമ്പോൾ യോഗം ഇപ്പോൾ ജീവിക്കുന്നു എന്നല്ലാതെ യാതൊന്നും പ്രവർത്തിക്കുന്നില്ലെന്നു പറവാനാണു ഞങ്ങൾക്കു തോന്നുന്നതു്. ഉയർന്നതരം വിദ്യാഭ്യാസത്തെ വർദ്ധിപ്പിക്കുന്നതിനായി യോഗം ഒരു ഗണ്യമായ സ്കോളർഷിപ്പു് ഏർപ്പെടുത്തുകയോ സാങ്കേതിക വിദ്യാഭ്യാസം ചെയ്യിക്കുന്നതിനായി വല്ലവരെയും അന്യരാജ്യങ്ങളിൽ അയച്ചുപഠിപ്പിച്ചു് സമുദായത്തിന്റെ വ്യവസായസ്ഥിതിയെന്നാക്കാൻ നോക്കുകയോചെയ്തിട്ടില്ല. കുട്ടികളുടെ വിദ്യാഭ്യാസത്തിനു് അധികം സൗകര്യം നൽകത്തക്ക വിധത്തിൽ ആവശ്യമുള്ള ദിക്കുകളിൽ വല്ല വിദ്യാർത്ഥിസത്രമോ മറ്റോ ഏർപ്പെടുത്തുകയോ അങ്ങിനെയുള്ള ഒരു ഏർപ്പാടിനെ സംബന്ധിച്ചു് ഇതുവരെ ഏതെങ്കിലും പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല. തലസ്ഥാനമായ തിരുവനന്തപുരത്തു തന്നെ യോഗസംബന്ധമായും മറ്റു പലകാര്യങ്ങളെ സംബന്ധിച്ചും സമുദായത്തിലുള്ള എല്ലാ മാന്യന്മാരും പല പ്പോഴും വന്നുകൊണ്ടിരിക്കേണ്ടതായിട്ടുണ്ടു്. എന്നാൽ അവിടെയെങ്കിലും, ഒരു പൊതുവായ സങ്കേതസ്ഥലം നമുക്കുണ്ടാകുകയോ യോഗം വക ആഫീസുതന്നെ വാടകകൊടുക്കാത്ത ഒരു സ്വന്തം സ്ഥലത്തിൽ സ്ഥാപിക്കയോ ചെയ്തിട്ടില്ല.

പക്ഷേ ഈ കാര്യങ്ങൾക്കു് ആവശ്യമുള്ളതു് മുഖ്യമായും പണമാകുന്നു. യോഗത്തിന്നു സ്ഥാവരസ്വത്തുക്കളെ ഒഴിച്ചു് 4000 ഉറുപ്പിക ഇപ്പോൾ പിരിഞ്ഞതുണ്ടെങ്കിൽ 40,000 പിരിയേണ്ടതായിട്ടും ഉണ്ടായിരിക്കും. ഈ തുകകളെ പിരിക്കാനും അംഗങ്ങളെ അധികം വർദ്ധിപ്പിച്ചു് ഫണ്ടിനെ വലുതാക്കാനും ശ്രമിക്കാതെ ഉദ്ദേശങ്ങൾ സാധിപ്പാൻ പ്രയാസമായിട്ടുള്ളതാകുന്നു. അംഗങ്ങളിൽ നിന്നും പിരിഞ്ഞു വരുന്ന ക്ലിപ്തമായ സംഖ്യയെ കൂടാതെയും പലവരവുകളും പ്രത്യേകഫണ്ടുകളും യോഗത്തിന്റെ കീഴിൽ ഏർപ്പെടുത്താൻ പ്രയത്നിച്ചാൽ എളുപ്പമുള്ളതാണു്. ഈ വിഷയങ്ങളെ സംബന്ധിച്ചു ഞങ്ങൾ അടുത്തതിൽ തുടന്നു പറയുവാൻ വിചാരിക്കുന്നു. തൽക്കാലം ശ്രീനാരായണ ധർമ്മപരിപാലന യോഗം അതിന്റെ ഇന്നത്തെ സ്ഥിതിയിൽ തന്നെ സമുദായാഭിവൃദ്ധിക്കുവേണ്ടിയുള്ള സകല ശ്രമങ്ങൾക്കുമായി ഒരുക്കിയിട്ടുള്ള ഒരു നിലമായിരിക്കുന്നുണ്ടെന്നും, മേലാലുള്ള പ്രയത്നത്തിന്റെ ഫലത്തിനനുപമായി അതിൽ നിന്നും അളവറ്റ ഗുണങ്ങൾ ഉണ്ടാവാൻ ഇടയുണ്ടെന്നും, ആ വിഷയത്തിൽ ഓരോരുത്തരും സന്നദ്ധരായിറങ്ങി കഴിയുന്നത്ര പ്രവർത്തിക്കേണ്ട സമയം ഇതാണെന്നും എല്ലാ ഉത്തരവാദികളെയും ഓർമ്മപ്പെടുത്തിക്കൊണ്ടു വിരമിക്കേണ്ടിയിരിക്കുന്നു.

വിവേ: 1081 കന്നി

Digitized By Kerala Sahitya Akademi

തിരുവിതാംകൂർ വിദ്യാഭിവർദ്ധിനി മഹാസഭ

ഇതിന്റെ എട്ടാമത്തെ വാർഷിക സമ്മേളനം ഈ മാസം 19–ാംന് സ്ഥലം ടൌൺ ഹാളിൽവച്ച പതിവു പോലെ കഴിഞ്ഞു. ഇക്കുറി അദ്ധ്യാസനം വഹിച്ചതു് ഇൻസ്പെക്ടർ സി. കൃഷ്ണപിള്ള ബി. എ. അവർകളാണു്. കേരളീയർക്കു പൊതുവിൽ ശ്രദ്ധാർഹങ്ങളായ പല സംഗതികളേയും ഘടിപ്പിച്ചു് അദ്ദേഹം തന്റെ ഉപസംഹാര പ്രസംഗത്തെ ഭംഗിയും ഉപയോഗവും ഉള്ളതാക്കിച്ചെയ്തു. ജാതിമത ഭേദങ്ങളെ സ്പർശിക്കാത്ത അദ്ദേഹത്തിന്റെ പ്രസംഗം സദസ്യരെ കാര്യമാത്രംകൊണ്ടു് രസിപ്പിച്ചു. നമ്മുടെ നാട്ടിൽ–വിശേഷിച്ചും തിരുവിതാംകൂറിൽ–ജനങ്ങൾ നല്ല കാര്യങ്ങളിൽ താൽപര്യവും ഐകമത്യവും ഉള്ളവരാണെന്നും 'ശ്രീ: നാ: ധ: പ: യോഗവും അദ്ദേഹത്തിനു'' തന്നെ അല്പകാലത്തിനുള്ളിൽ 500ൽപരം അംഗങ്ങളെ ചേർത്തു നടത്തപ്പെടാൻ സാധിച്ചിട്ടുള്ള 'നായർ സമാജ'വും മറ്റും അതിനു മതിയായ തെളിവുകളാണെന്നും പ്രസ്താവിച്ചു. വ്യവസായത്തേയും വിദ്യാഭ്യാസത്തേയും പ്രചാരപ്പെടുത്തി നാട്ടിനു് അഭിവൃദ്ധിയുണ്ടാക്കാൻ ശ്രമിക്കാതെ ക്ഷുദ്രങ്ങളായ ജാതിവഴക്കുകളിൽ തലയിടുന്ന അനർത്ഥകാരികളായ അഭിമാനികളുടെ ഇടുങ്ങിയ സമ്പ്രദായത്തെ ഒരു പ്രകാരേണ അദ്ദേഹം നിർദ്ദയമായി അധിക്ഷേപിച്ചു. പരസ്പര വിരോധംകൂടാതെ ഓരോ സമുദായവും അഭിവൃദ്ധിക്കായി പ്രയത്നിക്കുന്നതു നാട്ടിനുപൊതുവിൽ ഗുണപ്രദമാണു്. വിസ്തീർണ്ണമായ വയലിനെ ഒന്നായി വളമിട്ടു കൃഷി ചെയ്യുന്നതു് ദുഷ്കരമായിരിക്കും. കൃഷിക്കാർ അവരുടെ വയലുകളിൽ വരമ്പുകൾ വെട്ടുകയും കണ്ടങ്ങൾ തിരിക്കുകയും ചെയ്യുന്നു; അതുകൊണ്ടു; അവരുടെ വേർതിരിച്ചുള്ള പ്രയത്നഫലം എളുപ്പത്തിൽ കാണപ്പെടുകയും, അപ്രകാരം മുഴുവൻ വയലും ഫലപൂർണ്ണമാകയും ചെയ്യുന്നു. യോഗ്യരായ സമുദായ നേതാക്കളുടേയും ഉദ്ദേശ്യം ഏതാണ്ടു് ഇതാണു്. അവർ ഒരു സമുദായത്തിന്റെ നന്മയ്ക്കായി പ്രത്യേകം പ്രയത്നിക്കുമ്പോൾതങ്ങൾ നാട്ടിന്റെ പൊതുഗുണത്തിനായി ഒരറ്റം പിടിച്ചു വേല ചെയ്യുന്നു എന്നു മാത്രമേ വിചാരിക്കാറുള്ളു. ഇൻസ്പെക്ടർ അവർകളുടെ പ്രസംഗത്തിൽ നിന്നും അദ്ദേഹത്തെക്കുറിച്ചു ഞങ്ങൾക്കു മനസ്സിലായിട്ടുള്ള ഇങ്ങനെയാണു്. ഇത്തരം പ്രസംഗങ്ങളും ഇതുപോലെയുള്ള നായകന്മാരുമാണു് നമ്മുടെ നാട്ടിനു ഇപ്പോൾ ആവശ്യമുള്ളതു്.

വിവേ: 1081 കന്നി

കേരളത്തിനുണ്ടാവാൻ പോകുന്ന ഒരു പുതിയ ജീവൻ
നായർ സമുദായ പരിഷ്കരണം

പശ്ചിമതീരത്തിലെ ഹിന്ദുക്കളിൽ സംഖ്യകൊണ്ടു രണ്ടാമത്തേതാണെങ്കിലും പ്രാധാന്യം കൊണ്ടു നായർ സമുദായം ഒന്നാമത്തേതാണു്. ധനപുഷ്ടി, വിദ്യാഭ്യാസം, നാഗരികത മുതലായി ഒരു ഉൽകൃഷ്ട സമുദായത്തിനു് ആവ

Digitized By Kerala Sahitya Akademi

ശ്യകങ്ങളായ സകല ഗ്രന്ഥങ്ങളിലും എന്ന പോലെ തന്നെ അവരുടെ ഈ പ്രാധാന്യം നാട്ടിനും സമുദായത്തിനും അനർത്ഥകരങ്ങളും അന്ധപരമ്പരാ സിദ്ധങ്ങളുമായ അവാന്തരജാതി വഴക്കുകളും, അർത്ഥശൂന്യമായ പൂർവാചാരതത്പരത മുതലായ ദോഷങ്ങളിലുംകൂടി പ്രബലമായിപ്രവേശിച്ചിട്ടുണ്ടെന്നാരും സമ്മതിക്കും. ഈ വകദോഷങ്ങളെക്കൊണ്ട് സമുദായത്തിന്റെ കാലോചിതമായ അഭിവൃദ്ധിക്കു നേരിട്ടുന്ന തടസ്സങ്ങളേയും കഷ്ടതകളേയും വാസ്തവമായ ഹൃദയവികാസവും ദീർഘാലോചനയും ഉള്ളവർക്കു മാത്രമേ കാൺമാനും അനുശോചിപ്പാനും കഴിയൂ. ബഹുമാനപ്പെട്ട സി. ശങ്കരൻനായർ മുതലായ മാന്യന്മാർ തങ്ങളുടെ സമുദായത്തിന്റെ അഭ്യുദയത്തെ കാംക്ഷിച്ച് അതിലുള്ള അസംഖ്യം അവാന്തരവിഭാഗങ്ങൾക്കു തമ്മിൽ പരസ്പരപന്തി ഭോജനവും പാണിഗ്രഹണവും നടപ്പിൽ വരുത്താനായി ഈയിടെ ആരംഭിച്ചിരിക്കുന്ന പ്രശസ്തമായ ഉദ്യമം കേരളീയ ഹിന്ദുക്കളുടെ ക്ഷേമത്തെ ആഗ്രഹിക്കുന്ന ആരെയും അനുമോദിപ്പിക്കും എന്നുള്ളതിൽ സംശയമില്ല. ഇതിന്റെ വിജയം നിശ്ചയമായും കേരളത്തിനു് ഒരു പുതിയ ജീവനെ ഉണ്ടാക്കുന്നതാണെന്നു ഞങ്ങൾ വിചാരിക്കുന്നു. പ്രസ്തുത സമുദായത്തിനു് എല്ലാംകൊണ്ടും, അടുത്തുനിലയ്ക്കുന്ന മറ്റൊരു വലിയ ഹിന്ദുസമുദായം ഇവിടെ നാം (തീയർ) ആണു്. നായന്മാരുടെ ആചാരങ്ങളേയും നടത്തകളേയും പാടേ ഉള്ളടത്തോളം പകർത്തുന്നതിൽ തന്നെ അസാമാന്യവാസനയും സൗകര്യവും നമുക്കാണു്. അതുകൊണ്ടു് സി. ശങ്കരൻ നായർ മുതലായ മഹായോഗ്യന്മാരുടെ ശക്തിയേറിയ കൈകളെക്കൊണ്ടു വെട്ടിത്തെളിക്കപ്പെടുന്ന മാർഗ്ഗങ്ങളിൽക്കൂടി നമുക്കു് അചിരേണ സുഖസഞ്ചാരം ചെയ്യാമെന്നുള്ള ആശാബന്ധത്തോടുകൂടി അവരുടെ യത്നത്തെ ഞങ്ങൾ സർവാത്മനാ ശ്ലാഘിക്കുകയും അതിനു സർവവിജയത്തേയും ആശംസിക്കുകയും ചെയ്യുന്നു.

വിവേ: 1081 വൃശ്ചികം

നമ്മുടെ മഹത്തായ ഐക്യം

3 കൊല്ലങ്ങൾക്കു മുമ്പു് എസ്. എൻ. ഡി. പി. യോഗം ആരംഭിച്ച കാലത്തുതന്നെ വിസ്തൃർണ്ണമായ കേരളം മുഴുവൻ ഇടതുടർന്നു വ്യാപിച്ചുകിടക്കുന്നതും സംഖ്യകൊണ്ടു് ഒന്നാമത്തേതുമായ നമ്മുടെ സമുദായത്തെ സ്വജാതിസ്നേഹപാശംകൊണ്ടു് ഒന്നായി ബന്ധിച്ചു നമുക്കു ഗുണപ്രദങ്ങളായ സകല സംഗതികളേയും ചെയ്യത്തക്കവണ്ണം ശക്തിമത്താക്കിത്തീർക്കാൻ വിചാരിച്ചിരുന്നു എന്നുള്ളതു പ്രസിദ്ധമാണു്. യോഗത്തിന്റെ ആരംഭംതന്നെ കേവലം അതിനായിട്ടായിരുന്നു. എന്നാൽ അതിന്റെ സംഭാവ്യതയെക്കുറിച്ചു് അപ്പോൾ പലർക്കും സംശയം തോന്നിയിരിക്കാം. പക്ഷേ യോഗപ്രവർത്തകന്മാർക്കു മഹാനുഭാവനായ ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകളുടെ പരിശുദ്ധവും ശ്ലാഘ്യവുമായ ആ നിശ്ചയത്തിനു വിഘാതം വരുമെന്നു് ഒരിക്കലും സന്ദേഹമുണ്ടായിരുന്നില്ല. യോഗം ക്രമേണ പലസ്ഥലങ്ങളിലും വ്യാപിക്കുകയും കഴിഞ്ഞകൊല്ലത്തോടുകൂടി വടക്കു ചാവക്കാടു വരെ വേരുന്നുകയുംചെയ്തു. ഇപ്പോൾ അതു കയ്യഴി തലശ്ശേരി മുതലായ സ്ഥലങ്ങളിൽക്കൂടി എത്തിക്കഴിഞ്ഞു.

Digitized By Kerala Sahitya Akademi

എന്നുമാത്രമല്ല അടുത്ത നാലാമത്തെ യോഗം തലശ്ശേരിയിൽവച്ചുതന്നെ നടത്തുന്നതിനായി അവിടെയുള്ള യോഗ്യന്മാരെ പ്രേരിപ്പിക്കത്തക്കവണ്ണം അവർക്ക് അതിൽ അത്ര ദൃഢപ്രതിപത്തിയെ ജനിപ്പിക്കുകയുംകൂടി ചെയ്തിരിക്കുന്നു. ഇങ്ങനെയുള്ള ഒരു സ്ഥാപനത്തിന്റെ ആവശ്യകതയേയും ഗുണത്തെയും കുറിച്ചു അധികം അറിയുന്നതും അതിൽ ഉത്തരവാദിത്വബുദ്ധിയോടുകൂടി അധികം പ്രവർത്തിക്കുന്നതും ഉയർന്നതരം ലോകപരിജ്ഞാനമുള്ളവർ മാത്രമാകുന്നു. അതുകൊണ്ടു നമ്മുടെ സമുദായത്തിൽ അങ്ങിനെയുള്ള അധികം സഹോദരങ്ങളുടെ നിവാസമായ ആ ദിക്കുകളിൽ വച്ചു് ഇതിനു് പൂർവാധികമായ അഭിവൃദ്ധിയും വിജയവും വരാൻ ഇരിക്കുന്നു എന്നുള്ളതു സ്വഭാവികവും ആനന്ദപ്രദവുമല്ലോ. ഇനി ഉദ്ദേശ സാദ്ധ്യങ്ങൾക്കു് എളുപ്പമുള്ളതാകുന്നു. എല്ലാസ്ഥലത്തും മാനേജിംഗ് കമ്മിറ്റിമെമ്പറന്മാരും ഏജൻറന്മാരും ഏർപ്പെട്ടവരുന്നതുകൊണ്ടാൽ ഏർപ്പെടുത്താവുന്നതുമാണു്. യോഗത്തിൽ സമുദായത്തിലെ എല്ലാ മാന്യന്മാരും എല്ലാ ആളുകളും കഴിയുന്നതു അംഗങ്ങളായി ചേരുന്നതും അംഗങ്ങളുടെ വർദ്ധനയോടുകൂടി മൂലധനത്തിന്റേയും പ്രവൃത്തികളുടേയും ശക്തികൊണ്ടു ആശ്ചര്യകരമാംവണ്ണം വർദ്ധിക്കുന്നതുമാകുന്നു. നാം കേരളത്തിൽ ഒന്നോ രണ്ടോ അല്ല 14 ലക്ഷം ജനങ്ങളുണ്ടു്. സംഖ്യയിൽ നമ്മോടു കിടപിടിപ്പാൻ മറെറാരു സമുദായവും ഇല്ല. അതുകൊണ്ടു് ഐകമത്യം മാത്രം ഉണ്ടായാൽ നമ്മെ താഴ്ത്തുവാൻ ആക്കം കഴികയില്ല. വിദ്യാഭ്യാസവും ധനവും ആണു് ഒരു സമുദായത്തെ ഉന്നമിപ്പിക്കുന്നതു്. 14 ലക്ഷത്തെ വിഭജിച്ചു് 7 ആളുകൾ വീതമുള്ള ഓരോ കുടുംബമോ ഭവനമോ ആക്കിയാൽ ആകപ്പാടെ നമുക്കു രണ്ടുലക്ഷം കുടുംബമോ ഭവനമോ ഉണ്ടായിരിക്കും. ഭവനം 1നു കൊല്ലത്തിൽ 1ക. വീതം (അതായതു മാസം ഒന്നിനു് ണ 1 പൈ 4) പിരിച്ചു ഒരു ധനശേഖരം ചെയ്താൽ കൊല്ലത്തിൽ 2 ലക്ഷം ക. നമുക്കു ആക്ഷേപം കൂടാതെ ഉണ്ടാകുന്നു. ഓരോ കുടുംബം കൊടുക്കേണ്ട സംഖ്യ എത്ര നിസ്സാരവും അതിന്റെ ആകെത്തുക എത്ര ഗണ്യവും ആയിരിക്കുന്നു എന്നു നോക്കുവിൻ! ഇതിനു പുറമേ സമുദായത്തിന്റെ പൊതുനന്മയ്ക്കായി ഓരോ വലിയ തുകകൾ സംഭാവന ചെയ്വാൻ ശക്തിയും മനസ്സും ഉള്ള ആളുകൾ വളരെ ഉണ്ടു്. അതിനുപുറമേ യോഗാംഗങ്ങളിൽ നിന്നും വരുന്ന പൊതുസ്വത്തായ മൂലധനവും സ്പൃഹണീയമായ വിധത്തിൽ ഉത്തരോത്തരം വളരുന്നതാണു്. വിദ്യാഭ്യാസം, വ്യവസായം മുതലായവയെ വർദ്ധിപ്പിക്കുന്നതിനായി ഈ വക ധനങ്ങളെ വിനിയോഗിക്കയും ഇപ്രകാരം ന്യായമായി ധനവും വിദ്യയും സമ്പാദിക്കുകയും ചെയ്യുന്നതിനു നമുക്കു മറെറാരുടേയും ആശ്രയം ആവശ്യമില്ലാത്തതാകുന്നു. നമ്മുടെ വാർഷിക മഹായോഗങ്ങൾ ക്രമേണ വലിയശക്തിയെ പ്രാപിക്കുന്നതും സമുദായത്തിന്റെ സകല യോഗക്ഷേമ കൃത്യങ്ങളും അതിന്റെ നിശ്ചയത്തിലും ആജ്ഞയിലും നടക്കത്തക്കവണ്ണം അതിനു പ്രാധാന്യം ലഭിക്കുന്നതുമാണു്. ഇങ്ങിനെ നമ്മുടെ ഭരണകർത്തൃത്വം ഗവർമ്മെൻറിനെ കഴിച്ചാൽ നമ്മിൽ, അതായതു (നമ്മുടെ യോഗത്തിൽ) തന്നെ സ്ഥിരപ്രതിഷ്ഠയെ പ്രാപിക്കുന്നതും അതു നമ്മുടെ ശാശ്വതമായ ക്ഷേമത്തിനും യശസ്സിനും കാരണമായിത്തീരുന്നതുമാകുന്നു. തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ്, ഫ്രഞ്ചു് ഈ നാലു ഗവർമ്മെൻറിന്റേയും പ്രജകളായ നാം നമ്മുടെ യോഗത്താൽ ഇപ്പോഴും മിക്കവാറും ബന്ധു

Digitized By Kerala Sahitya Akademi

ക്കപ്പെട്ടിട്ടുണ്ടല്ലോ. ഈ ബന്ധത്തെ നാം ഉത്തരോത്തരം ബലവത്തരമായി ഉറപ്പിക്കുകയും ഓരോരുത്തർക്കും 14 ലക്ഷം ജനങ്ങളടങ്ങിയ ഒരു മഹാസമുദായത്തിന്റെ അംഗങ്ങളാണെന്ന സർവ്വദാ വിചാരിച്ചു് പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യാം. സമുദായത്തിലെ പ്രത്യേക അംഗങ്ങൾ തമ്മിലുള്ള ജന്യസാധാരണമായ ക്ഷുദ്രമത്സരങ്ങളും വിരോധങ്ങളും സമുദായത്തിന്റെ വലിയ നന്മയ്ക്കു ബാധകമായിത്തീരാതിരിപ്പാൻ ഓരോരുത്തർക്കും പ്രത്യേകം സൂക്ഷിച്ചു നടന്നുകൊള്ളാം. നാം ഇങ്ങിനെ പ്രവർത്തിക്കുന്നതായാൽ നമ്മേ അന്യസമുദായങ്ങൾപോലും സഹായിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതും നമ്മുടെ സമുദായചരിത്രത്തിൽ അദ്ഭുതപൂർവമായ ഈ ഐക്യത്തിന്റെ ഫലമപരിദ്യേയമാംവണ്ണം വളരുന്നതുമാകുന്നു.

വിവേ: 1081 ധനു

നമ്മുടെ വിദ്യാഭ്യാസ ധനശേഖരം

ഇക്കഴിഞ്ഞ വാർഷികയോഗത്തിൽ സമുദായത്തിന്റെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ഒരു പ്രത്യേക ധനശേഖരം ഏർപ്പെടുത്തിയിരിക്കുന്നതായി പറഞ്ഞുവല്ലോ. ഇതിന്റെ ആവശ്യകതയെ സംബന്ധിച്ചു ഞങ്ങൾ ഈ കാളങ്ങളിൽ മുൻപു പ്രസ്താവിച്ചിട്ടുള്ളതു വായനക്കാർ ഓർക്കുമായിരിക്കാം. ഇതു യോഗത്തിന്റെ കീഴിൽ ഒരു പ്രത്യേക കമ്മിറ്റിയായി രിക്കപ്പെട്ടതും, ഇതിന്റെ അഭിവൃദ്ധിയോടുകൂടി സമുദായത്തിന്റെ വിദ്യാഭ്യാസ സ്ഥിതിക്കു് ആശംസിക്കത്തക്കതായ ഉയർച്ച ഉണ്ടാകുന്നതും ആ ഉയർച്ച നിലനിൽക്കുമെന്നുള്ളതുമാകുന്നു. വിദ്യാഭ്യാസത്തെ പൊതുവിൽ പലപ്രകാരേണ പ്രോത്സാഹിപ്പിക്കുന്നതു് ഇതിന്റെ ഉദ്ദേശ്യമാണെങ്കിലും മെട്രിക്കുലേഷൻ, എഫ്. എ. മുതലായ പരീക്ഷകളിൽ ഉയർന്ന നിലയിൽ ജയിക്കുന്നവർക്കു് ഉയർന്നതരം പരീക്ഷകൾക്കോ യൂറോപ്പു മുതലായ രാജ്യങ്ങളിൽ പോയി പഠിക്കേണ്ട വല്ല പ്രത്യേക സാങ്കേതികവിദ്യകൾക്കോ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനാണു് പ്രവർത്തകന്മാർ മുഖ്യമായും ഇപ്പോൾ ഉദ്ദേശിക്കുന്നതു്. ഈ ഫണ്ടു് തിരുവിതാംകൂർ, കൊച്ചി, മലബാർ ഈമൂന്നു രാജ്യങ്ങളിലേയും സ്വജാതിക്കാർക്കു തുല്യമായുപകരിക്കുന്നതും സ്കോളർഷിപ്പിനു് അവകാശികൾ പരീക്ഷയിൽ ഉയർന്നനിലയിൽ ജയിക്കുന്ന വിദ്യാർത്ഥികളാകയാൽ അതിനെ സംബന്ധിച്ചു യാതൊരു കുഴപ്പത്തിനും ഇടയില്ലാത്തതും ആണു്. കമ്മിറ്റിയിൽ ഇപ്പോഴത്തെ മെമ്പറന്മാർ തിരുവിതാംകൂറിൽ ഡാക്ടർ പല്പു അവർകളും, കൊച്ചിയിൽ ഇ. കെ. അയ്യാക്കുട്ടി ബി. എ. അവർകളും, മലബാറിൽ കൊറ്റയത്തു രാമുണ്ണിവക്കീൽ അവർകളും ആകുന്നു. അതാതുസ്ഥലങ്ങളിൽ അധികം മെമ്പറന്മാരെ ചേർത്തുകൊള്ളുന്നതിനു് ഇപ്പോഴത്തെ മെമ്പറന്മാർക്കു് യോഗം അധികാരം നൽകീട്ടുണ്ടു്. അതുകൊണ്ടു് ദീവാൻ ബഹദൂർ ഇ. കെ. കൃഷ്ണൻ അവർകളും, റാവുബഹദൂർ പി. വേലായുധൻ അവർകളും മുതലായ പല യോഗ്യന്മാരും നിസ്സംശയമായും ഇതിൽ മെമ്പറന്മാരായിത്തീരുമെന്നുള്ളതും അവരുടെ സ്വരണനൈപുണ്യത്താൽ ഇതിന്റെ ആഗ്രഹി

Digitized By Kerala Sahitya Akademi

ക്കപ്പെട്ട ഫലം കാലതാമസമെന്നിയേ അനുഭവവിഷയമാകുമെന്നുള്ളതിൽ ആക്ഷേപമില്ലാത്തതും ആകുന്നു. ഫണ്ടിലേക്ക് സാഹായ്യം ഏതുസമുദായത്തിൽ നിന്നും അപേക്ഷിക്കുന്നതും എല്ലാ ഉദാര ഹൃദയന്മാരും ഇതിലേക്ക് സഹായിക്കുമെന്നുള്ളതുമാകുന്നു. ഇതിന്റെ ദൃഷ്ടാന്തം ആദ്യത്തെ ലിസ്റ്റിൽ 50ക. സംഭാവന ചെയ്തിരിക്കുന്ന സി. കൃഷ്ണപിള്ള ബി. ഏ. അവർകളും മുതലായ മാന്യന്മാർ ഇപ്പോഴും തന്നെ കാണിച്ചിട്ടുണ്ട്. ആ മാന്യന്മാക്ക് ഞങ്ങളും നന്ദി പറയുന്നു. ഫണ്ടിന്റെ റൂൾസ് മുതലായവ കമ്മറിക്കാർ എഴുതി തയ്യാറാക്കി വരുന്നതായറിയുന്നു. അതുവേഗത്തിൽ പുറത്താകുന്നതും പണംപിരിവു മുതലായതു താമസിയാതെ ആരംഭിക്കുന്നതുമാണു്. ഈ ഉചിതമായ വിഷയത്തിലേക്ക് സമുദായ സ്നേഹികളും ഈ സമുദായത്തോട് അനുകമ്പയുള്ളവരുമായ എല്ലാ യോഗ്യന്മാരുടേയും ശ്രദ്ധയേയും ഔദാര്യത്തേയും ഞങ്ങളും താത്പര്യപൂർവം ക്ഷണിച്ചുകൊള്ളുന്നു. യോഗത്തിൽ വച്ച് ആകെ 500 ക. യോളം ലിസ്റ്റ് എഴുതിട്ടുള്ളതിൽ 25ക. മുതൽ മേൽപ്പോട്ടുള്ള സംഖ്യവരെ സംഭാവന ചെയ്വാൻ സമ്മതിച്ചവരുടെ ലിസ്റ്റ് താഴെ കാണിക്കുന്നു. (ലിസ്റ്റ് സാമാന്യം ദീർഘമാകയാൽ ഒഴിവാക്കുന്നു—എഡിറ്റർ)

വിവേ: 1081 ധനു

ശ്രീ. നാ. ധ. പ. യോഗംവക കൃഷിവ്യവസായ പ്രദർനശവും സാഹിത്യപരീക്ഷയും

കൃഷിയേയും കൈത്തൊഴിലിനേയും പരിഷ്കരിച്ച് ജനക്ഷേമത്തെ വർദ്ധിപ്പിക്കുന്ന വിഷയത്തിൽ ഈയിടെ ഗവർമ്മെൻറിന്റേയും കുടികളുടേയും ശ്രദ്ധ പൂർവാധികമായി പതിയുന്നുണ്ടെന്നു് ഊഹിപ്പാൻ പലകാരണങ്ങളും ഉണ്ടു്. ഈ സന്ദർഭത്തിൽ ഏതദ്വിഷയകമായ പ്രദർശനങ്ങളും സ്വയമേവ വളരെ ഉപയുക്തങ്ങളും എന്നുള്ളതിനു പുറമേ സമയോചിതങ്ങളും ആയിരിക്കുമല്ലോ. ശ്രീ. നാ. ധ. പ. യോഗത്തിന്റെ 2—ാമതു വാർഷിക മഹായോഗത്തോടുകൂടി കൊല്ലത്തുവച്ച് 1905 ജനുവരിമാസം 7—ാംനു-ഇദംപ്രഥമമായി ഒരു കൃഷിവ്യവസായ പ്രദർശനം നടത്തപ്പെട്ടതു് ബഹുജനങ്ങളും അറിഞ്ഞിരിപ്പാൻ ഇടയുണ്ടു്. മൂന്നാമത്തെ വാർഷികയോഗത്തോടൊന്നിച്ചും ഒരു പ്രദർശനം നടത്തണമെന്നു നിശ്ചയമുണ്ടായിരുന്നു എങ്കിലും അസൗകര്യങ്ങളാൽ സാധിച്ചിരുന്നില്ല. എന്നാൽ ഈ വരാൻപോകുന്ന നാലാമതുവാർഷികത്തോടൊന്നിച്ച് ഒരു കൃഷിവ്യവസായ പ്രദർശനംകൂടി നടത്തത്തക്കവണ്ണം തലശ്ശേരിയിൽ വച്ചുകൂടിയ പ്രാരംഭയോഗത്തിൽ പ്രസ്താവിക്കുകയും വാർഷിക മഹായോഗത്തിന്റെ സ്ഥലം നിർവാഹകസംഘക്കാർ അതിനുവേണ്ട വ്യവസ്ഥകളും ആലോചിച്ചു വരികയും ചെയ്യുന്നതായറിയുന്നതിൽ ഞങ്ങളും അത്യന്തം സന്തോഷിക്കുകയും ജനങ്ങളുടെ ശ്രദ്ധയെ ഉത്സാഹപൂർവം ഈ വിഷയത്തിലേക്ക് ക്ഷണിച്ചുകൊള്ളുകയും ചെയ്യുന്നു. സാധാരണ ഡിസംബർ അവസാനത്തിൽ അല്ലെങ്കിൽ ജനുവരിയിൽ നടത്താറുള്ള S. N. D. P. യോഗത്തിന്റെ വാർഷിക പൊതുയോഗത്തിനു് ഇനി രണ്ടു മൂന്നുമാസം മാത്രമേ ഉള്ള എങ്കിലും,

Digitized By Kerala Sahitya Akademi

കമ്മിറ്റിയിൽ നിന്നു് ഇതുവരെയും ഞങ്ങൾക്കു ഖണ്ഡിതമായ ഒരറിവും കിട്ടീട്ടില്ലെങ്കിലും, ഇതിൽ ഭാരമേറ്റിരിക്കുന്ന യോഗ്യന്മാരുടെ സ്ഥിതിയെപ്പറ്റിയുള്ള വിശ്വാസത്താൽ ഈ ആലോചന സഫലമാകുമെന്നു മാത്രമല്ല പ്രദർശനം ഏറ്റവും വിജയപൂർണ്ണമായി കലാശിക്കുമെന്നും ആശിക്കാവുന്നതാകുന്നു. കോഴിക്കോട്ടെ പ്രസിദ്ധ ജന്മിയും സർവഥാ സമുദായ നേതൃത്വത്തെഅർഹിക്കുന്ന യോഗ്യനുമായ സി. എ. രാരിച്ചൻ മുപ്പനവർകൾ പ്രദർശനത്തിന്റെ പ്രാരംഭച്ചിലവുകൾക്കായി 250 ക. ഉടനേ സംഭാവന ചെയ്വാൻ വാഗ്ദാനം ചെയ്കയും ഈ വിഷയത്തിൽ ഒരു പ്രധാന ഭാരവാഹിത്വം വഹിപ്പാൻ സമ്മതിക്കയും ചെയ്തിരിക്കുന്നുണ്ടു്. ദിവാൻ ബഹദൂർ ഇ. കെ. കൃഷ്ണൻ അവർകൾ പ്രദർശനക്കമ്മിറ്റിയുടെ ആദ്ധ്യക്ഷ്യം വഹിപ്പാൻ ഇടയുണ്ടെന്നും ആകപ്പാടെ പ്രദർശനത്തെ വളരെ തൃപ്തികരമാക്കാൻ ശ്രമം നടക്കുന്നുണ്ടെന്നും ഞങ്ങൾ അറിയുന്നുണ്ടു്. വിവരങ്ങളെപ്പറ്റി കമ്മിറ്റിയിൽനിന്നും നേരിട്ടറിവു കിട്ടിയെങ്കിലല്ലാതെ ഞങ്ങൾക്കു യാതൊന്നും പറവാൻ തരമില്ലെങ്കിലും തിടുക്കത്തിൽ നടത്തപ്പെടേണ്ടി വന്നിരിക്കുന്ന ഈ ഗൗരവമേറിയ സംഗതിയെപ്പറ്റി കഴിയുന്ന വേഗത്തിൽ പൊതുജനങ്ങൾക്കു് അറിവുകൊടുപ്പാനുള്ള അത്യാഗ്രഹം നിമിത്തം ഇതിനേപ്പറ്റി ചില വിമർശനങ്ങൾ ഞങ്ങൾ ഇപ്പോഴേ തന്നെ ചെയ്യേണ്ടിവന്നിരിക്കുന്നു. ഈ പ്രദർശനത്തിൽ കൈത്തൊഴിലുകളെ മാത്രമല്ല കൃഷിയേയും ഉൾപ്പെടുത്തിയിരിക്കയാകുന്നു. അതുകൊണ്ടു് കൈവേലകളും കൃഷിഫലങ്ങളും മുതലായവയും ജനങ്ങൾക്കു പ്രദർശിപ്പിക്കാവുന്നതാണു്. ദൂരസ്ഥന്മാരുടെസാമാനങ്ങളെഅയ്യക്കുന്നതിലേക്കായി ഓരോ പ്രധാന സ്ഥലങ്ങളിലും ഏജൻറന്മാരെ ഏർപ്പെടുത്തുമെന്നുള്ളതാകുന്നു. പ്രദർശനത്തിന്റെ ഉദ്ദേശ്യം അപൂർവസാമാനങ്ങളേയോ അദ്ഭുതക്കാഴ്ചകളേയോ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയല്ലെന്നും അതുകൊണ്ടു് നമ്മുടെ കൊല്ലം പ്രദർശനത്തെ തുറന്ന സന്ദർഭത്തിൽ യോഗ്യനായ ബോർഡിലൻ സായ്പവർകൾ പ്രസ്താവിച്ചപോലെ എരട്ടത്തേങ്ങകളും അഞ്ഞൂകാലുള്ളപശുക്കളും അല്ലപ്രദർശനത്തിനായികൊണ്ടുവരേണ്ടതെന്നും എല്ലാവരും അറിഞ്ഞിരിക്കേണ്ടതാകുന്നു. മനുഷ്യക്കുനിത്യോപയോഗയോഗ്യങ്ങളായ വസ്തുക്കളെ സുലഭമായും സുകരമായും ഉണ്ടാക്കി മിതമായ വിലയ്ക്കു ധാരാളം നാട്ടിൽ പ്രചരിപ്പിപ്പാനും അതുകൊണ്ടു തങ്ങൾക്കും പൊതുജനത്തിനും ഗുണവും ക്ഷേമാഭിവൃദ്ധിയും ഉണ്ടാക്കുന്നതിലേക്കുമാണു് പ്രദർശനങ്ങൾ ഏർപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു് പ്രദർശന രംഗത്തിൽ താരതമ്യപ്പെടുത്തുമ്പോൾ ഒരു സസ്യത്തേയോ ധാന്യത്തേയോ അല്പമായ ചില വിത്തുകൾ അധികമായി വിളയിക്കാൻ കഴിയുന്ന കർഷകനും ഒരു സാധനത്തെ അല്പമായ വിലയ്ക്കു അധികമായുണ്ടാക്കിക്കൊടുപ്പാൻസന്നദ്ധനായ വ്യാപാരിക്കുമാണു് വിജയമുണ്ടാകുന്നതു്. സന്മാനങ്ങളും പ്രോത്സാഹനങ്ങളും ലഭിക്കത്തക്കവണ്ണം പ്രദർശന മത്സരത്തിൽ വിജയം നേടുന്ന സാധനങ്ങളുടെ പേരുകൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും റിപ്പോർട്ടുമൂലം പരത്തപ്പെടുന്നതും അവ സകലജനങ്ങളുടേയും ശ്രദ്ധയ്ക്കു വിഷയമായി പലദിക്കുകളിൽനിന്നും കച്ചവടക്കാരും മറ്റു് ആവശ്യക്കാരും ആവശ്യപ്പെടുകയും അപ്രകാരം അവയുടെ വ്യാപാരവും ആദായവും അപ്രതീക്ഷിതമാംവണ്ണം വർദ്ധിക്കുകയും ചെയ്യുമെന്നുള്ളതാണു്. സ്വദേശിബഹളം വർദ്ധിച്ചുവരുന്ന ഇക്കാ

Digitized By Kerala Sahitya Akademi

ചെയ്തു് തന്നാട്ടിലെ വ്യവസായങ്ങൾക്കു വിശേഷിച്ചും ഇന്ത്യയിലെ വല്ലതാനും പ്രശസ്തിയും പ്രചാരവും ഉണ്ടാകുമെന്നുള്ളതാകുന്നു. അതു കൊണ്ടു് ഈ നല്ല അവസരത്തെ നമ്മുടെ വ്യവസായികളും കർഷകന്മാരും നല്ലവണ്ണം ഉപയോഗിച്ചു് സഫലമാക്കുവാൻ നോക്കണമെന്നു് വീണ്ടും താല്പര്യപൂർവം അറിവിച്ചു കൊള്ളുന്നു.

കൃഷിയോടടുത്തു് അതിന്റെ ഉപകരണങ്ങളായ കലി, കന്നുകാലികൾ മുതലായവയും വ്യവസായത്തിൽ നാട്ടുവൈദ്യ വിഷയവുംകൂടി ഉൾപ്പെടുത്തിയാൽ നന്നാണെന്നു കമ്മിറ്റിക്കാർ ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

സാഹിത്യപരീക്ഷകൂടി നടത്തപ്പെടുമെന്നറിയുന്നതും പ്രത്യേകം ഗൗനിക്കേണ്ട സംഗതിയാകുന്നു. ഇതിനു് ഒരു പ്രത്യേക കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും അതിന്റെ വ്യവസ്ഥയെ സംബന്ധിച്ച നിയമങ്ങൾ കാലതാമസം കൂടാതെ പുറത്തുവരേണ്ടതും അത്യാവശ്യമാകുന്നു.

ഈ തവണത്തെ പ്രദർശനത്തെ സംബന്ധിച്ച ഏറ്റവും സ്തുത്യർഹമായ ഒരു ഭാഗം അതു കഴിഞ്ഞ തവണത്തെപ്പോലെ സ്വജാതീയർക്കുവേണ്ടി മാത്രമല്ല, പൊതുവിൽ കേരളത്തിലെ സകലജാതിമതസ്ഥന്മാർക്കുംവേണ്ടി തുറക്കപ്പെട്ടതു് എന്നുള്ളതാകുന്നു. ഈ പ്രശസ്തമായ കൃത്യത്തെ ഗവർമ്മെൻറും മഹാരാജാക്കന്മാരും ജനക്ഷേമകാംക്ഷികളായ സകല സൗഭാഗ്യന്മാരും യഥാസ്ഥിതി സഹായിച്ചു വിജയപൂർണ്ണമാക്കുമെന്നു ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു.

വിവേ: 1082 കന്നി

കേരളീയ നായർസമാജം

കേരളീയ നായർ സമാജത്തിന്റെ രണ്ടാമത്തെ വാർഷികയോഗം ഈ മാസം 28—ം 29—ം തീയതികളിൽ തിരുവനന്തപുരം വിക്ടോറിയാ ജൂബിലി ടൗൺഹാളിൽവച്ചു് ബഹുമാനപ്പെട്ട മന്നത്തു കൃഷ്ണൻനായർ ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ വളരെ ഭംഗിയായി നടത്തപ്പെട്ടിരിക്കുന്നു. തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ്മലബാർ ഇവിടങ്ങളെ അധിവസിച്ചുവരുന്ന നായന്മാരുടെ അഭൂതപൂർവമായ ഉണർച്ചയും ശ്രേയോന്മുഖമായ സഹകരണത്തിനും, അധികം താമസിയാതെ അനുഭവത്തിൽ വരാനിടയുള്ള അനേകം ഗുണകരങ്ങളായ പരിഷ്കാരങ്ങൾക്കും ഈ യോഗം നിദാനമായിഭവിച്ചിട്ടുണ്ടെന്നു് ഞങ്ങൾ സന്തോഷപൂർവം പ്രസ്താവിച്ചുകൊള്ളുന്നു. ഈ യോഗത്തെ ഇത്രത്തോളം തൃപ്തികരമായ വിധത്തിൽ നടത്തുന്നതിലും വിശിഷ്യ വിശാലഹൃദയനും സർവസമ്മതനുമായ ബഹുമാനപ്പെട്ട മന്നത്തു കൃഷ്ണൻനായർ അവർകളെ സഭാനാഥനായി തിരഞ്ഞെടുക്കുന്നതിലും യോഗ്യന്മാരായ കേരളീയ നായർ സമാജ പ്രവർത്തകന്മാർ പ്രദർശിപ്പിച്ച ശ്രേഷ്ഠതരമായ ഔചിത്യബുദ്ധിയെ ഞങ്ങൾ സർവാത്മനാ അഭിനന്ദിക്കുന്നു.

Digitized By Kerala Sahitya Akademi

സഭാനാഥന്റെ നിലയിൽ കൃഷ്ണൻനായർ അവർകൾ ചെയ്തപ്രസംഗം സാരഗർഭവും സർവജനോപകാരിയും ആയിരുന്നതിനു പുറമേ അദ്ദേഹത്തിന്റെ അസാമാന്യമായ രാജ്യക്ഷേമകാംക്ഷയ്ക്കു പ്രത്യക്ഷമായ ഒരു ദൃഷ്ടാന്തവുമായിരുന്നു. ഒരു സമുദായം അതിന്റെ അഭ്യുന്നതിക്കായുള്ള യത്നത്തിൽ ഇതര സമുദായക്കാരെ പിന്നിലാക്കുവാൻ ഉദ്യമിക്കുന്നതു് അത്യന്തം ദോഷകരമാണെന്നും പ്രത്യുത ഏതു സമുദായത്തിന്റേയും അഭിവൃദ്ധിക്കു് അന്യസമുദായക്കാരുടെ ഒത്താശയും സഹകരണവും ഒഴിച്ചുകൂടാത്തതാണെന്നും, എല്ലാസമുദായക്കാരും പരസ്പരം സഹോദരസ്നേഹത്തോടും ഐകമത്യത്തോടും കൂടി വർത്തിക്കുന്നതായാൽ മാത്രമേ രാജ്യത്തിനു ക്ഷേമവും ഐശ്വര്യവും ഉണ്ടാവുകയുള്ളു എന്നും മറ്റുമുള്ള സമുദായശാസ്ത്രസിദ്ധാന്തത്തെ അടിസ്ഥാനമാക്കി അദ്ദേഹം തന്റെ പ്രസംഗത്തിൽ പ്രതിപാദിച്ചിരുന്ന ഉപദേശങ്ങൾ സർവഥാ ആദരണീയങ്ങളും സ്വീകാര്യയോഗ്യങ്ങളുമായിരിക്കുന്നു.

ഈ യോഗത്തിൽ പാസ്സാക്കപ്പെട്ട നിശ്ചയങ്ങൾ താഴെപ്പറയുന്നവയാകുന്നു:

(I) (1) മരുമക്കത്തായത്തറവാട്ടുകളുടെഅഭിവൃദ്ധിക്കു വസ്തുവിഭാഗം ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നു.

(2) അച്ഛൻവഴി കിട്ടിയിട്ടുള്ള മുതൽ മക്കളുടെ ഇടയിൽ തുല്യമായി വിഭാഗം ചെയ്യേണ്ടതു് ആവശ്യമാകുന്നു.

(3) (a) സ്വയാർജ്ജിത സ്വത്തു് സമ്പാദിച്ച ആളിന്റെതാവഴിയിൽ ഉള്ള അംഗങ്ങൾക്കുമാത്രം അയാളുടെ മരണശേഷം അവകാശപ്പെടുന്നതും അവരുടെ അഭാവത്തിൽ മാത്രം ഇതരതാവഴിക്കാർക്കു് അതിന്മേൽ അർഹത സിദ്ധിക്കുന്നതുമാകുന്നു.

(b) സ്വയാർജ്ജിതസ്വത്തിന്റെ പകുതിക്കു സമ്പാദിച്ച ആളിന്റെ ഭാര്യയ്ക്കും മക്കൾക്കും അവകാശം ഉണ്ടാകുന്നതാകുന്നു.

II പുതിയ സമ്പ്രദായ പ്രകാരമുള്ള വിദ്യാഭ്യാസരീതി നായർ സമുദായത്തിൽ പ്രചാരപ്പെടുത്തുന്നതിനു് ഒരു ധനശേഖരം ചെയ്യേണ്ടതു് ആവശ്യമാകുന്നു.

III നായർ സമുദായത്തിൽ ഇപ്പോൾ നടന്നു വരുന്ന സംബന്ധം നിയമാനുസൃതമായ വിവാഹമാണെന്നും അതിനു നിയമശാസനം ലഭിക്കേണ്ടതാണെന്നും ഈ സമാജം അഭിപ്രായപ്പെടുന്നു.

IV നായർ സമുദായത്തിന്റെ അഭ്യുന്നതിക്കു ഗ്രാമയോഗങ്ങൾ സ്ഥാപിക്കേണ്ടതു് ആവശ്യമാകുന്നു.

V മേൽ പറയപ്പെട്ട 1–ം 3–ം നിശ്ചയങ്ങൾ അതാതു ഗവർമ്മെൻറിലേക്കു് അയച്ചുകൊടുക്കുന്നതിനും ഒരു കമ്മീഷൻ മുഖേന അവയിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികൾ നടപ്പിൽ വരുത്തുന്നതിനു് വേണ്ട ഏർപ്പാടുകൾ

Digitized By Kerala Sahitya Akademi

ചെയ്യണമെന്നു് അപേക്ഷിക്കുന്നതിനും പ്രസിഡൻറിനെ ഈ സഭ അധികാരപ്പെടുത്തിയിരിക്കുന്നു.

നായർ സമുദായത്തിൻെറ ക്ഷയാഭ്യുദയങ്ങൾക്കു മേൽപറഞ്ഞ പരിഷ്കാരങ്ങൾ എത്ര മാത്രം ഉപയുക്തങ്ങളാണെന്നു് വിസ്തരിക്കേണ്ട ആവശ്യകതയില്ലല്ലോ. പ്രസ്തുത സമാജ പ്രവർത്തകന്മാരുടെ യോഗ്യതയേയും നായർ സമുദായത്തിൻെറ സ്ഥിതിയേയും ആലോചിച്ചാൽ ഈ പരിഷ്കാരങ്ങളെല്ലാം അടുത്തഭാവിയിൽ തന്നെ നടപ്പിൽ വരുന്നതാണെന്ന ധാരാളം വിശ്വസിക്കാം.

ടി സമാജത്തിൻെറ ഇതേവരെയുള്ള പരിശ്രമത്താൽ നായർ സമുദായത്തിനു പ്രത്യക്ഷവും പരോക്ഷവുമായ പല ഗുണങ്ങളും സിദ്ധിച്ചിട്ടുണ്ടെന്നു് അറിയുന്നതിൽ ഏറ്റവും സന്തോഷിക്കുന്നു. വിശേഷിച്ചു് വൈക്കം, ചേർത്തല, ചെങ്ങന്നൂർ ഈ താലൂക്കുകളിൽ പഞ്ചായത്തു സംഘടനം ഏർപ്പെടുത്തുക, പള്ളിക്കൂടങ്ങൾ സ്ഥാപിക്കുക, വിദ്യാർത്ഥികൾക്കു സാഹായികധനം കൊടുക്കുക, കുട്ടവ്യാപാരക്കമ്പനികൾ ഏർപ്പെടുത്തുക മുതലായി സമുദായക്ഷേമകരങ്ങളായ അനേകം നല്ല പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നു കാണുന്നതു് അത്യന്തം ഉത്സാഹജനകമായിരിക്കുന്നു.

ഈ പ്രവൃത്തികളെല്ലാം ഇത്രവേഗത്തിൽ സഫലമായതു് സമാജോദ്ദേശ്യങ്ങളെ സാധിക്കുന്നതിൽ സന്നദ്ധചിത്തന്മാരും സമുദായസ്നേഹികളും സ്വാർത്ഥപരിത്യാഗികളും ആയി ആ താലൂക്കുകളിലുള്ള ഏതാനും ധനാഢ്യന്മാരുടെ ഹൃദയപൂർവകമായ പരിശ്രമംകൊണ്ടും അനുകരണീയമായ ഔദാര്യവിശേഷംകൊണ്ടും ആണത്രേ സമുദായാഭ്യുന്നതിക്കായി ഈ മാന്യന്മാർ ചെയ്തിട്ടുള്ളതും ചെയ്തവരുന്നതുമായ സ്തുത്യർഹങ്ങളായ കൃത്യങ്ങളെ പരിഗണിച്ചിട്ടു സമാജത്തിൽ നിന്നു് ഇവർക്കു് ഓരോ അഭിനന്ദനപത്രങ്ങളും നൽകിയതും വളരെ ഉചിതമായിരിക്കുന്നു.

ഈ അവസരത്തിൽ സ്വജനങ്ങളോടും രണ്ടു വാക്കു പറഞ്ഞേതായിട്ടുണ്ടു്. മിക്കവാറും എല്ലാ വിഷയങ്ങളിലും നമുക്കു മാർഗ്ഗദർശികളായിത്തീർന്നിട്ടുള്ളതു സമുദായ ക്ഷേമത്തെ നായർ സമുദായക്കാരാണെന്ന പ്രസിദ്ധമാണല്ലോ. ക്ഷേമത്തെ ഉദ്ദേശിച്ചു് അവർ ചെയ്യുന്ന യത്നങ്ങളെ അനുകരിക്കുന്നതിനും അവയുടെ ഫലങ്ങളുടെ ഒരംശത്തെ അനുഭവിക്കുന്നതിനും നമ്മെക്കാൾ സൗകര്യമുള്ള ഒരു അന്യസമുദായം കേരളത്തിലില്ല. അതിനാൽ നായർ സമാജ സമുദായത്തിൻെറ അഭിവൃദ്ധിയിൽ നമ്മെക്കാളും അഭിനന്ദിക്കുന്നവരായി മറ്റാരും ഉണ്ടായിരിക്കുന്നതല്ലെന്നും ഞങ്ങൾക്കു ഉറപ്പായി പറയാവുന്നതാണു്. എന്നു മാത്രമല്ല, കേരളീയ സമാജത്തിൻെറ ദൃഷ്ടാന്തയോഗ്യമായ ജീവിതം നമ്മുടെ ''ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിനും അതിൻെറ പ്രവർത്തകന്മാർക്കും സ്വകൃത്യനിർവഹണത്തിൽ ഉത്തരോത്തരം ഉത്സാഹത്തേയും പ്രതിപത്തിയേയും നൽകുന്നതുമാകുന്നു.

Digitized By Kerala Sahitya Akademi

പ്രസ്തുത യോഗത്തിൽ പാസ്സാക്കപ്പെട്ട നിശ്ചയങ്ങളിൽ പ്രാധാന്യമേറിയതു് ഒന്നാമത്തേതാണല്ലോ. ഈ സംഗതി മരുമക്കത്തായത്തെ ആചരിച്ചുവരുന്ന നമ്മുടെ സ്വജനങ്ങളുടേയും ഗൗരവമേറിയ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാകുന്നു. സമുദായത്തിന്റെ എല്ലാവിധ ശ്രേയസ്സുംകൂടി നമ്മുടെ യോഗത്തിന്റെ പ്രവൃത്തികളെ മാത്രം പ്രതീക്ഷിച്ചിരുന്നാൽ പോരാ, നമ്മുടെ യോഗത്തിന്റെ ഉദ്ദേശ്യങ്ങൾ ക്ഷിപ്രസാദ്ധ്യങ്ങളായിത്തീരണമെങ്കിൽ മുൻ പറഞ്ഞ നായർ പ്രഭുക്കന്മാരെപ്പോലെ സമുദായ സ്നേഹികളും സ്വാർത്ഥപരിത്യാഗികളും ആയ ധനവാന്മാരുടെ ഔദാര്യപൂർവകമായ സഹായവും പ്രയത്നവും അവശ്യം വേണ്ടിയിരിക്കുന്നു. അങ്ങനെയുള്ളവർ നമ്മുടെ സമുദായത്തിൽ തീരെ ഇല്ലെന്നല്ല ഞാൻ പറയുന്നതു്. സമുദായ സ്നേഹികളായ അനേകം ധനവാന്മാർ നമ്മുടെ സമുദായത്തിൽ ഉണ്ടെന്നു ഞങ്ങൾക്കു് അറിയാം. പക്ഷേ അവരുടെ ഔദാര്യവിശേഷം വേണ്ട വിധത്തിലും സന്ദർഭത്തിലും പ്രത്യക്ഷപ്പെടുന്നില്ലെന്നേയുള്ളു. സമുദായ സ്നേഹവും ഔദാര്യവും സ്വജനങ്ങളുടെ യോഗക്ഷേമത്തിനു് ഉപയുക്തമായിത്തീരത്തക്കവണ്ണം പ്രവൃത്തിരൂപമായി പ്രദർശിപ്പിക്കപ്പെടണം. ഈ വിഷയത്തിൽ സ്വജനങ്ങൾ പൂർവാധികം ശ്രദ്ധിക്കുമെന്നു ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു.

വിവേ: 1083 കന്നി

തീയരുടെ ശ്മശാന വഴക്കു്

സമയം കിട്ടുമ്പോളൊക്കെയും ജാത്യസൂയാവിത്തുകളെ വിതപ്പാനുള്ള വാസന ഹിന്ദുക്കളിൽ വലിയ ആളുകളെന്നു പറയുന്നവരുടെ ഇടയിൽക്കൂടി ധാരാളമാണു്. കോഴിക്കോട്ടു മുനിസിപ്പാലിറ്റിയിൽ തീയർക്കു ശ്മശാന സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്ന ഒരു ആവശ്യകത ഈയിടെ നേരിട്ടു. ഹിന്ദുക്കളിൽ പലജാതിക്കാർക്കും, മഹമ്മദീയർ, ക്രിസ്ത്യാനികൾ ഇവർക്കും അവരവരുടെ അവസ്ഥപോലെ മുനിസിപ്പാലിറ്റിക്കാർ മുമ്പുതന്നെ സ്ഥലങ്ങൾ അനുവദിച്ചുകൊടുത്തിരുന്നു. മുനിസിപ്പൽ കൗൺസിലിൽ തീയരായി രണ്ടോ മൂന്നോ മെമ്പർമാർ മാത്രമേയുള്ളൂ. അവർ ഹാജരില്ലാത്ത ഒരു മീറ്റിംഗിലായിരുന്നു (കരുതിക്കൂട്ടി അങ്ങനെ ചെയ്തതു് എന്നുതന്നെയാണു് ഞങ്ങൾ ഉറപ്പായും വിചാരിക്കുന്നതു്) തീയരുടെ ശ്മശാന സ്ഥലംതീർച്ചപ്പെടുത്തിയതു്. മുനിസിപ്പാലിറ്റിയിൽ ജനസംഖ്യയിൽ ഏറ്റവും അധികം തീയരാണു്. അവർക്കു തിരഞ്ഞെടുത്ത ശ്മശാനസ്ഥലം തീയരുടെ സംഘങ്ങൾ കിടക്കുന്ന ഭാഗത്തുനിന്നു നാലഞ്ചുമൈൽ അകലെ കടപ്പുറത്തുള്ള ഒരു പഴയ ഒരു കഴുമരത്തിന്റെ ചുവട്ടിൽ തുറന്നുകിടക്കുന്ന വെളിപ്രദേശത്തിൽ ഒന്നര ഏക്കർസ്ഥലമോ മറ്റോ ആണത്രേ. ഇതിൻമേൽ തീയർക്ഷോഭിക്കുകയും അവരുടെ തലവനായ രാരിച്ചൻമൂപ്പൻ അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥലം ജൂബിലിഹൗൺ ഹാളിൽ ഈ കഴിഞ്ഞ ആഗസ്റ്റു് 23–ാംനു- ഒരു മഹായോഗം കൂടുകയും ചെയ്തു. നാലായിരത്തോളം തീയർ ഹാജരുണ്ടായിരുന്നു. മുനിസിപ്പൽ കൗൺസിലിന്റെ പ്രവൃത്തിയെ സകാരണം ആക്ഷേപിച്ചും തീയക്കുകിട്ടേണ്ട ശ്മശാന

Digitized By Kerala Sahitya Akademi

സ്ഥലങ്ങളുടെ സ്വഭാവത്തെ വിവരിച്ചും മുപ്പൻ അവർകളും മറ്റും കേമമായ പ്രസംഗങ്ങളും ചെയ്കയും നിശ്ചയങ്ങളും പാസ്സാക്കുകയും ചെയ്തു. അതിന്റെ ഫലമായി തീയർക്കു് ശരിയായ ശ്മശാന സ്ഥലങ്ങളും അനുവദിച്ചുകൊടുപ്പാൻ കോഴിക്കോട്ടു മുനിസിപ്പൽ കൗൺസിൽ ഇപ്പോൾ സമ്മതിച്ചിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഈ ക്ഷോഭത്തിനു ഹേതുവാക്കിയ ചിലരുടെ അസൂയ തീയർക്കു് ഉർവശീശാപം ഉപകാരം എന്നമട്ടിൽ ഒരു ഗുണത്തിന്നുകൂടി കാരണമായി തീർന്നിരിക്കുന്നു. അതായതു തീയർ തങ്ങളുടെ പ്രേതങ്ങളെ എല്ലാം ദഹിപ്പിപ്പാൻ നിർബന്ധിതരായിരിക്കുന്നു, തീയർ മലയാളത്തിൽ ഗണിക്കത്തക്ക ഒരു വർഗ്ഗക്കാരാണെന്നും അവരോടു മറ്റുള്ളവർ പ്രവർത്തിക്കുന്നതിനെ കാൺമാൻ അവർക്കു കണ്ണും അവരുടെ നന്മയെപ്പറ്റി ആലോചിപ്പാൻ അവർക്കു ബുദ്ധിയുമുണ്ടെന്നും അവരെ ക്ഷോഭിപ്പിക്കുന്നതു നന്നല്ലെന്നും ചിലർ യോഗ്യന്മാർ ഇനിയും മനസ്സിലാക്കിയിട്ടില്ലെന്നു കാണുന്നതിൽ ഞങ്ങൾ ആശ്ചര്യപ്പെടുന്നു.

വിവേ: 1084 ചിങ്ങം, കന്നി

തിരുവിതാംകൂറിൽ ഈഴവരുടെ ധനസ്ഥിതി

ഏതു ജനസമുദായത്തിന്റെയും പ്രാബല്യം അതിന്റെ ധനസ്ഥിതിയെ മിക്കവാറും അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. സംഖ്യയെ ഒഴിച്ചുള്ള എല്ലാ വിഷയങ്ങളിലും ഒരു സമുദായത്തെ അതിന്റെ ധനം അഭിവൃദ്ധിമാർഗ്ഗങ്ങളിൽ നയിക്കുന്നു. എല്ലാത്തരം വിദ്യാഭ്യാസങ്ങൾക്കും ധനം അത്യന്താപേക്ഷിതമാണു്. മതം, ആചാരം മുതലായ സംഗതികളിലും ധനത്തിന്റെ ശക്തി ഗണ്യമായിട്ടുള്ളതാകുന്നു. അന്യസമുദായങ്ങൾക്കു് അതിനെക്കുറിച്ചു സവിശേഷമായ ബഹുമാനവും ആദരവും ഉണ്ടാക്കിത്തീർക്കുന്നതും ധനമാകുന്നു. ചരിത്രത്തിൽ ഇതിനു് അനേകം ദൃഷ്ടാന്തങ്ങളും ഉണ്ടു്. ഇൻഡ്യയുടെ പന്ത്രണ്ടിൽ ഒരു ഭാഗം മാത്രം വലിപ്പമുള്ള ഗ്രേറ്റ്ബ്രിട്ടൻ ഇൻഡ്യയെ മാത്രമല്ല ലോകത്തിന്റെ അഞ്ചിൽ ഒരു ഭാഗത്തെ ഇന്നു് അനായാസേന ഭരിച്ചുകൊണ്ടു പോരുന്നതിനു സംഗതിയാക്കിയതും പ്രധാനമായി ഇംഗ്ലീഷുകാരുടെ ധനത്തിന്റെ മികപ്പുകൊണ്ടാകുന്നു. ഇംഗ്ലീഷുകാർ ലോകത്തിൽ ഏറ്റവും ധനശക്തിയുള്ള ജാതിക്കാരാണു്. മറ്റുമിക്കരാജ്യക്കാരും പണംപലിശയ്ക്കു് വാങ്ങുന്നതു സാധാരണമായി ലണ്ടനിലെ ബാങ്കുകാരുടെ പക്കൽനിന്നാകുന്നു.

ഇതിൽനിന്നും വെളിവാകുന്നതു ധനത്തിന്റെ വർദ്ധിച്ചുവരുന്ന പ്രാബല്യം അത്രേ. നമ്മുടെ നാട്ടുകാരുടെ ധനം മിക്കവാറും അവരുടെ ഭൂസ്വത്തിന്മേലാകുന്ന സ്ഥിതി ചെയ്യുന്നതു്. തിരുവിതാംകൂറിലെ ഭൂസ്വത്തിന്റെ അധികഭാഗവും നമ്പൂരിമാരുടേയും നായന്മാരുടേയും വകയത്രേ. ഭൂസ്വത്തുക്കൾ ക്രമേണ നായന്മാരുടെ പക്കൽനിന്നും അന്യസമുദായങ്ങളുടെ കൈവശത്തിൽ ചേരുന്നു എന്നുള്ളതിനുവേണ്ട ലക്ഷ്യങ്ങളും ഉണ്ടു്. ഇതിനെ മുഴുവനും തടുക്കാൻ സാധിക്കുന്നതാണെന്നു തോന്നുന്നില്ല. ഭൂസ്വത്തെല്ലാം ജനസമുദായത്തിന്റെ ഒരു ഭാഗക്കാരുടെ പക്കൽമാത്രം ശാശ്വതമായി സ്ഥിതിചെയ്യണമെന്നു പറയു

Digitized By Kerala Sahitya Akademi

ന്നത് ന്യായമായിരിക്കയില്ല. ആ ശാഖയ്ക്ക് പണം കുറയുമ്പോഴോ മറ്റുള്ള വർക്കു ക്രമത്തിലധികം ഉണ്ടാകുമ്പോഴോ ഭ്രൂസ്വത്തുസാധാരണമായി മറ്റുക്രയ വിക്രയ പദാർത്ഥങ്ങളെപ്പോലെ പണം അധികമുള്ളവരുടെ പക്കൽ ചേരുന്നത് സ്വാഭാവികമാകുന്നു.

മരുമക്കത്തായക്കമ്മീഷന്റെ ആവശ്യത്തിലേക്കു തയാറാക്കിയിട്ടുള്ള ചിലകണക്കുകളിൽ നിന്നും നമ്മുടെ ധനസ്ഥിതിയെക്കുറിച്ചു പല രസകരങ്ങളായ അറിവുകളും കിട്ടുന്നുണ്ട്. നായന്മാരെ കഴിച്ചാൽ പ്രധാനമായി ഭ്രൂസ്വത്തിന്റെ ഉടമസ്ഥന്മാർ ക്രിസ്ത്യാനികളും ഈഴവരുമാകുന്നു. നമ്മുടെ നാട്ടുകാരുടെ ധനത്തെ സാധാരണമായി ഉപയോഗിക്കുന്നത് ഭ്രൂസ്വത്തിന്മേലാകുന്നു. ബാങ്കിൽ പലിശയ്ക്ക് ഇടുകയോ കച്ചവടം ചെയ്കയോ ചെയ്യുന്നത് അവർക്കു രുചിപ്രദമല്ല. നായന്മാരുടെ പ്രധാനമായ ധനാഗമമാർഗ്ഗങ്ങൾ സർക്കാർ ഉദ്യോഗവും കൃഷിയുമാകുന്നു. ക്രിസ്ത്യാനികൾക്കു സർക്കാർ ഉദ്യോഗം, കൃഷി, കച്ചവടം, കൈത്തൊഴിൽ ഇവയുമുണ്ട്. 1082 ചിങ്ങംമുതൽ 1083 മകരംവരെ 18 മാസങ്ങൾക്കകം തിരുവിതാംകൂറിൽ നായന്മാർ, ക്രിസ്ത്യാനികൾ, ഈഴവർ മുതലായി ഏതാനും ജാതിക്കാർ എഴുതി വാങ്ങുകയും കൊടുക്കുകയും ചെയ്തിട്ടുള്ള രജിസ്റ്റർ ആധാരങ്ങളുടേയും അവയിൽ കൊണ്ടിട്ടുള്ള അർത്ഥത്തിന്റെയും വിവരത്തിനു് ഒരു കണക്കുതയ്യാറാക്കി മരുമത്തായക്കമ്മിഷന്റെ റിപ്പോർട്ടിന്റെ അനുബന്ധമായി പ്രസിദ്ധപ്പെടുത്തിക്കാണുന്നു.

പ്രധാനപ്പെട്ട ഈ മൂന്നു സമുദായങ്ങളുടെയും ആയവ്യയങ്ങളെ താരതമ്യപ്പെടുത്തുന്നതിനു് ഈ കണക്കു് ഉപകരിക്കുന്നു. പതിനെട്ടുമാസങ്ങൾക്കുള്ളിൽ നായന്മാർ 107,38,070ക.സ്സു് പണയം, ഒറ്റി, വില ഈ ഇനങ്ങളിലായി എഴുതിക്കൊടുക്കയും 88,61,068 ക.സ്സു് എഴുതി വാങ്ങുകയും ചെയ്തിരിക്കുന്നു. അതായതു 18, 77, 002 ക. സ്സു് നായന്മാർ തങ്ങളുടെ വസ്തുക്കളെ പണയപ്പെടുത്തുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്തിട്ടുണ്ടു്. അങ്ങിനെ അവർക്കു ശരാശരി പ്രതിമാസം ഒരുലക്ഷം ഉറുപ്പികസ്സു നഷ്ടം സംഭവിക്കുന്നുണ്ടു്. രണ്ടാമതു ക്രിസ്ത്യാനികളുടെ അവസ്ഥനോക്കാം. ഇവർ 8,6,80,7,71ക.സ്സു് എഴുതിക്കൊടുക്കയും 98,51,778 ക.സ്സു് എഴുതി വാങ്ങുകയും ചെയ്തിരിക്കുന്നു. ഇതിൽനിന്നും ഇവർക്കു 11,71,007ക.സ്സു് നേട്ടമുണ്ടായതായി കാണാവുന്നതാണു്. ഇതു് ഏറ്റവും പ്രശംസാർഹമായിരിക്കുന്നു. നായന്മാർ ആളൊന്നുക്കു 3ക. വീതം നഷ്ടമുണ്ടായപ്പോൾ ക്രിസ്ത്യാനികൾക്കു് ഏകദേശം 2ക. യോളം നേട്ടമുണ്ടായിരിക്കുന്നു. നായർ പ്രമാണികൾ ഈ പരിതാപകരമായ സ്ഥിതിയെ തടുക്കാൻ ഉടനേ നോക്കാതിരിക്കയില്ല.

ഈഴവർ ഈ പതിനെട്ടുമാസങ്ങളിൽ വില ഒറ്റി, പണയം ഈ ഇനങ്ങളിലായി 53,92,860ക.സ്സു് എഴുതിവാങ്ങുകയും 50,98, 476ക.സ്സു് എഴുതിക്കൊടുക്കയും ചെയ്തിട്ടുണ്ടു്. ഇവയിൽ പണയത്തിൽ 80,000ക. യോളം എഴുതിക്കൊടുത്തതു് എഴുതി വാങ്ങിയതിൽ കവിഞ്ഞുനിൽക്കുന്നു. മൊത്തത്തിൽ ഈഴവർക്കു 3,00,000ക. 18 മാസങ്ങൾക്കിടയിൽ സമ്പാദിക്കാൻ കഴിഞ്ഞു എന്നു മേൽ

Digitized By Kerala Sahitya Akademi

കാണിച്ച തുകകളിൽ നിന്നും പ്രത്യക്ഷപ്പെടുന്നു. ജനസംഖ്യയിൽ അഞ്ചിലൊന്നു മുള്ള നമ്മുടെ സമുദായത്തിനു വിശേഷിച്ചും കൃഷിക്കും കൈത്തൊഴിലിനും പ്രസിദ്ധന്മാരെന്നു ശങ്കിക്കപ്പെട്ടിരിക്കുന്ന ഈഴവസമുദായത്തിൽ ഒന്നര വർഷത്തിനുള്ളിൽ ഇത്ര നിസ്സാരമായ ഒരു തുകയേ സമ്പാദിക്കാൻ കഴിഞ്ഞുള്ളു എന്നു കാണുന്നതു് ഒട്ടുംതന്നെ അഭിമാനകരമായിരിക്കുന്നില്ല. ഈ കണക്കുപ്രകാരം നമ്മുടെ സ്വജനങ്ങളിൽ ഓരോരുത്തനും കൊല്ലത്തിൽ 6 അണയും മാസത്തിൽ അരയണയും മാത്രമേ ചിലവു കഴിച്ചു ബാക്കിവയ്ക്കാൻ സാധിച്ചുള്ളു എന്നു വരുന്നു. നായന്മാരുടെ വരവിന്റെയും ചെലവിന്റെയും ഏകദേശം പകുതിയേ ഈഴവരുടെ വരവും ചെലവും ആകുന്നുള്ളു. ജനസംഖ്യയിൽ ഈ രണ്ടു കൂട്ടരും തമ്മിലുള്ള വ്യത്യാസം ഒരു ലക്ഷം മാത്രമാകുന്നു. എങ്കിലും, ആയവ്യയങ്ങളിൽ കാണുന്ന ഈ വലിയ വ്യത്യാസത്തിൽനിന്നും ഊഹിക്കേണ്ടതു് ഈഴവരിൽ മറ്റവരേക്കാൾ കൂടുതൽ നിർദ്ധനന്മാരുണ്ടെന്നാകുന്നു. വിശേഷിച്ചു, വടക്കൻ തിരുവിതാംകൂറിലുള്ള നിർദ്ധനന്മാരായ ഈഴവരുടെ സ്ഥിതിയും സംഖ്യയും അറിയുന്നവർക്കു് ഈ അനുമാനം അടിസ്ഥാനരഹിതമാണെന്നു തോന്നുവാൻ ഇടയില്ല. പുതുക്കിപ്പറയുന്നതായാൽ നമ്മുടെ ധനാഗമ മാർഗ്ഗങ്ങൾ അനേകങ്ങൾ ആണെങ്കിലും, സാധാരണ വിശ്വസിക്കപ്പെട്ടുപോരുന്നതുപോലെ നാം ഐശ്വര്യാഭിവൃദ്ധിയെ പ്രാപിക്കുന്നില്ലെന്നു വെളിപ്പെടുന്നു. നമുക്കു ധനത്തെ സംബന്ധിച്ചിടത്തോളം ഉള്ളഭിവൃദ്ധി കേവലം നാമമാത്രമേ ആയിരിക്കുന്നുള്ളു. ന്യായമായി പണം സമ്പാദിക്കാവുന്ന എല്ലാ മാർഗ്ഗങ്ങളിലും നമുക്കുപ്രവേശിക്കാവുന്നതാണു്. തിരുവിതാംകൂറിലെ കൈത്തൊഴിലിന്റെ ഒരു ഗണ്യമായ ഭാഗം നമ്മുടെകൈവശമാകുന്നു. കച്ചവടവും ഇല്ലെന്നില്ല. ഉത്സാഹവും സ്വാശ്രയബുദ്ധിയും ഉണ്ടായിരുന്നുവെങ്കിൽ ഫലം കുറേക്കൂടി തൃപ്തികരമായിരുന്നു. ക്രിസ്ത്യീയ സമുദായത്തിന്റെ—വിശേഷിച്ചും സുറിയാനികളുടെ—വിദ്യാഭ്യാസം, ധനം ഇവ സംബന്ധിച്ചുള്ള അഭിവൃദ്ധി എത്രയും ശ്ലാഘാവഹവും ഈഴവരാൽ അനുകരണീയവുമാകുന്നു. അവർ എല്ലാവിഷയങ്ങളിലും കാണിച്ചുവരുന്ന നിസ്തന്ദ്രമായ പരിശ്രമശീലവും വിജയത്തിലുള്ള നിർബന്ധവും അവരുടെ പ്രകാശമാനമായ ഭാവിയുടെ ഉറപ്പായ ലക്ഷ്യങ്ങളാണു്. അതേ അവരെപ്പോലെ ബുദ്ധിപൂർവകവും അക്ഷീണവുമായി പരിശ്രമിക്കുന്ന യാതൊരു സമുദായത്തിന്റെയും ഭാവിയെപ്പറ്റി അന്യഥാചിന്ത ഉണ്ടായിരിക്കേണ്ടതില്ല. അവരെപ്പോലെതന്നെ നമുക്കും സകലസ്വാതന്ത്ര്യങ്ങളുമുണ്ടു്. അവയെ വേണ്ട വിധത്തിൽ ഉപയോഗിക്കാൻ നാം ശ്രമിച്ചാൽ മതിയാകും. നമ്മുടെ ഇപ്പോഴത്തെ ധനസ്ഥിതി പറയത്തക്കവണ്ണം തൃപ്തികരമായിരിക്കുന്നില്ലെന്നു മേൽ കാണിച്ചുവല്ലോ. വാസ്തവത്തിൽ നമ്മുടെ ഗതിമുന്നോട്ടുതന്നെയാണെങ്കിൽ അതു് അപജയകരമാകത്തക്കവണ്ണം അത്ര മന്ദമാകുന്നു. നമ്മുടെ ഈ ആപൽക്കരമായ അലസതയെമാറ്റി അഭിവൃദ്ധിയെ ത്വരിതമാക്കുന്നതിനുസമുദായസ്നേഹികളും ശ്രമിക്കേണ്ടകാലം എത്രയും വൈകിയിരിക്കുന്നു.

വിവേ: 1084 മകരം

Digitized By Kerala Sahitya Akademi

ഒരു കലഹം

തിരുവിതാംകൂറിൽ ഈയിടെ പറയത്തക്ക സമുദായ മത്സരവും ലഹളയും ഒന്നുമില്ലതന്നെ. ഏതു വർഗ്ഗത്തിലും വിദ്യാഭ്യാസമുള്ള യോഗ്യന്മാർ ഇപ്പോൾ ഇതരവർഗ്ഗക്കാരുടെ ന്യായമായ ഉന്നമനശ്രമങ്ങളിലും, ആചാര പരിഷ്കരണാദികളിലും അനുകമ്പയുള്ളവരായാണ കാണുന്നതു്. ഈ സ്ഥിതി തിരുവിതാംകൂറിനെ പൊതുവിൽ നല്ല നിലയിൽ കൊണ്ടുവരുന്നതിലേക്ക് ഏറെറവും സഹായിക്കുമെന്നുള്ളതു നിരാക്ഷേപമാണല്ലോ. ഈ സ്ഥിതിയുടെ നിലനിലപ്പിലും ക്രമമായ മുന്നോട്ടുള്ള ഗതിയിലുമാണു് നമ്മുടെ രാജ്യത്തിന്റെ ഭാവി ശ്രേയസ്സു് ഏറെറവും താങ്ങി നിൽക്കുന്നതെന്നും പറയേണ്ടതില്ലല്ലോ. തിരുവിതാംകൂറിലെ പ്രജകളിൽ പ്രമാണികരും നായന്മാരാകുന്നു. രാജ്യത്തിന്റെ പൊതുക്ഷേമത്തെ സംബന്ധിച്ച സംഗതികളിൽ എല്ലാപ്രകാരത്തിലും സഹായിക്കേണ്ടതു് അവരുടെ മുറയാകുന്നു. അവരിൽ വിദ്യാഭ്യാസയോഗ്യതയുള്ള പലരും ഇപ്പോൾ ഈ ഉത്തരവാദം അറിഞ്ഞുനടക്കുന്നവരാണെന്നുള്ളതിലും ഞങ്ങൾക്കു പക്ഷാന്തരമില്ല. എന്നാൽ ഉൾനാടുകളിൽ ഇപ്പോഴും ചില സന്ദർഭങ്ങളിൽ വിദ്യാഭ്യാസമില്ലാത്ത നായർ ഗൃഹസ്ഥന്മാർ അവിവേക പൂർവമായ ജാതി വൈരത്തിനു വശംവദരായി തങ്ങൾക്കും അന്യർക്കും നാട്ടിനും ദോഷമുണ്ടാകുന്നതായ ചില ദുഷ്ടാന്തങ്ങൾ അറിവാനിടയാകുന്നുണ്ടു്.

കഴിഞ്ഞ ഏതാനും മാസങ്ങളായി ചെങ്ങന്നൂർ താലൂക്കിൽ ആലാ എന്ന സ്ഥലത്തു് ഈ മാതിരി ഒരു സംഭവം നടന്നുകൊണ്ടിരിക്കുന്നു. എസ്. എൻ. ഡി. പി. യോഗത്തിന്റെ കീഴിലായി സ്ഥലത്തെ ഈഴവക്കു് ഒരു സമാജമുണ്ടു്. അതു മുഖേന ആചാരപരിഷ്കരണ സംബന്ധമായി താലികെട്ടു നിർത്തൽ ചെയ്ക പരിഷ്കൃതവിവാഹരീതി നടപ്പിൽകൊണ്ടു വരിക മുതലായ ചില സംഗതികൾക്കു് ഈഴവർ ശ്രമിച്ചു. സ്ഥലത്തു പ്രാബല്യം നായന്മാക്കാണു്. അവരിൽ പ്രമാണികനായ ചേന്നു് ഏതാനും ഈഴവരെ പറഞ്ഞു കബളിപ്പിച്ചു സംഘവിരോധമുണ്ടാക്കാൻ ശ്രമിക്കയും ഒടുവിൽ അതു് ഒരു ലഹളയായി പരിണമിക്കുകയും ചെയ്തു. ഇപ്പോൾ നായന്മാരുടെ ശല്യത്താൽ ഈഴവർ മിക്കവാറും ആസ്ഥലത്തുനിന്നു കുടിയിളക്കി പോകേണ്ടതായ സങ്കടങ്ങൾ നേരിട്ടിരിക്കുന്നു. വിളവഴിക്ക, പിടിച്ചുപറിക്ക, പുരതീവയ്ക്കുക, തല്ലുക, പ്രാണാപഹരണത്തിനു ശ്രമിക്കുക ഇത്യാദി ഉപദ്രവങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. യോഗം ആഫീസിൽ നിന്നു വിവരങ്ങൾ പോലീസ് കമ്മീഷണർക്കും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനും അറിവു കൊടുക്കുകയും ടി അധികൃതന്മാർ വേണ്ടതു് പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ടു്. എന്നാൽ സമീപത്തെ വിദ്യാഭ്യാസ യോഗ്യതയുള്ള നായർ പ്രമാണികൾ വല്ലവരും സാമമായി ഈ കലഹം ശമിപ്പിപ്പാൻ ഉദ്യമിച്ചെങ്കിൽ സംഗതി കുറെക്കൂടി തൃപ്തികരമായും വേഗത്തിലും, ശരിയാവാൻ ഇടയുണ്ടെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. അതുകൊണ്ടു ഞങ്ങൾ അങ്ങിനെയുള്ളവരുടെ അനുകമ്പാപൂർവമായ ശ്രദ്ധയെ ഈ വിഷയത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

വിവേ: 1088 മിഥുനം, കർക്കടകം

Digitized By Kerala Sahitya Akademi

പുലയരുടെ സങ്കടം 1

മഹാമനസ്കനായ രാജഗോപാലാചാരി അവർകൾ തന്റെ ഭരണകാലത്തു് ഇവിടെ ചെയ്തിട്ടുള്ള ഏറ്റവും അഭിനന്ദനീയമായ പരിഷ്കാരങ്ങളിൽ ഒന്നാണു പുലയരെ ഉയർത്തിക്കൊണ്ടുവരാൻ ചെയ്ത ശ്രമം. ഇതിനായി അദ്ദേഹത്തെ എത്രതന്നെ സ്തുതിച്ചാലും അധികമായിപ്പോകുന്നതല്ല. എന്നാൽ അദ്ദേഹത്തിന്റെ വേർപാടോടുകൂടി പുലയരുടെ നേക്കുള്ള ഉയർന്ന വർഗ്ഗക്കാരുടെ അനുകമ്പയ്ക്കു ഗണ്യമായ ഹാനി നേരിട്ടിരിക്കുന്നതായി അറിയാൻ ഇടയാകുന്നതിൽ ഞങ്ങൾ ഏറ്റവും വ്യസനിക്കുന്നു. പുതിയ ദിവാൻജിയുടെ ആഗമനത്തോടുകൂടി ഉന്നാട്ടിലുള്ള ജനങ്ങളിൽ ചിലരെല്ലാം ദിവാൻജി അവർകൾ തങ്ങളുടെ സ്വന്തം വകയാണെന്നും അതുകൊണ്ടു തങ്ങൾക്കിഷ്ടമായ ഏതുകാര്യമായാലും വേണ്ടില്ല—അബദ്ധമോ സുബദ്ധമോ—വീണ്ടുവിചാരമില്ലാതെ ചെയ്യേക്കുമെന്നുള്ള വ്യാമോഹത്താൽ പുലയരെ പള്ളിക്കൂടങ്ങളിൽ ചേർത്തുകൂടാ എന്ന ഹർജികൾ എഴുതിക്കൊണ്ടു ചെല്ലുകയും, ബുദ്ധിമാനും വിശാലഹൃദയനുമായ അദ്ദേഹം തനിക്കു സഹജമായി എല്ലാവരോടുമുള്ള സരളമധുരമായ രീതിയിൽ പറയുന്ന മറുപടികൾ കേട്ടു കാര്യം സാധിച്ചു എന്നു കരുതുകയും ചെയ്യുവരുന്നതായി കേൾക്കുന്നു. ഈ ഹർജിക്കാരെപ്പറ്റിയല്ല ഞങ്ങൾ ആശ്ചര്യപ്പെടുന്നതു്. അവരേക്കാൾ വിദ്യാഭ്യാസവും മാനസപരിഷ്കാരവും സിദ്ധിച്ചിട്ടുണ്ടെന്നു വിചാരിക്കപ്പെടേണ്ട അവരുടെ ഗ്രന്ഥനേതാക്കളേയും അവരെ ധൈര്യപ്പെടുത്തുന്ന ചില പത്രപ്രവർത്തകന്മാരേയും പറ്റി ആകുന്നു. അതിരിക്കട്ടെ, പുലയർ മഹാരാജാവു തിരുമനസ്സിലെ പ്രിയപ്പെട്ട ഹിന്ദുപ്രജകളിൽ സംഖ്യകൊണ്ടു മൂന്നാമത്തെ വർഗ്ഗക്കാരാണു്. ഈശ്വരഭയവും മതാഭിമാനവുമുണ്ടെങ്കിൽ മറ്റെല്ലാ ഹിന്ദുപ്രജകളുടേയും ഹൃദയപൂർവമായ അനുകമ്പയ്ക്കും സഹകരണത്തിനും അവർ എന്നും പാത്രമായിരിക്കേണ്ടതാകുന്നു. നേരേ മറിച്ചു വീണ്ടും അവരെ ചവിട്ടിത്താഴ്ത്താൻ കാലുയർത്തുന്നതു മനുഷ്യോചിതമല്ലാത്ത ക്രൗര്യവുമാണു്. ഇവർ ഒന്നുകൂടി വിചാരിക്കേണ്ടതാകുന്നു. ഇവരുടെ ചാത്തനും ചടയനും ഇന്നു പ്രാതിരിയുടെ അടുക്കൽപോയി പേരുമാറ്റി നാളെ ജാണം ജാസ്സുമായി മടങ്ങിവന്നാൽ അവരുടെ നേരേയുള്ള ഇവരുടെ ഭാവന എന്തായിരിക്കും? അതുകൊണ്ടു് അവരെ സ്നേഹിക്കാൻ കഴിഞ്ഞില്ലെങ്കിലും ദ്വേഷിക്കാതിരിക്കണം; സഹായിപ്പാൻ കഴിഞ്ഞില്ലെങ്കിലും ഉപദ്രവിക്കാതിരിക്കണം: അതാണു മനുഷ്യത്വം, അതാണു വിവേകം. പുലയരെ ഇനിയും ദ്രോഹിച്ചാൽ അവരില്ലാതാകും. ചത്തൊടുങ്ങുകയല്ല. ചാകാതെ ഒടുങ്ങും, അന്യമതക്കാരായിത്തീരും; പിന്നെ ഇവർ മേൽ ജാതിക്കാരെന്നു ഞെളിയുന്നതെങ്ങനെ? ഈ കഴിഞ്ഞ ജനസംഖ്യയിൽ തന്നെ പുലയരുടെ സംഖ്യ അതിനു മുമ്പിലത്തേതിനേക്കാൾ കുറഞ്ഞുപോയിട്ടുണ്ടു്. ഇപ്പോൾ 1,85,314 പുലയർ മാത്രമേ തിരുവിതാംകൂറിലുള്ളു. ഇതിനു മുമ്പിലത്തെ സംഖ്യ 2,06,503 ആയിരുന്നു. മറ്റു സമുദായങ്ങളുടെ സംഖ്യ വർദ്ധിക്കുകയും ഇവരുടേതു കുറയുകയും ചെയ്യുന്നതിന്റെ കാരണമന്വേഷിച്ചു നാം എവിടെ എങ്കിലും പോകേണ്ടതുണ്ടോ? ഇതിനെ സംബന്ധിച്ചു ഗവർമ്മെന്റി

Digitized By Kerala Sahitya Akademi

നോട്ടുള്ള ഞങ്ങളുടെ വിനയപൂർവമായ നിവേദനം ഇതാണ്. താണവർഗ്ഗ ക്കാരെ ഉയർത്തുവാൻ എപ്പോഴും ദുഷ്ടവയ്ക്കുണ്ടായ നല്ല ഗവർമ്മെൻറിന്റെ മുറയാകുന്നു. അതുകൊണ്ട് ഉയർച്ചയ്ക്കായുള്ള അവരുടെ ശ്രമത്തെ ഏതെങ്കിലും പ്രകാരത്തിൽ തടയുകയോ അധൈര്യപ്പെടുത്തുകയോ ചെയ്യുന്ന യാതൊരു സംഗതിയിലും ഗവർമ്മെൻറ് അനുകൂലിപ്പാൻ പാടില്ലെന്നു പറയേണ്ടതില്ലല്ലോ. പിന്നെ അഭിവൃദ്ധി മാർഗ്ഗത്തിൽ കയറി വരുന്ന താഴ്ന്ന വർഗ്ഗക്കാരെ പിന്നോക്കം ഓട്ടിക്കുന്ന നയം ഇക്കാലത്തു് ഒരു പ്രകാരത്തിലും നീതീകരിക്കത്തക്കതായിരിക്കയില്ലെന്നുള്ളതു നിശ്ചയവുമാകുന്നു. അതുകൊണ്ടു പുലയരുടെ പുതിയ സങ്കടത്തിൽ പുതിയ ഗവർമ്മെൻറിന്റെ ദയാദൃഷ്ടിയെ ഞങ്ങൾ ഏറ്റവും സഹതാപപൂർവം ക്ഷണിച്ചുകൊള്ളുന്നു.

വിവേ: 1089 മേടം, ഇടവം

പുലയരുടെ സങ്കടം 2

ഇതിനെപ്പറ്റി ഞങ്ങൾ കഴിഞ്ഞതവണ പ്രസ്താവിച്ചിരുന്നതു വായനക്കാർ ഓർക്കുമെന്നു വിശ്വസിക്കുന്നു. പുലയരുടെ നേരേയുള്ള പുതിയ ഗവർമ്മെൻറിന്റെ നില രാജഗോപാലാചാരി അവർകളുടെ കാലത്തേതിനെ അപേക്ഷിച്ചു് ഒട്ടും അനുകമ്പ കുറഞ്ഞതല്ലെന്നു് ഇപ്പോൾ തുറന്നു പറയാൻ കഴിയുമെന്നായതിൽ ഞങ്ങൾക്കു് ചാരിതാർത്ഥ്യം തോന്നുന്നു. ഇതിനു വിപരീതമായി ജനങ്ങളുടെ ഇടയിൽ ഒരു തെറ്റിദ്ധാരണ പരന്നതു് സമസൃഷ്ടി സ്നേഹമില്ലാത്ത ചില യോഗ്യന്മാരുടെ ദുർമ്മോഹ ഫലമാണെന്നും, അവർ പറഞ്ഞു നടക്കുന്ന പോലെ ഒന്നും ഗവർമ്മെൻറു് അറിഞ്ഞിട്ടുള്ളതല്ലെന്നും ഞങ്ങൾ പുലയസഹോദരങ്ങളേയും അവരുടെ അഭിവൃദ്ധിയിൽ നിഷ്കപടമായ അനുകമ്പയുള്ള എല്ലാവരേയും അറിയിച്ചുകൊള്ളുന്നു. ഞങ്ങളുടെ കഴിഞ്ഞ തവണത്തെ ലേഖനത്തെ വിശാലഹൃദയനായ നമ്മുടെ ദിവാൻജി അവർകൾ ഈയിടെ മുഖാവിൽ സംസാരിച്ച കൂട്ടത്തിൽ ഈ സംഗതിയുടെ അടിസ്ഥാനമില്ലായ്മയെപ്പറ്റി അദ്ദേഹം ഞങ്ങളെ അറിയിക്കുകയും നേരേമറിച്ചു് സകല ജാതിമതസ്ഥന്മാരുടേയും ക്ഷേമാഭിവൃദ്ധിയിൽ അദ്ദേഹത്തിനു് ഒന്നു പോലെയുള്ള അകൈതവമായ താല്പര്യത്തെപ്പറ്റി ഞങ്ങളോടു ഉറപ്പുപറയുകയും ചെയ്തിരിക്കുന്നു. ഈ നയം അദ്ദേഹത്തിന്റെ സകല പ്രവൃത്തികളിലും സ്പഷ്ടമായി പ്രതിഫലിച്ചു കാണുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. പുലയരും ആരും തന്നെ പുതിയ ഗവർമ്മെൻറിന്റെ നയത്തെപ്പറ്റി ചിന്തിച്ചു് ഭയപ്പെടേണ്ടതില്ല.

വിവേ: 1089 മിഥനം, കർക്കടകം

സ്വജനങ്ങൾ അറിവാൻ

മാന്യസഹോദരരേ, പുലയരുടെ സ്വാതന്ത്ര്യപ്രവേശനത്തിലും മറും നമ്മിൽ ചിലർ കൂടി തടസ്സക്കാരാണെന്നും അവരെ നിർദ്ദയമായി ആട്ടിയോടുന്ന മറു്

Digitized By Kerala Sahitya Akademi

ഉയർന്ന വർഗ്ഗക്കാരോടൊത്തു് നമ്മളിൽ ചിലരു് ചില ദിക്കിലെല്ലാം ചേർന്നു നിൽക്കുന്നു എന്നും ബലമായി ഒരപവാദം ഉള്ളതായി അറിയുന്നതിൽ ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു. ഇതു വെറും ഏഷണിക്കാർ പരത്തുന്ന അപവാദമാണെന്നു് ഞങ്ങൾക്കു വിശ്വസിപ്പാൻ തരമില്ല. വല്ലതും അടിസ്ഥാനം ഇതിനില്ലാതിരിക്കുകയില്ല. ജാത്യഭിമാനപ്പിശാചു പിടിപെടാത്ത ജീവികളുടെ സംഖ്യ കുറയുമല്ലോ. അതുകൊണ്ടു നിങ്ങളും അഭിമാനം നടിക്കുന്നതായിരിക്കാം. ധനം, വിദ്യാഭ്യാസം, നാഗരികത മുതലായ ലൌകിക പ്രഭാവങ്ങൾ ഇവയുടെ മേൽ കീഴിനെ അടിസ്ഥാനമാക്കിയാണല്ലോ മനുഷ്യർ തമ്മിൽ അഭിമാനത്തിനു വശംവദരായി പക്ഷിമൃഗാദികളെക്കാൾ നീചമായ വിധത്തിലുള്ള ഈ സമസൃഷ്ടിദ്വേഷം കാണിക്കുന്നതു്. അതുകൊണ്ടു മറ്റുള്ളവരെപ്പോലെ നിങ്ങൾക്കും പുലയരോടു വെറുപ്പുതോന്നുന്നതു് സ്വാഭാവികമാണെന്നുവരുന്നേക്കാം. എന്നാൽ പ്രിയ സഹോദരരേ, നിങ്ങൾ ചിന്തിച്ചുനോക്കുവിൻ! മച്ചിക്കു പ്രസവവേദനയിൽ കനിവു തോന്നുന്നില്ലെങ്കിൽ അതിനെപ്പറ്റി ആരും വിസ്മയിക്കാറില്ല. പത്തു പ്രസവിച്ച ഒരമ്മയ്ക്കു് തന്റെ ഇളയ സഹോദരിയുടെ പ്രസവവേദനയിൽ അനുകമ്പയല്ല കൌതുകമാണു തോന്നുന്നതെങ്കിൽ അതിനെപ്പറ്റി വിസ്മയിക്കാത്തവരും കാണുകയില്ല. ഉയർന്ന ജാതിക്കാർ നിങ്ങളുടെ മുതുകിൽ ചവിട്ടിച്ചതച്ച വ്രണം ഇനിയും ഉണങ്ങാൻ കാലമായില്ലല്ലോ. അതിനിടയിൽ നിങ്ങൾ അതെല്ലാം മറന്നു് അവരെ സഹായിക്കുകയും നിങ്ങളെക്കാൾ കഷ്ടപ്പെടുന്ന ഈ സാധുക്കളെ വീണ്ടും ദ്വേഷിക്കുകയും ചെയ്യാനാണു് ഒരുങ്ങുന്നതെങ്കിൽ നിങ്ങൾക്കു തിരിച്ചറിവുണ്ടോ? ഈശ്വരഭയമുണ്ടോ? വിശേഷിച്ചു് ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമിതൃപ്പാദങ്ങൾക്കു് പുലയരോടും ഉയർന്നതോ താണതോ ആയ സർവവർഗ്ഗക്കാരോടുമുള്ള തുല്യമായ മമതയേയും അനുകമ്പയേയും പറ്റി നിങ്ങൾ അറിയുന്നില്ലേ? കരുണാനിധിയായ മഹാരാജാവു തിരുമനസ്സിലേക്കു് അവിടത്തെ സകല പ്രജകളും ഒന്നുപോലെ ആണെന്നുള്ള വസ്തുതയും നിങ്ങൾ അറിയുന്നില്ലേ? വിശേഷിച്ചു് നിങ്ങളുടെ യോഗക്ഷേമത്തിനായി രാപ്പകൽ അദ്ധ്വാനിക്കുന്ന സമുദായ സ്നേഹികളായ യോഗം പ്രവർത്തകന്മാർ എല്ലാവരുടേയും, ഞങ്ങളുടേയും ഉദ്ദേശ്യം പാടുള്ളപ്പോഴെല്ലാം നമ്മെക്കാൾ സാധുക്കളായവക്കു കഴിയുന്ന സഹായം ചെയ്യുകയാണെന്നുള്ള പരമാർത്ഥം നിങ്ങൾ അറിഞ്ഞിട്ടുള്ളതല്ലേ? പ്രിയ സഹോദരരേ, നിങ്ങളിൽ താഴ്ന്നവരെ നിങ്ങൾ സഹായിച്ചില്ലെങ്കിൽ ഉയർന്നവരുടെ സഹായത്തിനു നിങ്ങൾ ഒരിക്കലും അർഹരാകുന്നതല്ല. ഇതു് മനുഷ്യന്റേയും ഈശ്വരന്റേയും. പുരാതനമായ നിയമമാകുന്നു. പുലയരെ സഹായിപ്പിൻ, അവരുടെ ഗതി തന്നെ നിങ്ങളുടേയും ഗതി എന്നു കരുതുവിൻ. സ്വാമിതൃപ്പാദങ്ങൾ ഇങ്ങനെ കല്പിച്ചിരിക്കുന്നു:—

''അയലുതഴപ്പതിനായതിപ്രയത്നം
നയമറിയും നരനാചരിച്ചിടേണം.''

വിവേ: 1089 മിഥുനം, കക്കടകം

Digitized By Kerala Sahitya Akademi

പുലയർ—(കൊച്ചി)

എത്രതന്നെ വിദ്യാഭ്യാസവും വിവേകവും വർദ്ധിച്ചിട്ടും നമ്മുടെ രാജ്യക്കാർ ഇതുവരെ സമസൃഷ്ടികളെ തിരിച്ചറിഞ്ഞു സ്നേഹിപ്പാൻ പഠിച്ചിട്ടില്ലെന്നുള്ളതിനു് ഒരു നല്ല ദൃഷ്ടാന്തമാണു് കേരളത്തിലെ പുലയരുടെ തൽക്കാല സ്ഥിതി. എന്നാൽ പരിഷ്കൃത രീതിയിലുള്ള വിദ്യാഭ്യാസവും വിശാലമായ ലോകപരിജ്ഞാനവും അതിന്റെ ഗുണഫലങ്ങളെ ഇന്നല്ലെങ്കിൽ നാളെ നിശ്ചയമായും നൽകുമെന്നുള്ളതിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളിലൊന്നാണു് ഈയിടെ ചില മഹാമനസ്കന്മാർ അവിടവിടെ ഈ എളിയ ജാതിക്കാരുടെ ഉദ്ധരണത്തിനായി ചെയ്തുകൊണ്ടിരിക്കുന്ന അകൈതവമായ യത്നങ്ങൾ. തിരുവിതാംകൂറിൽ എന്നപോലെ തന്നെ കൊച്ചിയിലും പുലയരുടെ സംഖ്യ വലുതാണു്. അവിടെ അവരുടെ സമുദായസ്ഥിതിയും തിരുവിതാംകൂറിലെ സ്ഥിതിയോടു് ഏറക്കുറെ തുല്യംതന്നെ. എന്നാൽ അടുത്തകാലത്തു തിരുവിതാംകൂറിലെ പുലയർ സമാജങ്ങൾ സ്ഥാപിച്ചു സമുദായോന്നതിക്കു വേണ്ട ശ്രമങ്ങൾ ചെയ്തു തുടങ്ങിയതോടുകൂടി നമ്മുടെ ഗവർമ്മെൻറിന്റെ ദയാദൃഷ്ടിക്കു് അവരുടെ ആശംസകളും പ്രയത്നങ്ങളും വിഷയമാകയും ഗവർമെൻറു് അവർക്കു ചില ആനുകൂല്യങ്ങൾ പ്രത്യേകം ചെയ്തുതുടങ്ങുകയും ചെയ്തു. അതോടുകൂടി ഇവിടത്തെ പുലയരുടെ സ്ഥിതിക്കു ഗണ്യമായ ഒരു മാറ്റം ഉണ്ടാകയും അടുത്ത ഭാവിയിൽ അവർ ഒരു നല്ല നിലയിൽ എത്തുന്നു ലക്ഷണം കണ്ടുതുടങ്ങുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ കൊച്ചിയിലെ പുലയ പ്രജകളും സമാജങ്ങൾ സ്ഥാപിച്ചു പ്രയത്നിപ്പാൻ തുടങ്ങിയിരിക്കുന്നതായറിയുന്നതു് ഞങ്ങൾക്കു് ഏറ്റവും സന്തോഷാവഹമായ ഒരു സംഗതിയാകുന്നു. അവിടത്തെ പുലയരുടെ നേതാവായ മിസ്റ്റർ കൃഷ്ണാതി ഞങ്ങൾക്കു പരിചിതനായ ഒരു യോഗ്യനും മതവിഷയത്തിൽ ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങളിലെ ഉപദേശം ലഭിച്ചിട്ടുള്ള ഒരു സാത്വികനുമാണു്. ഇക്കഴിഞ്ഞ വൃശ്ചികം 7—ാംനു- ഞാറ്റുൽ എന്ന സ്ഥലത്തുവച്ചു നടന്ന അവരുടെ ഒരു മഹായോഗത്തിൽ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് അഗ്രാസനം വഹിക്കയും രണ്ടു മൂന്നു കൊച്ചു തമ്പുരാക്കന്മാർ ഹാജരായിരിക്കയും ചെയ്തുവത്രേ. ഈ രാജകുമാരന്മാരുടെ ഉചിതമായ പ്രവൃത്തിയെ ഞങ്ങൾ ഏറ്റവും അഭിനന്ദിക്കുന്നു. സമുദായക്കല്പടയിൽ ഏറ്റവും താണുനിൽക്കുന്നവരെ ഉയർത്താൻ ഏറ്റവും ഉയർന്നു നിൽക്കുന്നവരാണു് ഇറങ്ങേണ്ടതെന്നുള്ള സംഗതി ഞങ്ങൾക്കു് അനുഭവൈദ്യമാകുന്നു. ടി മഹായോഗത്തിൽ കൊച്ചി ഗവർമ്മെൻറു് പുലയരുടെ മേൽഗതിക്കുവേണ്ടി ചെയ്യേണ്ട പല സാരമായ സംഗതികളെപ്പറ്റിയും നിശ്ചയങ്ങൾ പാസ്സാക്കിയിട്ടുണ്ടു്. ഗവർമ്മെൻറിന്റെ ദയാദൃഷ്ടി നിശ്ചയമായും ആ വിഷയങ്ങളിൽ പതിയുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരെ പൊക്കിക്കൊണ്ടുവരുന്നതിനു തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്വാൻ എപ്പോഴുമൊരുക്കമുള്ളവരായി നമ്മുടെ നാട്ടിലുള്ള ചുരുക്കം ചില യഥാർത്ഥ സമുദായ പരിഷ്കാരപ്രിയന്മാരിൽ ഒരാളാണു

Digitized By Kerala Sahitya Akademi

ടി. കെ. കൃഷ്ണമേനോൻ (ബി. ഏ. എം. ആർ. ഏ. എസ്.) അവർകൾ. കൊച്ചിയിലെ പുലയ സമാജ കാര്യത്തിൽ അദ്ദേഹവും ദുഷ്ടിവച്ചിരിക്കുന്ന സ്ഥിതിക്കു് അതു നിശ്ചയമായും ഒരു നല്ല നിലയിൽ എത്താനിടയുള്ളതാണു്. ഞങ്ങൾ മിസ്റ്റർ കൃഷ്ണാതി മുതൽപേരുടെ ഈ ശ്രമത്തെ സർവാത്മനാ അഭിനന്ദിക്കയും സമാജത്തിനു സർവവിജയവും ആശംസിക്കയും ചെയ്യുന്നു.

വിവേ: 1090 വൃശ്ചികം

പുലയരും ലഹളയും

കഴിഞ്ഞ ഏതാനും മാസങ്ങളായി ഇവിടത്തെ പുലയരുടെ മേൽ ഗവർമ്മെൻറിന്റെ ദുഷ്ടി അതിനു മുമ്പുണ്ടായിരുന്നതു അനുകമ്പയോടുകൂടിപ്പതിയുന്നില്ലെന്നു പുലയർക്കും മറ്റുള്ളവർക്കും തോന്നിത്തുടങ്ങിയിരിക്കുന്നു. ഇതിനെപ്പറ്റി ഈ പംക്തികളിൽ ഇതിനു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുള്ളതും ഗവർമ്മെൻറിന്റെ നയത്തെപ്പറ്റിയുള്ള ഈ സംശയം അടിസ്ഥാനമില്ലാത്തതാണെന്നു ഞങ്ങൾ അറിവിച്ചിട്ടുള്ളതുമാണു്. എന്നാൽ പുലയരുടെ സങ്കടത്തിനു് ഇപ്പോൾ വാസ്തവത്തിൽ വർദ്ധനയുണ്ടുള്ളതെന്നു മാത്രമല്ല അവരുടെ ഇപ്പോഴത്തെ സങ്കടാവസ്ഥ സഹിക്കത്തക്കതല്ലാത്തതായും തീർന്നിരിക്കുന്നതായറിയുന്നതിനാൽ ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു. നെയ്യാറ്റുങ്കര ഊരൂട്ടമ്പലം എന്ന സ്ഥലത്തെ പെൺപള്ളിക്കൂടത്തിൽ ചേർത്തു പഠിപ്പിക്കുന്നതിനു ഡിപ്പാർട്ടുമെൻറനുവാദത്തോടുകൂടി പെൺകുട്ടികളെ കൊണ്ടുചെന്ന ഏതാനും പുലയരെ നായന്മാരിൽ ചിലർ ചേന്നു തല്ലുവാൻ തുടങ്ങി. ആ തല്ലു് ഇപ്പോൾ ഭയങ്കര ലഹളയായി വർദ്ധിച്ചു് ആ താലൂക്കു മുഴുവൻ മാത്രമല്ല അടുത്ത താലൂക്കുകളിലും പടർന്നു പിടിച്ചിരിക്കുന്നതായും കാണുന്നു. പുലയക്കെതിരായി ഇപ്പോൾ ലഹള നടത്തുന്ന ആളുകളുടെ താങ്ങായി നിൽക്കുന്നതു് സ്ഥലത്തെ ചില നായർ ഗൃഹസ്ഥന്മാരാണെന്നും അവരുടെ ചാർച്ചയും വേഴ്ചയും പ്രേരണയും വർഗ്ഗസ്നേഹവും ജാത്യസൂയയുംകൊണ്ടു് മജിസ്ട്രേട്ടും പോലീസുകാർ മുതലായ എല്ലാ സർക്കാർ ഉദ്യോഗസ്ഥന്മാരും പുലയർക്കു വിരോധമായി നിർദ്ദയമായും നീചമായും പ്രവർത്തിച്ചുവരുന്നതായും പുലയരുടെ നീതിക്കായിട്ടുള്ള നിലവിളി മിക്കവാറും വനരോദനമായിത്തീരുന്നതായും കേൾക്കുന്നതു ശരിയാണെങ്കിൽ ഈ അരാജകത്വത്തെപ്പറ്റി ഞങ്ങൾ ആശ്ചര്യപ്പെടുന്നു. ഗൃഹസ്ഥന്മാരും ഉദ്യോഗസ്ഥന്മാരുമായി സ്ഥലത്തുള്ള നായന്മാരുടെ പ്രേരണയാലും അവരുടെ പ്രീതിക്കുവേണ്ടിയും ചുരുക്കം ചില വിവരമില്ലാത്ത ഈഴവരും മഹമ്മദീയർ മുതലായ പല വർഗ്ഗക്കാരും ഉൾപ്പെട്ടിട്ടുണ്ടെന്നും കേൾക്കുന്നു. സാധുക്കളായ പുലയർ മറ്റുപല വർഗ്ഗക്കാരുടേയും ഒന്നിച്ചുള്ള കോപത്തിനും ക്രൂരതയ്ക്കും ലാക്കാകത്തക്കവണ്ണം എന്തൊരു മഹാപാപമാണു പ്രവർത്തിച്ചതെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. കണ്ണിൽക്കണ്ട പുലയരെ എല്ലാം ഒരു തരം തെമ്മാടികളായ ചെറുപ്പക്കാർ ഓടിച്ചുപിടിച്ചു തല്ലുകയും കഠിനമായദേഹോപദ്രവം ഏൽപ്പിക്കയും ചെയ്യുന്നതായും അവരിൽ പലരും പാങ്ങോട്ടു പട്ടാളത്തിൽ

Digitized By Kerala Sahitya Akademi

നിന്നും കള്ളമായി ഹാജർവെച്ചുകൊണ്ട് ചില മേലധികാരികളുടെ ഗ്രഥാന വാദത്തോടുകൂടി രാത്രികാലങ്ങളിലും മറ്റും ഇതിനായി പുറത്തു സഞ്ചരിക്കുന്ന ചില പുത്തൻ പട്ടാളത്തിൽക്കാർ ആണെന്നും പുലയന്മാരും മറ്റു ചിലരും പ്രസ്താവിച്ചു വരുന്നു. ലഹള തുടങ്ങി ഒരാഴ്ചയോളം കഴിഞ്ഞതിൽ പിന്നീട് മാത്രമേ എന്തെങ്കിലും അന്വേഷണം ഉദ്യോഗസ്ഥന്മാർ നടത്തീട്ടുള്ളൂ. നടത്തിയ അന്വേഷണത്തെപ്പറ്റിത്തന്നെ വളരെ ആക്ഷേപയോഗ്യമായ വിവരങ്ങളാണ് ഞങ്ങൾക്കറിവാൻ ഇടയായിട്ടുള്ളത്. പുലയരെ തല്ലുക, അവരുടെ കുടിലുകളും ഭവനങ്ങളും കൊള്ളയിടുക, തീവയ്ക്കുക, ജംഗമ വസ്തുക്കളെ അപഹരിച്ചുകൊണ്ടുപോവുക, സ്ത്രീകളെ ദേഹോപദ്രവം ചെയ്യുക, മാനഭംഗപ്പെടുത്തുക എന്നു വേണ്ട പറവാനും ചിന്തിക്കാനും പാടില്ലാത്ത അകൃത്യങ്ങൾ തന്നെ പുലയരോട് ലഹളക്കാർ പ്രവർത്തിച്ചിരുന്നു. ഇങ്ങിനെ ലഹള നടക്കുന്ന സമയത്ത് ചില പോലീസുദ്യോഗസ്ഥന്മാരും മജിസ്ട്രേട്ട മുതലായ അധികൃതന്മാരും അവർക്ക് പ്രച്ഛന്നവേഷം കൂടുവായിട്ടായിരുന്നു വർത്തിച്ചതെന്നറിയുന്നു. പ്രജകളിൽ എല്ലാവർഗ്ഗക്കാരുടെയും സമാധാന പാലനം ചെയ്വാനുദ്ദേശിച്ചു നിയമിച്ചിരിക്കുന്ന ഈ വകക്കാർ തന്നെ ഇങ്ങിനെ പ്രത്യക്ഷമായി—അവർക്ക് വിശേഷിച്ചു പ്രത്യേക അനുകമ്പയ്ക്കു പാത്രമാകേണ്ട എളിയ വർഗ്ഗക്കാർക്ക്—ശത്രുക്കളായിത്തീരുകയാണെങ്കിൽ ഗവർമ്മെൻറിന്റെ കീഴിൽ നാനാജാതി മതസ്ഥരായ പ്രജകൾക്ക് എങ്ങിനെ ക്ഷേമമായിവർത്തിപ്പാൻ കഴിയും? അങ്ങനെയുള്ള ഒരു നാട്ടുരാജ്യത്തിനു് നിഷ്പക്ഷമായി ന്യായം നടത്താൻ ദീക്ഷിച്ചിരിക്കുന്ന ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ മേധാവിത്വത്തിൽ എന്തു പ്രതിഷ്ഠ ലഭിപ്പാൻ കഴിയും? ഈ ലഹളയുടെ ഒക്കെ അടിസ്ഥാനം നായന്മാരിൽ ചിലർ ഗവർമ്മെൻറു മുഴുവൻ തങ്ങളുടെ അധീനതയിൽ ആയിപ്പോയി എന്നും തങ്ങൾ നിശ്ചയിക്കുന്നതെല്ലാം തന്നെയാണ് മേലാൽ ലായും ചട്ടവുമൊക്കെയെന്നും വിചാരിക്കയും പറകയും ചെയ്ത പൊതുജനങ്ങളുടെ ഇടയിൽ ഒരു ചീത്ത ധാരണ ഉണ്ടാക്കിയിരിക്കുന്നതിന്റെ ഫലമാണെന്നുള്ളതും രഹസ്യമല്ല. ഈ ധാരണയെ പരിഹരിപ്പാൻ വേണ്ടതു ദിവാൻജി അവർകൾ പ്രത്യേകം ദൃഷ്ടി വച്ചു് ഇനിയെങ്കിലും പ്രവർത്തിക്കാത്ത പക്ഷം സംഗതികൾ ഇതിനേക്കാൾ പരിതാപകരമായ പതനങ്ങളിൽ ചെന്നു ചാടാവുന്നതാണു്.

വിവേ: 1090 വൃശ്ചികം

എസ്. എൻ. ഡി. പി. യോഗവും പ്രവൃത്തികളും

എസ്. എൻ. ഡി. പി. യോഗത്തെ സ്നേഹിക്കാത്തവർ നമ്മുടെ സമുദായക്ഷേമകാംക്ഷികളിൽ ആരെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. യോഗത്തിന്റെ ആവിർഭാവവും സ്ഥിതിയും പ്രയത്നങ്ങളും മൂലം സമുദായത്തിനു് പല വിധത്തിലുണ്ടായിട്ടുള്ള ഗുണങ്ങളെപ്പറ്റി ആർക്കും ഭിന്നാഭിപ്രായം ഉണ്ടാവാൻ തരമില്ല. സമുദായത്തിന്റെ ഭാവിഗുണങ്ങൾ യോഗത്തിന്റെ തുടർന്നു കൊണ്ടുള്ള അഭിവൃദ്ധിയോടു വളരെ സംബന്ധിച്ചിരിക്കുമെന്നുള്ളതു് നമ്മുടെ

Digitized By Kerala Sahitya Akademi

സമുദായത്തിൽ മാത്രമല്ല അന്യസമുദായങ്ങളിലുമുള്ള ദീർഘദർശികളായ യോഗ്യന്മാർ എല്ലാം കാണുകയും പ്രസ്താവിക്കയും ചെയ്യുവരുന്ന വസ്തുതയുമാകുന്നു. അതുകൊണ്ടു് നമ്മുടെ ജനങ്ങളും സമുദായത്തിന്റെ രക്ഷയ്ക്കും അഭിവൃദ്ധിക്കുമായി യോഗത്തെ സ്നേഹിക്കേണ്ടതു് ആവശ്യമായും ഇരിക്കുന്നു. യോഗത്തെ സ്നേഹിക്കുക എന്നാൽ എന്താണു്? ഇതിനു പല ഉത്തരങ്ങളും ഉണ്ടാവാം. എങ്കിലും മുഖ്യമായിട്ടുള്ളതു രണ്ടാണു്. (1) യോഗത്തിന്റെ പ്രവൃത്തികളിൽ സഹകരിക്കുക. (2) അതിന്റെ നിശ്ചയങ്ങളെ അനുസരിക്കുക. ഇവ രണ്ടുമോ ഇവയിൽ ഏതെങ്കിലുമൊന്നോ ചെയ്യാതെ യോഗത്തെ സ്നേഹിക്കുന്നു എന്നു പറഞ്ഞാൽ അതു വെറും പൊള്ളയാണു്, അല്ലെങ്കിൽ വെറുംവാക്കു മാത്രമാണു്. നാം എല്ലാവരും മനസ്സുകൊണ്ടും ശരീരംകൊണ്ടും ഒന്നിച്ചുകൂടുന്ന ഒരു സമൂഹത്തെയാണു് നമ്മുടെ യോഗമെന്നും, ആ സമൂഹം നമ്മുടെ എല്ലാം മനസ്സുകളും കൈകളുംകൊണ്ടു പ്രവർത്തിക്കുന്ന പ്രവൃത്തികളെയാണു് യോഗത്തിന്റെ പ്രവൃത്തികളും എന്നും നാം പറയുന്നതെന്ന വസ്തുതയെ വിസ്മരിച്ചുകൂടാ. ഭിന്നരുചിയും ഭിന്നാഭിപ്രായവും മനുഷ്യനു സഹജമായ ഒരു ദോഷമോ ഗുണമോ ആണു്. ആ വിരുദ്ധ സ്വഭാവത്തിൽ നിന്നു പൊതു സംഗതികൾക്കു ഹാനിതട്ടരുതെന്നുവച്ചാണു് സമൂഹങ്ങളിൽ ഒരാളെയോ പലരെയോ ഭൂരിപക്ഷാഭിപ്രായമനുസരിച്ചു നടത്തിപ്പിനായി തെരഞ്ഞെടുത്തുവച്ച സമുദായത്തിന്റെ പ്രാതിനിദ്ധ്യത്തിൽ സംഗതികൾ നിർവഹിക്കുന്നതു്. നമ്മുടെ യോഗത്തിൽ ഈ തെരഞ്ഞെടുപ്പു കൊല്ലംതോറും മുടങ്ങാതെ ചെയ്യുവരുന്നതുകൊണ്ടു് അതിന്റെ പൊതുപ്രാതിനിദ്ധ്യത്തെപ്പറ്റി നമുക്കു ഒരിക്കലും സംശയത്തിനു വകയില്ല. അതുകൊണ്ടു് നമ്മേയും നമ്മുടെ അഭിവൃദ്ധിയേയും നാം സ്നേഹിക്കുന്നു എന്നു പറയുന്നതു തന്നെ ആകുന്നു യോഗത്തെ സ്നേഹിക്കുന്നു എന്നു പറയുന്നതും. അപ്പോൾ നാം അതിന്റെ പ്രവൃത്തികളെ നിശ്ചയമായും സഹായിക്കേണ്ടതും അതിന്റെ നിശ്ചയങ്ങളെ അവശ്യം അനുസരിക്കേണ്ടതുമാകുന്നു.

സംഗതികൾ എന്തെല്ലാമായാലും ന്യായങ്ങൾ ഏതൊക്കെത്തന്നെ ആയാലും ''താൻ പിടിച്ച മുയലിനു കൊമ്പു മൂന്നു''ണ്ടെന്നും, തന്റെ അഭിപ്രായത്തെ മറ്റെല്ലാവരും ശരിവച്ചേ തീരൂ എന്നും ശഠിക്കയും ഗർവിക്കയും ചെയ്യുന്ന ഒരു തരക്കാർ മനുഷ്യവർഗ്ഗത്തിൽ എവിടെയും കാണും. ഈ ശാഠ്യം അല്ലെങ്കിൽ ഭ്രാന്തു് മൂത്താൽ അവർ ''എലിയെവെറുത്തു് ഇല്ലം ചുടാൻ'' കൂടി മടിക്കയില്ല. അവരുടെ പ്രാഭവം ഏതു തന്നെയായാലും, ബുദ്ധിയുള്ളവർക്കു് അവരെ എളുപ്പത്തിൽ കണ്ടു പിടിപ്പാൻ കഴിയും. അതുകൊണ്ടാണു് വിദ്യാഭ്യാസമുള്ള സമുദായങ്ങളിൽ അത്തരക്കാരുടെ തലപൊങ്ങിക്കാണാത്തതു്. ഈ സംഗതിയും നമ്മുടെ ഓർമ്മയിൽ ഇരിക്കണം. പൊതുക്കാര്യങ്ങളുടെ നടപ്പിനോ അഭിവൃദ്ധിക്കോ തടസ്സം കണ്ടാൽ അതിന്റെ അടിസ്ഥാനം ഒരു മാർഗ്ഗത്തിൽ അല്ലെങ്കിൽ മറ്റൊരു മാർഗ്ഗത്തിൽക്കൂടി നോക്കിയാൽ അവരാണെന്നു പലപ്പോഴും കാണും. അതുകൊണ്ടു് അവരെ പാട്ടിനു വിടേച്ചു് നാം നമ്മുടേയും സമുദായത്തിന്റേയും ഗുണത്തിനായി ബുദ്ധിപൂർവമായും സ്നേഹ

Digitized By Kerala Sahitya Akademi

ത്തെ മുൻനിറുത്തിയും അരയും തലയും മുറുക്കി ഇറങ്ങി പ്രവർത്തിക്കേണ്ടതാകുന്നു. സമുദായത്തിന്റെ ഉന്നതിക്കായി പുതിയ നിശ്ചയങ്ങളെ അനുസരിച്ചു പ്രവർത്തിക്കുന്നതിൽ പല അസൌകര്യങ്ങളും ക്ലേശങ്ങളും ചിലപ്പോൾ നഷ്ടങ്ങൾ തന്നെയും സംഭവിച്ചേക്കുമെന്നുള്ളതു സമ്മതിക്കാം. എന്നാൽ നാം ആ പ്രവൃത്തിയെ സ്നേഹിക്കുന്നു എങ്കിൽ അതൊന്നും നാം അറികയില്ല. അറിഞ്ഞാൽ വകവയ്ക്കുകയുമില്ല. ക്ലേശങ്ങളുടെ താഡനങ്ങളെ തടുക്കുന്നതിനു് ഏറ്റവും ശക്തിയേറിയ പരിചയാകുന്നു സ്നേഹം. പൊതുക്കാര്യങ്ങളിൽ ഉണ്ടാകാവുന്നതിനെക്കാൾ വലുതായ ഏതു കുടുംബസംബന്ധമായ ക്ലേശവും സഹിച്ചു് മർത്യർ രാപ്പകൽ ഒന്നു പോലെ പണിയെടുത്തു കഷ്ടപ്പെടാറുള്ളതിനെ അവർ അറിയാത്തതു് ഭാര്യാപുത്രാദികളിലുള്ള കലശലായ സ്നേഹം നിമിത്തമാണല്ലോ. യോഗത്തിന്റെ പ്രവൃത്തികളെ സഹായിക്കുന്ന ക്രമത്തെപ്പറ്റി പലതും പറയാനുണ്ടു്. അതിനെ വായനക്കാരുടെ ചിന്തയ്ക്കു വിട്ടിട്ടു് തൽക്കാലം നിശ്ചയങ്ങളെ അനുസരിച്ചു നടക്കുന്നതിനെപ്പറ്റി രണ്ടുവാക്കു പറഞ്ഞവസാനിപ്പിച്ചുകൊള്ളുന്നു. തിരുവനന്തപുരത്തു വച്ചു നടന്ന ഇക്കഴിഞ്ഞ പൊതുയോഗത്തിൽ നമ്മുടെ പൊതുനന്മയെ ഉദ്ദേശിച്ചു് പല നിശ്ചയങ്ങളും പാസ്സാക്കീട്ടുണ്ടു്. അവയിൽ പ്രധാനമായ ചിലവയെ എടുത്തു കാണിക്കാം. ശിവഗിരിയിൽ തക്കതായ വിധത്തിൽ ഒരു മഹാദേവക്ഷേത്രം നിർമ്മിക്കുന്നതിനായി ഒരു കമ്മിറ്റി നിശ്ചയിച്ചു. താലികെട്ടു് അശേഷം നിറുത്തൽചെയ്വാനും പുതിയവിവാഹരീതിനടപ്പിൽ വരുത്താനും എല്ലാവരും നിഷ്കർഷിക്കേണ്ടതാണെന്നു തീരുമാനിച്ചു. സമുദായത്തിന്റെ ധനസ്ഥിതി നന്നാക്കാനും ഐകമത്യവും വിശ്വാസവും വർദ്ധിപ്പിക്കാനുമായിസഹകരണ സംഘങ്ങൾ സ്ഥാപിക്കേണ്ടതാണെന്നു് ഉപദേശിച്ചു. നമ്മുടെ ക്ഷേത്രങ്ങളിൽ വല്ലതിലും ഇപ്പോൾ പ്രാണിഹിസകം നടക്കുന്നുണ്ടെങ്കിൽ അവയെ അശേഷം നിർത്തൽ ചെയ്തു് സാത്വികാരാധനക്രമംനടപ്പാക്കാൻ നിഷ്കർഷിച്ചു. സമുദായത്തിന്റെ ദയനീയമായ വിദ്യാഭ്യാസ സ്ഥിതിയെ നന്നാക്കുന്നതിൽ എല്ലാവരുടേയും ദൃഷ്ടിയെ ക്ഷണിച്ചു. പ്രധാന വിദ്യാലയങ്ങളുള്ള സ്ഥലങ്ങളിൽ നമ്മുടെ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി വിദ്യാർത്ഥി സത്രങ്ങൾ സ്ഥാപിക്കുന്ന വിഷയത്തിൽ അതാതു സ്ഥലത്തുള്ള സജ്ജനങ്ങൾ മുൻനിന്നു് വേണ്ട ശ്രമങ്ങൾ ചെയ്യേണ്ട ആവശ്യകതയെ ചൂണ്ടിക്കാണിച്ചു. യോഗത്തിന്റെ ഉദ്ദേശ്യങ്ങളെ നടപ്പിൽ വരുത്തുന്നതിനു് ദേശസഭകൾ അത്യന്തം ഉപയുക്തങ്ങളായിരിക്കുമെന്നുള്ളതിനാൽ വിവേകോദയത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള അതിന്റെ നിബന്ധനകളിൽ ആവശ്യമായ ഭേദഗതികൾ ചെയ്തു് അപ്രകാരമുള്ള സഭകൾ വീണ്ടും നടപ്പാക്കുന്ന വിഷയത്തിൽ ജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചു. ഇവയെല്ലാം നമ്മുടെ പലമാതിരിയുള്ള അഭിവൃദ്ധികൾക്കു് ആവശ്യപ്പെട്ട സംഗതികളാണെന്നു പറയേണ്ടതില്ലല്ലോ. ഇവയെ നടപ്പിൽ വരുത്തുന്ന

Digitized By Kerala Sahitya Akademi

തിനുള്ള ഭാരം നമ്മിൽ ഓരോരുത്തരിലുമാണിരിക്കുന്നത്. അതിനാൽ ഓരോരുത്തരും ആവിഷയത്തിൽ കഴിയുന്നതെപ്പോഴും ഉടയപൂർവം ചെയ്വാൻ ഉടനേ നോക്കേണ്ടതാണെന്നു പൊതുവിൽ ഓർമ്മിപ്പിക്കയും അപേക്ഷിക്കയും ചെയ്തുകൊണ്ടു തൽക്കാലം വിരമിക്കുന്നു.

വിഭവം: 1090 ഇടവം, മിഥുനം

പെരിനാട്ടെ ലഹള

മിസ്റ്റർ അയ്യൻകാളിയുടെ കീഴിൽ സമുദായ പരിഷ്കരണ സംബന്ധമായ പ്രവൃത്തികൾ ചെയ്തു കൊല്ലത്തും മറ്റും സഞ്ചരിക്കുന്ന മിസ്റ്റർ ഗോപാലദാസ് ഒരു നല്ല പ്രാസംഗികനും സമർത്ഥനുമാണെന്നാണു ഞങ്ങളുടെ അറിവു്. പ്രാക്കുളം മുതലായ സ്ഥലങ്ങളിൽ മിസ്റ്റർ ഗോപാലദാസ് പല സഭകളും കൂട്ടി പുലയരുടെ ഇടയിൽ വലിയ പ്രസംഗങ്ങളും ചെയ്കയും ആചാരപരിഷ്കരണ സംബന്ധമായി ഈയിടെ സാരമായ പലതും പ്രവർത്തിക്കയും സ്ഥലത്തെ നായർ പ്രമാണികളും ഈഴവ പ്രമാണികളും അതിനൊക്കെ വേണ്ട ഒരുക്കങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തിരുന്നതായറിഞ്ഞു ഞങ്ങൾക്കു വളരെ ഉത്സാഹം തോന്നി. എന്നാൽ മിസ്റ്റർ. ഗോപാലദാസിനും കൂട്ടർക്കും പെരിനാട്ടുണ്ടായ അനുഭവം ഞങ്ങളെ അത്യന്തം വ്യസനിപ്പിക്കുന്നു. തുലാം 10–ാംനു- കാലത്തു പെരിനാട്ടു ചെറുമൂടു് എന്ന സ്ഥലത്തു രണ്ടായിരത്തിൽപരം പുലയർ ചേർന്നു് ഒരു മഹാസഭ നടത്തിയ സന്ദർഭത്തിൽ വികൃതികളായ ചില നായർ യുവാക്കന്മാർ മിസ്റ്റർ ഗോപാലദാസിനേയും മറ്റും അടിച്ചു ദ്രോപദ്രവം ചെയ്തു പുലയരുടെ സദസ്സുടക്കാനായി ആയുധപാണികളായി കടന്നുചെല്ലുകയും ആ സംരംഭം ഒരു വലിയ ലഹളയായി കലാശിക്കയും ചെയ്തിരിക്കുന്നു. ചവിട്ടിയാൽ കടിക്കാത്ത പാമ്പില്ലല്ലോ. വിഷമില്ലാത്ത പാമ്പുകളും കൂടിയും ചവിട്ടുന്ന ''കുതികാലിൽ'' പല്ലുകൊള്ളിപ്പാൻ നോക്കുന്നതു സ്വാഭാവികമത്രേ. അതുകൊണ്ടു് പുലയരും പ്രതികാരബുദ്ധികൾക്കുവശംവദരായി ചില അവിവേകങ്ങളും പ്രവർത്തിക്കയും അതിന്റെ ഫലമായി ഇരുകക്ഷിയിലും ഏതാനും പേർക്കു കഠിനമായ പരുക്കുകളും മുറിവുകളും ഏൽക്കുകയും ചില നായർ ഗൃഹങ്ങളും നശിക്കുകയും പുലയരുടെ വസതികളും എല്ലാം വലിയ വൈദികനാണെങ്കിലും അശ്രദ്ധവും ജാതിഭേദവുമില്ലാത്ത ഭഗവാൻ ഹവ്യവാഹനനു് ഇരയായിത്തീരുകയും ചെയ്തിരിക്കുന്നു. കഷ്ടം! ഒന്നു രണ്ടു 'ചട്ടമ്പി'മാരുടെ ദുസ്സാമർത്ഥ്യം നിമിത്തം എത്ര ആളുകൾക്കു് എന്തെല്ലാം കഷ്ടനഷ്ടങ്ങളാണു സംഭവിച്ചിരിക്കുന്നതു്. സൂക്ഷിച്ചുനോക്കിയാൽ ലോകത്തു നടക്കുന്നതും നടന്നിട്ടുള്ളതുമായ പ്രക്ഷോഭകരങ്ങളായ കലഹങ്ങൾക്കൊക്കെ കാരണം ഇങ്ങനെയുള്ള ദുസ്സാമർത്ഥ്യമാകുന്നു. 'ഒരുത്തൻ പാപകർമ്മം ചെയ്യുമ്പോൾ ഫലം പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെത്തെട്ടും' എന്നുള്ളതു നിശ്ചയമാണു്.

Digitized By Kerala Sahitya Akademi

ഒന്നുവിചാരിച്ചാൽ ലഹള ഒരു വലിയ 'സമുദായ പരിഷ്കാരി'യാണു്. ലഹളകൊണ്ടു ചിലപ്പോൾ ചില ഗുണങ്ങളും ചിലഅറിവുകളും ലോകത്തിനു സിദ്ധിക്കാറുണ്ടു്. ഏതാണ്ടു് ഒരു പത്തുകൊല്ലങ്ങൾക്കുമുമ്പു് ഈ നാട്ടുകളിൽ ഒരു ഉയർന്ന ജാതിക്കാരൻ എന്നു പറയുന്നവനെ താഴ്ന്ന ജാതിക്കാരൻ എന്നു പറയുന്നവൻ തല്ലിയാൽ ജാതി ഭ്രഷ്ടായി. അതു പ്രായശ്ചിത്തമില്ലാത്ത ഒരു ഭ്രഷ്ടു കൂടിയുമായിരുന്നു. ഈഴവർതന്നെ ഈ ഭ്രഷ്ടു വലിയ കാര്യമായി ഗണിച്ചു വന്നിരുന്നതായി ഞങ്ങൾക്കറിയാം. ഇപ്പോഴും കുഗ്രാമങ്ങളിൽ ഈ ഭ്രഷ്ടു നടപ്പില്ലയോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ പുതിയ പരിഷ്കാരത്തിന്റെ പ്രവേശനത്തോടുകൂടി ജാതിവഴക്കു മുഴുത്തു തമ്മിൽ തല്ലാരംഭിച്ചു നടപ്പായതിനുശേഷം ഇപ്പോൾ ഏതു് ഉയർന്ന ജാതിക്കാരനേയും ഏതു താഴ്ന്ന ജാതിക്കാരൻ തന്നെ തല്ലിയാലും—ഏതു എല്ലു നുറുങ്ങത്തവണ്ണം തല്ലിയാലും—അതുകൊണ്ടു് ജാതിഭ്രഷ്ടു് ഇല്ലെന്ന തീർച്ചയായിക്കഴിഞ്ഞിരിക്കുന്നു. ജാതിമര്യാദ സംബന്ധിച്ചു നടപ്പിലിരിക്കുന്ന കോഡുകൾ എത്ര അയഞ്ഞവയാണെന്നും വേണമെങ്കിൽ അവയെ ഇനിയും എത്രതന്നെ അയയ്ക്കുന്നതിനും വിരോധമില്ലെന്നും ഈ വസ്തുത നമ്മെ നല്ലവണ്ണം പഠിപ്പിക്കുന്നില്ലയോ? 'ലഹള' ദൂരെ നിലയ്ക്കേണ്ടവരെ തമ്മിൽ കൂട്ടിമുട്ടിക്കുന്നു; തൊടാൻ പാടില്ലാത്തവരെ തൊടുവിപ്പിക്കുന്നു; അവരുടെ അംഗങ്ങളെ തമ്മിൽ മർദ്ദിപ്പിക്കുന്നു; എന്നു വേണ്ടാ, ക്രൂരൽ കൂടാതെ പാരസ്പര്യം മാംസരക്തങ്ങളിൽകൂടി കടന്നുപെരുമാറിപ്പിക്കുന്നു. ഹാ! ലഹളേ! മനുഷ്യജാതിയിൽപെട്ട ഏതുവർഗ്ഗക്കാരോടും പരസ്യമായി പന്തിഭോജനംചെയ്യുന്ന മഹായോഗ്യന്മാരായ സർ സി. ശങ്കരൻനായർ, ജസ്റ്റിസു് സദാശിവഅയ്യർ തുടങ്ങിയുള്ളവരെക്കൂടി ലജ്ജിപ്പിക്കുന്ന പുതിയ സമുദായ പരിഷ്കാരിയാണു നീ. പക്ഷേ ആ മഹാന്മാരുടെ നേർക്കുള്ളസ്നേഹബഹുമാനങ്ങൾ ഞങ്ങൾക്കു നിന്നിൽ തോന്നാറില്ല.

ലഹള കഴിഞ്ഞതോടുകൂടി പുലയർ പ്രാണരക്ഷയ്ക്കുവേണ്ടി പെരിനാടുമുതലായ സ്ഥലങ്ങൾവിട്ടു ദൂരദേശങ്ങളിൽ ഓടിപ്പോകയും അധികംപേർ പാതിരിമാരെ ശരണം പ്രാപിക്കയും ചെയ്തു. ഓടിപ്പോയ ആളുകൾക്കു തിരിയെവന്നാൽ പാർപ്പാൻ ഇടമില്ലെങ്കിലും സമാധാനഭംഗം നേരിടാതിരിക്കത്തക്കവണ്ണം ഗവർമ്മെൻറു് ഉടനേതന്നെ തൃപ്തികരമായ വ്യവസ്ഥചെയ്തിരിക്കുന്നതായറിയുന്നതിൽ സന്തോഷിക്കുന്നു. നമ്മുടെ ഇപ്പോഴത്തെ പോലീസു് അദ്ധ്യക്ഷൻ ഋഷിയെപ്പോലെ പരിശുദ്ധനും സമദർശിയുമായ കെ. പത്മനാഭൻതമ്പി അവർകളാകയാൽ നെയ്യാറ്റുങ്കര ലഹളയിൽനിന്നു് എന്നപോലെ ഈ ലഹളയിൽനിന്നു നിരപരാധന്മാക്കു് ഉപദ്രവമുണ്ടാകുന്നതല്ലെന്നും ലഹളയുടെ ചരിത്രം തന്നെ ഒടുവിൽ കീഴ്മേൽ മറിഞ്ഞുപോകുന്നതല്ലെന്നുമുള്ളതു നിശ്ചയംതന്നെ. തക്ക ആളുകളെ തിരഞ്ഞെടുത്തു് ഉത്തരവാദമുള്ള ഉദ്യോഗങ്ങളിൽ നിയമിക്കുന്നതുകൊണ്ടു മാത്രം തന്നെ എത്ര സുഖവും സമാധാനവും സംതൃപ്തിയുമാണു് ജനങ്ങൾക്കുണ്ടാവാൻ ഇടയുള്ളതു്.

വിവേ: 1091 തുലാം

Digitized By Kerala Sahitya Akademi

കേരളീയ നായർസമാജ പ്രവർത്തകൻമാരോട് ഒരു വാക്ക്

മാന്യരേ,

നിങ്ങളുടെ ഇക്കൊല്ലത്തെ മഹായോഗം കോഴിക്കോട്ടുവച്ചു ഭംഗിയായി കൊണ്ടാടാൻ ബഹു: കെ. പി. രാമൻ മേനോൻ തുടങ്ങിയുള്ള യോഗ്യന്മാർ അത്യുത്സാഹം ചെയ്തു വരുന്നതറിഞ്ഞു് പൊതുജനക്ഷേമകാംക്ഷികളായ കേരളീയർ മുഴുവൻ ഉൽക്കണ്ഠിതരായിരിക്കുന്ന സമയമാണിതു്. ഈ അവസരത്തിൽ സമാജത്തിൻറെ തലസ്ഥാനത്തുവച്ചു തുലാം 21–ാംനു കൂടിയ സമാജാംഗങ്ങളുടെ പൊതുയോഗത്തിൽ നിങ്ങളിൽ ചിലർ ഉണ്ടാക്കിയ 'കശപിശ'കൾ നിങ്ങളുടെ പാണ്ഡിത്യത്തിനും സ്ഥിതിക്കും ഉത്തരവാദിത്വത്തിനും അടുത്തതാണോ എന്നു ലോകം ചോദിക്കുന്നു. നിങ്ങൾ കേരളീയ ഹിന്ദുക്കളിൽ എല്ലാംകൊണ്ടും മുന്നണിയിൽ നിൽക്കുന്ന സമുദായത്തിൻറെ നേതാക്കളാണു്. 'യദ്യദാചരതി ശ്രേഷ്ഠസ്തത്തദേവേതരേ ജനാഃസ യൽ പ്രമാണം കുരുതേ ലോകസ്തദനുവർത്തതേ'' എന്നതത്രത്തെ നിങ്ങൾ സ്മരിക്കാഞ്ഞതിൽ ഞങ്ങൾ വ്യസനിക്കുന്നു. ജനങ്ങൾക്കു നല്ലതിൽ വാസന ചുരുക്കവും ചീത്തയിൽ വാസനാധിക്യവുമാകുന്നു. ഏതു കാര്യത്തേയും സാധിപ്പാൻ പണിയുള്ളതും ബാധിപ്പാൻ പ്രയാസമില്ലാത്തതുമാകുന്നു. സമാജംകൊണ്ടു നിങ്ങൾ നായർ സമുദായത്തിനു പ്രത്യക്ഷമായി ചെയ്യുന്ന ഗുണങ്ങളെക്കാൾ അധികം ഗുണം അതുകൊണ്ടു് നിങ്ങളെ കണ്ടുപഠിപ്പാൻ സന്നദ്ധരായ ഇതരസമുദായങ്ങൾക്കു പരോക്ഷമായി ലഭിക്കുന്നുണ്ടെന്നു ഞങ്ങൾക്കൊക്കെയറിയാം. നിങ്ങൾക്കും അറിയാമെന്നാണു ഞങ്ങളുടെ വിശ്വാസം. അതുകൊണ്ടു് നിങ്ങളുടെ ഉത്തരവാദിത്വത്തെപ്പറ്റി നിങ്ങൾ തന്നെ ദയചെയ്തു ഓർമ്മിക്കുവിൻ. ക്ഷണികങ്ങളായ മനോവികാരങ്ങൾക്കു വശംവദരായി ക്ഷോഭിച്ചു അന്തഃഛിദ്രമുണ്ടാക്കി ഒരു മഹാസ്ഥാപനത്തെ ഉടച്ചു കളഞ്ഞാൽ നിങ്ങളുടെ ആ ദുഷ്ടാന്തം പിന്നിൽ നിൽക്കുന്നവരിൽകൂടി പടർന്നുപിടിച്ചു ജനസാമാന്യത്തിൻറെ ക്ഷേമാഭിവൃദ്ധിക്കു ശാശ്വതമായ ഹാനിയുണ്ടാക്കാൻ മതിയാകുന്നതാകുന്നു. കഴിഞ്ഞതു കഴിഞ്ഞു. ഇനിയെങ്കിലും കഴിയുന്ന വേഗത്തിൽ സംഗതികളെ ശരിപ്പെടുത്തേണ്ടതു നിങ്ങളുടെ കർത്തവ്യമാകുന്നു. കുറ്റക്കാരെ ആരാഞ്ഞറിഞ്ഞു ശിക്ഷിപ്പാനല്ല നോക്കേണ്ടതു്, കുറ്റങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അവയെ കണ്ടുപിടിച്ചു പരിഹരിപ്പാൻ മാത്രമാണു്. ഞങ്ങളുടെ സ്നേഹബഹുമാനപൂർവമായ ഈ എളിയ അപേക്ഷയെ നിങ്ങൾ സദയം ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

വിവേ: 1091 തുലാം

Digitized By Kerala Sahitya Akademi

മിശ്രഭോജന ബഹളം

ബോംബെ, മദ്രാസ് മുതലായ പ്രധാന നഗരങ്ങളിൽ സമുദായ പരിഷ്കരണ സംബന്ധരായും രാജ്യതന്ത്രീയമായുമുള്ള വിശാലമായ അഭിപ്രായങ്ങളെ മുൻനിറുത്തി പല യോഗ്യന്മാരും ജാതിമത വ്യത്യാസം കൂടാതെ കൂടക്കൂടെ പന്തിഭോജനം കഴിക്കുക ഈയിടെ പതിവായിരിക്കുന്നു. ഹിന്ദു, മഹമ്മദീയൻ, ക്രിസ്ത്യാനി, ബ്രാഹ്മണൻ, ശൂദ്രൻ, പറയൻ തുടങ്ങിയ വർഗ്ഗങ്ങളിലുൾപ്പെട്ട യോഗ്യന്മാരെല്ലാം ഒന്നായി ഒരു സ്ഥലത്തിരുന്ന് ഉണ്ണുന്നു. ഈ സന്ദർഭത്തിൽ സസ്യഭക്ഷകം, മാംസഭക്ഷകം എന്നുള്ള ഭേദങ്ങൾ മാത്രമേ ഇവർ അംഗീകരിക്കുന്നുള്ളു. ആ ഭേദം കേവലം ആഹാരത്തെ തിരഞ്ഞെടുക്കുന്നതിലുള്ള അഭിപ്രായഭേദം മാത്രമാകുന്നു; ജാതിഭേദമല്ല. ഇപ്പോലെ കുറേ ദിവസങ്ങൾക്കുമുമ്പ് കോഴിക്കോട്ടും ബ്രാഹ്മണർ, തീയർ, നായന്മാർ എന്നീ വർഗ്ഗക്കാർ ചേർന്ന് ചില മിശ്രഭോജനങ്ങൾ നടന്നതായി അറിയുന്നു. ഇതിനെ ഒക്കെ അനുകരിച്ചുകൊണ്ടായിരിക്കും കൊച്ചി പള്ളിപ്പുറത്തുള്ള ചില ഈഴവ യുവാക്കന്മാർ ഈയിടെ സംഘം ചേർന്ന ചില പുലയരോടൊന്നിച്ചിരുന്ന സദ്യയുണ്ടിരിക്കുന്നത്രേ. ഇപ്രകാരമിത്തം കാരണവന്മാരായ ഈഴവർ വല്ലാതെ ക്ഷോഭിച്ചു വശമായി ശ്രീനാരായണ ഗുരുസ്വാമി തൃപ്പാദങ്ങളിൽ സങ്കടം ബോധിപ്പിക്കയും ''തീണ്ടിത്തിന്നവരേ''യും കൂട്ടരേയും ബഹിഷ്കരിക്കയോ പ്രായശ്ചിത്തം ചെയ്യിപ്പിച്ചു കൂട്ടിനടത്തുകയോ എന്താണുവേണ്ടതെന്നറിയാതെ പരിഭ്രമിക്കയും ചെയ്യുന്നതായി കേൾക്കുന്നു. ജാതി ഈശ്വരൻ സൃഷ്ടിച്ചതല്ലെന്നും, ഈശ്വരന്റെ ദൃഷ്ടിയിൽ എല്ലാ മനുഷ്യരും ഒന്നുപോലെയാണെന്നും, അതുകൊണ്ടു പുലയരുമായി നമ്മുടെ ചില യുവാക്കന്മാർ പന്തിഭോജനം ചെയ്യുവെങ്കിൽ അതു നിശ്ചയമായും ഒരു പാപമല്ലെന്നും മിശ്രഭോജന വിരോധികളായ കാരണവന്മാർ ഓർത്തു സമാധാനപ്പെടേണ്ടതാണ്. തീണ്ടിയാൽ കുളിക്കേണ്ടവർ തമ്മിൽ പന്തിഭോജനം കഴിക്കുക എന്നതു കുറേ സാഹസമായ പരിഷ്കാര ഭ്രമമാണെന്നു കാരണവന്മാർക്കു തോന്നാം. എന്നാൽ അതിന്നായി സന്നദ്ധരായ അനന്തരവന്മാർ ഉൽകൃഷ്ട വിദ്യാഭ്യാസവും ഹൃദയവികാസവും സിദ്ധിച്ചിട്ടുള്ളവരും സമുദായത്തിന്റെ ഭാവി നേതാക്കന്മാരുമാണെന്നവസ്തുത ഓർക്കേണ്ടതാണ്. അവരെ എല്ലാം ബഹിഷ്കരിച്ച് സമുദായത്തെ വച്ചുകൊണ്ടിരുന്നിട്ട് എന്തുപ്രയോജനം? കാലഗതിക്കനുസരിച്ചു വർത്തിക്കുക; അല്ലെങ്കിൽ വെറുതേ ക്ലേശിക്കേണ്ടിവരും.

വിഭവേ: 1092 ഇടവം, മിഥുനം

സമുദായ പരിഷ്കാര തത്പരരായ യുവാക്കന്മാർ ശ്രദ്ധിപ്പാൻ

നമ്മുടെ സമുദായത്തിൽ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താൻ മറ്റു ചില സമുദായങ്ങളെ അപേക്ഷിച്ച് വളരെയധികം സൗകര്യമുണ്ടുള്ളതു്. അതിന്റെ

Digitized By Kerala Sahitya Akademi

പ്രധാന കാരണം നമ്മുടെ സ്വാമി തൃപ്പാദങ്ങളുടെ സാന്നിദ്ധ്യമാണ്. എന്നാൽ വേറെയും കാരണങ്ങളുണ്ട്. അവയിൽ ഒന്നാമത്തേതു് നമ്മുടെ പൗരോഹിത്യം നമ്മേക്കാളും ഉയർന്നതായി വിചാരിക്കപ്പെടുന്ന മറ്റു വല്ല വർഗ്ഗക്കാരുടേയും കയ്യിലായിപ്പോകാത്തതാണ്. നമ്മുടെ ഗ്രാമപ്രമാണികളുടെ അധികാരശക്തികളും പുതിയ മാറ്റങ്ങൾക്കു യോജിക്കാതെ ശിഥിലമായിപ്പോയതും ഒരു കാരണം തന്നെ. പിന്നെ നമ്മുടെ കാരണവന്മാരും അത്ര വെറും ശാഠ്യക്കാരല്ല. അതുകൊണ്ടു നമുക്കു സ്വല്പം ക്ഷമയുണ്ടായാൽ അവർക്കു വേദനതോന്നാത്തവണ്ണം തന്നെ സംഗതികളും സാധിപ്പാൻ കഴിയുന്നതാണ്. പുലയരോടോ, പറയരോടോ ഒന്നിച്ചിരുന്നുണ്ടതുകൊണ്ടു നമുക്കു് ഇപ്പോൾ അവരെയോ നമ്മെയോ ഉദ്ധരിപ്പാൻ കഴിയുന്നതല്ല. നാം ഉയരുകയും നമ്മുടെ കീഴുള്ളവരെ ഉയർത്തുവാൻ വേണ്ടതു ശക്തി നമുക്കുണ്ടാകയും വേണം. വിദ്യകൊണ്ടും ധനംകൊണ്ടും നമ്മുടെ സ്ഥാനത്തെ നാം ഉയർത്തുകയും, മുന്നണിയിൽ നില്ക്കുന്ന വർഗ്ഗക്കാർ എത്ര ഊക്കോടെ തള്ളിയാലും ഒരു ഇഞ്ചു് പിന്നോക്കം പോകാത്തവിധം നാം നമ്മുടെ നില ഉറപ്പിക്കയും ചെയ്യണം. അതിനുമുമ്പു സമുദായ പരിഷ്കാര സംബന്ധമായ ഉയർന്ന അഭിപ്രായങ്ങളുടെ കൊടുമുടിയിൽ കയറിനിന്നു താഴെയുള്ള പ്രവൃത്തിലോകത്തിലേക്കു കിഴുക്കാം തൂക്കായി ചാടി നാം ആത്മനാശം ചെയ്യരുതു്. എസ്. എൻ. ഡി. പി. യോഗത്തിന്റെ ഉദ്ദേശവും നയവും ഇതാകുന്നു.

വിവേ: 1092 ഇടവം, മിഥുനം

ഒരു കത്തു്

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം 1093 മകരം 24 / 1918 ഫെബ്രുവ: 6

മ. രാ. രാ. സി. കൃഷ്ണൻ (ബി. എ. ബി. എൽ) അവർകൾക്കു്

മാന്യരേ,

1. ഞാൻ സിക്രട്ടറി സ്ഥാനത്തിൽ നിന്നു് ഒഴിവാൻ വിചാരിക്കുന്ന സംഗതിയെപ്പറ്റി സ്വാമി തൃപ്പാദങ്ങളിൽ വിവരം അറിവിച്ചു് എഴുതിയ കത്തിന്റെ പകർപ്പു് അടക്കം ചെയ്യുന്നു. കഴിയുന്ന വേഗത്തിൽ ജോലിയിൽ നിന്നു് ഒഴിയുന്നതു് അപേക്ഷിതമായിരിക്കയാൽ ചാർജ്ജു് ഏറ്റു വാങ്ങി എന്നെ ഒഴിച്ചു വിടുന്നതിനു വേണ്ട വ്യവസ്ഥ ഉടനേ ചെയ്യേണ്ടതാകുന്നു.

2. (1) കൗൺസിൽ മൂലമായോ (2) പ്രത്യേകം ബോർഡിൽ നിന്നു് ഡയറക്ടർമാരുടെ ഒരു സബ് കമ്മിറ്റി ഏർപ്പെടുത്തിയോ (3) അല്പഭൂരിപക്ഷം കഴിയുന്ന വേഗത്തിൽ പൊതുയോഗം വിളിച്ചു കൂട്ടിയോ ചാർജ്ജു് ഏറ്റുവാങ്ങാൻ വ്യവസ്ഥ ചെയ്യാവുന്നതാണ്.

Digitized By Kerala Sahitya Akademi

3. ഈ വിഷയത്തിൽ വേണ്ടതു ചെയ്വാൻ കൗൺസിലിൽ അധികാരം കൊടുക്കയാണെങ്കിൽ ആ വിവരവും, പ്രത്യേകം സബ് കമ്മിറ്റി ഏർപ്പെടുത്തുകയാണെങ്കിൽ ഡയറക്ടർമാരിൽ ആരെല്ലാം അതിൽ മെമ്പർമാരായിരിക്കേണമെന്നുള്ള വിവരവും ടി മെമ്പർമാരുടെ പേരുകളും ഞാനോ മറ്റൊരാളെങ്കിലും ഡയറക്ടരോ ഡയറക്ടർമാരോ സൂചിപ്പിക്കേണ്ടതാണെങ്കിൽ ആ വിവരവും പൊതുയോഗം വിളിച്ചു കൂട്ടിത്തന്നെ ചെയ്യേണ്ടതാണെങ്കിൽ അതും ഉടനെ അറിവിച്ചു തരാൻ അപേക്ഷ.

4. ഒടുവിലത്തെ പക്ഷം (3) ആയാൽ ഒരു വിശേഷാൽ പൊതുയോഗം ഉടനേ വിളിച്ചു കൂട്ടേണമെന്ന് ഇപ്പോൾ തന്നെ ആവശ്യപ്പെടുന്ന ചിറയിൻകീഴ് താലൂക്കിലും മറ്റുമുള്ള ചില യോഗാംഗങ്ങളുടെ അപേക്ഷയും നിറവേറ്റാൻ സംഗതിയുണ്ട്. അതിനെപ്പറ്റി ഉടനേ വിവരമായി എഴുതുന്നതാണ്.

5. ഏതായാലും കൂടിയാൽ രണ്ടു മാസത്തിനുള്ളിൽ ജോലിവിടേണ്ടതു് എനിക്കു് ഒഴിച്ചു കൂടാത്തതാകയാൽ ഉടനേ അതിനുവേണ്ട വ്യവസ്ഥകൾ ചെയ്യാത്ത പക്ഷം അതിനുമേലുള്ള വീഴ്ചകൾക്ക ഞാൻ ഉത്തരവാദിയാകുന്നതല്ലെന്നു കൂടി അറിവിക്കുകയും വിവരമായ മറുപടി ഉടനേ അയച്ചു തരാൻ അപേക്ഷിച്ചുകൊള്ളുകയും ചെയ്യുന്നു.

എന്നു് വിധേയൻ
എൻ. കുമാരനാശാൻ
ജനറൽ സിക്രട്ടറി

(സ്വാമി തൃപ്പാദങ്ങൾക്കയച്ച കത്തിന്റെ ശരിപ്പകർപ്പു്)

എസ്. എൻ. ഡി. പി. യോഗം, ആഫീസ്
1093 മകരം 24
തിരുവനന്തപുരം 1918 ഫെബ്രുവ : 6

ബ്രഹ്മശ്രീ,

സ്വാമിതൃപ്പാദങ്ങളിൽ ക്ഷേമപൂർവം ഉണർത്തിച്ചുകൊള്ളുന്നതു്. കഴിഞ്ഞ 15 കൊല്ലമായി (ഇടയ്ക്കു് ഒരു കൊല്ലം കഴിച്ചു്) എസ്. എൻ. ഡി. പി. യോഗത്തിന്റെ സിക്രട്ടറിയുടെ നിലവിലുള്ള കൃത്യങ്ങളും ചുമതലകളും എന്റെ ശേഷിക്കും യോഗ്യതയ്ക്കും ഒത്തവണ്ണം ഏകചിന്തയോടുകൂടി സത്യത്തെയും ന്യായത്തെയും സമുദായ സ്നേഹത്തെയും മുൻനിർത്തി ഞാൻ നിർവഹിച്ചു വരുന്നതാകുന്നു. എന്നാൽ ആദ്യം മുതല്ലുതന്നെ ഭാഗ്യദോഷത്താൽ ചില എതിർശക്തികൾ എന്റെ പ്രവൃത്തികളെയെല്ലാം സ്പർദ്ധാപൂർവം തടസ്സപ്പെടുത്തുകയും യോഗത്തിന്റെ അഭിവൃദ്ധിവിഷയത്തിൽ വിനിയോഗിക്കേണ്ട എന്റെ സമയത്തിന്റേയും ശക്തിയുടേയും അധികഭാഗവും അതുകളോടു പോരാടി നിന്നു നഷ്ടപ്പെട്ടുപോകയും ചെയ്യുന്ന വിവരം ഞാൻ ബോധിപ്പിക്കാതെ തന്നെ തൃപ്പാദങ്ങളിലേക്കു് അറിയാവുതാണല്ലോ.

ആ ദുശ്ശക്തികൾ ഇപ്പോഴും നാനാരൂപമായിവർദ്ധിച്ചു കൊണ്ടിരിക്കുന്നതിനാലും, അവയോടു് ഏകധികിയായി എതിർത്തു നിന്നു് ഇനിയും സമയം കളയുന്നതു

Digitized By Kerala Sahitya Akademi

ബുദ്ധിപൂർവമായിരിക്കയില്ലെന്നു തോന്നുകയാലും ടി സിക്രട്ടറിസ്ഥാനത്തിന് യോഗ്യതയുള്ള പലയാളുകളും സമുദായത്തിൽ ഇപ്പോഴും ഉള്ളതിനാലും ഞാനീ ജോലിയിൽ നിന്നും ഉടനെ ഒഴിവാൻ വിചാരിക്കുന്ന വസ്തുത വിനയപൂർവം ഇതിനാൽ ഉണർത്തിച്ചുകൊള്ളുന്നു. ഇന്നു മുതൽ കൂടിയാൽ രണ്ടു മാസത്തിനുള്ളിൽ എന്നിൽ നിന്നു് ചാർജ്ജു് മറ്റാരു വാങ്ങുന്നതിനു് പൊതുയോഗം വിളിച്ചു കൂട്ടിയോ മറ്റു പ്രകാരത്തിലോ വേണ്ട വ്യവസ്ഥകളും ചെയ്വാൻ അപേക്ഷിച്ചു് ഈ സഹിതം ഞാൻ ഡയറക്ടർമാർക്കു് എഴുതുന്നുണ്ടു്.

എന്നു് തൃപ്പാദാശ്രിതൻ
ജനറൽ സിക്രട്ടറി

ദേശാഭിമാനിയിലെ ദുർവ്യാഖ്യാനം

മീനം 7–ാം-യിലെ ദേശാഭിമാനിയിൽ ''കുമാരനാശാൻ അവർകളും സമുദായ പ്രാതിനിദ്ധ്യവും'' എന്ന പേരിൽ ''സമുദായസ്നേഹി'' എഴുതിയിരുന്ന ലേഖനം ഞാൻ കണ്ടു. മിസ്റ്റർ ടി. കെ. മാധവൻ ഈ പത്രത്തിന്റെ ആധിപത്യം കയ്യേറ്റ കാലം തുടങ്ങി എന്നെക്കുറിച്ചു് വാച്യമായും വ്യംഗ്യമായും ഉള്ള പല ആക്ഷേപലേഖനങ്ങളും പലപ്പോഴും ഇതിന്റെ കാളങ്ങളിൽ കാണാറുള്ളതാണു്. അതിനൊന്നിനും ഞാൻ മറുപടി പറയുകയോ പറയേണമെന്നു വിചാരിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഇപ്പോഴത്തെ ലേഖനം എന്റെ സമുദായ പ്രാതിനിദ്ധ്യത്തെ സ്പർശിച്ചുള്ളതാകയാൽ മൌനം ദീക്ഷിക്കുന്നതു് ഉചിതവും ഗുണകരവുമല്ല. ഈ ലേഖനം കൊണ്ടു് എന്റെ അകൃത്രിമമായ സമുദായസ്നേഹത്തെയോ സമുദായത്തെ സ്നേഹിപ്പാൻ എനിക്കുള്ള യോഗ്യതയേയോ പറ്റി സമുദായാംഗങ്ങളുടെ ഇടയിൽ വല്ലതായ തെറ്റിദ്ധാരണയുടെ ഇടയുണ്ടാകാമെന്നുള്ളതുമാകുന്നു. അതുകൊണ്ടു് ഈ മറുപടി എഴുതാൻ ഞാൻ ബദ്ധനാണു്.

എന്റെമേൽ ലേഖകൻ ആരോപിക്കുന്ന ഒന്നാമത്തെ അപരാധം ഈഴവരുടെ ക്ഷേത്രപ്രവേശനവാദത്തിനു് ഞാൻ പ്രതികൂലകക്ഷി എന്നാണു്. അതിനെ സ്ഥാപിപ്പാൻ കഴിഞ്ഞ പ്രജാസഭയിലെ എന്റെ നിവേദനത്തിന്റെ ഭാഗമെന്നും പറഞ്ഞു ചില വാക്യങ്ങളും ഉദ്ധരിക്കുകയും അവയോടു് ഏതാനും അവാസ്തവ സംഗതികളും കൂട്ടിച്ചേർത്തു് സോപ്പുപാലെ വ്യാഖ്യാനിച്ചു് ലേഖകൻ കൃതകൃത്യനാകുകയും ചെയ്യുന്നു. എന്റെ നിവേദനത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതു താഴെ കാണും പ്രകാരമാണു്. ''ഈഴവർ മുതലായവരുടെ ക്ഷേത്രപ്രവേശനാവകാശം ഇപ്പോൾ വാദത്തിലിരിക്കുന്ന ഒരു സംഗതിയാണു്. ആ വാദം ആരംഭിക്കുന്നതിനു വളരെ മുൻപുതുടങ്ങിത്തന്നെ ക്ഷേത്രങ്ങളുടെ പുറമതിലിനു പുറത്തുകൂടിയുള്ള പബ്ലിക് റോഡുകളിൽ എല്ലാ വർഗ്ഗക്കാർക്കും നടക്കാൻ തടസ്സമുണ്ടായിരിക്കുന്നതെന്നും തടുക്കുന്നതായി അവിടവിടെ സ്ഥാപിച്ചിട്ടുള്ള പരസ്യപ്പലകകളും എടുത്തുകളയണമെന്നും പല തവണയും ഈ സ്ഥാനത്തുനിന്നു ഞാൻ ഗവർണ്മെന്റിനോടു് അപേക്ഷിച്ചിട്ടുണ്ടായിരുന്നു. ഒരു മനുഷ്യന്റെ നിലയിൽ ഏതു വർഗ്ഗക്കാരനുമുള്ള ഈ അവകാശം വാദഗ്രസ്തമാവാൻ തരമില്ലാത്തതാണു്. അതുകൊണ്ടു് ക്ഷേത്രപ്രവേശ

Digitized By Kerala Sahitya Akademi

നവാദത്തിനു മറുപടി പറയുന്നതിനുമുൻപു് ഇതു തീരുമാനിക്കാവുന്നതുമാണു്. എനിക്കു തൽക്കാലം ഈ മിതമായ അപേക്ഷയാണുള്ളതു്. തിരുനക്കര മുതലായ ക്ഷേത്രങ്ങളുടെ സമീപം പഴകിപ്പോയ പരസ്യപ്പലകകൾ ഇപ്പോഴും പുതുക്കി സ്ഥാപിക്കുന്നതായറിയുന്നു. ഇതു തീരെ അകാലോചിതവും ആക്ഷേപാർഹവും കഠിനമായ അനീതിയുമാണു്.'' ഇങ്ങനെയായിരുന്ന എന്റെ നിവേദനത്തിൽ ഞാൻ വിവക്ഷിച്ചിരുന്നതു്. വാചാപ്രസംഗമായിരുന്നതുകൊണ്ടു് ശരിയായ വാക്യങ്ങൾ ഇപ്പോൾ തോന്നുന്നില്ല. വിവക്ഷിച്ചതിനെ പറയാൻ വേണ്ട മലയാളഭാഷാജ്ഞാനം എനിക്കുള്ളതുകൊണ്ടു് തൊറിപ്പോവാൻ തരമില്ല.

എന്റെ മേൽകാണിച്ച നിവേദനം പൗരസമത്വവാദികളുടെ ഡെപ്യൂട്ടേഷനും ദിവാൻജി അവർകളുടെ മറുപടിയും കഴിഞ്ഞു് ഒന്നോ രണ്ടോ ദിവസത്തിനു ശേഷമായിരുന്നു. ക്ഷേത്രപ്രവേശന സംഗതി ''തീരെ അസാദ്ധ്യ''മെന്നു് ഡെപ്യൂട്ടേഷൻ അംഗങ്ങളോടു ദിവാൻജി മറുപടി പറഞ്ഞതിനുശേഷമായിരുന്നു. ക്ഷേത്രപ്രവേശനവാദം ശരിയായിട്ടുള്ളതാണെന്നു് ദിവാൻജി ''സ്പഷ്ടമായി സമ്മതിച്ചു'' എന്നു ലേഖകൻ പറയുന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. എവിടെവച്ചാണു് സമ്മതിച്ചതു്? എന്തു രേഖയാണു്? വാദം ശരിയാണെന്നു് സ്പഷ്ടമായി സമ്മതിച്ചെങ്കിൽ പിന്നെ അനുവദിക്കാത്തതു് എന്തു്? ''തീരെ അസാദ്ധ്യം'' എന്ന മറുപടി പറഞ്ഞതിനെ മിസ്റ്റർ ടി. കെ. മാധവൻതന്നെ തന്റെ നിവേദന അവസരത്തിൽ ആക്ഷേപിച്ചിരുന്നു. സ്പഷ്ടമായി സമ്മതിച്ച സംഗതിയെപ്പറ്റിയാണെന്നാം ആക്ഷേപിച്ചതു്? ''സ്പഷ്ടമായി സമ്മതിച്ചതി''നെ തീരെ അസാദ്ധ്യമെന്നു് ആരെങ്കിലും നിഷേധിക്കുമോ? ഇങ്ങിനെ ഒക്കെ എഴുതിപ്പിടിപ്പിക്കാനും അതിനെ വായിച്ചു രസിക്കാനും എല്ലാവർക്കും കഴിയുന്നതല്ല.

ഇനി ക്ഷേത്ര പ്രവേശനവാദത്തിനു ഞാൻ പ്രാതികൂല്യം പ്രദർശിപ്പിച്ചതെങ്ങിനെയാണു്? ദിവാൻജിയും, നായർ സമുദായവും മദ്രാസിലെ ബ്രാഹ്മണ നേതാക്കന്മാരും, ഭാരത മഹാജനസഭയും, മറ്റും മറ്റുമൊക്കെ സമ്മതിച്ചിരിക്കുന്ന ക്ഷേത്രപ്രവേശനാവകാശം എന്റെ—രാജ്യകാര്യങ്ങളിൽ അഭിപ്രായം പറയാൻ യോഗ്യതയില്ലെന്നു ലേഖകനു് അറിയാമെന്നുള്ള എന്റെ-ഏതോ ഒരു മൊഴികൊണ്ടു് തകരാറായിപ്പോയി എന്നോ വിവക്ഷിക്കുന്നതു്? ആ മൊഴി ''എനിക്കു് തൽക്കാലം ഈ മിതമായ അപേക്ഷയാണുള്ളതു്'' എന്നതിലെ 'മിത'മെന്ന രണ്ടക്ഷരം തന്നെയോ? എന്നാൽ ഞാൻ അതിനെ പിൻവലിച്ചുകൊള്ളുന്നു. പോരെങ്കിൽ ക്ഷേത്രപ്രവേശനവാദം സമ്മതിച്ചു! സമ്മതിച്ചു! സമ്മതിച്ചു!!! എന്നു മൂന്നു പ്രാവശ്യം വിളിച്ചു പറഞ്ഞുകൊള്ളുന്നു. ഇനി നാളെമുതൽ ക്ഷേത്രങ്ങളിൽ പ്രവേശിയ്ക്കാൻ അനുവാദം കിട്ടുമോ? ഇത്രയൊക്കെ ശക്തി എന്റെ വാക്കുകൾക്കുണ്ടെന്നു് എനിക്കിപ്പോഴാണു് മനസ്സിലാകുന്നതു്.

എന്റെ വാക്കുകൾ മാത്രമല്ല മൗനവും ഭയങ്കരമാണത്രേ ഞാൻ നിയമനിർമ്മാണസഭയിൽ സമുദായത്തിനു് ഘനമായ ദോഷം വരുത്തിവെച്ചതും ഏതോ ഒരു വാദത്തിൽ മൌനം ദീക്ഷിച്ചു എന്നും ഇനി ഏതെല്ലാം സഭകളിലാണു് ഇങ്ങിനെ മൌനം ദീക്ഷിച്ചു സമുദായത്തിന്റെ പുരോഗതിയെ തകിടം മറിക്കുന്നതെന്നും അറിവാനില്ലെന്നും ലേഖകനു വലിയ ഉൽക്കണ്ഠയായിത്തീർന്നിരിക്കുന്നു. ഈ

Digitized By Kerala Sahitya Akademi

വാദം ഏതാണംവേം ? 95-ലെ ഒന്നാംറ്റ്രഷ്ലേഷൻ 9-ാം വകുപ്പ് ബി-ഖണ്ഡത്തെ സംബന്ധിച്ച് നിയമനിർമ്മാണസഭയിൽ വല്ല പ്രമേയവും കൊണ്ടുപെല്ലുന്നതിനെപ്പറ്റിയുള്ള വാദമായിരിക്കുമോ ? മിസ്റ്റർ. മാധവൻ ഒരു സന്ദർഭത്തിൽ മുഖാവിൽ സൂചിപ്പിച്ചിട്ടുള്ളതിൽനിന്ന് അങ്ങനെയാണ ഞാൻ ഊഹിക്കുന്നത്. അതു ശരിയാണെങ്കിൽ ആ ഉപനിബന്ധം ''നമ്മുടെ പ്രജകളിൽ ഏതെങ്കിലും വർഗ്ഗക്കാരുടെ മതത്തേയോ മതസംബന്ധമായ കർമ്മങ്ങളേയൊ നടപടികളേയോ ബാധിക്കുന്ന ഏതെങ്കിലും പ്രമേയം നമ്മുടെ ദിവാന്റെ രേഖാമൂലമായ അനുവാദം സിദ്ധിച്ചശേഷമല്ലാതെ ഒരു സാമാജികനും കൌൺസിലിൽ കൊണ്ടുവരുവാൻ പാടില്ല'' എന്നു നിഷേധിക്കുന്നതാകുന്നു. വിവിധ മതക്കാരടങ്ങിയ ഇന്ത്യയിലെ ഏതു നിയമനിർമ്മാണസഭയിലും ഈ നിയമം ഉള്ളതും ഉണ്ടായിരിക്കേണ്ടതുമാണ്. അതിനെപ്പറ്റി ആർക്കും ആക്ഷേപിച്ചുകൂടുന്നതല്ല. വിശേഷിച്ച് ഈ നിഷേധം റ്റ്രഷ്ലേഷനിൽതന്നെ ഉള്ളതാണ്. കൌൺസിലിനു് അതിനെപ്പറ്റി ആലോചിപ്പാനേ അധികാരമില്ലെന്നു് സമുദായസ്നേഹിയെപ്പോലെ രാജ്യകാര്യപരിജ്ഞാനമില്ലാത്ത അസ്സാദ്ദശന്മാർക്കു കൂടി അറിയാം. 9-ാം വകുപ്പിനെ സംബന്ധിച്ച് കൌൺസിലിന്റെ നടപടികളെ നിബന്ധിക്കുന്ന ഒരു പ്രമേയവിഷയമായിരുന്നു എന്നുള്ളതു ശരിതന്നെ. ഏതെങ്കിലും ബിൽ ഹാജരാക്കാൻ അനുവാദത്തിനപേക്ഷിക്കുന്ന നിശ്ചയം കൌൺസിലിൽ കൊണ്ടുവരുന്നതിനു മുൻപുതന്നെ കരടുബിൽ ഉദ്ദേശകാരണസഹിതം സെക്രട്ടറിക്കയക്കണമെന്നും റൂളിൽ നിർബന്ധിച്ചതിനെപ്പറ്റിയാണു് വാദം നടന്നതും. ഈ വാദത്തോടു് ഈഴവരുടെ ക്ഷേത്രപ്രവേശ വഴക്കിനും ജാതിവഴക്കിനുമുള്ള സംബന്ധം എത്ര അപ്രധാനവും ദുരാകൃഷ്ടവുമാണെറിവാൻ വേണ്ട സാധാരണ ബുദ്ധിശക്തി എനിക്കുണ്ടെന്നാണു് എന്റെ വിശ്വാസം. അതിൽ മൌനം ദീക്ഷിച്ചതുകൊണ്ടു് എന്റെ സമുദായം കുഴിയിൽ ചാടിപോകുന്നതല്ലെന്നും എനിക്കറിയാമായിരുന്നു. ഒന്നു ചോദിക്കട്ടെ ! നിയമജ്ഞന്മാരായ നായർ മെമ്പറന്മാർ ആരെങ്കിലും ഈ സംഗതിയെ വ്യക്തമാക്കിച്ചു വാദിക്കാഞ്ഞതെന്തു് ? മതസംബന്ധമായ അസ്വാതന്ത്ര്യങ്ങളൊന്നും അവർക്കില്ലെന്നോം ? 10 ദിവസം പുല അനുഷ്ഠിച്ചാൽ പോരാ; ശ്രീകോവിലിൽ കടക്കാൻ പാടില്ല ; മണി അടിച്ചു തൊഴുതുകൂടാ ; ചന്ദനവും പ്രസാദവും കൈയിൽ കൊടുക്കുകയില്ല; ഈ മാതിരി വഴക്കുകളൊക്കെ അവർക്കുള്ളതാണെന്നു ലേഖകൻ അറിഞ്ഞിട്ടില്ലേ ? പക്ഷെ അവർക്കാർക്കും താഴ്ന്നാളം രാജ്യകാര്യപരിജ്ഞാനം ഇല്ലാത്തതുകൊണ്ടായിരിക്കാം. അതേ ! അതേ !!

ഒന്നുകൂടി ചോദിക്കട്ടെ, ഒരു സമുദായത്തിലെ എല്ലാ അംഗങ്ങളും തുല്യപ്രമേയത്തിൽ ഒരുവിധത്തിൽ തന്നെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടോം ''സമുദായസ്നേഹി'' വിചാരിക്കുന്നതു് ? അതോ ചില പത്രപ്രവർത്തകന്മാരുടെ മസ്തിഷ്കത്തിൽ മാത്രമേ സാമുദായികവും രാഷ്ട്രീയവുമായ വിശിഷ്ടവിജ്ഞാനങ്ങളും ഉദിക്കയോ കേന്ദ്രീകരിക്കയോ ചെയ്യുന്നുണ്ടോ ? ഒന്നാമത്തേതാണെങ്കിൽ അതു് അന്തഃകരണഘടനയെ സംബന്ധിച്ച അജ്ഞതയും രണ്ടാമത്തേതു് ദയനീയമായ മിഥ്യാഭിമാനവുമാണു്. അതുകൊണ്ടു് ഈവക സംഗതികളിൽ എന്റെ സ്നേഹിതൻ തന്റെ ദുർവ്യാഖ്യാന സാഹസം ഇനിയെങ്കിലും ദയവു ചെയ്തു് നിറുത്തിവയ്ക്കുവാൻ ശ്രമിക്കുമോ ?

Digitized By Kerala Sahitya Akademi

'സമുദായസ്നേഹി'യുടെ ശബ്ദവും സ്വരവും താൻ എത്രതന്നെ അഭിമാനിച്ചാലും സമുദായത്തിന്റേതായോ സമുദായത്തിൽ ഒരു ഭാഗത്തിന്റേതായോ ആണെന്നു ഞാൻ വിചാരിക്കുന്നില്ല. വിചാരിക്കാൻ കാരണവുമില്ല. സമുദായത്തോടു് ഒരു വാക്കു പറവാൻ ഈ അവസരത്തെ ഞാൻ ഉപയോഗിച്ചുകൊള്ളുന്നു. ഞാൻ കഴിഞ്ഞ പത്തുപതിനെട്ടു കൊല്ലമായി സമുദായത്തിനുവേണ്ടി ചില ചില്ലറ ഗുണങ്ങൾ യഥാശക്തി ചെയ്വാൻ ശ്രമിക്കുന്നുണ്ടു്. എന്നാൽ ഇന്നുവരെ പല യോഗ്യന്മാരുണ്ടായിരുന്നിട്ടുള്ളതും ഇപ്പോൾ ഉണ്ടായിരിക്കുന്നതുമായ ഈ വലിയ സമുദായത്തിന്റെ ഒരംഗമെന്നല്ലാതെ അതിലെ ഒരു നേതാവാണെന്നു സ്വപ്നത്തിൽപോലും ഞാൻ അഭിമാനിക്കാറില്ല. അങ്ങനെ ഒരു പിച്ചു് തലയിൽ കയറി അസ്വസ്ഥനായി ഞാൻ ഓടിനടക്കാറുമില്ല. തിരുവിതാംകൂർ നിയമനിർമ്മാണസഭയിൽ ഇപ്പോൾ എന്നെ ഒരു പ്രതിനിധിയായി നിയമിച്ചിരിക്കുന്നതു ശരിതന്നെ. എന്നാൽ ആ രാജകാര്യസഭയിലും സമുദായത്തിന്റെ നന്മയെ സംബന്ധിച്ചിടത്തോളം എന്റെ യോഗ്യതയനുസരിച്ചു് ഞാൻ കഴിയുന്നതു ചെയ്യുമെന്നല്ലാതെ അപാരമായ നിയമജ്ഞാനവും തന്ത്രപാണ്ഡിത്യവുമുള്ള യോഗ്യന്മാരിൽനിന്നു പ്രതീക്ഷിക്കാവുന്ന വലിയ ഗുണങ്ങൾ ഒന്നും എന്നിൽനിന്നാശിക്കരുതു്. സമുദായത്തിനു ദോഷകരങ്ങളായ വലിയ പ്രമാദങ്ങളൊന്നും വന്നുപോകാതിരിക്കാൻ ഞാൻ ശ്രമിക്കുന്നതാണു്. അതിനായി യഥാർത്ഥ സമുദായ സ്നേഹികളും പ്രാർത്ഥിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

രാജ്യതന്ത്രവിജ്ഞാനപാരംഗതനായ നമ്മുടെ 'സമുദായ സ്നേഹി' ഒരു അബദ്ധം ചെയ്യുന്നതുകൂടി ഈ അവസരത്തിൽ പറയാതിരിക്കാൻ തരമില്ല. മഹാനായ അദ്ദേഹം ഈ തിരുവിതാംകൂറിന്റെ, വിശേഷിച്ചും ഈഴവസമുദായത്തിന്റെ, എന്നതന്നെയല്ല ഒരു പ്രതിവാര മലയാളപത്രമന്ദിരത്തിന്റെ, ഇടുങ്ങിയ പരിധിയിൽ കിടന്നു് ഈവക പൊട്ട വ്യാഖ്യാനങ്ങളും ''ഉരുട്ടും പിരട്ടും'' കൊണ്ടു കാലം കഴിക്കുന്നതു കഷ്ടമാണു്. അദ്ദേഹത്തിന്റെ അമേയവും ജാജ്വല്യമാനവുമായ രാജ്യകാര്യ വിജ്ഞാനകിരണധോരണികളും ലോകത്തിനു നഷ്ടപ്പെട്ടുപോകുന്നു!! ഇന്ത്യയിൽതന്നെ പുതിയ രേണവ്യവസ്ഥയനുസരിച്ചു സാമ്രാജ്യ രേണസഭയിലും പ്രാദേശിക സഭകളിലും അംഗങ്ങളായും മന്ത്രിമാരായും പല യോഗ്യന്മാരേയും ആവശ്യമുണ്ടു്. അങ്ങോട്ടെങ്ങാനും കടന്നുചെന്നു് ആ ഉന്നതസ്ഥാനങ്ങളിൽ ഏതെങ്കിലും ഒന്നിനെ അലങ്കരിക്കാൻ ഈ മഹാനുഭാവൻ ശ്രമിച്ചെങ്കിൽ എത്ര നന്നായിരുന്നു! തനിക്കും സമുദായത്തിനും നാട്ടിനും എത്ര ക്ഷേമകരവും അഭിമാനകരവുമാകുന്നു! വേണ്ടാ! അങ്ങോട്ടു പോകേണ്ട ആവശ്യമില്ല. ഇങ്ങോട്ടുതന്നെ യഥാകാലം ക്ഷണനങ്ങൾ വരാതിരിക്കില്ല. പുഷ്പം വണ്ടുകളെ അന്വേഷിച്ചു പോകേണ്ടാ, അതു പരിമളം പൊരിയുന്ന ദിക്കിൽ അവറ്റ സ്വതേതന്നെ എത്തൂരത്തിലായാലും അറിഞ്ഞു വന്നെത്തിക്കൊള്ളും. തയ്യാറായിരുന്നാൽ മതി.

വായനക്കാരേ! എന്റെ പേനയെ സാധാരണ ഞാൻ ഇത്ര കഠിനമായ വിധത്തിൽ ഉപയോഗിക്കാറില്ല മനസ്സാക്ഷിയുടെ അനിവാര്യമായ ശാസനത്തേയും സത്യമായ സദുദ്ദേശത്തേയും സർവ്വോപരി സമുദായസ്നേഹത്തേയും മാത്രം മുൻനിറുത്തി ഇങ്ങനെ എഴുതേണ്ടിവന്നതാകുന്നു. പരുഷമായിപ്പോയെങ്കിൽ ക്ഷമിക്കാനപേക്ഷ.

പ്രതി 1095 മീന.

Digitized By Kerala Sahitya Akademi

ആചാരകാണ്ഡം

ആചാര പരിഷ്കരണം 1

ഈ വിഷയത്തിൽ നമ്മുടെ ജനങ്ങൾക്ക് ഇപ്പോൾ പൊതുവിൽ ഒരു അഭിരുചി ജനിച്ചിട്ടുണ്ടെന്നു പല സ്ഥലങ്ങളിൽ നിന്നും ഞങ്ങൾക്കു കിട്ടിക്കൊണ്ടിരിക്കുന്ന എഴുത്തുകളും മൂലവും മറ്റും അറിവാനിടയായതിൽ ഞങ്ങൾ സന്തോഷിക്കുന്നു. സമുദായാചാര പരിഷ്കരണം നമ്മുടെ യോഗത്തിന്റെ പ്രധാനോദ്ദേശങ്ങളിൽ ഒന്നും വിവേകോദയം അതിൽ എപ്പോഴും ബദ്ധശ്രദ്ധമായിരിക്കേണ്ടതും ആകയാൽ ഈ തവണ അതിനെക്കുറിച്ച് സ്വല്പം പറയുന്നതു് വിഹിതമായിരിക്കുമെന്നു വിചാരിക്കുന്നു. പരിഷ്കൃത ജനസമുദായങ്ങളുമായി പരിചയം ലഭിക്കുകയോ പരിഷ്കൃതരീതിയിൽ വിദ്യാഭ്യാസം ചെയ്വാൻ ഇടയാകയോ ചെയ്തിട്ടുള്ള ഏവനേറയും ദുഷ്പിക്കു് മലയാളത്തിലെ ഏതു മറ്റന്യ സമുദായവും ആചാരസംബന്ധമായ വിഷയത്തിൽ ഏറ്റവും അപരിഷ്കൃതവും ദയനീയവും ആയ ഒരു താഴ്ന്ന നിലയിലാണെന്നുള്ളതു് വാസ്തവമാണെങ്കിൽ വളരെ ഉയർന്നും തീരെ താഴ്ന്നും ഉള്ള ബഹുജനങ്ങളോടുകൂടിയും സംഖ്യയിൽ മറ്റുള്ള എല്ലാ മലയാള ഹിന്ദു സമുദായങ്ങളെക്കാളും വളരെ അധികപ്പെട്ടും തന്നിമിത്തം ഏറ്റവും വ്യാമിശ്രമായുമിരിക്കുന്ന നമ്മുടെ സമുദായത്തിൽ തത്സംബന്ധമായി ഉണ്ടായിരിക്കാവുന്ന കുഴപ്പങ്ങളെക്കുറിച്ചു പ്രത്യേകം പറയണമെന്നില്ലല്ലോ.

ആചാരപരിഷ്കരണത്തിൽ തൽപ്പരവർത്തകന്മാർക്കുള്ളതു് രണ്ടു മുഖ്യ ഉദ്ദേശങ്ങളാണു്. അവയിൽ ഒന്നു്, അർത്ഥശൂന്യങ്ങളായിക്കാണുന്ന ചില പൂർവാചാരങ്ങളെ പുലർത്തിക്കൊണ്ടു പോരുന്നതിൽ നേരിട്ടുവരുന്ന അമിതമായ ധനവ്യയവും ഗണ്യങ്ങളായ മറ്റു പല പ്രകാരേണയുള്ള കഷ്ടനഷ്ടങ്ങളും നിമിത്തം സമുദായാഭിവൃദ്ധിക്കു സംപ്രീക്ഷണമായ ഭയങ്കരമായ പ്രതിബന്ധമായ പാട്ടുള്ളിടത്തോളം തടുക്കുന്നതും, മറ്റതു് സമുദായസ്ഥിതി ഉയർന്നുകൊണ്ടുപോകുന്തോറും ആചാരങ്ങളിലും നടപടികളിലും കാലാനുരൂപമായ മാറ്റങ്ങളും പരിഷ്കാരങ്ങളും ഏർപ്പെടാത്തതു നിമിത്തം ഉണ്ടാകാവുന്ന ഹാനിയിലും പരപരിഹാസത്തിലും നിന്നു സമുദായത്തിന്റെ അഭിമാനത്തെ സംരക്ഷിക്കുന്നതും ആകുന്നു. നീചങ്ങളും അപ്രിഹിതങ്ങളും ആയ ആചാരങ്ങളോടുകൂടിയ ഒരു സമുദായം അതിന്റെ മറ്റു പ്രകാരേണയുള്ള ഉൽക്കർഷങ്ങളും എത്രതന്നെ സംപ്രശംസനീയങ്ങളായിരുന്നാലും നിസ്സംശയമായും നീചമാകുന്നു. നമ്മുടെ സമുദായത്തിന്റെ താൽക്കാലിക സ്ഥിതിക്കു് ഈ രണ്ടു പ്രകാരത്തിലുള്ള ആചാരപരിഷ്കാരങ്ങളും അവശ്യം ആവശ്യപ്പെട്ടവയാണു്. കാലാനുരൂപമായ ഈ ആവശ്യത്തെ അറിഞ്ഞിട്ടുതന്നെയാണു് ശ്രീ. നാ.ധ.പ. യോഗം ഇതിനെ അതിന്റെ ഉദ്ദേശ്യങ്ങളിൽ മുഖ്യമായ ഒന്നായി ഗണിച്ചിട്ടുള്ളതു്. യോഗം അതിനെ പുസ്തകത്തിൽ എഴുതി വയ്ക്കുക മാത്രമല്ല ഇതിനിടയിൽത്തന്നെ ഗണ്യമായവിധത്തിൽ പ്രവൃത്തിയിൽ കൊണ്ടുവരികയും ചെയ്യുന്നുണ്ടു്. കഴിഞ്ഞ ലക്കത്തിലെ ''നമ്മുടെ പലവക''ക്കുറിപ്പുകളിൽ ഞങ്ങൾ പ്രസ്താവിച്ചിരു

Digitized By Kerala Sahitya Akademi

ന്ന അതിന്റെ ചില നല്ല ദൃഷ്ടാന്തങ്ങളെ വായനക്കാർ വിസ്മരിച്ചിട്ടില്ലായിരിക്കാം. ഈ തവണയും ഞങ്ങൾക്ക് അതിനെ സംബന്ധിച്ച് പലതും കുറിപ്പാൻ ഇടയായിട്ടുള്ളതിൽ ഞങ്ങൾ സന്തോഷിക്കുന്നു.

നമ്മുടെ ആചാരങ്ങളെക്കുറിച്ചു നോക്കുമ്പോൾ ഓരോ സംസ്ഥാനങ്ങളിൽ മാത്രമല്ല ഓരോ അംശങ്ങളിലും മുറികളിൽ കൂടിയും പരസ്പരം ഏറ്റക്കുറവ് വ്യത്യാസങ്ങളുകാണുന്നു. അതുകൊണ്ട് ഇവയെ ഐകരൂപ്യപ്പെടുത്തുകയോ ക്രമീകരിക്കുകയോ ചെയ്യുന്നതു ദുഷ്കരമാണെന്നു തന്നെ ചിലർക്കു തോന്നിയേക്കാം. എന്നാൽ ആ തോന്നൽ ഊഹത്തിൽ സത്യമായിരിക്കാമെങ്കിലും പ്രവൃത്തിയിൽ മിക്കവാറും അസത്യമാകുന്നു. ഇതിന്റെ പരമാർത്ഥത ഈ വിഷയത്തിൽ വൈസ്തവമായ മമതയോടുകൂടി പ്രവർത്തിക്കുന്ന ഏവനും എളുപ്പത്തിൽ മനസ്സിലാകുന്നതുമാണ്. നമ്മുടെ ആഹാരങ്ങൾ ബഹുപ്രകാരേണ വ്യത്യസ്തങ്ങളാണെങ്കിലും അവ അന്യന്മാരാൽ വ്യത്യസ്തീകരിക്കപ്പെട്ടവയല്ല. നമ്മിൽതന്നെ പല കാലങ്ങളിലുമായി ചെയ്യപ്പെട്ടവയാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതുകൊണ്ട് നമുക്ക് അവയെ ഇപ്പോൾ ഏകീകരിക്കുന്നതിനും നാമല്ലാതെ പറയത്തക്ക വേറൊരുപ്രതിബന്ധവും ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ഏകീഭാവം സമുദായത്തിന്നു ബലത്തേയും ഭിന്നത പല പ്രകാരേണ ഹാനിയേയും ഉണ്ടാക്കുന്നതാണെന്നുള്ളതു നിരന്തരമായ ജീവിതമത്സരത്തിൽ ലോകം മുഴുവൻ വ്യാപൃതമായിരിക്കുന്ന ഇക്കാലത്തു സാമാന്യം ബുദ്ധിയുള്ള ആർക്കും അറിയാമെന്നുള്ളതുമാണ്. അതുകൊണ്ട് ഈ വിഷയത്തിൽ നാം ഇനിയും അമാന്തിക്കുകയാണെങ്കിൽ അതു് ഏറ്റവും ശോചനീയമാകുന്നു.

നമ്മുടെ പൂർവാചാരങ്ങളുടെ മേൽ നാം ഇപ്പോൾ ഏതു കൈ തന്നെ പ്രയോഗിച്ചാലും വെളിയിൽ നിന്നും നമ്മോടു് ഒരക്ഷരം ചോദിപ്പാൻ ആളില്ലെന്നുള്ളതു് നമുക്ക് ഒരു മഹാഭാഗ്യമാണ്. ഈശ്വരന്റെ നേരുക്കു് ഗാഢമായ കൃതജ്ഞതയോടുകൂടി ആ ഭാഗ്യത്തെ നാം അനുഭവിക്കേണ്ട കാലവും ഇതാകുന്നു. നമ്മുടെ ആചാരങ്ങളിൽ ഇപ്പോൾ കണ്ടുവരുന്ന ദോഷങ്ങളെ കഴിയുന്ന വേഗത്തിൽ പരിഹരിച്ചുകൊള്ളാത്തപക്ഷം ആ ദോഷദുഷ്ടമായ നമ്മുടെ സമുദായശരീരം ഭാവിയിൽ ചിരംജീവിയായിരിപ്പാൻ ശക്തമാകുന്നതല്ലെന്നു നിശ്ചയമായും നാം ഇപ്പോൾ ഭയപ്പെടേണ്ട ദിക്കിലുമാകുന്നു. അതുകൊണ്ട് എത്രതന്നെ ദുഷ്പ്രവേശമായിത്തോന്നിയാലും ആ പന്ഥാവിലേക്കു് നാം സന്നദ്ധന്മാരായി പ്രവേശിക്കുകയും ഈശ്വരാനുകൂല്യത്താൽ വിജയികളായിത്തീരുകയും ചെയ്യേണ്ടതു് അപേക്ഷിതമാകുന്നു.

എന്നാൽ നമ്മുടെ എല്ലാ ആചാരങ്ങളേയും അതിലെ ത്യാജ്യഗ്രാഹ്യ ഭാഗങ്ങളേയും കുറിച്ചു് നിഷ്കൃഷ്ടമായി ഒരു വിവരണം എഴുതുവാൻ ഞങ്ങൾ ഇപ്പോൾ പുറപ്പെട്ടന്നില്ല. അതു് ഒരു വലിയ വിഷയമാകുന്നു. അതിന്റെ ഗൗരവത്തേയും വിസ്തീർണ്ണതയേയും കുറിച്ചു് വിചാരിക്കുമ്പോൾ അതിൽപ്പെട്ട ഓരോ വിഷയങ്ങളെക്കുറിച്ചും പ്രത്യേകം ശ്രദ്ധ പതിയേണ്ടതും പ്രത്യേകം തുടർന്നെഴുതിക്കൊണ്ടിരിക്കേണ്ടതും ആണ്. അതുകൊണ്ടു സമുദായാചാര പരിഷ്കരണത്തിന്റെ പന്ഥാവിലേക്കു നാം എത്തിനോക്കുമ്പോൾ തന്നെ പ്രഥമമായി നമ്മുടെ ദുഷ്ടിമാർഗ്ഗത്തെ രോധിക്കുന്നതും ഇപ്പോൾ തന്നെ പല സ്ഥലങ്ങളിലും പല

Digitized By Kerala Sahitya Akademi

പ്രകാരേണയുള്ള വാദപ്രതിവാദങ്ങൾക്കു വിഷയമായിത്തീർന്നിട്ടുള്ളതും സമുദായത്തിന്റെ അഭിവൃദ്ധിക്കു് പ്രത്യക്ഷത്തിൽ ഹാനികരവുമായ 'കെട്ടുകല്യാണം' എന്നുപറയുന്ന നമ്മുടെ മിഥ്യാവിവാഹത്തെക്കുറിച്ചു് അല്പം പറഞ്ഞു് തൽക്കാലം വിരമിച്ചുകൊള്ളാമെന്നു വിചാരിക്കുന്നു.

നമ്മുടെ ഗുരുനാഥനും മഹാനുഭാവനുമായ സ്വാമി അവർകളുടെ ആരാധനീയമായ അഭിപ്രായം, ഈ കർമ്മം അനാവശ്യവും അനാദരണീയവുമാണെന്നും ഇതിന്റെ അനുഷ്ഠാനത്തെയും ആഡംബരങ്ങളെയും ക്രമേണ കുറയ്ക്കുയും കഴിയുമെങ്കിൽ കഴിയുന്ന വേഗത്തിൽ ഇതിനെ കഥാവശിഷ്ടമാക്കുകയും കൂടി ചെയ്താൽ അതു് ഏറ്റവും ഉത്തമമാണെന്നും ആകുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്റെ അലംഘനീയമായ ആജ്ഞയിൽ പ്രവർത്തിക്കുന്ന ഞങ്ങൾ അതിനെക്കുറിച്ചു് പക്ഷപാതരഹിതമായ ഒരു നിരൂപണം ചെയ്വാൻ കടപ്പെട്ടിരിക്കുന്നു.

കെട്ടുകല്യാണത്തിനു ഹിന്ദുക്കളുടെ നിലയിൽ നമുക്കു് ഒരു അർത്ഥത്തെയും വ്യാഖ്യാനിപ്പാൻ കഴിയാത്തതാണു്. ഇതു് ഗർഭാധാനം മുതലായ ഷോഡശക്രിയകളിൽ ഒന്നായിരിക്കുകയോ ഒന്നിൽ അടങ്ങുകയോ ചെയ്യുന്നില്ല. ഇതിനെ വിവാഹമെന്നുള്ള അർത്ഥത്തിൽ നാമകരണം ചെയ്കയും ആചരിക്കുകയും ചെയ്യുവരുന്നതു് ശുദ്ധമേ അവിചാരിതമാകുന്നു. ഇങ്ങനെ ഒരു വിവാഹം ഹിന്ദുക്കൾക്കു് ശാസ്ത്രത്തിലോ പ്രവൃത്തിയിലോ എവിടെയും കാണുന്നില്ല. ഒരു പരിഷ്കൃതജനസമുദായത്തിനു് ഇങ്ങനെ ഒരു വിവാഹത്തെ മനോരാജ്യത്തിൽ തന്നെ നിർമ്മിക്കുകയോ അതിനെ അപ്രകാരം തന്നെ വിശ്വസിക്കുകയോ ചെയ്യുന്നതിനു് ഇക്കാലത്തു ശക്തിയുണ്ടാകുമെന്നും ഞങ്ങൾക്കു തോന്നുന്നില്ല. വിവാഹം മനുഷ്യജീവിതത്തിൽ പ്രകൃത്യാ തന്നെ പ്രധാനതമമായ ഒരു കൃത്യവും പക്ഷേ മറ്റുള്ള എല്ലാ മതസ്ഥന്മാരെക്കാളും ഹിന്ദുക്കൾക്കു് ഏറ്റവും ആദരണീയമായ ഒരു വൈദികാനുഷ്ഠാനവും ആകുന്നു. അതുകൊണ്ടു് അത്ര ഗൗരവമേറിയ ഒരു നാമത്തെ. 'കെട്ടുകല്യാണം' എന്നുപറഞ്ഞു കണക്കിലധികം ഔർജ്ജിത്യത്തോടുകൂടി നാം ഘോഷിച്ചുപോരുന്ന ഒരു 'പിള്ളർകളി'ക്കു കൊടുക്കുവാൻ നമുക്കു് ഇതുവരെ ലജ്ജ തോന്നാതിരുന്നതിനെപ്പറ്റി നാം വാസ്തവമായ സ്വാഭിമാനവും സമുദായാഭിമാനവും ഉള്ളവരാണെങ്കിൽ വ്യസനിക്കേണ്ടതാകുന്നു.

പ്രമാണം ഒന്നുമില്ലെങ്കിലും ഇതു വല്ല പ്രയോജനവും ഉള്ളതായിരുന്നുവെങ്കിൽ തരക്കേടില്ല. ഭാഗ്യദോഷത്താൽ ഇതിന്റെ പ്രയോജനം നേരേ മറിച്ചുള്ളതാണു്. തന്റെ സമുദായത്തിന്റെയോ കുടുംബത്തിന്റെയോ നന്മയ്ക്കുവേണ്ടിയോ തന്റെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന്നായോ കൂടി കാൽ കാശു ചെലവു ചെയ്യാത്ത ചില കാരണവന്മാർ, തങ്ങൾ ജീവിതാവധി കഷ്ടപ്പെട്ടു സമ്പാദിച്ച പണങ്ങളെ ഈ അന്ധപരമ്പരാസിദ്ധമായ അസംബന്ധത്തിനുവേണ്ടി അശേഷം കുസൽ കൂടാതെ ബലികഴിക്കുന്നതും ഇതിനെ നിമിത്തമാക്കി പൂർവസ്വത്തുക്കളെക്കൂടി തറവാട്ടു് ആവശ്യമെന്നുപറഞ്ഞു് എഴുതിക്കൊടുത്തും ഈടുവച്ചും കടപ്പെടുത്തി തറവാടുകളെ ദീപാളി കളിപ്പിക്കുന്നതും കണ്ടാൽ സമുദായാഭിവൃദ്ധിയിൽ താല്പര്യമുള്ള ആരുടെ ഹൃദയമാണു് ആധിപരാധീനമാകാത്തതു്? ആയിരമോ രണ്ടായിരമോ ഉറുപ്പികയിൽ അധികം കൂടുതലായും ഇരുനൂറോ നൂറോ ഉറുപ്പികയിൽ ഒട്ടും കുറയാതെയും ചെലവഴിച്ചു് ധനികന്മാരും ദരിദ്രന്മാരും ഈ

Digitized By Kerala Sahitya Akademi

അസംബന്ധത്തെ കൊണ്ടോട്ടന്നുണ്ട്. ഒരു താലൂക്കിൽ വത്സരമൊന്നിനു് ജനങ്ങളുടെ ഏറെക്കുറച്ചിലനുസരിച്ചു് ഈ മാതിരി നൂറോ അമ്പതോ അടിയന്ത്രങ്ങളുണ്ടാകുന്നു എന്നു വിചാരിക്കുക. അപ്പോൾ ആണ്ടൊന്നിനു് നമ്മുടെ സമുദായത്തിന്റെ ബജനാവിൽ നിന്നു് ഒരു താലൂക്കിൽ തന്നെ എത്രായിരം ഉറുപ്പിക ചോന്നുപോകുന്നുണ്ടെന്നു് ഏകദേശം നമുക്കു കാണാം. വീണ്ടും താലൂക്കുതോറും നമ്മിൽ നിന്നു് ആണ്ടൊന്നുക്കു കുറഞ്ഞപക്ഷം ശരാശരി പതിനായിരം ഉറുപ്പിക ഇതിനുവേണ്ടി ചെലവാകുന്നുണ്ടു് എന്നു വിചാരിക്കുക. അപ്പോൾ വിസ്തീർണ്ണമായ കേരളഭൂമി മുഴുവൻ അശേഷം താലൂക്കുകളിലുമായി എത്ര ലക്ഷം ലക്ഷം രൂപാ ആണ്ടൊന്നിനു് ഇതിനുവേണ്ടി പുളിശ്ശേരിയാവും. ദയനീയമായ നമ്മുടെ സമുദായ ബണ്ഡാരം എത്ര പാപ്പരായും പോകുന്നു എന്നും നമുക്കു കാണാം. ധനം സമുദായ ശരീരത്തിന്റെ രക്തമാകുന്നു. ഹാനികരമായ ഈ നിരന്തര രക്തപ്രവാഹത്തെ കണ്ടാൽ ഏതു സമുദായാംഗമാണു് അന്ധാളിക്കാത്തതു്.

ഇപ്രകാരം ദുർവ്യയപ്പെട്ടുപോകുന്ന അനവധി ധനങ്ങളെ നാം അതാതു താലൂക്കുകളിലോ സ്ഥലങ്ങളിലോ പ്രത്യേക വരുമാനമായി സ്വരൂപിക്കയും സംരക്ഷിക്കുകയും അതാതു സ്ഥലങ്ങളിൽ വിദ്യാഭ്യാസ സംബന്ധമായോ മറു വല്ല പ്രകാരേണയോ സമുദായാഭിവൃദ്ധികരങ്ങളായ കാര്യങ്ങളിൽ വിവേകപൂർവ്വം വിനിയോഗിക്കയും ചെയ്യുന്നതായാൽ എത്ര അല്പകാലത്തിനുള്ളിൽ നമ്മുടെ സമുദായം പരാപേക്ഷ കൂടാതെ തന്നെ ഏറ്റുന്നതസ്ഥിതിയിൽ വരാവുന്നതാണെന്നു് ഏവനും അനുസാരം ഊഹിച്ചാൽ അറിയാമെന്നുള്ളതാണു്. ഈ ധന നഷ്ടത്തെക്കാളും ഭയങ്കരമായ അനർത്ഥങ്ങളും ഇതിൽ നിന്നും ഉണ്ടാകുന്നുണ്ടു്. ഇപ്പോൾ നമ്മുടെ സമുദായത്തിൽ ഏതു സ്ഥലങ്ങളിലും കണ്ടുവരുന്ന അനേക കക്ഷികളും, കക്ഷി മത്സരങ്ങളും സൂക്ഷ്മമായി ആലോചിച്ചാൽ മിക്കവാറും ഇതിൽനിന്നുണ്ടാകുന്നവയാണു്. അടുത്ത കുടുംബങ്ങളുടേയും ബന്ധുക്കളുടേയും ഇടയിൽ അനേകം അന്തഃഛിദ്രങ്ങളും ഗൃഹഛിദ്രങ്ങളും ഇതിൽനിന്നും ഉണ്ടാകുന്നുണ്ടു്. ഇതു് പഴയ തറവാടുകളുടെ മാറിനെ ഉരച്ചുനോക്കുന്ന ഒരു ഉരകല്ലാണല്ലോ. വളരെ അന്തസ്സിൽ കഴിയുന്ന ഒരുവനു് അവന്റെ പുത്രിയുടെ താലികെട്ടിയന്ത്രം നടത്തേണ്ടതായി ഏർപ്പെട്ട എന്നിരിക്കട്ടെ. അപ്പോൾ അവനു് അവന്റെ വാത്സല്യനിധിയമായ ആ പുത്രിയെ സ്വന്തം അനന്തരവനെക്കൊണ്ടു് കഴുത്തുകെട്ടിക്കാനും പ്രകൃത്യാ ആഗ്രഹം ജനിച്ചു എന്നും ഇരിക്കട്ടെ. ഇതിനു പല തടസ്സങ്ങളും വന്നേക്കാം. മകളുടെ തറവാട്ടിൽ താൻ പുതിയ ബാന്ധവക്കാരൻ (അല്ലെങ്കിൽ) 'മച്ചമ്പി'യാകയാൽ പാടില്ലെന്നു കാരണവനും കൂട്ടരും ബലമായി ശാഠ്യം പിടിച്ചേക്കാം. കലാശത്തിൽ വൈവസ്വതമനുവിന്റെ കാലത്തെ മച്ചമ്പിയാണെന്നും പറഞ്ഞു് ഒരു കൂലിവേലക്കാരന്റെ മകൻ ആ കുട്ടിയെ കഴുത്തുകെട്ടി എന്നും വന്നേക്കാം. ചിലർക്കു് ഇതുവളരെ ദുസ്സഹമായി തോന്നാറുണ്ടു്. എന്നാൽ ഈ തിരിഞ്ഞെടുപ്പുകാരെക്കാളും ഇക്കാലത്തു ആ തിരിഞ്ഞെടുപ്പിനെ വിലവയ്ക്കുന്നവരെക്കുറിച്ചാണു ഞങ്ങൾക്കു് അധികം ആശ്ചര്യം തോന്നുന്നതു്. ഇങ്ങനെ നോക്കിയാൽ ഈ അടിസ്ഥാനമാറ കാരണത്തിൽ നിന്നും നമ്മുടെ സമുദായത്തിനു് ഉണ്ടായിക്കൊണ്ടിരിക്കുന്ന അനർത്ഥ പരമ്പരകൾക്കു് അവസാനമില്ല.

Digitized By Kerala Sahitya Akademi

ചുരുക്കത്തിൽ ഇതിനെ ഭേദപ്പെടുത്തുന്നതുകൊണ്ട് നമ്മുടെ സമുദായത്തിനുള്ള സ്വയംകൃതാനർത്ഥങ്ങളിൽ മുക്കാലേ അരയ്ക്കാലും ഒഴിഞ്ഞുപോകുന്നതാണെന്നുള്ളതിൽ ഞങ്ങൾക്കു രണ്ടുപക്ഷം തോന്നുന്നില്ല. പഴയ ആചാരമാണെന്നുള്ള അതി ദുർബലമായ ഒറ്റ ന്യായം ഇതിനെ ഒരിക്കലും തടുത്തു നിറുത്താൻ ശേഷിയുള്ളതായിരിക്കയുമില്ല. നമ്മുടെ ദുഷ്ടിയിൽ തന്നെ അനേകം ലജ്ജാവഹങ്ങളായ പൂർവാചാരങ്ങൾ പലരുടെ ഇടയിലും അസ്തമിച്ചുപോകുന്നതായി കാണുന്നുണ്ട്. എങ്കിലും അതുനിമിത്തം ആരുടേയും കണ്ണു പൊട്ടിപ്പോയതായി നാം കണ്ടിട്ടില്ല. നേരേമറിച്ച് മലയാളത്തിലെ ആഢ്യബ്രാഹ്മണരുടെ പെൺകുട്ടികൾക്ക് ആജീവനാന്തം താലികെട്ടില്ലാതിരിക്കുന്നതിൽ വിരോധം യാതൊന്നുമില്ലെങ്കിൽ ഈഴവപ്പെൺകുട്ടികൾക്കും അതുകൂടാതെ കഴിക്കുന്നതുകൊണ്ട് അധികമായ അപായമൊന്നും വരാനില്ലെന്നാണു ഞങ്ങൾക്കു തോന്നുന്നത്. ആയതുകൊണ്ട് നാം ഇതിനെ ഭേദപ്പെടുത്തേണ്ടതും അതിന്റെ സ്ഥാനത്തു സാക്ഷാൽ വിവാഹത്തെ ബലപ്പെടുത്തേണ്ടതും ആകുന്നു. അതു വേണ്ട പൂർവാലോചനയോടുകൂടി ചെയ്യേണ്ടതാണ്. അതിനു് ഓരോ സ്ഥലങ്ങളിലും ഉള്ള പ്രമാണികൾ അവിടവിടെ സഭകൂടി വേണ്ട ഏർപ്പാടുകൾ ചെയ്കയും ആവശ്യപ്പെട്ടാൽ ഓരോ സ്ഥലങ്ങളിലെയും പ്രതിനിധികളായ പ്രമാണികൾ ചേർന്നു് ഒരു ആചാര പരിഷ്കരണ സംഘം കൂടുകയും അതിലെ തീർച്ച അനുസരിച്ചു് നടക്കുകയും ചെയ്യുമെന്നുള്ളതാകുന്നു.

വിവേകോദയവും ശ്രീനാരായണ ധർമ്മ പരിപാലന യോഗവും ഈ വിഷയത്തിൽ സദാ ജാഗരൂകങ്ങളായിരിക്കുന്നവയാണു്.

ഈ കാര്യത്തിൽ മാന്യന്മാരായ എല്ലാ പ്രമാണികളുടേയും സമുദായക്ഷേമകാംക്ഷികളായ എല്ലാവരുടേയും ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

വിവേ : 1079 മിഥുനം

ഒരു ഭ്രഷ്ടു്

ബ്രിട്ടീഷു് മലയാളത്തിൽ താനൂർ എന്ന സ്ഥലത്തുള്ള ഒരു തീയൻ ഒരു മുക്കുവനിരുന്ന പുല്ലുപായിന്മേൽ തൊട്ടശേഷം കുളിക്കാതെ ഊണുകഴിച്ചു എന്നുള്ള ഏകകാരണത്താൽ ജാതിക്കൂട്ടത്തിലെ തീർച്ചയിന്മേൽ അയാളെ കുടുംബസഹിതം ഭ്രഷ്ടനാക്കിയിരിക്കുന്നതായി ഒരു മാന്യലേഖകൻ ഞങ്ങൾക്കെഴുതുന്നു. ഇത്തരം പ്രവൃത്തികളെ കണ്ടാൽ തിരുവനന്തപുരത്തുകാരായ ഞങ്ങൾക്കു പ്രകൃത്യാ പിരിയാണുണ്ടാകേണ്ടതു് എങ്കിലും സമുദായ സ്നേഹം നിമിത്തം ആ സാധുവിനെക്കുറിച്ചു വളരെ വ്യസനവും ''ജാതിക്കൂട്ട''ത്തിലെ ജഡ്ഡിമാരെക്കുറിച്ചു വളരെ ജുഗുപ്സയുമാണു തോന്നുന്നതു്. ലോകത്തിൽ വച്ചു് ഏറ്റവും പരിഷ്കൃതമായ ഒരു ഗവർമ്മെൻറിനാൽ ഭരിക്കപ്പെടുന്ന ഒരു രാജ്യത്തിന്റെ ഒരു ഭാഗത്തിൽ, വിശേഷിച്ചു് ഈ ഇരുപതാം നൂറ്റാണ്ടിൽ, ഇത്രനീചവും ദോഷകരവുമായ ഒരു ആചാരം ഇത്ര ഊർജ്ജിതത്തിലിരിക്കുന്നതു് വല്യ ഒരു ആശ്ചര്യമാണെന്നല്ലാതെ

Digitized By Kerala Sahitya Akademi

ഇതിനു ഞങ്ങൾ എന്തു പറയട്ടെ. പ്രസ്തുത ജഡ്ജിമാർ സമുദായത്തിന്റെ നന്മ യ്ക്കായി അവർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും സമുദായത്തെ ഇത്ര കഠിന മായി ദ്രോഹിക്കരുതെന്നും, സമുദായത്തിനു വേണ്ടി ഒരു യശസ്സും അവകാശപ്പെടാൻ കഴിഞ്ഞില്ലെങ്കിലും സമുദായദ്രോഹികളെന്നുള്ള കർണ്ണാഘാതമായ ദുർ യശസ്സിനു് സ്വതേ പാത്രമായിത്തീരരുതെന്നും അവരോടു് ഉപദേശിക്കേണ്ടിവ ന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. ആചാരത്തിലും വിചാരത്തിലും ഒരുത്തനെ ന്യായമായി പതിതനാക്കത്തക്കവണ്ണമുള്ള ദുഷ്കൃത്യങ്ങളെ പരസ്യമായും രഹസ്യ മായും ചിലർ ചെയ്യും, ക്ഷമിച്ചും പോരുന്ന മനുഷ്യർക്ക് ഒരു സമസൃഷ്ടിയെ തൊടുന്നതിനെമാത്രം അശേഷം ക്ഷമിപ്പാൻ പാടില്ലെന്നുള്ള അതികഠോരമായ അ ന്ധവിശ്വാസത്തെ മഹാനുഭാവനായ ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർക ളുടെ ആജ്ഞയിൻ കീഴ്പ്രവർത്തിക്കുന്ന യോഗം ഒരിക്കലും ഒരു നയമായി അം ഗീകരിക്കയില്ലെന്നു മാത്രമല്ല, നേരേമറിച്ചു ഭയങ്കരമായ ഒരു അപനയമാണെന്നു കൂടി വിചാരിക്കുന്നതാണെന്നും ആ മാന്യലേഖകനെ, ആവശ്യപ്പെടുകയാൽ, ഞ ങ്ങൾ അറിവിക്കേണ്ടിയിരിക്കുന്നു. ബ്രിട്ടീഷ് മലബാറിലെ നമ്മുടെ സഹോദ രന്മാരിൽ യോഗ്യതയുള്ളവർ ഈ വക സമുദായ കാര്യങ്ങളെപ്പറ്റി യാതൊരു വ്യ വസ്ഥയും ചെയ്വാൻ ശ്രമിക്കാത്തതിൽ ഞങ്ങൾ ആശ്ചര്യപ്പെടുന്നു.

വിവേ : 1080 ചിങ്ങം

ആചാരപരിഷ്കരണം 2

പ്രദർശനം മുതലായ ഭാരമേറിയ കൃത്യങ്ങളാലുണ്ടായ അസൗകര്യങ്ങളും നാട്ടു കൂട്ടങ്ങളിൽ സമാധാനഭംഗത്താൽ വന്നു നേരിട്ടുന്ന കുഴപ്പങ്ങളും നിമിത്തം പ്രസ്തുത വിഷയത്തിൽ ഉള്ള യോഗത്തിന്റെ ശ്രമം ഈയിടെ ഏതാണ്ടു മന്ദഗതിയിൽ ആ യിരിക്കുന്നു എന്നു കാണുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. ഒരു ജാതിയെ ഉത്തമ മോ അധമമോ ആക്കിച്ചെയ്യുന്നതു് ആചാരം ആകുന്നു. ആദരണീയമായ ആചാര നടപടികളോടുകൂടിയ ഒരു സമുദായം എപ്പോഴും ഒരു പരിഷ്കൃതസമുദായമായ് ഇരിക്കും. ഈ വിഷയത്തെപ്പറ്റി ഞങ്ങൾ ഒന്നിലധികം പ്രാവശ്യം ഈ കാളങ്ങ ളിൽ പ്രസ്താവിച്ചിട്ടുണ്ടു്. ആചാരങ്ങളെ പരിഷ്കരിച്ചു് സമുദായത്തെ നല്ല നിലയിൽ കൊണ്ടുവരുന്ന മാർഗ്ഗം ഏറ്റവും സുഗമവും ധനാപേക്ഷയില്ലാത്തതും നേരേമറിച്ചു് ആദായകരവും ആകുന്നു. അനാവശ്യങ്ങളായ പൂർവാചാരങ്ങളെ പ്രമാണിച്ചു ചെയ്യുന്ന അമിതമായ ധനവ്യയംകൊണ്ടു് ദിനംപ്രതി സമുദായം കെട്ടിട്ടും സമുദായസ്നേഹികൾ പരിഷ്കരണത്തിനായി നിലവിളിച്ചു കണ്ണും ശോഷിച്ചിട്ടും വകവയ്ക്കാതെ ദുരഭിമാനപാശത്തിൽ തൂങ്ങിയോ അവിവേകതിമിര ത്താൽ കുഴിയിൽ വീണോ അപായപ്പെടുവാൻതന്നെ ധൃഷ്ടതയോടുകൂടി പുറപ്പെട്ട ുന്ന ചിലരുടെ സാഹസത്തെക്കുറിച്ചു ഞങ്ങൾ എന്തു പറയട്ടെ! ഈ സന്ദർഭത്തിൽ ആചാരങ്ങളെക്കുറിച്ചു ഫലവത്തുകളായ പ്രസംഗങ്ങൾ ചെയ്തു ജനങ്ങളെ ബലമാ യി തിരിച്ചു് പരിഷ്കാരമാർഗ്ഗത്തിലേക്കു കൊണ്ടുവരത്തക്കവണ്ണം സമർത്ഥന്മാ

Digitized By Kerala Sahitya Akademi

രായ പ്രാസംഗികന്മാർ അവിടവിടെ ഉണ്ടായിരിക്കുകയും യോഗം ഏജന്റന്മാർ അവരെ പല പ്രകാരണ പ്രോത്സാഹിപ്പിച്ച് ഓരോ സംഗതികളെയും നടപ്പിൽ വരുത്താൻ ശ്രമിക്കയും ചെയ്യാതെ പ്രസ്തുതകാര്യം സാദ്ധ്യമാവാൻ പ്രയാസമായിട്ടുള്ളതാകുന്നു. കൊല്ലത്തു മ. രാ രാ കൊച്ചുലക്ഷ്മൻ വൈദ്യർ അവർകളും ഇപ്രകാരം ഒരു പ്രാസംഗികനായിരിക്കാമെന്നു ഞങ്ങൾക്കു് എഴുതുന്നു. ഇതുപോലെ പല മാന്യന്മാരെയും ഞങ്ങൾ പല സ്ഥലങ്ങളിലും പ്രതീക്ഷിച്ചിരുന്നുണ്ടു്. ദയചെയ്തു യോഗ്യതയുള്ള ഓരോരുത്തരും ഇപ്രകാരം എഴുതി അയച്ചാൽ അവരുടെ യോഗ്യതാനുസാരം അവരെ അതാതു സ്ഥലങ്ങളിലെ പ്രാസംഗികന്മാരായി നിയമിക്കുകയും അവർക്കു് ആവശ്യമുള്ളപക്ഷം വല്ല സഹായവും ചെയ്യുകയും ചെയ്യുന്നതിനായി ഞങ്ങൾ യോഗത്തോടു ബലമായി ശുപാർശചെയ്യുന്നതാണു്.

പ്രാസംഗികന്മാർ അപേക്ഷകളെ യോഗം സിക്രട്ടറി അവർകൾക്കു് അയച്ചാൽ അദ്ധ്യക്ഷനായ ബ്രഹ്മശ്രീ സ്വാമി അവർകളുടെ പരിതംപോലെ അവയെ അംഗീകരിക്കുന്ന പ്രകാരത്തിനും അംഗീകരിക്കപ്പെട്ടാൽ അങ്ങിനെ ഉള്ളവരുടെ കൃത്യങ്ങളേയും ചുമതലകളേയും വിവരിച്ചു സിക്രട്ടറി മറുപടി കൊടുക്കുന്നതും അതിനെ പ്രമാണമാക്കി അവർ യോഗം വക പ്രാസംഗികന്മാരായി തീരുന്നതും ആവിവരം വിവേകോദയത്തിൽ പ്രസിദ്ധപ്പെടുത്തുന്നതും ആകുന്നു. ''സജാതോ യേന ജാതേന യാതി വംശസ്സമുന്നതിം'' ഈ പ്രമാണവചനത്തെ അനുസ്മരിച്ചു പ്രവർത്തിപ്പാൻ ഞങ്ങൾ എല്ലാ യോഗ്യന്മാരെയും ക്ഷണിച്ചുകൊള്ളുന്നു.

വിവേ: 1080 മീന.

ആചാരപരിഷ്കരണം 3

പുതിയ വിവാഹരീതി, താലികെട്ടു നിരോധനം, പരിഷ്കൃതരീതിയിലുള്ള ശ്രാദ്ധകർമ്മം മുതലായവ പ്രചാരപ്പെട്ടു വന്നതോടുകൂടി പാരമ്പര്യസ്മൃതികർത്താക്കന്മാരായ മഹർഷിമാരുടെ അടുക്കൽ എന്നപോലെ ബ്രഹ്മശ്രീ സ്വാമി അവർകളുടെ സന്നിധാനത്തിൽ ധർമ്മാധർമ്മങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളും വഴക്കുകളും ദിവസംപ്രതി വർദ്ധിച്ചുവരികയാകുന്നു. ലോകത്തിന്റേയും ഈശ്വരന്റേയും തത്ത്വങ്ങളെക്കുറിച്ചുള്ള അറിവും നിഷ്കളങ്കമായ വിശ്വാസവും ബാഹ്യവും ആഭ്യന്തരവുമായ ശുദ്ധിയും മാത്രമാണു് മനുഷ്യനുവേണ്ടതെന്നും, മറ്റുള്ള ആചാരങ്ങളെക്കുറിച്ചു ഭ്രമിച്ചിട്ടു് ആവശ്യമില്ലെന്നുമാണു് വന്ദ്യരായ സ്വാമി അവർകളുടെ സിദ്ധാന്തം. ജീവിതയാത്രയുടെ ഏറ്റവും ഗൗരവവും ഉത്തരവാദവും ഉള്ള ചില ഘട്ടങ്ങളിൽ അതിന്റെ ആദ്യന്തങ്ങളേയും അത്യുത്കൃഷ്ടമായ ഉദ്ദേശ്യത്തേയും കുറിച്ചു് ഉത്തമങ്ങളായ സ്മരണകളെ ഉണ്ടാക്കി വിചാരങ്ങളേയും പ്രവൃത്തികളേയും ശുദ്ധീകരിച്ചു മനുഷ്യനെ ഉന്മേഷപ്പെടുത്തത്തക്കവണ്ണമുള്ള ചില മംഗളകർമ്മങ്ങളും ആവശ്യങ്ങളാണെന്നും അതിൽ പ്രധാനമായിട്ടുള്ളവ വിവാഹവും ശേഷക്രിയകളും ആണെന്നും ശേഷം കർമ്മങ്ങളെ ഗണ്യമായി വിചാരി

Digitized By Kerala Sahitya Akademi

ക്കരുത്തുമെന്നുമാണ് അദ്ദേഹം ഉപദേശിക്കുന്നത്. ഇവയിൽ വിവാഹത്തെക്കുറിച്ചു ഈ കാളങ്ങളിൽ പലപ്പോഴും പറഞ്ഞിട്ടുള്ളതും ശേഷക്രിയയെപ്പറ്റി അടുത്ത അവസരത്തിൽ ഞങ്ങൾ പ്രതിപാദിക്കുന്നതും ആകുന്നു. അനാവശ്യമായ ധനവ്യയം ഒരു മംഗളകർമ്മത്തിനും ഉണ്ടാകരുതെന്നു സ്വാമി എല്ലാവരോടും പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. ആചാരനടപടികളെക്കുറിച്ചു നിഷ്കൃഷ്ടമായ ഒരു പ്രബന്ധം സ്വാമി അവർകൾ തന്നെ നിർമ്മിക്കുന്നതും അടുത്ത നമ്മുടെ വാർഷിക യോഗത്തിൽ ജനങ്ങളുടെ പൊതു സമ്മതത്തിനും അനുഷ്ഠാനത്തിനുമായി അവരുടെ മുമ്പാകെ വയ്ക്കുന്നതുമാണെന്നു ഞങ്ങൾ അറിവിച്ചു കൊള്ളുന്നു.

വിവേ : 1081 ചിങ്ങം

ആചാരപരിഷ്കരണം 4

സ്വാമി അവർകളുടെ വന്ദ്യമായ ആജ്ഞയെ അനുസരിച്ചു നമ്മുടെ സമുദായത്തിൽ പഴയ മാമൂൽ പ്രകാരം ഉള്ള ഗർഹ്യങ്ങളും വ്യയസാദ്ധ്യങ്ങളുമായ അനേകം കടങ്ങുകളെ നീക്കി വിവാഹം മുതലായ കർമ്മങ്ങൾ ഉത്തമരീതിയിൽ നടത്തപ്പെടാൻ ശ്രമിച്ചു തുടങ്ങീട്ടു രണ്ടുമുന്നു കൊല്ലങ്ങൾ ആയിട്ടുണ്ട്. ഈ വിഷയത്തിൽ താലികെട്ടടിയന്തിരം അശേഷം അർത്ഥശൂന്യമാകയാൽ നിർത്തൽ ചെയ്യുകയും വിവാഹം സാർവത്രികമായ ഒരു നിയമം അനുസരിച്ചു നടത്തുകയും ചെയ്യണമെന്നുള്ള സ്വാമി അവർകളുടെ ഉപദേശമാണ് ഇപ്പോൾ അധികംപേരും നടപ്പിൽ വരുത്താൻ ശ്രമിച്ചും സാധിച്ചും വരുന്നത്. നമ്മുടെ ദ്രവ്യത്തെ തടുക്കുന്നതും കാലോചിതവും ചേർച്ചയുള്ളതും പരിശുദ്ധനായ അദ്ദേഹത്തിന്റെ ഉപദേശമാകയാൽ സ്വയം പ്രമാണഭൂതവുമായ ഈ ഏർപ്പാടു പൊതുവിൽ നടപ്പിൽ വരുന്നതു സമുദായക്ഷേമത്തെ ആഗ്രഹിക്കുന്ന അറിവുള്ളവർക്കെല്ലാം അധികമായ സന്തോഷത്തിനു കാരണമായിട്ടുള്ളതാണെന്നു പറയണമെന്നില്ലല്ലോ. എന്നാൽ കൊച്ചി, തിരുവിതാംകൂർ ഈ സംസ്ഥാനങ്ങളുടെ പലഭാഗത്തും ഈ ഏർപ്പാടു് വേഗത്തിലും പൂർണ്ണമായും പ്രചാരപ്പെട്ടു വരുന്നുണ്ടെങ്കിലും പലേടത്തും ഇപ്പോഴും പഴയ മാമൂലിൽ ബദ്ധശ്രദ്ധന്മാരായും പലരുണ്ടെന്നു കാണുന്നതു് ഖേദനീയമായിരിക്കുന്നു. സാധുക്കളായ കുടികളെക്കൊണ്ടു് പഴയ സമ്പ്രദായത്തിൽ തന്നെ അടിയന്തരങ്ങൾ നടത്തി ചില അവകാശങ്ങൾ വാങ്ങിവരുന്ന ചില കയ്യൂക്കേറിയ കാര്യസ്ഥന്മാരാണു സ്വാമിയുടെ ഉദ്ദേശപ്രകാരമുള്ള ഈ വലിയ ഗുണം നമ്മുടെ സമുദായത്തിനു കിട്ടാൻ പലപ്പോഴും പ്രതിബന്ധമായി നിന്നു വരുന്നതു്. ഈ കാലം 'തലവരി'യും 'ഉഴിയ'വും മറ്റും നടപ്പിലിരുന്ന പഴയ കാലമല്ലെന്നും ഇപ്പോൾ ഒരു മനുഷ്യനു മറ്റൊരു മനുഷ്യന്റെ മേൽ അപ്രകാരമുള്ള യാതൊരവകാശവുമില്ലെന്നും എല്ലാവർക്കും അറിയാവുന്നതാണല്ലോ. അതുകൊണ്ടു് ഇക്കാലത്തു ക്ഷാമം മുതലായ അനേകം കഷ്ടപ്പാടുകളാൽ വലഞ്ഞിരിക്കുന്ന സാധുക്കളെ ഈവക അന്യായമായ നിർബ്ബന്ധംകൊണ്ടും സ്വാർത്ഥത്തിനുവേണ്ടി പീഡിപ്പിക്കുന്നതു് അങ്ങിനെയുള്ള ദേയ

Digitized By Kerala Sahitya Akademi

ഗൃന്മാർക്കു് ഒന്നുകൊണ്ടും ഉചിതമായിട്ടുള്ളതല്ലെന്നും ചിലവു കുറഞ്ഞതും വെടിപ്പുള്ളതുമായ സ്വാമി അവർകളുടെ ഉപദേശപ്രകാരമുള്ള അടിയന്തരങ്ങൾ സർവത്ര നടപ്പു വരുത്തി പൊതുക്ഷേമത്തെ വർദ്ധിപ്പിപ്പാൻ അവർ ഇനിയെങ്കിലും ദൃഷ്ടിവയ്ക്കുണമെന്നും സബഹുമാനം ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. അടിയന്തരങ്ങളിൽ നിന്നും സ്വല്പമായ ഒരാദായം വാങ്ങുന്നതു ന്യായമായിട്ടുള്ളതാണെങ്കിലും അതു് ഒരു പൊതുമുതലായി സമുദായത്തിനു് ഉപയോഗപ്പെടുത്തുകയല്ലാതെ ഒന്നോ അധികമോ ആളുകൾ ചേർന്നു വിഭജിച്ചു സ്വന്താവശ്യത്തിലേക്കു് എടുക്കുന്നതു് ഇക്കാലത്തു തീരെ അവിഹിതമായിട്ടുള്ളതാകുന്നു. ഈ സമ്പ്രദായം ഇപ്പോഴും ചിലേടത്തു നടപ്പിലിരിക്കുന്നതായറിയുന്നതിൽ വ്യസനിക്കുന്നു. മാന്യകുടുംബങ്ങളേയും പ്രമാണികളേയും പണം കൊണ്ടു ബഹുമാനിക്കുന്നതിനേക്കാൾ വേറെ മാർഗ്ഗത്തിൽ നമുക്കു ബഹുമാനിക്കാവുന്നതാകുന്നു. വാസ്തവത്തിൽ ഓരോരുവർക്കു വേണ്ട ബഹുമാനം സ്വന്തഗുണങ്ങളെക്കൊണ്ടു് അവരവർ തന്നെ സമ്പാദിച്ചു കൊള്ളേണ്ടതും അല്ലാത്ത ബഹുമാനങ്ങൾ ഭാവികാലത്തിൽ കേവലം പരിഹാസപാത്രങ്ങളായി മാത്രം കലാശിക്കുന്നവയുമാകുന്നു. അതുകൊണ്ടു് ആചാര സംബന്ധമായ ഈ ഏർപ്പാടിനും നമ്മുടെ യോഗോദ്ദേശ്യങ്ങളെ സാധിക്കുന്നതിനുള്ള മറ്റു പല കാര്യങ്ങൾക്കു് എന്നപോലെ ഓരോ ദേശങ്ങളിലും ദേശസഭകൾ ബലമായി ഏർപ്പെടേണ്ടതു് ജാതി സംബന്ധമായ സകലനടപടികളും അപ്രകാരമുള്ള സഭകൾ മുഖേന നടത്തപ്പെടാൻ വ്യവസ്ഥ ചെയ്യേണ്ടതും ആകുന്നു. ഈ വിഷയത്തിൽ നമ്മുടെ ഏജൻറന്മാർ പ്രാസംഗികന്മാർ മുതലായവരും സമുദായ സ്നേഹമുള്ള എല്ലാവരും കഴിയുന്ന വേഗത്തിൽ ദൃഷ്ടിപതിക്കുമെന്നു വിശ്വസിക്കുന്നു.

വിവേ: 1082 കന്നി

പുളികുടി

കഴിഞ്ഞ വിവേകോദയത്തിൽ ഒരു ''യോഗാംഗം'' എഴുതിയിരുന്ന 'പുളികുടി'യെ സംബന്ധിച്ച ലേഖനത്തിൽ ഈ ചടങ്ങിനെപ്പറ്റി ബ്രഹ്മശ്രീ നാരായണഗുരുസ്വാമി പാദത്തിൽനിന്നു വല്ല വിധിയും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഈ പത്രദ്വാരാ അറിയിക്കണമെന്നു് ആ മാന്യലേഖകൻ ആവശ്യപ്പെട്ടിരുന്നു. പുംസവനത്തിനും പുളികുടിക്കും തമ്മിലുള്ള വ്യത്യാസത്തേയും ഒടുവിൽ പറഞ്ഞതിന്റെ ബീജാശയത്തേയും പറഞ്ഞു ആ ലേഖനത്തിൽ തന്നെ വേണ്ടതു പറഞ്ഞിട്ടുണ്ടല്ലോ. ഞങ്ങളുടെ അറിവിലും അന്വേഷണത്തിലും ഈ ചടങ്ങിനു് എല്ലായിടത്തും എല്ലാവരിലും ഒന്നുപോലേ പ്രാധാന്യം കാണുന്നില്ല. ജാതിക്കാർ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ സ്ഥാനികളുടെ മിക്കവാറും അയഞ്ഞുകിടക്കുന്ന അധികാരബന്ധത്തെ മുറുക്കുന്നതിനായിട്ടുള്ള കൌശലങ്ങളിൽ ഒന്നായി ഇതിനെ ഇപ്പോഴും ചില ദിക്കുകളിൽ പുലർത്തിക്കൊണ്ടുപോരുന്നു എന്നല്ലാതെ പൊതുജനങ്ങൾക്കു് അതിനെ അത്ര വകവയ്ക്കുന്നതായി ഇല്ല. ഉദ്യോഗസംബന്ധമായും മറ്റും അന്യദിക്കുകളിൽ താമസിക്കുന്ന മാന്യന്മാരുടെ ഇടയിൽ ഇങ്ങനെയൊരു ചടങ്ങിനെപ്പറ്റിയ

Digitized By Kerala Sahitya Akademi

ഓർമ്മതന്നെ വിട്ടുപോയിട്ടുണ്ട്. സ്വാമിപാദത്തിലെ അഭിപ്രായം, ''ആവശ്യമില്ലെന്നു കാണുന്നതിനെ എല്ലാം നാം നിർദ്ദാക്ഷിണ്യമായി ഉപേക്ഷിക്കണം'' എന്നാകുന്നു. പുംസവനക്രിയ ഏർപ്പെട്ടതു് പുരുഷപ്രജ ഉണ്ടാകണമെന്നുള്ള ആഗ്രഹത്തിൽ നിന്നാണ്. ആ പദത്തിന്റെ അർത്ഥവും അതുതന്നെയാകുന്നു. വൈദികകാലം മുതൽ ആ കർമ്മത്തിന്റെ ശക്തികൊണ്ടു് ഗർഭങ്ങളെല്ലാം പുരുഷപ്രജയായിത്തന്നെ തീർന്നിരുന്നു എങ്കിൽ എത്രയോ ശതവർഷങ്ങൾക്കുമുൻപു നമ്മുടെ രാജ്യത്തു് മനുഷ്യസന്തതി ഒട്ടങ്ങിപ്പോകുമായിരുന്നില്ല? എങ്കിലും ദ്വിജന്മാർക്കു് വിധിയെ വ്യതിയാനം ചെയ്താൽ ജാതിഭ്രംശം വരുമെന്നു പേടിയുള്ളതിനാൽ അതിനെ അനുസരിച്ചേ തീരൂ. നാം എന്തുകൊണ്ടു് അതിനെ ആഭാസമായി പകർത്തണം? വേദാദ്ധ്യയനത്തിനു് അധികാരിയായിത്തീരുന്നതിനായും അവർക്കു് ഇതുപോലെയുള്ള ''സംസ്കാരങ്ങൾ'' ആവശ്യമാണ്. നമുക്കാവശ്യമുണ്ടോ? പിന്നെ ഗർഭിണികളേയും സന്താനങ്ങളേയും ഉദ്ദേശിച്ചു് നാം ചെയ്യേണ്ടതായി സ്വാമിപാദത്തിൽ നിന്നു് കല്പിക്കുന്നതെന്തെന്നാൽ :– ഗർഭിണികളുടെ മനസ്സിനും ശരീരത്തിനും വാക്കുകളെക്കൊണ്ടോ പ്രവൃത്തികളെക്കൊണ്ടോ ക്ലേശത്തെ ഉണ്ടാക്കരുതു്. അവരോടു പൂർവാധികം സ്നേഹമായി പെരുമാറുകയും കഴിയുന്നവണ്ണം അവരെ ഉപചരിക്കുകയും ചെയ്യണം. ഈശ്വരഭക്തിയും വിശ്വാസവും എപ്പോഴും ആവശ്യമാകുന്നു. ദേവാലയങ്ങളിൽ അവരെ കൊണ്ടുപോയി വഴിപാടുകൾ ചെയ്യിപ്പിക്കുകയും വീട്ടിലും ഈശ്വരപൂജയും പുണ്യത്തെ ഉദ്ദേശിച്ചുള്ള വല്ല ധർമ്മങ്ങളും യഥാശക്തി നടത്തുകയും ഭഗവൽകഥകളെ വായിച്ചു കാലക്ഷേപം ചെയ്കയും ചെയ്യുന്നതു വിഹിതമാണ്. ഇതു് അവർക്കു് മനസ്സിനു ശ്രുതിയും ആശ്വാസവും ഉണ്ടാക്കുന്നു. അതുകൊണ്ടു് അവർ അരോഗിണികളായിത്തീരുകയും ഗുണവാൻമാരായ പുത്രൻമാരേയും പുത്രികളേയും പ്രസവിക്കുകയും ചെയ്യും. സ്വാമിപാദത്തിൽനിന്നു് സമുദായത്തിന്റെ ആചാരങ്ങളെ നിയമിക്കുന്നതായി ''ധർമ്മസംഗ്രഹം'' എന്നൊരു പുസ്തകം എഴുതുന്നതാണ്. പുളികടിയെപ്പറ്റി അവിടത്തേക്കുള്ള അഭിപ്രായം മേല്പറഞ്ഞതാകയാൽ അതിനെപ്പറ്റി തൽക്കാലം ഇത്രമാത്രമേ അറിയിപ്പാൻ തരമുള്ളൂ.

വിവേ : 1083 മിഥുനം, കർക്കടകം

നമ്മുടെ ആചാര പരിഷ്കരണം

എസ്. എൻ. ഡി. പി. യോഗത്തിന്റെ ആരംഭത്തോടുകൂടിയാകുന്നു സ്വാമിതൃപ്പാദങ്ങൾ നമ്മുടെ ഇടയിൽ ഒരു വ്യവസ്ഥിതമായ ആചാരപരിഷ്കരണത്തിനു് ആരംഭിച്ചതു്. എന്നാൽ വളരെ പഴക്കമുള്ള ദേശകുലാചാരങ്ങൾ ജനങ്ങളെ പെട്ടെന്നു വിട്ടു പിരിയുന്നവയല്ലാത്തതിനാൽ ഈ വിഷയത്തിൽ ഉള്ള ഒരു പരിഷ്കരണവും വിചാരിക്കുന്ന വേഗത്തിൽ പൂർത്തിയാകുന്നതല്ലെന്നുള്ള വസ്തുതയെ വിസ്മരിച്ചുകൂടാത്തതാണ്. അതുകൊണ്ടു വിശാലഹൃദയനായ സ്വാമി അവർകൾ ഈ കാര്യത്തിൽ സാവധാനമായി ആകുന്നു പ്രവേശിച്ചിട്ടുള്ളതു്.

Digitized By Kerala Sahitya Akademi

കെട്ടുകല്യാണത്തേയും അനാവശ്യമായ ധനവ്യയത്തിനു മുലമായ മറ്റുചില ചടങ്ങുകളേയും പാടുള്ളിടത്തോളം ഉപേക്ഷിക്കുകയും വിവാഹത്തിനുവേണ്ട പ്രാധാന്യം നൽകി അതിനെ ഒരു വിഹിതമായ ക്രമം അനുസരിച്ചു പരിഷ്കരിക്കുകയും ചെയ്യണം എന്നാണു് സമുദായത്തോടു് അവിടുന്നു് ആദ്യം കല്പിച്ചതു്. വിവാഹത്തിനു് ഒരു ക്രമം തന്നെ കാണിച്ചുകൊടുത്തു എങ്കിലും അതു് ഒരു സാമാന്യസൂചനം എന്നല്ലാതെ അതിൽ അടങ്ങിയ ചടങ്ങുകളെ സംബന്ധിച്ച വിശേഷവിവരണങ്ങൾ ഒന്നും ഇല്ലാത്തതായിരുന്നു. മാറ്റങ്ങളെ മന്ദമായി നടപ്പിൽ വരുത്തുന്നതിനായിരിക്കും അപ്രകാരം ചെയ്തിട്ടുള്ളതു്. എന്നാൽ ഈ സാമാന്യപരിഷ്കരണങ്ങൾ അതിവേഗത്തിൽ പ്രചാരപ്പെടുകയും ഇപ്പോൾ അവയുടെ ഓരോ പ്രത്യേക ഭാഗങ്ങളേയും സംബന്ധിച്ചു ഗൗരവമുള്ള ചോദ്യങ്ങൾ പല ദിക്കുകളിൽ നിന്നും പുറപ്പെട്ടുതുടങ്ങുകയും ചെയ്തിരിക്കുന്നു.

കെട്ടുകല്യാണം നിശ്ശ്രേഷം നിറുത്തേണ്ടതല്ലയോ? പണച്ചെലവും ആഡംബരങ്ങളും കൂടാതെ പേരിൻമാത്രമായിട്ടെങ്കിലും അതു നടത്തിക്കൂടയോ? പുളികടി നിശ്ശ്രേഷം വർജ്ജിക്കണമോ? പരിഷ്കരിച്ചിട്ടോ സ്വകാര്യമായിട്ടെങ്കിലുമോ അതു നടത്തേണ്ടതല്ലയോ? വിവാഹത്തിനു പാണിഗ്രഹണപൂർവം മാലയിടുകയോ താലികെട്ടുകയോ ചെയ്യേണ്ടതു്? രണ്ടിൽ ഏതെങ്കിലും ഒന്നോ രണ്ടും കൂടിയോ ചെയ്യാമോ? വിവാഹക്രിയ ശ്രൗതവൈദികരീതിയിൽ മന്ത്രപൂർവമായി ചെയ്യാമോ? അതോ മന്ത്രം കൂടാതെയോ ചെയ്യേണ്ടതു്? ഇങ്ങിനെയും, ഈ രീതിയിൽ വിവാഹം കഴിച്ചവർക്കു പുനർവിവാഹത്തിനു് അനുവാദമുണ്ടോ? ഉണ്ടെങ്കിൽ രണ്ടാമതു മുതൽ വരാവുന്ന വിവാഹങ്ങൾക്കും ദമ്പതിമാർ ആദ്യവിവാഹത്തിൽ ഉള്ള എല്ലാ ചടങ്ങുകളേയും അനുഷ്ഠിക്കണമോ? അതോ അവയെ സ്വകാര്യനിശ്ചയമായി കുരക്കാരുടെ അല്ലെങ്കിൽ സംഘത്തിന്റെ അറിവോടുകൂടി ചെയ്താൽ മതിയോ? വിവാഹമോചനം എങ്ങനെ? പുരുഷന്മാർക്കു മേലാൽ ഒന്നിലധികം ഭാര്യമാരെ വിവാഹം ചെയ്വാൻ അനുവദിക്കാമോ? പുതിയ വിവാഹരീതിയോടുകൂടി ദായക്രമത്തിനു വല്ല വ്യത്യാസവും വരുത്തേണമോ? വേണമെങ്കിൽ എങ്ങനെ? ഇങ്ങിനെയുള്ള പല ചോദ്യങ്ങളും ഇപ്പോൾ ശക്തിയോടുകൂടി പുറപ്പെട്ടിരിക്കുന്നതായി ഞങ്ങൾക്കറിയാം. ചില കരകളിലും സംഘങ്ങളിലും ഈ സംശയങ്ങൾ ഇപ്പോൾതന്നെ പല കുഴപ്പങ്ങൾക്കും കാരണമായിത്തീരുന്നുണ്ടു്. അതുകൊണ്ടു് ഈ വിഷയങ്ങളെ ഒക്കെ സംബന്ധിച്ചു പാടുള്ളിടത്തോളം ഖണ്ഡിതമായ ഒരു ശാസനം സ്വാമിതൃപ്പാദങ്ങളിൽ നിന്നു പുറപ്പെടേണ്ട കാലം വൈകിയിരിക്കുകയാകുന്നു. അടുത്ത പൊതുയോഗത്തിന്റെ ശ്രദ്ധക്കു് ഈ സംഗതി വിഷയമാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

വിവേ: 1084 ധനു

ജാത്യാചാരപരിഷ്കാരം

തീയരുടെ ആചാരനടപടികളെ പരിഷ്കരിക്കുന്ന വിഷയത്തിൽ തലശ്ശേരിയിലെ ജ്ഞാനോദയ യോഗക്കാർ ഈയിടെ പ്രത്യേകം ദൃഷ്ടിവച്ചുന്നതായി

Digitized By Kerala Sahitya Akademi

കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. 'തിരണ്ടുകളി', 'പുളികുടി', 'താലി കെട്ട്' ഈ അനാവശ്യ അടിയന്തരങ്ങളെ നിറുത്തുന്നതിലാണ് അവരുടെ ശ്രദ്ധ ഒന്നാമതായി പതിഞ്ഞിരിക്കുന്നത്. ജാതിക്ക് എല്ലാംകൊണ്ടും ഗുണകരമായ ഈ ശ്രമത്തിൽ പൊതുജനങ്ങളെ ഉദ്ദേശിക്കുന്നവർ തടസ്സം പുറപ്പെടുവിക്കയില്ലെന്നു വിശ്വസിക്കുന്നു. ഈ ശ്രമം ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകളുടെ ഈ വിഷയത്തിലുള്ള ഉപദേശത്തേയും ആജ്ഞയേയും പൂർത്തീകരിക്കുന്നതിനുള്ള ഒരു വഴി മാത്രമാകുന്നു. അതുകൊണ്ട് ഇതിൽ തലവന്മാരായി നില്ക്കുന്നവരോട് ആർക്കും ഈർഷ്യ തോന്നേണ്ട ആവശ്യകതയില്ല. തിരുവിതാംകൂറിലും കൊച്ചി യിലും ഈ പരിഷ്കാരങ്ങൾക്കു ശീഘ്രമായ പ്രചാരം ഉണ്ടായിക്കാണുന്നു. സംഘ ങ്ങൾ മൂലമായാണ് ഇവ സമുദായത്തിൽ എവിടെയും ഒന്നുപോലെ വ്യാപിക്കേ ണ്ടതു്. അതുകൊണ്ട് ഇതുപോലെ നല്ലീശ്വര ക്ഷേത്രയോഗക്കാരുടേയും സമുദാ യത്തിലുള്ള മറെറല്ലാ സമാജക്കാരുടേയും ശ്രദ്ധയെ ഈ വിഷയത്തിൽ ഞങ്ങൾ ക്ഷണിക്കുകയും നമ്മുടെ ധനസ്ഥിതിയേയും അഭിമാനത്തേയും രക്ഷിക്കുന്നതി നായി മാത്രം ഉദ്ദേശിച്ചിട്ടുള്ള ഈവക പരിഷ്കാരങ്ങളെ നടപ്പിൽ വരുത്തുന്ന തിൽ താല്പര്യമുള്ളവരായിരിപ്പാൻ ഓരോരുത്തരോടും ഞങ്ങൾ പ്രത്യേകം അപേ ക്ഷിക്കുകയും ചെയ്യുന്നു.

വിവേ : 1084 മകരം

ആചാരപരിഷ്കരണം 5

കാലത്തിനനുസരണമായി സമുദായ നടപടികളെ ഭേദപ്പെടുത്താനുള്ള ശ്രമം മനുഷ്യ വർഗ്ഗത്തിനു് എപ്പോഴും ഏർപ്പെട്ടിരിക്കുന്ന ഒന്നാണെന്നു് വിചാരിച്ചു നോക്കുന്നവർക്കു് അനായാസേന അറിയത്തക്കവണ്ണം ലോകത്തിൽ ഏറിയ ദൃഷ്ടാ ന്തങ്ങളുണ്ടു്. അവയെപ്പറ്റി ഇവിടെ നിരൂപിപ്പാൻ വിചാരിക്കുന്നില്ല. അവ ഇതിനു മുൻപിൽത്തന്നെ ഞങ്ങളുടെ നിരൂപണങ്ങൾക്കു പല സന്ദർഭങ്ങളിലും വേണ്ടവണ്ണം വിഷയീഭവിച്ചിട്ടുണ്ടു്. എസ്. എൻ. ഡി. പി. യോഗം സമുദാ യത്തിന്റെ ആചാര നടപടികളെ പരിഷ്കരിക്കുന്ന വിഷയത്തിലും അതി ന്റെ മറുദ്ദേശ്യങ്ങളിൽ എന്നപോലെ കഴിയുന്നതെല്ലാം ശ്രമിച്ചു വരികയാകുന്നു. എന്നാൽ ഈ വിഷയത്തിൽ അതിന്റെ ശ്രമം വളരെ ശാന്തവും സാവധാനവുമാ യിട്ടേ പ്രസരിക്കുന്നുള്ളു. യോഗത്തിന്റെ നയം ഈ മാതിരി വിഷയങ്ങളിൽ വെറും ഉപദേശമാകുന്നു, നിബ്ബന്ധമല്ല. വളരെക്കാലത്തെ പരിചയം കൊ ണ്ടു് സമുദായത്തിന്റെ ഹൃദയത്തിൽ വേരുന്നി പടർന്നുപിടിച്ചിരിക്കുന്ന ചില ആചാരങ്ങളെ അവയുടെ ഇപ്പോഴത്തെ അവസ്ഥ എത്ര ദയനീയമായും എത്ര ലജ്ജാവഹമായും ഇരുന്നാൽ തന്നെയും പെട്ടെന്നു പറിച്ചെറിഞ്ഞു കളവാൻ സാ ധാരണ ജനങ്ങൾക്കു പ്രയാസമായിത്തോന്നാം. അതുകൊണ്ടു നമ്മുടെ സമുദാ യത്തിൽ പടർന്നു കേറിയിരിക്കുന്ന ദുരാചാരങ്ങളെ നിബ്ബന്ധംകൊണ്ടു പൊ ട്ടിച്ചെറിഞ്ഞു കളയുന്നതിനേക്കാളും ഉപദേശം കൊണ്ടു് ഹൃദയശുദ്ധങ്ങളായ അവ

Digitized By Kerala Sahitya Akademi

യുടെ വേരുകളെ ഇളക്കി മറിച്ചുകളയുകതന്നെയാണ് ആ വിഷയത്തിൽ ഉത്തമമായിട്ടുള്ള നയം. അതുകൊണ്ടാണ് ബ്രഹ്മശ്രീ നാരായണഗുരുസ്വാമി പാദത്തിലെ ആ വിഷയത്തിലെ ഉപദേശങ്ങളെ പ്രസിദ്ധപ്പെടുത്തിയും പൊതുയോഗത്തിൽ നിർബന്ധരഹിതങ്ങളായ നിശ്ചയങ്ങളം പാസാക്കിയും മാത്രം ജനങ്ങളെ ഈ വിഷയത്തിൽ യോഗം സാവധാനമായി പ്രേരിപ്പിക്കുന്നത്. എന്നാൽ ഈ സാവധാനമായ ശ്രമം അതിൽ നിന്നു ആശിക്കപ്പെട്ടിരിക്കുന്നപോലെ തന്നെ സ്ഥിരമായ ഫലത്തെ നൽകുന്നുണ്ടെന്നുള്ളത് ഞങ്ങളം സന്തോഷ പൂർവ്വം അറിയുന്ന ഒരു വസ്തുതയാണ്. താലികെട്ടിന്റെ നിരാകരണത്തെയും പുതിയ വിവാഹ സമ്പ്രദായത്തെയും സംബന്ധിച്ച ശ്രമം യോഗം മുഖേന തുടങ്ങിയിട്ട് കുറഞ്ഞൊരു കാലമേ ആയിട്ടുള്ളൂ എങ്കിലും അവ കേരളത്തിന്റെ പല ഭാഗങ്ങളിലും ശീഘ്രതയോടു കൂടി പ്രചരിച്ചു തുടങ്ങിയിരിക്കുന്നതു തന്നെ അതിനു മതിയായ ദൃഷ്ടാന്തമാണ്. താലികെട്ടിനെപ്പറ്റി അതു നാമമാത്രമായെങ്കിലും അനുഷ്ഠിക്കേണമെന്നുള്ളള്ള ശാഠ്യം ഇപ്പോഴും പല സ്ഥലങ്ങളിലും കാണപ്പെടുന്നുണ്ട്. എങ്കിലും അതിന്റെ പ്രാധാന്യത്തെപ്പറ്റിയുള്ള പൊതുജനങ്ങളുടെ അഭിപ്രായത്തിനു വലുതായ മാറ്റം നേരിട്ടിട്ടുള്ളതിനാൽ അതിന്റെ നാരായവേരുകളം പൊട്ടിയിട്ടുണ്ടെന്നും അതു നാശോന്മുഖമായിരിക്കുകയാണെന്നും നിരാക്ഷേപം പറയാവുന്നതാകുന്നു. മേൽപ്പറഞ്ഞ ശാഠ്യം തന്നെ പലപ്പോഴും ഏതാനും ചിലരുടെ സ്വാർത്ഥത്തെ ആസ്പദമാക്കിയുണ്ടാകുന്നതാണെന്നു കാണുന്നു. ബുദ്ധിക്കും ശരീരത്തിനും സ്വാതന്ത്ര്യമുള്ള ഇക്കാലത്തു് ഒന്നോ രണ്ടോ ആളുകളുടെ സ്വാർത്ഥപരമായ നോട്ടത്തിൽ ഒരു സംഘമോ സമുദായമോ തടുക്കപ്പെടുമെന്നു് ആശിക്കപ്പെടാവുന്നതല്ലല്ലോ. യോഗത്തിന്റെ ഉദ്ദേശ്യം സമുദായത്തിനു് അഭിവൃദ്ധികരമായ വിധത്തിൽ സ്വാതന്ത്ര്യത്തെ നാംകുകയും ധന സ്ഥിതിയെ സംരക്ഷിക്കുകയുമാകുന്നു. അതുകൊണ്ടു് ആ നോട്ടം വിടാതെയുള്ള അതിന്റെ സാവധാനമായ ശ്രമങ്ങം നിശ്ചയമായും ഒരിക്കൽ പൂർണ്ണഫലത്തെ പ്രാപിക്ക തന്നെ ചെയ്യും.

ചില ദിക്കുകളിലും ചില പ്രമാണികളുടെ ഇടയിലും താലികെട്ടിനെപ്പറ്റിയുള്ള ശാഠ്യം മുഖ്യമായി സ്ഥാപിച്ചിരിക്കുന്നതു് പല കാര്യത്തിനും തീയരുടെ മാതൃകാസ്ഥാനം വഹിക്കുന്ന നായന്മാർക്കു് അതിലുള്ള നിഷ്ഠയിന്മേലാകുന്നു. എന്നാൽ ആ അടിസ്ഥാനവും ഭയങ്കരമാംവണ്ണം ഉലഞ്ഞു തുടങ്ങിയിരിക്കുകയാണെന്നുള്ള വസ്തുത ഇപ്പോഴത്തെ വർത്തമാനപ്പത്രങ്ങളും മാസികകളും വായിക്കുകയോ ചുറും നടക്കുന്ന സംഗതികളെ അന്വേഷിച്ചറിയുകയോ ചെയ്യുന്ന ആർക്കും ബോദ്ധ്യമായിട്ടുള്ളതാണ്. താലികെട്ടിനെ നിറുത്തൽ ചെയ്യുകയും വിവാഹത്തെ സ്ഥിരീകരിക്കുകയും ചെയ്യുക എന്നുള്ളതു് നായർ സമുദായ പ്രമാണികളുടെ എല്ലാ സംഘങ്ങളിലും സഭകളിലും പ്രസംഗങ്ങളുടെ ഏക വിഷയമായിത്തീന്നിരിക്കയാകുന്നു. അവരുടെ സമുദായ പ്രധാനികളാൽ നടത്തപ്പെടുന്ന മാസികകളിലോ പത്രങ്ങളിലോ ഈ വിഷയത്തിലുള്ള നിരൂപണങ്ങളം അടങ്ങാത്ത പ്രതികാരം ഇപ്പോഴും ദുർല്ലഭമേത്രം വിചാരങ്ങളം വാക്കുകളുടേയും വാക്കുകളം ക്രിയകളുടേയും പ്രാരംഭങ്ങളാണെന്നുള്ളതു് നിശ്ചയമാണല്ലോ. നായർ പ്രമാണികളം ഇപ്പോഴും തങ്ങളുടെ പ്രസംഗങ്ങളെ പ്രവൃത്തിയിൽ കൊണ്ടുവരാൻ സന്നദ്ധരായിത്തുടങ്ങിയിരിക്കുന്നതിനുള്ള പല ദൃഷ്ടാന്തങ്ങളിൽ പ്രധാനമായ ഒന്നു് ഈ കഴി

Digitized By Kerala Sahitya Akademi

ഞ്ഞ തുലാം 29–ംനു കൊല്ലത്തുവച്ചുനടന്ന ഒരു വിവാഹമാകുന്നു. മദ്രാസ് ഹൈ കോർട്ടിൽ വക്കീലായിരിക്കുന്ന ബാരിസ്റ്റർ കെ. എൻ. ഗോപാലപിള്ള എൽ. എൽ. ബി. അവർകളും തിരുവിതാംകൂറിലെ പ്രസിദ്ധ നായർ സമുദായ പ്രതിനിധിയായ കാലധർമ്മം പ്രാപിച്ച കാവാലം നീലകണ്ഠപ്പിള്ള അവർകളുടെ അനന്തരവനാകുന്നു. പരിഷ്കൃത ഹൃദയനായ നീലകണ്ഠപ്പിള്ള അവർകളുടെ പുത്രിയായ ശ്രീമതി രാധാഭായി എന്ന യുവതിക്കു താലികെട്ടു കഴിച്ചിട്ടില്ലത്രേ. ആ യുവതിയെയാണ് ബാരിസ്റ്റർ കെ. എൻ. ഗോപാലപിള്ള അവർകളും മേൽപറഞ്ഞ തീയതി വിവാഹം ചെയ്തത്. ദമ്പതിമാർക്കും, ഗുരുജനങ്ങൾക്കും ഇതുനിമിത്തം തങ്ങളുടെകണ്ണുകൾ പൊട്ടിപ്പോകയില്ലെന്നും, തറവാട്ടിനും സമുദായത്തിനും വലിയദോഷമൊന്നും ഇതിനാൽ സംഭവിക്കയില്ലെന്നും തീച്ചയാക്കി പലർക്കും തങ്ങളുടെ പ്രവൃത്തി ഒരു പാഠമാക്കിത്തീർക്കുന്ന ഇങ്ങനെയുള്ള യോഗ്യന്മാർ നിശ്ചയമായും സ്തുത്യർഹൻമാരാണ്. സമുദായ സ്നേഹികൾ ഇതിനെ അനുകരിക്കുമെന്നു വിശ്വസിക്കുന്നു. തന്റെ സൌകര്യത്തേയോ സുഖത്തേയോ നീർപ്പോളപോലെ കരുതി അസ്ഥിരവും അന്തഃശൂന്യവുമായ പേരിനേയോ ദുഷ്പ്രാഭവത്തേയോ വകവയ്ക്കാതെ സമസ്തഷ്ടങ്ങളുടെ സാമാന്യമായ അഭിവൃദ്ധിയെ കാംക്ഷിച്ചു പ്രവർത്തിക്കുന്നവർ മാത്രമേ വാസ്തവത്തിൽ സമുദായ സ്നേഹികളാകുന്നുള്ളു. അവർക്കു മാത്രമേ അപ്രാർത്ഥിതമാണെങ്കിലും വാസ്തവമായ സമുദായ നേതൃത്വം ലഭിക്കുന്നുള്ളു. ഇങ്ങിനെയുള്ളവരുടെ സമുദായോന്നതിക്കുള്ള ശ്രമത്തിന്റെ വകഭേദത്തിനാണ് ആചാര പരിഷ്കരണം എന്നുപറയുന്നതു്. അതുകൊണ്ടു സജ്ജനങ്ങൾ തങ്ങളുടെ നന്മയ്ക്കായുള്ള ഈ സംഗതികളിൽ ഉത്തരോത്തരം ശ്രദ്ധയുള്ളവരായിരിക്കണമെന്നു വീണ്ടും ഞങ്ങൾ ഉപദേശിക്കുന്നു.

വിവേ : 1085 തുലാം

ഒരു അകാലോചിതമായ രാജശാസനം അല്ലെങ്കിൽ പുല

വേദവും രാജാവും കല്പിക്കുന്നതെല്ലാം പ്രമാണമാണ്. വേദത്തിൽ പ്രാമാണിക ബുദ്ധിയുള്ളവർ വേദം ''അപൗരുഷേയം'' അതായതു് ഒരു പുരുഷനാലും, പരമ പുരുഷനായ ഈശ്വരനാൽ തന്നെയും, നിർമ്മിതമല്ലെന്നും അനാദിനിത്യമെന്നുമാണു വാദിക്കുന്നതു്. കാരണം പുരുഷ നിർമ്മിതമാണെങ്കിൽ അതു് ഭ്രമവിപ്രലംഭാദി ദോഷദൂഷിതമായും അനിത്യമായും അതുകൊണ്ടു് അപ്രമാണമായും തീരും. വേദത്തെയും ഈശ്വരനേയും പാടി ഇങ്ങനെ ക്ലേശിക്കാതെ യുക്തിവാദം ചെയ്യുന്ന മനുഷ്യൻ രാജാവിനേയും രാജശാസനകളേയും പറ്റിയും വിനയപൂർവമായിട്ടാണെങ്കിലും പരാമർശിക്കതന്നെ ചെയ്യുമെന്നുള്ളതു സ്വാഭാവികമത്രേ. വിശേഷിച്ചും രാജശാസനത്തിൽ ഭ്രമവിപ്രലംഭാദി പ്രത്യക്ഷത്തിൽതന്നെ സംഭാവ്യമാണെന്നു മാത്രമല്ല ആ ശാസനത്തെ നിഷേധിക്കയോ അന്യഥാകരിക്കയോ ചെയ്യാവുന്നതുമാണല്ലോ. അതുകൊണ്ടു് അതിനെ ലംഘിച്ചു നടക്കുന്നതിനെപ്പറ്റി ഗുണദോഷ നിരൂപണം ചെയ്യുന്നില്ല.

Digitized By Kerala Sahitya Akademi

ഈയിടെ 1916-വക ദേവസ്വം 719/966–ാം നമ്പറായി പുറപ്പെട്ട ഒരു ഗവ ൎമ്മെൻറു് സർക്കുലറിനെയാണു് ഞങ്ങൾ സൂചിപ്പിക്കുന്നതു്. നായന്മാർക്കു ജ്ഞാതികൾ മരിച്ചാൽ 15 ദിവസത്തെ പുല ആചരിച്ചു കുളി കഴിഞ്ഞല്ലാതെ സക്കാരമ്പലങ്ങളിൽ കടക്കാൻ പാടില്ലെന്നു് ആ സർക്കുലർ കൊണ്ടു ഗവർമ്മെൻറു തടുക്കുന്നു. പ്രജകളുടെ അശൌചനിർണ്ണയം ചെയ്വാൻ ഇങ്ങനെ ഗവർമ്മെൻറു പുറപ്പെട്ടതു് ഇപ്പോൾ പുത്തനായിട്ടാണെന്നാണു തോന്നുന്നതു്. ഇതിനെപ്പറ്റി വലിയ ആക്ഷേപങ്ങളുണ്ടാവാൻ ഇടയുണ്ടു്. സ്മൃതികർത്താക്കന്മാർ തന്നെ അശൌചവാദത്തിൽ മറ്റു ചില വാദങ്ങളിൽ എന്നപോലെ ഭിന്നാഭിപ്രായക്കാരാണു്. ജാതിയെ നിർണ്ണയിച്ചശേഷമാണു് അശൌചത്തെ നിർണ്ണയിക്കേണ്ടതു്. ചിലർ വിചാരിക്കുംപോലെ ജാതി അഭേദ്യമായ ഒരു വർഗ്ഗവിഭാഗമല്ല. താണ ജാതികൾ ഉയർന്ന ജാതികളായും ഉയർന്ന ജാതികൾ താണജാതികളായും തീർന്നിട്ടുണ്ടെന്നു ജാതിയുടെ ചരിത്രത്തെ നിർദ്ദാക്ഷിണ്യമായി നോക്കിയറിയുന്നവരെല്ലാം സമ്മതിക്കുന്നതാണു്. അതുകൊണ്ടാണു് ഇന്നും ഈ ജാതിപരിവർത്തനത്തിലും ജാതി പരിണാമത്തിലും ജനങ്ങൾക്കു വാസന വിടാതെ നിന്നുകൊണ്ടിരിക്കുന്നതു്. അനേകം അന്ത്യജന്മാർ വൈശ്യരായും ക്ഷത്രിയരായും ബ്രാഹ്മണരായിത്തന്നെയും പലപ്പോഴും മുകളിൽ കടന്നിട്ടുണ്ടു്. പല ആചാര്യന്മാരും ഈ പരിണാമത്തെ മനഃപൂർവം സഹായിച്ചിട്ടുമുണ്ടു്. ബ്രാഹ്മണർ അധഃപതിച്ചു നീചരാകയും ചെയ്തിട്ടുണ്ടു്. ''ഏകവർണ്ണമിദം പൂർവം വിശ്വമാസീൽ പരംതപ'' എന്നു മാർക്കണ്ഡേയ മഹർഷി പറയുന്നതു തന്നെ ഞങ്ങളുടെ ഈ അഭിപ്രായത്തെ നിശ്ചയമായും സാധുകരിക്കുന്നതാണു്. ''ഗുണകർമ്മ വിഭാഗം'' കൊണ്ടു് ചാതുവർണ്യത്തെ സൃഷ്ടിച്ചു എന്നാണു ഭഗവാൻ തന്നെ പറയുന്നതു്, ജാതി സൃഷ്ടിച്ചു എന്നല്ല. പലതുകൊണ്ടും ഏറ്റവും പരിഷ്കൃതരായ നായർവർഗ്ഗക്കാരെ എന്നേക്കും ശൂദ്രരുടെ നിലയിൽ കെട്ടിനിറുത്തിക്കൊള്ളാനുള്ള കാലോചിതമല്ലാത്ത ഉദ്ദേശ്യവും ഉദ്യമവുമാണു് ഈ സർക്കുലർ വെളിപ്പെടുത്തുന്നതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

നായന്മാർക്കു പ്രത്യേകം ആരാധന സ്ഥലങ്ങളുണ്ടായിരിക്കേണ്ടതാണെന്നുള്ളതിനെപ്പറ്റി ചില യോഗ്യന്മാർ ഏതാനും കൊല്ലങ്ങളായി അഭിപ്രായപ്പെട്ടുവരുന്നതിന്റെ അർത്ഥം ഇപ്പോഴാണു് ഞങ്ങൾക്കു വെളിവാകുന്നതു്. ബ്രാഹ്മണതന്ത്രിമാരുടെ പൊല്ലടിയിലും അവരുടെ ഹിതങ്ങൾക്കു വഴിപ്പെട്ടും നടന്നില്ലെങ്കിൽ നായന്മാർക്കു് അമ്പലവും ദൈവവും ഇല്ലെന്നു് ഇതുകൊണ്ടു വന്നുകൂടുന്നില്ലേ? ആത്മാഭിമാനത്തെ പീഡിപ്പിക്കുന്ന ഇത്തരം അമ്പലങ്ങളും ദൈവങ്ങളും അവർ ഇനിയും ആവശ്യപ്പെടുമെന്നതു് സ്വാഭാവികമാണോ? അതുകൊണ്ടു് അവർ സർക്കാരും ഊരാണ്മയും ആയ ക്ഷേത്രങ്ങളെല്ലാം വെറുത്തു് അഭിമാനത്തെ പോറാൻ നോക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഗവർമ്മെൻറു് ഈ വെടിപ്പില്ലാത്ത സർക്കുലർ കൊണ്ടു് അവരെ അതിലേക്കായി ഞെരുക്കുകയാണു ചെയ്യുന്നതു്. അവർ അങ്ങനെതന്നെ ചെയ്വാൻ തീർച്ചയാക്കി എന്നു വിചാരിക്കുക. പിന്നെ അടിക്കാനും തളിക്കാനും സകല ശുശ്രൂഷകൾക്കും തൊഴാനും വഴിപാടു കഴിപ്പാനും എന്നു വേണ്ട എല്ലാറ്റിനും ബ്രാഹ്മണർ തന്നെയായി; അതായതു് ബ്രാഹ്മണരും ക്ഷേത്രങ്ങളും മാത്രമായി. അതിനപ്പുറം നാം ചിന്തിക്കേണ്ട ആ

Digitized By Kerala Sahitya Akademi

വശ്യമില്ല. സംഗതിയെ ഇങ്ങനെയുള്ള പതനങ്ങളിൽ കൊണ്ടുചെന്നു ചാടിക്കുന്നതിന്റെ അനൌചിത്യത്തെപ്പറ്റി ഇപ്പോഴത്തെ ഗവർമ്മെൻറു ചിന്തിക്കാഞ്ഞതിൽ ഞങ്ങൾ ആശ്ചര്യപ്പെടുന്നു. ഈ സർക്കുലറിനെ ഉടനേ ഭേദപ്പെടുത്താൻ ഗവർമ്മെൻറു നോക്കുമെന്നും സമുദായത്തിനു പൊതുവിൽ സ്വാതന്ത്ര്യഭംഗവും അവജ്ഞയുമുണ്ടാക്കിത്തീർക്കുന്ന ഈ രാജശാസനയെ പിൻവലിപ്പിക്കുന്ന വിഷയത്തിൽ വേണ്ടതെല്ലാം നായർ സമുദായ നേതാക്കന്മാർ ഉടനേ പ്രവർത്തിക്കുമെന്നും വിശ്വസിക്കുന്നു.

വിവേ: 1091 മീനം

വിദ്യാഭ്യാസകാണ്ഡം

സർക്കാർ പള്ളിക്കൂടങ്ങൾ

ദിവാൻ രാമരായരുടെ കാലത്തിനുമുമ്പു തിരുവിതാംകൂറിൽ ഉള്ള സർക്കാർ പള്ളിക്കൂടങ്ങളിൽ ചേർന്നു പഠിപ്പാൻ അപേക്ഷയുള്ള ഏതു ജാതിക്കാർക്കും ചേരാൻ ഒരു തടസ്സവുമില്ലായിരുന്നു. തിരുവനന്തപുരം ചിറയിൻകീഴ് മുതലായ സ്ഥലങ്ങളിലെ സർക്കാർ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ഈഴവരെ ചേർത്തു പഠിപ്പിക്കുന്നതിനു് ആദ്യം ആരും തടസ്സം പുറപ്പെടുവിച്ചിട്ടില്ല. രാമരായരു്, ശങ്കര സുബ്ബയ്യർ ഈ രണ്ടു ദിവാൻമാരുടെയും കാലത്താണു് അതിനുമുമ്പു് ഈഴവർ ചേർന്നു പഠിച്ചിട്ടില്ലാത്ത പള്ളിക്കൂടങ്ങളിൽ അവർക്കു മേലും പ്രവേശനം അനുവദിക്കുന്നതല്ലെന്നുള്ളതു് ഒരു നിയമംപോലെ ആയതു്. അന്നുമുതൽക്കു് ഈഴവർക്കു വല്ല സ്കൂളുകളിലും നൂതനമായി പ്രവേശിക്കുന്നതിനു് ടി നിയമത്തിന്റെ ഒരു പ്രത്യേക വ്യവസ്ഥയായിട്ടെന്നപോലെ ഗവർമ്മെൻറിൽ നിന്നു പ്രത്യേക അനുവാദം നൽകിവരുന്നു. അധികം പള്ളിക്കൂടങ്ങളിലും ഈഴവരെ ചേർക്കാതിരിക്കുന്നതിനുള്ള കാരണം ചില ഉദ്യോഗസ്ഥന്മാർ ഈഴവർക്കു കൊടുത്തിട്ടുള്ള ഇണ്ടാസുകളിൽ വിവരിച്ചു കാണുന്നു.

ആറ്റിങ്ങൽ സ്കൂളിൽ മിസ്റ്റർ പി. എം. രാമനെ ചേർക്കാതെ ഇരുന്നതിനു് മിസ്റ്റർ പി. രാമസ്വാമിഅയ്യർ പറഞ്ഞിട്ടുള്ള കാരണം ഈഴവരെ ആ പള്ളിക്കൂടത്തിൽ ചേർക്കുന്നതിനു് അവിടത്തെ ജനങ്ങൾക്കു സമ്മതമില്ലെന്നാണു്. ''നാട്ടിലെ ജനങ്ങൾക്കു മനസ്സുണ്ടെങ്കിൽ ഈഴവർ പഠിച്ചാൽ മതി, അല്ലെങ്കിൽ പോയി കഴുവേറട്ടെ'' എന്നവസ്സന്ന ഈ ഇൻസ്പെക്ടരേപ്പോലെയുള്ള ഉദ്യോഗസ്ഥന്മാർ നിമിത്തമാണു് അരിപ്പാട്ടു്, പരവൂർ മുതലായ സ്ഥലങ്ങളിൽ ഈഴവരെ ചേർത്തപ്പോൾ മറുജാതിക്കാർ വിസമ്മതം കാണിപ്പാൻ ഇടയായതു്. ഗവർമ്മെൻറിന്റെ പ്രവൃത്തി ന്യായമായിരുന്നാൽ പ്രതികൂലമായ

Digitized By Kerala Sahitya Akademi

അഭിപ്രായംകൊണ്ട് അത്ര ഭേദപ്പെട്ടന്നതല്ലെന്ന കാണിക്കാനുള്ള ഉദ്യോഗസ്ഥന്മാർ അടിയന്തിരം പറയുംപോലെ ജനങ്ങളുടെ അനുവാദത്തെ ചോദിച്ചുകൊണ്ട് നടന്നാൽ അനുവദിക്കുന്നതിന സമ്മതമില്ലെന്നു് ഏതാനും പേരെങ്കിലും പറഞ്ഞില്ലെങ്കിൽ അതിനെപ്പറ്റിയാണു് അത്ഭുതപ്പെടേണ്ടതു്. കുറേ അറിവുള്ളവരാൽ നടത്തപ്പെട്ടന്നവയെന്ന ഞങ്ങളം വിചാരിക്കുന്ന ചില മാന്യ സഹജീവികളും ഈയിടെ ഈഴവരെ പരവുതുള്ള ഒരു സർക്കാർ പള്ളിക്കൂടത്തിൽ പ്രവേശിപ്പിക്കുന്നതു തെറ്റാണെന്ന വാദിച്ചുകാണുന്നതു് ഏറ്റവും നിന്ദ്യമാണു്. ന്യൂസ്പേപ്പറിലുള്ള വാർമേല്പ ഇനിയൊരു ലഹളതന്നെ ഉണ്ടായാലും മിസ്റ്റർ. വി. പി. മാധവരായർ ഏതാനും ജനങ്ങളുടെ അപ്രീതിയെ ഭയന്നു് അദ്ദേഹത്തിന്റെ ന്യായമായ തീർപ്പിനെ ഭേദിപ്പിക്കുന്ന ഒരു ചെറിയ ദേഹമല്ലെന്നാണു് ഞങ്ങളം അറിയുന്നതു്.

വിവേ : 1079 മിഥുനം

വിദ്യാഭ്യാസ സംബന്ധമായ സർക്കാർ പ്രൊസീഡിംഗ്സ്

ജാതിവ്യത്യാസത്തിന്റെ അക്രമങ്ങളെ കുറയ്ക്കുന്നതിനുള്ള ഉത്തമമായ മാർഗ്ഗം താഴ്ന്നജാതിക്കാരുടെ ഇടയിൽ വിദ്യാഭ്യാസത്തിന്റെ പ്രചാരത്തിന സർക്കാരിൽ നിന്നും വിശേഷാൽ സഹായങ്ങളം ചെയ്യുകയാകുന്നുവെന്ന സർവസമ്മതമാണു്. എല്ലാ പരിഷ്കൃത ഗവർമ്മെൻറുകളും ഈ കൃത്യത്തെ ഏറക്കുറെ നിർവഹിച്ചുപോരുകയും ചെയ്യുന്നുണ്ടു്. തിരുവിതാംകൂറിൽ ഏതാനും കൊല്ലങ്ങൾക്കുമുമ്പു ഗ്രാൻറു നിയമം ഏർപ്പെടുത്തിയപ്പോഴം തായ്ന്നജാതിക്കാരുടെ സ്കൂളുകൾക്കു് അധികം ഗ്രാൻറു കൊടുക്കണമെന്ന വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈയിടെയുണ്ടായ ഗവർമ്മെൻറു പ്രൊസീഡിംഗ്സ് കൊണ്ടു് ഈ വ്യവസ്ഥയിൽ ഗണ്യമായ ഒരു ഭേദം വരുത്തീട്ടുണ്ടു്. ആദ്യം ഉണ്ടായിരുന്ന താഴ്ന്ന ജാതിക്കാരുടെ ലിസ്റ്റ് വെട്ടിക്കുറച്ചു് ഒരു പുതിയ ലിസ്റ്റ് ഉണ്ടാക്കുകയും, അതിൽ പറയപ്പെട്ടന്ന ജാതിക്കാർ പഠിക്കുന്ന സ്കൂളുകളിൽ വാദ്ധ്യാന്മാരുടെ ശമ്പളം മുഴുവൻ ഗ്രാൻറായി അനുവദിക്കുന്നതാണെന്ന നിശ്ചയം ചെയ്കയും ചെയ്തിരിക്കുന്നു. ഈഴവർ മഹമ്മദീയർ മുതലായി സംഖ്യകൊണ്ടു പകുതിയോളം വരുന്ന ജാതിക്കാരുടെ പേരുകളം ടി ലിസ്റ്റിൽ നിന്നും കുറച്ചിട്ടുള്ളതിനു പകരമാണു് ബാക്കിയുള്ളവരുടെ സ്കൂളുകൾക്കു കാൽ പങ്കു കൂടുതൽഗ്രാൻറ് അനുവദിച്ചിട്ടുള്ളതു്. ഈ ആദായമുള്ള ഔദാര്യംകൊണ്ടു മിസ്റ്റർ വി. പി. മാധവരായർ വളരെ കീർത്തിസമ്പാദിച്ചിട്ടുണ്ടു്. പുതിയ ലിസ്റ്റിൽ ഉൾപ്പെട്ട ജാതിക്കാർ ഈ ഔദാര്യത്തെ പൂർണ്ണമായി അർഹിക്കുന്നവെന്നുള്ളതു നിസ്തർക്കമാണു്. ഈഴവരുടെ ധനസ്ഥിതിയെ ആലോചിച്ചാൽ അവരുടെ പേർ പുതിയലിസ്റ്റിൽ ചേർക്കാതെയിരുന്നതു് ഉചിതമായി എന്നു സമ്മതിക്കാം. പത്തു കൊല്ലങ്ങൾക്കു മുമ്പു സർക്കാരിന്റെ വിശേഷാൽ സഹായത്തിനു പാത്രമാന്മാരായ ഇവരുടെ സാമൂഹ്യ സ്ഥിതിയിൽ ഇത്ര ചുരുങ്ങിയ കാല

Digitized By Kerala Sahitya Akademi

ത്തിനുള്ളിൽ പറയത്തക്ക ഭേദഗതികൾ വല്ലതും വന്നിട്ടുള്ളതുകൊണ്ടാണ് ഇപ്പോൾ കൂടുതൽ സഹായത്തിനു് ഇവർ അർഹന്മാരായിപ്പോയതെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. അക്കാലത്തു് അധികം സർക്കാർ സ്കൂളുകളിലും ഈ ജാതിക്കാർക്കു പ്രവേശം അനുവദിക്കാതെയിരുന്നിട്ടുള്ള അക്രമത്തെ നീതികരിപ്പാൻവേണ്ട ഒരുപായമായിട്ടു മാത്രമായിരുന്നു അന്നു് ഈഴവരെക്കൂടെ താഴ്ന്ന ജാതിക്കാരുടെ പട്ടികയിൽ ചേർത്തു് അവർക്കു കൂടുതൽ ഗ്രാൻ്റ് അനുവദിച്ചിട്ടുള്ളതു്. പറയർ, പുലയർ മുതലായ വഗ്ഗക്കാരിൽ നിന്നു മതഭേദം ചെയ്തിട്ടുള്ളവരെ സംബന്ധിച്ചു് ഇപ്പോൾ ചെയ്തിട്ടുള്ള വ്യവസ്ഥ മിഷ്യൻ പള്ളിക്കൂടങ്ങൾക്കു വലിയ സഹായമായിത്തീരുമെന്നു് ഇപ്പോൾ തീച്ചു പറയാറായില്ല. മേൽ പ്രകാരം മതഭേദം ചെയ്തിട്ടുള്ളവരുടെ സന്താനങ്ങളെക്കൂടെ ''താഴ്ന്ന ജാതിക്കാരിൽ നിന്നും മതഭേദം ചെയ്തവരായി'' വകവയ്ക്കാൻ പാടുണ്ടോ എന്നറിയുന്നില്ല. ഏതായാലും സർക്കാരിന്റെ പുതിയ ഏർപ്പാടു് ഏറ്റവും ആദരണീയമാണെന്നു തന്നെ സമ്മതിക്കണം.

വിവേ: 1080 ചിങ്ങം

വർക്കല മലയാളം മിഡിൽ സ്കൂൾ

''തൊട്ടകുളി'' ''തീണ്ടിക്കുളി'' മുതലായ ചില മലയാളാചാരങ്ങൾ നടപ്പുള്ള മദ്ധ്യ തിരുവിതാംകൂറിലും വടക്കൻ താലൂക്കുകളിൽ പോലും ഈഴവക്കുട്ടികൾക്കു ക്രമേണ ഗവർമ്മെൻറു സ്കൂളുകൾ ഓരോന്നായി തുറന്നു തുടങ്ങിയിരിക്കയാകുന്നു. മേല്പറഞ്ഞ ഉപദ്രവങ്ങൾ യാതൊന്നും ബാധിച്ചിട്ടില്ലാത്ത വർക്കലയും ഒരു നായർ ഹെഡ്മാസ്റ്റർ കുട്ടികൾക്കു പ്രവേശനം അനുവദിക്കുന്നില്ലെന്നും അതിന്മേലുള്ള ഈഴവരുടെ ഹർജിക്കു് ഇൻസ്പെക്ടർ രാമസ്വാമിഅയ്യർ അവർകൾ പ്രതികൂലമായണ്ഇണ്ടാസ് കൊടുത്തിരിക്കുന്നതെന്നും അറിഞ്ഞു ഞങ്ങൾ ആശ്ചര്യപ്പെടുന്നു. സ്കൂളിരിക്കുന്ന സ്ഥലം ബ്രാഹ്മണാഗ്രഹാരത്തിന്റെ അതിർത്തി സ്ഥലങ്ങളിൽപ്പെട്ട ഏതാണ്ടെന്നാണ് ഇൻസ്പെക്ടർ വാദിക്കുന്നതു്. അതു വാസ്തവമല്ല. തിരുവനന്തപുരം അഗ്രഹാരങ്ങളിൽ എവിടെയും ഈഴവരും അതിലും താഴ്ന്ന ജാതിക്കാർ കൂടിയും ധാരാളം ഗതാഗതം ചെയ്യുന്നുണ്ടെന്നുള്ള വാസ്തവ് സംഗതിയെ ഇവിടെ പ്രസ്താവിച്ചിട്ടു് ആവശ്യമില്ലെന്നു വിചാരിക്കുന്നു. എന്നാൽ പ്രസ്താവ സ്ഥലത്തു് സാധാരണമായും കർക്കടകമാസത്തിലെ വാവു മുതലായ വിശേഷ ദിവസങ്ങളിൽ കൂടാറുള്ള ചന്തകളിൽ വിശേഷമായും കുറവർ മുതലായ ജാതിക്കാർ പോലും യാതൊരു വിരോധവും കൂടാതെ സഞ്ചരിച്ചു വരുന്നുണ്ടെന്നാണു ഞങ്ങൾ വിശ്വാസയോഗ്യമായി അറിയുന്നതു്. ഇൻസ്പെക്ടർ അവർകൾ ഒന്നു കൂടി അന്വേഷിച്ചറിഞ്ഞു തന്റെ ഈ ദുർദ്ധാരണയെ തിരുത്തിക്കൊള്ളുമെന്നും പരവൂർ മിഡിൽ സ്കൂൾ ഒരു ദേവാലയ സമീപത്തിലാണെന്നു വാദിച്ചവരുടെ ഭയങ്കരമായ ദുശ്ശാഠ്യത്തെ ഗണ്യമാക്കാതെ പ്രവർത്തിച്ച ന്യായസ്ഥനായ എഡ്യുക്കേഷനൽ സെക്രട്ടറി അവർകൾ ചിലരുടെ മനോരാജ്യം മാത്രമായ ഈ

Digitized By Kerala Sahitya Akademi

ഭൂദേവാലയ സാന്നിദ്ധ്യവാദത്തെ അശേഷം സാരമാക്കാതെ വേണ്ടതു പ്രവർത്തിക്കുമെന്നും വിശ്വസിപ്പാൻ ഞങ്ങൾക്കു ധാരാളം ന്യായമുണ്ടു്.

വിവേ: 1080 മേടം

വർക്കല സർക്കാർ മലയാളം സ്കൂൾ

ഈ പള്ളിക്കൂടത്തിൽ ഈഴവരെ ചേർത്തു പഠിപ്പിക്കുന്ന വിഷയത്തിൽ ഗവർമ്മെൻറു കാണിച്ചു വരുന്ന വൈമനസ്യം ലജ്ജാവഹമായിരിക്കുന്നു. ഈഴവരെ ചേർത്തു പഠിപ്പിക്കുന്നതിനു യാതൊരു വിരോധവും ഇല്ലെങ്കിലും തൽക്കാലം സ്ത്രീകെട്ടിടത്തിൽ സ്ഥലം ഇല്ലായ്കയാൽ ആരെയും ചേർക്കാൻ നിവൃത്തിയില്ലെന്നു് ഇണ്ടാസു കൊടുത്തിരിക്കുന്നു. ഈ അപനയത്തിനു് ഉത്തരവാദി ആരാണെന്നറിയുന്നില്ല. ജനങ്ങൾ തന്നെ പണം പിലവു ചെയ്തു കെട്ടിടം വലുതാക്കാമെന്നും ഹർജി കൊടുത്തിട്ടു് അതു തൽക്കാലം ആവശ്യമില്ലപോലും. ഇതെത്ര നേരംപോക്കാണു്. ഈഴവർക്കു പ്രവേശം അനുവദിച്ച മാത്രയിൽ തന്നെ സ്ത്രീകൾ നൂതനമായുള്ള പ്രവേശനങ്ങൾക്കു് അശേഷം സ്ഥമില്ലാതെ പോയതു് അത്ഭുതം തന്നെ. ഓരോ കാരണവശാൽ വാരംതോറും കുട്ടികൾ സ്ത്രീകൾ വിടുന്നുണ്ടല്ലോ. ആ ഒഴിവുകളിൽഎങ്കിലും ഒന്നിൽ ഒരു ഈഴവബാലനെ പ്രവേശിപ്പിച്ചു കണ്ടാൽ മാത്രമേ സ്ഥലമില്ലായ്മ എന്ന ഒഴികഴിവിനെ ജനങ്ങൾ വിശ്വസിക്കയുള്ളൂ. എല്ലാ ജനങ്ങളോടും ഒന്നുപോലെ വർത്തിക്കേണ്ട ഗവർമ്മെൻറു് ഇങ്ങനെയുള്ള സൂത്രങ്ങൾ എടുത്തു തുടങ്ങിയാൽ ഗവർമ്മെൻറിനെറ നീതിയിൽ ജനങ്ങൾക്കുള്ള വിശ്വാസം കുറഞ്ഞു തുടങ്ങും. ഇണ്ടാസുമെൻറിൽ ഈഴവരെ പ്രവേശിപ്പിക്കുന്നതിനു വിരോധമില്ലെന്നു പറഞ്ഞിരിക്കുന്ന ഭാഗം പ്രവൃത്തിയിൽ കാണുന്നതിനു ഞങ്ങൾ കാത്തിരിക്കുന്നു.

വിവേ: 1080 കർക്കടകം

തിരുവനന്തപുരം ആയുർവേദ പാഠശാല

നാട്ടുവൈദ്യം പല പ്രകാരേണ ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചു വരുന്നതു സന്തോഷജനകമാകുന്നു. തിരുവിതാംകൂർ ഗവൺമെൻറു വകയായി കാലേക്കൂട്ടിത്തന്നെ ഒരു ആയുർവേദപാഠശാല സ്ഥാപിച്ചു് ഒരുവിധം തൃപ്തികരമായി നടക്കത്തക്ക സകല വ്യവസ്ഥകളും ചെയ്തിരിക്കുന്ന മഹാശയന്മാരുടെ ദീർഘദർശനത്തെ ഈ അവസരത്തിൽ നാം ശ്ലാഘിക്കേണ്ടതാകുന്നു. എന്നാൽ മലയാളരാജ്യത്തിൽ പണ്ടുപണ്ടേ വൈദ്യവിദ്യയെ ആശ്രയിച്ചു കാലം കഴിക്കുന്ന അനേകം അംഗങ്ങളുടങ്ങിയതും രാജ്യത്തിൽ ജനസംഖ്യകൊണ്ടും നിക്തി അടയ്ക്ക

Digitized By Kerala Sahitya Akademi

മുതലായതു കൊണ്ടും ഏറ്റവും പ്രധാനമായ ഒരു സ്ഥാനത്തെ അർഹിക്കുന്നതുമായ നമ്മുടെ സമുദായത്തിനു തിരുവിതാംകൂറിൽ ഈ വൈദ്യവിദ്യാലയത്തിൽ പ്രവേശം ഇതുവരെ കൊടുത്തിട്ടില്ലാത്തതു് എത്ര കഠിനമായ ഒരനീതിയാണു്. ഇതിനെക്കുറിച്ചു പല ഹർജികളും കൊടുക്കുകയും പ്രജാസഭയിൽ ഒന്നിലധികം പ്രാവശ്യം പല മെമ്പറന്മാരും പ്രസ്താവിക്കുകയും ഈ കാളങ്ങളിൽത്തന്നെ പല പ്പോഴും പറകയും ചെയ്തിട്ടുണ്ടു്. ഇതുവരെ ഈഴവ വിദ്യാർത്ഥികൾക്കു് ഒരു ആശ്രയമായിരുന്ന മഹാമഹിമശ്രീ രാജരാജവർമ്മ മൂത്തകോയിത്തമ്പുരാൻ തിരുമനസ്സു കൊണ്ടു്. ഇപ്പോൾ ആ തിരുമേനിക്കു വാർദ്ധക്യത്താൽ ഉള്ള അസ്വാസ്ഥ്യം നിമിത്തം ആയുർവേദാദ്ധ്യാപനം നിർത്തൽ ചെയ്തിരിക്കുന്നതിനാൽ അവരുടെ പഠനമാർഗ്ഗം കേവലം അടഞ്ഞു പോയിരിക്കുന്നു. വൈദ്യം, ജ്യോതിഷം, സംസ്കൃത പഠനം മുതലായവയിൽ ഈ ജാതിക്കാർ വളരെ ആദരവും സാമർത്ഥ്യവുമുള്ളവരാണെന്നൊക്കെ സെൻസസ് റിപ്പോർട്ടിലും മറ്റും എഴുതിവരുന്ന നമ്മുടെ ഗവൺമെൻറു് അവരുടെ പാരമ്പര്യ സിദ്ധമായ ആ പാടവത്തെ പ്രോത്സാഹിപ്പിച്ചു് അവർക്കു ജനങ്ങൾക്കും ഗുണകരമാക്കിത്തീർക്കുന്നതിൽ പ്രത്യേകം യാതൊന്നും ചെയ്തുകൊടുക്കുന്നില്ലെന്നു മാത്രമല്ല, മറു വഴിക്കാർക്കു് ഈ വിഷയത്തിൽ ചെയ്തുകൊടുക്കുന്ന സഹായത്തെക്കൂടി ഇവർക്കു നൽകുകയില്ലെന്നു ശാഠ്യം പിടിക്കുന്നു. ഇതു് എത്ര വ്യസനകരമായ അന്യായമാണു്. ഇനിയെങ്കിലും അധികൃതന്മാർ ഈ വിഷയത്തിൽ ദയ വിചാരിച്ചു് ഈഴവ വിദ്യാർത്ഥികൾക്കു് ആയുർവേദ പാഠശാലയിൽ പ്രവേശം അനുവദിക്കണമെന്നു പ്രാർത്ഥിക്കുന്നു.

വിവേ: 1081 ഇടവം, മിഥുനം കർക്കടകം

മദ്രാസ് ആയുർവേദകാളേജ്

മദ്രാസിൽ കന്യകാപരമേശ്വരി ദേവസ്ഥാനം ധർമ്മകർത്താക്കന്മാരുടെ അധീനതയിലും മേൽനോട്ടത്തിലും ടി നഗരത്തിൽ ബ്ലാഗ് ൗൺ എന്നസ്ഥലത്തു് ഒരു ആയുർവേദ മഹാപാഠശാല ആരംഭിച്ചിരിക്കുന്നവിവരം നമ്മുടെ ജനങ്ങളധികം അറിഞ്ഞിരിപ്പാൻ ഇടയില്ലെന്നു തോന്നുന്നു. യോഗ്യരായ പ്രസ്തുത ധർമ്മ കർത്താക്കന്മാർ കുറേക്കാലമായി ഈ സ്ഥാപനവും ഇതോടുചേർന്നു് ഏറ്റവും തൃപ്തികരമായ വിധത്തിൽ നടത്തപ്പെട്ടുവരുന്ന ഒരു ധർമ്മ വൈദ്യശാലയും സ്ഥാപിച്ചു ഭംഗിയാംവണ്ണം നടത്തി തങ്ങളുടെ ഔദാര്യബുദ്ധിയേയും സ്വരാജ്യസ്നേഹത്തേയും പ്രദർശിപ്പിച്ചു വരികയാകുന്നു. ഈ കഴിഞ്ഞ ജനുവരി മാസം മുതൽ മേൽപ്പറഞ്ഞ കാളേജിൽ നാലുകൊല്ലത്തെ ശാസ്ത്രപഠനവും ക്രിയാപരിചയവും വിദ്യാർത്ഥികൾക്കു നൽകുകയും ഒടുവിൽ പരീക്ഷാ വിജയികൾക്കു സർട്ടിഫിക്കറു കൊടുക്കുകയും ചെയ്യുന്നതിനു തീർച്ചയാക്കിയിരിക്കുന്നു. ഇവിടെ സംസ്കൃതത്തിലുള്ള സകല പ്രധാന വൈദ്യശാസ്ത്രങ്ങളും പഠിപ്പിക്കുന്നതും ഇംഗ്ലീഷിലുള്ള ശരീര ശാസ്ത്രം, അംഗവിഭാഗശാസ്ത്രം, ആരോഗ്യരക്ഷാശാസ്ത്രം, ഔഷധവിജ്ഞാനശാസ്ത്രം, സൂതികാശാസ്ത്രം മുതലായവയെ തർജ്ജിമ ചെയ്തു തൃപ്തികര

Digitized By Kerala Sahitya Akademi

മാംവണ്ണം അഭ്യസിപ്പിക്കുന്നതുമാകുന്നു. ഇതിൽ സംസ്കൃതഭാഷയിൽ നാടകാന്തം പഠിച്ചുവ്യുല്പത്തി സമ്പാദിച്ചിട്ടുള്ളവരെ ജാതിഭേദവിചാരം കൂടാതെ വിദ്യാർത്ഥികളായി സ്വീകരിക്കുന്നതാണ്. വിദ്യാർത്ഥികൾ അവരുടെ നടത്തയേയും യോഗ്യതയേയും കുറിച്ചുള്ള സർട്ടിഫിക്കറ്റോടുകൂടി ടി കോളേജ് പ്രിൻസിപ്പാൽ ആയ ഗോപാലാചാര്യർ അവർകൾക്ക് അപേക്ഷ അയച്ചാൽ സ്വീകരിക്കുന്നതാണ്. നമ്മുടെ യോഗം വക സംസ്കൃതപാഠശാലയിൽ പഠിച്ചു വ്യുല്പത്തി സമ്പാദിച്ചിട്ടുള്ളവരും മറ്റുമായി ആറേഴു വിദ്യാർത്ഥികൾ ഇപ്പോഴെന്നെ ഈ മഹാപാഠശാലയിൽ ഈ ദിക്കുകളിൽ നിന്നുപോയി ചേർന്നുകഴിഞ്ഞിരിക്കുന്നു. സ്വീകരിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ധർമ്മകർത്താക്കന്മാർ താമസിക്കുന്നതിനു വളരെ സൗകര്യപ്രദമായ സ്ഥലവും ആഹാരാദികൾക്കായി ഓരോരുത്തനും പ്രതി മാസം 10ക. വീതം സാഹായിക ധനവും കൊടുത്തുവരികയാകുന്നു. ഈ സ്ഥിതനത്തോടു ചേർന്ന ചികിത്സയും സാധാരണമായ ശസ്ത്രക്രിയ മുതലായതും പഠിപ്പിക്കുന്നതിനുവേണ്ട സകല ഏർപ്പാടുകളും മൂലികകളേയും മറ്റും പരിചയപ്പെടുത്തുന്നതിനായി പ്രത്യേക ഔഷധിത്തോട്ടവും ഉള്ളതാകുന്നു. ഇക്കൊല്ലം വിദ്യാർത്ഥികളെ സ്വീകരിക്കുന്ന കാലാവധി പക്ഷേ ഇപ്പോൾ കഴിഞ്ഞിരിക്കാമെങ്കിലും, പോകത്തക്ക യോഗ്യതയും സൗകര്യവുമുള്ള നമ്മുടെ യുവാക്കൻമാർ അടുത്ത കൊല്ലം മുതൽ അധികം പേർ ഈ കോളേജിൽ ചേർന്നു പഠിച്ചുവരാൻ നോക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇതിനെപ്പറ്റി വേണ്ട വിവരങ്ങൾ ഈ ആഫീസിൽ എഴുതിച്ചോദിച്ചാൽ അറിവു കൊടുക്കുന്നതാണ്. നമ്മുടെ കൂടി പണം കൊണ്ടു നടത്തപ്പെടുന്ന തിരുവനന്തപുരം സർക്കാർ ആയുർവേദ പാഠശാലയിൽ നമുക്ക് ഇതുവരെ പ്രവേശം അനുവദിക്കാത്ത തിരുവിതാംകൂർ ഗവർമ്മെൻറിന്റെ നീചമായ നിർബ്ബന്ധത്തെ ഞങ്ങൾ ഈ അവസരത്തിൽ അധികം ശപിക്കുകയും മദ്രാസ് ആയുർവേദ കോളേജിന്റെ യോഗ്യരായ പ്രവർത്തകന്മാരുടെ ഉചിതജ്ഞതയേയും ഔദാര്യാതിശയത്തേയും ആത്മാർത്ഥമായി അഭിനന്ദിക്കുകയും ചെയ്യുന്നു.

വിവേ : 1082 ധനു, മകരം

ഒരു പുതിയ ആയുർവേദ പാഠശാല

സംസ്കൃതം, ആയുർവേദം, ജ്യോതിഷം മുതലായവയിൽ അസാമാന്യമായ നൈപുണ്യം സമ്പാദിച്ചിട്ടുള്ള കൊല്ലം പരവൂർ വി. കേശവൻ ആശാൻ അവർകൾ അവിടെ ഒരു ആയുർവേദപാഠശാല തുറക്കുവാൻ പോകുന്നതിനെ ഉദ്ദേശിച്ചുള്ള ഒരു പരസ്യം ഇതിന്റെ വേറൊരു ഭാഗത്തു ചേർത്തിട്ടുണ്ട്. തിരുവനന്തപുരത്തുള്ള സർക്കാർ ആയുർവേദപാഠശാലയിൽ ഈഴവവിദ്യാർത്ഥികൾക്കു പ്രവേശം അനുവദിക്കാതിരുന്നതു നമ്മുടെ സമുദായത്തിനു പലേവിധത്തിലും ദോഷകരമായിട്ടുള്ള ഒരു നിശ്ചയമാണെന്നു ഞങ്ങൾ മുൻപു ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. വൈദ്യവൃത്തിയിൽ പരിശീലിച്ചു മാനമായി കാലക്ഷേപം ചെയ്യുന്ന അംഗങ്ങളെ തുക അന്യസമുദായങ്ങളെ അപേക്ഷിച്ച് ഏറ്റവും വലുതായിരിക്കുന്നതു് ഈഴവ

Digitized By Kerala Sahitya Akademi

സമുദായത്തിലാണെന്നു പറയുന്നതിൽ പക്ഷാന്തരമുണ്ടാകുന്നതല്ല. നമ്മുടെ സർക്കാരിന്റെ അന്യായമായ നയംകൊണ്ടു് ഈ തുക ക്രമേണ കുറഞ്ഞുവരുന്നതിനിടയുള്ളതു പലേ സമുദായ ക്ഷേമകാംക്ഷികളുടെയും ഗൗരവപൂർവമായ ശ്രദ്ധയുള്ള പാത്രമായിട്ടുണ്ടു്. ഈ ദോഷത്തെ പരിഹരിപ്പാൻ രണ്ടു മാർഗ്ഗങ്ങളാണുള്ളതു്. ഒന്നാമത്തേതു് ഈഴവ വിദ്യാർത്ഥികൾക്കു് ആയുർവേദ പാഠശാലയിൽ പ്രവേശം ലഭിക്കുകയാകുന്നു. ഇതിനു് ഇനിയും കാലമായിട്ടില്ലെന്നുള്ള വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. രണ്ടാമത്തേതും, നമ്മാൽ സാധിക്കപ്പെടാവുന്നതും വേറൊരു ആയുർവേദ പാഠശാല സമുദായം വകയായി സ്ഥാപിക്കയാകുന്നു. ഈ ഉദ്ദേശത്തോടുകൂടിയായിരിക്കണം മിസ്റ്റർ കേശവനാശാന്റെ ഇപ്പോഴത്തെ ഉദ്യമമെന്നു ഞങ്ങൾ വിചാരിക്കുന്നു. ഈഴവസമുദായത്തിൽ ഞങ്ങൾക്കു് അറിവു പെട്ടിടത്തോളം ഇതിലേക്കു് ഉദ്യമിക്കുവാൻ മിസ്റ്റർ ആശാനേക്കാൾ സർവപ്രകാരേണയും യോഗ്യനായ ഒരാളെ ഞങ്ങൾ അറിയുന്നില്ല. ഈ കാരണങ്ങളാൽ ആശാൻ അവർകളുടെ ഈ ഉദ്യമത്തെ ഞങ്ങൾ അഭിനന്ദിക്കുകയും അതിലേക്കു സർവവിജയത്തേയും ആശംസിക്കുകയും ചെയ്യുന്നു.

പരസ്യത്തിൽ കാണുന്ന വേറൊരു പ്രധാന സംഗതിയിലേക്കു ഞങ്ങൾ വായനക്കാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു. ഹിന്ദു വൈദ്യശാസ്ത്രപ്രകാരമുള്ള ചികിത്സകൾ ഉദ്ദേശിക്കുന്നതുപോലെ ഫലിച്ചു കാണാത്തതു മനുഷ്യശരീരത്തിലെ അവയവങ്ങളേയും അവയുടെ ശരിയായ പ്രവൃത്തിവിശേഷങ്ങളേയും കുറിച്ചു ഹിന്തുവൈദ്യന്മാർക്കുള്ള ദയനീയമായ അജ്ഞതകൊണ്ടാണെന്നു മിക്കവാറും സമ്മതിക്കപ്പെട്ടിട്ടുണ്ടു്. ഇതിനെ പരിഹരിപ്പാൻ മിസ്റ്റർ ആശാൻ പാശ്ചാത്യക്രമത്തിലുള്ള അനാറമി, ഫിസിയോളജി മുതലായ ശരീരശാസ്ത്രങ്ങൾ ഇംഗ്ലീഷു വൈദ്യശാസ്ത്രം അഭ്യസിച്ചിട്ടുള്ളവരെക്കൊണ്ടു പഠിപ്പിക്കുന്നതാണെന്നും കൂടി പ്രസ്താവിച്ചിരിക്കുന്നു. ഈ നിശ്ചയം ഏറ്റവും ഉചിതവും അപേക്ഷിതവുമത്രെന്നു. സർക്കാർ പാഠശാലയിലും ഈ സമ്പ്രദായം അനുകരിച്ചിട്ടില്ലെന്നു് അറിയുന്നതിനാൽ ഈ ക്രമം നാം ഏർപ്പെടുത്തുന്നപക്ഷം അതു പാഠശാലയുടെ അഭിവൃദ്ധിക്കും വിദ്യാർത്ഥികളുടെ ജ്ഞാനസമ്പാദനത്തിനും ഏറ്റവും ഉപയുക്തമായിരിക്കും. മലയാളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അനേകം ഈഴവ വിദ്യാർത്ഥികൾ ഈ പാഠശാലയിൽ ചേർന്നു പഠിക്കുവാൻ തയ്യാറുണ്ടായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

വിവേ; 1083 ചിങ്ങം.

കോഴിക്കോട്ടു മിഷൻ ഹൈസ്കൂൾ

ബാസൽ മിഷൻകാരുടെ വകയായി കോഴിക്കോട്ടു വളരെ പ്രശസ്തമായ നിലയിൽ നടത്തപ്പെട്ടുവരുന്ന ഹൈസ്കൂൾ ഒരു രണ്ടാംഗ്രേഡ് കാളേജ് ആക്കുന്നതിനു് മദ്രാസ് സർവകലാശാലാ സെനാറുകാർ ഗവർമ്മെൻറിനോടു ശിപാർശ ചെയ്തിരിക്കുന്ന പ്രകാരം അറിയുന്നതിൽ ഞങ്ങൾ വളരെ സന്തോഷിക്കുന്നു.

Digitized By Kerala Sahitya Akademi

കേഴിക്കോട്ട് എല്ലാ ജാതിക്കാർക്കും പരക്കെ ഉപകാരപ്രദമായിത്തീരേണ്ട ഒരു കോളേജിന്റെ ആവശ്യകത അശേഷം ഒഴിച്ചുകൂടാത്തതായിരിക്കുന്നു. അവിടെ ഗവർമ്മെന്റു വകയായി ഉണ്ടായിരുന്ന ഒരു രണ്ടാംഗ്രേഡ് കോളേജ് നിർത്തൽ ചെയ്തതിന്റെ ശേഷം ഉയർന്നതരം വിദ്യാഭ്യാസത്തിനായി ഉദ്യമിക്കുന്ന വിദ്യാർത്ഥികൾക്കു നേരിട്ടുവരുന്ന ബുദ്ധിമുട്ടുകൾ ചില്ലറയൊന്നുമല്ല. സാമൂതിരിപ്പാട തമ്പുരാനാൽ നടത്തപ്പെട്ടുവരുന്ന കേരള വിദ്യാശാലയെ അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും ബന്ധുക്കൾക്കും മാത്രം ഉപകാരപ്രദമായ ഒരു സ്വകാര്യ സ്ഥാപനമെന്നേ ഗണിക്കുവാൻ പാടുള്ളൂ. അല്പാതെ അതു് ഇതേവരെ ജനസാമാന്യത്തിനു പൊതുവിൽ ഗുണപ്രദമായിത്തീർന്നിട്ടില്ല കോളേജ് അധികൃതന്മാരുടെ അന്ധവിശ്വാസപ്രസക്തിയേയും അസൂയയേയും ആലോചിച്ചാൽ അതു് ഈ അടുത്ത കാലത്തെങ്ങും എല്ലാ ജാതിക്കാർക്കും പരക്കെ ഉപകാരപ്രദമായി തീരുന്നതിനും മാർഗ്ഗം കാണുന്നില്ല. പ്രസ്തുത കോളേജിൽ ഒരു തീയ വിദ്യാർത്ഥിയെ ചേർത്തപ്പോൾ ഉണ്ടായ കുഴപ്പങ്ങളും അയാളെ കോളേജിൽ നിന്നു് ഓടിച്ച കഥയും വായനക്കാർ അറിഞ്ഞിട്ടുള്ളതാണല്ലോ. ഇൻഡ്യയുടെ എല്ലാവിധ അനർത്ഥങ്ങൾക്കും കേന്ദ്രസ്ഥാനവും എല്ലാവിധ ശ്രേയസ്സുകൾക്കും വിഘാതവും ആയി നില്ക്കുന്നതു് ജാതിവ്യത്യാസമാണെന്നാകുന്ന എല്ലാ യോഗ്യന്മാരുടേയും അഭിപ്രായം. വിദ്യാഭ്യാസവും തജ്ജന്യമായ മനഃപരിഷ്കാരവും സിദ്ധിച്ചിട്ടുള്ള സകല മഹാന്മാരും ജാതിവ്യത്യാസത്തെ അതികഠിനമായി ശപിക്കയും അതിന്റെ ഭയങ്കരമായ ശക്തിയെ ക്ഷയിപ്പിക്കുന്നതിനു യത്നിക്കയും ചെയ്യുന്നതാട്ടാണു് കണ്ടുവരുന്നതു്. എന്നാൽ സാമൂതിരി കോളേജിലാകട്ടെ ജാതിവ്യത്യാസത്തെ പരിഷ്കൃത ലോകത്തിന്റെ പരിഹാസത്തിനു പാത്രമായിത്തീരത്തക്കവിധത്തിൽ അഭ്യസിപ്പിക്കയും സ്ഥിരീകരിക്കയുമാണത്രേ ചെയ്യുന്നതു്. എങ്കിലും അന്യദേശക്കാരായി അന്യമതക്കാരായി മ്ലേച്ഛന്മാരെന്നു് ആക്ഷേപിക്കപ്പെട്ടുവരുന്ന കൂട്ടരെ ഈ വിദ്യാലയത്തിലെ അദ്ധ്യാപകന്മാരായി നിയമിക്കുന്ന വിഷയത്തിൽ അധികൃതന്മാർക്കു് ഒട്ടും ധൈര്യക്കുറവുള്ളതായി കാണുന്നില്ല. അങ്ങനെയിരിക്കെ സ്വദേശികളും സ്വമതസ്ഥരുമായ തീയരെ ഈ വിദ്യാലയത്തിൽ ചേർക്കുന്നതിൽ അവർ ഭാവിക്കുന്ന വൈമനസ്യം എത്രകണ്ടു നീചവും മൗഢ്യപരവും ആയിരിക്കുന്നു. പോകട്ടെ അധികം വിസ്തരിച്ചിട്ടു് ആവശ്യമില്ലല്ലോ. ഒരു കുടുംബത്തിന്റെ ഉപയോഗത്തിനായി മാത്രം നടത്തപ്പെട്ടുവരുന്ന ഒരു പ്രത്യേക സ്ഥാപനമാണല്ലോ സാമൂതിരി കോളേജു്. അങ്ങനെ ഒരു വിദ്യാശാല ഉള്ളതും ഇല്ലാത്തതും ജനസാമാന്യത്തിനു് ഒന്നുപോലെ തന്നെയാകുന്നു. അതിനാൽ സകല ജാതി മതസ്ഥരുടേയും വിദ്യാഭ്യാസത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്തുകൊടുക്കേണ്ടതു് ഗവർമ്മെന്റിന്റെ മുറയാകുന്നു. ഏതായാലും സർവകലാശാലക്കാരുടെ ശുപാർശ അനുസരിച്ചു് മിഷൻ ഹൈസ്കൂളിനെ കോളേജാക്കുവാൻ ഗവർമ്മെന്റു് അനുവദിക്കുമെന്നു് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. മിഷൻ സ്കൂളിൽ ഇപ്പോൾ പഠിക്കുന്ന വിദ്യാർത്ഥികളിൽ നൂറിനു് അമ്പതുകണ്ടു തീയരാകുന്നു. അതിനാൽ ഈ സ്കൂൾ കോളേജാക്കുന്നതിനെ സംബന്ധിച്ചു് അധികം സന്തോഷത്തിനും ചരിതാർത്ഥ്യത്തിനും അവർ

Digitized By Kerala Sahitya Akademi

ക്കായിരിക്കുമല്ലോ അവകാശവും. പരോപകാര തല്പരന്മാരായ മിഷൻകാരുടെ ഉദ്യമത്തെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാവുന്നതല്ല.

വിവേ : 1083 തുലാം

രണ്ടു ഗവർമ്മെൻറ് പ്രൊസീഡിംഗ്സുകൾ

താഴെ ചേർത്തിരിക്കുന്ന രണ്ടു ഗവർമ്മെൻറു പ്രൊസീഡിംഗ്സുകളും കൊണ്ടു് ഈഴവർക്കു വിദ്യാഭ്യാസ വിഷയമായി ഈ സംസ്ഥാനത്തിൽ ഉണ്ടായിരുന്ന പ്രതിബന്ധങ്ങൾക്കു മിക്കവാറും പരിഹാരം ലഭിച്ചതായി വിചാരിക്കാവുന്നതാണു്. എല്ലാവരുടെയും പ്രയത്നഫലം കൊണ്ടു നടത്തപ്പെട്ടപോരുന്ന ഗവർമ്മെൻറു പാഠശാലകളും ഏതാനും ചില വർഗ്ഗക്കാരുടെ പ്രത്യേക സൗകര്യത്തിനു മാത്രമായി ഉപയോഗപ്പെടുത്തുന്നതിലുള്ള പ്രത്യക്ഷമായ അനീതിയെ ഗണിച്ചില്ലെങ്കിലും സംസ്ഥാനത്തിലെ പ്രജാവിഭാഗത്തിൽ അഞ്ചിലൊരു ഭാഗം ഉള്ള ഒരു വമ്പിച്ച സമുദായം വിദ്യാഹീനമായിരുന്നാൽ രാജ്യത്തിനു പൊതുവേ ഉണ്ടാകാവുന്ന അപരിഷ്കാരത്തെയും അനർത്ഥങ്ങളെയും ഓർത്തിട്ടെങ്കിലും ഇതിനു് എത്രയോ മുമ്പേതന്നെ ഈഴവർക്കു ഗവർമ്മെൻറു പാഠശാലകളിൽ പ്രവേശം നല്കി അവരെ വേണ്ടവിധം പ്രോത്സാഹിപ്പിക്കുകയായിരുന്നു വേണ്ടതു്. എന്നാൽ തിരുവിതാംകൂറിലെ രാജ്യതന്ത്രജ്ഞന്മാരുടെ ചില വിലക്ഷണ നയങ്ങളെ പ്പറ്റി ഓർക്കുമ്പോൾ ഇത്രയും കാലം ഈ ഒരു വലിയ സമുദായത്തിൻെറ അഭിവൃദ്ധിക്കുള്ള ഈ മാർഗ്ഗത്തെ ക്കുടിയും അവർ തടഞ്ഞു നിറുത്തിയതിനെ പ്പറ്റി ആശ്ചര്യപ്പെടുവാനില്ല. ഇപ്പോൾ ഈഴവർക്കു പ്രവേശം പാടില്ലാത്തവയായി ലിസ്റ്റിൽ കാണുന്ന 51 പള്ളിക്കൂടങ്ങളെ മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽ ''എല്ലാ വർഗ്ഗക്കാർക്കും'' പ്രവേശിക്കാൻ സൗകര്യമുള്ള സ്ഥലങ്ങളിൽ കഴിയുന്ന വേഗത്തിൽ മാററി സ്ഥാപിക്കുന്നതാണെന്നു കാണുന്നതുകൊണ്ടു് ഈഴവ ബാലന്മാർക്കു വിദ്യാഭ്യാസ വിഷയമായുള്ള പ്രതിബന്ധങ്ങളും അചിരേണ മുഴുവൻ നീങ്ങുമെന്നു പ്രതീക്ഷിക്കാവുന്നതാണു്. ഈഴവ ബാലികകൾക്കുവേണ്ട പള്ളിക്കൂടങ്ങളെ തൽക്കാലം ഈഴവർതന്നേ ഉണ്ടാക്കിക്കൊള്ളുകയല്ലാതെ ഗത്യന്തരമില്ല സംസ്കൃത പാഠശാലയും ആയുർവേദപാഠശാലയും ഈഴവർക്കു മറെറല്ലാ പാഠശാലകളെയുംകാൾ പ്രവേശനം കിട്ടിയേ കഴിയൂ എന്നുള്ളവയാകയാൽ അവയേയും കഴിയുന്ന വേഗത്തിൽ ഈഴവർക്കു പ്രവേശിക്കാവുന്ന സ്ഥലങ്ങളിൽ മാററിക്കൊടുക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

പ്രൊസീഡിംഗ്സുകൾ

(1)

1908 മേ 30-ാംനു- ഇ. 1964-ാം നമ്പർ

വർക്കല ആൺമലയാളം മിഡിൽസ്കൂൾ ഇപ്പോൾ ദാനപ്രമാണ ഭൂമിയിലാകുന്ന ഇരിക്കുന്നതു്. ഈഴവക്കുട്ടികളെ ക്കൂടി ചേർക്കാവുന്ന ഒരു പൊതുസ്ഥ

Digitized By Kerala Sahitya Akademi

ലത്തേക്കു പള്ളിക്കൂടം മാറ്റി ഇടുന്നതിനു് ഇതിനുമുമ്പിൽ തന്നെ ഉത്തരവു കൊടുത്തിരിക്കുന്നു. അതിനു് ഒരു സ്ഥലം തിരിഞ്ഞെടുക്കുകയും അതു സർക്കാരിലേക്കു പൊന്നുംവില കൊടുത്തു് എടുക്കുന്നതിനു് ഒരു പരസ്യം പ്രസിദ്ധം ചെയ്തുയും ചെയ്തിരിക്കുന്നു. 1067-ാമാണ്ടത്തെ 3-ാം റെഗുലേഷൻ 15-ാം വകുപ്പായ അടിയന്തിരത്തിൽ വസ്തു കൈവശപ്പെടുത്താനുള്ള വ്യവസ്ഥ അനുസരിച്ചു് ആ സ്ഥലം ഉടനേ കൈവശപ്പെടുത്തുന്നതിനും അതിനെ എഞ്ചിനീയർ ഡിപ്പാർട്ടുമെൻറിനെ ഏല്പിക്കുന്നതിനും തിരുവനന്തപുരം ഡെപ്യൂട്ടി പേഷ്കാർക്കു് എഴുതി അയയ്ക്കുന്നതാകുന്നു. പള്ളിക്കൂടം വകയ്ക്കു് ഒരു പുതിയ കെട്ടിടത്തിനു പ്ലാനും എസ്റ്റിമേറും കഴിയുന്നതും വേഗത്തിൽ തയ്യാറാക്കി അയയ്ക്കുന്നതിനും താമസം കൂടാതെ കെട്ടിടം പണിതീർക്കുന്നതിനുവേണ്ട നടപടികളും തുടങ്ങുന്നതിനും ചീഫ് എഞ്ചിനീയർക്കു് എഴുതി അയയ്ക്കുന്നതാകുന്നു. പുതിയ കെട്ടിടം തയ്യാറാകയും പള്ളിക്കൂടം അതിലേക്കു മാറ്റുകയും ചെയ്യുമ്പോൾ ഈഴവക്കുട്ടികളേയും അതിൽ ചേർക്കുന്നതാകുന്നു. അതുവരെ അവർക്കു പ്രവേശിച്ചു കൂടുന്നതല്ല.

(ഉത്തരവിൻ പ്രകാരം) ആർ. മഹാദേവയ്യർ
ആക്ടിംഗ് ഗവർമ്മെൻറ് ചീഫ് സെക്രട്ടറി.

(2)

നമ്പർ. ഇ. 2044 തിരുവനന്തപുരം

1908-ാം വർഷം ജൂൺമാസം 6-ാംനു-

ഈഴവന്മാർക്കു് ഇപ്പോൾ പ്രവേശിക്കാൻ കഴിവില്ലാത്ത സർക്കാർവക ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾ ചേർത്തലയിലും വൈക്കത്തും ഉള്ളവമാത്രം ആകുന്നു. ചേർത്തല ഇംഗ്ലീഷ് പള്ളിക്കൂടം ഇപ്പോൾ കൊട്ടാരത്തിൽ ആകുന്നു സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. ആ പള്ളിക്കൂടത്തിലേക്കു് ഒരു പുതിയ സ്ഥലം പൊന്നുംവിലകൊടുത്തു് ഒഴിപ്പിക്കുന്നതിനു നടപടികളും ചെയ്തിട്ടുണ്ടു്. 1084-ാമാണ്ടിൽ പണിചെയ്യുന്നതിലേക്കുള്ള വേലകളുടെ ലിസ്റ്റിൽ ആ പള്ളിക്കൂടത്തിലേക്കു് ഒരു പുതിയകെട്ടിടം ഉണ്ടാക്കുന്നതിനേയും ഉൾപ്പെടുത്തുകയും ഈ വേലയെ ആ ആണ്ടിൽ തന്നെ ചെയ്തു തീർക്കുകയും ചെയ്യണം എന്നു ചീഫ് എഞ്ചിനീയർക്കു് എഴുതി അയച്ചിരിക്കുന്നു. വൈക്കം പള്ളിക്കൂടത്തിൽ ഈഴവന്മാരെ ചേർക്കുന്നതിലേക്കു പറയുന്ന ആക്ഷേപം എന്തെന്നാൽ ''ക്ഷേത്രത്തിലേക്കു പോകുന്നതും ഇരുവശത്തും ഉയർന്ന ജാതി ജനങ്ങൾ വസിക്കുന്നതും ആയ റോഡിനു സമീപമായി ആ പള്ളിക്കൂടം ഇരിക്കുന്നു'' എന്നുള്ളതാകുന്നു. ആ പള്ളിക്കൂടത്തിൽ ഈഴവന്മാരെ ചേർക്കാതിരിക്കുന്നതിലേക്കു് ഇതു സാധുവായ കാരണം അല്ല. സ്കൂൾ ഇപ്പോൾ സ്ഥാപിച്ചിരിക്കുന്നതു് ഈഴവന്മാർക്കു പ്രവേശിക്കാവുന്ന ഒരു സ്ഥലത്തു് ആകുന്നു. അതു ക്ഷേത്രത്തിൽ നിന്നു് അനേകം ഫർലോംഗ് ദൂരത്തിൽ ആകുന്നു. പള്ളിക്കൂടം, ക്ഷേത്രത്തിലേക്കു പോകുന്ന ഒരു റോഡിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നാകട്ടെ, ആ റോഡിന്റെ ഇരുവശത്തും ഉയർന്ന ജാതി ജനങ്ങൾ വസിക്കുന്നു എന്നാകട്ടെ ഉള്ള സംഗതിമാത്രം, ഈ പള്ളിക്കൂടത്തിൽ നല്ലന്ന വിദ്യാഭ്യാസത്തിന്റെ ഗുണങ്ങളെ തിരുമനസ്സിലെ പ്രജകളിൽ ഒരു പ്രധാനഭാഗക്കാരായവർക്കു നിഷേധിക്കുന്നതിലേക്കു സാധുവായ കാരണം ആകുന്നതല്ല.

Digitized By Kerala Sahitya Akademi

ഈ പള്ളിക്കൂടത്തിൽ ഈഴവ ബാലന്മാർക്കും ഉടൻതന്നെ പ്രവേശം കൊടുക്കണം എന്നു വടക്കൻ റേഞ്ചു് പള്ളിക്കൂടം ഇൻസ്പെക്ടരോടു് ആജ്ഞാപിക്കുന്നു.

2. തിരുവട്ടാറും ആലപ്പുഴയിലും ചങ്ങനാശേരിയിലും ഉള്ള ഇംഗ്ലീഷുപള്ളിക്കൂടങ്ങളെ നിറുത്തിയിരിക്കയാൽ അവ സ്ഥാപിക്കപ്പെട്ടിരുന്ന കെട്ടിടങ്ങളിലേക്കു് അവിടങ്ങളിൽ ഉള്ള സർക്കാർ മലയാളം ആൺപള്ളിക്കൂടങ്ങളെ മാറുമ്പോഴും സർക്കാർ മലയാളം ആൺപള്ളിക്കൂടങ്ങളിൽ ഈ മൂന്നെണ്ണത്തിന്റെയും സംഗതിയിൽ പറയപ്പെടുന്ന ആക്ഷേപങ്ങൾ നീങ്ങുന്നതാകുന്നു. വേഴപ്രാ മലയാളം മിഡിൽ സ്കൂളിലേക്കു് ഈയിടെ ഗവർമ്മെൻറു് ഒരു കെട്ടിടം വാടകയ്ക്കു വാങ്ങിച്ചിട്ടുള്ളതിനാൽ ആ പള്ളിക്കൂടത്തിൽ ഈഴവബാലന്മാരെ ചേർക്കാവുന്നതാകുന്നു. തൊടുപുഴ ആൺമലയാളം മിഡിൽ സ്കൂളിന്റെ സംഗതിയിൽ പറയപ്പെടുന്ന ആക്ഷേപം ഉയർന്ന ജാതി പെൺകുട്ടികൾ ആ പള്ളിക്കൂടത്തിൽ പഠിക്കുന്നുണ്ടു് എന്നുള്ളതാകുന്നു ഈഴവ ബാലന്മാരെ ചേർക്കാതിരിക്കുന്നതിലേക്കു് ഇതു സാധുവായ ഒരു കാരണം ആണെന്നു ഗവൺമെൻറു വിചാരിക്കുന്നില്ല. അതുകൊണ്ടു് അവർക്കു് ആ പള്ളിക്കൂടത്തിൽ പ്രവേശം കൊടുക്കണം എന്നു് ഗവർമ്മെൻറു് ആജ്ഞാപിക്കുന്നു. വേണ്ടിടത്തോളം പെൺകുട്ടികൾ ഉണ്ടെങ്കിൽ പ്രത്യേകമായി ഒരു പെൺപള്ളിക്കൂടം സ്ഥാപിക്കാവുന്നതാകുന്നു.

3 ഈ ലിസ്റ്റിൽ 51 സ്കൂളുകളിൽ ഈഴവക്കു പ്രവേശനം ഇല്ലാത്തതായി കാണിച്ചിട്ടുണ്ടു്. ഇതിനോടു ചേർത്തിരിക്കുന്ന ലിസ്റ്റിൽ പറഞ്ഞിട്ടുള്ളവ ഒഴികെ സംസ്ഥാനത്തുള്ള സർക്കാർ വക എല്ലാനാട്ടുഭാഷാ ആൺപള്ളിക്കൂടങ്ങളിലും ഈഴവബാലന്മാർക്കു പ്രവേശം കൊടുക്കേണ്ടതാകുന്നു. ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന പള്ളിക്കൂടങ്ങളുടെ കാര്യത്തിൽ അവയെ തിരുമനസ്സിലെ പ്രജകളിൽ എല്ലാവിഭാഗക്കാർക്കും പ്രവേശിക്കാവുന്ന സ്ഥലങ്ങളിലേക്കു നീക്കിയിടുന്നതിനു നടപടികൾ ചെയ്യുന്നതാകുന്നു. പള്ളിക്കൂടം ഇൻസ്പെക്ടർമാർ തക്ക സ്ഥലങ്ങൾ തിരഞ്ഞെടുത്തു വിവരം വിളംബം കൂടാതെ ഗവർമ്മെൻറിലേക്കു റിപ്പോർട്ടു ചെയ്യണം. പ്രൈമറി പള്ളിക്കൂടങ്ങളുടെ കാര്യത്തിൽ ഇൻസ്പെക്ടർമാർ അതതു സ്ഥലങ്ങളിലുള്ള എഡ്യൂക്കേഷൻ ബോർഡുകളുടെ സഹായം ആവശ്യപ്പെടേണ്ടതാകുന്നു.

ഉത്തരവിൻ പ്രകാരം, ആർ. മഹാദേവയ്യർ
ആക്ടിംഗ് ഗവർമ്മെൻറു ചീഫ് സെക്രട്ടറി

വിവേ : 1083 മേടം, ഇടവം

മെമ്മോറിയലും മറുപടിയും

വിദ്യാഭ്യാസ സംബന്ധമായി ചില പ്രത്യേക സഹായങ്ങളെ അപേക്ഷിച്ചുയോഗത്തിൽ നിന്നു തിരുവിതാംകൂർ ഗവർമ്മെൻറിലേക്കു് ഒരു മെമ്മോറിയൽ സമർപ്പിച്ചിരുന്നതായി കഴിഞ്ഞ തവണ ഞങ്ങൾ പ്രസ്താവിച്ചിട്ടുണ്ടായിരുന്നുവല്ലോ. പ്രസ്തുത മെമ്മോറിയലിനു ഗവർമ്മെൻറിൽ നിന്നു കിട്ടിയ മറുപടി ഞ

Digitized By Kerala Sahitya Akademi

ങ്ങളും മറൊരു ദിക്കിൽ തർജ്ജിമ ചെയ്തു ചേർത്തിട്ടുണ്ടു്. ഗവർമ്മെൻറു് പ്രൈമറി സ്കൂളുകളിൽ എല്ലാം ഫീസുകൂടാതെ ഈഴവക്കുട്ടികളെ പഠിപ്പിക്കണം എന്നും അവരുടെ പ്രൈമറി സ്കൂളുകൾക്കു മുഴുവൻ ഗ്രാൻറു് അനുവദിക്കണം എന്നുമാണു് യോഗം ഒന്നാമതായി പ്രാർത്ഥിക്കുന്നതു്. ഇതു് മഹമ്മദീയർ മുതലായി വിദ്യാഭ്യാസ സംബന്ധമായി പിന്നോക്കം നിൽക്കുന്ന ജാതിക്കാർക്കു് ഇന്നു ഗവർമ്മെൻറു് അനുവദിച്ചു വരുന്ന പ്രത്യേക സഹായമാണു്. ഇതിനെ ഈഴവരിൽക്കൂടി വ്യാപിപ്പിക്കുന്നതിനു മെമ്മോറിയലിൽ പറയുന്ന കാരണം. ഈഴവർ മഹമ്മദീയരെക്കാളും വിദ്യാഭ്യാസ വിഷയത്തിൽ പിന്നോക്കമാണെന്നും അതിനാൽ അവരും ആ സഹായത്തിനു് അർഹരാണെന്നും ആകുന്നു. 1901 ലെ കാനേഷുമാരി കണക്കിൻ പ്രകാരം അക്ഷരജ്ഞാനമില്ലാത്തവരുടെ സംഖ്യ ഈഴവരിൽ നൂറിനു തൊണ്ണൂറിരണ്ടും മഹമ്മദീയരിൽ നൂറിനു തൊണ്ണൂറൊന്നും ആകുന്നു. ഈ ന്യായമായ അപേക്ഷയ്ക്കു ഗവർമ്മെൻറു് എത്ര മറുപടിയാണു നല്കിയതെന്നു നോക്കാം. ഈഴവർ അടുത്ത കാലങ്ങളിൽ വിദ്യാഭ്യാസ വിഷയത്തിൽ ബലവത്തായ താൽപര്യം കാണിച്ചു വരുന്നു എന്നും സ്കൂൾ പ്രവേശന വിഷയത്തിൽ അവർക്കുണ്ടായിരുന്ന പ്രതിബന്ധങ്ങളും ഇപ്പോളും അധികവും തീർന്നിരിക്കുന്നു എന്നും 8 കൊല്ലങ്ങൾക്കു മുമ്പെടുത്ത കാനേഷുമാരിക്കണക്കു് ഇപ്പോഴവരുടെ നിലയെ കാണിക്കുന്നതിനുള്ള ശരിയായ ഒരു തോതായി വിചാരിപ്പാൻ പാടില്ലെന്നും അതുകൊണ്ടു വിദ്യാഭ്യാസ വിമുഖരായ മഹമ്മദീയർക്കും മറും അനുവദിക്കുന്ന സഹായം ഈഴവർക്കു് ആവശ്യമായി വിചാരിക്കുന്നില്ലെന്നും ആണു് മറുപടിയുടെ ചുരുക്കം. ഇതിലടങ്ങിയ യുക്തികളും പ്രഥമദൃഷ്ടിയിൽ ന്യായമായി തോന്നാം എന്നുള്ളതിനു് ആക്ഷേപമില്ല. എന്നാൽ ഈ മറുപടി കൊണ്ടു ഞങ്ങൾ അർത്ഥമാക്കുന്നതു് ഗവർമ്മെൻറു പ്രസ്തുത വർഗ്ഗക്കാരുടെ വാസ്തവമായ സ്ഥിതി മനസ്സിലാക്കീട്ടില്ലെന്നോ മനസ്സിലാക്കിയതായി നടിക്കുന്നില്ലെന്നോ മാത്രമാകുന്നു. സ്കൂൾ പ്രവേശനത്തിനായും പ്രത്യേക സഹായത്തിനായും മറും മുന്നണിയിൽ നിൽക്കുന്ന് ഏതാനും പേർ അടിക്കടി നിലവിളിക്കുന്നതുകൊണ്ടു് ഈഴവർ എല്ലാം വിദ്യാഭ്യാസ തൽപരന്മാരായിഎന്നു തീർച്ചയാക്കുന്നതു് അബദ്ധമാണു്. ഇവർ നിലവിളിക്കുന്നതു് അന്ധകാരത്തിൽ കിടന്നുഴലുന്ന അഗതികളായ അനേകലക്ഷം സഹോദരങ്ങളുടെ കഷ്ടാവസ്ഥകണ്ടു മനസ്സലിഞ്ഞിട്ടാണെന്നുള്ള വസ്തുതയെ ഗവർമ്മെൻറു് അറിയാത്തതിൽ ഞങ്ങൾ വ്യസനിക്കുന്നു.

വിശേഷിച്ചു് ഈഴവർ മറു ചില വർഗ്ഗക്കാരെ അപേക്ഷിച്ചു സംഖ്യയിൽ കാലം തോറും അധികം വർദ്ധിച്ചു വരുന്ന ഒരു ജാതിക്കാരാകുന്നു. ഈ വസ്തുത കാനേഷുമാരിക്കണക്കുകളും പരിശോധിച്ചാൽ കാണാവുന്നതാണു്. അതുകൊണ്ടു് ഈ എട്ടു കൊല്ലങ്ങൾക്കുള്ളിൽ ഈഴവ വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിച്ചിട്ടുള്ളതായി ഗവർമ്മെൻറു വിചാരിക്കുന്നു എങ്കിൽ അതു മറിച്ചു വരാൻ തരമില്ലാത്തതെന്നു തന്നെയാണു് ഞങ്ങളുടെയും അഭിപ്രായം. പക്ഷേ ഒരു വ്യത്യാസമാണുള്ളതു്. ഈ വർദ്ധന പൊതുവിൽ വർദ്ധിച്ചു വരുന്ന അവരുടെ ജനസംഖ്യയുടെ ഫലമായിട്ടു ഞങ്ങൾ വിചാരിക്കുന്നു. ആ വസ്തുതയെ ഗവർമ്മെൻറു ദയനീയമാം വണ്ണം വിസ്മരിച്ചു കളകയും ചെയ്യുന്നു.

Digitized By Kerala Sahitya Akademi

വേറൊരു ഗുണം ചെയ്തിരിക്കുന്നതായി ഗവർമ്മെൻറു സൂചിപ്പിക്കുന്നത് ഈയിടെ കുറേ സ്ത്രീകളിൽ കൂടി ഈഴവർക്കു പ്രവേശനം അനുവദിച്ചതാകുന്നു. എന്നാൽ ഞങ്ങൾ ഇതിനെ ഒരു അഭാവരൂപമായ ഗുണമായിട്ടേ ഗണിക്കുന്നുള്ളൂ. അവരുടെ ഈ അവകാശത്തെ ഗവർമ്മെൻറ് ഇതുവരെ അകാരണമായി തടഞ്ഞുവച്ചിരിക്കയായിരുന്നു ഒരു 20 കൊല്ലങ്ങൾക്കു മുമ്പ് ഇതവർക്കു ലഭിച്ചിരുന്നുവെങ്കിൽ അവരുടെ സ്ഥിതി ഇപ്പോൾ എത്ര ഭേദപ്പെട്ടിരിക്കുമായിരുന്നു. ഗവർമ്മെൻറിന്റെ ഈ ഉപേക്ഷാനിർവിചാരം സംജാതമാക്കിയ വലുതായ താഴ്ചയെ നികത്തിക്കൊള്ളുന്നതിനായുള്ള ശ്രമം അവർ ചെയ്തില്ലെങ്കിൽ കൂടി ഗവർമ്മെൻറ് അതിനായി അവരെ പ്രോത്സാഹിപ്പിക്കേണ്ടതല്ലയോ? നേരേമറിച്ച് അവരുടെ ന്യായമായ പ്രാർത്ഥനയെ തിരസ്കരിച്ചു് ഇപ്രകാരം അവരെ അധൈര്യപ്പെടുത്തുന്നതു കേവലം അനുചിതമായിപ്പോയി എന്നല്ലാതെ എന്തു പറവാൻ കഴിയും? ഈ വസ്തുതകളെ വീണ്ടും പര്യാലോചിച്ചു് ഒരു ക്ഷിപ്രകാലത്തേക്കെങ്കിലും പ്രാർത്ഥനയെ അനുവദിച്ചു് അവരുടെ വിദ്യാഭ്യാസ. സ്ഥിതിയെ നന്നാക്കുന്നതിൽ കഴിയുന്ന വിശേഷാൽ സഹായം ചെയ്തു കൊടുത്തു് അവരെ പ്രോത്സാഹിപ്പിപ്പാൻ പ്രജാവാത്സല്യമുള്ള മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെൻറിനു ദയയുണ്ടാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

വിവേ: 1083 മിഥുനം, കർക്കടകം

ഇഴഴവ ബാലികമാരുടെ വിദ്യാഭ്യാസ സംബന്ധമായ ദയനീയ സ്ഥിതി.

സ്ത്രീകൾക്കു വിദ്യാഭ്യാസമോ വിദ്യാഭ്യാസത്തിനു സൗകര്യമോ ഇല്ലാത്ത ഒരു സമുദായം നന്നാവാൻ പ്രയാസമാണെന്നുള്ളതു് വാദമില്ലാത്ത സംഗതിയാണല്ലോ ഇന്ത്യയിൽ നാട്ടുരാജാക്കന്മാരുടെയോ ബ്രിട്ടീഷ് ഗവർമ്മെൻറിന്റെയോ കീഴിലുള്ള മറ്റ് എല്ലാരാജ്യങ്ങളേയും അപേക്ഷിച്ചു സ്ത്രീവിദ്യാഭ്യാസത്തിനു പേരുകേട്ട രാജ്യം തിരുവിതാംകൂറാണ്. അവിടത്തെ ജനങ്ങളിൽ പ്രധാനമായ ഒരു വർഗ്ഗക്കാരാണ് ഈഴവർ. അവരുടെ സ്ത്രീകളിൽ നൂറിനു 99-ം അക്ഷരജ്ഞാനമില്ലാത്തവരാണെന്നു കാണുന്നു. ഇതെത്ര കഷ്ടമാണു്! ഇതവരുടെ താല്പര്യക്കുറവാണെന്നു ഗവർമ്മെൻറിനു് ഇനി പറഞ്ഞുകൂടാ. ഗവർമ്മെൻറിന്റെ പ്രോത്സാഹനക്കുറവുകൊണ്ടാണെന്നു പറഞ്ഞാൽ അതിനെ ഗവർമ്മെൻറ് സമ്മതിക്കുകയും ചെയ്യുന്നില്ല. എന്നാൽ ഇവർക്കു സർക്കാർവക പെൺപള്ളിക്കൂടങ്ങളിൽ പ്രവേശം അനുവദിക്കാതെ കഴിയുന്ന തടസ്ഥങ്ങൾ പരസ്യമായി ചെയ്യുവാനുണ്ടെന്നുള്ളതാണു് ഇതിലും കഷ്ടം. ഇവരുടെ ആൺകുട്ടികളെത്തന്നെ സ്കൂളുകളിൽ പ്രവേശിപ്പിച്ചാൽ ജനങ്ങളുടെ ഇടയിൽ വല്ല കലഹവും ഉണ്ടായേക്കാമെന്നു് ഒരു ദുരൂഹം മുമ്പുണ്ടായിരുന്നു. അതിനു് അടിസ്ഥാനമുണ്ടായിരുന്നില്ല എന്നു് ഇപ്പോൾ ഗവർമ്മെൻറിനു വിചാരിപ്പാൻ കഴിയും. ഈയിടെ ഇവരുടെ ആൺകുട്ടികൾക്കു് അനുവദിച്ച അവകാശം അഥവാ അനുഗ്രഹംകൂടി പെൺകുട്ടികൾക്കു് അനുവദിക്കാതിരിക്കുന്നതിന്റെ അർത്ഥം ഇപ്പോൾ ഞങ്ങൾക്കു അശേഷം മന

Digitized By Kerala Sahitya Akademi

സ്സിലാകുന്നില്ല. ആൺകുട്ടികളുടെ സ്കൂൾപ്രവേശനത്തിൽ പണ്ടുണ്ടായിരുന്ന ദുരൂഹം ഇപ്പോഴും പാവപ്പെട്ട പെൺകുട്ടികളുടെ തലയിൽ സംക്രമിച്ചിരിക്കുന്നതായാണു കാണുന്നതു്. ഒരു ബുദ്ധിപൂർവ്വമായ ഭരണത്തിൽ അതു വരാവുന്നതാണോ? ഇപ്പോഴും തന്നെ നഗരത്തിലും നാട്ടുപുറങ്ങളിലും ഉള്ള പല പെൺപള്ളിക്കൂടങ്ങളിലും ഈഴവബാലികകളും പഠിക്കുന്നുണ്ടെന്നുള്ള വസ്തുതകൂടി ഈ ദുരൂഹം അർത്ഥമില്ലാത്തതാണെന്നു സാധിക്കുന്നില്ലയോ? സർക്കാരിന്റെ പ്രത്യേകാനുഗ്രഹങ്ങൾകൊണ്ടും പാത്രമായിരിക്കുന്ന മറ്റുള്ള സമുദായങ്ങളെപ്പോലെയോ അധികമായോ നികുതിമുതലു് അടയ്ക്കുന്ന ഇവർ തങ്ങളുടെ വിദ്യാഭ്യാസാവശ്യങ്ങൾ സ്വയമേവ നോക്കിക്കൊൾവാൻ നിർബന്ധിക്കപ്പെടുന്നതു ശരിയാണോ? ഇപർ സ്വന്തമായിലവിൽനിന്നു ഉണ്ടാക്കുന്ന പെൺപള്ളിക്കൂടങ്ങൾക്കെങ്കിലും വല്ല വിശേഷാൽ സഹായവും ചെയ്തുകൊടുത്തു് അവരുടെ സ്ത്രീവിദ്യാഭ്യാസത്തെ സഹായിപ്പാൻ ഏതെങ്കിലും വ്യവസ്ഥ ഇതുവരെ ചെയ്തിട്ടുണ്ടോ? വാസ്തവമായ സങ്കടത്തെ മനസ്സിലാക്കാതെ സാധുജനങ്ങളുടെ അപേക്ഷയ്ക്കു് എന്തെങ്കിലും മറുപടിപറഞ്ഞു മടക്കി അയയ്ക്കുന്ന നയം ഒരു നല്ല ഗവർമ്മെൻറിനു പറ്റിയതാണെന്നു് ആരും വിചാരിക്കുന്നതല്ല. അതുകൊണ്ടു നീതിമാനായ ദിവാൻ രാജഗോപാലാചാരി അവർകളും ഈഴവപ്പെൺകുട്ടികളുടെ ഈ സങ്കടത്തിനു ദയാപൂർവ്വം ആലോചിച്ചു് ഉടനേ വേണ്ട നിവൃത്തിയുണ്ടാക്കി പ്രജാവത്സലനായ മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെൻറിന്റെ നടപടിയിൽ ഉള്ള ഈ അപഖ്യാതിയെ തുടച്ചു കളയുമെന്നു ഞങ്ങളും വിശ്വസിക്കുന്നു.

വിവേ: 1083 മിഥുനം, കർക്കടകം.

ശിവഗിരി സംസ്കൃതവിദ്യാലയം

തിരുവിതാംകൂർ സർക്കാർവക ആയുർവേദ പാഠശാലയിലും സംസ്കൃത പാഠശാലയിലും ഈഴവർക്കു പ്രവേശം നൽകുന്നതല്ലെന്നു കഴിഞ്ഞ പ്രജാസഭയിലെ മറുപടിയിൽനിന്നു മനസ്സിലായിട്ടുള്ളതാണല്ലോ. സംസ്കൃതഭാഷയും ആയുർവേദവും ഈ സമുദായത്തിനു പണ്ടേയുള്ളതും പ്രയോജനകരവുമായ വിദ്യകളാകുന്നു. അതുകൊണ്ടു് അവയുടെ പ്രചാരത്തിലും അഭിവൃദ്ധിയിലും സമുദായത്തിനുനേരിടുന്ന ഈ തടസ്സത്തെ ഗൗരവപൂർവ്വം ആലോചിച്ചു പരിഹരിക്കേണ്ടതാണെന്നു പറയേണ്ടതില്ല. ശിവഗിരിമഠത്തിൽ ഒരു സംസ്കൃത വിദ്യാമന്ദിരവും ഒരു ആയുർവേദ പാഠശാലയും സ്ഥാപിപ്പാൻ ഉടയുണ്ടെന്നു വായനക്കാർ മുമ്പുതന്നെ അറിഞ്ഞിട്ടുള്ളതാണല്ലോ. ഈ സംഗതി നടപ്പിൽകൊണ്ടുവരുന്നതിനു നമ്മുടെ സ്വാമി തൃപ്പാദങ്ങൾ ഉടനേ ദൃഷ്ടിവയ്ക്കുന്നതാണെന്നു് അറിയുന്നതിൽ ഞങ്ങൾക്കുള്ള സന്തോഷവും ആശ്വാസവും ഏറ്റവും വലുതായിട്ടുള്ളതാകുന്നു. ഇതിലേക്കു വേണ്ടുന്ന കെട്ടിടങ്ങൾ ഉടനേ പണിതുടങ്ങുവാനും ധനസംബന്ധമായും മറ്റുമുള്ള സകല ഏർപ്പാടുകൾക്കും ഉടനേ മാർഗ്ഗം ആലോചിച്ചു പ്രവർത്തിപ്പാനും തീർച്ചയാക്കിയിരിക്കുന്നു. ഈ വിദ്യാലയങ്ങളിൽ എല്ലാ വിദ്യാർത്ഥികളെയും പ്രതിഫലം വാങ്ങാതെ പഠിപ്പിക്കുന്നതായിരിക്കും. സംസ്കൃതത്തിലും, ആയുർവേദത്തിലും തിരുവിതാംകൂർ ഗവർ

Digitized By Kerala Sahitya Akademi

മെൻറു വക പരീക്ഷകൾക്കു മേരത്തക്കവണ്ണം ഉള്ള പഠനവിഷയങ്ങളും ഗവർമെൻറു പഠശാലകളിലെ രീതിയെ അനുസരിച്ചുതന്നെ പഠിപ്പിക്കുന്നതായിരിക്കും. ജാതിവ്യത്യാസം ഉണ്ടായിരിക്കയില്ല. ഈ അഭിനന്ദനീയമായ ഉദ്യമത്തിൽ സ്വാമിതിരുപ്പാടങ്ങളെ ധനംകൊണ്ടു സഹായിപ്പാൻ ഉദാരബുദ്ധികളായ അനേകമനുഷ്യന്മാർ ഉണ്ടാകുമെന്നു ഞങ്ങൾ ഉറപ്പായും വിശ്വസിക്കുന്നു.

വിവേ: 1084 ധനു

വിദ്യാഭ്യാസസംബന്ധമായി തിരുവിതാംകൂർ ഈഴവരുടെ ശ്രദ്ധയ്ക്കു്

ശ്രീലമൂ പ്രജാസഭയിൽനിന്നു് ഈ തവണ ഈഴവരുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചു യോഗം പ്രതിനിധിക്കു കൊടുത്ത മറുപടിയെപ്പറ്റി വായനക്കാർ അറിഞ്ഞിരിപ്പാൻ ഇടയുള്ളതാണല്ലോ. തിരുവിതാംകൂറിൽ ഇപ്പോഴും ഈ സമുദായക്കാക്കു് പ്രവേശം അനുവദിച്ചിട്ടില്ലാത്തതായി ഏതാനും ചില ആൺപള്ളിക്കൂടങ്ങളും അധികം പെൺപള്ളിക്കൂടങ്ങളുമാണുള്ളതു്. ആൺപള്ളിക്കൂടങ്ങളിൽ മിക്കവയും ക്ഷേത്രസാമിപ്യം കൊണ്ടു വാസ്തവമായോ അവാസ്തവമായോ തടസ്സപ്പെട്ടിട്ടുള്ളതാകുന്നു. പെൺപള്ളിക്കൂടങ്ങളിൽ ഇതിനുപുറമേ ജാതിസംബന്ധമായ വിചാരം കൂടെക്കൂടി ഉൗജ്ജിതത്തിൽ ഇരിക്കയാണെന്നും അതു ക്രമേണ നീങ്ങിവരാനേ തരമുള്ളു എന്നുമാണു് ഗവർമെൻറു വിചാരിക്കുന്നതു്.

എന്നാൽ ഈ സമുദായക്കാരാൽ സ്ഥാപിച്ചുനടത്തപ്പെടുന്ന പെൺപള്ളിക്കൂടങ്ങൾക്കു കൂടുതൽ ഗ്രാൻറു് അനുവദിച്ചു കൊടുക്കാമെന്നും ആവശ്യമുള്ള സ്ഥലങ്ങളിൽ പ്രത്യേകം സ്കൂളുകൾ സ്ഥാപിച്ചുതരാൻ നോക്കാമെന്നും യോഗം പ്രതിനിധിയോടു ഗവർമെൻറു ചെയ്തിട്ടുള്ള ദയയേറിയ വാഗ്ദാനത്തെപ്പറ്റിയും നാം ആലോചിക്കേണ്ടതാണു്. ഈ വാഗ്ദാനത്തെ ന്യായമായി പൂർത്തിയാക്കിതരത്തക്കവണ്ണം നാം ശ്രമിച്ചാൽ അതു പൂർത്തിയാകുന്നതിനു ഗവർമെൻറു കടപ്പെട്ടിരിക്കുന്നതും അതു കൊണ്ടുതന്നെ നമ്മുടെ ഈ വിഷയത്തിൽ ഉള്ള സങ്കടങ്ങൾക്കു മിക്കവാറും പരിഹാരമുണ്ടാകുന്നതുമാകുന്നു.

എന്നാൽ ഇപ്പോൾതന്നെ ചില സ്കൂളുകളെ മാറ്റി സ്ഥാപിക്കുന്നതിനും മറ്റുമായി ഗവർമെൻറു ചെയ്ത വാഗ്ദാനവും തീർച്ചകളും ഒന്നും തൃപ്തികരമാംവണ്ണം പൂർത്തിയായിട്ടില്ലെന്നും അതുകൊണ്ടു് അവയെ അടിസ്ഥാനമാക്കി പ്രവർത്തിച്ചാൽ ആഗ്രഹിക്കുന്ന ഫലമുണ്ടാവാൻ പ്രയാസമാണെന്നും ഒരു ധാരണ നമ്മുടെ ജനങ്ങളുടെ ഇടയിൽ പൊതുവേ വ്യാപിച്ചിരിക്കുന്നതായി കാണുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. ഈ ധാരണ കേവലം അടിസ്ഥാനമില്ലാത്തതാണെന്നു ഞങ്ങൾക്കു പറവാൻ തരമില്ല. എന്നാൽ ഗവർമെൻറിൽനിന്നു് ഏറ്റിട്ടുള്ള ഓരോ പ്രവൃത്തികളേയും പൂർത്തിയാക്കുന്നതിനു പല കാരണങ്ങളാലും അവർക്കു് അധികം സമയം വേണ്ടിവരുമെന്നും അതുകൊണ്ടു നേരിടുന്ന താമസത്തെപ്പറ്റി വല്ല സങ്കടവുമുണ്ടെ

Digitized By Kerala Sahitya Akademi

കിൽ അതു മേലധികാരികളെ ഉണർത്തി ഊർജ്ജിതപ്പെടുത്തുകയല്ലാതെ നിവൃത്തിയില്ലെന്നും ക്ഷമയില്ലാതെ ഇച്ഛാഭംഗപ്പെട്ടിരിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഇല്ലെന്നും ഓർക്കേണ്ടതാകുന്നു. അതുകൊണ്ടു് നമ്മുടെ സങ്കടങ്ങളെ അപ്പോളപ്പോഴും ശരിയായും ന്യായമായും നാം ഗവർമ്മെൻറിനോടു് ഉണർത്തേണ്ടതാണു്. അതു യോഗം പ്രതിനിധി മൂലമായാൽ ഗവർമ്മെൻറു പ്രത്യേകം ശ്രദ്ധിക്കുന്നതും അങ്ങിനെ ചെയ്യുന്നതിനു നമുക്കു സൗകര്യമുള്ളതുമാകുന്നു.

ഇതിനു യോഗംപ്രതിനിധിക്കു് അറിയേണ്ടതു് (1) ഏതെല്ലാം സ്ഥലകളിലാണു് ഇപ്പോഴും അന്യായമായ തടസ്സങ്ങളും പറഞ്ഞു നമ്മുടെ കുട്ടികളെ പഠിപ്പിക്കാത്തതെന്നും (2) ഏതു പെൺപള്ളിക്കൂടങ്ങൾക്കാണു് കൂടുതൽ ഗ്രാൻറു കിട്ടേണ്ടതെന്നും (3) ഏതു സ്ഥലങ്ങളിലാണു് നൂതനമായി പള്ളിക്കൂടങ്ങൾ സ്ഥാപിക്കേണ്ട ആവശ്യകത ഉള്ളതെന്നും ആകുന്നു. ഇതിനെ അതാതു സ്ഥലത്തുള്ള മാന്യന്മാർ ശരിയായും വിവരമായും യോഗം ജനറൽസെക്രട്ടറിക്കു് അറിവുകൊടുത്താൽ അദ്ദേഹം അതിനെപ്പറ്റി വേണ്ടതു സൗകര്യംപോലെ പ്രവർത്തിക്കുന്നതാകുന്നു. ഇങ്ങനെ കിട്ടുന്ന അറിവുകളെപ്പറ്റി വല്ല സംശയവും ഉണ്ടെങ്കിൽ അതിനെ എഴുത്തുമൂലമോ സ്ഥലത്തു പോയോ അന്വേഷിച്ചുതീർത്തു ഗവർമ്മെൻറിനു് ആ വിവരത്തിൽ ന്യായവും വിശ്വാസയോഗ്യവുമായ അറിവുകൊടുപ്പാനും ഏർപ്പാടു ചെയ്യുന്നതാണു്. അതുകൊണ്ടു് ഈ സംഗതിയിൽ സമുദായത്തിൽ അതാതു സ്ഥലത്തുള്ള യോഗ്യന്മാർ പ്രത്യേകം ദൃഷ്ടിവച്ചു യോഗം ആഫീസിൽ തൃപ്തികരമായ അറിവുകൊടുപ്പാൻ നോക്കണമെന്നു ഞങ്ങൾ താല്പര്യപൂർവം അറിവിച്ചുകൊള്ളുന്നു.

വിവേ: 1084 കം.ഭേ., മീനം

തിരുവിതാംകൂറിൽ തീയർ ബാലികമാരുടെ വിദ്യാഭ്യാസം

ഇതിനെപ്പറ്റി ഞങ്ങൾ മുറവിളി തുടങ്ങിയതു് ഇന്നോ ഇന്നലെയോ അല്ല. ദിവാൻ രാജഗോപാലാചാരി അവർകൾ തീയരിൽ ആൺകുട്ടികൾക്കു വിദ്യാഭ്യാസ വിഷയത്തിൽ അദ്ദേഹത്തിന്റെ മുൻഗാമികളെക്കാൾ പറയത്തക്ക ഗുണം ചെയ്തിട്ടുണ്ടു്. പെൺകുട്ടികളുടെ വിഷയത്തിൽ ഇതുവരെ അദ്ദേഹം ചെയ്തിട്ടുള്ളതു് ഗ്രാൻറു വർദ്ധിപ്പിക്കുകയും മറും ചെയ്യാമെന്നുള്ള ചില വെറും വാഗ്ദാനങ്ങൾ മാത്രമാകുന്നു. എന്നാൽ ഇതിനേയും പൂർത്തിയാക്കുന്നതിനുവേണ്ടി വല്ല സർക്കുലർ മുഖേനയോ മറേറാ ഇവരുടെ പള്ളിക്കൂടങ്ങൾക്കു് ഒരു ഉയർന്ന ഗ്രാൻറു നിരക്കു് ഇതുവരെ വ്യവസ്ഥചെയ്തുകൊടുത്തിട്ടുള്ളതായി ഞങ്ങൾ അറിയുന്നില്ല. ഇതുനിമിത്തം അപൂർവമായി ഇപ്പോഴും ഉള്ള ചില ഗ്രാൻറു പള്ളിക്കൂടങ്ങൾക്കുതന്നെ വളരെ ബുദ്ധിമുട്ടു് ഉണ്ടെന്നു് അറിവാൻ ഇടവന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. ആവശ്യമുള്ളിടത്തൊക്കെ സ്വന്തം പണം ചെലവുചെയ്തു പള്ളിക്കൂടങ്ങൾ കെട്ടിയുണ്ടാക്കുന്നതിനു - പ്രേരിതരാകത്തക്കവണ്ണം ഉള്ള അറിവോ ധനസ്ഥിതിയോ ഈ

Digitized By Kerala Sahitya Akademi

വർഗ്ഗത്തിന്നിതുവരെ ഉണ്ടായിട്ടില്ല. എങ്കിലും അവരാൽകഴിയുന്നതെല്ലാം അവർ ചെയ്യുന്നുണ്ട്. എല്ലാ സ്കൂളുകളിലും പ്രവേശം അനുവദിക്കാത്ത കാലംവരെ ഇവരുടെ ബാലികാ സ്കൂളുകൾക്കു് പ്രോത്സാഹകരമായിത്തീരത്തക്ക സ്ഥിരമായ ഒരു ഗ്രാൻറു നിരക്കു് വ്യവസ്ഥചെയ്തുകൊടുക്കുന്നതിനു് നീതിമാനായ ദിവാൻജി അവർകളുടെ ശ്രദ്ധയെ ഞങ്ങൾ സവിനയം ക്ഷണിച്ചുകൊള്ളുന്നു. ഇങ്ങിനെ ചെയ്യാത്തപക്ഷം ഈ വർഗ്ഗത്തിൽ സ്ത്രീ വിദ്യാഭ്യാസത്തിനു് ഇപ്പോഴത്തേതിലും വ്യസനകരമായ അധോഗതി ഉണ്ടാകുമെന്നുള്ളതു നിശ്ചയമാകുന്നു.

വിവേ : 1084 കർക്കടക.

സ്കൂൾ പ്രവേശനങ്ങൾ

കഴിഞ്ഞ ശ്രീമൂലം പ്രജാസഭയിൽ യോഗം പ്രതിനിധിക്കു് ഗവർമ്മെൻറിൽ നിന്നു കൊടുത്ത മറുപടിയുടേയും തിരുവിതാംകൂറിലെ പുതിയ വിദ്യാഭ്യാസ പട്ടത്തിൻറേയും മറും ഫലമായി ഈയിടെ വിശേഷാൽ പല സ്കൂളുകളിലും ഈഴവർക്കു പ്രവേശം അനുവദിച്ചിരിക്കുന്ന വിവരം ഞങ്ങൾ സന്തോഷ പൂർവം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. നെയ്യാറിൻ കര, കൊല്ലം മുതലായ താലൂക്കുകളിലെ തടസ്സപ്പെട്ടിരുന്ന പ്രധാന പെൺപള്ളിക്കൂടങ്ങൾ മിക്കവാറും ഈ രണ്ടു മാസങ്ങൾക്കുള്ളിൽ തുറക്കപ്പെട്ടിരിക്കുന്നു. ഇതു ഹേതുവായിട്ടു ജനങ്ങളുടെയിടയിൽ യാതൊരുവിധം കലക്കവും വൈരസ്യവും ഉണ്ടായിട്ടില്ലെന്നുള്ള വസ്തുതയും ഞങ്ങൾക്കു ചാരിതാർത്ഥ്യ ഹേതുവാണു്. എന്നാൽ മഹാരാജാവു തിരുമനസ്സിലെ കൊട്ടാരത്തിൻറെ മുൻവശത്തുള്ള തെക്കേത്തെരുവു പെൺപള്ളിക്കൂടത്തിൽ ഏതാനും ഈഴവപ്പെൺകുട്ടികളെ ഈയിടെ പ്രവേശിപ്പിച്ചു എങ്കിലും പ്രവേശിപ്പിച്ചു് രണ്ടു വാരം കഴിഞ്ഞ ശേഷം ഇപ്പോൾ അവരെ അതിൽ നിന്നും ഒഴിച്ചു വിട്ടിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ വ്യസനിക്കയും കറെ ആശ്ചര്യപ്പെടുകയും ചെയ്യുന്നു. ഈ സാധുപ്പെൺകിടാങ്ങളോടു് ഇങ്ങനെ പ്രവർത്തിച്ചതു് അനൌചിത്യമായിപ്പോയിഎങ്കിലും ഞങ്ങളുടെ സമുദായത്തിൻറെ അഭിവൃദ്ധിയിൽ കഴിയുന്ന ആനുകൂല്യം ചെയ്വാൻ എപ്പോഴും ഒരുങ്ങിയിരിക്കയാണെന്നു ഞങ്ങൾക്കുതന്നെ വിശ്വാസമുള്ള ഇപ്പോഴത്തെ തിരുവിതാംകൂർ ഗവർമ്മെൻറിൻറെ ഈ നടപടിയെ എങ്ങിനെ ആക്ഷേപിക്കേണ്ടു എന്നു് അറിയാതെ ഞങ്ങൾ കുഴങ്ങുന്നു. ഗവർമ്മെൻറിനു തന്നെ അറിയത്തക്കവല്ല കാരണവും കാണുമായിരിക്കാം. എങ്കിലും ആദ്യം ഇവർക്കു പ്രവേശം കൊടുക്കുകയും ഒടുവിൽ പുറത്തുനിന്നു് യാതൊരു തടസ്സവും ഉണ്ടാകാതിരുന്നിട്ടും പെട്ടെന്നു പുറത്താക്കുകയും ചെയ്തതു് എങ്ങിനെ നീതീകരിക്കപ്പെടും ? പുതിയ വിദ്യാഭ്യാസ കോഡിൻെ 69–ാം വകുപ്പിൻ പ്രകാരം എല്ലാവർക്കും എല്ലാ സ്കൂളുകളിലും പ്രവേശം അനുവദിക്കപ്പെട്ടിരിക്കുന്നു. ആ വകുപ്പിലെ താല്പര്യത്തിൽ നിന്നു് പ്രസ്തുത സ്കൂൾ ഒഴിച്ചു വച്ചിരിക്കയായിരുന്നു എങ്കിൽ ഇവർക്കു് ആദ്യം പ്രവേശം കൊടുക്കേണ്ട ആവശ്യകത തന്നെ ഉണ്ടായിരുന്നില്ല. അങ്ങിനെയല്ലാതെ പ്രവേശം നൽകുകയും ഒന്നു രണ്ടു് ആഴ്ച കഴിഞ്ഞ

Digitized By Kerala Sahitya Akademi

ശേഷം സാധുക്കുട്ടികളെ ഇറങ്ങിപ്പോവാൻ പറകയും ചെയ്തതു് ഒരു വ്യവസ്ഥിത മായ ഗവർമ്മെൻറിനു് പറ്റിയ നടപടിയല്ലെന്നു പറയേണ്ടതില്ലല്ലോ. ഈ ദൃഷ്ടാന്തത്തെ ഗവർമ്മെൻറു് ഇനിയെങ്കിലും അനുവർത്തിക്കാതിരുന്നാൽ മതി.

വിവേ : 1085 മകരം, കുംഭം

ആലപ്പുഴ സനാതന ധർമ്മ ഹൈസ്കൂൾ

ഈഴവരുടെ പ്രവേശത്തിനു് ആദ്യം മുതല്ക്കേ തടസ്സമുണ്ടായിരുന്ന ഈ വിദ്യാലയത്തിൽഇപ്പോഴും ആതടസ്സം തീർന്നിരിക്കുന്നതായറിയുന്നതു് ഞങ്ങൾക്കു് ഏറെറവും സന്തോഷകരമായ ഒരു സംഗതിയാകുന്നു. മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പല വർത്തമാനപത്രങ്ങളിലും ഇന്ത്യൻ റവ്യൂ മുതലായ ഇംഗ്ലീഷു മാസികകളിലും മറും ഇതിൽ തീയർക്കു പ്രവേശം നൽകാതിരുന്നതിനെപ്പറ്റി ബലമായ ആക്ഷേപങ്ങൾ അടുത്തകാലത്തുതന്നെ നടന്നിട്ടുണ്ടു്. വന്ദ്യയായ ആനിബസൻറു് മതാമ്മയെത്തന്നെയും അതു സംബന്ധമായി പലരും ആക്ഷേപിച്ചിട്ടുണ്ടു്. ഏതെങ്കിലും കാരണത്താൽ ഇപ്പോഴും ഈ വിദ്യാലയത്തിൽ തീയർക്കു പ്രവേശം അനുവദിപ്പാൻ ഗുണബുദ്ധി തോന്നിയ ഭാരവാഹികളുടെ ഉചിതജ്ഞതയെ ഞങ്ങൾ ഹൃദയപൂർവം ശ്ലാഘിക്കുകയും അതിനെപ്പറ്റി സമുദായത്തിനുവേണ്ടി ഞങ്ങൾ അവക്കു നന്ദി പറകയും ചെയ്യുന്നു. മതം സദാചാരം മുതലായ സംഗതികളിൽ പ്രത്യേകം ദൃഷ്ടിവച്ചു വിദ്യാർത്ഥികളെ സാത്വികൻമാരും വാസ്തവയോഗ്യൻമാരുമാക്കിത്തീർക്കാനായുള്ള പാവനമായ ഉദ്ദേശ്യത്തോടെ സ്ഥാപിച്ചു സ്തുത്യർഹമാംവണ്ണം നടത്തിവരുന്ന ഈ സനാതനധർമ്മവിദ്യാശാലയിൽ പ്രവേശം അനുവദിച്ചതു ഞങ്ങളുടെ സമുദായക്കാർ വേറെയുള്ള സ്കൂളുകളിലെ പ്രവേശലാഭത്തിനേക്കാൾ ശ്രേയസ്കരമായി വിചാരിക്കുമെന്നും അനേക തീയയുവാക്കന്മാർ ഈ വിദ്യാലയത്തിൽ പ്രവേശിച്ചുപ്രതീക്ഷിതമായവിധത്തിൽ അചിരേണ യോഗ്യന്മാരായിത്തീരുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

വിവേ : 1085 മകരം, കുംഭം

വിദ്യാഭ്യാസ സംബന്ധമായ പരാതികൾ തിരുവിതാംകൂർ ഗവർമ്മെൻറു ദൃഷ്ടിവയ്പാൻ

കഴിഞ്ഞ കൊല്ലത്തെ ഒരു പ്രൊസീഡിംഗ്സിൽ 1085 അവസാനിക്കുന്നതിനു മുൻപു് ഈഴവർക്കു തിരുവിതാംകൂറിലുള്ള എല്ലാ പള്ളിക്കൂടങ്ങളിലും പ്രവേശം ലഭിപ്പാൻ ഇടയാകുമെന്നു് ഗവർമ്മെൻറു സൂചിപ്പിച്ചിരുന്നു. അതിശേഷമാണു് പുതിയ വിദ്യാഭ്യാസ ചട്ടം നടപ്പിൽ വരുത്തിയതു്. അതിൽ സർക്കാർ വകയോ സർക്കാർ സഹായം വാങ്ങുന്നതോ ആയ ഏതു സ്കൂളിലും ജാതി

Digitized By Kerala Sahitya Akademi

മതഭേദം കൂടാതെ ആർക്കും പ്രവേശം അനുവദിച്ചിരിക്കുന്നു. ആ അനുവാദം നടപ്പിൽ വരുത്തുന്ന വിഷയത്തിലും ഗവർമ്മെൻറു ജാഗ്രുകമാണു്. ഈഴവർക്കുമുമ്പു് പ്രവേശമില്ലാതിരുന്ന പല പെൺപള്ളിക്കൂടങ്ങളിലും ആൺപള്ളിക്കൂടങ്ങളിലും ഈ പട്ടം നടപ്പാക്കിയ ശേഷം പ്രവേശം അനുവദിച്ചിട്ടുണ്ടെന്നും അനുവദിക്കുന്നുണ്ടെന്നും സമ്മതിച്ചേ തീരു. ഇതിനെ സംബന്ധിച്ചു് വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ അവർകളോടും ദിവാജി അവർകളോടും ഞങ്ങൾക്കു കൃതജ്ഞതയുണ്ടു്. എന്നാൽ ഗവർമ്മെൻറിന്റെ നിഷ്പക്ഷ പാതമായ നയത്തിൽ അനുഭവമില്ലാത്ത അപൂർവം ചില ഉദ്യോഗസ്ഥന്മാരുടേയും മറ്റും ശാഠ്യത്താൽ ഈഴവർക്കു് ഇപ്പോഴും പ്രസ്തുതവിഷയത്തിൽ പല സങ്കടങ്ങളുമുണ്ടാകുന്നുണ്ടു്. അറിവിനായി ഒന്നു രണ്ടു ദൃഷ്ടാന്തങ്ങൾ താഴെക്കുറിക്കുന്നു.

വർക്കല മലയാളം പള്ളിക്കൂടം മാറ്റി സ്ഥാപിച്ചു് ഈഴവർക്കു പ്രവേശം അനുവദിപ്പാൻ ഉത്തരവുകളും പ്രൊസീസിംഗ്സും ഒക്കെ ഉണ്ടായിട്ട കാലം അധികമായി. യാതൊന്നും ഇതുവരെ നടന്നിട്ടില്ല. പഴയ കെട്ടിടം തന്നെ ഗവൺമെൻറു ചെലവിന്മേൽക്കൂടക്കൂടെ വലുതാക്കുകയും അധികം കുട്ടികളെ പ്രവേശിപ്പിച്ചു വരികയും ചെയ്യുന്നു. ഈ സ്ഥിതിയിൽ ഈഴവർക്കു് അടുത്തകാലത്തെങ്ങും അവിടെ പഠിപ്പാൻ സൌകര്യമുണ്ടാകുമെന്നു തോന്നുന്നില്ല. ആ പള്ളിക്കൂടത്തിൽ ഇപ്പോൾ മുഹമ്മദീയരിൽ മീൻപിടുത്തക്കാരുടെ കുട്ടികളെപ്പോലും ചേർക്കുന്നുണ്ടു്. ഈഴവരെ കയറ്റുന്നില്ല. ഇതു് ചിലരുടെ വെറും ദുശ്ശാഠ്യംകൊണ്ടുമാത്രമാണു്. വിദ്യാഭ്യാസ വകുപ്പിലെ ഒരു വലിയ ഉദ്യോഗസ്ഥന്റെ സംബന്ധികളായ ചില ബ്രാഹ്മണർക്കാണു വലിയവാശിയുള്ളതെന്നറിയുന്നു.

ചേർത്തല മാരാരിക്കുളം പ്രവൃത്തിയിൽ രണ്ടു ഗ്രാൻറു പെൺപള്ളിക്കൂടങ്ങളാണുള്ളതു്. അതിൽ പൊക്കിളാശ്ശേരി പള്ളിക്കൂടത്തിൽ ഈ കന്നി മാസം മുതൽ ഈഴവപ്പെൺകുട്ടികളെ പ്രവേശിപ്പിച്ചിരിക്കുന്നു. നടയ്ക്കൽ പള്ളിക്കൂടത്തിൽ ഇതുവരെ പ്രവേശം നൽകിയിട്ടില്ല. ഒരു കാലത്തും പ്രവേശം നൽകുന്നതല്ലെന്നു മാനേജർ ശപഥം ചെയ്തിരിക്കുന്നതായി ഞങ്ങൾക്കു് ഒരാൾ എഴുതുന്നു. ഈ സംഗതികളെപ്പറ്റി അധികൃതന്മാർ അന്വേഷിക്കുമെന്നു വിശ്വസിക്കുന്നു.

വിവേ: 1086 ചിങ്ങം; കന്നി

വിദ്യാഭ്യാസവകുപ്പും ഡയറക്ടറുടെ വേർപാടും

പുതിയ വിദ്യാഭ്യാസ പട്ടമാണു് ഡയറക്ടർ ഡാക്ടർ മിച്ചൽ അവർകളെ ജനരഞ്ജനയില്ലാത്ത ഒരുദ്യോഗസ്ഥനാക്കിത്തീർത്തതു്. പൊതുജനങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും പ്രധാന സംഗതികളിൽ മാമൂലിനു വിരുദ്ധമായ മാറ്റങ്ങളെ പെട്ടെന്നു വരുത്താൻ ശ്രമിക്കുന്ന ഏതു യോഗ്യനേയും അയ്യാളുടെ ഉദ്ദേശം എത്രതന്നെ ആയിരുന്നാലും ഏറക്കുറെ ജനങ്ങൾ വെറുക്കുന്നു. എന്നാൽ ആ വെറുപ്പു സൂക്ഷ്മസ്ഥിതിയെ മുഴുവൻ മനസ്സിലാക്കി ഉണ്ടായിട്ടുള്ളതായിരിക്കയില്ല. ഉള്ളതുപോലെ മനസ്സിലാക്കാൻ ഈ സന്ദർഭങ്ങളിൽ നാം വേണ്ടവണ്ണം ശ്രമി

Digitized By Kerala Sahitya Akademi

ക്കതന്നെയില്ല. മനുഷ്യബുദ്ധിയുടെ സ്വാഭാവികമായ 'സ്ഥിതിസ്ഥാപന' പരത നമ്മെ അതിനു് അനുവദിക്കയുമില്ല. ഞങ്ങളുടെ അഭിപ്രായത്തിൽ പുതിയ വിദ്യാഭ്യാസപദ്ധതിയും അതിലടങ്ങിയ നിസ്സാരവും, എന്നാൽ ജനങ്ങളുടെ തൽക്കാല സ്ഥിതിക്കു കഠിനവുമായ ചില നിർബന്ധങ്ങളെ ക്ഷമയോടെ ആലോചിച്ചു ഭേദഗതികളും വരുത്തിയാൽ നമ്മളുടെ വിദ്യാഭ്യാസത്തിന്റെ ഭാവിയെ അതു് ഏറ്റവും തൃപ്തികരമാക്കിച്ചെയ്യുമെന്നുള്ളതു നിരാക്ഷേപമാകുന്നു. കോഡിനെ നിർമ്മിക്കുന്നതിലും ഇത്ര പരിമിതമായ കാലത്തിനുള്ളിൽ ഒരുവിധം നടപ്പിൽ കൊണ്ടുവരുന്നതിലും അദ്ദേഹം പൊതുജനാഭിപ്രായത്തിനെതിരുനിന്നു പ്രദർശിപ്പിച്ച ധീരതയേയും ബുദ്ധിസാമർത്ഥ്യത്തേയും ചെയ്തിട്ടുള്ള ഗൗരവപ്രയത്നത്തേയും അപക്ഷപാതികളും ശ്ലാഘിക്കാതിരിക്കുന്നതല്ല. പുതിയ കോഡിലെ പ്രധാന ഗുണങ്ങളിൽ ഒന്നു് എല്ലാ സർക്കാർ വിദ്യാലയങ്ങളിലും സർക്കാരിൽ നിന്നു സാഹായികധനം ലഭിക്കുന്ന വിദ്യാലയങ്ങളിലും പഴയ നയത്തിനു വിപരീതമായി സകല ജാതിമതസ്ഥന്മാർക്കും പ്രവേശം അനുവദിച്ചിട്ടുള്ളതാകുന്നു. ഇതനുസരിച്ചു പുലയർക്കുപോലും സ്കൂൾ പ്രവേശനം നൽകുന്ന വിഷയത്തിൽ ഡാക്ടർ മിച്ചൽ അവർകളും കാണിച്ചിട്ടുള്ള ശ്രേഷ്കാന്തിയും നിഷ്കർഷവും വിസ്മരിച്ചുകൂടുന്നതല്ല. ഈഴവർക്കുതന്നെ അധികസ്കൂളുകളും പ്രവേശ്യമാക്കിച്ചെയ്തതു് അദ്ദേഹമാകുന്നു. സങ്കടങ്ങളും അറിഞ്ഞു് ഉടൻ എത്രദൂരമായാലും സ്ഥലത്തെത്തി അന്വേഷിച്ചു നിവാരണമുണ്ടാക്കുന്ന വിഷയത്തിൽ—സ്കൂൾ പ്രവേശനത്തെ സംബന്ധിച്ചിടത്തോളമെങ്കിലും— ഡിപ്പാർട്ടുമെൻറിനെ ഭരിച്ചിട്ടുള്ള നാട്ടുകാരനായ ഒരു ഉദ്യോഗസ്ഥനും ഇത്ര ശ്രമം എടുത്തിട്ടില്ല. അതുകൊണ്ടു ഞങ്ങളുടെ സമുദായം അദ്ദേഹത്തിനു വളരെ കടപ്പെട്ടിരിക്കയാകുന്നു. അദ്ദേഹം ഡിപ്പാർട്ടുമെൻറു വിട്ടുപോകുന്നതിൽ ഞങ്ങളും വ്യസനിക്കയും ചെയ്യുന്നു.

വിവേ: 1087 വൃശ്ചികം, ധനു

കൊച്ചിയിലെ വിദ്യാഭ്യാസ സംബന്ധമായ തൽക്കാല വിശേഷങ്ങൾ

ശ്രീമാൻ എ. ആർ. ബാനർജി ഐ. സി. എസ്, അവർകളും 6 കൊല്ലങ്ങൾക്കുമുമ്പു കൊച്ചിയിലെ മന്ത്രിപദം കൈയേറുമ്പോഴത്തെ സ്ഥിതിയിൽനിന്നു അവിടത്തെ ഇപ്പോഴത്തെ സ്ഥിതി ധനസംബന്ധമായും ഭരണവിഷയമായ മറുപല സംഗതികളെ സംബന്ധിച്ചും വളരെ ഭേദപ്പെട്ടിരിക്കയാണെന്നുള്ളതു പറയേണ്ടതില്ലല്ലോ. ഭരണകർത്താക്കന്മാർക്കു ജനക്ഷേമകരങ്ങളായ ഉദാരകൃത്യങ്ങളിൽ മനസ്സുപോകുന്നതു് പ്രായേണ ജനസാമാന്യത്തിന്റെ സ്ഥിതി അനുസരിച്ചായിരിക്കും. കൊച്ചിയിലെ വലിയ തമ്പുരാൻ തിരുമനസ്സിലേയും അവിടത്തെ സമർത്ഥനും യോഗ്യനുമായ മന്ത്രിവരന്റേയും ബുദ്ധികളും കഴിഞ്ഞ നാലഞ്ചുകൊല്ലങ്ങളും ധനസ്ഥിതിയെ നന്നാക്കുന്നതിൽ വ്യാപൃതങ്ങളായിരുന്നു. അതിൽ അവർ ഇപ്പോൾ വിസ്മയകരമായ വിജയം സമ്പാദിച്ചു. ഇപ്പോൾ ഇതാ കൊച്ചി സർക്കാരിന്റെ ദൃഷ്ടി പണ്ടില്ലാത്തവിധം ഉദാരമായ രീതിയിൽ പ്രജാക്ഷേമകരങ്ങളായ കൃത്യങ്ങളിൽ പതിഞ്ഞുതുടങ്ങിയിരിക്കുന്നു. പട്ടണ പരിഷ്കരണം;

Digitized By Kerala Sahitya Akademi

ആരോഗ്യരക്ഷ മുതലായ സംഗതികളിൽ ഇപ്പോൾ കൊച്ചിയിൽ ശ്ലാഘ്യമായ ഏർപ്പാടുകൾ ചെയ്തുവരുന്നു. എന്നാൽ വിദ്യാഭ്യാസ വിഷയത്തിൽ ചെയ്യുന്ന വ്യവസ്ഥകളെപ്പറ്റിയാണു ഞങ്ങൾ ഒരു വാക്കു പറവാൻ വിചാരിക്കുന്നതു്. നാട്ടുരാജ്യങ്ങളുടെ കീഴിൽ നാട്ടുഭാഷയെ നന്നാക്കുകയും സംസ്കൃത വിദ്യാഭ്യാസത്തെ സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള പ്രയത്നങ്ങൾ ഏർപ്പാടുകൾ ഒന്നും ഇല്ലാതിരുന്നതു് കൊച്ചിയിലാകുന്നു. ആ ന്യൂനത ഇനി ഉണ്ടായിരിക്കയില്ല. ഷഷ്ഠിപൂർത്തി സംബന്ധിച്ചു തിരുമനസ്സുകൊണ്ടു ചെയ്ത വാഗ്ദാനങ്ങളിൽ ഒന്നിനെ അടിസ്ഥാനമാക്കി മലയാളഭാഷയുടെ പോഷണത്തിനും സംസ്കൃതവിദ്യാഭ്യാസപ്രചാരത്തിനുമായി ചെയ്യേണ്ട ഏർപ്പാടുകളെ സംബന്ധിച്ചു റിപ്പോർട്ടു ചെയ്വാൻ ഏർപ്പെടുത്തിയിരുന്ന കമ്മറിക്കാർ ഇപ്പോൾ റിപ്പോർട്ടുകൾ സമർപ്പിക്കുകയും അതനുസരിച്ചു മലയാളഭാഷയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി പ്രത്യേകസ്കൂളുകളും, വായനശാലകളും രാജ്യത്തിൽ പല ഭാഗങ്ങളിലും സ്ഥാപിക്കുന്നതിനും തൃപ്പൂണിത്തുറ ഉത്തമ മാതൃകയിൽ ഒരു സംസ്കൃത പാഠശാലയും, വിദ്യാർത്ഥി സത്രവും ഏർപ്പെടുത്താനും തീർച്ചയാക്കിയിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. ഇതിൽ സംസ്കൃത പാഠശാല സംബന്ധിച്ച ഫണ്ടിലേക്കു തൃപ്പൂണിത്തുറ, എറണാകുളം ഈ രണ്ടു ദേവസ്വങ്ങളിൽ നിന്നായി മൂന്നുലക്ഷം രൂപാ എടുത്തുകൊള്ളുന്നതിനു തിരുമനസ്സുകൊണ്ടു ചെയ്ത നിശ്ചയം എത്ര അനുകരണീയമായ ഒരു നയമാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഈയിടെ ചെയ്ത പെരുതെങ്കിലും സാരമായ ഒരു ഭേദഗതിക്കുടി ഇവിടെ പ്രസ്താവയോഗ്യമാണ്. ഇതുവരെ കൊച്ചിയിലും നാമമാത്രമായെങ്കിലും 'ജാതിസ്കൂളുകൾ' ഉണ്ടായിരുന്നു. പെൺകുട്ടികളുടെ വിഷയത്തിൽ പ്രത്യേകിച്ചും അങ്ങിനെ ഒരു നിർബന്ധം ചിലപ്പോൾ ആവശ്യമായി കരുതിവന്നിരുന്നു. എന്നാൽ ഈ കൊല്ലവർഷാരംഭം മുതൽ സകല പെൺപ്പള്ളിക്കൂടത്തിലും സകലജാതിമതസ്ഥരായ പെൺകുട്ടികൾക്കും പ്രവേശം അനുവദിച്ചിരിക്കുന്നതായും, ജാതിപ്പെൺപള്ളിക്കൂടങ്ങൾ എല്ലാം നിറുത്തൽ ചെയ്തിരിക്കുന്നതായും അറിയുന്നതിൽ ഞങ്ങൾക്കുതോന്നുന്ന ചാരിതാർത്ഥ്യം അപരിമിതമാണ്. നമ്മുടെ മാതൃഭൂമിക്കു (തിരുവിതാംകൂറിനു) പെറിയ സഹോദരിയായ മാടഭൂമി (കൊച്ചി) പലപ്പോഴും ചില നല്ല പാഠങ്ങൾ പറഞ്ഞുകൊടുക്കാറുണ്ടെന്നുള്ള വസ്തുതയെ പ്രസ്താവിക്കുന്നതിൽ ഞങ്ങൾ ലജ്ജിക്കേണ്ടതില്ല.

വിവേ : 1088 മിഥുനം; കർക്കടകം

കോവിൽതോട്ടം എച്ച്. ജി. ഇ. ഗവൽസ്കൂളും വഴക്കുകളും

ചിങ്ങമാസത്തിൽ ഓണം സംബന്ധിച്ചു പന്തുകളി സ്ഥലത്തുവച്ചു ടി സ്കൂളിലെ ഒന്നാം അസിസ്റ്റന്റിനേയും ഹെഡ്മാസ്റ്ററേയും ഏതാനും പെറുപ്പക്കാർ ഏതോ ഉപദ്രവിച്ചു എന്ന സംഗതിയിൽ ഹെഡ്മാസ്റ്റർ അതിശയോക്തിയും

Digitized By Kerala Sahitya Akademi

ഉൽപ്രേക്ഷകളും അടങ്ങിയ ഒരു റിപ്പോർട്ട് ഇൻസ്പെക്ടസ് മതാമ്മയ്ക്കു് അയ
ച്ചുകയും അതിന്മേൽ ടി സ്ത്രീ കഴിഞ്ഞ ഒരു മാസത്തോളം കാലം പൂട്ടിയിരിക്കു
കയും ചെയ്തിരുന്നു. ഒന്നാം അസിസ്റ്റന്റിന്റെ നടത്തദോഷംകൊണ്ടു സ്കൂളിൽ
പഠിക്കുന്ന പെൺകുട്ടികളുടെ രക്ഷകർത്താക്കന്മാർക്കും പാർട്ടുക്കാർക്കും എപ്രാ
അയാളോടു മുമ്പേതന്നെ വെറുപ്പായിരുന്നു. ഹെഡ്മാസ്റ്ററോടു് ആ സംഗതികൾ
അവർ ധരിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നിട്ടു പാപലനായ ആ പെറുപ്പക്കാരനെ
അയാൾ ഗ്രണദോഷിച്ചു നേരേ ആക്കുന്നതിനുപകരം പരാതി പറയുന്നവരോടു
വെറുപ്പാണു കാണിച്ചുവന്നതു്. സ്ഥലനിവാസികൾ ഇതിന്മേൽ പരാതി
ഹർജികളും ബോധിപ്പിച്ചിരുന്നു. പന്തുകളിസ്ഥലത്തുവച്ചുതന്നെ കളിക്കാരു
ടെ പന്തു തന്റെ മുണ്ടിൽതട്ടി എന്ന കാരണത്തിന്മേൽഈ ഫസ്റ്റു അസിസ്റ്റന്റു്
പന്തും എടുത്തുകൊണ്ടു നടന്നുകളകയും ഈഴവരെ അവരുടെ ഇടയിൽവച്ചു പീഡി
പിക്കയും ചെയ്തതിനാലാണു് പല വിവരമില്ലാത്ത പെറുപ്പക്കാർ ഏതോ പാപ
ല്യം അയാളുടെ നേർക്കു കാണിച്ചതു്. വെറുതെ, പൊല്ലാപ്പുണ്ടാക്കുന്ന ഈ പെറു
പ്പക്കാരൻ സ്നേഹിതൻ നിമിത്തമാണു് ഹെഡ്മാസ്റ്റർക്കു വൈമനസ്യത്തിനിട
യായതു്. അതിന്മേൽ കുപിതനായാണു് ഹെഡ്മാസ്റ്റർ മേൽപറഞ്ഞ പ്രകാരം
റിപ്പോർട്ടുചെയ്തതു്. ഹെഡ്മാസ്റ്ററുടെ റിപ്പോർട്ടിൽ അടങ്ങിയ കാരണങ്ങളിൽ
പ്രധാനമായതു് ഒന്നോ രണ്ടോ തണ്ടാപ്പെൺകുട്ടികളെ സ്കൂളിൽ പ്രവേശിപ്പിച്ചതു
നിമിത്തം ഈഴവർ ക്ഷോഭിച്ചു തന്നേയും വാദ്ധ്യാന്മാരേയും അടിപ്പാലശൽ ചെയ്തി
രിക്കുന്നു എന്നും മറ്റുമാണെന്നു തോന്നുന്നു. തണ്ടാപ്പെൺകുട്ടികളെ സ്കൂളിൽ ചേത്ത
തുകൊണ്ടു് ഈഴവർ നായർ വാദ്ധ്യാന്മാരെ തല്ലി എന്നുള്ള വർത്തമാനം പത്രങ്ങളി
ലും അധികൃതന്മാരുടെ ഇടയിലും കാട്ടുതീപോലെ പരക്കുകയും ചെയ്തു. എന്നാൽ
സത്യത്തിൽ തണ്ടാപ്പെൺകുട്ടികളെയല്ല ഏതുജാതി പെൺകുട്ടികളെയും സ്കൂളിൽ
ചേർക്കുന്നതിനു കോവിൽതോട്ടത്തു സ്ഥലനിവാസികൾക്കു യാതൊരു അഭി
പ്രായവും ആക്ഷേപവുമില്ലെന്നും വഴക്കിനു സാക്ഷാൽ കാരണമായ സംഗതി വേറെ
യാണെന്നും ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കു മനസ്സിലാവാൻ വളരെ വിഷ
മമുണ്ടായിരുന്നു. ഏതായാലും ഇപ്പോൾ സ്കൂൾ വീണ്ടും തുറക്കുകയും കഴപ്പത്തിനു
സംഗതി വരുത്തിയ മാസ്റ്റർമാരെ എല്ലാം സ്ഥലം മാറ്റുകയും ചെയ്തിരിക്കുന്നു.
ഇത്ര ദീർഘകാലം സ്കൂൾ അടച്ചിട്ടിരുന്നതിനെപ്പറ്റി ഡിപ്പാർട്ടുമെന്റിനെ ആ
ക്ഷേപിക്കാതിരിപ്പാൻ ഞങ്ങൾക്കു തരമില്ല. മിസ്റ്റർ ക്യാരപ്പീറ്റ് തന്റെ ഡി
പ്പാർട്ടുമെന്റു ഭരണത്തിൽ പലപ്പോഴും ഈമാതിരി അസാമർത്ഥ്യം കാണിച്ചിട്ടുള്ള
തായി ഞങ്ങൾക്കു് അറിയാം.

വിവേ : 1089 ചിങ്ങം, കന്നി

സാമൂതിരി കാളേജ്

കോഴിക്കോട്ടു നഗരത്തിൽ രണ്ടു രണ്ടാം ഗ്രേഡ് കാളേജുകളാണുള്ളതു്. 1. സാമൂതിരി കാളേജ്, 2. മിഷ്യൻ കാളേജ്. ഒടുവിൽ പറഞ്ഞ കാളേജി
നു് ഹൈസ്കൂളിന്റെ നിലയിൽ നിന്നു കാളേജിന്റെ സ്ഥാനത്തേക്കു കയറ്റം

Digitized By Kerala Sahitya Akademi

കിട്ടിയിട്ട മുന്നോ നാലോ കൊല്ലമേ ആവു. സാമൂതിരി കാളേജ് ഏറിയകാല മായി ഒരു രണ്ടാം ഗ്രേഡ് കാളേജിന്റെ നിലയിൽ ഇരിക്കയാണ്. പഴക്കവും കോഴിക്കോട്ടനഗരത്തിന്റെ അവസ്ഥയും മറ്റും വിചാരിച്ചാൽ ഈ കാളേജ് ഇതിനുമുമ്പുതന്നെ ഒരു ഒന്നാംഗ്രേഡ് കാളേജായി തീരേണ്ടിയിരുന്നു. മലയാം ജില്ലയുടെ തലസ്ഥാനവും ചരിത്രപ്രസിദ്ധമായ സാമൂതിരി സ്വരൂപത്തിന്റെ വാസതിയുമായ കോഴിക്കോട്ട് ഉയർന്നതരം പാശ്ചാത്യവിദ്യാഭ്യാസത്തിനായി സാമൂതിരിപ്പാട്ട തിരുമനസ്സിലെ അധീനതയിൽ സ്ഥാപിക്കപ്പെട്ട ഈ ഒരു വിദ്യാലയത്തിൽ ആദ്യം മുതൽക്കേ തീയർ മുതലായ ജാതിക്കാർക്കു പ്രവേശം അനുവദിച്ചിട്ടില്ലെന്നുള്ളതു പ്രസിദ്ധമാണല്ലോ. അതുകൊണ്ട് ഈ കാളേജിന്റെ അഭിവൃദ്ധിയെ മലബാറിലുള്ള എല്ലാ ജനങ്ങളും ഒന്നുപോലെ കാംക്ഷിക്കുന്നില്ലെന്നും കാംക്ഷിക്കയില്ലെന്നുമുള്ളതു സ്പഷ്ടമാണല്ലോ. തീയർ ജനസംഖ്യയിൽ മലബാറിലുള്ള മറെറല്ലാ വർഗ്ഗക്കാരേക്കാളും അധികമാണു്. മറു പ്രകാരത്തിലുള്ള അവരുടെ പ്രാധാന്യവും വിസ്തരിക്കത്തക്കതല്ല. അവർ ഹിന്ദുക്കളും ഹിന്ദുമതത്തിൽ വളരെ തൃഷ്ണയുള്ളവരും അതിന്റെ അഭ്യുന്നതിക്കായി കാണത്തക്കവണ്ണം യത്നിച്ചു വരുന്നവരുമാണ്. ഇന്നും അവർക്കു് ആ കാളേജിൽ പ്രവേശമില്ലെന്നു കേൾക്കുമ്പോൾ തൊലി ചുളുങ്ങുകയല്ലാതെ നിവൃത്തിയില്ല. ഇപ്പോഴത്തെ മാനവിക്രമ ഏട്ടൻ തമ്പുരാൻ എന്ന തിരുനാമമുടയ സാമൂതിരിപ്പാട്ട തമ്പുരാൻ തിരുമനസ്സുകൊണ്ട വലിയ പരിഷ്കൃത ഹൃദയനും പണ്ഡിതനുമാണെന്നു ഞങ്ങൾക്കു് അറിയാം. അദ്ദേഹത്തിന്റെ തിരുവാഴ്ചക്കാലത്തെങ്കിലും മേല്പറഞ്ഞ സംഗതിക്കു നിവൃത്തിയുണ്ടാകാത്തതു കഷ്ടമാണ്. ഇതുകൊണ്ടു മലബാർ ജില്ലയിലെ ഭരണം ബ്രിട്ടീഷ് ഗവർമ്മെൻറു നേരിട്ടു നടത്താതെ ഇരുന്നു എങ്കിൽ സംഗതികൾ ഇപ്പോൾ എങ്ങനെയെല്ലാം ആയിത്തീരുമായിരുന്നു എന്നു ഏതാണ്ടു് അനുമാനിക്കാം. ഈ വകദുരാഗ്രഹങ്ങൾക്കു് ഇടം കൊടുക്കുന്നതും പരിഷ്കൃതബുദ്ധികൾക്കു വെറുപ്പുണ്ടാകുന്നതും അയൽ നാടുകളിൽ നടപ്പില്ലാത്തതുമായ മേല്പറഞ്ഞ ദുശ്ശാഠ്യം ഇനിയെങ്കിലും വിട്ടുകളയേണ്ടതാകുന്നു. റാവു സാഹിബ് ഡാക്ടർ കൃഷ്ണൻ അവർകൾക്കു തന്റെ തിരുമേനിയിൽ തൊടുന്നതിനും ആവശ്യമെങ്കിൽ ശസ്ത്രക്രിയ ചെയ്യുന്നതിനും അനുവദിക്കുന്ന സാമൂതിരിപ്പാട്ട തിരുമനസ്സുകൊണ്ട ആ ഡാക്ടറുടെ ജാതി-ക്കാരെ തന്റെ വകയായ ഒരു വിദ്യാലയത്തിൽ പ്രവേശിപ്പാൻ അനുവദിക്കയില്ലെന്നു പറഞ്ഞാൽ ഇക്കാലത്തു് ആർക്കും വിശ്വാസം തോന്നുകയില്ല. ഏതായാലും പ്രജകളിൽ ഗണ്യമായ ഒരു വർഗ്ഗക്കാരെ അകററി നിറുത്തുന്നതായ ചീത്ത നയം പുലർത്തിപ്പോരുന്ന ഒരു വിദ്യാലയത്തോടു ഗവർമ്മെൻറിനും സർവകലാശാലക്കാർക്കും ഒരിക്കലും അനുകമ്പയുണ്ടായിക്കൂടാത്തതാകുന്നു. അതുകൊണ്ടു ടി. കാളേജിൽ ബി. എ. ക്ലാസ്സ് അനുവദിച്ചുകൊടുക്കുന്നതിനു മുമ്പ് അധികൃതന്മാർ ഇതിനെപ്പറി ആലോചിച്ചു നിവൃത്തിയുണ്ടാക്കേണ്ടതും കാളേജ് എല്ലാ വർഗ്ഗക്കാർക്കും പ്രവേശ്യമാക്കിച്ചെയ്യേണ്ടതുമാണെന്നു ഞങ്ങൾ വിനയപൂർവം അറിവിച്ചുകൊള്ളുന്നു.

വിവേ: 1089 തുലാം, വൃശ്ചികം

Digitized By Kerala Sahitya Akademi

ഈഴവരുടെ സ്കൂൾ പ്രവേശം

പുലയർക്കു സ്കൂൾ പ്രവേശനം അനുവദിച്ചുകൊടുത്തു എന്നതുതന്നെയല്ല ഗവർമ്മെൻറ് അതിനെ നിർബന്ധിക്കുകൂടിയും ചെയ്യുന്ന ഇക്കാലത്തു് ഈഴവരുടെ സ്കൂൾ പ്രവേശനത്തെ തടയാൻ ധൈര്യപ്പെടുന്ന ഉഗ്രനാട്ടിലെ ''ഉയർന്ന'' ജാതിക്കാരുടെ 'ശ്രദ്ധഗതി'യെപ്പറ്റി ദയേ തോന്നുന്നു എന്നല്ലാതെ എന്താണു പറയേണ്ടതു്. എന്നാൽ ഈവക ശ്രദ്ധഗതിക്കാരെ ഇളക്കിമറിച്ചു് ഈഴവക്കു തടസ്സമുണ്ടാക്കാൻ ശ്രമിക്കുന്ന സ്കൂൾ മാസ്റ്റർമാരുടേയും, ചില അസിസ്റ്റൻറ് ഇൻസ്പെക്ടർമാരുടേയും നടപടിയെപ്പറ്റിയാണു് ഞങ്ങൾ ആശ്ചര്യപ്പെടുന്നതു്. തലവടി നീരേറ്റുപുറം ഗ്രാൻറ് സ്കൂളിൽ ഈഴവർ പ്രവേശനത്തിനു ചെന്നപ്പോൾ ഹെഡ്മാസ്റ്റർ കാണിച്ച വേണ്ടാതനങ്ങളേയും അസിസ്റ്റൻറ് ഇൻസ്പെക്ടർ കാണിച്ച അനുചിതമായ ഉപേക്ഷയേയും മറും പാറി ഞങ്ങൾ കേൾക്കുകയും വിവരം വിദ്യാഭ്യാസഡയറക്ടരെ തെര്യപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ഈ സ്കൂളിൽ പ്രവേശനത്തിനു തടസ്സം പറഞ്ഞ വിവരത്തെപ്പറ്റി ഈഴവർ റേഞ്ചു് ഇൻസ്പെക്ടർമാരുടെ അടുത്തു സങ്കടം പറകയും അദ്ദേഹം പ്രവേശനം അനുവദിച്ചു് ഉത്തരവുകൊടുക്കയും ചെയ്തിട്ടും ഹെഡ്മാസ്റ്റർ ഇവരെ സ്കൂളിൽ കയറ്റിയില്ലെം ഈഴവർ ഡയറക്ടർക്കു വിവരത്തിനു കമ്പി കൊടുത്തതിനു് ഈഴവരെ പ്രവേശിപ്പിച്ചിരിക്കുന്നു എന്നു സ്കൂളിൽനിന്നു റിപ്പോർട്ടു കിട്ടിയിരിക്കുന്നതായും മറുപടി കൊടുത്തിരിക്കുന്നു. എത്ര കൃത്രിമങ്ങളാണു്. മേലധികാരികളുടെ ശാസന കേൾക്കാൻ പഠിച്ചിട്ടില്ലാത്ത ഈ വകക്കാരെ കുട്ടികളെ പഠിപ്പിക്കുന്ന തൊഴിലിൽനിന്നു നിർദ്ദയമായി പിരിച്ചയച്ചു കളയുന്നതു് ഡിപ്പാർട്ടുമെൻറിൻെറ യശസ്സിനും നാട്ടിനും നന്നായിരിക്കുമെന്നും പറയേണ്ടിവരുന്നതിൽ വ്യസനിക്കുന്നു.

സ്കൂൾ പ്രവേശത്തിൽ സ്ഥലവാസികളും തടസ്സം പുറപ്പെടുവിക്കുന്നതായ വേറൊരു ദൃഷ്ടാന്തം കൂടി ഞങ്ങൾക്കറിവാൻ ഇടയായിരിക്കുന്നു. ഇതു ചെങ്ങന്നൂർ താലൂക്കിൽ തട്ടയിൽ ഗ്രാൻറ് എലിമെൻററി സ്കൂളിലാണു്. ഇവിടെ ഈഴവരുടെ പ്രവേശത്തിനു സമീപമുള്ള നായന്മാരിൽ പല പ്രധാനികളും കൂടി ചേർന്നു തടസ്സങ്ങൾ പുറപ്പെടുവിച്ചതായും ഈഴവരുടെ ഒരു സഭാമന്ദിരം പണിയ്യു ചില മുടക്കങ്ങൾ വരുത്താൻ ശ്രമിച്ചതായും മറും വിശ്വാസയോഗ്യമാംവണ്ണം അറിയുന്നു. ഈഴവരുടെ സംഖ്യയും ശക്തിയും കുറവുള്ള പ്രസ്തുത സ്ഥലത്തു് ഈവക ഉപദ്രവം തട്ടാതു നില്പാൻ കഴിയാതെ ആ സാധുക്കൾ കഷ്ടപ്പെടുന്നതായി അറിയുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. അധികൃതന്മാർ സമാധാനമുണ്ടാക്കാൻ വേണ്ടതു് ഉടനേ പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു. ഈ സംഗതിയെപ്പറ്റിയും ഞങ്ങൾ വിദ്യാഭ്യാസ ഡയറക്ടർ അവർകൾക്കു് അറിവു കൊടുത്തിട്ടുണ്ടു്. ഈഴവർക്കു പ്രവേശനം കൊടുക്കുന്നതിനു വേണ്ട നിർബന്ധം ഡയറക്ടർ അവർകൾ ഉടനെ ചെയ്യുമെന്നു വിശ്വസിക്കയും ചെയ്യുന്നു. അമ്പലപ്പുഴ താലൂക്കിൽ പേർന്ന പുളിങ്കുന്നു് കാവാലം, കൈനകരി മുതലായ പ്രവൃത്തികളിലുള്ള സ്കൂളുകളിൽ എല്ലാറ്റിലും പിന്നെയും പല ദിക്കിലായി പല സ്കൂളുകളിലും ഇക്കൊല്ലം ഈഴവക്കു പ്രവേശം നൽകിയതായറിയുന്നതിൽ അധികൃതന്മാരോടു ഞങ്ങൾക്കുള്ള കൃതജ്ഞതയും പ്രസ്താവിച്ചുകൊള്ളുന്നു.

വിവേ : 1089 കർക്കടകം.

Digitized By Kerala Sahitya Akademi

സാമൂതിരികാളേജും അന്ധവിശ്വാസവും

കോഴിക്കോട്ടെ സാമൂതിരി കാളേജിനെപ്പറ്റി കേൾക്കുമ്പോൾ തന്നെ (നേരുപറഞ്ഞാൽ) ഞങ്ങൾക്ക് ഒരു പരിഹാസരസം കൂടി തോന്നാറുണ്ട്. തീയ്ക്ക് കേറിപ്പഠിക്കാൻ അനുവാദമില്ലാത്ത ഒരു കാളേജ് നാട്ടിലുണ്ടെങ്കിൽ അത് ഈ സാമൂതിരി കാളേജ് ആണെന്നാണ് ഞങ്ങളുടെ അറിവ്. കുട്ടിമയും കറിയുമുള്ള ശ്രദ്ധ ഹിന്ദുവായ ഒരു തീയ യുവാവിനു് ഈ കാളേജിൽ കടന്നു പഠിക്കാൻ അനുവാദമില്ല. അയാൾ തന്നെ പേരുമാറുകയോ തൊപ്പിയിടുകയോ വെന്തീഞ്ഞകെട്ടുകയോ ചെയ്താൽ മതി ഉടനേ കടന്നു പഠിച്ചുകൊള്ളാം. സാമൂതിരിപ്പാട് എത്രതന്നെ നിർബന്ധിച്ചാലും തീയർ തങ്ങളുടെ കാളേജിൽ കടന്നു പഠിച്ചു പുണ്യം നേടാനായി ക്രിസ്ത്യാനിമതത്തിലോ മഹമ്മദുമതത്തിലോ കൈക്കൊള്ളുന്നതല്ലെന്നു നിശ്ചയമാണ്. ഈയിടെ ഈ കാളേജിൽ പഠിക്കുന്ന ഒരു കുട്ടി ഒരു പെട്ടിയുടെ പുറത്തു നിന്നു കടലവാങ്ങി ഭക്ഷിച്ചു എന്ന കാരണത്താൽ അതിലെ ഒരു അദ്ധ്യാപകൻ ആ കുട്ടിയെക്കൊണ്ടു കുറെ പ്രാണകം തീറ്റിച്ചുവത്രേ ഇങ്ങനെയുള്ള വിദ്യാലയങ്ങളിൽ പഠിച്ചു ജയിച്ചു വരുന്ന കുട്ടികളിൽനിന്നു നാട്ടിനും ജനങ്ങൾക്കും എന്തു നന്മയാണു പ്രതീക്ഷിപ്പാനുള്ളതു്.? ലോകത്തിന്റെ ഊക്കോടു കൂടിയ പുരോഗതിയെ തടവാൻ കച്ചകെട്ടിയിറങ്ങുന്ന ഈ പുകക്കാരുടെ സാഹസത്തെപ്പറ്റി എന്താണു പറയേണ്ടതു്. ഈ ഉപദ്ധ്യായനു് അധികൃതന്മാർ 20 രൂ. പിഴകല്പിച്ചിരിക്കുന്നു എന്നു കേൾക്കുന്നു. ഈയാളെ കുതിരവട്ടത്തുള്ള ഭ്രാന്താശുപത്രിയിൽ പടിച്ചടയ്ക്കുകയായിരുന്നു വേണ്ടതു്. സാമൂതിരിക്കാളേജ് നാൾക്കുനാൾ അന്ധവിശ്വാസത്തിന്റെ കുത്തരങ്ങായിത്തീരുന്നതു ദയനീയമായിരിക്കുന്നു.

വിവേ; 1090 വൃശ്ചികം

തിരുവിതാംകൂറിലെ സ്കൂൾ പ്രവേശനതടസ്സങ്ങൾ

ഈഴവർ മുതലായ വർഗ്ഗക്കാർക്കു സ്കൂൾപ്രവേന സംബന്ധമായി തിരുവിതാംകൂറിൽ ഇപ്പോഴുമുള്ള തടസ്സം ചില്ലറയൊന്നുമല്ല. കഴിഞ്ഞ പ്രജാസഭയിൽ ഈഴവർക്കു പ്രവേശമില്ലാത്ത സ്കൂളുകളുടെ ഒരു വലിയ പട്ടിക കാണിച്ചിരുന്നു. പിന്നെയുള്ള അന്വേഷണത്തിൽ ഉൾനാട്ടു താലൂക്കുകളിൽ ഇവർക്കു പ്രവേശനമില്ലാത്തവയുടെ പട്ടിക തയ്യാറാക്കുന്നതിനേക്കാൾ പ്രവേശനമുള്ളവയുടെ പട്ടിക തയ്യാറാക്കുന്നതാണു വളരെ എളുപ്പം എന്നു കാണുന്നു. അവയുടെ സംഖ്യ അത്ര ചുരുക്കമാണ്. മിക്കസ്കൂളുകളിലും ക്ഷേത്ര സാമീപ്യംകൊണ്ടു പ്രവേശനമില്ലെന്നാണു ഡിപ്പാർട്ടുമെന്റു സംബന്ധമായ പഴയ റിക്കാർഡുകൾ. ക്ഷേത്രത്തിനു് ഒന്നും അധികവും ഫർലാങ്ങ് അകലെയുള്ള സ്കൂളുകളാണ് ഇങ്ങനെയുള്ള പലതുമെന്നും അതുകൊണ്ടു് ആ തടസ്സം പറഞ്ഞു് ഈഴവരെ മടക്കുന്നതു ന്യായമല്ലെന്നും ഈയിടെ ഗവർമ്മെൻറിനു ബോദ്ധ്യപ്പെട്ടതുടങ്ങീട്ടുണ്ടു്. തിരുവല്ലാ അമ്പലപ്പുഴ ഈ താലൂക്കുകളിൽ ചില എലിമെൻററി സ്കൂളുകളിൽ ഇക്കൊല്ലം ഈഴവർ പ്രവേശത്തിനപേക്ഷിച്ചപ്പോളുണ്ടായ കുഴപ്പങ്ങളിൽ ഡിപ്പാർട്ടു

Digitized By Kerala Sahitya Akademi

മെന്റു സ്വീകരിച്ച സ്തുത്യർഹമായ നയം അതിനെ വെളിവാക്കുന്നു. ഈ നയത്തെ സ്ഥിരമായവലംബിച്ചാൽ അല്പകാലത്തിനുള്ളിൽ പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരുടെ സ്കൂൾ പ്രവേശന തടസ്സം അശേഷം നീങ്ങിപ്പോകുന്നതും അതുകൊണ്ടു ജനങ്ങൾക്കു ക്ഷേമവും ഗവർമ്മെൻറിനു ലാഭവും ഉണ്ടാകുന്നതുമാണ്.

പന്തളത്തു തട്ടയിൽ എലിമെൻററി സ്കൂളിൽ ഈഴക്കുവ പ്രവേശനം കൊടുക്കുന്നതിനു സ്ഥലത്തെ ചില നായർ പ്രമാണികൾ വിരോധിക്കയും ചില സാഹസങ്ങൾ പ്രവർത്തിക്കയും ചെയ്തിരുന്നതു വർത്തമാനപ്പത്രങ്ങൾ വഴി ഇപ്പോൾ പലരും അറിഞ്ഞിരിക്കുന്ന സംഗതിയാണ്. ഇതുപോലെ തന്നെ തലവടി ആനപ്രമ്പാൽ സ്കൂളിലും ചില കുഴപ്പങ്ങൾ എല്ലാം നടന്നു. ഇപ്പോൾ അവസാനിച്ചിരിക്കുന്നു. ഈ രണ്ടു സ്കൂളുകളിലും ഈഴവർക്കു പ്രവേശനം കൊടുക്കുന്ന വിഷയത്തിൽ ഡിപ്പാർട്ടുമെൻറുശരിയായ നിഷ്കർഷംകാണിച്ചിരുന്നില്ലെങ്കിൽ ഇക്കൊല്ലവും അവിടത്തെ ഈഴവക്കുട്ടികളുടെ വിദ്യാഭ്യാസം തടയപ്പെട്ടപ്പോകുമായിരുന്നു. ഈ വിഷയത്തിൽ ഏറ്റവും കൃത്യബോധത്തോടും ധൈര്യത്തോടും സ്ഥലത്തെ ശക്തിമന്മാരായ നായർ പ്രമാണികളുടെ വിരോധത്തെ എതിർത്തു നിന്നു വേണ്ടതെല്ലാം പ്രവർത്തിച്ച റേഞ്ച് ഇൻസ്പെക്ടർ മ. രാ. രാ. കെ. പരമുപിള്ള (എം. ഏ) അവർകൾക്കു ഞങ്ങൾ വന്ദനം പറയുന്നു. ഇദ്ദേഹത്തെപ്പോലുള്ള യോഗ്യന്മാരെ ഉത്തരവാദമുള്ള സ്ഥാനങ്ങളിൽ ഉദ്യോഗസ്ഥന്മാരായി ലഭിക്കുന്നതു ഡിപ്പാർട്ടുമെൻറിനേറയും ജനങ്ങളുടേയും ഭാഗ്യമെന്നുവേണം പറവാൻ. മിസ്റ്റർ പരമുപിള്ളയെപ്പററി പറയുമ്പോൾ തലവടി സ്കൂളിൽ ഈഴവപ്രവേശനസംബന്ധമായി ലഹളയുണ്ടാകാതെ കഴിപ്പാൻ കഴിയുന്നതെല്ലാം ചെയ്ത യോഗ്യനായ ആലപ്പുഴ സർക്കിൾ ഇൻസ്പെക്ടർ മിസ്റ്റർ നാണുപിള്ളയും ഓർമ്മയിൽ വരുന്നു. അദ്ദേഹത്തിനും ഞങ്ങൾ ഹൃദയപൂർവം വന്ദനം പറയുന്നു.

വിവേ : 1090 ഇടവം, മിഥുനം

തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പും പ്രധാന ഉദ്യോഗസ്ഥന്മാരുടെ മാററങ്ങളും

ഡാക്ടർമിച്ചൽ സായ്പിന്റെ പുതിയ വിദ്യാഭ്യാസ ചട്ടവും ഭരണനയവും വിദ്യാഭ്യാസവകുപ്പിൽ വരുത്തിക്കൂട്ടിയ കുഴപ്പങ്ങളും ചില്ലറയൊന്നുമല്ലെന്നു പറയേണ്ടതില്ലല്ലോ. ഉദ്ദേശം എത്രതന്നെ നന്നായിരുന്നാലും പ്രയോഗത്തിൽ പുതിയ ചട്ടം വലിയ അനർത്ഥങ്ങൾക്കും ജനസങ്കടത്തിനും ഹേതുവായിട്ടാണു കലാശിച്ചതു്. പ്രൈവററ് സ്കൂളുകളുടെ സംഖ്യയെ നിർബന്ധിച്ചു കുറയ്ക്കുകയും, ജനങ്ങളുടെ ആവശ്യത്തിനുവേണ്ടത്ര സർക്കാർസ്കൂളുകളെ സ്ഥാപിച്ചുകൊടുപ്പാൻ കഴിയാതെ വരികയും കോഡിലെ പ്ലാൻ അനുസരിച്ചു വിലയേറിയ സ്കൂൾകെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനും മററുമായി ഗവർമ്മെൻറുപണം മിക്കവാറും വ്യർത്ഥവ്യയം ചെയ്തുയും, എലിമെൻററി വിദ്യാഭ്യാസത്തിന്റെ നിലയേയും പ്രാധാന്യത്തേയും അനാവശ്യമായി

Digitized By Kerala Sahitya Akademi

താഴ്ത്തുകയും ഒക്കെ ഗവൺമെൻറുചെയ്യേണ്ടിവന്നതു ഡാക്ടർ മിച്ചലിൻെറ പട്ടം പാസ്സാക്കിയപ്പോൾ വേണ്ട ദീർഘാലോചന ഉപയോഗിക്കാഞ്ഞിട്ടാണെന്നു പറയേണ്ടതില്ലല്ലോ. സെക്കണ്ടറി സ്കൂളുകളുടെ വിഷയത്തിൽ നമ്മുടെ ഗവർമ്മെൻറിനുതന്നെ ചില കാരണങ്ങളാൽ പൂർണ്ണസ്വാതന്ത്ര്യമില്ലെന്നിരുന്നാലും എലിമെൻററി സ്കൂളുകളെക്കൂടി ആ സ്വാതന്ത്ര്യം നിമിത്തമായ കഴപ്പങ്ങളിലും സങ്കടത്തിലും ചാടിക്കേണ്ട ആവശ്യമില്ലായിരുന്നു. ഏതായാലും ജനങ്ങൾ നിലവിളികൂട്ടുകയും ഗവൺമെൻറ് വസ്തുതകൾ ഉള്ളവണ്ണം മനസ്സിലാക്കുകയും ചെയ്തുതുടങ്ങിയപ്പോഴേക്കു ഡാക്ടർമിച്ചൽ ഉദ്യോഗകാലാവധികഴിഞ്ഞു പോകേണ്ടതിനായി. അദ്ദേഹത്തിൻെറ അസാധാരണ സാമർത്ഥ്യം, ബുദ്ധിശക്തി, കാര്യക്ഷമത, പ്രതിബന്ധങ്ങളോടു തലയിടുനില്പാനുള്ളധീരത ഇവയൊക്കെപ്പററി ഞങ്ങൾ ഇപ്പോഴും അദ്ദേഹത്തെ ബഹുമാനപൂർവം സ്മരിക്കുന്നുണ്ട്. എന്നാൽ അദ്ദേഹത്തിൻെറ കോഡിലെ ന്യൂനതകൾ ജനങ്ങൾക്കും ഗവർമ്മെൻറിനും സാരമായ അസൗകര്യങ്ങളും നഷ്ടങ്ങളും ഉണ്ടാക്കിട്ടുണ്ടെന്നുള്ളതു വിസ്മരിപ്പാൻ പാടില്ലാത്ത വസ്തുതയുമാണ്.

ഇങ്ങനെ ഗവർമ്മെൻറും ജനങ്ങളും ഒന്നുപോലെ വിഷമിച്ചു നില്ക്കുന്നഘട്ടത്തിലാണ് ഗുണവാനായ ഡാക്ടർ ബിഷപ്പിൻെറ ചുമലിൽ ഡിപ്പാർട്ടുമെൻറിൻെറ ഭാരം മുഴുവൻ പ്രതിഷ്ഠിക്കപ്പെട്ടതു്. വെള്ളക്കടലാസുപോലെ ശുദ്ധമായിരുന്ന അദ്ദേഹത്തിൻെറ മസ്തിഷ്കത്തിൽ കഴപ്പമേറിയ ഡിപ്പാർട്ടുമെൻറിൻെറ പ്ലാൻമുഴുവൻ അദ്ദേഹം പുത്തനായി എഴുതുകയാണു വേണ്ടിവന്നതു്. ജനങ്ങൾക്കും അദ്ദേഹത്തിൻെറ കാര്യക്ഷമതയിൽ അശേഷം വിശ്വാസമുണ്ടായിരുന്നില്ലെങ്കിലും അദ്ദേഹം ഗുണവാനായ ഒരു ഉദ്യോഗസ്ഥനാണെന്നു് അവർ നല്ലവണ്ണം അറിഞ്ഞിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിൻെറ നിയമനത്തിൽ ഗവർമ്മെൻറു പ്രദർശിപ്പിച്ച ഔചിത്യത്തെ ആരും ആക്ഷേപിച്ചില്ല ഡിപ്പാർട്ടുമെൻറിൻെറ വ്യാമിശ്രമായ സ്ഥിതികൊണ്ടും പര്യന്താവസ്ഥകളുടെ ന്യൂനതകൊണ്ടും തൻെറ പരിചയക്കുറവുകൊണ്ടും ആദ്യത്തെ ഒന്നുരണ്ടു കൊല്ലം ബിഷപ്പിനു പറയത്തക്കവണ്ണം യാതൊന്നും ചെയ്വാൻ സാധിച്ചില്ല. എന്നാൽ സംഗതികൾക്കു ക്രമേണ മാററമുണ്ടായി. എലിമെൻററി വിദ്യാഭ്യാസത്തെപ്പററി പൂർവാധികം ശ്രദ്ധിക്കുകയും, പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്ന വിഷയത്തിൽ പൂർവാധികം താൽപര്യവും നിർദ്ദോഷമായ നയവും പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നു സ്കൂളുകളോടുള്ള കഠിന നിർബന്ധങ്ങളെ ക്രമേണ കുറച്ചുതുടങ്ങുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിനു ജനങ്ങളുടെ ആവശ്യവും ഗവർമ്മെൻറിൻെറ കോശസ്ഥിതിയും നല്ലവണ്ണം അറിഞ്ഞു സമയോചിതമായി ധീരതയോടെ മുമ്പോട്ടുകയറി എന്തെങ്കിലും പ്രവർത്തിക്കത്തക്ക ബാഹുബലം സിദ്ധിച്ചതു ഡിപ്പാർട്ടുമെൻറിൽ പഴക്കവും തഴക്കവുംമുള്ളസമർത്ഥനായ ഒരു പെർസനൽ അസിസ്റ്റൻറിനെ കിട്ടിയതു മുതൽക്കാണെന്നുള്ളവസ്തുതയും പ്രസ്താവയോഗ്യമാണ്. കഴിഞ്ഞരണ്ടു മൂന്നു കൊല്ലമായി, വിശേഷിച്ചു് ഈ ഒടുവിലത്തെ കൊല്ലത്തിൽ, ഡിപ്പാർട്ടുമെൻറു ചെയ്തിട്ടുള്ള യത്നങ്ങളും സാധിച്ചിട്ടുള്ള സംഗതികളും ഏറവും ഗണ്യമായും സ്തുത്യർഹമായുമുള്ളവയാണ്. സ്കൂൾവർഷാരംഭത്തിൽ പ്രവേശനം ലഭിക്കാതെ അനേകായിരം കുട്ടികൾ അലഞ്ഞുതിരിയുകയും വാദ്ധ്യാന്മാരേയും ഗവർമ്മെൻറിനേയും ശപിക്കയും ചെയ്തുവന്ന കഴിഞ്ഞകൊല്ലങ്ങളിലെ അനാവശ്യമായ നടപടി ഇക്കൊല്ല അശേഷം നിന്നുപോയിരിക്കുന്നു. അല്പസമയം

Digitized By Kerala Sahitya Akademi

ത്തിനുള്ളിൽ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലായിജനങ്ങളുടെ ചിലവിൻ മേൽ അനേകം എലിമെന്ററിസ്കൂളുകൾ പുതുതായി സ്ഥാപിച്ചുഡിപ്പാർട്ടുമെന്റിലേക്കു് എഴുതിവാങ്ങുകയും പ്രൈവറ്റു സ്കൂളുകളെ പ്രോൽസാഹിപ്പിക്കയും ചെയ്തിട്ടാണ ഡാക്ടർ ബിഷപ്പു് ഈ ദീർഘകാലത്തെ സങ്കടങ്ങളിൽനിന്ന ജനങ്ങളെ ഒരു വിധം ഉദ്ധരിച്ചിരിക്കുന്നതു്. ഇതിനു് അദ്ദേഹത്തോടു ജനങ്ങളും ഗവർമ്മെന്റും ഒന്നുപോലെ കൃതജ്ഞരായിരിക്കേണ്ടതാണെന്ന പറയേണ്ടതില്ലല്ലോ. ഇത്ര സ്തുത്യർഹമായ ഒരു വിജയത്തിൽ അദ്ദേഹത്തെ ഹൃദയപൂർവം സഹായിച്ചുയർത്തിച്ചിരുന്ന പേർസനൽ അസിസ്റ്റന്റു് പി. രാമസ്വാമിഅയ്യർ അവർകളും റെവന്യു് ഇൻസ്പെക്ടർമാരായ മിസ്റ്റർ ചെറിയാൻ, മി. പരമുപിള്ള ഇവരേയും ഞങ്ങൾ പ്രത്യേകം അഭിനന്ദിച്ചുകൊള്ളുന്നു.

ഡാക്ടർബിഷപ്പിന്റെ ഭരണം ഇത്ര തൃപ്തികരമായും വിജയപൂർവമായും കലാശിക്കുമെന്നു് ആരെങ്കിലും പ്രതീക്ഷിച്ചിരുന്നോ എന്ന സംശയമാണു്. ഗുണവാന്മാർ കാലാന്തരത്തിൽ വെറും സമർത്ഥന്മാരേക്കാളും വിജയികളായിത്തീരുമെന്നും ഗുണംകൊണ്ടുള്ള വിജയം സാമർത്ഥ്യംകൊണ്ടുള്ള വിജയത്തേക്കാളും ജനഹിതകരമായും ശാശ്വതമായുമിരിക്കുമെന്നുള്ളതിനു ഡാക്ടർ ബിഷപ്പിന്റെയും അദ്ദേഹത്തിന്റെ പൂർവഗാമിയുടെയും ദൃഷ്ടാന്തങ്ങളും പ്രത്യക്ഷപ്രമാണങ്ങളായിത്തീർന്നിരിക്കയാകുന്നു. ഡാക്ടർ ബിഷപ്പുജനങ്ങൾക്കും കീഴുദ്യോഗസ്ഥന്മാർക്കും ഗവർമ്മെന്റിനും ഒന്നുപോലെ സമ്മതനും ഇഷ്ടനുമായ ഒരു ഡിപ്പാർട്ടുമെന്റു മേലധികാരിയായിത്തീർന്നു. കഷ്ടം! എന്നാൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്താലുള്ള ഗുണങ്ങളും ദീർഘകാലം അനുഭവിക്കുന്നതിനു നമുക്കു സാധിക്കാത്തവിധത്തിൽ അദ്ദേഹത്തിനു ദേഹാസ്വാസ്ഥ്യം പിടിപെട്ടു. അദ്ദേഹം ആരോഗ്യത്തിനായി പെട്ടെന്നു ഉദ്യോഗവും രാജ്യവും വിട്ടുപോവാൻ നിർബന്ധിതനായ്തു. അങ്ങനെയാണെങ്കിലും അദ്ദേഹത്തിനു് എത്ര ചാരിതാർത്ഥ്യത്തോടുകൂടി ഡിപ്പാർട്ടുമെന്റും നമ്മുടെ രാജ്യവും വിട്ടുപോവാൻ സാധിച്ചു എന്നു നോക്കുക. അദ്ദേഹത്തിന്റെ വേർപാടിൽ ഒരു ജനസമ്മതനായ ഉദ്യോഗസ്ഥന്റെ നഷ്ടത്തെക്കാളും ദോഷരഹിതനായ ഒരു ത്രാമാതൃകാപുരുഷന്റെ നഷ്ടമാണു് ഞങ്ങളെ അനുതാപിപ്പിക്കുന്നതു്. അദ്ദേഹം ഇംഗ്ലണ്ടിൽ സുഖമായി ചെന്നെത്തി പുത്രമിത്രകളത്രാദികളോടുകൂടി ദീർഘകാലം ആരോഗ്യഭാഗ്യങ്ങളും അനുഭവിക്കുമാറാകട്ടെ.

ഡാക്ടർ ബിഷപ്പിന്റെ വേർപാടോടുകൂടി വിദ്യാഭ്യാസവകുപ്പിൽ സാരമായ ഉദ്യോഗമാറ്റങ്ങളും ഉണ്ടായിരിക്കുന്നു നമ്മുടെ ഗവർമ്മെന്റു് ഉദ്യോഗസ്ഥന്മാരുടെ നിയമനവിഷയത്തിൽ പ്രദർശിപ്പിക്കുന്ന വിവേകം അഭിനന്ദനീയമായിരിക്കുന്നു എന്നു പറഞ്ഞേതീരൂ. വിദ്യാഭ്യാസ ഡയറക്ടറായി ഒരു യൂറോപ്യൻതന്നെ വേണമെന്ന ഗവർമ്മെന്റു തീർച്ചയാക്കാൻ വേണ്ട കാരണങ്ങളും ഇപ്പോഴുണ്ടു്. ഗവർമ്മെന്റിന്റെ വിശാലമായ വിദ്യാഭ്യാസ നയത്തിനനുസരിച്ചു പ്രവർത്തിപ്പാൻ സ്വഭാവേന സന്നദ്ധതയുള്ള യൂറോപ്യൻ ഉദ്യോഗസ്ഥന്മാരെ ഡിപ്പാർട്ടുമെന്റു മേലധികാരികളാക്കുന്നതു നിശ്ചയമായും അഭിനന്ദിക്കത്തക്ക സംഗതിയാണു്. അതുകൊണ്ടു കാളേജുപ്രിൻസിപ്പാളായിരുന്ന മിസ്റ്റർ എൽ. സി. ഹഡ്ജസനെ ഡയറക്ടറായി നിയമിച്ചതിൽ ഞങ്ങളും അദ്ദേഹത്തേയും ഗവർമ്മെന്റിനേയും അഭിനന്ദിക്കുന്നു. മിസ്റ്റർ ഹഡ്ജസൺ ഡയറക്ടറായി

Digitized By Kerala Sahitya Akademi

പകരം ജോലിനോക്കിയും മറ്റു പ്രകാരത്തിലും ഡിപ്പാർട്ടുമെൻറു ഭരണവിഷയത്തിൽ ഇപ്പോഴത്തെന്നെ ഒരുവിധം പരിചയവും സിദ്ധിച്ചിട്ടുള്ള ആളും ഒരു സമർത്ഥനും സമ്മതനുമായ ഉദ്യോഗസ്ഥനുമാണു്. എലിമെൻറിസ്കൂളുകളെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തെ പ്രത്യേകം സഹായിപ്പാൻ മിസ്റ്റർ രാമസ്വാമി അയ്യർ കൂടിയുള്ളതുകൊണ്ടു ഡിപ്പാർട്ടുമെൻറുഭരണം തൃപ്തികരമായിരിക്കുമെന്നതന്നെ ഞങ്ങൾ വിശ്വസിക്കുന്നു. മിസ്റ്റർ ഹഡ്ജ്സനുപകരം പ്രൊഫസ്സർ ഏ. ആർ. രാജരാജവർമ്മ തമ്പുരാൻ അവർകളെ പ്രിൻസിപ്പാളായി നിയമിച്ചതും വളരെ ഉചിതമായ ഒരു വ്യവസ്ഥയാണു്. കാളേജിൻെറ ചരിത്രത്തിൽ ഒരു സ്വദേശി പകരമായിട്ടെങ്കിലും അതിൻെറ ആദ്ധ്യക്ഷ്യം വഹിച്ചിട്ടുള്ളതു് ഇപ്പോളാകുന്നു. അതുകൊണ്ടു സർവഥാ ഈ സ്ഥാനത്തിനു് അർഹനായ തമ്പുരാൻ അവർകളുടെ നിയമനത്തിൽ ഞങ്ങൾ അത്യന്തം അനുമോദിക്കയും അദ്ദേഹത്തിനു സർവവിജയങ്ങളും ആശംസിക്കയും ചെയ്യുന്നു. ഒരു ഇംഗ്ലീഷു കലാശാലയിൽ പ്രിൻസിപ്പാളും ഒരു യൂറോപ്യൻ തന്നെ ആയിരിക്കുന്നതാണു നല്ലതെന്നും അതുകൊണ്ടു രാജരാജവർമ്മ തമ്പുരാൻ അവർകളുടെ നിയമനം തീരെ ആക്ഷേപയോഗ്യമല്ലെങ്കിലും അതുവളരെ സമുചിതമായ ഒന്നാണെന്നു പറവാൻ തരമില്ലെന്നും ചിലർക്കഭിപ്രായമുണ്ടു്. എന്നാൽ പ്രിൻസിപ്പാളും സാധാരണ ഇംഗ്ലീഷു പഠിപ്പിക്കണമെന്നു നിർബന്ധമില്ലാത്തതിനാൽ പ്രൊഫസ്സർമാരായി ഇംഗ്ലീഷിനും മറ്റു വിഷയങ്ങൾക്കും യൂറോപ്യന്മാരുണ്ടായിരുന്നാൽ കാളേജിൻെറ ഭരണ സംബന്ധമായ പ്രവൃത്തികളും ഒരു സ്വദേശി നടത്തുന്നതുകൊണ്ടു യാതൊരു വിരോധവുമുണ്ടാവാനില്ലെന്നാണു ഞങ്ങൾക്കഭിപ്രായമുള്ളതു്. നേരേമറിച്ചു ഭരണാധികാരം യൂറോപ്യനിൽ തന്നെ ഇരിക്കണമെന്നു നിർബന്ധിക്കുന്നവർക്കു മറ്റു ഡിപ്പാർട്ടുമെൻറുകളുടെയും ഭരണമെല്ലാം അവരെത്തന്നെ ഏൽപ്പിക്കണമെന്നും ശഠിക്കാവുന്നതാകുന്നു. ഏതെങ്കിലും ഒരു പ്രൊഫസ്സറെ സർവീസുനോക്കി പ്രിൻസിപ്പാളാക്കുന്ന പക്ഷത്തിൽനിന്നു വ്യതിയാനം ചെയ്കയോ പ്രിൻസിപ്പാളുദ്യോഗം യൂറോപ്യന്മാർക്കായി ഒഴിഞ്ഞു വയ്ക്കയോ ചെയ്യേണ്ട ആവശ്യകത അശേഷമില്ലെന്നാണു ഞങ്ങൾക്കഭിപ്രായമുള്ളതു്. തമ്പുരാൻ അവർകും സ്വന്തവിഷയത്തിൽ അദ്വിതീയമായ യോഗ്യതയും കാളേജിൽ അധിക സർവീസുകളും ഉള്ള ഒരു പ്രൊഫസ്സറും ദക്ഷിണഭാരത്തിലെ മുഴുവൻ അഭിമാനകരമാംവണ്ണം തിളങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ ഒരു പണ്ഡിതരത്നവുമാണു്. കെ. പരമുപിള്ള അവർകൾക്കു കാളേജുപ്രൊഫസ്സറായി കയറ്റം നൽകിയതു് അദ്ദേഹത്തിൻെറ സ്വന്തം ഗുണത്തിനു നല്ലതാണെങ്കിലും അതുകൊണ്ടു വിദ്യാഭ്യാസവകുപ്പിൽ പൊതുഗുണകാംക്ഷിയും സമർത്ഥനുമായ ഒരു റേഞ്ജ് ഇൻസ്പെക്ടർ നഷ്ടമായിപ്പോയതിൽ ഞങ്ങൾ വ്യസനിക്കുന്നു. പി. രാമസ്വാമി അയ്യർ അവർകളെ ഡെപ്യൂട്ടി ഡയറക്ടറായി നിയമിച്ചതു് ഏറ്റവും ഉചിതമായി എന്നാണു ഞങ്ങൾക്കഭിപ്രായമുള്ളതു്. ഗവർമ്മെൻറു് ആലോചനാപൂർവം വേണ്ട വ്യവസ്ഥകളും ചെയ്താൽ മിസ്റ്റർ ഹഡ്ജ്സനെ എലിമെൻററി ഡിപ്പാർട്ടുമെൻറു സംബന്ധമായ വിഷയങ്ങളിൽ വിശേഷിച്ചും സഹായിപ്പാൻ അദ്ദേഹത്തിനുകഴിയും.

വിവേ : 1090 കർക്കടകം, 1091 ചിങ്ങം

Digitized By Kerala Sahitya Akademi

എലിമെൻട്രി സ്കൂൾ കനകജൂബിലി

1092 ചിങ്ങം 15-ാം തീയതി തിരുവിതാംകൂറിൽ എങ്ങും ഒരു സാക്ഷാൽ സുദിനമായിരുന്നു. മഹാരാജാവു തിരുമനസ്സിലെ ആട്ടത്തിരുനാൾ കഴിഞ്ഞാൽ സകല ജാതിമതക്കാരും ഒന്നുപോലെ ഉത്സാഹപൂർവ്വം കൊണ്ടാടുന്ന ഒരു സുദിനം തിരുവിതാംകൂറിൽ പ്രത്യേകം ഉണ്ടായിട്ടുണ്ടെങ്കിൽ അതു് ആ സുദിനമായിരുന്നു. നാട്ടുഭാഷാവിദ്യാഭ്യാസം സർക്കാരിന്റെ മേൽനോട്ടത്തിലും അധികാരത്തിലും വ്യവസ്ഥാപിച്ചിട്ടു് 50 കൊല്ലം കഴിഞ്ഞതിന്റെ സ്മാരകമായ കനകജൂബിലി സകല താലൂക്കുകളിലും പ്രവൃത്തികളിലും ഗ്രാമങ്ങളിൽ കൂടിയും പലവിധ ആഘോഷങ്ങളോടുകൂടി അന്നേദിവസം കൊണ്ടാടുകയും പല സ്ഥാപനങ്ങളും അന്നുസ്ഥാപിക്കയും ചെയ്തിരിക്കുന്നു. കനകജൂബിലിക്കമ്മിറ്റിയുടെ ജനറൽ സെക്ഷൻ ഈ തലസ്ഥാനനഗരിയിൽ തൽസംബന്ധമായി നടത്തിയ ഒരു മഹായോഗവും ഘോഷയാത്രയും മറ്റും പ്രൌഢികൊണ്ടും പ്രയോജനംകൊണ്ടും ഒന്നുപോലെ പ്രശംസനീയമായിരുന്നു. ടൌൺഹാളിൽ ഇതു ഉത്സാഹകരവും വിദ്വജ്ജനങ്ങളാൽ നിബിഡിതവുമായ ഒരു മഹാജനായോഗം ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. കമ്മിറ്റിക്കാരുടെ റിപ്പോർട്ടിനെ തുടർന്നുകൊണ്ടു് പണ്ഡിതസാർവഭൌമനായ പ്രൊഫസ്സർ ഏ. ആർ രാജരാജവർമ്മ തമ്പുരാൻ തിരുമനസ്സു കൊണ്ടു് സന്ദർഭോചിതവും പ്രൌഢസരസവുമായ ഒരു ഉപന്യാസം യോഗത്തിൽ വായിച്ചു. അതിൽ കഴിഞ്ഞ 50 കൊല്ലങ്ങളായി മലയാളഭാഷയ്ക്കുണ്ടായ അഭിവൃദ്ധിയേയും മേലാൽ അഭിവൃദ്ധി ഉണ്ടാവാൻ അനുസരിക്കേണ്ട മാർഗ്ഗങ്ങളെയും പറ്റി സംക്ഷിപ്തമായി വിവരിച്ച കൂട്ടത്തിൽ കേരളത്തിലേക്കു് ഒരു യൂനിവേർസിറ്റി തിരുവനന്തപുരത്തു സ്ഥാപിക്കുന്നതിന്റെ സ്പൃഹണീയതയെപ്പറ്റി സൂചിപ്പിക്കയും അതു മഹാരാജാവു തിരുമനസ്സിലെ സന്നിഹിതമായ ഷഷ്ടിപൂർത്തി മഹോത്സവം പ്രമാണിച്ചു് ആരംഭിക്കുന്നതിന്റെ ഔചിത്യത്തെപ്പറ്റി വിഭാവനം ചെയ്കയും ചെയ്തിരുന്നു. അഗ്രാസനരായ ദിവാൻജി അവർകളും തന്റെ ഉപസംഹാരത്തിൽ ആ അഭിപ്രായത്തെ അനുമോദിച്ചു എങ്കിലും ആ സംഗതി ഇതുവരെ ഗവർമ്മെന്റിന്റെ ആലോചനയിൽ വന്നിട്ടില്ലെന്നു പറകയും എന്നാൽ ഇതു അടുത്ത ഒരു സന്ദർഭത്തിലല്ലെങ്കിലും അധിക കാലം കഴിയുന്നതിനു മുമ്പു കേരളത്തിനു് ആ ഭാഗ്യം അനുഭവിക്കാൻ ഇവേരുമെന്നു് ആശംസിക്കാവുന്നതാണെന്നു പ്രസ്താവിക്കയും ചെയ്തു. യോഗംകഴിഞ്ഞു നാലുമണിയോടുകൂടി ടൌണിലുള്ള എലിമെൻട്രി സ്കൂളിലെ നാനാജാതി മതസ്ഥരായ നാലായിരത്തിൽപരം വിദ്യാർത്ഥികളും കൊടികളും ധരിച്ചു വഞ്ചിപ്പാട്ടുകളും പാടി വാദ്യഘോഷസമേതം പുത്തൻകച്ചേരി വളപ്പിൽ നിന്നും വലിയകോട്ടാരം മൈതാനത്തിലേക്കുചെയ്ത ഘോഷയാത്ര കാണേണ്ടതുതന്നെ ആയിരുന്നു. ഈ കനകജൂബിലി ആകപ്പാടെ തിരുവിതാംകൂറിൽ നാട്ടുഭാഷാവിദ്യാഭ്യാസ സംബന്ധമായി ജനഹൃദയത്തിൽ ഒരു വലിയ ഉണർച്ചയും ഉത്സാഹവും ഔർജ്ജിത്യവും അഭിമാനവും നൽകീട്ടുണ്ടെന്നുള്ളതു നിരാക്ഷേപമാണു്. അതിന്നായി ഇതിന്റെ പ്രധാന പ്രവർത്തകന്മാരെയും അവരിൽ സർവഥാ പ്രഥമൻ വഹിച്ചിട്ടുള്ള

Digitized By Kerala Sahitya Akademi

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പി. രാമസ്വാമി അയ്യർ അവർകളെയും എത്രതന്നെ അഭിനന്ദിച്ചാലും അധികമായിപ്പോകുന്നതല്ല.

വിവേ: 1091 കർക്കടകം, 1092 ചിങ്ങം

തലവടി ആനപ്രാമ്പാൽ എച്ച്. ജി. ഇ. സ്കൂളും ഈഴവരും

ആനപ്രാമ്പാൽ സ്കൂളിൽ ഈഴവർക്ക പ്രവേശനം നൽകിയതിനെ സംബന്ധിച്ചു കഴിഞ്ഞ കൊല്ലം നടന്ന ക്ഷോഭങ്ങളെപ്പറ്റി ഞങ്ങൾ ഈ പംക്തികളിൽ പ്രസ്താവിച്ചിരുന്നു. കൃത്യനിഷ്ഠയുള്ള ഡിപ്പാർട്ടുമെൻറുമേലുദ്യോഗസ്ഥന്മാരുടെയും യോഗ്യരായ ചില പോലീസ് ഉദ്യോഗസ്ഥന്മാരുടെയും നയോപായങ്ങൾ നിമിത്തമായിരുന്ന വലിയ ലഹളകൾക്ക് ഒന്നും ഇടയാകാതെ ഈഴവർക്ക് ആ സ്കൂളിൽ പ്രവേശംകിട്ടാൻ അപ്പോൾ ഇടയായതു്. ഗവർമ്മെൻറിൽ നിന്നും സ്കൂൾ പുത്തനായിപണി കഴിപ്പിച്ച കെട്ടിടത്തിൽ ഇപ്പോൾ മാറിസ്ഥാപിച്ചിരിക്കുകയാണു്. അതിൽ ഈഴവക്കുട്ടികൾ പ്രവേശിച്ചു പഠിച്ചു വരികയും ചെയ്യുന്നുണ്ടു്. എന്നാൽ വിരോധികളായ സ്ഥലം നായന്മാരുടെയും മറും അന്തഃശല്യം ഇനിയും നീങ്ങീട്ടില്ലാത്തതിനാൽ അവർ ഇപ്പോൾ ഈഴവരുടെ സ്കൂൾ പ്രവേശത്തെ വേറൊരു കൗശലത്തിൽ തടവാൻ ശ്രമിച്ചു് ചില പൈശാചിക വൃത്തികൾ ആരംഭിച്ചിരിക്കുന്നതായിഅറിയുന്നതിൽവ്യസനിക്കുന്നു. അമ്പലപ്പുഴത്താലൂക്കിൽ സ്ഥലമാസ്സുമായി ഗതാഗതസൗകര്യങ്ങൾ കുറവുള്ള ജലപ്രായമായ ഒരുപ്രദേശത്താണല്ലോ പ്രസ്തുതസ്കൂൾ നില്ക്കുന്നതു്. പുഞ്ചനിലങ്ങളുടെ വരമ്പുകളിലും അവിടവിടെ തുരുത്തുകൾ പോലുള്ള പറമ്പുകളിലും കൂടിയാണു് സ്കൂളിലേക്ക പോകേണ്ടതു്. ഈ പറമ്പുകളുടെ ഉടമസ്ഥന്മാരായ പരദേശ ബ്രാഹ്മണരും നായന്മാരും ആവഴിയേ പോകുന്ന ഈഴവക്കുട്ടികളെ തടഞ്ഞുനിത്തി അധിക്ഷേപങ്ങൾ പറകയും അക്രമങ്ങൾ പ്രവർത്തിക്കയും മറുമാണു് ഇപ്പോൾ ചെയ്തുവരുന്നതു്. അതുകൊണ്ടു് ഗവർമ്മെൻറിൻെറ ഉദ്ദേശത്തെ തെറ്റിക്കുകയും ഈഴവരുടെ സ്കൂൾ പ്രവേശനത്തെ തടയുകയും ചെയ്ത കൃതാർത്ഥത നേടുമെന്നായിരിക്കാം അവർ വിചാരിക്കുന്നതു്. അവരുടെ ഈ കൃത്യത്തിൽ അടങ്ങിയിരിക്കുന്ന പാപത്തേയും അന്ധതയേയും അവർ കാണാത്തതിൽ ആശ്ചര്യപ്പെടുന്നു. ഈഴവക്കുട്ടികളും ഇവരുടെ കുട്ടികളെപ്പോലെതന്നെ വിദ്യാഭ്യാസം ചെയ്യേണ്ടവരാണു്. അതിനെ അവർ തടയുവാൻ ശ്രമിക്കുന്നതു് മനുഷ്യൻെറ നീതിബോധത്തിനു വിരുദ്ധമായുള്ള ഒരു മഹാപാപമാണു്. എന്നു തന്നെയല്ല പത്തുപതിനഞ്ചു കൊല്ലങ്ങൾക്കു മുൻപു് ഈഴവക്കു സർക്കാർവക സ്കൂളിൽനിന്നും അപൂർവം ചിലതിൽ മാത്രമേ പ്രവേശം അനുവദിച്ചിരുന്നുള്ളു. അതിനെപ്പറ്റി അവർ തുടർന്നുകൊണ്ടു സങ്കടം പറയുകയും കരുണാനിധിയായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഗവർമ്മെൻറു് അതു കേൾക്കുകയും ചെയ്തതിൻെറ ഫലമായി സംസ്ഥാനത്തു് ഇന്നു് ആകെയുള്ള സർക്കാർ സമ്മതി ലഭിച്ച 2036 വിദ്യാലയങ്ങളിൽ ഒരു പത്തോ പന്ത്രണ്ടോ സ്കൂളുകളിൽ ഒഴിച്ചു ശേഷം എല്ലാറ്റിലും ഈ വർഗ്ഗക്കാർക്കു പ്രവേശം സിദ്ധിച്ചിരിക്കുന്നു. സർക്കാർ വകയായി ആകെയു

Digitized By Kerala Sahitya Akademi

ള്ള 1020 വിദ്യാലയങ്ങളിൽ അഞ്ചോ ആറോ സ്കൂളുകളിൽ മാത്രമേ ഇനി ഈഴവർക്കും പ്രവേശം അനുവദിക്കേണ്ടതായുള്ളു. ആ അനുവാദം കാലതാമസം കൂടാതെ ലഭിക്കുമെന്നുള്ളതാകുന്നു. അതു കൊണ്ടു് അമ്പലപ്പുഴത്താലൂക്കിന്റെ ഒരു കോണിലുള്ള സാധുക്കളായ ഈഴവക്കുട്ടികളുടെ നേരേ ഈ പൈശാചവൃത്തി തുടങ്ങിയിരിക്കുന്ന യോഗ്യന്മാർ തങ്ങളുടെ ശ്രമം ബുദ്ധിപൂർവമായിട്ടുള്ളതല്ലെന്നും തങ്ങൾ ആശിക്കുന്ന വിജയം ലഭിച്ചാൽ തന്നെയും അതു ശാശ്വതമായിരിക്കയില്ലെന്നും ഓർക്കാത്തതു് അജ്ഞതാസൂചകവുമാണു്. ഈഴവക്കുട്ടികളെ ഉപദ്രവിക്കുന്നവരെപ്പറ്റി ഞങ്ങൾക്കു വിവരമായ അറിവുകൾ കിട്ടുന്നുണ്ടു്. തൽക്കാലം സാമാന്യമായി അധികൃതന്മാരുടെ ദൃഷ്ടിയെ ഈ വിഷയത്തിൽ ഞങ്ങൾ ക്ഷണിച്ചുകൊള്ളുകയും താമസിയാതെ സങ്കടനിവൃത്തിയുണ്ടാകുമെന്നു വിശ്വസിക്കയും ചെയ്യുന്നു.

വിഭവ; 1092 തുലാം

നിയമകാണ്ഡം

മരുമക്കത്തായക്കമ്മീഷനും ഈഴവരും

തിരുവിതാംകോട്ടെ മരുമക്കത്തായികളായ നായന്മാർ സാമന്തന്മാർ മുതലായവരുടെ ഇടയിൽ നടന്നുവരുന്ന അവകാശക്രമത്തിൽ എന്തെങ്കിലും ഭേദഗതി ചെയ്യണ്ടതുണ്ടോ എന്നു് അന്വേഷിച്ചു റിപ്പോർട്ടു ചെയ്വാനായി ഏർപ്പെടുത്തപ്പെട്ടിട്ടുള്ള കമ്മീഷന്റെ പ്രവൃത്തികൾ മിക്കവാറും പൂർത്തിയാകാറായിരിക്കുന്നു. കമ്മിഷന്റെ ശുപാർശ അനുസരിച്ചു മരുമക്കത്തായ നിയമത്തിൽ ഉണ്ടാകാവുന്ന ഭേദഗതികൾ ഈഴവരെക്കൂടി സംബന്ധിക്കുന്നതാണോ എന്നൊരു ആശങ്കയും കമ്മീഷനിൽ ഈഴവരെക്കൂടി ഉൾപ്പെടുത്താതെയിരുന്നതു ശരിയായില്ലെന്നൊരു അഭിപ്രായവും ചിലർക്കുള്ളതായിക്കാണുന്നു. ഇപ്പോൾ കമ്മീഷന്റെ വിചാരണകൾ നടന്നുപോരുന്ന സമുദായങ്ങളിൽനിന്നു പലേ അവസ്ഥകളാൽ വ്യത്യസ്തമായ ഒരു സമുദായമാകുന്നു ഈഴവർ എന്നു പറയേണ്ടതില്ലല്ലോ. തിരുവിതാംകൂറിൽ കൊല്ലത്തിനു തെക്കുള്ള ഈഴവരുടെ വിഷയത്തിൽ അവകാശക്രമത്തെ സംബന്ധിച്ചിടത്തോളം തൽക്കാലം യാതൊരു ഭേദഗതിക്കും ആവശ്യമുള്ളതായി തോന്നുന്നില്ല. ഹൈക്കോടതിയിൽ ഈയിടെ ഉണ്ടായിട്ടുള്ള ഒരു വിധികൊണ്ടു് അവരുടെ ഇടയിൽ നടപ്പുള്ള വിവാഹം സാക്ഷാൽ വിവാഹമായി നീതിന്യായക്കോടതികൾക്കു് ഇനി അംഗീകരിക്കാതെയിരിക്കാൻ നിർവാഹമില്ലെന്നു വന്നിരിക്കുന്നു. കൊല്ലത്തിനു വടക്കുള്ള ഈഴവർ വെറും മരുമക്കത്തായികളാകയാൽ ഈ കമ്മീഷനിൽ കൂടി ചേരേണ്ട ആവശ്യകത അവരെ സംബന്ധിച്ചിടത്തോളം ഉണ്ടെന്നു പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ കമ്മീഷന്റെ ശുപാർശ അനുസരിച്ചുണ്ടാകാവുന്ന നിയമം ഗുണകരമാണെന്നു നമുക്കു ബോദ്ധ്യമാവുന്ന പക്ഷം ആ ഗുണഫലങ്ങളെ നമ്മുടെ സമുദായക്കാർക്കുംകൂടി അനുഭവമാക്കിത്തീർക്ക

Digitized By Kerala Sahitya Akademi

ന്നതിൽ അത്ര പ്രയാസമുള്ളതല്ല. ആ നിയമം ''ഈഴവരേയും സംബന്ധിക്കുന്നതാണെ''ന്ന ഒരു വകുപ്പ് അതിൽ ചേർക്കണമെന്നു നാം അപേക്ഷിച്ചാൽ മറ്റാരുടേയും രസനീരസങ്ങളെ ഈ വിഷയത്തിൽ ഗണ്യമാക്കിയിട്ടു യാതൊരു ആവശ്യവുമില്ലാത്ത നമ്മെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിനു് അപ്രകാരം പ്രവർത്തിക്കുന്നതിനു യാതൊരു വിരോധവും ഉണ്ടായിരിക്കുന്നതല്ല. നേരേമറിച്ചു കമ്മീഷന്റെ ശുപാർശ അനുസരിച്ചുണ്ടാകാവുന്ന ഭേദഗതികൾ ദോഷകരമാണെന്നു വന്നുകൂടുന്നപക്ഷം അതിൽ ചേർന്നു് ഒരു സ്വയംകൃതാനർത്ഥത്തെ ഉണ്ടാക്കിത്തീർക്കാതെയിരിക്കയാണല്ലോ നന്നു്. നമ്മുടെ അവകാശക്രമത്തിൽ എന്തെങ്കിലും ഭേദഗതി ചെയ്യേണ്ടതാവശ്യമാണെന്നു നമുക്കു തോന്നുന്നപക്ഷം മറ്റു സമുദായക്കാരോടു യാതൊരു ബന്ധവുമില്ലാതെ സ്വതന്ത്രമായി നില്ക്കുന്ന നമുക്കു സ്വയമായി അപ്രകാരം ചെയ്വാൻ സുവ്യവസ്ഥമായ ഒരു യോഗം നമുക്കുള്ള കാലത്തോളം യാതൊരു പ്രയാസവും ഉണ്ടായിരിക്കുന്നതല്ല. എസ്. എൻ. ഡി. പി. യോഗത്തിൽ നിന്നു് ഈ വിഷയത്തിൽ ചെയ്യുന്ന ന്യായമായ അപേക്ഷയെ ഗവർമ്മെൻറു് അംഗീകരിക്കാതിരിക്കാൻ യാതൊരു കാരണവുമില്ലെന്നു പ്രത്യക്ഷവുമാണല്ലോ. അതിനാൽ മരുമക്കത്തായക്കമ്മീഷനിൽ ഈഴവരെക്കൂടി ഉൾപ്പെടുത്താതെയിരുന്നതു് ഗവൺമെൻറിനു് ഈ സമുദായക്കാരുടെ നേരേയുള്ള അനാസ്ഥ കൊണ്ടാണെന്നു ഗവർമ്മെൻറിനേയോ, തങ്ങളെ ചുമതലപ്പെടുത്തിയ ചുമതലയുടെ സീമയെ അതിലംഘിച്ചു് ഈഴവരുടെ കാര്യം കൂടി അന്വേഷിക്കാതിരുന്നതിനു നിരപരാധികളായ കമ്മീഷൻ മെമ്പർമാരെയോ അപവദിക്കാൻ ഞങ്ങൾ തയ്യാറില്ല.

വിവേ : 1083 മേടം, ഇടവം

തിരുവിതാംകൂർ മരുമക്കത്തായബിൽ

നായന്മാരുടേയും സാമന്തന്മാരുടേയും ഇടയിൽ മരുമക്കത്തായ ചട്ടം അനുസരിച്ചുള്ള നടപടികളിൽ അന്തർഭവിച്ച ന്യൂനതകളും ദോഷങ്ങളും അതിന്റെ പരിഹാര മാർഗ്ഗങ്ങളും അന്വേഷിച്ചറിഞ്ഞു റിപ്പോർട്ടു ചെയ്വാനായി ഏതാണ്ടു 3 കൊല്ലങ്ങൾക്കു മുൻപു തിരുവിതാംകൂർ ഗവർമ്മെൻറിൽ നിന്നു് ഏർപ്പെടുത്തിയ ഒരു കമ്മിറ്റിയേയോ ആ കമ്മിറ്റി മുഖേന നടന്ന അന്വേഷണങ്ങളേയോ പറ്റി അറിയാത്തവർ വായനക്കാരുടെ ഇടയിൽ ചുരുങ്ങും. കമ്മിറ്റിക്കാർ റിപ്പോർട്ടു സഹിതം സമർപ്പിച്ച ഒരു കരടു ബിൽ ഇപ്പോൾ ഗവർമ്മെൻറു പരിശോധിച്ചു് ആവശ്യമെന്നു തോന്നിയ പരിഷ്കാരങ്ങൾ ചെയ്തു നിയമനിർമ്മാണസഭയിൽ പാസ്സാക്കാനായി കൊണ്ടുവരാൻ നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു. ഈ ബിൽ പാസ്സാക്കുന്നതോടു കൂടി മരുമക്കത്തായ ചട്ടത്തിനു് ഗണ്യമായ മാറ്റം വരുന്നതാകയാൽ നാം അതിനെ ശ്രദ്ധിക്കേണ്ടതാകുന്നു.

ഈ ബിൽ കൊണ്ടു് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നതു നായന്മാരുടേയും സാമന്തന്മാരുടെയും അവകാശ ക്രമങ്ങളേയും മറ്റും ക്രമപ്പെടുത്താൻ ആണെന്നാണു പ്രത്യക്ഷത്തിൽ തോന്നുന്നതു്. എന്നാൽ മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽ മരു

Digitized By Kerala Sahitya Akademi

മക്കത്തായം അനുസരിച്ചു വരുന്ന ഈഴവർ ഒരു വലിയ വഴ്ക്കാരാണു്. ജന സംഖ്യകൊണ്ടു മാത്രമല്ല വസ്തു ഉടമസ്ഥതയും ധനസ്ഥിതിയും കൊണ്ടും അവർ ഗവർമ്മെൻറിന്റെ ഗണനയെ നല്ലവണ്ണം അർഹിക്കുന്നു. ഈ ബിൽ അവരുടേയും മരുമക്കത്തായ സമ്പ്രദായത്തെ ക്രമീകരിക്കത്തക്കവണ്ണം ഉദ്ദേശിക്കപ്പെട്ടിരിക്കുകയാണെങ്കിൽ, (അങ്ങിനെയാണോ എന്നു് ഞങ്ങൾക്കറിഞ്ഞുകൂടാ) അവരുടേയും അറിവോടുകൂടിയുംഅഭിപ്രായം അറിഞ്ഞും പാസ്സാക്കേണ്ടതാകുന്നു. ഈ സംഗതിയിൽ ആവശ്യപ്പെട്ടാൽ എസ്. എൻ. ഡി. പി. യോഗം ഗവർമ്മെൻറിനു വേണ്ട ഒത്താശകളും ചെയ്തുകൊടുപ്പാൻ ഒരുക്കമുള്ളതായിരിക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

ഈഴവരുടെ അവകാശ ക്രമം

മരുമക്കത്തായബിൽ .ഇപ്പോൾ ഇരിക്കുന്ന രീതിയിൽ ഈഴവരേയും സംബന്ധിക്കുന്നതാണെന്നു മാത്രം സാമാന്യമായി വ്യവസ്ഥ ചെയ്തു് അവരുടെ ആവശ്യം കൂടി ഇതിനാൽ തന്നെ നിറവേറ്റാൻ പാടില്ല. അവരുടെ അവകാശ ക്രമത്തിനു് നായന്മാരുടേതിനെപ്പോലെ ഐകരൂപ്യമില്ല. ഇവരിൽ പദ്മനാഭപുരം ഡിസ്ട്രിക്റ്റിൽ കേവലം മക്കത്തായക്കാരും മിശ്രവഴിക്കാരും ഉണ്ടു്. തിരുവനന്തപുരം ഡിസ്ട്രിക്റ്റിലും കൊല്ലം ഡിസ്ട്രിക്റ്റിന്റെ തെക്കേ അറ്റങ്ങളിലും മിശ്രവഴി അല്ലെങ്കിൽ മക്കളും മരുമക്കളും വഴിയാകുന്ന നടപ്പു്. ചവറ മുതൽ വടക്കോട്ടു പറവൂർ വരെ കേവലം മരുമക്കവഴിക്കാരാകുന്നു. വീണ്ടും കോട്ടയം ഡിസ്ട്രിക്റ്റിൽ ചേർന്ന മീനച്ചൽ, മൂവാറ്റുപുഴ, ആലങ്ങാടു് ഈ താലൂക്കുകളിൽ മക്കത്തായ കുടുംബങ്ങൾ അധികമുണ്ടു്. ഈ സ്ഥിതി പ്രത്യേക അന്വേഷണം നടത്താതെ അവരെ പൊതുവിൽ സംബന്ധിക്കുന്നയാതൊരു വ്യവസ്ഥയും അവരുടെ ദായക്രമത്തിൽ ഗവർമ്മെൻറിനു ചെയ്വാൻ പാടില്ലാത്തതാകുന്നു.

ബില്ലിന്റെ വിവരം

ഇപ്പോൾ ഹാജരാക്കിയിരിക്കുന്ന ബില്ലിൽ ചുരുക്കത്തിൽ അഞ്ചു സംഗതികളെപ്പറ്റിയാണു നിബന്ധനകൾ കാണുന്നതു്. 1. സംബന്ധം അല്ലെങ്കിൽ വിവാഹം. 2. മരണപത്രം കൂടാതെ മരിച്ച ആളിന്റെ അവകാശം. 3. മരണപത്ര പ്രകാരമുള്ള അവകാശം. 4. കാരണവന്റേയും അനന്തരവന്മാരുടേയും കൃത്യങ്ങളും അധികാരങ്ങളും. 5. ഭാഗം. ഇവയിൽ സംബന്ധം ഇപ്പോൾ നടന്നു വരുന്ന വിധത്തിൽ തന്നെ വച്ചു കൊണ്ടു് അതിനെ നിയമ സമ്മതമായ വിവാഹമെന്നു വിചാരിക്കേണമെന്നും, വിവാഹമോചനംവരെ അതിനു സാധുതകല്പിക്കേണമെന്നുമാണു് ഒന്നാമത്തെ നിബന്ധന. വിവാഹമോചനം കോടതി മുഖേന ചെയ്യേണ്ടതാകുന്നു. മോചനം ആവശ്യപ്പെടുന്നതു ഭർത്താവായാൽ ഭാര്യയ്ക്കു നഷ്ടത്തിനും ചെലവിനും അവകാശമുണ്ടു്. ഭാര്യയായാൽ വാദിപ്പാൻ പാടില്ല. ഭർത്താവു മതം മാറിയാലും ഭാര്യയ്ക്കു വാദിപ്പാൻ പാടില്ല തന്നെ. ഇതുകൊണ്ടു ഭാര്യാഭർത്തൃസംബന്ധമായി ഹിന്തുക്കളുടെ പണം മതം മാറാതെ ഒരു വിധം തടുക്കപ്പെടുന്നു എന്നു വരികിലും മതം മാറുന്നതിൽ നിന്നു് ഹിന്തു ഭാര്യാ

Digitized By Kerala Sahitya Akademi

ഭർത്താക്കന്മാർ എത്രമാത്രം തടുക്കപ്പെടുന്നു എന്നുള്ളതു് കണ്ടുവേണം അറിവാൻ. എങ്കിലും സോപ്പുപോലെ മതം മാറുകയോ തന്നോടു കൂടി മതം മാറാൻ തയ്യാറില്ലാതിരിക്കുകയോ ചെയ്യുന്ന ഒരു ഭാര്യയെ സഹായിപ്പാൻ ഒരു ഭർത്താവു് നിയമത്താൽ നിർബന്ധിക്കപ്പെടുന്നതു് അയുക്തമാകയാൽ ഈ നിയമം ആവശ്യമത്രേ. ദാമ്പത്യ സംബന്ധമായ മോക്ഷത്തെ മാത്രമിച്ഛിച്ചു മതം മാറുന്ന ഹിന്തുക്കളുടെ ഇപ്പോഴത്തെ ശീലത്തെ ഈ നിയമം വാസ്തവത്തിൽ സഹായിക്കുകയോ തടുക്കുകയോ ഏതാണു ചെയ്യുക എന്നുള്ളതിനെപ്പറ്റി യഥാവസരം ഞങ്ങൾ ചിന്തിക്കുന്നതാണു്. ബഹുഭർത്തൃത്വം തടുക്കപ്പെട്ടിരിക്കുന്നു. എങ്കിലും ബഹുഭാര്യത്വത്തെ തടുപ്പാൻ ഗവൺമെൻറു തൽക്കാലം വിചാരിക്കാത്തതിനാൽ അതിനെപ്പറ്റി ബില്ലിൽ വ്യവസ്ഥയൊന്നും ചെയ്തിട്ടില്ല. പുരുഷന്മാർക്കു സദാചാരബോധം കുറേക്കൂടി വർദ്ധിക്കുകയോ സ്ത്രീകൾക്കു വിദ്യാഭ്യാസവും ഇപ്പോഴത്തേതിലധികം സ്വാതന്ത്ര്യവുമുണ്ടാവുകയോ ചെയ്യുമ്പോൾ ''അധികം നടപ്പിലിരിക്കുന്നതു'' എന്നുള്ള ഒറ്റ ഒഴികഴിവിന്മേൽ ഇപ്പോൾ ജീവധാരണം ചെയ്യുന്ന ഈ ദുരാചാരവും അവരുടെ ഇടയിൽ നാമാവശേഷമാകാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

മരണശാസനമില്ലാതിരിക്കുമ്പോൾ സ്വത്തിൻറെ അവകാശം

കുളിപ്തമായ മരണശാസനം (വിൽ) കൂടാതെ മരിച്ചു പോകുന്ന നായരുടെ അല്ലെങ്കിൽ സാമന്തൻറെ സ്വന്ത സമ്പാദ്യത്തിന്നു് അവകാശികൾ ആരെന്നുള്ളതിനെ നിർണ്ണയിക്കുന്നതാണു് ബില്ലിൽ രണ്ടാമത്തെ സംഗതി. ഇതിന മരിച്ച പുരുഷൻറെ സ്വത്തിൽ ഒന്നു പകുതി തൻറെ വിധവയ്ക്കും കുട്ടികൾക്കും കിട്ടേണ്ടതും മറേറ പകുതി മരിച്ച ആളിൻറെ തറവഴിയിലോ ഇല്ലെങ്കിൽ നേരേ അടുത്ത തറവഴിയിലോ ഉള്ള സഹോദരങ്ങൾക്കോ ശേഷക്കാർക്കോ കിട്ടേണ്ടതുമാണെന്നാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. മരിച്ചതു സ്ത്രീയാണെങ്കിൽ സ്വത്തു് അവളുടെ മക്കൾക്കോ മക്കളില്ലാത്തപക്ഷം അവളുടെ തള്ളവഴിയിലുള്ള സഹോദരങ്ങൾക്കോ തറവാട്ടിലേക്കോ ചേരുന്നതുമാണു്. മരിച്ച പുരുഷൻറെ അപ്രകാരമുള്ള സ്വത്തു ഭാഗിക്കുന്നതിന മുൻപിൽ അയാൾക്കു തറവാട്ടിൽ ഭാഗിച്ചു പിരിയാത്ത അവകാശികൾ ഉണ്ടെങ്കിൽ അവരുടെ കൈവശവും അല്ലെങ്കിൽ തൻറെ വിധവയുടേയും കുട്ടികളുടേയും കൈവശവും ഇരിക്കേണ്ടതാകുന്നു. ഇതുകൊണ്ടു പുരുഷൻറെ മരണ ശേഷം അവൻറെ വിധവയേയും കുട്ടികളേയും ആട്ടിപ്പുറത്താക്കുന്ന പരിതാപകരമായ നടപ്പു ഭേദപ്പെടുന്നതു വളരെ ആശ്വാസകരമാണു്. ഈ വ്യവസ്ഥ മുഴുവൻ ദക്ഷിണതിരുവിതാംകൂറിലെ മിശ്രവഴിക്കാരായ ഈഴവരുടെ ഇടയിൽ എത്രയോ നൂറാണ്ടുകാലമായി നടപ്പിലിരിക്കയാകുന്നു. ഈ നടപ്പു് ഏർപ്പെടുത്തിയ പഴയ പ്രപിതാമഹന്മാരുടെ ഔചിത്യ ബുദ്ധിയെ ഞങ്ങൾ ഈ അവസരത്തിൽ അഭിമാനപൂർവം അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഈഴവരിൽ കേവലമരുമക്കത്തായ സമ്പ്രദായികൾ ഇനിയെങ്കിലും ഈ വ്യവസ്ഥയെ അനുസരിക്കാൻ നോക്കേണ്ടതാകുന്നു.

മരണശാസനമുള്ള സ്വത്തിൻറെ അവകാശം

മൂന്നാമതുസംഗതിയിൽ സ്വന്ത സമ്പാദ്യത്തിന്മേൽ ഒരുത്തനു പൂർണ്ണസ്വാതന്ത്ര്യം ഉണ്ടെന്നു ബിൽ വ്യവസ്ഥചെയ്യുന്നു. അതുകൊണ്ടു ദാനപത്രമോ മരണപ

Digitized By Kerala Sahitya Akademi

ക്രമേണ വഴിയായി ഒരുത്തനു തന്റെ സ്വാർജ്ജിത സ്വത്തുക്കളെ ആർക്കും കൊടുപ്പാൻ അധികാരമുണ്ടു്. മരണപത്രപ്രകാരം അങ്ങിനെ കൊടുക്കപ്പെടുന്ന സ്വത്തിന്മേൽ മരിച്ചവന്റെ വിധവയ്ക്കും പ്രായപൂർത്തിയാകാത്ത കുട്ടികൾക്കും ജീവനാംശത്തിനുള്ള അവകാശംകൂടി ചുമത്തിയിരിക്കുകയാകുന്നു. അതു യുക്തമത്രേ.

കാരണവന്റേയും അനന്തരവരുടേയും കൃത്യങ്ങളും അധികാരങ്ങളും

നാലാമതു സംഗതിയിൽ തറവാട്ടുവസ്തുക്കളെ വിൽക്കുകയോ പണ്ടുകൊല്ലത്തിൽ അധികമായ കാലത്തേക്കു് ഒറിയായോ പാട്ടമായോ കൊടുക്കുകയോ ചെയ്യുമ്പോൾ കാരണവൻ അനന്തരവന്മാർ എല്ലാവരുടേയും രേഖാമൂലമായ സമ്മതത്തോടുകൂടി ചെയ്യേണ്ടതാണെന്നും അതിൽ കുറഞ്ഞ കാലത്തേക്കു് അപ്രകാരം ചെയ്യുമ്പോൾ തറവാട്ടാവശ്യത്തിന്നായും പ്രായപൂർത്തിയുള്ള തറവാട്ടിലെ അംഗങ്ങളുടെ സമ്മതത്തോടുകൂടിയും ചെയ്യേണ്ടതാണെന്നും ബില്ലിൽ വ്യവസ്ഥാപിച്ചിരിക്കുന്നു. തറവാട്ടാവശ്യത്തിലേക്കല്ലാതെയുള്ള കാരണവന്റെ കടം തറവാട്ടുസ്വത്തിനെ ബാധിക്കുന്നതല്ല. കാരണവന്റെ പേരിൽ ഉള്ള വിധികടങ്ങളും എല്ലാ താവഴികളിലേയും മൂത്ത അനന്തരവന്മാർകൂടി കേസിൽ കക്ഷി ചേർക്കപ്പെട്ടിരുന്നാൽ മാത്രമേ തറവാട്ടിനെ ബാധിക്കുകയുള്ളു. കാരണവനെ സ്ഥാനഭ്രഷ്ടനാക്കേണ്ടിവരുമ്പോൾ ഒരു പ്രത്യേക വ്യവഹാരത്തിന്മേൽ മാത്രം അപ്രകാരം ചെയ്യേണ്ടതും തറവാട്ടുസംബന്ധമായ മറേറതെങ്കിലും വ്യവഹാരത്തിൽവച്ചു് കാരണവനെ സ്ഥാനത്തിൽ നിന്നുനീക്കി വിധി പ്രസ്താവിക്കാൻ കോടതികൾക്കു് അധികാരമില്ലാത്തതും ആയിരിക്കും. തറവാട്ടിൽ വരവു ചെലവിനെപ്പററി കണക്കുവയ്പാൻ കാരണവൻ ബദ്ധനാകുന്നില്ല.

ഭാഗം

ഒരു തള്ളവഴിയിൽ ഉൾപ്പെട്ട അംഗങ്ങൾക്കു തമ്മിൽ ഭാഗം അനുവദിക്കുന്നില്ല. അതിനേക്കാൾ അകന്ന ശാഖക്കാർക്കുമാത്രമേ ബിൽപ്രകാരം ഭാഗിച്ചുകൊടുക്കയുള്ളു. മക്കത്തായമായി കിട്ടിയ വസ്തുക്കൾക്കും പ്രത്യേകം പ്രത്യേകം ഭാഗം അനുവദിക്കയില്ല. സഹോദരങ്ങൾ തമ്മിൽ അതിനെ ഒന്നായോ യഥായോഗ്യം വേർതിരിച്ചോ അനുഭവിക്കുമാത്രം ചെയ്യേണ്ടതായി വരും.

കമ്മിററിയുടെ അഭിപ്രായങ്ങളിൽ പലതിലും ഗവർമ്മെൻറു വളരെ ശ്രദ്ധയോടുകൂടി പരിശോധിച്ചു് ഭേദഗതികൾ ചെയ്തിട്ടുണ്ടു്. ഇങ്ങിനെ എങ്കിലും ഒരു നിയമം പാസ്സാകുന്നതു് നായർ സമുദായത്തിനു വലിയ അനുഗ്രഹമായിരിക്കുമെന്നുള്ളതിൽ തർക്കമില്ല. കേരളീയ നായർ സമാജത്തിനും ഇതിനു കാരണഭൂതരായ അതിന്റെ പ്രവർത്തകന്മാർക്കും ഇതു പാസ്സാക്കുന്നതു് വലിയ ചാരിതാർത്ഥ്യത്തിനു വകയാണു്. ഈ നിയമത്തിൽ നിന്നു് സാമന്തന്മാരിൽ ഗവർമ്മെൻറിനു യുക്തമെന്നുതോന്നുന്ന വലിയ കുടുംബക്കാരെ ഗസററിൽ പരസ്യ

Digitized By Kerala Sahitya Akademi

പെയ്ത് ഒഴിച്ചുവിടുന്നതായിരിക്കും. അതുകൊണ്ട് രാജകുടുംബങ്ങൾക്ക് മിക്കവാറും ഈ നിയമം ബാധിക്കാതിരിക്കാനാണ് എളുപ്പം. ഈ ബില്ലിനെപ്പറ്റി ഈഴവരിൽ പ്രമാണികളുടെ അഭിപ്രായം അറിയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

വിവേ : 1086 വൃശ്ചികം, ധന

നായർ റഗുലേഷൻ

കഴിഞ്ഞമാസം 10-ാംനു- തിരുവിതാംകൂർ നായർ റെഗുലേഷൻ എന്ന പേരിൽ നായന്മാരുടെ വിവാഹബന്ധം അവകാശക്രമം മുതലായവയെ പരിഷ്കരിച്ചു വ്യവസ്ഥ ചെയ്യുന്ന ഒരു നിയമം തിരുവിതാംകൂറിൽ നടപ്പാക്കുന്നതിനു കരുണാനിധിയായ മഹാരാജാവു തിരുമനസ്സിലെ അനുമതി സിദ്ധിക്കുകയും, ഇപ്പോൾ അതു നടപ്പാക്കുകയും ചെയ്തിരിക്കുന്ന വിവരം വായനക്കാർ അറിഞ്ഞിരിക്കുമല്ലോ. റെഗുലേഷന്റെ മലയാള തർജ്ജിമ മറ്റൊരു ദിക്കിൽ ചേർത്തിട്ടുണ്ട്. ജനസംഖ്യ, ധനസ്ഥിതി, വിദ്യാഭ്യാസം മുതലായി ഒരു ജനസമുദായത്തിന്റെ പ്രാധാന്യത്തിനു ഹേതുവായ എല്ലാ സംഗതികളിലും തിരുവിതാംകൂറിൽ മുന്നണിയിൽ നില്ക്കുന്നതു നായർ സമുദായമാകുന്നു. ഈ വലിയ സമുദായത്തിന്റെ സാന്മാഗ്ഗികമായും സാമുദായികമായുമുള്ള അഭിവൃദ്ധിക്കും യശസ്സിനും ബാധകമായി ആദികാലം തുടങ്ങി നടന്നുവരുന്ന ദുരാചാരങ്ങളേയും അനീതികളേയും കഴിയുന്നത്ര പരിഹരിച്ച് ഇപ്പോഴത്തെ ലോകഗതിക്കും മനോവൃത്തികൾക്കും ഒന്നുപോലുള്ള മാറ്റങ്ങൾ ഉണ്ടാക്കാൻ സമുദായപ്രമാണികളിൽ ഏതാനുംപേർ തോന്നിയ യഥാർത്ഥമായ താല്പര്യത്തിന്റേയും അതിനെ പിന്തുടർന്നുള്ള ഗണ്യമായ പ്രവൃത്തികളുടേയും ഫലമായിട്ടാണ് ഈ നിയമം ഇപ്പോൾ നടപ്പിൽവന്നിരിക്കുന്നത്. ഇത്ര പ്രാധാന്യമുള്ള ഒരു ചട്ടം അടുത്തകാലത്തു് തിരുവിതാംകൂർ നിയമനിർമ്മിതിയന്ത്രത്തിൽ നിന്നു രൂപീകരിച്ച് പുറത്തുവന്നിട്ടില്ലെന്നുള്ളതു നിശ്ചയമാകുന്നു. സമുദായത്തിന്റെ ശാശ്വതമായ ക്ഷേമത്തെ അടിസ്ഥാനമാക്കിയിട്ടുള്ള ഈ ശ്രമത്തിൽ മുന്നിട്ടുനിന്ന നായർ പ്രമാണികൾ നിശ്ചയമായും എല്ലാപേരുടേയും അഭിനന്ദനത്തെ അർഹിച്ചിരിക്കുന്നു. ഈ നിയമത്തിന്റെ വിഷയത്തിൽ വളരെ ജാഗ്രതകനായി പ്രവർത്തിച്ച നമ്മുടെ ദിവാൻ രാജഗോപാലാചാരി അവർകൾ ടി സമുദായത്താൽ എന്നേക്കും കൃതജ്ഞതയോടുകൂടി സ്മരിക്കപ്പെടുമെന്നുള്ളതിൽ സംശയിപ്പാനില്ല. എല്ലാറ്റിനും മേലായി ഈ റെഗുലേഷൻ നിമിത്തം നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ട് അശേഷം മാമൂൽ ഭയപ്പെടുന്ന ദേഹമല്ലെന്നും നേരേ മറിച്ച് സ്വപ്രജകളുടെ ക്ഷേമത്തിനായി ബുദ്ധിക്കുവേണ്ടിടത്തോളം സ്വാതന്ത്ര്യമുപയോഗിച്ച് കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിൽ ബദ്ധശ്രദ്ധനാണെന്നുമുള്ള സംഗതികൂടി അധികം വിശദമായി വെളിപ്പെട്ടിരിക്കുന്നു.

ഈ നിയമം മരുമക്കത്തായ ബിൽ എന്ന പേരോടുകൂടി ഗർഭസ്ഥമായിരുന്നപ്പോൾ ഈ കാളങ്ങളിൽ അതിനെപ്പറ്റി ഞങ്ങൾ വിമർശിച്ചിട്ടുണ്ടായിരുന്നു. ബില്ലിൽനിന്നു് റെഗുലേഷനായപ്പോൾ സ്വല്പം ചില ഭേദഗതികൾ വന്നിട്ടുണ്ട്.

Digitized By Kerala Sahitya Akademi

അതിനെപ്പററി വിസ്തരിച്ചിട്ടിപ്പോൾ ആവശ്യമില്ല. പ്രസ്തുത നിയമംകൊണ്ടു നായർ സമുദായ മര്യാദയിൽ ഇപ്പോൾ ഉണ്ടായ ഗുണകരമായ മാററങ്ങൾ താഴെ പറയുന്നവയാണു്.

(1) ഒരു നായർ സ്ത്രീയെ ആ വർഗ്ഗത്തിലോ ജനസമ്മതി സിദ്ധിച്ചിട്ടുള്ള മറേറ തെങ്കിലും വർഗ്ഗത്തിലോ ഉള്ള ഒരു പുരുഷൻ പുടവകൊടുകഴിച്ചാൽ അതു നിയമ ദൃഷ്ട്യാ ഒരു വിവാഹമായി. സ്ത്രീയുടു വ്യഭിചാരവും, ബഹുഭർതൃത്വവും ശിക്ഷാ ർഹങ്ങളായി സ്ഥാപിക്കപ്പെട്ടു. ഭർത്താവിനു ഭാര്യയുടെ മേൽ ദാമ്പത്യബന്ധാവ കാശം സ്ഥിരപ്പെട്ടു.

(2) ദമ്പതികളിൽ ഒരാളുടെ മരണത്താലോ, രജിസ്ടർ ചെയ്ത പരസ്പര സമ്മത പത്രത്താലോ പ്രതിഫലം കൊടുത്തു കോടതിയിൽനിന്നു കിട്ടുന്ന ഉത്തരവിനാ ലോ മാത്രം വിവാഹമോചനം ഉണ്ടാകുന്നു.

(3) ഭർത്താവിനു ഭാര്യയുടേയും. കുട്ടികളുടേയും നിയമസംബന്ധമായ രക്ഷാകർ തൃത്വം (അവർക്കു താൻ നൽകിയ സ്വത്തിനെ സംബന്ധിച്ചിടത്തോളമെങ്കി ലും) ഉണ്ടു്. ഭർത്താവിന്റെ സ്വാർജ്ജിതമോ പ്രത്യേകമുള്ളതോ ആയ സ്വത്തി ന്റെ ഒന്നുപകുതിക്കു ഭാര്യയും മക്കളും അവകാശികളാണു്. ഭർത്താവിനു മരുമ ക്കത്തായ പ്രകാരമുള്ള അവകാശികളും ആരുമില്ലാത്തപക്ഷം ആ സ്വത്തിനു മുഴുവ നും തന്നെയും ഇവർ അവകാശികളായി. ഭാര്യയുടെ സ്വാർജ്ജിതമോ പ്രത്യേക മുള്ളതോ ആയ സ്വത്തിനു് അവളുടെ തറവാട്ടിൽ അവകാശികളും ആരുമില്ലാത്ത പക്ഷം ഭർത്താവും, അയാളും ഒരു നായർ തന്നെയാണെങ്കിൽ അവകാശിയാണു്.
(4) വിവാഹമോചനത്തിനു് അപേക്ഷിക്കുന്നതു ഭർത്താവാണെങ്കിൽ ഭാര്യയ്ക്കു് അവളും മതം മാറിയിട്ടില്ലാത്തപക്ഷം 2000-രൂപയിൽ കവിയാത്ത ഒരു സംഖ്യ കോടതിയുടെ യുക്തംപോലെ പ്രതിഫലം കൊടുക്കണം.

ഈ റെഗുലേഷൻ കൊണ്ടു നായന്മാരുടെ പന്ഥാവിലുള്ള പരിസ്ഫുരണം പൂർത്തി യായി എന്നു പറവാൻ പാടില്ലെങ്കിലും അവരുടെ വിവാഹസംബന്ധമായും മുത ലവകാശം സംബന്ധമായുമുള്ള ദയനീയസ്ഥിതിക്കു് വളരെ ഭേദമുണ്ടായി എന്നു സമ്മതിച്ചേ തീരൂ. നായർ സ്ത്രീകളുമായുള്ള സംബന്ധം മേലാൽ ഒരു ചുമതലയു മില്ലാത്ത ഏർപ്പാടായി കരുതാൻ പണമുള്ളവരിൽ ആക്കം ഈ റെഗുലേഷൻ നിമി ത്തം കഴിയാതെ ആയിട്ടുണ്ടു്. അതുകൊണ്ടു് ആ വർഗ്ഗത്തിലെ സാധു സ്ത്രീകൾ ക്കു കുട്ടികളെ രക്ഷിക്കുന്ന ഭാരം വളരെ കുറഞ്ഞുപോകുന്നതും, മറു പ്രകാരത്തിൽ തന്നെയും അവരുടെ ചാരിത്ര നിഷ്ക കുറേ നന്നാവാൻ ഇടയുള്ളതുമാകുന്നു. ഈ റഗുലേഷൻ കൊണ്ടുള്ള വേറൊരു വലിയ ഗുണം നായർ വർഗ്ഗത്തിൽ നിന്നു് മേ ലാൽ അന്യഭ്രേദമായി സ്വത്തുക്കൾ ഗവർമ്മെൻറിൽ ചേരാൻഇടയില്ലെന്നുള്ള തണു്.

വിവേ: 1088 ധനു, മകരം

Digitized By Kerala Sahitya Akademi

ഈഴവർക്കു് ഒരു റെഗുലേഷന്റെ ആവശ്യകത

മരുമക്കത്തായക്കമ്മീഷൻ ഏർപ്പെടുത്തി നായന്മാരുടെ അവകാശ ക്രമങ്ങളേയും മറ്റും പറ്റി അന്വേഷണം തുടങ്ങിയ കാലത്തു തന്നെ ഹിന്ദുക്കളിൽ പലരും കൊണ്ടും അവരോടു് അടുത്തു നിൽക്കുന്ന ഈഴവരുടെ ആ വക സംഗതികളെപ്പറ്റി ആലോചിക്കേണ്ടതാണെന്നു് അവർ വിചാരിച്ചു തുടങ്ങിയിരുന്നു. എന്നുമാത്രമല്ല ഈഴവരിൽ വെറും മരുമക്കത്തായക്കാരായ മദ്ധ്യാത്തരതിരുവിതാംകൂറിലെ ഈഴവർ അവകാശ ക്രമത്തിലും സമുദായ നടപടികളിലും നായർ സമുദായത്തോടു് അശേഷം ഭേദമില്ലാത്തവരാകയാൽ അവരെ സംബന്ധിച്ചിടത്തോളമെങ്കിലും മരുമക്കത്തായക്കമ്മിഷൻ വിചാരണകളിലും അവയുടെ ഫലമായുണ്ടാവാനിരുന്ന നിയമത്തിലും ഈഴവർ കൂടി ഉൾപ്പെട്ടുമെന്നു ചിലർ ആശിച്ചിരുന്നു. എന്നാൽ നായർ സമുദായത്തെ സംബന്ധിച്ചു് അന്വേഷണങ്ങൾ പൂർത്തിയാകയും നിയമം പാസ്സാകയും ചെയ്തു കഴിഞ്ഞാൽ ആ നിയമത്തിന്മേൽ സ്വയമേവ ഗുണദോഷ വിവേചനം ചെയ്തു് കൂട്ടേണ്ടവയെ കൂട്ടിയും കുറയ്ക്കേണ്ടവയെ കുറച്ചും ഒരു പ്രത്യേക നിയമം ഈഴവരുടെ ദായക്രമത്തേയും ദാമ്പത്യ ബന്ധത്തേയും വ്യവസ്ഥപ്പെടുത്താൻ ഉണ്ടാക്കുന്നതു തന്നെ നന്നായിരിക്കുമെന്നായിരുന്നു ഞങ്ങൾക്കു് അന്നുമുതൽ ഉള്ള പ്രതീക്ഷ. അതുകൊണ്ടാണു് മരുമക്കത്തായ ബില്ലിനെപ്പറ്റി ഞങ്ങൾ ഈ കാളങ്ങളിൽ പരാമർശിച്ചകാലത്തു തന്നെ ഈഴവരെക്കൂടി ഉൾപ്പെടുത്തേണ്ടതിനെപ്പറ്റി ഒന്നും പറയാതിരുന്നതു്.

ഇപ്പോൾ ബിൽ റെഗുലേഷനായി പുറത്തുവന്നിരിക്കുന്നു. റെഗുലേഷൻ വളരെ സുഗമമായ ഒന്നാകയാൽ അതിന്റെ ഗുണദോഷങ്ങളെപ്പറ്റി ഒരുവിധം നമുക്കു് ഇപ്പോൾത്തന്നെ ചിന്തിച്ചാൽ അറിയാവുന്നതാണു്. അതുകൊണ്ടു നായന്മാർക്കുണ്ടാകാവുന്ന പ്രധാന ഗുണങ്ങളെ മേൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. മുതലവകാശത്തെ സംബന്ധിച്ചിടത്തോളം ദക്ഷിണ തിരുവിതാകൂറിലെ മലയാളം സംസാരിക്കുന്ന ഈഴവർക്കു് ഏറിയൊരു കാലമായി നടപ്പിലിരിക്കുന്ന ഒരു ദായക്രമമാണു് നായർ റെഗുലേഷനിൽ പ്രധാനമായി അവലംബിച്ചിരിക്കുന്നതെന്നു കാണുന്നതു് നമുക്കു് ഒരു വിധം അഭിമാനഹേതുവാണു്. എന്നാൽ ദക്ഷിണ തിരുവിതാംകൂറിലെ ആ നടപ്പു തന്നെ ഇന്നുവരെ ഒരു നിയമത്തിന്റെ സഹായം ആവശ്യപ്പെടത്തക്കവണ്ണം ഏറക്കുറെ അവ്യവസ്ഥിതമായാണിരിക്കുന്നതെന്നുള്ള വസ്തുത പലർക്കും അനുഭവമായിരിപ്പാനിടയുള്ളതുമാകുന്നു. ഈ നടപ്പു തന്നെ നിലനിന്നുപോകുന്നതു് അതിനെ യഥാസ്ഥിതി മനസ്സിലാക്കാൻ സ്വാഭാവികമായി സൌകര്യമില്ലാത്ത ജഡ്ജിമാർ പിടിച്ച പക്ഷത്തെ സ്ഥാപിപ്പാൻ വാദിക്കുന്ന വക്കീലന്മാരുടെ സങ്കല്പ വിശേഷങ്ങളെയോ സ്വന്ത മനോരാജ്യത്തേയോ ശരണീകരിച്ചു് എഴുതിത്തള്ളുന്ന വിധികളെ താങ്ങീട്ടാണു്. ഈ വിധികളും ഇതുവരെ ഏതെങ്കിലും ഒരു സാധാരണ തത്വത്തെ സ്ഥിരമായി അവലംബിച്ചിട്ടില്ല എന്നുള്ളതിനു് എത്രയോ രേഖകളും അനുഭവവും സാക്ഷിയാണു്. മിശ്രവഴി ഈഴവർ അവലംബിച്ചു വരുന്ന ദായം മരുമക്കത്തായത്തിന്റെയോ മക്കത്തായത്തിന്റെയോ ഏതിന്റെ രൂപാന്തരമാണെന്നുള്ള സംഗതി തന്നെ ജഡ്ജിമാക്കു് ഇതുവരെ തീർച്ചയായിട്ടുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഈ അപൂർ

Digitized By Kerala Sahitya Akademi

ണ്ണജ്ഞാനത്തെത്തന്നെ ആസ്പദമാക്കി എന്തെങ്കിലും തീർച്ചയാക്കാൻ നിർബന്ധിതരായ ന്യായാധിപന്മാരുടെ വിധികർത്തൃത്വം വേണ്ടിടത്തോളം ഐകരൂപ്യം വന്നിരുന്നില്ലെങ്കിൽ അതു സ്വാഭാവികവും ഒരു പ്രത്യേക റെഗുലേഷൻ ഇല്ലാത്ത കാലത്തോളം അതിനു് അവരെ കുറ്റപ്പെടുത്താൻ തരമില്ലാത്തതും ആകുന്നു.

ഒരാൾക്കു തന്റെ സ്വന്ത സമ്പാദ്യത്തിന്മേൽ നിരാക്ഷേപമായ സർവ സ്വാതന്ത്ര്യംഉണ്ടായിരിക്കേണ്ടതു് ആഗ്രഹിക്കത്തക്ക ഒരു നയമാണു്. നായർ റെഗ്രലേഷൻ നിമിത്തം തിരുവിതാംകൂറിലെ നായന്മാക്കു് അതു സാധിച്ചിരിക്കുന്നു. മിശ്രവഴി ഈഴവർക്കുതന്നെ അതുണ്ടോ എന്നുള്ളതു് നിയമദൃഷ്ട്യാ ഇന്നും ഒരു ചോദ്യമായിരിക്കുന്നതേയുള്ളു. ഒരുവന്റെ സമ്പാദ്യം തറവാട്ടിലെ സഹായത്തെ ആശ്രയിക്കാത്തതാണെന്നു തെളിവുള്ള ദിക്കിലെല്ലാം അയാളുടെ ഇഷ്ടദാനം മുതലായ കൈമാറ്റങ്ങളെ കോടതികൾ പ്രായേണ ഇപ്പോഴും സമ്മതിച്ചു വരുമാറുണ്ടെങ്കിലും നായർ റഗുലേഷനിൽ അതിനു വ്യവസ്ഥ ചെയ്തിരിക്കുന്ന സ്ഥിതിക്കു് എത്രയുണ്ടു തുല്യതത്ത്വത്തെ ആസ്പദമാക്കീട്ടുള്ള ദായക്രമത്തെ അനുസരിക്കുന്ന ഈഴവനു് അങ്ങിനെയുള്ള ഒരു വ്യവസ്ഥയുടെ അഭാവത്താലു, 'തറവാട്ട സഹായം' എന്നുള്ളതു് മനോരാജ്യവിലാസങ്ങൾക്കു് അവസരം കൊടുക്കാവുന്ന ഒരു കാരണമാകയാലും ഈഴവർക്കു സ്വന്ത സമ്പാദ്യത്തിൽ കൂടിയും സ്വാതന്ത്ര്യം സംശയിക്കേണ്ട ദിക്കിൽ ആയിരിക്കുന്നു എന്നുള്ളതു് ആർക്കും ആലോചിച്ചാൽ പ്രയാസം കൂടാതെ കാണാവുന്നതാണു്. ഈ പ്രസ്താവത്തിൽ നിയമൈകതല്പരനായ ഒരു ജഡ്ജി ഈഴവന്റെ ആഗ്രഹത്തെ അനുകൂലിക്കാതിരിപ്പാനാണു് അധികം എളുപ്പം എന്നു വന്നേക്കാം. ഹിന്ദുക്കളിൽ സ്വന്ത സമ്പാദ്യത്തിൽ തന്നെ പരമമായ സ്വാതന്ത്ര്യമില്ലാത്ത വർഗ്ഗക്കാർ ഏറെയുണ്ടു്. നായന്മാർക്കു് ഈ സ്വാതന്ത്ര്യം റെഗുലേഷൻ മൂലം വ്യവസ്ഥിതമായി. ഈഴവരെ ഏതു നിയമമാണു ഭരിക്കുന്നതു് എന്നുള്ളതിനു് വിനിഗമനം എവിടെ? ഇതിനെപ്പറ്റിയും നാം ചിന്തിക്കേണ്ടതാണു്. നായന്മാരിൽ മറവകാശികളും ഇല്ലാതിരിക്കുമ്പോൾ ഭാര്യയുടെ സ്വത്തു ഭർത്താവിനും ഭർത്താവിന്റെ സ്വത്തു ഭാര്യയ്ക്കും അടങ്ങണം എന്നുള്ള റെഗുലേഷനിലെ നിശ്ചയവും അപേക്ഷിതമായ ഒന്നാകുന്നു. അതുകൊണ്ടു് സമുദായത്തിലെ സ്വത്തു് 'അന്യച്ഛേദ'മായി ഗവർമ്മെൻറിലേക്കു ചേരുന്ന മാർഗ്ഗം കൂടി മിക്കവാറും അടഞ്ഞു പോയിരിക്കുന്നു, ഇതിനെപ്പറ്റിയും നാം ചിന്തിക്കേണ്ട കാലം വൈകിപ്പോയിരിക്കുന്നു.

തിരുവിതാംകൂറിൽ ഈഴവരുടെ അവകാശക്രമത്തിന്റെ നാനാത്വത്തെയും ഈഴവറെഗ്രലേഷനിൽ ശ്രദ്ധിക്കേണ്ട വിവാഹസംബന്ധമായ വ്യവസ്ഥകളേയും പറഞ്ഞു ഞങ്ങൾക്കു പറയാനുള്ളതെല്ലാം റെഗ്രലേഷന്റെ ആവശ്യകതയിൽ ജനസമ്മതി സിദ്ധിക്കുമ്പോൾ പ്രസ്താവിക്കുന്നതാകുന്നു.

കേവല മരുമക്കത്തായക്കാരുടെ സ്ഥിതി നായർ റഗ്രലേഷൻ ഉണ്ടാകുന്നതിനു മുൻപിലുള്ള നായന്മാരുടെ സ്ഥിതിയിൽ നിന്നു് ദായക്രമത്തെ സംബന്ധിച്ചിടത്തോളം അശേഷം ഭേദമില്ലാത്തതാണെന്നു പറഞ്ഞുവല്ലോ. അതുകൊണ്ടു നായർ റെഗ്രലേഷൻകൊണ്ടു് നായന്മാർക്കുണ്ടാകുമെന്നു വിചാരിക്കപ്പെട്ടിരിക്കുന്ന ഗുണ

Digitized By Kerala Sahitya Akademi

ങ്ങൾ അതിനെ അങ്ങിനെതന്നെ പകർത്തുന്നതുകൊണ്ടുപോലും ഈഴവർക്കു് ഉണ്ടാകാമെന്നുള്ളതു് നിരാക്ഷേപമാകുന്നു. എന്നാൽ ഈഴവർ തൽക്കാലം ആവശ്യപ്പെട്ടതും, ആവശ്യപ്പെടേണ്ടതും നായർ റെഗ്രുലേഷന്റെ തത്ത്വങ്ങളെ അടിസ്ഥാനമാക്കി സമുദായത്തിനു് അതിനെക്കാൾ ഗ്രുണകരമായ വ്യവസ്ഥകൾ അടങ്ങിയ ഒരു റെഗ്രുലേഷൻ ആകുന്നു. നായർ റെഗുലേഷൻ തന്നെ ആ സമുദായത്തിനു് ഗുണപ്രദമായ ഒരു നിബന്ധനയല്ലെന്നു വാദിക്കുന്നവർ ഇപ്പോൾ സമുദായനേതാക്കളിൽ ആരെങ്കിലും ഉണ്ടായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. പണ്ഡിതന്മാരും പരിപക്വബുദ്ധികളുമായ അനേക യോഗ്യന്മാരുടെ ദീർഘവും ഗാഢവുമായ ആലോചനയുടെ ഫലമായിട്ടാണു് പ്രജാക്ഷേമതൽപ്പരനായ മഹാരാജാവുതിരുമനസ്സിലെ ഗവമ്മെൻറു മുഖേന നായർ റെഗുലേഷൻ ശ്രുപീകരിക്കപ്പെട്ടിരിക്കുന്നതു്. ഈ വസ്തുത തന്നെ അതിന്റെ പ്രയോജനത്തേയും ഗ്രുണത്തേയും പറഞ്ഞി സാധാരണ ജനങ്ങൾക്കു വിശ്വാസം ജനിപ്പിക്കാൻ മതിയായിരിക്കും.

നായർ റെഗുലേഷൻ സമുദായത്തിന്റെ ഇടയിൽ ഇപ്പോൾ തന്നെ വർദ്ധിച്ചിരിക്കുന്ന ദുർവ്യവഹാരങ്ങൾക്കു കൂടുതൽ സൌകര്യം കൊടുക്കുന്നതാണെന്നും അതുകൊണ്ടു തൽക്കാലം ആ മാതിരി ഒരു നിയമം ഈഴവർക്കു് അഭിലഷണീയമല്ലെന്നും ചിലർ പറഞ്ഞേക്കാം. എന്നാൽ ഞങ്ങൾ അതിനെ ഒരു ഇട്ടങ്ങിയ നോട്ടമായേ വിചാരിക്കുന്നുള്ളു. ആദികാലംമുതൽക്കേ നിലനിന്നുവരുന്ന സമ്പ്രദായത്തിനു പെട്ടെന്നു് ഒരു മാറ്റം വരുത്തുമ്പോൾ കുറേ ചില്ലറ അസൌകര്യങ്ങളും ബുദ്ധിമുട്ടുകളും ചിലർക്കൊക്കെ വരാതെ കഴിയുകയില്ല. ഒരു വലിയ കാര്യവും ഈ മാതിരി കുറേശ്ശങ്ങൾ ഒന്നും കൂടാതെ സാധിക്കാവുന്നതുമല്ല. മാറ്റം പൊതുവിൽ ഗുണകർമമാണോ എന്നു വേണം ഉത്തരവാദികൾ നോക്കുവാൻ. നായർ സമുദായത്തിനു റെഗുലേഷൻ നിമിത്തം സിവിൽ ആയും ക്രിമിനൽ ആയും ചില പുതിയ കേസുകൾ അടുത്ത ഭാവിയിൽ ഉണ്ടാകുമെന്നിരുന്നാൽതന്നെയും ആമാതിരി ഏതാനും കേസുകൾ ഉണ്ടുവിച്ചു് അവയുടെ അവസാനതീർച്ച ഉണ്ടാകുന്നതോടു കൂടി മുൻപേ നടത്തിവരുന്ന മാതിരി അനേക ദുർവ്യവഹാരങ്ങൾക്കു കൂടിയും ഒരുക്കമുണ്ടാകുമെന്നു വിചാരിക്കാനാണു് അധികം ന്യായമുള്ളതു്. സംഗതികളെ ക്രമപ്പെടുത്തുകയും ഖണ്ഡിതമായി വ്യവസ്ഥാപിക്കയും ചെയ്യുന്ന നിയമങ്ങൾ ഇല്ലാത്തപ്പോഴാണു് അധികമായും വ്യവഹാരങ്ങൾ ഉണ്ടാവിക്കുന്നതു്. ജനങ്ങളുടെ ഇടയിൽ കണ്ടു വരുന്ന അനേക വിപ്രതിപത്തികൾ ഒരു ഭാഗത്തെ സ്ഥാപിക്കുന്നതിനു് ഖണ്ഡിതമായ നിബന്ധന ഇല്ലാത്തതിൽ നിന്നുണ്ടാകുന്നതാണെന്നു പറയേണ്ടതില്ലല്ലോ. നിബന്ധന ഇല്ലാത്ത കാലത്തോളം ഏതു സാധാരണ സംഗതിയിലും ഹൈക്കോടതി വരെ വ്യവഹാരം പറഞ്ഞു് അവസാന തീർച്ച അറിഞ്ഞെങ്കിലല്ലാതെ നമ്മുടെ ജനങ്ങൾ അടങ്ങിയിരിക്കാറില്ലെന്നുള്ളതു് നാം ദിവസേന അനുഭവിച്ചറിയുന്ന വസ്തുതയത്രേ. അതുകൊണ്ടു റെഗുലേഷൻ വ്യവഹാരത്തെ വർദ്ധിപ്പിക്കുമെന്നുള്ള ആക്ഷേപം അയുക്തികവും നേരേ മറിച്ചു് റെഗുലേഷന്റെ ആവിർഭാവത്തോടുകൂടി അനേക ദുർവ്യവഹാരങ്ങളുടെ ദ്വാരം അടഞ്ഞു പോകുമെന്നുള്ളതു നിശ്ചയവും ആകുന്നു.

ഇനി ഒരു പക്ഷം (ആ പക്ഷത്തിൽ അധികം ആളുകൾ ഉള്ളതായി ഞങ്ങൾ കേൾവിയില്ല) ഉള്ളതു് നായർ റെഗുലേഷൻ എങ്ങിനെ എല്ലാം കലാശിക്കുന്നു

Digitized By Kerala Sahitya Akademi

എന്നു സൂക്ഷിച്ചറിഞ്ഞിട്ടു് ഈഴവരുടെ റെഗുലേഷനെപ്പററി നമുക്കു ചിന്തിച്ചാൽ മതിയെന്നും അതുവരെ ക്ഷമയോടുകൂടി കാത്തിരിക്കണം എന്നുമാകുന്നു. ഇതു് ആഖശ്യത്തിലധികമായ ഒരു മുൻകരുതലാണെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. വിശേഷിച്ചു് മനുഷ്യ നിർമ്മിതമായ ചട്ടങ്ങളും ഒന്നും പ്രകൃതി നിയമങ്ങളും പോലെ അഭേദ്യങ്ങളല്ല. ഒരു നിബന്ധനയും ഒരിക്കലും പൂർണ്ണമായിരിക്കുന്നില്ല. മനുഷ്യന്റെ താൽക്കാലികമായ ആവശ്യങ്ങൾക്കു് അനുരൂപമായ മാററങ്ങളും ഏതു സമുദായത്തിന്റെയും ചട്ടങ്ങളിൽ ഉണ്ടായിക്കൊണ്ടു തന്നെ ഇരിക്കുന്നതും ഇരിക്കേണ്ടതുമാണു്. മാററമില്ലാത്ത ചട്ടങ്ങളും ഉണ്ടാകാൻ ആവശ്യപ്പെട്ടന്ന സമുദായത്തിനു് നിശ്ചയമായും ലോകയാത്രയിൽ ഒരിക്കലും മുന്നോട്ടു പോവാൻ യോഗമുണ്ടാകുന്നതല്ല. അതുകൊണ്ടു കാരണം കൂടാതെ ഭയപ്പെടുകയോ ആവശ്യമില്ലാതെ കാത്തിരിക്കുകയോ ചെയ്തു് നാം സമയവും സൗകര്യവും സംഗതിയും പാഴാക്കുന്നതു യുക്തമായിരിക്കുമെന്നു ഞങ്ങൾക്കു തോന്നുന്നില്ല. ഈഴവരുടെ അവകാശ ക്രമത്തെ നിർണ്ണയിക്കുന്ന ചട്ടങ്ങൾ ഒട്ടും താമസിയാതെ ഉണ്ടാകേണ്ടതും അതിൽ ആവശ്യപ്പെടുന്ന മാററങ്ങളും യഥാകാലം ഉണ്ടായിക്കൊണ്ടിരിക്കുന്നതുമാകുന്നു. എന്നാൽ അവശ്യമായും ഈ സംഗതിയിൽ സമുദായത്തിൽ ദൂരിഭാഗം യോഗ്യന്മാരുടെ ആലോചനയോടുകൂടി മാത്രമേ എന്തെങ്കിലും പ്രവർത്തിച്ചുകൂടൂ എന്നുള്ളതു നിരാക്ഷേപമാണു്.

വിവേ: 1088 ധനു, മകരം

ഈഴവരുടെ ദായക്രമം

ഇതിനെപ്പററി ഒട്ടും താമസിയാതെ ഒരു വ്യവസ്ഥ ഉണ്ടാകേണ്ട ആവശ്യകത പലർക്കും നല്ലവണ്ണം തോന്നീട്ടുണ്ടെന്നു് അറിയുന്നു. ഈ പംക്തികളിൽ ഞങ്ങൾ പല തവണയും ഇതിനെപ്പററി എഴുതിയിട്ടുണ്ടു്. പ്രജാസഭയിൽ കഴിഞ്ഞ രണ്ടുകൊല്ലമായി ഈഴവ പ്രതിനിധികൾ ഇതിനെപ്പററി ഗവർമ്മെൻറിനെ ധരിപ്പിക്കയും ചെയ്യുന്നുണ്ടു്. നായർ റെഗുലേഷൻ നടപ്പാകാൻ തുടങ്ങിയ കാലത്തു് ആ റെഗുലേഷൻ നായർ സമുദായക്കാരുടെ യോഗക്ഷേമങ്ങൾക്കു് എങ്ങിനെ ഉപകരിക്കുന്നു എന്നു കണ്ടിട്ടു് നമുക്കു് ഇതിനെപ്പററി ഗാഢമായി ആലോചിച്ചാൽ മതിയെന്നും അതുവരെ കാത്തിരിക്കുന്നതു നന്നായിരിക്കുമെന്നും ഏതാനും ചില ഈഴവമാന്യന്മാർ വിചാരിച്ചിരുന്നു. ഇപ്പോൾ അവർക്കും ആ റെഗുലേഷന്റെ ഗുണഫലങ്ങൾ കണ്ടു തൃപ്തിവന്നിട്ടുണ്ടായിരിക്കും.

തിരുവിതാംകൂറിൽ ഈഴവരുടെ ദായക്രമം ദേശഭേദം മുതലായ ചില കാരണങ്ങളാൽ ഭേദിച്ചിരിക്കുന്നതു് നിയമനിർമ്മാണത്തിനു വൈഷമ്യമുണ്ടാക്കുന്ന ഒരു വസ്തുതയാണു്. എന്നാൽ ഈ വൈഷമ്യം ചിലർ വിചാരിക്കുന്നതുപോലുള്ളതു വലുതല്ല. കേവല മക്കത്തായം, മിശ്രം, മരുമക്കത്തായം ഈ മൂന്നു ദായക്രമങ്ങളാണു് ഈഴവർക്കുള്ളതു്. ഇതിൽ മക്കത്തായം അനുസരിച്ചവരുടെ സംഖ്യ ചുരുക്കമാകുന്നു. മിശ്രവഴിക്കാരുടെ സംഖ്യയും മരുമക്കത്തായക്കാരുടേതിനേക്കാൾ

Digitized By Kerala Sahitya Akademi

വലുതല്ല. എന്നതന്നെയല്ല മിശ്രവഴിക്കാർക്ക പണ്ടുപണ്ടേയുള്ള സമ്പ്രദായവും നായർ റെഗുലേഷനിൽ ദായക്രമത്തെപ്പറ്റി സ്വീകരിച്ചിരിക്കുന്ന തത്ത്വവുമായി പറയത്തക്ക വ്യത്യാസം ഒന്നുമില്ലതാനും. അതുകൊണ്ടു തൽക്കാലം കേവല മരുമക്കത്തായക്കാർ മിശ്രവഴിക്കാരുടെ സമ്പ്രദായവും അങ്ങിനെതന്നെ പകർത്തക്കവണ്ണം വ്യവസ്ഥയുണ്ടാക്കുന്നതായാൽ നന്നായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നു. ഇതുകൊണ്ടു ഗവർമ്മെൻറിനു് ഈ വിഷയത്തിൽ പ്രത്യേകം വല്ല കമ്മിറ്റിയേയും നിയമിച്ചു ദീർഘമായ അന്വേഷണങ്ങൾ ഒന്നും നടത്തേണ്ടതാകയും വരില്ല. ചുരുക്കിപ്പറഞ്ഞാൽ നായർ റെഗുലേഷനെത്തന്നെ, നിസ്സാരമായ വല്ല ഭേദഗതികളോടുകൂടി ഈഴവർക്കും ബന്ധിക്കുന്നതാക്കിയാൽ മതി

മക്കത്തായക്കാരെ അങ്ങിനെയുള്ള ഒരു നിയമം ബാധിക്കരുതു്. മക്കത്തായം നിശ്ചയമായും ഈ മിശ്രമാർഗ്ഗത്തെക്കാൾ നല്ലതെന്നു മാത്രമല്ല സ്വാഭാവികവുമാണല്ലോ. ശ്രദ്ധമരുമക്കത്തായത്തിൽനിന്നു് ശ്രദ്ധമക്കത്തായത്തിലേക്കു് ഒരു പാട്ടത്തിനു ചെന്നെത്താൻ കഴിയാത്ത സാമുദായികബന്ധത്താൽ കുഴങ്ങുന്നവർ മിശ്രവഴിയിൽക്കൂടി തൽക്കാലം നടക്കട്ടെ. എല്ലാവരുംകൂടി മക്കത്തായത്തിലേക്കുതന്നെ ക്രമേണ ചെന്നുചേരുമെന്നു പ്രതീക്ഷിച്ചുകൊണ്ടു് മക്കത്തായക്കാർ തൃപ്തിപ്പെട്ടിരിക്കയും ചെയ്യട്ടെ. അതുകൊണ്ടു് ഈ വ്യവസ്ഥ ഉണ്ടാക്കുന്ന വിഷയത്തിൽ ഗവർമ്മെൻറിനെ പ്രേരിപ്പിപ്പാൻ വേണ്ടതു പ്രവർത്തിക്കേണ്ട കാലം വൈകുന്നു. ജനങ്ങൾക്കു് ഈ ആവശ്യകത പൊതുവിൽ നേരിട്ടിരിക്കുന്നു എന്നു നല്ല ബോദ്ധ്യമായല്ലാതെ ഗവർമ്മെൻറു് ഈ വക സമുദായകാര്യങ്ങളിൽ തലയിടുന്നതല്ലെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു് ഈഴവരുടെ സകല പ്രധാനസ്ഥലങ്ങളിലും സമാജങ്ങളിലും നിന്നു് അവരുടെ ഈ സങ്കടത്തെ ഗവർമ്മെൻറിനെ പ്രത്യേകം പ്രത്യേകം ധരിപ്പിക്കയും മേൽപ്പറഞ്ഞ വിധമുള്ള ഒരു നിവൃത്തിമാർഗ്ഗം കാലതാമസംകൂടാതെന്നിയെ ഉണ്ടാക്കാൻ അപേക്ഷിക്കയും ചെയ്യേണ്ടതാണെന്നു ഞങ്ങൾ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

വിവേ : 1089 മിഥുനം, കർക്കടകം

ഒരു ഹൈക്കോടതി വിധി

തിരുവിതാംകൂർ ഹൈക്കോടതിയിൽ 1088-ാമാണ്ടു വക സ്പെഷ്യൽ അപ്പീൽ 460-ാം നമ്പർ കേസിലെ ഫുൾ ബഞ്ചു് തീരുമാനം മക്കളും മരുമക്കളും വഴിക്കാരായ ദക്ഷിണതിരുവിതാംകൂറിലെ ഈഴവരുടെ ദായക്രമത്തെ സംബന്ധിച്ചുള്ള ചില തർക്കങ്ങൾക്കു് ഒരു തൃപ്തികരമായ വിധിയാകുന്നു. നാട്ടുകാര്യസ്ഥന്മാരുടെ ഊഹാപോഹസാമർത്ഥ്യത്തേയും ചില പഴയ ഹൈക്കോർട്ടു വിധികളേയും ആസ്പദമാക്കി മക്കളും ശേഷക്കാരും തമ്മിൽ യോജിപ്പില്ലാത്ത ഈഴവതറവാടുകളിൽ വസ്തുക്കൾ ഭാഗം ചെയ്യുന്ന വിഷയത്തിൽ വലിയ കഴപ്പുങ്ങളും വ്യവഹാരങ്ങളും ഉണ്ടാകാറുണ്ടു്. ''ശേഷക്കാരൻ കൊടുത്തു മകൻ വാങ്ങണം'' എന്ന കാരണവൻ മരിക്കുമ്പോഴും ''വത്സരാവകാശം'' കഴിഞ്ഞേ വസ്തുക്കൾ വിട്ടു

Digitized By Kerala Sahitya Akademi

കൊടുക്കാവു'' എന്നു അച്ഛൻ മരിക്കുമ്പോഴും കാര്യസ്ഥന്മാർ ബലമായി ഉപദേശിക്കുന്നതും പലരും കേട്ടിട്ടുള്ളതാണു്. പ്രസ്തുത അപ്പീൽ കേസിലെ വാദവിഷയം തന്നെ വളരെ രസമുള്ളതാകുന്നു. അച്ഛന്റെ സ്വാർജ്ജിത സ്വത്തു് അയാളുടെ മക്കൾക്കു് ഒറ്റി കൊടുത്തിരുന്നു. അച്ഛന്റെ മരണശേഷം ശേഷകാരൻ ആ വസ്തു മുഴുവൻ മറ്റൊരാൾക്കു വിലയ്ക്കുകൊടുത്തു. വിലയ്ക്കു വാങ്ങിച്ചവൻ വസ്തു ഒഴിപ്പിക്കാൻ ചെന്നപ്പോൾ മക്കൾ മുഴുവൻ വസ്തുവിനും ശേഷകാരന്റെ തീറു സാധുവാകുന്നതല്ലെന്നും പാതി വസ്തുവിനു തങ്ങൾ അവകാശികളാണെന്നും തർക്കിച്ചു. ഈഴവരുടെ ജാതിനടപ്പു പ്രകാരം ശേഷകാരൻ ഒരു ഭാഗം ഉണ്ണാടി പ്രകാരം വിട്ടു കൊടുക്കുമ്പോളല്ലാതെ മക്കൾക്കു വസ്തുവിന്മേൽ അവകാശമില്ലെന്നും അതു കൊണ്ടു താൻകൊടുത്ത തീറു സാധുവാണെന്നുമായിരുന്നു അപ്പീൽ വാദിയായ ശേഷകാരന്റെ വാദം. ഫുൾബഞ്ചിൽ അപ്പീൽ ചെലവു സഹിതം തള്ളുകയും മിശ്രുവഴിക്കാരായ ഈഴവരിൽ ഒരാളുടെ സ്വാർജ്ജിത സ്വത്തിന്മേൽ ഭാര്യയ്ക്കും മക്കൾക്കുമുള്ള അവകാശം ഹിന്ദുലായിലെ മക്കത്തായം പോലെ സ്വതഃസിദ്ധമാണെന്നും അതു ശേഷകാരൻ കൊടുത്തിട്ടു സിദ്ധിക്കേണ്ടതല്ലെന്നും വിധിയിൽ പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങിനെ ഒരു തൃപ്തികരമായ തീരുമാനം ഉണ്ടാക്കുന്നതിൽ നിഷ്കർഷിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിക്കും, വിശേഷിച്ചു ജസ്റ്റീസ് മിസ്റ്റർ കെ. കൃഷ്ണൻപണ്ടാല അവർകൾക്കും, ഞങ്ങൾ വന്ദനം പറയുന്നു.

വിവേ : 1090 കന്നി

ഈഴവറെഗുലേഷൻ !

തിരുവിതാംകൂറിലെ ഈഴവരുടെ പിന്തുടർച്ച, വിവാഹബന്ധം മുതലായവയെ വ്യവസ്ഥപ്പെടുത്തുന്ന ഒരു നിയമം ഉണ്ടാക്കുന്നതിന്നായി ഗവർമ്മെൻറിൽ നിന്നു് ഏർപ്പെടുത്തിയിരിക്കുന്ന കമ്മിറ്റി ഇതേവരെ യാതൊന്നും പ്രവർത്തിച്ചു കാണാത്തതിൽ പലർക്കും ആക്ഷേപമുള്ളതായി ഞങ്ങൾക്കറിയാം. കഴിഞ്ഞ കൊല്ലവഷ്ാവസാനത്തിനുമുമ്പു് ഈ കമ്മിറ്റിയുടെ ബിൽ സമർപ്പിക്കേണമെന്നായിരുന്ന ഗവർമ്മെൻറ് പ്രൊസീഡിംഗ്സിൽ ആവശ്യപ്പെട്ടിരുന്നതു്. ഇത്രതാമസം നേരിടുന്നതിനുള്ള കാരണം കമ്മിറ്റി പ്രസിഡൻറിനു് ഈ വിഷയത്തിൽ വേണ്ടതു യഥാകാലം പ്രവർത്തിപ്പാൻ മറ്റു സർക്കാർ ജോലികളിൽ നിമിത്തം സൗകര്യം കിട്ടാതിരുന്നതാണെന്നാണു് അറിയുന്നതു്. അദ്ദേഹം ഈയിടെ ഈഴവ ബില്ലിന്റെ കാര്യത്തിൽ ഏർപ്പെട്ടു് ടി സമുദായത്തിന്റെ ദായക്രമം, ദാമ്പത്യം മുതലായവയെ സംബന്ധിച്ചുള്ള വിധികളും വ്യവസ്ഥകളും മറ്റും ആരാഞ്ഞറിഞ്ഞുകൊണ്ടിരിക്കയാണെന്നും കമ്മിറ്റിയുടെ മീറ്റിംഗ് ഇനി കാലതാമസം കൂടാതെ ഉണ്ടാകുമെന്നും ഞങ്ങൾക്കു് ഇപ്പോൾ അറിവാൻ ഇടയായിരിക്കുന്ന വിവരം സന്തോഷപൂർവം പ്രസ്താവിച്ചുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

ഈഴവർ ഒരു വലിയ ജനവിഭാഗമാകയാലും അവരുടെ അവകാശക്രമത്തിനും മാറും ഐകരൂപ്യമില്ലാത്തതിനാലും പ്രസ്തുത നിയമനിർമ്മിതിയിൽ ചില വിഷമതകം നേരിടുമെന്നുള്ളതു സ്വാഭാവികമാണ്. അതുകൊണ്ടു പ്രധാന വാദവിഷയങ്ങളിൽ സമുദായത്തിന്റെ വലിയ ഭൂരിഭാഗാഭിപ്രായം നിർണ്ണയിച്ചുമാത്രമേ എന്തെങ്കിലും തീരുമാനമാക്കുന്നതു എന്നുള്ളതും നിശ്ചയമാണ്. ആ സ്ഥിതിക്കു കമ്മിറ്റി ഓരോ സ്ഥലങ്ങളിൽ സഞ്ചരിച്ചു സമുദായ പ്രമാണികളെ നേരിട്ടു കണ്ടു അവരുടെ അഭിപ്രായങ്ങളും രേഖപ്പെടുത്തി പ്രവർത്തിക്കേണ്ടതു് അപേക്ഷിതമാണെങ്കിലും ഗവർമ്മെന്റു് കമ്മിറ്റിയെ അങ്ങിനെ ചെയ്വാൻ അനുവദിക്കാതെയാണിരിക്കുന്നതു്. അതിനു കാരണങ്ങളും ഉണ്ടായിരിക്കാം. എന്നാൽ കമ്മിറ്റിയിൽ നിന്നു പ്രധാനവാദമുഖങ്ങളെ സംബന്ധിച്ചു ചോദ്യങ്ങളും പ്രസിദ്ധപ്പെടുത്തി യോഗ്യരായ സമുദായാംഗങ്ങളുടെ അഭിപ്രായങ്ങളും ശേഖരിപ്പാൻ അനുവദിക്കുന്നുണ്ടെന്നും അങ്ങനെ കമ്മിറ്റി പ്രവർത്തിക്കുമെന്നുമാണു് തോന്നുന്നതു്. കാര്യസാദ്ധ്യത്തിനു് അതും മതിയാകുന്നതാണല്ലോ.

ദായക്രമത്തെ സംബന്ധിച്ചു മിക്കവാറും നായർ റെഗുലേഷനിൽ സ്വീകരിച്ചിരിക്കുന്ന തത്ത്വങ്ങളെത്തന്നെ ഈഴവറെഗുലേഷനിലും സ്വീകരിക്കുന്നതിൽ വലിയ അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടാകുമെന്നു തോന്നുന്നില്ല. കേവലം മരുമക്കത്തായക്കാരുടെ വിഷയത്തിൽ പ്രത്യേകിച്ചു് ഇപ്പോൾ നടപ്പിലായിരിക്കുന്ന ആ റെഗുലേഷനിലെ തത്ത്വങ്ങളെ താംഗീകരിക്കുന്നതിൽ വലിയ തരക്കേടുണ്ടെന്നു വാദിക്കുന്നവരും ഉണ്ടാവാൻ തരമില്ല. മിശ്രവഴിക്കാക്കു പണ്ടേതന്നെയുള്ള അവകാശക്രമത്തിൽ നിന്നു സാരമായ ഭേദഗതികളും അതുകൊണ്ടു വരാനില്ലാത്തതിനാൽ അവക്കും വഴക്കിനു വകയില്ലാതാകുന്നു. അതുകൊണ്ടു് കാലഗതിക്കു് അത്യാവശ്യമായിത്തീരാനുള്ള വല്ല ഭേദഗതികളോടും പരിഷ്കരണത്തോടും കൂടി നായർറെഗുലേഷന്റെ ആ ഭാഗം മിക്കവാറും ഈഴവ റെഗുലേഷനിലും സ്വീകരിക്കാവുന്നതും കമ്മിറ്റിക്കു് അതു് ഒരു വലിയ സഹായവുമായിട്ടുള്ളതുമാകുന്നു.

വിവാഹബന്ധത്തെയും വിവാഹ മോചനത്തെയും സംബന്ധിച്ചാണു് അധികം വിപ്രതിപത്തികളും ഉണ്ടാവാൻ ഇടയുള്ളതു്. അംഗീകാര്യമായ വിവാഹരീതിയേയും വിവാഹബന്ധ മോചന വ്യവസ്ഥകളേയും പറ്റി നല്ലവണ്ണം ആലോചിച്ചുതീർച്ചയാക്കിയിട്ടു വേണം അവയ്ക്കു നിയമസമ്മതി നൽകുവാൻ. സദാചാരത്തിനും സമുദായത്തിന്റെ മുമ്പോട്ടുള്ള ഗതിക്കും ഒന്നുപോലെ അനുകൂലമാകുവുന്ന പരിഷ്കൃത വ്യവസ്ഥകളാണു് ഈ വിഷയങ്ങളിൽ ചെയ്യേണ്ടതു്. സമുദായത്തിൽ സഭകളും പരിഷ്കൃത വിവാഹരീതിയും പലേടിക്കിലും വ്യാപിച്ചു വരുന്നതുകൊണ്ടു് ഇവയെ സംബന്ധിച്ചു് ഒരു പൊതുജനാഭിപ്രായം കിട്ടുവാൻ ഈഴവർക്കിപ്പോഴും മുമ്പിലത്തേക്കാൾ എളുപ്പമാണെങ്കിലും പഴയ സമ്പ്രദായക്കാർ അവിടവിടെ ഇന്നും ഉള്ളതുകൊണ്ടും അവർക്കു പുതിയ ക്രമങ്ങളെ സംബന്ധിച്ചു വല്ലതും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അതും കമ്മിറ്റി കേൾക്കേണ്ടി വരുമെന്നുള്ളതിനാലും സമുദായാഭിവൃദ്ധിയെ ഉദ്ദേശിച്ചു സ്വാർത്ഥരഹിതമായി യത്നിക്കുന്ന സഭകളും സമുദായ സ്നേഹികളായ യോഗ്യന്മാരും കാലക്രമേണ നല്ലവണ്ണം ചിന്തിച്ചു് തങ്ങളുടെ സമുദായ ക്ഷേമകരമായ അഭിപ്രായങ്ങളെ കമ്മിറ്റിയെ ധരി

Digitized By Kerala Sahitya Akademi

പ്പിക്കുന്ന വിഷയത്തിൽ പ്രത്യേകം ജാഗ്രുകരായിക്കേണമെന്നു സ്നേഹപൂർവം അറിവിച്ചുകൊള്ളുന്നു.

വിവേ: കന്നി, തുലാം

ഈഴവ റെഗുലേഷൻ 2

സ്ഥൂലദർശനത്തിൽ തോന്നുന്ന അഭിപ്രായങ്ങളും പലപ്പോഴും വിഷയങ്ങളെ ഉറുനോക്കുമ്പോൾ മാറിപ്പോകുന്നു. ഈഴവസമുദായത്തിന്റെ ദായക്രമം മുതലായവയെ വ്യവസ്ഥപ്പെടുത്തുന്ന ഒരു നിയമം കേവലം മനോരാജ്യസ്ഥിതമായിരുന്ന കാലത്തു് അതിനെപ്പറ്റി തോന്നിയിരുന്ന അഭിപ്രായങ്ങളല്ല അതു സാദ്ധ്യകോടിയിലായപ്പോൾ ഉണ്ടായിത്തുടങ്ങിയതു്. എന്നാൽ ഇപ്പോൾ ആ നിയമനിർമ്മിതി സംബന്ധമായ പ്രവൃത്തികളിൽ അധികൃതന്മാർ ഏർപ്പെട്ടിരിക്കുന്ന ഈ ദിവസങ്ങളിൽ ഞങ്ങക്കു് അതിനെ സംബന്ധിച്ചു തോന്നുന്ന അഭിപ്രായങ്ങളും മുമ്പുണ്ടായവയെഒക്കെക്കൊണ്ടും ഭേദിച്ചിട്ടാണെങ്കിൽ അതിനെപ്പറ്റി ആരും വിസ്മയിക്കയോ തെറ്റിദ്ധരിക്കയോ ചെയ്യാതിരിപ്പാൻ അപേക്ഷ. സംഗതികളെ നേരിട്ടറികയും അവയെപ്പറ്റി ഗാഢമായി ആലോചിക്കുകയും ചെയ്യുമ്പോൾ കാണുന്ന വസ്തുതകളെ അവയുടെ സങ്കല്പകാലത്തുണ്ടായ തോന്നലുകളോടു യോജിപ്പിച്ചു വാക്കുകൊണ്ടു വല്ലവിധവും സാംഗത്യം സമ്പാദിക്കേണമെന്നുള്ള ദുരഭിമാനം മനുഷ്യൻ പ്രതിക്ഷണം വിജ്ഞാനാഭിവൃദ്ധി മാർഗ്ഗത്തിൽ മുന്നോട്ടു യാത്രചെയ്കയാണെന്നു വിശ്വസിക്കുന്ന ആർക്കും ഉണ്ടാവാൻ തരമില്ലല്ലോ. ഈഴവരുടെ അവകാശ ക്രമങ്ങളും വിവാഹസമ്പ്രദായങ്ങളും മുതലായവയ്ക്കു ശ്രമിച്ചാൽ ഒരു ഐകകണ്ഠ്യം വരുത്താൻ തന്നെ കഴിയുമെന്നാണു് ഇപ്പോൾ ഞങ്ങൾക്കു തോന്നുന്നതു്. മക്കത്തായം, മരുമക്കത്തായം, മിശ്രം ഈ മൂന്നു ദായക്രമങ്ങളും ഈഴവർ രുചിച്ചുനോക്കീട്ടുള്ളതാണു്. മീനച്ചൽ മുതലായ വടക്കൻതാലൂക്കുകളിലെ മക്കത്തായികളായ ഈഴവർ ഒരുകാലത്തു മരുമക്കത്തായക്കാരായിരുന്നിട്ടു് അടുത്തു കഴിഞ്ഞ കാലത്തു മക്കത്തായം സ്വീകരിച്ചിട്ടുള്ളവരാകുന്നു. നാഞ്ചിനാട്ടെ മക്കത്തായക്കാർ ഈഴവരുടെ ഇടയിലും ഈമാതിരി മാറ്റം സംഭവിച്ചിട്ടുണ്ടെന്നു് അന്വേഷിച്ചാൽ അറിയാവുന്നതാണു്. മിശ്രവഴിക്കാരിൽ പലരും അനേക തലമുറകളായി ആ ദായക്രമത്തിൽ തൃപ്തിപ്പെട്ടിരിക്കയാണെങ്കിലും ലോകഗതിക്കു സംഭവിച്ചിരിക്കുന്ന മാറ്റത്തിൽ ഈ അവകാശക്രമം മേലാൽ വച്ചുകൊണ്ടിരിക്കുന്നതു ശ്രേയസ്കരമല്ലെന്നുള്ള അഭിപ്രായക്കാരാണു്. കേവലം മരുമക്കത്തായം ത്യാജമാണെന്നുള്ളതിനു നായർ റെഗുലേഷൻതന്നെ മതിയായ തെളിവുമാകുന്നു. നായർ സമുദായത്തിൽതന്നെ യോഗ്യന്മാരായ പലർക്കും ഇപ്പോൾ മിശ്രാവകാശക്രമം രുചിക്കാത്തതായി തുടങ്ങീട്ടുണ്ടെന്നുള്ളതിനും തെളിവുകളും കാണാവുന്നതാണു്. ഈ സ്ഥിതിക്കു് ഈഴവർ ഇതിനെ എല്ലാംപറ്റി ഏറ്റവും ഗൗരമായി വിചാരിക്കയും ഗാഢമായി ആലോചിക്കയും ചെയ്യണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഈഴവക്കമ്മീഷൻ അതിന്റെ പ്രവൃത്തികളെ തൃപ്തികരമായി നടത്താൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈഴവർക്കു പ്രാധാന്യമുള്ള ചില സ്ഥലങ്ങളിൽ എങ്കിലും സഞ്ചരിച്ചു

Digitized By Kerala Sahitya Akademi

പ്രമാണികളെ വിസ്തരിച്ചു മൊഴികൾ വാങ്ങി അവരുടെ അഭിപ്രായങ്ങളെ ശേഖരിച്ചു് അവയ്ക്കും സമുദായത്തിന്റെ ആത്യന്തികമായ ക്ഷേമത്തിനും അനുരൂപമായ വിധത്തിൽ ബിൽ തയ്യാറാക്കേണ്ടതു് അപേക്ഷിതമായിരിക്കുന്നു. കമ്മീഷന്റെ നടപടികളെ ഇപ്രകാരം നയിപ്പാൻവേണ്ടതു ഗവർമ്മെൻറു ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കയും ചെയ്യുന്നു.

വിവേ; 1092 വൃശ്ചികം, ധന

ഈഴവ റെഗുലേഷൻ 3

തിരുവിതാംകൂറിൽ ഈഴവക്കു് ഒരു നിയമ മുണ്ടാക്കാനായി ഗവർമ്മെൻറിൽ നിന്നും ഏർപ്പെടുത്തിയ കമ്മിറ്റിക്കു സാക്ഷിവിസ്താരം നടത്തി അഭിപ്രായം രേഖരിപ്പാൻ അനുവാദം കൊടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഞങ്ങൾ കഴിഞ്ഞകുറി ഈ പംക്തികളിൽ അഭിപ്രായം പറഞ്ഞിട്ടുണ്ടായിരുന്നു. അതിനു ശേഷം കുംഭം 1—ാം നു കൂടിയ കമ്മിറ്റി മീറ്റിങ്ങിൽ മെംബർമാർ എല്ലാവരും ഈ വിഷയത്തെ സംബന്ധിച്ചു് ഒന്നുപോലെ അഭിപ്രായപ്പെട്ട നിശ്ചയം പാസ്സാക്കുകയും പ്രസിഡൻറു് അതു് ഗവർമ്മെൻറിന്നയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ടു്. അതിനുപുറമേ പ്രജാസഭയിൽ ഈഴവപ്രതിനിധികൾ എല്ലാം ചേർന്നു് സാക്ഷിവിസ്താരം അനുവദിക്കേണ്ടതു് ഏറ്റവും ആവശ്യമാണെന്നു കാണിച്ചും അതിനു കമ്മിറ്റിക്കു് അനുവാദം കൊടുക്കുകയും അതിലേക്കു വേണ്ടിവരുന്ന ചെലവു് അനുവദിക്കയും ചെയ്യണമെന്നു പ്രാർത്ഥിച്ചും ദിവാൻജി അവർകളുടെ മുമ്പാകെ വിജ്ഞാപനം സമർപ്പിക്കയും ചെയ്തിരുന്നു കമ്മിറ്റിയെ നിയമിക്കുന്നതിനു മുമ്പിൽ അതായതു് ഈഴവറഗ്രുലേഷനെ സംബന്ധിച്ച വിചാരങ്ങൾ പരിപക്വമാകുന്നതിനു മുമ്പിൽ, ഇഴഴവ പ്രമാണികളിൽ പലരും നായർ റഗ്രുലേഷനെ ചില്ലറ വല്ല ഭേഗതികളോടുകൂടി ഈഴവ റഗ്രുലേഷനാക്കിത്തീർത്താൽ മതിയെന്നു കരുതിയിരിക്കയും അതു് അങ്ങനെതന്നെ ഗവർമ്മെൻറിനെ ധരിപ്പിക്കയും ചെയ്തിട്ടുള്ളതു ശരിയാണു്. എങ്കിലും ഇന്നു് ഈഴവരുടെ ഇടയിലുള്ള പൊതുജനാഭിപ്രായം വളരെ ഭേദിച്ചിരിക്കുന്നു. ദായക്രമത്തിലും മറ്റും സമുദായത്തിന്റെ ഇന്നത്തെസ്ഥിതിക്കും ഭാവിഗ്രുണത്തിനും അനുരൂപമായി സാരമായ ഭേദഗതികൾ ഉണ്ടാകേണ്ടതാണെന്നും അങ്ങനെ സമുദായത്തിലുള്ള എല്ലാ അംഗങ്ങളേയും പ്രത്യേകമായും പൊതുവായും ബാധിക്കുന്ന നിയമനിർമ്മാണം ശരിയായ പൊതുജനാഭിപ്രായത്തെ ആസ്പദമാക്കിയല്ലാതെ ചെയ്യുന്നതു സ്വീകാര്യമായിരിക്കയില്ലെന്നുമുള്ളതു പ്രത്യേകം ശ്രദ്ധിക്കേണ്ട സംഗതികളാകുന്നു. സാക്ഷിവിസ്താരം അനുവദിക്കാതെ തൃപ്തികരമായ വിധത്തിൽ ഒരു പൊതുജനാഭിപ്രായം കിട്ടുന്നതു് സുകരമല്ലെന്നുള്ള ആക്ഷേപവും ഗണ്യമാണു്. അതുകൊണ്ടു് ഗവർമ്മെൻറു ചെയ്തു കമ്മിറ്റിയുടെയും പ്രജാസഭാ പ്രതിനിധികളുടെയും അപേക്ഷയെ അനുവദിക്കേണ്ടതാണെന്നു ഞങ്ങൾ വീണ്ടും പ്രാർത്ഥിക്കുന്നു. എന്നാൽ സാക്ഷിവിസ്താരത്തിനായി കമ്മിറ്റിക്കു സഞ്ചാരപ്പടി മുതലായതു കൊടുക്കുന്നതിനു് ഇപ്പോൾ ബഡ്ജറ്റിൽ ഒന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ അടുത്ത ബഡ്ജറ്റു കാലംവരെ കമ്മിറ്റിയുടെ പ്രവൃത്തി തുടങ്ങാൻ പാടില്ലെന്നു വന്നേക്കുമായിരിക്കാം. എന്നാൽ ഈ

Digitized By Kerala Sahitya Akademi

കൊല്ലം ഇനി ഏതാനുംമാസങ്ങൾ മാത്രമേയുള്ളു. അതുകൊണ്ടു കാത്തിരിക്കുന്നതുകൊണ്ടു സാരമായ ദോഷം ഒന്നും വരാനില്ലെന്നും താമസിച്ചാലും ശരിയായ സാക്ഷിവിസ്താരം നടത്തിമാത്രമേ കമ്മിറ്റി നക്കൽബിൽ തയ്യാറാക്കാവു എന്നുമാണു ഞങ്ങളുടെ അഭിപ്രായം.

വിവേ: 1092 മകരം, കം൦

വ്യക്തികാണ്ഡം

റാവുബഹദൂർ പി. വേലായുധൻ അവർകൾ

തിരുവിതാംകൂറിലെ തീയരിൽ ആദ്യത്തെ ബി. എ.യും ചെറുപ്പത്തിൽ ഭാഷാഭിവൃദ്ധിക്കു് ഉപയുക്തവും സർവകലാശാലയിൽനിന്നും പാഠപുസ്തകമായി സ്വീകരിച്ചിട്ടുള്ളതും ആയ ഒന്നിലധികം പുസ്തകങ്ങളെ പ്രസിദ്ധപ്പെടുത്തീട്ടുള്ള ഒരു നല്ല ഗ്രന്ഥകർത്താവും ആയ പി. വേലു. (വേലായുധൻ) ബി. എ. അവർകളെക്കുറിച്ചു നമ്മുടെ വായനക്കാർ പല പ്രകാരത്തിൽ അറിഞ്ഞിരിപ്പാൻ ഇടയുണ്ടു്. 1892–ൽ അതായതു 24 കൊല്ലങ്ങൾക്കുമുമ്പു് തിരുവനന്തപുരം കാളേജിൽ നിന്നും പോയി ബി. എ. ബിരുദധാരിയായി വന്നതുമുതൽ സ്വദേശമായ തിരുവിതാംകൂറിൽ ഏതെങ്കിലും സർക്കാർ പണി കിട്ടണമെന്നു 6, 7 കൊല്ലംവരെ അദ്ദേഹം ചെയ്ത വലുതായ ശ്രമത്തേയും അവയ്ക്കെല്ലാം അദ്ദേഹത്തിനുണ്ടായ പരിതാപകരമായ ഇച്ഛാഭംഗത്തേയും വിചാരിച്ചുനോക്കിയാൽ ഇന്നും ആർക്കും വ്യസനമുണ്ടാകുന്നതാകുന്നു. കുടുംബസ്വത്തുക്കൾ വിറ്റു ചെലവുചെയ്തു വലിയ ആശാബന്ധത്തോടുകൂടി പഠിച്ചു് അക്കാലത്തു അപൂർവമായ ഉയർന്നതരം പരീക്ഷയിൽ വിജയിയായി വന്നു സ്വരാജ്യത്തു വല്ലതും ഒരു ഉദ്യോഗം കിട്ടുന്നതിനായി അദ്ദേഹം അയച്ച അപേക്ഷയ്ക്കെല്ലാം There is no opening for him (ഒഴിവില്ല) എന്ന ഒറ്റ വാചകത്തിൽ ഇൻഡാസുമെൻറുകൾ വർഷിച്ചുകൊണ്ടിരുന്ന നമ്മുടെ ഗവർമ്മെൻറിന്റെ ക്ഷുദ്രനയത്തെക്കുറിച്ചു പറഞ്ഞാൽ ലജ്ജതോന്നാത്ത സ്വദേശാഭിമാനികൾ ഇപ്പോൾ ഉണ്ടായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഭാഗ്യവശാൽ ഒടുവിൽ അദ്ദേഹം നിവൃത്തി കാണാഞ്ഞു വൃദ്ധരായ മാതാപിതാക്കന്മാരെയും സ്വരാജ്യത്തെയും വിട്ടേച്ചുപോകയും ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ കീഴിൽ ചെറിയ ശമ്പളത്തിൽ ഒരു ക്ലർക്കായി ഏർപ്പെടുകയും ചെയ്തു. അദ്ദേഹമാണു് ദക്ഷിണ കർണ്ണാടക ജില്ലയിലെ റവന്യു സെറ്റിൽമെൻറു് സ്പെഷ്യൽ ഡെപ്യൂട്ടികലക്ടരായി നിയമിക്കപ്പെട്ടശേഷം ഇപ്പോൾ സ്ഥിരം ഡെപ്യൂട്ടികലക്ടരായിരിക്കുന്ന മാന്യൻ. അദ്ദേഹമാണു് ഇൻഡ്യാചക്രവർത്തിതിരുമനസ്സിലെ ഇക്കഴിഞ്ഞ തിരുനാൾ പ്രമാണിച്ചു ബഹുമാനമായി നൽകപ്പെട്ടതും തിരുവിതാംകൂറിൽ തന്നെയല്ല മറ്റു സ്ഥലങ്ങളിലും ദുർല്ലഭവും ആയ റാവുബഹദൂർ എന്ന മാന്യസ്ഥാനത്തിനു് ഇപ്പോൾ പാത്രീഭവിച്ച യോഗ്യ

Digitized By Kerala Sahitya Akademi

പുരുഷൻ. തിരുവിതാംകൂറിലെ മാറിപ്പോയ ഒരു ദിവാൻജി സ്വജാതിക്കു മുഴുവൻ അപമാനകരമായ വിധത്തിൽ ആരെ ഉദ്ദേശിച്ചു They can hardly be eligible for public offices അവർക്കു് ഉദ്യോഗം ഭരിക്കാൻ യോഗ്യതയില്ല എന്നു പറയത്തക്കവണ്ണം മുർഖതയുണ്ടായോ ആ ദേഹമാണു് കൊച്ചിയിലെ മാറിപ്പോയ ദിവാൻ രാജഗോപാലാചാരി ഇരുന്ന ആ ഗ്രേഡിൽ ഉള്ള സെറിൽമെൻറു് അസിസ്റ്റൻറു കമ്മീഷണർ എന്ന ഉയർന്ന ഉദ്യോഗസ്ഥാനത്തിൽ ഇപ്പോഴും ഗ്രണ്ടൂർ ഡിസ്ട്രിക്കിൽ നിയമിക്കപ്പെട്ട യോഗ്യനായ ഉദ്യോഗസ്ഥൻ. അന്യഥാചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ. മിസ്റ്റർ വേലായുധന്റെ യോഗ്യതയെ ബ്രീട്ടിഷ് ഗവർമ്മെൻറു ഗണ്യമാക്കിയതു വലുതായ ചാരിതാർത്ഥ്യ ഹേതു തന്നെ. നമ്മുടെ തിരുവിതാംകൂർ ഗവർമ്മമെൻറു് ഇനിയെങ്കിലും സംഗതികളെ ആലോചിച്ചു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു. നമ്മുടെ റാവു ബഹദൂരിനു് ഇപ്പോൾ 50 വയസ്സു കാണും. അദ്ദേഹത്തിന്റെ ഭാഗ്യവതിയായ മാതാവു് ഇപ്പോഴും സുഖമായി ജീവിച്ചിരിക്കുന്നുണ്ടു്. പ്രസിദ്ധനായ ഡാക്ടർ പല്പു അവർകളും അദ്ദേഹത്തിന്റെ അനുജനും ഹൈക്കോർട്ടു വക്കീൽ എം. ഗോവിന്ദൻ അവർകളും അദ്ദേഹത്തിന്റെ ജാമാതാവുമാണു്. ഇദ്ദേഹം തനിക്കും തന്റെ കുടുംബത്തിനും സമുദായത്തിനും രാജ്യത്തിനും അഭിമാനകരങ്ങളായ പല ഉൽക്കർഷങ്ങളേയും ബഹുമതികളേയും ഇനിയും പ്രാപിച്ചു കാണുമാൻ ഞങ്ങൾ ഹൃദയപൂർവം ഈശ്വരനെ പ്രാർത്ഥിക്കുന്നു.

വിവേ: 1081 ധനു

വക്കീൽ കൊററിയത്തു രാമുണ്ണി അവർകൾ

ഈ കഴിഞ്ഞ വാർഷികയോഗത്തിൽ പ്രസിഡൻറായിരുന്ന ഇദ്ദേഹത്തെക്കുറിച്ചു തിരുവിതാംകൂറിലു, കൊച്ചിയിലുമുള്ള നമ്മുടെ വായനക്കാർ അത്ര വളരെ ഒന്നും അറിഞ്ഞിരിക്കയില്ല. അദ്ദേഹം തന്റെ പ്രാരംഭ പ്രസംഗത്തിൽ തന്നെക്കുറിച്ചു 'ഞാൻ നിങ്ങളുടെ ഉദ്യമത്തിൽ സർവാത്മനാ അനുകൂലിക്കുന്നവനാണു്. എന്റെ മറെറല്ലാകുറവുകളും വീഴ്ചകളുംഅതിനാൽ ആച്ഛാദിക്കപ്പെടുമെന്നുഞാൻവിശ്വസിക്കുന്നു' എന്നു് വിനയമസൃണമായി പറഞ്ഞിരിക്കുന്നുവെങ്കിലും ഈസ്ഥാനം വഹിപ്പാൻ അദ്ദേഹത്തെക്കാൾ എന്തുകൊണ്ടും യോഗ്യതയുള്ളവർ അധികം ഉണ്ടായിരിക്കാൻ തരമില്ല. അദ്ദേഹത്തിന്റെ ഭവനം തലശ്ശേരിയിൽ ആണെങ്കിലും അദ്ദേഹം ജനിച്ചതും വിദ്യാഭ്യാസം ചെയ്തതും കണ്ണൂരായിരുന്നു. മെട്രിക്യുലേഷൻപാസ്സായശേഷം വടക്കേ മലയാളത്തിൽ അദ്ദേഹം ഒരു മുൻസിഫ് കോർട്ടു് ക്ലർക്കായി കുറേനാൾ ഇരുന്നു. അവിടെനിന്നും അദ്ദേഹത്തെ 1876–ൽ ഒരു രണ്ടാം ഗ്രേഡ്വക്കീലായും 1880–ൽ ഒരു ഒന്നാം ഗ്രേഡ് വക്കീലായും നിയമിച്ചു. വക്കീലിന്റെ നിലയിൽ താൻ തെക്കേമലയാളത്തിലുംവടക്കേമലയാളത്തിലും. ദക്ഷിണകർണ്ണാടക ജില്ലയിലും അസാമാ

Digitized By Kerala Sahitya Akademi

ന്യമായി ശോഭിച്ചിട്ടുണ്ടെന്നുമാത്രമല്ല ഇപ്പോഴും വടക്കെമലയാളത്തിലെ പ്രസി ദ്ധവക്കീലന്മാരിൽ ഒരാളാകുന്നു. രണ്ടുകൊല്ലങ്ങൾക്കുമുമ്പു് ആലപ്പുഴ ഡിസ്ട്രിക്ടു് കോർട്ടിലും ഒരു പ്രധാനമായ കേസു് സംബന്ധിച്ചു് ഇദ്ദേഹം വരികയും ജഡ്ജിമാരുടേയും വക്കീലന്മാരുടേയും അഭിനന്ദനത്തിനു പാത്രമാകയും ചെയ്തിട്ടുണ്ടു്. തലശ്ശേരിയിൽ 1878–ൽ ഇദംപ്രഥമമായി മുൻസിപ്പൽ കൗൺസിൽ ഏർപ്പെടുത്തിയപ്പോൾ ആദ്യം തിരഞ്ഞെടുക്കപ്പെട്ട കൗൺസിലർ ഇദ്ദേഹമായിരുന്നു. അന്നുമുതൽ ഇന്നുവരെ അദ്ദേഹം അവിടത്തെ ഒരു കൗൺസിലരായിരിക്കയും ആകുന്നു. ആ പ്രധാനപ്പെട്ട മുൻസിപ്പൽ കൗൺസിലിൽ തന്നെ 1891 മുതൽ 3 കൊല്ലത്തോളം ചെയർമാനായും അദ്ദേഹം ഇരുന്നിട്ടുണ്ടു്. ഗവർമ്മെൻറു സംബന്ധമായോ പെതുജനക്ഷേമകരങ്ങളായോ ഉള്ളുഏർപ്പാടുകളിലും ഒരു പ്രധാനഭാഗം ഇദ്ദേഹം എല്ലായ്പ്പോഴും വഹിച്ചിട്ടുണ്ടു്. ഇൻഡ്യയുടെ പല പ്രധാനഭാഗങ്ങളിലും കൂടിവരുന്ന നാഷണൽ കോൺഗ്രസ്സിൽ ഇദ്ദേഹം ഒന്നിലധികം പ്രാവശ്യം പ്രതിനിധിയായി പോയിട്ടുണ്ടു്. ചുരുക്കത്തിൽ ഇദ്ദേഹത്തെപ്പോലെ തൻെറ സ്വദേശികൾക്കു പൊതുവിലും സമുദായത്തിനു പ്രത്യേകിച്ചും ഗുണപ്രദങ്ങളായ കാര്യങ്ങളിൽ ശ്രമിച്ചിട്ടുള്ള ഒരു മാന്യപുരുഷൻ മലബാറിൽ ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ടോ എന്നു് ഞങ്ങൾക്കു സംശയമാകുന്നു. ഇദ്ദേഹത്തിനു് 50 വയസ്സിൽ കവിഞ്ഞ പ്രായമുണ്ടു്. ഹൈക്കോർട്ടു വക്കീൽ മിസ്റ്റർ കെ. കൃഷ്ണൻ ബി. ഏ. ബി. എൽ. അവർകൾ ഇദ്ദേഹത്തിൻെറ പുത്രനാണു്. ഹൈക്കോർട്ടുവക്കീൽ കെ. കരുണാകരൻ ബി. ഏ. ബി. എൽ. അവർകളും, കൽക്കട്ടാ ഇമ്പീരിലൽ ഗസറാഫീസിൽ ഒരു ഉയർന്ന ഉദ്യോഗത്തിൽ ഇരിക്കുന്നമിസ്റ്റർ കെ. അനന്തൻ ബി. എ. യുംഇദ്ദേഹത്തിൻെറ ഭംഗിനേയന്മാരണു്. മുൻസിഫു് മിസ്റ്റർ കെ. കണ്ണൻ ബി. എ. ബി. എൽ ഇദ്ദേഹത്തിൻെറജ്യേഷ്ഠൻെറമകനാകുന്നു. ഇതുപോലെയോഗ്യന്മാരായഅനേക അംഗങ്ങളാൽ അലംകൃതമായഇദ്ദേഹത്തിൻെറ വലിയ കുടുംബം നമ്മുടെ സമുദായത്തിനു് അഭിമാനപ്രദങ്ങളായ കുടുംബങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാകുന്നു. ഈ മാന്യപുരുഷൻ ഇപ്പോൾ മുതൽ തൻെറ ആത്മാവും ശരീരവും നമ്മൾക്കു് (എസ്. എൻ. ഡി. പി. യോഗത്തിനു) വേണ്ടി ശ്രമിപ്പാനായി വച്ചിരിക്കുന്നു എന്നു് ഒരു സ്നേഹിതനു് ഈയിടെ എഴുതിയ പ്രൈവറുകത്തിൽ പ്രസ്താവിച്ചിരിക്കുന്നതറിയുമ്പോൾ അദ്ദേഹത്തിനുള്ള സമുദായ സ്നേഹത്തിൻെറ ആഴത്തേയും, അദ്ദേഹത്തിൻെറ യോഗ്യതയെ വിചാരിക്കുമ്പോൾ സമുദായത്തിനു വേണ്ടി അദ്ദേഹത്തിനു ചെയ്വാൻ കഴിയുന്ന ഗുണകൃത്യങ്ങളുടെവ്യാപ്തിയേയും, വായനക്കാർക്കു ഏതാണ്ടു് അനുമിക്കാമല്ലോ. നമ്മുടെ യോഗം വകമനേജിംഗ് കമ്മിറ്റിയിലേയും എഡ്യുക്കേഷൻഫണ്ടു് കമ്മറ്റിയിലേയും ഒരു മെമ്പർസ്ഥാനം ഇദ്ദേഹം സ്വീകരിച്ചിരിക്കയാകുന്നു. നമ്മുടെ സമുദായത്തിനും യോഗത്തിനും അനേകഗുണങ്ങൾ ചെയ്വാൻ ശക്തിയും മനസ്സും ഒരുക്കവുമുള്ള ഈ മാന്യപുരുഷൻആരോഗ്യസൗഖ്യങ്ങളോടുകൂടി അനേകകാലം ജീവിച്ചിരിപ്പാൻ ഞങ്ങൾ ഹൃദയപൂർവം ഈശ്വരനെ പ്രാർത്ഥിക്കുന്നു.

വിവേ: 1081 ധനു

Digitized By Kerala Sahitya Akademi

എം. ആർ. കേളപ്പൻ അവർകൾ

ഉയർന്നതരം പരീക്ഷാ വിജയത്താലല്ല സ്വന്ത പൗരുഷത്താലും നേരു്, കൃത്യനിഷ്ഠ മുതലായ ഗുണങ്ങളാലും ജനപ്രീതിയും ഗവർമ്മെൻറിന്റെ സമ്മതിയും സമ്പാദിച്ചു മാന്യസ്ഥിതിയിൽ എത്തീട്ടുള്ള അപൂർവം യോഗ്യന്മാരിൽ ഒരാളാണു് നമ്മുടെ ഈ കഴിഞ്ഞ യോഗത്തിലെ അദ്ധ്യക്ഷസ്ഥാനം വഹിച്ച മ. രാ. രാ. എം. ആർ. കേളപ്പൻ അവർകൾ. ഇദ്ദേഹം കോഴിക്കോട്ടുനഗരത്തിനു് ആറുമൈൽ വടക്കുകിഴക്കുള്ള താമരശ്ശേരിൽ അംശത്തിൽ മേൽകോയിൽ നമ്പിയാമ്പറമ്പത്തെന്ന പഴയ തറവാട്ടിൽ കൊല്ലവർഷം 1019 മേടം 20–ാംനു ജനിച്ചു. പന്ത്രണ്ടു വയസ്സു വരെ ഇദ്ദേഹം മലയാളവും സംസ്കൃതവും പഠിച്ചു. അതിനുശേഷം ഈസ്റ്റ്ഹില്ലിൽ കളക്ടരുടെ ബംഗ്ളാവിനോടു ചേർന്ന ഒരു കെട്ടിടത്തിൽ അന്നു സ്ഥാപിച്ചിരുന്ന സർ ഡബ്ള്യു. എം. റോബിൻസൺസ് പ്രൈവറ്റ് സ്കൂളിൽ ചേർന്നു് ഇംഗ്ളീഷു് പഠിപ്പാൻ ആരംഭിച്ചു. അവിടെ നിന്നു കോഴിക്കോട്ടുണ്ടായിരുന്ന ഗവർമ്മെൻറ് പ്രോവിൻഷ്യൽ സ്കൂളിൽ ചേർന്നു പഠിച്ചു. അദ്ദേഹം തന്റെ സ്കൂൾ ജീവിതം അവിടെത്തന്നെ അവസാനിപ്പിച്ചു. ഒരു യൂറോപ്യൻ കച്ചവടക്കാരന്റെ കുളർക്കായിട്ടാണു് അദ്ദേഹം തന്റെ ഉദ്യോഗജീവിതം തുടങ്ങിയതു്. ഏതാനും ആഴ്ചവട്ടങ്ങൾ മാത്രം ആ ജോലിയിൽ ഇരുന്നപ്പോൾ അദ്ദേഹത്തിനു കളക്ടറുടെ ആഫീസിൽ 20ക. ശമ്പളത്തിൽ ഒരു ആക്ടറിംഗ് ഇംഗ്ളീഷ് ക്ലർക്കിന്റെ പണികിട്ടി. അതിനുശേഷം ക്രിമിനലും റവന്യൂവും സംബന്ധമായ ഗവർമ്മെൻറു പരീക്ഷകളും പാസ്സാകുകയും 15 ഉറുപ്പിക ശമ്പളത്തിൽ ആദ്യമായി ഒരു മിലിട്ടറി പെൻഷൻ കുളർക്കിന്റെ പണി സ്ഥിരമായി കിട്ടുകയും ചെയ്തു. ഏതാനും മാസങ്ങൾക്കുള്ളിൽ 20ക. മാസപ്പടിയിൽ അദ്ദേഹം ജനനമരണ രജിസ്ട്രേഷൻ ഹെഡ് ക്ലർക്കായിത്തീർന്നു. അതിൽ നിന്നു വേഗത്തിൽ 45 ക. മുതൽ 50 ക. വരെ ശമ്പളത്തിൽ ലോക്കൽ ഫണ്ടു് ഹെഡ്ക്ലർക്കായി. ഇതിൽ നിന്നു അദ്ദേഹത്തിനു ഒരു മജിസ്ട്രേട്ടായി കയറ്റം കിട്ടേണ്ടിയിരുന്നു. എങ്കിലും ലോക്കൽ ഫണ്ടാഫീസിൽ നിന്നു് അദ്ദേഹത്തെ വിട്ടയയ്ക്കുന്നതു് തൽക്കാലം ഗവർമ്മെൻറിനു് അസൗകര്യമായിരുന്നതിനാൽ മാത്രം അദ്ദേഹത്തിനു് അതു ലഭിക്കാതിരുന്നു. മജിസ്ട്രേട്ട പണിക്കുള്ള അദ്ദേഹത്തിന്റെ അപേക്ഷയെ സംബന്ധിച്ചു് അന്നത്തെ ഡെപ്യൂട്ടി കളക്ടർ മിസ്റ്റർ പി. ഏ. കോം, "കേളപ്പൻ ആഫീസിലുള്ള ഏറ്റവും സൂക്ഷ്മബുദ്ധികളായ ഉദ്യോഗസ്ഥന്മാരിൽ ഒരാളാണെ"ന്നും, "അദ്ദേഹം ഇംഗ്ളീഷു് നല്ലവണ്ണം പഠിച്ചിരിക്കുന്നു" എന്നും, മജിസ്ട്രേട്ടിന്റെ ഒഴിവിനു നിശ്ചയിപ്പാൻ അദ്ദേഹത്തെക്കാൾ യോഗ്യനായ ഒരാൾ മലയാം ജില്ലയിൽ ഉണ്ടെന്നു താൻ വിചാരിക്കുന്നില്ലെ"ന്നും എഴുതിയിരുന്നവത്രേ. അതിനുശേഷം കുറെ ദിവസം അദ്ദേഹത്തെ കളക്ടറുടെ ട്രാൻസ്ലേറ്ററായി 70 ക. മാസപ്പടിയിൽ നിയമിച്ചു. 1873-ൽ 60 ക. ശമ്പളത്തിൽ വടകര ശിരസ്തദാർ മജിസ്ട്രേട്ടായി നിയമിച്ചു. അവിടെ അദ്ദേഹം തീയരിൽ വിദ്യാഭ്യാസവും നാഗരികതയും സിദ്ധിച്ചിട്ടില്ലാത്ത ജനങ്ങളുടെ ഇടയിൽ സാമുദായിക സംബന്ധമായ പല പരിഷ്കാരങ്ങളും വരുത്താൻ ശ്രമിച്ചിരുന്നു. ഭ്രാന്തൻ

Digitized By Kerala Sahitya Akademi

നായുടെ വിഷം നിമിത്തം അവിടെ ഉണ്ടായ അനേക മരണങ്ങളെപ്പറ്റി അദ്ദേഹം അന്വേഷിച്ചറികയും അതിന്റെ ചികിത്സ അദ്ദേഹം നല്ലവണ്ണം പഠിക്കയും വളരെപ്പേരെ ചികിത്സിച്ചു ഗുണപ്പെടുത്തുകയും ചെയ്തു. ശിരസ്തദാരായിക്കുമ്പോഴും അദ്ദേഹം കുമ്പനാട്ട തഹശീൽദാരായും കുന്നുപറമ്പു മജിസ്ട്രേട്ടായും ആക്ടിംഗു ചെയ്തിരുന്നു. അവിടെ നിന്നു 70 ക. ശമ്പളത്തിൽ ചിറയ്ക്കൽ സ്ഥിരം ശിരസ്തദാരായികയറ്റം കിട്ടി. 1876-ൽ തളിപ്പറമ്പു സബ്മജിസ്ട്രേട്ടാകയും 175ക. ശമ്പളത്തിൽ ചിറയ്ക്കൽതഹശീദാരുടെ ജോലിക്കു പകരം നോക്കുകയും ചെയ്തു. ഈ സമയത്തു തന്റെ അച്ഛനു് അപായകരമായരോഗം പിടിപെട്ടിരുന്നതിനെ സംബന്ധിച്ചു് അപേക്ഷിച്ചപ്പോഴും തനിക്കു കല്പന കിട്ടുകയില്ലെന്നു കണ്ടിട്ടു് ഈ ഡിപ്പാർട്ടുമെന്റിൽ നിന്നും പിരിയുന്നതിനു് അദ്ദേഹം തീർച്ചയാക്കി. അദ്ദേഹം സിവിൽ ഹയർ, ക്രിമിനൽ ഹയർ ഈ പരിക്ഷകളിലും ചേർന്നു പാസ്സായി 1881–ൽ തിരുവങ്ങാടി രണ്ടാം ക്ലാസ് മജിസ്ട്രേട്ടായി. ഈ കാലത്തു തന്നെ അദ്ദേഹത്തിന്റെ കൃത്യനിഷ്ഠ, ഉത്സാഹശീലം, ജനരഞ്ജനസാമർത്ഥ്യം മുതലായതിനെപ്പറ്റി ഡിപ്പാർട്ടുമെന്റു മേലധികാരികളും എല്ലാം വളരെ സ്തുതിച്ചെഴുതീട്ടുണ്ടു്. 1884 ൽ അദ്ദേഹം 150 ക. ശമ്പളത്തിൽ വടക്കേ മലയാളം ഡിസ്ട്രിക്ടു് കോടതിയിൽ ശിരസ്തദാരായി. ഈ കാലത്താണു് കുഞ്ഞൻ മേനോൻ സബ്ജഡ്ജി മുതലായ ചില ഉദ്യോഗസ്ഥന്മാരെ കൈക്കുലിക്കേസിനു ചാർജ്ജുചെയ്തിരുന്നതു്. ആ കേസുകളിൽ തെളിവെടുക്കാൻ ഇദ്ദേഹത്തെ ഗവർമ്മെന്റിൽ നിന്നു നിയമിക്കയും അദ്ദേഹം വേണ്ട തെളിവുകളും ശേഖരിച്ചു് അവരിൽ കുറ്റം സ്ഥാപിക്കുകയും ഗവർമ്മെന്റു് അദ്ദേഹത്തിനു നന്ദിപറഞ്ഞു ഗസറ്റിൽ പ്രസ്താവിക്കയും ചെയ്തിട്ടുണ്ടു്. ഇദ്ദേഹത്തിന്റെ ഗുണങ്ങളെയും യോഗ്യതയേയും പറ്റി ഡിസ്ട്രിക്ടു് ജഡ്ജിമാർ എല്ലാം ബഹുമാനപ്പെട്ട മദ്രാസ് ഹൈക്കോടതിക്കു വളരെ സ്തുതിച്ചു റിപ്പോർട്ടു് ചെയ്തിട്ടുണ്ടു്. മിസ്റ്റർ എ. എഫ്. കോക്സ് കൺട്രോളർ ജനറലായി നിയമിക്കപ്പെടുന്നതിനു മുമ്പു ബോംബായിൽ നിന്നു് ഇദ്ദേഹത്തിനു് എഴുതിയ ഒരു കത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു: ''ഞാൻ നിങ്ങളെ ഒരിക്കലും മറക്കയില്ലെന്നും, നാട്ടുകാരുടെ ഇടയിൽ എനിക്കു കണ്ടറിവാൻ ഭാഗ്യമുണ്ടായിട്ടുള്ള സത്യവാന്മാരായ മാന്യന്മാരുടെ ഒരു പട്ടികയിൽ നിങ്ങളുടെ പേർ കൂടി ചേർത്തു നിങ്ങളെ ബഹുമാനിക്കാതിരിക്കയില്ലെന്നും ഉള്ള ഒരു കാര്യം നിങ്ങൾക്കു് ഉറപ്പിച്ചു കൊള്ളാം.'' മറെറാരെഴുത്തിൽ മിസ്റ്റർ കോക്സ് തന്നെ ''നിങ്ങൾ താമസിയാതെ മുൻസിഫ് ആകുന്നതാണു്. പിന്നെ ഒരു സബ്ജഡ്ജി ഉദ്യോഗവും പക്ഷേ ഒരു ഡിസ്ട്രിക്ടു് ജഡ്ജി ഉദ്യോഗം തന്നെയും നിങ്ങൾക്കു് ആശിക്കാവുന്നതാണു്'' എന്നു പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തെപ്പറ്റി മേലുദ്യോഗസ്ഥന്മാർക്കുള്ള ബഹുമാനത്തിനു് ഈ മാതിരി അനേകദൃഷ്ടാന്തങ്ങൾ പറവാനുള്ളതു വിസ്തരഭയത്താൽ വേണ്ടെന്നുവയ്ക്കുന്നു. അതിനുശേഷം അദ്ദേഹം തലശ്ശേരിയിലും തളിപ്പറമ്പത്തും ഡിസ്ട്രിക്ടു് മുൻസിഫായി കുറെചെയ്തു. 1896 ൽ 200 ക. മാസപ്പടിയിൽ കൊയിലാണ്ടി സ്ഥിരം മുൻസിഫായി. അവിടെ മൂന്നു കൊല്ലത്തിനുമേൽ ഇരുന്നശേഷം 55-ാമത്തെ വയസ്സിൽ പെൻഷൻ വാങ്ങി ഉദ്യോഗം വിട്ടു. അതുമുതൽ അദ്ദേഹത്തെ താലൂക്കുബോർഡ് മെമ്പറായും ഡിസ്ട്രിക്ടുബോർഡുമെമ്പറായും തിരഞ്ഞെടുക്കുകയും ആ സ്ഥാനങ്ങൾ ഇപ്പോഴും അദ്ദേഹം തൃപ്തികരമായി വഹിച്ചുപോരുകയും ചെയ്യുന്നു. കോ

Digitized By Kerala Sahitya Akademi

ഴിക്കോട്ട് ഇദ്ദേഹം ഇപ്പോഴും ഒരു ബഞ്ചുമജിസ്ട്രേട്ടാണ്. ഉദ്യോഗം വിട്ടശേഷം തന്റെ സ്വദേശത്തുണ്ടായിരുന്ന പുരാതനമായ പോയിലിൽ ഭഗവതിക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്വിക്കയും പരിഷ്കരിക്കയും ചെയ്തു. അദ്ദേഹം അതിലെ ഒന്നാമത്തെ ട്രസ്റ്റിയാണ്. ലോക്കൽ ബോർഡ് മെമ്പറിന്റെ നിലയിൽ ഇദ്ദേഹം ചെയ്തിട്ടുള്ള ജനോപകാരപ്രദമായ കൃത്യങ്ങളുടെ കൂട്ടത്തിൽ 18000 ക. യോളം ചെലവുചെയ്തു കെട്ടിട്ടുള്ള കക്കോടി ഇരുമ്പുപാലം ഏറിയകാലം അദ്ദേഹത്തിന്റെ സ്മരണയെ നിലനിറുത്താതിരിക്കയില്ല. ഇപ്പോൾ തനിക്ക 66-ാമത്തെ വയസ്സാണ്. എങ്കിലും താൻ അരോഗദൃഢഗാത്രനാകുന്നു. ഇദ്ദേഹം മക്കടിയിൽ സ്വന്തം വകയായ ''പെറഞ്ചില്ലി'' കുന്നിന്റെ മുകളിൽ കെട്ടീട്ടുള്ള വിശാലവും മനോഹരവുമായ ഒരു ബംഗ്ലാവിലാണ് സകുടുംബം താമസിക്കുന്നത്. അനേകകാലം ഇനിയും ഈ മാന്യപുരുഷൻ സ്വരാജ്യത്തിനും സ്വജാതികൾക്കും വിശിഷ്യ നമ്മുടെ യോഗത്തിനും വേണ്ടി കഴിയുന്നതെല്ലാം പ്രവർത്തിച്ചുകൊണ്ടു സസുഖം ജീവിച്ചിരിപ്പാൻ ജഗദീശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ!

വിവേ : 1085 മേടം, ഇടവം

ശ്രീമതി പി. പാറുഅമ്മ

നമ്മുടെ ഈ കഴിഞ്ഞ പൊതുയോഗത്തിൽ നിന്ന് ഒരു സ്വർണ്ണമുദ്ര സമ്മാനം ലഭിച്ച ഈ മാന്യയുവതിയുടെ ജീവിതത്തെപ്പറ്റി അറിയുന്നതു വിവേകോദയം വായനക്കാർക്കു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഇവർ 1063 മേടം 30-ാംനു- ക്കു 1888 മേയ് 11-ാംനു- ജനിച്ചു. ഇവരുടെ സ്വദേശം വടക്കേ മലയാളം ചിറയ്ക്കൽ താലൂക്കിൽ പൂഴാതി അംശത്തിൽപെട്ട പാലാട്ട് എന്ന ദേശമാണ്. ഇവരുടെ അച്ഛൻ പോത്തേരി കുഞ്ഞമ്പു അവർകൾ കണ്ണൂർ മുൻസിഫ് കോടതിയിൽ വക്കീലാണ്. ഒരു ഗ്രന്ഥകാരന്റേയും ആചാരപരിഷ്കാരകന്റേയും നിലയിലാണ് അദ്ദേഹം അധികം അറിയപ്പെട്ടിട്ടുള്ളതു്. പാറുഅമ്മയുടെ അമ്മയുടെ പേർ ചിരുത എന്നായിരുന്നു. അച്ഛന്റേയും അമ്മയുടേയും തറവാട്ടുകാർ കൃഷിക്കാരാണ്. മൂന്നുവയസ്സിൽ പാറുഅമ്മയുടെ അമ്മ മരിച്ചു. കുട്ടികൾക്ക് അടുക്കളയിൽ നിന്നു പോറുവിളമ്പിക്കൊടുക്കുമ്പോൾ പുരമേൽ ഒരു ഇടിവീണു ഭിത്തി പിളർന്ന് അവരുടെമേൽ തട്ടീട്ടാണ് അവർ മരിച്ചതു്. പാറുഅമ്മ അടുത്തുകൂടെ ഉണ്ടായിരുന്നു. അവരുടെ കൈത്തണ്ടിലെ ചൊറേമങ്ങൾ മിന്നലിന്റെ ജ്വാലയാൽ കരിഞ്ഞുപോയിരുന്നു എങ്കിലും അവർ മരിച്ചില്ല. തന്റെ മാതാപിതാക്കന്മാർക്കുള്ള മൂന്നുകുട്ടികളിൽ ഇവർ രണ്ടാമത്തെ മകളാണ്. അമ്മ മരിച്ചശേഷം മരുമക്കത്തായത്തറവാട്ടിലെ പഴയ നടപ്പുപ്രകാരം മിസ്റ്റർ കുഞ്ഞമ്പു കുട്ടികളെ അവരുടെ അമ്മയുടെ താവാട്ടിലേക്ക് അയച്ചില്ല. അദ്ദേഹം അവരെ എല്ലാവരേയും വളർത്തുകയും വിദ്യാഭ്യാസം ചെയ്വിക്കയും ചെയ്തു. പാറുഅമ്മയെ അഞ്ചാമത്തെ വയസ്സിൽ അടുത്തുള്ള മലയാളം പള്ളിക്കൂടത്തിൽ എഴുത്തിനയച്ചു. മൂന്നുവർഷം കഴിഞ്ഞു കണ്ണൂർ കാൺവെൻറ്സ്കൂളിൽ അയച്ച് ഇംഗ്ലീഷ് പഠിപ്പിച്ചു. അ

Digitized By Kerala Sahitya Akademi

വിടത്തെ പഠിത്തം അവസാനിച്ച ശേഷം കോഴിക്കോട്ടു ഫാൺവെന്റ് സ്കൂളിൽ ആയച്ചു. അവർ ഒരു ക്ലാസ്സിലും തോറ്റിട്ടില്ല. 1905 ലെ മെട്രിക്കുലേഷൻ പരീക്ഷയിൽ അവർ ജയിച്ചു. പിന്നീടു് അവരെ വൈദ്യവിഷയം പഠിപ്പിക്കുന്നതിനു് അവരുടെ അച്ഛൻ നിശ്ചയിച്ചു. ഇതിൽ അദ്ദേഹത്തെ ഉത്സാഹിപ്പിച്ചതു് യോഗ്യനായ മലബാർ ബാങ്കുമാനേജർ സി. കുഞ്ഞിക്കണ്ണൻ അവർകളാണത്രേ. അതിനുശേഷം 1906 ജൂലായ് മാസത്തിൽ അവർ മദ്രാസ് മെഡിക്കൽകാളേജിൽ ചെന്നുചേർന്നു അവിടെ അവർ വൈ. ഡബ്ല്യു. സി. എ. ഹോസ്റ്റലിൽ യൂറോപ്യൻ സ്ത്രീകളുടെ മേൽ വിചാരത്തിലാണു താമസിച്ചതു്. കാളേജിൽ കൊല്ലം തോറുമുള്ള പരീക്ഷകളിൽ ക്രമപ്രകാരം ജയിക്കയും ഈ (1910) മാർച്ചുമാസത്തിലെ അവസാന പരീക്ഷയിൽ ജയിച്ചു ഇപ്പോഴ് ലേഡി അപ്പോത്തിക്കരി സർട്ടിഫിക്കറു സമ്പാദിക്കയും ചെയ്തിരിയ്ക്കുന്നു. തീയസ്ത്രീകളിൽ ഇത്രം ഉയർന്ന ഒരു പരീക്ഷയിൽ ഒന്നാമതായി ജയിച്ചതു് ഇവരാണു്. ഇവരെ മൂന്നാമത്തെ വയസ്സിൽ സംഭവിച്ച അത്യാപത്തിൽ നിന്നു അത്ഭുതകരമാംവണ്ണം സംരക്ഷിച്ച ഈശ്വരൻ ഇവരുടെ ജീവിതം ദീർഘവും സ്വരാജ്യത്തിനു ഗുണപ്രദവും സ്വജനങ്ങൾക്കു അഭിമാനകരവുമാക്കി ചെയ്യുമാറാകട്ടെ !

ശ്രീമതി പാറുഅമ്മയുടെ വിദ്യാഭ്യാസത്തെപ്പറ്റി ഞങ്ങൾക്കു് എഴുതുന്ന കുട്ടത്തിൽ കുഞ്ഞമ്പു അവർകൾ പറയുന്ന ഒരു സംഗതി എല്ലാവരും അറിഞ്ഞിരിക്കേണ്ടതാകയാൽ അതിനെ അദ്ദേഹത്തിന്റെ സ്വന്തഭാഷയിൽ തന്നെ താഴെ ചേർക്കുന്നു.

''ഹിന്ദു സ്ത്രീകളുടെ ഇടയിൽ ഉയർന്ന തരം ഇംഗ്ലീഷ് വിദ്യാഭ്യാസം വേണമെന്നു പറവാൻ ആളുകൾ വളരെയുണ്ടായിരിക്കും. അതിനായിട്ടു മുനിഞ്ഞാൽ കാണുന്ന വിഷമങ്ങൾ അല്പമൊന്നുമല്ല. ഒന്നാമത്തെ വിഷമം വയസ്സറിയിച്ചാൽ പെൺകുട്ടികൾക്കു പബ്ലിക് സ്കൂളുകളിൽ പോകാൻ പാടില്ല എന്നുള്ള നാട്ടുസമ്പ്രദായമാണു്. ഒരു നടപ്പു് എത്ര ചീത്തയായാലും അതിനെ പരിഷ്കരിപ്പാൻ ശ്രമിക്കുമ്പോൾ വളരെ ആളുകൾ വിരോധമായി പ്രവർത്തിക്കും ഇതിനെക്കാൾ പ്രയാസമായിട്ടുള്ള മറ്റൊരവസ്ഥയുണ്ടു്. പ്രായം തികഞ്ഞ ഹിന്ദു പെൺകുട്ടികൾക്കു പാർക്കാൻ ഹിന്ദു സ്ത്രീകൾ മേൽ വിചാരം ചെയ്യുന്നതായ യാതൊരു ഏർപ്പാടും മദ്രാസ് സംസ്ഥാനത്തിൽ ഇല്ല. ഇതു് അനേകം ആളുകളുടെ ആഗ്രഹത്തെ സാധിപ്പിക്കുന്നതിനു് പ്രതിബന്ധമായി നിൽക്കുന്നു. ലൌകിക വിഷയങ്ങളിൽ നിന്നു ഒരുവിധം സന്യാസം ചെയ്തിട്ടുള്ളവരും കർമ്മഫലത്യാഗം ആചരിച്ചു വരുന്നവരും ആയ കോൺവെന്റിലെ വിദുഷികളായ അമ്മമാരുടെ സഹായവും അപ്രകാരം തന്നെ മദ്രാസിലെ വൈ. ഡബ്ല്യു. സി. എ. ഹോസ്റ്റലിലെ യൂറോപ്യൻ സ്ത്രീകളുടെ സഹായവും ഇല്ലയെങ്കിൽ പാറുഅമ്മക്കു ഈ പഠിപ്പും അവസ്ഥയും സിദ്ധിക്കാൻ നിശ്ചയമായും പ്രയാസമുള്ളതാണെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല.''

—

Digitized By Kerala Sahitya Akademi

സി. കൃഷ്ണൻ

എസ്. എൻ. ഡി. പി. യോഗത്തിന്റെ ഈ തവണത്തെ വാർഷികമഹാ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിപ്പാൻ സമ്മതിച്ചിട്ടുള്ളതു മ. രാ. രാ. സി. കൃഷ്ണൻ ബി. എ. ബി. എൽ. അവർകളാണെന്നു പൊതുവിരു നമ്മുടെ ജനങ്ങൾ ഇപ്പോൾ അറിഞ്ഞിട്ടുണ്ട്. ഇദ്ദേഹം ഈ സ്ഥാനത്തെ ഇതിനുമുമ്പുതന്നെ അലങ്കരിച്ചു പൊതുജനങ്ങൾക്കു കുറെക്കൂടി പരിചിതനായിത്തീരുമായിരുന്നു. മയ്യഴിയിൽ വച്ചുകൂടിയ 7-ാമതു വാർഷിക പൊതുയോഗത്തിൽ തന്നെ ഭാരവാഹികളെ ഇദ്ദേഹത്തെ അദ്ധ്യാസനരായിരിപ്പാൻ ക്ഷണിച്ചിരുന്നു. അന്നു തന്റെ പ്രിയ പിതാവിന്റെ – വിശ്രുതനായ ശങ്കരംകുമാരത്തു പാറൻ അവർകളുടെ – ദേഹവിയോഗ ദുഃഖത്താൽ ആ സ്ഥാനം സ്വീകരിക്കുന്നതിനു അദ്ദേഹത്തിനു മനസ്സുണ്ടായില്ല. തെക്കേ മലയാളത്തെ തീയരുടെ ഇടയിൽ ആദ്യം ബി. എൽ. പരീക്ഷ പാസ്സായതും ഒരു മദ്രാസ് ഹൈക്കോടതി വക്കീലായിത്തീർന്നതും മിസ്റ്റർ സി. കൃഷ്ണൻ ആകുന്നു. ധനം കൊണ്ടും മറ്റു യോഗ്യതകൾ കൊണ്ടും തീയരുടെ ഇടയിൽ ഏറ്റവും ശ്രുതിപ്പെട്ട ശങ്കരംകുമരത്തു തറവാട്ടിലെ ഇന്നത്തെ പ്രധാന പുരുഷനും ഇദ്ദേഹമാണ്. മിസ്റ്റർ കൃഷ്ണൻ ഗവർമ്മെൻറുദ്യോഗത്തിൽ പ്രവേശിക്കാതിരുന്നതു ബുദ്ധിമാനായ അദ്ദേഹത്തിന്റെ അച്ഛന്റെ നിർബന്ധത്തിലാണെന്നു ഞങ്ങൾക്കറിയാം. തന്റെ മകൻ ഒരു സ്വതന്ത്രനും ജനോപകാരിയുമായികാലം കഴിച്ചാൽ മതിയെന്നുള്ള അദ്ദേഹത്തിന്റെ അഭിനന്ദനീയമായ ആഗ്രഹമാണ് അദ്ദേഹത്തെ അങ്ങിനെ നിബ്ബന്ധിപ്പാൻ പ്രേരിപ്പിച്ചതെന്നു പറയേണ്ടതില്ലല്ലോ. ആ മാന്യമതിയുടെ ആഗ്രഹം നിശ്ചയമായും സാധിതപ്രായമായിരികുന്നു. മിസ്റ്റർ കൃഷ്ണൻ തന്റെ വക്കാലത്തു പണികൊണ്ടുമാത്രം തൃപ്തിപ്പെട്ട മറ്റൊരാളല്ലെന്നും തലയിടാതെ കുത്തിയിരിക്കുന്ന ഒരു സ്വാർത്ഥപരനും ഇട്ടങ്ങിയ ഏടയ്ക്കാരനുമല്ല. പൊതുജനങ്ങളുടെയും സമുദായത്തിന്റെയും നന്മയ്ക്കുവേണ്ടി സമയവ്യയം ധനവ്യയം ചെയ്യുന്നതിൽ അദ്ദേഹം ഒരിക്കലും മടിക്കാറില്ല. പക്ഷേ ഏതെങ്കിലും സംഗതികളിൽ ആലോചനകൂടാതെ എടുത്തുചാടി കേറി ഹലമുണ്ടാക്കുക പതിവില്ലെന്നേയുള്ളൂ. ഏതാനും കൊല്ലങ്ങൾക്കു മുമ്പ് ആരംഭിച്ച് ഇപ്പോൾ ഒരു നല്ല പേരു സമ്പാദിച്ചിരിക്കുന്ന ''കല്ലിക്കെട്ടുബാങ്കി''ന്റെ ഉടമസ്ഥന്മാരിലും പ്രവർത്തകന്മാരിലും പ്രധാനി ഇദ്ദേഹമാകുന്നു. രാജ്യകാര്യങ്ങളിലും സമുദായകാര്യങ്ങളിലും ഇദ്ദേഹം ഏറ്റവും പരിജ്ഞാനവും തൃഷ്ണയുമുള്ളആളാകുന്നു. ഇതിനു പുറമേ ഇദ്ദേഹം ഇംഗ്ലീഷിലും മലയാളത്തിലും ഒന്നുപോലെ പ്രസരിക്കുന്ന തൂലികയോടു കൂടിയ ഒരു സരസനായ എഴുത്തുകാരനുമാണ്. പൊതുക്കാര്യങ്ങളിൽ ഏർപ്പെട്ട നാട്ടിനും സമുദായത്തിനും നന്മ ചെയ്യുന്നതിനു് ഇത്രയൊക്കെ യോഗ്യതയും സൌകര്യവുമുള്ളതായി നമ്മുടെ ഇടയിൽ അധികം പേരുണ്ടായിരിക്കയില്ലെന്നുള്ളതു് ആരും സമ്മതിക്കും. അതുകൊണ്ടു ഇദ്ദേഹത്തെ അഗ്രാസനരായി തിരഞ്ഞെടുത്തതിൽ യോഗഭാരവാഹികൾ കാണിച്ച ഔചിത്യം ശ്ലാഘ്യമായിരിക്കുന്നു.

മിസ്റ്റർ കൃഷ്ണനു് എസ്. എൻ. ഡി. പി. യോഗത്തോടുള്ള ചാർച്ച പുത്തനല്ലെന്നുള്ള വസ്തുത കൂടി പ്രസ്താവയോഗ്യമാണു്. ശങ്കരംകുമരത്തു കുടുംബക്കാരിൽ ഓരോരുത്തരും യോഗത്തിനു് അതിന്റെ ആരംഭം മുതൽക്കുള്ള മെംബർമാർ

Digitized By Kerala Sahitya Akademi

ആകുന്നു. മിസ്റ്റർ കൃഷ്ണൻ തന്റെ അച്ഛന്റെ മെമ്പർസ്ഥാനം അനുവർത്തിച്ചു യോഗത്തോടു് ഏറ്റവും മമതാപൂർവം വർത്തിക്കുന്ന ഒരംഗമെന്നു മാത്രമല്ല കഴിഞ്ഞ രണ്ടു കൊല്ലമായി യോഗത്തിന്റെ ഒരു ഡയറക്ടരും ആകുന്നു. അതുകൊണ്ടു മറ്റു സാമാന്യ യോഗ്യതയ്ക്കും പുറമെ യോഗത്തിന്റെ ആഭ്യന്തര കാര്യങ്ങളിലുള്ള അസാമാന്യമായ പരിജ്ഞാനം കൊണ്ടും അദ്ദേഹത്തിന്റെ ആദ്ധ്യക്ഷ്യം യോഗത്തിനും സമുദായത്തിനും ഏറ്റവും ഗുണപ്രദമായിത്തീരുമെന്നാണെന്ന ഞങ്ങളുടെ ഉറപ്പായും വിശ്വസിക്കുന്നു.

വിവേ : 1087 മകരം, കുംഭം, മീനം

സർ സി. ശങ്കരൻ നായർ അവർകൾ

ഇന്ത്യയുടെ പൊതുവിലും കേരളത്തിനു വിശേഷിച്ചും അഭിമാനകരവും സന്തോഷകരവുമായ ഒരു സംഗതിയാകുന്നു സർ. സി. ശങ്കരൻനായർ അവർകൾക്കു വൈസറായി അവർകളുടെ എക്സിക്യൂട്ടീവ് കൗൺസിലിലേക്കു കിട്ടിയ കയറ്റം. ഈ കയറ്റത്തെ അനുമോദിക്കയും അഭിനന്ദിക്കയും ചെയ്യാത്തവരായി ശങ്കരൻനായരവർകളെക്കുറിച്ചു കേട്ടിട്ടുള്ള സ്വദേശികളിൽ ആരും ഉണ്ടായിരിക്കയില്ലെന്നതന്നെ വിശ്വസിക്കുന്നു. സ്വവർഗ്ഗത്തെ അസാമാന്യമായി സ്നേഹിക്കുന്നതോടുകൂടി പക്ഷപാതലേശമെന്നിയേ സകലജാതി മതസ്ഥരായ ഇന്ത്യൻ പ്രജകളുടെയും സംഗതികളിൽ ഒന്നുപോലെ നിർവ്യാജമായ പ്രതിപത്തിവഹിക്കുന്ന ഒരു മഹാമനസ്കൻ ഇദ്ദേഹത്തെപ്പോലെ ഉദ്യോഗസ്ഥന്മാരോ അനുദ്യോഗസ്ഥന്മാരോ ആയി നമ്മുടെ പ്രമാണികളുടെ ഇടയിൽ ഇന്നു വളരെ ദുർല്ലഭമാണെന്നു പറവാൻ ഞങ്ങൾ അശേഷം മടിക്കുന്നില്ല. യഥാർത്ഥ യോഗ്യതയുള്ളവരെ ഉയർന്ന സ്ഥാനങ്ങളിലേക്കു് ഇപ്രകാരം ഉന്തിത്തള്ളി കയറ്റികൊണ്ടു പോകുന്ന ഈശ്വരശക്തിയെ അല്ലെങ്കിൽ പ്രകൃതി ദൈവത്തെ നോക്കി അനുമോദിക്കുന്നതു് ഗുണദോഷങ്ങളുടെ ഭാവിഫലത്തിൽ വിശ്വാസമുള്ള ചിന്താശീലന്മാർക്കു് ഏറ്റവും പ്രീതികരമായ സംഗതിയാകുന്നു. ഈ തിരഞ്ഞെടുപ്പിൽ നമ്മുടെ ഗുണവാനും സമർത്ഥനുമായ വൈസറായി ഹാർഡിംജു് പ്രഭു അവർകൾ പ്രദർശിപ്പിച്ച ഉചിതജ്ഞതയെ ഞങ്ങൾ ശ്ലാഘിക്കയും അതിനായി അദ്ദേഹത്തിനു ഹൃദയപൂർവം വന്ദനം പറകയുംചെയ്യുന്നു. സാമ്രാജ്യത്തിലെ വിദ്യാഭ്യാസ വിഷയത്തിൽ പ്രത്യേകം ചുമതലയോടു കൂടിയ സർ ശങ്കരൻനായർ അവർകളുടെ മെമ്പർസ്ഥാനം നാട്ടിനുഗണ്യമായ ഗുണത്തിനും അനശ്വരമായ യശസ്സിനും കാരണമാകത്തക്കവണ്ണം നിർവഹിപ്പാൻ ഈശ്വരൻ അദ്ദേഹത്തെ അനുഗ്രഹിക്കുമാറാകട്ടെ.

മഞ്ചേരി രാമയ്യർ അവർകൾ

വിചാരിക്കുന്നതേ പറയാവൂ. പറയുന്നതിനനുസരിച്ചേ പ്രവർത്തിക്കാവൂ എന്നു പ്രസംഗിക്കുമ്പോഴും തന്നെ വിചാരിച്ചതല്ല മിക്കപേരും പറയാറു്. ''മനസ്സേകം വചസ്സേകം കർമ്മണ്യേകം'' എന്നാണു് മഹാത്മാക്കളുടെ ലക്ഷണം എന്നു

Digitized By Kerala Sahitya Akademi

സർവസമ്മതമാണ്. പക്ഷേ ലക്ഷം മനുഷ്യർ കൂടിയ ടിക്കിരി ഈ ലക്ഷണമുള്ളവർ ഒന്നോ രണ്ടോ ഉണ്ടായേക്കാം. ഏതായാലും മഞ്ചേരി രാമയ്യർ അവർകളും അവരിൽ ഒരാളാണ്. താൻ ബ്രാഹ്മണനായി ജനിച്ച ആളാണെങ്കിലും ജാതിവ്യത്യാസം ഗണിക്കാതെ ശ്രുതിയുള്ളവരോടു് ഒന്നിച്ചിരുന്നു ഭക്ഷിക്കുന്നതിനും വിരോധമില്ലെന്നു് അദ്ദേഹം വിചാരിക്കുന്നു, അതുതന്നെ പ്രസംഗിക്കുന്നു, അതിനനുസരിച്ചു പ്രവർത്തിക്കുന്നു. തന്റെ ജാതിക്കാരുടെയിടയിൽ പെൺകുട്ടികളെ ശൈശവത്തിൽ വിവാഹം ചെയ്തുകൊടുക്കുന്നതാണു് സർവസാധാരണമായ ആചാരം. അതു തെറ്റാണെന്നും അതു ശിശുക്കൊക്ക മാത്രമല്ല, സമുദായത്തിനൊട്ടുക്കും രാജ്യത്തിനും ദോഷകരമാണെന്നും അദ്ദേഹം വിചാരിക്കുന്നു. ഇതാ അതിനനുസരിച്ചു തന്റെപുത്രിയെ വയസ്സുപുത്തിയായതിനു ശേഷം മാത്രം വേളികഴിച്ചുകൊടുത്തിരിക്കുന്നു. അതിനു് ആ വിശാലഹൃദയനെ ഞങ്ങൾ എപ്പോൾവും അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ ആപ്രവൃത്തിക്കു തടസ്സം ചെയ്യാതിരിക്കത്തക്ക മനഃപരിഷ്കാരം സിദ്ധിച്ച പത്നിയെ അഭിനന്ദിക്കുന്നു; പുത്രിയുടെ ഭർത്താവായ പ്രൊഫസ്സർ ശ്രീനിവാസനേയും അഭിനന്ദിക്കുന്നു. ഇങ്ങനെയുള്ള കറേ കുടുംബങ്ങൾ ബ്രാഹ്മണരുടെ ഇടയിൽ ഉണ്ടാകുന്നതായാൽ കാലാനുസൃതമായ പരിഷ്കാരം ഉണ്ടായി ഇന്ത്യാരാജ്യം ലോകത്തിലുള്ള മറു പരിഷ്കൃതരാജ്യങ്ങളെപ്പോലെ ആയിത്തീരും. മലബാറിൽ ബ്രാഹ്മണരുടെ വധുവിനു വയസ്സു പൂർത്തിയെത്തിയശേഷം മാത്രം വിവാഹം കഴിഞ്ഞതിനു് ഇതു രണ്ടാമത്തെ ഉദാഹരണമാണെന്നു കാണുന്നു. കഴിഞ്ഞുപോയ തഹസീൽദാർ അനന്തപ്പട്ടർ അവർകളുടെ പൗത്രിയെ കോഴിക്കോട്ടെ എൽ. കെ. സുബ്രഹ്മണ്യ അയ്യർ അവർകളുടെ മകൻ ചെയ്തിരുന്ന വിവാഹമായിരുന്നു പോൽ ഒന്നാമത്തേത്. ന്യൂനമായ പരിഷ്കാരം സാവധാനത്തിലാണെങ്കിലും ബ്രാഹ്മണരുടെ ഇടയിലും വ്യാപിക്കുന്നുണ്ടു്.

(പ്രതിഭ 1096 കന്നി)

മിശ്രകാണ്ഡം

പ്രസ്താവന

''അരുവിപ്പുറം ശ്രീനാരായണധർമ്മപരിപാലന യോഗം'' ആരംഭിച്ചപ്പോൾതന്നെ അതിന്റെ ഉദ്ദേശ്യസാദ്ധ്യങ്ങൾക്കായി ഒരു പത്രഗ്രന്ഥം കൂടിപുറപ്പെടുവിക്കേണ്ടതാണെന്നു ഞങ്ങൾ വിചാരിച്ചിട്ടുണ്ടായിരുന്നു. യോഗത്തിന്റെ തൽക്കാലാവസ്ഥയ്ക്കു് അപ്രകാരമൊരു പത്രഗ്രന്ഥത്തിന്റെ ആവശ്യകത ഒഴിച്ചുകൂടാത്തതും ആകുന്നു. ഇതുയും കൊണ്ടു ''വിവേകോദയം'' എന്ന നിർദ്ദോഷമായ നാമത്തിൽ ഇപ്രകാരം യോഗം വകയായി പുറപ്പെടുന്ന ഈ ദ്വൈമാസികപുസ്തകത്തിന്റെ ഉത്ഭവത്തെ സംബന്ധിച്ചു ചുരുക്കത്തിൽ ഞങ്ങൾക്കുപറയാനുള്ളതു കഴിഞ്ഞു. ഇനി ഉദ്ദേശ്യത്തെക്കുറിച്ചാണു സ്വല്പം പറയേണ്ടിയുള്ളതു്. യോഗ

Digitized By Kerala Sahitya Akademi

സംബന്ധമായ വരവുചെലവു കണക്കുകളും, യോഗത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന നിയമങ്ങളും, നടപടികളും മുതലായ സംഗതികളെ എല്ലാ യോഗാംഗങ്ങളും യോഗത്തോടു മമതയുള്ളവരും അറിഞ്ഞിരിക്കുന്നതിലേക്കായി യോഗത്തിന്റെയും അവരുടേയും മദ്ധ്യേ ഒരു ദൂതസ്ഥാനം വഹിക്കുന്നതാകുന്നു ''വിവേകോദയ'' ത്തിന്റെ മുഖ്യോദ്ദേശ്യം. എന്നാൽ സമുദായത്തിന്റെ യോഗക്ഷേമങ്ങളുടെ പൊരുവിൽ ഗുണപ്രദങ്ങളായ മാർഗ്ഗങ്ങളെ വിവേകപൂർവം ഉപദേശിക്കുകയും, ദോഷകരങ്ങളായവയെ ന്യായ്യമായി ചൂണ്ടിക്കാണിക്കുകയും, ആചാരപരിഷ്കരണാദികളിൽ ദൂരസ്ഥന്മാരായ സമുദായാംഗങ്ങളുടെ തമ്മിൽഐക മത്യാനവത്തിത്വം പരസ്പരസാഹായ്യകരണം ഇവയെപ്പറ്റി സാമാന്യമായും സവിശേഷമായും ഉപന്യസിക്കുകയും, ഐക്യമത്യം സമുദായസ്നേഹം മതഭക്തി സദാചാരം ഇവയെ വർദ്ധിപ്പിക്കുന്നതിനായി സമുദായത്തെ വേണ്ടുപോലെ ഗുണദോഷിക്കുകയും മറും ചെയ്യുന്നതിനു് യോഗത്തിന്റെ ശക്തിമത്തായ ഒരു വാഗിന്ദ്രിയമായിരിക്കുക എന്നുള്ളതും ഇതിന്റെ ഉദ്ദേശ്യങ്ങളിൽ അത്രപോലെതന്നെ പ്രാധാന്യമുള്ള ഒന്നാകുന്നു.

ഇതിനും പുറമേ, ഓരോ സംഗതികളിൽ ഖ്യാതി സമ്പാദിച്ചിരുന്ന നമ്മുടെ പൂർവപുരുഷന്മാരേയും പുരാതന കുടുംബങ്ങളേയും സംബന്ധിച്ചുള്ള വിശ്വാസയോഗ്യങ്ങളായ ഐതിഹ്യങ്ങളും, സമുദായത്തിൽ അർവ്വാചീനന്മാരും ആധുനീകന്മാരുമായ മഹാന്മാരുടെ ജീവിതചരിത്രങ്ങളും മുതലായതും ഇതിന്റെ മുഖ്യപ്രതിപാദ്യവിഷയങ്ങളായിരിക്കുന്നതാകുന്നു. സരസങ്ങളും സാരവത്തുകളുമായ കവിതകളും, ആഖ്യായികകളും, വിനോദകഥകളും മുതലായവയെക്കൊണ്ടും സൗകര്യം പോലെ ''വിവേകോദയം'' സ്വാദുകരിക്കപ്പെടുന്നതാണു്. പരമഗുരുവായ നമ്മുടെ സ്വാമികളുടെ ധർമ്മശാസനങ്ങളേയും തത്ത്വോപദേശങ്ങളേയും കൊണ്ടു് ഇതിനെ എപ്പോഴും അലങ്കരിക്കണമെന്നും ഞങ്ങൾ വിചാരിക്കുന്നുണ്ടു്. വിശ്വവിശ്രുതനും, വന്ദ്യനും, നമ്മുടെ പ്രത്യേകകൃതജ്ഞതയ്ക്കും ബഹുമാനത്തിനും പാത്രീഭൂതനും ആയ വിവേകാനന്ദസ്വാമി അവർകളുടെ സാരവത്തുകളായ ഉപന്യാസങ്ങളേയും ഉപദേശവാക്യങ്ങളേയുംകൊണ്ടും പലപ്പോഴും ഇതിന്റെ പങ്തികളും പ്രശോഭിതങ്ങളായിരിക്കുന്നതാകുന്നു.

ഇപ്പോൾ തന്നെ ഇതിനു് അഞ്ഞൂറോളം യോഗാംഗങ്ങളും അല്ലാതെയുള്ള പല മാന്യന്മാരും വായനക്കാരായി സിദ്ധിച്ചിട്ടുള്ളതു് ഞങ്ങൾക്കു വേണ്ടുപോലെ ധൈര്യത്തേയും ഉത്സാഹത്തേയും നൽകുന്ന ഒരു സംഗതിയാണു്. എങ്കിലും ഏറെറവും വലുതായ നമ്മുടെ സമുദായത്തിൽ എപ്പോഴും സാർവത്രികമായ പ്രചാരമാണു് ഇതിനു് ആശിക്കപ്പെട്ടിട്ടുള്ളതു്. യോഗാംഗങ്ങളിൽ എല്ലാവരും ഇതിനെ പ്രത്യേകം വായിച്ചിരിക്കണമെന്നും ആർക്കും യോഗത്തിൽ പണമടയ്ക്കുന്നതിനു പുറമേ ഇതും ഒരു പ്രത്യേകഭാരമായി തീർന്നു കൂടെന്നും ഉദ്ദേശിച്ചാണു് തൽക്കാലം ഇതിനെ രണ്ടു മാസത്തിൽ ഒരിക്കൽ പ്രസിദ്ധപ്പെടുത്തുന്നതിനും 8അണ വിലയ്ക്കു് യോഗാംഗങ്ങൾക്കു് കൊടുക്കുന്നതിനും നിശ്ചയിച്ചിട്ടുള്ളതു്. അംഗങ്ങളല്ലാത്ത വരിക്കാർക്കു് ഒരു ബ്രിട്ടീഷ് രൂപാമാത്രം വിലവച്ചിട്ടുള്ളതും ഇതിന്റെ പ്രചാര സൗകര്യത്തെത്തന്നെ ഉദ്ദേശിച്ചിട്ടാകുന്നു. യോഗത്തിന്റെ ധനസ്ഥിതിയും വരിക്കാരുടെ സംഖ്യയും വർദ്ധിക്കുന്നതോടുകൂടി ഇതിൽ ഇപ്പോഴത്തേതിൽ നിന്നും അധികം ഗണനീയങ്ങളായ പലപരിഷ്കാരങ്ങളും ചെയ്യപ്പെടുന്നതാണു്.

Digitized By Kerala Sahitya Akademi

താമസിയാതെ ഇതിനെ ഒരു പ്രതിമാസ പുസ്തകമാക്കുന്നതിനും ഞങ്ങൾക്കു് ഉദ്ദേശ്യമുണ്ടു്. എല്ലാവരിനും സമുദായത്തിലുള്ള എല്ലാ യോഗ്യന്മാരുടേയും ഔദാര്യത്തെ ഞങ്ങൾ എപ്പോഴും പ്രതീക്ഷിച്ചിരിക്കയാകുന്നു.

ഈ തവണ പുസ്തകത്തിൽ പൊതുയോഗത്തിലെ നിശ്ചയങ്ങൾ, പ്രൊസീഡീംഗ്സു്, റിപ്പോർട്ടു മുതലായി യോഗസംബന്ധമായ പല സംഗതികളും അവശ്യം പ്രസിദ്ധപ്പെടുത്തേണ്ടവയായുള്ളതുകൊണ്ടു് മേൽ പ്രസ്താവിച്ച എല്ലാ വിഷയങ്ങൾക്കും വേണ്ടിടത്തോളം സ്ഥലം കിട്ടാത്തതിൽ ഞങ്ങൾ വ്യസനിക്കുന്നു. അടുത്തപക്ഷം മുതൽ ആ പ്രതിജ്ഞ മിക്കവാറും പൂർത്തീകരിക്കുന്നതിനു സൗകര്യമുണ്ടാകുമെന്നും വിശ്വസിക്കുന്നു.

വിലവു: 1079 മേടം (1—ാം പുസ്തകം 1-ാം ലക്കം)

നമ്മുടെ കൃഷി

ഇൻഡ്യാനിവാസികളായ നമ്മൾ അധികവും കൃഷികൊണ്ടാണല്ലോ കാലക്ഷേപം ചെയ്തുവരുന്നതു്. എന്നാൽ ഇപ്പോഴും കൃഷി നടത്തപ്പെടുന്ന രീതി മോശമായിരിക്കുന്നതേ ഉള്ളു. കൃഷിപാഠശാലകൾ സ്ഥാപിച്ചു ജനങ്ങളെ കൃഷിശാസ്ത്രം അഭ്യസിപ്പിക്കുകയും നവീനമാതിരിയിലുള്ള യന്ത്രങ്ങളെ കൃഷിപ്രവൃത്തിക്കുപയോഗപ്പെടുത്തുകയും ചെയ്യുന്നതിനു് അവിടവിടെ ചില ശ്രമങ്ങൾ അതാതു ഗവർമ്മെൻറുകൾ ചെയ്തുവരുന്നുണ്ടെങ്കിലും ഇവ ഒന്നും തന്നെ പൂർണ്ണഫലത്തെ പ്രാപിച്ചിട്ടില്ല. നാട്ടുംപുറത്തുള്ള കൃഷിക്കാർക്കു് ഈ നൂതനരീതികൾ ഒന്നും ഇതുവരെ മനസ്സിലായിട്ടില്ല. കൃഷിസംബന്ധമായി പ്രയോജനകരമായ അറിവു് ജനങ്ങളുടെ ഇടയിൽ പരത്തുന്നതിനു സർക്കാരിൽ നിന്നും പറയത്തക്കതായി യാതൊന്നും ചെയ്തു വരുന്നില്ല. കന്നുകാലി, വളം മുതലായ വിഷയങ്ങളെപ്പറ്റി വിശേഷാൽ അറിവു സമ്പാദിച്ചിട്ടുള്ളവരെക്കൊണ്ടു ലഘുലേഖനങ്ങൾ എഴുതിച്ചു പരസ്യം ചെയ്യിച്ചാൽ ജനങ്ങൾക്കു സഹായമായിരിക്കും. കൃഷികാര്യങ്ങൾ ഉപജീവനത്തിനു് ഏറ്റവും പ്രധാനമാണെങ്കിലും, അതിൽ നമ്മുടെ ജനങ്ങൾക്കുള്ള ഉദാസീനതയും അജ്ഞതയും ചില്ലറയല്ല. വളത്തിന്റെ കാര്യം തന്നെ നോക്കാം. പശുവിന്റെ മൂത്രവും ചാണകവും വിലയേറിയ വളങ്ങളാകുന്നു. എന്നാൽ നമ്മുടെ ആളുകൾ ഇവയെ സൂക്ഷിച്ചു ശേഖരിക്കുന്നില്ല. നമ്മുടെ എരുത്തിലുകളിൽ ഗോമൂത്രം ശേഖരിക്കുന്നതിനു തൊട്ടികൾ വയ്ക്കുപതിവേ ഇല്ല. തൊട്ടികൾവച്ചാൽ അവയിൽ ഏറുനിൽക്കുന്ന ഗോമൂത്രത്തെ ചാണകത്തോടൊന്നായി വളക്കുഴിയിൽ ഒഴിച്ചേക്കാവുന്നതാണു്. ഇതിന്റെ ഗുണം വളക്കുഴിയുടെ സ്ഥിതിയേയും ആശ്രയിച്ചിരിക്കുന്നു. അടിയിൽ കല്ലു പാവിയിട്ടുള്ളതും മേൽപുരയുള്ളതുമായ ഒരു വളക്കുഴി ഉണ്ടാക്കുന്നതിനു് അധികം ചിലവില്ല. അങ്ങിനെ ചെയ്യാത്തതു നിമിത്തം ഭൂമിയുടെ അടിയിൽ ചോർന്നു പോകുന്ന

Digitized By Kerala Sahitya Akademi

ഉരത്തിനു വിലമതിക്കാത്തക്കതല്ല. വളക്കുഴികളിൽ മഴപെയ്തു വെള്ളം കെട്ടി ഉരത്തിന്റെ സാരമായ ഭാഗം മുഴുവനും വെള്ളത്തോടു ലയിച്ചു ഭൂമിയിൽ താഴ്ന്നാൽ ബാക്കിയുള്ളതിനു് ഉരമെന്നു പേരു മാത്രമേ ഉള്ളു. ഇതിനെയാണു നാം കൃഷിക്കു് ഉപയോഗിച്ചുവരാറുള്ളതു്.

നൂതനങ്ങളായ ഉരങ്ങളെ ഉപയോഗിക്കുന്ന വിഷയത്തിൽ നമ്മുടെ ഇടയിൽ അത്ര താത്പര്യം കാണാത്തതു് ഇതിലും ക്ഷന്തവ്യമായ ഒരു കുറവേ ആകുന്നുള്ളു. ചമ്പ, എല്ല മുതലായവ നല്ല ഉരങ്ങളാണു്. ഒരുപ്പു നിലങ്ങളിൽ അമരി കൃഷിചെയ്തു വളം പയലാകുമ്പോഴേക്കു അതിനെക്കൂടി പുട്ടിച്ചേർത്തു സൈദപ്പെട്ട കൃഷിത്തോട്ടത്തിൽ നെൽക്കൃഷി ചെയ്തുവരുന്നുണ്ടു്. അമരിച്ചെടി ഒരു നല്ല വളമാകുന്നതിനുള്ള കാരണം അതിന്റെ വേരു് ആഴത്തിൽ താഴ്ന്ന നിലത്തിലുള്ള ഉരം അടിയിൽ നിന്നും കവർന്നു് എടുക്കുന്നതാണത്രേ.

കൃഷിക്കു് ഉപയോഗപ്പെടുത്തിവരുന്ന ഉപകരണങ്ങളിലും ഭേദഗതികൾ ആവശ്യമാണു്. നിലങ്ങളിൽ പൊടിക്കൃഷിക്കും കരക്കൃഷിക്കും ഇംഗ്ലീഷ് കലപ്പ അധികം പ്രയോജനകരമാംവണ്ണം ഉപയോഗപ്പെടുത്താവുന്നതാണു്. നമ്മുടെ നാട്ടുകലപ്പയ്ക്കും ഇംഗ്ലീഷ് കലപ്പയ്ക്കും വളരെ ഭേദമുണ്ടു്. നാട്ടുകലപ്പകൊണ്ടു് ഉഴുതാൽ ഉണ്ടാകുന്ന ചാലിനെ കുറുകെ മുറിച്ചു നോക്കിയാലുള്ള ആകൃതി ത്രികോണമാണു്. എന്നാൽ ഇംഗ്ലീഷ് കലപ്പകൊണ്ടു പൂട്ടിയാൽ ഉണ്ടാകുന്ന ചാലിന്റെ മേൽപ്പുറഞ്ഞ പ്രകാരമുള്ള ആകൃതി ചതുരമാണു്. ഈ വ്യത്യാസംകൊണ്ടും നാട്ടുകലപ്പകൊണ്ടു നിലം ഉഴുന്നതിനു് അധികം കാലതാമസത്തിനും ഇടയാകുന്നു. നമ്മുടെ കലപ്പകൊണ്ടു് ഒരാവൃത്തി നീളത്തിൽ ഉഴുതുകഴിഞ്ഞാൽ അടുത്തുണ്ടാകുന്ന രണ്ടു ചാലുകളെ കുറുകെ മുറിച്ചുനോക്കിയാൽ (W) എന്ന ആകൃതിയിൽ കാണാം. അതിന്റെ മദ്ധ്യത്രികോണമായി പൊങ്ങിയിരിക്കുന്ന സ്ഥലം ഉഴപ്പെടാത്ത തിട്ടയാകുന്നു. ഇങ്ങനെ 100 ചാലുകൾക്കു് 99 തിട്ടകൾ കാണും. ഇവയെക്കൂടി ഉഴുതുരിപ്പെടുത്തുന്നതിനു കുറുകെ അനേകം ചാലുകൾകൂടി ആവശ്യപ്പെടുന്നു. ഇംഗ്ലീഷ്കലപ്പകൊണ്ടു് ഉഴുതാൽ ചതുരമായി മണ്ണു് ഒരു വശത്തേക്കു മറിഞ്ഞു ചാലുണ്ടാകുന്നതുകൊണ്ടു് ചാലുകളുടെ മദ്ധ്യേ തിട്ടകൾ ഉണ്ടാകുന്നില്ല. അതുകൊണ്ടു കുറുകെ ഉഴുന്നതിനു് ആവശ്യവും നേരിടുന്നില്ല. ഇതുനിമിത്തം ഉഴവിൽ വളരെ സമയലാഭം ഉണ്ടാകുന്നു. ഇതുകൂടാതെ ഇംഗ്ലീഷ് കലപ്പകൊണ്ടുഴുതാൽ വേറെ ഒരു ഗുണംകൂടിയുണ്ടു്. അതു കളയുടെ വിഷയത്തിലാണു്. ഈ കലപ്പയുടെ ഉഴവിൽ ചാലിന്റെ ഒരു വശത്തായി മണ്ണു ചതുരമായി ഇളകിമറിഞ്ഞു വീഴുന്നു എന്നു പറഞ്ഞല്ലോ. ഇങ്ങിനെ വീഴുമ്പോൾ നിലത്തിലുള്ള എല്ലാ കളകളും മുടപറിഞ്ഞു തലകീഴായും വേരു മുകളിലായും വീഴുന്നു. ഈ വേരൊക്കെ വെയിൽ തട്ടി കരിഞ്ഞു പോകാൻ ഇടയുള്ളതുകൊണ്ടു് ഇംഗ്ലീഷു് കലപ്പകൊണ്ടുഴുത നിലങ്ങളിൽ കള എടുക്കേണ്ട ആവശ്യം അധികം ഇല്ല. ഇംഗ്ലീഷ് കലപ്പ ഉപയോഗപ്പെടു

Digitized By Kerala Sahitya Akademi

ത്തുന്നതിന് ഒരു ചെറിയ പ്രയാസം ഉള്ളതുകൂടി ഓർക്കേണ്ടതാണ്. നാട്ടു കലപ്പയേക്കാൾ ഇംഗ്ലീഷ് കലപ്പയ്ക്കു ഭാരം കൂടും. അതിനെ പിടിക്കുന്നതിനു നമ്മുടെ സാധാരണ കാളകൾക്കു ശക്തിയുണ്ടായിരിക്കയില്ല. അതിലേക്കു നെല്ലൂർ കാളകൾ മതിയാകുമെന്നു സൈദാപ്പെട്ട കൃഷിത്തോട്ടത്തിലെ അനുഭവത്താൽ കണ്ടിരിക്കുന്നു. നമ്മുടെ നാട്ടുപോത്തു മതിയാകുമോ എന്നു പരിശോധിച്ചു നോക്കേണ്ടതാണ്.

ആവശ്യംപോലെ വെള്ളം കിട്ടേണ്ടതു കൃഷിക്കു വളരെ ആവശ്യമാണെന്നു് എല്ലാപേർക്കും അറിയാം. എന്നാൽ അതിനു വേണ്ട കരുതലുകൾ പുരുക്കും പേർ മാത്രമേ ചെയ്യുന്നുള്ളു. ഇൻഡ്യയിലെ ഇതരഭാഗങ്ങളോടു താരതമ്യപ്പെടുത്തി നോക്കിയാൽ കേരളത്തിൽ മഴ കുറവാണെന്നു പറഞ്ഞുകൂടാ. ഈ തിരുവിതാംകൂറിൽ മഴവെള്ളം ശേഖരിച്ചു നിർത്തുന്നതിനുള്ള കളങ്ങൾ (തൊവാള), അഗസ്ത്യീശ്വരം, ഇരണിയൽ ഈ മൂന്നു താലൂക്കുകളിൽ അല്ലാതെ പറയത്തക്ക വണ്ണം വേറെ എവിടെയും ഉണ്ടെന്നു തോന്നുന്നില്ല. ധാരാളമായി പെയ്യുന്ന ശുദ്ധജലത്തെ കൃഷിക്കു് ഉപയോഗപ്പെടുത്തത്തക്കവണ്ണം കളങ്ങളിൽ ശേഖരിച്ചു നിർത്താതെ അതു വഴിഞ്ഞു് ഒഴുകി കായലുകളിലും സമുദ്രത്തിലും ചെന്നു ചേരുന്നതു കണ്ടുകൊണ്ടു വർഷകാലത്തിൽ കുളിരും പിടിച്ചിരിക്കുന്ന നമ്മൾ വേനൽക്കാലത്തു കൃഷിക്കു വെള്ളം കിട്ടാതെ ഉഴലുന്നു. 1000—2000 പറ നിലങ്ങൾ ഒന്നായിക്കിടക്കുന്ന ഏലാകളുടെ കരകളിൽ 5—, 6— പൊട്ടക്കുളങ്ങൾ കണ്ടേക്കാം. ഈ കുളങ്ങളെ തന്നെയും കഴിച്ചു വെള്ളം നില്പ്പക്കത്തക്ക സ്ഥിതിയിൽ ഇട്ടിരിക്കുന്നതു പുരുക്കമാണ്. കാലക്രമം കൊണ്ടു പല സ്ഥലങ്ങളിലും ഈ വക കുളങ്ങളും അടുത്ത പറമ്പുകളും കൂടി ഏലായിൽ നിലമില്ലാത്ത ആളുകളുടെ വകയായിത്തീരുകയും അവർ ഏലായുടെ ആവശ്യങ്ങളെ വകവയ്ക്കാതെ കുളങ്ങളെ നികഴ്ത്തി അവയിൽ ആവശ്യംപോലെ തെങ്ങോ കമുകോ വച്ചു പിടിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ കുളങ്ങൾ നികഴ്ത്തപ്പെട്ടതായി പ്രായേണ എല്ലാ ഏലകളിലും കാണാം.

ഈയിടെ നൂതനമായി ചില കൃഷികൾ അവിടവിടെ ചിലർ ചെയ്തു വരുന്നതായി കേൾക്കുന്നു. റബ്ബർ, ഉരുളക്കിഴങ്ങു് മുതലായവ കൃഷി ചെയ്താൽ ഈ നാട്ടിൽ ധാരാളം ഉണ്ടാകുമെന്നു പറയപ്പെടുന്നു. ഇങ്ങനെയുള്ള പരിശോധനകൾ നമ്മുടെ കൃഷിക്കാർ ചെയ്തു നോക്കിയാൽ മാത്രമേ അവ ആദായകരങ്ങളോ അല്ലയോ എന്നു നമുക്കു ഖണ്ഡിച്ചുപറവാൻ നിവൃത്തിയുള്ളൂ.

കൃഷികാര്യത്തിൽ ഗവർമ്മെൻറിനു വളരെ സഹായം ചെയ്യാൻ കഴിയുന്നതാണ്. എല്ലാ പരിഷ്കൃത ദേശങ്ങളിലും ഒരു കൃഷി ഡിപ്പാർട്ടുമെൻറുണ്ടു്. കൃഷിശാസ്ത്രം പഠിക്കുന്നതിനു് തിരുവിതാംകൂർ ഗവർമ്മെൻറിൽ നിന്നും യൂറോപ്പിലേക്കു് അയച്ചിരിക്കുന്ന യുവാവു മടങ്ങി വരുമ്പോൾ ഈ സംസ്ഥാനത്തും പറയത്തക്കവണ്ണം ഒരു കൃഷിഡിപ്പാർട്ടുമെൻറ് ഏർപ്പെടുത്തപ്പെടുമെന്നു പ്രതീക്ഷിക്കാം. ഓരോ താലൂക്കിലേയും കൃഷി സംബന്ധമായ

Digitized By Kerala Sahitya Akademi

ആവശ്യങ്ങളെപ്പറ്റി ഒരു പ്രധാന ഉദ്യോഗസ്ഥനോടു് കാലംതോറും റിപ്പോർട്ടു ചെയ്യുന്നതിനു് അതാതു സ്ഥലങ്ങളിൽ ഓരോ പ്രത്യേക ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണു്.

ഗവർമ്മെൻറിൽ നിന്നും പ്രത്യേകം ധനവ്യയം ആവശ്യപ്പെടുന്ന സഹായം ഓരോ സ്ഥലത്തു് കൃഷിക്കു സഫലമായിത്തീരുമ്പോഴും അവിടെ നിന്നും ചെറുതായ ഒരു കൂടുതൽ കരം കൂടി പിരിക്കുന്നതായാലും ദോഷമില്ല. എല്ലാ സ്ഥലങ്ങളും പരിശോധിച്ചു നോക്കി അതാതു ദേശത്തു ധാരാളമുണ്ടാകുമെന്നു കാണുന്ന സസ്യവർഗ്ഗങ്ങളും കൃഷി ചെയ്യുന്നതിനു ജനങ്ങളേ ഉത്സാഹിപ്പിക്കുന്നതു് കൃഷി ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ കൃത്യമായിരിക്കണം. പലമാതിരി വിത്തുകളും കിഴങ്ങുകളും മറ്റും കൃഷിക്കാരെ വരുത്തി കൃഷി ചെയ്വാനായി അവരെ ഏല്പിക്കണം.

കരിവു കൂടക്കൂടെ ഉണ്ടാകുന്നസ്ഥലങ്ങളിൽ അതിന്റെ കാരണങ്ങളെ കണ്ടുപിടിച്ചു് അതിനെ നിവർത്തിക്കുന്നതിനു വേണ്ട മരാമത്തു വേലകളെ ചെയ്യുന്നതിനു ഗവർമ്മെൻറിനോടു് ശുപാർശ ചെയ്യുന്നതും ഈ ഡിപ്പോർട്ടുമെൻറിന്റെ ചുമതലയായിരിക്കണം. ഇപ്രകാരം ഒരു ഡിപ്പാർട്ടുമെൻറ് ഉണ്ടാക്കേണ്ടതു് ഗവർമ്മെൻറിന്റെ ചുമതലയാണു്. കേവലം മാമൂലിനെ മാത്രം അശ്രയിക്കാതെ നൂതനസമ്പ്രദായങ്ങളും പ്രയോഗിച്ചും പ്രകൃതിദത്തങ്ങളായ സൗകര്യങ്ങളെ വൃഥാകളയാതെ യഥാവസരം ഉപയോഗിച്ചുംകൃഷിനടത്തേണ്ടതു കൂടികളുടെ ചുമതലയാകുന്നു.

വിവേ. 1081 തുലാം

സ്വരാജു് വഴക്കു്

ഇൻഡ്യയുടെ പുനരുദ്ധാരണത്തിനു് ഇവിടത്തെ സ്വദേശാഭിമാനികളും ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്ന വിദ്യ 'സ്വദേശി' ബഹളമാണെന്നു വായനക്കാർ അധികം പേരും അറിഞ്ഞിരിക്കുമല്ലോ. ഇൻഡ്യയിലെ ദാരിദ്ര്യത്തിന്റെ കാരണങ്ങളിൽ ഒന്നു് അധികമായി വിദേശി സാമാനങ്ങളും വാങ്ങിക്കുന്നതിനാൽ നമ്മുടെ ധനം അന്യനാടുകളിൽ ചെന്നുചേരുന്നു എന്നതാണു്. ഈ ധനച്ചോർച്ചയെ തടുക്കുന്നതിനു് വിദേശസാമാനങ്ങളെ നാം അശേഷം വർജ്ജിക്കണമെന്നും സ്വദേശസാമാനങ്ങളെ മാത്രമേ ഉപയോഗിക്കാവു എന്നും ഉള്ള ഒരുനിർബന്ധം സ്വദേശാഭിമാനികളായ ഇൻഡ്യക്കാരുടെ ഇടയിൽ പരന്നു തുടങ്ങിയിട്ടു രണ്ടുകൊല്ലങ്ങളിൽ അധികമാകുന്നു. ഈ വ്രതത്തിൽ നിഷ്ഠയോ

Digitized By Kerala Sahitya Akademi

ടുകൂടി അന്യ ദേശത്തു നിന്നും വരുന്ന സാമാനങ്ങളെ ഉപേക്ഷിക്കുന്ന ഇൻഡ്യാക്കാരെ സ്വദേശിഎന്നും സാധാരണയായിവിളിച്ചു വരുന്നു. ഈ അഭിപ്രായം ഇൻഡ്യഒട്ടുക്കും പരന്നുകഴിഞ്ഞിരിക്കുന്നു. മിക്കവാറും ഈ അഭിപ്രായത്തിന്റെ പ്രചാരത്തോടുകൂടിത്തന്നെ വേറൊരു അഭിപ്രായവും പ്രചരിച്ചു തുടങ്ങിയിരുന്നു. ഇതാണു് സ്വരാജു് വഴക്കു്. ഇതിന്റെ താത്പര്യം ഇൻഡ്യയെ ഇൻഡ്യക്കാർ തന്നെ ഭരിക്കേണ്ടതാണെന്നും ഇംഗ്ലിഷുകാർ അവരുടെ ഭരണം രാജിവച്ചു വെളിക്കു പോകണമെന്നും ആകുന്നു. ഇൻഡ്യയെഭരിക്കുന്നതിനു വേണ്ട പരിഷ്കൃത ബുദ്ധിയും സാമർത്ഥ്യവും ഇൻഡ്യയിലെ ജനങ്ങൾക്കു വന്നിട്ടുണ്ടെന്നാണു് ഈ പക്ഷക്കാരുടെ മതം. എങ്കിലും ഈ അഭിപ്രായക്കാർ വളരെ ചുരുക്കമായിട്ടേ കാണപ്പെടുന്നുള്ളു. ഇന്ത്യ ഒട്ടുക്കു പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള അനേകം ഇന്ത്യൻ നേതാക്കന്മാർ ഈ അഭിപ്രായത്തിൽ യോജിക്കുന്നില്ല. ഇന്ത്യയുടെ ഭരണം ഇംഗ്ലിഷുകാർ ഒഴിഞ്ഞിട്ടു് ഇവിടത്തെ ജനങ്ങൾക്കു് വിട്ടുകൊടുക്കുന്നപക്ഷം ഇന്ത്യയിൽ എത്രത്തോളം സമാധാനവും അഭിവൃദ്ധിയും ഉണ്ടാകുമെന്നു് പറയാൻ പ്രയാസമില്ല. അനേകം മതങ്ങളും അതിൽ എത്രയോമടങ്ങു ഭാഷകളും ആ മതത്തിലും ഭാഷകളിലും തന്നെ എത്രയോ അധികം ജാതികളും ഉപഭാഷകളും ഉള്ള ഒരു വലിയ ഖണ്ഡമാകുന്ന ഇന്ത്യ എന്നതു് ആരും സമ്മതിക്കും. ഒരു സ്വരാജ്യ ഭരണത്തിനു വേണ്ട ഐകമത്യം തീർച്ചയായിട്ടു് ഇന്ത്യയിൽ അടുത്തകാലത്തു് ഉണ്ടാകുന്നതല്ല. ഇന്ത്യയെ നാം തന്നെ ഭരിക്കാൻ തുടങ്ങുന്നപക്ഷം 150–ൽ പരം കൊല്ലത്തെ ഇംഗ്ലീഷു് ഭരണത്തിൽ നാം മുമ്പോട്ടു വന്നിട്ടുള്ളമാർഗ്ഗം അതുയും പുറകോട്ടു നടക്കേണ്ടിവരും. ജാതിവ്യത്യാസം ഇന്ത്യയിൽ ബലമായി സ്ഥിതി ചെയ്യുന്നകാലത്തോളം സ്വരാജ്യ ഭരണത്തിനു് അന്യസഹായംകൂടാതെ ഇന്ത്യക്കാർ യോഗ്യന്മാരായിത്തീരുന്നതല്ല. ഇപ്പോഴത്തെ ഭരണത്തിൽ എല്ലാജാതിക്കാക്കും ഒന്നുപോലെ അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണകർത്താക്കന്മാർ അനുവദിക്കുമെന്നു വിശ്വസിക്കാൻ മാർഗ്ഗം കാണുന്നില്ല. അതിനാൽ ഇവരുടെ ഈ ബഹളത്തിൽ ഉൾപ്പെടുന്നതിനു സന്നദ്ധരായിരിക്കുന്നവർ വളരെ ചുരുങ്ങുമെന്നു തന്നെ തോന്നുന്നു. ജാതിവ്യത്യാസത്തിന്റെ കടുഷ്ഫലങ്ങളെ അനേകായിരം വർഷങ്ങൾ അനുഭവിച്ചിട്ടുള്ള ഒരു ജാതിയും ഇവരുടെ പക്ഷത്തിൽ ചേരുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ഈ അഭിപ്രായം എത്ര കണ്ടു സുകരമായിവരുമെന്നുള്ളതിനെപ്പറ്റി ഞങ്ങൾ തൽക്കാലം ഇവിടെ ഒന്നുംതന്നെ പറയേണ്ട അവശ്യകതയില്ല. ബ്രിട്ടിഷ്നീതിയിൽ ജനങ്ങൾക്കു പൊതുവിൽ ഉണ്ടായിരിക്കുന്ന വിശ്വാസത്തിനു അനുകമ്പയും ഈ ബഹളങ്ങൾ ഒരുന്മൂനതയും വരുത്തുന്നതിനു ശക്തങ്ങളായിത്തീരുന്നതല്ലെന്നു മിക്കവാറും ഉറപ്പായി പറയാവുന്നതാകുന്നു.

വി : 1083 തുലാം.

ശ്രീമൂലം കൃഷി പ്രദർശനം

തിരുവനന്തപുരത്തു് ഈ കൊല്ലത്തെ ശ്രീമൂലം പ്രജാസഭായോഗത്തോടു ചേർത്തു നടത്താൻ തീർച്ചപ്പെടുത്തിയിരിക്കുന്ന ടി പ്രദർശനം നമ്മുടെ ജന

Digitized By Kerala Sahitya Akademi

ങ്ങൾക്കു കൃഷി വിഷയത്തിൽ പലവിധമായ അറിവിനേയും ഉത്സാഹത്തേയും വർദ്ധിപ്പിക്കാൻവേണ്ടി ഗവൺമെൻറിൽനിന്നും ഏർപ്പെടുത്തിയിരിക്കുന്ന ഏറ്റവും സ്തുത്യർഹമായ ഒരു ഉപായമാകുന്നു. ഇങ്ങിനെയുള്ള ശ്രമങ്ങൾ രാമരായർ ദിവാൻജിയുടെ കാലത്തുതന്നെ ഇവിടെ ആരംഭിച്ചിരുന്നു എങ്കിലും അന്നു് അവയുടെ ഉദ്ദേശങ്ങളെ വേണ്ടവണ്ണം ജനങ്ങൾ ധരിക്കാഞ്ഞിട്ടോ അധികൃതന്മാരുടെ ദൃഷ്ടിയും ഉത്സാഹവും വേണ്ടമാർഗ്ഗത്തിൽ പതിയാഞ്ഞിട്ടോ എങ്ങിനെയെങ്കിലും നിഷ്പ്രയോജനമായാണു കലാശിച്ചതു്. എന്നാൽ ഇപ്പോഴത്തെ ശ്രമം ഒന്നുകൊണ്ടും അപ്രകാരം കലാശിക്കുമെന്നു വിചാരിപ്പാൻ തരമാകാത്തതും നേരേമറിച്ചു് വാസ്തവത്തിൽ ജനങ്ങൾക്കു ഗുണപ്രദമായിത്തീരുമെന്നാഗ്രഹിക്കത്തക്ക എല്ലാ കാരണങ്ങളാലും സനൂർണ്ണവുമാകുന്നു. ഇപ്പോൾ ജനങ്ങൾക്കു് അക്കാലത്തേക്കാൾ വർത്തമാനപത്രങ്ങൾ മുലമായും മറ്റും ശാസ്ത്രീയമായ കൃഷിരീതിയേയും അതിന്റെ ഗുണങ്ങളേയുംപറ്റി കേട്ടു കേട്ടു ഒരു താത്പര്യം ജനിച്ചുതുടങ്ങീട്ടുണ്ടു്. പ്രദർശനത്തിന്റെ പ്രയോജനം കേവലം കൗതുകക്കാഴ്ചകളല്ലെന്നും തൊഴിലുകൊണ്ടാദായം വർദ്ധിപ്പിച്ചു് ക്ഷേമാഭിവൃദ്ധിക്കായി ജനങ്ങളെ പ്രേരിപ്പിക്കുന്നതാണെന്നും ഒരുവിധം ജനസാമാന്യത്തിനു മനസ്സിലായിത്തുടങ്ങീട്ടുണ്ടു്. പ്രജാസഭ സംബന്ധിച്ചു് സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും യോഗ്യന്മാരായ പ്രതിനിധികൾ വന്നുചേരുന്ന ഒരു സന്ദർഭത്തിൽ നടത്തപ്പെടുത്തതിനാൽ ഈ പ്രദർശനം വിശേഷിച്ചു അതിന്റെ ഫലത്തെ അനായാസേന എങ്ങും വ്യാപിപ്പിക്കുന്നതിനു മതിയായിരിക്കുന്നതാണു്. നിയമേന ആണ്ടുതോറും നടത്തപ്പെടുമെന്നുള്ളതിനാൽ ജനങ്ങൾക്കു് ഇതിൽ വിശ്വാസവും താത്പര്യവും വർദ്ധിച്ചുവരുമെന്നുള്ളതും അതുകൊണ്ടു് ഈ പ്രദർശനം പ്രതീക്ഷിക്കപ്പെട്ടിരിക്കുന്ന ഫലത്തെ നാട്ടിനു ശാശ്വതമാംവണ്ണം നൽകുമെന്നുള്ളതും നിരാക്ഷേപകമാകുന്നു. പ്രദർശനം ധനു 22–ാം തീയതി ആരംഭിക്കുന്നതും 3 ദിവസം ഉണ്ടായിരിക്കുന്നതുമാണു്. മിക്കവാറും കൃഷികൊണ്ടു കാലക്ഷേപം ചെയ്യുന്നവരായ നമ്മുടെ ജനങ്ങൾ, വിശേഷിച്ചും വസ്തു ഉടമസ്ഥന്മാർ, ഈ പ്രദർശനത്തിൽ സംബന്ധിച്ചു് അതുകൊണ്ടുണ്ടാകാവുന്ന വലുതായ പ്രയോജനത്തെ കണ്ടറിയുകയും തങ്ങളുടെ ഗുണത്തിനായി അവയെ പരീക്ഷിച്ചു നോക്കുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു. തിരുവിതാംകൂറിൽ ഉണ്ടാകുന്ന വിവിധ സസ്യാദികൾ അവയുടെ കൃഷിരീതികൾ, വളങ്ങൾ, കൃഷിയായുധങ്ങൾ, അന്യരാജ്യങ്ങളിൽനിന്നു് ഇവിടെകൊണ്ടുവന്നു് ആദായകരമാംവണ്ണം കൃഷി ചെയ്യാമെന്നുള്ള സസ്യാദികൾ, അവയുടെ വളങ്ങൾ, കൃഷിക്രമങ്ങൾ മുതലായ പ്രയോജനകരങ്ങളായ പലതും പ്രദർശിപ്പിക്കപ്പെടുന്നതും ഇവയിൽനിന്നു പല പാഠങ്ങളും നിശ്ചയമായും പഠിപ്പാനുണ്ടാകുന്നതുമാകുന്നു.

വിവേ: 1085 തുലാം

Digitized By Kerala Sahitya Akademi

നാടുകടത്തൽ

സ്വദേശാഭിമാനി പത്രാധിപർ രാമകൃഷ്ണപിള്ള അവർകളെ തിരുവിതാംകൂർ ഗവൺമെൻറ് നാടുകടത്തിയ സംഗതി ഈയിടെയുള്ള പ്രധാന വർത്തമാനങ്ങളുടെ കൂട്ടത്തിൽ ഒന്നാണല്ലോ. മിസ്റ്റർ രാമകൃഷ്ണപിള്ള മുഖം നോക്കാതെ കാര്യങ്ങളെ വിളിച്ചുപറയുന്ന ഒരു പത്രാധിപരായിരുന്നു. അങ്ങിനെ ഉള്ളവരുടെ ആവശ്യകത വാസ്തവം പറഞ്ഞാൽ തിരുവിതാംകൂറിൽ ഒഴിച്ചുകൂടാത്തതാണു്. എന്നാൽ അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ ഒടുവിലത്തെ ഗതിഭേദം നിശ്ചയമായും ആപത്കരമായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കു തന്നെ അതു സുഖശ്രവമായിരുന്നിരിക്കയില്ല. മിസ്റ്റർ രാമകൃഷ്ണപിള്ള തന്റെ വാക്സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തു പ്രജാക്ഷേമകാംക്ഷിയായ മഹാരാജാവു തിരുമനസ്സിലെ അപ്രീതിക്കു് ഈവിധം പാത്രമായിത്തീർന്നതിൽ വ്യസനിക്കയല്ലാതെ നിവൃത്തിയില്ല.

'' സത്യം ബ്രൂയാൽ പ്രിയം ബ്രൂയാൽ
ന ബ്രൂയാൽ സത്യമപ്രിയം
പ്രിയം ച നാനൃതം ബ്രൂയാ–
ദേഷ ധർമ്മസ്സനാതന:''

വിവേ: 1085 ചിങ്ങം, കന്നി

മന:ശക്തി

മനസ്സിനെ വശത്തു നിറുത്താൻ കഴിയുമെങ്കിൽ അത്ഭുതകരങ്ങളായ പല പ്രവൃത്തികളും ചെയ്യാമെന്നുള്ള യോഗികളുടെ സിദ്ധാന്തം പ്രയോഗയോഗ്യമല്ലാത്ത വെറും പ്രതിജ്ഞകളുടെ കൂട്ടത്തിൽ ഒന്നല്ല. വിയന്നാ പട്ടണത്തിലെ ഒരു ആസ്ട്രിയൻ ഡാക്ടരുടെ പരീക്ഷയിൽപെട്ട ഒരു മനുഷ്യന്റെ അസാധാരണമായ മന:ശക്തിയെപ്പറ്റി അദ്ദേഹം ഈയിടെ ചില ഇംഗ്ലീഷ് പത്രങ്ങളിൽ എഴുതിയിരിക്കുന്ന സംഭവം രസകരമാണു്. ഈ മനുഷ്യനു തന്റെ മനസ്സുപോലെ ഹൃദയത്തിന്റെ വലിപ്പത്തെ കൂട്ടുകയോ കുറയ്ക്കുയോ ചെയ്യാനും അതിന്റെ സ്ഥാനത്തിൽനിന്നു് ഇഷ്ടംപോലെ അങ്ങോട്ടോ ഇങ്ങോട്ടോ അതിനെ മാറ്റി വയ്പാനും കഴിയുമത്രേ. ഹൃദയത്തിന്റെ അടി മിനുട്ടിൽ എൺപതു വീതമുള്ളതു കുറച്ചു അൻപതാക്കുന്നതിനും, ഹൃദയപഞ്ജരത്തിന്റെ വലത്തേ കക്ഷ്യയിലോ മദ്ധ്യരേഖയിലോ ഹൃദയത്തെഇഷ്ടംപോലെ കൊണ്ടുവരുന്നതിനും അയാൾക്കു കഴിയും. ആദ്യത്തേതിനു് അയാൾ അതിവേഗത്തിൽ പോകുന്നു എന്നും രണ്ടാമത്തേതിനു് തന്റെ ശ്വാസകോശത്തിന്റെ ഇടത്തേ ഭാഗം മുറിഞ്ഞുപോകുന്നു എന്നും തന്നത്താൻ വിചാരിച്ചാൽ മതി. ശരീരത്തിൽ ഏതു ഭാഗത്തിലെങ്കിലും ചോര ഒലിപ്പിക്കാനും വീക്കമുണ്ടാക്കാനും അയാൾക്കു്

Digitized By Kerala Sahitya Akademi

ഒരു പ്രയാസവുമില്ല. അവിടം തീപ്പെട്ടി പൊള്ളിയിരിക്കുന്നു എന്ന ഒരു വിശ്വാസം ബലമായി മനസ്സിൽ അടിച്ചു കേറിയാൽ മതി. ഈ അസാധാരണ മനുഷ്യനു തന്റെ കൺമണികളും രണ്ടും ഒരുമിച്ചോ വെവ്വേറെയായോ ഇഷ്ടംപോലെ ചെറുതാക്കുകയോ വലുതാക്കുകയോ ചെയ്യാനും കഴിയുമത്രേ. ഈ വിദ്യയെ ശാസ്ത്രീയ രീതിയിൽ ക്രമപ്പെടുത്തി അഭ്യസിച്ചാൽ മനുഷ്യ വർഗ്ഗത്തിനു് അളവറ്റ ഗുണങ്ങളും ഉണ്ടാവാൻ ഇടയുണ്ടു്.

വിവേ: 1086 മീനം

കുഷ്ഠം

കുഷ്ഠം എന്ന രോഗത്തിന്റെ ഭയങ്കരത്വത്തേയും ബീഭത്സതയേയും വിചാരിച്ചു ചിന്താമഗ്നരാകാത്തവർ മനുഷ്യരുടെ ഇടയിൽ ഉണ്ടായിരിക്കയില്ല. മതസംബന്ധമായി വിലമതിപ്പാൻ പാടില്ലാത്ത അറിവുകളും കണ്ടുപിടിച്ചു തന്ന മനുഷ്യവർഗ്ഗത്തെ അനുഗ്രഹാച്ചിട്ടുള്ള മഹാത്മാക്കളിൽ അദ്വിതീയനായ ബുദ്ധമഹർഷിക്കു് ലോകത്തോടു് ഒന്നാമതായി വെറുപ്പുണ്ടാക്കിയതു നഗരത്തിനു പുറത്തു തള്ളപ്പെട്ടിരുന്ന ഒരു കുഷ്ഠരോഗിയാണെന്നു ചരിത്രം പറയുന്നു. ശീലാവതിയുടെ പാതിവ്രത്യത്തിന്റെ പരമകാഷ്ഠയെ കാണിപ്പാനായി പുരാണികന്മാർ ആ സാധ്വിയെക്കൊണ്ടു തന്റെ കുഷ്ഠരോഗിയായ ഭർത്താവിനെ ഒരു വെറുപ്പും കൂടാതെ ശുശ്രൂഷിപ്പിക്കുന്നു. ഇതു പ്രധാനമായ കുഷ്ഠത്തെപ്പറ്റി ഇന്നും വിദ്വാന്മാരുടെ ഇടയിൽ വഴക്കാണു്. പലരും സിദ്ധൗഷധങ്ങളും കണ്ടുപിടിച്ചിട്ടുണ്ടു്. ഒന്നും ഇതുവരെ ഫലിച്ചിട്ടില്ല. കാരണത്തേയും പകർച്ചയേയും പറ്റി പലരും പലതും പ്രസ്താവിക്കുന്നുണ്ടു്. ഒരു തീർച്ചയും ഇതുവരെ ഉണ്ടായിട്ടില്ല. ഇതു പിടിപെട്ടാൽ രോഗി ഉടനെ മരിക്കയല്ല ചെയ്യുന്നതു്. സകല മനുഷ്യരുടേയും വെറുപ്പിനു വിഷയമായും ഭ്രാഷ്ടനായും ജീവിക്കുകയാകുന്നു. അതാണു് ഏറ്റവും പരിതാപകരം. അതുകൊണ്ടു് മനുഷ്യവർഗ്ഗത്തെ ഇതിൽനിന്നു രക്ഷപ്പെടുത്താനും പിടിപെട്ടവരെ കഴിയുന്നത്ര സഹായിപ്പാനും വേണ്ട മാർഗ്ഗങ്ങളും വിദ്വാന്മാർ ഇന്നും അന്വേഷിച്ചുകൊണ്ടിരിക്കയാണു്. ഇതിനെ സംബന്ധിച്ചു് ഒരു ഇൻറർ നാഷണൽ കോൺഗ്രസ്സു് കഴിഞ്ഞകൊല്ലം നാർവേയിൽ ബർജൺ പട്ടണത്തിൽവച്ചു കൂടിയതിൽ പ്രതിനിധികളുടെ ഏകകണ്ഠമായ അഭിപ്രായം കുഷ്ഠം നേരേയും മറ്റു വഴികളിലായും പകർച്ചയുള്ളതാണെന്നാകുന്നു. ചെരുപ്പു്, മുട്ട, പേൻ ഈ പരാശ്രിത ജീവികളും വഴിയായും ഇതു പകരുമത്രേ. ഈ ജീവികൾ രോഗിയുടെ രക്തത്തിൽനിന്നു കുഷ്ഠബീജങ്ങളെ എടുത്തു അരോഗികളുടെ രക്തത്തിൽ കൊണ്ടുചെന്നു വിടുകയാണു്. ആഹാരദോഷങ്ങളാലാണു് ഈ മഹാവ്യാധി ഉണ്ടാകുന്നതെന്ന അഭിപ്രായത്തെ കാൺഗ്രസ്സു് പ്രതിനിധികളും സമ്മതിക്കുന്നില്ല. മത്സ്യഭക്ഷണത്തിൽനിന്നു ഈ രോഗം പിടിപെടുമെന്നുണ്ടായിരുന്ന പ്രബലമായ അഭിപ്രായത്തേയും അവർ നിഷേധിക്കുന്നു. ഇവരുടെ അഭിപ്രായത്തിൽ ഇതു

Digitized By Kerala Sahitya Akademi

തറവാട്ട പരമ്പരയായി വരുന്നതല്ലത്രേ. രോഗം പകർന്ന കഴിഞ്ഞാൽ വളരെ
ക്കാലം ചെന്നിട്ടാണ് ഇതു പ്രത്യക്ഷപ്പെടുന്നതെന്നും അവർ പറയുന്നു. രോഗികളെ
മറ്റുള്ളവരിൽനിന്ന് അകറ്റി ഏകാന്തത്തിൽ താമസിപ്പിക്കുന്നതു് ഏതായാലും
ആവശ്യമാകുന്നു ഇങ്ങനെ ചെയ്യുന്നതു പുരാതനകാലം മുതൽ നടന്നവരുന്നതും എല്ലാ
രാജ്യങ്ങളിലും ഒന്നുപോലെ അനുഷ്ഠിച്ചു വരുന്നതുമാണ് നമ്മുടെ ഇടയിൽ സ്നേ
ഹം നിമിത്തം ചില രോഗികളെ അകറ്റി താമസിപ്പിക്കാതെ ഇരിക്കുന്നുണ്ട്.
അതു് ആപൽക്കരമാണ്. അങ്ങിനെയുള്ള സ്നേഹചാപല്യം തറവാട്ടിനേറയും
സമുദായത്തിന്റെ തന്നെയും ആരോഗ്യത്തിനു പ്രത്യക്ഷത്തിൽ ഏറ്റവും ഹാനി
കരമായിട്ടുള്ളതാകയാൽ ബുദ്ധിയുള്ളവർ അതിനു വഴിപ്പെട്ടു കൂടാത്തതും കഴിയുന്ന
തു സൂക്ഷിക്കേണ്ടതുമാകുന്നു. നിയതമായ പഥ്യാചാരവും ചികിത്സയും കൊണ്ടു
ഈ രോഗത്തിനു ഗണ്യമായ ഭേദം കണ്ടുവരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമത്രേ.

വിവേ : 1086 മീനം

തിരുവനന്തപുരത്തേക്കു തീവണ്ടി

നാട്ടിൽ പരിഷ്കാരവും ആനന്ദസിച്ചു മനുഷ്യനു് അടുത്തതും ദൂരെയുമുള്ള ജനങ്ങളു
മായി ഇടപെടേണ്ട കാര്യങ്ങളും വർദ്ധിച്ചുവരുന്നതോടുകൂടി ഒരു തുല്യമായ വർദ്ധന
ഗതാഗത സൗകര്യങ്ങൾക്കും വന്നില്ലെങ്കിലുള്ള ബുദ്ധിമുട്ടു് പറഞ്ഞറിയിക്കാവുന്ന
തല്ല. നമ്മുടെ തലസ്ഥാനമായ തിരുവനന്തപുരവും ഒരു പ്രധാന ഡിസ്ട്രിക്ട്റി
ന്റെ പ്രധാന നഗരമായ കൊല്ലവും തമ്മിൽ 42 നാഴികയുടെ അന്തരം മാത്രമേയു
ള്ളു. എങ്കിലും ഗതാഗത സൗകര്യത്തിന്റെ കുറവുകൊണ്ടു തിരുവനന്തപുരത്തു
നിന്നു കൊല്ലത്തേക്കു പോകുന്നതും കൊല്ലത്തുനിന്നു 553 മൈൽസ് അകലെയുള്ള
മദ്രാസിലേക്കു പോകുന്നതും തമ്മിൽ ഒത്തുനോക്കിയാൽ അധികം ക്ലേശകരമായി
ത്തോന്നുന്നതു് ആദ്യം പറഞ്ഞയാത്രയാണെന്നു് അനുഭവിച്ചറിഞ്ഞിട്ടുള്ളവർ സമ്മ
തിക്കാതിരിക്കില്ല. ഈ അസൗകര്യത്തെ ഇതുവരെ വച്ചുകൊണ്ടിരിക്കയും, തീവണ്ടി
യുടെ അനുഗ്രഹത്തെ ഇതുവരെ അനുഭവിക്കാതിരിക്കയും ചെയ്തതിനെപ്പറ്റി നാം
അനുതപിക്കേണ്ടതാകുന്നു. എന്നാൽ കഴിഞ്ഞതിനെ നോക്കി ദുഃഖിക്കുന്നതിനെ
ക്കാൾ നമുക്കു വരാനുള്ളതിനെ നോക്കി ആനന്ദിക്കുന്നതാണു നല്ലതു്. തിരുവന
ന്തപുരത്തേക്കുള്ള വണ്ടിപ്പാത ഇതാ അനുവദിച്ചു കഴിഞ്ഞിരിക്കുന്നു. പണി രണ്ടു
കൊല്ലത്തിനകം പൂർത്തിയാകും. കൊല്ലം, മയ്യനാടു", വർക്കല, കടയ്ക്കാവൂർ, കഴ
ക്കൂട്ടം, തിരുവനന്തപുരം ഇങ്ങനെ 6 സ്റ്റേഷനാണ്. കടയ്ക്കാവൂർ നിന്നു ആറ്റി
ങ്ങലേക്കു ഒരുശാഖകൂടി കാലതാമസമെന്നിയേ തുറക്കുന്നതായിരിക്കും. ഇതുയുംകൊ
ണ്ടു നമ്മുടെ തീവണ്ടി ആവശ്യം നിറവേറി എന്നു പറയാവുന്നതല്ല. കൊല്ലത്തു
നിന്നു വടക്കോട്ടു് ആലുവാവരെയും, തിരുവനന്തപുരത്തു നിന്നും കന്യാകുമാരിവ
രെയും ഓരോ ലൈൻ കൂടി അധികം താമസിയാതെ ഉണ്ടാകാതിരിപ്പാൻ നിവൃ
ത്തിയില്ലാത്തതാകുന്നു. വിശേഷിച്ചു് ഇപ്പോൾ ഉണ്ടാവാൻ പോകുന്ന പാത കൊ
ണ്ടു ജനങ്ങൾക്കു മറേ ഗതാഗത സൗകര്യങ്ങളുണ്ടാകുമെന്നല്ലാതെ ഗവർമ്മെൻറിനു്

Digitized By Kerala Sahitya Akademi

ആദായമുണ്ടാവാൻ പ്രയാസമുണ്ട്. ആംഗ്ലേവിനേക്കാളും സാമാന്യക്കേവിൽ നിന്നാണു കമ്പനിക്കു പണം കിട്ടുന്നതു്. തിരുവന്തപുരം കച്ചവടത്തിനു പ്രസിദ്ധപ്പെട്ട ഒരു വലിയ ബന്ദർ അല്ലാത്തതു കൊണ്ടും ഇവിടെ നിന്നു കൊച്ചിയും ആലപ്പുഴയുമായി നടന്നു വരുന്ന കച്ചവടങ്ങളുംകൂടി കൊല്ലം വരെയുള്ള തീവണ്ടി ആത്യന്തപ്രയോജനകരമായിരിപ്പാൻ ഇടയില്ലാത്തതിനാലും മേൽ പറഞ്ഞ രണ്ടു ലയിനുകളും കൂടി നടപ്പായെങ്കിലല്ലാതെ ആദായം കൊണ്ടും മറ്റു പ്രയോജനം കൊണ്ടും നോക്കിയാൽ തിരുവിതാംകൂർ തീവണ്ടി ഒരു അപൂർണ്ണ നിലയിൽ തന്നെ കിടക്കുമെന്നുള്ളതിനു് ആക്ഷേപമില്ല. എന്നാൽ ഇതു വലിയ വ്യയസാദ്ധ്യമായ ഒരു സംഗതിയാണു്. ഈ 42 മൈൽസിനു തന്നെ 25 ലക്ഷം ക. പിലവുണ്ടു്. നാം ക്ഷമയോടെ കാത്തിരുന്നാൽ ഫണ്ടിന്റെ സ്ഥിതി അനുസരിച്ചു ഗവർമ്മെൻറു നിശ്ചയമായും യഥാകാലം നമ്മുടെ തീവണ്ടിയെ തെക്കും വടക്കും അത്തിവരെ നീട്ടി പൂർത്തിയാക്കുമെന്നുള്ളതിൽ സംശയിപ്പാനില്ല.

വിവേ : 1087 മിഥുനം, കർക്കടകം

യുദ്ധം

യൂറോപ്പിൽ റഷ്യ, ഫ്രാൻസ് ഈ മഹാശക്തികളുംകൂടി, നമ്മുടെ ബ്രിട്ടീഷ് ഗവർമ്മെൻറിനും എതിരായി ആസ്ട്രിയാ, ജർമ്മനി ഈ ശക്തികളും നടത്തിവരുന്ന ഘോരയുദ്ധം മനുഷ്യവർഗ്ഗത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള യുദ്ധങ്ങളിൽ ഒക്കെയും വച്ചു് ഏറ്റവും ഭയങ്കരമായും ഭൂലോകത്തിനു് ഒട്ടുക്കു് ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ ആപൽക്കരമായുമിരിക്കുന്നു. അതി യോഗ്യരായ ബ്രിട്ടീഷ് മന്ത്രിമാരുടേയും ലോകത്തുള്ള അദ്വിതീയന്മാരായ നീതിജ്ഞന്മാരിൽ പലരുടേയും സാമോപദേശങ്ങളും ഒന്നും വകവയ്ക്കാതെ പടവെട്ടാൻ വാളെടുത്ത ജർമ്മനിയുടെ ദുരാഗ്രഹത്തെപ്പറ്റി എന്തു പറയട്ടെ. സയൻസ്, തത്ത്വശാസ്ത്രം, ധർമ്മസ്ഥാപനങ്ങൾ, വിദ്യാഭ്യാസരീതി, കച്ചവടം, കൈവേല ഈ വിഷയങ്ങളിൽ സമ്പാദിച്ചിട്ടുള്ള ഉൽക്കർഷംകൊണ്ടു ജർമ്മൻകാരോടു ഇതുവരെ ലോകത്തിനുണ്ടായിരുന്ന അസാമാന്യമായ ബഹുമതിയും വിശ്വാസവും അവർതന്നെ തങ്ങളുടെ ഈ ദുരാശയ്ക്കു ബലികൊടുത്തിരിക്കുന്നു. യുദ്ധനിയമത്തിനു വിരുദ്ധമായും മനുഷ്യ സാധാരണമായ കാരുണ്യത്തിന്റെ ലേശം കൂടാതെയും അവർ ആക്രമിക്കുന്ന പല രാജ്യങ്ങളിലും കാണിച്ചുവരുന്ന ക്രൂരതകളും അവരുടെ പേരു കേട്ടാൽതന്നെ ധർമ്മിഷ്ഠന്മാർക്കു വെറുപ്പു തോന്നത്തക്കവണ്ണമുള്ളതാകുന്നു. ജർമ്മനിയുടെ യുദ്ധസന്നാഹം മനുഷ്യരുടെ ധാർമ്മികമായ അഭിവൃദ്ധിക്കു വിരുദ്ധമായി ''കൈയുക്കുള്ളവൻ കാര്യക്കാരൻ'' എന്ന മൃഗസാമാന്യമായ ചട്ടത്തെ പുനർജ്ജീവിപ്പിക്കുന്നതായി തീർന്നിരിക്കുന്നു. ഇരുപ് ആളിനും അർത്ഥത്തിനും ഉള്ള ഭയങ്കരമായ നാശത്തെക്കാളും മനുഷ്യന്റെ സദാചാരബോധത്തെയും അതിനെ അടിസ്ഥാനമാക്കിയുള്ള ഭാവിവിശ്വാസത്തെയും ചുവടോടെ ഇളക്കുന്ന സംഗതിയാകുന്നു. ലോകാവസ്ഥയിൽ ഇതുപോലെ ആപൽക്കരമായ ഒരു മാറ്റം ഉണ്ടാവാനില്ല. ഇതിനു ഹേതുഭൂതമായ

Digitized By Kerala Sahitya Akademi

ജർമ്മനി മനുഷ്യവഗ്ഗത്തിന്റെ മുഴുവൻ കോപത്തിനും ശാപത്തിനും ലക്ഷ്യമായിത്തീർന്നിരിക്കുന്നു.

മനുഷ്യന്റെ ഐഹികവും ആത്മീയവുമായ സ്വാതന്ത്ര്യത്തെ പരിപാലിക്കുകയല്ലെങ്കിൽ ധർമ്മത്തെ രക്ഷിക്കുകയാകുന്ന എല്ലാ ഗവണ്മെൻറിന്റെയും ചുമതല. ഈ ചുമതലയെ ബ്രിട്ടീഷ് ഗവർമ്മെൻറിനെപ്പോലെ അറിഞ്ഞു പ്രവർത്തിക്കുന്ന മറ്റൊരു കോയ്മ ഉണ്ടോ എന്നു സംശയമാകുന്നു. ആ ഗവർമ്മെൻറിന്റെ ഇന്നത്തെ ബഹുമതിക്കും അഭിവൃദ്ധിക്കും കാരണമായിട്ടുള്ളതു് ആ ധർമ്മനിഷ്ഠ തന്നെയാണെന്നുള്ളതു നിസ്സംശയമാണു്. ആ സ്ഥിതിക്കു ലോകത്തെ കീഴ്മേൽ മറിക്കുന്നവിധത്തിലുള്ള ഈ ദേവാസുര യുദ്ധത്തിൽ സാക്ഷാൽ ധർമ്മ സ്ഥാപകനായ നമ്മുടെ ചക്രവർത്തിതിരുമനസ്സിലേക്കു നേരിട്ടിരിക്കുന്ന ചുമതല എത്ര വലുതായിട്ടുള്ളതാണെന്നും അതിനെ സൂര്യാസ്തമയമില്ലാത്ത ബ്രിട്ടീഷ്ഭൂമിയിൽ ഉള്ള സകലരും എത്ര ആത്മാർത്ഥമായി സഹകരിക്കേണ്ടതാണെന്നും പറയേണ്ടതില്ലല്ലോ. ബ്രിട്ടീഷ് തന്റെ ശത്രുവോടു ചെയ്യുന്ന യുദ്ധം കേവലം ധർമ്മയുദ്ധമാകുന്നു. അതുകൊണ്ടു് ധർമ്മത്തെ സ്നേഹിക്കുന്ന സകലജനങ്ങളും സകലവിധ സഹായങ്ങളും സഹകരണങ്ങളും ചെയ്വാൻ ഒരുങ്ങി ഇരിക്കുന്നതുമാകുന്നു.

ഈ യുദ്ധം എപ്പോഴായാലും നമ്മുടെ ഭാഗം വിജയമായി കലാശിക്കുമെന്നുള്ള ''ധർമ്മംജയിക്കും'' എന്നുള്ള നമ്മുടെ വിശ്വാസത്തെ അടിസ്ഥാനമാക്കി നമുക്കു് ഉറപ്പിച്ചുകൊള്ളുവുന്നതാണു്. എന്നിരുന്നാലും ഇതുനിമിത്തം ഇപ്പോൾതന്നെ ഉണ്ടായിട്ടുള്ള പലമാതിരി അനർത്ഥങ്ങളും കഷ്ടതകളും ഭയങ്കരമായിരിക്കുന്നു. ഈ രീതിയിൽ, യുദ്ധം തുടർന്നാൽ ഉണ്ടാവാൻ ഇടയുള്ള ആപത്തുകളും നാശങ്ങളും ഇത്ര മാത്രമാണെന്നു നിശ്ചയിപ്പാൻ ആർക്കും പാടില്ലാത്തതുമാകുന്നു. അതുകൊണ്ടു് കഴിയുന്ന വേഗത്തിൽ ഈ ''ദേവാസുരം'' നമ്മുടെ ചക്രവർത്തിക്കും ബന്ധുകോയ്മകൾക്കും വിജയപൂർണ്ണമായി അവസാനിപ്പാൻ ധർമ്മമൂർത്തിയായ ജഗദീശ്വരനെ ഞങ്ങൾ സദാ ഭക്തിപൂർവം പ്രാർത്ഥിച്ചുകൊള്ളുന്നു. നമ്മുടെ യോഗം അദ്ധ്യക്ഷൻ ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങൾ അവിടത്തെ വൈദികാംഗ്ലേയിൻകീഴിൽ കേരളമൊട്ടുക്കുള്ള നമ്മുടെ വർഗ്ഗക്കാരുടെ സകല ക്ഷേത്രങ്ങളിലും ഭജനമന്ദിരങ്ങളിലും യുദ്ധാവസാനംവരെ ചക്രവർത്തി തിരുമനസ്സിലെ വിജയത്തിനും ക്ഷേമത്തിനുമായി പ്രതിദിനം വിശേഷാൽ പ്രാർത്ഥനകളും പൂജയും നടത്താൻ ആഗ്രഹിച്ചു യോഗംമുഖേന ഏർപ്പാടു ചെയ്തിരിക്കുന്ന വിവരവും ഈ സന്ദർഭത്തിൽ പ്രസ്താവയോഗ്യമാകുന്നു.

യുദ്ധംകൊണ്ടു ലോകം മുഴുവൻ ഉണ്ടായിരിക്കുന്ന അനർത്ഥങ്ങളിൽ ഒട്ടും അപ്രധാനമായ ഒന്നല്ല ഈ തീരത്തിൽ കൊപ്രാ, കയർ ഈ വ്യവസായങ്ങൾക്കു നേരിട്ടിരിക്കുന്ന ഉടവ്. തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള തെങ്ങുകൃഷിക്കാരുടെ ഐശ്വര്യം എല്ലാം താങ്ങിനിന്നതു കൊച്ചി, ആലപ്പുഴ ഈ തുറമുഖങ്ങളും യൂറോപ്യൻ കമ്പനിക്കാരും ആയിരുന്നു എന്നു പറയേണ്ടതില്ലല്ലോ. കമ്പനിക്കാർ ജോലി നിറുത്തിയതോടുകൂടി കയർ, കൊപ്രാ മുതലായവയുടെ ആവശ്യം നിന്നുപോകയും കച്ചവടക്കാർ ശേഖരിച്ചുവച്ചിരുന്ന ചരക്കുകൾ അങ്ങനെതന്നെ ഇരുന്നു കാൽകാശു വിലകിട്ടാതെ പൊടിഞ്ഞുപോകയും ചെയ്യുന്നു. കച്ചവടക്കാരുടെ സർവ

Digitized By Kerala Sahitya Akademi

സ്വവും അവരുടെ ചരക്കുകളാണെന്നും അത്ര പൊയ്പ്പോയാൽ അവരുടെ കഥ തീ ന്നു എന്നും അറിയാമല്ലൊ. ഇങ്ങനെ പൊളിഞ്ഞുപോയവരിൽ കൊച്ചി മുതൽ ചിറയിൻകീഴ് വരെ കായൽ തീരങ്ങളിലുള്ള ഞങ്ങളുടെ വർഗ്ഗക്കാർ വളരെ അധികമാകുന്നു എന്നുള്ള വസ്തുത വ്യസന പൂർവം പറയേണ്ടിയിരിക്കുന്നു. യുദ്ധകാലത്തു യൂറോപ്യൻ രാജ്യങ്ങളുമായി കച്ചവടം നടത്താൻ പ്രയാസമാണെങ്കിലും ഏതെങ്കിലും വിധത്തിൽ ജനങ്ങൾക്കു നേരിട്ടിരിക്കുന്ന ഈ മഹാവിപത്തിനെ പരിഹരിപ്പാൻ നമ്മുടെ ഗവൺമെൻറു കഴിയുന്നതെല്ലാം നോക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

കച്ചവടക്കാർക്കുപുറമേ ഗൃഹസ്ഥന്മാരും തങ്ങളുടെ നാളികേരത്തിനും തൊണ്ടിനും വിലകിട്ടാതെ വലഞ്ഞുപോയിരിക്കുന്നു എന്നുള്ളതും വിസ്മരിക്കത്തക്കതല്ല. കയറുമതി നിന്നുപോയിരിക്കുന്നതിനാൽ മുളക്, ഇഞ്ചി, ഏലം മുതലായ കൃഷികളും നിഷ്പ്രയോജനമായിത്തീർന്നിരിക്കുന്ന സംഗതിയും വ്യസനപൂർവം ഓർമ്മിക്കത്തക്കതാകുന്നു ഇതിനുപുറമേ വ്യവസായ ശാലകളിലും മില്ലുകളിലും കയറു തിരിക്കുക ചകരി തല്ലുക മുതലായ പ്രവൃത്തികളിലും ഏർപ്പെട്ടിരുന്ന അനേകായിരം കൂലിക്കാർ വേലയില്ലാതെ വശംകെട്ടു തിരിയുന്നതും വെറും പട്ടിണിയുടെ വക്കിൽ എത്തിയിരിക്കുന്നതും വിചാരിപ്പാൻ പാടില്ലാത്തവിധം വ്യസനകരമായ ദുരവസ്ഥയാകുന്നു. നമ്മുടെ ഗവർമ്മെൻറിൽ നിന്നും ഈ അവസരത്തിൽ ആലപ്പുഴനിന്നു ചേർത്തലയ്ക്കുള്ള തോടിന്റെ പണി തുടങ്ങാൻ പോകുന്ന എർപ്പാടു് എത്രയും ശ്ലാഘനീയമായ ഒന്നാണു്. വേറെയും പബ്ലിക് വർക്കു ഡിപ്പാർട്ടുമെൻറു വകയായി ചില റോഡുകളും മറ്റും അനുവദിച്ചു കൂലിവേലക്കാർക്കു സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിലും മറ്റും ദിവാൻ മിസ്റ്റർ കൃഷ്ണൻ നായർ അവസരോചിതമായി ചെയ്യുന്ന ഏർപ്പാടുകളും ഏറ്റവും അഭിനന്ദിക്കത്തക്കവയാണു്. ഈ അവസരത്തിൽ, ഞങ്ങൾക്കു് ഒന്നുകൂടി ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായുണ്ടു്. വിചാരിച്ചിരിക്കാതെ ഉണ്ടായ പണത്തിന്റെ ക്ഷാമം നിമിത്തം അനേകം വിദ്യാർത്ഥികൾ യഥാകാലം ഫീസുകൊടുക്കാൻ നിവൃത്തിയില്ലാതെ പഠിത്തം നിർത്തേണ്ടതായി വന്നേക്കുമെന്നു് ഞങ്ങൾ അറിഞ്ഞിരിക്കുന്നു. ആ വിഷയത്തിൽ എന്തെങ്കിലും ദയാപൂർവമായ ഒരു തൽക്കാലവ്യവസ്ഥ ഗവർമ്മെൻറിൽനിന്നു് ആലോചിച്ചു ചെയ്വാൻ കഴിഞ്ഞുഎങ്കിൽ അതു വലിയ സുകൃതമായിരിക്കുന്നതാണു്.

വിവേ : 1090 ചിങ്ങം

തീയരും യുദ്ധവും

യൂറോപ്പിൽ നടക്കുന്ന യുദ്ധത്തിൽ ഇൻഡ്യയിൽ നിന്നയയ്ക്കുന്ന ബ്രിട്ടീഷ് പട്ടാളങ്ങളോടുചേരാൻ മലബാറിൽ തീയർ പ്രത്യേകം ഒരു വാളൻറിയർ സംഘം ഏർപ്പെടുത്തി ആത്മശൌര്യം കാണിച്ചുവരുന്നു. കഴിഞ്ഞ രണ്ടുമൂന്നാഴ്ചകൾക്കു മുമ്പുവരെ ആ സംഘത്തിൽ 1000-ൽ പരം തീയർ യുവാക്കന്മാർ ചേർന്നിരുന്നതായും പി

Digitized By Kerala Sahitya Akademi

ന്നെയും ധാരാളം അപേക്ഷാർത്ഥർ ചെന്നുകൊണ്ടിരിക്കുന്നതായും ഈ വാളന്റിയർ സംഘത്തെപ്പറ്റി വേണ്ട ഏർപ്പാടുകളും ആലോചിച്ചു ചെയ്‌വാൻ മലബാറിലെ സൈന്യവകുപ്പിലെ മേൽ ഉദ്യോഗസ്ഥനും കളക്ടർക്കും മദ്രാസ് ഗവർണർ അവർകളും ഇപ്പോൾ കല്പന അയച്ചിട്ടുള്ളതായും ഞങ്ങൾ അറിയുന്നു. ഈ സമുചിതമായ ഉത്സാഹത്തെപ്പറ്റി ഞങ്ങളുടെ മലബാർ സഹോദരങ്ങളെ ഞങ്ങൾ ഹൃദയപൂർവം അഭിനന്ദിക്കയും അവർക്കു സർവ വിജയവും ആശംസിക്കയും ചെയ്യുന്നു.

അവരുടെ യോഗ്യത

തീയർ കേരളമൊട്ടുക്കുള്ള ജനങ്ങളിൽ സംഖ്യകൊണ്ട് ഏറ്റവും ഉയർന്ന പടിയിൽ നില്ക്കുന്നവരും മറ്റു സാമുദായികസ്ഥിതിയിലും തീരെ പിന്നോക്കമല്ലാത്തവരുമാകുന്നു. കേരളത്തിൽ പണ്ടുപണ്ടേ ഉണ്ടായിട്ടുള്ള എല്ലാ യുദ്ധങ്ങളിലും അവർ ധീരതയോടെ ഏർപ്പെട്ട രക്തം പൊരിച്ചിട്ടുള്ളവരും യുദ്ധവീരന്മാരായ കാരണവന്മാരുടെ അത്ഭുതകരമായ ചരിത്രംകൊണ്ട് അഭിമാനം നടിക്കുന്ന അനേകം പഴയ തറവാടുകളും അവരുടെ ഇടയിൽ ഇപ്പോഴുള്ളതുമാകുന്നു. സമാധാനകാലത്തു് ഐശ്വര്യ മത്തന്മാരായിരിക്കുന്ന പ്രഭുക്കന്മാരും ഉയർന്ന വർഗ്ഗക്കാരും ആപൽക്കാലത്തു തങ്ങൾക്കുവേണ്ടി പ്രാണത്യാഗം ചെയ്യുന്ന എളിയ സഹോദരന്മാരുടെ കഥ മറന്നുപോക മാത്രമല്ല കഴിയുമെങ്കിൽ അവരെ ചവിട്ടിത്താഴ്ത്തി ഉൽക്കർഷം നടിക്കയും ചെയ്യുന്ന സ്വഭാവം മനുഷ്യജാതിക്കു പണ്ടേയുള്ള ദോഷമാകുന്നു. അതുകൊണ്ടല്ലായിരുന്നു എങ്കിൽ തീയർക്കു ചരിത്രസംബന്ധമായി കേരളത്തിൽ ഇപ്പോഴുള്ളതിലധികം പ്രാധാന്യമുണ്ടാകുമായിരുന്നു എന്നുള്ളതും നിർമ്മത്സരന്മാർ സമ്മതിക്കുന്ന വസ്തുതയാണ്. തിരുവിതാംകൂറിലും കൊച്ചിയിലും മലയാളജില്ലയിലും ഉണ്ടായിട്ടുള്ള ചരിത്രസംബന്ധമായ പല യുദ്ധങ്ങളിലും ഇവരുടെ വർഗ്ഗക്കാർ ധാരാളം ഉൾപ്പെട്ടിരുന്നു എന്നുള്ളതിനു രേഖാമൂലമായ തെളിവുകളും തന്നെ അശേഷം ഇല്ലെന്നുപറവാൻ കഴികയില്ല. പഴയ സമ്പ്രദായത്തിലുള്ള ആയുധാഭ്യാസങ്ങളിൽ അന്യാദൃശമായ പാണ്ഡിത്യം സമ്പാദിച്ച പട്ടാളങ്ങളുടെ നേതൃത്വം വഹിച്ചു യുദ്ധത്തിൽ വിജയാങ്കം നേടുകയും ഓരോ രാജാക്കന്മാരുടെ പ്രീതിയും വിശ്വാസവും സമ്പാദിക്കയും ഉയർന്ന സ്ഥാനമാനങ്ങൾ ലഭിക്കയും കുടുംബപരമ്പരയായി യുദ്ധവിദ്യയ്ക്കു ഗുരുസ്ഥാനം വഹിക്കയും ചെയ്തിട്ടുള്ളവർ ഇവരിൽ വളരെപ്പേരുണ്ടായിരുന്നു. മലബാറിൽ ടിപ്പു സുൽത്താന്റെ കാലത്തും തിരുവിതാംകൂറിൽ പ്രസിദ്ധനായ മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സിലെ കാലത്തും കൂടി ഇവർ യുദ്ധത്തിൽ ധാരാളം പങ്കുകൊണ്ടിട്ടുള്ളവരാകുന്നു. അതുകൊണ്ട് അവർക്ക് അവരുടെ ഇപ്പോഴത്തെ സംരംഭത്തിൽ ഈ പാരമ്പര്യം അസാമാന്യമായ ഉന്മേഷം നൽകുന്നതും, അവർ ഇൻഡ്യയിൽ നിന്നു പോകുന്ന ഏതു വർഗ്ഗത്തിൽപ്പെട്ട ഭടന്മാരോടും യോഗ്യതയിലും പരാക്രമത്തിലും കിടനില്ക്കുന്നതാണെന്നും വിശ്വസിക്കാൻ വകയുള്ളതുമാകുന്നു.

ബാങ്കളൂർ, സെക്കണ്ടറബാഡ്, ബൽഗാം, കാൺപൂർ, പൂന ഈ സ്ഥലങ്ങളിലെ ബ്രിട്ടീഷ് പട്ടാളത്തിൽ ഇപ്പോഴും തന്നെ അനേകം തീയർ ഉണ്ടെന്നും അവരിൽ പലരും ഇപ്പോഴും യുദ്ധരംഗത്തിൽ എത്തീട്ടുണ്ടെന്നും ഞങ്ങൾക്കറിയാം.

Digitized By Kerala Sahitya Akademi

ബ്രിട്ടീഷ് കോയ്മയോട് അവർക്കുള്ള പ്രത്യേക കൃതജ്ഞതയുടെ കാരണം

മലബാറിലെ തീയർ സഹോദരങ്ങളുടെ സ്ഥിതിക്ക് ഇപ്പോൾ കണ്ണാന്ന ആശാസ്യമായ മാറ്റം ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ നിഷ്പക്ഷ നയം ഒന്നുമാത്രം കൊണ്ടുണ്ടായിട്ടുള്ളതാണല്ലൊ. ബ്രിട്ടീഷ് ഭരണം മലബാറിൽ ആരംഭിച്ച ആദ്യകാലം തുടങ്ങി ഇന്നേവരെ ഏതു വകുപ്പുകളിലും നാട്ടുകാർക്കുകിട്ടാവുന്ന ഏതുതരം ഉയർന്ന ഉദ്യോഗങ്ങളും അവർക്കു ധാരാളം കിട്ടുകയും അവർ അതിനെ തങ്ങൾക്കും ഗവർമ്മെൻറിനും യശസ്കരമായ വിധത്തിൽ അസാധാരണമായ കൃത്യനിഷ്ഠയോടും സത്യസന്ധതയോടുംകൂടി ഭരിച്ചു ഗവർമ്മെൻറിന്റെ വിശ്വാസപാത്രമാനങ്ങൾക്കും ജനങ്ങളുടെ തൃപ്തിക്കും ഒന്നുപോലെ അർഹരായിത്തീർന്ന പേരെടുക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ള ഗവർമ്മെൻറിനെ ആപൽക്കാലത്തു ജീവനും ധനവുമുപേക്ഷിച്ചു സഹായിപ്പാൻ പൗരുഷത്തിനും കൃതജ്ഞതയ്ക്കും ഒന്നുപോലെ കീർത്തിപ്പെട്ട തീയർ സന്നദ്ധരാകുന്നതു് എത്രയും സ്വാഭാവികമായിരിക്കുന്നതേയുള്ളൂ. ബ്രിട്ടീഷ് പോലീസ് സൈന്യത്തിൽ തീയരുടെ പ്രാബല്യം പ്രസിദ്ധമാണ്. ഇതിനുപുറമേ ബ്രിട്ടീഷ് വാളൻറിയർ സംഘത്തിൽ ഹിന്ദുക്കളിൽ മറ്റുജാതിക്കാരെ ചേർക്കാൻ വൈമുഖ്യം കാണിച്ച കാലത്തുതന്നെ തീയരെ ധാരാളം ഉൾപ്പെടുത്തീട്ടുണ്ടെന്നുള്ളതു് ഗവർമ്മെൻറിനു് അവരുടെ നേരുള്ള വിശ്വാസത്തിന്റെ പ്രത്യേക ചിഹ്നമായികരുതേണ്ടതാകുന്നു അതുകൊണ്ടു പ്രത്യേകം തീയർ വാളൻറിയർമാരുടെ ഗണ്യമായ ഒരു സംഖ്യ യുറോപ്പിലെ പോർക്കളത്തിൽ എത്തി നമ്മുടെ ചക്രവർത്തി തിരുമനസ്സിലേക്കുവേണ്ടി ശൂരതയോടെ യുദ്ധം ചെയ്തു് ഇൻഡ്യക്കു പൊതുവിലും കേരളത്തിനു പ്രത്യേകിച്ചും നമ്മുടെ സമുദായത്തിനു വിശേഷിച്ചും ഖ്യാതിക്കും അഭിമാനത്തിനും കാരണമാകത്തക്കവണ്ണം വിജയം നേടാൻ സർവശക്തൻ അവരെ അനുഗ്രഹിക്കട്ടെ.

വിവേ : വൃശ്ചികം

ഒരു ആത്മഹത്യ

ഹിന്ദുക്കൾക്കു മാത്രമല്ല ആസ്തികന്മാർക്കെല്ലാം ആത്മാവു് നിത്യനാകുന്നു. 'നഹന്യതേ ഹന്യമാനേ ശരീരേ' ശരീരം നശിപ്പിച്ചാലും ആത്മാവു നശിക്കുന്നതല്ല. എന്നാണു് ഭഗവാൻ അർജ്ജുനനോടുപദേശിക്കുന്നതു്. ആത്മാവിനു ദേഹസംബന്ധം കൊണ്ടു ദുഃഖമുണ്ടാകുന്നു, ആ ദുഃഖ നിവൃത്തി അല്ലെങ്കിൽ ദേഹസംബന്ധനിവൃത്തിയാകുന്നു മോക്ഷം. അദ്വൈതികൾക്കു് ഈ ദുഃഖം പെറും കല്പിതമാണു്. ബുദ്ധമതക്കാർക്കു നേരേ മറിച്ചു ദുഃഖം സത്യമാകുന്നു. അതായതു് എന്നേക്കും ഉള്ളതാകുന്നു. അവർ ആത്മാവിന്റെ സത്തയെ അംഗീകരിക്കാത്തതിനാൽ നിർവാണത്തിനു് ആത്മദുഃഖ നിവൃത്തി അപേക്ഷിതമല്ല എന്നാൽ ജീവിതം ദുഃഖമാണെന്നു ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ എല്ലാവരും സമ്മതിക്കുന്നു. പാശ്ചാത്യതത്ത്വശാസ്ത്രജ്ഞരിൽ യഷ്ഷോഫൻഹയർ

Digitized By Kerala Sahitya Akademi

ഇടങ്ങിയ ചിലർ ജീവിതം എപ്പോഴായാലും ദുഃഖത്തിലും ഹിംസയിലും അവസാനിക്കുകയേ ഉള്ളൂ എന്ന അഭിപ്രായക്കാരാണ്. ജീവിച്ചിരിക്കുക എന്നു വച്ചാൽ ഈ ദുഃഖം അനുഭവിക്കുക മാത്രമാണെന്നു സിദ്ധാന്തിക്കുകയാൽ ആ കൂട്ടർ ആത്മഹത്യയെ അഭിനന്ദിക്കുന്നു. ബുദ്ധമതത്തിൽ 'പരോപകാരാർത്ഥ മിദം ശരീരം' എന്ന തത്ത്വമനുസരിച്ച് ജീവിച്ചിരിക്കുന്നതു് സപ്രയോജനമാണെങ്കിലും ശരീരം വാർദ്ധക്യത്താലോ രോഗത്താലോ ആ ഉദ്ദേശത്തിനു തീരെ പറ്റാത്തതായിത്തീരുകയും പൂർണ്ണമായ ജ്ഞാനവും വൈരാഗ്യവും സിദ്ധിക്കയും ചെയ്തുകഴിഞ്ഞാൽ ആത്മഹത്യ ചെയ്വാൻ ഒരു ഭിക്ഷു ആഗ്രഹിക്കുന്നു എങ്കിൽ അതു നിഷിദ്ധമല്ലെന്നു് അഭിപ്രായമുള്ള ചില ആചാര്യന്മാരുമുണ്ടു്. ഹിന്ദുക്കൾക്കു 'ധർമ്മസാധന'മായ ശരീരത്തെ സ്വയം നശിപ്പിക്കുന്നതു മഹാപാപമാണു്. ആത്മഹത്യയ്ക്കുള്ള ശ്രമം തന്നെ നമ്മുടെ ശിക്ഷാനിയമത്തിലും ഒരു വലിയ കുറ്റമാണല്ലോ. ജീവിതകാലത്തിൽ ഒരിക്കലെങ്കിലും ആത്മഹത്യയ്ക്കു ശ്രമിച്ചിട്ടില്ലാത്ത മനുഷ്യൻ ജീവിച്ചിരിപ്പാൻ യോഗ്യനല്ലെന്നു ഒരു ചിന്തകൻ പറഞ്ഞിട്ടുള്ളതായി ഓർക്കുന്നു. ഹിന്ദുക്കളിൽ തന്നെ പലമഹാത്മാക്കളും ആത്മഹത്യ ചെയ്തിരിക്കുന്നതായിക്കാണുന്നു. ധാർമ്മിക ശിരോമണിയായ കുമാരിലഭട്ടൻ അഗ്നിപ്രവേശം ചെയ്തു. അതും ആത്മഹത്യയാണല്ലോ. ചില യോഗികൾ സ്വാച്ഛാമരണസിദ്ധികൊണ്ടു ദേഹത്യാഗം ചെയ്യുന്നതായി പറയപ്പെടുന്നു. അതും ആത്മഹത്യയുടെ ഒരു വകഭേദമാണെന്നു തന്നെ പറയാം. യോഗഭ്രംശം വന്നവർ അഗ്നിയിൽ ചാടിയോ വെള്ളത്തിൽ മുങ്ങിയോ മലമുകളിലോ ഗോപുരത്തിന്മേൽ നിന്നു തല കീഴായി താഴെ വീണോ ആത്മഹത്യചെയ്യുന്നതു് പ്രായശ്ചിത്തമായി സ്മൃതികർത്താക്കന്മാർ വിചാരിക്കുന്നു. ഭഗവാൻ രാമകൃഷ്ണപരമഹംസരുടെ സമകാലീനനും മഹാപണ്ഡിതനും മഹായോഗിയുമായ പവഹാരിബാബാ എന്ന മഹാത്മാവുതന്നെ തന്റെ ഏകാന്തവസതിയിൽ തന്നത്താൽ അഗ്നി കൂട്ടി അതിൽ പ്രവേശിച്ചു ശരീരത്തെ ദഹിപ്പിച്ചു കളകയാണുണ്ടായതു്. വിശ്രുതനായ സ്വാമി രാമതീർത്ഥൻ ഗംഗയിൽ മുങ്ങി ദേഹത്യാഗം ചെയ്തു എന്നുള്ളതും പ്രസിദ്ധമാണു്.

മരണഭയം ജന്തു സാധാരണമാകുന്നു. ഏതു ദുരവസ്ഥയിലും ജീവിതപ്രകാശത്തെ വിട്ടുപിരിഞ്ഞു പോവാൻ ജന്തുക്കളുടെ ആത്മാവു് ഭയപ്പെടുകയും മരണകാരണത്തെ നോക്കി നടുങ്ങുകയും ചെയ്യുന്നു. ജീവിതത്തോടു് ആത്മാവിനു അത്ര പ്രതിപത്തിയാണു്. ഈ ജീവിത പ്രണയത്തിനു യോഗശാസ്ത്രത്തിൽ ''അഭിനിവേശം'' എന്നു പറയുന്നു. അതു ആത്മാവിനെ പരമാത്മാവിൽ നിന്നു വ്യാവർത്തിപ്പിക്കുന്ന സഹജമായ പഞ്ചക്ലേശങ്ങളിൽ ഒന്നാകുന്നു. മഹാപുരുഷന്മാരെപ്പോലും സാധാരണ ഈ അഭിനിവേശം വിട്ടുപിരിയാറില്ല ദിവ്യപുരുഷനായ ക്രിസ്തു കുരിശിൽ തൂങ്ങി മരണമടുത്തപ്പോൾ ''ഈശ്വരാ നീ എന്നെ കൈവെടിഞ്ഞോ''എന്നു കരയുന്ന ഘട്ടം ആരെയും ശോകരസത്തിൽ മുക്കുന്നതാണു്. അനുഗൃഹീതനായ മഹമ്മദു ചരമശയ്യയിൽ കിടന്നുകൊണ്ടു് ഭയനീയമാം വണ്ണം മരണത്തെപ്പറ്റി സങ്കടം പറഞ്ഞിട്ടുണ്ടു്. ഭഗവാൻ ഗൗതമബുദ്ധനും മഹാനിർവാണകാലത്തു ലോകത്തിൽ നിന്നുള്ള വേർപാടിനെപ്പറ്റി ഖേദിക്കാതിരുന്നിട്ടില്ല.

Digitized By Kerala Sahitya Akademi

എന്നാൽ ഉൽക്കടമായ രാഗദ്വേഷാദികളുടെ ആവേശത്താൽ ആത്മാവു ചിലപ്പോഴും മോഹാന്ധമായിട്ടു ഭയങ്കര വിസ്മൃതിക്കയും മരണാനന്തര കാംക്ഷിക്കയും ചെയ്യുമാറുണ്ടു്. പ്രിയതമന്മാരെ അനുഗമിക്കുന്ന സതികളും, യുദ്ധത്തിൽ പ്രതിയോഗിയേക്കാറും മരിക്കുന്ന വീരന്മാർ തുടങ്ങിയവരുടെ ദേഹത്യാഗം അങ്ങനെയുള്ളതിന്റെ ദൃഷ്ടാന്തമാണു്. അതിനെ പാപമായി ഗണിച്ചു വരുന്നില്ല. നേരേമറിച്ചു ശ്രേയസ്സായി വിചാരിക്കയും ചെയ്തുവരുന്നു. ഉൽക്കടമായ വിഷയവൈരാഗ്യം, ജ്ഞാനദീപ്തി ഇവയാൽ യോഗികളും പ്രാരബ്ധക്ഷയത്തിൽ ശരീരം എങ്ങനെ എങ്കിലും എവിടെ എങ്കിലും ത്യജിച്ചു നിർഭയമായി ലോകരംഗത്തിൽ നിന്നു മായുന്നതും ചിലപ്പോൾ ആത്മഹത്യപോലെ തോന്നാം. ചില അവസ്ഥകളെ അനുസരിച്ചു് ഇങ്ങനെ ആത്മഹത്യ സ്വീകാര്യമായി കാണുന്നതിനാൽ അതു സാമാന്യേന പാപമെന്നു പറവാൻ പാടുള്ളതല്ലെന്നുവരുന്നു.

ഞങ്ങളുടെ സ്നേഹബഹുമാന പാത്രമായിരുന്ന ശ്രീമാൻ മാധവാനന്ദസ്വാമിയുടെ പരിതാപകരമായ ദേഹവിയോഗത്തെപ്പറ്റി കഴിഞ്ഞ തവണ സൂചിപ്പിച്ചിരുന്നതു വായനക്കാർ ഓർക്കുമെന്നു വിശ്വസിക്കുന്നു അദ്ദേഹം ആത്മഹത്യചെയ്തുയാണുണ്ടായതെന്നു പ്രസ്താവിക്കേണ്ടിവരുന്നതിൽ ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു. ഇദ്ദേഹം ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങളിലെ ശിഷ്യന്മാരിൽ അതിയോഗ്യനും വിദ്വാനുമായ ഒരു സന്യാസിയായിരുന്നു. വേദാന്തം, തർക്കം ജ്യോതിഷം, വൈദ്യം ഈ ശാസ്ത്രങ്ങളിൽ അദ്ദേഹത്തിനു നല്ല പാണ്ഡിത്യമുണ്ടായിരുന്നു. അദ്ദേഹം ഒരു നല്ല ചികിത്സകനും ആയിരുന്നു. മത വിഷയത്തിൽ അനുദ്ദേശമായ ശ്രദ്ധയും വിഷയ വൈരാഗ്യവും വേദാന്താനുഷ്ഠാന വിചാരണയിൽ അവ്യാഹതമായ ബുദ്ധി, ശാന്തത, സഹനം ഇവയും ഈ സാത്വിക ശിരോമണിയുടെ സഹജഗുണങ്ങളായിരുന്നു. ശിവഗിരി മഠത്തിന്റെ നിർമ്മാണത്തിലും രേണത്തിലും ഇദ്ദേഹം ചെയ്തിട്ടുള്ള സഹകരണം എപ്പോഴും സ്മരണീയമായിട്ടുള്ളതാകുന്നു. ഇദ്ദേഹത്തിന്റെ ജന്മഭൂമി ചിറയിൻകീഴ്താലൂക്കിൽ ആറ്റിങ്ങൽഉള്ള ഒരു പുരാതന ഈഴവകുടുംബമാണു്. ഇദ്ദേഹം സംസ്കൃതത്തിൽവിവേകചിന്താമണി എന്നു് 700പദ്യങ്ങളും അടങ്ങിയ ഒരു വേദാന്ത ഗ്രന്ഥവും സംസ്കൃതത്തിൽ തന്നെ പലസ്തോത്രങ്ങളും എഴുതീട്ടുണ്ടു്. അദ്ദേഹത്തിനു വയസ്സു് 45 ൽ കവിയുകയില്ല. ഒരു ആന്ത്രശൂലയുടെ ഉപദ്രവം കൂടക്കൂടെ അദ്ദേഹത്തെ പീഡിപ്പിച്ചിരുന്നു. ഏതാനും മാസങ്ങൾക്കു മുമ്പു് ദീന ചികിത്സയ്ക്കായി അദ്ദേഹം ഗുരുസ്വാമി അവർകളുടെയും മറ്റും നിർബന്ധത്താൽ പാലക്കാട്ടുപോയി റാവു ബഹദൂർ ഡാക്ടർ കൃഷ്ണൻ അവർകളുടെ അടുക്കൽ കുറേ ദിവസം താമസിച്ചിരുന്നു. ശസ്ത്രക്രിയ ചെയ്യണമെന്നു ഡാക്ടർ അഭിപ്രായപ്പെട്ടതിൽ അദ്ദേഹത്തിനു മനസ്സില്ലായിരുന്നു. അതുകൊണ്ടു് അദ്ദേഹം മടങ്ങിപ്പോരികയാണുണ്ടായതു്. ഈയിടെ അദ്ദേഹം കൃത്യങ്ങളിൽ എല്ലാം പതിവിലധികം വിരക്തി കാണിച്ചു വന്നിരുന്നു. ജീവിതംകൊണ്ടു പ്രയോജനമൊന്നുമില്ലെന്നു് അർത്ഥമാകത്തക്കവണ്ണം പലപ്പോഴും സൂചിപ്പിച്ചു പറകയും ചെയ്തുകൊണ്ടിരുന്നു. എന്നതന്നെയല്ല, രണ്ടുമാസത്തിനു മുമ്പു് ഒരു ദിവസം ആലുവാപ്പുഴയിൽ ഒരു ദിക്കിൽ അദ്ദേഹം മുങ്ങിമരിച്ചു കളവാൻ ശ്രമിച്ചതായും കൂടെയുണ്ടായിരുന്ന ചിലർ വിവരം എങ്ങിനെയോ മനസ്സിലാക്കി അതിൽനിന്നും രക്ഷപ്പെടുത്തിയതായും അറിഞ്ഞു ഞങ്ങൾക്കു് ആശ്ചര്യവും വ്യസനവും തോന്നിയിരുന്നു. അതിനുശേഷം അദ്ദേഹത്തിന്റെ ബുദ്ധി

Digitized By Kerala Sahitya Akademi

ക്ക ചിലപ്പോൾ സ്വല്പം ചാപല്യം ഉള്ള പ്രകൃതി തോന്നിയിരുന്നു. ആലുവാ
യിൽ നിന്നു കൊല്ലത്തുള്ള ചില മാന്യന്മാരുമായിപുറപ്പെട്ട ശിവഗിരിയിൽ വന്നു
സ്വല്പ ദിവസം താമസിച്ചിരുന്നു. അപ്പോൾ അദ്ദേഹത്തിന പൂർവ്വസ്ഥിതിയിൽ ത
ന്നെ ആരോഗ്യവും സുഖവും തോന്നിയതായി പറഞ്ഞിരുന്നു. അവിടെ നിന്നും
കൊല്ലത്തേക്കുപോയി അഷ്ടമുടിക്കായലിന്റെ കരയ്ക്കൽ തീരത്തു സ്വാമിത്തിരുപ്പാദ
ങ്ങളിലെ പ്രകൃതിയായുള്ള മണലിൽ സുബ്രഹ്മണ്യക്ഷേത്രത്തിൽ താമസിച്ചിരുന്നു.
ആ അവസരത്തിൽ ഒരു ദിവസം രാത്രി വിജനമായ സായാഹ്നവേളയിൽ
അദ്ദേഹം പോയി ഒരു മരത്തിൽ കയറി തൂങ്ങി മരിക്കയാണത്രേ ഉണ്ടായത്തു്.
കഷ്ടം ശിവ! ശിവ! ഈ സാത്വിക ശിരോമണിയുടെ ശാന്തമായ സ്വഭാവവും
നടത്തയും വിജ്ഞതയും, എവിടെ? ഈ ദയനീയ കൃത്യം എവിടെ? അഥവാ
ധർമ്മത്തിന്റെ തത്ത്വം ആരും കാണാത്തവിധം ഗുഹയിൽ നിക്ഷേപിച്ചിരിക്ക
തന്നെയാകുന്നു എന്തായാലും ഈ സന്യാസിയുടെ ദേഹവിയോഗത്തിൽ നമ്മു
ടെ സമുദായത്തിനു പൊതുവിലും സ്വാമിത്തിരുപ്പാദങ്ങളുടെ സന്യാസി ശിഷ്യസംഘ
ത്തിനു പ്രത്യേകിച്ചും നേർന്നിട്ടുള്ള ഈ നഷ്ടം വലുതായിട്ടുള്ളതാകുന്നു.

വിനീതൻ: 1091 മകരം

തീയർ പട്ടാളം

ബ്രിട്ടീഷ് പട്ടാളത്തിൽ തീയരെ ചേർക്കുന്നതിലുള്ള ഔചിത്യത്തേയും അ
വരുടെ ആ വിഷയത്തിലുള്ള അവകാശങ്ങളേയും യോഗ്യതകളേയും മറ്റും പററി
യൂറോപ്പിലെ ഇപ്പോഴത്തെ മഹായുദ്ധത്തിന്റെ ആരംഭകാലത്തിൽ തന്നെ ഞങ്ങളും
ഈ പംക്തികളിൽ പ്രസ്താവിച്ചിരുന്നു. എന്നാൽ മലബാർ ജില്ലയിലെ മഹമ്മ
ദീയർക്കും നായന്മാർക്കും പ്രത്യേകം സൈന്യവിഭാഗം അനുവദിച്ച കാലത്തു തീയ
രുടെ അവകാശത്തെ അധികൃതന്മാർ ഗണിച്ചിരുന്നതായി കാണാത്തതിൽ അവർ
ക്കു ഗണ്യമായ അസംതൃപ്തിയുണ്ടായിരുന്നു. സംഖ്യകൊണ്ടു കേരളത്തിൽ ഏറ്റവും
മുന്നണിയിൽ നിൽക്കുന്നവരും രാജഭക്തികൊണ്ടു ശ്രുതിപ്പെട്ടവരും കായിക ബല
ത്തിനും ധൈര്യത്തിനും വീരോചിതമായ വൃത്തികൾക്കും അദ്വിതീയരുമായ തീയ
ർക്കു് ഇപ്പോഴും ഏങ്കിലും മേല്പറഞ്ഞ രണ്ടു സഹോദരസമുദായങ്ങളുടെയുള്ള പ്രത്യേ
ക സൈനിക വിഭാഗവും മറ്റും അനുവദിച്ചു് അവരെ ബഹുമാനിച്ചിരിക്കുന്നതായി
അറിയുന്നതിൽ ഞങ്ങളും അധികൃതന്മാരെ കൃതജ്ഞതാപൂർവ്വം അഭിനന്ദിക്കയും
അവരുടെ ഈ ബഹുമതി ലാഭത്തിൽ ഹൃദയപൂർവ്വം അനുമോദിക്കയും ചെയ്യുന്നു.
ഈ ബഹുമതി പ്രത്യക്ഷമായി ലഭിക്കുന്നതിനു മുമ്പുതന്നെ സൈന്യവകുപ്പിൽ
പല പ്രവൃത്തികളിൽ ഏർപ്പെട്ടും പടയാളികളായി ചേർന്നും മലയാളികളുടെ
പ്രത്യേക സൈന്യങ്ങളിൽ തന്നെ ജാതിപ്പേർ മാറ്റിപ്പറഞ്ഞുകൊണ്ടെങ്കിലും
കടന്നുകൂടി യുദ്ധമഭ്യസിച്ചും പോർക്കളത്തിലേക്കുപോയും സഹജമായ ശൂരത്വവും
യുദ്ധപ്രിയതയും രാജഭക്തിയും പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത വർഗ്ഗക്കാർ
ഇനി പതിന്മടങ്ങു താൽപ്പര്യത്തോടും കൃതജ്ഞതയോടും കൂടി സൈന്യത്തിൽ
ചേർന്നു തങ്ങളുടെ ജീവനെ തൃണവൽക്കരിച്ചു് ചക്രവർത്തി തിരുമേനിക്കും
ബന്ധുക്കൾക്കും വേണ്ടി യുദ്ധം ചെയ്തു തങ്ങൾക്കും തങ്ങളുടെ സമുദായത്തിനു

Digitized By Kerala Sahitya Akademi

മുഴുവനും ശ്രേയസ്സും യശസ്സും ഉണ്ടാകുമെന്നുള്ളതു നിശ്ചയമാണു. സ്വരാജ്യത്തെ ജാതി ജയിലിന്റെ ഇരുട്ടറകളിൽ നിന്നു ഒരുപക്ഷം തീയരെ മോചിപ്പിച്ചു പ്രകാശലോകത്തേക്കു നയിച്ചുകൊണ്ടിരിക്കുന്ന ത്യാഗിഷ്ഠനായ ഒരു നേതാവിന്റെ നിലനിൽപ്പിനും ഖ്യാതിക്കുമായി തീയർ തങ്ങളുടെ ജീവധനങ്ങളിൽ സാദ്ധ്യമായ യാതൊന്നും ചെയ്വാൻ മടിക്കയില്ലെന്നാണു ഞങ്ങളുടെ വിശ്വാസം.

വിവേ : 1092 കന്നി

ഒരു പുതിയ ആലോചനയും ചെറിയ ബഹളവും

മാർച്ചു മാസത്തെ മിതവാദിയിൽ മേൽകാണിച്ച തലവാചകത്തിൽ എഴുതിയിരിക്കുന്ന സംഗതികളെ സംബന്ധിച്ചു രണ്ടുവാക്കു പറയേണ്ടതാവശ്യമായിവന്നിരിക്കുന്നു. ശിവപ്രസാദസ്വാമി, ശ്രീനാരായണഗുരുസ്വാമി തൃപ്പാദങ്ങൾക്കു് അയച്ച ഒരു കത്തും മറ്റുമാണു് വിഷയം ശിവപ്രസാദസ്വാമി സാത്വികനും ശുദ്ധഹൃദയനും നല്ല വാചാലനും യുവാവുമായ ഒരു മതപ്രാസംഗികനാകുന്നു.

അങ്ങനെയുള്ള ഒരു പ്രാസംഗികനു സ്വാഭാവികമായുണ്ടായിരിക്കാവുന്ന കാര്യപ്രസക്തിയും ഉൽസാഹാതിശയവും അത്യേഹത്തിനുണ്ടു്. ഈ ഗുണങ്ങളും ചിലപ്പോൾ അതിശയോക്തിയാകയും അതു ചിലരെയൊക്കെ സ്വല്പം മുഷിപ്പിക്കയും പതിവാണു്. സ്വാമിതൃപ്പാദങ്ങളിലേയ്ക്കയച്ച എഴുത്തു് അക്ഷുഭ്ധത്തിൽ ഒരു കടന്ന കൈയന്നല്ലാതെ അതിലധികം ഗൗരവമുള്ളതായി വിചാരിക്കുന്നതു ധർമ്മമല്ല. ബുദ്ധഭഗവാനെപ്പറ്റി സകല യോഗ്യന്മാർക്കും ബഹുമാനമാണുള്ളതു്. എന്നാൽ ബുദ്ധമതത്തെപ്പറ്റി ആ ബഹുമാനം അധികംപേർക്കില്ല. തീയർ മുതലായ വർഗ്ഗിക്കാർ ജാതിക്കറ കഴുകാൻ ബുദ്ധമത തീർത്ഥത്തിലിറങ്ങുന്നതുകൊണ്ടു പ്രയോജനമുണ്ടാകയില്ലെന്നു മാത്രമല്ല അബദ്ധവുമുണ്ടെന്നാണു് ഞങ്ങൾക്കു തോന്നുന്നതു്. ഉയർന്നവരായി വിചാരിക്കപ്പെട്ടവരുന്ന വർഗ്ഗക്കാർ ജാതികൊണ്ടു തീയനെ നികൃഷ്ടനായി വിചാരിച്ചു വരുന്നു എങ്കിൽ ഇനി തീയൻ ബൌദ്ധനും കൂടിയായാൽ അതു് അവനു കുനിന്മേൽ കുരുവായിത്തീരാനല്ലേ എളുപ്പം ? അല്ലെങ്കിൽത്തന്നെ ആരാണു് ഈ ഒന്നോ രണ്ടോ ആളുകളുടെ പ്രസംഗങ്ങൾ ശ്രദ്ധിപ്പാൻ പോകുന്നതു് ? ഒരു വമ്പിച്ച സമുദായത്തിനു പരമ്പരയായി ഹൃദയത്തിൽ ശ്രുഢമൂലമായിരിക്കുന്ന വിശ്വാസത്തെ വലിച്ചിളക്കുവാനുള്ള ശക്തി ഇവർക്കുണ്ടോ ? സ്വാമിതൃപ്പാദങ്ങൾ സാക്ഷാൽ ജാതിഭേദത്തേയോ മതഭേദത്തേയോ കാര്യമായി വിചാരിക്കാത്ത മഹാത്മാവാകുന്നു.

''പല മത സാരവു മേകമെന്നു പാരാ—
തുലകിലൊരാനയിലന്ധരെന്ന പോലെ
പലവിധ യുക്തി പറഞ്ഞു പാമരന്മാ—
രലവതു കണ്ടലയാതമർന്നിടേണം''

Digitized By Kerala Sahitya Akademi

എന്നാണ് ആ മഹാത്മാവുപദേശിക്കുന്നത്. അങ്ങനെയുള്ള ഒരു സാക്ഷാൽ മഹാത്മാവിന്റെ അവതാരഭാഗ്യംകൊണ്ടാണെന്ന ഈ സമുദായത്തിന്റെ കറുകറെ നേരം വെളുത്തുതുടങ്ങുന്നതാണ്. നാം ക്രിസ്തുവിനെ അനാദരിച്ച ജൂതന്മാരായിത്തീരാൻ നോക്കരുത്. ഐകമത്യമാണു സർവ്വപ്രധാനമായി നമുക്കു വേണ്ടത്. സമുദായത്തിന്റെ ഐകമത്യത്തിനു ഭംഗംവരുത്തുകയും ഛിദ്രബുദ്ധിക്കു ഹാനികരവും ആക്ഷേപയോഗ്യവുമായ ജല്പനകളും പ്രവൃത്തികളും തുടർന്നുപോരുന്നതിന്റെ ഛായയിൽ മറഞ്ഞുനില്ക്കുന്ന ചിലരിൽനിന്ന് ഗൂഢമായും സ്പഷ്ടമായും പുറപ്പെട്ട പല അനർത്ഥങ്ങളും ബഹളങ്ങളും കൂടക്കൂടെ വരുത്തിക്കൂട്ടുന്നുണ്ടെന്നും, തുടർന്നുപോരുന്നതിനെയുള്ള ബഹുമാനത്താൽ അതെല്ലാം വിവരമുള്ള സമുദായാംഗങ്ങളും ക്ഷമിക്കുന്നുണ്ടെന്നുമുള്ളതു പലർക്കുമറിയാവുന്ന രഹസ്യമാണ്. ശിവപ്രസാദസ്വാമിയുടെ കീർത്തിനു പ്രേരകമായ സംഗതികളും ആ രഹസ്യശക്തിയുടെ ശല്യത്തിലുൾപ്പെട്ടതാണെന്നും അദ്വൈതാശ്രമത്തിലെ 'ജപ്പാൻ', 'ഡോക്ടർ പല്പു' ഇതെല്ലാം വെറും ദ്വേതജനകമായ കെട്ടുകഥകളാണെന്നുമാണു ഞങ്ങൾ അറിയുന്നതു്. ശിവപ്രസാദസ്വാമി എങ്ങും ഓടിപ്പോയിട്ടില്ല. അദ്ദേഹം മയ്യഴിയിൽ ശാന്ത്യാശ്രമത്തിന്റെ ശാഖയായി ഒരു അനാഥശാല സ്ഥാപിക്കുന്നതിൽ ശ്രമിക്കുകയും അവിടെയുള്ള ഒരു ഭജനശാലയിൽ താമസിച്ചുവരികയുമാണു്. അദ്ദേഹത്തെ ഓടിച്ചുകളഞ്ഞു കൃതാർത്ഥതനേടാൻ ആരും ശ്രമിക്കരുതു്.

വിവേ 1092 കം.ഭം

പ്രതിജ്ഞ

''ഉദ്യമം കൊണ്ടു സിദ്ധിക്കും വിദ്യാമാന ധനാദികൾ''

ഈ പുതിയ മാസിക എന്തിനു്? എന്ന പൊതുവിലുള്ള ചോദ്യത്തിനു് പൂർണ്ണമായ ഉത്തരം ഇപ്പോൾ പറവാൻ തരമില്ല. ഒരു തോട്ടത്തിൽ ഒരു പുതിയ പൂമൊട്ടുപോലെയോ, ഒരു തറവാട്ടിൽ ഒരു പുതിയ സന്താനമെന്നപോലെയോ ഇതു് ആവിർഭവിക്കുന്നു. ഇതിനെ പോറ്റി വളർത്തുന്നതിൽ വളരെ ശ്രദ്ധവയ്ക്കും. ഈ മൊട്ടുസൗരഭ്യത്തോടെ വികസിക്കുമെന്നും, മാധുര്യം ഉള്ള ഫലത്തെ പ്രദാനം ചെയ്യുമെന്നും ദൃഢമായി ആശംസിക്കുന്നു. ഈ സന്താനം അനവധി ഗുണങ്ങൾ തറവാട്ടിനു വരുത്തുമെന്നു് ഇതിന്റെ ജന്മദന്മാർ വാത്സല്യപൂർവം വിശ്വസിക്കുന്നു.

പ്രത്യേകം പറയുന്നതായാൽ ''വിജ്ഞാനവർദ്ധിനി'' സഭയുടെ നാവായിട്ടാണു് ഇതു പുറപ്പെടുന്നതു്. ഈ സഭ അതിന്റെ മൂലപ്രമാണങ്ങൾ നോക്കിയാൽ, മുപ്പതിൽ ചിലപ്രാനം കൊല്ലത്തെ പഴക്കമുള്ളതാണു്. എങ്കിലും അതിന്റെ പുതിയ ജീവിതം 1080 ചിങ്ങത്തിൽ ആണു് ആരംഭിച്ചതു്. കൊച്ചിയിൽ പള്ളിപ്രം പ്രവൃത്തിയിൽ പെറായി എന്ന സ്ഥലത്തു് ആ വെള്ളമണൽപ്രദേശത്തു് ഇപ്പോൾ കാണുന്ന ദേവാലയങ്ങളും മലയാളം സ്കൂളും കൈത്തൊഴിൽശാലയും എല്ലാം ഈ സഭയുടെ പത്തുകൊല്ലത്തെ വളർച്ചയുടെ ഫലങ്ങളാണു്. ധനസംബന്ധമായി പറയുന്നതായാൽ സകല ബാദ്ധ്യതകളും കഴിച്ചു്, ഇതിനു് ഇപ്പോൾ 46646 ഉറുപ്പിക സലയായി ഒരു ലേലച്ചിട്ടി ആറുകൊല്ലമായി ആരംഭിച്ചു് നട

Digitized By Kerala Sahitya Akademi

ത്തിവരുന്നുണ്ട്. വടക്ക് അഴിക്കോട് മുതൽ തെക്ക് കൊച്ചി അഴിമുഖംവരെ നീണ്ടുകിടക്കുന്ന ഇടുങ്ങിയ കര അധികം ഈഴവർ ഞെരുങ്ങി താമസിക്കുന്ന പ്രദേശമാണ്. അവിടെ ഉള്ള 20000-ൽപരം ഈഴവരുടെ സാമുദായികമായ ക്ഷേമം ഈ സഭയാണ് മുഖ്യമായി നോക്കിവരുന്നത്. സഭയുടെ ഉദ്ദേശ്യം എല്ലാ പ്രകാരത്തിലും ഈഴവരുടെ സാമുദായികമായ അഭിവൃദ്ധിയെ മുൻനിറുത്തിയാണെന്നു കൂടി കയാകുന്നു.

''വിജ്ഞാനവർദ്ധിനി'' ഒരു സാമുദായിക സഭയാണെങ്കിലും വിദ്യാഭ്യാസം മുതലായ വിഷയങ്ങളിലുള്ള അതിന്റെ ശ്രമങ്ങളും സംവത്സരനിറങ്ങളാണ്. അതുകൊണ്ട് ''പ്രതിഭ'' (ഈ മാസിക)യും സാമുദായികവും രാഷ്ട്രീയവും മറ്റുമായ വിഷയങ്ങൾക്കു പുറമേ, പൊതുജനങ്ങൾക്കു വിജ്ഞാനപ്രദവും ഗുണപ്രദവുമായ സാഹിത്യത്തിൽ കൂടി ദൃഷ്ടിവയ്പാൻ വിശേഷിച്ചും വിചാരിക്കുന്നുണ്ട്.

പ്രതിഭ 1095 കന്നി

ഭാരതമഹാജനസഭ

ഈ രാജ്യകാര്യമഹായോഗത്തിന്റെ35—ാമത്തെ വാർഷികസമ്മേളനം പഞ്ചാബിൽ അമൃതസരസ്സു നഗരത്തിൽവെച്ച് ബഹുമാനപ്പെട്ട മോട്ടിലാൽനെഹ്രു എന്ന മഹാന്റെ അദ്ധ്യക്ഷതയിൽ ഡിസംബർ 27—ന കൂടി ഇന്നലെ ഒടുവിൽ ഭംഗിയായി അവസാനിച്ചിരിക്കുന്നു. പ്രതിനിധികളായിത്തന്നെ നാനാദേശങ്ങളിൽ നിന്നും 8000ജനങ്ങൾ ഹാജരുണ്ടായിരുന്നുവെന്നറിയുമ്പോൾ ആകപ്പാടെ അതൊരു മഹായോഗമായിരുന്നു എന്നൂഹിക്കാവുന്നതാണ്. സ്വാഗത സംഘം അദ്ധ്യക്ഷനായിരുന്നതു ആര്യസമാജം വക ഗുരുകുലവിദ്യാഭ്യാസത്തിന്റെ സ്ഥാപകനായ ശ്രദ്ധാനന്ദ സ്വാമികളായിരുന്നു. അദ്ധ്യക്ഷന്റെയും സ്വാഗതസംഘാദ്ധ്യക്ഷന്റെയും പ്രസംഗങ്ങളിൽ ആപാദചൂഡം പ്രതിധ്വനിച്ചു കൊണ്ടിരുന്നതു കഴിഞ്ഞകൊല്ലം പഞ്ചാബിൽ നടന്ന ലഹളയിൽ പട്ടാളഉദ്യോഗസ്ഥൻമാർ വിമാനങ്ങളിൽ കയറിയും മറ്റും ജനങ്ങളെ നിഷ്ഠുരമായും നിഷ്കരുണമായും വെടിവച്ചുകൊല്ലുകയും പല വിധത്തിൽ ഉപദ്രവിക്കുകയും ചെയ്തതിൽ പൊതുജനങ്ങൾക്കുള്ള വ്യസനവും ഗവർമ്മെൻറിന്റെ നേരേയുള്ള വെറുപ്പുമായിരുന്നു. തോന്ന്യാസമായി മനുഷ്യോചിതമല്ലാത്ത ആ മഹാക്രൂരകൃത്യങ്ങൾ ചെയ്ത പട്ടാളഉദ്യോഗസ്ഥന്മാരെ തിരഞ്ഞുപിടിച്ച് ശരിയായ ശിക്ഷകൾ നല്കണമെന്നും വൈസ്രായിയെത്തന്നെ തിരിയെ വിളിക്കണമെന്നും മറ്റും നിശ്ചയങ്ങൾ പാസ്സാക്കിയിരിക്കുന്നു. ഈ സഭ അമിതവാദികളുടേതായിരുന്നുവെങ്കിലും ചക്രവർത്തി തിരുമനസ്സുകൊണ്ട് ഇപ്പോൾ അനുവദിച്ച ഭരണപരിഷ്കരണ നിയമത്തെ ഒരു വിധം സ്വീകരമായിത്തന്നെ സമ്മതിക്കയും ചെയ്തിരിക്കുന്നു. മുഹമ്മദീയരും ഹിന്ദുക്കളും തമ്മിൽ വളരെ സ്നേഹവിശ്വാസത്തോടുകൂടി ഇപ്പോൾ വർത്തിച്ചുവരുന്നതിൽ സ്വാഗതസംഘാദ്ധ്യക്ഷൻ വളരെ കൃതാർത്ഥത പ്രദർശിപ്പിക്കയും ഇനി ഇന്ത്യയുടെ ക്ഷേമത്തിനു് അവശ്യം ചെയ്യേണ്ടതു് താണവർഗ്ഗക്കാർ എന്നു പറയുന്നവർക്കു സ്വാതന്ത്ര്യം അനുവദിച്ചു് അവരോടു സമനിലയിൽ വർത്തിക്കുകയും, പെരുമാറുകയും ചെയ്കയാണെന്നു ശക്തിയോടെ വിളിച്ചു പറയുകയും ചെയ്തിരിക്കുന്നു.

പ്രതിഭ 1095 വൃശ്ചികം, ധനു

Digitized By Kerala Sahitya Akademi

തിരുത്ത്

പുറം	വരി	തെറ്റ്	ശരി
5	10	മുഴ	മുഴ
9	15	ചിത്സിക്ക	ചികിത്സിക്ക
,,	17	അധവധി	അനവധി
35	7	ഭാഗങ്ങളിൻ	ഭാഗങ്ങളിൽ
,,	17	ഐക്യ	ഐക
36	19	പ്പോഴക്കെ	പ്പോഴൊക്കെ
52	19	രത്തിൽ	പ്രകാരത്തിൽ
,,	20	പ്രകാകാരി	കാരി
61	5	ത്തിന്റെ ഋ	ത്തിന്റെ അടി
63	28	യോഗാത്തിലെ	യോഗത്തിലെ
64	19	ചെന്നതു	ചെയ്തതു
65	29	ആവശ്യം	അവശ്യം
66	6	വൃത്തിയാൽ	വൃത്തിയിൽ
74	7	വ്യക്താായി	വ്യക്തമായി
84	26	വരിയാ	വരികയാ
91	18	പാിഹ	പരിഹ
,,	20	അഭിന്ദ	അഭിനന്ദ
,,	23	യിട്ടില്ല	യിട്ടല്ല
93	1	ക്കാത്ത	ക്കാവ
97	31	ബഹ്മാ	ബഹ്മാന
105	13	ചാലിയാർ	ചാലിയർ
107	21	യുമിലും	യുകിലും
111	6	സ്വാർത്ഥ	സാർത്ഥ
,,	30	ത്തോതതു	ത്തോടതു
112	26	ജ്ഞാവ്യ	ജ്ഞാമ്യ
115	13	യെകിൽ	യെങ്കിൽ
,,	27	തീഷ്ണ	തീക്ഷ്ണ
120	27	ശ്രുദ്ധരെ	ശ്രുദ്ധരെ
121	10	അനവതറ	അനവരത
128	4	സന്തോളെ	നന്തോളെ
129	3	വസ്തു	വസ്തുത
,,	6	കൊളെ	കൌളെ
132	15	വടി	വഴി
133	2	ബന്ധസങ്ങ	ബന്ധങ്ങ

Digitized By Kerala Sahitya Akademi

135	36	കാരണ	കിരണ
136	26	അജ്ഞറന	അജ്ഞാന
,,	35	കടഞ്ഞു	കടഞ്ഞു
141	10	രോഗി	യോഗി
146	8	സ്ഥങ്ങളിൽ	സ്ഥലങ്ങളിൽ
,,	24	ഗിവ	ശിവ
147	19	രൊക്കങ്ങാം	ഒരുക്കങ്ങാ
148	22	9-ാംന	9-ാംന-
150	13	വൃശ്ചിഠം	വൃശ്ചികം
151	17	ത്തീമായി	ത്തീരുമായി
152	6	1960	1062
,,	21	ക്കടടി	ക്കുടി
,,	22	1979	1079
155	36	ഉദാ	ഉദാര
158	18	ആപ്രാവ	ഒരുപ്രാപ്രേ
,,	30	ണ്ടന്നു	ക്കുന്നു.
159	21	പൊരിത്തി	പൊരിഞ്ഞി
160	6	രാണി	റാണി
,,	15	യുയ്ത	യുക്ത
,,	35	തന്നം	താനം
161	24	മാഗ്യ	ഭാഗ്യ
,,	31	ബുദ്ധൌ	ബുദ്ധ്യൌ
165	10	ഐകൃ	ഐക
166	19	തിരുമൻ	തിരുമന
,,	24	വസന	വസാന
167	11	ന്നമിതോ	ന്നിർമിതോ
168	20	രജ്ഞന	രഞ്ജന
,,	23	മുപ്പ	മുപ്പ
,,	29	വാദക്കൊണ്ടും	വാദംകൊണ്ടും
,,	36	രുസ്സ	യസ്സ
170	5	രകാച്ചി	കൊച്ചി
,,	10	തീരു	തിരു
171	3	അനവ	അനുഭവ
,,	4	ബ്രട്ടീ	ബ്രിട്ടീ
173	1	ഇഡ്യ	ഇൻഡ്യ
,,	12	ഠായപ	ഠായപരി
,,	34	യിരിക്ക	യിരിക്കത്തക്ക
177	12	യെന്നല്ലാം	യെങ്കിലല്ലാം
180	7	നിബിഡി	നിബിഡ
181	2	ഡകൃ	സർകൃ

Digitized By Kerala Sahitya Akademi

183	17	ക്കണാ	ക്കന്ന
,,	27	ഖണ്ണം	വണ്ണം
,,			
184	14	ളപചരി	ഉപചരി
,,	18	ക്കണന്ന	ക്കന്ന
185	23	തായാൻ	തായ്യാൽ
190	3	പ്രിയ	പ്രായ
,,	17	സ്ഥങ്ങം	സ്ഥലങ്ങം
194	20	വിശ്വംസം	വിശ്വാസം
195	24	യഥാവ:സം	യഥാവസരം
198	20	ജ്യോതി	ദ്യോതി
203	34	ഗ്രഹാ	ഗ്രഹമാ
204	11	നിരി	തിരി
210	29	വെളപ്പൻ	വെളമ്പൻ
211	30	ഗൗ.രവും	ഗൗരവവും
214	3	ക്ഷളിലും	സ്ഥലിലും
221	3	ഇഴവർ	ഈഴവർ
222	14	വിരിച്ചു	പിരിച്ചു
223	21	ഈഴവക്ക	ഈവഴക്ക
,,	24	ഏതി	ഏതാ
224	24	വിചാ	വിചാര
,,	33	കളടെ	കളടെ
225	6	പാടിപ്പാൽ	പഠിപ്പാൻ
235	9	അനുഭവി	അനുവദി
236	4	പേരയോ	പേരെയോ
,,	31	ഉമ്പാഭം	ഇമ്പാഭംഗ
240	28	ആറു	ന്നറു
247	29	സംഖ്യ,	സംഖ്യം
249	14	രവളമ്പൻ	വെളമ്പൻ
,,	,,	മായം	മായും
,,	22	രവർ	രവർകം
250	35	ഗ്രഡ	ഗ്രഡ
251	23	ഈവർ	ഈ വർഗ്ഗ
252	31	ച്ചോദിവ്വ	ച്ചോദിച്ച
254	1	രാമമ	രാമ
,,	29	ത്തതെന്നു	ന്നതെന്നു
255	1	വരു	വരുന്ന
,,	11	ശയന്മാ	ശന്മാ
,,	27	രുടേയും	യുടേയും
263	6	യിലയിൽ	നിലയിൽ

Digitized By Kerala Sahitya Akademi

267	35	ഗോലാ	ഗോപാലാ
268	28	രാക്കേണ്ട	രായിരിക്കേണ്ട
272	22	കളാലും	കളിലും
,,	23	ക്കാത്തക്ക	ക്കാത്ത
,,	29	കായ	തായ
274	26	ഔജിത്യ	ഔർജിത്യ
289	5	കൊട്ടുത്തു്	കൊടുത്തു്
293	6	തുട	ഇട
303	13	വിപ്രരി	വിപ്രതി
325	6	സാദാ	സാമുദാ
,,	12	ഭന്നായി	ഒന്നായി
330	7	തത്ത്വളെ	തത്ത്വങ്ങളെ
,,	1	there	them
333	14	ല്ലിൽ	ങ്കിൽ
334	17	ഡെപ്യൂട്ടർ	ഡെപ്യൂട്ടേഷൻ
335	33	ങവണ	തവണ
337	16	ഏജൻാമാർ	ഏജൻറൻമാർ
352	27	സമുദായക്ഷേമത്തെ	(വേണ്ടാ)
,,	28	ക്ഷേമത്തെയ	സമുദായ ക്ഷേമത്തെ
355	17	മത്തായ	മക്കത്തായ
367	11	നുങ്ങത്ത	നുങ്ങത്തക്ക
368	12	തരേ ജനാഃ	തരോ ജനഃ
377	11	ആഹാര	ആചാര
383	35	യുള്ളയേ	യുള്ളയോ
394	13	സ്ഥമില്ലാ	സ്ഥലമില്ലാ
402	17	ഇഴഴ	ഇഴ
,,	27	ഹാഹന	ഹന
404	7	മുത	മുതലായ
,,	8	ഇപർ	ഇവർ
418	18	മേലാധി	മേലധി
,,	19	കഷ്ടം	കഷ്ടം
423	18	കാര്യം	കാര്യം
452	14	ഡിപ്പോർ	ഡിപ്പാർ
454	27	ജനറത്ത	ജനത്തെ
456	22	ഭ്രാഷ്ട	ഭ്രഷ്ട

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi